റാവു ബഹദൂർ കെ. എ. കുട്ടപ്പുക്കുറുപ്പ് (ഗവണ്മെന്റ് നിയമനം, ഡെപ്യൂട്ടി പ്രസിഡൻറ്): "സ്വാതന്ത്ര്യമുള്ള" എന്ന പദം ഏതർത്ഥത്തിലാണുപയോഗിക്കുന്നതെന്നു മെമ്പർ ഭയപ്പെട്ടു സഭയോടു പറയുമോ?

മി. എ. ജി. മേനോൻ (പ്രൂഫ്): രാജ്യത്തിലെ എക്സിക്യൂട്ടീവു ഉദ്യോഗസ്ഥന്മാർക്കു ആ ഉദ്യോഗസ്ഥന്മേൽ യാതൊരധികാരവും ഇല്ലാത്തനിലയിൽ സ്വാതന്ത്ര്യം അതുകൊണ്ടു ഞാൻ പറഞ്ഞതിന്റെ അർത്ഥം. പണ്ടൊക്കെയുള്ള പ്രധാന അക്കൌണ്ടാഫീസും പ്രധാന ആഡിറാഫീസും ഉദ്യോഗത്തിന്റെ മാറാത്തപേരു രാജ്യത്തിലെ കോശത്തിന്റെ ഓണം നടത്തുകയും ചെയ്തിരുന്നു. ആ ഉദ്യോഗസ്ഥന്റെ പേരു വലിയ മേലധികാരിക്കുള്ള എന്നായിരുന്നു. ശിവജിയെ മഹാരാജാവു അനുവദിച്ചു ചെലവുകാരു ആ ഉദ്യോഗസ്ഥൻ വിജയമായി വിസമ്മതിച്ചിട്ടുള്ളതിന്റെ ഉദാഹരണങ്ങളും ഉണ്ടു. അദ്ദേഹം ഒരു സ്വാതന്ത്ര്യമുള്ളവൻ ആയിരുന്നു. ആ ഉദ്യോഗം ഒരു അന്തരാവകുശം ആയിരുന്നു. ഒരു ഫ്യൂഡൽ ഭരണത്തിലേക്കു

ള്ളതല്ലായിരുന്നെങ്കിലും അതു തെക്കിണതിരുവിതാംകൂറിലെ രണ്ടോ മൂന്നോ കുടുബക്കാരുടെ അവകാശം ആയിരുന്നു. ആ ഉദ്യോഗസ്ഥൻ അദ്ദേഹമായി, ദിവാൻ വി. പി. മാധവരായരുടെകാലത്തു. ആ ഉദ്യോഗസ്ഥനെ പകരം നവരണ്ടൻറിനെറ ഫിനാൻഷ്യൽ (കോശം സംബന്ധിച്ച) ഉപദേഷ്ടാവു എന്നാക്കുകയോ സ്ഥാനം നിറുത്തലാക്കുകയോ ചെയ്തു.

ശ്രീ. കെ. എൻ. രാമസുബ്ബയ്യർ (നവരണ്ടൻറെ ഫൈനാൻഷ്യൽ സെക്രട്ടറി): അല്ല, സർ, അതു ശരിയല്ല.

ശ്രീ. എ. ജി. മേനോൻ (പറവൂർ): നിർത്തലാക്കിപ്പോയ മേലെഴുത്തുപിള്ളയുടെ ഉദ്യോഗം പരിഷ്കൃത രൂപത്തിലാക്കിയതായിട്ടാണ് ആ ഉദ്യോഗത്തെ കരുതിപ്പോരുന്നതു.

ശ്രീ. കെ. എൻ. രാമസുബ്ബയ്യർ (നവരണ്ടൻറെ ഫൈനാൻഷ്യൽ സെക്രട്ടറി): എൻറെ സ്നേഹിതൻ മിസ്റ്റർ മേനോൻറെ ഈ പ്രസ്താവം തീരെ ശരിയല്ലെന്നു സാമർത്ഥ്യം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു. ദിവാൻ വി. പി. മാധവരായരുടെകാലത്തു ആ ഉദ്യോഗസ്ഥൻറെ പ്രധാന അക്കൌണ്ടോഫീസറും ഫൈനാൻഷ്യൽസെക്രട്ടറിയും എന്നായിരുന്നു. കോശോപദേഷ്ടാവെന്നുള്ള ഉദ്യോഗം തൽക്കാലത്തേക്കുള്ളതായിരുന്നു.

ശ്രീ. എ. ജി. മേനോൻ (പറവൂർ): അതുതന്നെയാണ് ഞാനും പറഞ്ഞതു. ഒരുപക്ഷേതന്നെ വേറൊരു ഉദ്യോഗപ്പേരു കൊടുത്തിരുന്നിരിക്കാം. കോശോപദേഷ്ടാവു വന്നപ്പോൾ മേലെഴുത്തുപിള്ളയുടെ അധികാരങ്ങൾ അസ്തമിച്ചു. മുൻകൂട്ടങ്ങളിൽ രാജ്യത്തിലെ മുഴുവൻപിടിപ്പിനേൽ മേലെഴുത്തുപിള്ളയുടെയോ അതിനു തൊട്ടുതാഴെയുള്ള ഫൈനാൻഷ്യൽസെക്രട്ടറിയുടെയോ അക്കൌണ്ടോഫീസറുടെ എന്ന ഉദ്യോഗസ്ഥനെ ഒരിക്കലും ഉണ്ടായിരുന്നിട്ടില്ല. കോശോപദേഷ്ടാവിൻറെ ഉദ്യോഗം ക്ഷണത്തിൽ നിറുത്തലാക്കി. ഫൈനാൻഷ്യൽ സെക്രട്ടറിയും അക്കൌണ്ടോഫീസറുടെ ഉദ്യോഗം ഇന്നും നിലനിൽക്കുന്നു. സർ, താങ്കളുടെപ്പോലെ പരിചയമുള്ള രാജ്യത്തോട് ഇപ്പോഴത്തെ ആഡിറു (കണക്കുപരിശോധനവ്യവസ്ഥ) രീതികളെക്കുറിച്ചു പറഞ്ഞിട്ടാവശ്യമില്ല. ഫൈനാൻഷ്യൽ സെക്രട്ടറിയും അക്കൌണ്ടോഫീസറുമായ ഉദ്യോഗസ്ഥന്മാരിൽതന്നെ ആഡിറുദ്യോഗസ്ഥനും ലയിച്ചുകിടക്കുന്നു. കണക്കുചെയ്യുന്നകര്യത്തിൽ ഇതെല്ലാം ശരിതന്നെ; എന്നാൽ കണക്കു പരിശോധിക്കുന്നകാര്യത്തിൽ അങ്ങനെയല്ല. നവരണ്ടൻറെ സന്നദ്ധിച്ചിട്ടുള്ള പണം ഏതൊരുദ്ദേശത്തെമുൻനിറുത്തി വ്യയംചെയ്തിട്ടുണ്ടോ എന്നമാത്രമല്ല ആ പണം വ്യയംചെയ്തതു ന്യായമായിട്ടും ഉർവ്വയംകൂടാതേയുമുണ്ടോ ചെയ്തിട്ടുള്ളതെന്നുകൂടെ നോക്കേണ്ടയാണ് ആഡിറുദ്യോഗസ്ഥൻറെ പ്രധാനജോലി. പല ഡിപ്പാർട്ടുമെൻറുകളിലേയും കണ്ടിൻജൻറുചെലവും ഓരോ പ്രത്യേകമനുഷ്യരുടെ ചെലവുകളും ഉദാഹരണമായി പറയാം. ഉദാഹരണങ്ങൾ ഓരോന്നോരോന്നായി പ്രത്യേകമായി എടുത്തുപറഞ്ഞിട്ടാവശ്യമില്ല.

ശ്രീ. എസ്. പരമേശ്വരപ്പിള്ള (വ്യവസായം വ്യവസായവും, തൈക്കൽ): ഉദ്യോഗസ്ഥന്മാരുടെ സഞ്ചാരപ്പടിയും.

ശ്രീ. എ. ജി. മേനോൻ (പറവൂർ): അതെയതെയിരിക്കട്ടെ. അതു വേറൊരു പ്രത്യേകഇനമാണ്. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ആഡിറിനു (കണക്കുപരിശോധനയ്ക്കു) പ്രത്യേകഡിപ്പാർട്ടുമെൻറുണ്ടല്ലോ. ഭാരതകോശത്തിൻറെ ആയവ്യയം നിയമസഭയുടെ അധീനത്തിൽ വിട്ടുകൊടുത്തിട്ടുള്ള രാജ്യങ്ങളിൽ സ്വതന്ത്രമുള്ള ഒരു ആഡിറുദ്യോഗസ്ഥൻ അത്യാവശ്യമായിത്തീർന്നിട്ടുണ്ടു. നിയമസഭയുടെ ആയവ്യയത്തിൻമേൽ ഒരംശത്തിനേൽപ്പാനും അധികാരംകാട്ടത്തിട്ടുള്ള രണ്ടാമതു രാജ്യത്തേപ്പോലുള്ള ഒരു രാജ്യത്ത് രാജ്യത്തിലെ കണക്കുകൾ അക്കൌണ്ടു ഡിപ്പാർട്ടുമെൻറിനോടു ബന്ധമില്ലാത്ത ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു പരിശോധിക്കേണ്ടതു സ്വാഭാവവും ആവശ്യമാകുന്നു. ഇപ്പോൾ നമ്മുടെ കോശത്തിൻറെ ഒരു ക്ലിപ്തകാലയിലേക്കുമാത്രമേ അധികാരമുള്ളൂ. ആ ഓഫീസിയസംബന്ധിച്ചേടുത്തിടും ആ ഓഫീസിയുടെ കണക്കുകൾവരാതെ ആ പണം എങ്ങനെ ചെലവു ചെയ്യുന്നെന്നറിവാനോ നമുക്കുവകാശമുണ്ടു. ഏതെങ്കിലുംഇനത്തിലുള്ള ചെലവു നിയമസഭ അനുവദിച്ചസംഖ്യയിൽകവിഞ്ഞുപോയിട്ടുണ്ടോ എന്നും ചെലവുചെയ്തതു ന്യായമായിട്ടും ഉർവ്വയംകൂടാതേയുമുണ്ടോ എന്നും അറിവാനും നമുക്കവകാശമുണ്ടു. ശരിയായി പരിശോധിച്ച ഒരു കണക്കും ഒരു അപ്രോപ്രിയേഷൻകണക്കും ഇവ്വണ്ണം സാമ്യമുണ്ടെങ്കിൽ ഹാജരാക്കേണ്ടതും ആ കണക്കിൻറെ വിവരമായി പരിശോധിക്കാൻ ഈ സഭയ്ക്കു അവസരംകിട്ടേണ്ടതുമാണെന്നാകുന്നു ഞാൻ പറയുന്നതിൻറെ അർത്ഥം.

ശ്രീ. കെ. എൻ. രാമസുബ്ബയ്യർ (നവരണ്ടൻറെ ഫൈനാൻഷ്യൽസെക്രട്ടറി): മെമ്പർ ഈ വസ്തുപ്പെട്ടനപ്രകാരമുള്ള ഒരു കണക്കു പണം അനുവദിച്ചിട്ടുള്ള എല്ലാ ഇനത്തിലും, വോട്ടുചെയ്യാൻപോകുന്നില്ലായെന്നുപോലും ഉണ്ടായിട്ടുള്ള യഥാർത്ഥചെലവുകാണിക്കുന്ന ഒരു അപ്രോപ്രിയേഷൻകണക്കു ഈ പ്രാവശ്യം ബഡ്ജറിൻറെ കൂടെ ഓരോന്നായി ചേർത്തിട്ടുണ്ടെന്നുള്ള സംഗതി മെമ്പറിൻറെ ശ്രദ്ധയ്ക്കു പിഴയാതെകാണിക്കുന്നതാണു.

ശ്രീ. എ. സി. മേനോൻ (പറവൂർ): അനുവദിച്ച സംഖ്യകൾ, ചെലവായസംഖ്യകൾ, ബാക്കിയുണ്ടെങ്കിൽ ആ സംഖ്യ ഇവ ഒരു കടലാസ്സിൻറെ ഒരു പുറത്തു ചേർത്തു ബഡ്ജറുപുസ്തകത്തോടു ചേർത്തുകൊണ്ടുവരുന്നുണ്ടു്, ഒരു അപ്രോപ്രിയേഷൻകണക്കു ആവശ്യമാണെന്നു ഞാൻ പറയുമ്പോൾ ഞാൻ പറഞ്ഞതിൻറെ യഥാർത്ഥ താൽപര്യത്തെ എൻറെ സ്നേഹിതൻ തെറ്റിദ്ധരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആഡിറുദ്യോഗസ്ഥൻറെ പക്കൽ നിന്നു ഒരു അപ്രോപ്രിയേഷൻ കണക്കു ഈ സഭ ആവശ്യപ്പെടുന്നതു ഇങ്ങനെയുള്ള ഒരു കണക്കല്ല.

ശ്രീ. കെ. എൻ. രാമസുബ്ബയ്യർ (നവരണ്ടൻറെ ഫൈനാൻഷ്യൽസെക്രട്ടറി): മെമ്പർ വേണമെന്നുപറയുന്ന അപ്രോപ്രിയേഷൻ റിപ്പോർട്ടിൽ അദ്ദേഹം ചേർക്കണമെന്നു ആവശ്യപ്പെടുന്ന വിവരങ്ങളെന്തെല്ലാമാണെന്നു മയമായി പറയുമെങ്കിൽ അതു വലിയ സഹായമായിരുന്നേനെ.

ശ്രീ. എ. ജി. മേനോൻ (പറവൂർ): ആ വിവരങ്ങളെല്ലാം ഞാനിവിടെ പ്രസ്താവിക്കാൻ നിർബന്ധിതനാണോ എന്നെനിക്കു നിശ്ചയമില്ല. എന്നുമാത്രമല്ല എനിക്കതറിയാവുന്ന രീതിയായി വിവരിക്കാൻ കഴിയാത്തവിധം പല സാങ്കേതികകുഴപ്പങ്ങളും അതിൽ അടങ്ങിയിട്ടുണ്ടു. ഒരു അപ്രോപ്രിയേഷൻകണക്കു ഈ സഭയുടെ ഫാജമാക്കേണ്ടുന്നതിൻറെ ആവശ്യകതയെപ്പറ്റി രത്നചുരുക്കമായിട്ടുമാത്രമേ ഞാൻ ഇപ്പോൾ പറയുന്നുള്ളൂ. ആഡിറുദ്യോഗസ്ഥൻ എക്സിക്യൂട്ടീവു ഉദ്യോഗസ്ഥന്മാർക്കു അധീനനായിരിക്കുന്നതരത്തിലുള്ളതും അത്യാവശ്യമാണു. ചില ഇനങ്ങളെ പരിശോധിക്കുന്നതിനു ആഡിറുദ്യോഗസ്ഥനോടു ആവശ്യപ്പെട്ട എന്നു—ഇവിടത്തെ സ്ഥിരമുദ്യോഗ

സ്ഥാനാരല്ലാതെ ഗവണ്മെന്റ് മേധികാരികളെ ഇതു ഏല്പിച്ചിരിക്കും—വർമ്മെന്നുള്ളതുകൊണ്ടാണ ഞാൻ ഇതു പറയുന്നത്. കായ്ക്കളുടെ ഇപ്പോഴത്തെ സ്ഥിതിക്ക അങ്ങനെയുള്ള കണക്കുകളും ആഡിറ്റുദ്യോഗസ്ഥന്റെ നിലയിൽ പരിശോധിക്കാൻ ഇപ്പോഴത്ത ഡൈറക്ടർഷ്പ്പൽസെക്രട്ടറിയും അദ്ദേഹത്തിന്റെ ഹീസമയം ഉദ്യോഗസ്ഥന്ന യാതൊരധികാരവുമില്ല. ചെണാധികാരി അന്വേഷിച്ചു വല്ല പണവും കൊടുക്കാതിരിക്കാനും അദ്ദേഹത്തിന യാതൊരു അധികാരവും ഉല്ല. സ്വതന്ത്രനായ ഒരു ആഡിറ്റ ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നാൽ അന്വേഷിച്ചു സംഖ്യകളിൽ വിരോധമുള്ളപക്ഷം കൊടുക്കാതിരിക്കാനും എല്ലാ കണക്കുകളും പരിശോധിക്കാനും അധികാരമുണ്ടാ യിരിക്കും. അപ്പൊഠം ഏതെങ്കിലും സംഖ്യ കൊടുക്കാൻ പാടുണ്ടോ ഇല്ലയോ എന്നു തീർച്ചയാക്കുന്നു രാജാവാ യിരിക്കും.

റാവു ബഹദൂർ കെ. എ. കൃഷ്ണസ്വാമി അയ്യർ (ഗവണ്മെൻറ നിയമോപദേഷ്ടാവ്-ഡിപ്യൂട്ടിപ്രസിഡണ്ട്): പുതുതായി തിയ മിക്കുന്നതെന്നു പറയുന്ന ആഡിറ്റുദ്യോഗസ്ഥന്റെ അധികാരങ്ങൾ ഒരു പ്രത്യേകനിയമമുകൊണ്ടു വ്യക്തമാക്കേ ണമെന്നു എന്റെ സ്നേഹിതൻ പറയുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു? ആഡിറ്റുദ്യോസഹൻ എ ക്സിക്യൂട്ടീവ് ഉദ്യോഗസ്ഥനുക്ക് അധീനനായിരിക്കേതുന്നു പറയുന്നതുകൊണ്ടു ആഡിറ്റ ഉദ്യോഗസ്ഥന്റെ അധികാരങ്ങളും ജോലികളും ഒരു നിയമത്താൽ പ്രത്യുപദേശം ചെയ്യണമെന്നാകുന്നു എന്റെ സ്നേഹിതൻ പറയു ന്നതെന്നു ഞാൻ മനസ്സിലാക്കട്ടയോ?

മി. എ. ജി. മേനോൻ(പറവൂർ): അതുതന്നെയാണു ഞാൻ പറയുന്നതിന്റെ അർത്ഥം.

റാവുബഹദൂർ കെ. എ. കൃഷ്ണസ്വാമി അയ്യർ (ഗവണ്മെൻറ നിയമോപദേഷ്ടാവ്-ഡിപ്യൂട്ടിപ്രസിഡണ്ട്): എക്സിക്യൂട്ടീവ മേധികാരിക്കുമുകളിൽ പിടിച്ച അക്കൗണ്ടന്റ ജനറലിനും അധീനനായിരിക്കേണ്ടതല്ലേ?

മി. എ. ജി. മേനോൻ(പറവൂർ): അദ്ദേഹം രാജാവിനും ഈ നിയമസഭയ്ക്കും അധീനനായിരിക്കണം. വേറെയാർക്കും അധീനനായിരിക്കേണ്ട. ഇംഗ്ലണ്ടിൽ ഇങ്ങനെയാണെന്നു എനിക്കു സ്പഷ്ടമായി പറയാൻകഴിയും. ഇതൊരു വലിയകാര്യമാകണമെന്നു പറയുമായിരിക്കും. എങ്കിലും അങ്ങനെ ഒരുദ്യോഗസ്ഥൻ ഉണ്ടായിരിക്കണമെ ന്നുള്ളതിനെപ്പറ്റി അല്പമെങ്കിലും തർക്കിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതെല്ലാം രാജ്യത്തിലെ കോടതിക ളുടെ സുസ്ഥിതിക്കു വേണ്ടിയാണു. രാജ്യത്തിലെ മുതലെടുപ്പു നന്മയ്ക്കായി ഉപയോഗിക്കണമെന്നും ജനങ്ങളുടെ വസൂലാക്കണമെന്നും ന്യായമായിട്ടും നല്ല കായ്ക്കുമായിട്ടും ഉപയോഗിക്കണമെന്നുമാകുന്നു ഇവിടെയുള്ള നാം, ഓരോരുത്തരുടെയും അഭിപ്രായം. ഈ വ്യവസ്ഥയെ ഭിർഷമായി വിചരിക്കുന്നതിനുള്ളസ്ഥാനമാണിവിടെയെല്ലാ എന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശങ്ങളും പൂർണ്ണമായി ഗ്രഹിക്കാൻ കഴിയുന്ന ഒരാൾ നമ്മുടെ അഭ്യുദയസ്ഥനായിരിക്കുന്നു എന്റെ മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു.

ദി. എൻ. കെ. കൃഷ്ണപിള്ള (തെയ്യാറിൻകര): സർ, ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. അ കൗണ്ടന്റ ഡിപ്പാർട്ടുമെന്റ ആഡിറ്റും ഡൈറക്ടൻഷ്പ്പലും ഡിപ്പാർട്ടുമെന്റുകളിൽനിന്നും വേർതിരിക്കുന്ന കാര്യം ഈ സഭയിൽ ഇന്നലധികം പ്രാവശ്യം വലിച്ചിഴയ്ക്കയായിട്ടുള്ളതാണെന്നു സഭയുടെ തടപടി റിപ്പോർട്ടിൽനിന്നു കാണാവുന്നതാണ്. ഇതുവരിക്കുന്ന വിഭാഗംകൊണ്ടു വളരെ പ്രയാണങ്ങളുണ്ടാകുമെങ്കിലെന്നു ഒരു കോശജ്ഞന്റെ വളരെക്കാലത്തെ പരിചയമുള്ള അനന്തരം ഡൈറക്ടൻഷ്പ്പൽ സെക്രട്ടറി ദി. ജാർജ് വാഭസമയം സമ്മതിച്ച തായി നിയമസഭാ പ്രൊസീഡിംഗ്സ് അക്ഷരം പുസ്തകത്തിന്റെ ഒരു ഭാഗം പുറത്തെ റിപ്പോർട്ടിൽകാണുന്നു. ജോലിവിഭാഗത്തെ അധികമാണെങ്കിലും താൻ അവയെ ഒരു വിധം നടത്തിക്കോണ്ടു പോകയാണെന്നു അദ്ദേഹം അന്നു പറഞ്ഞു. ഞാൻ പറഞ്ഞതാതെന്ന റിപ്പോർട്ടുവായിച്ചുനോക്കിയതിൽ അന്നത്തെപ്രമേയം സ്വീകരിക്കുന്നതി ന ഫ്ലികപ്രതി ബന്ധമായി നിന്നിരുന്ന അക്കൗണ്ടുകളെ വെള്ളപ്പൊക്കംനിമിത്തം ഗവണ്മെന്റിനു പല ബുദ്ധിമുട്ടുകളും ഉണ്ടായതുകൊണ്ടും അയന്നിരുന്ന അക്കൗണ്ടുകൾ പുതിയകച്ചവടുകളും ഉണ്ടാക്കുന്നു അതിപ്രധാനമല്ലെന്നുള്ള സംഗ തി ആയിരുന്നു. പിന്നീടാരിക്കൽ ഈ വ്യവസ്ഥനകാര്യത്തെപ്പറ്റി ആലോചിക്കാമെന്നു അന്നു മി. ജോർജ് പ റഞ്ഞു.

മി. എസ്പിവിപ്പെരുമാൾപിള്ള(വ്യാപാരവും വ്യവസായവുംതെക്കേ): അന്നതാവസ്ഥയാകുന്നു മി. ജോർ ജ് വിചാരിച്ചുവോ എന്നു എന്റെ സ്നേഹിതൻ പറയുമോ?

മി. എൻ. കെ. കൃഷ്ണപിള്ള(തെയ്യാറിൻകര): ഉവ്വ്, വിഭാഗംകൊണ്ടുണ്ടാകാവുന്ന പല പ്രയാണങ്ങളെ മി. ജാർജ് പ്രസ്താപിക്കുന്നു എന്നു ഞാൻ പറഞ്ഞ കാര്യമാത്രം എന്റെ സ്നേഹിതൻ വായിച്ചുനോക്കിയാൽ കാണാം.

ദി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവുംതെക്കേ): വിഭാഗം ആവശ്യമാണെ ന്നു അന്നു മി. ജോർജ് പറഞ്ഞുവോ?

മി. എൻ. കെ. കൃഷ്ണപിള്ള (തെയ്യാറിൻകര): ഉവ്വ്, വാഭസംഗതിയെപ്പറ്റി പിന്നൊരിക്കൽ ആലോ ചിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഈ സഭ അന്വേഷിച്ചുകൊടുക്കുന്ന സംഖ്യകൾ സഭ ഉദ്ദേശിക്കുന്ന ആവശ്യങ്ങൾക്കുതന്നെയാണോ ഉപയോ ഗിക്കുന്നതെന്നു ശരിയായ ഒരു പരിശോധന ആദ്യാവശ്യമാണെന്നും ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഡൈറക്ടൻഷ്പ്പൽ സെക്രട്ടറി): ഞാൻ ഒരു ചോദ്യം ചോദി ച്ചുകൊള്ളുന്നു. ഈ സഭയിൽ മുമ്പുണ്ടായ വാഭത്തെപ്പറ്റി മെമ്പർ പറഞ്ഞു. അന്നത്തെ വാദം കണക്ക പ രിശോധന കണക്ക വയ്ക്കുന്നതിൽനിന്നു വേർതിരിക്കുന്നതിനെസംബന്ധിച്ചായിരുന്നോ?

മി. എൻ. കെ. കൃഷ്ണപിള്ള (തെയ്യാറിൻകര): കണക്ക പരിശോധന കണക്കുവയ്ക്കുന്നതിൽ നിന്നുവേർ തിരിക്കുന്നതിനെപ്പറ്റിതന്നെ ആയിരുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ ഡൈറക്ടൻഷ്പ്പൽ സെക്രട്ടറി): ഒരു വ്യത്യാസം പുണ്ടിക്കാ ണിക്കാൻ ആഗ്രഹിക്കുന്നു. കണക്ക പരിശോധന കണക്കുവയ്ക്കുന്നതിൽ നിന്നു വേർപിരിക്കുന്നതിനെപ്പറ്റി ന്നാരംഭത്തെ പ്രാസംഗികൻ പറഞ്ഞു. എന്നാൽ എന്റെ സ്നേഹിതൻ മി. കൃഷ്ണപിള്ളപറയുന്നു കണക്കുംകണ ക്കുപരിശോധനയും ഡൈറക്ടൻസിൽ(ശേഖരം) നിന്നു വേർപിരിക്കുന്നതിനെപ്പറ്റിയാണ്. രണ്ടും തമ്മിൽ താഴെ രവതരണങ്ങളായ വ്യത്യാസങ്ങൾ ഉണ്ട്.

മി. എൻ. കെ. കുഞ്ഞുപിള്ള (തെയ്യാരാവിൻകര): കണക്കുവയ്ക്കുന്നതും കണക്കുപരിശോധനയും രണ്ടായി തിരുന്നതുമെന്നാണു ഞാൻ വാദിക്കുന്നത്.

മി. കെ. ചുൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടേറിയൻ സൂപ്രണ്ടൻറ്): സർ, സഭാ മുമ്പാകെയുള്ള പ്രമേയം വളരെ പ്രാധാന്യം ഉള്ള ഒന്നാണു. മെഷീൻഷ്യൽ ഡിപ്പാർട്ടുമെൻറിനെ ഇപ്പോഴുള്ള ഉത്തരവാദിത്വങ്ങൾ ഇല്ലാതാക്കാനുള്ള യുക്തമായ ആലോചനയും ആ ഡിപ്പാർട്ടുമെൻറിനെ സിവിൽയുദ്ധമായിരിക്കുംഎന്നു ആദ്യമേ ഞാൻ പറഞ്ഞുകൊള്ളുന്നു. എന്നാൽ നമ്മുടെ ഇപ്പോഴത്തെ സ്ഥിതിഅനുസരിച്ചു പ്രായോഗികമായ മാറ്റങ്ങളിൽക്കൂടി കയറുക ഇപ്പോൾ സാദ്ധ്യമാക്കാൻ പാടുള്ളു എന്നുള്ള സംഗതിയും ഞാൻ വേണമായി വാദിക്കുന്നവരുണ്ടുള്ളതായി വിചാരിക്കുന്നു. ഈ കാര്യത്തിൽ സാങ്കേതിക കാര്യങ്ങൾഅടങ്ങിയിട്ടുള്ളതുകൊണ്ടു പൂർണ്ണമായി അവയെ താൻ വിവരിക്കുമെന്നു ഞാൻ ഒരിക്കലുമെന്നും ഈ മാറ്റത്തിൻറെ ഗുണദോഷങ്ങൾ തെളിയിക്കാനുള്ളതാണു താനും. എങ്കിലും അതു വിവരിക്കാനുള്ളതാണു എൻറെമേൽഏൽപ്പിക്കണമെന്നും എൻറെ സ്നേഹിതൻ മിസ്റ്റർ മേനോൻ പറഞ്ഞതു ഞാൻ ഗ്രഹിക്കുന്നുണ്ടു. കാര്യം വിവരിക്കാനുള്ളതാണു അദ്ദേഹം എങ്കിൽമേൽചുമത്തിയിരിക്കുന്നതു. അതു ന്യായംതന്നെയാണു. അതുകൊണ്ടു കോൾസംബന്ധമായി ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസ്ഥ എന്താണെന്നു ചുരുക്കമായി വിവരിച്ചു ഞാൻ സഭയെകേൾപ്പിക്കാം.

സർ, വലിയമേലെഴുത്തുപിള്ളയുടെ കാലത്തൊട്ടാണു നാം ആരംഭിച്ചതു. തുടക്കത്തിൽ ഒരുഞാറ്റടി അധികാരങ്ങൾ മേലെഴുത്തുപിള്ള വഹിച്ചിരുന്നു എന്നാണു ഐതിഹ്യം. പ്രാചീനകാലങ്ങളെസംബന്ധിച്ചുള്ള ഐതിഹ്യങ്ങളിലെന്നപോലെ ഈ കാര്യത്തിലും നാം മനുഷ്യൻ യഥാർത്ഥത്തിൽ ഇല്ലാതിരുന്ന ബഹുമാനവും അധികാരവും കാട്ടിപ്പിടിച്ചിയും നടക്കുന്നുവെന്നു ചെയ്യുന്നതെന്നു ഞാൻ സംശയിക്കുന്നു. വലിയമേലെഴുത്തുപിള്ളമാരുടെ ജോലിയെ ഞാൻ നിസ്സാരമാക്കുകയല്ലചെയ്യുന്നതു. അവർ സമർത്ഥന്മാരും ധൈര്യമുള്ളവരും സ്വാമിഭക്തന്മാരും ആയിരുന്നു. അതിനെപ്പറ്റി സംശയമില്ല. കാലക്രമേണ വലിയമേലെഴുത്തുപിള്ളമാരുടെകൈവശമുണ്ടായിരുന്ന വ്യവസ്ഥകളും മതിയാകാതെവന്നു. അങ്ങനെ കണക്കുകൊള്ളും കൊടുപ്പുതതിലായി പത്തോ ഇരുപതോ വർഷത്തെ കണക്കുകളും കുടിശ്ശികയായി. അതുകൊണ്ടു അടിയന്തിരമായി എന്തെങ്കിലും ചെയ്യാതെ നിവൃത്തിയില്ലെന്നുവന്നു, അടിസ്ഥാനശരിയാക്കുന്നതിനു ഭേദപ്പെട്ടതെങ്കിലുവന്നു. ഫാ വു ഠ-ൽ ശിവാൻ വി. പി. മാധവറാവു ഉണ്ടാക്കിയമാറ്റം മേലെഴുത്തുപിള്ളയുടെ സ്വാധീനത്തേയോ കാര്യക്ഷമതയെയോ മിസ്റ്റർ മേനോൻ പറഞ്ഞപ്രകാരം കുറയ്ക്കുകയല്ലായിരുന്നു. പണ്ടു തനിക്കണ്ടായിരുന്ന ശക്തിയോടും മറവുണ്ടായിരുന്നതിനേക്കാളുടെ അയാൾക്കതു ഉദ്യോഗത്തിലിരുന്നു.

മി. എ. ജി. മേനോൻ(പറവൂർ): ആ ഉദ്യോഗം കുടുംബപാരമ്പര്യമായിട്ടുള്ളതല്ലായിരുന്നോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് മെഷീൻഷ്യൽ സെക്രട്ടേറി): മിസ്റ്റർ കുഞ്ഞുണ്ണൻപിള്ളയുടെ അച്ഛൻ ഒരു മേലെഴുത്തുപിള്ളയായിരുന്നു എന്നും എനിക്കറിവുണ്ടു മറ്റു സമുദായക്കാരിൽപെട്ട മേലെഴുത്തുപിള്ളമാരും ഉണ്ടായിരുന്നിട്ടുണ്ടു. ആ ഉദ്യോഗം പാരമ്പര്യമായിട്ടുള്ളതായിരുന്നു എന്നു എനിക്കഭിപ്രായമില്ല. അവർ സാധാരണയായി ഉദ്യോഗംഒഴിഞ്ഞുപോയതു അവകാശമുള്ളപ്പോളായിരുന്നു എന്നും എനിക്കറിയാം. അതുകൊണ്ടുതന്നെ അവരുടെ കുടുംബത്തിലുള്ളയിരുന്നു. ഇങ്ങനെയുള്ള ഒരു സന്ദർഭത്തിലായിരുന്നു ഫാ വു ഠ-ൽ ശിവാൻ മാധവറാവുവിനെ പുതിയ വ്യവസ്ഥ നടപ്പിൽവരുത്തിയതു. എന്നാൽ ആ ഉദ്യോഗത്തിനുണ്ടായിരുന്ന സ്വാതന്ത്ര്യം കുറയ്ക്കുകയോ കുറയ്ക്കണമെന്നുദ്ദേശിക്കുകയോ ചെയ്തിരുന്നില്ലെന്നു ഞാൻ സഭയോടു പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ സുബ്ബരായർ സമർപ്പിച്ച ഗവണ്മെൻറിലേക്കയച്ച ഒരു റിപ്പോർട്ടിൽ ഏതാണ്ടിങ്ങനെ പറഞ്ഞിരിക്കുന്നു. "ജുഡിഷ്യൽഡിപ്പാർട്ടുമെൻറ് നീതിബോധത്തിൻറെ ആധാരമായിരിക്കുന്നതുപോലെ അതുപോലെതന്നെ ആ ഡിപ്പാർട്ടുമെൻറ് ഗവണ്മെൻറിൻറെ ആധാരമാകുന്നു." അപ്പോഴുണ്ടായ ഭീതിയിലാകട്ടെ ആ ഡിപ്പാർട്ടുമെൻറിൻറെ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്ന യാതൊരുനടപടിയും ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു ഡിപ്പാർട്ടുമെൻറിനെ അധികാരത്തിലോ സ്വാതന്ത്ര്യത്തിലോ കുറയ്ക്കാൻ ഗവണ്മെൻറ് ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ലെന്നു കാണിക്കാൻമാത്രമാണു ഞാൻ ഇതു ഉദ്ധരിച്ചതു. പുതിയ വ്യവസ്ഥപ്രകാരമുള്ള ആഫീസിൻറെ മേലധ്യക്ഷൻ ആമാത്യൻതന്നെയായിരുന്നു. അദ്ദേഹത്തിനു ഒരു ഇംഗ്ലീഷ് പേരുകൊടുത്തു എന്നെയുള്ളു. വലിയമേലെഴുത്തുപിള്ളയെന്നു വിളിച്ചുവന്ന ഉദ്യോഗസ്ഥനെ ഫാ വു ഠ-മുതൽ ചീഫ് അക്കൌണ്ടൻറ് ആഫീസറും മെഷീൻഷ്യൽസൂപ്രണ്ടുമെന്നു വിളിച്ചുതുടങ്ങി. ഫാ വു ഠ-നുശേഷം ഡിപ്പാർട്ടുമെൻറിൻറെ ഘടനയിൽ പലമാറ്റങ്ങളും വരുത്തിട്ടുണ്ടു. ഫാ വു ഠ-നുശേഷം രണ്ടുപ്രാവശ്യം പുറമെനിന്നു വിദഗ്ധന്മാർവന്നു ഇവിടത്തെ വ്യവസ്ഥയെപരിശോധിക്കുകയുണ്ടായി. ഞങ്ങൾക്കു കുറവുകൾ ഒന്നുമില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഞങ്ങൾ ഒരു ഉത്തമസ്ഥിതി പ്രാപിച്ചിട്ടുണ്ടെന്നു ഞങ്ങൾക്കു അനേകം സുഹൃത്തുകൾപറയുന്നു. അവയെ ഇല്ലാതാക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. തിരുവിതാംകൂറിലെ സ്ഥിതിയും ബ്രിട്ടീഷ് ഇൻഡ്യയിലെയോ ഇംഗ്ലണ്ടിലെയോ സ്ഥിതിയും തമ്മിൽ ഒരു വലിയവ്യത്യാസമുണ്ടു. ഇംഗ്ലണ്ടിലെ വ്യവസ്ഥയോടു ഇവിടത്തെ തുല്യമാക്കണമെന്നു മിസ്റ്റർ മേനോൻതന്നെ പറഞ്ഞില്ല അതുകൊണ്ടു അതിനപ്പുറത്തു ഞാൻ അധികംപറയുന്നില്ല. ഒരു സംഗതിമാത്രം ഞാൻ പ്രസ്താവിക്കുന്നുള്ളു. അവിടത്തെ ആഡിറർ ജനറൽ (പ്രധാനപരിശോധകൻ) എക്സ്ചേക്കർ ആഡിറു ആക്ട് എന്ന നിയമപ്രകാരം സൃഷ്ടിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനാണു. അദ്ദേഹം പാർലമെൻറു സഭയോടുമാത്രമേ ഉത്തരംപറയേണ്ടതുള്ളു. പാർലമെൻറുസഭകൾ രണ്ടുംകൂടിമാത്രമേ അദ്ദേഹത്തെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടാൻ പാടുള്ളു. എക്സിക്യൂട്ടീവുദ്യോഗസ്ഥന്മാർക്കു അദ്ദേഹത്തിൻറെ മേൽ അധികാരമില്ല. ഇൻഡ്യയിലെസ്ഥിതി ഇങ്ങനെയാണു. ഇപ്പോൾ പ്രാബല്യത്തിൽ ഇരിക്കുന്ന ഇൻഡ്യാഗവണ്മെൻറാക്ട് പ്രകാരം, പുൻപു നിയമമല്ലാതിരുന്ന കോൾസംബന്ധമായ എല്ലാചട്ടങ്ങളെയും നിയമമാക്കി. ഇവിടത്തെ ഗവണ്മെൻറിചട്ടങ്ങളെല്ലാം അവിടെ നിയമമാണു. ഇവിടത്തെ വ്യവസ്ഥപ്രകാരം മെഷീൻഷ്യൽ സെക്രട്ടേറി പ്രധാന അക്കൌണ്ടാഫീസറും ആകുന്നു. അദ്ദേഹമെന്നെയാണു പണമെല്ലാം ചെലവാക്കുന്നതെന്നു മെമ്പർമാർ ഖിലരിക്കുന്നു.

മി. എ. ജി. മേനോൻ(പറവൂർ): തിരുത്തമായിട്ടുണ്ടല്ല, ഞാൻ അങ്ങനെപറഞ്ഞില്ല.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് മെഷീൻഷ്യൽസെക്രട്ടേറി): ഞാൻ മിസ്റ്റർ മേനോനെപ്പറ്റിയല്ല പറഞ്ഞതു. ഞാൻ പൊതുവായി ഒന്നു പ്രസ്താവിച്ചതാണു. ചെലവുകളെയെല്ലാം ചെലവുചെ-

യുന്നവരെക്കൂടാതെ പരിശോധിക്കുന്നുണ്ട്. ചെലവു കുറഞ്ഞിരിക്കുമോ ബുദ്ധിപൂർവകമാ എന്നിത്യാദി മിസ്റ്റർ പിറയി ഒപ്പുമാംപിള്ള ഇന്നാളീ സഭയിൽ പ്രസ്താവിച്ച ആഡിറും ചെട്ടങ്ങളും അനുസരിച്ചുതന്നെയാണ ഇവിടെയും ആഡിറു (പരിശോധന) നടത്തുന്നതു.

മി. ഏ, ജി. മേനോൻ(പറവൂർ): ഈ കാര്യത്തിൽ ഞാൻ യോജിക്കുന്നില്ല. എന്റെ അഭിപ്രായം അങ്ങനെയല്ല.

മി. എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ആഡിറുസംബന്ധിച്ചു പ്രത്യേകം പരിചയമുള്ളവരോ അതിലേക്ക സാമർത്ഥ്യമുള്ളവരോ അക്കൌണ്ടാഫീസിലുണ്ടോ? അവരുടെ സാമർത്ഥ്യം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ്കൈഫൊനാൻഷ്യൽസെക്രട്ടറി) : ഞാൻ പറഞ്ഞതു മുഴുവനാക്കിക്കൊള്ളട്ടെ. ആഡിറു പരിശോധനയെപ്പറ്റി മെംബർമാർ ഒന്നാമതായി അറിയേണ്ടതു ആഡിറു പരിശോധന രണ്ടുമുന്നതരം ഉണ്ടെന്നുള്ളതാണ്. പുറമെയുള്ള ആഡിറാണ് മിസ്റ്റർ മേനോൻ പ്രധാനമായി പറഞ്ഞതു. എന്നാൽ അതു അകമെയുള്ള പരിശോധനയെപ്പോലെ പ്രധാനമല്ലെന്നു ഞാൻപറഞ്ഞുകൊള്ളുന്നു. പുറമെനിന്നുള്ള പരിശോധനകൊണ്ടു അതു എത്രത്തോളം പ്രയോജനമാക്കിയാലും സ്വാതന്ത്ര്യത്തോടുകൂടെ ആയാലും പ്രയോജനമില്ലെന്നാണ് എന്റെ അഭിപ്രായം. അകമേനിന്നുള്ള പരിശോധനയ്ക്കു നമ്മുടെരാജ്യത്തുവല്ലുവ്വ വസ്ഥയും ഉണ്ടോ ഇല്ലയോ എന്നു മെമ്പർമാർക്ക അന്വേഷിച്ചറിയാവുന്നതാണ്. മെമ്പർ, എനിക്കുമുമ്പെ പ്രസംഗിച്ചയാൾ, കണക്കകം കൊശത്തിൽനിന്നു വേർപിരിക്കണമെന്നതു പ്രസ്താവിച്ചു. എന്നാൽ ബ്രിട്ടിഷ് ഇൻഡ്യയിലെ നടപടി നേരെമറിച്ചാണ്. അവിടെ, എല്ലാസംസ്ഥാനങ്ങളിലും, കൈഫൊനാൻഷ്യൽസെക്രട്ടറിയെതന്നെ അക്കൌണ്ടാഫീസറുമായി നിയമിച്ചുവരുന്നു.

മി. ഏ. ജി. മേനോൻ (പറവൂർ) : അതിനെപ്പറ്റി ഞങ്ങൾക്കു തർക്കമില്ല. കണക്കകമാകാശവും ആഡിറുപരിശോധനയിൽനിന്നു വേർപിരിക്കണമെന്നു മാത്രമേ ഞങ്ങൾപറഞ്ഞുള്ളൂ.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ്കൈഫൊനാൻഷ്യൽസെക്രട്ടറി): രോഹറാങ്കമെമ്പർ പറഞ്ഞതിനെപ്പറ്റി ഞാൻ പറയുന്നതിനുമുമ്പായി,

അകമെനിന്നുള്ള പരിശോധന ഇച്ഛാകാരമാണ്. ഗവണ്മെൻറും അനുവദിക്കുകയും ചെയ്യുന്ന മറ്റധികാരസ്ഥന്മാരും അക്കൌണ്ടാഫീസറോടോ കൈഫൊനാൻഷ്യൽസെക്രട്ടറിയോടോ ആലോചിക്കാതെ പ്രധാനമുള്ള കാര്യങ്ങളിൽ ഉത്തരവിടാറില്ല. പലകാര്യങ്ങളിലും കൈഫൊനാൻഷ്യൽ സെക്രട്ടറിയുടെ തിരുപ്പുർശയെ സ്വീകരിക്കയാണ് പതിവു. ചിലകാര്യങ്ങളിൽ കൈഫൊനാൻഷ്യൽസെക്രട്ടറിയോടു ആലോചിക്കാതെ ഉത്തരവിടാൻ പാടില്ലെന്നു അസ്സിനിസ്ട്രേറിവ് കോടിൽ നിബന്ധനചെയ്തിട്ടുണ്ട്. അക്കൌണ്ടുകോഡിൽനിന്നു നൽകിയിട്ടുള്ള മെമ്പർമാർ വായിച്ചുനോക്കിയാൽ ഈ സംഗതി അവിടെവിവരിച്ചുകാണാം.

പുറമെനിന്നുള്ള ആഡിറിനെപ്പറ്റി, പണം അധികാരമുള്ളവർ അനുവദിച്ചിട്ടുണ്ടോഎന്നു ആഡിറർ (പരിശോധകൻ) നോക്കിയാൽപോരാഎന്നു പറഞ്ഞാൽ മതിയെന്നവിചാരിക്കുന്നു. താൻ കൊടുക്കുന്ന പണത്തിനു ശരിയായപ്രതിഫലം കിട്ടുന്നുണ്ടോ എന്നറിയാൻ തല്പര്യപ്പെടുന്ന ബുദ്ധിമാനായ ഒരുകക്ഷിയാൻ ചോദിക്കാൻഇടയുള്ള ചോദ്യങ്ങളെല്ലാം ചോദിക്കയാണ് ഒരുപരിശോധകന്റെ ധർമ്മം. ബിൽഅക്കൌണ്ടാഫീസുകടേതായാലും ദിവാൻഭരണമായാലും ഒരുവകയും ശിപ്പായിയുടേതായാലും അതിനെപ്പറ്റിഅങ്ങനെയുള്ള ചോദ്യങ്ങളാണ് എന്നാൽഅക്കൌണ്ടാഫീസിലെ പരിശോധകന്മാർ ചോദിക്കുന്നുള്ളൂ. ദിവാൻഭരണത്തിലുള്ള ബില്ലുകൾ കുറെനാൾ വിരോധംപറഞ്ഞിട്ടുള്ള ഓഫീസുകാരും പറവാൻകഴിയും. ഞാൻതന്നെയാണ് വിരോധംഎഴുതിഅയച്ചതു. ഒരു ആഡിറർ (പരിശോധകൻ) എന്റെ ബില്ലുകൾക്കുകുറെനാൾ വിരോധംപറഞ്ഞു. എങ്കിലും എന്റെശീലത്തെയും പ്രാപ്തിയേയും പരീക്ഷിച്ചു തോക്കാനാണെന്നു അദ്ദേഹം അങ്ങനെചെയ്യുകയിലും ഏതിനിക്കുതിമ്പയമില്ല. വിരോധം എഴുതി എന്റെമുമ്പാകെ ഒപ്പിടാൻകൊണ്ടുവന്നു, ഞാൻഅതു ഒപ്പിടേണ്ടിയുംവന്നു. ആവിരോധക്കുറിപ്പുപ്രകാരം അദ്ദേഹം ഒന്നുമില്ലെന്ന ഞാൻപറയുന്നില്ല. ഞങ്ങൾപരിപൂർണ്ണന്മാരല്ല സ്വയാഭിപ്രായപ്രകാരമുള്ള മറുപ്പോർട്ടു സമർപ്പിക്കുന്നതിനു പരിശോധകൻ സ്വതന്ത്രനായിരിക്കണമെന്നുള്ളതുകൊണ്ടു ഒരുമെമ്പർ ചോദിക്കയുണ്ടായി. ഏതുമേലധികാരസ്ഥന്റെമേലും സ്വതന്ത്രമായിപ്പോർട്ടുസമർപ്പിക്കാൻ കഴിയുമെന്നു ഞാൻവിചാരിക്കുന്നു. എന്നാലതു ഇപ്പോഴത്തെ വാദവിഷയമല്ല. അധികാരം നിയമത്താൽ സ്ഥിരപ്പെടുമായാൽ അധികാരസ്ഥന്മാർക്കു തന്നെയും, സങ്കോചപ്പെടുകയോ, അവധിമുതലായി പരിശോധനസംബന്ധമായ കാര്യങ്ങളിൽ തിരുത്തുകാരുള്ള ചട്ടങ്ങളെ അതിലംഘിക്കാൻ പാടില്ല. എല്ലുകാര്യങ്ങളും നിയമത്തിൽഉണ്ടെന്നും സങ്കല്പിക്കുക. അങ്ങനെയുള്ളതിൽ ചെലവുചെയ്യുന്ന അധികാരസ്ഥന്മാർക്കു യുക്തംപോലെ ചെലവുചെയ്വാൻ തിരുത്തം അധികാരം കൊടുക്കുന്നു എന്നിരിക്കട്ടെ, ആഡിറർ റിപ്പോർട്ടുചെയ്യുന്നതു അനാവശ്യം ഒരുകൊടുക്കുന്നവർക്കാണോ പുറമെയുള്ള അധികാരസ്ഥനാണോ? റിപ്പോർട്ടുചെയ്യുന്നതു അനാവശ്യംകൊടുക്കുന്നവർക്കുതന്നെയാണെന്നു ഞാൻവിചാരിക്കുന്നു. എനിക്കുതോന്നുന്നതു—

മി. എസ്. പിറവിപ്പുരമാപിള്ള (വ്യാപാരവും വ്യവസായവും, കൊച്ചി) നിയമമില്ലെങ്കിൽഅതു അസാധ്യമാണെന്നു കൈഫൊനാൻഷ്യൽസെക്രട്ടറി പറയുന്നുഎന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ്കൈഫൊനാൻഷ്യൽസെക്രട്ടറി) പ്രമേയകർത്താവുള്ളതിലുള്ളവയെല്ലാം അദ്ദേഹംപറയുന്നവരെത്താൽ സാധിക്കുമെന്നുഎനിക്കറിഞ്ഞുകൂടാ.

മി. എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും) : പ്രത്യേകം ഏജന്റോഫീസറെ കൊണ്ടുവന്നാൽമാത്രമെ ആഡിറുസംബന്ധമായ ജോലികൾ സ്ഥാൻ സാധിക്കയുള്ളുഎന്നാണ് ഫിനാൻഷ്യൽസെക്രട്ടറിയുടെ അഭിപ്രായം. ആഡിറുസംബന്ധിച്ചുള്ള ജോലി പ്രത്യേകംഏർപ്പെടുത്തിയാണ് ഇപ്പോൾ ഉള്ളഅക്കൌണ്ടാഫീസുകാരെക്കൊണ്ടു അതുസാധിക്കയില്ലേ?

പ്രസിഡൻറ്. അതിനു വാദവിഷയവുമായി എന്താണുസംബന്ധം? തത്വമാണു വാദവിഷയം, വ്യക്തികളല്ല.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് കൈഫൊനാൻഷ്യൽസെക്രട്ടറി): വേറൊരുസംഗതിയാൻ പറവാൻആഗ്രഹിക്കുന്നു മറ്റരാജ്യങ്ങളിൽ ആഡിറർക്കുള്ള ഉത്തരവാദിത്വം എന്തൊക്കെയാണുള്ളതാണ് പല മെമ്പർമാരും അതിനെപ്പറ്റി ചോദിക്കയുണ്ടായി. നിയമപ്രകാരം ബ്രിട്ടീഷ് ഇൻഡ്യയിലെ ആഡിറർ —

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൊഴിൽ) സ്ത്രീകിഷ്ട്ഇൻഡ്യയിൽ

മി കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ്കൈനാൻഷ്യൽസെക്രട്ടറി): ഞാൻഇടയിയവചക പറഞ്ഞുതീർത്തുകൊള്ളട്ടെ. അവിടെ ചെയ്യുന്നതു കണക്കുംറിപ്പോർട്ടും നിയമസഭയിലെ പബ്ലിക് അക്കൌണ്ട് കമ്മിറ്റിക്കു അയക്കുകയാകുന്നു. അതു നിയമപ്രകാരമാണ്. ഇവിടെ ഇപ്പോഴത്തെസ്ഥിതിയിൽ രണ്ടു ഉദ്യോഗങ്ങളേയും വേർപിരിക്കുന്നതെന്തിനാണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നെസംബന്ധിച്ചേടത്തോളം എനിക്കതിനു വിരോധമില്ല. എന്തെന്നാൽ ആ വ്യവസ്ഥ എന്റെ ഉത്തരവാദിത്വവും ജോലിയും കുറയ്ക്കും. ആഡിറ്റർ എന്നൊരുദ്യോഗം സൃഷ്ടിച്ചു ഇനിയുമധികംചെലവുണ്ടാക്കുന്നതുകൊണ്ടു എന്തു ഗുണമെന്നാണെ ഞാൻ ചോദിക്കുന്നതു.

മി. എ. ജി. മേനോൻ (പറവൂർ): അക്കൌണ്ടാഫീസർ എന്റെ വാദം കേവലം അസംബന്ധമാകിയിരിക്കുന്നുഎന്നു പറഞ്ഞുകൊള്ളട്ടെ. ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കണമെന്നോ ഒരു പുതിയ ആളെ നിയമിക്കണമെന്നോ ഞാൻ പറഞ്ഞിട്ടില്ല. കൂടുതൽ ചെലവുണ്ടാക്കണമെന്നും ഞാൻ പറഞ്ഞിട്ടില്ല. ഒരു തത്വം പ്രയോഗത്തിൽ കൊണ്ടുവരണമെന്നേ എനിക്കു ആഗ്രഹമുള്ളൂ. അതു ന്യായമാണെന്നു സഭ തീർച്ചയാക്കേണ്ടതാണ്. പരിഷ്കൃതരാജ്യങ്ങളിലൊക്കെ സ്വീകരിച്ചിട്ടുള്ള ഈ തത്വം സുബോധമുള്ളവരാരെങ്കിലും നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇവിടെയുള്ള ഒരു പ്രയാസം ഇതിനെസംബന്ധിച്ചുള്ള നിയമങ്ങളുടെ അഭാവമാണ്. കോമ്പസംബന്ധമായ ഭരണം ഇപ്പോഴത്തെക്കാൾ കാര്യക്ഷമതയാക്കുന്നതിനു വേണ്ടുന്ന നിയമം സൃഷ്ടിക്കണമെന്നാകുന്നു എന്റെ അഭിപ്രായം. നാം മനുഷ്യരായിരിക്കെ നമ്മുടെ സ്വന്തം പ്രവൃത്തികളെ ശരിയായിവിധിപ്പാൻ കഴിയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് കൈനാൻഷ്യൽസെക്രട്ടറി): ഞങ്ങൾ ഇവിടെ എല്ലാ മുൻകരുതലുകളോടും കണക്കുകൾ സൂക്ഷ്മതയോടും ക്ലേശംകൂടാതെയും പരിശോധിച്ചു. പരിശോധനയുടെ ഫലം ഒരു റിപ്പോർട്ടാക്കി ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ടു. അതു ഗവണ്മെന്റിന്റെ ഉത്തരവുകളോടുകൂടെ തഹസിൽദാർ മുഖാന്തിരം പ്രസിദ്ധംചെയ്യുമെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ ആ ജോലി തൃപ്തികരമായി ചെയ്തിട്ടുണ്ടോ ഇല്ലയോഎന്നു സൌകര്യംപോലെ അറിയാം. എല്ലാ രേഖകളിലേയും കണക്കുകൾ ശരിയായി പരിശോധിക്കാൻ താല്പര്യമുള്ളവരാണു ഞങ്ങളെന്നു അപ്പോൾ അറിയാം.

രണ്ടാമതായിസംഗതി എനിക്കു പറവാനുള്ളതു ഈ സഭയുടെ അവകാശങ്ങളെ ഗവണ്മെന്റ് ധിക്കരിക്കാതിരിക്കണമെന്നു കൈനാൻസുബിപ്പോർട്ടുമെന്റിനു തല്പര്യം ഉണ്ടെന്നുള്ളതാണ്. ഇതിന്റെ ഫലമായിട്ടാണ് ഈ സഭയിൽ യാതൊരു പ്രസ്താവവും കൂടാതേയും ഏതെങ്കിലുമൊരുമെമ്പർ ആവശ്യപ്പെടാതേയും ഉടനെ സഭയ്ക്കു വോട്ടുചെയ്യുന്നപോലെ പല ഇനങ്ങളും ഇപ്പോൾ വോട്ടുചെയ്യുവുന്നതാക്കീട്ടുള്ളതു. ഈ കൈനാൻസുബിപ്പോർട്ടുമെന്റ് ഗവണ്മെന്റിനും ഉദ്ദിശ്യത്തിൽ കൊണ്ടുവരികയും ഗവണ്മെന്റ് ആ അഭിപ്രായം സ്വീകരിക്കയും ചെയ്തതിന്റെ ഫലമാണ്.

മി. എ. ജി. മേനോൻ (പറവൂർ): കൈനാൻഷ്യൽസെക്രട്ടറിയാകട്ടെ ഗവണ്മെന്റാകട്ടെ ഈ സഭയെസംബന്ധിച്ചുള്ള തങ്ങളുടെ ധർമ്മനഷ്ടനാണത്തെ ഒഴിഞ്ഞുകളയുവാൻവിചാരിച്ചു എന്നു ഞാൻ സൂചിപ്പിക്കുകയും ചെയ്യുന്നില്ല. ഒരു മനുഷ്യൻ തന്റേതായ തന്റെ പ്രവൃത്തികളുടേതായ വിധികർത്താവായിരിക്കുന്നു നന്നല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

മി കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് കൈനാൻഷ്യൽസെക്രട്ടറി): അക്കൌണ്ടാഫീസരും ആഡിറ്റാഫീസരും തങ്ങളുടെ പ്രവൃത്തികളുടെ വിധികർത്താക്കളല്ലെന്നു ഞാൻ പറഞ്ഞതു ഇതിനെസംബന്ധിച്ചു തന്നെയായിരുന്നു. അദ്ദേഹം ഏതെങ്കിലും പ്രത്യേകഡിപ്പാർട്ടുമെന്റിന്റെ കണക്കുപരിശോധിക്കുന്ന ഉദ്യോഗസ്ഥൻ അല്ല. ഡിപ്പാർട്ടുമെന്റുകളെ ശരിയായി സംഘടിപ്പിക്കയാണു അദ്ദേഹത്തിന്റെ ധർമ്മം.

മി. എ. ജി. മേനോൻ (പറവൂർ): അക്കൌണ്ടാഫീസർ ഏതെങ്കിലും പ്രത്യേക ഡിപ്പാർട്ടുമെന്റിന്റെ കണക്കുകൾപരിശോധിക്കുന്ന ഉദ്യോഗസ്ഥനല്ല. എന്നാലദ്ദേഹം പല ആഫീസുകളിലെ കണക്കുപരിശോധിക്കുന്നു. ഇപ്പോൾ കൈനാൻഷ്യൽസെക്രട്ടറി അക്കൌണ്ടാഫീസരും ആഡിറ്റാഫീസരും ആകുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് കൈനാൻഷ്യൽസെക്രട്ടറി): ഞാൻ ഏതെങ്കിലുമൊരു പ്രത്യേകഡിപ്പാർട്ടുമെന്റിന്റെ കണക്കുപരിശോധിക്കുന്ന ഉദ്യോഗസ്ഥനല്ല.

മി. എ. ജി. മേനോൻ (പറവൂർ): താങ്കൾ സംഘടനമൊട്ടുക്കുള്ള കണക്കുപരിശോധിക്കുന്ന ആളാണല്ലോ.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് കൈനാൻഷ്യൽസെക്രട്ടറി): സംഘടനത്തിനല്ല പല ഡിപ്പാർട്ടുമെന്റുകളിലേയും കണക്കുകൾപരിശോധിച്ചു തന്നിച്ചുകൊടുക്കയാണ് ഞാൻ ചെയ്യുന്നതു.

മി. എ. ജി. മേനോൻ (പറവൂർ): അങ്ങനെ താങ്കൾക്കു പുനരപരം ജോലികൾഉണ്ടു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തൊഴിൽ): യടപടിക്രമം സംബന്ധിച്ചു ഒന്നു ചോദിച്ചുകൊള്ളട്ടെ. മെമ്പർ അഗ്രാസനായിപതിയോടാണോ സംസാരിക്കുന്നതു?

മി. എ. ജി. മേനോൻ (പറവൂർ): കൈനാൻഷ്യൽസെക്രട്ടറി, ആഡിറ്റാഫീസർ, അക്കൌണ്ടാഫീസർ ഇവരെല്ലാം ഇപ്പോൾ ഒരുദ്യോഗസ്ഥനാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് കൈനാൻഷ്യൽസെക്രട്ടറി): അതു ശരിയാണ്. ഇപ്പോഴത്തെ വ്യവസ്ഥ എന്താണെന്നു ഞാൻ പറഞ്ഞുവല്ലോ. ഇവിടെ ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന നിയമങ്ങൾനിമിത്തം ഞങ്ങൾക്കുള്ള ശക്തിപരിമിതയേയും ഞാൻവിവരിച്ചു.

മി. എ. ജി. മേനോൻ (പറവൂർ): ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം എന്തെങ്കിലും പ്രത്യേക ന്യൂനതയുണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥതന്നെ ന്യൂനതയുള്ളതാണെന്നാകുന്നു ഞാൻ പറയുന്നതു. കൈനാൻഷ്യൽസെക്രട്ടറിയേയോ അക്കൌണ്ടാഫീസരേയോ സംബന്ധിച്ചു എനിക്കു ആക്ഷേപമൊന്നുമില്ല.

മി. ആർ. കേശവപിള്ള (കൊല്ലംതെക്കും കുന്നത്തൂരും): കോടതിമണത്തിൽനിന്നു കണക്കുപരിശോധന വേർപിരിക്കുന്നതിന്റെ ആവശ്യം എന്താണ്?

മി. എ. ജി. മേനോൻ (പറവൂർ): ഒരാൾക്കു തന്റെ സ്വന്തം പ്രവൃത്തിയെപ്പറ്റി [illegible]ൽകിക യില്ല. അക്കൗണ്ടോഫീസന്മാടെയോ അഡിറ്റാഫീസന്മാടെ മേജാഫിയിൽനിന്നു കേവലം വ്യത്യസ്തമാണ്. ഒരാൾ മറേയാളിന്റെ ജോലിനിർവഹണത്തെ പരിശോധിച്ചു വിധിപറയുകയാണ് ചെയ്യേണ്ടതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോഴത്തെ വ്യവസ്ഥയിൽ എന്താണ തോഷം.

മി. എ. ജി. മേനോൻ (പറവൂർ): തീർച്ചയായും രണ്ടുജോലികളും ഒരാൾ ചെയ്യുന്നതാണ് തോഷം തന്നെ.

മി. എ. എസ്. ഓമോരൻഅയ്യൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അഡിറ്റഡിപ്പാർട്ട മെന്റിന്റെ അക്കൗണ്ടൻസ്ഡിപ്പാർട്ടുമെന്റിൽനിന്നു വേർപെടുത്തിയാൽ താൻ വിചാരിക്കുന്ന പ്രയാസങ്ങൾ ഉള്ളതു തിങ്ങിപ്പോകുമെന്നാണോ മെമ്പർ പറയുന്നതു?

മി. എ. ജി. മേനോൻ (പറവൂർ): ഫൈനാൻഷ്യൽസെക്രട്ടറിയോടു ബന്ധമില്ലാത്ത ഒരുദ്യോഗസ്ഥനെ നിയമിച്ചാൽ തോഷത്തിനു പരിഹാരമുണ്ടാകും.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് അക്കൗണ്ടൻഷ്യൽസെക്രട്ടറി): ഇങ്ങനെചെയ്യാൻ നിയ മമില്ലാതിരിക്കെ ഉദ്ദേശസാധ്യം പ്രയാസമാണെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി. എ. ജി. മേനോൻ (പറവൂർ): നിയമമുണ്ടായാൽ ഉത്തമം. എന്നാൽ ഇങ്ങനെചെയ്യുവാൻ ഗവ ണ്മെന്റു തെയ്യാറാകുകയില്ലെന്നതുതന്നെ ഗവണ്മെന്റിനെചെയ്യും.

മി. എസ്. പിരപിപ്പുതമ്പാപിള്ള (വ്യാപാരവും വ്യവസായവും—തെക്കു): മറുള്ളവർക്ക് സംസാരി ക്കാൻ അവസരംകൊടുക്കാതെ ഉപക്ഷേപം പിൻവലിക്കാമോണോ മെമ്പർ വിചാരിക്കുന്നതു?

മി. എ. ജി. മേനോൻ (പറവൂർ): ഞാൻ ഈ ഉപക്ഷേപംകൊണ്ടുവന്നതു സംഖ്യ കുറയ്ക്കണമെന്നപേക്ഷി ച്ചല്ല, എന്നാൽ രണ്ടു ഡിപ്പാർട്ടുമെന്റുകളും വേർപെടുത്തുന്നതിന്റെ അത്യാവശ്യകതയേയും അനുവദിച്ചു പണ ത്തിന്റെ മുഴുവൻചെലവു പരിശോധിക്കു ഒരു ഓഡിറ്റരും അപ്പോപ്രിയേഷനും കണക്കും റിപ്പോർട്ടും നടക്കുക ന്നതിന്റെ ആവശ്യകതയേയും ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കാമായിട്ടാണു. ഇപ്പോഴത്തെ ചെ യ്യുന്നപ്രകാരം ഒരു കടലാസ്സിൽ ഒരു കണക്കെഴുതിച്ചു ഹാജരാക്കിയാൽപോരാ. വോട്ടുചെയ്യാൻ പോലും ഇനങ്ങളിന്മേൽ നമുക്കു അധികാരമില്ലെങ്കിലും വോട്ടുചെയ്യാവുന്നതും ചെയ്യാൻ പാടില്ലാത്തതുമായ എല്ലാഇനങ്ങ ളിലുമുള്ള മുഴുവൻ ചെലവിന്റെ ഒരു ആഡിറ്റരും അപ്രോപ്രിയേഷനും റിപ്പോർട്ടുകളുണ്ടു നമുക്കു കിട്ടേണ്ടതു.

മി. എസ്. പിരപിപ്പുതമ്പാപിള്ള (വ്യാപാരവും വ്യവസായവും—തെക്കു): മെമ്പർ പറഞ്ഞപ്രകാരം മുള്ള ഒരു റിപ്പോർട്ടു അതിനോടുസംബന്ധിച്ചുള്ള നിയമമില്ലാതെ, തയ്യാറാക്കി സഭാമുമ്പാകെ സമർപ്പിപ്പാൻ പാടുണ്ടോ എന്നു പറയുമോ?

മി. എ. ജി. മേനോൻ (പറവൂർ). നിയമത്തിൽ യാതൊരു വ്യവസ്ഥയുംചെയ്യാതെ ഇവിടെ മിക്കവാ റും നിയമത്തിന്റെ പ്രാബല്യത്തിലുള്ള ഗവണ്മെന്റുചട്ടങ്ങൾപ്രകാരം ഇവിടെ പല കാര്യങ്ങളും ചെയ്തുവരുന്നുണ്ടു. ഈ സംഗതിയെപ്പറ്റി ആലോചിച്ചു ഈ സഭ വല്ല നിവൃത്തിയും ഉണ്ടെങ്കിൽ അതു ചെയ്യണമെന്നേ എനിക്കാ യത്നമുള്ളൂ.

പ്രസിഡന്റ്: നിങ്ങൾ ഉപക്ഷേപം പിൻവലിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. എ. ജി. മേനോൻ (പറവൂർ): അതേ

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം [illegible].

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. എ. താണുപിള്ള

[illegible]. എട്ടാംനമ്പർ അദ്ധ്യാപനപ്രകാരമുള്ള [illegible] രൂപയിൽ [illegible] രൂപാ കുറയ്ക്കണമെ—

ഉപക്ഷേപം [illegible].

മി. കെ. പി. മേനോൻ (ചിറയിൻകീഴ്): സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാ ക്കിക്കൊള്ളുന്നു.

എട്ടാംനമ്പർ അദ്ധ്യാപനപ്രകാരമുള്ള [illegible] രൂപായിൽ [illegible] രൂപാ കുറയ്ക്കണം—

മെമ്പറിനെപ്പറ്റി പൊതുവായുള്ള നിരുപണവേളയിൽ ഈ ഉപക്ഷേപത്തിന്റെ വിഷയം സഭയുടെ ആലോചനയ്ക്കുസ്സന്ദർഭമായി വിഷയീഭവിപ്പിച്ചിട്ടുള്ളതാകുന്നു. അതിനു പറഞ്ഞ മറുപടിയിൽ ഗവണ്മെന്റു ഉ മിക്കും വിറകിട്ടുന്നപക്ഷം മുമ്പത്തെ എന്നാരിതത്തിൽ ചേർക്കുന്നപതിവു [illegible]മെന്നുമുതൽക്കാണു അ രംഭിച്ചതെങ്കിലും, ദേവസ്വങ്ങൾക്കു ഒന്നോരണ്ടുകൊടുക്കുന്നസംഖ്യ ഗവണ്മെന്റുമുമിക്കും വിറകിട്ടുന്നസംഖ്യ കഴിച്ചു കിട്ടുന്ന ശതികുതിയുടെ നാല്പതു ശതമാനമാകണമെന്നു ചീഫ്സെക്രട്ടറി പറകയുണ്ടായി. ദേവസ്വം വിളംബരം വായിച്ചുനോക്കിയതിൽ സാധാരണ ശതികുതിയിൽനിന്നു ഗവണ്മെന്റു മുമിക്കും വിറകിട്ടുന്നവിധ കാര്യങ്ങ തിനെപ്പറ്റി അതിൽ യാതൊരു പ്രസ്താവവും കാണുന്നില്ല. എന്നാൽ ആ വിളംബരത്തിന്റെസാരം ഡാധാര ണ ശതികുതിയിൽ ഗവണ്മെന്റു മുമിക്കുടെവിയും ഉൾപ്പെടുത്തണമെന്നാകുന്നുഎന്നു എനിക്കു തോന്നുന്നു. എന്നിക്കിപ്പോൾ ഒരു വാക്കുകൂടെ പറയാനുണ്ടു. ദേവസ്വം വിളംബരത്തിന്റെ കാലത്തുതന്നെ ഈ പ്രയാസം ഉണ്ടായി. ദേവസ്വംവക വസ്തുക്കൾ ഏതെല്ലാമെന്നു തിട്ടപ്പെടുത്തിയപ്പോൾ കഴികയില്ല. അതുകൊണ്ടു ഉദ്ദേശമായി ഒരു കണക്കുണ്ടാക്കി സംഖ്യയും ആയതുക്കട്ടം നികുതിയിൽ [illegible] ശതമാനം ദേവസ്വം ഡിപ്പാർട്ടുമെന്റിലേക്കു കൊടുക്കണമെന്നു അന്നു തീർച്ചയാക്കി.

മി. ടി. പി. രാമസുബ്ബയ്യർ (അഡിഷിനൽ ഗവണ്മെന്റു ചീഫ് സെക്രട്ടറി): സഭാമുമ്പാകെയുള്ളചോദ്യം ഗവണ്മെന്റു മുമിക്കും വിറകിട്ടുന്ന വിധമെയ്യുപ്പറ്റിമാത്രമാണം.

പ്രസിഡന്റ്: ഗവണ്മെന്റു മുമിക്കുടെവിയെ വേർതിരിച്ചു ഒരു പ്രത്യേകഇനത്തിൽചേർത്തുള്ള ഈ സ മയുടെ നിർദ്ദേശപ്രകാരമല്ലയിരുന്നോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്രട്ടർ വക്കീൽ): അതേ. ഇതിനുമുമ്പിലത്തെ സയേിലെ അനലോഗസ്ഥരുമെമ്പർമാരുടെ ആക്ഷേപംനിമിത്തമാണ് അങ്ങിനെ ചെയ്തത്.

പ്രൈഡിഡൻറ്: ഇങ്ങനെ വേർതിരിച്ചു ഈ സയേിലെ അനലോഗസ്ഥരുമെമ്പർമാരുടെ നിർദ്ദേശപ്രകാരമാണെന്നു നിങ്ങൾക്കറിയാമെന്നു വിശ്വസിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയായിരിക്കാം. എന്നാൽ അതിനെറ വിശ്വാസത്തെപ്പറ്റിയും അന്നു ഞാൻ ശ്രദ്ധിച്ചിരുന്നില്ല. അതുകൊണ്ടാണ് ഈ ഉപക്ഷേപം കൊണ്ടുവന്നതു. ദേവസ്വം യിങ്ങനെ—

പ്രസിഡൻറ്: ഈ വാദത്തിൽ നിങ്ങൾക്കു ദേവസ്വംകാര്യങ്ങളെപ്പറ്റി സംസാരിക്കാൻ പാടുണ്ടെന്നു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു സമാധാനമായിട്ടുമാത്രമേ ഞാൻ അതിനെപ്പറ്റി പറയുന്നുള്ളൂ.

പ്രസിഡൻറ്: അതനുവദിക്കാൻ പാടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രവണൻറ ഭൂമികളുടെ വില പതിവു ദേഹപ്പെട്ടത്തി "മൂലധനങ്ങൾ" എന്നോരു ഇനത്തിൽ ചേർത്തിരിക്കുന്നതിനെപ്പറ്റിയും അതിലൊരംശം ദേവസ്വംവകയായി ചേർക്കുന്നതിനെപ്പറ്റിയും മാത്രമാണു വാദം.

പ്രസിഡൻറ്: ഏതു മുതലും അതു മതസംബന്ധമായ കാര്യമാണു. അതിനെപ്പറ്റി സംസാരിപ്പാൻ അനുവദിക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രവണൻറ ഭൂമികളുടെ വില സഞ്ചായവും ആയക്കെട്ടും ഇനത്തിൽ ഉൾപ്പെടുത്തണമോ എന്നു മാത്രമാണു വാദം. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ബഡ്ഡറിൻപ്രകാരം അഡിഷൻറ ൪—ാം പുറത്തെ ആകെ വൊക്കിനുണ്ടിക്കുന്നതിനു ൪,൦൦,൦൦൦ രൂപാ ഉൾപ്പെടുത്തിയിരിക്കുന്നു. ൪,൦൦,൦൦൦ രൂപാ ശ്രവണൻറ ഭൂമികൾ വിറ്റുകിട്ടിയതിലധികമാണു. ഫാൻ ൭-ാം ദേവസ്വം വേർപെടുത്തിയ വിളംബരപ്രകാരം നിക്ഷേപിയും സഞ്ചായംവക വരവും ഈ ഇനത്തിൽ ചേർത്തിരുന്നു. ഏതെല്ലാം ദേവസ്വംവക, ഏതെല്ലാം അല്ല എന്നറിവാൻ ഫാൻ ൭-ൽ യാതൊരു തുമ്പും ഉണ്ടായിരുന്നില്ല.

പ്രസിഡൻറ്: ദേവസ്വങ്ങളെപ്പറ്റി സംസാരിക്കാൻ പാടില്ല. നിങ്ങൾ അങ്ങനെ സംസാരിക്കാണെങ്കിൽ നിങ്ങളുടെ ഇരിക്കാൻപറയേണ്ടിവരും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): ഭൂനികുതിയിനത്തിൽ ൩൪,൦൦,൦൦൦ രൂപാ വരുമല്ലൊ. അക്കൌണ്ടാഫീസർ ഈ ഇനത്തിൽ ചില സംഖ്യകൾ ചേർത്തിട്ടില്ല. അതുകൊണ്ടു സയേുടെ ഒഫ്ഫിയിൽ കൊണ്ടുവരണമെന്നുള്ള ഒരു തെറ്റിദ്ധാരണയാണെന്നു തോന്നുന്നു. അല്ലാതെ വിരോധിക്കപ്പെട്ടിട്ടുള്ള വിഷയത്തെപ്പറ്റി ഞാൻ സംസാരിക്കുന്നില്ല.

മി. ടി. പി. രാമസുബ്ബയ്യർ (അക്കിംഗ് ശ്രവണൻറ ചീഫ്സെക്രട്ടറി): ഫാ൦൬-നുമുമ്പു ശ്രവണൻറ ഭൂമികളുടെ വില സഞ്ചായത്തിൽ ഉൾപ്പെടുത്തിയിരുന്നതായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതായി വല്ല റിക്കാർഡും മെമ്പറിനു ഈ സമയത്തു കാണിക്കാൻ ഹാജരാക്കാൻ കഴിയുമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): പ്രത്യേകമൊരിനം ഇല്ലായിരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (അക്കിംഗ് ശ്രവണൻറ ചീഫ്സെക്രട്ടറി): എപ്പോഴെങ്കിലും സായത്തിൽ ഉൾപ്പെടുത്തിയിരുന്നു എന്നു കാണിക്കാൻ വല്ല റിക്കാർഡും മെമ്പർ ഹാജരാക്കുമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): വിലയിൽ സഞ്ചായവും മറ്റിനങ്ങളും ഉൾപ്പെടുന്നു വിളംബരത്തിൽതന്നെ പറഞ്ഞിട്ടുണ്ടു. അതുകൊണ്ടു അങ്ങനെ പ്രത്യേകം ഇനത്തിൽ ഉൾപ്പെടുന്നു. ശ്രവണൻറ ഭൂമികളുടെ വിലയിൽ ഫാൻ ൭-ലെ വിളംബരത്തിൽപ്പെട്ട എല്ലാ ഭൂനികളുടേയും വില ഉൾപ്പെടുമെന്നും അതുകൊണ്ടു ദേവസ്വങ്ങൾക്കു കൊടുക്കുന്ന സംഖ്യയിലധികമുള്ള മതമാനത്തിലധികമുള്ള യാതൊരു അധികവും വരത്താൻപാടില്ലെന്നും ഈ സയേുടെ ഒഫ്ഫിയിൽ കൊണ്ടുവരണമെന്നു മാത്രമേ എനിക്കു അഭിപ്രായമുള്ളൂ.

പ്രസിഡൻറ്: അതിനെക്കുറിച്ചു നിങ്ങൾക്കു സംസാരിപ്പാൻപാടില്ല. വിലയിരുത്തപ്പെട്ട വിഷയത്തെപ്പറ്റി തന്നേ നിങ്ങൾ പിന്നെയും സംസാരിക്കുന്നവല്ലൊ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): കണക്കു ശരിയാക്കണമെന്നേയുള്ളൂ. അക്കൌണ്ടാഫീസർ ഒരു ക്ലൂടത്തൽ സംഖ്യ ഉൾപ്പെടുത്തിയതു ക്രമക്കേടാണെന്നു സയേുടെ ഒഫ്ഫിയിൽ ഞാൻ പെട്ടത്തിക്കാട്ടുന്നു. ൩,൦൦,൦൦൦ രൂപയ്ക്കു പകരം ൪,൦൦,൦൦൦ രൂപ ചേർത്തിരിക്കുന്നു.

പ്രസിഡൻറ്: ശരിയാക്കുക എന്നു പറയുന്നതു കണക്കു മുൻസ്ഥിതിയിൽ കൊണ്ടുവരികയാണു. അതിനെപ്പറ്റി സംസാരിക്കുംമുമ്പു ചീഫ്സെക്രട്ടറിയുടെ ചോദ്യത്തിനു മറുപടി പറയണം.

മി. ടി. സി കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): മുന്നുലക്ഷത്തിനു പകരം അഞ്ചുലക്ഷം ആയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (അക്ടിംഗ് ശ്രവണൻറ ചീഫ്സെക്രട്ടറി): മുന്നുലക്ഷം രൂപാ എന്താണു, അഞ്ചുലക്ഷം രൂപാ എന്താണു? എവിടെയാണു തിരുത്താനാവശ്യം? തിരുത്താൻ ആവശ്യം ഉണ്ടാകുന്നതു തെറ്റുള്ളപ്പോഴാണല്ലൊ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): ഫാ൦൬ ഠരെയും ഫാൻ ൭-നുശേഷവും പ്രത്യേകമൊരിനം ഇല്ലായിരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): "ത്രേകിതി" യുടെ കീഴിൽ ഒരു പ്രത്യേക ഇനം ഉണ്ടായിരുന്നു. മെമ്പർ ബഡ്ഡുറെ നോക്കിയാൽ അതുകാണാം. മുൻ ബഡ്ഡുറുകളിലും അതേപോലെ കണ്ടിട്ടില്ലെന്നു പ്രത്യക്ഷമാണല്ലോ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): എത്രനാത്തിലാണു അതുപേപ്പട്ടത്തിയിരുന്നതു? ഒന്നാം നമ്പരിനത്തിലോണോ?

മി. ടി. പി. രാമസുബ്ബയ്യർ (അക്കിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി:) ഒന്നാമിനത്തിലല്ല. മൂന്നാമതോ നാലാമതോ ഇനത്തിലാണു. അവ പ്രത്യേക ഇനങ്ങളാണു. ത്രേകിതം വിറകിട്ടിയസംഖ്യ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. തെറ്റുണ്ടായിരുന്നുണ്ടെങ്കിൽ തെറ്റുപറഞ്ഞിരിക്കണം.

മി. ടി. സി കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): ഞാൻ ഗവണ്മെന്റിന്റെ ഉദ്ദേശ്യത്തിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നതു ത്രേകിതിവിറകിട്ടുന്ന ചെലവുതന്നെയായിക്കൊണ്ടിക്കണമെന്നും ചെലവുകഴിച്ചുള്ളതുബാക്കി—

പ്രസിഡന്റ്: മുഴുവനും കരവും വരവും ചെലവും എന്താണെന്നു സൈഫാൻഷ്യൽ സെക്രട്ടറി മെമ്പറിനോടു വിവരിച്ചുപറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സൈഫാൻഷ്യൽ സെക്രട്ടറി): സർ, മെമ്പറിനെ വിഷ്ണപ്പെട്ടത്തി സമാധാനപ്പെടുവാൻ അനാവശ്യം ചോദിക്കാൻ ഞാൻ മോഹിക്കുകയില്ലായിരുന്നു. ഏതാണ്ടൊരു ഭീമമായ തുകവരവുണ്ടായിട്ടുണ്ടെന്നു മെമ്പർമാർക്കുള്ള വിചാരമുണ്ടെന്നു ഞാൻ ഒന്നാമതായി ഉദ്ഘോഷിക്കാം. ഫാറം 9 മുതൽ കാണുന്ന ബഡ്ഡുറുകളിൽ ഞാൻ കണ്ടിട്ടുണ്ടു. വിളംബരത്തിനുമുമ്പുള്ള ഫാറം-ലെ ബഡ്ഡുറിന്റെ ഇനങ്ങൾ ഞാൻ വായിച്ചുകേൾപ്പിക്കാം.

ഫാ. ത്രേകിതി.

ഇതിൽ മുമ്പുണ്ടായ ഇനം അയൽക്കാരുടെ തന്നാണ്ടു നികുതിവരവുമാണു. തന്നാണ്ടുനികുതി വരവിൽ പുതുവൽ ത്രേകികളുടെവിലയും ഉൾപ്പെട്ടത്തിയിരിക്കുന്നു. ഇതിലടുത്ത ഇനം സഞ്ചായമാണു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ് നിയമനം-ഡിപ്യൂട്ടി പ്രസിഡന്റ്): പെരിക്കുളത്തിനുമുമ്പു ത്രേകിവും വിറകിട്ടുന്നവിധം ത്രേകിതിയുടെ ഒരു ഭാഗമല്ലയിരുന്നോ എന്നു സൈഫാൻഷ്യൽസെക്രട്ടറിയോടു ചോദിച്ചുകൊള്ളുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സൈഫാൻഷ്യൽസെക്രട്ടറി): ഫാറ്ൻസു-ലെ ബഡ്ഡുറിൽ അങ്ങനെ പ്രത്യേകഇനമായിട്ടു കൊടുത്തിരുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ് നിയമനം-ഡെപ്യൂട്ടിപ്രസിഡണ്ടു): അതിനുമുമ്പുള്ളകാര്യമാണ് ഞാൻ പറയുന്നതു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സൈഫാൻഷ്യൽസെക്രട്ടറി): അതിനുമുമ്പുള്ള ബഡ്ഡുറുകളിൽ എന്തെങ്കിലും പേജുകൾ ഇല്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ് നിയമനം-ഡെപ്യൂട്ടിപ്രസിഡണ്ടു): ഫാറ്ൻ 8-ചെറുമരുവേലകൻ പാസ്സായതിനുമുമ്പുള്ള കാലത്തെപ്പറ്റിയാണ് ഞാൻപറയുന്നതു. അന്നാണെല്ലാം ബഡ്ഡുറിനെപ്പറ്റി നിശ്ചയംചെയ്പാനുള്ള അവകാശം നമുക്കുസിദ്ധിച്ചതു. അന്നത്തെ ചട്ടംവ്യവസ്ഥ (ത്രേകിതി)വിൻറെ ഭാഗമല്ലായിരുന്നോ. സാധാരണസ്ഥിതിയിൽ ആദ്യത്തേതുപോലെ അയൽക്കാട്ടിൻപ്രകാരം ഉണ്ടാകാവുന്ന വരവും പുതുവൽ വില്പനയുടെവായ യഥാർത്ഥമായ കിട്ടാവുന്നവരവും ബഡ്ഡുറിൽ പ്രത്യേകം പ്രത്യേകം കാണിക്കണമെന്നു അന്നത്തെ ഗവണ്മെന്റുമെമ്പർമാർ അവശ്യപ്പെട്ടുകയുണ്ടായതും ഇവ പ്രത്യേകംകാണിക്കാൻ ഇടവന്നതുമാണു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സൈഫാൻഷ്യൽസെക്രട്ടറി): ഫാറം 8-ൽ അതു സാധാരണവരവായിട്ടാണ് ഗണിച്ചിരുന്നതു. അല്ലാതെ ഞാൻപ്രസ്താവിച്ച ഇനങ്ങളിലല്ല. അതിനെപ്പറ്റി ഞാൻ, ഉടനെപറഞ്ഞുകൊള്ളാം. ഫാറം 8 മുതലായതവണ്മെന്റ് ത്രേകിവും വിറകിട്ടുന്നവിധം ഒരുപ്രത്യേകഇനമാക്കി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ചാണ്ടാവന്നു (ത്രേകിതി)വിൽ ഗവണ്മെന്റ് ത്രേകികളുടെ കൂടെ വിറകുവിൽപ്പെട്ടുമോഎന്നു പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സൈഫാൻഷ്യൽസെക്രട്ടറി): അങ്ങനെയുൾപ്പെട്ടിരുന്നു. എന്നാൽ ഫാറം 8-ൽ പണം ഇനംതിരിക്കുന്നകാര്യത്തിൽ ബഡ്ഡുറിൽ പലഭേദഗതികളും വരുത്തി. ഒരോ റേഞ്ചുകളിലും വിറകിട്ടുന്ന വിധം സാധാരണ വരവായിചേർക്കാതെ അസാധാരണവരവായി ചേർത്തതാണ്. ആ വിധത്തിലുടെ മുഴുവൻ വിറകിട്ടുന്നതാണെന്നും അതുപതിവില്ലാത്തവർഷത്തെ ചെലവുചെയ്യുവുന്ന സാധാരണവരവുകൊണ്ടു കഴിയാൻപാടില്ലെന്നും അന്നു പ്രസംഗവുമുണ്ടായി. അതുന്യായവുമായിരുന്നു. ഗവണ്മെന്റ് ആതത്വം സ്വീകരിച്ചു. അങ്ങനെ ഫാറം 8 മുതൽ ആസംഖ്യകളും പ്രധാനഇനത്തിൽനിന്നു വേർപെടുത്തി മുഴുവൻവരവു എന്നൊരു അസാധാരണഇനത്തിൽ ചേർത്തിട്ടുള്ളതായികാണാം. ഇങ്ങനെതന്നെയാണ് ചെയ്യേണ്ടതും, എല്ലായോഗംമെമ്പർമാരുടെ അഭിപ്രായത്തോടു ഇതിനാനുബന്ധവുമില്ല. ഞങ്ങളും വേറൊരു ഭേദഗതിയും ഉണ്ടാക്കി അതുംഇവിടെപ്രസ്താവിക്കാം.

ചന്ദകളിൽനിന്നുള്ള വരവു ഇനംതിരിച്ചതിൽ ആവരവും ഈബഡ്ഡുറിലും മുമ്പുള്ള ബഡ്ഡുറുകളിലും സഞ്ചായംഎന്നാണ് ചേർത്തുകാണുക. എന്നാൽ യഥാർത്ഥം അപ്രകാരമല്ല. ഈവരവു വേറൊരിനത്തിൽ ചേർത്തു വിളംബരസൗകര്യത്തിനുവേണ്ടി മാത്രമാണ്. അതുകൊണ്ടു മറ്റാരുടെയും അവകാശങ്ങൾക്കു യാതൊരുതരത്തിലും വരാൻ ഇല്ല. ഞാൻതത്വംവിചാരിച്ചു തെറ്റിധരണനീക്കാൻ ശ്രമിച്ചുവല്ലൊ. ഗവണ്മെന്റ് ത്രേകിവും വിറകിട്ടുന്നപക്ഷം സാധാരണ വരവിനത്തിൽ നിന്നെടുത്തു മുഴുവനെയുംഒരിനത്തിൽ ചേർത്തു എന്നുള്ള തത്വത്തെസ്വീകരിച്ചാണെന്നും ഞാൻ വിവരിച്ചുവല്ലൊ. ഈഭേദഗതി വരുത്തിയതിനു ഈതത്വമല്ലാതെ വേറൊരു കാരണമൊ അർത്ഥമൊ ഇല്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): ത്രേകിവുംവിറകിട്ടുന്ന വരവുണ്ടാകുന്ന തിരുവിതാംകൂറിലുള്ള ത്രേകിവും വിറകിട്ടുന്നതും അതിനു പുറമേയുള്ള ത്രേകിവും വിറകിട്ടുന്നതോ?

(പ്രസിഡന്റ്: നിങ്ങൾ ആ ചോദ്യത്തിനു മറുപടി പറഞ്ഞിട്ടാവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കട്ടയും വിളവങ്കോടും) എഴുന്നേറ്റു.

പ്രസിഡണ്ട്: നിങ്ങൾ ആരോടാണു സംസാരിക്കുന്നതു?

മി. ടി. സി. കെശവപിള്ള (കൽക്കട്ടയും വിളവങ്കോടും): പ്രസിഡണ്ടിനോടു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അങ്ങേക്കു ഒരുപ്രാവശ്യം പ്രസംഗിച്ചുകഴിഞ്ഞു.

പ്രസിഡണ്ട്): നിങ്ങൾ പ്രോട്ടം മൂന്നാംപ്രാവശ്യമാണു സംസാരിക്കുന്നതു. നടയടച്ചുങ്കം യിക്കുമ്പോൾ മൂന്നാമതൊരുപ്രാവശ്യത്തേക്കുകൂടി സംസാരിക്കാൻ അനുവദിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കട്ടയും വിളവങ്കോടും): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുകയാണു്.

പ്രസിഡണ്ട്: മൂന്നാംപ്രാവശ്യവുംസംസാരിപ്പാൻ നിങ്ങൾക്കു അനുവാദമില്ല.

മി. ടി. സി. കേശവപിള്ള (കൽക്കട്ടയും വിളവങ്കോടും): ഞാൻ ഇരുന്നുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ ആരംഭത്തിൽതന്നെ പറഞ്ഞപ്രകാരം എന്റെ ഉദ്ദേശംഗവണ്മെന്റുദ്യോഗം വിറകുകീറുന്നതുൽസംബന്ധമായും തുടങ്ങിച്ചുങ്കത്തിൽ ഉൾപ്പെടുത്തുന്നതാണോ എന്നറിവാൻമാത്രമായിരുന്നു. ഇനികൂടിയിൽ ഉൾപ്പെടുത്തിട്ടുള്ളപക്ഷം അങ്ങനെ എന്തെല്ലാമെന്നു ദൈവാൽസർക്കുടിവായിക്കുവാൻ സൗകര്യപ്പെടുത്തിയുണ്ടോ എന്നാൽ ഫിനാൻസ് മുസുള്ള ബഡ്ജറ്റുകാർ ഞാൻ കണ്ടിട്ടുണ്ടു. ഫിനാൻസ്—മെമ്പർ വിളംബരം വായിച്ചിട്ടിയ ബഡ്ജറ്റിൽപ്രകാരം ഇതു ലാസ്റ്റുവർഷം (ഇനിക്കുടിയിൽതന്നെ ഉൾപ്പെടുന്നതെന്നായിരുന്ന എന്റെവിശ്വാസം. അതുകൊണ്ടു എങ്ങനെയാണു തെറ്റുണ്ടെന്നുഹിച്ചുരിയുന്നു ഞാൻ ഈ ഉപക്ഷേപം കൊണ്ടുവരുകയുണ്ടായതു്. ഈമുതൽ ഇനിക്കുടിയിലുൾപ്പെടുകയില്ലെന്നുറപ്പുള്ളതിനു ഞാൻ മൈനാൻസ്സ്തൽസെക്രട്ടറിയോടു ബന്ധപ്പെടുകയുണ്ടായിട്ടുള്ളതുണ്ടു. ഞാനു ഈവിഷയത്തെസംബന്ധിച്ചു കൂടുതൽകൂടി മനസ്സിലാക്കുവാൻ വരെ ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

മി. ജി. പി. തമ്പുരാൻപ്പിള്ള (കുന്നാഗപ്പള്ളി): പറമ്പോക്കുമിക്കളുടെ പാട്ടം സഞ്ചായത്തിൽ ഉൾപ്പെടുമോഎന്നു പറയുമോ?

പ്രസിഡണ്ട്: പാട്ടം നിശ്ചയിച്ചിട്ടില്ല. കരത്തെപ്പറ്റിയുള്ള യാതൊരുവിവരണത്തിലും പാട്ടം കരമായി ഗണിക്കാറില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു. ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

പ്രസിഡണ്ട്: ഡിമാണ്ടു വു സാധാരണഭരണം—അകൗണ്ടാഫീസ് എന്ന ഇനത്തിൽ ൨,൧൯,൭൫൦ രൂപ അനുവദിക്കാമോ എന്നാണു് ചോദ്യം.

അപ്രകാരം അനുവദിച്ചു.

ഡിമാൻഡ് ൯—നീതിന്യായഭരണം.

മി. കണ്ണാടം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ): സർ, ഡിമാൻഡ് ൯—നീതിന്യായഭരണം എന്ന ഇനത്തിൽ ൭,൭൯,൯൫൦ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ ഒരു പ്രമേയത്തിനു ഹാജരാക്കികൊള്ളുന്നു.

ഉപക്ഷേപം കൽപ്പിച്ചു.

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു. ഹൈക്കോടതിക്കു അനുവദിച്ചിട്ടുള്ള സംഖ്യ,൦൯൭ രൂപയിൽ ഒരു രൂപ കുറയ്ക്കണം.

ഹൈക്കോടതിയിലേക്കു അനുവദിച്ചിട്ടുള്ള സംഖ്യ,൦൯൭ രൂപയിൽനിന്നും ഒരു രൂപ കുറക്കണമെന്നുള്ളതാണു് എന്റെ ഉപക്ഷേപം. ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു ഹൈക്കോടതിയുടെ നിയമനത്തെപ്പറ്റി പറയുന്നതിനുമാത്രമാകുന്നു. ഈ സംസ്ഥാനത്തിൽ ൪൦ വർഷമേൽ മൻസിഫന്മാർ ജോലിയിലിരിക്കുന്നു. ഒരു വമ്പിച്ച ജനസമുദായമായ ഈഴവരിൽനിന്നു അതായതു ൬ ലക്ഷത്തോളം ജനസംഖ്യയുള്ള ഒരു സമുദായത്തിൽനിന്നും ഒരു മുൻസിപ്പും ഇല്ലെന്നുള്ള സങ്കടം എനിക്കു ഇവിടെ പറയാതെ നിവൃത്തിയില്ല. ഇപ്പോഴുള്ള കൊല്ലത്തിനുമുമ്പു ഒരു മുൻസിഫിനെ ഈ സമുദായത്തിൽനിന്നും ഗവണ്മെന്റു നിയമിച്ചിട്ടുണ്ടായിരുന്നു പിന്നീടു ൧൦ കൊല്ലം കഴിഞ്ഞു വേറൊരു മുൻസിപ്പിനെ നിയമിച്ചു. ആ കണക്കിൽപ്രകാരം ആ നിയമനം കഴിഞ്ഞു ഇപ്പോൾ ൧൦ കൊല്ലം കഴിഞ്ഞിരിക്കുന്നതുകൊണ്ടു വേറൊരാളെക്കൂടി നിയമിക്കുവാൻ സമയമായിട്ടുണ്ടു്. അതിലേക്കു യോഗ്യതയുള്ള ആളുകൾ ഉണ്ടായിരുന്നാൽ അവരെ ഗവണ്മെന്റിൽനിന്നും നിയമിക്കേണ്ടതാണു്. അതിലേക്കു യോഗ്യന്മാരായ ആളുകൾ ഇല്ലെന്നു ഗവണ്മെന്റു പറഞ്ഞതായ ഒരു കാരണം ഉണ്ടായിരുന്നു. ഇപ്പോൾ അതിനെക്കു യോഗ്യതയുള്ളവർ ഈ സമുദായത്തിലില്ലെന്നു ഗവണ്മെന്റിനു പറയുവാൻ സാധിക്കുകയില്ല. അപേക്ഷിച്ചിൽനിന്നും അപ്പോൾ അതുപോലെ ആളുകൾ ഈ ഉദ്യോഗത്തിനു അപേക്ഷിക്കുന്നതുകൊണ്ടു ഗവണ്മെന്റിനു അറിയാവുന്നതാണു. അതിനാൽ ഈ മുൻസിഫ് ഉദ്യോഗത്തിൽ ഒരാളെ അധികം താമസിയാതെ നിയമിച്ചു ഈ സമുദായത്തിന്റെ സങ്കടത്തിനു നിവൃത്തിവരുത്തിത്തരണമെന്നാണു് എനിക്കു അത്യന്തമായി പറയാനുള്ളതു്.

രണ്ടാമതായി സർക്കാർവക്കീലന്മാരെപ്പറ്റിയാണു്. ഈ രാജ്യത്തു അനേകം സർക്കാർ വക്കീലന്മാരുണ്ടു്. അതിലും ഈ പിന്നോക്കം നിൽക്കുന്ന സമുദായക്കാരിൽനിന്നും ഒരാളേയും നിയമിച്ചിട്ടില്ല.

മൂന്നാമതായി അഡിഷ്യനൽസിവിൽജഡ്ജന്മാരുടെ നിയമനത്തെപ്പറ്റിയാണു്. ഈവകുപ്പിലും പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്കു പ്രവേശനം കിട്ടിയിട്ടില്ല. ഇതെല്ലാം ഗവണ്മെന്റിനേറെ ശ്രദ്ധയിൽ കൊണ്ടുവന്നു ഈ സങ്കടങ്ങൾക്കെല്ലാം ഗവണ്മെന്റു മുഖാന്തരം ഒരു നിവൃത്തിവരുത്തിത്തരുന്നതിനുവേണ്ടിയാണു്. അതിനെപ്പറ്റിയുള്ള ഈ ഉപക്ഷേപത്തെ ഞാൻ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സക്കാർ വക്കീൽ): തന്റെ സമുദായത്തിലെ ജഡ്ജിക്കുള്ള ഡിപ്പാർട്ടുമെന്റിങ്കിന്നും ഒഴിച്ചിരിക്കയാണെന്നു മെമ്പർ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. മുൻസിഫന്മാരായി രണ്ടു ഈഴവർ ഉണ്ടായിരുന്നു. ഒരാളെ ഉദ്യോഗക്കയറ്റംകൊടുത്തു വേറൊരു ഡിപ്പാർട്ടുമെന്റിലേക്കു മാറ്റി. മറെറയാൾക്കു ജഡ്ജിയായി ഉദ്യോഗക്കയറ്റം കൊടുത്തു.

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): മുൻസിഫന്മാർ വല്ലവരുമുണ്ടോ?

പ്രസിഡന്റു: ഒരാൾക്കു ഉദ്യോഗക്കയറ്റം കൊടുത്തു വേറെ ഡിപ്പാർട്ടുമെന്റിലേക്കു അയച്ചു. അതെ പറ്റെ നിങ്ങളുടെ അഭിപ്രായപ്രകാരം സമുദായ പ്രാതിനിധ്യം കൊടുക്കുന്നതിനു തിരിച്ചുയക്കണമെന്നാണോ നിങ്ങളുടെ ആഗ്രഹം.

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): ഇപ്പോൾ ആരും മുൻസിഫന്മാരായിട്ടെല്ലുന്നാണ് ഞാൻ പറയുന്നു.

പ്രസിഡന്റു: നിങ്ങളുടെ ആവശ്യത്തിനുവേണ്ടി ഉദ്യോഗക്കയറ്റത്തോടെ മറെറാരു ഡിപ്പാർട്ടുമെന്റിലേക്കയച്ച ഉദ്യോഗസ്ഥനെ തിരികെ വിളിച്ചു പഴയ ഉദ്യോഗത്തിൽ നിയമിക്കാൻ നിങ്ങൾക്കു മനസ്സുണ്ടോ? സമുദായ പ്രാതിനിധ്യം നിങ്ങൾക്കു അങ്ങിനെ കിട്ടിയാൽ മതിയോ?

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): മേലാലുള്ള ഉദ്യോഗങ്ങൾ എങ്കിലും ഞങ്ങൾക്കു കിട്ടണമെന്നാണ് എന്റെ അപേക്ഷ.

പ്രസിഡണ്ടു: വെണ്ടെന്നോ വേണ്ടെന്നോ മറുപടി പറയുക.

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): പ്രമോഷൻ കൊടുത്ത ആളിനെ തിരികെ എടുക്കണമെന്നു ഞാൻ പറയുന്നില്ല. ഉദ്യോഗങ്ങൾ കൂടുതൽ കിട്ടണമെന്നല്ലാതെ കിട്ടിയതു കളയണമെന്നുള്ള വിചാരം ഞങ്ങൾക്കില്ല. ഗവണ്മെന്റിൽനിന്നും ഞങ്ങൾക്കു കൂടുതൽ ഉദ്യോഗം തരികയില്ല എന്നു ഞാൻ പറയുന്നില്ല. ഞങ്ങളുടെ സങ്കടം ഗവണ്മെന്റിനെ മുമ്പാകെ കൊണ്ടുവരണമെന്നു ഞങ്ങളുടെ കടമയാകുന്നു. ഒരിക്കൽ ഞങ്ങൾക്കു മെയ്യുപചയ്തുതരുകയും ഇനി ഞങ്ങൾക്കു ആ മെയിനു അവകാശമില്ലെന്നു അർത്ഥമാകുന്നില്ല. എന്നാൽ ഗവണ്മെന്റിന്റെ മെയ്ക്കഴ്ചി ഞങ്ങളിൽ പതിയുമെന്നുള്ളതിനു ഞങ്ങൾക്കു യാതൊരു സംശയവുമില്ല. അതിനാൽ ഞങ്ങളുടെ സങ്കടം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ എപ്പോഴും ഇരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: നിങ്ങൾ അഭിപ്രായത്തോടു മറുപടി പറയേണ്ടതാ മി. പരമേശ്വരൻപിള്ള.

മി. എൻ. ആർ. കൃഷ്ണൻ (ഗവണ്മെന്റു നിയമനം): ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: ഉപക്ഷേപം പിൻവലിക്കുവാൻ സഭ അനുവദിക്കുന്നോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം തീരുമാനം.

മി: രേവതിനാഥം രാമവർമ്മരാജാ (ഇടവക). താഴെ പറയുന്ന ഉപക്ഷേപം വാഗ്ദാനംചെയ്തുകൊള്ളുന്നു.

ജഡ്ജിമാരുടെ കോടതികളിലേക്കു അനുവദിച്ചിട്ടുള്ള ഉദ്യോഗങ്ങൾ ഒരു ഗ്രൂപ്പിൽ കൂടുതലുണ്ടെന്നും.

മി: രേവതിനാഥം രാമവർമ്മരാജാ (ഇടവക): ഞാൻ ഈ ഉപക്ഷേപത്തെ കൌൺസിലിന്റെ മുമ്പാകെ കൊണ്ടുവന്നിരിക്കുന്നതു മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി ആവശ്യമുണ്ടെന്നു ഗവണ്മെന്റിനെ അറിയിക്കാനായിട്ടാണ്: വളരെക്കാലമായിട്ടു ഗവണ്മെന്റിനെ മെമ്മോറിയൽ മുഖേനയും മറെറ പലവിധത്തിലും ഈ സംഗതിയെപ്പറ്റി അറിയിച്ചിട്ടുണ്ട്. എന്നു മാത്രമല്ല പ്രജാസഭയിലും പല തവണ ഇതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്, അടുത്ത ആഗമാസത്തിനുമുമ്പു ഞങ്ങൾക്കൊരു മറുപടി കിട്ടിയതു കൊണ്ടോടതിയിലെന്നിനും ഗ്രാനിസ് ഡിക്ഷൻ ലോപം ചെയ്യുന്നാനിനെ ഫുർപ്പാട്ടുചെയ്തിട്ടുണ്ട്. ആ കാലത്തു ഈ കാര്യത്തിലേക്കു ഇത്രയോചിക്കുന്നതാണ്. എന്നാണ്—ഇപ്പോൾ ആറു മാസം കഴിഞ്ഞിട്ടും ഒരു രീതിയാലും ഉണ്ടായിട്ടില്ല —ഞങ്ങളുടെ ബുദ്ധിമുട്ടു ദിവസംതോറും വർദ്ധിച്ചുവരുന്നു. അതിനാൽ ഒട്ടും താമസിക്കാതെ മാവേലിക്കര ഒരു ഡിസ്ട്രിക്ട് കോടതി സ്ഥാപിച്ചുതരേണമെന്നാണ്.

ഇപ്പോഴത്തെ ഡിസ്ട്രിക്ട് കോടതി ഉള്ളതു കൊല്ലത്താണ്. തിരുവല്ലായിൽ പകുതിദിവസം ചെലവാകുന്നതിട്ടു, മാവേലിക്കര, കായംകുളത്തുള്ളി ഈ താലൂക്കുകൾ മുഴുവനും ഇപ്പോൾ കൊല്ലം ഡിസ്ട്രിക്ട് കോടതിയിൽ കൊടുത്തിരിക്കുകയാണ്. കാഞ്ഞിരപ്പള്ളിയിൽ കൂടെക്കൂടെ അലഹബാദിലേക്കു തിരിച്ചിട്ടുണ്ടു. ഇങ്ങനെ തിരുവല്ലായുടെ ഒരു അറ്റത്തുനിന്നും കൊല്ലത്തുവന്നു കേസുനടത്തുന്നതിനാൽ ഞങ്ങൾക്കുള്ള ചിലവും ബുദ്ധിമുട്ടും സീമാതീതമായി വർദ്ധിച്ചുപോകുന്നുണ്ടു,

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പ്രതിനിധി): തിരുവല്ലാ മുൻസിഫ്കോടതി കൊല്ലം ഡിസ്ട്രിക്ട് കോടതിയുടെയോ കോട്ടയം ഡിസ്ട്രിക്ട് കോടതിയുടേയോ എതിനാണ് കീഴിലാണ് ചേർത്തിരിക്കുന്നതു?

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): തിരുവല്ലായിൽ പകുതി കൊല്ലത്താണ്.

ഈവിധമുള്ള ബുദ്ധിമുട്ടുകൊണ്ടിനിയും കേസുകളെ പലപ്പോഴും മാറിവിടുന്നുണ്ടെന്നുവരുന്നു. അതിനാൽ കേസുകൾ തീരുന്നതിനു വളരെതാമസം വേണ്ടിവരുന്നു.

കൊല്ലത്തു ഇപ്പോൾ താഴെ ജഡ്ജിമാർ ഉണ്ടു. അതുപോലെ ആലപ്പുഴയിൽ രണ്ടു ജഡ്ജിമാരുണ്ടാകുന്നതിട്ടുണ്ടു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ആലപ്പുഴയിലെ ഒരു ജഡ്ജിമാത്രമുള്ളൂ എന്നു മെമ്പറിന്റെ ശ്രദ്ധയിലേക്കു വിരോധിപ്പിച്ചുകൊള്ളുന്നു.

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): ആലപ്പുഴയിൽ രണ്ടു ജഡ്ജിമാർ ഉണ്ടു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റു): ഒരു ജഡ്ജി മാത്രമേയുള്ളൂ എന്നാണ് അറിയുന്നതു.

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): ആ സ്ഥലങ്ങളിൽ ഇരുപതധികം വേണ്ടുകയും കൊടുത്തിരിക്കുന്നതിനാൽ അവിടെനിന്നും ഒരു ജഡ്ജിയെ മാറിത്തരണമെന്നാണ് എന്റെ അഭിപ്രായം. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ചെലവുകുറയ്ക്കുന്നതിനാണോ മെമ്പർ ഉപക്ഷേപം കൊണ്ടുവന്നത്?

റവന്യൂമന്ത്രി കെ. പി. കുഞ്ഞിക്കണ്ണൻ (ഗവണ്മെന്റിനുവേണ്ടിയുള്ള മറുപടി-ഡിപ്യൂട്ടി പ്രസിഡന്റ്): മാവേലിക്കരയിൽ ഒരു ഡിസ്ട്രിക്ട് കോടതി ഉണ്ടായിരിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചുകൊണ്ടുള്ള ഒരു നിവേദനം കിട്ടിയിട്ടുണ്ട് മെമ്പർ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, സഭാമുമ്പാകെയുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ഞാൻ ഇങ്ങനെ ചെയ്യുന്നതിനുള്ള പ്രധാനകാരണം (എ) ഡിസ്ട്രിക്ട്ടും സെഷൻസും കോടതികളിൽ കേസുകൾ തീർക്കുന്നതിനുള്ള താമസം. (ബി) ആ കോടതികളിലെ ജോലിയുടെ അളവും ഗുണവും കാണുകയുണ്ടായി. (സി) ആ കോടതികളുടെ സ്ഥാനത്തിന്റെ മുന്നിലെ എന്നീ കാരണങ്ങളാൽ ജനങ്ങൾക്കുള്ള സങ്കടത്തിനു പരിഹാരമുണ്ടാക്കേണ്ടതിനാൽ ആവശ്യകതയെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതുകൊണ്ടു. ഗവണ്മെന്റിന്റെ ക്രമം ബി-ലെ നീതിന്യായഭരണരിപ്പോർട്ട് വായിച്ചുനോക്കിയാൽ ഡിസ്ട്രിക്ട്കോടതികളുടെ ജോലി വല്ലാത്തതിലും ഗുണത്തിലും വളരെ താണുപോയിഎന്നു കാണാവുന്നതാണ്. ക്രമം എ-ൽ ഡിസ്ട്രിക്ട്കോടതികൾ തീർപ്പുകല്പിച്ച തർക്കമുള്ളതും തർക്കമില്ലാത്തതുമായ അസ്സൽകേസുകളുടെ എണ്ണം ശരാശരി സൻ-ം സങ്ക-ം ആയിരുന്നിരിക്കെ ക്രമം ബി-ൽ അവർ തീർപ്പാക്കിയ തർക്കമുള്ള കേസുകളുടെ ശരാശരി എണ്ണം ഡന്ദ-ം തർക്കമില്ലാത്ത കേസുകളുടെ എണ്ണം സന്ദ-ം ആയിരുന്നു. ക്രമം എ-ൽ ഉണ്ടായിരുന്ന എണ്ണംജഡ്ജിമാർതന്നെ ക്രമം ബി-ലും ഉണ്ടായിരുന്നെങ്കിലും തർക്കമുള്ള കേസുകളിൽ നൂറു ശതമാനമേ അവർ തീർപ്പുചെയ്യുള്ളു എന്നു ഇതിൽനിന്നു സ്പഷ്ടമാകുന്നു. തർക്കമുള്ള കേസുകൾ തീർക്കുന്നതിലുണ്ടായ ഈ കുറവിനു മതിയായകാരണമൊന്നും പറഞ്ഞിട്ടില്ല. തർക്കമില്ലാത്ത കേസുകൾതീർക്കുന്നതിൽ യാതൊരു വിശേഷതയും ഇല്ല. അവയെ തീർപ്പുചെയ്യാൻ അല്പസമയംമതി. അപ്പീലുകൾതീർക്കുന്നതിലും ഒരു വിശേഷതയില്ല. ഡിസ്ട്രിക്ട്കോടതികളിലെ ഉദ്യോഗസ്ഥന്മാരെപ്പറ്റി ഞാൻ ആക്ഷേപമൊന്നുംപറയുന്നില്ലെങ്കിലും ജോലിയുടെ വിശേഷതയുടെ ലക്ഷ്യം വിധികൾ ദൃഢപ്പെടുത്തുന്നതാകയാൽ കീഴ്കോടതിയുടെ വിധി അപ്പീൽകോടതി സ്ഥിരപ്പെടുത്തുന്നതായാൽ നിയമസംബന്ധമായിട്ടല്ലാതെ കൈക്കോടതി ആ വിധി അസ്ഥിരപ്പെടുത്തുന്നതല്ലാത്തതുകൊണ്ടു കീഴ്കോടതികളുടെ വിധികൾ സ്ഥിരപ്പെടുത്തി ജഡ്ജിമാർക്കു തങ്ങളുടെ ജോലിയുടെ ഭാരം ഗണ്യമുള്ളതാണെന്നു പ്രദർശിപ്പിക്കാവുന്നതാണ്.

റവന്യൂമന്ത്രി കെ. പി. കുഞ്ഞിക്കണ്ണൻ (നവണ്മെന്റിനുവേണ്ടിയുള്ള മറുപടി-ഡിപ്യൂട്ടി പ്രസിഡന്റ്): അപ്പീൽ കൊടുത്താൽ തങ്ങളുടെ വിധികൾ അസ്ഥിരപ്പെടുത്താതിരിക്കാനായി ഡിസ്ട്രിക്ട്ജഡ്ജിമാർ മുൻസ്ഥന്മാരുടെ വിധികളെ കൂടെക്കൂട്ടി സ്ഥിരപ്പെടുത്തുന്നു എന്നാണോ എന്റെ സ്നേഹിതൻ പറയുന്നതു? മുൻസിഫന്മാരുടെ തെറ്റായ വിധികൾ ഡിസ്ട്രിക്ട്ജഡ്ജിമാർ തങ്ങളുടെ വിധികൾ അസ്ഥിരപ്പെടുത്താതിരിക്കാനായി സ്ഥിരപ്പെടുത്തുന്നുഎന്നാണോ എന്റെ സ്നേഹിതൻ സൂചിപ്പിക്കുന്നതു?

പ്രസിഡന്റ്: മെമ്പർ പറഞ്ഞതു ഞാനും അങ്ങനെയാണ് മനസ്സിലാക്കിയതു. മി. കുഞ്ഞിക്കണ്ണൻ, ഡിസ്ട്രിക്ട്ജഡ്ജിമാർ തർക്കമില്ലാത്ത കേസുകൾ തീർപ്പുചെയ്യുന്നതിൽ വേണ്ടത്രപോലെയുള്ള സമയവും ശ്രദ്ധയും പതിക്കാറില്ലെന്നും മേമ്പർ സൂചിപ്പിച്ചുഎന്നു എനിക്കു തോന്നുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തർക്കമില്ലാത്ത കേസുകൾ തീർപ്പുചെയ്യുന്നതിനു തർക്കമില്ലാത്തതുകൊണ്ടു അല്പസമയമേ ആവശ്യമുള്ളു എന്നാണ് ഞാൻ പറഞ്ഞതു. കീഴ്കോടതികളുടെ തെറ്റായ വിധികൾ എല്ലാ ജഡ്ജിമാരും സ്ഥിരപ്പെടുത്തുന്നുഎന്നു ഞാൻ പറയുന്നില്ല. അങ്ങനെ വിചാരിക്കുന്ന ഒരു ജഡ്ജിക്കു തന്റെ ജോലി നിർവഹണം ഗുണകരമാണെന്നു സ്പഷ്ടമാക്കാതെ അങ്ങനെ ചെയ്യാൻകഴിയുകയുമെന്നമാത്രമേ ഞാൻ പറയുന്നതിനു അർത്ഥമുള്ളു. ഒരു ഉദ്യോഗസ്ഥന്റെ കാഴ്ചക്കുമാത്രം തീർപ്പായ കേസുകളെ അദ്ദേഹം തീർപ്പാക്കുന്ന തരത്തിലുള്ള അസൽ കേസുകളുടെ എണ്ണംനോക്കിയാണ്. ഈ പ്രമാണംവെച്ചു നോക്കിയാൽ ഡിസ്ട്രിക്ട്ജഡ്ജിമാർ ക്രമം ബി-ൽ തീർപ്പായിരിക്കുന്ന കേസുകളുടെ നൂറു ശതമാനമേ തീർപ്പാക്കിയിട്ടുള്ളു. സക്കാരിലേക്കടക്കുന്ന തുകകളുടെ പെരുമാറ്റംപോലെയുള്ള സംബന്ധിച്ച കേസുകളുടെ എണ്ണം നോക്കിയാൽ ക്രമം ബി-ൽ തീർപ്പുചെയ്ത കേസുകളുടെ ശതമാനം ഇരുപത് ആയിരുന്നു. എന്നാൽ ക്രമം ബി-ൽ ഈ ശതമാനം നൂറു മാത്രം ആയിരുന്നു. കീഴ്കോടതികളുടെമേൽ കൈക്കോടതി അധികമായ മേൽനോട്ടം നടത്തണമെന്നു ഗവണ്മെന്റു ആഗ്രഹിപ്പിക്കുന്നുണ്ടെന്നു കാണിപ്പാൻ മാത്രമാണു ഞാൻ ഈ സംഗതികളെ പ്രസ്താവിക്കുന്നതു. തുടർന്നു സംബന്ധിച്ചു ഞാനൊന്നും പറയുന്നില്ല, ഞാൻ പറയുന്നതു ആ അർത്ഥത്തിൽ എടുക്കയുമരുതു. ഞാൻ പറഞ്ഞതു ആരെങ്കിലും ആ അർത്ഥത്തിൽ എടുത്തിട്ടുണ്ടെങ്കിൽ ഞാൻ വ്യസനിക്കുന്നുഎന്നു പറഞ്ഞുകൊള്ളുന്നു.

ഇപ്പോൾ കോടതികളുടെ സ്ഥാനത്തെപ്പറ്റി പറയാം. കൊല്ലത്തു നാലുകോടതികളും ആലപ്പുഴയിൽ രണ്ടു കോടതികളും കോട്ടയത്തു മൂന്നുകോടതികളും ഉണ്ടു. ഒരേസ്ഥലത്തു അനേകം കോടതികൾ ഉള്ളതുകൊണ്ടും ഒരേസ്ഥലത്തെയും പ്രധാനപ്പെട്ടതാക്കിത്തീർക്കുന്നതിനും കേസുകൾ കൊടുക്കാൻ ഇടയുള്ളതുകൊണ്ടും അവിടെ ഒരേ സമയത്തു എല്ലാ കോടതികളിലും ഹാജരാകാൻ അസാദ്ധ്യമായതുകൊണ്ടും ഓരോ കോടതിയിലേയും ജോലിക്കു പിഴവു ഉണ്ടാകാൻ ഇടയുണ്ടു. ഞാൻ ഇപ്പോൾപറഞ്ഞതു പരമാർത്ഥമാണെന്നു എല്ലാ ജഡ്ജിമാരും സാക്ഷ്യപ്പെടുത്തുന്നതാണു. ഈ കോടതികൾ പല സ്ഥലങ്ങളിൽ സ്ഥാപിച്ചാൽ ഒക്കെക്കൂടെ കോടതിയിൽ പോയിവരാനും സാക്ഷികൾക്കു സമ്മൻസുകൊടുക്കാനും അനാവശ്യമായചെലവുകുടാതെ കഴിക്കാൻ സാധിക്കും, മാവേലിക്കരയ്ക്കു ഒരു ഡിസ്ട്രിക്ട്കോടതി ഉണ്ടായിരിക്കേണ്ടുന്ന യോഗ്യതയുണ്ടെന്നു ഞാൻ പറയുന്നതു എന്റെ സ്ഥലപ്രീതികൊണ്ടാണെന്നു ആരും പറയുകയില്ലെന്നു വിശ്വസിക്കുന്നു.

പ്രസിഡന്റ്: സമയംകഴിഞ്ഞു.

മി. കുഞ്ഞാലപ്പോത്തേരിൽപിള്ള (അഡിഷണൽ ഹൈഡ് സക്രട്ടറിക്കുവേണ്ടി): മാവേലിക്കരയിൽ ഒരു കോടതി സ്ഥാപിക്കണമെന്നു മുമ്പും ചില അവസരങ്ങളിൽ അഭിപ്രായം കൊണ്ടുവന്നിട്ടുള്ളതാണു. ഇതിനെപ്പറ്റി ഹൈക്കോടതിക്കു എഴുതിഅയച്ചിട്ടുണ്ടു. ഹൈക്കോടതിയാണു ഈ കാര്യത്തെ പ്രാരംഭനടപടികൾ നടത്തി ഒരു തീർപ്പുണ്ടാക്കേണ്ടതു. കോടതികളുടെ അധികാരസീമ രേഖപ്പെടുത്തി പുനസംഘടനചെയ്യുന്ന കാര്യം

അവരുടെ അഭിപ്രായത്തിൽ ഇവിടെ നടന്നതെന്ന് അവർ ഗവണ്മെന്റിനെ അറിയിച്ചിരിക്കുന്നു. അതുസംബന്ധിച്ചു മാവേലിക്കരയുടെ കയ്യും ആലോചിക്കുന്നതാണെന്നും അവർ അറിയിച്ചിട്ടിരിക്കുന്നു. കോടതികൾ സ്ഥാപിക്കേണ്ട സ്ഥലത്തെപ്പറ്റിയും കോടതികളുടെ അധികാരസീമ നിർണ്ണയിക്കുന്നതിനെപ്പറ്റിയും ചെയ്യുന്ന അപേക്ഷകളെല്ലാം ഹൈക്കോടതി യൊന്നിക്കുമെന്നുള്ളതിനു സംശയമില്ല.

ഡിസ്ട്രിക്ട് കോടതികളുടെ ജോയിന്റിവഹണത്തെപ്പറ്റി ദീർഘമായി പ്രതിപാദിയാൻ ഞാൻ വിചാരിക്കുന്നില്ല. എന്നാൽ എഫ് ഐ ആർ വളരെക്കാലമായി അസൽകേസുകൾ തീർച്ചചെയ്തിട്ടുള്ളതിനെ മിസ്റ്റർ ഒരുമോഹനനാൽ പ്രസ്താവിച്ചതിനെ സംബന്ധിച്ചു എഫ് ഐ ആർ മുൻ കൊല്ലത്തെക്കാൾ അധികം ക്രിമിനൽ കേസുകൾ ഉണ്ടായിരുന്നുവെന്നും ക്രിമിനൽജോലിക്ക എഫ് ഐ ആർ വന്നു ദിവസം തോറും എടുത്തിരിക്ക എഫ് ഐ ആർ ദിവസം എടുത്തുതുവെന്നുള്ള സംഗതി ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. സിവിൽകേസുകൾ തീർച്ചചെയ്യുന്നതിൽ വന്ന കാലവിനകാരണം ഇതാണെന്നു എനിക്കു തോന്നുന്നു. നീതിന്യായകോടതികളുടെ തലവനിരിപ്പോർട്ടു പ്രസിദ്ധപ്പെടുത്തീട്ടുള്ള പുസ്തകത്തിന്റെ പുറംപുറം മിസ്റ്റർ ഒ. മോഹനനാശാൻ വായിച്ചുനോക്കിയാൽ ഈ വിവരം കാണാം.

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

പ്രൊസിഡന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം പിൻ.

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): വില്ലേജു പഞ്ചായത്തുപ്രസിഡന്റുമാർക്കു മജിസ്ട്രേറ്റുമാരുടെ അനുവദിച്ചിട്ടുള്ള ഫസ്റ്റ്ക്ലാസ്സ് അധികാരങ്ങൾ ഉണ്ടെന്നാണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതിന്റെ ഉദ്ദേശം മുൻസിപ്പാലിറ്റികളിലും ഇപ്പോൾ അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടിനെ ഗവണ്മെന്റിന്റെ മുമ്പാകെ കൊണ്ടുവരണമെന്നുള്ളതാണു. ക്രിമിനൽ പ്രൊസീഡിയർകോഡുസെക്ഷൻ 476 ബി. അനുസരിച്ചുണ്ടായിട്ടുള്ള റൂൾസ് ഇപ്രകാരം ആകുന്നു.

"പൊലീസും മറ്റ് ഡിപ്പാർട്ടുമെന്റുകളുംവക ചാജ്ജീനിറകളിലും (കുറെ കുഞ്ഞടിയും) ബെഞ്ചിന്റെ മുമ്പാകെ നേരിട്ടു ഹാജരാക്കേണ്ടതാകുന്നു. എന്നാൽ സബ്കോടുകളുടെ അധികാരപരിധിയുള്ള മജിസ്ട്രേട്ടാണു സ്വീകരിക്കേണ്ടതു. അദ്ദേഹത്തിന്റെ മുമ്പിൽ എടുക്കുന്ന കേസുകളിൽ അധികാരമുള്ള ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിൻപ്രകാരം ബെഞ്ചിലേയ്ക്കു മാറ്റുകയും വേണം".

എന്നുമാത്രമുമല്ല ഹൈക്കോടതിയിൽനിന്നും ഉണ്ടായിട്ടുള്ള നല്ല ജഡ്ജിമെന്റുകളിൽ ഇപ്രകാരം പറഞ്ഞുകാണുന്നു.

എഫ് നം. കല സന്ദൽ-ാംതമ്പർ ക്രിമിനൽ പ്രൊസിഡ്യുവരിൽ ഹൈക്കോടതി താഴെപറയുംപ്രകാരം ഉത്തരവുചെയ്തു.

"പൊലീസിന്നു വാറണ്ടുകൂടാതെ പിടിപ്പാൻപാടില്ലാത്ത ഒരു കേസിൽ പൊലീസുഉദ്യോഗസ്ഥൻ ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കുന്ന സംഭവത്തിലുണ്ടായ ബെഞ്ചുമജിസ്ട്രേട്ടുമാരുടെ നടപടിക്കുറ്റി ഗവണ്മെന്റുപഞ്ചാങ്കിട്ടുള്ള ചട്ടങ്ങളിലെ മണ്ടം ചട്ടപ്രകാരമുള്ള ഒരു പൊലീസ് കുറ്റപത്രമായി വിചാരിക്കാൻപാടില്ല".

അതുപോലെതന്നെ എല്ലാ സ്പെഷ്യൽ ചട്ടപ്രകാരമുള്ള കുറ്റങ്ങളേയും (non-cognisable) കുറ്റങ്ങളായി ആണ ഗണിച്ചിരിക്കുന്നതു. മുൻസിപ്പൽഓർഡിനൻസും ഒരു സ്പെഷ്യൽചട്ടമാണു—

അതുമാത്രമുമല്ല മുൻസിപ്പലോർഡിനൻസെക്ഷൻ 4 ഉം 5 ഉം അനുസരിച്ചു മുൻസിപ്പൽ അഫൻസുകളെ പോലീസുകാർക്കു ചാർജ്ജുചെയ്യാൻ പാടില്ല. മുൻസിപ്പൽഓർഡിനൻസെക്ഷൻ 4 പ്രകാരം മുൻസിപ്പൽ അഫൻസുകളെ കംപൗണ്ടുചെയ്തുവ്യക്തികളും മജിസ്ട്രേട്ടുകോടതിയുടെ മുമ്പാകെ കൊണ്ടുവരേണ്ടതാണെന്നു പറയുന്നുണ്ടു. ഈ റൂളിന്ന് എല്ലാംകൂടിചേർത്തു യോജിക്കുമ്പോൾ മുൻസിപ്പൽ കൗൺസിലിനെ നേരിട്ടു ബെഞ്ചുമജിസ്ട്രേട്ടുകോർട്ടിൽ കംപൗണ്ടുചെയ്തുതരാൻ ചാർജ്ജു ചെയ്യാൻ വയ്യാഎന്നാണു അർത്ഥമാകുന്നതു. ഇങ്ങനെ ചാർജ്ജുചെയ്യാൻ വയ്യാതിരിക്കുന്നതുകൊണ്ടു മുൻസിപ്പൽകേസുകൾ വേഗം തടസ്സപ്പെടുന്നില്ലഎന്ന മാത്രമുമല്ല വളരെ ബുദ്ധിമുട്ടും കഷ്ടപ്പാടും വന്നുചേരുന്നു. മാവേലിക്കര മുൻസിപ്പാലിറ്റിയിൽനിന്നും ഒരു കേസു ചാർജ്ജു ചെയ്യണമെങ്കിൽ കായംകുളത്തുപോകണം, അവിടെയാണു സെക്രട്ടറിയുടെ മജിസ്ട്രേട്ടുകോടതിയുള്ളതു.

ഏഴരമൈൽ ദൂരത്തുപോയി ഒരു ചാർജ് അവിടെക്കൊടുത്തു തിരിച്ചു മജിസ്ട്രേട്ട അങ്ങിനെ കൊല്ലത്തു ഡിസ്ട്രിക്ട്മജിസ്ട്രേട്ടിനെ അയച്ചു അവിടെനിന്നും ഒരു റിപ്പോർട്ടുകിട്ടി തിരിച്ചു ബെഞ്ചുമജിസ്ട്രേട്ടുകോടതിയിൽ വന്നതിനു കുറഞ്ഞപക്ഷം രണ്ടുമാസംവേണ്ടിവരും. ഇങ്ങനെവരുമ്പോൾ കൊണ്ടു മുൻസിപ്പൽകേസുകൾ തീരുന്നതിനു പകരം കൂടുകയാണു ചെയ്യുന്നതു. അതുകൊണ്ടു സെക്ഷൻ 4 പ്രകാരം ഒരു വ്യത്യാസംചെയ്യണം. മുൻസിപ്പൽചാർജ് ഡിപ്പാർട്ടുമെന്റു ചാർജ്കളായി വകവയ്ക്കുന്നതുകൊണ്ടും റൂൾസിനെ കുറഞ്ഞപക്ഷം ഭേദപ്പെടുത്തുകയോ അല്ലെങ്കിൽ മുൻസിപ്പലോർഡിനൻസിനെ നേരിട്ടതന്നെ കംപൗണ്ടുചെയ്തുകൊടുക്കുന്നതിനു ബെഞ്ചുമജിസ്ട്രേട്ട സ്വീകരിക്കത്തക്കവിധം റൂൾ ഉണ്ടാക്കുകയോ ചെയ്താൽ മതിയാകുന്നതാണ്. ഈ അഭിപ്രായത്തോടുകൂടി ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. പത്മനാഭപണിക്കർ(അമ്പലപ്പുഴ): ഞാൻ മി. രാമവർമ്മരാജയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഹൈക്കോടതിയുടെ ഇങ്ങനെയൊരു തീർപ്പുണ്ടെന്നു ഞാൻ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. ഈ തീർപ്പിൻ പ്രകാരം മുൻസിപ്പാലിറ്റികൾ പ്രവർത്തിച്ചാൽ അവരുടെ ജോലിക്കു വിഘ്നമുണ്ടാകും.

മി. കുഞ്ഞാലംപേരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സ്ക്രട്ടറിക്കീൽ): അമ്പലപ്പുഴയിലെ മുൻസിപ്പൽ കേസുകൾ ബെഞ്ചുമജിസ്ട്രേട്ടിന്റെ മുമ്പാകെ നേരിട്ടു ഫാജരാക്കുകയാണൊപതിവു?

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): ഇപ്പോൾ മാവേലിക്കരയും അങ്ങിനെതന്നെയാണു നടന്നുവരുന്നതു.

പ്രൊസിഡന്റ്: സഭയിൽ പ്രസംഗംചെയ്യുന്നതിരിക്കുന്ന ആളോടു സംസാരിപ്പാൻ പാടില്ല.

മി. രേവതിനാഥം രാമവർമ്മരാജാ (ഇടവക): മാവേലിക്കരയും,

പ്രൊസിഡൻറ്: നിങ്ങൾ ആരോടാണ് സംസാരിക്കുന്നത്?

മി. രേവതിനാഥൻ രാമവർമ്മരാജാ (ഇടവക): പ്രസിഡൻറിനോടു്.

പ്രൊസിഡൻറ്: പ്രൊസിഡൻറ് ഇവിടെ ഇരിക്കുന്നു നിങ്ങളുടെ ചോദ്യങ്ങൾക്കു മറുപടി പറയാനിവ്വു.

മി. കുഞ്ഞാപ്പു പരമേശ്വരൻപിള്ള (അഡിഷണൽ ഹൈസ്സ്കൂൾ വക്കീൽ): മൈസ്സർസ് രാമവർമ്മരാജാവും പത്മനാഭപണിക്കരും പറയുന്ന പരാതി സത്യമാണെന്നു ഞാൻ വിചാരിക്കുന്നു. ആ പരാതികൊണ്ടുവന്നിട്ടുള്ള മുൻസിപ്പാലിറ്റിയുടേ ബന്ധമുള്ള—രണ്ടുപേരും പ്രൊസിഡൻറന്മാർ ആണെന്നു ഞാൻ വിചാരിക്കുന്നു—മെമ്പർമാരുകയാൽ ആ കാര്യംചിന്താവിഷയമാക്കേണ്ടതാണെന്നു എനിക്കുതോന്നുന്നു. മുൻസിപ്പാലിറ്റിവക കേസുകൾ സ്വകാര്യം അന്യായങ്ങൾ ആകയാൽ അഥവാ ക്രിമിനൽ കേസുകൾ അല്ലായ്കയാൽ മൈനൂമജിസ്ട്രേട്ടന്മാരുടെ മുമ്പാകെ നേരിട്ടു ബോധിപ്പിക്കുവാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. ചട്ടങ്ങൾപ്രകാരം ഡിപ്പാർട്ടുമെൻറുകയും പോലീസ്വകയും ക്രിമിനൽ കേസുകൾ മാത്രമേ മൈനൂമജിസ്ട്രേട്ടന്മാരുടെ മുമ്പാകെ നേരിട്ടു ബോധിപ്പിക്കാൻ പാടുള്ളൂ. എന്നാൽ സ്വകാര്യഅന്യായങ്ങൾ ആട്ടെയും സാധാരണമജിസ്ട്രേട്ടിൻറെ മുമ്പാകെബോധിപ്പിച്ചിട്ടു അപ്പീടന്നിന്നും ഡിസ്ട്രിക്ട് മജിസ്ട്രേട്ട മൈനൂമജിസ്ട്രേട്ടുകോടതികളുടെകയും പോവുന്നു. മുൻസിപ്പൽ നിയമംസംബന്ധിച്ച കുറേ കാര്യങ്ങളുടെ കാര്യത്തിൽ മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർ ബോധിപ്പിക്കുന്ന അന്യായം സ്വകാര്യഅന്യായമായിട്ടാണു തീർച്ചയുവരുന്നതു്. സങ്കടം യഥാർത്ഥമായിട്ടുള്ളതാണെന്നു തനിക്കു തോന്നുന്നതുകൊണ്ടു ഞാൻതന്നെ ഉടനെ നടപടികൾ നടത്തി വേണ്ടതു ചെയ്യുന്നുണ്ടു്.

മി. രേവതിനാഥൻ രാമവർമ്മരാജാ (ഇടവക): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു

പ്രൊസിഡൻറ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ക്രമ്യം.

താഴ്പ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. പി. എസ്. മഹമ്മദ്.

ക്രമ്യം സമ്മാനപ്പെടിക്ക അനുവദിച്ചിട്ടുള്ള ൨൫൦൦ രൂപയിൽ ക്ര൦ രൂപകുറയ്ക്കുണം.

ഉപക്ഷേപം ക്രമ്യമ,

മി. എൻ. കെ. കുഞ്ഞുപിള്ള (തെയ്യാറിൻകര): സർ, താഴ്പ്പറയുന്നഉപക്ഷേപം ഞാൻഹാജരാക്കുന്നു. സമ്മാനപ്പെടിക്ക അനുവദിച്ചിട്ടുള്ള ൨൫൦൦ രൂപായിൽ ക്ര൦ രൂപ കുറയ്ക്കണം.

സർ, ഈ ഉപക്ഷേപം ഞാൻ ഹാജരാക്കുന്നതിൻറെ ഉദ്ദേശം കോടതി കമ്മിഷൻ ഉത്തരവുകൾ ഇപ്പോൾ നടത്തിവരുന്ന ദോഷകരമായ രീതിയെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണ്. ഈ വ്യവഹാരത്തിൻറെ തീർച്ച പലപ്പോഴും കമ്മീഷണരുടെ റിപ്പോർട്ടിനെ അനുസരിച്ചിരിക്കുമെന്നു നമുക്കു അറിയാമല്ലൊ. അതുകൊണ്ടു കമ്മിഷണർമാരായി നിയമിക്കപ്പെടുകയൊ തിരഞ്ഞെടുക്കപ്പെടുകയൊ ചെയ്യുന്ന ആളുകൾ സത്യസന്ധന്മാരും സൽസ്വഭാവികളും കാര്യക്ഷമതയുള്ളവരും ആയിരിക്കേണ്ടതു അത്യാവശ്യമാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറ് നിയമനം—ഡിപ്പ്യൂട്ടിപ്രൊസിഡൻറ്): ജഡ്ജിമാർ കമ്മീഷണർമാരെ നിയമിക്കുന്നതിനു മുമ്പായി വക്കീലന്മാരോടു ആലോചിക്കാറില്ലയൊ എന്നു പറയുമോ?

മി. എൻ. കെ. കുഞ്ഞുപിള്ള (തെയ്യാറിൻകര): അങ്ങനെ ഒരു വ്യവസ്ഥ "സിവിൽകോടതിമെഡ്" പുസ്തകത്തിൽ ഉണ്ടാക്കീട്ടുണ്ടു്,

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറ് നിയമനം—ഡിപ്പ്യൂട്ടിപ്രൊസിഡൻറ്): ആ വ്യവസ്ഥ പ്രകാരം നടക്കുന്നില്ലയൊ?

മി. എൻ. കെ. കുഞ്ഞുപിള്ള (തെയ്യാറിൻകര): പ്രായോഗത്തിൽ അപ്രകാരമല്ലാതാകുന്നു. കമ്മിഷണർമാരെ നിയമിക്കുന്നതിനുമുമ്പായി വക്കീലന്മാരോടു ആലോചിക്കുന്നതുമെന്നു "സിവിൽകോടതി മെഡ്" പുസ്തകത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. കോടതികളിലുള്ളവരെ നിയമിക്കാൻപാടില്ല, സിവിൽകോടതി മെഡിമെ വ്യവസ്ഥപ്രകാരം നടക്കുന്നില്ല. പലപ്പോഴും ജഡ്ജിമാരും മുൻസിപ്പന്മാരും അവരുടെ സ്വന്തം ആളുകളെയുംഅവർ പേർപറയുന്നവരേയും നിയമിച്ചുവരുന്നു. ഇതിൻറെ ഫലമായിട്ടു ഈ ഗവണ്മെൻറിനെയും റിപ്പോർട്ടുകളെപ്പറ്റി വലിയപരാതി ഉണ്ടു്. കോടതികളിൽനിന്നു കമ്മിഷണർമാരായി നിയമിക്കുന്നതു ഗവണ്മെൻറിനേയും കോടതികളിലെ താനും ഉദ്യോഗസ്ഥന്മാരേയുമാണു്. സാധാരണയായി ഈ ആവശ്യത്തിലേക്കു നിയമിക്കുന്നതു ഗവണ്മെൻറുകാരേയും മഹർപ്പു ഗവണ്മെൻറുകാരേയും ആണു്. ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിലെ ഗവണ്മെൻറ് വലിയതെക്കെക്കുവിക്കാരാണെന്നുള്ളതു ഒരു പ്രസിദ്ധസംഗതിയാണെന്നു ഞാൻ പറയണമെന്നില്ലല്ലോ. ഈ കുറ്റാരോപണം അവരുടെമേൽ വളരെകാലമായി ഉള്ളതാണു്. ഇപ്പോഴും ആ പരാതി പ്രബലമായിരുന്നു ഇരിക്കുന്നു. മേലാൽ കമ്മീഷണർമാരായി നിയമിക്കുന്നതു വ്യവഹാരങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വക്കീലന്മാരെ പേണമെന്നാണ് എൻറെ അഭിപ്രായം. എന്നാൽമാത്രമേ കാര്യങ്ങൾ ശരിപ്പെടുകയുള്ളു. വക്കീലന്മാർ ഒരുനാളും കൈക്കൂലിവാങ്ങുന്നവരല്ലെന്നു ഞാൻ പറയുന്നില്ല, എന്നാൽ ശരിപക്ഷം കേസുകളിലും വക്കീലന്മാരാണ് അയിരിക്കും വിശ്വസ്തം കാര്യശേഷിയുള്ളവരും സത്യസന്ധന്മാരും. ഈ സംഗതി സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ മാത്രമാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു.

മി. കുഞ്ഞാപ്പു പരമേശ്വരൻപിള്ള (അഡിഷണൽ ഹൈസ്സ്കൂൾവക്കീൽ): ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തുചെയ്യണമെന്നാണ് മെമ്പർ പറയുന്നതു?

മി. എൻ. കെ. കുഞ്ഞുപിള്ള (തെയ്യാറിൻകര): കമ്മിഷണർമാരായി നിയമിക്കുന്നതു വക്കീലന്മാരേയുമാത്രമേ പാടുള്ളുഎന്ന വരുത്തുകവേണ്ടുംവണ്ണം ചട്ടങ്ങളോ ആവശ്യമുള്ളപക്ഷം മേലേപ്പെടുത്തുണമെന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): കമ്മിഷൻ ഉത്തരവുകളെല്ലാം വക്കീലന്മാർക്കുതന്നെ കൊടുത്താൽ അവരെയല്ലാം നടത്താൻ വക്കീലന്മാരേകിട്ടുമൊ എന്നു പറയുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ ഉപക്ഷേപത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികളെക്കുറിച്ചു രണ്ടുവാക്കു പറയാതിരിക്കാൻ എനിക്കു നിവൃത്തിയില്ല. സിവിൽകോടതികളിലായിട്ടു ഞാനും ഇതിനു

പ്രയോജകനപ്പോലെ ഏറ്റക്കുറഞ്ഞുള്ള പരിചയിച്ചിട്ടുള്ള ഒരാളാണ്. "ക്ലാക്കന്മാർ പൊറിഫെയേസ്യക്കാരാണ്. അവർ തെക്കുള്ളിലേതിക്കും, അവിനാൽ അവർക്ക കമ്മിഷൻ ഉത്തരവു നടത്താൻ കോടുക്കാൻ പാടില്ല" എന്നാണ് എതിൻറ സ്നേഹിതൻ പറയുന്നു. ഈ ക്ലാക്കന്മാർ പരമാർത്ഥത്തിൽ പൊറിഫെയേസ്യക്കാരനെന്നു, എനാൽ അതുകൊണ്ടും അവർക്കടുത്തു. അവർ നാട്ടിലുള്ള കാര്യങ്ങളൊക്കെ നല്ലപോലെ മനസ്സിലാക്കിട്ടുണ്ടു, കാരണം ജില്ലിനിന്നു പുതിയ പരീക്ഷകളിൽ പാസ്സായി കോടതിയിൽ അഭിഭാഷകന്മാർക്ക ഉദ്യോഗാർത്ഥികളെന്നും അറിഞ്ഞുകൂടാ. അതുകൊണ്ടാണ് മുഖാന്തിരം തിരഞ്ഞെടുക്കുന്നതിനു, ഇതിൻറെ പ്രയോജകൻ ഉദ്ദേശിച്ചിട്ടുള്ളവർ ഒട്ടുംതന്നെ കൊള്ളുകയില്ല എന്നു എനിക്ക അനുഭവമുണ്ടു. ഈ സംഗതിക്ക നിലയും വിലയുമുള്ള വക്കീലന്മാർ പോകുകയുമില്ല.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറിൻകര): വക്കീലന്മാരെക്കൊണ്ടു നടത്തിച്ചതിൽ തരക്കേടുണ്ടായിട്ടുണ്ടോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഉണ്ടു. അവരെക്കൊണ്ടു നടത്തിച്ചു എതിക്ക അനുഭവമുണ്ടു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറിൻകര): മെമ്പർ ഇൻഡിഷ്യൽ ഡിപ്പാർട്ടുമെൻറിൽ ക്ലാക്കായി ഇരുന്നിട്ടുണ്ടോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഉണ്ടു, എന്നാൽ ഉത്തരവു നടത്താൻവേണ്ടി ജഡ്ജിമാരുടെ വാതിൽക്കാക്കാൻ ഇതുവരെ പോയിട്ടില്ല എന്നതാണ് ബഹുമാനമുണ്ടു. നല്ല വക്കീലന്മാർ ഉത്തരവുനടത്താൻ സാധാരണ പോകുകയില്ല. പരീക്ഷാവിജയവും ബിരുദംസമ്പാദിച്ചുകൊണ്ടുവരുന്നവർ പൊറിക്കാക്കന്മാരെക്കാൾ കൂടുതൽ സംഭ്രമവും മേടിച്ചുകൊണ്ടു കക്ഷികളുടെകാര്യം കണ്ടുമാനംചെയ്യുന്നു. അതിനാൽ ക്ലാക്കായാലും വക്കീലായാലും ജനങ്ങൾക്കും കോടതിക്കും ഉത്തമജനനം ബോധ്യപ്പെട്ട ആളെ നിയമിക്കുന്നതായാൽ വളരെ നന്നായിരിക്കുമെന്നാണ് എതിക്ക അതിരെസംബന്ധിച്ചു പറയാനുള്ള അഭിപ്രായം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഈ രണ്ടുപേരുടേയും അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. വക്കീലന്മാരായാലും ക്ലാക്കന്മാരായാലും യോഗ്യന്മാരെ മാത്രമേ കമ്മീഷൻ ഉത്തരവു നടത്താൻ നിയമിക്കാവു. മുൻസിഫന്മാരുടേയും ജഡ്ജിമാരുടേയും സേവകന്മാരെമാത്രം കമ്മീഷന്മാരായി നിയമിക്കുന്നതു യോഗ്യതയുള്ള വക്കീലന്മാരേയോ ക്ലാക്കന്മാരേയോ കമ്മീഷൻ ഉത്തരവുനടത്താൻ നിയമിക്കുന്നതെന്നാണ് എൻറെ അഭിപ്രായം.

മി. കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സ്ക്കാർവക്കീൽ): സർ, കമ്മിഷണർമാരെ നിയമിക്കുന്നതു കോടതിയിൽ അദ്ധ്യക്ഷംവഹിക്കുന്ന ജഡ്ജിമാരാണ്. അതിനായി നിയമിക്കാവുന്നവരുടെ പേരുകൾ എഴുതിവച്ചിട്ടുള്ള ഒരു ലിസ്റ്റിൽനിന്നാണ് ആളുകളെ നിയമിക്കുന്നതെന്നാകുന്നു എൻറെ വിശ്വാസം. ആ ലിസ്റ്റിനു ഹൈക്കോടതിയുടെ അനുമതിയും സിദ്ധിച്ചിരിക്കേണ്ടതാണെന്നു തോന്നുന്നു. കണ്ടവരുടെയെല്ലാം പേരുകൾ അതിൽ ചേർക്കയില്ല. ചില യോഗ്യതകൾനോക്കി ഹൈക്കോടതിയുടെ അനുമതിയോടുകൂടെയാണ് ചേർക്കുന്നതു. ഇതിനുംപുറമെ ഓരോ കേസുകളിലും കമ്മിഷണരെ നിയമിക്കുന്നതു കേസിലെ വക്കീലന്മാരോടു ആലോചിച്ചശേഷമാണ്. അതുകൊണ്ടു പ്രത്യക്ഷത്തിൽ പരാതികൾ ഉണ്ടാകാൻ ഇടയില്ലെന്നു എനിക്ക തോന്നുന്നു. പരാതിക്ക സംഗതിഉണ്ടായാൽ സങ്കടമുള്ളകക്ഷിക്ക ജഡ്ജിയുടെ അടുക്കലോ, ഓഫീസ് കമ്മിഷണരോടിരിക്കാൻ കേവലം അയോഗ്യനാണെന്നുകണ്ടാൽ ഹൈക്കോടതിയിലോ സങ്കടം ബോധിപ്പിക്കാവുന്നതാണ്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറിൻകര): നാട്ടുവൈദ്യന്മാരേയും പത്രപ്രവർത്തകന്മാരേയും പലപ്പോഴും കമ്മിഷണർമാരായി നിയമിക്കാറുണ്ടെന്നുള്ള സംഗതി മെമ്പർക്കറിയാമോ എന്നു പറയുമോ?

മി. കുട്ടമ്പേരൂർ പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സ്ക്കാർവക്കീൽ): എനിക്കറിവില്ല, അങ്ങനെ ചെയ്യാറില്ലെന്നു ഞാൻ പറയുന്നുമില്ല. ഇതിനെപ്പറ്റിയുള്ള വാദം തീർക്കുന്നതിനു പ്രഥമാധികാരികം ഹൈക്കോടതിയാണ്. കമ്മിഷണർമാരെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ തെറ്റുകണ്ടാലും പരാതിയുണ്ടെങ്കിൽ ഹൈക്കോടതിയിൽ ബോധിപ്പിച്ചാൽമതി. ഞങ്ങളെചെയ്യാൽ ഹൈക്കോടതി തിരുത്തുകയും ആവശ്യമുള്ള അന്വേഷണംനടത്തുകയും ചെയ്യും. അതുകൊണ്ടു കമ്മിഷൻഉത്തരവുകളിൽ വക്കീലന്മാർക്ക കൊടുക്കേണ്ടതെന്നോ നാം ഒരു ചട്ടം ഉണ്ടാക്കുകയോ അങ്ങനെയൊരുചട്ടം ഉണ്ടാക്കണമെന്നു ഹൈക്കോടതിയോടു ശിപാർശചെയ്യുകയുംചെയ്യുന്നതു ന്യായമായിരിക്കയില്ല. ഹൈക്കോടതിയിൽ സങ്കടംബോധിപ്പിക്കുന്നോ ഹൈക്കോടതിയോടു ബോധിപ്പിച്ചിട്ടു അവർ ക്ലൂട്ടാക്കിയിട്ടില്ലെന്നോ തെളിവില്ലാത്തടത്തോളം മി. എൻ. കെ. കുഞ്ഞുപിള്ളയുടെ ഉപക്ഷേപം സംബന്ധിച്ചു ഈ സഭയതൊന്നും പ്രവർത്തിച്ചിട്ടുമവശ്യംഇരിക്കുന്നതു എനിക്ക തോന്നുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറിൻകര): ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ടു: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ക്രമത.

താഴെപ്പറയുന്ന ഉപക്ഷേപം ഫാജരാക്കിയില്ല.

മി. എൻ. ആർ. കുഞ്ഞൻ.

സിവിലും സെഷന്സും കോടതികൾക്ക അനുവദിച്ചിട്ടുള്ള ൪,൯൦,൯൭൯ രൂപായിൽ തെരുപ്പം കുറയ്ക്കുന്നു.

ഉപക്ഷേപം ക്രമത.

മി. വി. ചെല്ലംപിള്ള (തോപ്പാള): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു. സിവിലും സെഷന്സും കോടതികൾക്ക അനുവദിച്ചിട്ടുള്ള ൪,൯൦,൯൭൯ രൂപയിൽ തെരുപ്പ കുറയ്ക്കുന്നു. നിറുത്തലാക്കാവുന്ന തെരുൻസിഫ്കോടതിയുണ്ടെങ്കിൽ അതിനെ നിറുത്തലാക്കണമെന്നു പറയുന്നതിനു പകരം തെരുൻസിഫ്കോടതി തരണമെന്നു ഗവണ്മെൻറിനോടു അഭ്യർത്ഥിപ്പാൻ ഞാൻ എഴുന്നേറ്റതേയുള്ളൂ. അതിനെപ്പറ്റി ഞാൻവ്യാസനിക്കുന്നു. അസൽവ്യവഹാരങ്ങളുടേയും അപ്പീലുകളുടേയും എണ്ണത്തിൽ വളരെ

കുറവുണ്ടെന്നു റിപ്പോർട്ടിൽ കാണുന്നു. വ്യവഹാരങ്ങളുടെ സംഖ്യയിലും വളരെകുറവുണ്ടു. ഈ സ്ഥിതി അഭി
പ്രായപ്പെട്ടതുപോലെ ഗവണ്മെന്റു അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും റിപ്പോർട്ടുകൊണ്ടു കാണുന്നു. ഗവണ്മെന്റിന്റെ അഭി
പ്രായപ്രകാരം വ്യവഹാരങ്ങളുടെ എണ്ണം കുറഞ്ഞതുകൊണ്ടോ അവയിൽ നിന്നുള്ളവരവു കുറഞ്ഞതുകൊണ്ടോ ആയിരിക്കാൻ
തരമില്ല. അഭിപ്രായഭേദമുണ്ടാകാൻ കാരണം വ്യവഹാരങ്ങളുടെ തീർച്ചപ്പെടുത്തുന്നതിലുള്ള താമസം ആയിരിക്കണം. ഈ താമസം
നിമിത്തം കക്ഷികൾക്കുണ്ടാകുന്ന നഷ്ടത്തെയും അസൗകര്യങ്ങളേയും പറ്റി ഗവണ്മെന്റിനു അറിവുണ്ടെന്നുള്ളതു
ചേർക്കുന്നു. മൊൽക്കൃഷിക്കാർ അധികമധികം ഒരിക്കുമാർഗ്ഗമായി വരുന്നുഎന്നുള്ളതും എല്ലാവർക്കും അറിയാവു
ന്ന ഒരുസംഗതിയാണു. നാഞ്ചിനാടു, പ്രത്യേകമായി തോവാളത്താലൂക്കു, ഇതുകൃഷിയിടമാണു. അവിടത്തെജ
നങ്ങളുടെ പ്രധാനതൊഴിൽ കൃഷിയുമാണു. നാഞ്ചിനാട്ടിൽ നെൽകൃഷിയാണുള്ളതു, മിക്കവാറും ജനങ്ങൾ കൃഷി
ക്കാരുമാണു. നികുതിയുടേയോ മിരിശവും കൂടക്കൂടെയുള്ള കൃഷിനഷ്ടങ്ങളും കൃഷിക്കാർ ഒരുനിവൃത്തിമാ
ർഗ്ഗം ഇല്ലാത്തകടക്കാരായി തീരുന്നു. ഇങ്ങനെകടം കൊടുക്കുന്നവർ ഈ കൃഷിക്കാരോടു അവരുടെഭൂമാനംവസൂലാ
ക്കാൻ കോടതികളെ ആശ്രയിക്കാൻ നിർബന്ധിതരായി തീരുന്നു. തോവാളതാലൂക്കിലെ ജനങ്ങൾക്കു അവരുടെ
താലൂക്കിൽ ഒരുമുൻസിഫ്കോടതിയില്ല. അതുകൊണ്ടു കുറ്റപ്രസംഗകർ വസൂലാക്കാൻപോലും അവർക്കുള്ളതു
നാഗരകോവിൽ പോകേണ്ടിവരുന്നു. ഈക്കാര്യത്തിലും വളരെ താമസംനേരിടുകയും വസൂലാക്കാനുള്ള കടബാധ
വസൂലാക്കാനുള്ളസംഖ്യയെക്കാൾ അധികമായിരിക്കയും ചെയ്യുന്നു. ഈ നഷ്ടംപരിഹരിക്കുന്നതിനായി കടപ്പത്രങ്ങ
ൾ എഴുതിവാങ്ങുന്നു. ഇതിനൊരു നിവൃത്തിമാർഗ്ഗമായി തോവാളതാലൂക്കിലെ ജനങ്ങൾ ശ്രമപ്പെട്ടുണ്ടായിൽ ഒരുമുൻ
സിഫ്കോടതി സ്ഥാപിച്ചുകൊടുക്കണമെന്നു പലപ്രാവശ്യം ഗവണ്മെന്റിനോടു അപേക്ഷിച്ചിട്ടുണ്ടു്. എന്റെറവ
ക്കിൽ സ്നേഹിതന്മാരോടു എനിക്കവകാശമുള്ളതുപോലെതന്നെ, അവരിൽ ചിലർ ഇക്കാര്യത്തിൽ ഇടപെട്ട
ക്ഷോഭം അമർത്തിക്കളഞ്ഞുഎന്നു പറയേണ്ടിയിരിക്കുന്നു. ഇപ്പോഴുള്ളവർ അവരുടെസമക്ഷം സമർപ്പിക്കാവതല്ലാതാ
യിട്ടു ഒരുമുൻസിഫ്കോടതിക്കുള്ള അപേക്ഷപിന്നെയും കൊണ്ടുവന്നിരിക്കുന്നു. ഈ സംസ്ഥാനത്തു ഏഴുമുൻസി
ഫ്കോടതികളുണ്ടു അതായതു ഓരോതാലൂക്കിനു ഒന്നിൽചിലപ്പോൾ മുൻസിഫ്കോടതി തരാതരിക്കുന്നു. നാ
ഗരകോവിൽ രണ്ടുമുൻസിഫ്കോടതികളുണ്ടു, രണ്ടുകോടതിക്കു അവിടെസ്ഥലം പോരാഎന്നു പരാതിയും
ഉണ്ടു. ഈ പരാതിനിമിത്തം അവിടെപുതിയകെട്ടിടങ്ങൾ ഉണ്ടാക്കാൻ ഗവണ്മെന്റു ആലോചിച്ചിട്ടുണ്ടെ
ന്നും തോന്നുന്നു. നാഗരകോവിൽ മുൻസിഫ്കോടതികളിൽ ഫയൽചെയ്യുന്ന കേസുകളിൽ ഏകദേശം ൪൫
ശതമാനം തോവാളതാലൂക്കിൽ നിന്നാണു. അതുകൊണ്ടു കിടയുന്നതാരുടെ കഷ്ടസ്ഥിതിയും നാഗരകോവി
ലിലെ സ്ഥലക്കോവും നഗരകോവിലിലെ ജനബാഹുല്യവും ആലോചിച്ചു നാഗരകോവിലിലെ മുൻസിഫ്
കോടതികളിൽ ഒന്നിനെ തോവാളതാലൂക്കിന്റെ മദ്ധ്യസ്ഥാനമായ ശ്രീമപ്പുണ്ടിയിലേക്കു മാറ്റിസ്ഥാപിക്കണമെ
ന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ ഈ സഭയുടെ സമ്മതി
ന്നായി ഞാൻ ഈ ഉപക്ഷേപത്തെ ഫാജരാക്കികൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ സെക്രട്ടറിയേറ്റിൽ): സർ, ഒരുമുൻസിഫ കോടതി
യെ തോവാളയിൽ മാറ്റിസ്ഥാപിക്കുന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിലുണ്ടായിട്ടുള്ളതും അതിനെപ്പറ്റി
ഹൈക്കോടതിക്കു എഴുതിഅയക്കയും ചെയ്തിട്ടുണ്ടു. അവർ ആലോചിക്കുന്ന അധികാരസീമ പരിഷ്കരിക്കുന്നു
ത്തിൽ ഇക്കാര്യത്തെപ്പറ്റിയും വേണ്ടുപ്രകാരം ആലോചിക്കുമെന്നു എനിക്കുനിശ്ചയമുണ്ടു.

മി. എ. എസ്. മാമോളൻ ആശാൻ (മഹാവില്ലുവേയും കുറ്റിമിക്കുപള്ളിയും): അധികാരസീമ മേലോ
ട്ടാക്കിയാൽ ഗവണ്മെന്റു ആലോചനയിൽ എടുക്കാൻ എത്രനാൾവേണ്ടിവരുമെന്നു പറയുമോ?.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേറ്റ് ജനറൽ സെക്രട്ടറിയേറ്റിൽ): അതിനെപ്പറ്റി ആലോചി
ക്കേണ്ടതു ഹൈക്കോടതിയാണു. കാര്യംതീർച്ചയാക്കുന്നതിനു അവർക്കു എത്രസമയം വേണ്ടിവരുമെന്നു എനിക്കു
പറവാൻ സാധിക്കയില്ല. പൊതുവേയുള്ള ഒരുഅധികാരസീമമാറ്റമാണു അവർ ആലോചിച്ചിട്ടുള്ളതു. പ്രാ
രംഭജോലികൾ ചിലതൊക്കെ ചെയ്യാനുണ്ടായിരിക്കും, കോടതികളുടെ സ്ഥാനം കാണിക്കുന്ന ഒരുമാപ്പു തയ
്യാറാക്കാനുണ്ടാകും. ഇതിനെല്ലാം സമയംവേണം. എങ്കിലും ഈ കാര്യത്തെപ്പറ്റി ഹൈക്കോടതി ആലോ
ചിക്കുന്നതായിരിക്കും.

മി. വി. ചെല്ലംപിള്ള (തോവാള): മിസ്റ്റർ കയ്യാലം പരമേശ്വരൻപിള്ളയുടെ മറുപടി കേട്ടിട്ടു ഞാൻ
ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം ൯൩൪.

മുഴുവൻപേരുടെയും ഉപക്ഷേപം ഫാജരാക്കിയില്ല.

മ. തയ്യിൽ കുഞ്ഞിരാമൻനമ്പ്യാർ: ൯൩൪ സിവിലും ക്രിമിനലും കോടതികൾക്കു അനുവദിച്ചിട്ടുള്ള
൩,൩൦,൪൫൨ രൂപയിൽ പത്തുലക്ഷംരൂപകുറയ്ക്കണം.

ഉപക്ഷേപം ൯൩൪.

മി. മുവേലിൽ പൊന്നുപിള്ള (ചേർത്തല): സർ, അണ്ടർസെക്രട്ടറി പ്രിസിഡേഴ്സിനായി ബഡ്ജറ്റിൽചെലവു
കാണുന്നതിലധികം, ൩൦൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപമാണു ഞാൻ ഈ സഭ
യ്ക്കു അവതരിപ്പിക്കുന്നതു. ഞാൻ ഈ ഉപക്ഷേപം അയച്ചതിന്റെ ഉദ്ദേശം ഇപ്പോൾ അണ്ടർസെക്രട്ടറി പ്രി
സിഡേഴ്സിനെ സൂക്ഷിച്ചു വരുന്നരീതിയിൽ ചിലമാറ്റങ്ങൾ വരുത്തേണമെന്നു ആവശ്യപ്പെടുന്നതിനാണു. ഈ കൌൺസിലി
ന്റെ ആലോചനയ്ക്കു വിഷയമാക്കുവാൻ വേണ്ടിമാത്രമാണു.

താൺബയിലബിറാവുകേസിൽ പ്രതി കോർട്ടുമുമ്പാകെ തനിയെ ഫാജരാക്കുകയോ പോലീസുകാർപ്ര
തിയെഅറസ്റ്റ്ചെയ്തു കോടതിയിൽ ഫാജരാക്കുകയാ ചെയ്യാൻകോടതിയിൽനിന്നും വാറണ്ടുകിട്ടുന്നതിനുശേഷം ജാ
മ്യം അനുവദിക്കുന്നതിനെപ്പറ്റിയുള്ള കണ്ടാൽ പ്രതിയെ ഫാജരാക്കുന്നതിൽ അയച്ചുസൂക്ഷിച്ചുവരുന്നു. ഇങ്ങനെസൂക്ഷിക്കുന്ന പ്ര
തിയുടെപേരിലുള്ളകേസ് പോലീസുകാർ അന്വേഷിക്കുന്നതിനുവേണ്ടി ചാർജ്ജുവന്നതിനുശേഷം അവരുടെവിചാരണപൂ
ർത്തിയാക്കിയതിനുശേഷമെന്നു നിർദ്ദോഷിയാണെന്നു കണ്ടാൽപ്രതിയെ വിട്ടയയ്ക്കുന്നു. എന്നാൽഒരുവൻകുറ്റക്കാരനാ
ണെന്നുസ്ഥാപിക്കുന്നതുവരെ നിർദ്ദോഷിയാണെന്നു വിചാരിക്കണമെന്നാണു നിയമസിദ്ധാന്തം. കുറ്റക്കാരനാണ

ന്ന സ്ഥാപിക്കുന്നതിനു മുമ്പുതന്നെ ലാക്കപ്പിൽ സൂക്ഷിച്ചുവരുന്ന പ്രതികൾ കുറക്കാരാണെന്നു തെളിഞ്ഞ പ്രതികളേ കോടതിയുടെ തൃപ്തിയനുസരിച്ചുള്ള ജാമ്യത്തിൽ വിടുന്നതിനും അതിനുമുമ്പായി അവരെ ലാക്കപ്പിൽ സൂക്ഷിക്കുന്നതിനും കാരണമുണ്ടാകുന്നു. ഇതുനിമിത്തം ചിലപ്പോൾ ലാക്കപ്പിൽ സൂക്ഷിച്ചിരിക്കുന്ന പ്രതികൾ പെട്ടെന്നു മരിച്ചുപോകുന്നതിനും അതിനാൽ പോലീസുദ്യോഗസ്ഥന്മാരുടെമേൽ കേസെടുക്കുന്നതിനു ഇടവരികയും ചെയ്യുന്നു. അതിലേക്കു ഉദാഹരണങ്ങളും പറയാനുണ്ട്. അണ്ടർട്രയൽ പ്രിസിണേഴ്സിനെ വിചാരണകാലത്തു പോലീസിന്റെ പൂർണ്ണമായ സ്വാതന്ത്ര്യത്തിൽ സൂക്ഷിക്കുന്നതിനു വിട്ടുകൊടുക്കാതെ അവരെ സൂക്ഷിക്കുന്ന ലാക്കപ്പിന്റെ താക്കോൽ മജിസ്ട്രേട്ടിന്റെ കൺട്രോളിൽ ഇരിക്കണമെന്നുള്ള ഒരു വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. കൊച്ചിയിൽ ഇപ്പോൾ നടന്നുവരുന്നതു ഇങ്ങനെയാണ്. അണ്ടർട്രയൽ പ്രിസിണേഴ്സിനെ അവിടെ പോലീസുകാരുടെ പൂർണ്ണസ്വാതന്ത്ര്യത്തിൽ വിട്ടുകൊടുത്തിട്ടില്ല. മജിസ്ട്രേട്ടിന്റെ കൺട്രോളിൽ പ്രത്യേകം സൂക്ഷിക്കുവരുന്നു. കേസ് വിചാരണയ്ക്കു കോടതിയിൽ കൊണ്ടുപോകുന്നതും ലാക്കപ്പിന്റെ ചുമതലയിൽ കൊണ്ടുവരുന്ന അവരോടു നിർദ്ദയമായി പെരുമാറാൻ ഇടകൊടുക്കുന്നില്ല.

മി. ജി. പി. നീലകണ്ഠപ്പിള്ള (കുന്നാംഗപ്പള്ളി): പോലീസുദ്യോഗസ്ഥന്മാർ അവരെ ഉപദ്രവിക്കുന്നുണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. മൂർവേലിൽ പാപ്പുപിള്ള (ചേർത്തല): ഉവ്വ്, എത്രയോ കേസുകൾ ഉണ്ട്. ആവശ്യമുണ്ടെങ്കിൽ ഒഴിഞ്ഞുമാറാം പറയാം.

എനിക്കു കൗൺസിലിന്റെ അഭിപ്രായത്തിൽ കൊണ്ടുവരാനുള്ളതു ഇവരെ മാറിമാറിയുള്ള പ്രതികളേ കോടതിയിൽ ഒരേ ലാക്കപ്പിൽതന്നെ സൂക്ഷിച്ചുവരുന്നതു ന്യായമല്ലെന്നാണ്. അതുകൊണ്ടു അവരെ പ്രത്യേകലാക്കപ്പിൽ മജിസ്ട്രേട്ടിന്റെ കൺട്രോളിലുള്ള ഒരു വാർഡരിന്റെ സൂക്ഷ്മത്തിൽ താക്കോൽ കൊടുത്തേക്കുവണ്ണം വ്യവസ്ഥചെയ്യണം. അവരുടെ അപ്പോഴത്തെ ആവശ്യങ്ങൾ തരിയായി നിർവഹിച്ചും കൊടുക്കണം. ഈസംഗതി ഇതിനുമുമ്പിലത്തെ കൗൺസിലിൽ മി. എ. കെ. പിള്ള അഭിപ്രായപ്പെട്ടതായും അതനുസരിച്ചു ഗവ. ഓർഡർ വരികൊണ്ടുവന്നതായും കാണുന്നു. അതിനുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ ഒന്നും ചേർത്തുകാണുന്നില്ല.

ഇതിൽ രണ്ടുസംഗതിയുണ്ടാക്കേണ്ടിക്കുന്നു. ഒന്നാമതു അണ്ടർട്രയൽ പ്രിസിണേഴ്സിനെ സൂക്ഷിക്കുന്നരീതിയിൽ ചിലമാറ്റമുണ്ടാകണം വരുത്തണം. രണ്ടാമതു അവരുടെ സ്ഥിതിയെ നന്നാക്കണമെന്നുമാണ്.

മി. തമരപ്പള്ളിൽ കൊച്ചുമതമ്മൻ (പത്തനംതിട്ട): പ്രത്യേകംമുറിയിൽ സൂക്ഷിച്ചു താക്കോൽ പോലീസുകാരുടെ കയ്യിൽ ഇരിക്കുന്നതുകൊണ്ടു തരക്കേടുണ്ടോ?

മി. മൂർവേലിൽ പാപ്പുപിള്ള (ചേർത്തല): ലാക്കപ്പിന്റെ താക്കോൽ പോലീസുകാരുടെ കയ്യിൽതന്നയിരിക്കണമെങ്കിൽ മുറിമാറിയതുകൊണ്ടു എന്താണുപയോഗം? കേസ് ചാർജിൽവരുന്നതിനുമുമ്പു പരസ്പരം പരിചയപ്പെടുത്തുവാനും മറ്റുമായിട്ടു മോഷണക്കേസിലുൾപ്പെട്ടവർ സൂക്ഷിക്കപ്പെട്ടവരാണു. പോലീസുകാർക്കു അപ്പോൾ തൊണ്ടി കിട്ടിയിരിക്കയില്ല. അതിനാൽ ഈ പ്രതികളോടു പോലീസുകാർ സാധാരണയായിട്ടു തൊണ്ടിയെസംബന്ധിച്ചു അയിടെവച്ചു സ്വാഭാവികമായിട്ടു ചോദിച്ചു മനസ്സിലാക്കേണ്ടതുണ്ട്. മോഷണക്കേസിൽ തൊണ്ടികിട്ടിക്കഴിഞ്ഞതിനുശേഷം പോലീസ് സ്വന്തവസ്സിൽവച്ചു അവരെ ഹേമളണ്ഡം ചെയ്യുകയെന്ന ചിലർ ഭയപ്പെടുന്നു. ഇങ്ങനെ ഒരു മധ്യത്തിനിടകൊടുക്കാതെ സൂക്ഷിക്കേണ്ടതും ആവശ്യമാണ്. ഏതുവിധമായാലും മജിസ്ട്രേട്ടിന്റെ കൺട്രോളിലുള്ള ഒരു വാർഡരിന്റെ കയ്യിൽ താക്കോൽകൊടുത്തു അവരെ സൂക്ഷിക്കുന്നതു നന്നായിരിക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റ് നിയമനം-ഡിപ്പിട്ടിപ്രസിഡണ്ടു): താക്കോൽ കൺസ്റ്റേബിളിന്റെ കയ്യിൽ വെയ്ക്കുന്നതു വാർഡരുടെകയ്യിൽ സൂക്ഷിക്കുന്നതിനെക്കാൾ നന്നായിരിക്കുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. മൂർവേലിൽ പാപ്പുപിള്ള (ചേർത്തല): താക്കോൽ വാർഡരുടെ കയ്യിലാകണം ഇരിക്കണം.

ലാക്കപ്പിന്റെ താക്കോൽ മജിസ്ട്രേട്ടിന്റെ കൺട്രോളിൽ വാർഡരുടെ കയ്യിലായിരിക്കണം. കൺസ്റ്റേബിളിന്റെ കയ്യിലായിരിക്കുവാൻ പാടില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫോർട്ട്സ്ക്കാർഡക്കീൽ): താക്കോൽ വാർഡരിന്റെ കയ്യിലല്ല ഇരിക്കുക.

മി. മൂർവേലിൽ പാപ്പുപിള്ള (ചേർത്തല): താക്കോൽ വാർഡരുടെ കയ്യിൽതന്നെയായിരിക്കണം. അപ്രകാരമായിരുന്നാൽ വാർഡരും കൺസ്റ്റേബിളുംകൂടി യോജിച്ചിരുന്നെങ്കിൽ മാത്രമേ പ്രതിയെ വെളിയിലിറക്കാനുംമറ്റും സാധിക്കയുള്ളൂ. വാർഡർ മജിസ്ട്രേട്ടിന്റെ നേരിട്ടുള്ള അധികാരത്തിലിരിക്കുന്നു, പോലീസ് അങ്ങിനെയല്ല. അവരെപ്പുറത്തു ആവശ്യമുണ്ടെങ്കിൽ ഡിസ്ട്രിക്ട് സൂപ്രണ്ടിനോ അസിസ്റ്റൻറ്സൂപ്രണ്ടിനോ റിപ്പോർട്ടയയ്ക്കുകയെന്നു പോകുന്നു. അതിനാൽ ആ താക്കോൽ മജിസ്ട്രേട്ടിന്റെ പേരിലുള്ള വാർഡരുടെ കൈവശത്തിലായാൽ കൺസ്റ്റബിളും പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിക്കാൻ വാർഡറിനു ധൈര്യമുണ്ടാകയില്ല.

അതിനാൽ അണ്ടർട്രയൽ പ്രിസിണേഴ്സിന്റെ രക്ഷയ്ക്കുവേണ്ടി ഇപ്പോഴത്തെസ്ഥിതി മാറി മജിസ്ട്രേട്ടിന്റെ കൺട്രോളിൽ സൂക്ഷിക്കുവാൻവേണ്ടി ഈ ഉപക്ഷേപത്തെ ഈ സമുദായത്തിനുവേണ്ടി അവതരിപ്പിച്ചുകൊള്ളുന്നു.

മി. ഇട്ടപ്പ് ഇട്ടീച്ചൻ (കുന്നുമ്മനാട്): സർ, മി. പാപ്പുപിള്ളയുടെ ഉപക്ഷേപത്തെ സംബന്ധിച്ചു ഞാൻ പിൻതാങ്ങുന്നു. ഇപ്പോൾ ഈ നാട്ടിലുണ്ടാകുന്ന ക്രിമിനൽ കേസുകളിൽ ഏതാണ്ടു ഒരു നിരപരാധികളുടെ പ്രതിചേർത്തിരിക്കും. പോലീസ് ഇൻസ്പെക്ടരുടെയോ അല്ലെങ്കിൽ ഹെഡ്കാൺസ്റ്റബിളിന്റെയോ അടുക്കൽ ഒരു മോഷണക്കേസിനെ അന്വേഷണംകൊടുത്താൽ അതോടുകൂടി വല്ല മന്ത്രിമാരുടെ പേരിൽകൂടി കെസ്സുണ്ടാക്കിവരുന്നു എന്നാണ് എന്റെ അറിവു. ഇതിൽ പലതും എഴുതിക്കണക്കുവത്തിൽതന്നെ അറിയാം. ഇങ്ങനെയുള്ള പ്രവൃത്തികളാൽ നിരപരാധികളായ പലർക്കും പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നുണ്ട്. എന്നാൽ പോലീസുകാരോടു വല്ല വിരോധത്തിനും എപ്പോഴെങ്കിലും കാരണമായിരുന്നാൽ

സ്ത്രീജനങ്ങളേയുംകൂടി കേസിൽ ചെടുത്തിരിക്കുന്നുപോകുന്നുണ്ട്. അങ്ങിനെ വരുന്ന കേസ്സുകളെ വ. ര മണിക്കു ദിനകം ജാമ്യം കൊടുക്കണമെന്നാണ് നിയമം. വ. ര മണിക്കുർ കഴിഞ്ഞാൽ തിരയ്ക്കു റിമാൻറ ചെയ്യണം. ഇതിൽനിന്നെല്ലാം പല ബുദ്ധിമുട്ടുകളും ജനങ്ങൾക്കുണ്ട്. അങ്ങർ ട്രയൽ പ്രിസിങ്ങേഴ്സ് കൈകൊണ്ടതും ആറു മണിവരെ പോലീസുകാരുടെ ചാർജിൽ ഇരിക്കുന്നതുകൊണ്ടു വലിയ തരക്കേടില്ല. എന്നാൽ ആറുമണി കഴിഞ്ഞാൽപിന്നെ പോലീസുകാരുടെ അധീനതയിൽ അവരെ വയ്ക്കാൻ പാടില്ല എന്നാണ് എൻറെ അഭിപ്രായം.

മി. കുഞ്ഞുപോൾ പരമേശ്വരൻപിള്ള (അഡീഷണൽ ഗവർമെൻറ് സക്കാർ വക്കീൽ): സർ, മി. പാച്ചുപിള്ളയും മി. ഇട്ടൂപ്പ ഇട്ടീച്ചനും പറഞ്ഞ പല സംഗതികളെ കുറിച്ചും എനിക്കു വലിയ സന്തോഷം ഉണ്ട്. ഇപ്പോഴത്തെ മിവാൻ ഒരു ലാക്കപ്പു (ലാണാവു) സമ്പർദ്ധിക്കാൻ ഇടവന്നതു നിമിത്തമാണ് ഈ കാര്യം ഗവർമെൻറിൻറെ ശ്രദ്ധയിൽ വിഷയമായതെന്നുള്ള സംഗതി കഴിഞ്ഞ സയേൽ ഇല്ലാത്ത ഈ സയേലെ മെംബർമാർക്ക് അറിവാൻ തരമുണ്ടായിരിക്കയില്ല. അങ്ങർ ട്രയൽ തടവുപുള്ളികളുടെ സ്ഥിതി ഇന്നാക്കുന്നതിനുവേണ്ടി കഴിഞ്ഞ സയേൽ ഒരു സപ്ലിമെൻറ് ഗ്രാൻറ് അനുവദിച്ച സംഗതി മെംബറന്മാർക്ക് ഓർമ്മയുണ്ടായിരിക്കുമല്ലോ. അങ്ങർ ട്രയൽ തടവുപുള്ളികളെ പോലീസ്സ്റ്റേഷൻകളിൽനിന്നു മാറ്റുവാൻ താൻ ആഗ്രഹിക്കുന്നു എന്നു കമ്മീഷണർ മിസ്റ്റർ പിറന്തതന്നെ അന്നു പറഞ്ഞതും ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അവരുടെ അധികാരത്തിനു ഒഴിച്ചുകിട്ടിയാൽ തനിക്കു വളരെ സന്തോഷമായിരിക്കുമെന്നും കൂടെ അദ്ദേഹം പറഞ്ഞു. ഈ നിർദ്ദേശം വന്നാലുടനെ പോലീസുകാർക്കു തങ്ങളുടെ സ്റ്റേഷനിൽ ആവശ്യമില്ലെന്നു ഇതിൽനിന്നു പ്രത്യക്ഷമാകുമല്ലൊ. ഈ അങ്ങർ ട്രയൽ തടവുകാർ മജിസ്ട്രേട്ടിൻറെ അധീനത്തിൽ ആയിരിക്കണമെന്നുമാണു നിയമം. അങ്ങർട്രയൽ തടവുകാരെ പോലീസ്സ്റ്റേഷനുകളിലാണ് പാർപ്പിച്ചിരിക്കുന്നതെങ്കിലും അവർ മജിസ്ട്രേട്ടിൻറെ അധീനത്തിലാണ്. പോലീസ്സ്റ്റേഷനിൽനിന്നു വേറെപെട്ടത്തി യേരകെട്ടിടങ്ങളിൽ അവരെ പാർപ്പിക്കണമെന്നാണു മി. പാച്ചുപിള്ള പറയുന്നതു്. അതാണ് ഇത്തരത്തിലുള്ള നിലയിൽ ഗവർമ്മെൻറിനു അല്ല എളുപ്പത്തിൽ സാധിക്കുവുന്നതാണ്. എന്നാൽ അതിനു പ്രത്യേകം ചട്ടങ്ങളും സ്ഥലസൗകര്യങ്ങളും ഉണ്ടാകണം. അതിനു കാലതാമസങ്ങളുണ്ടാകുന്നതു ഗവർമെൻറിനും ഏറ്റവും വിഷമമാകും. എന്നാൽ ഇപ്പോഴത്തെ സ്ഥിതിക്കുമാറ്റവും അങ്ങർ ട്രയൽ തടവുകാരുടെ സ്ഥിതി അലോചിച്ചും ആ തടവുകാരുടെ ഗുണത്തിൽ മജിസ്ട്രേട്ടന്മാർ ശ്രദ്ധപതിക്കുന്നതിനെ ഉപദേശിച്ചും ആവശ്യമുള്ളവരെ ഉത്തരവാദിയാക്കിയും ഗവർമെൻറ് ചില ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയാൽ എന്നു എനിക്കു നിശ്ചയമില്ല. എന്നാൽ മജിസ്ട്രേട്ടന്മാർക്ക് അയച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം ഈ തടവുകാരെ പാർപ്പിക്കുന്നതു പോലീസ്സ്റ്റേഷനിലാണെങ്കിലും അവരെ സംബന്ധിച്ചുള്ള ഉത്തരവാദിത്വം മജിസ്ട്രേട്ടന്മാർക്കാണ്. ആദ്യമായിൽ ഒരു പ്രാവശ്യമെങ്കിലും അവർ ഈ ലാണാവുകാരെ സന്ദർശിക്കണമെന്നും നിബന്ധന ചെയ്തിട്ടുണ്ട്. മജിസ്ട്രേട്ട സ്റ്റേഷനിൽനിന്നും ദൂരത്തുണ്ട് പാർപ്പെങ്കിൽ തടവുകാരേയും ലാണാവും മാസത്തിലൊരിക്കൽ എങ്കിലും ചെന്നപോൽ ശോധിക്കണം. തടവുകാരോടു ന്യായമായി പെരുമാറുന്നുണ്ടോ എന്നും അവർക്കു ഉത്തരവിട്ടപ്രകാരമുള്ളതിക്ഷണവും വസ്ത്രങ്ങളും കിടക്കകളും കൊടുക്കുന്നുണ്ടോഎന്നും ശുചീകരണപ്രവൃത്തികളെല്ലാം ശരിയായി ചെയ്യുന്നുണ്ടോ എന്നും അവർ നോക്കേണ്ടതാണ്. ഈ അങ്ങർട്രയൽ തടവുകാരേയും ലാണാവുകളും സ്ഥലത്തുള്ള മജിസ്ട്രേട്ട് ഉദ്യോഗസ്ഥൻ ആഴ്ചയിൽ ഒരു പ്രാവശ്യമെങ്കിലും ചെന്നുനോക്കി ജലസൗകര്യങ്ങളും മറ്റും പരിശോധിക്കണമെന്നും ഈ ചട്ടങ്ങളിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അവരെ പാർപ്പിക്കാൻ പ്രത്യേകസ്ഥലങ്ങളുണ്ടാക്കുന്നകാര്യം തൽക്ഷണം സാധിക്കാവുന്നതല്ലെന്നു സഭ സമ്മതിക്കുമെന്നു വിശ്വസിക്കുന്നു. എന്നാൽ ഈ കാര്യവും കാലതാമസംകൂടാതെ ഗവർമെൻറ് ആലോചിക്കുമെന്നും അതിനായി പ്രത്യേകചട്ടങ്ങൾ ഉണ്ടാക്കാൻ വിചാരിക്കുന്നുണ്ടെന്നും സഭയെ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മി. മുതവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ഉപക്ഷേപത്തെ സംബന്ധിച്ചു മാമെംബർ പുറപ്പെടുവിച്ച അഭിപ്രായം എനിക്കു അത്ര തൃപ്തികരമായിട്ടു തോന്നുന്നില്ല. ഏതായാലും അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായം അനുസരിച്ചു പ്രവർത്തിക്കുന്നതിനു ഗ്രഹിക്കണം എന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിക്കുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

സഭ ഫ-ാ മണിക്കു ചായുക്ഷണത്തിനായി പിരിയുകയും വ. ര ൭ മണിക്കു വീണ്ടും കൂടുകയും ചെയ്തു ഡിപ്യൂട്ടിപ്രസിഡൻറ് അഗ്രാസനാധിപത്യം വഹിച്ചു.

ഉപക്ഷേപങ്ങൾ ചന്ദ്രനു—ം ക്രമ ൭—ം

തുടരപോയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. എൻ. ആർ. കൃഷ്ണൻ.

ക്രമനമ്പ. ക്രിമിനൽ കോടതിക്രമം അനുവദിച്ചിട്ടുള്ള വക, ൦ ൦ ൦ രൂപായിൽ ഒരുരൂപാ കുറയ്ക്കുന്നു.

മി. മുതവേലിൽ പാച്ചുപിള്ള.

ക്രമ ൭. ക്രിമിനൽകോടതിക്രമം അനുവദിച്ചിട്ടുള്ള വക, ൦ ൦ ൦ രൂപായിൽ ഒരു രൂപാ കുറയ്ക്കുന്നു.

ഉപക്ഷേപം ക്രമനമ്പ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ക്രിമിനൽ കോടതിക്രമം അനുവദിച്ചിട്ടുള്ള വക, ൦ ൦ ൦ രൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കുന്നു.

അടുത്ത ഒരു സ്റ്റേഷനായി മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതിൻറെ ആവശ്യകതയെ പ്രസ്താവിപ്പാനാണു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്. ഇപ്പോൾ കുന്നത്തൂരിൽ ഒരു കോടതി സംയോഗിച്ചാൽ അതിനടുപ്പമുള്ള അയ്യായിരം ബോയിപ്പിൽക്കാരെയും കൊട്ടാരക്കരയിലോ ചവറയിലോ ആണു്. ഈ സ്ഥലങ്ങളും കുന്നത്തൂരുനിന്നു വളരെ ദൂരമാണ്. അതുകൊണ്ടു കുന്നത്തൂരെ ജനങ്ങൾക്കു തങ്ങളുടെ താലൂക്കിൽതന്നെ അന്യായം തടഞ്ഞിരിക്കുന്നില്ല. ഈ താലൂക്കിലെ ജനങ്ങൾ അധികാരസ്ഥന്മാരുടെ മുമ്പാകെ തങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. എങ്കിലും അവരുടെ സങ്കടങ്ങൾക്കു പരിഹാരം ഉണ്ടായിട്ടില്ല. അതുകൊണ്ടു അടൂരിൽ ഒരു കോടതി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ ഉടൻതന്നെ നടത്തണമെന്നു ഗവർമെൻറിനോ ദൃഷ്ടിയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ ഈ ഉപക്ഷേപം ഞാൻ ഈ സഭയുമാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷണൽഫോഡ്സക്രട്ടറിവകയിൽ) : ഇതുകാര്യം ഇതിനുമുമ്പു എപ്പോഴെങ്കിലും നവരത്നറിന്റെ മുമ്പാകെ കൊണ്ടുചെന്നിട്ടുള്ളതായി തോന്നുന്നില്ല. അതുകൊണ്ടു മിസ്റ്റർ കേശവപിള്ള ട്രഷ്ണാവിച്ചുസംഭവത്തിയെപ്പറ്റി ഇപ്പോഴെതിക്കോ അഭിപ്രായംപറവാൻ സാധിക്കയില്ല. എന്നാൽ അതിനെപ്പറ്റി കുറച്ചുമായി ആലോചിക്കുമെന്നു ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഡിപ്പുട്ടി പ്രസിഡൻറ്. ഉപക്ഷേപം പിൻവലിക്കാൻസഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം ഫലൻ,

മി. എ. എസ്. മാമ്മേലൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : സർ, ഞാൻതാഴെ വിവരിക്കുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

എസ്റ്റാബ്ലിഷ്മെൻറിനു (സിൽസന്തികം) അനുവദിച്ചിട്ടുള്ള ഫലനു രൂപയിൽ കവിയരുതു കുറയ്ക്കണം.

ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതിൻറെ ഉദ്ദേശം ഫാകോളജിന്റെ ഭരണത്തിലുള്ള വിലയുടെനകറും കൂടുതിക്കുണിക്കുന്നതിനാണ്. ഈ സഭയ്ക്കുപൂർണമായ ഞങ്ങൾക്കു നീതിന്യായം ലഭിക്കുമെന്നുണ്ടെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾ വാളുച്ചിയാടത്തിനു ഞങ്ങൾ ഇവിടെ കൊണ്ടുവരികയില്ലായിരുന്നു. എന്തെന്നാൽ ഈ സഭയുടെ സമയം വിലയേറിയതാണെന്നും ഇങ്ങനെയുള്ള കാര്യങ്ങളെ സംബന്ധിച്ചു അനാവശ്യമായി വ്യയംചെയ്യുന്നതുനും ഞങ്ങൾക്കറിയാം. ഫാകോളജിൽ പ്രവേശനം നൽകുന്നകാര്യത്തെ സംബന്ധിച്ചിടത്തോളം കൊണ്ടുവരുന്നതിൻറെ പ്രധാനോദ്ദേശം, ഈ യാണ്ടിൽ എഫ്. എൽ. ക്ലാസ്സിൽ പുതിയ വിദ്യാർത്ഥികൾക്കു പ്രവേശനം നല്കിയില്ല. കോളജിൽ അതിനുവേണ്ടുന്നസ്ഥലമുണ്ടായിട്ടും ഇല്ലെന്നുണ്ടാക്കാരണംപറയുന്നതു. വിദേശികളെ കോളജിൽ പ്രവേശിപ്പിക്കുന്നതു തടയാനല്ല ഞാൻ ഈ ഉപക്ഷേപംകൊണ്ടുവരുന്നതു. ഫാകോളജിൽ പ്രവേശനം നൽകുന്നതിനെപ്പറ്റി എനിക്കുപരാതിയുള്ളതു തിരുവിതാംകൂർകാരോടും വിദേശിയരോടും അവഗണനകൂടാതെ സമമായിരിക്കുമോ തിരുവിതാംകൂർകാക്കാണു പ്രവേശനം നൽകേണ്ടതു എന്നതുമാത്രമാണ്. ഈ രാജ്യക്കാരനാണെങ്കിലും അയോഗ്യതകൊണ്ടുസിദ്ധിയുണ്ടാകുന്നതുകൊണ്ടും സ്ഥലമില്ലായ്കകൊണ്ടും പ്രവേശനം ലഭിക്കാതിരിക്കുന്നതും ചെയ്യുന്നവരോടു എനിക്കു അസൂയാസഹതാപമില്ല. ഫാകോളജിൻറെ ഭരണത്തിനു അസൌകര്യങ്ങളും ഉണ്ടാകാറുണ്ടെന്നും മദ്രാസ്ഗവർമെൻറിനുള്ള തൽപ്രിവു പത്രത്തെയും അവയ്ക്കു പ്രവേശനംനൽകാൻ കഴിയുമെങ്കിൽ അങ്ങനെചെയ്യണം. ഈസംഗതികൾ താഴെകാണുന്നതിൽനിന്നു വ്യക്തമാകും.

ഫാകോളജിൽ പ്രവേശനത്തിനുവേണ്ടി അപേക്ഷിക്കുന്നതിനുപുറമെ ഫാകോളജ് അധികൃതരുടെ ഫീസുചട്ടം ഇപ്രകാരമാണു. മൂന്നുതരത്തിലുള്ള ക്ലാസിൽ ചേർക്കുവാനുള്ള വിദ്യാർത്ഥികളുടെ എണ്ണത്തെ ക്ലിപ്തപ്പെടുത്തുന്നതിനുപുറമെ, സ്ഥലമുള്ളടത്തോളവും ശരിയായി പരിപാലിക്കുന്നതിനു അദ്ധ്യാപകന്മാർ ഉള്ളടത്തോളവും വിദ്യാർത്ഥികൾക്കു പ്രവേശനം നൽകാവുന്നതാണ്. പ്രവേശനം ക്ലിപ്തപ്പെടുത്തുന്നതിനു ആവശ്യമായിട്ടുള്ള പ്രിൻസിപ്പലിനു അപേക്ഷകരുടെ കിട്ടിയ ക്രമത്തെ അനുസരിച്ചു വിദ്യാർത്ഥികളുടെ ഹിതത്തെ തിരഞ്ഞെടുക്കേണ്ടതാണെന്നു.

ഇതിനുപുറമെ പ്രത്യക്ഷമാകുന്നതു ചിലതുകൊണ്ടു ക്ലാസിൽ ചേർക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണം ക്ലിപ്തപ്പെടുത്തിട്ടില്ലെന്നും ക്ലിപ്തപ്പെടുത്തിട്ടുള്ളതു കോളജിൽ ആകപ്പാടെ ചേർക്കാവുന്ന വിദ്യാർത്ഥികളുടെ എണ്ണമാണെന്നും അനുമാനിക്കുന്നു. കഴിഞ്ഞവർഷം എഫ്. എ. ക്ലാസ്സിനുടത്തിയിരുന്ന പരീക്ഷയ്ക്കുമുമ്പിൽ സ്ഥലമില്ലെന്നുള്ളതുകൊണ്ടു ആക്ലാസ്സിൽപ്രവേശനം നൽകാതിരിക്കാൻ മതിയായ കാരണമല്ല. വേറെമുറിയിൽ സ്ഥലമുണ്ടെങ്കിൽ ഗവൺമെൻറിനെയോ പ്രൊഫസ്സർമാരെയോ മാറാരെയെങ്കിലുമോ അതുസംബന്ധിച്ചറിയിക്കുന്നതിനു ക്ലാസ്സു ആമുറിയിൽമാറിയിരിക്കുമെന്നാണ് ഞാൻ വിചാരിപ്പിക്കുന്നതു. ഫാകോളജ് അധികാരസ്ഥന്മാർ അങ്ങനെചെയ്തിട്ടുണ്ടോഎന്നാണ് ഞാൻചോദിക്കുന്നതു. ഞാൻപറഞ്ഞതു തെളിയിക്കാം ബി. എൽ. ക്ലാസ്സു ഏ ഡിവിഷൻ നടത്തുന്ന മുറി—മേൽത്തട്ടിൽ വടക്കുകിഴക്കുമുറിയിൽ ഫസ്റ്റ്-ഫർണ്ണീച്ചർ ചെയ്ത വിദ്യാർത്ഥികളുവച്ചു പഠിപ്പിച്ചിരുന്നു. ഇപ്പോൾ ഏതൊൽക്കാസ്സിൽ ചേർന്ന വിദ്യാർത്ഥികളാണുള്ളതു. അതുകൊണ്ടു എഫ്. സ്റ്റിൽ, ക്ലാസ്സു ആമുറിയിൽ ആകെയായി ചേർന്ന വിദ്യാർത്ഥികൾക്കുകൂടെ പ്രവേശനം നൽകാൻകഴിയും ബി എൽക്ലാസ്സു ഡിവിഷനിൽ ഇപ്പോൾ ചേർന്ന വിദ്യാർത്ഥികളുള്ളു. അതുകൊണ്ടു ആ ക്ലാസ്സു ഇപ്പോൾ എഫ്. എൽക്ലാസ്സുവച്ചുനടത്തുന്ന മുറിയിലേക്കു മാറിയിരുന്നുവെന്നതാണ്. അതിനു ഗവണ്മെൻറു ചെലവുകാര്യമായിട്ടൊന്നും കൂട്ടേണ്ടതായി ചെലവാക്കേണ്ടിവരികയില്ല. എന്നാൽ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകാത്തതിനാൽഫീസിനത്തിൽ തരുവരിയസംഖ്യ ഗവണ്മെൻറിനു നഷ്ടമാകുന്നുണ്ടു. ഫാകോളജ് അധികാരസ്ഥന്മാരുടെ ഔദാര്യം അനുസരിച്ചുമാത്രം വിദ്യാർത്ഥികൾക്കു പ്രവേശനത്തിനുകുന്നതിനും അധികം വരുവാനുകുന്നതിനും വിഷമതയുണ്ടാകുന്നു. സ്ഥലമുള്ള വിദ്യാർത്ഥികൾക്കു എഫ്. എൽ. ക്ലാസിൽ പ്രവേശനം നിഷേധിച്ചശേഷം ബി. എൽ. ക്ലാസിൽ വിദ്യാർത്ഥികൾക്കു പ്രവേശനം നൽകിയതായി അറിയുന്നു. ഇതിൻറെ ഉദ്ദേശം ബി. എൽ. ക്ലാസിൽവിദ്യാർത്ഥികൾ അധികമുണ്ടെന്നും എഫ്. എൽ. ക്ലാസ്സുമുറി അവക്കുതിയാകയില്ലെന്നും കാണിക്കണമെന്നുമാത്രമാണ് വേറൊരുപ്രയാസം പ്രിൻസിപ്പൽ ചെയ്യുന്നുണ്ടു. അപേക്ഷകന്മാർ അധികമുണ്ടാകയാൽ എല്ലാവർക്കും പ്രവേശനംകൊടുക്കാൻസാധിക്കയില്ലെന്നും കൂടുതൽപേർക്കുമാത്രം പ്രവേശനംനല്കുന്നതു ന്യായവുമായിരിക്കയില്ലെന്നുമാണ് അദ്ദേഹംപറഞ്ഞതു. പക്ഷേ ചട്ടപ്രകാരം അപേക്ഷകരിൽ കിട്ടിയതിനുശേഷമുള്ള കാലത്തെതിരഞ്ഞെടുത്തു കഴിവുള്ളടത്തോളം പ്രവേശനം നൽകാവുന്നതാണ്. പ്രിൻസിപ്പൽ അങ്ങനെചെയ്തിട്ടില്ല, ഇതു കൂടാവിദ്യാർത്ഥികളുടെ അപേക്ഷകളെ സ്വീകരിക്കരുതെന്നുള്ള നിഷേധിക്കയോ ചട്ടത്തിലുള്ളതുമല്ല. ചട്ടങ്ങൾപ്രകാരം ആവശ്യമുള്ളസ്ഥലം ഉണ്ടോഎന്നാണുവാദം. അതു ഗവണ്മെൻറു തങ്ങളുടെ ആലോചനാവിഷയമാക്കണം. പ്രൊഫസർമാർക്കു ശമ്പളംകൂട്ടികൊടുക്കുമെങ്കിൽ കൂടുതൽവിദ്യാർത്ഥികൾക്കു പ്രവേശനം കൊടുക്കാൻ പ്രിൻസിപ്പലിനു മനസ്സുണ്ടായിരുന്നതു, ശമ്പളം കൂട്ടികൊടുക്കണമെങ്കിൽ അയർത്തുകയിൽ ജോലിചെയ്യണമെന്നാകുന്നു ഞാൻപറയുന്നതു. ഫാകോളജിലെവേതനവും മറ്റുചിലവിനെക്കാളും അധികമാണെന്നുള്ള ഏകസംഗതി അവരുടെശമ്പളം കൂട്ടിക്കൊടുക്കാൻ ന്യായമായ കാരണമല്ല. ഗ്രേർടസ്കാളേജിലെ പ്രൊഫസർമാർക്കു ഗവണ്മെൻറിൽനിന്നുകൊടുക്കുന്ന ശമ്പളത്തോളം അയിടെവരുവില്ലാത്തതിനാൽ പ്രൊഫ

സർമാരുടെയെണ്ണം കുറക്കുവാൻ അധികാരസ്ഥന്മാർ സന്നദ്ധരുണ്ടോകുമോ? അതുകൊണ്ടു അതെതാരുകാരണമാ യിവിചാരിക്കുൻപോലും. പ്രൊഫസർമാരുടെ ദുർവ്വൻസമയവും ഈ ജോലിക്കുണ്ട വിനിയോഗിക്കുണ്ടതെങ്കിൽ അവർക്കു ക്ലാസുകൾക്കുവേണ്ടത്തിനു അവകാശമുണ്ടു്. എന്നാൽ ഇവിടെ ആ സംഗതി ആലോചനാവിഷയംപോ ലുകണ്ടതില്ല. അവർ ദിവസം ഒരു മണിക്കുർ വേല ചെയ്യണമെന്നു അവരോടിപ്പോൾ ആവശ്യപ്പെട്ടുന്നുള്ളു. അവരുടെ സാധാരണജോലിയിൽനിന്നുള്ള ആലയം അതിശ്രമകരമായതുകൊണ്ടു ആ ജോലിയിൽ അവർ അവരുടെ ശ്രദ്ധ മുഴുവനായി പതിപ്പിക്കുന്നതു സ്വാഭാവികമാണു്. ഞാൻ അവരുടെ നടപടിയെപ്പറ്റി ആക്ഷേപമായി ഒന്നുംപറയുകയല്ലചെയ്യുന്നതു. സാധാരണസംഭവങ്ങളിൽനിന്നു അന്തരമായം ഉണ്ടാക്കുകയാണു ഞാൻ ചെയ്യുന്നതു. സകല പരിഹാരത്തിനുവേണ്ട നടപടികൾപറയുന്നതുണ്ടെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ പ്രസ്താവനകളോടുകൂടെ സഭയുടെ ആലോചനയ്ക്കായി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സർ, മിസ്റ്റർ ആശാരിന്റെ ഉപക്ഷേപത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു. ഈ ആണ്ടത്തെ ലാക്കാളേജ് അഡ്മിഷനസംബന്ധിച്ചു കുറെ ശ്രമങ്ങൾ ഞാനും ചെയ്തിരുന്നു. അതായതു ഞാനും എന്റെ മറ്റു ചില സ്നേഹിതന്മാരുംചേർന്നു ശിവരാമൻ്റെയ്യും ഒരു മെത്തോറിയൽ ദിവാൻജിയുടെ ആലോചനയ്ക്കായിട്ടും അങ്ങുക്കുമായിട്ടും സമർപ്പിച്ചിരുന്നു. സ്ഥലമില്ലായ്മ നിമിത്തമെന്നു പരിഹരിക്കാനുള്ള മാർഗ്ഗമെന്തെന്നുആലോചിച്ചുറിഞ്ഞു. ഞങ്ങൾ രണ്ടാമതും ദിവാൻജിയെ സന്ദർശിക്കാനായിട്ടുപോയപ്പോൾ ഞങ്ങൾ സമർപ്പിച്ച മെമ്മോറിയൽ പ്രിൻസിപ്പാലിന്റെ റിമാർക്കിനായി അയച്ചിട്ടുണ്ടെന്നും അതു വന്നാലുടനെ തന്നിക്ക നേരിട്ടു പ്രവൃത്തിക്കാൻതരമില്ലെന്നും ദിവാൻജിഞങ്ങൾക്കും ഖണ്ഡിച്ചുപറയുകയുണ്ടായി. എനിക്കു ഇന്നലെ ഈ വിഷയത്തെ സംബന്ധിച്ചു ചീഫ്സെക്രട്ടറിയുടെ ഒരു ചുരുക്കിട്ടി.

ഇതിൽ എന്തുതരത്തിലും യുക്തിയും ന്യായവുമുണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല. ബി. എൽ. ക്ലാസ് നടത്തിക്കുന്നതുമായിബന്ധപ്പെടുന്ന പ്രധാനവിദ്യാർത്ഥികളെ ചോദ്യം പഠിപ്പിക്കുന്നതായിട്ടു ആ കാളേജിലെ ഫെലോർ കൊണ്ടു കാണുന്നു. ഇപ്പോൾ ബി. എൽ. ക്ലാസിൽ പഠിക്കുന്ന പ്രധാന വിദ്യാർത്ഥികളെ കൂട്ടികാണിക്കുവാൻ ഇരിക്കാമെങ്കിൽ എഫ്. എൽ. ക്ലാസിലുള്ള പ്രധാന കുട്ടികാണിക്കും ഇരിക്കാൻ യാതൊരുബുദ്ധിമുട്ടും ഉണ്ടാകാൻതരമില്ല.

ഈ ബി. എൽ. ക്ലാസിനെ എഫ് എൽ ക്ലാസിനുപയോഗിക്കുന്നകാര്യത്തെ ദോഷപ്പെടുത്തുന്നപക്ഷം തീർച്ചയായിട്ടും കൂടുതൽകെട്ടിടങ്ങളെ ചേർക്കുവേണ്ടതാണു്. ഇപ്പോൾ പ്രധാന വിദ്യാർത്ഥികളെ എഫ്. എൽ. ക്ലാസ്സിലുള്ളു. ആ സ്ഥിതിക്കു പ്രധാന വിദ്യാർത്ഥികളെ കൂടുതൽചേർക്കാവുന്നതാണു്.

ഡിപ്പുട്ടിപ്രസിഡൻറ്: ശിവരാമൻ്റെയിന്റെ അഭിപ്രായം എന്താണെന്നകാണിച്ചു ചീഫ്സെക്രട്ടറിയുടെ മറുപടി നിങ്ങൾക്കു കിട്ടീട്ടുണ്ടല്ലോ.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ആ എഴുത്തു ഇന്നലെമാത്രമേ എനിക്കു കിട്ടിയുള്ളു.

ഡിപ്പുട്ടിപ്രസിഡൻറ്: ചീഫ്സെക്രട്ടറി കാരണങ്ങൾ പറഞ്ഞിട്ടുണ്ടല്ലോ.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): പ്രിൻസിപ്പാലിന്റെ മറുപടി ഇന്നയിന്നപ്രകാരമാണെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടു. ദിവരാമം പറഞ്ഞപ്രകാരം മൂന്നു മാരാമിയുടെകാണ്ട ക്ലാസുകൾകൂട്ടികളെ ചേർക്കുൻസൗകര്യമില്ലെന്നു അദ്ദേഹം പറഞ്ഞിരിക്കുന്നു. അങ്ങനെയാണ് പ്രിൻസിപ്പാലിന്റെ നിഗമനം ചീഫ്സെക്രട്ടറി ഉദ്ധരിച്ചിട്ടുള്ളതു.

എന്തായാലും ഈ കാണിച്ച ന്യായീകരണം ക്ഷന്തവ്യമാണെന്നു എനിക്കുതോന്നുന്നില്ല. അതുകൊണ്ടു കാളേജിൽചേർന്നു കടന്നു തെറ്റിയിട്ടില്ലെങ്കിൽ വീണ്ടും ഒന്നു ആലോചിച്ചു തീരുമാനംചെയ്യുന്നപക്ഷം ഒരുപക്ഷേ നീതിയും ധർമ്മവുമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഇതുസംബന്ധിച്ചു മി. ആശാരിന്റെ ഉപക്ഷേപത്തെ എല്ലായ്പ്പോഴും പിൻതാങ്ങിക്കൊള്ളുന്നു.

മി എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കാരാളേജ് നടത്തുന്നരീതി കേവലം തെറ്റെപ്പെട്ടതാണെന്നുകാണണം ഞാൻ പറഞ്ഞുകൊള്ളുന്നു. ആ സ്ഥാപനത്തിന്റെകാര്യത്തിൽ കാര്യമായ പരിഷ്കാരം ആവശ്യമാണ്. ഒരു വലിയഎണ്ണം വിദ്യാർത്ഥികൾ ലാകാളേജിൽ പഠിച്ചുവരുന്നു. പ്രവേശനത്തിനു അപേക്ഷിക്കുന്ന അനേകംവിദ്യാർത്ഥികൾ ഇപ്പോഴത്തെരീതിപ്രകാരം തിരിയായ ശിക്ഷകുമോ കായ്ക്ഷമതയുള്ള രേണമോ ഉണ്ടായിരിക്കാൻ ഇടയില്ലാതെ ഒരു കാളേജ് പെട്ടെന്നുണ്ടാകാൻ ഞാൻ യാതൊരുകാരണവും കാണുന്നില്ല. അത്തിടത്തെ അദ്ധ്യാപകന്മാരെ ഞാൻ ദിക്ഷേപിക്കയല്ലചെയ്യുന്നതു. തങ്ങൾക്കുള്ള ഉദ്യോഗം ഒരു കൂടുതൽ ആലായമാർഗ്ഗമാത്രമാണെന്നു കരുതുന്ന അദ്ധ്യാപകന്മാർ ആയിരിക്കുന്നടത്തോളം അവിടെ അരിയായ പഠിത്തംനടക്കുമെന്നു പ്രതീക്ഷിക്കുന്നതു മാനുഷസ്വഭാവത്തിനു വിരുദ്ധമാണ്. അതിനുപുറകുവശത്തിലിരിക്കുന്ന വക്കീലന്മാരാണ് അവിടത്തെ അദ്ധ്യാപകന്മാർ. ഓരോരുത്തനും എല്ലാദിവസവും കറങ്ങിത്തിരിഞ്ഞു കയറുകിട്ടുമോ അവിടെ ഓരോ മണിക്കുർ ലാഭിച്ചെയ്യണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളതു്. അദ്ധ്യാപകന്മാർ മിക്കപ്പോഴും അതിനുപുറകുവശത്തിലിരിക്കുന്നവരാണു. അധികം കേസുകിട്ടാനുള്ള ഒരു വക്കീലിനു ലാകാളേജിൽപഠിപ്പിക്കുന്നതിനു എതുസമയം വിനിയോഗിക്കാൻകഴിയുമെന്നു എളുപ്പത്തിൽ സങ്കല്പിപ്പാൻകഴിയും.

ഡിപ്പുട്ടി പ്രസിഡൻറ്: അയാൾ കാളേജിൽ ഒരു മണിക്കുർ വ്യായാമചെയ്യുന്നതെന്തെന്നു വിചാരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ശരിയായി പഠിപ്പിക്കുന്നതിനു പാഠങ്ങൾ വീട്ടിൽനിന്നു ഒരു ക്ലാസിലെങ്കിലുവരേണ്ടതല്ലയോ എന്നു ഞാൻ സംശയിക്കുന്നു. ഒരു വക്കീൽ എത്ര വിദ്വാനായിരുന്നാലും അദ്ദേഹം അരമണിക്കുറിനുമുൻപെ ക്ലാസിൽവന്നാൽ തന്റെ ജോലി ശരിയായിചെയ്യാൻസാധിക്കയില്ല.

ഇതിനും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെല്ലാമായിരിക്കേണ്ട ഒരു പ്രധാനലക്ഷണം ശരിയായ ശിക്ഷണം ആകുന്നു. ഈ സ്ഥാപനത്തിൽ പ്രിൻസിപ്പൽ സാധാരണയായി അവിടെ ഫാങ്ങരാകാത്തതുമുണ്ട്, അദ്ദേഹം വക്കീലന്മാരുടെഇടയിൽ പ്രമുഖനായ ഒരു വ്യക്തനും എല്ലാവരുടേയും ബഹുമാനത്തിനു അർഹനുമാണ്. എന്നാൽ ഇങ്ങനെയുള്ള ഒരു സ്ഥാപനം വേണ്ടുവോളം സമയമുള്ളവനും സ്ഥാപനത്തിന്റെ ഗുണത്തെ ഉദ്ദേശിച്ചു ചെയ്യുവാനുള്ളതെല്ലാം ചെയ്വാൻ കഴിവുള്ളവനുമായ ഒരാളിൻറകീഴിൽ ആയിരിക്കണമെന്നു സ്പഷ്ടമാണ്, സ്ഥലസൗകര്യമില്ലാത്തതിനപ്പുറമായും പ്രവേശനത്തിനു അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്കു സൌകര്യ

ഇല്ലാതെ കിട്ടാത്തതിനെപ്പറ്റിയും മണ്ണെണ്ണവർമാർ ഇപ്പോൾ പരാതിപറഞ്ഞതു നാം കേട്ടുവല്ലോ. തന്റെ സമയംമുഴുവനും പ്രിൻസിപ്പാളിന്റെജോലിക്കു വിനിയോഗിക്കാൻകഴിയുന്നതുകൊണ്ടാണ് പ്രിൻസിപ്പാൾ ആയിരുന്നാൽമാത്രമേ ഈ സ്ഥിതികൾക്കു പരിഹാരമുണ്ടാക്കാൻ സാധിക്കുള്ളൂ. സ്ഥാപനത്തിന്റെ മേൽഗതിക്കു വേണ്ടതെല്ലാം ചെയ്യാൻ അദ്ദേഹം സന്നദ്ധനായിരിക്കണം. എന്നാൽ ഇപ്പോൾ പ്രിൻസിപ്പാളിനു മുഴുവനായി ഒരു മണിക്കൂറെങ്കിലും അദ്ധ്യാപനം ഉണ്ടെന്നുംവരാം, ഇല്ലെന്നുംവരാം ഉള്ളതുകൊണ്ടാണ് ചെല്ലുന്നവഴിക്കുചെല്ലും. അദ്ദേഹം ചിലപ്പോൾ അവിടെവന്നു എന്നുവരാം. ഞങ്ങടെയാണ്ടിപ്പോൾ അവിടെ ജോലി നിർവഹിച്ചുവരുന്നു. അതുകൊണ്ട് ഈ സ്ഥാപനത്തെ നാം നന്നാക്കുകയാണുദ്ദേശിക്കുകയാണെങ്കിൽ ചെയ്യണമെന്നു ഞാൻ പറയുന്നു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അഡ്രാസനർ ഒരു ചോദ്യം ചോദിക്കാതിരുന്നെങ്കിൽ ഞാൻ ഈ ഉപക്ഷേപത്തെപ്പറ്റി ഒന്നും പറയാൻ എഴുന്നേൽക്കയില്ലായിരുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: ഞാൻ വ്യസനിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാകാളേജിലെ ഇപ്പോഴത്തെ പ്രൊഫസർമാർ ഈ തലസ്ഥാനത്തുള്ള വക്കീലന്മാരിൽനിന്നു പ്രഥമഗണനീയന്മാരാണെന്നുള്ളസംഗതി എല്ലാവർക്കും അറിയാവുന്നതാണ്.

മി. മത്തു മുതിക്കൽ (കൊല്ലം): വിദ്യാർത്ഥികൾക്കു അതു അത്രയ്ക്കൊളം നല്ലതാണെന്നു തോന്നുന്നില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വാദം ഞാൻ പൂർത്തിയാക്കിക്കൊള്ളട്ടെ. ലാകാളേജിലെ അദ്ധ്യാപനം നിസ്സാരമാണ്. മദ്രാസ് ലാകാളേജിലെ പരീക്ഷാഫലത്തോടു ഇവിടത്തെ പരീക്ഷാഫലം ഒത്തുനോക്കുമ്പോൾ ഇതു പ്രത്യക്ഷമാകും.

മി. ഡി. സി. ജേസഫ് (അഗസ്തീശ്വരം): ശതമാനം എത്രയാണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മദ്രാസ് ലാകാളേജിനോടു താരതമ്യപ്പെടുത്തിനോക്കിയാൽ നമ്മുടെ പരീക്ഷാഫലം നിസ്സാരമാണ്, അദ്ധ്യാപനം ചീത്തയാകുകകൊണ്ടാണോ പരീക്ഷാഫലവും ചീത്തയായിപോകുന്നതെന്നാകുന്നു എന്റെ വാദം, ഇതിനുള്ള ഏക പരിഹാരമാർഗ്ഗം തിരുവനന്തപുരം അദ്ധ്യാപനം നൽകുന്ന പ്രൊഫെസർമാരെ നിയമിക്കയാണ്.

ഡിപ്യൂട്ടിപ്രെസിഡന്റ്: മദ്രാസ് ലാകാളേജിലെ പ്രിൻസിപ്പാൾ ഒഴികെ ശേഷം പ്രൊഫെസർമാർ അവിടെ തിരുവനന്തപുരം അദ്ധ്യാപനജോലി ചെയ്യുന്നവരാണോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ല. എന്നാൽ അവർ അവിടെ പ്രൊഫെസർമാരായിനിയമിക്കുന്നതു പ്രഥമഗണനീയന്മാരായ വക്കീലന്മാരെയല്ല. അതുകൊണ്ടു അവർക്കു ലാകാളേജ് ജോലിക്കു വേണ്ടസമയംഉണ്ടു. എന്നാൽ ഇവിടെ കേസ്സുകിട്ടുള്ള വക്കീലന്മാരെ നിയമിക്കുന്നതുകൊണ്ടാണ് പ്രയാസം. ഒരു വക്കീലിനു ഹൈ കോർട്ടിലെ കൊഫക്കോടതിയിൽ ഹാജരാകാനുണ്ടായിരിക്കെ ഹൈ കോർട്ടിലെ ലാകാളേജിൽ ജോലിചെയ്യുന്നതെങ്ങിനെയാണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. പ്രൊഫസ്സർപ്പാദം ഒരു ക്ലിപ്തമായ ആദായമാർഗ്ഗമായി കരുതിക്കൊണ്ടു അദ്ദേഹം തന്റെ വക്കീൽജോലിയിൽ അധികം ശ്രദ്ധ പതിക്കാതിരിക്കയില്ല.

മി എസ്. പിറയിപ്പള്ളമാഠംപിള്ള (വ്യാപാരവും വ്യവസായവും തെക്കു): പരീക്ഷാഫലം ചീത്തയായിപോകുന്നതിനു വിദ്യാർത്ഥികളും ഉത്തരവാദികളാണെന്നു മേമ്പർ ഗ്രഹിക്കുന്നില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതും എന്റെ അഭിപ്രായത്തിനു അനുകൂലമായ ഒരു വാദമാണ്. ഉപക്ഷേപത്തെ അവതരിപ്പിച്ചു മെമ്പറും അനുകൂലിച്ചുമെമ്പറും പ്രസ്താവിച്ചപ്രകാരം പ്രവേശനം കൊടുക്കുന്നസംഗതിയിലുള്ള പ്രയാസത്തിനുള്ള പരിഹാരമാർഗ്ഗം ഈ കാളേജിനെ തിരുവനന്തപുരം പഠിത്തമുള്ള ഒരു സ്ഥാപനമാക്കുകയാണ്. ഇവിടെ നാം മദ്രാസ്കാളേജിലില്ലാത്ത ഒരുസ്വാതന്ത്ര്യമെങ്കിലും വിദ്യാർത്ഥികൾക്കു കൊടുക്കുന്നുണ്ട്. മദ്രാസിൽ ഫസ്റ്റ്, സെക്കൻഡ്, പരീക്ഷയ്ക്കു തോറ്റുപോകുന്ന വിദ്യാർത്ഥികളെ ബി. എൽ. ക്ലാസിൽചേരുന്നതു വിലക്കുന്നില്ല. അതുകൊണ്ടു ഈ പ്രദേശം നൽകുന്നതിനായുള്ള പ്രയാസവും കാളേജിൽ സ്ഥലം പോരാതെവരുന്നതും ഈ സമ്പ്രദായംകൊണ്ടു പരിഹരിക്കുന്നതു. കൂടാതെയും പ്രൊഫെസർമാർ പഠിപ്പിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതു തൽക്കാലത്തെ വിധികളാൽ ഉണ്ടായിട്ടുള്ള നിയമമല്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: നാം അനാവശ്യവിവരണങ്ങളിലേക്കാണു പോകുന്നതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ല, സർ, ലാകാളേജ് പ്രൊഫസർമാർ വക്കീലന്മാരിൽ പ്രമാണികളായിരിക്കണമെന്നില്ലെന്നാണ് ഞാൻ ബോധിപ്പിക്കുന്നതു. നേരെമറിച്ചു ഹിന്ദുനിയമവും അവകാശശാസ്ത്രവും ശാസ്ത്രീയമായിട്ടാണ് പഠിപ്പിക്കേണ്ടതു. ഇതു മദ്രാസ്സർവകലാശാലക്കീഴ് സമ്മതിക്കയും പ്രൊഫെസർമാർ പ്രധാനപരീക്ഷകന്മാരായിരിക്കണമെന്നിരിക്കുന്ന പ്രവ്യാപനംചെയ്യുകയും ചെയ്തിട്ടുണ്ടു. ലാകാളേജ് അദ്ധ്യാപനത്തിൽ പ്രായോഗ്യം നിയമങ്ങളുടെ ശാസ്ത്രീയരാജ്ഞിതായിമിക്കണം; അല്ലെങ്കിൽ പ്രമാണങ്ങൾക്കു വേണ്ടുന്നപ്രാധാന്യം കൊടുക്കാൻ കഴിഞ്ഞെന്നില്ല. ലാകാളേജ്പ്രൊഫസർമാർ പഠിപ്പിക്കണമെന്ന ഉദ്ദേശിച്ചിട്ടുള്ളതു യിയങ്ങളും തൽക്കാലം എങ്ങനെയാകണമെന്നുള്ളതല്ല. നിയമങ്ങളുടെ ചരിത്രമാണു, ഫുട്പ്പാത്തെസ്ഥിതിയിൽ അമിഷോകറുജാഡിയാരാളുമുള്ളവക്കു അവർ പഠിപ്പിക്കേണ്ടവിഷയങ്ങളും ശരിയായി പഠിപ്പുകൊണ്ടു വരാൻസാധിക്കയില്ല. മിസ്റ്റർ താണുപിള്ള പറഞ്ഞപ്രകാരം ഈ കാളേജ് ഒരു വൈറ്റ് ഹാജരുകാരുള്ളാണ്. ഹാജരിട്ടാൻ മാത്രമാണ് വിദ്യാർത്ഥികൾ ഇവിടെവരുന്നതു. അതും ഈ കാളേജിലെ അദ്ധ്യാപനം ശരിയാകിയിട്ടുണ്ടെന്നു കാണിക്കുന്നു. അതുകൊണ്ടു കാളേജ് തിരുവനന്തപുരം അദ്ധ്യാപനമുള്ള ഒരു സ്ഥാപനമാക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ പറഞ്ഞുതുടങ്ങിയതു. നാലോ അതിലധികമോ പ്രൊഫസർമാരെ നിയമിച്ചു അവർക്ക് ഹൈർസ്കാളേജിലെ പ്രൊഫെസർമാർക്കു കൊടുക്കുന്നതിലധികം കൊടുക്കണം. ചില പ്രൊഫെസർമാർ ചില പ്രത്യേകവിഷയങ്ങൾ പഠിപ്പിക്കുന്നവരായിരിക്കണം. അവരുടെ അനുപമ പ്രസംഗങ്ങളും വിദഗ്ധന്മാരുടെക്കൊണ്ടു തക്കതായ പ്രതിഫലത്തിനു കൊടുപ്പിക്കണം. ഇങ്ങനെയൊരുപദ്ധതിയിൽ ലാകാളേജ് പുനസ്സംഘടനംചെയ്യാതെ അതിനെപ്പറ്റിയുള്ള പരാതികൾ അവസാനിക്കയില്ല. ലാകാളേജ് എങ്ങനെയെങ്കിലും പരിഷ്കരിക്കണമെന്ന വിചാരമായി ഉപക്ഷേപിച്ചുകൊണ്ടു ഞാനീ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. താണുപ്പിള്ളൈ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മി. ആശാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപം ലാക്കാളേജിലും ഹോസ്റ്റലിലുമുള്ള പ്രവേശനോത്സവസംബന്ധിച്ചുള്ളതാണ്. ഞാൻ ചിലദിവസങ്ങളിൽ മി. ആശാനുമായി യോജിക്കുന്നില്ല. മദ്രാസിലെ ഇഞ്ചിനീയറിംഗ്കോളേജിലും മറ്റും അവിടെയുള്ളവർക്ക് പ്രവേശനംകൊടുക്കുന്നുപോലെ നമ്മുടെനാട്ടുകാർക്ക പ്രവേശനംകിട്ടുന്നില്ല. അന്യദേശീയർക്ക് നമ്മുടെചില കോളേജുകളിൽ പ്രവേശനംകൊടുക്കുന്നു നമ്മുടെ വിദ്യാർത്ഥികൾക്ക മുൻവൻപ്രവേശനം കൊടുത്തശേഷം വേണ്ടതാണ്. അല്ലാപോലെയല്ലാതന്ന ലാക്കാളേജ്ഹോസ്റ്റലിലും നമ്മുടെ നാട്ടുകാരായ വിദ്യാർത്ഥികൾക്ക പ്രവേശനത്തിൽ കിയതിനുമേലെ വിദേശികൾക്ക് നൽകാവു.

മി. കുഞ്ചാപരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): ചിലവിദ്യാർത്ഥികൾക്ക് ലാകാളേജിൽ പ്രവേശനംനൽകാത്ത സംഗതിയിൽ നമ്മുടെഗ്രഹ പതിപ്പിക്കുന്നതിനായിട്ടാകുന്നു മി. ആശാൻ ഈഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. മി. ആശാൻപ്രസ്താവിച്ച സാധാരണതത്വങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നഎന്നപറവാൻ എനിക്കുവളരെസന്തോഷമുണ്ട്. വിദേശിയരെ, അവർ വിദേശീയരാകകൊണ്ടു ഉപേക്ഷിക്കാൻ പാടില്ലെന്നും ഞങ്ങൾക്കും സമമാണെങ്കിൽ തിരുവിതാംകൂർകാരെയാണ് പ്രോത്സാഹിപ്പിക്കേണ്ടതെന്നും പ്രവേശനത്തിന്ന അപേക്ഷിക്കുന്നവർ തിരുവിതാംകൂർകാരനായിരുന്നാലും തിരുവായിച്ചുസമയംകഴിഞ്ഞും അപേക്ഷകന്മാർക്ക പ്രവേശനംനൽകിയശേഷവും പ്രവേശനത്തിന്നുവന്നാൽ അവരെ സ്വീകരിപ്പിച്ചുപദേശിക്കുന്നില്ലെന്നും അദ്ദേഹംപറഞ്ഞു. ഈപ്രമാണങ്ങളേയുദ്ദേശിച്ചുകൊണ്ടു കാഞ്ഞിരപ്പള്ളിതാലൂക്കിന്റെ സ്ഥിതി എങ്ങനെയാകുമിരിക്കുന്നു എന്ന ഞാൻ ശോധനചെയ്യാം. ലാകാളേജ് ജൂലായി ൧-ന- തുറന്നു. ൧൦-ന- അപേക്ഷകന്മാർക്ക പ്രവേശനംകൊടുത്തുകഴിഞ്ഞു. ആസമയംകൊണ്ടു എഫ്. എൽ. ക്ലാസിൽ ൨൦൦ വിദ്യാർത്ഥികൾക്ക് പ്രവേശനംനൽകി. അതിന്റെശേഷമാണ് പ്രവേശനം കിട്ടിയില്ലെന്ന പറയുന്ന തിരുവിതാംകൂർ വിദ്യാർത്ഥികൾ പ്രവേശനത്തിനുവന്നതു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): കഴിഞ്ഞവർഷം പ്രവേശനം അവസാനിപ്പിച്ചതു എന്നാണെന്ന പറയുമൊ?

മി. കുഞ്ചാപ പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): ആവിവരം എന്റെറ പക്കൽ ഇല്ല.

ഡിപ്പൂട്ടി പ്രസിഡണ്ടു: നാം ഈയാണ്ടത്തെ കാര്യമൊന്നല്ലാ പറയുന്നതു.

മി. കുഞ്ചാപ പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): അതിനതു പ്രാധാന്യമില്ല. തിരുവിതാംകൂർകാർ പ്രവേശനത്തിന വന്നപ്പോൾ ൨൦൦ വിദ്യാർത്ഥികൾവരെ പ്രവേശനം കഴിക്കുകഴിഞ്ഞിരിക്കുന്നു. മി. ആശാന്റെറ പ്രമാണപ്രകാരം തന്നെ സ്ഥലമവസാനിപ്പിച്ചില്ലെങ്കിൽ സമയംകഴിഞ്ഞു പ്രവേശനത്തിനുവരുന്ന തിരുവിതാംകൂർകാക്ക പ്രവേശനംനൽകിട്ടാവശ്യമുണ്ടായില്ല. അതിൽ ഞങ്ങൾക്കു പരാതിയുമില്ല. ഇതിനുംപുറമെ ഈവിദേശീയർ പ്രവേശംസ്വീകരിച്ച് ഫീസും കൊടുത്തുകഴിഞ്ഞു. തിരുവിതാംകൂർകാക്ക പ്രവേശനം നൽകുന്നതിനായി പ്രിൻസിപ്പാലിനൊ മറവരണ്ടാൻതികൊ ഇവരെ പുറത്തു കി സ്ഥലമുണ്ടാക്കാൻ സാധിക്കുമൊ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാഞ്ഞിരപ്പള്ളിയും): സമയംകഴിഞ്ഞു. സ്ഥലം ഇല്ലെങ്കിൽ മാത്രം തിരുവിതാംകൂർകാക്ക പ്രവേശനം നൽകീട്ടാവശ്യം ഇല്ലെന്നാണ് ഞാൻപറഞ്ഞതു.

മി. കുഞ്ചാപ പരമേശ്വരൻപിള്ള അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): അതല്ല ഞാപ്രമാണത്തെ സരിച്ചുതന്നെ ഈ തിരുവിതാംകൂർകാക്ക പ്രവേശനംനൽകാൻ സാധിക്കുമില്ലെന്നാണ് ഞാൻ പറയുന്നതു. വിദേശീയരെ പുറത്തിറക്കീട്ടു തിരുവിതാംകൂർകാക്ക പ്രവേശനം നൽകണമെന്ന മി. ആശാൻ പറകയുള്ളുവല്ലൊ. ൨൦൦ വിദ്യാർത്ഥികൾക്ക പ്രവേശനംനൽകുകയും അവർ എല്ലാവരും ഫീസ് കൊടുത്തിരിക്കയും ചെയ്തുപോയാൽ പിന്നെ പ്രിൻസിപ്പാലിന എന്തുചെയ്യാൻകഴിയും? ജൂലായി ൧൦-ന-ക്കുള്ളിൽ ൨൦൦ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിക്കഴിഞ്ഞുഎന്ന ഞാൻ പറഞ്ഞല്ലൊ. അതിനുശേഷം പ്രിൻസിപ്പാലിന്ന യാതൊന്നുംചെയ്യാൻ കഴികയില്ലായിരുന്നു. മിസ്റ്റർ ദാമോദരൻആശാന്റെറ പ്രമാണം ഞാൻ സ്വീകരിക്കുന്നു. അല്ലപ്രകാരംതന്നെ ഇക്കാര്യത്തിൽ പ്രിൻസിപ്പാൽചെയ്തതിൽ യാതൊരുതെറവും ഞാൻ കാണുന്നില്ല.

മി. ഏ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും—കാഞ്ഞിരപ്പള്ളിയും): ക്ലാസുകൾ മാറിക്കിട്ടണമെന്ന പറഞ്ഞതിനെപ്പറ്റി എന്താണ് പറയുന്നതു?

മി. കുഞ്ചാപ പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): വലിയമുറികൾഉണ്ടെങ്കിൽ ക്ലാസുകൾ അവയിൽ മാറിമാറിഇടണമെന്ന മിസ്റ്റർ കുഞ്ഞുപിള്ള പ്രത്യേകമായി പറയുകയുണ്ടായി. അപ്രമാണവും ഞാൻ സ്വീകരിക്കുന്നഎന്ന പറവാൻ വിട്ടുപോയി. ഇതിനെപ്പറ്റി ആലോചിക്കണമെന്ന പ്രിൻസിപ്പലിനോടാജ്ഞാപിച്ചു ബി. എൽ. ക്ലാസും നിറഞ്ഞുപോയി എന്നാണ് അദ്ദേഹംപറഞ്ഞതു. ബി. എൽ ക്ലാസിൽ ൧൫൦ വിദ്യാർത്ഥികൾ മാത്രമെയുള്ളഎന്നാണ മിസ്റ്റർ കുഞ്ഞുപിള്ള പറഞ്ഞതു. എന്നാൽ പ്രിൻസിപ്പൽ റിപ്പോർട്ടുചെയ്തിട്ടുള്ളതു ബി. എൽ. ക്ലാസിൽ ൧൯൫ വിദ്യാർത്ഥികളും എഫ്. എൽ. ക്ലാസിൽ ൨൦൨ വിദ്യാർത്ഥികളും ഉണ്ടെന്നാണ്.

മി. വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല), ൨൨-ൽ കാണുന്നു.

മി. കുഞ്ചാപ പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): അതെ; രണ്ടുക്ലാസുമുറികളും ഒരേവലിപ്പമുള്ളവയാണെന്നും അദ്ദേഹംപറയുന്നു. അങ്ങനെയാണെങ്കിൽ ക്ലാസുകൾ മാറിമാറിഇടുകകൊണ്ടു എന്തുഗുണമാണുണ്ടാകുന്നതുള്ളതെന്നു എനിക്ക മനസ്സിലാകുന്നില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയുംകാഞ്ഞിരപ്പള്ളിയും): ബി. എൽ. ക്ലാസുമുറിയിൽ ഫർണീച്ചർ-ൻ൨൯-ൽ ൨൨ വിദ്യാർത്ഥികൾ പഠിച്ചിരുന്നോഎന്ന പറയുമോ?

മി. കുഞ്ചാപ പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്കാർവക്കീൽ): അതിനെപ്പറ്റിഎനിക്ക നിശ്ചയമില്ല. രണ്ടുമുറികളും ഒരേവലിപ്പമുള്ളവയാണെന്നും ക്ലാസുകൾ അന്യോന്യം മാറിയിട്ടുകൊണ്ടു ഗുണമൊന്നുണ്ടാകുന്നതില്ലെന്നും പ്രിൻസിപ്പാൽപറയുന്നു.

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ലാക്കാളേജ് കെട്ടണ്ടേറി ൽ പറഞ്ഞിട്ടുള്ള സംഖ്യകൾ അദ്ദേഹം വിശ്വസിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സ്ക്കാർവക്കീൽ): ആപ്പുസ്തകത്തിൽ ഞാൻതോ കീട്ടില്ല. ഈസംഗതി എൻറെഴുത്തിയിൽ പ്രത്യേകമായി കൊണ്ടുവന്നിരുന്നുഎങ്കിൽ ആസംഖ്യതോക്കി അതി നെസംബന്ധിച്ചു പ്രിൻസിപ്പലിൻറെ സമാധാനം വങ്ങുവാൻ കഴിയുമായിരുന്നു.

ഡപ്യൂട്ടിപ്രസിഡണ്ട്: ഇപ്പോൾ അവർ വിദ്യാർത്ഥികളോട് കരെക്കുടി ഒയ കാണിക്കുന്നു എ ന്നെയുള്ളൂ.

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): മറികടം ചെയ്തായിപ്പോ കയില്ലല്ലൊ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): നിശ്ചയിതാംകൂർകാക്ക പ്ര വേശനം നിഷേധിക്കുന്നതിൽ പ്രിൻസ്പ്പാളിൻറെ ഉദ്ദേശം എന്താണിരിക്കും?

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): അതുതന്നെയാണ എ ന്റേയും പ്രയാസം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): യഥാർത്ഥം സ്ഥലം ഈപ്പ ണ്ടുള്ളതാണ്. "തിരുവിതാംകൂർ വിദ്യാർത്ഥികം അപേക്ഷിക്കേണ്ട സമയം അപേക്ഷിച്ചിരുന്ന എങ്കിൽ അവ ക്ക പ്രവേശനം കിട്ടുമായിരുന്നു" എന്ന പ്രിൻസിപ്പൽ അദ്ദേഹത്തിൻറെ എഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): അതൊരാശ്വാസമുള്ളതുമ ല്ലല്ലൊ.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ലാക്കാളേജിൽ ഫീസ് പോകേ പ്രത്യേകനേട്ടമുള്ള എന്നു എവിടെയെങ്കിലും പ്രസിദ്ധംചെയ്തിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): അങ്ങനെ പ്രസിദ്ധംചെ യ്തിട്ടുണ്ടെന്നു തോന്നുന്നില്ല. വിദ്യാർത്ഥികം നിശ്ചിതസമയത്തുവന്നാൽ അവക്ക പ്രവേശനംകിട്ടും. സ്ഥലം ഇ ല്ലാതെവരുമ്പോൾ പ്രിൻസിപ്പാൽ എന്തുചെയ്യും?

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ക്രൈസ്തവ-ഹൈ ന്ദവ വിദ്യാർത്ഥികൾക്ക സ്ഥലമുണ്ടായിരുന്ന ബി. എൽ. ക്ലാസിൽ ഇപ്പോൾ ഹൈന്ദവ വിദ്യാർത്ഥികളെ ചേർക്കാ ൻ പാടില്ലാത്തതു എന്തുകൊണ്ടാണെന്ന ഗവർണ്മെൻറ പ്രിൻസിപ്പാലിനോട് എഴുതിച്ചോദിച്ചുവോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഇക്കാര്യം പ്രിൻസിപ്പാ ലിൻറെ ഇഷ്ടിയിൽ കൊണ്ടുവരണമെന്നുണ്ടെങ്കിൽ അങ്ങനെചെയ്യാം. എന്നാൽ അദ്ദേഹത്തോട് അതിനെപ്പ റി പ്രത്യേകമായി ചോദിച്ചിട്ടില്ല.

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): മെമ്മോറിയലിൽ അതി നെപ്പറ്റി വല്ലതും പ്രസ്താവിച്ചിരുന്നുവോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): ഇല്ല. മെമ്മോറിയൽ ബോധിപ്പിച്ചവരുടെ പ്രതിനിധിയായിവന്ന മിസ്റ്റർ കൃഷ്ണപിള്ളയും തലേയാണ്ടിൽ ആ മുറിയിൽ ഫീവു വിദ്യാ ർത്ഥികളെവച്ചു പഠിപ്പിച്ചിരുന്ന എന്ന ആ സമയം പ്രസ്താവിച്ചില്ല. അങ്ങനെ ചെയ്തിരുന്ന എങ്കിൽ ജീവ്യാ യും പ്രിൻസിപ്പാലിൻറ ശ്രദ്ധയെ അതിലേക്ക ആകർഷിക്കയും അതിനെപ്പറ്റി അദ്ദേഹത്തിൻറെ സമാധാനം ചോദിക്കയും ചെയ്യുമായിരുന്നു. ഈ കാരണ കൊണ്ടുതന്നെ പ്രിൻസിപ്പാലിൻറെ സ്ഥിതി, യഥാർത്ഥപ്രയാസം പ്രൊഫസർമാർ കൂടു തൽ ശ്രമിച്ചിട്ടും ശ്രമിക്കയും അതുകൊണ്ടു അധികം വിദ്യാർത്ഥികളെ ചേർക്കാതിരിക്കയും ചെയ്യുന്നതാണെ ന്നും മിസ്റ്റർ മാമോദരൻആശാൻ സൂചിപ്പിക്കയുണ്ടായി. ഈ സൂത്രങ്ങളൊന്നും ഞാൻ ബോധിപ്പിച്ചുകാണുന്നു. ഈ പ്രസ്താവത്തിൽ ഏതാണ്ടെല്ലാം സത്യം ഉണ്ടായിരിക്കാം, കാരണം ഇങ്ങനെയാണ്. ഒരു ഡിവിഭാഗം ക്ലാസ്സുകളെ ഡിവിഷനായി വിഭജനംചെയ്തു ഒരു ഡിവിഷനുചെയ്ത പ്രസംഗം മറെറ ഡിവിഷനിൽ ആവർത്തി ക്കണമെന്നു പ്രൊഫെസർമാരോട് ആവശ്യപ്പെടുകയാണെന്നു പ്രിൻസിപ്പാൽ ഒരഭിപ്രായം പറഞ്ഞു. അങ്ങനെ ചെയ്താൽ പ്രൊഫസർമാർ കൂടുതൽ സമയം ചോദിക്കുമെന്നുള്ളതു സ്വഭാവികമാണ്. ഒരു ക്ലാസ്സിൽവച്ചു ഫീവു വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനു കൂടുതൽ സമയം അവർ ആവശ്യപ്പെട്ടിട്ടില്ല.

മി. എ. എൻ. മാമോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ക്ലാസ്സു മുറികടം മാറ യിട്ടാൽ കുറെ വിദ്യാർത്ഥികൾക്കുകൂടെ പ്രവേശനംനൽകുവാൻ കഴിയുമെന്നു പ്രിൻസിപ്പാലിനു അഭിപ്രായമായിരുന്നു ങ്കിൽ അങ്ങനെ ചെയ്യുന്നതിനു അദ്ദേഹത്തിൻറെപേരിൽ ഒരു മെമറാണ്ടമയച്ചോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): അങ്ങനെയുള്ള സങ്കല്പമുണ്ടായി രുന്നു. ഇക്കാര്യത്തിൽ ആ സംഗതി ആലോചിച്ചതാണ്. എന്നാൽ ക്ലാസ്സുമുറി അല്പമായും മാറിയിട്ടും ഈ വിദ്യാർത്ഥികളെ ചേർക്കാൻ സാധിക്കയില്ലെന്നാണകണ്ടതു. സർ, തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക പ്രവേശനംകിട്ടാതെചെയ്യുന്ന കഷ്ടം തന്നെയാണു. എന്നാൽ സംഗതികളുടെ യഥാർത്ഥസ്ഥിതി നോക്കണം. മ റ്റുസ്ഥാപനങ്ങളിൽ സങ്കടം ഉണ്ടാകുവാനുള്ളതാണ്. അങ്ങനെയവരുമ്പോൾ നമുക്ക സഹതാപം പ്രദർശിപ്പി ക്കാമെന്നേയുള്ളൂ. എന്നാൽ അതു ആക്ഷേപത്തിനു കാരണമാക്കുന്നതല്ല.

ഡിപ്യൂട്ടി പ്രസിഡൻറ: കോളേജിനു മതിയായ വരവുണ്ടെങ്കിൽ ക്ലാസ്സുകടം വിഭജനംചെയ്യുകൂടയോ മി സ്റ്റർ പരമേശ്വരൻപിള്ളേ? പണത്തിൻറെ കാര്യംനോക്കിയാൽ ഗവർണ്മെൻറിനു നഷ്ടമില്ലല്ലോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): സർ, അതൊരു വിശാല മായ വിഷയമാണ്.

ഡിപ്യൂട്ടി പ്രസിഡൻറ: ഒരന്വേഷണം ആവശ്യമായിരിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): അന്വേഷണം ആവശ്യമാ ണ്. എന്നാൽ ഒരുകാര്യം ആലോചിക്കാനുണ്ട്. ഈ വിദ്യാഭ്യാസസ്ഥാപനങ്ങളെ ഒരു വ്യാപാരകാര്യമായി വി

ചേരി ക്കാൻ പാടില്ല. തിരുവിതാംകൂർ വിദ്യാർത്ഥികൾക്ക പ്രവേശനം കിട്ടുന്നില്ലെങ്കിൽ അവക്ക ആവശ്യമുള്ള സ്ഥലം ഉണ്ടാക്കികൊടുക്കേണ്ടതു ഗവർണ്മെന്റിന്റെ ധർമ്മമാണ്. എന്നാൽ ഈ കാര്യത്തിൽ യഥാർത്ഥമായി സംഭവിച്ചതു വിദ്യാർത്ഥികൾ സമയത്തെറിവന്ന എന്നുള്ളതാണ്. അവർ നിശ്ചിതസമയത്തിനുള്ളിൽ വന്നിരുന്ന എങ്കിൽ അവക്ക നിശ്ചയമായും പ്രവേശനം കിട്ടുമായിരുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): എനിക്കിതിൽ വലിയ സംശയമുണ്ട്. വിദ്യാർത്ഥികളുടെ തെറ്റാണോ അതല്ല കാര്യേജ് അഡ്മിനിസ്ട്രേഷന്റെ തെറ്റാണോ ഇത്? ഇതുപോലെ പ്രവേശനമുള്ള എന്നു ഡിസ്ക്ലോട്ടി അറിയിക്കേണ്ടതല്ലേ?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): അതുകൊണ്ടു ഗുണമുണ്ടാകാനില്ല. ഈ വിദ്യാർത്ഥികൾക്ക പ്രവേശനം കൊടുക്കുകയുള്ള എന്നു ഗസറിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തണമെന്നാണ് മെംബർ പറയുന്നതെങ്കിൽ മേലാൽ അങ്ങനെ ചെയ്യാം. എന്നാൽ അതുകൊണ്ടു ഈ വ്യവസ്ഥയും ഗവാറന്റിപ്പോലെ ദുഷ്പ്രഭോഗങ്ങളിലുള്ള വിദ്യാർത്ഥികൾക്ക എങ്ങനെയാണ് ഗുണം സിദ്ധിക്കുന്നതു?

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഇതറിഞ്ഞിരുന്നാൽ ഈ നാട്ടിലുള്ള അദ്ധികൃതർക്ക ഉപദേശം കൊടുക്കുമായിരുന്നു.

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): എന്നാലും അവർ നിശ്ചിതസമയത്തിനുള്ളിൽ വരണം.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): പോരാത്തേക്ക സ്ഥലമുള്ള എന്നറിഞ്ഞിരുന്നാലല്ലേ അവക്ക മുൻപിൽക്കൂട്ടി അപേക്ഷിക്കാൻ സാധിക്കയുള്ളൂ.

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): ഒരു പരസ്യം പ്രസിദ്ധപ്പെടുത്തിയാലും തിരുവല്ലായിലുള്ള ഒരാൾക്ക താൻ തിരുനെന്തപുരത്തു എഴുത്തുമുമ്പേ ഏതുപരീക്ഷ ക്ലാസിൽചേർത്തു പോയി എന്നോ അടുക്കുകിൽ ഏതു തീയതിക്ക അപ്ലിക്കേഷനയച്ചിട്ടുള്ള എണ്ണം വിദ്യാർത്ഥികൾതികഞ്ഞുപോയി എന്നോ എങ്ങനെ അറിയാൻകഴിയും?

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഗസറിൽ പ്രസിദ്ധപ്പെടുത്തിയാൽ പോരാ. ന്യൂസ് പേപ്പർകളിലും പ്രസിദ്ധംചെയ്യണം.

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): ഇവിടെ ഏതുപോരെ ചേർത്തുകഴിഞ്ഞു എന്നു അവർ എങ്ങനെ അറിയും?

മി. മരുതറിനാൾ രാമവർമ്മരാജാ (എടവക): കോളേജുതി മുമ്പു അപേക്ഷകൾ അയക്കുമല്ലോ.

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): സ്ഥലം കുറവാണെന്നു എല്ലാവർക്കും അറിയാമല്ലോ. അതുകൊണ്ടവർ സമയത്തിന്നുവരണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു നിശ്ചിതതിയ്യതിക്ക പ്രവേശനം കൊടുക്കുന്നതു നിയന്ത്രണമെന്ന വല്ല പരസ്യവുമുണ്ടോ?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): ഇല്ല. ഉണ്ടെന്നതോന്നുന്നില്ല.

മി. എ. എസ്. മാത്തോമൻ അലക്സാണ്ടർ (മാർത്തോമാക്രിസ്ത്യാനികളുടെയും കോട്ടയംകോളേജിന്റെയും): കഴിഞ്ഞവർഷം പ്രവേശനംകൊടുക്കുന്നതു നിയന്ത്രിയമായ എപ്പോഴാണെന്ന പറയുമോ?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): എനിക്കറിവില്ല. ഈയവസരത്തിൽ നിശ്ചയിച്ച തീയതിയെ എന്തൊപക്ഷങ്ങൾ ഉള്ളതു.

ഇതി മി. തണ്ടപിള്ളയും മി. നീലകണ്ഠപ്പിള്ളയും പറഞ്ഞ സംഗതികളും നടപ്പിൽവരുത്തുന്നതിനു ഈ സ്ഥലപരിമിതത്തെ ആകപ്പാടെ പുനഃസ്സംഘടനം ചെയ്യേണ്ടതിനുവേണ്ടി അപേക്ഷകളും ചെയ്യാമെന്നും മി. ആശാന്റെ ഉപക്ഷേപത്തിന്റെ വിഷയമായ പരാതിക്ക പരിഹാരം ഉണ്ടാകയുമില്ല.

മി. മാത്തൂമൂശിക്കുട്ടൻ (വൈക്കം): ഉപക്ഷേപത്തിന്റെ ഉദ്ദേശം എന്താണെന്നാണ് മാമെമ്പർ പറയുന്നതു?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): ഈ വാദപ്രതിവാദങ്ങളിൽ രണ്ടു സംഗതികളാണ് വാദവിഷയമായിത്തീർന്നിട്ടുള്ളതു. അതുകൊണ്ടു സദ എന്തിനെപ്പറ്റിയാണ് വോട്ടു ചെയ്യേണ്ടതെന്നതിനെപ്പറ്റിയും തെറ്റിധരിക്കുന്നതിനുള്ള സംഗതിയുണ്ടാകുന്നതിനുവേണ്ടിയും ഇതുവരെ ഞാൻ പറഞ്ഞതു. അതുകൊണ്ടു വാദവിഷയങ്ങൾ വേർതിരിച്ചു രണ്ടും വ്യവസ്ഥകളാക്കണമെന്നു കാണിക്കയാണ്.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ക്രിസ്തുമസ്സ് ദിവസം മുഴുവനും പഠിപ്പിക്കുന്ന ഒരു സ്ഥാപനമാക്കിയാൽ വിദേശങ്ങളിൽനിന്നു ഇതുയധികം വിദ്യാർത്ഥികൾ വരുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): വരാതിരിക്കാൻ കാരണം കാണുന്നില്ല. പ്രയാസവും അസൗകര്യവും ഉണ്ടെങ്കിൽ അതു തിരുവിതാംകൂർകാർക്കുതന്നെ ആയിരിക്കും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അതിന്റെ ഫലമായി അവക്ക വേറൊരു ജോലിക്കുപോകാൻകഴിയാതെവരികയില്ലയോ?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): അതുകൊണ്ടുതന്നെയാണ് മി. തണ്ടപിള്ള പറഞ്ഞ പരിഷ്കാരങ്ങൾക്ക ഞാൻ വിരോധം പറയുന്നില്ലെങ്കിലും അവയുടെ മി. ആശാൻ പറഞ്ഞ സംഗതിയോടു സംബന്ധമില്ലെന്നു ചൂണ്ടിക്കാണിക്കുന്നതു.

മി. പി. തണ്ടപിള്ള (തിരുവനന്തപുരം): മദ്രാസിലെ കോളേജ്ദിവസം മുഴുവനും അദ്ധ്യാപനം ഉള്ള താകകൊണ്ടല്ലയോ മദ്രാസ് വിദ്യാർത്ഥികൾ നമ്മുടെ കോളേജിൽ വന്നുചേരുന്നതു?

മി. കുഞ്ഞമ്പു പരമേശ്വരൻപിള്ള (അഡിഷണൽ മെഡ്സക്കാർ വക്കീൽ): അങ്ങനെയായിരിക്കാം. രണ്ടാമതിനെ കാര്യം തീർച്ചയാണെങ്കിൽ ആ അഭിപ്രായം സ്വീകരിക്കുന്നതിനു എനിക്ക വിരോധമില്ല.

മി. തണ്ണപിള്ളയും മി. നീലകണ്ഠപ്പിള്ളയും പറഞ്ഞ സംഗതികളെപ്പറ്റി പ്രത്യേകം നോട്ടീസില്ലായിരുന്നതിനാൽ അവരെയപ്പറ്റിയുള്ള കടമ്പാസുകൾ എൻറെപക്കൽ ഇല്ല. മദ്രാസിലെ പ്ലീസംസ്ഥികന്മാർ ജൂനിയർ വക്കീലന്മാരാണെന്നു മി. നീലകണ്ഠപ്പിള്ള പറഞ്ഞതു ശരിയല്ല. ഒരുപ്പെട്ടം പ്ലീസംസ്ഥികന്മാർ പ്രമണപ്പെട്ട വക്കീലന്മാരും ഒരുപ്പെട്ടം പ്ലീസംസ്ഥികന്മാർ ജൂനിയർ വക്കീലന്മാരുമാണ്. ഇക്കാര്യത്തെപ്പറ്റി ഈയിട തൈക്കോടതിയും ഗവണ്മെൻറും ആലോചിക്കുകയുണ്ടായി. ഇപ്പോഴത്തെ വ്യവസ്ഥയാണ് തിരുവിതാംകൂറിലെക്ക ഉത്തമം എന്നാണ് അവർ തീർച്ചയാക്കിയതു. ഇക്കാര്യം പുനരാലോചനചെയ്യണമെന്ന സഭ അഭിപ്രായപ്പെട്ടനപക്ഷം ഒരു കമ്മീഷനെച്ചെയ്യുന്നതിനു വിരോധമില്ല. മദ്രാസിലെ വ്യവസ്ഥ ഇവിടത്തെ വ്യവസ്ഥയെക്കാൾ ഉത്തമമാണെന്നു കാണിപ്പാനുള്ള യാതൊരു കാരണവും പറഞ്ഞിട്ടില്ല.

ഡിപ്പ്യൂട്ടി പ്രസിഡൻറ്: ഈ വാദംസംബന്ധിച്ചു നടപടികൾ മാക്കാളേജിലേക്ക അയച്ചുകൊടുക്കമെന്നു വിചാരിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈഡ്സർക്കാർ വക്കീൽ): സഭ ആവശ്യപ്പെട്ടനപക്ഷം അതു കമ്മറ്റിക്കോടതിയിലേക്ക അയച്ചുകൊടുക്കുകയും അവർ കാര്യം പുനരാലോചനചെയ്യുകയും ചെയ്യും.

മി. ജെ. കേശവപിള്ള (കൊല്ലൂരരയും കുന്നത്തൂരും): ഇനിയെങ്കിൽ ഇതിനെപ്പറ്റി ആലോചിക്കുമോ എന്നു പറയുമോ? അതറിഞ്ഞ പ്രയാസം.

ഡിപ്പ്യൂട്ടി പ്രെസിഡൻറ്: സർവകലാശാലയോടും ആലോചിക്കേണ്ടതുണ്ട്.

മി. എ. എസ്. മുഹമ്മദരാജ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവിടെ ഒരു കോളേജ് കൌൺസിൽ (സഭ) ഇല്ല. കോളേജിൻറെ ഭരണം പ്രിൻസിപ്പാലിൻറെ ഇഷ്ടംപോലെയാകാം. പ്രിൻസിപ്പാൽ ന്യായരഹിതമായി ഒരു വിദ്യാർത്ഥിക്ക പ്രവേശനം നിഷേധിച്ചാൽ ഗവണ്മെൻറു ആ സംഗതി ആലോചിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈഡ്സർക്കാർ വക്കീൽ): കോളേജ് കൌൺസിലിനെപ്പറ്റി എനിക്കൊന്നും പറവാൻ സാധിക്കയില്ല. പ്രിൻസിപ്പൽ ന്യായരഹിതമായി പ്രവേശനംകൊടുക്കാതിരുന്നാൽ തീർച്ചയായും അതിനെപ്പറ്റി സമാധാനം ചോദിക്കും.

മി. എ. എസ്. മുഹമ്മദരാജ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അന്വേഷണംകഴിക്കാതെ അതു തീർച്ചയാക്കാൻകഴിയുമെന്നാണോ ലാമെമ്പരിൻറെ അഭിപ്രായം എന്നു ചോദിയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈഡ്സർക്കാർ വക്കീൽ): മി. കൃഷ്ണപിള്ളയുടെ തിരുവനന്തപുരത്തെ പ്രകാരം അതിനെപ്പറ്റി പ്രത്യേകമായി അന്വേഷണം നടത്തി. വിദ്യാർത്ഥികളുടെ ഒരു കമ്മേറിയൽ ഉണ്ടായിരുന്നു. ഈ സഭയിലെ സമർത്ഥനായ ഒരു മെമ്പറാണ് അതു സമർപ്പിച്ചതു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ സമയംകഴിഞ്ഞു മി. പരമേശ്വരൻപിള്ള; നിങ്ങളുടെ ഉപക്ഷേപത്തെപ്പറ്റി നിർബന്ധമുണ്ടോ മി. മുഹമ്മദരാജാൻ?

മി. പ്ലീ. എസ്. മുഹമ്മദരാജാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ കാര്യങ്ങളെപ്പറ്റി ആലോചിച്ചു കഴിയുംമുമ്പിൽ സങ്കടനിവൃത്തിയുണ്ടാക്കണമെന്നു പ്രിൻസിപ്പലിനോ തൈക്കോടതിക്കോ ഉടനെ എഴുതിഅയക്കാമെന്നു ലാമെംബർ ഉറപ്പുപറയുന്നപക്ഷം ഉപക്ഷേപം പിൻവലിച്ചുകൊള്ളാമെന്നു മാത്രമേ എനിക്കുപറയാനുള്ളു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹൈഡ്സർക്കാർവക്കീൽ): അതുചെയ്യാം.

മി. പ്ലീ. എസ്. മുഹമ്മദരാജാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്നാൽ ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം അനുവാദപൂർവകം പിൻവലിച്ചു.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

ഉപക്ഷേപം ൧൭൦.

മി. മുഹമ്മദലിൽ പാച്ചുപിള്ള.

൧൭൦. മാക്കാളേജിനെ അനുവദിച്ചിട്ടുള്ള ഫീസനു രൂപായിൽ ൧൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം ൧൭൮.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു. "മാക്കാളേജിലേക്ക അനുവദിച്ചിട്ടുള്ള ൻൽരസു രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണം".

ഇതാണ് ഞാൻ ഇവിടെ ഹാജരാക്കുന്ന ഉപക്ഷേപം. ധാരാളം കിസ്സുകളും ആദായവുമുള്ള യോഗ്യന്മാരും സമർത്ഥന്മാരുമായ അളുകളാണ് മാക്കാളേജിലെ പ്രിൻസിപ്പാളും മറ്റു പ്രൊഫസർമാരും. അവരുടെ പ്രധാനമായ ജോലി വക്കീൽപണിയാണ്. ആ വക്കീൽപണിയും സ്വതന്ത്രമായ നിയമാധ്യയനവും ക്ലേശമെന്നിയുന്നതുപക്ഷം അതു അത്ര ഉപദ്രവകരമായിരിക്കയില്ല എന്നാണ് എൻറെ അഭിപ്രായം. പഠിപ്പിക്കുന്നതിനുള്ള ടൈംടേബിൾ നിശ്ചയിക്കുന്നതു അവർക്ക കോടതിയിൽ പോകുന്നതിനുള്ള സൌകര്യം, അങ്ങനെ നടത്തുന്നതുകൊണ്ടുള്ള ജ്ഞാനം സമ്പാദിക്ക നോട്ടുകൾ തുടങ്ങിക്കുടുക്ക ഇവയ്ക്കുള്ള സൌകര്യം മുതലായവയെല്ലാം നോക്കീട്ടാണ്. എങ്കിലായാലും അതു അവരുടെ വിശ്രമവേളയിലുള്ള ഒരു നേരംപോക്ക തൊഴിലായിട്ടാണ് ഇവർ വിചാരിക്കുന്നതെന്നതോന്നിപോകുന്നുണ്ട്. ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമല്ലാത്ത ഈ ഉദ്യോഗസ്ഥന്മാർ അവരുടെ പ്രവൃത്തി ശ്രദ്ധാപൂർവം ചെയ്യുന്നതിൽ അവരെ കുറ്റംപറയാനില്ല. കാലത്തു ഏഴുമണിക്ക മാക്കാളേജിൽവന്നാൽ പിന്നത്തെവിചാരം കോടതിയെപ്പറ്റിയുണ്ട്. ൧൧ മണിക്ക കോടതിയിൽ പോകേണ്ടതുകൊണ്ടു അവിടെ വാദിക്കേണ്ട വാദമുഖങ്ങളും ആലോചിച്ചുകൊണ്ടിരിക്കുന്ന ഇവരാലിനെ നിയമവിദ്യാർത്ഥിക്ക എങ്ങനെ ശ്രദ്ധാപൂർവമായ ഉപദേശംകൊടുക്കാൻ സാധിക്കും? ഈ സത്യം ആലോചിച്ചാൽ മനസ്സിലാകുമെന്നുള്ളതിനാ

ങ്ങ് ഇതിനെപ്പറ്റി ഞാൻ അധികമൊന്നും പറയുന്നില്ല. ലാക്കാളേജ് പ്രൊഫസറന്മാരെ ഉദ്യോഗസ്ഥന്മാരാ ണെന്നു വിചാരിക്കുന്നപക്ഷം സിവിൽസർവീസിനനുസരിച്ചുള്ള ശമ്പളമെങ്കിലും അനുസരിപ്പിച്ചു കൊടുക്കുന്ന തിനുള്ള അവകാശവും നൽകണം. അതിനു അപ്രാപ്തന്മാരായിട്ടുള്ളവരെ പിരിച്ചുവിടണം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും-വ്യവസായവും മന്ത്രി): ഇതേമാതിരി ഒരുപക്ഷം അവതരിപ്പിച്ചു കഴിഞ്ഞുവല്ലോ.

ഡിപ്യൂട്ടിപ്രസിഡൻറ്: അതൊക്കെ വലിക്കാതിരിക്കാൻ പാടില്ല. മുമ്പു പറഞ്ഞതുപോലെ ആവത്തിച്ചുപറയേണ്ടതെന്തിനെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇപ്പോൾ ഉദ്യോഗസ്ഥന്മാരായിട്ടോ അനുദ്യോഗസ്ഥന്മാരായി ക്കൂട്ടി ചേർക്കാൻ സാധിക്കാത്ത ഒരു നിലയിലാണ് വച്ചിരിക്കുന്നതു. അതുകൊണ്ടാണു അവരെപ്പറ്റിയുള്ള പരാതിക്കു കാരണമായതു. ഇതെല്ലാം പ്രയോജനപ്പെടുത്തിക്കൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ സന്തോഷത്തോടെ പിൻതാങ്ങുന്നതായി അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അവരെ ഇപ്പോൾ ഉദ്യോഗസ്ഥന്മാരായിട്ടല്ലേ വിചാരിച്ചുവരുന്നതു?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അല്ല അവരെ സിവിൽസർവീസ് റഗുലേഷനിൽ ഉൾപ്പെടുത്തീട്ടില്ല.

ഡിപ്യൂട്ടിപ്രസിഡൻറ്: ആ ചോദ്യത്തിൻറെ സംബന്ധം എന്താണ്?

നിശ്ചിതസമയം കഴിഞ്ഞു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവക്കിൽ): സർ, ലാക്കാളേജിലെ അദ്ധ്യാപകന്മാരുടെമേൽ അവരുടെ കായ്ക്ഷമതയില്ലായ്മയോ അപ്രാപ്തിയോ സംബന്ധിച്ചു ഈസഭ ഒരന്വേഷണം പോസ്സാക്കണമെന്നാണു മി. കൃഷ്ണപിള്ളയുടെ ഉപക്ഷേപത്തിൻറെ ഉദ്ദേശം. മി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചപ്രകാരം നമ്മുടെ ലാക്കാളേജിലെ പരീക്ഷാഫലം വല്ലാതാണെന്നും മദ്രാസിലെ പ്രൊഫിസിയാപനത്തിലെ പരീക്ഷാഫലത്തെക്കാൾ താഴ്ന്ന ഉത്തമമാണെന്നും ഉള്ള സംഗതി ഞാൻ ഖണ്ഡിക്കുന്നതിലെ പറഞ്ഞുകൊള്ളുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മദ്രാസിലെ ലാക്കാളേജിലെ വിജയത്തിൻറെ ശതമാനം ഇവിടത്തെ ശതമാനത്തെക്കാൾ കൂടുതലോ കുറവോ എന്നു ലാക്കമംബർ പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സക്രട്ടർവക്കിൽ): സംഖ്യകൾ ഇപ്പോൾ എൻറെപക്കൽ ഇല്ല. മി. നീലകണ്ഠപിള്ള പ്രസ്താവിച്ചതിനെക്കാണു ഞാൻപറഞ്ഞതു്,

ഡിപ്യൂട്ടിപ്രസിഡണ്ട്: മിസ്റ്റർ നീലകണ്ഠപ്പിള്ള അങ്ങനെ പറഞ്ഞതായി തോന്നുന്നില്ല. നേരെ മറിച്ചാണെന്നാകുന്നു അദ്ദേഹം പറഞ്ഞതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇവിടത്തെ പരീക്ഷാഫലം മോശമാണെന്നാകുന്നു ഞാൻ പറഞ്ഞതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്രട്ടർവക്കിൽ): അദ്ദേഹം പറഞ്ഞതു തെറ്റിദ്ധരിച്ചതുകൊണ്ടു ഞാൻ വ്യസനിക്കുന്നു.

സർ, എതിർഭാഗത്തിരിക്കുന്ന പേരും പറഞ്ഞപ്രകാരം നമ്മുടെ ലാക്കാളേജിലെ അദ്ധ്യാപകന്മാർ അവരുടെ വക്കീൽപണിയിൽ മുന്നണിയിൽ നിൽക്കുന്നവരാണു. അതുകൊണ്ടു അവർ കായ്ക്ഷമതയില്ലാത്തവരാണെന്നു പറയാൻ പാടില്ല. അവർ തങ്ങളുടെ തോളിൽ ശരിയായി നിർവഹിക്കാത്ത മനസ്സാക്ഷിയില്ലാത്തവരാണെന്നു ഈ സഭ വിചാരിക്കുമെന്നും തോന്നുന്നില്ല. ഈ സഭ അങ്ങനെ പറഞ്ഞാൽ ന്യായമായിരിക്കയില്ല. ലാക്കാളേജ് പരിഷ്കരിച്ചു പോരെന്ന സ്ഥിതിയിലാക്കണമെന്നു പറയുന്നതു ഒരു കാര്യം. മറ്റുള്ളവരായ ലാക്കാളേജ് പ്രൊഫസർമാർ അപ്രാപ്തന്മാരാണെന്നോ അവർ തങ്ങളുടെ ജോലി ശരിയായി ചെയ്യാത്തവരെന്നു ശരിയായിചെയ്വാൻ മനസ്സില്ലാത്തവരെന്നു ആരെങ്കിലും പറയുന്നതു വേറൊരുകാര്യം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): പരീക്ഷാഫലത്തെ അപ്പീലുമാക്കി പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സക്രട്ടർവക്കിൽ): അതിനെ സംബന്ധിച്ചുള്ള കണക്കു എൻറെപക്കൽ ഇല്ല. മി. നീലകണ്ഠപ്പിള്ള പറഞ്ഞുഎന്നു ഞാൻ ധരിച്ചുതിനെ അടിസ്ഥാനപ്പെടുത്തിയാണു ഞാൻ പറഞ്ഞതു. ഇതിനപ്പുറമെ തങ്ങളുടെ വക്കീൽപണിയിൽ ഒരു ഉന്നതസ്ഥാനത്തിരിക്കുന്ന ചില മാന്യന്മാരുടെമേൽ ഈ സഭ ഒരാക്ഷേപം പുറപ്പെടുവിക്കുന്നതിനു ബലമായ ഒരടിസ്ഥാനം വേണമെന്നാണെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. ലാക്കാളേജിൽ അവരുടെ ശിക്ഷണത്തിനായി ജയിച്ചുപോയിട്ടുള്ളവരിൽ ചിലർ മെമ്പർമാരായിട്ടുള്ള ഈ സഭ അവർ കായ്ക്ഷമതയില്ലാത്തവരാണെന്നു ഇപ്പോൾ പറയുന്നതിനെപ്പറ്റി ഞാൻ ആശ്ചര്യപ്പെടുന്നു. ലാക്കാളേജിലെ പ്രൊഫസർമാർ കായ്ക്ഷമതയില്ലാത്തവരാ അപ്രാപ്തന്മാരോ ആണെന്ന ഒരാക്ഷേപം അവരെപ്പറ്റി ഈ സഭ കൊണ്ടുവരുന്നതു നീതീകരിക്കാവുന്നതാണെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷാഫലത്തെനോക്കാതെ അദ്ധ്യാപകന്മാരുടെ കായ്ക്ഷമതയെപ്പറ്റി എങ്ങനെ വിധിപ്പാൻ കഴിയുമെന്നു പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സക്രട്ടർ വക്കീൽ): അതു ഭാവനയുടെ ചോദ്യമാണു ഈ സ്ഥാപനത്തിൽ സാങ്കേതികവിദ്യയാണു നടക്കുന്നതു. അതു ആർട്സ്കോളേജുകളിൽ നിന്നു വ്യത്യസ്തമാണു. ലാക്കാളേജിൽനിന്നു അദ്ധ്യാപനംകഴിഞ്ഞിറങ്ങീട്ടുള്ള വിദ്യാർത്ഥികൾക്കു തങ്ങളുടെജോലി നിർവ്വഹണത്തിനാവശ്യമുള്ള പരിജ്ഞാനം പ്രാപ്തിയും ഉണ്ടോഎന്നു അതിനെപ്പറ്റി ഒരു വിധിപറയാൻ യോഗ്യതയും അർഹതയും ഉള്ളവരുടെ അഭിപ്രായം എന്താണെന്നും നാം നോക്കേണ്ടതാകുന്നു എന്നു ഞാൻ വിചാരിക്കുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇവിടത്തെ പരീക്ഷാഫലത്തിൻറെ ശതമാനം ഫസ്റ്റും സെക്കൻറും മദ്രാസിലെ ശതമാനം ഫസ്റ്റും തേർഡും മറ്റുള്ളതാണെന്നും അറിയുമോ?

മി. കണ്ണാവം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സെക്രട്ടറിവക്കീൽ): എനിക്കറിവില്ല. തമ്മുടെ ലാക്കാളേജ് പ്രൊഫസർമാരുടെ കായ്ക്ഷമതയെ മദ്രാസ് ലാക്കാളേജ്പ്രൊഫസർമാരുടെ കായ്ക്ഷമതയോടു താരതമ്യപ്പെടുത്തി മദ്രാസ്ലാക്കാളേജ്പ്രൊഫസർമാരാണ അധികംകായ്ക്ഷമതയുള്ളവരെന്ന തെളിയിക്കേണ്ടോരം മി. കൃഷ്ണപിള്ളയ്ക്കാണെന്ന പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ കൃഷ്ണപിള്ളയാണ അവർ കായ്ക്ഷമതയില്ലാത്തവരെന്നും അപ്രാപ്തരെന്നും ആക്ഷേപം പുറപ്പെടുവിച്ചിട്ടുള്ളത് മദ്രാസ് ലാക്കാളേജിലെ പരീക്ഷാഫലം ഇവിടത്തെതിൽ നല്ലതായിരിക്കുന്നതു അവിടത്തെ പ്രൊഫസർമാരുടെ കായ്ക്ഷമതക്കുറവുകൊണ്ടാണെന്ന ഈ സഭയെസ്സംബന്ധിക്കുന്ന അഭിപ്രായം തെറ്റിധരിക്കലോ? അതാണ അറിയേണ്ടുന്നസംഗതി.

ഡിപ്യൂട്ടിപ്രസിഡൻറ: ഈ ഉപക്ഷേപത്തെപ്പറ്റി നിങ്ങൾക്കു നിർബന്ധമുണ്ടോ? മി. കൃഷ്ണപിള്ളേ.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ മാർഗങ്ങളെല്ലാം കഴിയുന്നിടത്തോളം ആലോചിച്ചു ഇപ്പോഴുള്ള ന്യൂനതകളെ പരിഹരിക്കാമെന്നും ഇന്നുള്ള അതൃപ്തികരമായ നടപടികളെല്ലാം നിർത്താമെന്നും മാന്യമെംബർ അഭിപ്രായപ്പെട്ടതുകൊണ്ടു—

ഡിപ്യൂട്ടിപ്രസിഡൻറ: അല്ലല്ലാ നിങ്ങൾ അങ്ങു ശരിയായിട്ടല്ല പറയുന്നതു. നിങ്ങൾ കൂട്ടിക്കാണിച്ച ന്യൂനതകളെപ്പറ്റി ശരിയായി അന്വേഷിക്കുമെന്നുമാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ. ആ ന്യൂനതകൾ ഉണ്ടെന്ന അദ്ദേഹം സമ്മതിച്ചിട്ടില്ല. വിഷയത്തെപ്പറ്റി സൂക്ഷ്മത്തിലോ ആലോചിക്കുമെന്നുമാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ശരിയായി അന്വേഷണംനടത്തി ഈ പറഞ്ഞിരിക്കുന്ന തായ ന്യൂനതയെയും അതിൽ കൂട്ടത്തിലായി ഉണ്ടായിരുന്നാൽ അതിനെയും പരിഹരിച്ചു തൃപ്തികരമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനു നിയോഗിക്കുന്നപക്ഷം ഞാൻ ഈ ഉപക്ഷേപം പിൻവലിക്കാം.

ഡിപ്യൂട്ടിപ്രെസിഡൻറ: ഉപക്ഷേപത്തെ പോട്ടിനയ്ക്കണമെന്ന നിങ്ങൾക്കു നിർബന്ധമുണ്ടോ? എനിക്കതാണറിയേണ്ടതു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഇതിനെ ശരിയായി അന്വേഷിച്ചു ദോഷങ്ങളെ പരിഹരിക്കുമെന്നുള്ള വിശ്വാസത്താൽ ഉപക്ഷേപത്തെ പിൻവലിച്ചിരിക്കുന്നു.

ഉപക്ഷേപം അനുവാദപൂർവകം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ക്ര൦൨-ം ക്ര൦൩-ം.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഫാജരാക്കിയില്ല.

മി. എ. എസ്. ഓമോലരൻആശാൻ: സിബ്ബെന്തിച്ചെലവിനു അനുവദിച്ചിട്ടുള്ള ൩൯൭ രൂപായിൽനിന്നും ക്ര൦൬ രൂപാ കുറയ്ക്കണം.

മി. എൻ. ആർ. കൃഷ്ണൻ: ലാ ഉദ്യോഗസ്ഥന്മാക്കുവകയിച്ചിട്ടുള്ള ൩൪,൩൦൦ രൂപായിൽനിന്നു ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം ക്ര൦൪,

മി. എ. തണുപിള്ള (തിരുവനന്തപുരം): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ ഫാജരാക്കിക്കൊള്ളുന്നു.

മാദ്ധ്യോഗസ്ഥന്മാക്കു അനുവദിച്ചിട്ടുള്ള ൩൪,൩൦൦ രൂപായിൽനിന്നും ക്ര൦ രൂപാ കുറയ്ക്കണം.

ഈ ഉപക്ഷേപത്തെപ്പറ്റി ഞാൻ ഉദ്ദേശിക്കുന്നതു സവർണ്ണർക്കും സ്വകായ്ക്ലേശികളും തമ്മിൽ വ്യവഹാരത്തിന്നിടയാകുന്നകായ്യങ്ങളിൽ സവർണ്ണർദ്യോഗസ്ഥന്മാർ ശരിയായരീതി പതിക്കാത്തതുകൊണ്ടു കക്ഷികൾക്കു നേരിടുന്നസങ്കടങ്ങളെ സവർണ്ണർനിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ളതും ക്ര൦ക്ര-ലും ക്ര൦൨-ലും സവർണ്ണർക്കക്ഷിയായിരുന്ന അസൽവ്യവഹാരങ്ങളുടെ എണ്ണം ക്ര൪൦-ം ക്രമ൪-ം ആയിരുന്നു. ഞാൻപറയുന്നതു ആ കൊല്ലങ്ങളിൽ ഫയലാക്കിയ വ്യവഹാരങ്ങളുടെ എണ്ണമാണം. അപ്പീലുകളുടെ എണ്ണം ൨൯-ം ൩൨-ം ആയിരുന്നു. ഇതിൽ നിന്നു തന്നെ ഏണ്ടുതോറും ശരാശരി സക്കാർ കക്ഷിയായിട്ടുള്ള ക്ര൪൦ കേസുകളും, അസ്സലും അപ്പീലും ഫയലാകുന്നതെന്നുകാണാം—

ഡിപ്യൂട്ടിപ്രസിഡൻറ: ഈ കേസുകളും സക്കാരിന്നനേരെ കൊണ്ടുവരുന്നതായോ സക്കാരിൽനിന്നു ഫയലാക്കുന്നതോ?

മി. എ. തണുപിള്ള (തിരുവനന്തപുരം): അസ്സൽ വ്യവഹാരങ്ങളും അധികരണത്തിലും സക്കാർ പ്രതിയാണ്, അപ്പീലുകളുടെകായ്ത്തിൽ ചിലതിൽ സക്കാർവാദിയും ചിലതിൽ പ്രതിയുമാണ്. ഈ കണക്കുകളുടെകൊണ്ടു സക്കാർകക്ഷിയായിട്ടുള്ള അസ്സൽ വ്യവഹാരങ്ങളുടേയും അപ്പീലുകളുടേയും എണ്ണം ഒരാണ്ടിൽ ക്ര൪൦-ം ൩൦൦-ം മാത്രമായിരുന്നുവെന്നുകാണാം. രണ്ടുവർക്ഷത്തെ ഈ വ്യവഹാരങ്ങളുടെശരാശരി ഇപ്രകാരമാണ്. ൪൨ അസ്സൽ വ്യവഹാരങ്ങളും സവർണ്ണർനിന്നു അനുകൂലമായും ൨൨ പ്രതികൂലമായും വിധിച്ചു. ഇനി അപ്പീലുകളും സവർണ്ണർനിന്നു അനുകൂലമായും ന്യൂ പ്രതികൂലമായുംവിധിച്ചു. ഇതു സൂക്ഷ്മമായി പരിശോധിക്കേണ്ടുന്ന ഒരു സംഗതിയാണ്. വ്യവഹാരത്തിൽ പ്രവേശിക്കുന്ന ഒരു സ്വകായ്ക്ഷിയും വ്യവഹാരത്തിൽ പ്രവേശിക്കുന്ന സവർണ്ണർക്കും തമ്മിലുള്ള വ്യത്യാസം നാം ആദ്യമേ സൂക്ഷ്മമാക്കേണ്ടതാണ്, സ്വകായ്ക്കക്ഷികൾക്കു വ്യവഹാരത്തിനു പുറപ്പെടുന്നതിനുമുമ്പെ കേസിനെപ്പറ്റി പൂർണ്ണവിവരം ഉണ്ടായിരിക്കയില്ല, വക്കീലിനെ ശരിയായി ഉപദേശിക്കുന്നതിനും സംഗതികൾ മുഴുവനും പറഞ്ഞു മനസ്സിലാക്കുന്നതിനും സാധിക്കയില്ല, അതുകൊണ്ടു കേസു ഫയലാക്കുന്നതിനുമുമ്പു അവർക്കു ശരിയായിയുമോപദേശം ലഭിക്കയില്ല, സവർണ്ണർനിന്നു ഇങ്ങനെയൊരുപദേശം സാധിക്കയില്ല. സവർണ്ണർകക്ഷിയായിട്ടുള്ള മിക്കവ്യവഹാരങ്ങളിലും ആവശ്യമുള്ള തെളിവു അവരുടെപക്കൽതന്നെ ഉണ്ടായിരിക്കും. ഭൂമിയെസംബന്ധിച്ചാണ് വ്യവഹാരമെങ്കിൽ എല്ലാ റിക്കാർഡുകളും അവരുടെ കൈവശംഉണ്ടാകും. വ്യവഹാരം ഉടമ്പടിയെസംബന്ധിച്ചാണെങ്കിൽ ഉടമ്പടിപത്രം അവരുടെപക്കൽ ഉണ്ടായിരിക്കും. അതിനെസംബന്ധിച്ചുള്ള പട്ടങ്ങളും നിയമങ്ങളും ആധാരങ്ങളും അവരുടെപക്കൽ ഉണ്ടായിരിക്കും. ഇങ്ങനെ സക്കാരിൻറമാത്രത്തക്ക ആരംഭത്തിൽതന്നെ കായ്ത്തോടു സംബന്ധമുള്ള എല്ലാ

വിവരങ്ങളും എല്ലാ തെളിവും ഉണ്ടായിരിക്കും. ഇവയെല്ലാറ്റിനുംപുറമേ വിദഗ്ധന്മാരായ നിയമജ്ഞന്മാരുടെ ഉപദേശവും ഉണ്ടാകും. തങ്ങളുടെജോലിയിൽ വിദഗ്ധന്മാരായ നിയമോപദേഷ്ടാക്കന്മാർ അവർക്ക് ഉണ്ടല്ലോ. ഇങ്ങനെയെല്ലാമിരിക്കെ ഗവണ്മെന്റ് കക്ഷിയായ ഇത്ര അധികം തന്മാനം കേസുകളിൽ അവർ പരാജിതരാകുന്നതിനു കാരണമെന്തു? ഗവണ്മെന്റുമായി ഇടപെടുന്ന കക്ഷികളുടെ ഗുണത്തെസംബന്ധിച്ചു ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമാത്രമാണ് ഇതിനു കാരണമെന്നു ഞാൻ വിചാരിക്കുന്നു. ഇതാണ് ഞാൻ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നതു. ലാങ്ങ്വഫീസർമാരെ (നിയമോപദേഷ്ടാക്കന്മാരെ) മാത്രം ഞാൻ കുറ്റംപറയുന്നില്ല. പല കേസുകളിലും വ്യവഹാരത്തിനുഹേതുവായ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെപ്പോലെ ഈ ലാങ്ങ്വഫീസർമാരെ കുറ്റംപറയാൻ സംഗതിയില്ലായിരിക്കാം. വേറൊരു സംഗതിയിലും ഗവണ്മെന്റിനു ഇത്ര ഗുണമുണ്ടു. എല്ലാ വ്യവഹാരത്തെസംബന്ധിച്ചും അവർക്ക് മുന്നൂറുസ്തെ നോട്ടീസുകിട്ടും. ഞങ്ങളെ സംഗതികളെല്ലാം ലാങ്ങ്വഫീസർമാരുടെമുമാകെവച്ചു അവരുടെ അഭിപ്രായംഅറിവാൻ അവർക്ക് ധാരാളംസമയംകിട്ടുന്നു. ഈ സൌകര്യങ്ങളെല്ലാം ഉണ്ടായിട്ടും ഭൂരിപക്ഷം കേസുകളിലും സക്കാർ തോൽക്കുന്നുഎങ്കിൽ അതിനുകാരണം അവയോടു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഔദാസീന്യമല്ലെന്നു തീർച്ചയായിരിക്കണം. ഒരുഭൂരിപക്ഷം ഗവണ്മെന്റുപരാജിതരാകുന്ന കേസുകളുടെ വലിയ ശതമാനത്തിനു ഇതുമാത്രമേ സമാധാനമുള്ളൂ. വ്യവഹാരത്തിന്റെ അവസാനം എന്തായിരിക്കുമെന്നു എല്ലാ കേസിലും മുൻകൂട്ടി നിശ്ചയിക്കാൻ സാധിക്കയില്ലെന്നു എനിക്കു അറിവില്ലാതില്ല. എന്നാൽ സംഗതികൾ മുഴുവനും കാര്യശേഷിയുള്ള നിയമജ്ഞന്മാരുടെമുമ്പാകെവച്ചു മുമ്പിൽകൂട്ടി അവരുടെ അഭിപ്രായം എടുത്തുവെങ്കിൽ ഇത്രവലിയ ശതമാനം കേസുകളിൽ ഗവണ്മെന്റു തോറ്റുപോകയില്ലെന്നു നിശ്ചയമാണ്.

ഡിപ്പ്യൂട്ടിപ്രസിഡന്റ്: ജഡ്ജി വക്കീലിനോടു യോജിക്കാതെവരുമല്ലോ.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെവരാം. എന്നാൽ ഇത്രയധികം ശതമാനം കേസുകളിൽ അവർ അങ്ങനെയൊന്നിക്കാതിരിക്കാൻ സംഗതിയില്ല.

ഡിപ്പ്യൂട്ടിപ്രസിഡന്റ്: ഗവണ്മെന്റു ജയിക്കുന്ന കേസുകളുടെ ശതമാനംനോക്കി ഗവണ്മെന്റിന്റെ ലാങ്ങ്വഫീസർമാരുടെയോഗ്യതയെ വിധിക്കണമെന്നാണോ നിങ്ങൾ പറയുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയല്ല ഞാൻ പറയുന്നതു.

ഡിപ്പ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെവാദം മനസ്സിലാക്കുന്നതിനാണ് ഞാൻ ആ ചോദ്യം ചോദിച്ചതു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതിനു കാരണം ലാങ്ങ്വഫീസർമാരുടെ കുറവായിരിക്കയില്ല, വ്യവഹാരംസംബന്ധിക്കുന്ന ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ കുറവായിരിക്കണം അധികവും എന്നാണ് എന്റെവാദം. ഞാൻ മുമ്പുചൂണ്ടിക്കാട്ടുകാരം വ്യവഹാരത്തിനു കാരണപക്ഷം മൂന്നുമാസത്തിനുമുമ്പായി അതിനെപ്പറ്റി ദിവാനു നോട്ടീസുകിട്ടും. അതുകൊണ്ടു വ്യവഹാരകാര്യത്തെസംബന്ധിച്ചു എല്ലാ രിക്കാർഡുകളുംവരുത്തിയും തെളിവുശേഖരിച്ചും അഭിപ്രായത്തിനായി ലാങ്ങ്വഫീസർമാരുടെ മുമ്പാകെ വയ്ക്കാൻകഴിയും. ഇങ്ങനെചെയ്തിട്ടു ഗവണ്മെന്റിനു കേസില്ലെന്നു ലാങ്ങ്വഫീസർമാർ അഭിപ്രായപ്പെട്ടാൽ ഉടൻതന്നെ കേസു രാജിയായി കാര്യം തീർക്കണം. അങ്ങനെയുള്ള കാര്യങ്ങളിൽ കക്ഷികൾ കൊടതികയറി എല്ലാവിധകഷ്ടനഷ്ടങ്ങളും അനുഭവിപ്പാൻ ഇടയാക്കരുതു. ലാങ്ങ്വഫീസർമാർ കാര്യക്ഷമതയില്ലാത്തവരാണെന്നു ഞാൻ പറയുന്നില്ല. ഗവണ്മെന്റിനെസംബന്ധിച്ചടത്തോളം ഏതിടത്തോ കാര്യക്ഷമതയില്ലായ്മ ഉണ്ടെന്നമാത്രമേ ഞാൻ പറയുന്നുള്ളൂ. ആ കുറവിന്റെ മാങ്ങ്വഫീസർമാരും മറ്റുള്ള ഉദ്യോഗസ്ഥന്മാരും ഓഹരിക്കാരാണ്. ഒരു പക്ഷേ കുറേശ്ശയുണ്ടാവും മറ്റുള്ള ഉദ്യോഗസ്ഥന്മാരുടെതായിരിക്കാം. കാര്യങ്ങളുടെസ്ഥിതി ഒട്ടും തൃപ്തികരമല്ലെന്നമാത്രമേ ഞാൻ പറയുന്നുള്ളൂ. വ്യവഹാരങ്ങളിൽ ഒരു കാര്യമായ ശതമാനം തോൽവിഉണ്ടാകാതെന്നു ഞാൻ തീച്ചയായും സമ്മതിക്കുന്നു.

മി. കുട്ടാമം പരമേശ്വരൻപിള്ള (അഡീഷണൽ ഫൈഡ്സക്കാർ വക്കീൽ): ഇതിനെന്തു പരിഹാരമാണ് താങ്കൾ പറയുന്നതെന്നു പറയുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഒരു വ്യവഹാരനോട്ടീസുകിട്ടിയാൽ അതിനെസംബന്ധിച്ചുള്ള എല്ലാ തെളിവും ശേഖരിച്ചു ലാ ആഫീസർ മുമ്പാകെവച്ചു അവരുടെ അഭിപ്രായം എടുക്കണമെന്നു ആ കേസ്സിനോടു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടു ഗവണ്മെന്റു ആജ്ഞാപിക്കണം. കക്ഷി അവകാശപ്പെട്ടതു ന്യായമാണെന്നുകണ്ടാൽ ഉടൻതന്നെ അതുവഴിക്കുവയും കക്ഷിയെ കോടതി കയറാൻ നിർബന്ധിതനാക്കാതിരിക്കയുംവേണം. ഇങ്ങനെ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ മിസ്റ്റർ താണുപിള്ള ഫാജരാക്കിട്ടുള്ള ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാലും അദ്ദേഹത്തിന്റെ അഭിപ്രായത്തെ അല്പം ഭേദപ്പെടുത്തേണ്ടതാണെന്നു എനിക്കു തോന്നുന്നു. കേസു രാജിയാകുന്ന ജോലി ലാ-ആഫീസർമാർക്കുമാത്രമായി വിട്ടുകൊടുക്കുന്നതു ഉത്തരവാദിത്വമേറിയ ഒരു സംഗതിയാണു. ഇക്കാര്യത്തിൽ ചില ക്ലിപ്തങ്ങൾ വേണം. ഗവണ്മെന്റിനു നോട്ടീസുകിട്ടിയാലുടനെ വ്യവഹാരത്തോടു സംബന്ധിച്ചു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരോടു ലാ ആഫീസർമാർ സക്കാർക്കാര്യം കേസു തെളിയിക്കാൻ ആവശ്യമുള്ള സകല രിക്കാർഡുകളും ഹാജരാക്കാൻ ആജ്ഞാപിക്കണം.

ഡെപ്യൂട്ടി പ്രസിഡന്റ്: നോട്ടീസു കിട്ടിയാലുടനെതന്നെ എല്ലാ വിവരത്തിനും ആവശ്യപ്പെട്ടാലും രേഖയുണ്ടാക്കുവാനുള്ള സമയത്തിനുള്ളിൽ തീരുമെന്നുള്ള എന്നു എനിക്കു തോന്നുന്നു.

മി. കെ. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): മൂന്നുമാസത്തിനുള്ളിൽ കേസു രാജിയാക്കുവാൻ കഴിയുന്നതാണു. അതുകൂടാതെ ഗവണ്മെന്റിനു നഷ്ടമുണ്ടാകും.

ഡിപ്പ്യൂട്ടി പ്രസിഡന്റ്: അവർക്കു നഷ്ടമില്ല. അവർക്കു കോർട്ടുഫീസു കിട്ടുമല്ലോ.

മി. കെ. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഉത്തരവാദിത്വം ലാങ്ങ്വഫീസർമാർക്കാണു. രാജിയാക്കേണ്ടുന്ന കേസുകളിൽ അവരുടെ മേൽ തരിയായ നിയന്ത്രണം ഉണ്ടായിരിക്കണമെന്നാണു ഞാൻ പറയുന്നതു. ഈ പ്രസ്താവത്തോടുകൂടെ ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. കുഞ്ഞുമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): വ്യവഹാരത്തിൽ ഉണ്ടാകുന്ന ചേൽപിടുടെ ശതമാനത്തിൽനിന്നു കേസുകൾ നടത്തുന്ന രീതിയെപ്പറ്റി യാതൊരന്വേഷണവും ഉണ്ടാക്കാൻ പാടില്ലെന്നു മിസ്റ്റർ താണുപിള്ള സമ്മതിക്കുമെന്നു വിശ്വസിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്നെ സംബന്ധിച്ചു ഒരു സമാധാനം പറവാൻ അനുഗ്രഹിക്കുന്നു. കേസുകൾ തെറ്റിയായി നടത്തുന്നതിലല്ലെന്നു ഞാൻ പറഞ്ഞില്ല. ലാ ആഫീസർമാർ അല്ലെങ്കിൽ മറ്റു ഉദ്യോഗസ്ഥന്മാർ കുറക്കാരാണെന്നാണ് ഞാൻ പറഞ്ഞതു.

മി. കുഞ്ഞുമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സക്കാർവക്കീൽ): അതെ, അതുതന്നെയാണ് ഞാനും പ്രസ്താവിച്ചതു. യഥാർത്ഥ കാരണം കേസുകൾ നടത്തുന്നതിലുള്ള വീഴ്ചകളല്ല, മതിയായ ദൃഷ്ടാന്തം ലാ ആഫീസർമാരുടെ മുമ്പാകെ പ്രൊഡ്യൂസ് ചെയ്യാത്തതാകുന്നു എന്നാണ് മിസ്റ്റർ താണുപിള്ള പറഞ്ഞതു. ഇതു തെറ്റായ ഒരു ചാർജ് (കുറ്റാരോപണം) ആണ്. അതു തനിക്കു വിശ്വസിക്കാൻതന്നെ പ്രയാസമായിരിക്കുന്നു. ഓരോ കേസിനെയും പറ്റിയുള്ള വിവരങ്ങൾ എന്റെ പക്കൽ ഇല്ലാത്തതുകൊണ്ടു അങ്ങനെയുള്ള ഓരോ കേസിനെയും പറ്റി എനിക്കെന്തെങ്കിലും പറയാൻ കഴിയുമെന്നു സഭ പ്രതീക്ഷിക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സഭയിൽ ഇങ്ങനെയൊരു കുറ്റാരോപണം ചെയ്തിട്ടുള്ള സംഗതി ഡിപ്പാർട്ടുമെന്റു മേധാവിതന്നെയാണെന്നുള്ളതും ഹെഡ് സക്കാർ വക്കീലിനെയും ഒരുപോലെ ഓർത്തുകൊള്ളുമെന്നു മാത്രമേ എനിക്കു പറവാൻ സാധിക്കയുള്ളൂ.

മി. എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ പരമേശ്വരൻപിള്ള പറഞ്ഞതനുസരിച്ചു ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാളപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൧൭൪൰ ൧൭൫-൦.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. എൻ. ആർ. കൃഷ്ണൻ.

൧൭൫. ഡിമാണ്ടുകൾ-ൽ ആകെ അനുവദിച്ച സംഖ്യ ൭,൫൦,൯൭൦ രൂപയിൽ നിന്നു ൧ രൂപ കുറയ്ക്കണം.

മി. എ. ജി. മേനോൻ.

൧൭൬. ഡിമാണ്ടുകൾ-ൽ ആകെ അനുവദിച്ച സംഖ്യ ൭,൫൦,൯൭൦ രൂപയിൽ നിന്നു ൧രൂപാ കുറയ്ക്കണം.

ഉപക്ഷേപം ൧൭൭.

മി. എൽ. ആർ. മാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കികൊള്ളുന്നു.

ഡിമാണ്ടുകൾ-ൽ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൫൦,൯൭൦ രൂപയിൽ ൧ രൂപാ കുറയ്ക്കണം.

കോടതികളിൽ കേസുകളുടെ തീർപ്പുമാനത്തിൽ വരുന്ന താമസത്തെ കുറയ്ക്കുന്നതിനു ഗവണ്മെന്റു എന്തെങ്കിലും പ്രവർത്തിക്കണമെന്നു പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു. ന്യായവിളംബം തീർക്കുന്നതിനു ഗവണ്മെന്റു തിട്ടപ്പെടുത്തിയിട്ടുള്ളതായി കഴിഞ്ഞ സഭയിൽ മറുപടി പറഞ്ഞു. എന്നാൽ ഏതുകാരണവശാലാണു കഴിഞ്ഞ നിയമസഭയിലേക്കു ചേർത്തിരുന്നതിനെക്കാൾ വെളിക്കുറയ്ക്കുകയാണ് ചെയ്തതു. ജനങ്ങൾക്കു ഇതിൽ വളരെ സങ്കടമുണ്ടെന്നു ഗവണ്മെന്റിനു ബോധ്യമുള്ളതിനാൽ ഞാൻ ഇതിനെ പ്രത്യേകമെടുത്തു പറയണമെന്നു വിചാരിക്കുന്നില്ല. ഇതുമാത്രം പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ സഭാമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. എ. ജി. മേനോൻ (പാലക്കാടു): സർ, അങ്ങനെയായാൽ കമ്മിറിയെ രൂപീകരിക്കയാണെങ്കിൽ വ്യവഹാരങ്ങൾക്കു ഇപ്പോഴുള്ള ചെലവു കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയും അവർ ആലോചിക്കണമെന്നുള്ള വ്യവസ്ഥയോടുകൂടെ വേണമെന്നും സൂചിപ്പിച്ചുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): സർ, ഞാനും ഉപക്ഷേപത്തെ അനുകൂലിക്കുന്നു. വ്യവഹാരങ്ങളെ സംബന്ധിച്ചുള്ള താമസംനിമിത്തം ജനങ്ങൾക്കു വളരെ അസൗകര്യങ്ങൾ ഉണ്ടെന്നു ഞാൻ ബോധിപ്പിച്ചുകൊള്ളുന്നു. കഴിഞ്ഞ സഭ, ഒരു കമ്മിറിയെ നിയമിക്കണമെന്നുള്ള പ്രസ്താവന ആലോചിച്ചപ്പോൾ അതിനെന്തെങ്കിലും വിചാരിച്ചില്ല. ഒരു കമ്മിറിയുടെ അതിസ്വാധീനവും ചെലവുകൂടിയതും ആയിരിക്കുമെന്നു സഭ വിചാരിച്ചുവെന്നോ എനിക്കു പറയാനുള്ളതു. അതുകൊണ്ടു ഒരു കമ്മിറിയില്ലാതെ വേറെ വല്ല വ്യവസ്ഥയും ഉണ്ടാക്കി താമസത്തെപ്പറ്റി ആലോചിച്ചു പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. എ. എസ്. മാമോമൻ അയ്യാർ(മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): വേറെ വ്യവസ്ഥ എന്താണ്?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): ഒരു കമ്മിറിയില്ലാതെ വേറെ വല്ല വ്യവസ്ഥയും ഉണ്ടാക്കേണം. കമ്മിറി അതിസ്വാധീനവും ചെലവുകൂടിയതും ആയിരിക്കും. സിവിൽ ജിസ്ട്രക്ട (ഉദ്യോഗവിവരപ്പട്ടികയും) ഖണ്ഡിച്ചാൽ സ്ഥിരമായി രണ്ടു ഡിസ്ട്രിക്ട്കോ സെഷൻസു കോടതികളും മാത്രമുണ്ടായിരിക്കെ ഏഴു താൽക്കാലികകോടതികളും ഉണ്ടാക്കുന്നുണ്ടു. ഈ കോടതികളെ അങ്ങനെതന്നെ താൽക്കാലികം എന്നനിലയിൽ നടത്തിക്കൊണ്ടുപോകുന്നതു ഫാസ്യകരമല്ലെന്നുതന്നെയാണു. കോടതികളും ഇങ്ങനെ താൽക്കാലികമായി പ്രവർത്തിക്കുന്നതു ഒരു അനുകൂലസ്ഥിതിയല്ലെന്നുള്ളതിനെപ്പറ്റി വ്യവഹാരങ്ങൾ തീർക്കാൻ കാലതാമസം ഉണ്ടാകുന്നതിനാണു നമ്മുടെ ഉദ്ദേശം എന്നുകൂടെ അതിന്റെ അർത്ഥം. കേസുകൾ തീർന്നുപോയാൽ തങ്ങളുടെ ഉദ്യോഗങ്ങളും ഇല്ലാതായിപ്പോകുമല്ലോ എന്നു ജഡ്ജിമാർ വിചാരിപ്പാൻ ഇടയുണ്ടെന്നുമില്ലാ.

മി. മാത്തു മുരിക്കൻ (തേവരു): വ്യവഹാരങ്ങൾ തീരാൻ താമസമുണ്ടാകുന്നതു കോടതികൾ താൽക്കാലികം ആയതുകൊണ്ടാണെന്നാണോ നിങ്ങൾ പറയുന്നതു?

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഈ കോടതികളിൽ ചിലതു സ്ഥിരമാക്കാൻ ആവശ്യമുണ്ടെന്ന സഭയുടെ വിചാരിക്കുന്നുണ്ടെങ്കിൽ താമസംകൂടാതെ അങ്ങനെ ചെയ്തിട്ടശേഷം കോടതികളെ നിരുത്സാഹപ്പെടുത്തിഎന്നാണ ഞാൻ പറവാൻ ആഗ്രഹിക്കുന്നതു. രപോളജനങ്ങളെ അധികമായി ബുദ്ധിമുട്ടിപ്പെടുത്തുന്ന ഈ കാര്യത്തെപ്പറ്റി അന്വേഷിക്കുന്നതിനായി വേറെ വല്ല വ്യവസ്ഥയും ഉണ്ടാക്കണമെന്ന ഞാൻ അവസാനമായി പറഞ്ഞുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്രട്ടറിക്കീൽ): വ്യവഹാരകാര്യങ്ങളിലുള്ള താമസം ഒഴിവു നിഷേധിക്കുന്ന ഒരു സംഗതിയല്ല. അങ്ങിനെപ്പറയുന്നതു അതു സങ്കടത്തിനു കാരണമാകുന്നുണ്ടെന്നും ഗവണ്മെന്റിനു മറെറല്ലാവരേക്കാളും അധികം ഉത്തരവാദിത്തമുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. കുറച്ചുകാലംമുമ്പു ഈകാര്യത്തെപ്പറ്റി ചില ആലോചനകൾ ഗവണ്മെന്റു ഈ സഭയുടെകൊണ്ടുവരികയും അവയ്ക്കു ഈ സഭയുടെ അനുകൂലപ്രായം ലഭിക്കാതെപോയി എന്നും എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണല്ലോ. ഗവണ്മെന്റു ഇക്കാര്യം പുനരാലോചനയ്ക്കെടുക്കണമെന്നാണോ ഈ സഭയ്ക്കു പൊതുവേയുള്ള അഭിപ്രായമെങ്കിൽ അങ്ങനെ ചെയ്യാൻ ഗവണ്മെന്റിനു മനസ്സുണ്ടു. എന്നാൽ ഞാൻ തീർച്ചയായി ഒന്നും പറയുന്നില്ല. ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റു ഗൗരവമായി ചിന്തിക്കുമെന്നും വ്യവഹാരത്താമസത്തെപ്പറ്റി വീണ്ടും ആലോചിക്കണമെന്നുമാണു ഈ സഭയുടെ അഭിപ്രായമെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാൻ വല്ല മാർഗ്ഗവും അവർ കണ്ടുപിടിക്കുമെന്നും ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിനു വേറൊരുമാർഗ്ഗവും ആലോചിച്ചുണ്ടാക്കാൻ കഴികയില്ലെന്നാണോ താങ്കൾ അഭിപ്രായപ്പെടുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്രട്ടറിക്കീൽ): എന്തെങ്കിലും ഒരു വ്യവസ്ഥയെപ്പറ്റി എനിക്കു കൃത്യമായി പറയാൻ സാധിക്കയില്ല. കാര്യം പുനരാലോചനചെയ്യണമെന്നാണു ഈ സഭയുടെ അഭിപ്രായം എങ്കിൽ ഗവണ്മെന്റു അങ്ങനെചെയ്യും.

മി. മാത്യു മുരിക്കൻ (തൊടുപുഴ): ഇക്കാര്യത്തെപ്പറ്റി ലാമെമ്പർ വല്ലതും ആലോചിച്ചിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്രട്ടറിക്കീൽ): ഗവണ്മെന്റു ഇതിനെപ്പറ്റി ചിന്തിക്കയും അങ്ങനെ ചില ആലോചനകൾ സഭാമുഖാന്തരം രാജാവിങ്കിയതു സഭ അനുവദിക്കാതിരിക്കയും ചെയ്തു.

മി. അർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആരാണു അനുവദിക്കാതിരുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്രട്ടറിക്കീൽ): ഈ സഭ അനുവദിച്ചില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): കാര്യത്തിന്മേൽ ഈ സ്ഥിതി അവസാനിപ്പിക്കുന്നതിനു എന്തെങ്കിലും ചെയ്യണമെന്നുള്ളതു തീർച്ചയായ സംഗതിയാണു. ഒരു കമ്മിറ്റിക്കു കാര്യനിവൃത്തി ഉണ്ടാക്കാൻ കഴിയുമോഎന്നാണു ചോദ്യം. കമ്മിറ്റികളുടെ കാര്യം പരകയാരണങ്കിൽ നമുക്കു അനേകം കമ്മിറ്റികൾ ഉണ്ടായിരിക്കയും അവർ റിപ്പോർട്ടുകൾ സമർപ്പിക്കയും ചെയ്തിട്ടുണ്ടു. എന്നാൽ ഈ റിപ്പോർട്ടുകളിൽ പലതും വളരെക്കാലമായി തിരുമയാതും ചെയ്യാതെകിടക്കുന്നു. വ്യവഹാരങ്ങൾ തീർച്ചയാക്കുന്നതിനു കാലതാമസം ഉണ്ടാക്കുന്ന കാരണങ്ങളെപ്പറ്റി അന്വേഷണംനടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിക്കണമെന്നു നാം വിചാരിച്ചാൽ കമ്മിറ്റിയുടെ രൂപീകരണത്തിനും അവരുടെ റിപ്പോർട്ടിന്മേൽ ഉത്തരവു പാസ്സാക്കുന്നതിനുമെല്ലാംകൂടി വളരെക്കാലം വേണ്ടിവരും.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തെക്ക്): ഒരു കമ്മിറ്റിയെ നിയമിക്കുന്നതിനുപകരം മറെറാരു മാർഗ്ഗങ്ങളിൽ ഇക്കാര്യത്തെ സംബന്ധിച്ചു നിയമിച്ചിട്ടുള്ള കമ്മിറ്റികളുടെ റിപ്പോർട്ടുകൾ വായിച്ചുനോക്കി ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുന്നതിനു വേറെയാരേയെങ്കിലും, ഒരു ഹൈക്കോടതി ജഡ്ജിയെ എന്തിരിക്കട്ടെ, നിയമിക്കാൻ പാടില്ലയോഎന്നു പറയുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): വേറെ റിപ്പോർട്ടുകളും ഉണ്ടു. അവയും വായിച്ചുനോക്കണം.

മി. എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആരാണു ഈ റിപ്പോർട്ടുകൾ വായിച്ചു നോക്കേണ്ടതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറിന്റെ മേലധികാരികളായി നമുക്കു ഹൈക്കോടതിയുണ്ടല്ലോ. മുൻസിപ്പന്മാരായും ജഡ്ജിമാരായും ജോലി എടുത്തിട്ടുള്ളവരും വക്കീലന്മാരിൽനിന്നു തിരഞ്ഞെടുത്തു നിയമിക്കപ്പെട്ടിട്ടുള്ളവരും ഇങ്ങനെ നീതിന്യായഭരണത്തിൽ പരിചയം സിദ്ധിച്ചിട്ടുള്ളവരുമാണു അവിടത്തെ ജഡ്ജിമാർ. ഹൈക്കോടതിജഡ്ജിമാർ റിപ്പോർട്ടുകൾ വായിച്ചുനോക്കിയാൽ വ്യവഹാരങ്ങളുടെ തീർച്ചയാക്കുന്ന കാലതാമസം കുറയ്ക്കുന്നതിനു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനു അവർക്കു കഴിയുന്നതേയുള്ളു.

മി. എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഈ കാര്യം നോക്കുന്നതിനു രണ്ടോമൂന്നു സമയമിരിക്കുന്ന ഹൈക്കോടതി റിപ്പോർട്ടു ചെയ്തിട്ടില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): സമയമിരിക്കുന്ന ഹൈക്കോടതി പറഞ്ഞിട്ടുണ്ടെങ്കിൽ—

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൊഡ്സക്രട്ടറിക്കീൽ): ഉവ്വ്. അവർ അങ്ങനെ പറഞ്ഞിട്ടുണ്ടു. കഴിഞ്ഞപ്രാവശ്യം ഈ സംഗതി ഇവിടെ വ്യവഹരിക്കയുമായപ്പോൾ ആ വിവരം ഈ സഭയെ അറിയിച്ചിട്ടുണ്ടെന്നും തോന്നുന്നു.

മി. എ. എസ്. ഓമോരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): മെസർ ഒരു കമ്മിറ്റിയുടെ രൂപീകരണത്തിനു വിരോധിയാണെന്നാണോ അതിനെ ഞാൻ മനസ്സിലാക്കേണ്ടതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): കാര്യങ്ങളുടെ ഈ സ്ഥിതി അവസാനിപ്പിക്കുന്നതിനു ഒരു കമ്മിറ്റിയുടെ രൂപീകരണം മാത്രമേ മാർഗ്ഗമായിട്ടുള്ളുവെങ്കിൽ ഞാൻ അതിനു വിരോധിയാണെന്നു പറയുന്നില്ല.

മി. എസ്. പിറയിപ്പെരുമാൾപിള്ള (വ്യവഹാരവും വ്യവസ്ഥയും, തെക്കു): ഒരു കമ്മിറ്റി ആവശ്യമാണെന്നു മെമ്പർ വിചാരിക്കുന്നുവെങ്കിൽ ഓരു എണ്ണമെഴുതിച്ചു കമ്മിറ്റി ആയിരിക്കണമെന്നും മെമ്പർ പറയുമോ?

ഡിപ്യൂട്ടിപ്രസിഡണ്ടു: നിങ്ങൾക്കു വേറൊരു വ്യവസ്ഥയും മെയ്സ്തിരുവെങ്കിൽ അതു വിശദമാക്കി ഒരു പ്രമേയരൂപത്തിൽ സഭാമുമ്പാകെ വരാമായിരുന്നുവോ? അങ്ങനെചെയ്താൽ അതിന്മെപ്പറ്റി വലിയതിരുമാനം നടത്താമായിരുന്നു. ഈ സഭ അനവധികാര്യങ്ങൾ ചെയ്തുകഴിഞ്ഞു. ഡിസ്ട്രിക്ട് കമ്മിറ്റിയുടെ രൂപീകരണവിഷയം രാവണൻറെ പുനരുത്ഥാനത്തെപ്പോലെ തന്നെയാണെന്നാണ് മിസ്റ്റർ പരമേശ്വരൻപിള്ള പറയുന്നതു. ഒരു കമ്മിറ്റിവേണം, വേറൊരു വല്ല വ്യവസ്ഥയും ഉണ്ടാക്കണമെന്നു മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയും പറയുന്നു. ഈ കാര്യം ഹൈക്കോടതി തീർപ്പാക്കിക്കണമെന്നു നിങ്ങളും പറയുന്നു. എന്നാൽ അതിനുവേണ്ട സമയമിപ്പോഴുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു രചനയുടെ കാര്യത്തിനു മതിയായതുമായ വല്ല വ്യവസ്ഥയും ഒരു പ്രമേയരൂപത്തിൽ സാജരാക്കുകയാണെങ്കിൽ അതിനെപ്പറ്റി വേണ്ടുന്നതിനാലോചിക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഹൈക്കോടതിയിലെ ഒരു ജഡ്ജിയെ ഈ ജോലിക്കു നിയമിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. എ. ജി. മേനോൻ (പറവൂർ): ഹൈക്കോടതിയിൽ ആറു ജഡ്ജിമാർ ഉണ്ടായിരുന്നിട്ടും ൨൦൦൦ കേസുകൾ അവിടെ തീർപ്പായാകാതെ ബാക്കി കിടപ്പുണ്ടെന്നുള്ള സംഗതി മെമ്പറോടു പറഞ്ഞുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കറിയാം. വ്യവഹാരമന്ത്രിൽ പ്രത്യേശിക്കുന്നവരുടെ സങ്കടനിവാരണത്തിനായി അടിയന്തിരമായി എന്തെങ്കിലും ചെയ്യണമെന്നുള്ള മി. രാജരാജവർമ്മയുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡ്വക്കേൽ ഹൈഡ്സക്കാർവക്കിൽ): സർ, ഉപക്ഷേപത്തിനെതിരായി ആരും സംസാരിച്ചിട്ടില്ല. സഭയ്ക്കു പൊതുഅഭിപ്രായമാണുള്ളതെന്നു തോന്നുന്നു. എനിക്കു പ്രത്യേകം പറയാനുള്ളതു. ഹൈക്കോടതിയിൽനിന്നു ഒരു ജഡ്ജിയെ ഈ ജോലിക്കു നിയമിച്ചാൽ പോരെന്നു ആലോചിക്കണമെന്നു മിസ്റ്റർ താണുപിള്ള അഭിപ്രായപ്പെട്ടു, ആ കാര്യവും താഴെക്കണ്ടനിന്റെ ആലോചനയ്ക്കു വിഷയമാക്കണമെന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ചാമണ്ടാകടമെപ്പറ്റി കേട്ടിട്ടുള്ള ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഡിപ്യൂട്ടിപ്രസിഡണ്ടു: ഈ അസ്സത്തനായപ്പറയിലുള്ള വാക്കിനെ അനുവദിച്ചിട്ടുള്ള സമയം ൪-൪൫ മണിക്കു അവസാനിക്കുമെന്നു സഭയോടു പറഞ്ഞുകൊള്ളുന്നു.

ഉപക്ഷേപങ്ങൾ ൧൭ മുതൽ ൨൫ വരെ.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള:—

൧൭. ഡിമാണ്ടുകൾ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൨൦,൯൦ രൂപയിൽനിന്നു ൬രൂപ കുറയ്ക്കുണം.

മി. കെ. പി. നീലകണ്ഠപ്പിള്ള:—

൧൯. ഡിമാണ്ടുകൾ അനുവദിച്ചിട്ടുള്ള ആകെസംഖ്യ ൭,൨൦,൯൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം,

മി. ഫ്ല. എസ്. മൊഹമെൻസാഹാൻ:—

൨൦. ഡിമാണ്ടുകൾ അനുവദിച്ചിട്ടുള്ള ആകെസംഖ്യ ൭,൨൦,൯൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

മി. ആർ. രാമൻപിള്ള:—

൨൫. ഡിമാണ്ടുകൾ അനുവദിച്ചിട്ടുള്ള ആകെ സംഖ്യ ൭,൨൦,൯൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

ഉപക്ഷേപം ൨൬.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

൨൬. ഡിമാണ്ടുകൾ അനുവദിച്ചിട്ടുള്ള ആകെസംഖ്യ ൭,൨൦,൯൦ രൂപയിൽനിന്നു ൧൦൦ രൂപാ കുറയ്ക്കുണം.

വിളവങ്കോടുതാലൂക്കിലെ എല്ലാ പകുതികളേയും കഴിഞ്ഞാൽ മുൻസിപ്പുകോടതിയുടെ അധികാരത്തിൻകീഴിലുള്ള തക്കലയുള്ള മുൻസിപ്പുകോടതികളിൽ ഒന്നിലെ ഇരുണിയലിൽമാറി സ്ഥാപിക്കണമെന്ന പറയുകയാണ് ഈ ഉപക്ഷേപത്തിനെറ ഉദ്ദേശം. ചാമണ്ടാറിൽനിന്നു കിട്ടിയ രേഖപ്രകാരമനുസരിച്ചു വിളവങ്കോടുതാലൂക്കിലെ പകുതികളുള്ള കഴിഞ്ഞാൽ മുൻസിപ്പുകോടതിയുടെ കീഴിലാക്കണമെന്നുള്ളതുകൊണ്ടു ഞാൻ പിൻവലിച്ചുകൊള്ളുന്നു. തക്കലയിലെ ഒരു മുൻസിപ്പുകോടതിയെ ഇരുണിയലിലേക്കു മാറണമെന്നുള്ള സംഗതിയെ സംബന്ധിച്ചു പ്രജാസഭയിൽ നിവേദനങ്ങളും ഉണ്ടായിട്ടുണ്ടു. സാമ്പത്തികകാര്യത്തിനു നോക്കിയാൽ ഇരുണിയൽ ഒരു പ്രധാന കേന്ദ്രസ്ഥാനമാകയാൽ ഈ കാര്യം ഹൈക്കോടതിക്കു എഴുതിഅയക്കണമെന്നതാണെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. തക്കലയുള്ള മുൻസിപ്പുകോടതി ഇപ്പോൾ ഒരു വാടകക്കെട്ടിടത്തിലാണ് സ്ഥാപിച്ചിരിക്കുന്നതു. അതു ഇരുണിയലിൽ ഒഴിഞ്ഞുകിടക്കുന്ന താലൂക്കുകച്ചേരിക്കെട്ടിടത്തിലേക്കു മാറിസ്ഥാപിച്ചാൽ കുറഞ്ഞതിനു അധികം ചെലവുകൂടുകയുമില്ല. കോടതികളുടെ അധികാരത്തിനുള്ള കൈപ്പെട്ടുത്തുന്നതും ഹൈക്കോടതി ആലോചനയ്ക്കുവിടണമെന്നാണ് ഈ എല്ലാകാര്യങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടി പ്രസിഡണ്ടു: അങ്ങനെയെങ്കിൽ നിങ്ങൾ ഒരു പ്രസംഗം കൊടുക്കുന്നതായിരിക്കും.

ഇപ്പോൾ ഞാൻ അദ്ധ്യക്ഷനായി മുഴുവനും വോട്ടിനുവെക്കുന്നു.

ചിമണ്ണു:—നീതിന്യായഭരണം പറഞ്ഞ ഇടത്തിൽ ൭,൫൦,൯൭൦ രൂപാ അനുവദിക്കണമെന്നാണു അദ്ധ്യക്ഷന്റെ അഭിപ്രായം.

അദ്ധ്യക്ഷന അനുവദിച്ചു.

ഡിമാണ്ടു ൫൦. സെൻട്രൽജയിൽ.

ശ്രീ. ടി. കെ. മാധവൻനായർ (അട്ടിംഗ് ഡവലപ്മെൻറ്റ്സെക്രട്ടറി).—

ഡിമാണ്ടു ൫൦—സെൻട്രൽജയിൽ എന്ന ഇനത്തിൽ നിന്നു,൨൨൭ രൂപയിൽകവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു അപേക്ഷിക്കുന്നു.

ഉപക്ഷേപങ്ങളൊന്നും കൂടാതെ ധനാഭ്യർത്ഥന പാസ്സാക്കി.

താഴെപ്പറയുന്ന ഉപക്ഷേപങ്ങളും അവതരിപ്പിച്ചില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള:—

ചുവടെ ജയിൽവ്യവസായങ്ങൾക്കു അനുവദിച്ചിട്ടുള്ള ൫൪,൦൦൦ രൂപയിൽനിന്നു ൫൦ രൂപാ കുറയ്ക്കുന്നു.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള—

ചുവടെ. ഡിമാണ്ടു ൫൦—ൽ അനുവദിച്ചിട്ടുള്ള മുഴുവൻ സംഖ്യ ൽനു,വൻറു രൂപയിൽ ൫൦൦ രൂപാ കുറയ്ക്കുന്നു.

ഉപക്ഷേപം.

മെസർ ഹാജറില്ലാത്തതിനാൽ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിക്കാത്തതായി ഗണിച്ചു.

ശ്രീ. കെ. മാധവൻപിള്ള:—

ഡിമാൻറു ൫൦—ൽ അനുവദിച്ചിട്ടുള്ള മുഴുവൻ സംഖ്യ ൽനു,വൻറു രൂപയിൽ ൫൦൦ രൂപാ കുറയ്ക്കുന്നു.

ഡിപ്യൂട്ടിപ്രസിഡൻറു: ഡിമാൻറ് ൫൦ മെസർജയിൽ എന്ന ഇനത്തിൽ നിന്നു,വൻറു രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നാണു അദ്ധ്യക്ഷന അഭിപ്രായം.

അദ്ധ്യക്ഷന അനുവദിച്ചു.

ഡിമാൻറു ൫൫—പോലീസ്.

മി. ജെ. ജെ. ഡാനിയൽ (ഇൽചാർജ്ജ് ഓഫ് ഡിസ്ട്രിക്ട്പോലീസ്സുപ്രണ്ടു):സർ, ഡിമാണ്ടു ൫൫ പോലീസ്എന്ന ഇനത്തിൽ ൭,൬൫,൯൭൦ രൂപയിൽകവിയാത്ത ഒരു സംഖ്യഅനുവദിക്കണമെന്നഅപേക്ഷിക്കുന്നു.

ഉപക്ഷേപം ഒന്നും.

ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള (കുന്നാംപുള്ളി): സർ, താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

സബ്ബോർഡിനേറ്റുകൾക്കു അനുവദിച്ചിട്ടുള്ള ൨,൦൦൦ രൂപായിൽനിന്നു ൫൦൦ രൂപാ കുറയ്ക്കുണം,

പോലീസ്കമ്മീഷണർ ഉദ്യോഗത്തെക്കുറിച്ചുള്ള സ്പ്ലേഷനകരം തരിയായി പരിശോധിച്ചിട്ടില്ലെന്നും തൽഫലമായിട്ടു അച്ചടക്കം കുറവാണെന്നും അവിടെയുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ ഇഷ്ടംപോലെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും സഭയുടെ ദൃഷ്ടിയിൽകൊണ്ടുവരണമെന്നാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുതിനകാരം ഉദ്ദേശം. എൻറെ താല്പര്യത്തിൽ ഉണ്ടായ ഒരു സംശയം ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നാകുന്നു എൻറെ വേണ്ടപ്പെട്ടതുദ്ദേശം മി. ടി. പി. രാമസുബ്ബയ്യർ: ദയവുചെയ്തു കുറച്ചുകൂടെ ഉറക്കെപറഞ്ഞാൽ കേൾക്കുന്നില്ല.)

ഈ സംശയം ഇന്നാലെയുണ്ടായിവന്നതല്ല കുന്നാംപുള്ളിയിൽ ഉണ്ടായതാണ്. ഒരു മാന്യനായർ വേനൽക്കാലത്തിൽ നിന്നു ഒരു വാച്ചുകാരൻ പയ്യനെ കാണാതെപോയി. പയ്യനെ കാണാതെയായവിവരം അമ്മ അറിഞ്ഞു ബഹളമുണ്ടായി. ഇങ്ങനെ കുറ്റം കുന്നാംപുള്ളി പോലീസുകാരുടെ ദൃഷ്ടിയിൽപ്പെട്ടു.

ശ്രീ. എ. തോമസ്പിള്ള (തിരുവനന്തപുരം). ആരുടെ അമ്മ?

ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള (കുന്നാംപുള്ളി): വേലക്കാരൻറെഅമ്മ. ഇൻസ്പെക്ടറും ഹെഡ്കാൺസ്റ്റേബിളും പരമ്പപിള്ളയും ആ വേനത്തിൽ ഓടിയെത്തി. പിറ്റിലെ പ്രധാനി അവിടെ ഇല്ലായിരുന്നു. ഉടനെ അവർ പയ്യനെപ്പറിച്ചോദിച്ചു. രണ്ടു മൂന്നു ദിവസമായി പയ്യനെ കാണ്മാനില്ലെന്നു ആ സ്ത്രീ പറഞ്ഞു. ഉടനെതന്നെ പയ്യൻ വയസ്സു പ്രായമുള്ള ആ പിള്ളയെ മണ്ണു മൂന്നു കുട്ടികളെ പോലീസ്കാർ സ്റ്റേഷനിലേക്കു ഇട്ടിരുത്തുകയായി. ചിലദിവസം കുന്നാംപുള്ളി തഹശീൽദാർ മജിസ്ട്രേട്ടുകൻറെ മുമ്പാകെ ഒരു കമ്പി കൊടുക്കണമെന്നു ആ കുട്ടികളോടു ആവശ്യപ്പെടുകയും അവരുടെ അഛൻ ആ പയ്യനെ ചവിട്ടുന്നതും അവർകണ്ടു എന്നും പിന്നിട്ടു ആ പയ്യൻറെഛനെ തൂണികൊണ്ടുവന്നു മണ്ണെണ്ണ ഒഴിച്ചുകത്തിച്ചുകളയുമെന്നും അവരുടെമുമ്പിൽ കൊടുക്കുകയുംചെയ്തു. മൊഴി അങ്ങനെ രേഖപ്പെടുത്തുകയും പിറ്റേ ദിവസത്തിനുശേഷവും പയ്യനെ കാണാതിരുന്നതുകൊണ്ടും കുറ്റം പരമാർത്ഥമാണെന്നു എല്ലാവർക്കും ബോദ്ധ്യമായിട്ടും വിട്ടയച്ചിരിക്കുകയുംചെയ്തു. പോലീസുകാർ അറസ്റ്റുചെയ്തുമെന്നു യാതൊരു യഥാർത്ഥത്തിൽ ഭയപ്പെടുത്തിയിരുന്നു. അതുകൊണ്ടാണു ചിറ്റിപ്പോയി എന്നു വിചാരിച്ചിരുന്ന ചെറുക്കൻ മടങ്ങിവന്നതു; എന്നാൽ അതുകൊണ്ടും ഇതിനെപ്പറ്റിയുള്ള നടപടിയും അവസാനിച്ചില്ല. നിരപരാധിയായ ഒരു പയ്യനെ അവിടെയുണ്ടു. കേസു അവിടെയുണ്ടു. കുട്ടികളുടെ മൊഴി നിഷേധിക്കാൻ ഇടവന്നതു എങ്ങനെയാണെന്നു പ്രത്യക്ഷമാണ്. ആ മനുഷ്യനെ അറസ്റ്റുചെയ്തു ചാർജ്ജുചെയ്തു പോലീസ്കാർ വല്ല തെളിവും ഹാജരാക്കി ശിക്ഷിച്ചിരുന്നുവെങ്കിൽ വലിയ ഫലമെന്തായിരുന്നുവെന്നുള്ളതു ആലോചിച്ചു നോക്കുക.

ഡിപ്യൂട്ടി പ്രസിഡൻറു: അങ്ങനെ ചെയ്തില്ലല്ലോ.

ശ്രീ. ജി. പി. നീലകണ്ഠപ്പിള്ള(കുന്നാംപുള്ളി,: ഡിപ്പാർട്ടുമെൻറിലെ ജോലി നടത്തിപ്പിൻറെ ന്യൂനത നിമിത്തമാണു ഇങ്ങനെസംശയിച്ചുതെന്നുസഭയുടെ ദൃഷ്ടിയിൽകൊണ്ടുവരണമെന്നുമാത്രമാണു ഇതുകൊണ്ടുദ്ദേശം.

ശ്രീ. കെ. ഡാനിയൽ (ഇൻചാർജ് ഓഫ് ഡിസ്ട്രിക്ട് [illegible]): [illegible] ഇക്കാര്യത്തെപ്പറ്റി പുനഃപരിശോധിക്കുമെന്ന് മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. പി. പി. നീലകണ്ഠപ്പിള്ള (കുണ്ടറ): ഇക്കാര്യത്തെപ്പറ്റി [illegible] എന്ന് മിസ്റ്റർ ഡാനിയേൽ മറുപടി പറയുന്നതുകൊണ്ട് ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഡിപ്യൂട്ടി സ്പീക്കർ: ഉപക്ഷേപം പിൻവലിക്കാൻ സഭ [illegible]?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം 4 വകുപ്പ്.

താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചില്ല.

4 വകുപ്പ്. വക്കീൽ ഫീസിനത്തിൽ അനുവദിച്ചിട്ടുള്ള [illegible] രൂപാ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി.

ഉപക്ഷേപം 4 വകുപ്പ്

ശ്രീ. വി. ചെല്ലംപിള്ള (തോപ്പാള): സർ, താഴെപ്പറയുന്ന ഉപക്ഷേപം [illegible] ഭേദഗതിയോടുകൂടി സ്വീകരിക്കുന്നതിനുള്ള അനുവാദത്തിനായി ഞാൻ അപേക്ഷിക്കുന്നു.

ട്രാഫിക്ക് ഇൻസ്പെക്ടർമാർക്ക് ഡ്യൂട്ടി അലവൻസായി കൊടുക്കുന്നതിനു അനുവദിച്ചിട്ടുള്ള 4,വ [illegible] രൂപയിൽ നിന്നു 4 [illegible] രൂപാകയറ്റുന്നതിനും.

സർ, ഉപ്പോൾ വാഹനസഞ്ചാരം ദിനംപ്രതി വർദ്ധിച്ചുവരികയാണെന്നു നമുക്കു അറിയാവുന്നതാണല്ലോ. മോട്ടോർ കാറുകളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. ഈ വർദ്ധനയനുസരിച്ചിട്ടും മോട്ടോർ സൈക്കിളുകളും മോട്ടോർ കാറുകളും തിരക്കിനിടയിൽ കൂടി ഓടിക്കുന്നതിനു കഴിവുണ്ടായിരുന്നു. മോട്ടോർ കാറുകളിൽ കൂടുതൽ വേഗം കുറയ്ക്കണമെന്നുള്ള പരിഗോധിക്കാൻ മാത്രമേ സ്റ്റേഷനിലും കൺസ്റ്റേബിൾമാർ നിൽക്കുന്നതും കാണാറുള്ളൂ. ഇങ്ങനെ അവിടെ യാതൊരു സ്ഥലത്തിൽ നടന്നുകാണണമെന്നു മോട്ടോർ ഡ്രൈവർ കാറിൽനിന്നിറങ്ങി ചെന്നു ബന്ധപ്പെട്ടുകയും പിന്നെ കൺസ്റ്റേബിളിനോടു വേറെയല്ലവരോടുമോ എന്നുള്ള എടപാടു തടഞ്ഞിട്ടു കാറിലേയ്ക്കു കയറുകയും ചെയ്യുന്നതുകൊണ്ട് ട്രാഫിക്കിനു യാതൊരു തരക്കേടുമുണ്ടാകുന്നില്ല. യാത്രക്കാരെക്കയറ്റിയും ഇറക്കിയും ചെയ്യുന്നതാണ്. യാത്രക്കാർ അനുവദിക്കുന്ന ബുദ്ധിമുട്ടുകൾ യാത്രക്കാർക്കു മാത്രമേ അറിയാവൂ. മാറിമാറി ഇതു ഗ്രഹിപ്പാൻ കഴിയുന്നില്ല. ഇതു കുറേ വർഷങ്ങളായി നടന്നുവരുന്നു. മി. ജസ്റ്റസ് ഡാനിയൽ നാഗർകോവിൽ അഡീഷണൽ പോലീസ് സൂപ്രണ്ടായിരുന്നപ്പോൾ ചില മോട്ടോർ ഡ്രൈവർമാർ കൂട്ടുകെട്ടുണ്ടാക്കി കയറിയിറങ്ങുന്ന കാറുകൾക്കു പാർക്കിംഗ് ഫീസ് കൊടുക്കണമെന്നുള്ള നിയമനിർമ്മാണം തങ്ങളുടെ ബന്ധുക്കളുടെപോലും കാറിൽകയറാൻ പറ്റാതെപോയിട്ടുള്ളതുകൊണ്ടു നിർത്തിവയ്പിച്ചു. ഇതിനിന്നു അനുമാനിക്കേണ്ടതുമേയുള്ളൂ ഉദ്യോഗസ്ഥന്മാർ ജനതയുടെ വരാനിരുന്ന തങ്ങളുടെ സൗകര്യത്തിനുവേണ്ടി പ്രയോഗിച്ചാൽ സാധാരണക്കാർക്കുള്ള കൂട്ടുകെട്ടുകാരെക്കയറ്റുന്നതു നിർത്തിവയ്പിക്കുന്നതു സാധ്യമാണെന്നു തോന്നുന്നില്ല. ഇതു പോലീസുദ്യോഗസ്ഥന്മാരെക്കൊണ്ടല്ലേ. കുറച്ചുകാലം അവർത്തിമിത്തമായിരിക്കും, എന്നാൽ അതുകൊണ്ടൊന്നുമുണ്ടാകുന്നില്ല. ഇങ്ങനെയുള്ള മാറ്റവും മറ്റുദ്യോഗസ്ഥന്മാരുടെ മനോഭാവത്തെയുണ്ടാക്കുന്നുള്ളൂ. [illegible] വിപ്ലവമുണ്ടാക്കുവാൻ കഴിയാതാകുമ്പോൾ അവർ നീചമായ പ്രവൃത്തികൾ ചെയ്യുന്നതു സ്വാഭാവികമാണല്ലോ. കാറുകൾ പരിശോധിക്കുന്നതിനു ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടെന്നു തോന്നുന്നു. അവർ റോഡിന്റെ ഒരറ്റത്തു ചുണ്ടുമ്പോൾ മറ്റേ അറ്റത്തു ഇൻസ്പെക്ടർ കാറുകൾ ചെക്കുചെയ്യുന്നുണ്ടെന്നു തോന്നിപ്പോകുന്നു. ഇതുകൊണ്ടൊരു പ്രയോജനവുമുണ്ടാകുന്നില്ല. അവിടെയുള്ള ട്രാഫിക്കുദ്യോഗസ്ഥന്മാർ തങ്ങളുടെ കാറുകളിൽ കയറിപ്പോകുന്നതോളം യാത്രക്കാരെക്കയറ്റി പുറപ്പെടുന്നു. പോലീസുദ്യോഗസ്ഥന്മാരെ കണ്ടുമുട്ടുമ്പോൾ ഡ്രൈവർമാർ ഈ യാത്രക്കാർ ഇറങ്ങിപ്പോകുന്നതുവരെ കാറിൽ കയറിക്കൊള്ളുവാൻ പറഞ്ഞയയ്ക്കുന്നു. ഇതുപോലിപ്പോൾ ചെയ്യുവരുണ്ടു. എല്ലാ ഉദ്യോഗസ്ഥന്മാരും മിസ്റ്റർ ഡാനിയേലിനെപ്പോലെ പ്രവർത്തിച്ചാൽ ഇതിലേയ്ക്കുണ്ടാകുന്നതിൽ നിന്നു ജനങ്ങൾക്കു രക്ഷയുണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

കാറുകളിൽ ഇരിപ്പിടം ചെരുതുണ്ടാക്കുന്നതിൽ കൂടുതൽ കയറാതിരിക്കുന്നതിനു മതിയായ നിവാരണം ഉണ്ടായിരിക്കും. ഒൻപതുപേരെ കയറാവുന്ന കാറുകളിൽ ഏഴുപേരിൽ കൂടുതൽ കയറിയിരിക്കുന്നതായി കാണുന്നില്ല. ഓരോസീറ്റും ഏഴുപേരാക്കുന്നതിനു വിഭജനംചെയ്തു പട്ടികപ്പെടുത്തിയിട്ടുള്ളതുകൊണ്ടു ചെക്കുചെയ്യുന്നതിനും വേണ്ടതിരിച്ചുള്ള കൂട്ടുകെട്ടുകാരെ കയറാവുന്നതിനുപകരം കൂടുതൽ കയറുന്നുണ്ടോയെന്നു നിശ്ചയിക്കുന്നതിനും.

ഡിപ്യൂട്ടി പ്രസിഡന്റ്: തീവണ്ടികളിൽ ഇങ്ങനെയൊരു നടപ്പുണ്ട്. എങ്കിലും അവിടെയും ഒട്ടുമുക്കാലും തിക്കുകൾ ഉണ്ടാകാറുണ്ടല്ലോ.

ശ്രീ. വി. ചെല്ലംപിള്ള (തോപ്പാള): മാതിരിപ്പെട്ടികളൊന്നുമേ വേർതിരിച്ചിട്ടില്ലാത്തവ—

ശ്രീ. എ. എസ്. മാർത്തോമൻ ആശാൻ (മലയാളികളും കോൺഗ്രസ്സുകാരുമില്ലാത്ത മണ്ഡലം): പ്രയാസം അധികമാകും.

ശ്രീ. വി. ചെല്ലംപിള്ള (തോപ്പാള): നേരത്തെനിശ്ചയിക്കുകയെന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്.

ശ്രീ. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായവും വ്യവസായവും മന്ത്രി): അങ്ങനെയുള്ള മനഃസ്ഥാപനം കയറണമെന്നുണ്ടായിരുന്നാൽ എന്തുചെയ്യും?

ശ്രീ. വി. ചെല്ലംപിള്ള (തോപ്പാള): നിങ്ങളുടെയാളും എന്നെപ്പോലുള്ള [illegible] അതിൽ ഇരിക്കാൻ കഴിയും.

വേഗത്തിൽപോകുന്നു പറഞ്ഞാൽ ഇപ്പോഴത്തെപ്പരിധിവിട്ടു ഇങ്ങനെയാണല്ലോ. താവളസ്ഥലത്തുനിന്നു കുറഞ്ഞിയായ സമയം പുറപ്പെട്ടും, രണ്ടോ മൂന്നോ ഫർലോങ്ങ് ദൂരം ചെല്ലുമ്പോഴേയ്ക്കു അതിനു നിശ്ചയിച്ചിട്ടുള്ള വേഗത്തിൽ ഡ്രൈവർ ഇങ്ങനെയാക്കുകയാണ് അഭികാമ്യമായിരിക്കുക. കാറുകളിൽ കയറുന്നവർ കൂടുതൽ ആളുകൾ കയറുന്നതായി കണ്ടാൽ അടുത്ത സ്റ്റേഷനിൽ നിശ്ചിതസമയത്തു എത്തിക്കണം. തരിയാതെ ഓടിക്കുന്നതിനുള്ള ഉദ്ദേശമാണ് ഇതുകൊണ്ടുണ്ടാകുന്നതെന്നു ഞാൻ പറയുന്നില്ല. ഈ കാരണങ്ങളാൽ ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. ഡാനിയൽ (ഇൻചാർജ് ഓഫ് ഡിസ്ട്രിക്ട് പോലീസ് സൂപ്രണ്ട്): ട്രാഫിക്ക് ഇൻസ്പെക്ടർമാർക്ക് 6 രൂപയും സാധാരണ ഇൻസ്പെക്ടർമാർക്ക് 5 രൂപയും അലവൻസ് കൊടുത്തുവരുന്നു. സംസ്ഥാനത്തുടനീളപ്പോടെ മോട്ടോർ ഡിസ്ട്രിക്ടിനെ ഒരാൾവീതം മുന്നു ട്രാഫിക്ക് ഇൻസ്പെക്ടർമാരെയുള്ളൂ. ട്രാഫിക്ക് ഇൻസ്പെക്ടർ

ക്ക് സ്യൂട്ടിഅലവൻസ് കൊടുക്കുന്നതു അല്ലെങ്കിൽ അധികംസ്ഥലം സന്ദർശിക്കാൻ ഉള്ളതുകൊണ്ടോ, ഓരോ പ്രാവശ്യവും അവരുടെ പ്രയത്നിച്ചുപ്പിക്കുമായി ചെയ്യുവരുന്നു. റെഗുലേഷൻപ്രകാരമുള്ള കൂറഞ്ഞതോടെ എണ്ണം കുറയ്ക്കുന്നതിനു നമുക്കുള്ളതൽ ട്രാഫിക്കു ഇപ്പോൾ ഇപ്പോൾ മാർഗ്ഗവണം. അതുകൊണ്ടു ഞങ്ങളാൽ കഴിയുന്നതു ചെയ്യുവാൻ തയ്യാറാണു. ഇതിനെസംബന്ധിച്ചു ഗവൺമെന്റിന്റെ മുമ്പാകെ ഇപ്പോൾതന്നെ ഉണ്ടു. അതിൽപ്രകാരം എല്ലുസങ്കടങ്ങളും പരിഹരിക്കുമെന്നും പൊതുജനങ്ങളുടെ എണ്ണം കുറയുമെന്നും ഞാൻ വിശ്വസിക്കുന്നു. ഉപക്ഷേപം പിൻവലിക്കണമെന്നുപേക്ഷിക്കുന്നു.

മി. പി. കേശവപിള്ള (കൊല്ലം). മിസ്റ്റർ ഡാനിയൽ ഉന്നയിച്ചതുപോലെ ഞാൻ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ക്രമത്തിൽ താഴെ കൊടുക്കുന്നു.

മി. ആർ. രാമൻപിള്ള.

ക്രമം. അസിസ്റ്റന്റ് സൂപ്രണ്ടന്മാരുടെ ആഫീസുകൾക്കനുവദിച്ച നാലായിരം രൂപ വിട്ടുകളയണം.

മി. എ. എസ്. കാരോളൻ ആശാൻ.

ക്രമം. അസിസ്റ്റന്റ് സൂപ്രണ്ടന്മാരുടെ ആഫീസുകൾക്കനുവദിച്ച നാലായിരം രൂപവിട്ടുകളയണം.

മി. ഏ. രാമപിള്ള.

ക്രമം. യന്ത്രങ്ങൾവാങ്ങുന്നതിനും മിലിട്ടറികാട്ടുകുന്നതിനും അനുവദിച്ച മൂന്നു ലക്ഷം രൂപയിൽനിന്നും ഒരു ലക്ഷം രൂപകുറയ്ക്കണം.

മി. ഏ. രാമപിള്ള.

ക്രമം. സമ്മാനം കൊടുക്കുന്നതിനുവേണ്ടി അനുവദിച്ച ഏഴായിരം രൂപവിട്ടുകളയണം.

മി. എ. എസ്. കാരോളൻ ആശാൻ.

ക്രമം. റിസർവിനു അനുവദിച്ച നാലായിരം രൂപ വിട്ടുകളയണം.

മി. ഭഗവതിനാടാർ താരകത്തുമുടി.

ക്രമം. ട്രാഫിക്ക നിയന്ത്രണത്തിനു പ്രത്യേകഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു അനുവദിച്ച രൊക്കം ഏഴായിരം രൂപവിട്ടുകളയണം.

ഉപക്ഷേപം ക്രമം.

മി. ഏ. രാമപിള്ള (തിരുവനന്തപുരം): ഞാൻ ഈ ഉപക്ഷേപം പാടേതള്ളുന്നു.

ട്രാഫിക്ക നിയന്ത്രണത്തിനു പ്രത്യേകഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു അനുവദിച്ച രൊക്കം ഏഴായിരം രൂപ വിട്ടുകളയണം.

ഇതെന്തുരൊക്കമാണെന്നും വിവരങ്ങളെന്തെന്നും കൊടുത്തിട്ടില്ലെന്നുള്ള പ്രധാനകാരണത്താൽ ഈ സംഖ്യ വിട്ടുകളയണമെന്നു ഞാൻഅഭിപ്രായപ്പെടുന്നു. ഈസംഖ്യഎങ്ങനെ എന്താവശ്യത്തിനു ചെലവാക്കാൻ പോകുന്നുഎന്നു യാതൊന്നു വിവരവും സഭയ്ക്കുതന്നിട്ടില്ല. ഈ സംഖ്യ ആവശ്യമുണ്ടോ, ഉണ്ടെങ്കിൽ അതു ശരിയായി ഉപയോഗിക്കുമോ എന്നറിവാൻമാർഗ്ഗമില്ല. അതുകൊണ്ടു അതുപോട്ടെചെയ്യുന്നുവെന്നു അഭിപ്രായപ്പെടുന്നു. എന്നുതീർച്ചചെയ്യാനും നമുക്കുകഴിയുകയില്ല. ഈ സംഖ്യ ആവശ്യമാണൊ? പ്രത്യേകഉദ്യോഗസ്ഥന്മാർ ആവശ്യമുണ്ടോ എന്നിതുമായിബന്ധപ്പെടുത്താനും അവകാശം തരുകയിട്ടില്ല.

മി. എസ്. പിരപ്പിപ്പെരുമാൾപിള്ള (വ്യവഹാരവും വ്യവസായവും തുടങ്ങിയവ): വാഹനസഞ്ചാരം വർദ്ധിച്ചിട്ടുണ്ടെന്നും മറ്റുതെങ്കിലും ഫലപ്രദമായ നിയന്ത്രണം ആവശ്യമാണെന്നും മെമ്പർ അറിയുന്നുണ്ടോ.

മി. ഏ. രാമപിള്ള (തിരുവനന്തപുരം): വാഹനസഞ്ചാരം വർദ്ധിച്ചിട്ടുണ്ടെന്നു എനിക്കറിയാം.

ഡിപ്യൂട്ടിപ്രസിഡന്റ്: വിവരങ്ങളോ കിട്ടണമെന്നാണ് മെമ്പർ ആവശ്യപ്പെടുന്നതു, വിവരങ്ങളൊന്നുമെങ്കിലും അങ്ങോട്ടു നിങ്ങൾപറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് സെക്രട്ടറി): സർ, ഈസംഖ്യ അനുവദിച്ചതിനെപ്പറ്റിയുള്ളതാണു ബഡ്ജറ്റിൽ വിവരിച്ചിട്ടിരിക്കുന്നതു. ഈ ഒരാവശ്യം ഗവണ്മെന്റിന്റെമേൽ ഇതിനുമുമ്പുതന്നെ കൊണ്ടുവന്നിട്ടുള്ളതാണ്. ഇതിനെപ്പറ്റിയുള്ള വിവരങ്ങൾ എന്റെപക്കൽ ഇല്ലാത്തതിനെപ്പറ്റി വ്യസനിക്കുന്നു. ഇതു ഞാൻ പ്രത്യേകമായി ഖേദപ്രകടനം കൊള്ളുന്നു. അങ്ങനെയാണ് ഞങ്ങൾക്കു മനസ്സിലായതു. തന്നെ ബഡ്ജറ്റിൽ ഉണ്ടാകാവുന്ന ഏതെങ്കിലും സംശയനിവൃത്തിക്കുവേണ്ടി കഴിവുള്ളടത്തോളം ബഡ്ജറ്റിൽ വിശദമായ്യാസമെന്നും പറയുന്നതിനുവേണ്ടതാണ്. സംഖ്യവകയിലും അതിന്റെഉപയോഗം സംശയകരവും ആയിരുന്നെങ്കിൽ ഈസംഖ്യ ബഡ്ജറ്റിൽ ഉൾപ്പെടുത്തുമെന്നു ഞാൻ പറകയില്ലായിരുന്നു. ഡിമാണ്ടുമുഴുവനുംനോക്കിയാൽ ഈസംഖ്യവകയുടെ ചേരുതാണ്.

മി. ഏ. എസ്. കാരോളൻആശാൻ (ഗ്രാമവികസനവും കാർഷികപുരോഗതിയും): ഏഴായിരം രൂപ വകയുടെ ചെറിയഭാഗം സംഖ്യയെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് സെക്രട്ടറി): ഡിമാണ്ടിലെ ആകെസംഖ്യനോക്കിയാൽ അതൊരു ചെറിയസംഖ്യയാണ്. അങ്ങനെയാണ് ഞാൻപറഞ്ഞതും. മറ്റിനങ്ങളിൽനിന്നു പണംഎടുത്തുതരുന്നതു ഈ ചെലവുകൾനിർവഹിക്കാൻ കഴിയുമായിരിക്കുമെന്നും തോന്നുന്നു. ഈസംഖ്യയേടുപ്രതിനിധികളായ മെമ്പർമാർക്കുമിഷ്ടമുള്ളിടത്തു ചെലവിടുന്നവിവരം കൊടുത്തു വരുംപ്രതിവർഷം നടത്തുകയാണ് ഈസംഖ്യയിൽ ഒരുകൊല്ലമായിട്ടും ചെലവാക്കുകയില്ലെന്നു ഞങ്ങൾ ഉറപ്പുപറഞ്ഞിട്ടുള്ളതാണ്.

മി. എസ്. പിരപ്പിപ്പെരുമാൾപിള്ള (വ്യവഹാരവും വ്യവസായവുംതുടങ്ങിയവ): വിവരങ്ങൾ മെമ്പർമാർക്കുമിരിക്കുമ്പോൾ കൊടുക്കുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറിയേറ്റ്): അങ്ങനെ ഞാൻ ഉറപ്പുകൊടുത്തിട്ടുണ്ട്. അതുപോലെതന്നെ മെമ്പർ ഉപക്ഷേപം മയമായി പിൻവലിക്കുമെല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ദേവസ്വംസ്കമ്മറിയിലെ അനദ്ധ്യോഗസ്ഥമെമ്പർമാരിൽ ഭൂരിപക്ഷം വിരോധപ്പെടുത്തുകയാണെങ്കിൽ ഈസംഖ്യ ചെലവാക്കാതിരിക്കുമോ എന്നു പറയുമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെന്റ് സെക്രട്ടറിയും ദേവസ്വംകമ്മീഷണറും): അങ്ങനെ ഞാൻ ഉദ്ദേശിച്ചു പറയാം, അനദ്ധ്യോഗസ്ഥമെമ്പർമാരിൽ ഭൂരിപക്ഷം വിരോധമാണെങ്കിൽ കൗൺസിലിന്റെ മുമ്പാകെ കൊണ്ടുവരേണ്ട സാധാരണനടപടിയിൽ ഒട്ടുംതന്നെ ഈ തുക ചെലവു ചെയ്യുകയില്ല. എന്നാൽ ഞങ്ങൾക്കുള്ള അധികാരപ്രകാരം ആവശ്യമുള്ളടത്തോളം പണം താൽക്കാലികമായി ചെലവുചെയ്യാനുള്ള സ്വാതന്ത്ര്യം ഞങ്ങൾക്കുണ്ടായിരിക്കും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മിസ്റ്റർ താണുപിള്ള അവതരിപ്പിച്ച ഉപക്ഷേപത്തെ അവതരിപ്പിക്കുമ്പോൾ നമ്മുടെ റിട്ടയർഡു പോലീസ് കമ്മിഷണർ മിസ്റ്റർ പിറിസൊപ്പറി ഒന്നാമനുസംഗതികരം സമ്പാദിക്കേ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിൽ വാഹനസമ്പാദകത്തെപ്പറ്റിയാം പറയുമ്പോൾ മിസ്റ്റർ പിറിസിന്റെ നാമം എപ്പോഴും സ്മരണയിൽ വരുന്നതാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): നടപടിസംക്രമ്പന്ധിച്ചു ഒന്നു പറഞ്ഞുകൊള്ളട്ടെ.

മി. ടി. സി കേശവപിള്ള (കൽക്കുളവും വിളവങ്കോടും): തിരുവിതാംകൂറിലെ വാഹനസമ്പാദകത്തെസംബന്ധിച്ചടത്തോളം മാത്രമേ ഞാൻ മിസ്റ്റർ പിറിസൊപ്പറി പറയുന്നുള്ളൂ.

ഡിപ്യൂട്ടിപ്രസിഡണ്ട്: ഞാൻ നിങ്ങളുടെ പ്രസംഗത്തെ മുടക്കാൻ വിചാരിക്കുന്നില്ല. മിസ്റ്റർ ടി. സി. കേശവപിള്ളേ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും), തിരുവിതാംകൂറിലെ വാഹനസമ്പാദകത്തെ വിധം ക്രമപ്പെടുത്തിയതു മിസ്റ്റർപിറി ആകയാലാണ് ഞാൻ അദ്ദേഹത്തെപ്പറ്റി പറഞ്ഞതു. അതുതന്നെയാണും അദ്ദേഹത്തോടു കൃതജ്ഞതയുള്ളവരുമാണ്. ഇപ്പോഴത്തെ വാഹനസമ്പാദവ്യവസ്ഥ സൌകര്യപ്പെടുത്തുന്നതിനാണ് ഈസംഖ്യ മിക്കിവച്ചിട്ടുള്ളതെന്നും നമുക്കറിയാം. ഈസംഖ്യയെപ്പറ്റിയുള്ള വിവരങ്ങൾ ദേവസ്വംകമ്മറിയുടെ മുമ്പാകെ ഹാജരാക്കുമെന്നു ദേവസ്വംസെക്രട്ടറിയും പറയുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാരടങ്ങിയ കമ്മിറ്റിയിൽ അതുവിൽക്കുവാൻ ചെലവായിരിക്കും. അതുകൊണ്ടു ദേവസ്വംകമ്മറിയുടെമുമ്പാകെ വിവരങ്ങൾ കൊണ്ടുവരുമ്പോൾ ഇൻസ്റ്റാൾമെന്റുകളുടെയാ ഡി. എസ്. പി. മാത്രമായോ എണ്ണമല്ല കാൺസ്റ്റബിൾമാരുടെ എണ്ണമാണ് ധരിപ്പിക്കേണ്ടതുഎന്നു ഞാൻ ഗവൺമെന്റിനെ ധരിപ്പിച്ചുകൊള്ളുന്നു. എന്തെന്നാൽ ഒന്നോ രണ്ടോപേർക്ക് തിരുവിതാംകൂർ മുഴുവൻസഞ്ചരിച്ചു സംസ്ഥാനംഒട്ടുക്കുള്ള വാഹനനിയന്ത്രണം ചെയ്വാൻ സാധിക്കയില്ല. അതതുസ്ഥലത്തുവിവരം മാത്രമായിരിക്കാം എന്നു. ഈ നിയന്ത്രണാധികാരം ഇപ്പോഴുള്ള ഡി. എസ്. പി. മാർക്കുതന്നെ കൊടുക്കേണ്ടതാണെന്നു ഞാൻപറഞ്ഞുകൊള്ളുന്നു. നിശ്ചിതസംഖ്യയുടെകാര്യത്തിൽ ഇപ്പോഴത്തെ സിഷ്ബന്ധികരംപോരാമോഎന്നാണ് എനിക്കറിഞ്ഞുകൂടായ്കയാൽ. ആകാര്യം സംഭാവനാപാകത്തിനുവരുമ്പോൾ ഗവൺമെന്റു തന്നെ കൊടുക്കേണ്ടതാണെന്നു ഞാൻപറഞ്ഞുകൊള്ളുന്നു. നിശ്ചിതസംഖ്യയുടെകാര്യത്തിൽ ഇപ്പോഴത്തെ സിഷ്ബന്ധികരംപോരാമോഎന്നാണ് എനിക്കറിഞ്ഞുകൂടായ്കയാൽ. ആകാര്യം സംഭാവനാപാകത്തിനുവരുമ്പോൾ ഗവൺമെന്റുത

ഡിപ്യൂട്ടി പ്രസിഡൻറ്: ഈ ബില്ലുമായി ബന്ധപ്പെട്ടുള്ള അനേകം ഉപക്ഷേപങ്ങൾ വന്നിട്ടുണ്ട്. ഇതി നെപ്പറ്റി ആരെങ്കിലും വല്ലതും പറയാനുണ്ടെങ്കിൽ പറയാം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ ഉപക്ഷേപത്തെ പിൻതാങ്ങി രണ്ടുപ്രാവശ്യം പറയുന്നതിനു എനിക്കാഗ്രഹമുണ്ട്. ദേവസ്വം കമ്മിറ്റിയിലെ ഒന്നു രണ്ടു മാണഹിപ്പ്യൽ മെമ്പന്മാരും ബ്ലാങ്കു ചെക്കിൽ ഒപ്പിട്ട കൊടുക്കേണമെന്നുവിചാരിച്ചു അങ്ങനെ ഞാനും ചെയ്യുന്നതു മിക്കവരും അറിയുമല്ലോ.

മി. കൃഷ്ണസ്വാമി ശർമ്മശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവകയിൽ): അവിടത്തെ വിദ്യാഭ്യാസസംപ്രദായം വളരെയേറെ നമുക്കുപയോഗപ്രദമായതെന്നയാണെന്നു ഞാൻ പറയുന്നതിനെ മെമ്പർ സമ്മതിക്കുമോ?

മി. എ. രാമപിള്ള (തിരുവനന്തപുരം): അപ്രകാരമാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസസംപ്രദായം പരിഷ്കരിക്കുന്നതിനു ഞാൻ വിചാരിക്കുന്നില്ല.

മി. കൃഷ്ണസ്വാമി ശർമ്മശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവകയിൽ): സ്റ്റുഡന്റ്സ് ഇൻഡ്യയിലെ ഓരോ പ്രാവിൻസിലും ഒരു ഇൻഡ്യൻ മന്ത്രിസ്ഥാനം മൈസൂരിലെ ഒരു ഇൻഡ്യൻ ഇൻസ്റ്റർ ജനറൽ ഉണ്ടെന്നുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തി പറഞ്ഞപോലെയുള്ളതായിട്ടാണ് ഞാൻ പറയുന്നതു.

മി. എ. രാമപിള്ള (തിരുവനന്തപുരം): മറ്റുള്ള സ്ഥലങ്ങളിൽ ധൃതഗതിയിൽ പരിഷ്കാരങ്ങളും ഏർപ്പെടുത്തുന്നില്ലെങ്കിൽ അപ്രകാരം നമ്മളും പ്രവൃത്തിക്കണമെന്നു അർത്ഥമാക്കുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): നമ്മുടെ വിദ്യാഭ്യാസ സംബന്ധമായ കാര്യങ്ങളിൽ സ്ത്രീകളെക്കൊണ്ടു മിസ്റ്റർ താണുപിള്ള പറയുന്നു. ഒരു നാട്ടുകാരനെന്നതിലധികം ഏതു കോണ്ഗ്രസ്സ് പ്രവർത്തകൻ ഒരു ഇൻഡ്യൻ ഡയറക്ടർക്കു മുമ്പു സ്ത്രീകളെ എപ്രകാരം പരിഗണിക്കും? അതുതന്നെയാണ് ഞാൻ ചോദിക്കുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ചുരുക്കത്തിൽ ഞാൻപ്രസ്താവിച്ചതു അതുതന്നെയാണ്. ജനങ്ങളുടെ സ്ഥിതിഗതികളേയും അവരുടെ മനസ്ഥിതിയേയും അവരുടെ ആവശ്യങ്ങളേയും കുറിച്ചു ഒരു യൂറോപ്യനു യഥാർത്ഥമായും അറിയാൻപാടില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടറിമാർ): സ്റ്റേറ്റിന് ഇൻഡ്യൻ പ്രാധിനിത്യസ്വഭാവത്തിലോ മൈസൂരിലോ ഒരു ഇൻഡ്യൻ മിനിസ്റ്റർമാരുണ്ടോ ഒരു ഇൻഡ്യൻ ഇൻസ്പെക്ടർ ജനറൽ മുഖേനയോ എന്തു പരിഷ്കാരമാണുണ്ടായിട്ടുള്ളതെന്നു മെമ്പർ പ്രസ്താവിക്കുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ചോദ്യവുമായുള്ള സംബന്ധമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. പരിഷ്കാരങ്ങൾ ഉണ്ടായി എന്നും ഉണ്ടായില്ലെന്നും വന്നേക്കാം. എന്നാൽ ഇപ്പോൾ പരിഷ്കാരങ്ങൾ ഏർപ്പെടുത്തണമെന്നാണ് ഞാൻ അഭ്യർത്ഥിച്ചതു.

മി. എ. എസ്. കൃഷ്ണയ്യർ അമ്മാൻ (മരാമത്തുവകുപ്പുകൾ കൈകാര്യംചെയ്യുന്ന മെമ്പർ): ഒരു യൂറോപ്യൻ മിനിസ്റ്റർ ഇല്ലാത്തതുകൊണ്ടു സ്റ്റേറ്റിന് ഇൻഡ്യയിലെ ഏതെങ്കിലും പ്രാവിൻസിൽ നിന്നും സംഭാവിച്ചിട്ടുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കറിയില്ല. കാര്യനിർവ്വഹണവകുപ്പിനെ സംബന്ധിക്കുന്നിടത്തോളം അപ്രകാരം സംഭവിക്കുന്നതിനു യാതൊരുമാർഗ്ഗവും കാണുന്നില്ല.

സർ, ഇനി ഭാഷാസംബന്ധമായുള്ള രണ്ടാമത്തെ സംബന്ധിച്ചിടത്തോളം മിസ്റ്റർ ഗുരിസ്വാൻ പറഞ്ഞതുപോലെ അതൊരു പ്രധാനമായ ബുദ്ധിമുട്ടുതന്നെയാണു. എന്നാൽ അതുകൊണ്ടുമാത്രം അവസാനിക്കുന്നില്ല കാരണം ഉദ്യോഗസ്ഥന്മാരുടെ സംഗതിയെ അനുഭാവമുണ്ടാക്കിയാണ് ഞാൻ എന്റെ ഉപക്ഷേപം കാജരാക്കിയിരിക്കുന്നതു. അങ്ങനെയുള്ള വിശാലമായ നയമാണ് ഈയൊരു മുഴുവനും ഭേദപ്പെടുത്തേണ്ടതിലേക്കും സാമുദായികമായുള്ള പല സംഗതികളും ആലോചിക്കേണ്ടതായിട്ടുണ്ടു.

മി. മത്തായി ഗുരിസ്വാൻ (മൈസൂരു): നാട്ടുകാരോടു സംബന്ധമായുള്ള ബുദ്ധിമുട്ടു ഒരു ഗൌരവമുള്ള കാര്യമാണെന്നു മെമ്പർ വിചാരിക്കുന്നില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഒരു യൂറോപ്യൻ ഡയറക്ടർക്കു അങ്ങനെ വശപ്പെടുത്തിയെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ സംശയമുള്ളതുതന്നെയാണു. കുറെക്കഴിഞ്ഞതിനുശേഷം ഒരു ഇൻഡ്യൻഡയറക്ടറെ നിയമിക്കുന്നതു ഭരണസൌകര്യമാണെന്നുവരികിലും ഒരു ഇൻഡ്യൻ ഡയറക്ടറെ നിയമിക്കുകകൊണ്ടു വന്നിട്ടില്ലെന്നുള്ള മിസ്റ്റർ സ്റ്റീഫൻസന്റെ അഭിപ്രായപ്പെടുന്നു. ഒരു ഇൻഡ്യൻ ഡയറക്ടറുടെ ആവശ്യകതയുണ്ടെങ്കിൽ അതു ഇപ്പോഴിങ്ങനെന്നുള്ള നിലയിലുള്ള ഏതൊരു തരപ്പെടുത്തലുകളും ഇപ്പോഴുള്ള ഘാതിതന്നെ കുറെകൂടി പ്രയാസപ്പെടുത്തുകയേ ചെയ്യുകയുള്ളൂ. ഏതുതരമായുള്ളതോ സ്വദേശിമന്ത്രിയുണ്ടെന്നുള്ള പ്രസ്താവിക്കുന്നതിനുള്ള സാധിക്കുമോ എന്ന എനിക്കു സംശയമാണു. അതിനാൽ വിദ്യാഭ്യാസസംബന്ധിപ്പാർട്ടുമെന്റിനെ സമർത്ഥനായ ഒരു ഇൻഡ്യൻ ഡയറക്ടറുടെ നിയന്ത്രണത്തിൻകീഴിൽ ആക്കേണ്ട ആവശ്യകതയെ ഗവർമെന്റിനെ അറിവിക്കുന്നതിനുള്ള പ്രസ്തുത ഉപക്ഷേപം ഞാൻ ഹാജരാക്കിയതെന്നുചെയ്യുന്നു.

അദ്ധ്യക്ഷൻ: ഭാഷാബന്ധം വാദപ്രതിവാദങ്ങളെ സംബന്ധിച്ചാണ് വാദപ്രതിവാദം നടന്നിയിട്ടുള്ളതു; ഇതു വോട്ടിനു ഇടുന്നതിനുള്ള അനുവദിക്കുന്നതിനു മുൻപായി ഏതു പാർട്ടുമുഖമാണ് മെമ്പർ വോട്ടിടുന്നതിനാഗ്രഹിക്കുന്നതെന്നു എനിക്കു അറിയേണ്ടതായിരിക്കുന്നു. ഒന്നാമതായി, മെമ്പർ കൊണ്ടുവന്നിട്ടുള്ള വാദമുഖം ഒരു നാട്ടുകാരനെ മാത്രമേ ഡയറക്ടറായി നിയമിക്കാവു എന്നുള്ളതാണു. പിന്നീടു വിദ്യാഭ്യാസ ഡയറക്ടർ ഉദ്ദ്യോഗത്തിൽ ഒരു യൂറോപ്യനെ ഒരിക്കലും നിയമിച്ചുകൂടെന്നു മെമ്പറന്മാരിൽ ഭൂരിഭാഗംപേർ ആവശ്യപ്പെട്ടു. പിന്നിടുണ്ടായ വാദപ്രതിവാദം വിദ്യാഭ്യാസരീതിയിൽ പൊതുവിൽ ഒരു മാറ്റമുണ്ടാകുന്നതിനെ സംബന്ധിച്ചാണു. മേല്പറഞ്ഞ വാദമുഖങ്ങളിൽ ഏതിനെയാണ് വോട്ടിനിടണമെന്നു മെമ്പർ ആവശ്യപ്പെടുന്നതെന്നു അറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, പ്രസ്തുതഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷനായി ഒരു നാട്ടുകാരനെ മാത്രമേ നിയമിക്കാവു എന്നുള്ള വിഷയമാണു വോട്ടിനിടേണ്ടതു.

അദ്ധ്യക്ഷൻ: അതായതു യൂറോപ്യന്മാരെ ഒരിക്കലും നിയമിക്കുകൂടാ എന്നാകണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): താങ്കൾപറയുന്നതുപോലെ അതു ക്ലിപ്തപ്പെടുത്തുന്നതിനഞ്ചാൻ തയ്യാറാണ്. അതായതു ഇപ്പോഴത്തെ സ്ഥിതിക്കുമേലും സംസ്ഥാനത്തിലെ വിദ്യാഭ്യാസ നയത്തിൽ വലിയമാറ്റങ്ങളോ യാതൊന്നുതന്നെയും പരിഗണിച്ചു നിയന്ത്രണം സംബന്ധിച്ചിടത്തോളം ഒരു നാട്ടുകാരൻ ആവശ്യമുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ഇന്ത്യൻഡയറക്ടറുടെ നിയന്ത്രണത്തിൻകീഴിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിനെ വച്ചുകോണ്ടിരിക്കേണ്ട ആവശ്യകതയെപ്പറ്റി വാദപ്രതിവാദം നടത്തണമെന്നുള്ളതാണെങ്കിലും ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം, അല്ലെങ്കിലതുതന്നെയാണോ ഈ സഭയിലെ പ്രധാനവാദമുഖം?

അദ്ധ്യക്ഷൻ: എല്ലാം യൂറോപ്യന്മാരേയും അതിൽനിന്നും അകറ്റണമെന്നുള്ളതാണോ അതിന്റെ ഉദ്ദേശം എന്നാണോ ഞാൻ അർത്ഥമാക്കേണ്ടതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): നിശ്ചയമായിട്ടും എല്ലായൂറോപ്യന്മാരേയും പുറകറണമെന്നു തന്നെയാണ് അതിന്റെ അർത്ഥം.

അദ്ധ്യക്ഷൻ: ഗ്രേഷ്യൻസന്റെ കസ്റ്റ (ശ)-ാം വകുപ്പും കസ്റ്റ (എഫ്) വകുപ്പും നോക്കുന്നതായാൽ പ്രസ്തുത ഉപക്ഷേപത്തെപ്പറ്റി ചർച്ചചെയ്യുന്നതിനുള്ള പാടില്ലാത്തതാണെന്നു എന്നു മാമെംബർ ആലോചിക്കുന്നതാണെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷനൽ ഗവൺമെന്റ് സെക്രട്ടറി വക്കിൽ): സർ, യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളാണെന്നുള്ള പ്രിവിലേജുണ്ടെന്നുള്ള അടിസ്ഥാനത്തിലാണ് യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളെ മഴിവാക്കണമെന്നുള്ള പ്രിവിലേജിനെയാണോ സഭയുടെ ആലോചനാവിഷയമായിരിക്കുന്നതെങ്കിൽ അതു അനുവദിക്കപ്പെടാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. എന്നാൽ പ്രസ്തുത വാദവിഷയം വില്യേജ്യാസ ഡിസ്പോസിറ്റൻസിനെ സംബന്ധിക്കുകയും അതിൽ ചേർക്കുകയും ചെയ്യണമെന്നുള്ളതാണെങ്കിൽ അതിനെ ഉള്ളടക്കമെങ്കിൽ അതു അനുവദിക്കുന്നതിൽ ആക്ഷേപമില്ല. യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾക്ക് എതിരായിട്ടുള്ള ഉപക്ഷേപമാണെങ്കിൽ അതു ആക്ഷേപകരമാണ്.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ്): അദ്ധ്യക്ഷന്റെ അനുമതി ലഭിക്കുന്നതിനു മുൻപു ഈ വിഷയത്തെപ്പറ്റി അല്പം പ്രസ്താവിക്കുന്നതിനു എനിക്കു അനുവദിക്കുമോ? ഈ ഉപക്ഷേപം നടപടിക്രമത്തിനു വിരുദ്ധമായിട്ടുള്ളതാണെന്നു കാണിക്കാൻ റൂളേഷന്റെ ക്ലാസ്സ് വകുപ്പു (എഫ്) ഖണ്ഡത്തെയാണ് പ്രധാനമായി കരുതിയിരിക്കുന്നത്. ക്ലാസ്സ് വകുപ്പു താഴെപ്പറയുന്നപ്രകാരമാണ്.

" (എ) തിരുവിതാംകൂറിലെ രാജവംശത്തേയോ;

(ബി) നമ്മുടെ ഗവണ്മെന്റും മേൽക്കോയ്മയുമായോ വിദേശീയ രാജാക്കന്മാരുമായോ സംസ്ഥാനങ്ങളുമായോ ഉള്ള ബന്ധത്തെയോ;

(സി) ഇപ്പോൾ ഉദ്ദിഷ്ടത്തിൽ ഇരിക്കുന്നതോ ഭാവിയിൽ നമ്മുടെ ഗവണ്മെന്റും മേൽക്കോയ്മയുമായി നടത്തുന്നതോ ആയ ഉടമ്പടികളുടെയോ നടപ്പുകളുടെ അനുസരിച്ചോ കരാറുകളുടെ ഫലമായി നിയന്ത്രിക്കപ്പെട്ടതായ വിഷയങ്ങളേയോ;

(ഡി) ക്രിമിനൽ ശിക്ഷയ്ക്കു അർഹതയുള്ളവരെ എക്സ്ട്രാഡിഷൻ ചെയ്യുന്നതിനേയോ;

(ഇ) യൂറോപ്യൻ വ്യാപാരബന്ധങ്ങളേയോ;

(എഫ്) യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളേയോ; സംബന്ധിക്കുന്നതോ ആയ യാതൊരു വിഷയത്തെപ്പറ്റി നിയമസഭ ആലോചിക്കയോ നിയമം ഉണ്ടാക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

സർ, എന്റെ സ്നേഹിതന്റെ അഭിപ്രായത്തെ ഞാൻ വളരെ ബഹുമാനിക്കുന്നു എന്നുവരികിലും ഈ ഉപക്ഷേപത്തെ പ്രസ്തുത വ്യവസ്ഥയിൽ ഉൾപ്പെടുത്താൻ കഴിയുന്നതാണ് എന്നു തോന്നുന്നില്ല. യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾ ഇപ്പോഴുണ്ടായിരുന്നതായ നിയമസഭാ റൂളേഷൻ പാസ്സാക്കപ്പെടുന്നതിനു മുൻപുതന്നെ ബ്രിട്ടീഷ് ഇൻഡ്യയിലും തിരുവിതാംകൂറിലും അനുഭവിച്ചുവരുന്നതായ ചില പ്രത്യേക അനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളം പ്രതിപാദിക്കുന്നതിനുള്ള അധികാരത്തെ നിയമസഭയ്ക്കു നഷ്ടപ്പെടുത്തണമെന്നുള്ള ഉദ്ദേശമല്ല അതിൽ അടങ്ങിയിരിക്കുന്നതു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അദ്ധ്യക്ഷൻ: ക്ലാസ് (എഫ്) വകുപ്പും ക്ലാസ് (ഇ) വകുപ്പും തമ്മിൽ യാതൊരു വ്യത്യാസമാണോ?

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടി പ്രസിഡന്റ്): ക്ലാസ് (ഇ) വകുപ്പു താഴെപറയുന്നപ്രകാരമാണ്.

മുൻപറഞ്ഞിട്ടുള്ള ഉപയോഗപ്പെടുത്തുന്നതിലേയ്ക്കോ താഴെപറയുന്ന വിഷയങ്ങളെ സംബന്ധിച്ചുള്ള പണങ്ങളിൽക്കൂടിയോ ഉള്ള നമ്മുടെ ഗവണ്മെന്റിന്റെ നിർദ്ദേശങ്ങളുടെ സഭയുടെ വോട്ടെടുപ്പിനോ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ സഭയുടെ വോട്ടെടുപ്പിനോ സമർപ്പിക്കുന്നതിൽ അവയെ സംബന്ധിച്ചു സഭാവാദപ്രതിവാദം നടത്തുകയോ ചെയ്യാൻപാടില്ലാത്തതാകുന്നു.

(ഇ) ഈ റൂളേഷന്റെ ക്ലാസ്സ് വകുപ്പനുസരിച്ചു സഭയുടെ അധികാരത്തിനു വിധേയം ഒഴിവാക്കിയിട്ടുള്ള എല്ലാതരത്തിലും വിഷയം സംബന്ധിച്ചുള്ളതാകുന്ന ചിലവു് മുതായത്.

ഇവിടെ ഇപ്പോൾ ഒരു യഥാർത്ഥ സംബന്ധിച്ചാണ് വാദപ്രതിവാദം നടത്തുന്നതു. സർ, അപ്രകാരമൊരു സന്ദർഭത്തെപ്പറ്റി ഭേദഗതിവാദിക്കുന്ന സന്ദർഭത്തിൽ പ്രസ്തുത ഉപക്ഷേപത്തെ റൂളേഷൻ അനുസരിച്ചും അതിൻപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളും അനുസരിച്ചും സഭയിൽ വോട്ടുചെയ്യാമോ പാടില്ലയോ എന്നുള്ളതിനെപ്പറ്റി തീരുമാനിക്കേണ്ടതായിട്ടുണ്ടെന്നാണ് അദ്ധ്യക്ഷൻ പ്രസ്താവിക്കുന്നതു. ഖാണ്ഡം വകുപ്പിനെയാണ് അധാരമായി കരുതുന്നതു. സഭയുടെ ആലോചനയിൽ ഇരിക്കുന്ന വിഷയം ക്ലാസ് (എഫ്) വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നില്ലെങ്കിൽ ക്ലാസ് (ഇ) വകുപ്പിന്റെ സഹായം ഒഴിച്ചും ആവശ്യപ്പെടണമെന്നില്ല. എന്നുമാത്രമല്ല ഈ രണ്ടാമത്തെ ക്ലാസിനു നിയമമാക്കപ്പെട്ടിട്ടുള്ളതു? പ്രസ്തുതനിയമനിർമ്മാണത്തിനു മുൻപുതന്നെ യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾക്കു യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളുടെ നിലയിൽ ഇപ്പോഴുള്ള ചില അവകാശങ്ങളുണ്ടായിരുന്നു. ഇതിനുദാഹരണമായി, അവർ തിരുവിതാംകൂറിലെ ക്രിമിനൽ കോടതികളുടെ വിചാരണയ്ക്കു എന്തുകൊണ്ടും കീഴടങ്ങുന്നപക്ഷം അവരെ വിസ്തരിക്കുന്നതിനു സാധാരണ മജിസ്ട്രേട്ടിനു അധികാരമുണ്ടായിരുന്നില്ല. ഇൻഡ്യൻ ഗവൺമെന്റിൽ നിയമിക്കപ്പെട്ടിരുന്ന ജസ്റ്റിസസ് ആഫ് പീസ് ആണ് അവരെ വിസ്തരിക്കുന്നതു. അപ്പീൽസംബന്ധമായ അധികാരത്തെ കൈകാര്യംചെയ്യുന്നതിനു ഹൈക്കോർട്ടിനെ നിയമിച്ചിരുന്നതായും കാണുന്നു. ഈ അധികാരം മദ്രാസ് ഹൈക്കോർട്ടിലാണ് നിക്ഷിപ്തമാക്കിയിരുന്നതു. അപ്രകാരമുള്ള പ്രത്യേക അവകാശങ്ങളെ പ്രസ്തുത റൂളേഷൻ പാസ്സാക്കുന്നതിനു മുൻപുതന്നെ യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾക്കു യൂറോപ്യൻ ബ്രിട്ടീഷ് പ്രജകളുടെ നിലയിൽ ഇപ്പോഴുള്ള ചില അവകാശങ്ങളുണ്ടായിരുന്നു. ഇതിനുദാഹരണമായി, അവർ തിരുവിതാംകൂറിലെ ക്രിമിനൽ കോടതികളുടെ വിചാരണയ്ക്കു എന്തുകൊണ്ടും കീഴടങ്ങുന്നപക്ഷം അവരെ വിസ്തരിക്കുന്നതിനു സാധാരണ മജിസ്ട്രേട്ടിനു അധികാരമുണ്ടായിരുന്നില്ല. ഇൻഡ്യൻ ഗവൺമെന്റിൽ നിയമിക്കപ്പെട്ടിരുന്ന ജസ്റ്റിസസ് ആഫ് പീസ് ആണ് അവരെ വിസ്തരിക്കുന്നതു. അപ്പീൽസംബന്ധമായ അധികാരത്തെ കൈകാര്യംചെയ്യുന്നതിനു ഹൈക്കോർട്ടിനെ നിയമിച്ചിരുന്നതായും കാണുന്നു. ഈ അധികാരം മദ്രാസ് ഹൈക്കോർട്ടിലാണ് നിക്ഷിപ്തമാക്കിയിരുന്നതു. അപ്രകാരമുള്ള പ്രത്യേക അവകാശങ്ങളെ പ്രസ്തുത റൂളേഷൻ പാസ്സാക്കുന്നതിനു മുൻപുതന്നെ യൂറോപ്യൻ ബ്രിട്ടീഷ് പ്രജകൾക്കു ഉണ്ടായിരുന്നതായും കാണുന്നു. ഈ

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടി പ്രസിഡൻറ്): അപ്രകാരം ചെയ്യുവാൻ അധികാരമില്ല. ആ വിഷയത്തെപ്പറ്റി സഭയിൽ പ്രതിവാദിക്കുന്നില്ലല്ലൊ. ഒരു പ്രത്യേകസംഗതിയെപ്പറ്റി, അതായതു വിദ്യാഭ്യാസഡയറക്ടറന്മാരായി നാട്ടുകാരെ നിയമിക്കേണ്ടെന്നു വിധിക്കുന്നതിനെപ്പറ്റി, ഇപ്പോൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസവകുപ്പിൽ ഒരു മാറ്റം വരുത്തുന്നതിനെ ഒരു ചിത്രത്തെയും ആവശ്യകതയേയുംകുറിച്ചു ശ്രദ്ധാപൂർവ്വം ആലോചിക്കേണ്ടതാണെന്നുള്ള സഭയുടെ അഭിപ്രായപ്പെട്ടിരിക്കുന്നു. സർ, സ്റ്റാൻലി സഭയിൽ എത്രതന്നെയും മഹാത്മാവുടെ അഭിപ്രായങ്ങളെ ധാരണയെ അടിസ്ഥാനമാക്കിയിട്ടല്ല ഇതുവരെ ഇംഗ്ലീഷ് വിദ്യാഭ്യാസ ഡയറക്ടറന്മാരെ നിയമിച്ചുകൊണ്ടിരുന്നതെന്നാണ് എനിക്കറിഞ്ഞുകൂടിയും. യൂറോപ്പിൽനിന്നും യൂറോപ്യന്മാരുടെ സഹായം നമുക്കു വേണ്ടിവന്നിരുന്നു; അവർ എന്തോ കാരണവശാൽ സിവിയർ ഉദ്യോഗസ്ഥന്മാരായിരുന്നു. ഇൻഡ്യൻ പ്രൊഫസ്സറന്മാരെ നിയമിച്ചുതിനെക്കുറിച്ചാണ് യൂറോപ്യൻ പ്രൊഫസ്സറന്മാരെ നിയമിച്ചിട്ടുള്ളതെന്നുവരികിലും കുറച്ചുകാലങ്ങൾക്കുമുൻപുവരെ അവർ ഇൻഡ്യൻ പ്രൊഫസ്സറന്മാരുടെ സീനിയറന്മാരാകുന്നതിലേക്കു അവർക്കു അവകാശമുണ്ടായിരുന്നു. ഇൻഡ്യൻ പ്രൊഫസ്സറന്മാരെസംബന്ധിച്ചിടത്തോളം ഒരു തരത്തിലും വഴിയ അനീതിയായിരുന്നു; ഗവണ്മെൻറിനെ ആ സംഗതി മനസ്സിലാക്കുകയും സർ മാജ്മോഹൻ ചാരിയുടെ ഭരണകാലത്തു അതു പരിഹരിക്കപ്പെടുകയുംചെയ്തു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ സെക്രട്ടറി സർക്കാർ വക്കീൽ): ഡെപ്യൂട്ടി പ്രസിഡൻറ്—

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): മിസ്റ്റർ കൃഷ്ണയ്യങ്കാർ എന്നു പറയണം. അതു മതിയാകുന്നതാണ്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ സെക്രട്ടറി സർക്കാർ വക്കീൽ): സംസ്ഥാനത്തിലെ വിദ്യാഭ്യാസവകുപ്പിൽ യൂറോപ്യൻ ക്രിസ്ത്യൻ പ്രജകളെ നിയമിക്കാൻ പാടില്ലെന്നാണൊ മിസ്റ്റർ കൃഷ്ണയ്യങ്കാർ വാദിക്കുന്നത്?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടി പ്രസിഡൻറ്): എൻറെ സ്നേഹിതൻ എന്നെ വിഷമിപ്പിക്കാൻ ശ്രമിക്കയൊ വാദമുഖത്തെ കൂപ്പേമാക്കുകയൊ ചെയ്യരുതെന്നു ഞാൻ അദ്ദേഹത്തോടു അപേക്ഷിക്കുന്നു. ഈ വിഷയംസംബന്ധിച്ചിടത്തോളം യാതൊരു നിയമവും ഞങ്ങൾക്കു പ്രതിബന്ധമായി നിലകൊള്ളുന്നില്ലെന്നുള്ള സംഗതി അദ്ധ്യക്ഷൻ ആലോചിക്കേണ്ടതാണെന്നും ഒരു വിധിക്കല്പിക്കേണ്ടതാണെന്നുമാണ് ഞാൻ പ്രസ്താവിക്കുന്നത്. ഗവണ്മെൻറിൻറെ ഗൌരവമായ ആലോചനക്കായി ഒരു നിർദ്ദേശം തന്നു ഞങ്ങൾ ഹാജരാക്കുകമാത്രമെ ഞങ്ങൾ ചെയ്യുന്നുള്ളൂ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ സെക്രട്ടറി സർക്കാർ വക്കീൽ): തൽവിഷയമായിട്ടുള്ള ഒരു ചോദ്യമല്ല ഞാൻ ചോദിക്കുന്നത്; വിവരമറിയണമെന്നുമാത്രമെ ഞാൻ ആഗ്രഹിച്ചിട്ടുള്ളൂ. ഈ സഭയുടെ അധികാരത്തെ സംബന്ധിച്ചിടത്തോളം ഭരണസംബന്ധമായ ഒരു വിഷയവും നിയമനിർമ്മാണസംബന്ധമായ ഒരു വിഷയവും തമ്മിൽ ഒരു വ്യത്യാസമുണ്ടെന്നാണൊ മിസ്റ്റർ കൃഷ്ണയ്യങ്കാർ അഭിപ്രായപ്പെടുന്നതെന്നു എനിക്കറിയേണ്ടതായിരിക്കുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): പ്രസ്തുത ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം എൻറെ സ്നേഹിതൻറെ അഭിപ്രായത്തിൽ നമുക്കു വോട്ടുചെയ്യാൻ പ്രതിബന്ധമായിരിക്കുന്ന ഒരു വകുപ്പു ആദ്യമായി ഇപ്പോൾ കൂട്ടത്തപ്പെടുന്നപക്ഷം—

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ സെക്രട്ടറി സർക്കാർ വക്കീൽ): അതല്ല എൻറെ വാദമുഖം സർ, യൂറോപ്യൻ ക്രിസ്ത്യൻ പ്രജകളെ ഒഴിവാക്കുന്നതിലേക്കുള്ള ഒരു നിയമം പാസ്സാക്കുന്നതിലേക്കു ഈ സഭയ്ക്കു അധികാരമില്ലെന്നു അദ്ദേഹം സമ്മതിച്ചിരിക്കുന്നു. നിയമനിർമ്മാണസംബന്ധമായ ഒരു വിഷയവും ഭരണസംബന്ധമായ ഒരു വിഷയവും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി ഒരു നിയമം പാസ്സാക്കുന്നതിലേക്കു ഈ സഭയ്ക്കു അധികാരമില്ലെങ്കിലും ഈ സഭയുടെ നിയമനിർമ്മാണാധികാരത്തിൽ ഉൾപ്പെടാത്തതായ ഒരു വിഷയംസംബന്ധിച്ചു ഭരണവിഷയമായ ഒരു ഉപക്ഷേപത്തെ ഈ സഭയ്ക്കു വോട്ടുചെയ്യാൻ കഴിയുമെന്നാണോ മിസ്റ്റർ കൃഷ്ണയ്യങ്കാരുടെ അഭിപ്രായമെന്നു എനിക്കറിയേണ്ടതായിട്ടുണ്ട്. അതൊരു ഖണ്ഡിതമായ ചോദ്യമാണ്; അതിലേക്കുള്ള മെംബരുടെ അഭിപ്രായം അറിയുന്നതിലേക്കാണ് ഞാൻ ആഗ്രഹിക്കുന്നത്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): നിയമസംബന്ധമായ ഒരു നടപടിയും ഭരണസംബന്ധമായ ഒരു നടപടിയും തമ്മിലുള്ള വ്യത്യാസത്തെ എൻറെ സ്നേഹിതൻ വാസ്തവത്തിൽ മനസ്സിലാക്കാതെപക്ഷം സാരമായ ഖണ്ഡനമുണ്ടാകുമെന്നു തോന്നിയതുകൊണ്ടാണ് ഒരു ഭരണസംബന്ധികമായിട്ടുള്ള വിഷയത്തെപ്പറ്റി നിയമം ഭേദപ്പെടുത്തുന്നതുവരെ ഗവണ്മെൻറിൻറെ അഭിപ്രായങ്ങൾ എന്തുതന്നെ ആയിരുന്നാലും ഈ സഭയുടെ വോട്ടു നടപ്പിൽവരുത്തണമെന്നു ഗവണ്മെൻറിനോടു ആവശ്യപ്പെടുവാൻ പാടില്ലാത്തതാകുന്നു. അപ്രകാരമുള്ള ഒരു മാറ്റം ഉണ്ടാകുന്നതുവരെ മാറ്റത്തിനുള്ള ആഗ്രഹസൂചകത്തെപ്പറ്റി ഗവണ്മെൻറു ചിന്തിക്കണമെന്നും സ്ഥിതിഭേദങ്ങളെ അഭിസ്ഥാനപ്പെടുത്തി അതു നടപ്പാക്കപ്പെടണമെന്നും അപേക്ഷിക്കുകമാത്രമേ ആ വോട്ടുകൊണ്ടു അർത്ഥമാക്കുന്നുള്ളൂ. ഈ സംഗതികളെ പരിഗണിച്ചാണ് പ്രസ്തുത ഉപക്ഷേപം ഹാജരാക്കപ്പെട്ടിട്ടുള്ളതെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ- അതയല്ലല്ലൊ ഉപക്ഷേപത്തിൻറെ ഉദ്ദേശം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, ഡെപ്യൂട്ടിപ്രസിഡൻറ്): ഉപക്ഷേപത്തിൻറെ ഉദ്ദേശം അതുതന്നെയാണ്. പേരിനുമാത്രം ഒരു ഭേദം കുറവുചെയ്യണമെന്നു എൻറെ സ്നേഹിതൻ ആവശ്യപ്പെട്ടിരിക്കുന്നു വിദ്യാഭ്യാസ ഡയറക്ടറുടെ നിയമവിഷയത്തിൽ ഒരു മാറ്റംവരുത്തുന്നതിനെ ആഗ്രഹസൂചകത്തെപ്പറ്റി ഗവണ്മെൻറിനെ അറിയിക്കുന്നതിലേക്കുമാത്രമാണ്. അതിലേക്കാണ് അദ്ദേഹം ഉപക്ഷേപം ഹാജരാക്കിയിരിക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം ഹാജരാക്കിയിരിക്കുന്ന ഉപക്ഷേപം അതുതന്നെയാണ്. എന്നിരുന്നാലും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തൊട്ടു തിരുത്താമെന്നുള്ളതാണ്.

അദ്ധ്യക്ഷൻ: വിദ്യാഭ്യാസ ഡയറക്ടറേയോ ഒരു നാട്ടുകാരനെ അല്ലാത്ത മറ്റാരേയും നിയമിച്ചുകൂടെ എന്നാണ് ഉപക്ഷേപകർത്താവു പ്രസ്താവിച്ചിരിക്കുന്നത്. അതു നിർബന്ധമാക്കണമെന്നാണ അതിൻറെതാത്പര്യം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെംബർ, മഡച്ചൂട്ടി പ്രസിഡൻറ): യാതൊരു നടപടിയും നിർബന്ധമാക്കണമെന്നില്ല. യാതൊരു നടപടിയും നടത്തണമെന്ന സർവണ്മെൻറ് ആഗ്രഹിക്കുന്നില്ലെങ്കിൽ അവർ യാതൊരു നടപടിയും നടത്തേണ്ടതായിട്ടില്ല. അതിനർത്ഥമൊന്നും ആക്ഷേപമുള്ളതല്ല. ഉപക്ഷേപം പാസ്സാക്കപ്പെട്ടാലും സർവണ്മെൻറിന്റെ സ്വാതന്ത്ര്യത്തിനൊ അഭിപ്രായത്തിലൊ സാരമായ മാറ്റം സംഭവിക്കുന്നില്ല. പ്രസ്തുത ദുരുദ്ദേശോപക്ഷേപംമൂലം ഇതിൽ കൂടുതലായി യാതൊന്നും രാഠവും വന്നുഭവിക്കുന്നതല്ലെന്ന മിസ്റ്റർ താണുപിള്ള ഉദ്ദേശിക്കുന്നതായി ഞാൻവിചാരിക്കുന്നില്ല. പ്രസ്തുതഉപക്ഷേപം പാസ്സാക്കപ്പെടുന്നതുകൊണ്ടും താഴെപറയുന്ന മുൻപോട്ടു പോകുന്നതായി ഞാൻകരുതുന്നുമില്ല.

അദ്ധ്യക്ഷൻ: ഉപക്ഷേപത്തിന്റെ യുക്തായുക്തം അപ്രകാരമാക്കുന്നപക്ഷം അതിനെപ്പറ്റി ആലോചിക്കുന്നതിനു ഞാൻതയ്യാറാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിനെ സംബന്ധിക്കുന്നതായ ഒരു ഡയറക്ടരുടെ നിയന്ത്രണത്തിൻകീഴിൽ ആക്കേണ്ട ആവശ്യകതയെപ്പറ്റി വാദപ്രതിവാദം നടത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു പ്രസ്തുതഉപക്ഷേപം മിസ്റ്റർ താണുപിള്ള ഫാജരാക്കിയിരിക്കുന്നതു. ഉപക്ഷേപത്തിൽ തന്നെ ഇപ്രകാരപ്പെട്ടതായി പറഞ്ഞിട്ടുണ്ടു.

അദ്ധ്യക്ഷൻ: ഉപക്ഷേപം സംബന്ധിച്ചുള്ള മിസ്റ്റർ കൃഷ്ണയ്യങ്കാരുടെ വാദകരീതി സ്വീകരിക്കുന്നതിനു ഞാൻതയ്യാറാണു. ഒരുപ്രത്യേകസമുദായത്തെ, അതായതു ഒരുയൂറോപ്യൻ ക്രിസ്ത്യാനിക്കു നിയമവിദ്യാലയത്തിൽ പ്രവേശിക്കുവാൻ പാടില്ലെന്ന നിയമമുലം വ്യവസ്ഥപ്പെടുത്തണമെന്നുള്ളതാണെങ്കിൽ അതു സ്വീകരിക്കുന്നതിനു ഞാൻതയ്യാറില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ, മഡച്ചൂട്ടിപ്രസിഡൻറ): സർ, അപ്രകാരം ഉപക്ഷേപത്തിൽ പ്രസ്താവിച്ചിട്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ കൃഷ്ണയ്യങ്കാർ പ്രസ്താവിച്ചതിനെപ്പറ്റിയും ഉപക്ഷേപത്തെക്കുറിച്ചുള്ള നിർണ്ണയത്തിൽ എനിക്കുയാതൊരു ആക്ഷേപവുമില്ലാത്തതാകുന്നു. "ആവശ്യകത" എന്നുള്ളപദത്തിനുപകരം "ആശാസ്യകത" എന്നപദം ഉപയോഗിക്കാമെന്നുള്ളതാണു.

അദ്ധ്യക്ഷൻ: "എപ്രകാരമെങ്കിലും സന്ദർഭമുണ്ടാകുന്നപക്ഷം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ചുമതല നിർവഹിക്കുന്നതിലേക്കു യോഗ്യതയുള്ള ഒരുനാട്ടുകാരനെ നിയമിക്കേണ്ട ആശാസ്യകതയെപ്പറ്റി സർവണ്മെൻറ് ആലോചിക്കേണ്ടതാകുന്നു" എന്നുള്ളഉപക്ഷേപം ഞാൻ സ്വീകരിച്ചിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രസ്തുതഭേദഗതികൊണ്ടു ഞാൻ തൃപ്തിപ്പെടുന്നില്ല. ഉപക്ഷേപം മിസ്റ്റിൽ പ്രസ്താപിച്ചിരിക്കുന്നതുപോലെ തന്നെ ആയിരിക്കേണ്ടതാകുന്നു.

മി. കുട്ടിമാധവമേശരൻപിള്ള (അഡിഷനൽ ഹൈഡ്സക്കാർവക്കീൽ): സർ, ഉപക്ഷേപം സർവണ്മെൻറ് സ്വീകരിച്ചിരിക്കുന്നതും അതിനേയുള്ള വാദപ്രതിവാദം തീർന്നിരിക്കുന്നതും ആകുന്നു.

ഉപക്ഷേപം വകവ.

പ്രവർത്തിക്കുന്ന ഉപക്ഷേപം ഫാജരാക്കപ്പെട്ടില്ല.

മി. കെ. സി. കരുണാകരൻ.

നിയന്ത്രണത്തിനു നീക്കിവച്ചിട്ടുള്ള രൂ, ൧൫൦൦൦ രൂപയിൽനിന്നും രൂ ൦ രൂപകറയ്ക്കുന്നതെന്നു.

ഉപക്ഷേപം വകവ.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെംബർ): സഞ്ചാരപ്പരിവേക്ഷണത്തിനായി അനുവദിച്ചിട്ടുള്ള രൂ. ൧൦൦ രൂപയിൽനിന്നും രൂ ൦൦ രൂപ കുറയ്ക്കുന്നതെന്നാണു എൻറെ ഉപക്ഷേപം. ഈ ഉപക്ഷേപത്തോടനുബന്ധിക്കുന്നതിൽ എനിക്കുള്ള പ്രയാസത്തെപ്പറ്റിയും നാട്ടുകാരായവിദ്യാലയങ്ങളിൽ പക്ഷപാതമുണ്ടായിരുന്നുകൂടാ എന്നുള്ള വിധത്തിലുള്ള ഉദ്യോഗനിയമനങ്ങളിലും പ്രവേശനവും ലഭിക്കുന്നില്ലെന്നുള്ള വസ്തുത സർവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമാത്രമാണു. ഒരുരൂപയോ രണ്ടുരൂപയോ വീതം വാദ്ധ്യാന്മാർക്ക് ശമ്പളംകൊടുക്കുകയാണെന്നുവരികിൽ ൨,൫൦,൦൦൦ രൂപയിൽപരം രൂപകൊടുക്കുവാനിടയുള്ളതായ ഒരുഡിപ്പാർട്ടുമെൻറിൽ മൂന്നിലിരിങ്ങുടെ സംഖ്യനോക്കുകയാണെന്നുവരികിൽ വളരെഉചിതമാണെന്നു പറയുന്നതിനു ഞാൻ മടിക്കുന്നില്ല. ഇപ്രകാരമൊന്നു ഈ ഡിപ്പാർട്ടുമെൻറിൽ പ്രവേശനംവേണ്ടവിധത്തിൽ ലഭിക്കുന്ന സമുദായങ്ങളും ഇന്നു തിരുവിതാംകൂറിൽ ധാരാളമായിട്ടുണ്ടു. ഉദ്യോഗനിയമനത്തിനധികാരമുള്ള ഉദ്യോഗസ്ഥന്മാരുടെ പരിവാരങ്ങൾകൂടുന്നയിൽക്കൂടുന്ന ആളുകൾക്കുകയും കണക്കുമില്ല. എന്നാൽഭാഗ്യവശാൽ വിദ്യാഭ്യാസം മെച്ചപ്പെടുവാൻ പരീക്ഷാവിജയികളായി വളരെസംഖ്യ ഞങ്ങളുടെ സമുദായത്തിൽ ഇല്ലാത്തതുകൊണ്ടു അധികംപേരും ഇവരുടെപരിധിയാതെ കാക്കയാനിടവന്നിട്ടില്ല എന്നാൽഗിയികളായിട്ടുള്ളവരിൽ ൨൦൦-ൽ ൯ പേരും ഇപ്പോഴും പരിവാരത്തിൽ കാക്കുന്നവരായിട്ടാണുകാണപ്പെടുന്നതു. പന്തിരുവയിരത്തിച്ചിലാനം വാദ്ധ്യാന്മാർ ഇന്നുജോലിയിലാക്കുന്നുള്ളൂത്തിൽ ൨൦൦ വാദ്ധ്യാന്മാർമഹമ്മദീയർ ഉണ്ടോഎന്നുള്ള സംശയമാണു. ഇങ്ങിനെമായവിധം അസമത്വം അനുഭവിക്കുന്ന സമുദായത്തിലെ അപേക്ഷകന്മാർ ഇന്നും ഡിപ്പാർട്ടുമെൻറ് മേധാവികളുടെ വാത്സല്യകാരുണ്യനിഴൽക്കുക മാത്രമാണുകയുന്നതെന്നുള്ള സംഗതി ഈ സഭയുടെമുമ്പിൽ കൊണ്ടുവരേണ്ടതാവശ്യമാണെന്നു തോന്നിയുകൊണ്ടാണു ഈ ഉപക്ഷേപം ഞാൻഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. ഞങ്ങളുടെ സമുദായത്തിൽ വല്ലവരും ഈ ഡിപ്പാർട്ടുമെൻറിൽവല്ല ഉദ്യോഗവും ലഭിച്ചിട്ടുണ്ടെന്നവരികിൽ ൨൦൦-ൽ ൯ ഉദ്യോഗങ്ങളും ആക്ടിംഗ്മാത്രമാകുന്നു. ഇവർഎല്ലായിപ്പോഴും ആക്ടിംഗായി ജോലിനോക്കേണ്ടിവരുന്നതല്ലാതെ സ്ഥിരക്കും മേൽസ്ഥിതിക്കു മാറ്റംലഭിക്കുന്നില്ല. ഇനിയും കുറേകാലത്തേക്കു ലഭിക്കുന്നസംഗതിയും സംശയമാണു. എവിടെനോക്കിയാലും ആക്ടിംഗ് സ്ഥാനത്തു മഹമ്മദീയരാകുന്നു. ആ സ്ഥാനത്തു ഒരുസ്ഥിരനിയമനം വരുമ്പോൾ ആ മഹമ്മദീയൻറെ പേരുകാണുകയില്ല. ഇപ്രകാരം അനുഭവിച്ചുവരുന്നതിലാകുന്നില്ല. ഒരുമുനുഷ്യവർഷത്തിനിപ്പുറം വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ നിയമിതരായ ആളുകളിൽ മഹമ്മദീയരുടെ സംഖ്യ എത്രയുണ്ടെന്നു അറിയുന്നതിലേക്കായിട്ടു ഒരു ചോദ്യം ഒരയച്ചിരുന്നു. അതിനുസർവണ്മെൻറിൽനിന്നും ആളുകൊണ്ടു പ്രയോജനമില്ലെന്നോ അതുനേരിടുന്നതിനുള്ള ബുദ്ധിമുട്ടുകളുമായി ആലോചിച്ചു നോക്കിയപ്പോൾ അതുകൊണ്ടു ഫലമില്ലെന്നോ കരുതിയാണു ആ

കുറ്റം അറിയിക്കുന്നതെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. പിന്നോക്കംനിൽക്കുന്ന ഞങ്ങളുടെ ദുസ്ഥിതിയും സമുദായത്തിന്റെ പ്രോത്സാഹനവും നിയമനങ്ങളും ലഭിക്കുന്നില്ലെന്നുള്ള സംഗതി സഭയുടെമുമ്പിൽ കൊണ്ടുവരണമെന്നു വരികിൽ അതുസംബന്ധിച്ചുള്ള ന്യായമായ അറിവ് ഞങ്ങൾക്കു ലഭിച്ചിരിക്കേണ്ടതാണല്ലോ. അതിനാൽ ഇങ്ങനെയുള്ള അറിവുകിട്ടാതെയിരിക്കുന്നതുകൊണ്ടു ഈ ഡിപ്പാർട്ടുമെന്റിൽ എന്തോവലുതായ കൃത്രിമങ്ങൾ നടക്കുന്നുഎന്നു ഞങ്ങൾക്കു വിചാരിക്കാൻ ഇടയുണ്ടു. അതുകൊണ്ടു മേലാലെങ്കിലും ഇങ്ങനെയുള്ള സംഗതികളിൽ ഞങ്ങൾക്കു വേണ്ടവിധത്തിൽ അറിവുതരേണ്ടതാണ്. ഇതിനപുറമെ നാട്ടുകാരുടെ സ്കൂൾ ഡിപ്പാർട്ടുമെന്റിലെ ഗവണ്മെന്റിന്റെ ഗവർണ്മെന്റുത്തരവനുസരിച്ചു പിന്നോക്കത്തിൽനിൽക്കുന്ന സമുദായങ്ങളിൽ യോഗ്യതയുള്ള ആളുകൾക്കു മുഖ്യാഗം നൽകുന്ന വിഷയത്തിൽ ഡിപ്പാർട്ടുമെന്റു മേധാവികൾ വേണ്ടശ്രദ്ധപതിപ്പിക്കാതിരുന്നാൽ അവരെശിക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടും അഭിപ്രായത്തോടുംകൂടി ഞാൻ എന്റെ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ടമെംബർ): മിസ്റ്റർ മഹമ്മദ് കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തെ ഞാനും വലമായി പിൻതാങ്ങുന്നു. പിന്നോക്കം നിൽക്കുന്ന സമുദായക്കാരെങ്കിലുംകുന്ന സ്വന്തകാര്യങ്ങളെ അപ്പപ്പോൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽകൊണ്ടുവരികയല്ലാതെ പ്രത്യേകമാർഗ്ഗമൊന്നുമില്ല. അതുകൊണ്ടു ഇങ്ങനെയുള്ള അവസരങ്ങളിൽ പിന്നോക്കം നിൽക്കുന്ന സമുദായങ്ങളിൽ പ്രത്യേകശ്രദ്ധവച്ചു അവരുടെ സങ്കടങ്ങളെപരിഹരിക്കുവാനായി ഗവണ്മെന്റിനിന്നിന്നും വേണ്ട പ്രവൃത്തികൾ ചെയ്യുന്നതാണെന്നുള്ള, അപേക്ഷയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങികൊള്ളുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ടമെംബർ): സർ, മെംബർ മി. മഹമ്മദുകൊണ്ടുവന്നിട്ടുള്ള അഭിപ്രായത്തെ ഞാനും പിൻതാങ്ങുന്നു. പിന്നോക്കം നിൽക്കുന്ന വർഗ്ഗക്കാരിൽ ഉൾപ്പെട്ട സാധുക്കളായ ആളുകളുടെനല്ല സ്ഥിതിയിൽ കൊണ്ടുവരണമെന്ന ഗവണ്മെൻറു ഉത്സാഹമുള്ളതായി എല്ലാവർക്കും അറിയാവുന്നതാണ്. സാധുക്കളായ ഈ ജനങ്ങളുടെ നല്ലഭാവിയ്ക്ക് കൊണ്ടുവരണമെന്നു ഗവണ്മെൻറിനു ആഗ്രഹമുള്ളതായും അറിയാവുന്നതാണ്. അവരുടെ ഗവണ്മെൻറു നല്ലസ്ഥിതിയിൽ കൊണ്ടുവരേണ്ടതു അത്യാവശ്യമാണ്. ഇവർക്ക് വിദ്യാഭ്യാസം സംബന്ധിച്ചു മറ്റുള്ള ആളുകളെപ്പോലെ മുന്നോട്ടുവരണമെന്നു തല്പര്യമുള്ളതുകൊണ്ടാണ് ഗവണ്മെൻറിന്റെ സഹായം അവർ ആവശ്യപ്പെട്ടിരുന്നതും ഇവരെ മുന്നോട്ടുകൊണ്ടുവരേണ്ടതു ഗവണ്മെൻറിന്റെ കടമയാണ്. വിദ്യാഭ്യാസം എല്ലാജാതിക്കാർക്കും അത്യാവശ്യമായിട്ടുള്ളതാണെന്നു എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. വിദ്യാഭ്യാസം സാമൂഹികതത്ത്വത്തിനുകാരണമായിട്ടുള്ളതാണ്. തമിഴ്നാട്ടിൽ അതിപിന്നാക്കമായിരുന്ന തിരുവള്ളുവർ താഴെ പറയുംപ്രകാരം തിരുകുറളിൽപ്രസ്താവിച്ചിരിക്കുന്നു: "പഠിക്കുന്നതു നല്ലപണ്ഡിതം പഠിക്കണം. പഠിച്ചതുപോലെ പ്രവർത്തിക്കയുംവേണം". ഗവണ്മെൻറിന്റെ മുതലെടുപ്പിൽനിന്നും ഇക്കാര്യത്തിലേക്കു വിദ്യാഭ്യാസവകുപ്പിന്റെ വളരെധനം ചിലവാക്കുന്നതെന്നു, സാധുക്കളായ ഈജനങ്ങൾക്കു വിദ്യാഭ്യാസം സിദ്ധിക്കുന്നതെന്നും നല്ലസ്ഥിതിയിൽ എത്തണമെന്നുംവളരെ ആഗ്രഹമുള്ളതാണ്. മാതാപിതാക്കന്മാരെപോലെയുള്ള ഈഗവണ്മെൻറു സാധുക്കളായജനങ്ങളെ നല്ലസ്ഥിതിയിൽ കൊണ്ടുവരേണ്ടതു അവരുടെകടമയാണ്. ഈ വാക്യത്തെപ്പറ്റി മി. മുഹമ്മദ്സ്സുവിച്ചതിനെപ്പറ്റിയും ഈ സാധുക്കളായ ജനങ്ങൾക്കു ഏഴര, എട്ടര, പത്തര, പതിനാലര ശമ്പളംകിട്ടാതിരിക്കുന്നതു വളരെ കഷ്ടമായിരിക്കുന്നു ഞാൻ ഇന്നരാവിലെ വെർണാക്യുലർ ഇൻസ്പക്ടരെ കണ്ടപ്പോൾ ഞാൻ പറയുന്നതു വസ്തുവാണെന്നഭിപ്രായപ്പെടുകയുണ്ടായി. ഗവണ്മെൻറു ഉത്തരവുകളെല്ലാം കടലാസ്സിൽ മാത്രമേകാണുന്നുള്ളുഎന്നു അദ്ദേഹം പ്രസ്താവിച്ചു. എന്റെ ആളുകൾക്കു ജോലിയെക്കുന്നതിനു അദ്ദേഹത്തെ അവകാശമില്ലെന്നുകൂടി അദ്ദേഹം പ്രസ്താവിച്ചു. ഇപ്പോൾ ജോലിയിൽ ഇരിക്കുന്നവരെ സ്ഥിരപ്പെടുത്തിയതിനുശേഷമെ ഇവർക്കു ജോലിയുണ്ടാകൂ പോലും അദ്ദേഹം പ്രസ്താവിച്ചു. ഈപ്രകാരം

അയാൾ സിറിയൻസമുദായത്തിലോ അതല്ല കത്തോലിക്കാസമുദായത്തിലെ ഉൾപ്പെട്ട ഒട്ടുള്ളതു പോരെന്നുതോന്നി. കടൽതീരങ്ങളിൽ അന്നേകായിരം കത്തോലിക്കാ ക്രിസ്ത്യാനികളുണ്ടായിരുന്നു; അതിൽ ശ്രദ്ധിക്കുന്നതിനും ഉദ്യോഗയിക്ഷയംസംബന്ധിച്ചിടത്തോളം അവകാശമുണ്ടാകണം വേണ്ടെന്നില്ലായിരിക്കാം. നിയമനവിഷയം സംബന്ധിച്ചിടത്തോളം സമുദായിക അവകാശങ്ങൾക്കു ആവശ്യമില്ലാത്ത പ്രധാന്യം നൽകാതിരിക്കേണ്ട കുമതല പാവങ്ങൾനിനാണെന്നുള്ള സംഗതി ഗവൺമെൻറിനെ ഓർമ്മിയിൽ കൊണ്ടുവരണമെന്നുമാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

മി. എൻ. അയ്യർ. കൂട്ടിൻ (നിയമിക്കപ്പെട്ടമെമ്പർ): പിന്നോക്കംനിൽക്കുന്ന സമുദായത്തിനു തക്കവണ്ണമെന്ന അർത്ഥമുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): "പിന്നോക്കം" എന്നുള്ളപദത്തിൻറെ അർത്ഥം ഒരു ക്രിസ്ത്യാനിയേയോ ഒരു മഹമ്മദീയനേയോ ഒരു ഹിന്ദുവിനേയോ ബന്ധിക്കുന്നതല്ല. ക്രിസ്ത്യാനികളുടെഇടയിൽ മതപരിവർത്തനംചെയ്തിട്ടുള്ള ബ്രാഹ്മണരും വെള്ളാളരും നാടാന്മാരും ഉണ്ടായിരിക്കുന്നുണ്ട്. ഹിന്ദുക്കളുടെയിടയിൽ തീയന്മാരും ബ്രാഹ്മണരും മറവാളരും അടങ്ങിയിരിക്കും. ഇതുകൊണ്ട് ഞാൻ പറയുന്നതിൻറെ അർത്ഥം, അപ്രകാരമിരിക്കെ ജാതിതിരിച്ചുള്ള സൃഷ്ടിയല്ലതേതാണ്; ജാതിതിരിച്ചുള്ള യോഗ്യതയാണ് നിയമനവിഷയത്തിലും ഫിസുകസൗജന്യത്തിലും നാം മുഖ്യമായി ആലോചിക്കേണ്ടതു. മി. പി. എസ്സ്. മഹമ്മദ് ഹാജർകിയിട്ടുള്ള ഉപക്ഷേപത്തെ പിൻതാങ്ങുന്നതിലേക്കാണ് ഞാൻ ഇതുമുഖേന നിർദ്ദേശിക്കുന്നതു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഈ ഉപക്ഷേപത്തെപ്പറ്റി എനിക്കു അറിവുകിട്ടിയതു ഇന്നലെ രാത്രിമാത്രമാണു അതിനാൽ ഞാൻ വ്യസനിക്കുന്നു. മി. പി. എസ്സ്. മഹമ്മദിനു തക്കവാൻ കൂടുതലവിവരങ്ങളും ശേഖരിക്കാൻ എനിക്കു സാധിച്ചിട്ടില്ല. എങ്കിലും ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യംസിദ്ധിച്ചിട്ടില്ലാത്ത സമുദായങ്ങളിൽ ഉൾക്കണ്ണോടോന്നുന്ന മി. മഹമ്മദൊ മറവാളർക്കൊ തങ്ങളുടെ അവകാശങ്ങളെ കാത്തിച്ചിട്ടില്ലാ എന്നു പരാതിപ്പെട്ടതുമായ ആക്ഷേപകന്മാരെ സംബന്ധിച്ചുള്ള വിവരങ്ങളും എനിക്കു നൽകുന്നപക്ഷം തരുതിനപ്പുറം ഞാൻ അന്വേഷണം നടത്തുമെന്നു വാശാനം ചെയ്യാമെന്നു മാത്രമെ ഈസന്ദർഭത്തിൽ എനിക്കുപ്രസ്താവിക്കാൻ സാധിക്കയുള്ളൂ. പിന്നോക്കംനിൽക്കുന്നതും പ്രാതിനിധ്യംസിദ്ധിച്ചിട്ടില്ലാത്തതുമായ സമുദായക്കാരിൽനിന്നും ഉദ്യോഗാർത്ഥികളുടെ അപേക്ഷകരും എനിക്കു കിട്ടുമ്പോൾ അവയെപ്പറ്റി റിപ്പോർട്ടുസമർപ്പിക്കുന്നതിലേയ്ക്കു ഡിപ്പാർട്ടുമെൻറിലെ അതാതുശാഖകളിലേക്കു അവയെ ഞാൻ അയക്കാമെന്നതല്ലാതെ ഞാൻ സമ്മതിച്ചുപോരുന്നതായ കാര്യമില്ലാതാനും. പിന്നോക്കംനിൽക്കുന്ന വർഗ്ഗക്കാർക്കും അധഃകൃതർക്കും പ്രായിധ്യംസിദ്ധിച്ചിട്ടില്ലാത്തമറ്റു സമുദായങ്ങൾക്കും ഉദ്യോഗങ്ങൾ നൽകേണ്ടതു സംബന്ധിച്ചുള്ള ഗവൺമെൻറു ഉത്തരവുകൾ അനുകൂലിടത്തോളം നടപ്പിൽവരുത്തുന്നുണ്ടു.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൬൭൭.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു:—

ഇൻസ്പെക്ടറന്മാർക്ക് നീക്കിവച്ചിട്ടുള്ള വുർച്ചൽവ്വ രൂപയിൽനിന്നും ൫ രൂപ കുറയ്ക്കുകയുണമെന്നു.

മലയാളം സ്കൂൾ ഇൻസ്പെക്ടറന്മാർ ശരിയായവിധത്തിൽ പരിശോധന നടത്തുന്നില്ലെന്നുള്ള സംഗതി സഭയെ അറിയിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതു. ഏകദേശം മൂന്നു മാസങ്ങൾക്കു മുൻപാണ് കൊല്ലംതാലൂക്കിലെ ഞാറ്റുവൻപകുതിയിൽ ഒരു പരിശോധകർമ്മമുണ്ടായതു. സ്കൂൾകെട്ടിടം ഇടിഞ്ഞുവീണു. കെട്ടിത്തിൻറെ ബഞ്ചിനകത്തും ഒരു കെട്ടി മരിച്ചു. വലുതായ ഒരു കൊടുങ്കാറ്റുണ്ടായപ്പോഴാണ് കെട്ടിടം ഇടിഞ്ഞുവീണതു; അല്ലാതേയുമായി അനേകം കെട്ടിടങ്ങൾക്കു പരുക്കുപറ്റുകയും ഒരുകെട്ടി മരിക്കയുംചെയ്തു. ഇൻസ്പെക്ടരുടെ അശ്രദ്ധകരമായ പരിശോധനയുടെഫലമാണ് പരിതാപകരമായ ഈ സംഭവം നടന്നതു. അദ്ദേഹം കൃത്യശ്രദ്ധയുള്ള മുൻകരുതലുകൾ ചെയ്തും ആ സ്ഥലം കാലേക്കൂട്ടി അദ്ദേഹം പരിശോധിക്കയും ചെയ്തിരുന്നെങ്കിൽ ഏതുസമയത്തും പ്രസ്തുതകെട്ടിടം ഇടിഞ്ഞുവീഴണമെന്നു അദ്ദേഹത്തിനു മനസ്സിലാക്കാമായിരുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ആ ഡിപ്പാർട്ടുമെൻറിലെ പുതിയിരുട്ടമോ കുടിവെപുതിയ ക്ലാർക്കോ എന്ന മെമ്പർ മയെപ്പറ്റിയായി പറയുന്നതു?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആ ധനസഹായം ലഭിക്കുന്ന രണ്ടു വിദ്യാലയമാണ്. പ്രസ്തുത സംഗതിയെസംബന്ധിച്ചുടത്തോളം ഡിപ്പാർട്ടുമെൻറിൽനിന്നും ഏതെങ്കിലും അന്വേഷണമുണ്ടായിട്ടുണ്ടോ എന്നു എനിക്കു അറിയാൻനിവൃത്തിയില്ല. ഇൻസ്പെക്ടറന്മാർ പ്രവർത്തിപ്പിച്ചുവരുന്ന അശ്രദ്ധയെപ്പറ്റിയും എനിക്കു സഭയെ അറിയിക്കേണ്ടതായിട്ടുണ്ട്. നടപടിക്രമം അനുസരിച്ചു പരിശോധിക്കപ്പെടേണ്ടതായ സ്ഥലങ്ങളിൽ അവർ പരിശോധിക്കുന്നില്ല. ധനസഹായം ലഭിച്ചുവരുന്ന അനേകം വിദ്യാലയങ്ങളിൽ ശരിയായവിധത്തിൽ പഠിത്തം നടത്തുന്നില്ല. ഈ വിദ്യാലയങ്ങളിലെ അനേകം വാദ്ധ്യാന്മാർ വിദ്യാലയങ്ങളിൽ ക്ലിപ്തസമയങ്ങളിൽ ഹാജരാകുകപോലും ചെയ്യുന്നില്ല. മോധിച്ചസമയങ്ങളിൽ അവർ വിദ്യാലയങ്ങളിൽ ഹാജരാകയും അവിടെനിന്നും പോകയുംചെയ്യുന്നു. ഫലപ്രദമായ നിയന്ത്രണം നടത്തത്തക്കവണ്ണം ഈ സ്ഥാപനങ്ങൾക്കു ധനസഹായം നൽകുന്നതുകൊണ്ടു യാതൊരു ഉപകാരവും സിദ്ധിക്കുന്നതല്ല. തിരുവിതാംകൂറിലുള്ള ഇപ്പോഴത്തെ സ്ഥിതിയെ സംബന്ധിച്ചുടത്തോളം വിദ്യാലയങ്ങൾ സ്ഥിതിചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥന്മാരുകൂടെ ഒരുമിച്ചാലും അവയെ പരിശോധിക്കാൻ സാധിക്കുന്നതല്ല. വഴിയാത്രാസംബന്ധിച്ചുള്ള അനുസരണക്കുറവിനിമിത്തം അപ്രകാരമുള്ള വിദ്യാലയങ്ങളെ ഇൻസ്പെക്ടറന്മാർ പരിശോധിക്കുന്നില്ല. ഇങ്ങനെയുള്ള അവിടെയുള്ളതെല്ലാം ഭരണനൈപുണ്യകുറവിനും ഉപേക്ഷയ്ക്കും എന്നുള്ളതുകൊണ്ടും എല്ലാവർക്കും അറിഞ്ഞുവരുന്നതാണ്. ഈ സംഗതികളെ ഗവൺമെൻറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ ഉപക്ഷേപകത്തെ പിൻതാങ്ങിക്കൊണ്ടു രണ്ടു വാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നു. ഗ്രാന്റു പള്ളിക്കൂടങ്ങൾ വളരെ ശതമാനവും മാനേജർമാരുടെ ലാഭത്തിനായിട്ടു വച്ചിരിക്കുന്നതാണെന്നു പറയേണ്ടതായി വന്നതിൽ എനിക്കു അതിയായ മനസ്താപമുണ്ട്. മലയാളം ഗ്രാന്റു പള്ളിക്കൂടങ്ങളുടെ കഥ ഇതുപോലെ ചിലതുണ്ടോക്കിയാൽ ഒന്നിന്നു രൂപാ ഗ്രാന്റുകൊടുക്കണമെങ്കിൽ നൂറു രൂപായെ അദ്ധ്യാപകന്മാർക്കു ശമ്പളമായി കിട്ടുന്നുള്ളു. അതിനാൽ അദ്ധ്യാപകന്മാർ ക്ലിപ്തസമയങ്ങളിൽ സ്കൂളുകളിൽ പോകാതെ വിദ്യാലയത്തിനുണ്ടിരുന്നു. എന്നാൽ മാനേജർമാർ പള്ളിക്കൂടത്തിൽപോവുകയൊ അവിടം ഒന്നു സന്ദർശിക്കയൊ കൂടിചെയ്യാറില്ല. ഇൻസ്പെക്ടർ പരിശോധിക്കുമ്പോഴെന്നു എന്നു മാനേജർക്കു തോന്നിവിടുമ്പോഴും അപ്പോൾ സ്കൂളിൽ സന്നിഹിതമായിരിക്കും. ഇൻസ്പെക്ടറന്മാർ അവിടെചെന്നു രിക്കാർഡുകളെല്ലാം ശരിയാണോന്നു തോന്നി അദ്ധ്യാപകന്മാരുടെ വാല്യു നാർക്കു നല്ലവണ്ണം പരിപ്പിക്കാൻ അറിയാമൊ, അവർ നോട്ടകം ശരിയായവിധത്തിൽ തയ്യാറാക്കുന്നു പരിപ്പിക്കുന്നോ, കുട്ടികൾ നല്ലപോലെ പഠിക്കുന്നുണ്ടൊ എന്നൊന്നുംതന്നെ നോക്കാറില്ല. ഈവിധത്തിലാണ് മാനേജർമാർ ഗ്രാന്റുപള്ളിക്കൂടങ്ങളിൽ പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ ഓരോ താപ്പുകളിലും ഓരോ വിദ്യാഭ്യാസബോർഡു ഫീർപ്പെടുത്തി അതിന്റെ കീഴിലായിട്ടു അവകളെയെല്ലാം നയിച്ചുകൊണ്ടു പോകുന്നതിനു വേണ്ട ഏർപ്പാടുകൾചെയ്തു വിദ്യാഭ്യാസം അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതാണെന്നാണ് എന്റെ അഭിപ്രായം. ഈതാല്പര്യത്തോടെ മിസ്റ്റർ കേശവപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഉപക്ഷേപകത്തെ ഞാൻ എതിർക്കുന്നു, ഇതിലേക്കു മറുപടിയായി സാരമായിട്ടൊന്നുമില്ലെന്നാണ് എനിക്കു തോന്നുന്നത്. നിങ്ങളും ഞാനും കൂടെക്കൂട്ടിനോക്കിയിരിക്കാവുന്നതുപോലെ ഇൻസ്പെക്ടറന്മാരും കൂടെക്കൂട്ടി നന്നായിരിക്കാമെന്നുള്ളതാണ്. (ദയവുചെയ്തു കൂടെക്കൂട്ടി ഉടനെ സംസാരിക്കണം.) നിങ്ങളും ഞാനും കൂടെക്കൂട്ടി നന്നായിരിക്കാവുന്നതുപോലെ ഇൻസ്പെക്ടറന്മാർക്കും കൂടെക്കൂട്ടി നന്നായിരിക്കാമെന്നാണ് ഞാൻ പറഞ്ഞത്. സർ, പ്രസ്തുത വാദപ്രതിവാദത്തിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ സ്വതന്ത്രമായി പരിഹരിക്കപ്പെടത്തക്കവണ്ണം യോഗ്യന്മാരായ ഇൻസ്പെക്ടറന്മാരെ നമുക്കു ലഭിക്കുന്നതിനു സാധിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. ഇതിനടിസ്ഥാനമായി കൂടിവരുന്ന വിദ്യാലയങ്ങളിലുള്ള അദ്ധ്യാപകന്മാർ അവർക്കു തോന്നിയപോലെ ഹാജരാവുകയും പോവുകയും ചെയ്യുന്നുഎന്നു പ്രസ്താവിക്കയുണ്ടായി. ഈ രണ്ടു ഇൻസ്പെക്ടർക്കും ഒരുമിനിഞ്ഞാൽ സാധിക്കുമൊ എന്നു ഞാൻ സംശയിക്കുന്നു. ശരാശരി ഒരു കൊല്ലത്തിൽ ഒരു ഇൻസ്പെക്ടർക്കു 400 വിദ്യാലയങ്ങളോളം പരിശോധിക്കേണ്ടതായിട്ടുണ്ട്. ആകയാൽ ഇന്നദിവസത്തിനു കൃത്യമായി ഒരു പള്ളിക്കൂടത്തിൽചിലവുചെയ്യാൻ ഒരാളോടത്തിനു സാധിക്കുന്നതല്ല. ഓരോ പള്ളിക്കൂടത്തിലും അദ്ദേഹം സാധാരണയായി ഒരുദിവസത്തിൽകൂടുതൽ ചിലവാക്കുന്നില്ല. ബാക്കിയുള്ളസമയം അനുഹിസൂസംബന്ധിച്ച ജോലിക്കു ചിലവാക്കുന്നു. ഒരു കൊല്ലത്തിൽ ഒരുദിവസം മാത്രമെ അദ്ദേഹം ഒരു വിദ്യാലയത്തിൽ ചിലവാക്കുന്നുള്ളു; ആ പള്ളിക്കൂടം സംബന്ധിച്ചടത്തോളം എല്ലാം തൃപ്തികരമാകുന്നതു അദ്ദേഹം വിചാരിക്കുന്നു. സ്വകാര്യമായികിട്ടുന്ന അറിവില്ലാതെ അദ്ദേഹത്തിനു മറെറ വിവരങ്ങളൊന്നും ലഭിക്കുന്നില്ല. അപ്രകാരമുള്ള സംഗതികളിൽ വിദ്യാലയങ്ങളെ വേണ്ടുംപ്രകാരം പരിരക്ഷിക്കുന്നവിഷയത്തിൽ ഇൻസ്പെക്ടറുടെ വിശ്വാസിക്കുന്നതിനുപകരം ഹെഡ്മാസ്റ്ററന്മാരെ വിശ്വസിക്കുന്നതായിരിക്കും കൂടുതൽ നല്ലത്. സത്യം പുണ്ടാക്കാനിട്ടിട്ടുള്ള സ്ഥനത്തെ പരിഹരിക്കുന്നതിനു ഇൻസ്പെക്ടരെപ്പോലെ ഒരു ഓഫീസറാധിക്കുന്നതല്ല.

ഇഞ്ഞുവീണ വിദ്യാഭ്യാസത്തെ സംബന്ധിച്ചടത്തോളവും അതുതന്നെ പരിതാപകരമായ സംഭവത്തെന്നെയാണ്—ഈ വാദം കൊണ്ടു ഉപയോഗപ്പെടുത്തുന്നതുപോയിരിക്കുന്ന എന്നാണു എനിക്കു തോന്നുന്നത്. ഒരു സംബന്ധിച്ചുള്ള ഒരു വിവരണം ഞാൻ അവധിയിലിരിക്കുന്നകാലത്തു വ്യക്തമായപ്പെട്ടുള്ളതിൽനിന്നും വായിച്ചുനിന്നു. ഈ കാരണം നാലുകൂട്ടികൾ മരിച്ചിട്ടുള്ളതായിട്ടാണ് എഴുതിക്കാണുന്നത്. ഇപ്രകാരം സംഭവിച്ചിട്ടുള്ള മരണങ്ങൾക്കുള്ള മുഖ്യമായ ഡിപ്പാർട്ടുമെന്റിനു ഇതെല്ലാമുപരിയാൻ ഞാൻ തയ്യാറില്ലെന്നുവരികിലും അതിലേയ്ക്കുള്ള പ്രധാനഉത്തരവാദി പ്രസ്തുത വിദ്യാലയത്തിന്റെ മാനേജരാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്പാർട്ടുമെൻറുകയ വിദ്യാലയങ്ങളുടേയും സഹായധനംലഭിക്കുന്ന വിദ്യാലയങ്ങളുടേയും ഉത്പ്പിനെപ്പററി അഭിപ്രായപ്പെടുന്നതിലേക്കു ഡിപ്പാർട്ടുമെന്റിൽ ഒരു ഭ്യോഗസ്ഥനില്ലയോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതിലേക്കു ഒരു പ്രത്യേകഉദ്യോഗസ്ഥനില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മേൽ പ്രസ്താവിക്കപ്പെട്ട സംഭവത്തിനുശേഷം മറെറ വിദ്യാലയങ്ങളുടെ ഉത്പ്പിനെസംബന്ധിച്ചു അന്വേഷിക്കുന്നതിനായി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതുസംബന്ധിച്ചു കത്തുമുഖാന്തരം നടപടിനടത്തുന്നതിലേക്കു ക്ലിപ്തമായ യാതൊരു ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല.

മി. എ. എസ്സ്. മുഹമ്മദുസുലൈമാൻ (മാവേലിക്കര യും കാത്തികപ്പള്ളിയും): ബഹുഭൂരിപക്ഷമായ അനേകസ്കൂൾകെട്ടിടങ്ങളും സംസ്ഥാനത്തിനുണ്ടെന്നും അവയെശരിപ്പെടുത്തുന്നതിലേക്കു യാതൊരുനടപടിയുംതന്നുന്നില്ലെന്നതുമുള്ളവിഷയത്തിൽ വകയിരുത്തുടെ ശ്രദ്ധപതിഞ്ഞിട്ടുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അപ്രകാരമുള്ളസംഗതികളിൽ ഹെഡ്മാസ്റ്റർ അതതപ്പോഴറി ഗ്രെയിച്ചു അസിസ്റ്റന്റുഇൻസ്പെക്ടരെ അറിയിക്കയാണുചെയ്യാറുപതിവ്. അതു പരിശോധിക്കുന്നതിനു അദ്ദേഹം ഡിപ്പാർട്ടുമെന്റു ഓവർസീയരോടു ആവശ്യപ്പെടും. ഡിപ്പാർട്ടുമെന്റു ഓവർസീയർ സ്ഥലംപരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നു. എന്നാൽ വാസ്തവത്തിൽ അദ്ദേഹത്തിനു മറെറ പലകാര്യങ്ങളുള്ളതുകൊണ്ടു സ്ഥലത്തുപോയി പരിശോധിക്കുന്നതിനും കെട്ടിടങ്ങളുടെ സ്ഥിതിയെപ്പററി റിപ്പോർട്ടുചെയ്യുന്നതിനും അദ്ദേഹം അധികംസമയം ചിലവാക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇൻസ്പെക്ടറന്മാർ പരിശോധിക്കുന്ന കീഴ്ണ്ണം സംഭവിച്ചിട്ടുള്ള കെട്ടിടങ്ങളെപ്പററി അവർ റിപ്പോർട്ടുചെയ്യേണ്ടതായിട്ടുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ജീർണ്ണംസംഭവിച്ചിട്ടുള്ള ഏതെങ്കിലും ഒരുവിദ്യാലയത്തെ ഒരു ഇൻസ്പെക്ടർ പരിശോധിച്ചതിനുശേഷം ആ സംഗതിയെപ്പറ്റി റിപ്പോർട്ടുചെയ്യാത്തപക്ഷം അദ്ദേഹം കുറക്കാരനാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ പ്രസ്താവിച്ച മനട്ടുവാസ്സുള്ളിനെ സംബന്ധിച്ചിടത്തോളം കൊല്ലം ഇൻസ്പെക്ടർ എന്തെങ്കിലും റിപ്പോർട്ടുചെയ്തിട്ടുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഈ കെട്ടത്തിൽ അതിനെപ്പറ്റി മറുപടിനൽകുവാൻ എനിക്ക് യാതൊരു വിരോധവുമില്ല.

ഇതിൽക്കൂടുതലായി എന്തെങ്കിലും പ്രസ്താവിക്കാനുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കപ്പെട്ടുന്നതിനു സഭ അനുവദിക്കുന്നുണ്ടോ? സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ചോദ്യം ചോദ്യങ്ങൾ, ഉപക്ഷേപങ്ങൾ.

ചുവടെചേർക്കുന്ന ഉപക്ഷേപങ്ങൾ മാത്രമാക്കപ്പെട്ടില്ല:—

മി. എൻ. ആർ. കൃഷ്ണൻ.

ചോദ്യം. ഇൻസ്പെക്ടർസ്സ്മാർക്ക് നീക്കിവച്ചിട്ടുള്ള തുക, 1000 രൂപയിൽനിന്നു 500 രൂപ കുറവുചെയ്തുണ്ടോമെന്ന്.

മി. എൻ. താണുപിള്ള.

ചോദ്യം. ഇൻസ്പെക്ടർസ്സ്മാർക്ക് നീക്കിവച്ചിട്ടുള്ള തുക, 1000 രൂപയിൽനിന്നു 500 രൂപ കുറവുചെയ്തുണ്ടോമെന്ന്.

ഉപക്ഷേപം നമ്പർ 6.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും മേപ്പാടിക്കുമ്പും): തിയ്യന്നൂണ്ണജൻസികൾക്കു നീക്കിവച്ചിട്ടുള്ള തുക, 1000 രൂപയിൽനിന്നും 500 രൂപ കുറവുചെയ്യണമെന്ന്.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും മേപ്പാടിക്കുമ്പും): വിദ്യാഭ്യാസവകുപ്പിൽ കൺട്രോളിംഗ് ഏജൻസിവകയ്ക്കു ആവശ്യപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരായിരുന്നിട്ടുണ്ടെന്നുറപ്പുണ്ടെന്നും ഈ രൂപയിൽനിന്നും 500 രൂപ കുറവുചെയ്യണമെന്നുള്ള എന്റെ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കണമെന്നുദ്ദേശിക്കുന്നതു മലയാളം പെൺപള്ളിക്കൂടങ്ങളിലെഴുതിക്കുന്ന ആൺവാദ്ധ്യാന്മാരുടെ തൽക്കാലകഷ്ടതകളെ ചെവിട്ടിപ്പെടുത്തുകയെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രമാണ്. നാട്ടുഭാഷാപെൺപള്ളിക്കൂടങ്ങളിൽ ആൺവാദ്ധ്യാന്മാർ നിയമിക്കപ്പെടുകയെന്നുള്ളതു ഈ അടുത്തകാലത്തുണ്ടായതാണെന്നു കാണുന്നില്ല. ആൺവാദ്ധ്യാന്മാരെ പെൺപള്ളിക്കൂടങ്ങളിൽനിന്നു ആൺപള്ളിക്കൂടങ്ങളിലേക്കു മാറ്റിയിരിക്കണമെന്ന വ്യവസ്ഥയുണ്ടു്. എന്നാൽ അങ്ങനെചെയ്യുന്നില്ല. പെൺപള്ളിക്കൂടങ്ങളിൽ ഇരിക്കുന്ന ആൺപള്ളിക്കൂടങ്ങളിലെ വാദ്ധ്യാന്മാർക്കു ന്യായമായി കിട്ടിക്കാണേണ്ടിരുന്നതുപോലുള്ള അവകാശങ്ങളും പ്രമോഷനും ഇവർക്കും അനുവദിച്ചുകൊടുക്കുന്നവിഷയത്തിൽ ഗവർണ്മെന്റിന്റെ ശ്രദ്ധ പ്രത്യേകംപതിയേണ്ടതാണ്. പെൺപള്ളിക്കൂടങ്ങളിൽ ഇരിക്കുന്ന ആൺവാദ്ധ്യാന്മാർക്ക് പ്രമോഷനോ ന്യായമായിരീതിയിൽ മതിക്കേണ്ട കയറ്റമെങ്കിലോ മതിക്കാതെ അവിടവിടെ അങ്ങുമിങ്ങുമുള്ള സങ്കടപ്പെട്ട കഴിഞ്ഞുകൂടുന്നു. ഇതു വളരെ ദയനീയമായ ഒരു അവസ്ഥയാണ്. ആൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്ക് ന്യായമായ കയറ്റങ്ങളും മതിച്ചുകൊണ്ടിരുന്നിട്ടും പെൺപള്ളിക്കൂടങ്ങളിലെ ആൺവാദ്ധ്യാന്മാരെ ശ്രദ്ധിക്കാതിരിക്കുന്നതു വളരെ സങ്കടകരമായിട്ടുള്ളതാകുന്നു. പെൺപള്ളിക്കൂടങ്ങളിൽ മാനുഷരെയെങ്കിലുംകൊണ്ടു പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക് അതേ പരീക്ഷായോഗ്യതയും സർവ്വിസുമുള്ള ആൺപള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാർക്കു കൊടുക്കുന്ന ശമ്പളം കൊടുക്കുന്നില്ല. പെൺപള്ളിക്കൂടങ്ങളിലെ ആൺവാദ്ധ്യാന്മാർക്ക് മാറാതുള്ള ശമ്പളവും പ്രമോഷനും മാറാതുള്ള ശമ്പളവും, കൊടുക്കേണ്ടതും ആൺപള്ളിക്കൂടങ്ങളിലേക്ക് മാറ്റാതുള്ളതും ആണ്. ഇതിനു ഇപ്പോൾ ഡിപ്പാർട്ടുമെന്റു വേണ്ടപോലെ ശ്രദ്ധിക്കുന്നില്ല. അങ്ങിനെപരിഗണിക്കുന്നതിലേക്കു ഏറ്റവും പോരാടുകയാണെന്നു മാത്രം പറയുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആൺപള്ളിക്കൂടങ്ങളിലെ ആൺ അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ശമ്പളനിരക്കും പെൺപള്ളിക്കൂടങ്ങളിലെ ആൺ അദ്ധ്യാപകന്മാർക്കു ലഭിക്കുന്നില്ലെന്നുള്ള കാരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത ഉപക്ഷേപം നിർദ്ദേശിച്ചിട്ടുള്ളതെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ആ ഒരു സംഗതിയെപ്പറ്റി ക്ലിപ്തമായിട്ടൊന്നും പ്രസ്താവിക്കാൻ എനിക്കു സാധിക്കുന്നതല്ല. മിസ്റ്റർ കുഞ്ഞാക്കോസ്സ് പ്രസ്താവിച്ചതിനെപ്പറ്റിയും ഏതാണ്ടൊന്നും ആവശ്യപ്പെടുകയുണ്ടായതായി എനിക്കു തോന്നുന്നതു. മിസ്റ്റർ കുഞ്ഞാക്കോസ്സ് സൂചിപ്പിച്ചിട്ടുള്ളതുപോലെ വേറൊരു സംഗതിക്കുടി പ്രസ്തുത ഖണ്ഡത്തെ വിഷമപ്പെടുത്തിയിട്ടുണ്ട്. അതു പെൺപള്ളിക്കൂടങ്ങളിലുള്ള ആൺ അദ്ധ്യാപകന്മാരെ ആൺപള്ളിക്കൂടങ്ങളിൽ മാറണമെന്നുള്ള ഗവർണ്മെന്റിന്റെ നയംതന്നെയാണ്. ഈ നയം പ്രവർത്തനത്തിൽ കൊണ്ടുവരുമ്പോൾ രണ്ടു തരം അദ്ധ്യാപകന്മാരും ഒരേനിലയിൽ എണ്ണുന്നതാണു. അപ്രകാരം ചെയ്യുന്നതിലേക്കു ആവശ്യമുള്ളതെല്ലാം ചെയ്യുന്നതുണ്ടെങ്കിലും പ്രസ്തുത അദ്ധ്യാപകന്മാരുടെ സ്ഥലംമാറ്റത്തെ സംബന്ധിച്ചിടത്തോളം എന്തുകൊണ്ടെയാണു പ്രവൃത്തിച്ചിട്ടുള്ളതെന്നു പരിശോധിക്കുന്നതിലേക്കു നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടരേയും പെൺപള്ളിക്കൂടങ്ങളിലെ ഇൻസ്പെക്ട്രസ്സിനേയും കണക്കാക്കും സമർപ്പിക്കുന്നതിലേക്കു ആവശ്യപ്പെട്ടിട്ടുണ്ടു. മെമ്പർ പ്രസ്താവിക്കുന്നതു വാസ്തവമായിട്ടുള്ളതാണെങ്കിൽ,———അതായതു പെൺപള്ളിക്കൂടങ്ങളിലുള്ള അദ്ധ്യാപകന്മാരുടെ ഉദ്യോഗക്കയറ്റത്തെ സംബന്ധിച്ചിടത്തോളം താമസംവരുത്തുന്നുണ്ടെന്നുള്ളതു വാസ്തവമായിട്ടുള്ളതാണെങ്കിൽ ഒരു പക്ഷേ അതിലേക്കുള്ള വിഷമതകൾ നീക്കാൻ ഞാൻ തന്നെയാണ്. പ്രസ്തുതവിഷയത്തെ സംബന്ധിച്ചിടത്തോളം———ആൺ അദ്ധ്യാപകന്മാർക്കു സ്ഥലം മാറ്റം നൽകണമെന്നുള്ളതു അത്യാവശ്യമായിട്ടുള്ള ഒരു വിഷയമാണ്.———പെൺപള്ളിക്കൂടങ്ങളിൽ

ഉദ്യോഗക്കയറ്റം നിശ്ചയിക്കണമെന്നുള്ള ഒരു ഉത്തരവു ഞാൻ പുറപ്പെടുവിച്ചിട്ടുണ്ടെന്നാണു ഞാൻ വിശ്വസിക്കുന്നതു്. പെൺപള്ളിക്കൂടങ്ങളിലുള്ള ആൺഅദ്ധ്യാപകന്മാരെ ആൺപള്ളിക്കൂടങ്ങളിൽ പോയും മാറണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഗവൺമെന്റ് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. എന്നാൽ നിർഭാഗ്യവശാൽ ഉദ്ദേശം സാധിച്ചിട്ടില്ല. പ്രതിക്ഷിച്ചിരുന്നതിനുണ്ണും ശുഭാപ്തിയായ സ്ഥലംമാറ്റം ഉണ്ടായില്ല. ഈ സംഗതിയെപ്പറ്റി ഞാൻ ഇപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കയാണ്.

എന്നാൽ പെൺപള്ളിക്കൂടങ്ങളിലുള്ള എല്ലാ ആൺഅദ്ധ്യാപകന്മാരേയും ആൺപള്ളിക്കൂടങ്ങളിലേക്കു വിദ്യാഭ്യാസമന്ത്രിയുടെ മാറ്റമുണ്ടാകുന്നതിനു നിർദ്ദേശമായിട്ടും ഈ തീരുമാനത്തിനുണ്ടാകുന്നതാണ്.

മാന്യാവൽ ട്രെയിനിംഗ് അദ്ധ്യാപകന്മാർക്കുള്ള ശമ്പളത്തിന്റെ വ്യത്യാസത്തെ സംബന്ധിച്ചിടത്തോളം മിസ്റ്റർ കുഞ്ഞുക്കോസ്സു പ്രസ്താവിച്ചതെന്താണെന്നു എനിക്കു നല്ലതിനുണ്ണും മനസ്സിലായിട്ടില്ല. ആ വിഷയത്തെപ്പറ്റിയും ആലോചിക്കപ്പെട്ടുന്നതാണ്. അതിലേക്കു തക്കപടി ഉടനടി പ്രസ്താവിക്കുന്നതിനു എനിക്കു സാധിക്കുന്നതല്ല. ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഒരു ശരിയായ തീരുമാനമുണ്ടാകുമെന്നുതന്നെ പെൺപള്ളിക്കൂടങ്ങളിലുള്ള എല്ലാ ആൺഅദ്ധ്യാപകന്മാരേയും ആൺപള്ളിക്കൂടങ്ങളിലേക്കു മാറിയാലെ സാധിക്കയുള്ളു എന്നു ഞാൻ മുൻപ്രസ്താവിച്ചുവല്ലോ. ഈ വിഷയത്തെപ്പറ്റി അവധാനപൂർവം ചിന്തിക്കുന്നുണ്ടെന്നു പ്രസ്താവിച്ചുകൊള്ളുന്നു. വേണ്ടപറഞ്ഞതുകൂടാതെ കൂട്ടത്തിലായി യാതൊന്നും എനിക്കു പ്രസ്താവിക്കേണ്ടതായിട്ടില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സ്ത്രീകൾ മാന്യവൽ ട്രെയിനിംഗ് അദ്ധ്യാപികകളായിട്ടുണ്ടോ?

അദ്ധ്യക്ഷൻ: മെംബർ ആസനസ്ഥരായി.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): മെംബർ ആസനസ്ഥരാകുന്നതിനു മുൻപായി ഞാൻ ചോദ്യം ചോദിച്ചുവല്ലോ.

അദ്ധ്യക്ഷൻ: നിങ്ങളേയും മെംബറേയും മദ്ധ്യേ ആരോ സംസാരിക്കയുണ്ടായി.

മി. എം. സി. കുഞ്ഞുക്കോസ്സ് (ജീനക്ഷയും ദേവികുളവും): ഞാൻ എന്റെ ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കപ്പെട്ടുന്നതിനു സഭ അനുവദിക്കുന്നുണ്ടോ?

സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ഉപസംഹരിച്ചു.

ചുവടെ ചേർക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടില്ല.

മി. മാത്തു മുരിക്കൻ.

ഉപക്ഷേപം: കൺട്രോളിംഗ് ഏജൻസികൾക്കു നീക്കിവച്ചിട്ടുള്ള ക,ഉ ക,നേ ക രൂപയിൽനിന്നും ക ൦ ൦ രൂപ കുറയ്ക്കുണമെന്നു.

മി. കെ. ജി. പരമേശ്വരൻപിള്ള.

ഉപക്ഷേപം: കൺട്രോളിംഗ് ഏജൻസികൾക്കു നീക്കിവച്ചിട്ടുള്ള ക,ഉ ക,നേ ക രൂപയിൽ നിന്നും ക ൦ ൦ രൂപ കുറയ്ക്കുണമെന്നു.

ഉപക്ഷേപം ഉപസംഹരിച്ചു.

മി. മുഹമ്മദലി പാച്ചുപിള്ള (ചേർത്തല): ചുവടെ ചേർക്കുന്ന ഉപക്ഷേപത്തെ ഞാൻ ഹാജരാക്കുന്നു:—

കോളേജ് വകയ്ക്കു അനുവദിച്ചിട്ടുള്ള ൪ ക,൪ ൫൯ രൂപയിൽനിന്നും ക ൦ ൦ രൂപ കുറയ്ക്കുണമെന്നാണ് എന്റെ ഉപക്ഷേപം. ഞാൻ ഇതിനെ അനുകൂലിച്ചിട്ടുള്ളതിന്റെ ഉദ്ദേശം സയൻസു കോളേജിൽ പ്രിൻസിപ്പലിന്റെ നടപടിക്രമങ്ങളെപ്പറ്റി വിമർശനം ചെയ്യുവാനായിട്ടാണ്. ഉദ്യോഗസ്ഥന്മാരുടെ നടപടിക്രമങ്ങളെക്കുറിച്ചു ഉഗ്രമായി ഒരു വിമർശനം ഇവിടെ ചെയ്യുണമെന്നു ഞങ്ങൾക്കു ഉദ്ദേശമില്ല. എന്നാൽ അവരെ ഏൽപ്പിച്ചിട്ടുള്ള ഉദ്യോഗകൃത്യങ്ങൾ അവർ കൃപയുണ്ടാക്കിയുടേയും, വിദ്യാർത്ഥികളുടേയും ഇഷ്ടാനുസരണമായി നിർവഹിക്കുന്നില്ലെന്നും അതിൽ അവർ സകടം അനുഭവിക്കുന്നുവെന്നും അറിയുന്നതുകൊണ്ടു ജനപ്രതിനിധിയെന്ന നിലയിൽ ഇതിനെ സഭയിൽ അവതരിപ്പിക്കാതിരിക്കുവാനും എനിക്കു നിവൃത്തിയില്ല. അതുകൊണ്ടു അതിനെപ്പറ്റിയുള്ള ചില സംഗതികളും ഈ സഭയുടെ ആലോചനയ്ക്കായിട്ടു സമർപ്പിച്ചുകൊള്ളുന്നു.

ഇക്കൊല്ലത്തിൽ സയൻസ് കോളേജിൽ ബാട്ടണിയ്ക്കു ബി. എ. സെക്ഷനിൽ വ ൦ വിദ്യാർത്ഥികൾ ഇതിനുവിരോധം കൂടാതെ ചേരുവാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ അവരിൽ പ്രിൻസിപ്പൽ ക വ വിദ്യാർത്ഥികൾക്കുമാത്രമേ പ്രവേശനം അനുവദിച്ചുള്ളു. ഈ ബോട്ടണിസെക്ഷനിൽതന്നെ അക്കാമഡേഷൻ കമ്മിറ്റിയുടെ അഭിപ്രായപ്രകാരം നൂറു വിദ്യാർത്ഥികളെ ചേർക്കുന്നതിനു സ്ഥലവും വേണ്ട സാമഗ്രികളും ഉണ്ട്. അതനുസരിച്ചു ഈ ബാട്ടണിസെക്ഷനിൽ നൂറുപേരെ ചേർക്കാൻ കഴിയുന്നതായി തീർച്ചയുള്ളപ്പോൾ അതിലേക്കു നൂറു മൈക്രോസ്കോപ്പും വരുത്തി വച്ചിരുന്നു. എന്നാൽ വ ൦ പേർ അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും ക വ പേരെമാത്രമേ ഈ കാരണംചൊല്ലുണ്ടായുള്ളു. കൂടാതെ സുവോളജിയും ബാട്ടണിയും എടുത്തുള്ള തിരുവിതാംകൂറിൽനിന്നും ഇൻവർമീഡിയേറ്റു പരീക്ഷയിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്കുമുഴുവൻതന്നെ സയൻസ് കോളേജിൽ പ്രവേശനം കിട്ടിയിരുന്നില്ലെങ്കിൽ അവർ എവിടെ പോകും. എല്ലുകയും എന്നുള്ള സംഗതി നവരണൻ പ്രത്യേകം ആലോചിക്കേണ്ടതാണ്. സുവോളജി സെക്ഷൻകൂടി ഇവിടെ ഏർപ്പെടുത്തിയാൽ ഇനിയും നൂറു പേരെകൂടി ചേർക്കാമായിരുന്നു. അതു ഇപ്പോഴും സയൻസുകോളേജിൽ ഏർപ്പെടുത്തിയിട്ടില്ല. അതു യാതൊന്നേ ചിലവുംകൂടാതെതന്നെ ഏർപ്പെടുത്താൻകഴിയും. എന്നാൽ സുവോളജിയുടെ ഏതാനും മാത്രം ഇപ്പോൾ പഠിപ്പിക്കുന്നുണ്ട്. അതിനുവേണ്ട സാമഗ്രികളും വാങ്ങിച്ചുവച്ചിട്ടുണ്ട്. ഇതിനപ്പുറമെ കൂടുതൽ വേണ്ടിവന്നാൽ ഒരു പ്രൊഫസ്സർ മാത്രമേ ആവശ്യമായുള്ളു. ഒരു പ്രൊഫസ്സർക്കു നൂ ൦ രൂപായാണു ശമ്പളം. ഒരു വിദ്യാർത്ഥി ഒരാണ്ടിൽ ക വ ൦ രൂപാ ഫീസുകൊടുക്കണം. അങ്ങിനെ നൂ ൦ വിദ്യാർത്ഥികൾ നൂ ൦ ൦ രൂപാ ഒരാണ്ടിൽ ഫീസ്കൊടുക്കുന്നു. ഈ നൂ ൦ ൦ രൂപാകൊണ്ടു ഒരു പ്രൊഫസർക്കു ശമ്പളം കൊടുക്കാൻ സാധിക്കും. ഒരു പ്രൊഫസറെകൂടി നിയമിക്കുകയാണെങ്കിൽ നൂ ൦ പേരെക്കൂടി സുവോളജി

സെക്ഷനിൽ ബി. എ. ക്ലാസ്സ് ചേർക്കുവാൻ കഴിയും, അതിൽനിന്നും ഒരു ഇംഗ്ലീഷ് സാഹിത്യത്തിൽ ഓണർസിനത്തിൽ കിട്ടുകയുംചെയ്യും. ഇതിനെക്കുറിച്ചു സൂപ്രണ്ടുജിയുടെ സെക്ഷനിലേക്കു ഒരു അപ്പീൽ വന്നിട്ടുണ്ടെന്നും അതിനെപ്പറ്റി ഗവർമെന്റിലേക്കു റിപ്പോർട്ടയയ്ക്കുന്നതിനു ഗ്രേഡ് ചെയ്യുന്നതിനുള്ള അധികാരം തനിക്കുണ്ടോ എന്നുള്ള കാര്യത്തെപ്പറ്റി ഗവർമെന്റിൽനിന്നും ഉത്തരം കിട്ടിയിട്ടില്ലെന്നും ഞാൻ ഓർക്കുന്നു. ഈ കാര്യത്തിൽ ഗവർമെന്റിന്റെ അഭിപ്രായം അറിയുന്നതിനുവേണ്ടി ഇതിനിടയിൽ കത്തിടപാടുകൾ നടത്തിയതായി കാണുന്നുമില്ല. ബാട്ടണി സെക്ഷനിൽ ക്ലാസ്സുതലമായി പ്രവേശനം കൊടുക്കുന്നതു ഇനിയുണ്ടാകുന്ന സംഗതിയെപ്പറ്റി പ്രത്യേകം അന്വേഷിച്ചു ഇനി അങ്ങനെയൊന്നുണ്ടാകുവാൻ പോലും ഫിൽപ്പാട്ടുചെയ്യണംഎന്നാണ് എന്റെ അപേക്ഷ.

പേരറ ചീഫ്സംസ്കൃതാദ്ധ്യാപകനായ പ്രിൻസിപ്പാളിന്റെ ചില ഉദ്യോഗനിയമനങ്ങളെപ്പറ്റിയുള്ള ഗ്രേഡ് ർശകനായ ഇന്നത്തെ കൌൺസിലിൽ ഞങ്ങളാരും കൂടി ചർച്ച ചെയ്തിട്ടുള്ളതാണ്. പ്രിൻസിപ്പാൾ ഒരു സ്ഥിരമായ നടപടിയെ അനുസരിച്ചായിട്ടല്ല ഉദ്യോഗത്തിനു പലരെയും നിയമിക്കുവാൻ ഗ്രേഡ് ർശചെയ്യുന്നതെന്നുകാണുവാൻകഴിയും. രണ്ടു സെക്രട്ടറിമാർ ഈ ബാട്ടണിസെക്ഷനിൽ ഇതിനുമുമ്പായി അതിൽ ഒരാളിനെ ഒന്നാമത്തെ അസിസ്റ്റന്റ് പ്രൊഫസ്സറായിട്ടാണ് നിയമിച്ചതെന്നും ഒരു സെക്രട്ടറിയെക്കൊണ്ടു മതിയാകുമെന്നും പ്രിൻസിപ്പാൾ ഇപ്പോൾ ഗ്രേഡ് ർശചെയ്തു, ഗവർമെന്റ് കൺഫർമേഷൻ സെപ്തംബർ മാസം-ലാണ് അനുവദിച്ചുകൊടുത്തതു. ഇതു അനുവദിക്കുന്നതിനുമുമ്പായിട്ടു കൺഫർമേഷൻ ഓർഡർ-നു രണ്ടു സെക്രട്ടറിമാരുടെ ആവശ്യമുണ്ടോ എന്നു പ്രിൻസിപ്പാൾ ആവശ്യപ്പെട്ടു. എന്നാൽ ഡയറക്ടർ ഒരു സെക്രട്ടറിയെക്കൂടി നിയമിക്കണമെന്നേ ഗ്രേഡ് ർശചെയ്തുണ്ടായിട്ടുള്ളൂ, ഈ ഗ്രേഡ് ർശ ഗവർമെന്റ് അനുവദിച്ചില്ല. ഇതിലേക്കുള്ള ഗവർമെന്റുത്തരവു ഉണ്ടായതു കൺഫർമേഷൻ കവറിനകത്തായിട്ടാണെന്നു കാണുന്നു. ഇതിനുശേഷം ഒരു സെക്രട്ടറിയെക്കൂടി ക്ലർക്കായി ചേർക്കുവാൻ പ്രിൻസിപ്പലിന്റെ കൊള്ളിക്കുന്നതിനായി കൊമേഴ്സ് കമ്മിറ്റിയിലേക്കു അപേക്ഷിച്ചു, അതു എങ്ങിനെയോ ഗവർമെന്റ് അനുവദിച്ചു. ഈ കാര്യത്തിനുള്ള ഗ്രേഡ് ർശകന്റെ നിയന്ത്രണങ്ങളും നോക്കുമ്പോൾ പക്ഷം ആക്ടും ഇനിൽവളരെ അതൃപ്തിയും ആക്ഷേപവും തോന്നുന്നതാണ്. മേലാലെങ്കിലും ഇതിനിടയാകാത്തവിധത്തിൽ നിയമനങ്ങൾ നടത്തുന്നതിനു കൌൺസിലിന്റെ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകണമെന്നുള്ള അപേക്ഷയോടുകൂടി സഭയുടെ അഭിപ്രായത്തിനായി ഈ ഉപക്ഷേപത്തെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി. എസ്സ്. പിറവിപ്പുരമാടപിള്ള (കച്ചവടവും വ്യവസായവുംമന്ത്രി): സർ, ഈ ഉപക്ഷേപത്തെപ്പറ്റി എനിക്കു അല്പം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. പ്രകൃതിശാസ്ത്രം ഗ്രൂപ്പിൽ സൂവാളജി പ്രധാനവിഷയമാക്കണമെന്ന എന്റെ സ്നേഹിതൻ പ്രസ്താവിക്കയുണ്ടായി. സൂവാളജി പ്രധാനവിഷയമാക്കുന്നപക്ഷം നമ്മുടെ കോളേജിൽ പ്രവേശനം അനുവദിച്ചുകൊടുക്കുന്ന വിദ്യാർത്ഥികൾക്കു അങ്ങനെയുള്ള വിധിയസഹായമായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു. ഇപ്പോഴത്തെ ക്ലാസ്സുതൽ സ്വയമായിട്ടുള്ള ക്ലാസ്സുതൽ സമ്പ്രദായങ്ങളെ അനുകൂലിക്കുന്നവരായിട്ടില്ല. നേരെ മറിച്ചു ബാട്ടണിവകുപ്പിന്റെ അധ്യക്ഷതയിലേക്കു ഇപ്പോൾവരുത്തിവച്ചിട്ടുള്ള ആയുധങ്ങളിലധികവും ലഭിക്കുവാനായി എല്ലാ ശ്രമങ്ങളും ചെയ്തിട്ടുണ്ടെന്നുള്ളതു സത്യമാണ്. ഫീസ് ഇനത്തിൽനിന്നുള്ള ക്ലാസ്സുതലമായി അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. ഇതിനെപ്പറ്റി ഗവർമെന്റ് ചിന്തിച്ചു സൗകര്യപ്രദമായ കാര്യങ്ങൾ വരുമ്പോൾ—സൂവാളജിവിഭാഗത്തിന്റെ മിസ്റ്റർ രാമുണ്ണിമേനോനും കമ്മീഷണർമാരിൽ ഒരാളാണല്ലോ—പ്രസ്തുത വിഷയം അവരെ ധരിപ്പിച്ചു ഈ നിർദ്ദേശത്തെപ്പറ്റി അവരുടെ അഭിപ്രായം അറിയണമെന്നമാത്രമേ ഞാൻ നിർദ്ദേശിക്കുന്നുള്ളൂ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സൂവാളജിഗ്രൂപ്പു ആരംഭിക്കുന്നതിലേക്കുള്ള എല്ലാ സൗകര്യങ്ങളും ഉണ്ടെന്നുള്ള വിവരം എനിക്കറിവുള്ളതുകൊണ്ടു മിസ്റ്റർ പാച്ചുപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ബഹുമായി പിൻതാങ്ങുന്നു. വിദ്യാർത്ഥികളുടെ ഇടയിലുള്ള സങ്കടങ്ങളെ സംബന്ധിച്ചിടത്തോളവും വളരെ കുറവുണ്ടാകുന്നതാണ്. അതിനാൽ നമ്മുടെ കോളേജിൽ സൂവാളജി സെക്ഷൻ ആരംഭിച്ചു വിദ്യാർത്ഥിക്കുന്നതിനു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു എല്ലാവിധത്തിലും സഹായിക്കേണ്ടതാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു.

മി. ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട അംഗം): രാജകീയ കോളേജിൽ സൂവാളജി വകുപ്പു ആരംഭിക്കുന്നതായാൽ വിദ്യാർത്ഥിലോകത്തിനു അതൊരു വലിയ അനുഗ്രഹമായിരിക്കും. സംസ്കൃതത്തിനും കോളേജിനും അതൊരു ബഹുമാനവുമാണ്. ഇക്കാരണങ്ങളാൽ മി. പാച്ചുപിള്ള ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട അംഗം): മിസ്റ്റർ പാച്ചുപിള്ള കൊണ്ടുവന്ന ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. നമ്മുടെ രാജ്യം എല്ലാക്കാര്യങ്ങളിലും വളരെയുന്നിട്ടുനിൽക്കുന്ന ഒരു രാജ്യമാണെങ്കിലും ഗവർമെന്റിൽനിന്നും നടത്തപ്പെടുന്ന ഒരു ഒന്നാംശ്രേണികോളേജിൽ ഒരു സൂവാളജി ക്ലാസ്സു ഇല്ലാതെയിരിക്കുന്നതു ഒരു വലിയ ആക്ഷേപമാണ്. അതിനെ അഭിസംബോധിപ്പിക്കുന്നതിൽവേണ്ടവിധത്തിലുള്ള പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കേണ്ടതു ഗവർമെന്റിന്റെ മുഖ്യകടമകളിൽ ഒന്നാണ്. അതിൽ പാസ്സാകുന്നവർക്കു ഇവിടത്തെന്നുള്ളതിനേക്കാൾ കൂടുതലായുള്ള വേതനവിധത്തിൽ പ്രോത്സാഹിപ്പിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസസെക്രട്ടർ): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. രാജകീയസയൻസുകോളേജ് പ്രിൻസിപ്പാളിന്റെ നടപടിക്രമങ്ങളെ കഠിനമായി ആക്ഷേപിച്ചിരിക്കുന്നു; അപ്രകാരം ആക്ഷേപിക്കുന്നതിനു ന്യായമായ കാരണം കാണിച്ചിട്ടില്ല.

കോളേജിലെ പ്രവേശനം അനുവദിക്കുന്നതു വിഷയങ്ങളെ സംബന്ധിച്ചിടത്തോളം സയൻസുസെക്ഷനിലും സ്വയംസൗകര്യം ഉള്ളതിനു ക്ലാസ്സുതൽ അപേക്ഷകരെ കിട്ടുകയും ചില അപേക്ഷകരെ തള്ളേണ്ടിവരികയും ചെയ്യേണ്ടതായ ഒരു ഘട്ടത്തിൽ ഞാം ഇപ്പോൾ എത്തിയിരിക്കുന്നു.

മി. എ. എസ്സ്. ഔസേപ്പുമാപ്പിള (മാവേലിക്കരയും കായംകുളവും): എന്തു തോതു അടിസ്ഥാനപ്പെടുത്തിയാണു അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുള്ളതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സയൻസുകോളേജ് പ്രിൻസിപ്പാളാണു പ്രസ്തുത അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുള്ളതു. അദ്ദേഹം അപ്രകാരം പ്രവൃത്തിച്ചിട്ടുള്ളതു എന്തു അടിസ്ഥാനപ്പെടുത്തി

യാണെന്ന എനിക്കതീർച്ചയില്ല. ഞാൻ പ്രിൻസിപ്പാളായിരുന്നകാലത്തു യോഗ്യതയനുസരിച്ചാണ ചെയ്തിരുന്നത്.

മി. എ. എസ്സ്. മുഹമ്മദൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഏതെങ്കിലും ഒരു വിദ്യാർത്ഥിക്ക ലഭിച്ചിട്ടുള്ള മാർക്കുമാത്രമാണോ ആലോചിക്കപ്പെടാറുള്ളത്?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എനിയ്ക്കു അറിഞ്ഞുകൂടാ. അതിനെസംബന്ധിച്ചു അന്വേഷിച്ചിട്ടില്ല.

രണ്ടു കൊല്ലമായിട്ടു നമ്മുടെ ഹൈസ്കൂളിലെ ഒരു സീനിയർ ബി. എ. ക്ലാസ്സിൽ നമ്മുടെ വിദ്യാർത്ഥികൾക്ക പ്രവേശനം അനുവദിച്ചിരുന്നതിനേക്കാൾ കൊല്ലത്തിലും ഈ വർഷത്തിലും നമ്മുടെ വിദ്യാർത്ഥികൾക്ക മാത്രമേ പ്രവേശനം അനുവദിച്ചിട്ടുള്ളു എന്ന ആരോപണം പ്രാസംഗികനായ മിസ്റ്റർ പാച്ചുപിള്ള പ്രസ്താവിക്കുണ്ടായി. ഈ പ്രസ്താവനയെ പ്രിൻസിപ്പാളായ ബാട്ടണി സപ്രാഹസ്സുകാർ കണക്കനുകൂലമായി നമ്മുടെ വിദ്യാർത്ഥികൾക്ക മാത്രമേ സ്ഥലമനുവദിച്ചുള്ളൂ. അങ്ങനെ അപേക്ഷിയിലിരുന്ന കാരണത്താണ ഈ വിദ്യാർത്ഥികൾക്ക പ്രവേശനം അനുവദിക്കപ്പെട്ടത്. അസിസ്റ്റൻറ പ്രൊഫസ്സുകാരുടെ ഇണ്ടറോഷപ്രകാരമായിരിക്കണം അപ്രകാരം ചെയ്തിട്ടുള്ളതു് സപ്രാഫസ്സർ തിരിച്ചു ജോലിയിൽ പ്രവേശിച്ചപ്പോൾ കൂടുതൽ വിദ്യാർത്ഥികൾക്ക സ്ഥലമനുവദിക്കുന്നതിനുള്ള കാരണത്തെ അദ്ദേഹത്തെ ധരിപ്പിച്ചു നമ്മുടെ വിദ്യാർത്ഥികൾക്ക മാത്രമേ പ്രവേശനം അനുവദിക്കപ്പെടുകയുള്ളു എന്ന അദ്ദേഹം ഗ്രഹിക്കുകയും കഴിഞ്ഞകൊല്ലത്തിലും ഇക്കൊല്ലത്തിലും നമ്മുടെ വിദ്യാർത്ഥികൾക്ക മാത്രം പ്രവേശനം അനുവദിക്കയും ചെയ്തിട്ടുള്ളതാകുന്നു.

മി. എ. എസ്സ്. മാമ്മോദരൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും). ബി. എ. ക്ലാസുകളിൽ ബോട്ടണിവിഷയം പഠിപ്പിക്കുന്നതായ സ്ഥാപനം ഇതൊന്നുമാത്രമേ സംസ്ഥാനത്തിലുള്ള എന്നുള്ള വിവരം ഡയറക്ടർക്ക അറിയാമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതേ, അതെനിയ്ക്ക അറിയാം.

സുവോളജിവിഷയം പുതുതായിട്ടു തുടങ്ങുന്നതിനെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തിലെ കോളേജുകളിലെ കളക്ഷനുകളുടെ വിവരം ബി. എ. ക്ലാസുകളിൽ അവ പ്രയോജനപ്പെടുത്തിയേക്കാമെന്നുള്ള സംഗതിയും ഈ യോഗത്തിൽ നാം മാർക്കിടേണ്ടതാണ്. അതിനാൽ കോളേജുകളിൽ സുവോളജി വിഷയം തുടങ്ങുന്നതിനുള്ള ഉദ്ദേശിക്കുന്നതായുണ്ടെങ്കിൽ നമുക്കുണ്ടായിരിക്കുന്നതും അപ്രകാരം ചെയ്യുന്നതു അഭിലഷണീയമായിരിക്കും.

മി. എ. എസ്സ്. മാമ്മോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): കോളേജുകളിൽനിന്നും ലഭിച്ചിരുന്ന ഏതാണ്ടം അപേക്ഷകളെ നിരസിച്ചു എന്നുള്ളതു വാസ്തവമാണോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു സംബന്ധിച്ചു എനിയ്ക്കു അറിവില്ല.

മി. എ. എസ്സ്. മാമ്മോദരൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): സ്ത്രീകളിൽനിന്നുകിട്ടുന്ന അപേക്ഷകളെയെങ്കിലും നിരാകരിക്കാതിരിക്കുന്നതിനു ഡയറക്ടർ പ്രിൻസിപ്പാളിനോടു ഏർപ്പാടുചെയ്യുമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അപ്രകാരംചെയ്യുന്നതിലേക്ക പ്രിൻസിപ്പാളിനോടു എനിക്ക ആജ്ഞാപിപ്പാൻപാടില്ല.

മി. എ. എസ്സ്. മാമ്മോദരൻആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ബോട്ടണിവിഷയം പഠിപ്പിക്കുന്നതായ വേറെ കോളേജുകളും സംസ്ഥാനത്തിൽ ഇല്ലെന്നുള്ള സംഗതി പരിഗണിച്ചു ജൂനിയർ ബി. എ. ക്ലാസ്സിനു പ്രവേശനം ലഭിക്കുന്നതിനുള്ള സ്ത്രീകളുടെ എല്ലാ അപേക്ഷകളും സ്വീകരിക്കുന്നതിനു ഡയറക്ടർക്ക ഉത്തരവു നൽകുമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): മെമ്പർ പ്രസ്താവിച്ചതുപോലെ പുതുക്കാമ്മാക്കം ഇതല്ലാതെ വേറെ കോളേജുകളും ഇല്ലയോ?

മി. എ. എസ്സ്. മുഹമ്മദൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): സംസ്ഥാനത്തിനപുറത്തുള്ള കോളേജുകളിൽ സ്ത്രീകൾ അയയ്ക്കുന്നതിനുള്ള സംഗതിയെ പരിഗണിച്ചു എല്ലാസ്ത്രീകളുടെയും പ്രവേശനം ലഭിക്കുന്നതിനുള്ള പ്രിൻസിപ്പാളിനു ആജ്ഞാപിക്കുന്നതിനുള്ള ഡയറക്ടർക്ക് ഉത്തരവുനൽകുമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): എല്ലാ വിദ്യാർത്ഥിനികൾക്കും പ്രവേശനം അനുവദിക്കണമെന്നു പ്രിൻസിപ്പാളിനു ആജ്ഞാപിക്കുന്നതിനു എനിക്ക സാധിക്കയില്ല. ഈ വിഷയത്തെസംബന്ധിച്ചിടത്തോളം പ്രസ്തുതകോളേജിലെ പ്രിൻസിപ്പാൾ അവധാനപൂർവം ചിന്തിക്കുന്നുണ്ടെന്നു മാത്രം ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അവരുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചിടത്തോളം മെമ്പർക്കുള്ളതാല്പര്യത്തോളമെ അദ്ദേഹത്തിനുള്ളുതാകുന്നു. പ്രത്യേകമായി എനിക്കതെക്കുറിച്ചും സങ്കടമുള്ളതായി എനിക്ക അറിവുകിട്ടിയില്ലാതെയാതൊരു നടപടിയും എനിക്ക നടത്താൻ പാടുള്ളതല്ല.

മി. മാവേലി പാച്ചുപിള്ള (ചോദ്യം): ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചിരിക്കുന്നു.

അദ്ധ്യക്ഷൻ: ഉപക്ഷേപം പിൻവലിക്കപ്പെട്ടിരിക്കുന്നതിനു സഭ അനുമതി നൽകുന്നുണ്ടോ?

സഭയുടെ അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

അദ്ധ്യക്ഷൻ: ഇപ്പോൾ നമ്മുടെ പിരിഞ്ഞു പോയ വീണ്ടും കൂടുന്നതാണു.

രണ്ടു മണിയ്ക്കു കഴിഞ്ഞുകാലുത്തിനായി സഭ പിരിയുകയും പിന്നീടു വീണ്ടും കൂടുകയുംചെയ്തു.

ചുവടെ ചേർക്കുന്ന ഉപക്ഷേപങ്ങളും ഗാഹ്യരാക്കപ്പെട്ടില്ല:—

പി. പി. മുതൽ പി. പി. വരെ ഉപക്ഷേപങ്ങളും.

ചുവടെ ചേർക്കുന്ന ഉപക്ഷേപങ്ങളും ഗാഹ്യരാക്കപ്പെട്ടില്ല:—

മി. മാത്യു മുർക്കൻ:

പി. പി. രാജകീയ ആർട്ട്സ് കോളേജിനു വീക്കിവച്ചിട്ടുള്ള ഫീവ്വുകൾ രൂപയിൽനിന്നു നൂറു രൂപ കുറവുചെയ്യുണമെന്നു.

മി. കെ. ജി. പരമേശ്വരൻപിള്ള:

പി. പി. എസ്സാബ്ലിഷ്മെൻറിനു വീക്കിവച്ചിട്ടുള്ള രണ്ടായിരത്തിൽനിന്നു നാലായിരം രൂപ കുറവുചെയ്യുണമെന്നു.

മി. രേചതിനംറം രാമവർമ്മരാജാ:

ഡഡനു. സ്വീകരിക്കേണ്ട രാജകീയകാര്യങ്ങളിലേക്ക് നിക്കിവച്ചിട്ടുള്ള നടപ്പുദീന ശമ്പളത്തിൽനിന്നു ഒരു രൂപ കുറയ്ക്കുചെയ്യണമെന്നു.

ഉപക്ഷേപം ഡഡ ൭.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): ചുവടെ ചേർക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു:—

കാളേജ് വിദ്യാഭ്യാസത്തിനായ്ക്കു നീക്കിവച്ചിട്ടുള്ള ലക്ഷത്തിനുള്ള രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കുചെയ്യണമെന്നു.

കാളേജ് വിദ്യാഭ്യാസത്തിനു വേണ്ടിവരുന്ന ലക്ഷത്തിനുള്ള രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം. ഇതു കാളേജ് ഡിപ്പാർട്ടുമെന്റിൽ നടത്തുന്ന ഉദ്യോഗിയെയങ്ങളെ സംബന്ധിച്ചു രണ്ടു വാക്കുപറയുന്നതിനുമാത്രമാണ്. പിന്നോക്കത്തിൽക്കഴിയുന്ന സമുദായത്തിന്റെ അവകാശത്തെ ഈ ഡിപ്പാർട്ടുമെന്റു ഒട്ടും ഗണിയ്ക്കുന്നില്ല എന്നാണ് പ്രധാനമായി പറയേണ്ടതു. ഓരോ ഡിപ്പാർട്ടുമെന്റിനെപ്പറ്റിയും ഞങ്ങൾ സങ്കടം പറഞ്ഞുകൊണ്ടിരിയ്ക്കുന്നതു "ഞങ്ങൾക്കു കിട്ടിക്കൊണ്ടിരിയ്ക്കുന്ന ഉദ്യോഗിത്തിയ്യും കൊടുക്കണ്ട, അതുകൂടി മുഴുവൻ നശിപ്പിച്ചുകളയുന്നു" എന്നമാത്രമാണ്. എന്നാൽ ഈ ഡിപ്പാർട്ടുമെന്റിൽ ഞങ്ങൾക്കു ആദ്യമായിട്ടുകിട്ടണം. ഇതുവരെ കിട്ടിയില്ല എന്നാണ് പറയാനുള്ളതു. ഒരു കൊല്ലത്തേക്കും വരുന്ന ഈഴവസമുദായത്തിന്റെ അവകാശത്തെ കാളേജ് ഡിപ്പാർട്ടുമെന്റു ഇതുപയ്യന്തം ഗണിക്കുന്നില്ല എന്ന വസ്തുത ഓർമ്മപ്പെടാൻ ഞങ്ങൾക്കു വളരെ മനസ്സാപേക്ഷിക്കേണ്ടിവന്നു. എന്നാൽ യോഗ്യതയുള്ള ആളുകൾ ഞങ്ങളുടെ സമുദായത്തിൽ ഇല്ലാതിരുന്നിട്ടാണോ എന്നു ഗവണ്മെന്റു സംശയിക്കുന്നെങ്കിൽ ആ സംശയം തീർക്കുന്നതിനു മാത്രമേ ഞാൻ ഇവിടെ ഉദ്യമിക്കുന്നുള്ളൂ. കാളേജ് പ്രൊഫസ്സർ ഉദ്യോഗത്തിനു സർവകലാശാലാബിരുദമാണു സാധാരണ ഒരു മാനദണ്ഡമായി കരുതിപ്പോരുന്നതു. അതിനെ നോക്കുന്നപക്ഷം മദ്രാസ് സർവകലാശാലയിൽ കണക്കു ശാസ്ത്രമെടുത്തു ഒന്നാംക്ലാസ്സിൽ ഒന്നാമതായി പാസ്സായിട്ടുള്ള ഒരാളും ഞങ്ങളുടെ സമുദായത്തിലുണ്ടു. ഇന്ത്യാചിറദേശത്തിൽ നോക്കുന്നപക്ഷം അതിലും അധികവർക്കത്തിൽ രണ്ടാം ക്ലാസ്സിൽ പാസ്സായ ആളും ഞങ്ങളുടെ സമുദായത്തിലുണ്ടു. ഇതുപോലെതന്നെ ഓണേഴ്സിൽ രണ്ടാംക്ലാസ്സിൽ പാസ്സായ ആളും ഉണ്ടു. ഈ അപേക്ഷത്തിൽ ഒന്നാംക്ലാസിൽ ജയം സമ്പാദിക്കാത്ത എന്നുള്ളതു പ്രത്യേകം ശ്രദ്ധിക്കേണ്ടുന്നതാണ്. ഇതുപോലെ നോക്കുന്നപക്ഷം ഓരോ വിഷയത്തിലും യോഗ്യന്മാരായ ആളുകൾ ഈ സമുദായത്തിൽ ഇല്ല എന്നു പറയാൻ നിവൃത്തിയില്ല.

ഇംഗ്ലീഷ് സംസ്കൃതത്തെ സംബന്ധിച്ചു നോക്കുന്നപക്ഷം ഇംഗ്ലീഷ് വിദ്യാഭ്യാസവും സംസ്കൃതവും എടുത്തു പാസ്സായ പക്ഷം സംസ്കൃത രീതിയിൽത്തന്നെ ഉന്നത വിദ്യാഭ്യാസംചെയ്തു പാസ്സായ ആളുകളും ഞങ്ങളുടെ സമുദായത്തിലുണ്ടു. ഇതുപൊലെ യോഗ്യതകൾ ഞങ്ങൾ വേണ്ടുവോളംകൊണ്ടു വന്നിട്ടും അതിനെയെല്ലാം വിട്ടു ഞങ്ങൾക്കു തരിക്കുടി പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടില്ലെങ്കിൽ ഞങ്ങളുടെ സങ്കടം ഇങ്ങനെയുള്ള അവസരങ്ങളിൽ പറഞ്ഞുപോകാതെ നിവൃത്തിയില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മെംബർ പ്രസ്താവിച്ച ഒന്നാംക്ലാസ്സിലും രണ്ടാം ക്ലാസ്സിലും ജയിച്ചിട്ടുള്ള ആളുകൾ ഇപ്പോൾ സർവീസിൽ ഉണ്ടോ?

മി: എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): ഒന്നാം ക്ലാസ്സിൽ പാസ്സായ ഒരാൾക്കു ഒരു ഡിപ്പാർട്ടുമെന്റിൽ കൊടുത്തിട്ടുണ്ടു. രണ്ടാം ക്ലാസ്സിൽ പാസ്സായ ആളിനു ഒരു ജോലിയുമില്ല. അതുതന്നെ ഉദ്യോഗത്തിനു ഒരുപേക്ഷകത്തക്കതാണ്. ഒന്നാം ക്ലാസ്സിൽ പാസ്സായ ആൾ ഗവണ്മെന്റിനോടു സങ്കടം പറയുകയും ആ സംഗതിയെ ഞപൻ പ്രജാസഭയിൽ മുമ്പാകെ കൊണ്ടുവരികയും ചെയ്തശേഷം അയാൾക്കു സാമ്പത്തായ ഒരു സഹായം ചെയ്യുകൊടുത്തിട്ടുണ്ടു. എങ്കിലും കാളേജ്ഡിപ്പാർട്ടുമെന്റിൽ ഞങ്ങൾക്കു പ്രവേശിക്കാൻ പാടില്ലായിരിയ്ക്കുന്നു. അതിൽ ഞങ്ങളുടെ അവകാശത്തെ ഗവണ്മെന്റു തെരുതിയ്ക്കുണം. പിന്നോക്കം നിൽക്കുന്ന ഏതു സമുദായക്കാരേയും പരിഗണിക്കുന്നതാണ്. അതുകൊണ്ടു സന്തോഷത്തിനേ വകയുള്ളൂ. പിന്നോക്കംനിൽക്കുന്ന എല്ലാ വർഗ്ഗക്കാരേയും പ്രോത്സാഹിപ്പിക്കേണ്ട കടമ ഗവണ്മെന്റിനുണ്ടു. ഞങ്ങളെ ഈ ഡിപ്പാർട്ടുമെന്റിൽ കയറി ആ സങ്കടത്തെ പരിഹരിച്ചു ഞങ്ങളുടെ ഏതുഅവകാശവും ഞങ്ങൾക്കു പ്രാപ്തമാക്കിത്തരണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ഈ സഭയുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ടമെംബർ): മി. കൃഷ്ണൻ ഉപക്ഷേപത്തെ ഞാൻ ബഹുമായി പിൻതാങ്ങുന്നു ഈഴവസമുദായത്തിനു കാളേജ്ഡിപ്പാർട്ടുമെന്റിനു ചെയ്തിരിക്കുന്ന പ്രത്യേകം ദ്രോഹം ഗവണ്മെന്റു പ്രത്യേകം ദൃഷ്ടിയിലുണ്ടായിരുന്നുകൊള്ളുമെന്നുതന്നെയാണ്. അതുപോലെ വിദ്യാഭ്യാസവിഷയത്തിലും സർക്കാർ ഉദ്യോഗത്തിലും പിന്നോക്കം നിൽക്കുന്ന പുലയസമുദായത്തെയും ഈ പ്രത്യേകത്തിലുള്ളസങ്കടം പരിഹരിക്കേണ്ടതാണ്. കൃഷ്ണഡിപ്പാർട്ടുമെന്റിനെ എടുത്തുനോക്കിയാലും ഒരു സംഗതി സ്പഷ്ടമായി കാണുവുന്നതാണ്, അതായതു മുകളിലേക്കു പോകുംതോറും സാധുക്കളുടെ കഥ മോശമാണ്. എത്രയൊക്കെ ഉയർന്നു പോകുന്നുവോ അത്രത്തോളം പിന്നോക്കം നിൽക്കുന്ന സമുദായക്കാരുടെ സംഖ്യ ഇപ്പോൾകാണുന്നുവരിക സന്തോഷനീയമാണെ അവർക്കു അധികം വേണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാര്യങ്ങളിൽ ആകപ്പാടെയുള്ള മുസ്ലിംഉദ്യോഗസ്ഥന്മാരുടെ സംഖ്യനോക്കിയാൽ ഒന്നുമാത്രമാണ്. അതും ഇന്നതന്നെ ഗവണ്മെന്റിനെറ മെയിഷ്ടിക്കുവേണ്ടുമാത്രമാണ് അപ്രകാരം ചെയ്തിട്ടുള്ളതു. അതിലധികം നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ ഒന്നുകൊണ്ടുമാത്രം മതിയാകുമെന്നു തോന്നുന്നില്ല. ഡിമാൺസ്ട്രേറ്റർ എന്നനിലയിൽ മാത്രമുണ്ടു. എന്നാൽ ഒന്നിൽ കൂടുതലുള്ളതിനു അവിടെ അവകാശമുണ്ടെന്നു കാണുവുന്നതാണ്. ആ സംഗതിയിൽ വേണ്ടുന്നതു ചെയ്യിപ്പിക്കാമെന്നുള്ളവിശ്വാസത്തോടുകൂടി ഞാൻ മി. കൃഷ്ണൻറെ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. കെ. പി. പീലിപ്പോസ് (ചിറയിൻകീഴ്): സർ, മിസ്റ്റർ എൻ. ആർ. കൃഷ്ണൻ സഭയിൽ ഹാജരാക്കിയ തിക്കുന്ന ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു എനിയ്ക്കു അതിയായസന്തോഷമുണ്ടു. അപ്രകാരം പിൻതാങ്ങുന്നതിനോടുകൂടി ഈസംഗതി പ്രസ്താവിക്കുന്നതിലേയ്ക്കു എനിക്കനുമതിനൽകണം. ഈവിഷയം

കത്തസംബന്ധിച്ചിടത്തോളം യിണ്ടിപ്പോർട്ടുമെൻറിലെ സംസ്ഥാനത്തിലുള്ള മറ്റുഡിപ്പാർട്ടുമെൻറുകളിലും നിയമങ്ങൾ നടപ്പുള്ളതിനും യോഗ്യതയുള്ളയാളിനും ആവശ്യത്തിൽകൂടുതലായി പ്രാതിനിധ്യം കൊടുക്കുകയും സർവീസിലെ യോഗ്യതയും ശ്രേഷ്ഠതയും യോഗ്യതയുള്ളവരുടെയും മാറ്റിനിറുത്തുകയും ചെയ്യുകയുണ്ടായിട്ടുണ്ട് എന്നുള്ളതാണ് എന്റെ പ്രധാനമായ അഭിപ്രായം. അല്ലാതെപക്ഷം അങ്ങനെയുള്ള സാമാജികന്മാർ ഈ പക്ഷത്തിന്റെയും അഭിപ്രായം—

മി. എസ്. പിറവിപ്പെരുമാൾപിള്ള (കുടുവടയും വ്യവസായവും, തെക്കു): ഇപ്പോൾ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും സമുദായക്കാർക്ക് ആവശ്യത്തിൽകൂടുതലായി ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അങ്ങനെയൊന്നും പറഞ്ഞതായി ഓർമ്മയുള്ളതിനെപ്പറ്റി ആവശ്യമുള്ളിടത്തോളം എൻറെസ്നേഹിതൻ ആലോചിച്ചാൽ മതിയാകുന്നതാണ്. ഏതെങ്കിലും ഒരു അപേക്ഷകൻ ഒരു പ്രത്യേക സമുദായത്തിൽ ഉൾപ്പെട്ട ആളാണെന്നുള്ളതിനെ അടിസ്ഥാനപ്പെടുത്തി യാതൊരു സമുദായത്തിനേയും ഒഴിവാക്കാൻ പാടുള്ളതല്ലെന്നാണ് ഞാൻപ്രസ്താവിച്ചത്. എന്നാൽ ആ സമുദായത്തിൽ യോഗ്യതയുണ്ടായിരിക്കുകയും ഉള്ളവരുണ്ടായിരിക്കേണ്ടതാകുന്നു. സർ: പബ്ലിക്കുസർവീസിൽ ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ പിന്നോക്കത്തിൽകിടക്കുന്ന വകുപ്പുകൾ പ്രാതിനിധ്യം സിദ്ധിക്കാത്തവരുടെ ആയ സമുദായക്കാരുടെ അവകാശങ്ങളെക്കുറിച്ചു ചിന്തിക്കേണ്ടതാകുന്നു. അങ്ങിനെ പ്രവൃത്തിക്കുമ്പോൾ നല്ലനടത്ത, സാമർത്ഥ്യം എന്നീ യോഗ്യതകൾകൂടെ വേണം ഏറ്റവും പ്രധാന്യം കല്പിക്കേണ്ടതു്. (കോംപ്പിൻ, കോംപ്പിൻ) സംസ്ഥാനത്തിലെ സർവീസിലുള്ള ഏതൊരുദ്യോഗമായിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുമ്പോൾ ഈ വസ്തുതകളെ പരിഗണിച്ചു ഗവണ്മെൻറു പ്രവൃത്തിക്കുന്നതായാൽ സംസ്ഥാനത്തിലുള്ള യാതൊരുസമുദായത്തിനും സംകടമുണ്ടാവാൻ മാർഗ്ഗമില്ലെന്നാണ് ഞാൻ പ്രസ്താവിക്കുന്നത്. ഇതുകൂടെ പറഞ്ഞുകൊണ്ടു മി. എൻ. ആർ. കൃഷ്ണൻറെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. എ. എസ്സ്. മഹമ്മദ് (മാവേലിക്കരയും കായംകുളവും): സർ, മി. എൻ. ആർ. കൃഷ്ണൻ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. പബ്ലിക്കുസർവീസിൽ പ്രവേശനം ലഭിക്കുന്നതിനു മുസ്സൽമാൻറെ ജാതിയോ സമുദായമോ പ്രതിബന്ധമായി നിൽക്കാൻ പാടില്ലെന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് പ്രസ്തുത ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നതു്. എന്നാൽ ഇപ്പോൾ അങ്ങനെയുള്ള പ്രതിബന്ധമായി നിൽക്കയാണെന്നല്ല ഞാൻപറയുന്നതു്. എന്നാൽ അതൊരു അയോഗ്യതയുണ്ടെന്നും മറ്റുസമുദായക്കാർ പബ്ലിക്കുസർവീസിൽ ഉദ്യോഗങ്ങൾ ലഭിക്കുന്നതു സംബന്ധിച്ചിടത്തോളം ശക്തിയുള്ളസമുദായക്കാരെന്ന പ്രതിബന്ധമായി നിൽക്കുന്നതെന്നും ജനങ്ങളിൽ ഒരുവിഭാഗം പൊതുവിൽധരിച്ചിരിക്കയാണ്. സർ, ഈ തരത്തിലായ ധാരണയും സമുദായങ്ങൾതമ്മിൽ കലഹരാഗവും സംസ്ഥാനത്തിൽ ഐശ്വാസ്ഥ്യവും ഉണ്ടായിരിക്കുന്നതു. അതിനാലാണ് സംസ്ഥാനത്തിൽ തൃപ്തികരമായ രീതിയും ഉണ്ടാകുന്നതിനു ഇതരജനങ്ങളിൽ എല്ലാവിഭാഗക്കാരുടേയും ഇടയിൽ തൃപ്തിയുണ്ടാക്കുന്നതിലേയ്ക്കുള്ള ചുമതല ഗവണ്മെൻറിൽതന്നെ സ്ഥിതിചെയ്യുന്നു. അതുകൊണ്ടു ജനങ്ങളുടെ ഇടയിൽ തൃപ്തികരമുള്ള ഒരുതരത്തിലുള്ള ധാരണയുണ്ടാക്കുന്നതിനു പകരം അതിനു വിരുദ്ധമായ ധാരണയെ ഗവണ്മെൻറിനുണ്ടു. അതിനാൽ കായ്ക്ഷമതയുള്ള സ്ഥാനത്തേയ്ക്കുള്ളവിധത്തിൽ—

മി. പി. എസ്സ്. മഹമ്മദ് (നിയമനിർമ്മാണസഭാംഗം): കായ്ക്ഷമതയെന്നാൽ എങ്ങിനെയാണ്.

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): അതെ, അതിനെപ്പറ്റിഞാൻ വ്യക്തമാക്കാം. പോയന്റുപോലുള്ളകന്മാരുടേയും യോഗ്യതകൾ ഇപ്രകാരമായിരിക്കുമ്പോൾ പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായത്തിൽപെട്ട അപേക്ഷകനു സൌജന്യം നൽകണം. ആതാണ ഞാൻപ്രസ്താവിച്ചതു. ആ തത്വത്തെ അടിസ്ഥാനപ്പെടുത്തി ഉപക്ഷേപത്തെഞാൻ പിൻതാങ്ങുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമനിർമ്മാണസഭാംഗം): ഏറ്റവും കാര്യക്ഷമതയെന്നതാണോ?

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): കായ്ക്ഷമത ഒരുപ്രധാന സംഗതിയായിമിക്കതാണെന്നാണു ഞാൻപ്രസ്താവിക്കുന്നതു.

മി. എൻ. കെ. കൃഷ്ണപിള്ള (തൃശ്ശൂർവെസ്റ്റ്): യോഗ്യതയാണോ കായ്ക്ഷമത നിർണ്ണയിക്കപ്പെടേണ്ടതെന്നാണോ മെമ്പർ പ്രസ്താവിക്കുന്നതു?

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): അതെ യോഗ്യതയെ അടിസ്ഥാനപ്പെടുത്തിയാണു കായ്ക്ഷമത നിർണ്ണയിക്കപ്പെടേണ്ടതു. വേണ്ടതെന്നുതോന്നുന്നതാണെന്നു എനിയ്ക്കു അറിഞ്ഞുകൂടാ.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കുടുവടയും വ്യവസായവും തെക്കു): മെമ്പർ ആസനസ്ഥനാകുന്നതിനുമുൻപു പലേഉദ്യോഗങ്ങൾക്കും ആവശ്യമുള്ള ഏറ്റവും കൂടുതലായുള്ള യോഗ്യതകൾ എന്തെല്ലാമാണെന്നു നിർണ്ണയിക്കപ്പെടുന്നതിനുവേണ്ടി ഓരോഉദ്യോഗത്തിനും പ്രത്യേകയോഗ്യതകളുണ്ടെന്നോ എന്നുമെമ്പറുടെ പക്കൽനിന്നും അറിയുന്നതിലേയ്ക്കു ഞാൻആഗ്രഹിക്കുന്നു.

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): ഏല്ലാ അപേക്ഷകന്മാരുടേയും യോഗ്യതകൾ ഉള്ളതായിരിക്കണമെന്നും—

മി. കുട്ടാമ്പേരൂർ പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ(സക്കാർവക്കീൽ): ഏതെങ്കിലും ഒരുസമുദായത്തിൽപ്പെട്ട ഒരുദ്യോഗം അയാൾ കായ്ക്ഷമതയുള്ളയാണെങ്കിലും ലഭിയ്ക്കുന്നു എന്നുകണ്ടാൽ മെമ്പർ പറയുന്നതു?

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): അപ്രകാരം ഞാൻ പറയുന്നില്ല. ഒരുപ്രകാരമുള്ള അഭിപ്രായം അവരുടെ ഇടയിലുണ്ടെങ്കിൽ അതു ഉടനടി മാറിപോകുമെന്നുള്ള മാത്രമേഞാൻ പ്രസ്താവിച്ചുള്ളൂ.

മി. കുട്ടാമ്പേരൂർ പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ(സക്കാർവക്കീൽ): അപ്രകാരമുള്ള ധിശ്വാസം അടിസ്ഥാനമുള്ളതാണെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. എ. എസ്സ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): അങ്ങിനെയൊരുധാരണയുണ്ടെങ്കിൽ അതുമാറ്റേണ്ടതു ഗവണ്മെൻറിൻറെ കടമയാണെന്നാണു ഞാൻ പറഞ്ഞതു.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെംബർ): പലസമുദായക്കാർക്കും വേണ്ടിയിട്ടാണ് തിയമനം ചെയ്തിട്ടില്ലാത്തപക്ഷം പി.പി.ടി. നിർത്തലാക്കുമോ?

മി. എ. എസ്സ്. ഓമോടരൻ ആശാൻ (രാജേവിക്കരയും കാത്തിക്കപ്പള്ളിയും): അങ്ങനെയില്ലെന്നറിയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം എല്ലാസമുദായങ്ങളിലുള്ളവരുടെയും പ്രസ്തുതയാചനയെ മാറ്റുന്നതിനു സാധിക്കുന്നതാണോ?

മി. എ. എസ്സ്. ഓമോടരൻ ആശാൻ (മാവേലിക്കരയും കാത്തിക്കപ്പള്ളിയും): ആകെക്കൂടിത്തോളം അതു മാറ്റുന്നതിലേക്കു ഗവൺമെൻറു ശ്രമിക്കുന്നതാണ്.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. പല സമുദായങ്ങളിലും ഉൾപ്പെട്ട അംഗങ്ങൾക്കു പബ്ലിക്കുസർവീസിൽ ശരിയായിട്ടുള്ള പ്രാതിനിധ്യം നൽകുന്നില്ലെന്ന പൊതുയിൽ തെറ്റിദ്ധാരണയുള്ളതുകൊണ്ടു. അതു അടിസ്ഥാനമുള്ളതായ ഒരഭിപ്രായമാണു. പബ്ലിക്കുസർവീസിൽ പ്രാതിനിധ്യം നൽകുന്നതുമിത്തം സംബന്ധപ്പെട്ട ആളുകൾക്കുള്ള സങ്കടം അനുഭവിച്ചുവരുന്നുവെന്നു കഴിഞ്ഞകുറെ ദിവസങ്ങളായി എൻറെ സ്നേഹിതന്മാരായ മി. പി. ആർ. കൃഷ്ണനും, മി. പി. എസ്സ്. മഹമ്മദും ഈ സഭയെ അറിയിച്ചിട്ടുള്ളതുകൊണ്ടു. അവരുടെ സമുദായത്തിനുണ്ടായിട്ടുള്ള ആക്ഷേപങ്ങൾ ഉദ്യോഗത്തിനായി അപേക്ഷിക്കുമ്പോൾ സ്പഷ്ടമായ യാതൊരു അർത്ഥവും സങ്കല്പിക്കാൻ പോലില്ലാത്തതായ കാര്യക്ഷമത എന്ന പദം ഉപയോഗപ്പെടുത്തി അവരെ തിരിച്ചയച്ചു വരാറുണ്ടെന്നുമാണു അവരുടെ പരാതി. ജോലിയിലിരിക്കുന്നവരുടെ കയ്യിലുണ്ടായിരുന്നാലും അവരുടെ സമുദായത്തിനു പറയത്തക്കവരാരുമില്ലാത്തതുകൊണ്ടു. ഈ പരാതിയിൽ ശരിയായിട്ടുള്ള അർത്ഥം നൽകാൻ പ്രയാസമാണു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെംബർ ഡെപ്യൂട്ടിപ്രസിഡണ്ടു): പബ്ലിക്കുസർവീസിൽ ജോലിചെയ്യുന്നതിലേക്കു ഒരുപ്രത്യേകവേണ്ടതായ ഫിറവും കുറഞ്ഞയോഗ്യത എന്നാണെന്നു സർവീസുകമ്മീഷനിൽ വ്യവസ്ഥചെയ്തിട്ടുള്ളവരെന്നു മെംബർക്കു അറിയുമോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അറിയാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും തോട്ടങ്ങോടും): കായ്ക്ഷമത എന്നുള്ള പദത്തിനു പകരം വിദ്യാഭ്യാസത്തിലുള്ള പ്രാപ്യാനുഭവം തൽക്കാലത്തെയോ പകരം?

മി. ടി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതുകൊണ്ടുചെയ്യുന്നുണ്ടു. തൽക്കാലം ഇപ്പോഴത്തെ വാസ്തവത്തിലുള്ള സങ്കടം. അതുകൊണ്ടു പ്രസ്തുതഭേദഗതിയോടുകൂടെ ഈ സങ്കടത്തെ അകന്നിടത്തോളം വേഗത്തിൽ മാറ്റണമെന്നുള്ള ഭൂരിപക്ഷം അഭ്യുപഗമായിട്ടുള്ളതാണ്. അതിനാൽ മിസ്റ്റർ എൻ. ആർ. കൃഷ്ണൻ ഫാജരാക്കിയിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): മി. എൻ. ആർ. കൃഷ്ണൻറെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. പിന്നോക്കംനിൽക്കുന്ന സമുദായങ്ങളുടെ തിരുമനസ്സിലായതിൽ ഗവൺമെൻറു ഇപ്പോൾ സ്വീകരിച്ചിരിക്കുന്നനയം—പ്രത്യേകിച്ചു കുടിയേറ്റനിവാസത്ത

മി ടി. സി. കേശവപിള്ള (കൽക്കളവും വിളവുങ്കൊട്ടും): ദിവസംതന്നെ വൃ ത്രണവിതം ക്ഷണക്കത്തു കൊടുത്തിരുന്നു. ഇതിനു മുമ്പുള്ള പ്രാവശ്യം ഇതുപോലെ ഒരു ക്ഷണക്കത്തു കിട്ടിയതുകൊണ്ടാണ് ഞാൻ ഇന്നു വന്നത്. ഇന്നു ഞാൻ വന്നതിനുശേഷം ഇതുപോലെ ഒരു ക്ഷണക്കത്തു കിട്ടിയിട്ടുണ്ടോ എന്നു ഞാൻ അറിയുന്നില്ല. ഇതിനുമ

ക്കവണ്ണം വിദ്യാഭ്യാസംചെയ്തു മുന്നിട്ടവന്നിട്ടുള്ളത് ഒരു സമീപകാലത്താണ്. വളരെകാലമായിട്ടില്ലാഎന്നുള്ള സംഗതിക്കുടെ ഓർക്കേണ്ടതാണ്.

ശ്രീ. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): അതിനുമുമ്പും എല്ലാ സ്കൂളുകളിലും പ്രവേശനം കിട്ടിക്കൊണ്ടിരുന്നതാണോ?

ശ്രീ. മുഹമ്മദി പാച്ചുപിള്ള (ചെത്തല): അടുത്തകാലത്താണ് പിന്നോക്കം നിൽക്കുന്ന സമുദായക്കാർക്ക സംസ്ഥാനത്തിലുള്ള എല്ലാ സ്കൂളുകളിലും പ്രവേശനം സിദ്ധിച്ചിട്ടുള്ളത് എന്ന ഞാൻ സമ്മതിക്കുന്നു.

ഇപ്പോഴത്തെ ഉദ്യോഗാവസ്ഥിക്കിതെയെല്ലാം പരിശോധിക്കുമ്പോൾ മൻട്രട്ടി വിദ്യാഭ്യാസം ചെയ്യുന്നതം പബ്ലിക്കസർവീസിൽ പ്രാതിനിധ്യംകിട്ടുവാനും അർഹന്മാരായിത്തീർന്ന ചില സമുദായക്കാർക്ക അവർ മുമ്പിൽക്കുട്ടി വിദ്യാഭ്യാസംചെയ്യുന്നു അബദ്ധമായിപ്പോയൊഎന്നു തോന്നിയേക്കാൻ ഇടയുണ്ടു.

ശ്രീ. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): അങ്ങിനെ ഇരിക്കുന്നവരുടെ കയ്യുത്തിൽ ഒരു മാറ്റവും വന്നിട്ടില്ല.

ശ്രീ. മുഹമ്മദി പാച്ചുപിള്ള (ചെത്തല): ഈ സന്ദർഭത്തിൽ ഓരോ സമുദായക്കാരും സ്വാർത്ഥത്തെ ഉപേക്ഷിച്ചു രാജ്യത്തുള്ള എല്ലാ വിഭാഗങ്ങളും തമ്മിൽ യോജിച്ചും ഐകമത്യത്തോടുകൂടിയും രാജ്യത്തിന്റെ പോഷിപ്പിയുള്ള ഗുണത്തിനുവേണ്ടി പ്രവൃത്തിക്കേണ്ടതാണ് ആവശ്യമാണ്. അല്പസ്വല്പമായ ചില അഭിപ്രായവ്യത്യാസങ്ങളെ മനസ്സുമുമ്പിലോട്ടുകൂടി യോജിച്ചു പ്രവൃത്തിക്കണമെന്നാണ് അൻപ്രാഗസ്ഥാനമലംബന്മാരായ ഞങ്ങളുടെ ആഗ്രഹം. (ശ്രീ. ടി. സി. കേശവപിള്ള, കേരപ്പിൻ കേരപ്പിൽ) നിയമനവിഷയത്തെ സംബന്ധിച്ചിടത്തോളം പബ്ലിക്കസർവീസിൽ കാര്യക്ഷമതയെക്കൂടാതെ കുറവുകൂടാതെ പ്രാതിനിധ്യംകൂടെത്ത വഴിക്കുടെയും അവകാശത്തെ നവണ്ണമെന്റു പരിഗണിച്ചു പ്രയത്നിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു മിസ്റ്റർ കൃഷ്ണന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. സർ ഒന്നാമതായി ഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന വിഷയം വാസ്തവത്തിൽ എന്താണെന്നു സമയുടെ ഒഴിയിൽ കൊണ്ടുപറയേണ്ടതായിരിക്കുന്നു. കാളേജുവിദ്യാഭ്യാസത്തിലേയ്ക്കു നീക്കിവച്ചിട്ടുള്ള ക,ക്ഷ,ന,ന്റ രൂപയിൽ നിന്നു ഒരു രൂപ കുറവുചെയ്യണമെന്നാണ് ഉപക്ഷേപത്തിന്റെ സാരം. സർ, കാളേജുവിദ്യാഭ്യാസത്തെ സംബന്ധിച്ചു ഒരു ഉപക്ഷേപത്തിൽ സാമുദായികപ്രാതിനിധ്യത്തെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും പ്രതിയാലിക്കപ്പെടുമെന്നു ഞാൻ ഒട്ടുംതന്നെ വിചാരിച്ചിരുന്നില്ല. നിയമനവിഷയത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിൽനിന്നും ഏതാണ്ടും ചട്ടങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു. എന്നാൽ അക്കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു ശരിയായിട്ടുള്ള തീരുമാനമുണ്ടാക്കുന്നതിനു പ്രസ്തുത ചട്ടങ്ങൾ മതിയാകുന്നതല്ലെന്നു ഇതു സഭയിൽത്തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത ചട്ടങ്ങളെ നടപ്പിൽവരുത്തുന്നപക്ഷം, പ്രത്യേകിച്ചും ഒരു ചുരുങ്ങിയ വിഷയമായ കാളേജുവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അവയെ നടപ്പിൽവരുത്തുന്നപക്ഷം ഗവണ്മെന്റിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുതചട്ടങ്ങളെ ഏതു ക്ലിപ്തസംഖ്യതികളിലാണ് അപ്രകാരം നടപ്പിൽവരുത്തുന്നതെ ഇതന്നിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുന്നതിലേക്ക ഉപക്ഷേപകർത്താവിനു സാധിക്കുമെന്നു തോന്നുന്നു. കാളേജുകളിൽ നടത്തപ്പെടുന്ന ധിയമനങ്ങളുടെ സംഖ്യ വളരെ കുറവാണ്. ഞാൻ പ്രസ്താവിച്ചതിനുള്ള പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത ഏതെങ്കിലും സമുദായത്തിൽ ഉദ്ഭവപ്പെട്ട ഒരാളുടെ അപേക്ഷയെ സംബന്ധിച്ചിടത്തോളം ചിന്തിക്കുന്നതിനിടയൊ ന്യായംനടത്താതിരിക്കയൊ ചെയ്തിട്ടുള്ളപക്ഷം അതിനെ ഈ സമയുടെ ഒഴിയിൽ കൊണ്ടുവരുന്നതിനു ഉപക്ഷേപകർത്താവിനു സാധിക്കുമായിരുന്നു. ഞാനേഥം ഒരു ദൃഷ്ടാന്തം പ്രസ്താവിക്കയുണ്ടായി; കാളേജിൽ നിയമിച്ചിരുന്ന ഒരു ഈഴവൻ ഇപ്പോൾ ഒരു നഗരസഭയിൽ സംബന്ധപ്പെട്ട ഒരു ഉദ്യോഗസ്ഥൻ ആയിരിക്കുന്നുഎന്ന ദൃഷ്ടാന്തമാണ് ഞാനേഥം പ്രസ്താവിച്ചതു. കാളേജിൽ ട്യൂട്ടറായിരിക്കാനുള്ള യോഗ്യത അദ്ദേഹത്തിനില്ലെന്ന ഈ സന്ദർഭത്തിൽ ഞാൻ ഉപക്ഷേപകർത്താവിനെ അറിയിച്ചുകൊള്ളുന്നു. താൽക്കാലികമായിട്ടാണ് അദ്ദേഹത്തെ നിയമിച്ചിരുന്നതു. അദ്ദേഹവുമായി ഞാൻ സംസാരിച്ചിട്ടുണ്ടു; അദ്ദേഹത്തെ എനിക്കു നല്ലതിനണ്ണം അറിയാം. അദ്ദേഹത്തെ ഞാൻ പരിപ്പിച്ചിട്ടുണ്ടു. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിൽ ഇരിക്കുന്നതിൽ നല്ലതു വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ ജോലിയിൽ ഇരിക്കുന്നതാണ് നല്ലതെന്നുകരുതി അദ്ദേഹം അപ്രകാരം പ്രവൃത്തിച്ചു. അദ്ദേഹത്തിനു വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ജോലിയിൽകടക്കുമെന്നു വ്യവസ്ഥ ചെയ്തിരുന്നു; എങ്കിലും വേറെ ഡിപ്പാർട്ടുമെന്റിൽ ജോലിചെയ്യുന്നതിനാണ് അദ്ദേഹം തീരുമാനിച്ചതു.

കാളേജിൽനടന്ന വേറൊരു നിയമനത്തെപ്പറ്റിയും മെംബർ പ്രസ്താവിക്കയുണ്ടായി. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം പ്രാതിനിധ്യം സിദ്ധിച്ചിട്ടില്ലാത്ത സമുദായക്കാരിൽനിന്നും അപേക്ഷകർ ലഭിക്കുകയുണ്ടായാൽ മറ്റാരെല്ലാമായാലും തുല്യതകളുണ്ടെങ്കിൽ അവരെയപ്പറ്റി ഗുണകരമായി ചിന്തിക്കുമെന്നു ഞാൻ ഈ സഭയ്ക്കു ഉറപ്പുതരുന്നു.

ശ്രീ. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): എന്റെ ഉപക്ഷേപത്തിനു മറുപടിയായി കിട്ടിയിരിക്കുന്നതിനെനിന്നു യോഗ്യതയുള്ള അപേക്ഷകന്മാർ ഇല്ലെന്നാണ് മനസ്സിലാക്കുന്നതു, അങ്ങിനെ ഉണ്ടായിരുന്നു എന്നാണ് ഏതാണ്ടറിവു്. എന്നാൽ അവ ഇനിയും അദ്ദേഹത്തിനേറ പരിഗണനയ്ക്കു വന്നിട്ടില്ലായിരിക്കും എന്നാണു ഞാൻ മനസ്സിലാക്കുന്നതു. ഇങ്ങിനെയുള്ള അപേക്ഷകരെ അദ്ദേഹത്തിന്റെ ശ്രദ്ധിയിൽ കൊണ്ടുവരുന്നതിനു പ്രത്യേകം ശ്രമിക്കുന്നതാണ്. അങ്ങിനെ കൊണ്ടുവന്നു അപേക്ഷകളെ പ്രത്യേകം പരിശോധിക്കാമെന്നു അദ്ദേഹം ഇവിടെ സമ്മതിച്ചിട്ടുണ്ടു. അതുകൊണ്ടു എന്റെ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിക്കുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഇതിനുശേഷം അദ്ധ്യക്ഷൻ സഭയിൽനിന്നു പോകുകയും ഡെപ്യൂട്ടിച്ചെയർമാൻ അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. (രണ്ടു മ).

ഉപക്ഷേപം ചർച്ച.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): സർ, താഴെപ്പറയുന്ന ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു:—

കോളേജ് വിദ്യാഭ്യാസത്തിനു നിശ്ചയിച്ചിട്ടുള്ള ക, ഖൻ, നൂറു രൂപായിൽനിന്നു ഒരു രൂപ കുറക്കണമെന്ന്.

സർ, ഇപ്പോൾ നടപ്പിൽവരിക്കുന്ന വിദ്യാഭ്യാസരീതിയെപ്പറ്റി അല്പം പ്രസ്താവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നത്. സർ, അന്യോന്യാശ്രയപക്ഷത്തിനു മി. മാത്തൻമാപ്പിള തങ്ങളെപ്പറ്റിയോടുകൂടി വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചിടത്തോളം വിലയേറിയ അഭിപ്രായം നമുക്കു നൽകുന്നതിലേയ്ക്കു യോഗ്യതയുള്ള ഒരാൾ നമുക്കു നഷ്ടപ്പെട്ടുപോയി എന്നാണ് ഞാൻ വിചാരിച്ചിരുന്നത്, എന്നാൽ, കച്ചവടവും വ്യവസായവും സംബന്ധിച്ചു വടക്കൻ നിയോജകമണ്ഡലം പ്രതിനിധിയായ എൻറെസ്നേഹിതൻ മി. ഉമ്മൻ തൻറെ ആദ്യത്തെ ഉപക്ഷേപംമൂലം വിദ്യാലയങ്ങളിൽ നൽകിവരുന്ന വിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രധാനമായ മാറ്റങ്ങൾ വരുത്തേണ്ട ആവശ്യത്തെ അദ്ദേഹം ദേവരാജൻറിനെ അറിയിച്ചതിൽ എനിയ്ക്കു വളരെ സന്തോഷമുണ്ട്.

ഡെപ്യൂട്ടിപ്രസിഡൻറ്: അതു ഹാജരാക്കപ്പെട്ടിട്ടില്ലല്ലോ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും—തെക്കു): ആസമയം അദ്ദേഹം ഇവിടെ നില്ലാതിരുന്നതിനാൽ ഞാൻ മനസ്സാപിക്കുന്നു.

മി. എ. എസ്സ്. മാമ്മോരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഇനത്തിൽ അതു പ്രതിപാദിക്കപ്പെടുമെന്തോ?

ഡെപ്യൂട്ടിപ്രസിഡൻറ്: പാടില്ല.

മി. എ. എസ്സ്. മാമ്മോരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ഈ ഉപക്ഷേപം രാജകീയ കോളേജിനെപ്പറ്റിയുള്ളതായിരിക്കുന്നു മൊത്തംഗ്രാൻറിനെ സംബന്ധിച്ചതാണെല്ലോ.

ഡെപ്യൂട്ടിപ്രസിഡൻറ്: അതേ.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): സർ, ചരിത്രപ്രസിദ്ധിയുള്ള ഒരു ഘട്ടസന്ധിയിൽ ഒരു യുദ്ധോപ്പുകൂട്ടുന്നതിനു പ്രഭുവിനോടു കൽപ്പിച്ചപ്പോൾ പ്രഭു മറുപടിയായി പറഞ്ഞു മൂന്നു ആളുകൾ ഉണ്ടായിരുന്നുവെന്നു ലാർഡുപാൽമേഴ്സ്റ്റൺ പ്രസ്താവിച്ചതുപോലെ കണ്ട് ഒരു ജർമ്മൻപ്രൊഫസ്സറും ഫോറൊരാളും ഒരു ബെൽജിയൻജനറലും എന്നാണത്രെ ലാർഡുപാൽമേഴ്സ്റ്റൺതന്നെ അറിയിച്ചതു. അപ്പോൾ അദ്ദേഹം ഇപ്രകാരമാണ് പ്രസ്താവിച്ചിരുന്നത്. "ജർമ്മൻപ്രൊഫസ്സർ മരിച്ചു; ബെൽജിയൻജനറലിനെ ഭ്രാന്തുപിടിച്ചു; അപ്പോഴത്തെ ഭരണസ്ഥയെപ്പറ്റി എനിയ്ക്കു കൂടിക്കാഴ്ചകൂടി നടത്തിയില്ല" സർ, അടിസ്ഥാനം മുതൽക്കൊള്ളുമ്പോൾ വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചിടത്തോളം ചുമതലയേറ്റെടുത്തിട്ടുള്ള ഏതെങ്കിലും പ്രസ്താവിക്കാൻ സാധിക്കുമായിരുന്ന മൂന്നുമാന്യന്മാർ ഉണ്ടായിരുന്നു. ഒരുവിധം സംബന്ധിച്ചിടത്തോളം അദ്ദേഹം സർവ്വം തങ്ങളെപ്പറ്റിപോയി എന്നതന്നെ പറയേണ്ടിയിരിക്കുന്നു. മറെറാരാൾ, അതായതു മിസ്റ്റർ ജാർഷ് വിദ്യാഭ്യാസം ഗ്രന്ഥത്തിൽ മുൻപോട്ടുപോകുന്നു എന്നു പ്രസ്താവിച്ചു. വിദ്യാഭ്യാസവിഷയത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനു എന്തെങ്കിലും പ്രസ്താവിക്കാൻ കഴിഞ്ഞതെന്നു എനിക്കറിയാം. അദ്ദേഹം ഇന്നു ഹാജരിട്ടു. മി. സ്റ്റീഫൻസൺ ഈ ഖട്ടത്തിൽ ലാർഡു പാൽമേഴ്സ്റ്റൺറെ സ്ഥാനം എടുക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. (ചിരി) സർ, വിദ്യാഭ്യാസം നമുക്കെല്ലായ്പ്പോഴും ഗൗരവത്തെ പ്രകാശപ്പെടുത്തുന്നതിലേക്കാണല്ലോ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു നമുക്കറിവുള്ളതാണ്. സർ, നാമൊരു രാഷ്ട്രീയസമരത്തിൽ ഏർപ്പെട്ടിരിക്കയാണെങ്കിലും; അതായതു ജീവിതസമരംതന്നെയാണ്. ആസമരത്തിൽ നമുക്കു വിജയം നേടിടുന്നതിനു ഏറ്റവും ഉപയുക്തമായ ആയുധം വിദ്യാഭ്യാസം തന്നെയാണ്. സർ, പ്രസ്തുതസമരത്തിൽ വിജയം നേടിടുന്നതിലേക്കു ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം നമുക്കുപയോഗപ്പെടുന്നുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, സംസ്ഥാനത്തിൽ ഒരു ഇൻഡ്യൻഡയറക്ടർ നിയമിക്കണമെന്നുള്ള വിഷയത്തെസംബന്ധിച്ചു വാഗ്പ്രതിവാദം നടന്നുകൊണ്ടിരുന്നപ്പോൾ നമുക്കു ലഭിക്കുന്ന വിദ്യാഭ്യാസം മാനസികപരിഷ്കാരം മാത്രമെ ഉണ്ടാക്കുന്നുള്ളുഎന്നു അന്തരാഭ്യാഗസ്ഥസംഭാഷകന്മാരിൽ അധികംപേരും പ്രസ്താവിച്ചു എന്നുള്ളവിവരം സഭയെ ധരിപ്പെടുത്തേണ്ടതായിട്ടില്ലല്ലോ. അതിനെ സംബന്ധിച്ചിടത്തോളമുള്ള അഭിപ്രായത്തിൽ യാതൊരുവ്യത്യാസവും ഭാവിക്കുന്നുമില്ലെങ്കിലും അതിനെപ്പറ്റി വാഗ്പ്രതിവാദം നടത്തുന്നതിനു ആവശ്യമില്ല. മറെറാരു രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ അയിരെ ഉണ്ടായിട്ടുള്ള വിദ്യാഭ്യാസ പ്രചാരത്തോളം നമ്മുടെരാജ്യത്തിൽ പ്രചരിച്ചിട്ടില്ലെന്നും ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തെങ്കിലും മാറ്റംവരുത്തേണ്ടതായ ആവശ്യമുണ്ടെന്നും മി. സ്റ്റീഫൻസൺ അഭിപ്രായപ്പെട്ടതായിട്ടുണ്ടായിരുന്നു. കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി മി. സ്റ്റീഫൻസൺ വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരിക്കുന്നു; ഇപ്പോഴത്തെ വിദ്യാഭ്യാസരീതിയിൽ എന്തെങ്കിലും ഭേദഗതികൾ ഏർപ്പെടുത്തുന്നതിലേയ്ക്കു അദ്ദേഹം എന്തുപ്രവർത്തിച്ചിട്ടുണ്ടെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഏതിനെയും തൊറിപ്പോയിട്ടുണ്ടെങ്കിൽ തൊറ്റതിനെത്തുടരുന്നതിൽ വിരോധമില്ല. സർ, പ്രായോഗിക വിദ്യാഭ്യാസമാണ് നമുക്കുവേണ്ടത്. അതായതു വിദ്യാഭ്യാസം സിദ്ധിച്ചുഎന്നുള്ള ധാരണയ്ക്കുശേഷം നാം കോളേജുകളും വിദ്യാലയങ്ങളും വിട്ടതിനുശേഷം സ്വാതന്ത്ര്യമായി ജീവിതംനയിക്കുന്നതിനു നമുക്കു സാധിക്കുമാറാകണം. സർ, ഇപ്പോൾ വിദ്യാഭ്യാസത്തിനുള്ള ചിലവു വളരെ അധികരിച്ചുവരുന്നുണ്ടെങ്കിലും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരുത്തനിൻറെ സമ്പാദനശക്തി വർദ്ധിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, ക ഗവൺമെൻറിനുള്ള ചിലവു ക ലക്ഷം രൂപയായിരുന്നു; ക ഗവൺമെൻറ് അതു ഡസൽക്കം ആയിരുന്നു. ക ക ഗവ—ൺമെൻറ് അഞ്ച് ക ലക്ഷം രൂപയായിരിക്കുന്നു. അതായതു ക ക ഗവൺമെൻറ് അതിനോടൊക്കെ പത്തുണ്ണം വീതമായിരുന്നത് ഇപ്പോൾ അതിനോടൊക്കെ ഏഴു അണ വീതമായിരിക്കുന്നു.

ഡെപ്യൂട്ടിപ്രസിഡൻറ്: നിങ്ങളുടെ ഉപക്ഷേപം കാളേജുവിദ്യാഭ്യാസത്തെ സംബന്ധിച്ചുതാണെന്നുള്ള കാര്യം ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തുന്നു.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ശരിതന്നെ. അതിനെപ്പറ്റി പ്രതിവാദിക്കാൻ പോകുന്നില്ല.

സർ, ഇപ്പോഴത്തെ വിദ്യാഭ്യാസത്തിന്റെ ഫലങ്ങൾ എന്തെല്ലാമാണ്? പട്ടിണിയല്ലാതെ വേറെ യാതൊന്നുമില്ല. അതുകൊണ്ടുതന്നെ എനിക്കു പ്രസ്താവിക്കേണ്ടതായിട്ടുള്ള, തൊഴിലില്ലാത്ത ആളുകളേയും അഭ്യസ്തവിദ്യരെ സൃഷ്ടിക്കുന്നതിനെ ഞാൻ വിചാരിക്കുന്നു. തൊഴിലില്ലായ്മയിലേക്കുതന്നെ നിങ്ങൾക്കാരുടെ റിപ്പോർട്ടിനെപ്പറ്റി അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. അപ്രകാരം പ്രവൃത്തിക്കുമ്പോൾ ഞാൻ വളരെ സൂക്ഷിക്കേണ്ടതായിട്ടുണ്ട്; എന്തെന്നാൽ കഴിഞ്ഞദിവസം മിസ്റ്റർ നംപൂതിരിയെ പിടിച്ചുകടിയതിനുള്ള എന്റെ സ്നേഹിതൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള എന്നെയും പിടിച്ചുകടിച്ചേക്കാം. റിപ്പോർട്ടിന്റെ സമ്പൂർണമായ വശത്തു അവർ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—

"മേല്പറഞ്ഞ കാരണങ്ങളാൽ ഞങ്ങളുടെ അഭിപ്രായങ്ങളും ശുപാർശകളും സംബന്ധമായി വിദ്യാഭ്യാസസമ്പ്രദായത്തിന്റെ സംഘടനയെയും പ്രവർത്തനത്തെയുംപറ്റി നല്ലതിനുള്ളതു അന്വേഷിച്ചുകിയന്നതിലേക്കും സമരത്തിനുമായി വാദപ്രതിവാദം നടത്തുന്നതിലേക്കും ഉള്ള ചുമതല ഞങ്ങൾക്കില്ലെന്നു ഞങ്ങൾ വിചാരിക്കുന്നു."

ചുരുക്കത്തിൽ പറയുന്നപക്ഷം കമ്മിറ്റിക്കാർ അവരുടെജോലി നിർവഹിച്ചിട്ടില്ലെന്നാണ് പ്രസ്താവിക്കേണ്ടിയിരിക്കുന്നതു. സർ, ഇതിനുംപുറമെവേറൊരു കുഴപ്പംകൂടി പ്രസ്താവിക്കേണ്ടതായിരിക്കുന്നു.—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംസ്ഥാനത്തിലെ വിദ്യാഭ്യാസപരിഷ്കരണത്തിനു ഒരു പോതി നിർദ്ദേശിക്കണമെന്നു കമ്മിറ്റിയോടു ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു എനിയ്ക്കു നിശ്ചയമില്ലകൊള്ളാം.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക), തങ്ങളുടെ ജോലികൂടാതെ എന്തെല്ലാമാണെന്നു റിപ്പോർട്ടിൽ, അതായതു ഞാൻ വായിച്ച ഭാഗത്തിൽ കമ്മിറ്റിക്കാർ പ്രസ്താവിച്ചുകാണുന്നില്ല. ഞാൻ അവരുടെ റിപ്പോർട്ടുമാത്രം വായിച്ചു. അതുമാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ.

സർ, ഇപ്പോഴത്തെ വിദ്യാഭ്യാസസമ്പ്രദായം ചില വർത്തമാനപ്പത്രങ്ങൾ റിപ്പോർട്ടറന്മാരെ നിശ്ചിച്ചിട്ടുണ്ടു; വളരെ ശങ്കയോടുകൂടിയാണ് ഞാൻ അപ്രകാരം പ്രസ്താവിക്കുന്നതു. അതിലേയ്ക്കു അവരെ കുറംപറഞ്ഞിട്ടു ആവശ്യമില്ല. ഇപ്പോഴത്തെ വിദ്യാഭ്യാസരീതിതന്നെ അതിലേക്കുള്ള കാരണം. സർ, ഇതിനെപ്പറ്റി വേറൊരവസരത്തിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. ബോംബായിലെ ഗവർന്മെന്റായ സർ അലക്സാൻഡർ ഗ്രെഹാം ബെൽ എഡ്യൂക്കേഷൻ കമ്മിഷന്റെ മുമ്പാകെ പ്രസംഗത്തിന്റെ ഒരു ഭാഗം ഈ സന്ദർഭത്തിൽ സഭയെ വായിച്ചുകേൾപ്പിക്കാം.

"ഇന്ത്യയിലുള്ള വർത്തമാനപ്പത്രങ്ങളിൽ പ്രസിദ്ധംചെയ്യുന്ന പ്രസ്താവനകളെ ഞാൻ ഏറ്റവുംതാഴ്മയോടു വായിച്ചു മനസ്സിലാക്കാറുണ്ടു; അപ്രകാരം മനസ്സിലാക്കുന്ന യാതൊരാൾക്കും ഒരു സംഗതി നിശ്ചയമായി ഗ്രഹിക്കാവുന്നതാണ്. അതായതു, ബോംബെയിൽ അപ്രകാരത്തിനുമുൻപായി തുടന്ന വിചാരണകൾക്കു കാരണമായിത്തീർന്നതായ ഗവൺമെന്റിന്റെ മുൻപു സ്വീകരിച്ചുവന്നിരുന്നതായുള്ള രാജദ്രോഹകരങ്ങളായ പ്രസ്താവനകളുമായി താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം അത്രത്തോളം ശക്തിയോ ധീരതയോ ഉൾക്കരുത്തുമുള്ള കാണുന്നുള്ളു എന്നു വരികിലും അതിൽ ചുട്ടതൽ കുത്തുവും അഭ്യുപോഗതന്നെ ആപൽക്കരവുമായ ഒരുതരം വാചകരീതിയും പ്രസംഗവും ഇപ്പോഴുള്ളതായി ഞങ്ങൾ മനസ്സിലാക്കുന്നതാണ്. ഈ ദോഷം അനുഭവോപരിയായി പരിചയിച്ചുവരികയാണ ചെയ്യുന്നതു. അതിന്റെ നാശകരമായ ഫലങ്ങളും വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടുകൂടി പടർന്നുപിടിക്കയും ചെയ്യുന്നു. എങ്കിലും അഭിപ്രായത്തിൽ ഈ ഉപദ്രവങ്ങളുടെ യഥാർത്ഥകാരണം ആധുനിക വിദ്യാഭ്യാസസമ്പ്രദായംതന്നെയാണെന്നാണു എനിക്കു തോന്നുന്നതു. അതു ഒട്ടുംതന്നെ ആശാസ്യകരമായിട്ടുള്ളതല്ലെന്നു വളരെക്കാലത്തിനു മുൻപുതന്നെ എനിയ്ക്കു നല്ലതിനുള്ളം മനസ്സിലായിരിക്കുന്നു. വാക്കുകളുടെസംബന്ധിച്ചിടത്തോളം അഭ്യസനംസിദ്ധിച്ചിട്ടുള്ള അനേകരുടെയിടം യുവാക്കന്മാരെ സൃഷ്ടിക്കുന്നു. തൊഴിലിനെസംബന്ധിച്ചിടത്തോളം അവരുടെ ബുദ്ധനേമായിട്ടുള്ള ആധാരം ഗവർണ്മെന്റാണെന്നു അവർ കരുതുന്നു. അപ്രകാരം ഗവർണ്മെന്റിൽനിന്നുള്ള സഹായം അവർക്കു ലഭിച്ചില്ലെങ്കിൽ തിരുവിതാംകൂർ മഹാരാജാവു പ്രസ്താവിച്ചതിനുള്ളം അവർ അത്യുച്ചം അരാജകത്വയിലുത്തവരും ചിലപ്പോൾ ഉപദ്രവികളും ആയിത്തീരുന്നു."

സർ, ആർട്ട്സ്കോളേജുസംബന്ധിച്ചുള്ള അന്വേഷണം നടക്കുന്ന അവസരത്തിൽ മഹാരാജാവു തിരുമനസ്സിൽനിന്നും പ്രസ്താവിച്ചതിനെയാണ് മേൽ എടുത്തുപറഞ്ഞിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു. എന്തായാലും അതു വാസ്തവമായിട്ടാണ് ചരിണമിച്ചിരിക്കുന്നതു; ഇപ്പോഴും അതു കരുക്ഷ്യി വാസ്തവമായിത്തീർന്നിട്ടുണ്ടു. സർ, ഈ വിഷയത്തെസംബന്ധിച്ചു ഞാൻ സംസാരിക്കുമ്പോൾ വളരെ സൂക്ഷിച്ചുവേണം ഞാൻ പ്രസ്താവിക്കേണ്ടതെന്നു എനിക്കറിയാം. രാജ്യതന്ത്രമാർഗ്ഗത്തിലും പ്രവേശിക്കുന്നതിനു മടിയുള്ളവനാണു ഞാൻ പ്രവേശിക്കുന്നതായി തോന്നിയിരിക്കുന്നതു. സർ, ഇതിലേക്കു ഒരു പരിഹാരമാർഗമേ ഞാൻ കാണുന്നുള്ളു; പരിഹാരമായി വിചാരിക്കുന്നപക്ഷം അതു വാണിജ്യവിദ്യാഭ്യാസമാണു ഏർപ്പെടുത്തണമെന്നുള്ളതാണ്. ചുരുക്കത്തിൽ നിശ്ചയമില്ലാത്തവരെ ചുരുക്കത്തിൽ അഭ്യസിപ്പിക്കുന്ന ആധുനികരീതിയിലുള്ള വിദ്യാഭ്യാസമല്ല ഇപ്പോൾ ഏർപ്പെടുത്തണമെന്നല്ല ഞാൻ നിർദ്ദേശിക്കുന്നതു. സർ, വാണിജ്യം, ശ്രമശാസ്ത്രം, ബാങ്കിംഗ്, ഫൊണാൻസു, എക്സ്ചേഞ്ചു തുടങ്ങിയ വിഷയങ്ങൾ അഭ്യസിപ്പിക്കുന്ന വാണിജ്യവിദ്യാലയങ്ങൾ ഏർപ്പെടുത്തണമെന്നാണു ഞാൻ നിർദ്ദേശിക്കുന്നതു. അപ്രകാരമുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെടുന്നപക്ഷം തൽഫലം വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം ഗവർണ്മെന്റുദ്യോഗങ്ങളെ അന്വേഷിക്കാതെ ഒരു കച്ചവടക്കാരനായോ മറ്റേതെങ്കിലും പ്രകാരത്തിലായോ സ്വാതന്ത്ര്യമായി ഉപജീവിക്കുന്നതിനു ഏതാണ്ടൊക്കെ സാധിക്കുന്നതാണ്.

ഡപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കുള്ള സമയം കഴിഞ്ഞിരിക്കുന്നു എന്നു ഞാൻ ഓർപ്പെടുത്തുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ പൂർണ്ണമായും എതിർക്കുന്നു. ഇതിനുമുൻപു ഹാജരാക്കപ്പെട്ട ഉപക്ഷേപംപോലെ ഈ ഉപക്ഷേപവും കാര്യമുള്ള വിദ്യാഭ്യാസതത്വസംബന്ധിച്ചതാണ്. കാര്യമുള്ളകളിൽ നടപ്പാക്കപ്പെട്ടുവരുന്ന വിദ്യാഭ്യാസനയത്തെപ്പറ്റി പ്രസ്തുത ഉപക്ഷേപത്തിൽ പ്രതിവാദിക്ക

മെന്നായിരുന്ന ഞാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാനമൊട്ടുക്കുള്ള വിദ്യാഭ്യാസനയത്തെപ്പറ്റി പൊതുവായ ഒരു വാദപ്രതിവാദമോണ് നടത്തിയിരിക്കുന്നത്. അതിലും ഒരു യാണിജ്യവിദ്യാലയം സ്ഥാപിക്കണമെന്നുള്ള ഒരു നിർദ്ദേശമല്ലാതെ പ്രായോഗികമായിക്കൊണ്ടു വരത്തക്ക യാതൊരു നിർദ്ദേശവും നടത്തിയിട്ടുമില്ല. ഇപ്പോൾ ആലപ്പുഴയിലുള്ള വാണിജ്യവിദ്യാലയത്തിൽനിന്നും വ്യത്യസ്തപ്പെട്ട വാണിജ്യ വിദ്യാലയങ്ങളും സ്ഥാപിക്കേണ്ടതാണെന്നും വിദ്യാർത്ഥികൾ വിദ്യാലയം വിട്ടുപോരും കച്ചവടജോലി നടത്തുന്നതിലേക്കു അവരെ തയ്യാറുള്ളവരാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി വാണിജ്യവ്യാകരണവും, ബുക്കിംഗ് മുതലായ വിഷയങ്ങളും അവരെ പഠിപ്പിക്കണമെന്നാണ് മിസ്റ്റർ പിറവിപ്രേമമാപിള്ള അഭിപ്രായപ്പെട്ടിരിക്കുന്നത്. സർ, ഇപ്പോൾതന്നെ കച്ചവടത്തൊഴിലിൽ ഏർപ്പെട്ടവരുടെ അപേക്ഷ താണിയുള്ളവരാണെന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. എന്നാൽ കച്ചവടപ്രവൃത്തിയിൽ ഏർപ്പെടുന്നതിലേയ്ക്കു വിദ്യാർത്ഥികൾക്കു മുഖ്യമായ ഉണ്ടാകുന്നുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് അവർക്ക് വാണിജ്യവിദ്യാഭ്യാസം നൽകുന്നത്. മുഖ്യമന്ത്രിയുടെ ദേശീയവിദ്യാഭ്യാസം തിരുവിതാംകൂറിൽ ഫലവത്താക്കുന്നതിലുണ്ടാകുന്ന ബന്ധം മനസ്സിലാക്കിയിട്ടുള്ളത്. ഒന്നുരണ്ടു പരിശീലനം വേണ്ടുവോളം നൽകുന്നുണ്ട്. അവർക്ക് ആവശ്യമുള്ള അറിവുണ്ട്. എന്നാൽ അവരുടെ അറിവിനെ പ്രായോഗികമാക്കുന്നതിലേക്കു അവർക്ക് സൌകര്യമില്ല. പ്രായോഗികമാക്കുന്നതിലേക്കു അവർ ശ്രദ്ധിക്കുമ്പോൾ അവർക്ക് മുഖ്യമനം ലഭിക്കുന്നില്ല. ഗവണ്മെൻറ് ജോലികിട്ടുന്നതിലേക്കു അവർ ശ്രദ്ധിക്കുന്നു. ഒരു ജോലി കിട്ടുന്നതുവരെയും സ്വാതന്ത്ര്യമായി തൊഴിലേർപ്പെടുന്നതിനു അവർക്ക് മുഖ്യമനം ലഭിക്കുന്നില്ല. ഇതിനെപ്പറ്റി ഇതുവരെ പ്രസ്താവിച്ച എല്ലാവരുടെയും വിദ്യാഭ്യാസനയത്തെ അടിസ്ഥാനപ്പെടുത്തിയാണ് വാദപ്രതിവാദം മുഴുവനും നടത്തിയിട്ടുള്ളത്. വിദ്യാഭ്യാസവിമർശകസംബന്ധിച്ചുള്ള കാര്യത്തിൽ അഭിപ്രായപ്പെറ്റി തല്ലുതിനല്ലാം പ്രതിവാദിക്കുന്നതിനു സാധിക്കുന്നതല്ല. ഗവണ്മെൻറ് പ്രസ്താവിച്ചിരിക്കുന്നതിനല്ലാം അഭിപ്രായഭേദമുണ്ടാകുന്നതിനു തല്ലുതിനല്ലാം ചിന്തിക്കുന്നതിലേക്കു ഒരു പ്രത്യേക കമ്മിഷനെയെ ഏർപ്പിക്കേണ്ടതാണ്. ഇപ്രകാരമിരിക്കെ പ്രസ്തുതഉപക്ഷേപംസംബന്ധിച്ചു പൊതുവായി ഈ സഭയോ ഞാനോ പ്രതിപാദിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി. എസ്. പിറവിപ്രേമമാപിള്ള (കച്ചവടം-വ്യവസായവും, തെക്കു): ധയരക്ടർ നൽകിയിട്ടുള്ള സമാധാനം മുട്ടും തൃപ്തികരമല്ല. അതുകൊണ്ടു ആയുധപ്പുടനേമില്ല. നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളും അല്പം പ്രസ്താവിക്കാനുണ്ടായിരുന്നു. എനാൽ സമയപരിമിതത്താൽ അതിലേക്കു മുതിരുന്നില്ല. ഇതിനുപുറമെ ഈ വിഷയത്തെപ്പറ്റി ഒരു കമ്മിറ്റി ആലോചിക്കുന്നതാണെന്നു മിസ്റ്റർ സ്റ്റീഫൻസൻ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ടും സഭയിലെ അനുഭവജ്ഞാനസമ്പാദകന്മാർ ഈ വിഷയത്തെസംബന്ധിച്ചു ഉന്നേഷം പ്രദർശിപ്പിക്കുന്നില്ലാത്തതുകൊണ്ടും ഉപക്ഷേപത്തെ ഞാൻ പിൻവലിക്കുന്നു.

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൨൯-൨൩൦൦ ഉപക്ഷേപങ്ങൾ.

മുമ്പടെച്ചെന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല:—

മി. കെ. സി. കരുണാകരൻ.

൨൨൯. കോളേജ് വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ക,ഹൻ,സ്യ രൂപയിൽനിന്നു ക൦ രൂപ കുറയ്ക്കുണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൨൩൦. കോളേജ്വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ക,ഹൻ,സ്യ രൂപയിൽനിന്നു ക൦൦ രൂപ കുറയ്ക്കുണമെന്നു.

ഉപക്ഷേപം ൨൩൦ കീ.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ഭേദികളും): കോളേജ്വിദ്യാഭ്യാസത്തിനായി ആവശ്യപ്പെട്ടിട്ടുള്ള ക,ഹൻ,സ്യ രൂപയിൽനിന്നും ക൦൦ രൂപ കുറയ്ക്കുണമെന്നാണ് ഉപക്ഷേപം. കോളേജിൻറെ നടത്തിപ്പിൽ ഇപ്പോൾ കണ്ടുവരുന്ന ചില പ്രത്യേകതകളെസംബന്ധിച്ചു പറഞ്ഞുധരിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രമാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ആർട്ട്സുകോളേജിൽ ഇംഗ്ലീഷ്പ്രൊഫസ്സറന്മാരായി മൂന്നാളുകൾ വേണമെന്നു ഗവണ്മെൻറ് വച്ചിരിക്കുന്നതായിട്ടാണറിഞ്ഞത്. ഇതിലേയ്ക്കുവേണ്ടി ഒരു ഡ്യൂറിൽ പണവും അനുവദിക്കാറുണ്ട് എന്നാൽ ഇപ്പോൾ രണ്ടു പ്രൊഫസ്സറന്മാരെക്കൊണ്ടു കാര്യം നിർവഹിച്ചുവരുന്നുഎന്നു അവരുടെ നിപ്പോർട്ടിലും സിവിൽലിസ്റ്റിലും കാണാം. ഒരു പ്രൊഫസ്സറുടെസ്ഥാനം ഒഴിവാക്കപ്പെട്ടിരിക്കുന്നതു എന്തിനാണെന്നുള്ളതുതാലോചിക്കുമ്പോൾ പലതരത്തിലുള്ള സംശയങ്ങളും തോന്നാൻ ഇടയാകുന്നു. ന്യായമായ അവകാശമുള്ള ആളുകൾതന്നെസ്ഥാപനത്തിൽതന്നെ ഉണ്ടായിരിക്കുമ്പോൾ അവർക്കു തക്കതായ സ്ഥാനം നൽകുകയും ആ സ്ഥാനത്തിനർഹന്മാരായിട്ടുള്ളവരുടെ അവകാശത്തെ വേണ്ടവിധത്തിൽ പരിഗണിക്കയും ചെയ്യേണ്ടതാണ്. കോളേജിൽ ഒരു സ്ഥാനം ഒഴിവായികിടക്കയും അതിലേക്കു പണം അനുവദിക്കയും ചെയ്തിരിക്കുമ്പോൾ ഏതു സ്ഥാനത്തിനു സർവഥാ യോഗ്യനായആളുകിടക്കുന്ന ആ സ്ഥാനത്തെ കാംക്ഷിച്ചുകൊണ്ടിരിക്കെ അവരെ അതിനു നിയമിക്കാതെ ആ സ്ഥാനം ഒഴിവാക്കിത്തന്നെയിട്ടുന്നത് അന്യായമില്ലെന്നു ഞാൻ വളരെ സംശയിക്കുന്നു. മിസ്റ്റർ ഈ. ഠറി. തോമസു കോളേജ്പ്രൊഫസർസ്ഥാനത്തിനു എല്ലാ വിധത്തിലും അർഹനാണെന്നാണ് അറിയുന്നത്. എന്തെ൦ അറിവിൽപെടാത്തതുകൊണ്ടാണോ മിസ്റ്റർ തോമസിനു ആ സ്ഥാനം മുൻപു തന്നെ നൽകിക്കേണ്ടതാണെന്നാണ് കാണുന്നത്.

മി. എസ്. പിറവിപ്രേമമാപിള്ള (കച്ചവടം-വ്യവസായവും, തെക്കു): സർ, അതു ഒരു പ്രത്യേക ആളിനെസംബന്ധിച്ചുള്ള വിമർശനമാണ്.

ഡെപ്യൂട്ടിപ്രസിഡൻറ്. മെമ്പർ അപ്രകാരം ചെയ്യാൻ പാടില്ലാത്തതാകുന്നു.

മി. എ. സി. കുര്യാക്കോസു (മീനച്ചലും ഭേദികളും): മുഖ്യാളുത്തിൽപറയണം. അതിനു കൌൺസിൽ അനുവദിച്ചിട്ടുണ്ട്.

ആളിനെ പ്രത്യേകം എടുത്തു പറയുന്നില്ല. മിസ്റ്റർ തോമസ്സിനെ എനിക്കു പരിചയവുമില്ല. പ്രധാനമായ ഒരു സ്ഥാനം ഒഴിവുവരികയും അതിനു പണം അനുവദിക്കയും ചെയ്തിരിക്കുന്നതുകൊണ്ടു മതിയായ അർഹതയുള്ള ആളിനെ നിയമിക്കാതിരിക്കുന്നതു ശരിക്കല്ലാ സ്വീകാര്യമല്ല എന്നുണ്ടെപറയുന്നതു്. ഈ ഉപക്ഷേപത്തിൽ എനിക്കു ഇനിയധികമായി ഒന്നും പറയാനില്ല.

ഡെപ്യൂട്ടിപ്രസിഡന്റ്. നിങ്ങൾ ഒരു പ്രശ്നം ആയെച്ചിരുന്നുഎങ്കിൽ നിങ്ങൾക്കായും അതിലേക്കു സഭയുടെ ചെവി ചായുമായിരുന്നു

മി. എ. പി. കുഞ്ഞുക്കോസ് (മീനച്ചിലും ദേവികുളവും): ഇങ്ങിനെ കോളേജിൽ നടക്കുന്നതായ പിശകുകളെ സംബന്ധിച്ചിടത്തോളം കെയർസിലേയ്ക്കും ഗവർണ്മെന്റിലേയും ശ്രദ്ധ പതിയണമെന്നുള്ളതിനേ പ്രസ്താവിപ്പിക്കയും ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുള്ളുന്നു.

മി. ഇ. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. കോളേജിൽ ഇപ്പോൾ ഉള്ളതായ വേതനപരിഷ്കരണങ്ങളിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതായിട്ടുണ്ടു. ഉദ്യോഗകയറ്റത്തെ സംബന്ധിച്ചിടത്തോളം ട്യൂട്ടറന്മാർക്കും പ്രാണിച്ചുവരുന്ന അനീതിയെപ്പറ്റിയാണ് എനിക്കു പറയേണ്ടിയിരിക്കുന്നതു്. കോളേജിൽ ചീഫ്മാസ്റ്റർമാരുണ്ടെങ്കിൽ, സയൻസ്സുഡിപ്പാർട്ടുമെന്റിൽ, ഇംഗ്ലിഷ്ഡിപ്പാർട്ടുമെന്റിൽ എന്നിങ്ങനെ പലശാഖകളും ഉള്ളതാകുന്നു. ഒരോന്നത്തിലുള്ള യോഗ്യതകളോടുകൂടിയ അതായതു ലിറ്ററേച്ചർ ഓണേഴ്സും, മാത്തമാറ്റിക്സ്ഓണേഴ്സും, കെമിസ്ട്രിഓണേഴ്സും, ഫിസിക്സ്ഓണേഴ്സും ജയിച്ചിട്ടുള്ള ട്യൂട്ടർന്മാരെ പേരു ശാഖകളിലും നിയമിക്കുന്നുണ്ടു്. എന്നാൽ മാത്തമാറ്റിക്സ്വകുപ്പിലേ ഒരു ട്യൂട്ടർക്കു ഒരു അസിസ്റ്റന്റു പ്രൊഫസ്സറാകുന്നതിനു വളരെ എളുപ്പത്തിൽ സാധിക്കുന്നു. എന്നാൽ ഒരു ഇംഗ്ലിഷ്ട്യൂട്ടർക്കു അനേകകൊല്ലങ്ങൾ കഴിഞ്ഞിട്ടെ ഒരു അസിസ്റ്റുവർപ്രൊഫസ്സറാകുന്നതിനു സാധിക്കുന്നുള്ളു. ഒരു ഉദാഹരണംകൊണ്ടു ഇതു സംബന്ധമായ കഷ്ടത കുറച്ചുകൂടി വ്യക്തമാക്കുന്നതുണ്ടു്. ചിറനേച്ചർഓണേഴ്സ് ജയിച്ച ഒരാളെ ട്യൂട്ടറായി കഴിഞ്ഞാലും മാത്തമാറ്റിക്സ്ഓണേഴ്സ് ജയിച്ച ഒരാളെ ട്യൂട്ടറായി കഴിഞ്ഞാലും കെമിസ്ട്രിഓണേഴ്സുജയിച്ച ഒരാളെ ട്യൂട്ടറായി കഴിഞ്ഞാലും തിയമിച്ചിട്ടുള്ളതായി വിചാരിക്കാം.

മി. ജോർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). ഏതുകാലംമുതലെപ്പാഠ്യക്രമമാണു് ഈ ഭേദഗതി പ്രസ്താവിക്കുന്നതു?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി); സയൻസുകാരേക്കാണ്. ഒരു മാത്തമാറ്റിക്സോ ഒരു കെമിസ്ട്രിയോ ട്യൂട്ടർക്കു കഴിഞ്ഞാലും കഴിഞ്ഞില്ലെങ്കിലും ഒരു അസിസ്റ്റൻറപ്രൊഫസ്സറാകുന്നതിനു സാധിയ്ക്കും. എന്നാൽ ഒരു ഇംഗ്ലിഷ്ട്യൂട്ടർ അനേകകൊല്ലം അതേജോലിയിൽതന്നെയിരിക്കുന്നു.

മി. എ. എസ്. മോമോദരൻനായർ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ഒരു ഇംഗ്ലിഷ് ട്യൂട്ടറെ മാത്തമാറ്റിക്സ് പ്രൊഫസ്സറായി നിയമിക്കുന്നതിനാണോ മെമ്പർവിചാരിക്കുന്നതു?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഒരിക്കലുമില്ല. എന്നാൽ ഞാൻപ്രസ്താവിച്ച അസമത്വത്തെ ഇല്ലായ്മചെയ്യാൻ എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കേണ്ടതാണു.

ഡെപ്യൂട്ടിപ്രസിഡന്റ്: പ്രായോഗികമായി നിങ്ങൾക്കു എന്തെങ്കിലും നിർദ്ദേശിക്കുന്നുണ്ടോ?

മി. രേവതിനാഥൻ രാമവർമ്മരാജ (ഇടവക): ഇപ്പോൾ പ്രൊഫസ്സർമാർ ആയിരിക്കുന്നവരെ കളഞ്ഞു വേറെ ആളുകളെ ആക്കണമെന്നാണോ അഭിപ്രായം?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇപ്പോഴത്തെ അസമത്വത്തെ ഇല്ലാതാക്കണം; അതിലേക്കു എന്തെങ്കിലും പരിഹാരം കണ്ടുപിടിക്കേണ്ടതാണു.

മി. രേവതിനാഥൻ രാമവർമ്മരാജ (ഇടവക) പ്രൊഫസ്സർമാർ ഇത്രകാലത്തേയ്ക്കു ആജ്ഞാപിയിൽ ഇരിക്കാവുഎന്നുണ്ടോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്റെ കൊടുസ്കെയിൽ ഏർപ്പെടുത്തുന്നതു ഒരു പരിഹാരമായിരിക്കും.

മി. രേവതിനാഥൻ രാമവർമ്മരാജ (ഇടവക): അങ്ങനെവച്ചിരിക്കുന്ന കാലത്തെ അതിക്രമിച്ചു പ്രൊഫസ്സർമാർ ആരെങ്കിലും ഇപ്പോഴുണ്ടോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതിനേയല്ല ഉദാഹരണപ്പെടുത്തുന്നതു. അതിനാൽ മേല്പറഞ്ഞപ്രകാരത്തിലുള്ള ഒരു സങ്കടം കോളേജ്ഡിപ്പാർട്ടുമെന്റിൽ ഉണ്ടെന്നാണു ഞാൻ പ്രസ്താവിക്കുന്നതു. ഒരു ട്യൂട്ടർ ഇംഗ്ലീഷ്ട്യൂട്ടർ ആയിരിക്കുന്നതുകൊണ്ടു അയാൾക്കു യാതൊരു വിധത്തിലുമുള്ള ഫാസിലിറ്റേഷനും കിട്ടാതിരിക്കുന്നതിലേക്കു എന്തെങ്കിലും പരിഹാരമാർഗ്ഗമാം കണ്ടുപിടിക്കേണ്ടആവശ്യകതയെ ഗവർണ്മെന്റിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആസ്റ്റിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ഇപ്പോൾ ട്യൂട്ടറന്മാർക്കു തൊടുസ്കെയിൽ ഉണ്ടെന്നുള്ളവിവരം മെമ്പർക്കു അറിവുണ്ടോ?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അറിവുണ്ടു; എന്നാൽ അപ്രകാരമുള്ള ഒരു അസമത്വം നടപ്പിൽവരുത്തുന്നതിനുള്ള സംഗതി മെമ്പർക്കു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർണ്മെന്റു ചീഫ്സെക്രട്ടറി): ആസംഗതി മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുമാത്രമേ എനിക്കു ഉദ്ദേശമുണ്ടായിരുന്നുള്ളൂ.

ഡെപ്യൂട്ടിപ്രസിഡന്റ്: ഉദ്യോഗസ്ഥന്റെ ശമ്പളത്തെയോ സ്ഥിതിയേയോ പരിഗണിക്കാതെ തൊടുസ്കെയിൽ ഏർപ്പെടുത്തണമെന്നാണു നിങ്ങൾ നിർദ്ദേശിക്കുന്നതു. അതോടൊപ്പം ഒരു ട്യൂട്ടറെ ഒരു ഹെഡ്മാസ്റ്ററാ ആയിരിക്കാം. അങ്ങനെയാണോ നിങ്ങൾ നിർദ്ദേശിക്കുന്നതു?

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, അതെ. ഈ ട്യൂട്ടറന്മാർ എല്ലാം പ്രൊഫസ്സറന്മാർ ആകുമ്പോഴും അവരുടെ സീനിയാറിറ്റിയ്ക്കു് ഉൽഭവിക്കുമ്പോഴും പ്രസ്തുത വിഷമത കുറച്ചുകൂടിയെല്ലുതിനുള്ളതാണു മനസ്സിലാക്കുന്നതു്. കുറച്ചുകാലം മുൻപായിട്ടാണു താൻ സർവീസിൽ പ്രവേശിച്ചിട്ടുള്ളതെന്നും അതിനാൽ

താനാണ സീനിയറെന്നും ഇംഗ്ലീഷ്ട്യൂട്ടർ വാദിക്കും. ഇപ്പോഴുണ്ടായ ആശയക്കുഴപ്പം ഉണ്ടായിട്ടുണ്ടെന്നാണ ഞാൻ വിചാരിക്കുന്നത. അപ്രകാരമുള്ള ബുദ്ധിമുട്ടുകളുണ്ടാകാതിരിക്കുന്നതിലേക്കും മേലിൽ പ്രസ്തുതസങ്കടങ്ങൾ നേരിടാതിരിക്കുന്നതിലേക്കും പ്രത്യേകിച്ചുമൊരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കണമെന്നാണ ഞാൻ അഭിപ്രായപ്പെടുന്നത.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. മെമ്പറന്മാർ പ്രസ്താവിച്ച കാരണങ്ങളിന്മേൽ ഇതിലേക്ക നിശ്ചിയിച്ചിട്ടുള്ളതുക സഭ കാവുചെയ്തയിട്ടില്ലെന്നു വിശ്വസിക്കുന്നു. മി. കുട്ടിമാക്കാസിന്റെ പ്രസംഗത്തെപ്പറ്റി ആദ്യമായി പ്രസ്താവിക്കാം. ആർട്സ്കാളേജിൽ നടത്തുന്ന ഇംഗ്ലീഷ്പ്രൊഫസ്സർമാരുടെ ഉദ്യോഗങ്ങളും ഉള്ളതു വാസ്തവമാണെന്നു. അതിൽ രണ്ടു ഉദ്യോഗങ്ങളിൽ മാത്രമെ ആളുനിയമിച്ചിട്ടുള്ളു എന്നുള്ളതും വാസ്തവമാണ. ഒഴിവുള്ളുദ്യോഗത്തിൽ ആളുയിമിക്കേണ്ടആവശ്യം നേരിടാത്തതുകൊണ്ടാണ അതിലേക്ക ആരെയും നിയമിക്കാത്തതു. ശമ്പളവർദ്ധനവിനു ഇടയാക്കിത്തീർക്കാത്തതിനാൽ ഡിപ്പാർട്ടുമെൻറിനെ സഭ അഭിനന്ദിക്കയാണു ചെയ്യേണ്ടതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): വാസ്തവത്തിൽ ഒഴിവുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതെ, ആളു നിയമിക്കാത്തതായ മൂന്നൊഴിവുണ്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതഉദ്യോഗങ്ങളാവശ്യമില്ലെന്നാണോ മെമ്പർപറയുന്നതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ആവശ്യമില്ലെന്നാണല്ലോ കണ്ടിക്കേണ്ടിയിരിക്കുന്നതു എന്തെന്നാൽ കാളേജ് പ്രിൻസിപ്പാളും കാളേജ്കൌൺസിലും ആവശ്യപ്പെടുന്നപ്രകാരം എഴുതി അയച്ചിട്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴുള്ള ഒരു ഉദ്യോഗത്തിൽ ആളുനിയമിക്കപ്പെട്ടിട്ടില്ല എന്നുള്ളതുംശരിതന്നെ ഡയറക്ടർക്ക അറിവുണ്ടോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അറിയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതഉദ്യോഗം ആവശ്യമില്ലാത്തപക്ഷം അതിനെ നിർത്തൽചെയ്യുന്നതാ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതു ആലോചിക്കേണ്ടതായിട്ടുള്ള ഒരുവിഷയമാണു. പ്രസ്തുതഉദ്യോഗം വച്ചുകൊണ്ടിരിക്കണമൊ അതു നിർത്തൽചെയ്യണമോ എന്നുള്ള വിഷയത്തിൽഎനിക്ക വല്ലതും പ്രസ്താവിപ്പാനുണ്ടെന്നു തോന്നുന്നില്ല. ഏതായാലും അതു ആലോചിക്കേണ്ടതായ ഒരുസംഗതിയാണു. അതിനാൽ പ്രസ്തുതഉദ്യോഗത്തിൽ ആളുനിയമിക്കണമൊ വേണ്ടയോ എന്നുള്ള വിഷയത്തെപ്പറ്റി പ്രതിവാദിക്കേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു. മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ വിമർശനങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹംപ്രസ്താവിച്ച സംഗതികളെ വാസ്തവത്തെന്നെയാണു. അതു പരിഹരിക്കപ്പെടേണ്ടതുമാണു. എന്നാൽ അനാവശ്യമായ ചെലവുവഴിപ്പിക്കാതെ ഈ അവസ്ഥയെ പരിഹരിക്കുന്നതിലേക്ക സ്കൂളുകളിലെയും കാളേജ്കളിലെയും അദ്ധ്യാപകന്മാരെ തൃപ്തിപ്പെടുത്തുന്നതിലേക്ക എന്തുപായമാണ കണ്ടുപിടിക്കേണ്ടതു? അതാണ വലിയൊരുബുദ്ധിമുട്ടു. ഇൻഡ്യയിൽ പലമാതങ്ങളിലും പലസമ്പ്രദായങ്ങളും പരീക്ഷിച്ചുനോക്കിയിട്ടുണ്ടു. എന്നാൽ ഇവിടെ ഉള്ളതുപോലെ അവിടെയും പല ന്യൂനതകളുമുണ്ടു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മദ്രാസിൽ അനുകരിക്കപ്പെട്ടിട്ടുള്ള സമ്പ്രദായം എന്താണു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): അതിനെ വളരെ വ്യത്യാസമുണ്ടു. അതിനെ വിശദമായി വിസ്തരിച്ചു പറയുന്നതിലേക്ക എനിക്ക സാധിക്കയില്ല.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): എതെങ്കിലും വ്യത്യാസമുണ്ടൊ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഉണ്ടായിരിക്കാം. ഇവിടെയുള്ള വ്യത്യാസമല്ല. മദ്രാസുപ്രവിശ്യയിൽ വേറെ ചില വ്യത്യാസങ്ങളും ഉള്ളതാണ്.

മി. എ. സി. കുട്ടിക്കൊസ്സു (മീനച്ചിലും ഭേവികളും): എന്റെ ഉപക്ഷേപത്തെ സംബന്ധിച്ചു ഞാൻ പറഞ്ഞിട്ടുള്ളതിനു ശരിയായ മറുപടി ലഭിച്ചുഎന്നു എനിക്ക തോന്നുന്നില്ല. ഒരു പ്രൊഫസ്സർസ്ഥാനത്തിനു പണം അനുവദിച്ചിട്ടുണ്ട്. അതു ആ സ്ഥാനത്തിനു അർഹന്മാരായ ആളുകൾക്കു കൊടുക്കാഞ്ഞതു വലിയ കഷ്ടമാണ്. ഇതിനെപ്പറ്റി വലിയ വാഗ്പ്രതിവാദം നടന്നു. ഈ സഭയുടെ സമയത്തെ നഷ്ടപ്പെടുത്തണമെന്നവിചാരിക്കുന്നില്ല. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറ അധികൃതന്മാർ വേണ്ടപോലെ പ്രവൃത്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം നമ്പർ.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഇംഗ്ലീഷ്മൈനർസ്കൂൾ വിദ്യാഭ്യാസത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക 1 രൂപ 8 രൂപ കൊടുക്കണം. ഇതാണ് ഞാൻ അവതരിപ്പിക്കുന്ന ഉപക്ഷേപം.

ഈ നിയമനവിഷയത്തെ സംബന്ധിച്ചു പറയാനായിട്ടാണ്. ഇപ്പോൾ അതിനെ സംബന്ധിച്ചു നടന്നവാഗ്പ്രതിവാദത്തിലും ഡയറക്ടരുടെ മറുപടിയിലും അദ്ദേഹം ഈ വിഷയത്തിൽ വേണ്ടത്ര പ്രവൃത്തിക്കാതെ കാണുന്നതുകൊണ്ടു എനിക്ക അതിനെപ്പറ്റിയുള്ളതലയായി ഒന്നും പറയാനില്ല. ഒരുപാടു സംഗതികളും ഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു.

ഇപ്പോൾ സ്കൂളുകളും 1 0 ഗ്രാഡുവേറ്റ അദ്ധ്യാപകന്മാരുള്ളതും ഇംഗ്ലീഷ്മൈനർസ്കൂൾ ഡിപ്പാർട്ടുമെന്റിൽഉണ്ടു. അതിൽ പെട്ട 4 എണ്ണം സ്വതന്ത്രവും 4 എണ്ണം താൽക്കാലികവും ആയ അദ്ധ്യാപകന്മാരാണ്. ഇതിൽ ഒരു മഹമ്മദീയനും ഇല്ല. പോരെ പിന്നെങ്കിലും സ്വതന്ത്ര ഡിപ്പാർട്ടുമെൻറിലെ കൊടുത്തിരിക്കുന്നതിലുമധികവും ആയ അദ്ധ്യാപകന്മാരാണ്. ഇതിൽ മഹമ്മദൻ മൈനർസ്കൂളിൽ ഒരു ഗ്രാഡുവേറ്റ അദ്ധ്യാപകനെ തരികയാണെങ്കിൽ മുസ്ലിംകുട്ടികൾക്ക വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ പ്രോത്സാഹനം കിട്ടുന്നതിനും തൻനിമിത്തം സമുദായത്തിനു വിദ്യാഭ്യാസവിഷയത്തിൽ കൂടുതൽ സൌകര്യം കിട്ടുന്നതിനും ഇടയാകും. അതു ഡയറക്ടർ ശ്രദ്ധിക്കണമെന്നുമാത്രമെ പറയുന്നുള്ളു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. സംസ്കൃതം സ്കൂളുകളിൽ മഹമ്മദീയരധ്യാപകന്മാരെ നിയമിക്കുന്ന കാര്യം ഡിപ്പാർട്ടുമെന്റ് വകയുള്ള ഇൻസ്പെക്ടർമാർ മുതൽ ഡയറക്ടർവരെയുള്ള ഉദ്യോഗസ്ഥന്മാർ നല്ലതിനല്ലെന്നു തോന്നുന്നു. ആലോചിക്കണമെന്നുണ്ടായിരിക്കും. അങ്ങനെയിരിക്കുമ്പോൾ വിദ്യാലയത്തിൽ ഒരു മഹമ്മദീയ അദ്ധ്യാപകനെ നയമനിക്കണമെന്നുപക്ഷം കൂട്ടത്തലായി മഹമ്മദീയ വിദ്യാർത്ഥികൾ ഒരു സ്കൂളിൽ ചേരുമെന്നുള്ളതാണ് മെമ്പരുടെ അടുത്ത തിരുമുഖം. അതും ആലോചിക്കപ്പെടുന്നതാണ്.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഡെപ്യൂട്ടിപ്രസിഡന്റ്: (സന്ദർശകന്മാരുടെ ഗ്യാലറിയെ നോക്കിക്കൊണ്ടു) അവിടെയിരിക്കുന്ന ചെറുപ്പക്കാർ മെമ്പരും ആകുന്നതായി ഞാൻ ആലോചിക്കുന്നു.

ഉപക്ഷേപം ൨

മി. മുരുവേലി പാപ്പുപിള്ള (ചേർത്തല): സർ, ചുവടെ ചേർക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു:—

ആൺകുട്ടികൾക്കുള്ള ഇംഗ്ലീഷ്സ്കൂളുകൾക്കു നിശ്ചിപ്പിച്ചിട്ടുള്ള ൨൫ രൂപയിൽ നിന്നു ൧൫ രൂപയാക്കുറയ്ക്കുണമെന്നും.

സർ, ഇംഗ്ലീഷ്സ്കൂളിന്റെ ആവശ്യത്തിലേക്കു ബഡ്ജറ്റിൽ ചേർത്തുകാണുന്ന ൨൫൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കുണമെന്നുള്ള ഉപക്ഷേപം ഈ ഗൗരവമായ കാര്യമാക്കി ഹാജരാക്കിക്കൊള്ളുന്നു. ഇങ്ങിനെ ഒരു ഉപക്ഷേപം അവതരിപ്പിച്ചുള്ളതിന്റെ ഉദ്ദേശം ഇംഗ്ലീഷ് സ്കൂളുകളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനേയും സ്ഥിരപ്പെടുത്തുന്നതിനേയും സംബന്ധിച്ചു ചില വിഷമതകൾ ചെയ്യുന്നതിലേക്കാണ്. ഇപ്പോൾ ഇംഗ്ലീഷ്സ്കൂളുകളിലെ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനേയും സ്ഥിരപ്പെടുത്തുന്നതിനേയും നല്ലപോലെ വിരോധിക്കുന്നതായാൽ ഈ നിയമനങ്ങളിലും സ്ഥിരപ്പെടുത്തലിലും ഇതൊന്നും തന്നെ ആവശ്യമായിട്ടില്ലാ എന്നു കാണാവുന്നതാണ്. അതിലേയ്ക്കു മുമ്പിൽ പ്രസിദ്ധപ്പെടുത്തിയ സിറ്റിൽമിസ്റ്റ് പരിശോധിച്ചുനോക്കിയാൽ മനസ്സിലാകുന്നതാണ്. ൧൦൦൦ രൂപ, ൭൫൦, ൫൦൦, ൪൫൦, ഈ നാലു കൂലുകളിലായി നിയമിച്ചിട്ടുള്ള ഗ്രാഡ്വേയർ അദ്ധ്യാപകന്മാർ പകരം ജോലി ചെയ്തിരുന്ന ടൗണിലെത്തുമ്പോൾ അതിൽപിന്നീട് അതാതിന് അവർ പകരം ജോലിയായിട്ടിരിക്കുന്ന പ്രൊഫസ്സർ പ്രവേശിച്ചിട്ടുള്ള പുതിയ അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തിക്കാണുന്നു. ഇതിൽ എത്രമാത്രം ന്യായമാണ് അടങ്ങിയിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള നിയമങ്ങളിന്മേൽ ധാരാളം ഉദാഹരണം പറയാം. അവരുടെ പേരു വിവരം സഭയിൽ കൊണ്ടുവരുമ്പോൾ അവരെല്ലാം ഒരു പ്രത്യേകവിഭാഗത്തിൽപ്പെട്ടവരാണെന്നു കാണുവാൻ കഴിയും. എന്നാൽ അങ്ങനെ ഒരു നിറം എങ്ങനെ പ്രസംഗത്തിനു കൊടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അവ സർക്കാർ റിക്കാർഡിൽനിന്നും കാണാവുന്നതാണ്. ഉദാഹരണങ്ങളിൽ ഒരു സംഗതി എടുത്തുപറയാം. ൧൦൦൫-ൽ ഒരു മിസ്റ്റർ രാമൻപിള്ള എം. എ. ബി. എൽ. ജോലിയ്ക്ക് പ്രവേശിച്ചു. അതിനു ശേഷം ൧൦൦൬-ൽ ൧൦൦൭-ൽ മിസ്റ്റർ വി. എസ്. ശ്രീനിവാസൻ ബി. എം. എൽ. റി. എന്നൊരാളും ജോലിയിൽ പ്രവേശിച്ചു. എന്നാൽ മിസ്റ്റർ വി. എസ്. ശ്രീനിവാസനെ ൧൦൦൮-ൽ സ്ഥിരപ്പെടുത്തി. മിസ്റ്റർ രാമൻപിള്ളയെ സ്ഥിരപ്പെടുത്തിയതു ൧൦൦൬-ൽ ആണ്. എന്നാൽ യോഗ്യതയനോക്കുകയാണെങ്കിൽ രാമൻപിള്ള എം. എ. ബി. എൽ. ആണ.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഏതു രാമൻപിള്ളയെപ്പറ്റിയാണ് മെമ്പർ പറയുന്നതു?

മി. മുരുവേലി പാപ്പുപിള്ള (ചേർത്തല): മിസ്റ്റർ രാമൻപിള്ള ഇപ്പോൾ എവിടെയിരിക്കുന്നുഎന്നതു നിക്കു അറിഞ്ഞുകൂടാ. എം. എ. ബി. എൽ. ആയിട്ടു രാമൻപിള്ള ഒരാളെ ഈ ഡിപ്പാർട്ടുമെന്റിൽ ഉള്ളൂഎന്നറിയാം. ഇപ്പോൾ കൊല്ലാരക്കരയാണെന്നു തോന്നുന്നു.

മി. എം. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഒരു എം. ബി. ആണോ എന്നു മെമ്പർക്കു പറയാമോ?

മി. മുരുവേലി പാപ്പുപിള്ള (ചേർത്തല): അതെ അങ്ങനെ ഒരു എൽ. ടി. യുമാണ്.

ഡെപ്യൂട്ടിപ്രസിഡന്റ്: അപ്പോൾ അങ്ങനെ ഒരു എം. എ. ബി. എൽ. എൽ. ടി. യുണ്ട്.

മി. മുരുവേലിപാപ്പുപിള്ള (ചേർത്തല): അതെ, ഇതുപോലെ പല ഉദാഹരണങ്ങളുമുണ്ട്. അവയെല്ലാം ഇവിടെ കൊണ്ടുവരണമെന്നില്ല. ൧൦൦൫-ലും ൧൦൭-ലും ൧൦൮-ലും ജോലിയിൽപ്രവേശിച്ച അദ്ധ്യാപകരെയൊക്കെ നോക്കിയിരിക്കുമ്പോൾ അവരെക്കാൾ സർവീസകുറഞ്ഞവരെ സ്ഥിരപ്പെടുത്തിയതുകൊണ്ടു മി. രാമൻപിള്ളയ്ക്കു ൪൫ വയസ്സായിരിക്കുമ്പോൾ മുഴുവൻപെൻഷൻകിട്ടുകയില്ല. എന്നാൽ മി. രാമൻപിള്ളയ്ക്കു ശേഷം പ്രവേശിച്ചവർക്കു മുഴുപെൻഷൻ കിട്ടുകയുംചെയ്യും.

ഡെപ്യൂട്ടിപ്രസിഡന്റ്: അങ്ങനെയാണെങ്കിൽ ആളേഹത്തിനെ ൧൦൦൫-ൽ നിയമിച്ചു എന്നും മറെറാളിനെ ൧൦൦൮-ൽ നിയമിച്ചു എന്നുമുള്ള നിങ്ങളുടെ പ്രസ്താവന അതു ശരിയായിട്ടുള്ളതുമല്ലാ.

മി. മുരുവേലിപാപ്പുപിള്ള (ചേർത്തല): ആ വസ്തുതയുള്ളപക്ഷം സ്പഷ്ടമായിട്ടു തെളിയിക്കാൻ സാധിക്കുന്നതാണ്. ഡിവണ്ടർ പ്രസിദ്ധീകരണംതന്നെയുണ്ട്. അതുകൊണ്ടു ഞാൻ അതുകളുടെപേരു പറയുന്നില്ല. എ. ബി. എന്നു സങ്കല്പിച്ചുപറയാം. ഇവർ കൂടാതെ ൧൦൦൫-ൽ ഒരാളിനെ സർവീസിൽ പ്രവേശിച്ചപ്പോൾതന്നെ സ്ഥിരമായിട്ടു നിയമിച്ചിട്ടുണ്ട്. നാലുകൊല്ലം അതുപോലെ ചെയ്തിട്ടുള്ള അതുകൾ ഉണ്ടായിരുന്നിട്ടും പുതുതായിട്ടു പ്രവേശിച്ചയാളിനെ സ്ഥിരമായിട്ടതന്നെ നിയമിച്ചതിന്റെ രഹസ്യമെന്താകുന്നതു മനസ്സിലാകുന്നില്ല. ഇങ്ങനെയുള്ള പ്രവൃത്തികളെ പരിഹരിയ്ക്കുന്നതിനായിട്ടു ഡിവണ്ടർ ഒന്നും ചെയ്യുകാണുന്നില്ല. ഗ്രേഡേഷൻലിസ്റ്റ് ശരിയായിട്ടു തയ്യാറാക്കുന്നില്ല.

ഇപ്പോൾ എട്ടസ്സ്കൂളുകളിൽ ഫോർമാസ്റ്റർന്മാരെ സ്ഥിരപ്പെടുത്തിയിട്ടില്ല. പക്ഷേ ജോലിനോക്കുന്നവർക്ക് ഒരു ചുമതലയുമില്ല. തന്നിമിത്തം പരീക്ഷാഫലവും വളരെ മോശമായിട്ടാണുകാണുന്നത്. പ്രത്യേകം ഫോർമാസ്റ്ററുടെ ചുമതലയില്ലാത്ത ഒരു സ്കൂളിലെ "റിസൽട്ട്" പരിശോധിച്ചാൽ ഇതു അറിയാവുന്നതാണ്. ഇപ്രകാരം ഫോർമാസ്റ്ററുടെ നിയമനത്തിൽവരുന്ന താമസം ഒരിയ്ക്കലും അനുവദിക്കത്തക്കതല്ല.

സർവീസിലധികം പ്രവേശിച്ചശേഷം ബി. എ. പാസ്സായവരും സ്ഥിരജോലിയിൽ ഇരിക്കുന്നവരുമായ അനേകം ഈ ഡിപ്പാർട്ടുമെൻറിലുണ്ട്. അവർ അണ്ടർ ഗ്രാഡുവേറ്റുഎന്നനിലയിൽ ഒടുയിനിന്ന് കഴിഞ്ഞിട്ടുള്ളവരാണ് അവർ ബി. എ. പരീക്ഷപാസ്സാകുമ്പോൾ അവർക്ക ഗ്രാഡുവേറ്റ അദ്ധ്യാപകന്മാർക്കുള്ള ശ്രേഷ്ഠാശമ്പളമൊ ഉടനെ കൊടുക്കുന്നില്ല. ഈ വക സംഗതികളും സഭയുടെ ആലോചനയ്ക്കു വിഷയമാകുന്നതുനന്നായിരിക്കുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ പക്ഷേ ജോലിനോക്കുന്ന അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തുന്നതിൽ അനേകമുദ്ദേശിച്ചുവന്ന രീതിയിലുള്ള ആക്ഷേപത്തെപ്പറ്റിയാണ് മി. പാച്ചുപിള്ള ഇന്നാമതായിപ്രസ്താവിച്ചതു. ഞാൻ പ്രവർത്തിച്ചിട്ടുള്ളതിനെ സംബന്ധിച്ചുമാത്രമെ മറുപടിപറയാൻ ഉദ്ദേശിക്കുന്നുള്ളു. മി. പാച്ചുപിള്ള പ്രസ്താവിച്ച വിഷയത്തെ സംബന്ധിച്ചിടത്തോളം യോജിപ്പുമായി എന്റെ ഗ്രന്ഥം അതിൽ പറയുന്നുണ്ടെന്നു ഞാൻ അദ്ദേഹത്തിനു ഉറപ്പുനൽകുന്നു. മി. പാച്ചുപിള്ള നിർദ്ദേശിച്ചിരിക്കുന്നതായ ഒരു സമ്പ്രദായം അതായതു ശരിയായവിധത്തിൽ ഗ്രാഡുചെയ്തിട്ടുള്ളതായ പക്ഷം ജോലിനോക്കുന്ന അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റു തയ്യാറാക്കി സ്ഥിരംഒഴിവുകളുണ്ടാകുമ്പോൾ അപ്രകാരമുള്ള ഒരു ലിസ്റ്റു അനുസരിച്ചു അവരെ ശരിയായവിധത്തിൽ സ്ഥിരപ്പെടുത്തണം എന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശത്തെസംബന്ധിച്ചിടത്തോളം അങ്ങിനെ ഒരു ലിസ്റ്റു തയ്യാറാക്കുന്നതിലേക്ക വേണ്ട ഏർപ്പാടുകൾ ചെയ്യുകഴിഞ്ഞിരിക്കുന്നു. മി. പാച്ചുപിള്ള പ്രസ്താവിച്ച ഒരു ഉദാഹരണത്തെ സംബന്ധിച്ചിടത്തോളം അതായതു മി. പി. എൻ. രാമൻപിള്ളയുടെ കേസുസംബന്ധിച്ചിടത്തോളം അതിപ്പോൾ ആലോചനയിൽ ഇരിക്കുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഇക്കാര്യത്തിൽ ഒരു വിഷമതയോരിട്ടില്ല. അദ്ദേഹത്തിന്റെ സർവീസിൽ അധികംഭാഗവും ഇംഗ്ലീഷ്വിദ്യാലയ ഡിപ്പാർട്ടുമെൻറിൽ അദ്ധ്യായിരുന്നു. അദ്ദേഹം ആർട്ട്സ്കോളേജിലെ ഒരു ആക്ടിംഗ്പ്രൊഫസ്സർ ആയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ അവകാശങ്ങളെ ഇംഗ്ലീഷ്വിദ്യാഡിപ്പാർട്ടുമെൻറിൽ അലോചിക്കപ്പെട്ടിട്ടില്ല. അദ്ദേഹം ആർട്ട്സ്കോളേജിൽ അപ്പീൽചെയ്യുകയായിരുന്നു. ഇപ്രകാരമിരിക്കെ ഇംഗ്ലീഷ്വിദ്യാലയഡിപ്പാർട്ടുമെൻറിൽ അദ്ദേഹത്തെ ഗ്രാഡുചെയ്യേണ്ടതുമില്ല ആവശ്യവുമായിരുന്നു.

വേതനാർഹരെ നിയമിച്ചു തയ്യാറാക്കുന്നതിനെന്ന അഭിപ്രായത്തെ സ്ഥിരപ്പെടുത്തിഎന്ന ലിസ്റ്റർ പാച്ചുപിള്ള പറയുകയുണ്ടായി. അതു അല്പം വിസ്തരിച്ചു മറുപടി നൽകേണ്ടതായിരിക്കുന്നു. അതു പറയുവാൻതക്കതാണ്. എന്നാൽ അതിലേയ്ക്കു അല്പം വിശദമായി മറുപടിപറയേണ്ടതായിരിക്കുന്നു. ഞാൻ ഉദ്ദേശിക്കുന്നതു പ്രായോഗികമായിട്ടുള്ളതാണോ അതോ ലിസ്റ്റർ പാച്ചുപിള്ള പ്രസ്താവിച്ച ഉദാഹരണം മാഡ്രസ്സ്കൂളിലെ നടപടി നിയമനമാണ് പ്രകൃതിശാസ്ത്രത്തിൽ ബി. എ. ജയിച്ചിട്ടുള്ള ഒരാളെ മാഡ്രസ്സ്കൂളിൽ ആവശ്യമുണ്ട്. ഇംഗ്ലീഷ് സ്കൂൾ ഡിപ്പാർട്ടുമെൻറിൽ പ്രകൃതിശാസ്ത്രത്തിൽ ബി. എ. ജയിച്ചു പക്ഷം ജോലിനോക്കുന്നതായി ആരുതന്നെ ഇല്ല. ഇതനുസരിച്ചു ഒരാളെ മാഡ്രസ്സ്കൂളിൽ നിയമിക്കേണ്ടതായിട്ടുണ്ടായിരുന്നു. പ്രൊമോഷനായിട്ടുവേണം അയാൾ നിയമിക്കപ്പെടേണ്ടതു. അയാളുടെ സ്ഥാനക്കാലത്തെ പ്രൊബേഷൻകാലാവധി കഴിഞ്ഞശേഷം അയാളുടെ ജോലി തൃപ്തികരമാണെന്നു കാണപ്പെടുകയും അതിനാൽ അയാളെ ആ ജോലിയിൽ സ്ഥിരപ്പെടുത്തുകയുംചെയ്തു.

ഫോർമാസ്റ്റർന്മാരെ ഗ്രാഡുചെയ്തിരിക്കേണ്ടതാണെന്നു മി. പാച്ചുപിള്ള പിന്നീടു പ്രസ്താവിക്കയുണ്ടായി. വാസ്തവം പറയുന്നപക്ഷം ഈ വിഷയത്തിലുണ്ടായിട്ടുള്ള കാലതാമസത്തിനുള്ള കാരണം ശരിയായിട്ടുള്ള ഗ്രാഡുചെയ്തിരിക്കുന്നതിലേയ്ക്കുള്ള തടസംതന്നെയാണ്. അവരെ സ്ഥിരപ്പെടുത്തുന്നതിനു മുൻപായിട്ടു ഇന്നാംഗ്രാഡ് അദ്ധ്യാപകന്മാരെ ഗ്രാഡുചെയ്തിരിക്കേണ്ടതായിരിക്കുന്നു. ആ ജോലി ഇപ്പോൾതന്നെ ചെയ്തുകഴിഞ്ഞിരിക്കുന്നു. അതിൽവച്ചു മി. പാച്ചുപിള്ള ഞങ്ങളെ അഭിനന്ദിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു. ഫോർമാസ്റ്റർന്മാരായി ഉദ്യോഗക്കയറ്റം നൽകേണ്ടസംഗതി ഇപ്പോൾ ആലോചനയിൽ ഇരിക്കയാണ്. പ്രസ്തുതഫോർമാസ്റ്റർന്മാരെ ആക്ടിംഗായി വച്ചുകൊണ്ടിരിക്കുന്നതു മൂലമുണ്ടാകുന്ന ഫലങ്ങളെ അതിശയോക്തിയായി അഭിപ്രായപ്പെടുന്നതിനെ എതിർക്കുന്നതായും. സീനിയറന്മാരായ അദ്ധ്യാപകർ ആക്ടിംഗായിരിക്കുന്നതുകൊണ്ടു്. അവരിൽചിലർ സ്വതന്ത്രമായി ചാർജ്പഠിക്കയും ചെയ്യുന്നുണ്ടു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മിക്കതാനും ചില സ്കൂളുകളിൽ ചാർജ്വഹിക്കുന്ന ഉദ്യോഗസ്ഥന്മാരും ആ സ്ഥാനങ്ങളിൽതന്നെ അവരെക്കാൾ സീനിയറന്മാരായ മറ്റു അദ്ധ്യാപകന്മാരുണ്ടായിരുന്നവരുകയില്ലയോ എന്നു മി. സ്റ്റീഫൻസൺതോടു ഞാൻ ചോദിക്കുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): എനിക്കറിവില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതഹൈസ്കൂളുകളിലെ ഫോർമാസ്റ്റർഉദ്യോഗം ചാർജ്വഹിക്കുന്നവർ വാസ്തവത്തിൽ സീനിയറന്മാരാണെന്നാണോ മെമ്പർ പ്രസ്താവിക്കുന്നതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): പല സ്കൂളുകളിലും അവർ സീനിയറന്മാരാണ്. പ്രസ്തുത ഫോർമാസ്റ്റർന്മാരുടെ ഉദ്യോഗങ്ങളിൽ താൽക്കാലികമായി ആളുകളെനിയമിക്കുന്നതു എന്തുദ്ദേശംകൊണ്ടു പൂരിപ്പിക്കുന്നതായിട്ടുള്ളതാണെന്നു താങ്കൾവിചാരിക്കുന്നു എന്നു—

മി. എ. താണുപിള്ള (തിരുവനന്തപുരം): വാസ്തവത്തിൽ സീനിയറന്മാരായ ആളുകളെ ഫോർമാസ്റ്റർന്മാരായി സ്ഥിരപ്പെടുത്തുന്നതിൽ എന്തുപ്രതിബന്ധമാണുള്ളതു്?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): ആലോചനയുള്ള സമയമല്ലാതെ വേറെ യാതൊരു പ്രതിബന്ധവുമില്ല. ആ വിഷയം പൊതുവായി ആലോചിക്കേണ്ട ഒന്നാണ്.

ഫോർമാസ്റ്റർന്മാരുടെ ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കപ്പെടാത്തതിനാൽ പരീക്ഷാഫലങ്ങൾ അതൃപ്തികരമായിരിക്കുന്നു എന്നാണ് യോഗത്തെ സംഗതി മെമ്പർ പ്രസ്താവിച്ചതു് പരീക്ഷാഫലങ്ങൾമാത്രം

യോക്കുന്നപക്ഷം അവ ഇപ്പോൾ മോശമായിട്ടാണിരിക്കുന്നതെന്നു ഞാൻസമ്മതിക്കുന്നു. എന്നാൽ ഒരു കാര്യം ആലോചിക്കേണ്ടതായിട്ടുണ്ട്. കാരള്ളുകളിൽ പ്രവേശനംലഭിക്കുന്നതിലേയ്ക്കുള്ള ചട്ടങ്ങൾ സയ്കലാശാലക്കാരാണ് തീർച്ചപ്പെടുത്തുന്നതു്. ഭണ്ഡാരം കൊല്ലങ്ങൾക്കുമുമ്പു അപ്രകാരം പ്രവേശനംലഭിക്കുന്നതിനേക്കുള്ള സ്റ്റാൻഡാർഡു ഒരു പ്രത്യേകഉദ്ദേശത്തോടുകൂടി സയ്കലാശാലക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതാകുന്നു. പുതുക്കപ്പെട്ട അവകടെ റഗുലേഷന്റെ ഫലമാണ് നമുടെ പരീക്ഷാഫലം.

അനുവദിപ്പുകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൩൪.

മി. താമരപ്പള്ളി കൊച്ചുതാമ്മൻ (പത്തനംതിട്ട): ഇംഗ്ലീഷ് ഗവൺമ്മെന്റുവകയ്ക്കുള്ള അനുവദിച്ചിട്ടുള്ള ൨൯,൪൦൦ രൂപയിൽ ഒരു രൂപ കുറയ്ക്കണമെന്നാണ് എന്റെ ഉപക്ഷേപം.

ചെങ്ങന്നൂർ ഇപ്പോഴുള്ള ഗവൺമ്മെന്റു മെഹസ്സ്കൂളിനെ മെഹസ്സ്കൂളാക്കിത്തരേണമെന്നുള്ള ആവശ്യകതയെപ്പറ്റി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. അവിടെനിന്നും പാസ്സാകുന്ന പെൺകുട്ടികൾക്കു ഒരു മെഹസ്സ്കൂൾ ഇല്ലാത്തകാരണത്താൽ ആൺപള്ളിക്കൂടത്തിൽ ചേരേണ്ടിയിരിക്കുന്നു. ൨൪-മതത്ത പ്രജാസഭയിൽ ഈ സംഗതി ചെങ്ങന്നൂർ മെമ്പർ പ്രസ്താവിക്കുകയും അതു ഗവണ്മെന്റിന്റെ പ്രത്യേകശ്രദ്ധയിൽ ഇടിക്കുന്നു എന്ന് ഗവണ്മെന്റു മറുപടിപറയുകയുംചെയ്തിട്ടുണ്ട്. ഇതുവരെയായിട്ടും അതിനാവശ്യമായ നടപടിയും നടത്തിക്കാണുന്നില്ല. ൪൦ പെൺകുട്ടികളോളം ഇപ്പോൾ ആൺപള്ളിക്കൂടത്തിൽ പഠിച്ചുവരുന്നുണ്ടു്. ആൺപള്ളിക്കൂടത്തിൽ പെൺകുട്ടികൾ പഠിക്കുമ്പോൾ പലതരത്തിലുള്ള ഉപദ്രവങ്ങൾക്കു കാരണമാകുന്നു. ഇപ്പോഴുള്ള പള്ളിക്കൂടം സ്ഥാപിച്ചിരിക്കുന്നതുതന്നെ വളരെ ജീർണ്ണിച്ചും പള്ളിക്കൂടത്തിനുയോഗ്യതയില്ലാത്തതുമായ ഒരു സ്ഥലത്താണ്. അതിനേയും പരിഷ്കരിച്ചു നല്ലനിലയിലാക്കുന്നതിനും ഞാൻ അപേക്ഷിക്കുന്നു. ഇതുകൂടി പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. പെൺകുട്ടികൾക്കുള്ള മെച്ചങ്ങളെ ഇംഗ്ലീഷ് മിഡിൽസ്കൂളിനെ സ്ഥിതിയും പ്രസ്താവിച്ചുവെന്നതേ ഒരു മെഹസ്സ്കൂളാക്കേണ്ടതിനെപ്പറ്റിയുമാണ് മെമ്പർ പ്രസ്താവിച്ചതെന്നു ഞാൻ വിചാരിക്കുന്നു. ഇതാദ്യമായിട്ടല്ലയിതു സംബന്ധിച്ചിടുന്നതു്, അതായതു മെച്ചങ്ങളുള്ള മിഡിൽസ്കൂളിനെ തരംതാഴ്ത്തി ഒരു കെട്ടിടംവേണമെന്നുള്ളകാര്യത്തെസംബന്ധിച്ചിടുന്നതാണും അതു കുറച്ചുകാലമായിട്ടു ഗവണ്മെന്റിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. അതിലേയ്ക്കു ആവശ്യമുള്ള സ്ഥലംഏർപ്പാടുചെയ്തതിലേയ്ക്കും തക്കതായ ഒരു കെട്ടിടം പണികഴിപ്പിക്കുന്നതിലേയ്ക്കുമുള്ള നിർദ്ദേശങ്ങളും ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയാണ്. അതിനെ ഒരു മെഹസ്സ്കൂൾ ആക്കേണമെന്നുള്ള വിഷയവും ആലോചനയിലിരിക്കുന്നു. ആൺപള്ളിക്കൂടങ്ങളിൽ നാലും അതിലും താഴെ ക്ലാസുകളിൽ ഇപ്പോൾ എഴുപതു വിദ്യാർത്ഥിനികളുണ്ട്. ഇംഗ്ലീഷ് മിഡിൽസ്കൂളിനെ ഒരു മെഹസ്സ്കൂളാക്കേണമെന്നുള്ള വിഷയം തീർച്ചയായിട്ടും നോക്കിയിരിക്കുന്നു.

മി. താമരപ്പള്ളി കൊച്ചുതാമ്മൻ (പത്തനംതിട്ട): വളരെക്കാലമായിട്ടു ഈ ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയല്ലേ?

ഡപ്യൂട്ടി പ്രസിഡന്റു: ഈ വിഷയം ഗവണ്മെന്റിന്റെ ആലോചനയിൽ ഇപ്പോൾ ഇരിക്കയാണെന്നാണ് അദ്ദേഹം പ്രസ്താവിച്ചതു

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയരക്ടർ): ഇപ്പോൾ ഈ വിഷയം ഗവണ്മെന്റിന്റെ ആലോചനയിലിരിക്കയാണ്.

മി. താമരപ്പള്ളി കൊച്ചുതാമ്മൻ (പത്തനംതിട്ട): ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നതിനു അനുവാദംചോദിച്ചുകൊള്ളുന്നു.

അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൧൩൫.

മി. മുറവേലി പാപ്പച്ചിപിള്ള (ചേർത്തല): പെൺപള്ളിക്കൂടത്തിനുള്ള ൨൯,൪൦൦ രൂപയിൽ ൫൦൦ രൂപ കുറയ്ക്കണമെന്നുള്ളതാണു എന്റെ ഉപക്ഷേപം. ചേർത്തലത്താലൂക്കിൽ ഒരു ഇംഗ്ലീഷ് പെൺപള്ളിക്കൂടം സ്ഥാപിക്കണമെന്നുള്ള അപേക്ഷയെ അറിയിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഈ മാതിരി ഒരു പള്ളിക്കൂടം വേണമെന്നുള്ള പ്രാർത്ഥനികാവശ്യത്തെ ഈ സഭയുടെ ആലോചനക്കു വിഷയമാക്കുന്നതു സഭയുടെ ഔദാര്യത്തിനു മതിയാകുകയില്ലെന്നു എനിക്കറിയാം. ഓരോ താലൂക്കിലേയും വിദ്യാഭ്യാസം പ്രചരിക്കണം, മതാഗതസൗകര്യം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പണം ചിലവാക്കേണ്ടതു ഏതൊക്കെയെന്നുള്ള അടിസ്ഥാനമാക്കിയാണെന്നുള്ള ഗവണ്മെന്റു ആലോചിക്കേണ്ടതാകുന്നു. ഒരോതാലൂക്കിലെ ജനസംഖ്യയേയും മുതലടയ്പ്പിനേയും പരിഗണിച്ചുവേണം. ഇങ്ങനെയുള്ള സംഗതികൾക്കു പണം ചിലവാക്കേണ്ടതു എന്നാണ് എന്റെ അഭിപ്രായം. ഓരോ താലൂക്കുകളിലേയും പൊതുജനാവശ്യങ്ങളെ സാധിച്ചുകൊടുക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാണ്. അതിനാൽ ആവശ്യംപോലെ ഈ നിയമത്തിനു വ്യത്യസ്തംഭവിക്കുന്നതിൽ എനിക്കു വിരോധമില്ല. എന്നാൽ ഗവണ്മെന്റുജനാവിന്റെ ഒഴിഞ്ഞുമാറലുകൊണ്ടു നിറയ്ക്കാൻവേണ്ടി ആണ്ടോന്നിനു കുറെ ലക്ഷം രൂപവീതം അടച്ചുകൊണ്ടിരിക്കുന്ന ചേർത്തല താലൂക്കിലെ ജനങ്ങളുടെ ആവശ്യങ്ങളെ പ്രത്യേകം ശ്രദ്ധിച്ചു നിർവഹിക്കേണ്ടതു അത്യാവശ്യമാണ്. വളരെക്കാലമായിട്ടു ചേർത്തല താലൂക്കു നിവാസന്മാരിൽ എണ്ണത്തിൽ കുറയാതെ മാറിക്കിടക്കയുമാണു, അതിനെയെല്ലാം പരിഗണിച്ചു അവിടെയുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനു ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിച്ചുകിട്ടണമെന്നാണ് ഞാൻ ഇപ്പോൾ അപേക്ഷിക്കുന്നതു്. ൧൯-മാമതത്ത പ്രജാസഭയിൽ നടപേടനം ചെയ്തതിന്റെ ഫലമായിട്ടു ഞങ്ങൾക്കു ഒരു ആൺപള്ളിക്കൂടം സ്ഥാപിച്ചുതന്നു. ആ സ്കൂളിൽ ഇപ്പോൾ പെൺകുട്ടികളും ധാരാളം പഠിക്കുന്നുണ്ട്. അവരുടെ സൗകര്യത്തിനായിട്ടു ഒരു ഇംഗ്ലീഷ്പെൺപള്ളിക്കൂടം സ്ഥാപിച്ചുതരുന്നതിനുള്ള അപേക്ഷയെ ഈ സഭമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): എന്റെ സ്നേഹിതൻ മിസ്റ്റർ പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. ചേർത്തല താലൂക്കിൽ ഒരു ഇംഗ്ലീഷ് പെൺപള്ളിക്കൂടം ഇല്ലാത്തതുനിമിത്തം പല ബുദ്ധിമുട്ടു കളുണ്ട്. ഇതു പലപ്രാവശ്യവും ഹജൂർകഛേരിയും മുഖാന്തിരവും ഡിപ്പാർട്ടുമെന്റ് മുഖാന്തിരവും ഗവണ്മെന്റിനെ ധരിപ്പിക്കുകയും അതിനെപ്പറ്റി പ്രജാസഭയിൽനിന്നു നിവേദനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണെന്നും, സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും പെൺപള്ളിക്കൂടങ്ങൾ തുടങ്ങുന്നതിനു ഗവണ്മെന്റ് ശ്രദ്ധിക്കുന്നുണ്ടെന്നും, ആ അവസരത്തിൽ ചേർത്തയ്ക്കുവേണ്ടി കൂടി മനസ്സു കഴിഞ്ഞ കൊല്ലത്തിൽ ഗവണ്മെന്റ് പ്രജാസഭയിൽവച്ചു മറുപടി പറകയുണ്ടായി. എന്നാൽ ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

ആൺപള്ളിക്കൂടത്തിൽ പഠിക്കുന്ന പെൺകുട്ടികളുടെ ന്യൂനതകൾ നോക്കുന്നതുകൊണ്ടും, അവരുടെ വിദ്യാഭ്യാസത്തിനു വേണ്ടുന്ന ശ്രദ്ധ കൊടുക്കുവാൻ തിരിക്കുന്നതുകൊണ്ടും പ്രയോജനമില്ല. ഈ ചൊല്ലേ ചേർത്തയിൽ ഒരു ഇംഗ്ലീഷ് പള്ളിക്കൂടം സ്ഥാപിച്ചുതരണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ ഉപക്ഷേപത്തെ ശക്തിയായി പിന്താങ്ങുന്നു.

മി. ജെ. സ്റ്റീഫൻസൺ (പ്രിപ്പറേട്ടറി ക്ലാസ്സുകളുടെ ഡയറക്ടർ): ചേർത്തയിൽ പെൺകുട്ടികൾക്കു പ്രത്യേകമായി ഒരു മിഡിൽസ്കൂൾ സ്ഥാപിക്കണമെന്നുള്ളതാണ് വിഷയമായിരിക്കുന്നത്. ഇതിനു മുമ്പുള്ള മിഡിൽസ്കൂൾ പ്രിപ്പറേറ്ററി ക്ലാസ്സുകൾ മുന്നൂറോളംപേരെ പഠിക്കുന്ന പെൺകുട്ടികളുടെ സംഖ്യ ചുവടെ ചേർക്കുന്നു:—

		വിദ്യാർത്ഥിനികളുടെ എണ്ണം.
പ്രിപ്പറേറ്ററി ക്ലാസ്സ്	...	൨൩
ഒന്നാംഫാറം	...	൨൦
രണ്ടാംഫാറം	...	൩൫
മൂന്നാംഫാറം	...	൪൩

ഈ വിദ്യാർത്ഥിനികളുടെയെല്ലാം ഇപ്പോൾ പ്രത്യേകം ഒരു മിഡിൽസ്കൂൾ സ്ഥാപിക്കുന്നതിനുള്ള മുഖ്യ കാരണങ്ങൾ എന്തെല്ലാമാണെന്നാണ് പറയുന്നത്? ഒരു പെൺകുട്ടികൾക്കുള്ള ഒരു പ്രത്യേക മിഡിൽസ്കൂൾ സ്ഥാപിക്കുന്നതിനു മേല്പറഞ്ഞ വിദ്യാർത്ഥിനികളുടെ സംഖ്യയും മതിയാകുന്നതാണോ? ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ പെൺകുട്ടികൾക്കിടയിൽ പഠിപ്പു പരന്നു വരുന്നതിനെപ്പറ്റിയും ഡിപ്പാർട്ടുമെന്റിനുണ്ടായിരിക്കുന്ന അഭിപ്രായത്തെപ്പറ്റിയും ഗവണ്മെന്റിന്റെ ആ ശ്രദ്ധയെപ്പറ്റിയും വിശദമായി പിച്ചിരിക്കുന്ന എന്നുള്ള സംഗതി നമ്മെ ഞെരിപിരികൊള്ളിക്കുന്നു. ധാരാളം പെൺകുട്ടികൾ പഠിച്ചുവരുന്നതായ അനേകം സൗകര്യങ്ങളുണ്ടെങ്കിലും പ്രത്യേകം മിഡിൽസ്കൂൾ ചേർത്തയിൽ ഇപ്പോൾ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ഇരുപതിൽപരം പെൺകുട്ടികൾ പഠിച്ചുവരുന്ന ഒരു പ്രിപ്പറേറ്ററി ക്ലാസ്സ് ചേർത്തയിൽ ഉണ്ടെന്നുള്ള സംഗതി ഓർക്കുമ്പോൾ ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയുണ്ടെന്നുള്ള വിശ്വാസം ഉണ്ടാകുന്നതാണ്. എന്നാൽ ചേർത്തയിൽ ഒരു പ്രത്യേക പെൺപള്ളിക്കൂടം സ്ഥാപിക്കണമെന്നുള്ള അപേക്ഷയുടെ ഗുണദോഷങ്ങളെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഈ വിഷയത്തെപ്പറ്റി ഗവണ്മെന്റിനു തീരുമാനിക്കുന്നതിനുള്ള സകല വിവരങ്ങളും ഈ ചർച്ചയിൽനിന്നു ലഭിക്കുന്നതാണ്.

മി. ദേവസ്വി പാച്ചുപിള്ള (ചേർത്ത): ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: ഉപക്ഷേപം പിൻതാങ്ങപ്പെട്ടതിനെ സഭ അനുവദിക്കുന്നുണ്ടോ?

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

൨൩-ാം ഉപക്ഷേപം.

ചുവടെ ചേർക്കുന്ന ഉപക്ഷേപത്തെപ്പറ്റി ഹാജരാക്കപ്പെട്ടില്ല.

മി. എൻ. ആർ. കൃഷ്ണൻ:

൨൩. ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൪,൫൫,൫൦൪ രൂപയിൽനിന്നു ഒരു തുക കുറയ്ക്കുണ്ടെന്ന്.

മി. രേവതിനാഥൻ രാമവർമ്മരാജാ:

൨൪. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൪,൫൫,൫൦൫ രൂപയിൽനിന്നു ഒരു തുക കുറയ്ക്കുണ്ടെന്ന്.

ഉപക്ഷേപം ൨൪-വ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ചുവടെ ചേർക്കുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു:—

ഇംഗ്ലീഷ്സ്കൂൾ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൪,൫൫,൫൦൫ രൂപയിൽനിന്നു ൨൦൦ രൂപ കുറയ്ക്കുണ്ടെന്ന്.

പ്രസ്തുത ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം ഉപക്ഷേപപ്രസ്താവനയിൽ കൊടുത്തിരിക്കുന്നതു തന്നെയാണെന്നു തോന്നുന്നു. ഈ ഉപക്ഷേപത്തിന്മേൽ ഇപ്പോൾ നടക്കുന്ന ചർച്ചയിൽ കാണുന്ന "ഗ്രാഡുവേറ്റു" എന്ന വാക്കു മാത്രം എടുത്തുകളയേണമെന്നാണ്. എന്നാൽ ഈ ഭേദഗതിയുടെ ശരിയായ അർത്ഥം സിദ്ധിക്കുന്നതല്ല. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അണ്ടർഗ്രാഡുവേറ്റുകളിൽ ഭൂരിഭാഗം ആളുകളും അനുഭവിച്ചുവരുന്ന സങ്കടങ്ങളെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ ഉപക്ഷേപം അവതരിപ്പിച്ചുകാണുന്നത്. ഒരു പ്രത്യേക ഭേദഗതിനോക്കിയാണ് പ്രസ്തുത ഉപക്ഷേപം സ്ഥിതിചെയ്യുന്നത്. ഇംഗ്ലീഷ് വിദ്യാലയങ്ങളിലെ നാട്ടുഭാഷാവിദ്യാലയങ്ങളിലെ ഏതിടത്തായിരുന്നാലും അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരെ നാട്ടുഭാഷാവിദ്യാലയങ്ങളെ ഇംഗ്ലീഷ് വിദ്യാലയങ്ങളോടു നിരന്തരമിച്ചിരിക്കുന്ന എന്നുള്ള സംഗതിയെക്കാൾ നിർബന്ധികമായിട്ടുള്ള ഇംഗ്ലീഷ് വിഷയങ്ങളും ഐച്ഛികമായിട്ടുള്ള ഇംഗ്ലീഷ് വിഷയവും ഒരേ ഏകനായിട്ടും വിഷയങ്ങളിലും അവർ പഠിപ്പിക്കുന്നു എന്നുള്ള സംഗതിയെയും പരിഗണിക്കുമ്പോൾ അവരോടു തുല്യമായി ഭാഷമാരെന്തുകൊണ്ടാണെന്നുള്ളതാണ് ഈ തത്വം. ഇപ്പോഴത്തെ തയ്യാറാക്കിയ അനുസരിച്ചു ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാർക്കു ഭാഷാവകുപ്പിൽ ഒരു ശമ്പളം നിശ്ചയിച്ചിരിക്കുന്നതിനെ ഞാൻ വിരോധിക്കുന്നു. ഗ്രാൻവുംഷ പരിഷ്കാരം അനുസരിച്ചു പോലെയോ സ്കൂൾ അപ്പർഫോർത്തിൽ ഒരു ശമ്പളം അവർക്കു നിശ്ചയിക്കുമെന്നുള്ളതാണ്. മേൽ തരമനുസരിച്ചു അവർ പോസ്റ്റുകളിലുള്ള മേലാൽ അദ്ധ്യാപകന്മാർ അയാൾ നാട്ടുഭാഷാവിദ്യാലയത്തിലെ ജോലിയെക്കുന്നപക്ഷം ഭാഷാവകുപ്പിൽ ഒരു ശമ്പളത്തിനു മേൽ ഒരു ശമ്പളം കിട്ടുന്നതിനു വിധികളിച്ചിട്ടുള്ളതാണ്. ഈ നിയമം ആയിരുന്നാലും ഇപ്പോൾ ചിലവുചുരുക്കുന്നതിനായിട്ടാണെന്നു തോന്നുന്നു ഇതു നിർത്തിവച്ചിരിക്കുന്നു. എങ്കിലും ഗവൺമെന്റിനു പരിഗണിക്കേണ്ട ഒരു പരിതാപകരമായ സ്ഥിതിയെന്നതാണ് ഇതു.

ഒഡപ്പുട്ടിപ്പ് സിധർവ: "ഗ്രാഡുവേറ്റു" എന്ന പദം ചേർത്തിരിക്കുന്നതുകൊണ്ടു ഭേദഗതിയാക്കുന്ന നാട്ടുഭാഷാവിദ്യാലയങ്ങളിലുള്ള ഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെയും അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെയും സ്ഥിതിയെ നിങ്ങൾ താരതമ്യപ്പെടുത്തുന്നു - താണോ ചെയ്യുന്നത്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെ "ഗ്രാഡുവേറ്റെന്നർ" എന്നു വാക്കു ചേർത്തിരിക്കുന്നതാണ്. ഉദ്ദേശം എടുത്തുകളയണമെന്നു ഞാൻ അപേക്ഷിച്ചിട്ടുണ്ട്. എന്റെ പ്രസംഗത്തിന്റെ പ്രാരംഭത്തിൽതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു.

മി. ഋഷ്യാശം പോരുശോത്തൻപിള്ള (അഡിഷനൽ ഫൈഡ്സക്രട്ടറി വക്കീൽ): ഇതിനെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥന്മാരുടെ സംഘടനയിലെ ബ്രാക്കറ്റുകളുടെ അകത്തുള്ള വാക്കുകൾ ഉപക്ഷേപത്തിന്റെ ഭാഗമായി കരുതപ്പെടാൻ പാടുള്ളതല്ലെന്നു വിധികളിച്ചിട്ടുള്ളതാണ്. ലിസ്റ്റിൽ ചേർത്തിരിക്കുന്നതു അടിച്ചുകളഞ്ഞിരിക്കുകയും തന്റെ ഉപക്ഷേപത്തിന്റെ യഥാർത്ഥവിഷയത്തെപ്പറ്റി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പ്രസംഗിക്കുമെന്നുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതിനാൽ നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടുന്ന അദ്ധ്യാപകന്മാരുടെ ആദ്യത്തെ ശമ്പളം ഫൈവ് രൂപയായി ആരംഭിച്ചു. അവർ സർവീസിൽ നിന്നു പിരിയുന്നതുവരെ അതേ ശമ്പളംതന്നെ വാങ്ങിവരണം. നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടുന്ന പ്രസ്തുത അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ഈ വ്യത്യസ്തമായ പെരുമാറ്റം കാണിച്ചുകൊണ്ടതിനുള്ള അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഇംഗ്ലീഷ് വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളവും നാട്ടുഭാഷാ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളവും പ്രത്യേകം പ്രത്യേകം തത്വങ്ങൾ അനുകരിച്ചു വരുന്നതെന്തുകൊണ്ടാണ്? നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ഒരു ഔദ്യോഗിക സ്ഥിതിയിൽ വച്ചുകാണിരിക്കുന്നതു വളരെ കഷ്ടമാണ്. നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടിരിക്കുന്ന പ്രസ്തുത അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളവും ഭാഷാവകുപ്പിൽ ഒരു ശമ്പളം യോഗ്യതയുള്ള ആണെന്നുള്ള വ്യവസ്ഥ കാണിച്ചുകൊണ്ടു ഭേദഗതി കൂട്ടിച്ചേർക്കുന്നതാണ്. നർമ്മബന്ധമായി ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഒരു അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകനു നൽകിവരുന്ന ശമ്പളത്തെക്കാൾ കൂടുതൽ ശമ്പളം ഐച്ഛികമായിട്ടുള്ള ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്ന അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാർക്കു നൽകിവരുന്നു. നിർബന്ധിത ഇംഗ്ലീഷും ഐച്ഛിക ഇംഗ്ലീഷും പഠിപ്പിക്കുന്ന അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ വിഷയത്തിൽ ഇപ്രകാരമുള്ള വ്യത്യാസം കാണിക്കുന്നതിനുള്ള അർത്ഥം എന്താണ്? അവരുടെ ശമ്പളം പെൻഷൻ മുതലായവയെ സ്വീകരിച്ചുള്ളതുള്ളതുമായ എല്ലാ ന്യായങ്ങളുടെ അടിസ്ഥാനപ്പെടുത്തിയാണ്? നമുക്കു ഗ്രഹിക്കുന്നതിനുള്ള പ്രയാസമുണ്ടാകുന്നതുകൊണ്ടു അപ്രകാരമുള്ള ഭേദം ഇല്ലാത്തപക്ഷം അവർക്കു തന്നെ തരത്തിലുള്ള യോഗ്യതകളുണ്ടെങ്കിൽ അപ്രകാരമുള്ള എല്ലാ അദ്ധ്യാപകന്മാരേയും ഒരുപോലെ കരുതാൻ പാടില്ലയോ? മാധ്യമവിദ്യാലയങ്ങളിൽ ഇപ്പോൾ ഭൂരിഭാഗം പേരെ നിയമിച്ചിരിക്കുന്ന എന്നുള്ളസംഗതി ആലോചിക്കാതെതന്നെ അവരുടെ സങ്കടങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഒരു പ്രദർശിപ്പിക്കുകയെന്നതുകൊണ്ടാണ് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഡിപ്പാർട്ടുമെന്റിന്റെ മേലധ്യക്ഷന്റെ അനുകമ്പ ഇതിൽ പതിയേണ്ടതുകൊണ്ടു ഇനി വേറൊരു സംഗതിയിലേക്കു പ്രസ്താവിക്കുന്നതായിട്ടുണ്ട്. അദ്ധ്യാപകന്മാരുടെ നിലയ്ക്കുതക്കവണ്ണം ഒരു പ്രൊമോഷൻ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നു ഞാൻ കേട്ടിട്ടുണ്ടെങ്കിലും അതിനെപ്പറ്റി എനിക്കു വിശദമായി അറിവില്ല. അതുകൊണ്ടു ഈ അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ ഭാവിഗണനയെക്കുറിച്ചു പ്രത്യേകം പറയുന്നതിനുള്ള ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ എന്റെ ഉപക്ഷേപത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കേണമെന്നില്ലെന്നു ഞാൻ കാണുന്നു. അപ്രകാരമായി തത്വത്തെ അടിസ്ഥാനപ്പെടുത്തിയും രണ്ടാമതായി ഈ ഉപക്ഷേപം അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ ഇപ്പോഴത്തെ സ്ഥിതിയെ പരിശുദ്ധീകരിക്കുന്നതിനു ഉള്ളതിക്കപ്പെട്ടിരിക്കുന്നു എന്നതിനെയും പരിഗണിച്ചും ഈ അതിനെ നല്ലതിനല്ലെന്നു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

മി. എൻ. കെ. കുഞ്ഞപിള്ള (തെന്മലയാറിൻകര): മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങുന്നതായിട്ടു ഒരു പ്രത്യേക ഉദ്ദേശം എന്റെ മനസ്സിൽ വരുന്നു. ഫ്രഞ്ചുകൊല്ലത്തിലെ ഒരു വിദ്യാലയത്തിൽനിന്നും ഇംഗ്ലീഷ് സ്കൂൾഫിനൽ പരീക്ഷ ജയിച്ച രണ്ടു വിദ്യാർത്ഥികളെ അദ്ധ്യാപകജോലിയിൽ നിയമിക്കാൻ ഇടയായി. പരീക്ഷയിൽ കൂടുതൽ ശതമാനം മാർക്കു വങ്ങിച്ചു വിദ്യാർത്ഥിക്കു നാട്ടുഭാഷാവിദ്യാലയത്തിൽ ഹെഡ്മാസ്റ്റർ ജോലി കിട്ടി. കുറഞ്ഞ ശതമാനം മാർക്കു കിട്ടിയ വിദ്യാർത്ഥിക്കു ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്ററുടെ ഫലമാ

യി ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ ജോലി ലഭിച്ചു. ഏതാനും കൊല്ലങ്ങൾക്കുശേഷം ഈ രണ്ടു മാന്യന്മാരേയും എനിക്കു കാണേണ്ടതിനു ഇടയായി. അപ്പോൾ ഇംഗ്ലീഷ്സ്കൂളിൽ ജോലിചെയ്തിരുന്ന ആളിനു തന്റെ പരിമിതി മനസ്സിലാക്കുവാൻ കഴിഞ്ഞു. ശമ്പളം ലഭിച്ചുതുടങ്ങി എന്നും നാട്ടുഭാഷാവിദ്യാലയത്തിൽ ജോലിചെയ്തിരുന്ന ആൾക്കു അപ്പോഴും കഷ്ടി രൂപാശമ്പളം മാത്രം കിട്ടിവന്നിരുന്നു എന്നും എനിയ്ക്കു മനസ്സിലായി. പരീക്ഷയിൽ കൂടുതൽ ശതമാനം മാർക്ക് ലഭിച്ച ആളിനു മേലധികാരികളുടെ വഴിയില്ലാത്തതിനിടയിൽ യാതൊരു പ്രോത്സാഹനവും കിട്ടായ്കയാൽ ഞാൻ അധ്യാപകത്തൊഴിൽ സ്വീകരിക്കുകതന്നെ ചെയ്തു. അദ്ദേഹത്തെ ഉപയോഗശൂന്യമായ മട്ടിലായിട്ടാണ് കാണപ്പെടുന്നത്. ഒരാളെ അനാവശ്യമായി ബുദ്ധിമുട്ടിക്കുന്നതിനു ഒരു ഒഴുക്കൻ കുണ്ടുകുന്നത് വേണ്ട മാതിരിയായിട്ടാണ് ഇതിനെ ഞാൻ പ്രത്യേകമായിട്ടു എടുത്തു പറഞ്ഞത്. ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ഉദ്യോഗം ലഭിച്ചിട്ടുള്ള അണ്ടർ ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാർക്കു നൽകപ്പെടുന്ന ശമ്പളനിരക്കുകളോടുകൂടി ഈ അദ്ധ്യാപകന്മാർക്കും നൽകുന്നതു ന്യായമാണെന്നാണ് ഞാൻ അപേക്ഷിക്കുന്നത്. ഇതുപറയുമ്പോൾ പ്രസ്തുതവിഷയത്തെ വളരെയധികം ലഘൂകരിച്ചുകൊണ്ടു ഉപക്ഷേപത്തെ വളരെയധികം ചുരുക്കിയാണ് ഞാൻ പറയുന്നതെന്നു തോന്നുന്നു.

മി. യു. എസ്. കൃഷ്ണപിള്ള (തിരുവല്ല): നിയർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബഹുമാനപൂർവം പിൻതാങ്ങിക്കൊള്ളുന്നു. മലയാളത്തെ ഇംഗ്ലീഷിൽനിന്നും തരംതാഴ്ത്തി കാണുന്നതു ഒരു വിധത്തിലും നീതീകരിക്കുവാൻ വയ്യാത്തതാണ്. ഒരു ഡിപ്പാർട്ടുമെന്റിൽ മലയാളം വകുപ്പും ഇംഗ്ലീഷ് വകുപ്പും രണ്ടായി തിരിച്ചു ഇട്ടിട്ടുണ്ടെങ്കിലുമതെ ഒന്നു മറ്റേതിനെക്കാൾ ശ്രേഷ്ഠമായിട്ടുള്ളതാകണം അല്ലെങ്കിൽ ശ്രേഷ്ഠത കൂടുതലുള്ളതാകണമെന്നോ ഒരു കാലത്തും ആരും വിചാരിക്കാൻ പാടില്ല. മലയാളസ്കൂളുകളിലും ഇംഗ്ലീഷ്സ്കൂളുകളിലുമുള്ള അണ്ടർഗ്രാഡുവേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ വലിയ വ്യത്യാസം കാണുന്നുണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): മലയാളംസ്കൂളിലുള്ള അണ്ടർഗ്രാഡുവേറ്റ് വാദ്ധ്യാന്മാർക്കും ഇംഗ്ലീഷ്സ്കൂളിലുള്ള അണ്ടർ ഗ്രാഡുവേറ്റ് വാദ്ധ്യാന്മാർക്കും ശമ്പളത്തിൽ വ്യത്യാസമുണ്ടെന്നു അറിയാമോ?

മി. യു. എസ്. കൃഷ്ണപിള്ള (തിരുവല്ല): അറിയാം. സാധാരണ മലയാളംസ്കൂളിൽ അദ്ധ്യാപകവൃത്തിക്കു പ്രവേശിച്ച അന്നുമുതൽ എത്രതന്നെ യോഗ്യത ഉണ്ടായിരുന്നാലും ഏതു രൂപായിൽ ഒരു കാശുപോലും കൂട്ടിക്കൊടുക്കുന്നതിനു ഒരുവഴി കണ്ടുപിടിക്കാൻ ഇതുവരെയും ഗവർണ്മെന്റിനു സാധിച്ചിട്ടില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിച്ചുവരുന്ന മലയാളം പള്ളിക്കൂടങ്ങളിൽ അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാരുടെ ശമ്പളം എന്താണെന്നറിയാമോ?

മി. യു. എസ്. കൃഷ്ണപിള്ള (തിരുവല്ല): പതിനെട്ടു രൂപയാണെന്നു തോന്നുന്നു. ഇംഗ്ലീഷ്സ്കൂളിൽ കയറിയിരിക്കുന്ന അണ്ടർഗ്രാഡുവേറ്റന്മാർക്ക് 60 മുതൽ 80 രൂപാവരെ ശമ്പളം കൊടുത്തുവരുന്നുണ്ട്. എന്നാൽ മലയാളം സ്കൂളിലുള്ള അണ്ടർഗ്രാഡുവേറ്റുകാർക്കു അവർ കയറിനിന്നു പഠിപ്പായാലും ഇല്ലെങ്കിലും കിട്ടുന്ന ശമ്പളം പതിനെട്ടു രൂപായെയധികമുള്ളൂ. ഇപ്രകാരം പരീക്ഷായോഗ്യതകളേയൊ ശേഷിയേയോ നോക്കിയിട്ടല്ല മലയാളം സ്കൂളുകളിലും ഇംഗ്ലീഷ് സ്കൂളുകളിലുമുള്ള അദ്ധ്യാപകന്മാർക്ക് ശമ്പളം നിശ്ചയിച്ചിട്ടുള്ളതു്. ഇതിനെ ആക്ഷേപിക്കുമ്പോഴാണ് സഹിക്കാൻവയ്യാത്ത ചില വികാരങ്ങൾ മനസ്സിൽ കടന്നുകൂടുന്നതു്. ഇംഗ്ലീഷ് ഭാഷയെ തൃജിക്കണമെന്നോ അതിനു പ്രാധാന്യം കൊടുക്കുകൂടാ എന്നോ ഞാൻ പറയുന്നില്ല. എന്നാൽ മലയാളത്തിനും തുല്യാവകാശം നൽകണമെന്നുമാത്രമേ ഇവിടെ പറയുന്നുള്ളൂ.

മി. വി. ജെ. ഉമ്മൻ (കുടവടവും വ്യവസായവും-വടക്കു): ഇങ്ങനെ ഒരു വ്യത്യാസം കാണിച്ചിരിക്കുന്നതു മലയാളത്തിനോടുള്ള പുച്ഛംകൊണ്ടല്ലേ?

മി. യു. എസ്. കൃഷ്ണപിള്ള (തിരുവല്ല): അങ്ങനെയുംവരാം.

അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാർ മലയാളം സ്കൂളുകളിൽ പോയിചേർന്നതു അവരുടെ ഗ്രഹപ്പിഴയെന്നു. ആ നിലയെമാറ്റി അവർക്കു കിടുന്നിടത്തോളം വേതനത്തിൽ ഇംഗ്ലീഷ്സ്കൂളിലുള്ള അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാർക്കുള്ള ശമ്പളം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): സർ, ധനസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഈ ഉപക്ഷേപത്തിന്റെ ഫലങ്ങൾ എന്തെല്ലാമാണെന്നുള്ളതിനെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് വിദ്യാലയത്തിലുള്ള ഒരു അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകൻ എന്തു ശമ്പളമാണോ കിട്ടിവരുന്നതു ആ ശമ്പളംതന്നെ നാട്ടുഭാഷാവിദ്യാലയത്തിലെ ഒരു അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകനും നൽകണമെന്നാകണമെല്ലാ നിർദ്ദേശത്തിൽ ഉദ്ദേശിച്ചിരിക്കുന്നതു്. സർ, നാട്ടുഭാഷാസ്കൂൾ പ്ലീഡർമാരിൽ അനേകം ആളുകളെ നിയമിക്കേണ്ടതായിട്ടുണ്ടെന്നു സ്പഷ്ടമായി അറിയാമല്ലോ. ആയവ്യയക്കണക്കുകൾസംബന്ധമായ പ്രസംഗത്തിന്റെ പ്രാരംഭത്തിൽതന്നെ ഇതിനെപ്പറ്റി എനിക്കുള്ള അറിവുതന്നിട്ടുള്ളതാണല്ലോ. സർ, പ്രസ്തുത അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ളതിനെപ്പറ്റി ആലോചിക്കുന്നതിനു നിയമിക്കപ്പെട്ട കമ്മിറ്റിക്കാർ ഇംഗ്ലീഷ് വിദ്യാലയങ്ങളിൽ ഉദ്യോഗം ലഭിക്കുന്നതിനു ശ്രമിച്ചു എങ്കിലും അപ്രകാരം ഉദ്യോഗം ലഭിക്കാത്തതായ അണ്ടർഗ്രാഡുവേറ്റന്മാർക്ക് നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഉദ്യോഗത്തിനു അപേക്ഷകന്മാരായിരിക്കുന്നപക്ഷം അവരുടെ അവകാശങ്ങളെപ്പറ്റി ആലോചിക്കേണ്ടതാണെന്നു പൊതുവെ ശുപാർശചെയ്തിരിക്കുന്നു. അപ്രകാരം സംഭവിക്കുന്ന പക്ഷം എന്നു വിചാരിക്കുക. അധികം താമസിക്കാതെതന്നെ മുപ്പതിനായിരമോ നാലായിരമോ അണ്ടർഗ്രാഡുവേറ്റുകളുണ്ടാകുന്നതാണ്. പ്രത്യേകകമ്മിറ്റിക്കാർ ശുപാർശചെയ്തിട്ടുള്ളതിനെല്ലാം അവരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുണ്ടെങ്കിൽതന്നെ കുറഞ്ഞപക്ഷം രണ്ടര ലക്ഷം രൂപായെങ്കിലും വേണ്ടിവരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ നിർദ്ദേശം നടപ്പിൽവരുത്തുന്നതിനുമാത്രം എന്തു ചിലവാകും?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): പ്രസ്തുത നിർദ്ദേശത്തിന്റെ ഫലങ്ങളെ നല്ലതിനെണ്ണം പരിശോധിച്ചു അതിനെ നടപ്പിൽവരുത്തുന്നപക്ഷം അതിലേക്ക് കൂടുതലായി വരുന്ന ചിലവുണ്ടാകുമെന്നാണ് ഞാൻ ഉദ്ദേശിച്ചതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിർദ്ദേശം അംഗീകരിക്കപ്പെടുന്നപക്ഷം അതിലേക്ക് എന്തു ചിലവാകും?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): എനിക്കറിയാൻ പാടില്ല. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കുള്ള ശമ്പളം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള പെറ്റീഷനെപ്പറ്റി പൊതുവിൽ ഞാൻ പ്രസ്താവിച്ചതാണ്.

മി പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ട മെംബർ): ഇപ്പോൾ മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ എത്രപേരുണ്ടെന്നറിയാമോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരെ സംബന്ധിച്ചുള്ള പെറ്റീഷനെപ്പറ്റിയാണ് ഞാൻ പ്രസ്താവിച്ചത്.

മി. മാത്തൂരിയ്യൻ (വയ്ക്കം): ഇപ്പോഴത്തെ ചോദ്യം ——

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): ആരുടെ വിഷയം?

മി. മാത്തൂരിയ്യൻ (വയ്ക്കം): "ചോദ്യം" എന്നതു കൊണ്ടു ഞാൻ ചോദ്യം എന്നു അർത്ഥമാക്കുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിൽ പ്രവേശനം കിട്ടുന്നതിലേക്കു ആവശ്യപ്പെട്ട അപ്രകാരം ഉദ്യോഗത്തിൽ കഴിച്ചിട്ടുള്ള അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാരുടെ സംഖ്യ എന്നാണെന്നു ഫിനാൻഷ്യൽ സെക്രട്ടറിക്കു എന്നു അറിയിക്കാൻ സാധിക്കുമോ എന്നാണ് ചോദ്യം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റ് ഫിനാൻഷ്യൽ സെക്രട്ടറി): അതു വലുതായ ഒരു സംഖ്യ ആയിരിക്കുന്നതുകൊണ്ടും ശരിയായുള്ള ചിലവു വളരെ അധികമായിരിക്കുന്നതുകൊണ്ടും ആകുന്നു. നാട്ടുഭാഷാവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള പെറ്റീഷനെപ്പറ്റിമാത്രമേ ഞാൻ ഇപ്പോൾ പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നുള്ളു.

സർ, ഇംഗ്ലീഷ്ശാലയിലും നാട്ടുഭാഷാശാലയിലുള്ളതുള്ള അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാരുടെ ശമ്പളത്തിൽ ഇപ്രകാരമൊരു വ്യത്യാസം ഉണ്ടായിരിക്കുന്നതു എന്തുകൊണ്ടാണെന്നുള്ളതിനു ഒരു ചോദ്യം ഉത്തരം പറഞ്ഞിരിക്കുന്നു. വരവുചിലവിനെ പ്രധാനമായി അഭിസ്ഥാനപ്പെടുത്തിയാണ് അപ്രകാരം വ്യവസ്ഥചെയ്തിരിക്കുന്നത്. അല്ലാതെപക്ഷം ഇംഗ്ലീഷ്ശാലയിലുള്ള അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാർക്കു നൽകിവരുന്ന നല്ല ശമ്പളം നാട്ടുഭാഷാശാലയിലെ അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാർക്കും നൽകുന്നതിനു സാധിക്കുമായിരുന്നു. അതായതു കുറഞ്ഞുള്ള നല്ല ശമ്പളം. കൂടുതൽ അണ്ടർഗ്രാഡുവേറ്റുകൾ ഉദ്യോഗത്തിനായി വന്നുചേരും; കുറഞ്ഞിരിപ്പുള്ളതു മിച്ചമുണ്ടാകുന്നതിനെയും പരിഹരിക്കുന്നതിനു സാധിക്കും. എന്നാൽ വരുമുചിലവുകാര്യം ഒരു പ്രധാനമായ വിഷയമാണ്.

സർ, ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിലെ അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാർക്കു നൽകുന്ന ശമ്പളത്തെക്കാൾ കുറഞ്ഞ ശമ്പളം മലയാളം ഡിപ്പാർട്ടുമെൻറിലെ അദ്ധ്യാപകന്മാർക്കു നൽകുന്നതിനുള്ള ഔചിത്യം എന്തായിരിക്കുമെന്നാണ് നമ്മോടു ചോദിക്കുന്നതു. പ്രസ്തുത അദ്ധ്യാപകന്മാരെ നാട്ടുഭാഷാഡിപ്പാർട്ടുമെൻറിൽ നിയമിക്കുമ്പോൾ അവരുടെ മേധിക്യത്തെസ്സംബന്ധിച്ചുള്ള അവർക്കു അറിവുണ്ടെന്നും അപേക്ഷിക്കുന്നു. സർ, ഈ ചോദ്യത്തിനുപോരമെ നാട്ടുഭാഷാ അദ്ധ്യാപകക്കമ്മിറ്റിക്കാരുടെ റിപ്പോർട്ടു മെംബറന്മാർ വായിച്ചു മനസ്സിലാക്കുന്നപക്ഷം കുറഞ്ഞ തോതുകളുള്ളവർക്കു നാട്ടുഭാഷാഡിപ്പാർട്ടുമെൻറിലെ ഉദ്യോഗങ്ങളെ കൊടുക്കുന്നതിനുപകരം അണ്ടർഗ്രാഡുവേറന്മാർക്കുവേണ്ടം അപ്രകാരം ഉദ്യോഗങ്ങളെ നടത്തുകയെന്നതു സ്റ്റേപ്പാർട്ടുചെയ്തിട്ടുള്ളതിനായി മനസ്സിലാക്കുന്നതാണ്. അതാണു ഇന്നത്തെ അവസ്ഥ. അൻപതോ അറുപതോ രൂപാ ശമ്പളം നൽകി അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കണമെന്നുള്ളതല്ല പ്രധാനമായ സംഗതി; എന്നാൽ കൂടുതൽ പരീക്ഷായോഗ്യതയുള്ളവർക്കു ഏതുവിധമാണ് ഉദ്യോഗങ്ങളെ നടത്തേണ്ടതെന്നുള്ള സംഗതി അധികം താമസിക്കാതെതന്നെ ആലോചിക്കുന്നതിനു വിരോധമില്ലെന്നുള്ളകാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതുകൊണ്ടാണ് എഴുന്നേറ്റുനിന്നതു.

മി. വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): മലയാളം പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർ എത്രയുണ്ടെന്നറിയാമോ?

ഡപ്യൂട്ടി പ്രസിഡൻറ്. അതിലേക്കുള്ള മറുപടി അല്പം മുൻപു തന്നതാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): പ്രത്യേകസംഗതികളെപ്പറ്റി പ്രതിപാദിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ആ ചോദ്യത്തിനുള്ള മറുപടി വിദ്യാഭ്യാസ ഡയറക്ടർ നൽകുമായിരിക്കും. പൊതുവിഷയത്തെപ്പറ്റി മാത്രമെ പ്രതിപാദിക്കാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

മി. പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ട മെംബർ): കമ്മിറ്റിക്കാരുടെ അഭിപ്രായം ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു മലയാളം സ്കൂളുകളിൽ ഗ്രാഡുവേറ്റുകളെ നിയമിക്കണമെന്നാണോ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): കമ്മിറ്റിക്കാരുടെ റിപ്പോർട്ടു മെംബർക്കു കിട്ടിയിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. കൂടുതൽ യോഗ്യതയുള്ളവരെയും നാട്ടുഭാഷാ സ്കൂൾമേധാവിത്വപരീക്ഷ ജയിച്ചിട്ടുള്ളവരെക്കാൾ കൂടുതൽ യോഗ്യതയുള്ള അണ്ടർഗ്രാഡുവേറന്മാരേയുമാണ് കമ്മിറ്റിക്കാർ സുപ്പാർശചെയ്യുന്നതു. സർ, അടുത്തകാലത്തിനുള്ളിൽ കൂടുതൽ അണ്ടർഗ്രാഡുവേറന്മാരെ നിയമിക്കാവുന്നതാണോയെന്നതിനെ പറ്റിയാണ് പൊതുവിൽ ഞാൻ പ്രസ്താവിച്ചതു.

സർ, ശമ്പളഭേദകരമായ സാധുകരിക്കുന്നതിനെ സംബന്ധിച്ചിടത്തോളം പ്രസ്താവിക്കയാണെങ്കിൽ ഭേദഗതിക്കുന്നതുപോലെയായിട്ടുള്ള ശമ്പളം നൽകുന്ന ഏർപ്പാടാണു നമുക്കുപരിചയമുള്ളതു. ഈ വിഷയത്തെസംബന്ധിച്ചു അധികം പ്രസ്താവിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. പ്രസ്തുതഉപക്ഷേപത്തിൽ അടങ്ങിയിരിക്കുന്ന ചിലവുസംബന്ധിച്ചു മാത്രമെ എനിക്കുപ്രസ്താവിക്കേണ്ടതായിട്ടുള്ളു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നാട്ടുഭാഷാവിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള അണ്ടർഗ്രാഡുവേറ്റ അദ്ധ്യാപകന്മാരിൽ അനേകംപേരേയും ഇംഗ്ലീഷ്ഡിപ്പാർട്ടുമെൻറിൽ മാറ്റാമെന്നതാ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറ് ഫിനാൻഷ്യൽ സെക്രട്ടറി): ആ ചോദ്യത്തിനു ഞാൻമറുപടിതരാം. ഇംഗ്ലീഷ്ഡിപ്പാർട്ടുമെൻറിലുള്ള അണ്ടർഗ്രാഡുവേറന്മാരുടെ സ്ഥിതി നാട്ടുഭാഷാഡിപ്പാർട്ടുമെൻറിലുള്ള അണ്ടർഗ്രാഡുവേറന്മാരുടെതിനെപ്പോലെ വ്യത്യസ്തപ്പെട്ടതാണ്. ഇംഗ്ലീഷ്ഡിപ്പാർട്ടുമെൻറിൽ അദ്ധ്യാ-

ചെയ്തതിനെ തിരുത്തുകയാണ് നല്ലതെന്നും പരിക്ഷിച്ചിട്ടുണ്ട്. അക്കാര്യം ശരിയായവിധത്തിൽ നിർവഹിക്കപ്പെട്ടുന്നതെന്നാണ് എന്റെ അഭിപ്രായം. ഉത്തമന്മാരായ അദ്ധ്യാപകരെ മാത്രമേ ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ ഉദ്യോഗത്തിലിരിക്കുന്നതിനു സാധിക്കയുള്ളു. മലയാളം ഡിപ്പാർട്ടുമെന്റിൽ നിയമിക്കപ്പെട്ടിട്ടുള്ള ഒരു അദ്ധ്യാപകനും ഇതുപോലെ അത്യുത്തമ സിദ്ധി പ്രദർശിപ്പിച്ചിട്ടുള്ള ആളായിരിക്കയില്ല.

ഒരു മഹാപുരുഷന്റെ മരണാനന്തരം അദ്ദേഹത്തിന്റെ പ്രതിമ ഇതുപ്രകാരമായിരിക്കണമെന്നുള്ള കാരണത്തെപ്പറ്റിയാണെന്നും മറ്റൊരു അംഗം ചോദിക്കുന്നു. ഒരു സാധാരണ യോഗ്യതയുള്ള രണ്ടാളുകളുടെ വിചാരിക്കുക. ഇവർ ഡ്യൂട്ടി ഫുൾ സർവീസ് പരിക്ഷക്കു വേണ്ടുന്നത്രയും അപേക്ഷകളുണ്ടെന്നും അതുസംബന്ധിച്ചു നടപടിചെയ്യേണ്ടതെങ്ങനെന്നും പിടിപ്പുണ്ടെന്നും വിചാരിക്കുക. നടപടിയായി ജയിക്കുന്നതിനുള്ള ഒരു പ്രത്യേകതകൾ ആർക്കൊക്കെ എന്നാൽ നടപടിയായി ജയിക്കുന്നതിനുള്ള നടപടിയായിട്ടില്ലാത്ത കലക്ടറുടെ അഭിപ്രായം ഒരു ഉദ്യോഗാർത്ഥിയിൽ പ്രത്യേകം മുഴുവൻ സംഖ്യയും വേർതിരിക്കാം.

മി. ടി. പി. രാമസുബ്ബയ്യർ (ഫുഡ് ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഒരുപ്രമുഖസ്ഥാപനത്തിൽ ഗ്രാഡുവേറന്മാർക്കുതന്നെ ജോലിയിൽപ്രവേശിക്കുന്നതിനു, ഇംഗ്ലീഷ്വിദ്യാഭ്യാസത്തിൽ ഉപരിപഠനം ചെയ്യുന്ന ഗ്രാഡുവേറ്റുകളുടെ പക്ഷമാത്രമാണോ നാട്ടുഭാഷാവിദ്യാഭ്യാസങ്ങളുള്ള ഗ്രാഡുവേറന്മാർക്കും തുല്യപരിഗണനയുണ്ടെന്നാണോ ഉപന്യാസത്തിന്റെ ഉദ്ദേശം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ട്രയിനിംഗ് സ്കൂളുകളിൽ ഒഴിച്ചു മറ്റെല്ലായിടത്തും ഗ്രാഡുവേറന്മാരെ ഹെഡ്മാസ്റന്മാരായിട്ടെല്ല നിയമിക്കുന്നത്?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ് ഫിനാഷ്യൽ സെക്രട്ടറി): അദ്ധ്യാപകവൃത്തിയിലും ഏർപ്പെട്ടുന്നതിലേക്കു ഗ്രാഡുവേറന്മാരുടെ സന്നദ്ധതയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാര്യസ്ഥന്മാരായിരിക്കുന്നതിലേക്കും ഗ്രാഡുവേറന്മാരില്ലേ?

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ് ഫിനാഷ്യൽ സെക്രട്ടറി): കാര്യസ്ഥന്മാർക്കും ഈ മുതൽ കാര്യം ഗ്രാഹ്യമാകത്തക്കവണ്ണം ശ്രദ്ധിച്ചുകൊടുത്തുകൊണ്ടാണെന്നുള്ള പ്രസ്താവന ഉപന്യാസത്തിൽ അടങ്ങിയിരിക്കുന്നതായും.

മി. പി. എസ്സ്. മഹമ്മദ് (നിയമനിർമ്മാണപ്പെട്ടമെമ്പർ): സർ, ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപന്യാസത്തെ ബഹുമാനിച്ചുകൊണ്ടുതന്നെ, മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനാണ് അണ്ടർഗ്രാഡുവേറന്മാരെ അദ്ധ്യാപകന്മാരായി നിയമിച്ചിട്ടുള്ളതു്. എന്നാൽ ഇംഗ്ലീഷ് സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനു അണ്ടർഗ്രാഡുവേറന്മാരെ നിയമിക്കണമെന്നല്ല. മലയാളം സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു ഇംഗ്ലീഷ് പഠിച്ചവർ തന്നെയാണം. അതുകൊണ്ടു മലയാളം പള്ളിക്കൂടങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കേണ്ടതുവ്യക്തികളിൽനിന്നും കാലം ഇംഗ്ലീഷ് പഠിച്ചിട്ടുള്ള വിദ്വാന്മാരെ തന്നെ നിയമിക്കുകയും അവർക്കു ഇംഗ്ലീഷ് സ്കൂളുകളിൽ അവരുടെ ഉദ്യോഗ്യതകളിലുള്ള അദ്ധ്യാപകന്മാർക്കു നൽകുന്നതുപോലുള്ള ശമ്പളം കൊടുക്കേണ്ടതുമാണ്.

മെഡിക്കൽ പ്രസിഡൻസി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള അണ്ടർഗ്രാഡുവേറന്മാർക്കു ഉദ്യോഗത്തിനുള്ള ക്ഷാവിദ്യാഭ്യാസങ്ങളുടെ അണ്ടർഗ്രാഡുവേറന്മാരുടെയും കുറഞ്ഞതെന്നാണ് മിസ്റ്റർ നീല കണ്ഠപ്പിള്ള നിർദ്ദേശിക്കുന്നത്. അല്ല മിസ്റ്റർ പി. എസ്സ്. മഹമ്മദിനു മനസിലായ ഭേദമെന്താണ്? സെക്കന്റ് സ്കൂളുകളിലുള്ള അണ്ടർഗ്രാഡുവേറന്മാരോടു ഇപ്പോൾ നാട്ടുഭാഷാവിദ്യാഭ്യാസങ്ങളുള്ള ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുവേണ്ടി പിരിച്ചിട്ടുള്ള അണ്ടർഗ്രാഡുവേറന്മാരേയും കുറഞ്ഞതെന്നാണ് നിർദ്ദേശിക്കുന്നത്.

മി. പി. എസ്. മഹമ്മദ് (നിയമനിർമ്മാണപ്പെട്ടമെമ്പർ): അതെ. അതുതന്നെയാണ് എന്റെ നിർദ്ദേശം. മലയാളം പഠിപ്പിക്കുന്നതിനു ട്രെയിനുചെയ്തിട്ടുള്ള ഗവൺമെൻറാളുകൾക്കു കോമ്പറ്റൻസ്സുണ്ടായിരിക്കുവാൻ ആവശ്യമില്ല. എന്നാൽ ഇവിടെ ഇംഗ്ലീഷ് പഠിപ്പിച്ചവരെ അധ്യാപകന്മാരെ ഇംഗ്ലീഷ് സ്കൂളിൽ പഠിപ്പിക്കുന്നതിനു പ്രാപ്തരാക്കിത്തീർക്കണം. അവിടെ പൂർണമെട്രിക്കുലേഷൻ ഉള്ളവരെ പ്രാപ്തരാക്കുന്നതിനുവേണ്ടി ട്രെയിനിംഗ് കഴിഞ്ഞാൽപിന്നെയും കുറഞ്ഞപക്ഷം രണ്ടുകൊല്ലമെങ്കിലും പഠിക്കേണ്ടതാണ്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ ഒരു വ്യത്യാസവുമില്ല. മലയാളം സ്കൂളുകളിലെയും ഇംഗ്ലീഷ് സ്കൂളുകളിലെയും അണ്ടർഗ്രാഡുവേറ്റ് അദ്ധ്യാപകന്മാർ ഒരേരീതിയിൽ യോഗ്യതപ്പെട്ടവരാണ്. മലയാളം സ്കൂളുകളിൽ മലയാളത്തിന്റെ അറിയപ്പെടുന്നപക്ഷം ഒരു രൂപാമുതൽ ഒരു രൂപാവരെ ശമ്പളമുള്ള സെക്കന്റ് ഗ്രാഡ്വേറന്മാരുണ്ടു. ആ സ്ഥിതിക്കു ഇംഗ്ലീഷ് അറിയാവുന്ന ഈ വിദ്വാന്മാർക്കു കൂടുതൽ ശമ്പളം നൽകേണ്ടതു അതാവശ്യമാണു. ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിക്കുന്നതിനു ഒരു രൂപാമുതൽ ഒരു രൂപവരെയും ഇംഗ്ലീഷ് ഐച്ഛികമായി പഠിപ്പിക്കുന്നവർക്കു രണ്ടു രൂപായും ശമ്പളം വർദ്ധിക്കുന്നതു ഒട്ടുമധികരമല്ല. അതുകൊണ്ടു ഈ വിഷയത്തെ ഗവൺമെന്റിനും ഒന്നുകൂടി പരിഗണിച്ചുനോക്കുവാൻ അവകാശമുണ്ടെന്നു ഞാൻ ഈ ഉപന്യാസത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. ജെ. സ്റ്റിഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): സർ, ഉപന്യാസത്തെ ഞാൻ എതിർക്കുന്നു. പ്രസ്തുത ഉപന്യാസത്തിൽ അന്തർലീനമായിരിക്കുന്ന നിർദ്ദേശം, അതായതു ഇപ്പോൾ നിർദ്ദേശത്തോടുകൂടിയോ പ്രസ്തുത ഉപന്യാസം ഫാജരാക്കപ്പെട്ടിരിക്കുന്നതു ആ നിർദ്ദേശം രണ്ടു തരത്തിലായാണെങ്കിലായാലും സ്വീകരിക്കുന്നതല്ല, എന്നതായി, അതുകൊണ്ടു ഇപ്പോഴത്തെ ഉപയോഗപ്പെടുത്താതെന്നുള്ളതിനെ പരിഗണിക്കാതെ അഭ്യസ്തവിദ്യരായ സ്ത്രീകളുടെയും നേക്കി അവരിൽനിന്നു ശമ്പളത്തെ കുടിക്കുക; രണ്ടാമതായി, ഒരേ പരീക്ഷ ജയിച്ചിരിക്കുന്ന ആളുകൾക്കു ഒരേതരം യോഗ്യതകളുണ്ടെന്നുള്ള ധാരണ.

മി. എ. കാണപ്പിള്ള (തിരുവനന്തപുരം): ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിക്കുന്നതും ഇംഗ്ലീഷ് ഐച്ഛികവിഷയമായി പഠിപ്പിക്കുന്നതും അതു നാട്ടുഭാഷാവിദ്യാലയങ്ങളിലോ എന്നും അപ്രകാരമുള്ള വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാർക്കുള്ള ശമ്പളം എന്തുകൊണ്ടും പ്രസ്താവിക്കുകയോ?

മി. ജെ. സ്റ്റിഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): പ്രതിബന്ധങ്ങളും നേരത്തെതന്നെ ഉണ്ടായിട്ടുണ്ടായിരിക്കുന്നു. എങ്കിൽ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതിനുതന്നെ സമയംകിട്ടീട്ടില്ല. നാട്ടുഭാഷാ വിദ്യാലയങ്ങളിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം, അവയിൽ ഏതു ഡിപ്പാർട്ടുമെൻറിലെങ്കിലും ഏതോരുദ്യോഗത്തി

രഖാ നടത്തപ്പെട്ടുന്ന നിയമനങ്ങളെ സംബന്ധിച്ചിടത്തോളം ആദ്യമായി തീർച്ചയായുണ്ടാ
ണ്ടായ ജോലിയാണ്. രണ്ടാതായി ആലോചിക്കേണ്ടുന്ന ആ ജോലിനടത്തുന്ന ആളിനുള്ള യോഗ്യതയാണ്.
മൂന്നാമതായി ആലോചിക്കേണ്ടുന്ന പ്രസ്തുത ജോലിയിലേയ്ക്കു ആളുകളെ ആകർഷിക്കാൻ അവക്ക് നൽകേണ്ടതാ
യ ശമ്പളം ആണ്.

നാട്ടുരാജ്യം വിദ്യാലയങ്ങളിൽ മുന്നം, രണ്ടും, മൂന്നും, നാലും ക്ലാസ്സുകളിൽ അദ്ധ്യാപകന്മാരായിരിക്കുന്ന
തിനു ഏറ്റവും കുറഞ്ഞ യോഗ്യത പ്രൈമറി സ്കൂൾ സർട്ടിഫിക്കറ്റ് പരീക്ഷയാണ്. സെക്കന്റ് ഗ്രേഡ് മാസ്റ്റർ ജോലിക്ക
ഏതാണ്ടുകിലും കൂടുതൽ പരീക്ഷാപാഠ്യത അവശ്യമുണ്ട്. നാലും, അഞ്ചും, ഏഴും ക്ലാസ്സുകളിൽ അദ്ധ്യാപകന്മാ
രായിരിക്കുന്നതിനു ഏറ്റവും കുറഞ്ഞ യോഗ്യത പ്രൈമറി ഫയർ സർട്ടിഫിക്കറ്റ് പരീക്ഷയാണ്. പല
ക്ലാസ്സുകളിലും പഠിയ്ക്കുന്നതായ ജോലിയുടെ രീതി അനുസരിച്ചാണ് ഇപ്രകാരമുള്ള യോഗ്യതകൾ വേണമെന്ന വ്യ
വസ്ഥചെയ്തിരിക്കുന്നു. രണ്ടുകാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടാണ് ശമ്പളവും ക്ലിപ്തപ്പെടുത്തിയിട്ടുള്ള
തെന്നാണ് ഞാൻ വിചാരിക്കുന്നു. മന്നമതായി ഗവർമ്മെന്റിനു എപ്പോഴുമാൻ സാധിക്കും; രണ്ടാമതായി
പ്രസ്തുതനിയമനങ്ങൾക്കു ആവശ്യമുള്ളതായ യോഗ്യതകൾ സിദ്ധിച്ചിരിക്കുന്ന ആളുകളെ ആകർഷിക്കുന്നതിലേയ്ക്കു എപ്പോ
ഴും ആവശ്യമുണ്ട്.

മി. കെ.പി. മാധവൻപിള്ള (ചിറയിൻകീഴ്): ഇംഗ്ലീഷ് സ്കൂളുകളിൽ നിയമിക്കപ്പെടുന്ന അണ്ടർഗ്രാഡു
വേറകൾക്കുള്ള യോഗ്യതകളിൽ കുറഞ്ഞ യോഗ്യതകൾ നാട്ടുരാജ്യം വിദ്യാലയങ്ങളിൽ നിയമിക്കപ്പെടുന്ന അണ്ട
ർഗ്രാഡുവേറകൾക്ക മതിയാകുമെന്നാണോ ഞാൻ അർത്ഥമാക്കേണ്ടതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): കുറഞ്ഞയോഗ്യതകളെയായിരിക്കണമെന്ന ആഗ്രഹിച്ചിട്ടി
ല്ല. വാസ്തവത്തിൽ അവർ കുറഞ്ഞയോഗ്യതയുള്ളവരാണ്. കൂടുതൽയോഗ്യതയുള്ളവരാണ് വാസ്തവത്തിൽ
ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റിൽ ജോലിക്ക അപേക്ഷിക്കുന്നവർ.

മി. ആർ. ശങ്കരപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൂടുതൽ യോഗ്യതകളുള്ള ആളുകളെ കിട്ടാ
ത്തതുകൊണ്ടാണോ കുറഞ്ഞയോഗ്യതയുള്ള പല നാട്ടുരാജ്യവിദ്യാലയങ്ങളിൽ നിയമിച്ചുവരുന്നതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ആ ചോദ്യത്തിനു മറുപടിയെൽക്കാൻ എനിക്ക സാ
ധിക്കയില്ല.

ഡെപ്യൂട്ടിപ്രസിഡണ്ടു: തപ്പുമറിസ്കൂളുകളിൽ മുന്നുമുതൽ നാലുവരെ ക്ലാസ്സുകളിലും, അഞ്ചുമുതൽ ഏഴുവ
രെ ക്ലാസ്സുകളിലും അദ്ധ്യാപകന്മാരായിരിക്കുന്നതിലേയ്ക്കു വേണ്ട ഏറ്റവുംകുറഞ്ഞയോഗ്യത എന്താണെന്നു മിസ്റ്റർ
സ്റ്റീഫൻസൺ നിശ്ചയപ്പെടുത്തി പറഞ്ഞുകഴിഞ്ഞു. ഉദ്യോഗം വഹിക്കാത്ത ഒരു അണ്ടർ ഗ്രാഡുയേറിനു ക്ലിപ്തപ്പെട
ത്തീട്ടുള്ള യോഗ്യതകളിലുള്ളതുവേണം വിചാരിക്കാൻ.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഇനി ഏതെങ്കിലും ചോദ്യത്തിനു മറുപടി നൽകേണ്ട
തായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. വ്യവസ്ഥചെയ്തിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാകണമെന്നും അവക്ക്
നൽകുന്ന ശമ്പളം എന്താകണമെന്നും പറഞ്ഞുകഴിഞ്ഞു. ഒരു സെക്കണ്ടറിസ്കൂൾസർവീസിംഗ് സർട്ടിഫിക്കറ്റ് പരീ
ക്ഷപാസ്സായി വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിനു അധ്യയനവകുപ്പിൽ ജോലിചെയ്തിട്ടുള്ള അർഹതയുള്ളവനാണെങ്കി
ൽ അവനെ ഇംഗ്ലീഷ്ശാഖയിൽ ജോലിയ്ക്കു അപേക്ഷിക്കുന്നതു. അല്ല സാധിക്കാത്തപക്ഷം അയാൾ നാട്ടുരാജ്യ
ങ്ങളിൽ ഉദ്യോഗത്തിനു അപേക്ഷിയ്ക്കും. അവിടെ ഉദ്യോഗം ലഭിയ്ക്കുന്നപക്ഷം ആ ഉദ്യോഗത്തിൽ അ
ന്തർഭവിച്ചിരിയ്ക്കുന്ന വ്യവസ്ഥകൾക്കുപ്പെട്ട അയാൾ ഉദ്യോഗം സ്വീകരിയ്ക്കുന്നു. അതായതു ആ ഉദ്യോഗ
ത്തിനു ക്ലിപ്തമായ മറ്റു ശമ്പളമുണ്ടെങ്കിലും അതിലേയ്ക്കു ക്ലിപ്തമായ ഒരു ജോലിചെയ്യണമെന്നും അയാൾക്ക അനിയാ
വൃമായുണ്ട്.

മി. വി. ജെ. ഉമ്മൻ (കുടവടവും വ്യവസായവും-വടക്ക): നാട്ടുരാജ്യവിദ്യാലയങ്ങളിൽ അനേക എ
ത്ര അണ്ടർഗ്രാഡുവേറകളുണ്ടെന്നു ഡയറക്ടർക്ക അറിയാമോ?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): അതിനെപ്പറ്റി കണക്കുകൾ എന്റെ പക്കൽ ഉണ്ടായിരു
ന്നു. ഈ സഭയിൽ ഇടന്ന ഒരു പ്രശ്നത്തിനുള്ള മറുപടിയെന്നുയാറാക്കപ്പെട്ട കണക്കാണ്. ആ ചോദ്യത്തിനു ചോ
ദിച്ചിട്ടില്ലാത്തതായ എന്നും എനിക്കറിഞ്ഞുകൂടാ. പ്രസ്തുത കണക്കുകൾ ഇപ്പോൾ എന്റെ പക്കൽ ഇല്ല. എങ്കിലും ഏ
കദേശം കണക്ക എന്നാണെന്നു പ്രസ്താവിക്കാം. നിർബന്ധിത ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഏകദേശം ൯൦ അ
ദ്ധ്യാപകന്മാരും ഐച്ഛിക ഇംഗ്ലീഷ് പഠിപ്പിക്കുന്ന ഏകദേശം ൩൦ അദ്ധ്യാപകന്മാരുമുണ്ട്. ഇതു ഉദ്ദേശ
ക്കണക്കുകൾ മാത്രമേ ആകുന്നുള്ളു എന്നാൽ ഈ കണക്കുകൾതമ്മിലുള്ള ഭേദം എന്താണെന്നു ഉദ്ദേശമായിട്ടുകിലും
രൂപത്തിൽ മനസ്സിലാക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ രണ്ടുതരം അദ്ധ്യാപകന്മാരിൽ നിർബന്ധിത
ഇംഗ്ലീഷ് പഠിപ്പിക്കുന്നവർക്കോ ഐച്ഛിക ഇംഗ്ലീഷ് പഠിപ്പിക്കുന്നവർക്കോ കൂടുതൽ ശമ്പളം നൽകിവരു
ന്നതു?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): നിർബന്ധിത ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപക
ന്മാർക്ക ൫൦-൪൫/- രൂപാ ശമ്പളവും ഐച്ഛിക ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്ക
൨൫രൂപാ മാത്രം ശമ്പളവും കിട്ടിവരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അപ്രകാരമാണെങ്കിൽ നിർബന്ധിത ഇംഗ്ലീഷ് പഠിപ്പിക്കു
ന്ന അണ്ടർഗ്രാഡുവേറ അദ്ധ്യാപകന്മാർ ചെയ്യുന്ന ജോലിക്കും ഐച്ഛിക ഇംഗ്ലീഷ് പഠിപ്പിക്കുന്ന അണ്ടർ
ഗ്രാഡുയേറ അദ്ധ്യാപകന്മാർ ചെയ്യുന്ന ജോലിക്കും തമ്മിൽ എന്താണ വ്യത്യാസം?

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): എന്റെ വിഷയം ഞാൻ വ്യക്തമായി പ്രസ്താവിച്ചു
കൊള്ളട്ടെ. നാട്ടുരാജ്യവിദ്യാലയങ്ങളിലെ രണ്ടുതരം അദ്ധ്യാപകന്മാരും ചെയ്യുന്ന ജോലികളുടെ വ്യത്യാസം
എന്താകണമെന്നാണോ മനസ്സിലാക്കേണ്ടതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതെ.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഒരാൾ നിർബന്ധിത ഇംഗ്ലീഷ് പഠിപ്പിക്കുന്നു; അ
തിലേയ്ക്കു രണ്ടു ഐച്ഛികവിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള സമയം വേണ്ടിവരുന്നു. അതായതു ഒരു നാട്ടുരാ

ക്കാ വിദ്യാലയത്തിൽ ഇംഗ്ലീഷ് മെഡിയമായി പഠിപ്പിക്കുന്നതിലേയ്ക്കു ചിലവാക്കുന്ന സമയത്തിൽ ഇട്ടേസമയം ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിക്കുന്നതിലേയ്ക്കു ചിലവാക്കുന്നു. അതിനാൽ ഇംഗ്ലീഷ് നിർബന്ധിതമായി പഠിപ്പിക്കുന്നതിലേയ്ക്കു കൂടുതൽ യോഗ്യതകളുള്ള ആളുകളെ കിട്ടേണ്ടതും അതിലേയ്ക്കു കൂടുതൽ ശമ്പളം കൊടുക്കേണ്ടതും അപ്രകാരം ആളുകളെ നിയമിച്ചുകൊണ്ടിരിക്കുന്നതും ആകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെഡിക്കൽ ഇംഗ്ലീഷ് മീഡിയത്തിൽ വിജയിയാകുന്നതിനു ക്ലിപ്തപ്പെടുത്തിയിട്ടുള്ള ശതമാനം മാർക്കിനെക്കാൾ കൂടുതൽ ശതമാനം മാർക്ക് നിർബന്ധിത ഇംഗ്ലീഷ് മീഡിയത്തിൽ വിദ്യാർത്ഥികൾക്കു ലഭിക്കേണ്ടതാണെന്നു തീരുമാനിച്ചിട്ടുണ്ടോ?

മി. ജെ. ഡബ്ലിഫൻസൺ (വിദ്യാഭ്യാസ ഡയറക്ടർ): ഏതെങ്കിലും ഒരു പരീക്ഷയിൽ ഇത്തരത്തിലുള്ള കൂടുതൽ മാർക്ക് കിട്ടിയാൽ അയാൾക്കു കൂടുതൽ യോഗ്യതയുണ്ടെന്നു അർത്ഥമാകുന്നു.

അതിനാൽ ഞാൽ പ്രസ്താവിച്ച രണ്ടു തെറ്റിദ്ധാരണകളുണ്ടെന്നു മനസ്സിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മറുപടി നൽകുന്നതിനു യാതൊരു പ്രിവിലേജും കാണുന്നില്ല. എല്ലാ അണ്ടർ ഗ്രാഡുവേറ്റുകാരും അവർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലോ മറ്റു ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലോ അവർ ഇംഗ്ലീഷ് സ്കൂളിലോ കോളേജ്കളിലൊ ജോലിചെയ്താലും അവർക്കു ഒരുപോലത്തിലുള്ള ശമ്പളം നൽകണമെന്നു പറയുന്നതു ശരിയല്ല. അതിനാൽ പ്രസ്തുത ആക്ഷേപഗതമാതും അടിസ്ഥാനപ്പെടുത്തി ഇക്കൂയിൽ കൂടുതലായൊന്നും ഞാൻ വിചാരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ ഉപക്ഷേപത്തെ സംബന്ധിച്ചു അല്പം പറയണമെന്നു തോന്നുന്നു വിചാരിക്കുന്നു.

ഡെപ്യൂട്ടി പ്രസിഡന്റ്: നിങ്ങൾക്കു പ്രസംഗിക്കുന്നതിനു ധാരാളം സമയമുണ്ടായിരുന്നു. എന്നാൽ ഇടപെടുന്നതിനു വിരുദ്ധമായിട്ടാണു നിങ്ങൾ പ്രവർത്തിക്കുന്നതെന്നു പറയാൻ ഞാൻ തയാറില്ല. നിങ്ങൾക്കു സംസാരിക്കാം.

മി. ആർ. രാമൻപിള്ള (കോട്ടയം): നാട്ടുഭാഷാപള്ളിക്കൂടങ്ങളിലുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ ശമ്പളം ഇംഗ്ലീഷ്സ്കൂളിലുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരെപോലെ വർദ്ധിപ്പിക്കണമെന്നുള്ളതിനെപ്പറ്റി പറയാനാണ് ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. എന്നാൽ ഇംഗ്ലീഷ് നിർബന്ധിതമായിട്ടു പഠിപ്പിച്ചുവരുന്ന നാട്ടുഭാഷാ പള്ളിക്കൂടങ്ങളിൽ ധാരാളമുണ്ടു്, ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിലുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ ശമ്പളം ൫൪ രൂപാ മുതൽ ൪൦ രൂപാവരെയാണ്. എന്നാൽ അതേയോഗ്യതയുള്ള ഒരാൾ അതേസമയത്തുതന്നെ മലയാളം സ്കൂളിൽ പ്രവേശിച്ചാൽ അയാൾക്കു ശമ്പളം ൫൪ രൂപയാണ്. പിന്നീടു അതിനെ പതിനഞ്ചു രൂപയാക്കി ക്ഷാമബത്താ ക്ലിപ്തപ്പെടുത്തി ഇപ്പോൾ ൫൫ രൂപ നൽകിവരുന്നു. എന്നാൽ എനിക്കിവിടെ പറയാനുള്ളതു മലയാളം പള്ളിക്കൂടങ്ങളിലെല്ലാം ഇംഗ്ലീഷ് നിർബന്ധമായിട്ടു പഠിപ്പിക്കയും ഇംഗ്ലീഷ് പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു ൫൪ രൂപാ മുതൽ ൪൦ രൂപാവരെ ശമ്പളം കൊടുക്കുകയും ചെയ്യണമെന്നാണ്.

എനിക്കിതിനെപ്പറ്റി പറയാനുണ്ട്. എന്നാൽ ലാമെമ്പർ ഇതിന്റെ സാംഗത്യത്തെ സംബന്ധിച്ചു കുഴപ്പംവരുത്തി ഉപദ്രവിച്ചേയ്ക്കുമെന്നുള്ള ഭയത്താൽ എനിക്കു പറയുവാനുള്ള ഇന്നിയെല്ലാം സന്ദർഭത്തിലാകാമെന്നു വിചാരിക്കുന്നു. ഇതുപോലെ പ്രസ്താവിച്ചുകൊണ്ടു മലയാളം പള്ളിക്കൂടങ്ങളിലുള്ള അണ്ടർഗ്രാഡുവേറ്റു അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടിക്കൊടുക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അദ്ധ്യാപകന്മാരിൽ ചിലർക്കും ഈ സഭയെ അറിയിക്കേണ്ടതായി വാസ്തവത്തിൽ സങ്കടമുള്ളതുകൊണ്ടാണു ഞാൻ ഈ ഉപക്ഷേപത്തെ താങ്ങുന്നതു്. ഏതായാലും നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസരീതിയെ സംബന്ധിച്ചിടത്തോളം അതു ചീത്തയാണെന്നോ അതല്ല അതു സഹായമായിട്ടുള്ളതാണെന്നോ പൊതുവിൽ ഒരു ധാരണയുള്ളതാകുന്നു. അതിനാൽ വിദ്യാർത്ഥികളുടെ ഇടയിലുള്ള ബുദ്ധിവികാസത്തിന്റെ ന്യൂനതയ്ക്കുള്ള ഒരു കാരണം മേൽപറഞ്ഞ അഭ്യുന്നത സമ്പ്രദായമാണെന്നും ക്ലിപ്തമനുഷ്യരുടെ ഇടയിൽ ഒരു ധാരണയുണ്ട്. ഇപ്രകാരം അദ്ധ്യാപകന്മാരെ പറ്റിനിന്നിയിട്ടുകയും യോഗ്യതയുള്ള ആളുകൾ സംസ്ഥാനത്തിൽ ഉണ്ടെങ്കിലും നാട്ടുഭാഷാവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു കൊള്ളാത്ത യോഗ്യതയുള്ളവർ മതിയാകുന്നതാണെന്ന വിദ്യാഭ്യാസസമ്പ്രദായക്കാർ എന്നോടു പറയുകയും ചെയ്തുപോന്നിട്ടുള്ളതുകൊണ്ടു ഈ വിഷയത്തിൽ അവരുടെ ഉത്തരവാദിത്വമെന്നായാണ്. ഇതിനുപുറമെ ഇപ്പോൾ സംസ്ഥാനത്തിൽ ഇംഗ്ലീഷ് അറിയുവുന്ന ആളുകൾ കുറഞ്ഞുമേല്ല; അതിനാൽ നാട്ടുഭാഷാ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിലേയ്ക്കാണ് അവർ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെങ്കിലും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റു കൂടുതൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതായിരിക്കും കൊണ്ടുള്ളതു നല്ലതായ്. എന്റെ ഈ വിചാരങ്ങളെ ഡയറക്ടരുടെ ശ്രദ്ധയിൽ പതിയുമെന്നുള്ള വിശ്വാസത്തോടുകൂടി എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം ൬൯൯.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): സർ, മുമ്പുതന്നെ ചെയ്ത ഉപക്ഷേപം ഞാൻ താഴെപറയിക്കുന്നു:—

ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തിനു ഉദ്ദേശിച്ചിട്ടുള്ള ൩,൫൫,൫൦൦ രൂപയിൽനിന്നു ൫൦൦൦ രൂപാ കുറയ്ക്കണമെന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുള്ള രൂപയിൽനിന്നും ൭൫൦൦ രൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം.

ഈ ഉപക്ഷേപം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതിൻെറ പ്രധാന ഉദ്ദേശ്യം ഇംഗ്ലീഷ് പള്ളിശ്ശൂടത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരെ കുറഞ്ഞപക്ഷം മൂന്നു കൊല്ലത്തിൽ ഒരിക്കലെങ്കിലും ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേയ്ക്കു സ്ഥലം മാറേണ്ട ആവശ്യകതയെപ്പററി പ്രതിപാദിക്കാനാണു. രാജ്യത്തിൻെറ പലഭാഗങ്ങളിലുമായി കുറെവാധ്യന്മാർ സുഖംഅനുഭവിക്കയും കുറെപേർ ബുദ്ധിമുട്ടുകയുംചെയ്യുന്നു നല്ലതല്ലായ്മയല്ലാ. തിരുവിതാംകൂറിലെ എല്ലാ ശാഖകളിലേയും സ്ഥിതി ഒന്നുപോലെ സുഖപ്രദമല്ല. ചിലർ സ്വന്തം വീട്ടിനടുത്തുള്ള സ്കൂളുകളിൽ സുഖമായി ജോലിനോക്കുകയും മറെറചിലർ അസൗകര്യങ്ങളിൽ ഇരുന്നു കഷ്ടപ്പെടുകയുംചെയ്യുന്നു ഇതിനെ പരിഹരിക്കുന്നതിനു അദ്ധ്യാപകന്മാരെ ഒരു കൊല്ലത്തിലൊരിക്കൽ ഒരുസ്ഥലത്തുനിന്നും മറെറാരുസ്ഥലത്തേക്കു സ്ഥലംമാറണം. എന്നാൽ മുൻഷിമാർമുതലായിട്ടുള്ള ചില്ലറശമ്പളക്കാരെ ഇതിൽനിന്നും ഒഴിക്കുന്നതുകൊണ്ടു വിരോധമില്ല. ഇതുംകൂടി പ്രസ്താവിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ സഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു. ഏതെങ്കിലും ഒരു വിദ്യാലയത്തിൽ ഒരു അദ്ധ്യാപകനെ തിയമിക്കുമ്പോൾ നടിയായി ജോലിചെയ്യുന്നതിനും മറും അയാൾക്കു കുറേസമയം ആവശ്യമുണ്ടു. ഏതെങ്കിലും ഒരുസ്ഥലത്തുതന്നെ ഒരദ്ധ്യാപകൻ അധികകാലം ജോലിയിൽ ഇരിക്കുന്നപക്ഷം ചിലപ്പോൾ അയാൾക്കു ഉന്മേഷംഇല്ലാതാകയും അയാളുടെജോലിയിൽ ഉത്സാഹക്കുറവുവരികയും ചെയ്യാറുണ്ടു. അതിനാൽ അപ്രകാരമുള്ളവരുടെ കാര്യത്തിൽ സ്ഥലംമാറേണ്ടതു അത്യാവശ്യമായിട്ടുള്ളതാണു. ഏതായാലും അപ്രകാരമുള്ളവരും നല്ലകൊല്ലത്തിൽ ഒരുപ്രാവശ്യം ഒരുമാറ്റം ഉണ്ടാകുന്നതു വളരെ അഭിലഷണീയമാണെന്നു എനിക്കുതോന്നുന്നുണ്ടു. അതിനാൽ ഇപ്പോൾ നടപ്പിലിരിക്കുന്നരീതി നല്ലതായിട്ടുള്ളതാണെന്നുണ്ടെങ്കിലും ഞാൻ വിചാരിക്കുന്നതു അസുഖമായ ഏതാനുംസ്ഥലങ്ങളെ സംബന്ധിച്ചടത്തോളം നല്ലകൊല്ലങ്ങളിൽ ഒരിക്കലോ അതിനുമുൻപായിട്ടോ സ്ഥലംമാറ്റാവുന്നതാണു. ചിലസ്ഥലങ്ങളിൽ അദ്ധ്യാപകന്മാരെ പലതവണ പലതിനെക്കൊണ്ടോ ഇങ്ങനെതന്നെ തിൽകൂടുതലൊരുകൊല്ലമോ ഒരുവിദ്യാലയത്തിൽതന്നെ തുടർന്നുകാലക്ഷേപം കഴിക്കുന്നതിനു അനുവദിക്കാറുണ്ടു. എന്നാൽ മി. പി. എസ്. മഹമ്മദ് നിർദ്ദേശിക്കുന്നതിനെപ്പോലും ഈ സ്ഥിതിയായ ഒരുപദ്ധതി ഏർപ്പെടുത്തുന്നതു ആശാസ്യകരമല്ല. ഇക്കാരണത്താൽ ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാനും ഉപക്ഷേപത്തെ എതിർക്കുന്നു. ഏറെറവും കുറഞ്ഞ ശമ്പളംകിട്ടുന്ന ഈ അദ്ധ്യാപകന്മാരെ ക്കൂടക്കൂടെ സ്ഥലംമാറേണ്ടതുആവശ്യം ഒട്ടുംതന്നെ ഇല്ലാത്തതാകുന്നു. ഈ അദ്ധ്യാപകന്മാരെ അനാവശ്യമായി സ്ഥലംമാറാതിരിക്കാൻ ഡിപ്പാർട്ടുമെൻറിനും വേണ്ടതു പ്രവൃത്തിക്കേണ്ടതാകുന്നു.

മി. പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ടമെംബർ): താഴ്ന്നശമ്പളം വാങ്ങിക്കുന്നവരെപ്പററിയല്ല പരാതിപറഞ്ഞിരിക്കുന്നതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): കുട്ടത്തിൽശമ്പളംകിട്ടുന്ന ആളുകൾക്കിടയിലും എൻറെവാക്കുകൾ എതിർക്കുന്നതായിട്ടുള്ളതായി എനിക്കു മനസ്സിലാകുന്നില്ല. രണ്ടുകൊല്ലത്തിലൊരിക്കൽ അദ്ധ്യാപകന്മാരെ അവരുടെ സ്വദേശക്കാരാക്കുന്നതിനു അടുത്തു സ്ഥിതിചെയ്യുന്ന വിദ്യാലയങ്ങളിൽ നിയമിക്കുന്നതിനു ഡിപ്പാർട്ടുമെൻറു ശ്രമിക്കണമെന്നതാകുന്നു. ഇതിനെപ്പററിയുള്ള അദ്ധ്യാപകന്മാരെ സ്ഥലംമാറേണ്ടതാകുന്നതുള്ള ബുദ്ധിമുട്ടുകളെയും ഇല്ലാതാക്കുന്നതാണു. അതിനാൽ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഡവലപ്മെൻറ് കമീഷ്ണർ ഓഫ് സക്കിട്ടി): ഈ ഉപക്ഷേപത്തെ സംബന്ധിച്ചിടത്തോളം എനിക്കാണ്ടും പ്രസ്താവിക്കേണ്ടതായിട്ടുണ്ടു. ഈസഭയിൽനടന്ന വാദപ്രതിവാദങ്ങളിൽനിന്നും ഫലമായിഅദ്ധ്യാപകന്മാരെ ഒരുകൊല്ലത്തിലൊരിക്കലോ അവരവരുടെ സ്വന്തനാട്ടിൽതന്നെ ഉദ്യോഗത്തിൽ ഇരുത്താൻ ഡിപ്പാർട്ടുമെൻറിനെന്നും മാവണക്രമങ്ങളൊന്നും ചെയ്യുവാനുണ്ടു. അതിനാൽ പ്രസ്തുതഉപക്ഷേപം നടപ്പിൽവരുത്തുന്നതിനും ഈസഭയിൽതന്നെ ഫാജരാക്കപ്പെട്ടനിർദ്ദേശം സംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങളുടെ ഫലമായി ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തിവരുന്ന നടപടികളുടെഫലം ഇല്ലാതായിപ്പോകുന്നതാണു. അതിനാൽമൊഴുവാക്കേണ്ടതാകുന്നു. ഇപ്പോൾ ഫാജരാക്കിയിരിക്കുന്ന നിർദ്ദേശം എതുതോളും ആശാസ്യകരമായിട്ടുള്ളതാണെന്നു സഭതന്നെ ചിന്തിക്കേണ്ടതാകുന്നു.

മി. പി. എസ്. മഹമ്മദ് (തിയമിക്കപ്പെട്ടമെമ്പർ): ഞാൻ എൻെറ ഉപക്ഷേപം പിൻവലിക്കുന്നു: അതുപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ഉപക്ഷേപം 12 ാം.

ചുവടെചേർക്കുന്ന ഉപക്ഷേപം ഫാജരാക്കപ്പെട്ടിട്ടില്ല.

മി. പി. എസ്. മഹമ്മദ്:

ആൺകുട്ടികൾക്കുള്ള നാട്ടുഭാഷാ രണ്ടാംക്ലാസ്സുകളും മിഡിൽസ്കൂളുകളും ഉദ്ദേശിച്ചിരിക്കുന്ന 1,00,000 രൂപയിൽക്കുറയാതെ ഈ പ്രാവശ്യം കൂട്ടുകയുണ്ടാകണമെന്നു.

ഉപക്ഷേപം 13 ാം.

മി. എ. സി. കുട്ടുക്കോസ് (മീനച്ചിലും ഏവികുളവും): പെൺകുട്ടികൾക്കുള്ള നാട്ടുഭാഷാവിദ്യാലയങ്ങളിലേയ്ക്കുവേണ്ടി 1,00,000 രൂപയിൽക്കുറയാതെ തുക അനുവദിക്കുന്നതിനുവേണ്ടിയാണു എൻെറ ഉപക്ഷേപം. ഈ ഉപക്ഷേപം ഫാജരാക്കുന്നതിൽ എനിക്കുള്ള ഉദ്ദേശം രണ്ടു പ്രധാനസംഗതികളെ ഈ സഭയുടെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവരുന്നതിനുവേണ്ടിയാകുന്നു. നാട്ടുഭാഷാ പെൺപള്ളിക്കൂടങ്ങളുടെ സ്ഥിതി പ്രായേണ ശോചനീയമായിരിക്കുന്നുവെന്നുള്ളതാണു ഒന്നാമത്തെ വിഷയം. നാട്ടുഭാഷാ മിഡിൽസ്കൂളുകൾ നടത്തുന്നതിനായിട്ടു സാധാരണ സർവണ്മെൻറിൽനിന്നും ഉപയോഗിച്ചുവരുന്ന കെട്ടിടം വളരെ മോശമായരീതിയിലാണു സംരക്ഷിച്ചുപോകുന്നതു. ഇതിനെക്കാൾരണ്ടാമതായിട്ടുപറയാൻ പോകുന്നതു സർവണ്മെൻറിൽനിന്നും നടത്തുന്ന ഒരു നാട്ടുഭാഷാ സ്കൂൾ കെട്ടിടംതന്നെ ധാരാളംമതിയാകുന്നതാണു. മിനച്ചിൽതാലൂക്കിൽ ഒരുകുട്ടിക്കു സർവണ്മെൻറിൽനിന്നും നടത്തുന്ന ഒരു നാട്ടുഭാഷാ സ്കൂൾ

മിഡിൽസ്ക്കൂളാണുള്ളത്. ഒന്നു രണ്ടു അഞ്ചിൽ നിർത്തുകയാണെങ്കിൽ, ധാരാളം പെൺകുട്ടികൾക്ക് പഠിക്കുന്നതിന് പള്ളിക്കൂടം ഈ മോശമായ നിലയിലുള്ള ഒരവസ്ഥയിൽ തുടർന്നുകൊണ്ടിരിക്കുന്നതിനേക്കാൾ രണ്ടു വർഷം കൂടി കഴിഞ്ഞ് ഹൈസ്കൂൾ ആരംഭിക്കുന്നതിനുവേണ്ടി കാത്തുനിൽക്കുന്നതാണോ?

പെൺകുട്ടികൾക്കുള്ള പള്ളിക്കൂടം ഒരു പ്രത്യേകം വകുപ്പായി തിരിച്ചു അവർക്കുവേണ്ട രീതികൾ ഏർപ്പെടുത്തുന്നതിനു കൂടുതലായുള്ള ഒരു അഭ്യർത്ഥനയെ നിയമിച്ചിട്ടുണ്ട്. എന്നാൽ പെൺപള്ളിക്കൂടങ്ങളുടെ സ്ഥിതി എന്തുതന്നെയും മോശമായിരിക്കുന്നു.

പെൺപള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെ സ്ഥിതിയിലും ഇതുപോലെതന്നെ. അവർ പെൺപള്ളിക്കൂടങ്ങളിൽ അദ്ധ്യാപകന്മാരാണെന്നുള്ള കാരണത്താൽ തരിയായ പ്രോത്സാഹനം ലഭിക്കുന്നില്ല. ഇതുമൂലം സ്ഥിതിയിൽ ഈ സ്കൂളുകൾ നടത്തുന്നതിനെക്കാൾ ഈ സ്കൂളുകളെ ശരിയായവിധത്തിൽ നടത്തുവാൻ തയ്യാറുള്ള പ്രൈവറ്റ് മാനേജർമാർക്ക് വിട്ടുകൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പെൺകുട്ടികൾക്ക് ആൺകുട്ടികളെ അപേക്ഷിച്ചു കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ളതും വിലപ്പെട്ടതായ ഒരു സംഗതിയാണ്.

സ്ത്രീവിദ്യാഭ്യാസം സാഹിത്യപരമായിട്ട് നടത്തി സാധാരണപരീക്ഷകൾ മാത്രമായിട്ടു ഉദ്ദേശത്തിനു പോകാൻ നിയോഗിക്കേണ്ടതിനുള്ള നില ഇന്നില്ല. അതിനാൽ അവരുടെ വിദ്യാഭ്യാസം കുറച്ചുകൂടി അതതു യോജ്യമായ പദ്ധതിയിൽ ഗൃഹഭരണം തുടങ്ങിയുള്ള വിഷയങ്ങളിൽ അവരെ സാമർത്ഥ്യമുള്ളവരാക്കി നല്ല ഗൃഹനായികമാരായിട്ടിരിക്കത്തക്കവണ്ണം രീതിയിൽ ആക്കണം. ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും നിശ്ചയിക്കുന്നപക്ഷം ഞാനിപ്പോൾ ഗൃഹത്തിൽ അങ്ങിനെചെയ്യാൻ സധിക്കുമെന്നാണ് എന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ ഈ സഭമുമ്പാകെ കൊണ്ടുവരാനാണ് ഞാൻ ഈ ഉപക്ഷേപം മോഷൻചെയ്തിട്ടുള്ളത്.

മി. ജെ. സ്റ്റീഫൻസൺ (വിദ്യാഭ്യാസഡയറക്ടർ): സർ, ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. പെൺകുട്ടികളുടെ ആവശ്യത്തിലേക്ക പലപ്പോഴായിട്ടുള്ള നാട്ടുരാജ്യസമിതിയിൽ സ്കൂൾകെട്ടിടങ്ങളുടെ മോശസ്ഥിതിയെപ്പറ്റി ഉപക്ഷേപകൻ ആക്ഷേപിച്ചതായി ഞാൻ ഓർക്കുന്നു. ഓരോരോ സ്കൂൾകെട്ടിടങ്ങളുടെ പരിപാലനത്തെ സംബന്ധിച്ചിടത്തോളം അവയുടെ സ്ഥിതി വേണ്ടവിധത്തിലാണെല്ലന്നു സമ്മതിക്കാതെ നിർവ്വാഹമില്ല. ഓരോ സ്കൂൾകെട്ടിടങ്ങളുടെയും വേണ്ടവിധത്തിൽ നന്നാക്കുന്നതിനു ആയാസമുള്ളതാണെങ്കിലും കിട്ടുന്നതിലേക്കാണ് ക്രയാനുഭവം വൈഷമ്യം ഏതിലേക്കു വളരെ സമയവും വളരെ പണവും വേണ്ടിവരുന്നു. ഏതെങ്കിലും പ്രത്യേക ഉദാഹരണം ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണെങ്കിൽ അതിനെപ്പറ്റി വേണ്ടത്ര പ്രവൃത്തിക്കുവാൻ ഞാൻ ഒരുക്കമാണ്.

വിദ്യാഭ്യാസങ്ങളുടെ ശരിയായവിധത്തിൽ സംരക്ഷിക്കുന്നതിനു ഡിപ്പാർട്ടുമെന്റിനു സാധിക്കേണ്ടപക്ഷം അവയെ പ്രൈവറ്റ് മാനേജർമാരുടെ എൽപ്പിച്ചേക്കാമെന്നുള്ള മിസ്റ്റർ കുഞ്ഞാക്കോസിന്റെ വിമർശനത്തെ സംബന്ധിച്ചിടത്തോളം അതിനെ ഞാൻ സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു. വിദ്യാഭ്യാസങ്ങളുടെ ശരിയായവിധത്തിൽ സംരക്ഷിക്കുമെന്നു പ്രൈവറ്റ് മാനേജർമാർ ഉറപ്പുതരുമ്പോഴൊക്കെ അപ്രകാരം അവരെ ഏൽപ്പിക്കണമെന്നുള്ളതാണ് ഗവണ്മെന്റിന്റെ നയം. അതിനാൽ പെൺകുട്ടികൾക്കുള്ള പഠിപ്പിക്കുന്ന മിഡിൽസ്കൂൾ നടത്തുന്നതിനേക്കാൾ ഏതെങ്കിലും പ്രൈവറ്റ് മാനേജർമാർ തയ്യാറാകുന്നപക്ഷം പ്രസ്തുതവിദ്യാഭ്യാസത്തെ അപ്രകാരം ഏൽപ്പിക്കുന്നതിനു ഗവണ്മെന്റിനു വളരെ സന്തോഷമായിരിക്കും.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും മേമ്പിക്കുളം): ഈ ഉപക്ഷേപത്തെസംബന്ധിച്ചു ഇവിടെ രണ്ടുവാക്കു ഞാൻ കൂടിപ്പറഞ്ഞുകൊള്ളുന്നു. ഈ സംഗതികൾ പ്രത്യക്ഷപ്പെട്ടതുമുതലുള്ള എനിക്കു ഉദ്ദേശമുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു ഉപക്ഷേപത്തെ പിൻവലിക്കുകയുള്ളൂ.

അനന്തരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

ചോദ്യം മുതൽ ചോദ്യം വരെ ഉപക്ഷേപങ്ങൾ.

ചുവടെചേർക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

മി. പി. എസ്. മഹമ്മദ്.

ചോ. ൨൮. ആൺകുട്ടികൾക്കുള്ള വർണാക്കുലർ സ്കൂളുകൾക്കു നീക്കിവച്ചിട്ടുള്ള ൧൫൦൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കുന്നതെന്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ചോ. ൨൯. പെൺകുട്ടികൾക്കുള്ള വർണാക്കുലർ സ്കൂളുകൾക്കു നീക്കിവച്ചിട്ടുള്ള ൨,൫൫൦ രൂപയിൽനിന്നു ൫൦ രൂപ കുറയ്ക്കുന്നതെന്തു.

മി. എ. എസ് മോമോമൻ അയ്യൻ.

ചോ. ൩൦. നാട്ടുരാജ്യത്തിലെ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൫൭,൧൫൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കുന്നതെന്തു.

മി. എൻ. ആർ. കൃഷ്ണൻ.

ചോ. ൩൧. നാട്ടുരാജ്യത്തിലെ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൫൭,൧൫൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കുന്നതെന്തു.

ചോദ്യം മുതൽ ചോദ്യം ൩൨ വരെ ഉപക്ഷേപങ്ങൾ.

മെംബറന്മാർ ഹാജരായിട്ടില്ലാഞ്ഞതിനാൽ ചുവടെചേർക്കുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടിട്ടില്ലെന്നു വിചാരിക്കപ്പെട്ടു.

മി. എസ്. പിറവിപ്പുരയ്ക്കൽ പിള്ള.

ചോ. ൩൨. നാട്ടുരാജ്യവിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൫൭,൧൫൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കുന്നതെന്തു.

മി. എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ.

ചോ. ൩൩. നാട്ടുരാജ്യത്തിലെ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൫൭,൧൫൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കുന്നതെന്തു.

൨൪൫ മുതൽ ൨൪൯ വരെ ഉപക്ഷേപങ്ങൾ.

ചുവടെചേർക്കുന്ന ഉപക്ഷേപങ്ങൾ ഡാജരാക്കപ്പെട്ടില്ല.

മി. എൻ. കെ. കൃഷ്ണപിള്ള.

൨൪൫. നാട്ടുരാജ്യസ്കൂൾ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൧൭,൦൦,൦൦൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണമെന്നു.

മി. എ. താണുപിള്ള.

൨൪൬. നാട്ടുരാജ്യസ്കൂൾവിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൧൭,൦൦,൦൦൦ രൂപയിൽനിന്നു ഒരു രൂപ കുറയ്ക്കണമെന്നു

മി. കെ. പി. നീലകണ്ഠപിള്ള.

൨൪൭. നാട്ടുരാജ്യസ്കൂൾ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൧൭,൦൦,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു.

മി. വി. എസ്. കൃഷ്ണപിള്ള.

൨൪൮. നാട്ടുരാജ്യസ്കൂൾ വിദ്യാഭ്യാസത്തിനു നീക്കിവച്ചിട്ടുള്ള ൧൭,൦൦,൦൦൦ രൂപയിൽനിന്നു ൧൦൦ രൂപ കുറയ്ക്കണമെന്നു.

ഉപക്ഷേപം ൨൪൫.

മി. വി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടഅംഗം): മലയാളം സ്കൂൾഡിപ്പാർട്ടുമെൻറിലേക്കുള്ള ൧൭,൦൦,൦൦൦ രൂപയിൽനിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിനുള്ള പ്രധാനോദ്ദേശം മലയാളം പള്ളിക്കൂടങ്ങളിൽ അറബിഭാഷാധ്യാപകരേയും കോറാൻ പഠിപ്പിക്കുന്നതിനുള്ള അദ്ധ്യാപകന്മാരേയും വേണ്ടവിധത്തിൽ നിയമിക്കുന്നില്ല എന്നുള്ളതിനെ ചൂണ്ടിക്കാണിക്കുന്നതിനാണ്. മലയാളം മാതൃഭാഷയായിരിക്കുന്നസ്ഥിതിക്കു അതിൽപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിരിക്കേണ്ട ആവശ്യമെന്താണു ഈ സഭയ്ക്കുണ്ടെന്നാണ് എന്റെ വിചാരം. മുസ്ലീംസമുദായം മലയാളവിദ്യാഭ്യാസത്തിലും വളരെ താണ ഒരു സ്ഥാനത്താണ് നിൽക്കുന്നതെന്നുള്ളതു് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയേണ്ട ഒരു സംഗതിയാണ്. എന്നാൽ അതുകൊണ്ടു മാത്രമായില്ല. സാമുദായികമായ ചില തടസ്സങ്ങൾകൂടിയുണ്ട് അതിനുകാരണം. സാമുദായികമായ ഒരു നല്ല സ്ഥാനം ഞങ്ങൾക്കു തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടെന്നാണ് എന്റെ വിശ്വാസം.

ഒരു മുസ്ലീം തന്റെ കുട്ടിയുടെ വിദ്യാഭ്യാസത്തിൽ ആദ്യമായി ശ്രദ്ധ പതിപ്പിക്കുന്നതു അറബിയും കോറാനും പഠിപ്പിക്കുന്നവിഷയത്തിലാണ്. അതു പഠിപ്പിച്ചുകഴിഞ്ഞാൽ മിക്കവാർക്കും പ്രായമാകും, പിന്നീടു ഓരോ തൊഴിൽ പ്രവേശിക്കുന്നതിനു നിർബന്ധിതരാകുന്നതുകൊണ്ടു മലയാളവിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നതിനു അവർക്കു നിവൃത്തിയില്ല. പലപ്രമാണികളും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ പല ഉദ്യോഗസ്ഥന്മാരുമായി പല യിടത്തിലും ആലോചിച്ചിട്ടതിൻഫലമായി അറബിഭാഷാധ്യാപകന്മാരേയും കോറാൻ അദ്ധ്യാപകന്മാരേയും കൂടി മഹമ്മദീയർക്കുവേണ്ടി പള്ളിക്കൂടങ്ങളിൽ നിയമിക്കണമെന്നു മല്ലർപ്രാർത്ഥിച്ചതായും അറിയുന്നു. അതിനുശേഷം മുസ്ലീങ്ങളുടെയിടയിൽ വിദ്യാഭ്യാസത്തിനുള്ള ഒരുണർവു ഉണ്ടായിട്ടുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള ഫലം കാണുന്നില്ല. അതിനുകാരണം മഹമ്മദീയവിദ്യാർത്ഥികളുടെ പല പള്ളിക്കൂടങ്ങളിലും ഇതുവരെയും അറബിഭാഷാധ്യാപകന്മാരെ നിയമിക്കാതിരുന്നതാണ്. ഇതിനെസംബന്ധിച്ചു മഹമ്മദൻ ഇൻസ്പെക്ടർ ചില പള്ളിക്കൂടങ്ങളിൽ അറബിഭാഷാധ്യാപകരെ നിയമിക്കണമെന്നു റിപ്പോർട്ടുചെയ്തിട്ടുള്ളതായും അറിയുന്നുണ്ട്. എന്നാൽ അതിനു ബഡ്ജറ്റിൽ സംഖ്യ കൊള്ളിച്ചിട്ടില്ല. അതിൽ ഞങ്ങൾക്കുള്ള പരാതിയെ രേഖപ്പെടുത്തിക്കാണിക്കുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്.

വൈകുന്നേരം ൪.൫൭-ന സഭ പിരിയുകയും ൯൯-ാം നമ്പർ ചോദ്യം മുതൽ ൧൦൪-ാം നമ്പർ ചോദ്യം വരെ മണിക്കു വീണ്ടും കൂടുന്നതിനു നിശ്ചയിക്കയുംചെയ്തു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

ചോദ്യോത്തരങ്ങൾ

ചിറയിൻകീഴ് താലൂക്കിലെ ചില ഏലാകളിൽ കൃഷി നഷ്ടമായതിനെപ്പറ്റി.

൯൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചെമ്പുമുള്ളുനിറഞ്ഞതുകൊണ്ടു ൧൯൫൩–ലെ കുംഭകൃഷി നഷ്ടപ്പെട്ടിട്ടുള്ള ഏലാകളിലേയും അതിൽവച്ചു കൃഷിക്കാരുടെയായിട്ടുള്ള നഷ്ടത്തിന്റെ ഏകദേശ രൂപമേയും കാണിക്കുന്ന ഒരു റിപ്പോർട്ട് ചിറയിൻകീഴ് താലൂക്കിലെ പാവപ്പെട്ട കർഷകന്മാരിൽനിന്നും വരുത്തുന്നതിനും ഗവണ്മെന്റിനു ഭേദപ്പെടുമോ?

മി. ടി. പി. രാമസുബ്ബയ്യർ (അഗ്രി: ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഇപ്രകാരത്തിൽ ഒരു നിവേദനം കുംഭകൃഷിക്കു നാശംനേരിട്ടിട്ടുള്ളതായി പറയപ്പെട്ടിട്ടുള്ള ചിറയിൻകീഴ് താലൂക്കിലെ ഏതുകർഷകന്റെയും വകയ്ക്കു ലാൻഡ് റവന്യൂകമ്മിഷണരുടെ അടുക്കൽനിന്നും പകരമിമിച്ചുവരുത്തിയിട്ടുള്ള ഒരു സ്റ്റോറുമെൻറ് ദേശമേൽപച്ചിട്ടുണ്ട്. കൃഷിക്കു നേരിട്ടിട്ടുള്ളനഷ്ടം ഇതുമായിട്ടെങ്കിലും നിർണ്ണയിക്കുന്നതിനു കാലതാമസം യിതിനും ഇപ്പോൾ സാധ്യമല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൃഷിനാശം സംബന്ധിച്ചു വല്ല കരമിളവും ചെയ്യുകൊടുക്കാൻ ഇടയുണ്ടാകുമോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. ടി. പി. രാമസുബ്ബയ്യർ (അഗ്രി: ഗവണ്മെന്റ് ചീഫ് സെക്രട്ടറി): കരം ഇളവുചെയ്യുന്നതു പൊതുകാര്യങ്ങളെ അവലംബിച്ചിരിക്കും. ചട്ടപ്രകാരം കരമിളവിനു അവകാശമുണ്ടെങ്കിൽ അപ്രകാരം ഇളവുചെയ്യുന്നതിനു കൃഷിക്കാർ അർഹന്മാരായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചോദ്യം ഞാൻ അയച്ചസമയത്തു, ഓരോപ്പെട്ട ലാമിലെയും കൃഷിനാശത്തെ സംബന്ധിച്ചു റവന്യൂദ്യോഗസ്ഥന്മാരിൽനിന്നും വല്ല റിപ്പോർട്ടും കിട്ടിയിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (അഗ്രി: ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചോദ്യത്തിനു മറുപടിതരുന്നതിനുമുമ്പു ഒരു റിപ്പോർട്ടു ആവശ്യപ്പെട്ടു. ആ റിപ്പോർട്ട് ഇപ്പോൾ മേശമേൽ വച്ചിട്ടുണ്ടു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ചോദ്യം അയക്കുന്നതിനുമുമ്പായി സ്ഥലത്തെ റവന്യൂദ്യോഗസ്ഥന്മാരിൽനിന്നും ഈ സംഗതിയെസംബന്ധിച്ചു വല്ല റിപ്പോർട്ടും കിട്ടിയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (അഗ്രി: ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനെപ്പറ്റി എനിക്കു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കരംഇളവുസംബന്ധിച്ചുള്ള റെഗുലേഷനുകൾ അനുസരിച്ചു പൊതുവായുണ്ടാകുന്ന കൃഷിനഷ്ടത്തെപ്പറ്റി ആ ഉദ്യോഗസ്ഥൻ റിപ്പോർട്ടുചെയ്യാൻ ബാദ്ധ്യസ്ഥനല്ലയോ?

മി. ടി. പി. രാമസുബ്ബയ്യർ (അഗ്രി: ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പൂർവ റെഗുലേഷൻ അനുസരിച്ചു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റഗുലേഷനും പുതുക്കിയതും അനുസരിച്ചു.——

അതിനാൽ പ്രായോഗികമായി പരിഷ്കരിക്കുവാൻ കഴിയുന്നതുമായ കൃഷിസമ്പ്രദായങ്ങളെ ജനങ്ങളെ മനസ്സിലാക്കുന്നതിനായി ഒരു മാതൃകാത്തോട്ടം മീനച്ചൽതാലൂക്കിൽ സ്ഥാപിക്കുകയും ആ സ്ഥാപനം തക്കവണ്ണം ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ നടത്തുകയും കൃഷിക്കാരായ ജനങ്ങളെ വിളിച്ചുകൂട്ടി അവർക്കു വേണ്ട ഉപദേശങ്ങളെ നൽകുകയും ചെയ്യുന്നതിനു ഡിപ്പാർട്ടുമെന്റു ശ്രദ്ധിക്കണമെന്നും അതിലേക്കു ഗവണ്മെന്റു ഡിപ്പാർട്ടുമെന്റുകാരെ പ്രേരിപ്പിക്കണമെന്നുള്ള സംഗതി കൌൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിഡയറക്ടർ): സർ, മിനച്ചിൽ ഒരു ഉപവാരനത്തോടുകൂടി മറ്റേകാര്യത്തിലേക്കു (കൃഷിയിലേക്കു) കടക്കുന്നതിൽ ഡിപ്പാർട്ടുമെന്റിൽ കൂടുതൽ ശ്രദ്ധ ആവശ്യപ്പെടുന്നതാണെന്നുള്ള മി. കുര്യാക്കോസിന്റെ ഉൽക്കണ്ഠയെപ്പറ്റിയുള്ള അഭിപ്രായത്തിൽ എനിക്കു പൂർണ്ണമായും യോജിക്കുവാൻ കഴിയുന്നില്ല. എന്നാൽ ഉപവാരനങ്ങളെ സംബന്ധിച്ചു ഈയിടെ അഭിപ്രായഗതി മാറിയിട്ടുണ്ടു. ഇൻഡ്യയിൽ ഈയിടെ പരിസന്ധരിച്ചു തെളിവുകൊടുക്കുവാൻ ചെന്നിരുന്ന രാജകീയകമ്മീഷൻകാർ, ഗവണ്മെന്റ് തോട്ടങ്ങളിൽ ഉപവാരനത്തിനു നടത്തുന്നതിനെക്കാൾ കൃഷിക്കാരുടെ ഭൂമികളിൽ അപ്രകാരം നടത്തുന്നതാണുത്തമം എന്ന അഭിപ്രായപ്പെട്ടിരിക്കുന്നു. മറ്റേകാര്യത്തിനും ഉപയോഗപ്പെടുന്ന സ്ഥലങ്ങളിലും പരീക്ഷണവേലകൾക്കുമാത്രമേ ഉപയോഗിച്ചുകൂടൂ. അപവാസ്തവത്തിൽ പരീക്ഷണസ്ഥലങ്ങളാകുന്നു. അതല്ലാതെ മറ്റേകാര്യത്തിനുമല്ല. വിജയപ്രദമായി കണ്ടിട്ടുള്ള പരീക്ഷണഫലങ്ങൾ കഴിവുള്ളപ്പോൾ കർഷകന്മാരുടെ ഭൂമികളിൽ നടത്തിക്കാണിച്ചു കൊടുക്കണം. അപ്രകാരം ചെയ്യുന്നതുകൊണ്ടു പരിഷ്കൃതരീതിയിലുള്ള കൃഷിയുടെഫലങ്ങൾ അവർക്കു ബോധ്യപ്പെടുവാൻ കഴിയും. ഗവണ്മെന്റുതോട്ടങ്ങളിൽ പരീക്ഷണജോലികൾ നടത്തിയാൽ അതിൽ വച്ചുണ്ടാകുന്ന ഫലങ്ങൾ കർഷകന്മാർക്കു സാദ്ധ്യമല്ലാത്തവിധത്തിൽ ഗവണ്മെന്റു പണച്ചെലവാരിവാരി ചെലവാക്കിയതുനിമിത്തം സിദ്ധിച്ചതാണെന്നു അവർ അനുമാനിക്കും. തന്നെയുമല്ല പരീക്ഷണവേലകൾ കൃഷിക്കാരുടെ ഭൂമികളിലും അവരുടെ സഹകരണത്തോടും അവരുടെ നടത്തിപ്പിലും ചെയ്യുന്നതായാൽ അവയുടെ ഗുണങ്ങളും പ്രയോഗികതയും പറഞ്ഞറിയിക്കുന്നതിനേക്കാൾ കൃഷിക്കാർക്കുതന്നെ ബോധ്യമാകുന്നതാണ്. ഇപ്രകാരം ആസ്സോസിയേഷൻകാർ അഭിപ്രായപ്പെട്ടിട്ടുള്ളതു. ഈ നയമാണ് ഇൻഡ്യാഗവർമെന്റിനുള്ള കൃഷിഡിപ്പാർട്ടുമെന്റുകൾക്കും അംഗീകരിച്ചിരിക്കുന്നതു. ഈ നയംതന്നെയാണ് നമ്മുടെ കൃഷിഡിപ്പാർട്ടുമെന്റും കഴിഞ്ഞകുറെക്കാലമായിട്ടു അനുവർത്തിച്ചുവരുന്നതു. മിനച്ചിൽ ഒരു മാതൃകാകൃഷിരംഗത്തോടുകൂടി സ്ഥാപിക്കുന്നതിനു പണം അനുവദിക്കുമെങ്കിൽ അപ്രകാരം ചെയ്യുന്നതു എനിക്കുവളരെ സന്തോഷമായിരിക്കും. എന്നാൽ പണംഅനുവദിച്ചു കിട്ടുന്നതിനേക്കാളും കാലം കർഷകന്മാരുടെ ഭൂമികളിൽ പരീക്ഷണങ്ങൾനടത്തുന്നതു സുഗമമുള്ളതു. മിസ്റ്റർ കുര്യാക്കോസ് തന്റെ ഉൽസാഹം ഉൽക്കണ്ഠയുതന്നെ അല്പമെങ്കിലും പ്രകടിപ്പിക്കുന്നതുകൊണ്ടു മീനച്ചിൽ താലൂക്കിലെ കർഷകന്മാരുടെ ഭൂമികളിൽ പരീക്ഷണങ്ങൾ നടത്തുന്നതിനു വേണ്ടുന്ന ഉപദേശങ്ങളും സഹായങ്ങളും ചെയ്യുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. ആ താലൂക്കിലെ ഒരു കേന്ദ്രീയവിദ്യാലയത്തിൽ പരിഹാരിക്കുന്നതിനു വേണ്ടുന്ന ശ്രമങ്ങൾ ചെയ്യുമെന്നും ഞാൻവിശ്വസിക്കുന്നു. ആ താലൂക്കിലെ കർഷകന്മാരുടെ ഭൂമികളിലെല്ലാം അവർ സഹകരിച്ചു പ്രവർത്തിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ടു. അവരവരുടെ നന്മക്കുവേണ്ടുന്നതും പ്രതിബന്ധമായി പ്രവർത്തിക്കുമെന്നുള്ള വിശ്വാസം എനിക്കുണ്ടു. അവരവരുടെ നന്മക്കുവേണ്ടുന്നതും പ്രതിബന്ധമായി പ്രവർത്തിക്കുന്നതല്ല. എങ്കിൽ സഹകരണത്തേയും സംബന്ധിച്ചിടത്തോളം സംശയാവകാശമില്ല ഞാൻ ഈ ഉപക്ഷേപകത്തെപിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ അനുവദിക്കുന്നുവോ? അനുവാദമുള്ളതുകൊണ്ടു ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപങ്ങളും നമ്പർ ൨൨൩–൦ ൨൨൩–൦ താഴെപ്പറയുന്ന ഉപക്ഷേപങ്ങളും അവതരിക്കപ്പെട്ടില്ല.

മി. ചെല്ലംപിള്ള.

൨൨൩. ഭൂനികുതിയിളവുചെയ്യുന്നതിനും വളംഡിപ്പോകൾക്കും വച്ചിട്ടുള്ള ൫൦൦,൫൫൯ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കുന്നുണ്ടെന്നതു.

മി. എസ്സ്. പിറവിപ്രേമമേനോൻപിള്ള,

൨൨൩. പട്ടുപുഴു വളർത്തലിനും തേനീച്ചവളർത്തലിനും വച്ചിട്ടുള്ള ൧൧,൦൦൦ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കുന്നുണ്ടെന്നതു,

൨൨൩. മി. വി. ചെല്ലംപിള്ള (തോവാള): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മൃഗരോഗചികിത്സാവകയ്ക്കു (veterinary charges)വച്ചിട്ടുള്ള ൨൨,൭൫൫ രൂപയിൽനിന്നും ൫൦൦ രൂപകുറയ്ക്കുന്നുണ്ടെന്നതു.

സർ, നാഞ്ചനാടുകൃഷിസ്ഥലങ്ങളും പലതരം ചെടികളുംചെറുതായുള്ളതും അടിവിടാടയായി കിടക്കുന്നതും ആണെന്നുള്ള വസ്തുത സുപ്രസിദ്ധമാണെല്ലോ. ആ സ്ഥിതിക്കു യന്ത്രക്കലപ്പയും മറ്റു പരിഷ്കൃതയന്ത്രങ്ങളുംനിലം ഉഴുന്നതിനായി ഉപയോഗിക്കുന്നതു അത്രലാഭകരമായി വരാവുന്നതല്ല. അതുകൊണ്ടു അവർ കന്നുകാലിവളത്തേക്കാളും കന്നുകാലികൾ ഉപരോഗിച്ചു നിലം ഉഴേണ്ടതും അനിവാര്യമായിരിക്കുന്നു. കോമയാറ്റോറുതീരത്തിനുമുമ്പു ഇരുപതിനായിരത്തിൽപ്പരം മുക്കർഭൂമികളെ കൃഷിക്കുവേണ്ടിയിരുന്നതായുള്ള. അപ്രകാരമുള്ള നിലങ്ങൾ ഉഴുന്നതിനു ഞങ്ങൾക്കു ഇരുപതിനായിരം മാടുകൾ മതിയാകുമായിരുന്നു. അക്കാലത്തു നാല്പതിനായിരം മുക്കർ വെറുതെകിടപ്പുണ്ടായിരിക്കുകയും അതുകൊണ്ടു മേച്ചിലിനായി ഉപയോഗിക്കുകയും ചെയ്തിരുന്നു. കോമയാറുതീരത്തിനിന്നിൽപിന്നെ മേച്ചിലുണ്ടായിരുന്നതായുള്ള മുക്കർ ഭൂമികളിൽ ഭൂരിഭാഗവും കൃഷിക്കുള്ള ഭൂമികളായി പരിണമിച്ചിരിക്കുന്നു. ഇപ്പോഴത്തെ ഞങ്ങൾക്കു അരുപതിനായിരം മാടുകളുടെ ആവശ്യമേയുള്ളൂ. ഇപ്പോൾ ഞങ്ങൾക്കു അരുപതിനായിരം മാടുകൾക്കു ഉപയോഗപ്പെടുത്തി വന്നിരുന്ന പുൽതരികൾപോലും ഇപ്പോൾ കൃഷിനിലങ്ങളായി പരിണമിച്ചു. അതിനാൽ ഞങ്ങൾക്കുണ്ടായിരുന്ന മാടുകളുടെ പിന്നെന്നതിനെ കുറയ്ക്കുകയും മാത്രം അവലംബിക്കുവാൻ തീർച്ചയായിരിക്കുന്നു. ഞങ്ങൾക്കു ആ ശ്രമമുള്ള കന്നുകാലിത്തീറ്റയ്ക്കു മുഴുവൻ കാട്ടിൽനിന്നും കിട്ടുവാൻ സാധിക്കുന്നില്ല. പ്രതിവർഷം ഞങ്ങൾ ഏകദേശം അമ്പതിനായിരം മാടുകളെ ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നും വാങ്ങിക്കുന്നു. ഈ അമ്പതിനായിരം മാടുകളെ തീറ്റുന്നതിനുപോലും ഞങ്ങൾ അല്പമുണ്ടായിരിക്കുന്നു. ബ്രിട്ടീഷ്ഇൻഡ്യയിൽനിന്നുകൊണ്ടുവരുന്ന മാടുകളിൽ ഭൂരിഭാഗവും ചത്തുപോകുന്നു. ഇങ്ങിനെ കന്നുകാലിവിലയുടെ

താവർഷം ഒട്ടനവധിയധികം ഇവിടെനിന്നും വെളിയിൽപോകുന്നു. എന്റെ സ്നേഹിതൻ ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞതുപോലെ ശരിയായി തീരിച്ചൊട്ടുത്തു വളർത്തുന്ന കന്നുകാലികൾക്ക രോഗനിവാരണം ചെയ്യുവാൻ സാധിക്കും. ഞാൻമുമ്പു പുണ്ടിക്കാണിച്ചുപോലെ ഞങ്ങളുടെമാടുകൾ എല്ലാം പകർച്ചവ്യാധിപിടിക്കുന്നവയാകുന്നു. അതുകൊണ്ടു അവയ്ക്കു രോഗപ്രതിരോധത്തെ തടുക്കുന്നതിനുള്ള ശക്തിയില്ല. നാഞ്ചുനാട്ടിലെ ഒട്ടുമുക്കാലും മാടുകളും ഒരു മാറാവ്യാധിയായ ആന്ത്രപുച്ഛി (ഗ്രന്ഥിപുച്ഛി) കയറിയുള്ളവ. ഇവിടുള്ളേടത്തോളം അവയ്ക്കു നിനായിരം മാടുകൾക്ക ഉപയോഗപ്പെടേണ്ടതായും ഇരിക്കുന്നു. ഏഴെട്ടുമാസങ്ങൾക്കു മുമ്പു അവിടെകണ്ടുകാലി വസന്തമുണ്ടായപ്പോൾ ഏകദേശം ഇരുപതിനായിരം മാടുകൾ രോഗത്തിനു നഷ്ടമായിട്ടുണ്ടു ഒരു മാറാ ഇൻസ്റ്റക്ടർ മുഖേനയുള്ള പ്രതിരോധത്തിനു മാത്രമേ വ്യാധിപിടിച്ചിരിക്കുന്ന മാടുകളെ സാധിക്കുന്നതല്ല എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളതു. ഈ രോഗം പലപ്രാവശ്യവും ഗ്രാമങ്ങൾതോറും കടന്നുകൂടിയിട്ടുണ്ടു ഞാൻകണ്ടിട്ടുണ്ടു. ഗ്രാമങ്ങൾ അവിടവിടെയായി പിരിഞ്ഞുകിടക്കുന്നു. അതുകൊണ്ടും മൃഗവൈദ്യൻ ഗ്രാമങ്ങൾതോറും ചുറ്റിനടക്കുന്നതുകൊണ്ടും അദ്ദേഹത്തിന്റെ ജോലി എത്രമാത്രമുണ്ടെന്നു പരിണമിക്കുന്നുവെന്നു നമുക്കു ഊഹിക്കാവുന്നതാണ്. നാഞ്ചിനാട്ടുകാർ കൃഷിക്കാരാണെന്നും അവരുടെ ഉപജീവനം കൃഷിയെ അവലംബിച്ചിരിക്കുന്നു എന്നും നമുക്കറിയാം. അവർ അന്നന്നുകിട്ടുന്നതിനെക്കൊണ്ടു കാലക്ഷേപം ചെയ്യുന്നവരുമാണ്. ചെറുതരം കൃഷിക്കാരുടെ വിഷയത്തിൽ അവർക്കു മൃഗം നാശമോ കാളകൾ കാണാതെ പോകുന്നുള്ളതും ഇവയ്ക്കു ജീവഹാനി സംഭവിക്കുന്നുള്ളതുമാകുന്നു. ഇവയ്ക്കുരോഗം പിടിപെട്ടാൽ അവ അവർക്കു നഷ്ടമാകുന്നതുതന്നെ ചെയ്യും. ഇവരുടെപരിതാപകരമായ അവസ്ഥ തങ്ങൾക്കു അറിയാം. ഇവർ ഫാം ഫാം നാഴികയ്ക്കും ഉള്ള നാഗർകോവിൽ പോകണമെന്നു വരുന്നപക്ഷം അവർക്കു അവരുടെ കന്നുകാലികളെ ഫലപ്രദമായി എങ്ങിനെ ചികിത്സിക്കാൻ കഴിയുമെന്നു എനിക്കു മനസ്സിലാകുന്നില്ല. അതിനാൽ ഇപ്പോൾ നാഞ്ചിനാട്ടിനു കൊടുത്തിട്ടുള്ള മൃഗവൈദ്യസഹായം കൃഷിക്കാരുടെ മൃഗസമ്പത്തിനും മതിപ്പാകാതെയാണിരിക്കുന്നതു. രോഗങ്ങൾ ഉണ്ടാകുന്നകാലത്തിലെങ്കിലും ഇപ്പോഴത്തേതിൽ കൂടുതൽ മൃഗവൈദ്യശാലകൾ അവിടവിടെയായി സ്ഥാപിക്കേണ്ടതാണ്. ഇപ്രകാരം കാർക്കിക്കേണ്ടുന്നതിൽ കൂടുതൽ മൃഗവൈദ്യശാലകൾ സ്ഥാപിക്കേണ്ട ആവശ്യകതയിലേക്കു ഞാൻ കൃഷിഡയറക്ടരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): എന്റെസ്നേഹിതൻ മി. ചെല്ലംപിള്ളയുടെ ഉപന്യാസത്തെ ഞാൻപിൻതാങ്ങുന്നു. ഈ ഉപന്യാസത്തെ പിൻതാങ്ങുന്നതോടുകൂടി നെയ്യാറ്റിൻകരതാലൂക്കിനെ സംബന്ധിച്ചിടത്തോളവും മൃഗവൈദ്യസഹായം അത്യാവശ്യമാണെന്നുള്ള വസ്തുതയിലേക്കു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. നെയ്യാറ്റിൻകരയിലെ ജനസംഖ്യാഭൂരിഭാഗം ജനങ്ങളും കർഷകന്മാരുകയാൽ, തങ്ങൾക്കു മൃഗവൈദ്യസഹായത്തിന്റെ ആവശ്യമുള്ളതുപോലെതന്നെ കന്നുകാലികൾക്കു മൃഗവൈദ്യസഹായവും അവർക്കു ആവശ്യമാകുന്നു. ഇപ്പോഴത്തെ സ്ഥിതികൾ നോക്കിയാൽ നെയ്യാറ്റിൻകരതാലൂക്കിലെ അവരുടെ പാടുകളെ ചികിത്സിക്കുന്നതിന് ഒന്നുകിൽ പത്തുനാലു മൈൽ ദൂരമുള്ള കഴിഞ്ഞുവായിലോ അല്ലെങ്കിൽ പത്തുമൈൽ ദൂരമുള്ള പേട്ടയിലോ പോകേണ്ടതായി വരുന്നു. പ്രയോഗികമായ ഈ വിഷമതനിമിത്തം മൃഗവൈദ്യഡിപ്പാർട്ടുമെന്റിൽനിന്നും നെയ്യാറ്റിൻകരക്കാർക്കു യാതൊരു സഹായവും ലഭിച്ചുവരുന്നില്ലെന്ന പരാതിയുണ്ടായിരിക്കുന്നു. ഈ വിഷമതയെ അടിസ്ഥാനമാക്കിയാണ് ഞാൻ ഈ സഭയിൽ ഒരു ചോദ്യം ചോദിക്കാനും അതിനെപ്പറ്റി അന്വേഷിക്കണമെന്നപേക്ഷിക്കാനും മുതിർന്നതു. ഈ അവസരത്തിൽ ഈ അത്യാവശ്യത്തെ ഗവണ്മെന്റിൽ ഞാൻ ബലമായി ഉൽബോധിപ്പിച്ചുകൊള്ളുന്നു. ഈ വാക്കുകളോടുകൂടി ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മി. ചെല്ലംപിള്ള അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വം അനുകൂലിക്കുന്നു. നാഞ്ചിനാടു ഒരു കാർഷികഭൂമിയാണ്. ആ സ്ഥിതിക്കു കൃഷിഡയറക്ടരുടെ പ്രത്യേകം ഉപദിഷ്ടമായ ശ്രദ്ധ അവിടെ പതിയേണ്ടതാണ്. ഇപ്പോഴത്തെ അവസ്ഥ നോക്കിയതിൽ കഴിഞ്ഞ വർഷം അശേഷം ഉണ്ടായിട്ടില്ല. കോടയാറുമുതലായിൽ വെള്ളം ലേശം ഇല്ല. കൃഷിക്കാർ വെള്ളം കിട്ടുന്നതിനായി വൃഥാ മഴനോക്കിക്കൊണ്ടിരിക്കുന്നു. അപ്രകാരം ആരോഗ്യത്തിന് അവർക്ക് അവരുടെ കന്നുകാലികളേയും ആശ്രയിക്കേണ്ടിവരിക്കുന്നു. കഴിഞ്ഞതവണയുണ്ടായ വരൾച്ചയിൽ അവർക്ക് നൂറും ആയിരവും കണക്കിനു കന്നുകാലികളെ നഷ്ടമായി. ഈ കാലത്തു ഡിപ്പാർട്ടുമെന്റിൽനിന്നും ഗവണ്മെന്റിൽനിന്നും അവർക്കു ലഭിച്ച സഹായം അധികം ഉപകരിക്കുന്നു. എന്തെന്നാൽ അവിടെ നാഗർകോവിൽ ഒരു മൃഗവൈദ്യശാലമാത്രമേ ഉണ്ടായിരുന്നതുള്ളൂ ഈ വൈദ്യശാലയിൽ ചാർജ്ജു വഹിച്ചിരുന്ന ഉദ്യോഗസ്ഥനു ജനങ്ങളോടു വളരെ അനുഭവവും തന്റെ ജോലിയിൽ വലിയ ഔൽസുക്യവും ഉണ്ടായിരുന്നിട്ടും വളരെ ഉപകാരമായ സഹായം ചെയ്യുവാനെ സാധിച്ചിട്ടുള്ളൂ. ചെല്ലംപിള്ള ആവശ്യപ്പെട്ടതുപോലെ നാഞ്ചിനാട്ടിലെ കൃഷിക്കാക്ക് ഡിപ്പാർട്ടുമെന്റു വേണ്ട സഹായം ചെയ്യേണ്ടതുണ്ട്. ഗവണ്മെന്റിൽനിന്നും കൂടുതൽ മൃഗവൈദ്യശാലകൾ സ്ഥാപിക്കയോ അതല്ലെങ്കിൽ ഇപ്പോഴത്തെ മൃഗവൈദ്യന് ഒന്നോ രണ്ടോ അസിസ്റ്റന്മാരെ കൊടുക്കയോ ചെയ്യണം. ഈപ്രകാരം ചെയ്യുന്നതായാൽ ഇവർക്ക കൂടക്കൂടെ സ്ഥലങ്ങളിൽ ചുറ്റിസഞ്ചരിച്ചു പ്രചരണവേലകൾ നടത്താനും അവരുടെ ഉപജീവനങ്ങളെ കർഷകന്മാർ അനുഭവത്തിലാക്കുന്നതിനും സൗകര്യപ്പെടുന്നതാണ്. ഈ വാക്കുകളോടുകൂടി ഞാൻ മിസ്റ്റർ ചെല്ലംപിള്ളയുടെ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു.

റാവുസാഹിബ്ബ് ഡാക്ടർ എൻ. കേശവൻപിള്ള (കൃഷിമൃഗ്യവ്യവസായ ഡയറക്ടർ): സർ, മാതൃകാകൃഷിത്തോട്ടങ്ങളുടെ വിഷയത്തിൽ എന്നപോലെ കൂടുതൽ മൃഗാശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനുപണം ആവശ്യമാണ്. ഇപ്പോൾ സംസ്ഥാനം ഒട്ടുക്കുള്ളതായ ഏഴു മൃഗാശുപത്രികളും ചികിത്സാലയങ്ങളും ഉണ്ടു. അവ ക്രമമായവിധത്തിലുള്ള അകലത്തിലാണു സ്ഥാപിച്ചിരിക്കുന്നതു. ഈ കണക്കിനു രണ്ടോ മൂന്നോ താലൂക്കിനു ഒരു ആശുപത്രിയെന്നോ ചികിത്സാലയമെന്നോ ഉണ്ട്. ഈ സഭയിലെ അനഭ്യുദ്യോഗസ്ഥമെംബർമാരും ശ്രീമൂലം പ്രജാസഭാമെംബർമാരും കൂടുതൽ ആശുപത്രികളോടു അത്യാവശ്യത്തെപ്പറ്റി ബലമായി പ്രതിപാദിച്ചിട്ടുണ്ട്. ഓരോ താലൂക്കിലും ഓരോ മൃഗാശുപത്രിയോ ചികിത്സാലയമോ സ്ഥാപിക്കണമെങ്കിൽ ഇനി ഇരുപതു സ്ഥാപനങ്ങൾകൂടി വേണ്ടിവരുന്നു ഓരോ മൃഗചികിത്സാലയത്തിനു ൨,൫൦൦ രൂപാ ഉദ്ദേശം ചിലവുവരും. ആ കണക്കിനു ഇരുപതു ചികിത്സാലയത്തിനു ൫൦,൦൦൦ രൂപാക്കുടി കൂടുതൽ വേണ്ടിവരും. ഇത്രയും വലിയതൊരുക ചിലവാക്കാൻ സാധിക്കുമോ എന്നുള്ളതിനെപ്പറ്റി എനിക്കു ഇപ്പോൾ പറയാൻ വിവൃ

ത്തിയില്ല. സാധാരണയായി കന്നുകാലിവസന്ത ഉണ്ടാകുമ്പോൾമാത്രമല്ലാതെ മൃഗഡോക്ടന്മാർക്ക് വലിയ തിരക്കു ഉണ്ടായിരിക്കയില്ല. വസന്ത വ്യാപ്തമായിട്ടുണ്ടായാൽ ഏതു ഡോക്ടന്മാരെ നിയമിച്ചാലും മതിയാകയും ഇല്ല. ഈയടുത്തിൽ കന്നുകാലിവസന്ത ഇൻഡ്യ ആകമാനം ഉണ്ടായി തിരുവിതാംകൂറിലും പ്രായേണ എല്ലായിടത്തും വസന്ത വ്യാപിച്ചു. വടക്കായിലും ഈ വസന്ത കടന്നുകൂടിയെന്നും അവിടെയും മുമ്പുണ്ടായിരുന്ന കന്നുകാലി കൾ നഷ്ടപ്പെട്ടിട്ടുണ്ടെന്നും ഉള്ള വർത്തമാനം ഈയിടെ മദ്രാസ്മെയിൽ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു കന്നുകാലിവസന്ത സാല്പം ചില സ്ഥലങ്ങളിലാണ് ഉണ്ടായതെങ്കിൽ എല്ലാ മൃഗഡോക്ടന്മാരേയും അവിടെ അയച്ചു വേണ്ടുന്ന ചെയ്യാമായിരുന്നു. അതു സാധ്യമായിരുന്നില്ല. തന്നിമിത്തം മുമ്പധികം കന്നുകാലികൾ നഷ്ടപ്പെട്ടു. കന്നുകാലിവസന്ത (Rinder pest) വരാതെ സൂക്ഷിക്കുന്നതാണ് ഉത്തമം. ഇതിലേക്കുള്ള നിവാരണമാർഗ്ഗം ഒരു കുത്തിവയ്പ്പാണ്. കുത്തിവയ്പ്പു രണ്ടുപ്രകാരം ഉണ്ട്. അതിൽ ഒന്നുകൊണ്ടു തൽക്കാലനിവാരണമേ സിദ്ധിക്കയുള്ളൂ. മറ്റൊന്നുകൊണ്ടു സ്ഥിരമായ നിവാരണം ഉണ്ടാകും. എന്നാൽ ഒടുവിൽപറഞ്ഞ കുത്തിവയ്പ്പു ഇപ്പോൾ പരീക്ഷണനിലയിൽ ഇരിക്കുന്നതേയുള്ളൂ. ഈ കുത്തിവയ്പ്പു പഠിക്കുന്നതിനു ഇവിടെനിന്നും കുറെ മൃഗഡോക്ടന്മാരെ ബാംഗ്ലൂരിൽ അയക്കുന്നതിന് ഞാൻ നിർദ്ദേശം കൊണ്ടുവന്നിട്ടുണ്ട്. ഇതുവരെ ഈ രാജ്യത്തു കുത്തിവയ്പ്പധികവും മാട്ടുമസ്ഥാൻ ചെയ്യേണ്ടതായിരുന്നു. തന്നിമിത്തം അതിനു വലിയ അടിവുണ്ടാക്കാൻ സാധിച്ചില്ല. കന്നുകാലികൾക്കു ചികിത്സക്കുടാതെ കുത്തിവയ്പുനടത്തുന്നതിനു ഒ,൦൦൦ രൂപായുടെ ചിലവിനു അടുത്തയിടെത്ത ബഡ്ജറ്റിൽ നിബന്ധനയുണ്ടാക്കീട്ടുണ്ട്. ഈ തുക മതിയാകയില്ലെങ്കിൽ കൂടുതൽതുകയുള്ള അനുവാദത്തിനായി സമയത്തിൽ അപേക്ഷിക്കുന്നതാണ് വസന്തയുണ്ടാകുന്ന കാലത്തു മാത്രം കുത്തിവയ്പ്പു നടത്തിയാൽ മതിയാകും. വസന്ത എല്ലാ ആണ്ടിലും ഉണ്ടാവുകയില്ലാ.

മി. പി. ചെല്ലംപിള്ള (ദേവാളം): മൃഗഡോക്ടന്മാർക്ക് വേഗംപോഗം സഞ്ചരിക്കുന്നതിനു വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഞാൻ മോട്ടോർകാർ കൊടുക്കുന്നതിന് ഫർപ്പാടുചെയ്തിട്ടില്ല.

മി. പി. ചെല്ലംപിള്ള (ദേവാളം): അധികം ആളുകളില്ലാത്തസ്ഥിതിക്കു അത്യാഹത്തിനു പുറമേയുള്ള സ്ഥലങ്ങളിൽ വേഗത്തിൽ പോയിവരത്തക്കവിധത്തിൽ ഒരു മോട്ടോർവലവൻസ് കൊടുക്കുന്നതു നന്നായിരിക്കും.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ആ സംഗതിയെപ്പറ്റി ഞാൻ ചിന്തിച്ചിട്ടില്ലാ.

മി. ചെല്ലംപിള്ള (ദേവാളം): അതിനെപ്പറ്റി ചിന്തിക്കേണ്ടതു് ആവശ്യമല്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എന്നിക്കു അതിനു വേണ്ട പണം അനുവദിച്ചുകിട്ടുമെങ്കിൽ അതിനെപ്പറ്റി ചിന്തിക്കുന്നതിനു എനിക്കു വിരോധമില്ലാ.

മി. പി. ചെല്ലംപിള്ള (ദേവാളം): പണത്തിന് അനുവാദത്തിനായി മോട്ടിക്കുന്നതിനു മുമ്പായി ഗവണ്മെന്റിനു സംഗതിയെപ്പറ്റി ആലോചിച്ചുകൂടയോ?

റാവുബഹദൂർ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മൃഗഡോക്ടന്മാർക്കു മോട്ടോർകാർ കൊടുക്കണമെന്നു അനുവദിപ്പെട്ടതിൽ എനിക്കു സന്തോഷമുണ്ട്.

മി. എ. തണ്ടപിള്ള (ദേവാളം): കുത്തിവയ്ക്കുന്നതിനുള്ള പഴുപ്പു ഇവിടെത്തന്നെ ഉണ്ടാക്കാൻ പാടില്ലയോ എന്നു മെമ്പർ ആലോചിക്കുമോ?

റാവുബഹദൂർ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): പൂനേയിലെത്തുന്നിന്നാണ് ഞങ്ങൾ സീറം (പഴുപ്പു) വാങ്ങിക്കുന്നതു. സീറത്തിന്റെ വില കൊടുക്കാമെന്നു സമ്മതിക്കുന്ന കന്നുകാലി ഉടമസ്ഥന്മാരുടെ പേരിലാണു് ഓർഡർ കൊടുക്കുന്നതു. ഇതുപോലെ ഒരു സംഗതി ഉണ്ടായിട്ടുണ്ട്. തഞ്ചാവൂരുമായി കന്നുകാലിഉടമസ്ഥനും ഡിപ്പാർട്ടുമെന്റും തമ്മിൽ സീറം വിലയെ സംബന്ധിച്ചു് ഒരു ശണ്ഠ നടക്കുന്നുണ്ട്. കന്നുകാലി ഒന്നിനു ൪ ഠ അണാവീതം സീറം വിലകൊടുക്കാമെന്നു അയാൾ സമ്മതിച്ചു. എന്നാൽ കുത്തിവയ്പ്പുണ്ട മാടുകൾ മുഴുവനും വളർന്നുകയറുമ്പോൾ കുത്തിവച്ച ഉദ്യോഗസ്ഥൻ കുറെ കൂടുതൽ സീറം ഉപയോഗിച്ചു. അതിൽവച്ചു മാടൊന്നിനു ഉപയോഗിച്ച സീറത്തിന്റെ വില ക്രമപ്രകാരണ ആയി പരിണമിച്ചു. ഈ സംഗതിയിൽ ഫർപ്പാടുചെയ്തിരുന്ന തുക ൪ ഠ അണയിൽ കവിഞ്ഞ സംഖ്യ തരികയില്ലെന്നു വിസമ്മതിക്കുന്നു.

മി. പി. താണുപിള്ള (തിരുവനന്തപുരം): സീറം ഇവിടെ ഉണ്ടാക്കാൻ പാടില്ലയോ?

റാവുബഹദൂർ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിനു സാമാന്യം തണുത്ത പ്രദേശം ആവശ്യമാണ്, അതു ഡിൻഡിയിൽ ശേഖരിക്കപ്പെടുന്നു. എന്നാൽ അതു തയ്യാറാക്കപ്പെടുന്നതു മദ്രാസിലാണു ചെയ്യുന്നതു. ഇവിടെയും ഒരു സീറം ശേഖരിപ്പുസ്ഥലം ഉണ്ടാക്കാൻ പാടില്ലയോഎന്ന ഉദ്ദേശത്തെപ്പറ്റി ഞാൻ പണ്ടുമേ ചിന്തിക്കയാകുന്നു. സീറം ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിലും അതു ശേഖരിച്ചുവയ്ക്കുന്നതിനുള്ള ഒരു സ്ഥാപനം ഉണ്ടായാൽ നമ്മുടെ ആവശ്യത്തിനു മതിയാകും.

മി. പി. എസ്സ്. മഹമ്മദ് (നിയമിതൻ): ഇന്നാക്കുലേഷൻസ് വല്ല മൃഗങ്ങൾക്കും പ്രയോഗിച്ചിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): ഉണ്ട്. പല മൃഗങ്ങളും കുത്തിവച്ചു. പക്ഷേ അതു താൽക്കാലികമായ അനായാസ ൧൦-൧൫ ദിവസത്തെ നിവാരണമേ നൽകുകയുള്ളൂ. സ്ഥിരമായ നിവാരണം ഉണ്ടാക്കുന്നതിനുള്ള കുത്തിവയ്പ്പ് ഈ അടുത്തകാലമായി കുറെപ്പേരെ ബോംബെ ക്യാമ്പിലേക്കു അയക്കാൻ പോകുന്നുണ്ട്.

മി. പി. എസ്സ്. മഹമ്മദ് (നിയമിതൻ): അങ്ങിനെ പ്രയോഗിച്ച വല്ല മൃഗങ്ങൾക്കും രക്ഷകിട്ടിയിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി മത്സ്യ വ്യവസായ ഡയറക്ടർ): ധാരാളമുണ്ട്. ഇംഗ്ലീഷിൽതന്നെ പറയേണ്ടുന്നതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. (ചിരി)

മി. പി. എസ്സ്. മഹമ്മദ് (നിയമിതൻ): അങ്ങേക്കാ രക്ഷ പ്രാപിച്ചിട്ടുണ്ടെങ്കിൽ എട്ടണാക്കൂടി ചില വർക്കുന്നതിൽ ഉടമ സ്ഥൻ മടിക്കാണിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡോക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രിവ്യവസായോദ്യോഗർ): ഞാനു ഇപ്പോ ൾ പറഞ്ഞതു ഒരു ദാതൃനായ മനുഷ്യന്റെ ഉദാഹരണമാണ്. കത്തിവെയ്ക്കാൻ മുതൽ ഒന്നിനു പ ണമടച്ചതിനു ചിലവുള്ള എന്നു ആദ്യം പറഞ്ഞുപോയതൊഴിച്ചു കൂട്ടിയാൽ വന്ന സംഖ്യ അണക്കം കൂടി തരാൻ അദ്ദേഹം വിസമ്മതിച്ചു. എന്നാൽ കത്തിവെപ്പുകാരുടെ കൂട്ടത്തിൽ ചിലവായതു കണ്ടു ബുദ്ധിമുട്ടാണ്. ഈ സംഖ്യ ഈടാക്കുന്നതിനു ഒരു നീതിന്യായകോടതിൽ പ്രതിവാദിക്കേണ്ടിവരുമോ എന്നു ഞാൻ സംശയിക്കുന്നു.

മി. കൊച്ചുണ്ണിപിള്ള (തോവാള): ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു, അതിലേക്കു സഭയുടെ അനുമതിയെ അപേക്ഷിക്കുന്നു.

പ്രസിഡന്റ്: ഉപേക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നോ?

അനുവാദപ്രകാരം ഉപേക്ഷേപത്തെ പിൻവലിച്ചു.

ഉപക്ഷേപങ്ങൾ.

ഡയൻ മുതൽ ഡൻ വരെ.

താഴെചേയുന്ന ഉപക്ഷേപങ്ങൾ അവതരിക്കപ്പെട്ടില്ല.

മി. എസ്. പിരവിപ്രകാരമാണപിള്ള.

ഡയൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള ആകുന്നുകയായ ഡ, ര, രഡ-ൽനിന്നും കു രുപാ കുറയ്ക്കണമെന്നു.

മി. ഡബ്ല്യു. ജി. മേനോൻ.

ഡൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള മുദ്രവൻതുകയായ ഡ, ര, രഡ രൂപായിൽനിന്നും കു രുപാ കുറയ്ക്കണമെന്നു

മി. ഡബ്ല്യു തരണപിള്ള.

ഡൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള മുദ്രവൻതുകയായ ഡ, ര, രഡ രൂപയിൽനിന്നും കു രുപാ കുറയ്ക്കണമെന്നു.

മി. എൻ. കെ. കൃഷ്ണപിള്ള.

ഡൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള മുദ്രവൻതുകയായ ഡ, ര, രഡ രൂപായിൽനിന്നും കു രുപാ കുറയ്ക്കണമെന്നു,

മി. മാത്യുമുണ്ടൻ.

ഡൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള മുദ്രവൻതുകയായ ഡ, ര, രഡ രൂപായിൽനിന്നും ര രൂപാ കുറയ്ക്കണമെന്നു.

മി. കെ പി. നീലകണ്ഠപിള്ള.

ഡൻ. കനം നമ്പർ ഡിമാന്റിൻപ്രകാരമുള്ള മുദ്രവൻതുകയായ ഡ, ര, രഡ രൂപയിൽനിന്നും കു ര രൂപാ കുറയ്ക്കണമെന്നു.

ഉപക്ഷേപം ഡൻ.

മി. ആർ. മാമൻചിള്ള (കോട്ടയം): കൃഷിഡിപ്പാർട്ടുമെന്റിലേക്കനുവദിക്കപ്പെട്ടിട്ടുള്ള ഡ, ര, രഡ രൂപായിൽനിന്നും കു ര രൂപ കുറയ്ക്കണമെന്നുള്ള ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

ഇങ്ങനെയൊരു കൃഷിഡിപ്പാർട്ടുമെന്റു ഉണ്ടെന്നല്ലാതെ ഈ ഡിപ്പാർട്ടുമെന്റുകൊണ്ടുള്ള പ്രയോജനത്തെപ്പറ്റിയും ബന്ധിച്ചു ഉദ്യോഗസ്ഥരെക്കൊണ്ടു ചെയ്തതെന്നു അറിവിലില്ലാത്ത ചിലയുന്നതിനു എതിർക്കേണ്ട ആവശ്യം തോന്നിയില്ല. ഇതിനു മുമ്പു എന്റെ സ്നേഹിതൻ പ്രസ്താവിച്ചതുപോലെ കൃഷിയാകട്ടെ വടക്കോട്ടു സഞ്ചരിച്ചുപോകുമ്പോൾ കോട്ടയം വഴി കടന്നുപോയിട്ടുണ്ടെന്നല്ലാതെ കോട്ടയത്തു വന്നതിനു തെളിവില്ല. മെയിൻ സബ്ജക്ടുകളോടു പോകുന്നതു കോട്ടയത്തിന്റെ ഉദ്യോഗസ്ഥന്മാരിലായാണ്. അതുകൊണ്ടു കോട്ടയത്തുള്ള വടക്കോട്ടുപോകാൻ സാധിക്കുമുള്ള കോട്ടയത്തുവന്ന കിടക്കുന്നതായി എന്റെ അറിവിൽ തോന്നിപോകുന്നു മാത്രമേയുള്ളു.

മി. ജി. പി. നീലകണ്ഠപിള്ള (കങ്ങഴപ്പിള്ള): അയിടെ ഒരു താലൂക്കുകൃഷിത്തോട്ടം ഇല്ലയോ?

മി. ആർ. മാമൻചിള്ള (കോട്ടയം): എന്റെ അറിവിലുള്ളതു. പൂവരണിയോടുതിയോ മറ്റോ ഉണ്ടോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്നാൽ കോട്ടയം താലൂക്കിൽ ഇപ്പോഴുള്ള എനിക്കു ഉത്തമവിശ്വാസമായിട്ടുണ്ടു ഒരു പ്രദേശത്തും ഉണ്ടു. കഴിഞ്ഞകൊല്ലത്തിലോ മുമ്പിലത്തെ കൊല്ലത്തിലോ ഒരു പ്രദർശനം ഉണ്ടായിരുന്നപ്പോൾ അദ്ദേഹം ഞങ്ങളുടെ താലൂക്കിനെ ഒന്നു കാണുന്നതിനു ക്ഷണിച്ചിട്ടുണ്ടു. അങ്ങിനെ വരുന്നതിനുള്ള അദ്ദേഹത്തിന്റെ കുറവാണെന്നു പറയാൻ നിവൃത്തിയില്ല. അവിടെ അദ്ദേഹത്തിന്റെ ആശ്രയം സർവ്വ സന്ധിത്തമായി ഭീമന്തുക്ക സംഖ്യകളും ഒന്നും ഇല്ലാതെതിനാൽ അവിടത്തുകാർ അതും ആശ്രയിച്ചിട്ടുണ്ടാകുമെന്നു കൊണ്ടാണെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളു.

കൃഷിപ്രധാനമായ ഒരു താലൂക്കാണു കോട്ടയം. അതിനാൽ ആ ഡിവിഷനിൽ അഗ്രിക്കൾച്ചറൽസ്റ്റുഡന്റു വേണ്ടതാണെന്നു ഗവണ്മെന്റിനുതന്നെ അറിയാവുന്നതാണ്. എന്നാൽ ഈ ഡിവിഷനിൽ ഇപ്പോൾ ഉള്ളതായ അഗ്രിക്കൾച്ചറൽസ്റ്റുഡന്റു തിരുവിതാംകൂറിനു പ്രയോജനപ്പെടത്തക്കവണ്ണമായിട്ടല്ല സ്ഥിതിചെയ്യുന്നതു. തിരുവിതാംകൂറിലുള്ള ഒരാളിനു ഈ സ്കൂളിൽ പോകണമെങ്കിൽ തൊഴിലിനുള്ള പണ്ടുതന്നെ സമ്പാദിക്കാതെ നിവൃത്തിയില്ല. അതിനാൽ കൂടിയെ അഭിവൃദ്ധിപ്പെടുത്തുന്നതായതിനാൽ കോട്ടയംഡിവിഷനിൽ കോട്ടയത്തു തന്നെ വേണമെന്നില്ല. എവിടെയെങ്കിലും ഒരു സ്കൂൾ വേണമെന്നാണു പറയുന്നതു് അതായതു കോട്ടയം, ചങ്ങനാശേരി, മീനച്ചിൽ ഈ ഏഴുതാലൂക്കിലും താലൂക്കിലെയും ഒരുപോലെ വിചാരിച്ചാൽപ്രയോജനമില്ല. ഇതു കാർഷികവിദ്യയത്തിൽ നെല്ലുകൃഷി, തെങ്ങുകൃഷി, മരച്ചീനികൃഷി, കുരുമുകൃഷി എന്നീ നാലു പ്രധാനഭാഗങ്ങളെ സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം ജനങ്ങൾക്കു മനസ്സിലാക്കികൊടുക്കുന്നതിനുള്ള ഏർപ്പാടുചെയ്യുന്നതിനുപകരം അതിനായുണ്ടാക്കുന്ന ജനസാമാന്യത്തിനു പഠിക്കുന്നതിനും തന്നിഷ്ടം നാട്ടിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഇടയാക്കുന്നതുമാണ്.

ഈ കൃഷിഡിപ്പാർട്ടുമെൻറ് തനിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു പലവിധദോഷങ്ങളും ഉണ്ടാകുന്നതിനും ഗുണംകിട്ടാതിരിക്കുന്നതിനും സംഗതിയാകുന്നു. കൃഷിയുടെ അഭിവൃദ്ധിക്കു കൃഷിസേചനമാർഗ്ഗം അത്യാവശ്യമാണ്. അതുപോലെ വ്യവസായവും കൃഷിയോടുകൂടെ വർദ്ധിച്ചുവരേണ്ടതാണ്. വ്യവസായം വർദ്ധിച്ചുവരണമെങ്കിൽ ഗതാഗതസൗകര്യം ധാരാളമുണ്ടായിരിക്കണം. ഈ മൂന്നു സംഗതികളും തമ്മിൽ സംബന്ധിച്ചിരിക്കുന്നു. അതിനാൽ ഈ മൂന്നു ഡിപ്പാർട്ടുമെൻറുകളേയും ഒഴുക്കിക്കരിച്ചു ഒരു ഡിപ്പാർട്ടുമെൻറാക്കി സൃഷ്ടിച്ചാൽ ഒരു ഡിപ്പാർട്ടുമെൻറിങ്കന്നിന്നു മറ്റൊന്നു കൃഷിസേചനത്തിനും ഗതാഗതത്തിനും വേണ്ട ഉദ്യോഗികരെ ഏതെല്ലാമാതിരത്തിൽ അന്യോന്യം സഹായിച്ചു നടത്താവുന്നതാണ്. പ്രസ്തുത സംഗതികളെ നടത്തുന്നതിനു പാണ്ഡിത്യമുള്ള ഒരു എക്സിക്യൂട്ടീവ് എൻജിനിയരുടെ സഹകരണത്തിനു നിയമിക്കുന്നതായാൽ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോഴും കിട്ടിവരുന്നതിനെക്കാൾ വളരെ കൂടുതൽ പ്രയോജനം ഉണ്ടാകുമെന്നുള്ള എൻറെ അഭിപ്രായത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മി. മൂഴപ്പേഷിൽ പാച്ചുപിള്ള (ചേർത്തല): ഈ ഉപക്ഷേപത്തെപ്പറ്റി ഞാനും രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. ഈ രാജ്യത്തിൻറെ പിന്നണ്ണം നൂറു ചതുരശ്ര മൈലാണ്. ഇതിൽ വഴി, പുഴ, തോട്, ആറു, റിസർവ്വുവനം ഇവയെല്ലാം കഴിച്ചു ബാക്കിയുള്ള സ്ഥലത്തെ ഈനത്തെ ജനസംഖ്യ അനുസരിച്ചു വീതിക്കുന്നതായാൽ ഒരാളിനു കിട്ടുന്നതു സൻ സെൻറ് സ്ഥലം മാത്രമാണു. ജനസംഖ്യ നാൾക്കുനാൾ വർദ്ധിച്ചുവരികയാണു എന്നാൽ കൃഷിസ്ഥലങ്ങളുടെ വ്യാപ്തി വർദ്ധിച്ചുവരുന്നില്ല. ഉള്ള സ്ഥലത്തിനുതന്നെ കൂടുതൽ വിളവു കിട്ടുന്നതിനു ശാസ്ത്രീയ രീതിയിൽ കൃഷിചെയ്യേണ്ടിയിരിക്കുന്നു അതിലേക്കുള്ള മാർഗ്ഗങ്ങളെ ജനസാമാന്യത്തിനു ഉപദേശിച്ചുകൊടുക്കുന്നതിനും മാതൃകകൾ കാണിച്ചുകൊടുക്കുന്നതിനുമാണ് കൃഷിഡിപ്പാർട്ടുമെൻറ് ഈ രാജ്യത്തു സ്ഥാപിച്ചിട്ടുള്ളതു. ആ ഡിപ്പാർട്ടുമെൻറിൽനിന്നും ഇപ്പോൾ നടക്കുന്ന പരിശ്രമങ്ങൾകൊണ്ടും ഈ ഉദ്ദേശസാധ്യത്തിനു വേണ്ടിടത്തോളം ഉപകരിക്കുന്നുണ്ടെന്നു പറയുന്നതിനു സംശയമാണു. ഈ രാജ്യത്തിലെ കൃഷിയിൽനിന്നും പൂർണ്ണഫലം കിട്ടുന്നതുവരെയെങ്കിലും അതിലേക്കുവേണ്ട മാർഗ്ഗങ്ങളെ കാണിച്ചുകൊടുക്കുന്നതിനു ഈ ഡിപ്പാർട്ടുമെൻറിനു വേണ്ടിടത്തോളം പണം അനുവദിച്ചുകൊടുക്കുന്നില്ലാ എന്ന കാരണത്താലാണ് മേൽപ്പറഞ്ഞപ്രകാരം സംഭവിക്കാനിടയാകുന്നതു. ഈ ഡിപ്പാർട്ടുമെൻറിനു പണ്ടുകൊല്ലത്തിനുമുമ്പു നടന്നുവരുന്ന സംഖ്യ നോക്കുന്നതായാൽ മുടക്കുപ്പുലിൽകൂടുതൽ മുടക്കുന്നതുസരണമായി കൃഷിഡിപ്പാർട്ടുമെൻറിലേക്കു പണം അനുവദിക്കുന്നില്ലെന്നു കാണാൻകഴിയും. ദിവാൻജിയുടെ പ്രസംഗത്തിൽ ഏതൻ ബഡ്ഡുറാവു പിമ്പു ശതത്തിൽ പ്രസ്താവിച്ചിട്ടുണ്ടു. വളരെ ഉചിതമായ യുക്തിയാണു ഈ ഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചുകൊടുക്കുന്നതു. ഇപ്പോൾ പഠിച്ചുവരുന്ന ആളുകൾകൊണ്ടുള്ള ഉദ്യോഗം കിട്ടുന്നതിനു നിവൃത്തിയില്ല. അതിനാൽ കൃഷിയും വ്യവസായവും വർദ്ധിപ്പിക്കുന്നതിലേക്കുവേണ്ടി കൂടുതൽ സഹായസഹകരണം ചെയ്യേണ്ടതു ഗവർണ്മെൻറിൻറെ കടമയാണു. അപ്രകാരവണ്ണം മാർഗ്ഗങ്ങളെ നിർദ്ദേശിക്കുന്നതിലേക്കു ഞാനടക്കമുള്ള ഓരോരുത്തരുടെയും ഒരു കമ്മിറ്റിയിൻറെതന്നെ വേണമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. ആഫീസർമാർ റയട്ട് കമ്മിഷനർ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള അനേകം സംഗതികളിൽ നമ്മുടെ രാജ്യത്തിനു യോജിക്കുന്ന സംഗതികളുടെ ധാരാളമുണ്ടു. അതിനാൽ ആ റിപ്പോർട്ടിനെ പരിശോധിച്ചു നമ്മുടെ നാട്ടിനു യോജിക്കുന്ന മാർഗ്ഗങ്ങളെ പ്രത്യേകം കണ്ടുപിടിച്ചു നടപ്പിലാക്കുന്നതിനു വേണ്ടതുപോലെ മാർഗ്ഗങ്ങളെ വിവരിച്ചു ഒരു റിപ്പോർട്ടു തയ്യാറാക്കണം. അതിലേക്കു ആഫ്രിക്കാപോലുള്ള ഡയറക്ടറെ ചുമതലപ്പെടുത്തുകയും അദ്ദേഹത്തെ സഹായിക്കുന്നതിനു കോപ്പറേറ്റീവു രജിസ്ട്രാരേയും ഇൻഡസ്ട്രിയൽ ഡയറക്ടറേയും ചട്ടംകെട്ടുകയും ചെയ്യുന്നപക്ഷം ഒരു റിപ്പോർട്ടു തയ്യാറാക്കുന്നതിനു യാതൊരു വിഷമവുംഇല്ല. അതിനാലാണു മുകളിൽപ്പറഞ്ഞതെല്ലാം കൃഷിയിൽനിന്നും സാധ്യമാകുന്നതുപോലെ ഇവിടെ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെ പ്രത്യേകം ആലോചിച്ചു ഒരു റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കാൻ ഡയറക്ടരോടു ആവശ്യപ്പെടുന്നതു തന്നായിരിക്കും. ഇവിടത്തെ ജനങ്ങൾക്കു വേണ്ടുന്ന ആഹാരസാധനങ്ങൾ നിവർത്തിയുള്ളടത്തോളം ഇവിടെതന്നെ ഉല്പാദിപ്പിച്ചുണ്ടാക്കുന്നതിനും ഈ ഡിപ്പാർട്ടുമെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു. ഈ രാജ്യത്തിൽ ശാസ്ത്രീയരീതി അനുസരിച്ചു ഭംഗിയായി കൃഷിചെയ്യുന്നപക്ഷം ഇവിടെയുള്ള ജനങ്ങൾക്കു വേണ്ടുവോളമുള്ള ആഹാരസാധനങ്ങൾ ഇവിടെതന്നെ ഉണ്ടാക്കാൻ കഴിയുന്നതാകുന്നു. ഇതിനെപ്പറ്റി റവന്യൂബോർഡുമെൻറ് മുഖ്യമായി ശ്രദ്ധിക്കേണ്ടതാണ്. ഇതിനെപ്പറ്റി റയട്ട് കമ്മിഷനർ റിപ്പോർട്ടിനെ ആസ്പദമാക്കി ഒരു റിപ്പോർട്ടു തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടുന്നതു തന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാനും ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ഇട്ടൂപ്പു ഇട്ടീച്ചൻ (കുന്നുമ്മേൽ): ഞാൻ മി. രാമൻപിള്ളയുടെ ഉപക്ഷേപത്തോടു പൂർണ്ണമായി യോജിച്ചുകൊള്ളുന്നു, കൃഷിഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു എനിക്കു ഈ സഭയിൽ പ്രസ്താവിക്കാൻ പലതും ഉണ്ടു. എന്നാൽ അവ ഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാരെ വിഷമിപ്പിക്കുന്നതിനോ, അവക്കു വീരസം ഉണ്ടാക്കുന്നതിനോ അല്ലെന്നും, പരമാർത്ഥം പറയണമെന്നല്ലാതെ വേറെ യാതൊരുദ്ദേശവുമില്ലെന്നും ഡിപ്പാർട്ടുമെൻറിനെ അധിക്ഷേപിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അല്ലെന്നുള്ള വിവരം ആദ്യമായി ഗ്രഹിപ്പിച്ചുകൊള്ളുന്നു. ഇപ്പോൾ ഇവിടെ പ്രസംഗിച്ച മെമ്പർമാർ ആരും യഥാർത്ഥത്തിൽ കൃഷിക്കാരാണെന്നുള്ള വിചാരം എനിക്കു അശേഷം ഇല്ല. എന്നാൽ ഞാൻ ഒരു കൃഷിക്കാരനും കൃഷിസംബന്ധമായ പല സംഗതിയിലും എൻറെ താല്പര്യത്തിനെ സംബന്ധിച്ചു നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവനുമാണു

മി. മൂഴപ്പേഷിൽ പാച്ചുപിള്ള (ചേർത്തല): ഇവിടെ പ്രസംഗിച്ചവരെല്ലാം കൃഷിക്കാരല്ലെന്നു പറഞ്ഞതു ഏതിനെ അടിസ്ഥാനപ്പെടുത്തിയാണു്.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നുമ്മേൽ): കൃഷിക്കാരല്ലെന്നു പറഞ്ഞില്ലാ. കൃഷിക്കാരാണോ അല്ലയോ എന്നു എനിക്കു നിശ്ചയമില്ലെന്നാണു പറഞ്ഞതു. "എവൻമകൻ പല്ലുകൊവാൻ, എൻമകൻ പല്ലുകൊടുക്കുമാൻ" എന്നൊരു പഴഞ്ചൊല്ലിനെ അടിസ്ഥാനപ്പെടുത്തി ഈ രാജ്യത്തു പണം ഉണ്ടാക്കുന്നതായ ചുവട്ടുകൾ കൃഷിക്കാരാണെന്നുള്ള സംഗതി എല്ലാം ഡിപ്പാർട്ടുമെൻറുകാരും ധരിച്ചിരിക്കേണ്ടതു അത്യാവശ്യമാണു. കാലാവസ്ഥയനുസരിച്ചു ഇൻഡ്യയിലെ കൃഷിപരിതാപകരമായ നിലയിൽ എത്തിയിരുന്ന ഘട്ടത്തിൽ തിരുവിതാംകൂറിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അതിനെ ശാസ്ത്രീയ രീതിയിൽ ആക്കുന്നതിനുമായിട്ടാണു പാശ്ചാ

ന്നു രാജ്യത്തുപോയി കൃഷിശാസ്ത്രം പഠിച്ചു ഇപ്പോടെവന്ന ഒരാളിനെ ഇതിന്റെ മേലധ്യക്ഷയായി വച്ചിരിക്കുന്നു. ശീമയിലുള്ള കൃഷിസമ്പ്രദായങ്ങളും ഏല്ലും നല്ലതുപോലെ പഠിച്ചിരുന്നാലും ഈ നാട്ടിലെ പല ഭാഗങ്ങളിലുമുള്ള ഭൂമിവ്യത്യാസം, സ്ഥലവ്യത്യാസം, കാലവ്യത്യാസം എന്നിവയെ അറിഞ്ഞിട്ടാണോ ഈ ഡിപ്പാർട്ടുമെന്റു നടക്കുന്നതു എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഞാൻ ഇപ്പോടെവന്നിട്ടു ക ാ—ക ാ ദിവസം ആയി. ഇപ്പോടെ മഴയുണ്ടോ എന്നു സംശയിതന്നെ വളരെ സംശയമായിരിക്കുന്നു. എന്റെ താമൂക്കിൽ മഴ യാരാളം ഉണ്ടു. മലവെള്ളം കേറുകയും ഇറങ്ങുകയും ചെയ്യുന്നുണ്ടു. ഈ വിധത്തിൽ കുന്നുനാട്ടു താമൂക്കിലേയും ഈ താമൂക്കിലേയും കാലാവസ്ഥ വ്യത്യാസമായിരിക്കുന്നു. ഇതിനാൽ ഈ സ്ഥലങ്ങൾ രണ്ടും ഒന്നുപോലെവച്ചു ഡിപ്പാർട്ടുമെന്റു പ്രവർത്തിക്കുന്നതായാൽ ഇപ്പോടത്തെയും അവിടത്തെയും കാലാവസ്ഥയുടെ വ്യത്യാസംകൊണ്ടു ഗുണദോഷമോ എന്നു സംശയമാണു. കൃഷിഡിപ്പാർട്ടുമെന്റിലെ മേലധികാരികൾ ഞങ്ങളുടെ സ്ഥലങ്ങളിൽ വന്നിരുന്നില്ലെന്നാ അപേക്ഷിക്കുന്നില്ലെന്നാ ഞങ്ങൾക്കു യാതൊരു പരാതിയും ഇല്ല. ഒരു കൊല്ലത്തിൽ രണ്ടുപ്രാവശ്യത്തോളം ശ്രീ ഈ ഡിപ്പാർട്ടുമെന്റിലേക്കു ചിലവഴിക്കുന്നുണ്ടെന്നു കണക്കുകൊണ്ടുകാണുന്നു. ഇതിനെ ഒരോ താമൂക്കിലേക്കായി വീതിക്കുമ്പോൾ എണ്ണിയിരിക്കുന്നതിൽ ചിലപ്രാവശ്യം ശ്രീ വരുമെന്നു വിചാരിക്കുന്നു. ഇങ്ങനെയുള്ള ഒരു സംഖ്യ കുന്നുനാട്ടുതാലൂക്കിലേക്കു മാത്രം കൊല്ലം കൃഷി ആവശ്യത്തിനുപോലും തന്നാൽ അതാണു ഒരു വലിയ ഗാണ്യമായ പുണ്യംമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇങ്ങനെ വിളിതരുന്ന സംഖ്യ പ്രത്യേകം ഒരു കമ്മിറിയെ സ്ഥാപിച്ചു അല്ലെങ്കിൽ തഹശീൽദാർമുഖേനയെ—തഹശീൽദാർ മുഖേനയായാൽ ഉദ്ദേശസാധ്യത്തിന്റെ കുടുപിഷമുണ്ടു. അതുകൊണ്ടു കമ്മിറി സ്ഥാപിച്ചുതന്നെ കൃഷിക്കാക്കു കൃഷിവായ്പയായി കൊടുക്കേണ്ടതാണു. എന്നാൽ കൃഷിവായ്പകിട്ടുമെല്ലാ എന്നുള്ള ഒരു സമാധാനം പറയാം. അതുപക്ഷം പലിശക്കു മേടിക്കുന്ന ഒരു അത്മമെ ഞങ്ങൾക്കു കിട്ടിക്കുന്നുള്ളു. വായ്പകൊടുക്കുക എന്നു പറയുമ്പോൾ പലിശ ഇല്ലാത്ത ഒരു ഏർപ്പാടാണു. ഈ നിലയിൽ പക്ഷെ നാം അൻപതോ അറുപതിനായിരം രൂപ പലിശയിൽ കടം യാത്തതാ ആയ ഒരു ഇക ആണുതോറും കരകമ്മറാക്കുകയുണ്ടായിരുന്നാൽ, കൃഷിക്കാരുടെ സ്ഥിതി ഇപ്പോഴത്തെക്കാളും നല്ലനിലയിൽവന്നുചേരുമെന്നാണു എന്റെ അഭിപ്രായം. ഇങ്ങനെ വായ്പകൊടുക്കുന്ന സംഖ്യ പലപ്പോഴും കിട്ടിയില്ലാ എന്നും വന്നേക്കാവുന്നതാണു. അങ്ങിനെ വരുന്നതായാൽ തന്നെയും സമാധാനമുണ്ടു. ഈ വ ാ ാ ാ.ാ ചിലപ്രാവശ്യം രൂപാ ഒരോതാലൂക്കിലും ആണുതോറും ചിലപ്രകൃതിനിമിത്തം നിലയിച്ചിരിക്കുന്നതുകൊണ്ടു നൂറോ ഇരുനൂറോ രൂപാ കിട്ടുന്നതുവരെയാലും ആയ ഗവണ്മെന്റിനു സംഖ്യാവ്യത്യാസമാണു.

ഇപ്പോൾ കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നും ഇൻസ്പേക്ടർ സംബന്ധിച്ചു കുളമോ ചിറയോ തോടോ ഉണ്ടാക്കി കൃഷിയെ അഭിവൃദ്ധിപ്പെടുത്തണമെന്ന ഉദ്ദേശമുള്ളതായി തോന്നുന്നില്ല. ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റിനെയാണു ഈ ജോലികൾ ഏൽപ്പിച്ചിരിക്കുന്നതു. അപേക്ഷ പ്രധാനമായി റോഡുകൾ, പാലങ്ങൾ, മുതലായ ജോലികൾ നടത്തേണ്ടതുകൊണ്ടു സമയമില്ലാതെ ഇറിഗേഷൽ വേലകൾ മുടങ്ങികിടക്കയാണു. അതുകൊണ്ടു ഇറിഗേഷൻവേലകൾ കൃഷിഡിപ്പാർട്ടുമെന്റിനെക്കൊണ്ടു നടത്തിച്ചാൽ മാത്രമേ കൃഷിക്കു ഗുണവും ഐശ്വര്യവും ഉണ്ടാകയുള്ളു. കൃഷിഡിപ്പാർട്ടുമെന്റു ഈ നാട്ടിൽ ആരംഭിച്ച ദിവസംമുതൽതന്നെയാണു നടന്നിവരുന്നതു. അതിനെ മുന്നിട്ടുകൊണ്ടുപോകുന്നതിനുള്ള കൂടുതൽ ശ്രദ്ധയും പ്രവർത്തിക്കണം.

കുന്നുനാട്ടുതാലൂക്കിലെ ഭൂ ാ ാ ചതുരശ്രമൈൽ വിസ്താരം ഉണ്ടു. അവിടെ ഒരു കൃഷിഇൻസ്പെക്ടരെയാണു നിയമിച്ചിട്ടുള്ളതു. അദ്ദേഹം അവിടെ ഒന്നാ രണ്ടോ തോട്ടങ്ങളിൽ പോയി കൃഷിയെ സംബന്ധിച്ചു ജോലിചെയ്താൽ യാതൊരു ഗുണവും വരുമെന്നില്ല. ഭൂ ാ ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള ഒരു സ്ഥലത്തു ഒരാളിനെക്കൊണ്ടു ഒന്നും സാധിക്കയില്ല. അവിടെ കൂടുതൽ കൃഷി ഇൻസ്പെക്ടർമാരെ വിട്ടയക്കുകയും അവർ ശ്രദ്ധയോടുകൂടി ഓരോ അവസരങ്ങളിലും വന്നു കൃഷിയെസംബന്ധിച്ചു പല കാര്യങ്ങളും കർഷകന്മാർക്കു ഉപദേശിക്കയും ചെയ്താൽ നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. ഇതുകൂടാതെ കൃഷിവാങ്കുകളെ ദവണ്മെന്റിൽനിന്നും യുക്തംപോലെ ഏർപ്പെടുത്തി കർഷകന്മാരുടെ സ്ഥിതി നല്ലസ്ഥിതിയിൽ ആക്കിത്തീർത്തില്ലെങ്കിൽ തിരുവിതാംകൂർ രാജ്യത്തിന്റെ അഭിവൃദ്ധി ക്രമേണ കുറഞ്ഞുകുറഞ്ഞു വരുമെന്നുള്ള സംഗതികൂടി പ്രസ്താവിച്ചുകൊണ്ടു മി. ആർ. രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

മി. പി. എസ്. മഹമ്മദ് (നിയമിതൻ): സർ, ഈ ഉപക്ഷേപത്തെസംബന്ധിച്ചു ഞാനും രണ്ടു വാക്കു പറയണമെന്നുവിചാരിക്കുന്നു. ഞാൻ ഒരു കൃഷിക്കാരനല്ല. എന്നാൽ തിരുവിതാംകൂറിലെ കൃഷിശ്രീയും സ്ഥിതിചെയ്യുന്നതു ഈ രാജ്യത്തെ കർഷകന്മാരുടെ അഭിവൃദ്ധിയിലാകുന്നതു വ്യാധമുള്ളവനാണു ഞാൻ. കൃഷിചെയ്യുന്നതിനുള്ള പല അംഗങ്ങളും ഇവിടെ പ്രസ്താവിച്ച സംഗതികളിലുമില്ലാം ഞാനും യോജിക്കുന്നുണ്ടു. എന്നാൽ ഈ സംഗതിയിൽമാത്രം എനിക്കു യോജിക്കുന്നതിനു നിവൃത്തിയില്ല. അതായതു കൃഷി, വ്യവസായ, കോപ്പറേറിവു് ഈ മൂന്നു ഡിപ്പാർട്ടുമെന്റുകളും ഓരാളിന്റെ അധീനതയിലാക്കുന്നതുമെന്നുള്ള അഭിപ്രായത്തോടു ഞാൻ തീരെ യോജിക്കുന്നില്ല. അതിനു കാരണം ഈ ഡിപ്പാർട്ടുമെന്റുകളും ഒന്നിച്ചു ചേർത്താൽ വളരെ ശക്തിയോടും ഉത്സാഹത്തോടും ജോലിചെയ്യുവാനുള്ള ഡിപ്പാർട്ടുമെന്റു മേധാവികളും അവരുടെ ജോലി ശരിയായി നിർവഹിക്കാതെ മടിയന്മാരായിതീരുമെന്നുള്ളതാണു്. ഇപ്പോൾ ഓരോ ഡിപ്പാർട്ടുമെന്റു അധികൃതന്മാരും തങ്ങളുടേതു ഡിപ്പാർട്ടുമെന്റു മറേതിനെക്കാളും ഉയർത്തിക്കൊണ്ടുപോകണമെന്നു വിചാരിക്കുന്നവരുമുണ്ടു. എന്നാൽ ഇതു ഒന്നിച്ചുചേർക്കുമ്പോൾ ശരിയായ ഉത്തരവാദിത്വബോധം ഒരുത്തർക്കുമില്ലാതെ അവനവൻ ചെയ്യേണ്ട ജോലിയിൽ ശ്രദ്ധപതിയുന്നതിനുപോകയില്ല. അതിനാൽ ഇപ്പോൾ അവർ ശ്രദ്ധിക്കുന്നിയോടും ഉത്സാഹത്തോടും ജോലിചെയ്യുവരുന്ന രീതിയെ ഒരിക്കലും ഉപേക്ഷിക്കാൻപാടില്ലു. അതുകൊണ്ടു ഈ വ്യത്യാസത്തോടു എന്റെ സ്നേഹിതന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോടു): സർ, ചില മെംബർമാർ പല നിർദ്ദേശങ്ങളും ചെയ്യുകഴിഞ്ഞിരിക്കുന്നു. ഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു എനിക്കും ഒരു നിർദ്ദേശമുണ്ടു്. അതായതു നെൽകൃഷിക്കുള്ള സ്ഥലത്തിന്റെ കുറവാണു്. ഇതു ഏറ്റവും പ്രയാസമായ ഒരു സംഗതിയാകുന്നു. ഇപ്പോഴത്തെ വിളാഭ്യാസത്തിന്റെ ദോഷപരിഹാരത്തിനായി ജനങ്ങളുടെ ശ്രദ്ധയെ പരസ്പരസഹായസംഘങ്ങളിലേക്കു തിരിയും വ്യവസായവകുപ്പിന്റെ ഡയറക്ടരിന്റേയും കൃഷിഡിപ്പാർട്ടുമെന്റിന്റേയും സഹായത്തോടുകൂടിയും വേറൊരുമാർഗ്ഗത്തിൽ തിരിച്ചുവിടേണ്ടതാണെന്നുള്ള ഒരു അഭിപ്രായം വർത്തമാനപത്രങ്ങളുമുഖേനയും മറ്റും ദവണ്മെന്റിന്

ന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സാമാന്യനിരക്ഷരത്തിൽ റിസർവ് ചെയ്തിട്ടുള്ള ആരോഗ്യകരമായ സ്ഥലങ്ങളിൽ കൃഷിക്കു ഉപയുക്തമായ ഭൂമി കുറഞ്ഞവിലയ്ക്കു നൽകുന്നതിനും ഒഴിച്ചുകൊടുക്കുന്നതിനും പല നിർദ്ദേശങ്ങളും കൊണ്ടുവന്നിട്ടുണ്ട്. ധനപരിപോഷണസംഘത്തിൽനിന്നും തൊഴിലില്ലായ്മക്കമ്മറ്റിയിൽനിന്നും ഇക്കാര്യത്തിലുള്ള ശിപാർശകളുണ്ടായിട്ടുള്ളതായി കാണുന്നു. അതിനാൽ കൃഷിഡയറക്ടർ കൃഷിക്കാരോടു ഉത്തരവാദിത്വമുള്ള ആളാകണമെന്നു ഞാൻ ഗവണ്മെന്റിനോടു ബലമായി അഭ്യർത്ഥിച്ചുകൊള്ളുന്നു. കൃഷിയും വ്യവസായവും പരസ്പരസഹായവും ഡിപ്പാർട്ടുമെന്റ്കളും എല്ലാം കണ്ടായിചേർത്തു ഒരു മന്ത്രിയുടെ കീഴിലാക്കണമെന്നുള്ള അഭിപ്രായം ഞാൻ പ്രകടിപ്പിച്ചിട്ടില്ല. നമ്മുടെ സാമ്പത്തികസ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഇപ്പോഴത്തെ കൃഷിസമ്പ്രദായത്തെ പരിഷ്കരിക്കുന്നതിനു പറ്റുന്നവിധമായ നിർദ്ദേശങ്ങളും സമർപ്പിക്കണമെന്നു കൃഷിഡയറക്ടരോടു ആവശ്യപ്പെടണമെന്നേ ഞാൻ പറഞ്ഞുള്ളൂ. ഈ സംഗതികൾ ഡയറക്ടർക്ക് ഒരു കൃഷിസമിതിയുടെ സഹായംകൂടി ആവശ്യമുണ്ട്. തീനച്ചൽ മുതലായ വടക്കൻതാലൂക്കുകളിൽ കൃഷിസൌകര്യത്തിനുവേണ്ട ജലമുണ്ടെന്നും അവിടെയുണ്ടാകുന്ന ദോഷം വെള്ളപ്പൊക്കത്തിനിടയുണ്ടാകുന്നതാണെന്നും ഒരു ദോഷത്തെ നടുക്കണമെന്നും ഉത്തരതിരുവിതാംകൂറിൽനിന്നും വന്നിട്ടുള്ള ഒരു സ്നേഹിതൻ പറയുകയുണ്ടായി. എന്നാൽ കൃഷിഡയറക്ടർ ചെയ്യുന്ന ദോഷികരണം ഒന്നോ രണ്ടോ പേരുടെയോ ഒരു ജനങ്ങളുടെയോ അഭിപ്രായങ്ങൾ മാത്രമല്ലായ്കയാലും ചെയ്യാറിന്റെ കരയിലോ മറ്റിടങ്ങളിലുള്ള ജനങ്ങൾക്കോ സഹായമായിരിക്കുന്നില്ല. എന്തെന്നാൽ അവിടെ ജലസേചനസ്ഥലങ്ങൾ ഇല്ലാത്തതുകൊണ്ടു ആവശ്യമുള്ള വെള്ളം കിട്ടുന്നില്ല. അതിനാൽ എന്റെ നിർദ്ദേശം ഇതാകുന്നു. അതായതു മേല്പറഞ്ഞ താലൂക്കുകളിലെ ആകെയുള്ള ജനങ്ങളെ പ്രതിനിധിവഴികളിൽ അണകെട്ടി ചെയ്തുനിറുത്തി വിളവുമിക്കുടേയും തരിശുമിക്കുടേയും വകയ്ക്കായി ഉപയോഗപ്പെടുത്തണമെന്നാകുന്നു. ഇപ്രകാരമുള്ള ശ്രമികരെ മെയിൻറോഡിൽക്കൂടി സഞ്ചരിക്കുമ്പോൾ റോഡിന്റെ ഇരുപുറത്തും താഴ്ന്ന ഭാഗം കാണുന്നുണ്ടല്ലോ. ഈ സംഗതിയിൽ കൃഷിഡയറക്ടർ ചീഫ് എഞ്ചിനീയരുമായിട്ടു വേണ്ട ആലോചനകൾനടത്തേണ്ടതാകുന്നു. അദ്ദേഹമെയ്ത്തുതന്നെ ഞാൻ വേറൊരുസംഗതിയും പറഞ്ഞുകൊള്ളുന്നു അതായതു കാർഷികാഭിനിവേശത്തിനായി ഗവണ്മെന്റ് ഒട്ടധികം പണം കയ്യാളിക്കണമെന്നുള്ളതാകുന്നു. ഞാൻ അധികംനാമയം വ്യയംചെയ്യാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ മതിയിലില്ലായ്മക്കമ്മറ്റിക്കാർ സമർപ്പിച്ചിട്ടുള്ള കാർഷികാഭിനിവേശപദ്ധതി കഴിയുന്നിടത്തോളം വേഗത്തിൽ നടപ്പിൽവരുത്തുന്നതിനു എല്ലാ പ്രതിബന്ധങ്ങളും തീർത്തുതരണമെന്നും ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സർ, മി. രാമൻപിള്ള അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. കൃഷിഡിപ്പാർട്ടുമെന്റിന്റെ ഉത്തമമായ പ്രയത്നങ്ങളെപ്പറ്റി നടത്തികാണുന്നതിൽ എനിക്കു സന്തോഷമുണ്ട്. എന്നാൽ ഈ പരീക്ഷണങ്ങൾ വിളനിലപ്രദേശങ്ങളിൽ കിടക്കുന്ന ഗ്രാമങ്ങളിൽ ചെന്നുചേർന്നില്ല. പുന്നയ്ക്കപ്പിണ്ണാക്കും ഇരിപ്പപ്പിണ്ണാക്കും വളമിട്ടാൽ ഭൂമിയുടെ വിളയുശക്തി വർദ്ധിക്കുമെന്ന ഈയിടെ ഡിപ്പാർട്ടുമെന്റിൽനിന്നും കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ ഇവയുടെ ഗുണം പരീക്ഷിച്ചുകാണിച്ചുകൊടുത്ത ദിക്കുകളിൽ അല്ലാതെ ദൂരസ്ഥലങ്ങളിൽകിടക്കുന്ന ഗ്രാമങ്ങളിൽ കടിപാക്കുന്നവർ ഇവ വളത്തിനുകൊള്ളാമെന്നു മനസ്സിലാക്കിയിട്ടില്ല. ദൂരസ്ഥലങ്ങളിൽ ക്ലിപാക്കുന്നവരെ പറഞ്ഞുമനസ്സിലാക്കുന്നിനു സഞ്ചരിച്ചു ജോലിനടത്തുന്നവർക്കു ഫീൽഡിനെറൻറ് ഡെമൺസ്ട്രേറ്റർമാരെ നിയമിക്കേണ്ടതുണ്ട്. ഫീൽഡ് ഗ്രാമങ്ങളിലും സഞ്ചരിച്ചു ശാസ്ത്രീയരീതിയിൽ കൃഷിചെയ്യാനുള്ള സമ്പ്രദായങ്ങളും പറഞ്ഞുമനസ്സിലാക്കിക്കൊടുക്കണം. ഇപ്രകാരം ചെയ്തില്ലെങ്കിൽ മുഖത്തലയിൽ നടത്തുന്ന പരീക്ഷണങ്ങൾകൊണ്ടു യാതൊരു ഗുണവും ഉണ്ടാകുന്നതെവിടെന്നാകും. അതുകൊണ്ട് മുഖത്തലയിൽ നടത്തുന്ന പരീക്ഷണങ്ങളേയും പൊതുജനങ്ങളെ പറഞ്ഞുമനസ്സിലാക്കുന്നിനു നിവൃത്തിയുള്ളടത്തോളം ഫീൽഡിനെറൻറ് ഡെമൺസ്ട്രേറ്റർമാരെ നിയമിക്കേണ്ടകാര്യത്തിൽ ശ്രദ്ധചെലുത്തണമെന്നും ഞാൻ ഏകർഷിച്ചുകൊള്ളുന്നു. രണ്ടാമതായി ഞാൻ പറയാൻ പോകുന്നതു സംസ്ഥാനത്തെ ഉദ്യോഗവൈപുല്യത്തിനെപ്പറ്റിയാകുന്നു. ഈയിടെ കുന്നുകുഴിവിലസത്തിൽ ഈ രാജ്യത്തു കൊണ്ടുവന്നിട്ടുള്ള പാണ്ടിയിൽനിന്നും ഇവിടെ ഇറക്കുമതിചെയ്ത മാടുകളുണ്ട്. ഇതിനെ തടയുന്നതിനു ചെക്കോട്ടയിൽ ഒരു കാവൽസ്ഥലം ഏർപ്പെടുത്തേണ്ടതാണ്. ദോഷമായിതരുന്നുള്ള മാടുകളെ തിരുവിതാംകൂറിൽ കടത്തിവിടാൻ അവർ അനുവദിക്കയുമില്ല. ഈ വ്യവസ്ഥയെ അനുവർത്തിക്കുന്നതായാൽ കുന്നുകാലി വ്യവസായത്തെ ഒരുവിധം തടയാൻകഴിയും. ഈ പാർക്കുകളെപ്പറ്റിക്കൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. മാത്തൂരിക്കൽ (വൈക്കം): മി. രാമൻപിള്ള മുഖാന്തിരമായി ഉപക്ഷേപത്തെ ഞാനും അനുകൂലിക്കുന്നു. അനന്തപുരിസ്ഥലപരിക്ഷണത്തിനുനിന്നും ഈവിഷയത്തെപ്പറ്റി സംസാരിച്ച എന്റെ ചില സ്നേഹിതന്മാർ രാജ്യത്തിലെ കുടിയുടെ അഭിവൃദ്ധിക്കുവേണ്ടി ചെയ്യേണ്ട വേലകളുടെ മാതിരികളെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഞാൻ രണ്ടു നിർദ്ദേശങ്ങൾകൂടി കൃഷിഡയറക്ടരുടെ അടുക്കൽ നിവേദിച്ചുകൊള്ളുന്നു. ഒന്നാമതായി ഭൂമിയുടെ വിളവുശക്തി കുറഞ്ഞു വരുന്നതിനെപ്പറ്റിയാണ് ഞാൻ പറയാൻപോകുന്നതു. ഇതിനെപ്പറ്റി പരിഹാരങ്ങൾക്കായി വളങ്ങൾ വില കൂടാതെ വിതരണം ചെയ്യുന്നതിനു ഡയറക്ടർ ശ്രമിക്കുന്നു എന്നുള്ളതു സന്തോഷം തന്നെ. എന്നാൽ ഈ സമ്പ്രദായം എന്നത്തേക്കു അനുവർത്തിക്കുന്നതു എന്നുള്ളതു സംശയം തന്നെ. ഭൂമിയുടെ വിളവുശക്തിയെ പരിഹരിക്കുന്നതിനെപ്പറ്റി ഡയറക്ടരോടു എനിക്കു പറയാനുള്ള നിർദ്ദേശങ്ങളിൽ ചിലതു ഇവയാകുന്നു. ഗ്രാമശാസ്ത്രശാലകളും വർത്തിപ്പിക്കുക, കൃഷിപാഠശാലകളുടെയും മുഖ്യമായവയ്ക്കാരും പ്രധാനമായവയുണ്ടല്ലോ. വേറൊരുസംഘടിയെപ്പറ്റി എനിക്കുപറയാനുള്ളതു രാജ്യത്തിലെ കർഷകജനങ്ങളുടെ ദരിദ്രാവസ്ഥയെ പറ്റിയുള്ളതാണു. കൃഷിക്കാരൻ പണപ്പായ്മപ്രതിയുടെപിടിയിൽക്കിടന്നു വലയുന്നതിരുവിതാംകൂറിലെ കർഷകജനത്തിന്റെ ദരിദ്രാവസ്ഥക്കു പ്രസിദ്ധമായിതീർന്നിട്ടുണ്ടു. അവർക്കു പണത്തിനു മുഖാന്തരം അവർ കടംവാങ്ങിക്കുകയും പണ്ടിട്ടു അവർ കടംവീട്ടാൻകയുമിരിക്കുന്നു ഒടുവിൽ അവർ പാപ്പരായിത്തീരുന്നു. തിരുവിതാംകൂറിലെ കർഷകജനങ്ങൾക്കു എപ്പോഴെങ്കിലും ഒരുണർവുണ്ടാകുന്നതിനുള്ള കാരണം ഇതുതന്നെയാകുന്നു. പരസ്പരസഹായസംഘങ്ങൾക്കു കർഷകരെ സഹായിക്കാൻ കഴിയുമെന്നു ഞങ്ങൾക്കുവിശ്വസിച്ചിരുന്നു

ന്നു. എന്നാൽ ഇപ്രകാരം കണ്ടെടുത്തതോടുകൂടി പ്രസ്തുത സഹായസംഘങ്ങളുടെ പ്രവർത്തനം നടക്കുന്നതു തിരുവിതാംകൂറിലെ കർഷകജനസ്ഥിതിക്കു കാര്യമായിട്ടുള്ള അഭിവൃദ്ധിയുണ്ടായിട്ടുള്ളതായി കാണുന്നില്ല. ഇവയ്ക്കുസംഘങ്ങൾക്കു ദീർഘകാലത്തേക്കുള്ള കടങ്ങൾകൊടുപ്പാൻ സാധിക്കയില്ല. എന്നാൽ തിരുവിതാംകൂറിലെ കൃഷിക്കാരുടെ ആവശ്യമായിരിക്കുന്നതു ദീർഘകാലത്തേക്കുള്ള കടവാഗ്ദാനംചെയ്യുന്ന തിരുവിതാംകൂറിൽ ഇപ്രത്തുള്ളതുപോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനെസംബന്ധിച്ചു ഇപ്പോൾ ഇവിടത്തെ ഒരു ഡിപ്പാർട്ടുമെൻറുമേധാവി ചിലനിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നതോന്നുന്നു. തിരുവിതാംകൂറിലെ കൃഷിക്കാരുടെ മുമ്പിലുള്ള ഇപ്പോൾ ഒരു പ്രധാനമായ മാർഗ്ഗമെന്നുള്ളതാണു എൻറെ അഭിപ്രായം. ഇപ്പോൾ ഗവൺമെൻറു കൃഷിവായ്പകൾ കൊടുക്കുന്നുണ്ടു്. എന്നാൽ ഈ കൃഷിവായ്പകളെ സംബന്ധിച്ചുടലെടുത്തുള്ള എനിക്കു വളരെയധികം ഉണ്ടു. ഇവയ്ക്കുകടങ്ങൾ പലപ്പോഴും അതിഭീകരമായിട്ടുള്ള കൊടുക്കപ്പെടുന്നതു. ഈ ഗവൺമെൻറിനെ അഭിപ്രായപ്രകടനത്തെ ഒന്നും സംശയിക്കുന്നതല്ല. എന്നാൽ ഏതുവിധേനയെങ്കിലും കടം പണമടുപ്പിക്കുന്നതിനുള്ള ശരിയായി വിനിയോഗിക്കുന്നില്ല. അതുകൊണ്ടു ഉദ്ദിഷ്ടഫലവും സാധ്യമാകുന്നില്ല. അതിനാൽ ഗ്രസ്തുത വായ്പകൊടുപ്പിൻറെ തിരുവിതാംകൂറിൽ ഇടയുണ്ടാകുന്നതിനു വല്ല മാർഗ്ഗവും കണ്ടുപിടിക്കണമെന്നു ഞാൻ ഗവൺമെൻറിനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇതല്ലാതെ വേറൊരു പ്രധാനവിഷയത്തിലേക്കു ഞാൻ കൃഷിഡയറക്ടരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ഇപ്പോഴത്തതിലും ധനവ്യയം കുറഞ്ഞമാതിരിയിൽ വേലികെട്ടുന്നതിനുള്ള വല്ലവ്യവസ്ഥയും ഡയറക്ടർ ചെയ്യുകൊടുക്കുകയാകിൽ തിരുവിതാംകൂറിലെ കൃഷിക്കാർ ഡയറക്ടരോടു കടപ്പെട്ടതായിരിക്കുവാൻ ഇടയുണ്ടു. വേലികെട്ടുന്നസംഗതി പ്രത്യേകിച്ചും ഉത്തരതിരുവിതാംകൂറിൽ ഒരു വലിയപ്രശ്നമായിട്ടാണു കലാശിച്ചിരിക്കുന്നതു. വേലികെട്ടിനു ഉത്തരതിരുവിതാംകൂറിൽ ഞങ്ങൾ മുളയാണു ഉപയോഗിച്ചുവന്നിരുന്നതു. മുളകൾ ഇപ്പോൾ നശിച്ചുപോയതുനിമിത്തം വേലികെട്ടുന്നകാര്യം വിഷമമായിത്തീർന്നിട്ടുണ്ടു. അതിനാൽ ഇവിടെനിന്നും ഉത്തരതിരുവിതാംകൂർകാരുടെ മോചനപ്പെടുന്നതിനു ഡിപ്പാർട്ടുമെൻറുമേധാവികാരി ഏതെങ്കിലുമൊരുവ്യവസ്ഥ ചെയ്യേണ്ടതാകുന്നു ഈ വാക്കുകളോടുകൂടി ഞാൻ പ്രമേയത്തെ അനുക്കുലിച്ചുകൊള്ളുന്നു.

മി. എ. സി. കുര്യാക്കോസ് (ചീനച്ചൂൽ–മേഖലകളും): മി. സ്പീക്കർ, രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങുന്നു. അദ്ദേഹത്തിൻറെ ഉപക്ഷേപത്തിൽ പ്രതിപാദിക്കുന്ന സംഗതികളിൽ പ്രതിനോടും എനിക്കു വളരെ യോജിപ്പുണ്ടു. എന്നാൽ ഒരു അഭിപ്രായത്തോടു എനിക്കു വിപരീതപക്ഷമാണുള്ളതു. അനേകം ഡിപ്പാർട്ടുമെൻറുകളെ ഏകോപിപ്പിച്ചു വച്ചു ഭരണകൃത്യങ്ങൾ നടത്തേണ്ടതിൽ നടത്തേണ്ടപ്പെടുന്ന വ്യവസ്ഥചെയ്യുന്നതിൽ കാര്യക്ഷമതയുള്ള യോജിച്ചിരിക്കുമെന്നുള്ളതാണു ഈയഭിപ്രായം. അതേഅവസരത്തിൽ വേറൊരു സ്നേഹിതൻറെഅഭിപ്രായം കൃഷിഡിപ്പാർട്ടുമെൻറിൽ കൃഷിഡയറക്ടരുടെ ശ്രദ്ധ പരിപൂർണ്ണമായിട്ടു ഉണ്ടാകയിരിക്കുന്നില്ലെന്നാണു. അതുശരിയുമാണു. മണ്ണ്യുവ്യവസായംകൂടി കൃഷിഡിപ്പാർട്ടുമെൻറിൽ ഉൾപ്പെടുത്തുന്നതിനുശേഷം കൃഷിക്കാരുടെ ആവശ്യങ്ങളെ ശരിയായിഗ്രഹിക്കുവാനും വേണ്ടുപദേശങ്ങൾകൊടുക്കുന്നതിനു കൃഷിഡയറക്ടുടെ പ്രാപ്തിഇല്ലാതെവരുന്ന അവസ്ഥകൂടി ആലോചിക്കുമ്പോൾ എത്രയെന്നെ സമർത്ഥനായ ഒരു ഉദ്യോഗസ്ഥനായാലും ഒന്നിലധികം ജോലികൾ ഏല്പിച്ചാൽ എല്ലാംകൂടി നിർവ്വഹിക്കുന്നതിനു സാധിക്കാതെ വന്നേക്കുമെന്നുള്ളതിനു ലക്ഷ്യം ഈ ഡിപ്പാർട്ടുമെൻറിൽതന്നെ ഇപ്പോൾ കാണുന്നുണ്ടു. ഒന്നിലധികംജോലി നിർവഹിക്കേണ്ട ഒരു ഉദ്യോഗസ്ഥൻറെ ഒഴിവു ഒന്നിൽഅകപ്പെടുകിൽ മറെറാന്നിൽ മിക്കവാറും കുറഞ്ഞപക്ഷതിയുകയുള്ളു. ഈ ഡിപ്പാർട്ടുമെൻറു മോശമായി നടത്തിക്കൊണ്ടുപോകണമെന്നവിചാരം അദ്ദേഹത്തിനില്ല. മണ്ണു മീനച്ചൽ മുതലായസ്ഥലങ്ങളിൽ ധാരാളമായി സക്കുടുവരികയും കൂടി പരിശ്രമിക്കുന്നതിനുവേണ്ടി വളരെശ്രമിക്കുകയുംചെയ്തുവരുന്നു. എന്നാൽ അദ്ദേഹത്തിൻറെപ്രവൃത്തി അനഭ്രമമായി പർലമെൻറിൽ വരികയും അപ്രധാനങ്ങളായ ചോദ്യങ്ങൾക്കു മറുപടിയും ചെയ്യണമെന്നുള്ള വിചാരത്തോടുകൂടി ഡയറക്ടർ പ്രവർത്തിച്ചിരുന്നുവെങ്കിൽ അദ്ദേഹം മീനച്ചൽതാലൂക്കിൽ വേണ്ട പരീക്ഷണങ്ങൾ നടത്തുകയും അവിടെയുള്ള ജനങ്ങളെ കൃഷിഡിപ്പാർട്ടുമെൻറിനെസംബന്ധിച്ചു ധാരാളം മനസ്സിലാക്കുകയും ചെയ്യുകയും അതിൽ വിശ്വാസം ഉണ്ടാവുകയും ചെയ്യുമായിരുന്നു. കൃഷിഭൂസ്വത്തുസായംനിന്നു ചോദ്യത്തോടുകൂടി കൃഷിഡയറക്ടരുടെ ശ്രദ്ധ ഉത്തരതിരുവിതാംകൂറിൽ വളരെ കൂടുവായിരിക്കുന്നുഎന്നുള്ളതു ഒക്കെയും വളരെ മാത്രമേറിയുപരിയും ഒഴിവാൻതരമേൽ മുഴുവൻസമയവും തികച്ചില്ലെന്നുള്ളതു തെളിയുന്നുണ്ടു. അതുകൊണ്ടു ഞാൻ ഡിപ്പാർട്ടുമെൻറും ഒരേരാ ഡേപ്യൂട്ടിമാരിയുടെ കീഴിലും തന്നെ അയിരിക്കണമെന്നാണു എൻറെഅഭിപ്രായം. എന്നാൽ മണ്ണ്യുവ്യവസായകാര്യത്തിലെ ഒരുന്നം നിർവഹിക്കാൻ ഒരു അസിസ്റ്റൻറിനെ ചുമതലപ്പെട്ടുത്തിയതിനുപുറമേ കൃഷിഡയറക്ടർ ഓരോപ്രാവിശ്യവും ഓരോ ജില്ലകളിലും അതാതുസീസണിലുള്ള എക്സ്കർഷനുകൾ ഇങ്ങിനെയുള്ള സ്ഥലങ്ങളിലും അതാതുസമയങ്ങളിലും ചെയ്യുന്നതിനു ഉപദേശിച്ചു അതിലേക്കുള്ള വേണ്ട കാര്യപരിപാടികൾ ഇപ്പോഴുണ്ടാക്കിയാൽ കൂടുതൽനന്നായിരിക്കുമെന്നു കൃഷിഡയറക്ടരുടെ ശ്രദ്ധയിലേക്കു ഞാൻ ഇപ്പോൾതന്നെ ക്ഷണിക്കുന്നു. ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ച ഇതാളം മൈക്രോസ്കോപ്പിക്ക് ഇൻവെസ്റ്റിഗേഷൻ തീരെ ഇല്ലാതെയാണിരിക്കുന്നതു ഈ പ്രസ്താവനയെടുത്തുകാട്ടി മി. രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. കെ. മാധവൻ (നിയമനിർമ്മാണസഭാംഗങ്ങൾ): സർ, മി. രാമൻപിള്ളയുടെ ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ഈരാജ്യത്തിൻറെ അഭിവൃദ്ധിക്ക പ്രധാനമായുള്ള കൃഷിവർദ്ധനയുടെ ഈ സഭയിലുള്ള ഏകദേശം അറിയാവുന്നതാണു. ഈകൃഷിയെ അഭിവൃദ്ധിയാക്കുന്നതിനു ഈ കൃഷിഡിപ്പാർട്ടുമെൻറു ഏറ്റെടുത്തിയിട്ടുള്ളതോടുകൂടി ഒരു ഉത്തരവിഡിപ്പാർട്ടുമെൻറും ഉള്ളതായിട്ടില്ലാത്തതുകൊണ്ടു അതിനെ അറിയാം. തിരുവിതാംകൂറിനു നാണ്യനാട്ടിലെ കൃഷിക്കു പ്രധാനമായിട്ടുള്ളതും പറയുന്നതു മിതിയാകാത്തതുകൊണ്ടു പോയിപ്പോയ ഇടവേളയിലും ഏകദേശം ഇരുപതുലക്ഷത്തിലധികം രൂപയുടെ നാണ്യനാട്ടിൽ അധികവും ഉപയോഗിക്കുന്നതു. കൃഷിഡിപ്പാർട്ടുമെൻറിനും നാണ്യനാട്ടിലെ കൃഷിയുടെ അഭിവൃദ്ധിക്കായിട്ടു എന്തെല്ലാം ചെയ്തിട്ടുണ്ടെന്നു അറിഞ്ഞുകൂടാ. ഞാൻ ഒരു കൃഷിക്കാരനാണു. കൃഷിഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർ മുതലായവരോടു പല്ലതെല്ലാംപറഞ്ഞിട്ടുള്ള പല്ലതെല്ലാംതന്നെ കേട്ടിട്ടും ഇടയുണ്ടായോ ഞാൻചോദിച്ചു. അവർക്കൊന്നും മറുപടികാണുന്നില്ല. നാണ്യനാട്ടിലെകൃഷിക്കാർ പച്ചിലവളത്തെപ്പറ്റിയും കുണ്ടുവളത്തെപ്പറ്റിയും ഉപയോഗിച്ചുവരുന്നു. ഈവളത്തെക്കുറിച്ചു യാതൊരുപ്രയോജനവുമില്ല. ആദ്യമായുണ്ടാകുന്നിതലയസ്ഥലങ്ങളിൽനിന്നും കുന്നിൽ ശേഖരിച്ചുവരുന്ന ഉരങ്ങളെ നാണ്യനാട്ടുകാർ ഉപയോഗിക്കുന്നു. ഇതുപോലും നാട്ടിൽശേഖരിക്കുന്ന കുണ്ടുവളത്തെക്കാൾ വളരെ ഉപയോഗമുള്ളതായിരിക്കുന്നു. ഈവിധമുള്ള പ്രയോജനം

കത്തപ്പോഴും ഉടനൊട്ടിലുള്ള കൃഷിക്കാർക്ക് പറഞ്ഞുകൊടുത്തു മനസ്സിലാക്കുന്നില്ല. താമരക്കുളം പോലെ മുതലായപ കുതികളിലുള്ള നിലങ്ങൾ ഓരുവിലങ്ങളാകുന്നു. ഈ ഓരു നിലങ്ങൾക്ക കൃഷിഡിപ്പാർട്ടുമെൻറിൽനിന്നുംഎന്തു ഉതവിയാണു ചെയ്തുകൊടുക്കുന്നത്? അവർക്ക് യാതൊരുവിധത്തിലുള്ള സഹായവും ഈ ഡിപ്പാർട്ടുമെൻറ ചെയ്തുകൊടുക്കുന്നില്ലന്നു തീർച്ചയായി പറയുന്നു. അതുകൊണ്ടു ഈവക കാര്യങ്ങൾ ഈകൌൺസിലിൽ കൊണ്ടുവരാൻ ി ചാരിക്കുന്നു. നാഞ്ചനാട്ടിൽ ഉപ്പുവിസാരത്തിൽ മാത്രമാകൃഷിനിലങ്ങൾഉണ്ടു. ഈ നിലങ്ങളിൽ ധാരാളംവള മിടുന്നുണ്ടെങ്കിലു മറവുള്ളവർ കൃഷിചെയ്യുന്ന വരമാനംപോലെ മാത്രമേ ഇവിടെയും എണ്ണപ്പെടുന്നുള്ളു. മൻ കാലത്തു പയറാറുവരുള്ളം പാഞ്ഞുകൊണ്ടിരുന്നതിനിലങ്ങളിൽ പുഞ്ചരാറാന്നിന ഇരുപ്പോം ഇരുപത്തിരണ്ടുമാകുട്ടു നെല്ലു വിളഞ്ഞുകാണ്ടിരുന്നു. ഇപ്പോഴുള്ളകൃഷിയിൽ ൩-ം വ-ം ക ര—ംകോട്ട നെല്ലുതന്നെയും കിട്ടാൻ സാധി കുന്നില്ല. ഇതിനുള്ളകാരണം ഞങ്ങൾ അറിയാൻപാടില്ല. ഇപ്രകാരമുള്ളസ്ഥലങ്ങൾക്ക തക്കതായവളം ഇല്ലാ ഞ്ഞിട്ടുണോ? അങ്ങിനെയാണെങ്കിൽ അതിനുവേണ്ടുള്ള വളംകണ്ടുപിടിച്ചു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും സ്ഥല കൃഷിചെയ്യാൽ വളരെഉപയോഗമായിരിക്കും. കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിക്കാർക്ക കടംകൊടുക്കുന്നുണ്ടു. ഈ പണം മുഖ്യമായി കൃഷിക്കുക്കാണൊ കൊടുക്കുന്നതു എന്നു ഞാൻ സംശയിക്കുന്നു. ഇപ്രകാരം പണം വാ ങ്ങിക്കുന്നവർ അവരുടെ നിലങ്ങളെ മറവുള്ളവർക്ക പാട്ടംകൊടുക്കുന്നു. പാട്ടമേറവ കൃഷിചെയ്യുന്നവർക്ക കൃ ഷിവായ്പ കൊടുക്കയില്ല. കൃഷി ഉടമസ്ഥന്മാർക്ക കടംകൊടുക്കുന്നതിനാൽ യാതൊരു ഗുണവുമില്ലാ. തോ ടാളമുതലായസ്ഥലങ്ങളിൽ കൃഷിക്ക ധാരാളംസ്ഥലങ്ങൾ കിടപ്പുണ്ടു് ഈ സ്ഥലങ്ങൾ സാധുജനങ്ങൾക്കപ കതിച്ചുകൊടുത്താൽ വളരെ ഉപകാരമായിരിക്കും. ഉപയോഗവും ആയിരിക്കും. കൃഷിക്ക സ്ഥലങ്ങൾ ഇല്ലാ ത്തതുകൊണ്ടു സാധുജനങ്ങൾ മലകളിലുംമറ്റും പോയിതാമസിക്കുന്നു. ഫാറസ്റ്റ്ഡിപ്പാർട്ടുമെൻറിൽ ചതിപ്പു യിലങ്ങൾ യാരാളംഉണ്ടു്. തോവാളതാലൂക്കിൽ അനന്തപുരംപകുതിയിൽ പന്നിക്കഴിയിൽ അൻപതു ഏക്കർ തനെല്ലുകൃഷിചെയ്യാനും ഇരുന്നൂറിഅൻപതു ഏക്കർ വാഴേത്തലായവ കൃഷിചെയ്യാനും പാറിയതായി കിടപ്പുണ്ടു്. അപേക്ഷ സാധുജനങ്ങൾക്ക പതിച്ചുകൊടുത്താൽ വളരെ ഉപയോഗമായിരിക്കും. അനന്തപുരം പകുതിയിൽ മാങ്കോമലക്കാനും എന്ന സ്ഥലത്തു യാരാളംസ്ഥലങ്ങൾ കിടപ്പുണ്ടു്. അനന്തപുരംപകുതിയിൽ കോഴികിഞ്ചി വയൽ, മുള്ളുക്കഴിവയൽ, കവക്കടത്തിവയൽ മുതലായസ്ഥലങ്ങളിൽ കൃഷിക്ക വളരെ പാറിയതായി അഞ്ഞൂറേ ക്കറിനുമേൽ സ്ഥലങ്ങൾ കിടപ്പുണ്ടു്. ഇപ്രകാരം ധാരാളമായികിടക്കുന്ന കൃഷിയിലങ്ങളെ കണ്ടുപിടിച്ചു കൃഷിക്കായി ഉപയോഗപ്പെടുത്തിയാൽ നാഞ്ചിനാട്ടിൽ ധാരാളം നെല്ലുവിളയുകയും തിരുവിതാംകൂറിനു ആവശ്യ മുള്ളനെല്ലു ലഭ്യമാകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. നമ്മുടെ കൃഷിഡയറക്ടർ ഡാക്ടർ കുഞ്ഞൻപിള്ളയുടെ പാണ്ഡിത്യ വൈഭവപ്രകടനത്തെപ്പറ്റി എനിക്ക അതിയായ ബഹുമാനം ഉണ്ടെന്നു തുറന്നുമായി പറഞ്ഞുകൊള്ളുന്നു. എന്നാൽ പ്രായോഗികമായനിലയിൽ ഡിപ്പാർട്ടുമെൻറ പൊതുജനങ്ങളുടെമനസ്സിൽ സാമ്യമായ ഒരു മതിപ്പും ഉണ്ടായിക്കിട്ടിയില്ലന്നുള്ള അഭിപ്രായത്തിൽ ഞാൻ മിസ്റ്റർ രാമൻപിള്ളയുടേയും മി: കുഞ്ഞുക്കോസിൻറെയും അഭിപ്രായത്തോടു ചേരുന്നു. ഡിപ്പാർട്ടുമെൻറിനു ഉണ്ടായിട്ടു ള്ള വിഷമത താഴെപറയുന്നതാരണങ്ങൾകൊണ്ടാണെന്നു തോന്നുന്നു. അതായതു ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർമാർ പൊതുജ നങ്ങളുമായി ധാരാളം ഇടപെടുന്നതിനും ദേശസ്ഥിതികളെ മനസ്സിലാക്കുന്നതിനും ആവശ്യമുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും നടപ്പാക്കുന്നതിനും വേണ്ടിടത്തോളം താൽപ്പര്യം കണ്ടിക്കുന്നില്ലന്നുള്ളതുകൊണ്ടാകുന്നു. ഒരു കമ്മി റിയെ നിയമിക്കണമെന്നുള്ള മി: പാച്ചുപിള്ളയുടേയും സപ്ലൈ ഡിപ്പാർട്ടുമെൻറിലെ നിയമിക്കണമെന്നുള്ള മി: കേശവപിള്ളയുടേയും നിർദ്ദേശങ്ങളേയും മി: മുരിക്കൻറെ നിർദ്ദേശങ്ങളേയും പറ്റി എനിക്ക ഒരു വിപ രീതാഭിപ്രായവും പറയാനില്ല. എന്നാൽ എനിക്ക ഒരു ഒറ നിർദ്ദേശം അവതരിപ്പിക്കുന്നുണ്ടു്. അതായതു അതാതുജില്ലകളിലെ കളക്ടർമാരും പി. ഡബ്ലിയു. ഡി. ആഫീസരും പബ്ലിസിറ്റിസംഘം ഇൻസ്പെക്ടരുംചേർന്നതായ ഒരു കാർഷിക ബോർഡ് രൂപീകരിക്കുന്നതു ആശാസ്യമായിരിക്കുമെന്നുള്ളതുകൊണ്ടാകുന്നു.

മി: വി. ചെല്ലപ്പപിള്ള (തോവാള): ഈ ബോർഡുകളിൽ അനുഭവജ്ഞാനമുള്ള കർഷകന്മാർ അംഗങ്ങളായി വേണ്ടതല്ലേ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഈ നിർദ്ദേശത്തിനായിട്ടു ഞാൻ മെമ്പറോടു നന്ദി പറഞ്ഞുകൊള്ളുന്നു. മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്മാരെ കൂടാതെ ബോർഡിൽ നിയമസഭാമെമ്പർമാരും പ്രജാസ ഭാമെമ്പർമാരും കൂടി അംഗങ്ങളായിരിക്കണം.

മി: വി. ചെല്ലൻപിള്ള (തോവാള): കൃഷിക്കാരിൽതന്നെ ചില പ്രമാണികരും കൂടി മെമ്പർമാരായി ത്തന്നുകൂടെയോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ആകാം. ഞാൻ മേമ്പറിൻറെ നിർദ്ദേശത്തിനായി വീണ്ടും നന്ദിപറഞ്ഞുകൊള്ളുന്നു. എന്നാൽ എൻറെ അഭിപ്രായങ്ങളെ അടിസ്ഥാനം മുൻകൂട്ടി പറഞ്ഞുകൊള്ളുന്നു ണ്ടു്. കർഷകപ്രമാണികളേയും ബോർഡിൽ മെമ്പർമാരാക്കാം. ഇപ്രകാരമുള്ള ബോർഡുകൾ സ്ഥാപിക്ക ന്നതായാൽ കർഷകന്മാരുടെ അഭിവൃദ്ധിക്കുവേണ്ടി കൂടുതൽ പ്രയോജനകരമായ ജോലികൾചെയ്യാൻ അവരാൾ സാധ്യമാകുന്നതാണെന്നാണ് എൻറെ അഭിപ്രായം. ഈ നിർദ്ദേശത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ പിൻ താങ്ങിക്കൊള്ളുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഡാക്ടർ കുഞ്ഞൻപിള്ളയിൽ നമുക്ക ഒരു അതിസമർത്ഥ നായ കൃഷിഡയറക്ടർ ഉണ്ടെന്നുള്ള സംഗതി നിസ്സീമാനന്ദമുണ്ടു്. ഡിപ്പാർട്ടുമെൻറിനെ എതിർത്തു ഞങ്ങൾ എന്നു തന്നെ പറഞ്ഞാലും ഞങ്ങൾക്ക മനസ്സിലാക്കുവാൻ കഴിയാത്ത സാങ്കേതികപദങ്ങൾ അടങ്ങിയഎതിർപ്രസംഗങ്ങൾ കൊണ്ടോ ഞങ്ങൾ നിർദ്ദേശിക്കുന്നതിനെക്കാൾ കൂടുതൽ ചിലവുവരുന്ന പരിഹാര സ്വഭാവകരികൊണ്ടോ ഈ ദേഹത്തിനു ഞങ്ങളുടെ വായ്കരുതുകടക്കാൻ കഴിയും. തെങ്ങുരോഗത്തെസംബന്ധിച്ചു അദ്ദേഹം നിർദ്ദേശിച്ചി ട്ടുള്ള കൈകണ്ട ഔഷധം ഭിന്നപ്പെടിടിച്ചെടുത്ത മരങ്ങളെ തന്നേ കെട്ടിമുറിച്ചുകളയണമെന്നുള്ളതാകുന്നു. എന്നാൽ ഇതിൽ ഒരു വിഷയത്തിലും കൃഷിക്കാർ അതിയേക്ക വഴിപ്പെടുകയില്ലന്നുള്ളതാണ്. ഈ രോഗത്തിനു യാതൊരു കൈകണ്ടമരുന്നും കണ്ടുപിടിച്ചിട്ടില്ലെന്നു അദ്ദേഹംതന്നെ അഭിപ്രായപ്പെടുന്നതിൽ ഞാൻ

ൻ അദ്ദേഹത്തോട് നന്ദിപറഞ്ഞുകൊള്ളുന്നു. തീനംപിടിച്ചു മരങ്ങൾക്കു ശരിയായ വളങ്ങളിടുന്നതു രോഗവർദ്ധനയെ തടയുന്നതിനുള്ള അതിശൻറെ ജീവശക്തിയെ വർദ്ധിപ്പിച്ചാൽ രോഗത്തിനു ശമനമുണ്ടാകുമെന്നു അദ്ദേഹം നിർദ്ദേശിക്കുന്നു. ഇതിനായിട്ടു സാധുക്കളായ കർഷകന്മാർക്കു പണം ആവശ്യമാണ്. കൃഷിവസ്തുക്കൾ ഡിതരണംചെയ്യുന്നതിനു ഗവൺമെൻറു നിയമമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഈ ജോലി ഡിപ്പാർട്ടുമെൻറു കാരാണ് നടത്തുന്നതു്. ഈ അധികാരം കൃഷിഡിപ്പാർട്ടുമെൻറിനു കൊടുക്കുന്നതായാൽ അതു നന്നായിരിക്കും. എങ്ങനെന്നാൽ കൃഷിവസ്തുക്കൾ കൊടുക്കുന്നപക്ഷം ശരിയായി ഡിനിയോഗിക്കുമെന്നു എനിക്കു കൃഷിഡയറക്ടർക്കു തന്നെ കാണാൻ സാധിക്കുന്നതല്ല. കൃഷിസചന ഉദ്യോഗസ്ഥനായ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽനിന്നും എടുത്തു കൃഷിയുടെ മേൽനോട്ടത്തിനു പ്രത്യേകരായ കൃഷിഡിപ്പാർട്ടുമെൻറിലേക്കു കൊടുക്കുന്നതായാൽ ഈ ജോലി പൂർവ്വാധികം ഭംഗിയായി നടക്കുമെന്നു ഏഗ്രൻറ് സ്റ്റഫിതൻ മി: ഇട്ടപ്പ് ഇട്ടിച്ചൻ പറയുകയുണ്ടായി. കൃഷിസചനം കൃഷിയുടെ പരിചാരികയാണെന്നുള്ളതു സുപ്രസിദ്ധമാണല്ലൊ. അസുഖനിവൃത്തിക്കു കൃഷിസചന വേലയെ നിയന്ത്രിക്കുന്നതിനു ചെയ്യാവുന്നതായ ഡിപ്പാർട്ടുമെൻറു കൃഷിഡിപ്പാർട്ടുമെൻറുതന്നെയാണ്, അതല്ലാതെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറല്ല.

ലിഷ്കാലത്തേക്കുള്ള കുടിശ്ശിക കൊടുക്കുന്നതിനു വ്യവസ്ഥചെയ്താൽ അതു പാവപ്പെട്ട കൃഷിക്കാർക്കു ഒരുവലിയ തുക്കിമുട്ടുമായിത്തീരുമെന്നു മി: മാത്തൂരിക്കൻ പറഞ്ഞു. അതു ശരിയായ നിർദ്ദേശമാണ്, ഈ പിമ്പ് ശനങ്ങളോടുകൂടി ഞാൻ മി: രാമൻപിള്ളയുടെ ഉപന്യാസം പൂർത്തിയാക്കുന്നു.

മി: ഡി. പ്ലാൻസിസ് (നിയമിതൻ): കൃഷിഡയറക്ടർ വളരെ കൃഷിഞ്ഞു ജോലിചെയ്യുന്ന ഒരു ഉദ്യോഗസ്ഥനാകുന്നു. അദ്ദേഹം എവിടെ സഞ്ചരിച്ചപോഴും അവിടെയെല്ലാം ഓടിനടന്നു നിലങ്ങളേയും ഉദ്യാനപാലകരേയും മാതൃക കൃഷിത്തോട്ടങ്ങളേയും അദ്ദേഹം സന്ദർശിക്കുന്നുണ്ട്.

മി: വി. കൊച്ചുംപിള്ള (തോവാള): അദ്ദേഹം സന്ദർശിച്ച നിലങ്ങൾ ഏതെല്ലാമാണ്?

മി: ഡി. പ്ലാൻസിസ് (നിയമിതൻ): നിലങ്ങൾ ഏതെന്നു പറഞ്ഞാൽ ഇപ്പോഴിസരത്തിലെ നിലങ്ങളെ ഉദ്ദേശിക്കുന്നു.

മി: വി. കൊച്ചുംപിള്ള (തോവാള): അവിടെയുള്ള സർക്കാർവക പരീക്ഷണ കൃഷിനിലത്തിനെയോ നൊ മെംബർ ഉദ്ദേശിച്ചുപറയുന്നതു?

മി: ഡി. പ്ലാൻസിസ് (നിയമിതൻ): അതെ. ഡയറക്ടർ കൂടെക്കൂടെ ശുചികളും സന്ദർശിക്കുന്നു. കൂടാതെ കുടികരേയുംകൂടി അദ്ദേഹം നിലങ്ങളിൽ കൊണ്ടുപോകയും ചെയ്യുന്നുണ്ട്. ഈ അഭിപ്രായവ്യത്യാസത്തോടുകൂടി ഞാൻ ഉപന്യാസത്തെ പിൻതാങ്ങുന്നു.

അദ്ധ്യക്ഷനുമുഖം.

പ്രസിഡൻറ്. മിസ്റ്റർ കുഞ്ഞുണ്ണിനായർ: എനിക്കു ലഭിച്ചപ്രതിനിധികളിൽ കിളിയിട്ടില്ലാത്ത ഒരു റിപ്പോർട്ടു ഞാൻ വായിക്കാൻപോകുന്നു:

"സിലോണിനുസമീപം ഉണ്ടായ കൊടുംകോളിനെപ്രമിത്തം ൻ-ം ക ാ-ം തീയതികളിൽ കടൽകൊപിക്കയും തൽഫലമായി കടൽപ്പുറത്തിനുസമീപം ചേളി അടിഞ്ഞുകൂടുകയും ചെയ്തിരിക്കുന്നു സ്ഥിതികാരണം ഒരിവുണ്ടായിട്ടുണ്ടെന്നു. ഇന്നു കപ്പലുകാരും വരുന്നുണ്ടു് രണ്ടു കപ്പലിനു ബാംബെ സ്റ്റീമർകാരും (തീക്കപ്പലുകാരും) കപ്പൽച്ചാലിൽ ഇപ്പോഴുംതന്നെ കിടക്കുന്നു. ബ്രിട്ടീഷ് ഗവൺമെൻറിന്റെ തീക്കപ്പൽ ഇന്നു വന്നുപോകുന്നുണ്ടു്."

ഡിമാൻഡ് നമ്പർ ഫോർ.

(കൃഷിമത്സ്യവ്യവസായം).

മി. വി. കൊച്ചുംപിള്ള (തോവാള): നാഞ്ചിനാട്ടിലെ കൃഷിക്കാർക്കു ചെയ്യുകൊടുത്തിട്ടുള്ള സഹായത്തിനായിട്ടു ഞാൻ തുല്യമായി മി. കുഞ്ഞൻപിള്ളയോടു് നന്ദിപറഞ്ഞുകൊള്ളുന്നു. അദ്ദേഹം ഉപ്പുതിസരത്തിൽ ഒരു മാതൃകാകൃഷിസ്ഥലവും, നാഗർകോവിലിൽ ഒരു മൃഗരോഗവൈദ്യശാലയും ഈശാന്തിമംഗലത്തു ഒരു കലിവിളത്തൽസ്ഥലവും, കന്യാകുമാരിയിൽ ഒരു കാലനിരീക്ഷണാലയവും ഏർപ്പെടുത്തിയിട്ടുണ്ട്.

കൃഷിക്കു ആവശ്യമായ സംഗതികളും വളവും കന്നുകാലിയും മറ്റുണ്ട്. വളത്തെ സംബന്ധിച്ചിടത്തോളം കൃഷിഡയറക്ടർ നാഗർകോവിൽ ഒരു വളംഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്, ഈ ഡിപ്പോവിൽ ക ാൻസ്-ൽ ഒ ാ ാ രൂപാ വിലക്കുള്ള വളങ്ങളും വിറ്റിരുന്നു. ഇപ്പോൾ ഡിപ്പാർട്ടുമെൻറിനുള്ള വളത്തിൻറെ വിൽപനവരവുവില ഒ ാ ാ രൂപയായിക്കുറഞ്ഞിരിക്കുന്നു. അമ്മോണിയം സൾഫേറ്റ് (Ammonium Sulphate) സൂപ്പർഫോസ്ഫേറ്റ് ഓഫ് ലൈം (Superphosphate of lime) വിൽക്കുന്ന വ്യാപാരം ഇപ്പോൾ ഷാ വാലസ് ആൻഡ് കോ (Shaw Wallace & Co.) നടത്തിവരികയും അവർ പ്രതിവർഷം ഒ ,ാ ാ രൂപയ്ക്കു വിപ്പനകൂടി നടത്തുകയും ചെയ്യുന്നു. നാഗർകോവിൽ ഡിപ്പോവിലെ സർക്കാർവളം വിപ്പനകുറയുന്നതിനുള്ള കാരണം എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ.

ഉപ്പുതിസാരത്തു പരീക്ഷണത്തിൻകീഴിലുള്ള തോപ്പുറവിപ്പറയുന്നതുപോലെ, അവിടെ കഴിഞ്ഞ കഉ-കന സംവത്സരങ്ങളിലായി ചില പരീക്ഷണജോലികൾ നടത്തിവന്നുണ്ട്. ഈ പരീക്ഷണജോലികൾ നാഞ്ചിനാട്ടിലെ കൃഷിക്കാർക്കു എത്രയോളം പ്രയോജനകരമായി ഭവിച്ചിട്ടുണ്ടെന്നു ഇതിയും പ്രകടമാകയാവശ്യമായിരിക്കുന്നു. കൃഷിഡിപ്പാർട്ടുമെൻറിൻറെ ക ാ ഉ-ാമ ആണ്ടറിപ്പോർട്ടിൽ ക ഉ-ാമ ആണ്ടുവരെയുള്ള പ്രവർത്തനങ്ങൾ ഇതിയും പ്രകടമായിരിക്കുന്നതായിരിക്കുന്നു.

പുതിയമാതിരിയുള്ള കൃഷികളും പരിഷ്കൃതരീതിയിലുള്ള വിത്തുകളും വളങ്ങളും കൃഷിയുപകരണങ്ങളും, പ്രസ്തുതിക്കുറവിനനുസരണമായുള്ള പരീക്ഷണങ്ങളും നടത്തിയശേഷമേ, കൃഷിക്കാർ സ്വീകരിക്കണമെന്നു ആവശ്യപ്പെടാൻ പാടുള്ളൂ. ഇതു കേവലംപരീക്ഷണവേലകളാണ്. ഇവ ഗവൺമെൻറുവക കൃഷിത്തോട്ടങ്ങളിൽത്തന്നെ നടത്തുകയും വേണം. പരീക്ഷണങ്ങൾ ഫലവത്തായി പരിണമിക്കുന്നപക്ഷം മാതൃകാകൃഷിരീതികളും കൃഷിക്കാർക്കു മനസ്സിലാക്കികൊടുക്കണം. അതുകൊണ്ടു പരീക്ഷണങ്ങൾ ഏന്നപോലെ മാതൃകാകൃഷികളും (ഉപവാദനങ്ങൾ) ഗവൺമെൻറുവക കൃഷിസ്ഥലങ്ങളിൽ നടത്തിവന്നു. എന്നാൽ അവ കൃഷിക്കാരിൽ വേണ്ട വിശ്വാസം ജനിപ്പിച്ചില്ല. ഗവൺമെൻറുവക കൃഷിസ്ഥലങ്ങളിൽ നല്ല മേനിയിലുള്ള വിളവുകിട്ടിയാൽ അതു ഡിപ്പാർട്ടുമെൻറിൽനിന്നും ഇട്ട വിലയേറിയ വളങ്ങളുടെ ഫലമാണ് എന്നു പറയുന്നതു പതിവാണ്. അപ്രകാരമുള്ള കൃഷികളുടെ നിലയെപ്പറ്റി ജനങ്ങൾക്കു ബോധ്യംവരികയുമില്ല. അതിനാൽ ഇൻഡ്യാ അകമാനവും കൃഷിഡി

പ്പാട്ടുകാരുടെയും ഗവണ്മെന്റ് സ്ഥലങ്ങളിൽ മാതൃകാകൃഷികളും നടത്തുന്ന സമ്പ്രദായം പ്രയോജന നിർഭരമാക്കിയിരിക്കയാണല്ലോ. ഇപ്പോൾ അവർ മാതൃകാകൃഷികളും കൂടികളുടെ കൃഷിസ്ഥലങ്ങളിൽ തന്നെ ചെയ്യുകുണ്ടിക്കുന്നു. ഡിപ്പാർട്ടുമെന്റ് സ്ഥാപിച്ച കാരണമുണ്ടാക്കേ ഈ സമ്പ്രദായമാണ് തിരുവിതാംകൂറിൽ അനുവർത്തിച്ചുവരുന്നത്.

"ഒരുകാലത്തു മാതൃകാകൃഷികളും, പരീക്ഷണവേലകളും എന്നപോലെ, ഗവണ്മെന്റുകൾ കൃഷിസ്ഥലങ്ങളിൽ നടത്തിവന്നു" എന്ന മിഴുങ്ങിയിട്ടുള്ളതും ഈ ഒടുവിൽപ്പറഞ്ഞ വാചകവും തമ്മിൽ എങ്ങിനെ യോജിക്കുന്നു.

കഴിഞ്ഞ കൊ—ക്രസ. നം. പ്രസംഗങ്ങളായി ഉപവാദനജോലികളും (മാതൃകാകൃഷികളും) കൂടികളുവക ഭൂമികളിൽ ചെയ്യുവാനിരുന്ന എന്ന ഡയറക്ടർ പറകയുണ്ടായല്ലോ. അതിൽ മിനഞ്ഞം കൂടികളുടെ ഇപ്പോഴത്തെയുണ്ടായ ഗുണങ്ങൾ എന്തെല്ലാമാണ്? ഈ സംഗതിയെപ്പറ്റിയാണ് ആലോചിക്കാനുള്ളതു്. ഏല്ലാസ്ഥലങ്ങളിലും (ഞാൻ പറയുന്നതു ശരിയല്ലെന്നാണോ നിങ്ങൾ പറയുന്നതു്. എനിക്കു പ്രത്യക്ഷ അനുഭവവും ഉണ്ടു്) മാതൃകാകൃഷികളും നടത്തുന്നതിലധികമായി വളങ്ങൾ കൊടുക്കുവാൻ അയൽ കൃഷിക്കാർക്കുതന്നെ ഉപദേശിക്കുവാൻ പ്രേരിപ്പിക്കുവാനും ആണ ചെയ്യുവരുന്നതു്. ഇതുകഴിഞ്ഞു് ഒരു അഞ്ചുവർഷം കഴിയുമ്പോൾ കൃഷിക്കാരോടു് ഒരു റിപ്പോർട്ടു് ആവശ്യപ്പെടുകയും ആ റിപ്പോർട്ട് ഗവണ്മെന്റ് ശാസനയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കൃഷിക്കാരുടെ ഭൂമിയിൽ ഇപ്രകാരമുള്ള ഉപവാദനങ്ങൾകൊണ്ടു് എന്തു ഗുണമാണ് ഉള്ളതു്? ഒരുവർഷം വളംകൊടുക്കുകയും അതു പോയിച്ചുപോയാൽ ഉപയോഗിച്ചുകൊള്ളാൻ വിടുകയും ചെയ്യുന്നു. പിന്നീടു് അഞ്ചുമാസം കഴിയുമ്പോഴാണു് റിപ്പോർട്ടു് ആവശ്യപ്പെടുന്നതു്. ഇപ്രകാരമുള്ള ഉപവാദനങ്ങളും ആകൃഷ്ടപരിശ്രമമായി ഇരുന്നിരുന്ന ഒരു സംഗതിയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. നാഞ്ചിനാട്ടിനെപ്പറ്റി എനിക്കു അറിയാവുന്നിടത്തോളം അവിടെ ഒരു ഒറ്റ ഉപവാദനവും വിജയപ്രദമായിത്തീർന്നിട്ടുണ്ടെന്നു കാണാൻ കഴിഞ്ഞിട്ടില്ല. വിജയപ്രദമായ ഒരൊറ്റ മാതൃകാകൃഷിയും നടത്തിയിട്ടുണ്ടെങ്കിൽ കർഷകജനങ്ങളും അതിനെ ശിരസാവഹിച്ചു അയൽ ഭൂമികളിൽ അപ്രകാരമുള്ള കൃഷിസമ്പ്രദായത്തെ അവർ അനുകരിക്കുമായിരുന്നു എന്നുള്ളതു സിദ്ധമാണ്. അവിടുത്തെ കാലാവസ്ഥയും കിട്ടിയിരുന്നതിനേക്കാൾ കൂടുതലായി ഒരേക്കറ്റ നെല്ലുപോലും അധികമായി ഏഴിഴപറ നെല്ലുതന്നെയും കൃഷിക്കാർക്കു ഇപ്പോഴും കിട്ടൻ കഴിഞ്ഞിട്ടില്ലെന്ന ഒരുവിധം നിശ്ചയമായി എനിക്കു പറയാൻ കഴിയും. നാഞ്ചിനാട്ടിൽ ഉപവാദനജോലികളും അതായതു മാതൃകാകൃഷികളും നടത്തിക്കാണിക്കുന്നതു ഇപ്രകാരമാകുന്നു. ഡാക്ടർ കുരുവിപിള്ളയാൽ കഴിയുന്നതെല്ലാം അദ്ദേഹം ശ്രമിക്കുന്നുണ്ടെന്നിരിക്കട്ടെ. എന്നാൽ ഇദ്ദേഹം ചെയ്തുമായി കൃഷിക്കാർക്കു പ്രയോജനകരമായവിധത്തിൽ യാതൊരു മാതൃകാകൃഷിയും വിജയപ്രദമായി അദ്ദേഹം ചെയ്തുകാണിച്ചിട്ടില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാർ ഉപവാദനജോലി ശരിയായി നടത്തിയിട്ടില്ലെന്നു എങ്കിലും പറയാതെ തരമില്ല.

മി. ഡി. സി. ജോസഫ് (അമ്പലപ്പുഴ) : കൃഷിക്കാർ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അനുവർത്തിച്ചില്ലെങ്കിലോ ?

മി. ഡി. ചെല്ലപ്പിള്ള (തോവാള) : അതു ശരിയായിരിക്കാം എന്നാൽ അതു അവരുടെ ദാരിദ്ര്യംകൊണ്ടാണെന്നു നമുക്ക് അറിയാം. എങ്കിലും, ശാസ്ത്രീയരീതികളും അനുവർത്തിച്ചാൽ വിളവു വർദ്ധിക്കുമെന്നു മാതൃകാകൃഷിചെയ്തു കാണിച്ചുകൊടുക്കുന്നപക്ഷം ആ ഉപദേശങ്ങൾ വിശേഷബുദ്ധിയുള്ള ഭൂരിഭാഗം കൃഷിക്കാരനും തള്ളിക്കളകയില്ലെന്നുള്ളതു നിശ്ചയമാണ്. ഇതിലേക്കു ഒരു ഓദാസീന്യമായി അനുവർത്തിക്കുന്നതു പരിഷ്കൃത രീതിയുടെ ഗുണമായ കൃഷിക്കാരനെ പറഞ്ഞു മനസ്സിലാക്കുന്നതിലധികമായി ഒന്നുമല്ലെന്നുള്ളതു മാത്രമാണ്.

മി. കെ. മാധവൻ (നിയമനിർമ്മാണം) : *ഗാന്ധി ജയന്തി ദിവസം 1000, 2000 മരങ്ങൾ വെച്ചുപിടിപ്പിച്ചതായി പ്രസ്താവിച്ചിരുന്നു. അതിന്റെ പരിണാമം എന്തായിത്തീർന്നു എന്നു അറിയുവാൻ ആഗ്രഹമുണ്ടു്.*

മി. ഡി. ചെല്ലപ്പിള്ള (തോവാള) : അതു ഇന്നസംഗതി ഞാൻ കുറച്ചുമുമ്പേ പറഞ്ഞു. ഞാൻ കൗൺസിലിൽ ഇതുകൊണ്ടു നിർവ്വഹിക്കുന്നതായി സ്പഷ്ടമായ ഒന്നും ഈ സംഗതിയിൽ ചെയ്തിട്ടില്ല.

വളരുന്നതന്വേഷിച്ചു പറയുകയാണെങ്കിൽ ആയക്കെട്ടുഭൂമികളുടെ അവശ്യത്തിനു ഉതകിയിരുന്ന വൃക്ഷങ്ങൾ എല്ലാം മുറിച്ചുകളഞ്ഞു എന്നു ഞാൻ മുമ്പു പറഞ്ഞുവല്ലോ.

കൂടുതലായി എനിക്കു പറയാനുള്ളതു ഇതാണ്. നാഞ്ചനാട്ടു ഇപ്പോൾ നടത്തിവരുന്ന മാതൃകാകൃഷികളുടെ സമ്പ്രദായങ്ങൾ ഭൂരിഭാഗം മാറ്റേണ്ടതു് അത്യാവശ്യമാകുന്നു കൃഷിയുടെ അഭിവൃദ്ധിക്കായിട്ടു്, നാഞ്ചനാട്ടിലെ കൃഷിക്കു അത്യാവശ്യമുള്ള അഭിവൃദ്ധിമാർഗ്ഗങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു് ഒരു കമ്മിറ്റി ഏർപ്പെടുത്തണം. ഇപ്രകാരം ഏർപ്പെടുത്തുന്ന കമ്മറ്റി കൃഷിയാക്കുക അദ്ദേഹത്തിന്റെ കോഓപ്പറേറ്റീവ് സംബന്ധിച്ചിടത്തോളം വളരെ ഉപയോഗപ്രദമായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഉച്ചകഴിഞ്ഞു കമ്മറ്റി സഭ പിരിയുകയും വീണ്ടും കൂടുകയും ചെയ്തു.

റവന്യൂസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായാധ്യക്ഷൻ): സർ, ഈ ഉപക്ഷേപസംബന്ധിച്ചുണ്ടായ തിരുവനന്തപുരത്തിൽ അനവധി കാര്യങ്ങൾ കൊണ്ടുവരപ്പെട്ടിട്ടുണ്ട് അവയിൽപലതിനും എനിക്കു മറുപടിപറയേണ്ടതായിട്ടില്ല. എന്നാൽ ചിലസംഗതികളെ സംബന്ധിച്ചു ഒരു സമാധാനമോ, പ്രകാശനമോ ആവശ്യമായിരിക്കുന്നുണ്ട്. ഒന്നാമതായി ഞാൻ രാജ്യത്തിന്റെ അന്തർഭാഗങ്ങളിൽ എങ്ങും സഞ്ചരിക്കുന്നില്ലെന്ന ഉപക്ഷേപം അവതരിപ്പിച്ചു മി. രാമൻപിള്ള പറകയുണ്ടായി, മൂന്നു ചെയ്തിരുന്നുമാത്രമേ സർക്കുലേഷൻ ഇപ്പോൾ ചെയ്യാൻ സാധിക്കുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. അതിലേക്കു ന്യായമായ കാരണമുണ്ടു്. പരിക്ഷീണിച്ച നിയമസഭയുടെ ആവിർഭാവത്തിനുശേഷം നിയമസഭാസംബന്ധമായും അതുകൂടാതെ പ്രജാസമ്പർക്കസംബന്ധിച്ചും ഡിപ്പാർട്ടുമെന്റ് മേധാവികളിൽ ചെയ്യാനുള്ള ജോലിക്കുറവുണ്ടെന്നു മനസ്സിലാക്കുന്നതുകൊണ്ടാണ് ഞാൻ അവധിയെടുത്തതു. ഡിപ്പാർട്ടുമെന്റ് മേധാവികളിൽ ഒരുസമയത്തുതന്നെ രണ്ടിടങ്ങളിൽ സംബന്ധിക്കാനുള്ളതിനപുറമെ ഹജൂരിൽനിന്നും "അടിയന്തരം" വളരെ അടിയന്തരം അത്യാവശ്യം "ഉടനടി മറുപടികിട്ടേണ്ടയു" എന്ന മാർക്കുചെയ്തു എഴുതിവരുന്ന ചോദ്യങ്ങൾക്കു മറുപടി തയ്യാറാക്കുന്നതിനായിട്ടു ഓരോ യോത്തിനും പിൽക്കാലം ഒരാഴ്ചക്കുമുമ്പു അവർ ഹെഡ്കാർട്ടറിൽ ഹാജരാകേണ്ടതുമുണ്ടു്. ഒരു ഉദ്യോഗകണക്കുപ്രകാരം മേൽപറഞ്ഞ ജോലികൾക്കായി ആണ്ടിൽ മൂന്നുമാസം ഹെഡ്കാർട്ടറിൽ താമസിക്കേ

ണിവരുന്നു. ബാക്കിയുള്ള ഭൂമിയുടെ മാഹാത്മ്യത്തിനുള്ളിൽ ഞാൻ ഫസൽ മുതൽ ഫസൽ വരെ ദിവസങ്ങളും സഞ്ചരിച്ചിട്ടുണ്ട്. എല്ലാ ആഴ്ചയിലും രാജ്യത്തിന്റെ ഓരോ ഭാഗങ്ങളിൽ ഞാൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഞാൻ സഞ്ചരിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ സന്തോഷിക്കുന്നില്ല. എന്നാൽ മാത്രമേ കൃഷിയെ നടപ്പുള്ള സ്ഥലങ്ങളും സന്ദർശിക്കുന്നതും മാത്രമേ കൃഷിചെയ്യുന്ന ഭൂമികളും പരിശോധിക്കുന്നതും ഞാൻ എന്റെ ഒരു നിയമകൃത്യമായി വച്ചിട്ടുണ്ട്. മി. ചെല്ലംപിള്ളയോട് എനിക്കുള്ള ബഹുമാനത്തിനു യാതൊരു കുറവും വരാതെ ഞാൻ ഒരു സംഗതി പറഞ്ഞുകൊള്ളട്ടെ. ഈ വക മാത്രകൃഷിയും ചെയ്യുകാണിക്കുന്നതു ചെല്ലംപിള്ളയുടെ ഉത്തിക്രമമായിരിക്കുന്നിടുകിലും അവ എല്ലാം എന്റെ ഉദ്ദിഷ്ടാനുസരിച്ചു ശരിയാണു നടത്തപ്പെട്ടുന്നതുണ്ട്. ഡെമോൺസ്ട്രേഷൻ ഭൂമികളും ഞാൻ പരിശോധിക്കുമ്പോൾ സമീപസ്ഥരായ കൃഷിക്കാരെ വിളിച്ചുവരുത്തി അവരിൽനിന്നു ഗുണങ്ങളും പോരായ്മകളും മനസ്സിലാക്കികൊടുക്കുന്നതു എന്റെ ഒരു നിർബന്ധിതമായ പരിപാടിയാക്കിവച്ചിട്ടുണ്ട്. കഴിഞ്ഞതവണ കാലത്തിൽ ഞാൻ കോതമംഗലത്തുപോയിരുന്നു. ആസ്ഥലത്തെപ്പറ്റി സഭയിലെ മെമ്പർമാർക്കു കിടക്കപ്പെടം പരിചയത്തിനു ഇടയുണ്ടെല്ലാ. അവിടെ നെൽകൃഷിസംബന്ധമായി ഒരു സാമ്പായ ഡെമോൺസ്ട്രേഷൻ (ഉംപാടാം) നടത്തുന്നുണ്ട്. ഈ ഭൂമിയുടെ ഉടമസ്ഥനു ഡെമോൺസ്ട്രേഷന്റെ ഫലങ്ങൾകൊണ്ടു വളരെ തൃപ്തിവന്നിട്ടുള്ളതായി അദ്ദേഹം എന്നോടു പറഞ്ഞു. ഇതെന്നാണ് ഡിപ്പാർട്ടുമെന്റിൽനിന്നും കൃഷിചെയ്തു നിലനിൽക്കുന്ന വിളവു സാധാരണരീതിയിൽ കൃഷിചെയ്യപ്പെട്ട അയൽനിലങ്ങളിലെയതിനേക്കാൾ വളരെ മെച്ചമായിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): കടുക്കരനടത്തിയ ഡെമോൺസ്ട്രേഷൻസകളുടെ എണ്ണം എത്രയാണെന്നു ഡയറക്ടർ സഭയെ പറയുമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): എത്രയാണെന്നതു തിയ്യതി പോലില്ല. വിവരം വാർഷികറിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഈ സ്ഥലങ്ങളിൽ അദ്ദേഹം സന്ദർശിക്കയെങ്കിലും ചെയ്തിട്ടുണ്ടോ എന്നു മെമ്പർ സഭയെ പറയുമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): ഡെമോൺസ്ട്രേഷൻ നടത്തുന്ന എല്ലാസ്ഥലങ്ങളും ഞാൻ സന്ദർശിച്ചിട്ടുണ്ടെന്നു പറയുന്നില്ല. ഞാൻ ഒരിടത്തുചെന്നാൽ അവിടത്തെ ഡെമോൺസ്ട്രേഷൻഭൂമികളും നിവൃത്തിയുള്ളിടത്തോളം സന്ദർശിക്കുന്നുള്ളതു ഞാൻ നിർബന്ധിതമാക്കിവച്ചിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള), തോവാളതാലൂക്കു മെമ്പർ ഒരിക്കൽ എങ്കിലും സന്ദർശിച്ചിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): ഉണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): അദ്ദേഹം മിക്കതവണയും ഡെമോൺസ്ട്രേഷൻ ഭൂമികൾ കണ്ടിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): തോവാളതാലൂക്കിൽ എത്രയോ വളരെ ഡെമോൺസ്ട്രേഷൻ ഭൂമികൾ ഞാൻ പരിശോധിച്ചിട്ടുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): കടുക്കരയിലെ പഴയ മാത്രകൃഷിസ്ഥലങ്ങളും നോക്കിയിട്ടുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): ഞാൻ ഒന്നാമതായി തന്നെ പോയി. കടുക്കരമെമ്പറുടെ മെമ്പർ പ്രൗത്യത്തെപ്പറ്റി പറയുന്നതിന്റെ ഉദ്ദേശം എനിക്കു മനസ്സിലാകുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അദ്ദേഹം അവിടെവന്നിട്ടുള്ള എനിക്കു സാമാന്യം നല്ലപോലെ അറിയാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): മെമ്പർ പറയുന്നതിനു പരമാർത്ഥത്തെപ്പറ്റി ഞാൻ ചോദ്യംചെയ്യുന്നതു മാത്രകൃഷിനടത്തുന്ന ഏല്ലാ നിലങ്ങളും കൊണ്ടായിരുന്നതെ പരിശോധിക്കാൻ സാധിക്കുന്നതല്ല. ഞാൻ മുമ്പേപറഞ്ഞതുപോലെ ഞാൻ ഏതുതരത്തിലും ഒരു സ്ഥലം സന്ദർശിക്കുമ്പോൾ മാത്രകൃഷിയും പരിശോധിക്കുന്നതു ഒരു നിയമമാക്കിവച്ചിട്ടുണ്ട്. കഴിഞ്ഞപ്രാവശ്യം ഞാൻ കോതമംഗലത്തുപോയപ്പോൾ ജില്ലാധികൃതന്മാരുടെ കൃഷിക്കാരെ ഞാൻ കണ്ടതുകൂടാതെ തഹശീൽദാരുടെ സഹായത്തോടുകൂടി ഞാൻ ഒരു മേളം വിളിച്ചുകൂട്ടുകയുംചെയ്തു. ആ യോഗത്തിൽവച്ചു ഞാൻ കോതമംഗലത്തും മറ്റുസ്ഥലങ്ങളിലും നടത്തുന്ന ഡെമോൺസ്ട്രേഷനുകളുടെ ഫലങ്ങളെപ്പറ്റിപറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. എന്നു മാത്രമല്ലാ ശാസ്ത്രീയമായ കൃഷിയുടെ ഗുണങ്ങളെപ്പറ്റിയും അവർ തൃപ്തിപ്പെട്ടതായി എനിക്കു ബോധ്യമാകുംവണ്ണം ചെയ്തിട്ടുണ്ട്. ഈ ഡെമോൺസ്ട്രേഷൻസിനെ കുറിച്ചുള്ള അതിശയോക്തിയുടെ ഫലങ്ങളെപ്പറ്റിയും മനസ്സിലാക്കുവാൻ മാത്രം മില്ലാത്തവരായും അപൂർവ്വം ചിലരുണ്ടായിരുന്നു. അങ്ങിനെയുള്ളവരാണ് ഡെമോൺസ്ട്രേഷൻസ് ശരിയായരീതിയിൽ നടത്തുന്നില്ല പ്രായേണ കുറ്റംപറയുന്നവർ.

കോട്ടയത്തു ഡെമോൺസ്ട്രേഷൻസ് ഒന്നും നടത്തുന്നില്ലെന്നുള്ളതു മിസ്റ്റർ രാമൻപിള്ള പറയുന്നതായി ഇതു ശരിയല്ല. കോട്ടയത്തിനടുത്തു നാട്ടകത്തു ഡെമോസ്ട്രേഷൻസ് നടത്തുന്നുണ്ട്. മിസ്റ്റർ രാമൻപിള്ള തിരിയെ കോട്ടയത്തുചെല്ലുമ്പോൾ ഈവക മാത്രകൃഷിചെയ്യുന്ന സ്ഥലങ്ങളിൽ അദ്ദേഹത്തിനുള്ള കൈവേലപോയി അവിടെ കൃഷിയിട്ടുള്ള കൃഷിക്കാരെ അദ്ദേഹത്തെകാണിക്കാൻ ഞാൻ ഇൻസ്പെക്ടരോടു ആവശ്യപ്പെടാം. കരിമ്പുകൃഷിയെസംബന്ധിച്ചും കോട്ടയത്തിനടുത്തു ഒരു ഡെമോൺസ്ട്രേഷൻ നടത്തിവരുന്നുണ്ട്. കോട്ടയത്തുനടത്തുന്ന ഡെമോൺസ്ട്രേഷൻസുകളുടെ സംഖ്യ നാം ആശിക്കുന്നിടത്തോളം അത്രയധികമല്ലെന്നുവരാം. പക്ഷേ അതു ഞാൻ മുമ്പേ പറഞ്ഞതുപോലെ കണക്കറവുനിമിത്തമാണ്.

ഡയറക്ടർ പടിഞ്ഞാത്തുള്ളതെങ്ങളിൽ പരിചിതിതമായതുകൊണ്ടു പടിഞ്ഞാത്തുസ്ഥലായങ്ങളെ മുൻതൂക്കപ്പെടുത്തുന്നതെന്നു ശങ്കിക്കുന്നതായി മിസ്റ്റർ ഇട്ടീച്ചൻ വിചാരിക്കുന്നതായി തോന്നുന്നു. എന്നാൽ ഞാൻ അങ്ങിനെചെയ്യുന്നില്ല. ഇംഗ്ലണ്ടിൽ നിലംഉഴുന്നതു കുതിരകൾ ഉപയോഗിച്ചുള്ള വിചാരിയ ഇരിമ്പുകലപ്പകൊണ്ടാണ്. അപ്പുകാരമുള്ള കലപ്പ ഉപയോഗിക്കണമെന്നു ഞാൻ പറഞ്ഞിട്ടില്ല. അതുപോലെതന്നെ കുതിരകളെ പാടുന്നതു

മെന്നും ഞാൻ ശഠിക്കുന്നില്ല. പാശ്ചാത്യസമ്പ്രദായങ്ങളെ നമ്മുടെ ദേശസ്ഥിതികൾക്കു അനുരൂപമായവിധത്തിൽ അംഗീകരിക്കയാണു ഞാൻ ചെയ്യുവാൻപോകുന്നതു. ഏഴുനേമുമുതൽ ൧൦൦–൦ ൧൦൦–൯ രൂപാ വിലപിടിക്കുന്ന ഇരുമ്പുകലപ്പവാങ്ങാൻ ഞാൻ പറഞ്ഞിട്ടില്ല. നേരെമറിച്ചു ൩൦ ൪൦ രൂപായും അതിൽകൂടുതലും വിലയുള്ള ഇരുമ്പുകലപ്പവാങ്ങാനാണു ഞാൻ ഉപദേശിക്കുന്നതു. മാവേലിക്കരതാലൂക്കിൽചേർന്ന പള്ളിക്കൽ എന്ന സ്ഥലത്തു നാട്ടുകാർപ്പന്മാർ വിലകുറഞ്ഞ ഇരുമ്പുകലപ്പകൾ ഉണ്ടാക്കി ൧൫ ഇരുപതുറാ കണക്കിനു കൃഷിക്കാർക്കു വിറ്റുവരുന്നു. കഴിഞ്ഞ ഓച്ചിറ പ്രദർശനത്തിൽ ഫാഗ്ഗിഷ്കലപ്പകളായിട്ടു യാതൊന്നു വ്യത്യാസവുമില്ലാത്തവിധത്തിൽ ഉണ്ടാക്കിച്ചതും എനിക്കു അറിയാം. ഞാനും കുറഞ്ഞതും വിലകുറഞ്ഞതുമായ പലതരംകലപ്പകളും പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു.

തിരുവിതാംകൂറിലെ വിവിധപ്രദേശങ്ങളിലുള്ള വ്യത്യാസം എനിക്കു അറിഞ്ഞുകൂടാ എന്നും മിസ്റ്റർ ഇട്ടിച്ചൻപറഞ്ഞു. ഈ വക വ്യത്യാസങ്ങളെപ്പറ്റി എനിക്കു വല്ലപ്പോഴെ അറിയാം. ഒഴുന്തയായിട്ടു തിരുവനന്തപുരത്തെ ദേശസ്ഥിതിയിലും പെരുമ്പാവൂരിലെയോ നാഗർകോവിലിലെയോ ദേശസ്ഥിതികളിൽനിന്നും വ്യത്യസ്തപ്പെട്ട ചിലതരം ഏർപ്പാടുകൾ എനിക്കു അറിയാം. അതുകൊണ്ടു ഭരാപ്രദേശങ്ങളെക്കുറിച്ചുള്ള അനുഭവമല്ലാത്തവിധത്തിലുള്ള കലപ്പകളും കൃഷിസമ്പ്രദായങ്ങളും സ്വീകരിക്കണമെന്നു ഞാൻ വാദിക്കുന്നില്ല. വല്ല പ്രത്യേകതരത്തിലുള്ള കലപ്പയോ പ്രത്യേകവിധമായ വളമോ വല്ല പ്രത്യേകസ്ഥലത്തേക്കും വല്ല പ്രത്യേകകൃഷിയും പറഞ്ഞതുകൊണ്ടാൽ അതിന്റെ ഗുണദോഷങ്ങളെ അതാതു സ്ഥലത്തുള്ളവർക്കു പ്രദർശിപ്പിച്ചു കാണിച്ചുകൊടുക്കുകയും അപ്രകാരം അവരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യണം. വല്ല പ്രത്യേക കൃഷിസമ്പ്രദായവും ഗുണകരമാണെന്നു ഞങ്ങൾക്കുബോധ്യപ്പെടുവാൻമാത്രമെ അതിനെ സ്വീകരിക്കണമെന്നു ഞങ്ങൾ നിഷ്കർഷിക്കുന്നുള്ളൂ. മറിച്ചു ഒരിക്കലും ചെയ്യുന്നില്ല.

കമ്മെനർ ജലസേചനത്തെപ്പറ്റി പല മെമ്പർമാരും നിർദ്ദേശിച്ചു എങ്കിലും അതിനെക്കുറിച്ചു ഞാൻ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഈ സംഗതി പി. ഡബ്ലിയു ഡിപ്പാർട്ടുമെൻറിന്റെ താല്പര്യപൂർവ്വകവും ഉൽസുകവുമായ ശ്രദ്ധക്ഷേ വിഷയമായിട്ടുവിചാരണചെയ്തുവരുന്നുണ്ടു്.

ഡിപ്പാർട്ടുമെൻറിനു നിന്നും നടത്തിവരുന്ന ഡെമൺസ്ട്രേഷൻസകലും എല്ലാം നിരുപയോഗമാണെന്നു മി. ചെല്ലംപിള്ള വിചാരിക്കുന്നു. ഞാൻ അഭിപ്രായപ്പെടുന്നതു എന്തുകൊണ്ടു ഈ വക ഡെമൺസ്ട്രേഷൻസകലും കൃഷിക്കാർക്കു ഞങ്ങൾ ഉരങ്ങളും കൊടുക്കുന്നതുകൂടാതെ ഈ ഉരങ്ങൾ ശരിയായി പ്രയോഗിക്കുന്നുണ്ടോ എന്നു ഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടർ നിവൃത്തിയുള്ളടത്തോളം പരിശോധിക്കയും ചെയ്യുന്നു. ഡെമൺസ്ട്രേഷൻസകളുടെ ആധിക്യം നിമിത്തം ചിലപ്പോൾ ഉരങ്ങൾ ഇട്ടുന്നതിനു ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗസ്ഥന്മാർക്കു പരിശോധിക്കാൻ സാധിക്കാതെ വന്നു എന്നു വരാം. എന്നാൽ ഇങ്ങനെയുള്ള സംഗതികളിൽ ഞങ്ങൾ കൊടുക്കുന്ന ഉപദേശങ്ങൾപ്രകാരം ശരിയായി നടത്തുന്നതിനു കൃഷിക്കാർക്കു വിശേഷബുദ്ധിയും വിവേചനാബുദ്ധിയും ഉണ്ടായിരിക്കുമെന്നു ഞങ്ങൾ വിശ്വസിച്ചുപോരുകയും ഞങ്ങളുടെ വിശ്വാസം പലപ്പോഴും ശരിയായി ഭവിക്കുകയും ചെയ്യുന്നുണ്ടു് ഒരുദാഹരണമായിൽ ചില ആളുകൾ ഞങ്ങൾ കൊടുത്ത ഉപദേശങ്ങൾപ്രകാരം ശരിയായി നടന്നിട്ടില്ലായിരിക്കാം, അതുകൊണ്ടാണ് മി. ചെല്ലൻപിള്ള ഡെമൺസ്ട്രേഷൻസകൾകൊണ്ടു യാതൊരുപയോഗവുമില്ലെന്നു പറഞ്ഞതെന്നും ഞാൻ വിചാരിക്കുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): വളങ്ങൾ ശരിയായി ഉപയോഗിക്കണോ എന്നു നോക്കാതെ വളങ്ങൾ മാത്രം കൊടുക്കുന്നതുകൊണ്ടു എന്താണു് പ്രയോജനം?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായ ഡയറക്ടർ): വളങ്ങൾ ശരിയായി ഉപയോഗിക്കണോ എന്നു ഞങ്ങൾ കൂടിയുണ്ടിടത്തോളം നോക്കി അറിയുന്നുണ്ടു്. വളങ്ങളുടെ വിലുണ്ടായ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെൻറിന്റെ നയം ക്രമേണ ആ മേഖലയിൽ നിന്നും ഒഴിയണമെന്നും അതു ജോലി പ്രൈവറ്റ് കമ്പനികൾക്കും ഏജൻസികൾക്കും വിട്ടുകൊടുക്കണമെന്നും ആകുന്നു.

റാവുബഹദൂർ കെ. കെ. കൃഷ്ണയ്യർ (നിയമിതൻ, ഡിപ്പാർട്ടിപ്രസിഡൻറ്): ഇതിൽനിന്നും ഡിപ്പാർട്ടുമെൻറിനു വല്ല ലാഭം കിട്ടിവരുന്നുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): ഇല്ല. നേരെമറിച്ചു ഡിപ്പാർട്ടുമെൻറിനു നഷ്ടമാണു് ഉണ്ടായിട്ടു് കുറച്ചു കൊല്ലങ്ങൾക്കു മുൻപു നാഞ്ചിനാട്ടിൽ ൫൦,൦൦൦ രൂപായുടെ വളം വരുത്തിയതു എന്നും ഇപ്പോൾ അതു ൧൮൦൦ രൂപയായി കുറഞ്ഞുപോയിരിക്കുന്നു എന്നും മി. ചെല്ലംപിള്ള പറഞ്ഞതുകൊണ്ടായ ഇതുതന്നെയാണു് ഞങ്ങളുടെ ഉദ്ദേശം. അതുകൊണ്ടു വളം വിലുന്ന ജോലി മുഴുവൻ ഡിപ്പാർട്ടുമെൻറു നടത്തിയാലും, പിന്നീടു പ്രൈവറ്റ് ഏജൻസികൾ തയ്യാറായി വന്നപ്പോൾ, ഡിപ്പാർട്ടുമെൻറു അതിനെ കുറെ ജോലി ഭാവരെ ഏല്പിച്ചു. ക്രമക്രമം നോക്കി ഈ ജോലി മുഴുവൻ പ്രൈവറ്റ് ഏജൻസികൾക്കു വിട്ടുകൊടുക്കണമെന്നാണ് ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശം. പ്രൈവറ്റ് ഏജൻസികൾ ഈ ജോലികൾ ശരിയായി നടത്തുന്നതിനു പ്രേരിതരാകാൻ വേണ്ടി വളം വില്പനവകയിലെ ഇടുക്കണ സംഖ്യയിൽ നൂറിനു പത്തുവീതമുള്ള കമ്മിഷൻ അവർക്കു ഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കുന്നുണ്ടു്. ഈ സംഗതികൾ കൊണ്ടു ഡിപ്പാർട്ടുമെൻറിൽ നിന്നും നടത്തുന്ന വളംവില്പനയിൽ കുറച്ചു നഷ്ടമുണ്ടാകുന്നതു അതിശയമല്ലല്ലോ.

മി. വി. ചെല്ലംപിള്ള (തോവാള): കൂടുതലായും മുമ്പേവരുത്തിയ വളങ്ങളാണ് ഡിപ്പാർട്ടുമെൻറ് ഉപയോഗിക്കുന്നതെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): ഡിപ്പാർട്ടുമെൻറു വക വളങ്ങൾ എപ്പോഴും കുറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. ഡിപ്പാർട്ടുമെൻറു പലതരം വളങ്ങളും ഉപയോഗിക്കുന്നുണ്ടു്.

മി. വി. ചെല്ലംപിള്ള (തോവാള): കുറച്ചുകാലം മുമ്പു ഡിപ്പാർട്ടുമെൻറിൽ നിന്നും സർക്കാർ ചിലപ്പോൾ കുറെ നിലക്കടലപ്പിണ്ണാക്കു വരുത്തി, ഞാൻ പറഞ്ഞതു അതിനെ ഉദ്ദേശിച്ചാണു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി വ്യവസായഡയറക്ടർ): നിലക്കടലപ്പിണ്ണാക്കു നല്ല വളമായി കണ്ടുകൊണ്ടു ഞങ്ങളും അതു അപ്പോഴപ്പോഴും കുറെശ വരുത്താറുണ്ടായിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): അവ ഇപ്പോഴും ഉപയോഗത്തിൽ ഇരിക്കുന്നുണ്ടോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ): ഡിപ്പാർട്ടുമെന്റിൽ നിന്നും വളങ്ങൾ വിലക്കു വാങ്ങുന്ന പതിവു ഇപ്പോൾ പ്രയോഗിക്കുമായി നിറുത്തിയിരിക്കയാണ്. എന്തെന്നാൽ കൃഷിക്കാർക്ക് ആവശ്യമുള്ള വളങ്ങൾ പലേ കച്ചവടക്കമ്പനികളും വരുത്തുന്നുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): വളങ്ങൾ വരുത്തി വിൽക്കുന്നതിനുള്ള ലൈസൻസിക്കായി നാഗർകോവിൽ നിന്നും ആരെങ്കിലും അപേക്ഷിക്കുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): ഉണ്ട്. നഞ്ചിനാട്ടു കാർഷികാഭിവർദ്ധിനി പരസ്പരസഹായസംഘം മുപ്പതിനു അപേക്ഷിച്ചു.

മി. വി. ചെല്ലംപിള്ള (തോവാള) അവർ അപേക്ഷിച്ചിട്ടു എത്ര നാളായി?

റാവുസാഹബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): രണ്ടു സംവത്സരമായി.

മി. വി. ചെല്ലംപിള്ള (തോവാള): രണ്ടു സംവത്സരത്തിനു മേലായി എന്നാണോ താങ്കൾ പറഞ്ഞതു? ആ അപേക്ഷയെ എന്തു ചെയ്തു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ) ആ സംഗതി ഞാൻ വിവരമായി പറഞ്ഞുകഴിഞ്ഞുവല്ലോ

പ്രസിഡന്റ് ആകാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ): മി. ചെല്ലംപിള്ള സിക്രട്ടറിയായിരിക്കുന്ന നഞ്ചിനാട്ടു കാർഷികാഭിവർദ്ധിനി പരസ്പരസഹായസംഘത്തിന്റെ നിന്നും നഞ്ചിനാട്ടിലെ വളം വില്പനക്കുള്ള അനന്യവകാശത്തിനു അപേക്ഷിച്ചിരുന്നു. ഇവർ ചില വ്യവസ്ഥകളും അപേക്ഷയിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ വ്യവസ്ഥകൾ മി. ചെല്ലംപിള്ളക്കു അത്യന്തം ഇഷ്ടികരമായിരുന്നു. പക്ഷേ ഗവണ്മെന്റിനും ഡിപ്പാർട്ടുമെന്റിനും അവ അംഗീകരിക്കുമായി തോന്നിയില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ഈ വ്യവസ്ഥകൾ കൃഷിഡയറക്ടരുമായി ആലോചിച്ചു എഴുതിയതല്ലയോ എന്നു മെമ്പർ സഭയെ പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ): മി. ചെല്ലംപിള്ള ഈ സംഗതി മുമ്പേ തന്നെ ഞാനുമായി സംസാരിച്ചിട്ടുണ്ടായിരിക്കാം. പക്ഷേ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഗവണ്മെന്റു അനുവദിക്കുമെന്നു ഞാൻ വാക്കു കൊടുത്തിട്ടില്ല.

മി. ചെല്ലംപിള്ള (തോവാള) അപേക്ഷ ഡയറക്ടരുമായി ആലോചിച്ചുവല്ലയോ എഴുതപ്പെട്ടതു എന്നു അറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ): അദ്ദേഹം സംഗതികൾ മുഴുവനും ഞാനുമായി സംസാരിച്ചു എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അതിനപ്പുറവും ഒരു അഭിപ്രായവും പറഞ്ഞിട്ടില്ല. സംഗതികൾ മുഴുവൻ വിശദമാക്കുന്നതിനു എന്നു അനുവദിക്കുമെങ്കിൽ അദ്ദേഹം നിർദ്ദേശിച്ച വ്യവസ്ഥകളെപ്പറ്റി ഞാൻ സംക്ഷേപമായി പറയാം. ക—മതായി വളം വില്പനടത്തുന്നതിനു അദ്ദേഹം പ്രതിമാസം ക ൦ ൦ രൂപാ ഗ്രാന്റു ആവശ്യപ്പെട്ടു. ഇതു കൂടാതെ വിൽക്കുന്ന വളത്തിന്റെ വിലയിൽ നൂറിനു പത്തു വീതം കമ്മീഷൻ വേണമെന്നു ചോദിച്ചു ഇതിനു നാഗർകോവിലെ ഗവർമ്മെന്റു ഡിപ്പോ കെട്ടിടം വാടകക്കുടാതെയും ഡിപ്പാർട്ടുമെന്റിൽ നിന്നും മെയിൽറിനൻസ്പണി ചിലതൊടത്തിക്കാളുമാമെന്നുള്ള വ്യവസ്ഥയോടുകൂടിയും കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഇതിനും പുറമെ ഉപവാദനങ്ങൾക്കും നടത്തുന്നതിനു ക ൦ ൦ സ്റ്റർലിംഗ് സ്ഥലത്തിനു വേണ്ട വളങ്ങൾ വെവ്വേറെ കൊടുക്കണമെന്നും അദ്ദേഹം കൂടാതെ ഉപവാദനങ്ങൾക്കും അദ്ദേഹത്തിന്റെ നിയന്ത്രണത്തിൽനടത്തുന്നതിനു നമ്മുടെ ഡിപ്പാർട്ടുമെന്റിലെ രണ്ടുപേരെ നിയമിക്കുന്ന വകയായിട്ടാണു ക ൦ ൦ രൂപാ പ്രതിമാസം ഗ്രാന്റു കൊടുക്കണമെന്നും ചോദിച്ചു. നഞ്ചിനാട്ടിൽ വളം വിൽക്കുന്നതിനുള്ള അനന്യാവകാശം വകിക്കുന്നതിനു മി. ചെല്ലംപിള്ള നിർദ്ദേശിച്ച വ്യവസ്ഥകൾ ഇവയെല്ലാമാണ്. നിർഭാഗ്യവശാൽ ഗവണ്മെന്റ് അദ്ദേഹത്തിന്റെ നിർദ്ദേശത്തോടു യോജിച്ചില്ല.

മി. വി. ചെല്ലംപിള്ള (തോവാ): വല്ലതരം യാഥാനവും ചെയ്തിരുന്നോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സഭയുടെ മുമ്പാകെ വച്ചിട്ടില്ലാത്ത ഒരു റിപ്പോർട്ടിനെപ്പറ്റി മെമ്പർ സംസാരിക്കുന്നതു ശരിയാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായഡയറക്ടർ) ഞാൻ യാതൊരു തരം വാഗ്ദാനവും കൊടുത്തില്ല. ഗവണ്മെന്റിൽ നിന്നും ഇതിനുള്ള അനന്യാവകാശം നഞ്ചിനാട്ടു കാർഷികാഭിവർദ്ധിനി പരസ്പരസഹായസംഘത്തിനു ന്യായമാണെന്നു അവർക്കു തോന്നിയ ചില നിബന്ധനകളോടുകൂടിയ വ്യവസ്ഥയിന്മേൽ കൊടുത്തു. ആ ഗവണ്മെന്റു ഓർഡർ മി. ചെല്ലംപിള്ളക്കു അയച്ചുകൊടുത്തിട്ടു ഇപ്പോൾ ഏകദേശം മൂന്നുമാസം ആയിട്ടുണ്ടു. ആ സംഘത്തിയിന്മേൽ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല.

മി. ചെല്ലംപിള്ള (തോവാള): ആരാണ് ചെയ്തിട്ടില്ലാത്തതു?.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): മെംബർതന്നെയോ അല്ലെങ്കിൽ സംഘത്തിൽനിന്നോ ചെയ്തിട്ടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ഉടമ്പടി ഗവണ്മെന്റിന്റെ കൈപശം ഇരിക്കുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): ഉടമ്പടി സെക്രട്ടറിക്കു എഴുതിവരുന്നു. ഗവണ്മെന്റിന്റെ നിർദ്ദേശം യഥാർത്ഥത്തിൽ ഇതാണ്. അതായതു കൃഷിക്കാർക്കു വളം വില്പാൻ ഉണ്ടാക്കുന്ന ജോലിനടത്തുന്നതിനു ഗവണ്മെന്റിൽ നിന്നും ക ൦ ൦ രൂപാ നൂറിനു ന്യായമായ പലിശയ്ക്കു സംഘത്തിനു കൊടുക്കണമെന്നാകുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ഡിപ്പാർട്ടുമെന്റിൽനിന്നും കമ്മിഷൻ കൊടുക്കുമോ പതിവുണ്ടോ?

റാവുസാഹിബ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): ഉണ്ട്. മി. ചെല്ലംപിള്ള നിർദ്ദേശിച്ചിട്ടുള്ളതിൽ പലതരം വ്യത്യസ്ഥമായുള്ള വ്യവസ്ഥകളിന്മേൽ ഏർപ്പെടുത്തുന്ന ലൈസൻസിനും

ക്കാണ കമ്മിഷൻ കൊടുക്കുന്നതു. ആവക വ്യവസ്ഥയിന്മേൽ ഒരു ഏജൻസി കിട്ടണമെന്നല്ലായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം.

പ്രസിഡൻറ്: ഈ സമയിൽ കച്ചവടസംബന്ധമായ കൊടുക്കൽവാങ്ങൽ കാര്യങ്ങൾ ചെയ്യുന്നതിനു അനുവദിക്കാമെന്നു തോന്നുന്നില്ല.

മി. വി. ചെല്ലപ്പിള്ള (തോവാള); പാടില്ലെന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): കഡമാൺസ്ക്രേഷൻ സിനെസംബന്ധിച്ചു മി. പെല്ലപ്പിള്ളക്കു സ്വന്തമായ ഒരു പദ്ധതിയുണ്ടു്. എന്നാൽ ആ പദ്ധതിയുടെ ഉപയോഗത്തെപ്പറ്റി ഗവർണ്മെൻറിനു അഭിപ്രായഭേദമുണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ ഗവർണ്മെൻറു തള്ളിക്കളകയും അവയുടെ സ്വന്ത നിർദ്ദേശങ്ങളെ പെല്ലപ്പിള്ളയുടെ സ്വീകരണത്തിനായി നൽകുകയും ചെയ്തു.

ഞാൻ ഇതിനുമുമ്പു പറഞ്ഞതുപോലെ, വളംവില്പന ചെയ്യുവാനുള്ള ഏജൻസിക്കായിട്ടുകൊടുക്കണമെന്നാണ് ഡിപ്പാർട്ടുമെൻറിന്റെ ഉദ്ദേശം. കഴിഞ്ഞ സംവത്സരങ്ങൾക്കുമുമ്പു ൫,൦൦൦ രൂപാ വിലക്കു വളങ്ങൾ വിറ്റിരുന്നു. ഇപ്പോൾ ൩൦൦൦ രൂപാ വിലക്കുമാത്രം വളങ്ങൾ വിൽക്കുന്നതു എന്താണെന്നു മി. ചെല്ലപ്പിള്ള ചോദിക്കുകയുണ്ടായല്ലോ. ഡിപ്പാർട്ടുമെൻറിൽനിന്നു നേരത്തെയുള്ള ഡെമാൺസ്ട്രേഷൻസിന്റെ ഫലമായി, കൊടുക്കുന്ന ഓർഡറുകൾ കൂടുകയും, പാർട്ടി ഓർഡർ കൊടുക്കുന്നവർ, മാൺപ് ഓർഡർ കൊടുക്കുന്നവർക്കു ഓർഡർ കൊടുക്കുകയും, തന്മൂലം കച്ചവടക്കമ്പനികാർ കൃഷിക്കാർക്കു വളങ്ങൾ വിൽക്കാൻ തയ്യാറായിവന്നു. ഈ കമ്പനികാർ കഴിഞ്ഞ ആറുമാസത്തിനിടയിൽ ഏകദേശം ൪൦,൦൦൦ രൂപാ വിലക്കുള്ള വളങ്ങൾ വിറ്റു. താങ്ങിനാളിൽമാത്രം ഇവർ ഏകദേശം ൨൦,൦൦൦ രൂപാ വിലയുള്ള വളങ്ങൾ വിറ്റിരിക്കുന്നു. ഇതിൽ ഒരു കമ്പനിക്കാരുടെ പ്രതിനിധിഇന്നലെ എന്നെ കാണുകയുണ്ടായി, അടുത്ത പൂവിനു താങ്ങിനാളിൽമാത്രം ൫൦,൦൦൦ രൂപാ വിലയുള്ള വളങ്ങൾ വിൽക്കുന്നതിനു താൻ പ്രതീക്ഷിക്കുന്നു എന്നു അദ്ദേഹം എന്നോടു പറഞ്ഞു.

മി. ചെല്ലപ്പിള്ള (തോവാള): യിദ്ദേശിയ വളങ്ങൾ ഇറക്കുമതിചെയ്യുന്നതു നല്ലതാണെന്നു മെംബർമാർ വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): അതിനു ഒരു ദോഷവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ നമ്മുടെ ഭൂമിയുടെ വിളവുശക്തി കൃത്രിമ കാരണങ്ങളുണ്ടാകുന്നതിനെ നാം തടയേണ്ടതു ആവശ്യമാണെന്നുമാത്രമല്ലാ, അപ്രകാരം വളം ഇട്ടില്ലെങ്കിൽ വിളവുശക്തിയുടെ നഷ്ടം പരിഹരിക്കുന്നതു എങ്ങിനെയാണെന്നു എനിക്കു മനസ്സിലാക്കുന്നതും ഇല്ല.

മി. വി. ചെല്ലപ്പിള്ള (തോവാള): വളങ്ങൾ ഇവിടെ ഉണ്ടാക്കിക്കൂടെയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): എല്ലാത്തരം ജനികവസ്തുക്കളും ഉണ്ടാക്കാൻ നിവൃത്തിയില്ല.

മി. വി. ചെല്ലപ്പിള്ള (തോവാള): ഇവിടെ കിട്ടുന്നപുണ്ണാക്കു അല്ലാപോലെ മതിയായ വളമല്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): നമുക്കു ഇവിടെ ഏകദേശം ൭ ലക്ഷം ഏക്കർ നിലങ്ങൾക്കു വളം ഇടേണ്ടതുണ്ടു്. ഈ എല്ലാ നിലങ്ങൾക്കും വളം ഇടുന്നതിനു ലക്ഷം രൂപാ വിലക്കുള്ള വളങ്ങൾ ആവശ്യമാണു്.

മി. വി. ചെല്ലപ്പിള്ള (തോവാള): പച്ചിലവളം ഇവിടെ ഉണ്ടാക്കാൻ നിവൃത്തിയില്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): പച്ചിലവളംമാത്രം കൊണ്ടു മതിയാകയില്ല. അതിനുപുറമെ വേറെ വളങ്ങളും വേണം.

മി. വി. ചെല്ലപ്പിള്ള (തോവാള): വേറെ ചില വളവസ്തുക്കൾ വേണ്ടെന്നു മെംബർമാർ സമ്മതിക്കുന്നുണ്ടു്, പച്ചിലവളം നമ്മുടെ വനങ്ങളിൽനിന്നും ഉണ്ടാക്കുന്നതല്ലേ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): ആ ചോദ്യത്തിനു കൺസർവേറ്റർ മറുപടിതരാൻ ശക്തനായിരിക്കും.

മി. വി. ചെല്ലപ്പിള്ള (തോവാള): വളത്തിനുള്ള വൃക്ഷങ്ങൾ വളർപ്പിച്ചുകൂടെന്നു നന്നായിരിക്കയില്ലേ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): അതു കൃഷിക്കാരുടെ കാര്യം ചെയ്യാവുന്നതാണ്. അപ്രകാരം അവർ ചെയ്യുന്നതിനു എന്റെ അഭിപ്രായപ്പെട്ടിടത്തോളം യാതൊരു പ്രതിബന്ധവും ഇല്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പുണ്ണാക്കു ഒരു നല്ല വളമാണെന്നു മെംബർ വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): ഉണ്ടെന്നു മാത്രമല്ല അതിനെ ഉപയോഗിച്ചുവരികയും ചെയ്യുന്നു. കഴിഞ്ഞ സംവത്സരങ്ങൾക്കുമുമ്പു പുണ്ണാക്കു മിക്കവാറും കയറ്റുമതിചെയ്തുകൊണ്ടിരുന്നു. ഇപ്പോൾ അപ്രകാരം കയറ്റുമതിചെയ്യുന്ന പുണ്ണാക്കിന്റെ പരിമാണം വളരെ കുറഞ്ഞിട്ടുണ്ടു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): കയറ്റുമതിചെയ്യുന്ന പുണ്ണാക്കിന്റെ ഉദ്ദേശവില എത്രയായിരിക്കും?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്ര്യവ്യവസായ ഡയറക്ടർ): അതിന്റെ കണക്കു എന്റെ കൈവശം ഇല്ല. തിരുവിതാംകൂർ സ്ഥിതിവിവരശാസ്ത്ര(Statistics)ത്തേക്കിയ്ക്കുള്ള മെംബർ ആവശ്യപ്പെട്ടിരുന്ന വിവരം ലഭിക്കുമെന്നുള്ളതാണ്.

മി. വി. രാഘവപ്പിള്ള (തോവാള): പുഞ്ചക്കൃഷിയെക്കുറിച്ചും കഴിഞ്ഞവർഷത്തെക്കുറിച്ചും എന്താണെന്നു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): എനിക്കു അറിഞ്ഞുകൂടാ. ഒരുവേള പുരയിടങ്ങളിൽ നിലങ്ങളായി തിരുത്തുന്നതിനെക്കുറിച്ചായിരിക്കും പുന്നമടക്കായലിൽ കവളിമുറിച്ചുകളയുന്നതിനെക്കുറിച്ചായിരിക്കാം.

മി. വി. രാഘവപ്പിള്ള (അനന്തശീശ്വരം): വേറെ എന്തോ കാരണം ഉണ്ട്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): ആ കാരണം എന്താണെന്നു മെമ്പർമാർ പറഞ്ഞുതരുമെങ്കിൽ എനിക്കു വളരെ കൃതജ്ഞതയുണ്ടാകും.

മി. ആർ. രാമൻപിള്ള (കോട്ടയം): തെങ്ങുകൃഷി ഈ നാട്ടിൽ വിശേഷം കുറവും നെല്ലുകൃഷിചെയ്യുന്നതു വിശേഷവും ആകുന്നതെന്നു അറിയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): അറിയാം. എന്നാൽ വാഷ്പശക്തിവകുപ്പിൽ ആ സംഗതിയുടെ സാംഗത്യം മനസ്സിലാകുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ നാട്ടിലെ കൊപ്രാ അന്യനാടുകളിൽ പോകുന്നതുകൊണ്ടു പുഞ്ചക്കു ഇവിടെ കിട്ടുന്നില്ലെന്നു തോന്നിയിട്ടുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): കേരളാപ്പുഞ്ചക്കു വളമായി ഉപയോഗിക്കുന്ന ഒരു ഒറ്റകൃഷിക്കാരനും ഉണ്ടെന്നു എനിക്കു തോന്നുന്നില്ല. അതുമാത്രം അല്ലാ തേങ്ങാപ്പുഞ്ചക്കു ഒരു ഒന്നാംക്ലാസു കുന്നുകൂടിക്കിടക്കുന്നതുമാണു. അതു വളമായി ഉപയോഗിക്കണമെന്നു ഞാൻ ഉപദേശിക്കുകയും ഇല്ല.

മി. വി. രാഘവപ്പിള്ള (അനന്തശീശ്വരം): പുന്നക്കാപ്പുഞ്ചക്കിന്റെ തീരുവ കൂട്ടിയിട്ടുണ്ടെന്നു ഞാൻ ഇവിടെ മാത്രമോ പുറത്തുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): എനിക്കു അതു അറിഞ്ഞുകൂടാ. കയറുമതിയും ഇറക്കുമതിയും തീരുവകളെപ്പറ്റിയും എനിക്കു നല്ല പരിചയംപോരാ.

ചിലവുകുറഞ്ഞതരത്തിൽ ഉള്ള ഒരുപായമെങ്കിലുമാഗ്രഹിക്കുന്നുണ്ടെന്നു മി. മാത്യൂരിക്കൽ എന്നോടു അഭ്യർത്ഥിച്ചിട്ടുണ്ടല്ലോ?

മി. മാത്യൂരിക്കൽ (തരവക്കം): ഇതു ഉത്തരതിരുവിതാംകൂറിലെ ഒരു അത്യാവശ്യമാണെന്നു മെമ്പർമാർ വിചാരിക്കുന്നില്ലയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): അതു ഒരു അത്യാവശ്യതെന്നു. എന്നാൽ ഇപ്പോഴത്തെക്കാൾ ചിലവുകുറഞ്ഞതരത്തിലുള്ള ഒരു സമ്പ്രദായം നിർദ്ദേശിക്കുന്നതിനു സാധിക്കുമെന്നു തോന്നുന്നില്ല.

മി. മാത്യൂരിക്കൽ (തരവക്കം): കാടുകളിൽനിന്നും ചില സാധനങ്ങൾ എടുത്തുകൊണ്ടുപോകുന്നതിനു വകുപ്പിൽനിന്നു അനുവദിക്കുമോ എന്നു ഞാൻ മെമ്പരോടു ചോദിച്ചുകൊള്ളട്ടെയോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): ഈ സംഗതിയിൽ വനം കൺസർവേറ്ററോടു ആലോചിക്കേണ്ടതുണ്ട്. അതേഹത്തോടു ഞാൻ ആലോചിച്ചു വേണ്ടതു ചെയ്യിക്കാം. എഴുതിഅയക്കാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ഡമാൺസ്ലൈസിനുവേണ്ടി വേണ്ടവിധം ശ്രമിയായി നടത്തുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): എവിടെയെല്ലാം നെല്ലു വരുന്നുണ്ടോ അവിടെയെല്ലാം ശ്രമിയായിത്തന്നെ നടത്തുന്നു. അതു വേണ്ടതെന്നാളും വ്യാപ്തിയിൽ നടത്തുന്നില്ലെന്നു ഞാൻ സമ്മതിക്കുന്നു. കുറെ സമ്പൂർണ്ണ ഡമാൺസ്ലൈറ്റർമാരെ വയ്ക്കുണ്ടെന്നു മി. കേശവപിള്ള നിർദ്ദേശിക്കുന്നു. ഇപ്പോൾ കുറെ ഡമാൺസ്ലൈറ്റർമാർ ഉണ്ട്. അവർ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രം അവരുടെശ്രദ്ധയുറപ്പിക്കുന്നു. ഓരോരുത്തർക്കും രണ്ടോ മൂന്നോ ഡമാൺസ്ലൈസൻ സമ്പ്രദായം അതിലധികം ഡമാൺസ്ലൈസൻ ജോലിയിൽ പ്രവേശിക്കുന്നതിനു ഞാൻ അനുവദിക്കുന്നില്ല. എന്നാൽ ഡമാൺസ്ലൈസർമാരിലെ സംഖ്യവർദ്ധിപ്പിക്കുന്നപക്ഷം ഡമാൺസ്ലൈറ്റർ മാത്രമേ സംഖ്യയും വർദ്ധിപ്പിക്കണം.

മി. ഡി. സി. ജോസഫ് (അനന്തശീശ്വരം): കണ്ണാകുമാരിയിലെ ഡമാൺസ്ലൈസൽ ഫാറംതിക്പ്രയോജനമായിട്ടില്ലെന്നു കാണുന്നു?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമന്ത്രി-കൃഷിവകുപ്പ് ഡയറക്ടർ): ആ ഫാറത്തിൽ ഒട്ടുമാവുകൃഷി ഡെമാൺസ്ട്രേഷൻ ചെയ്യുന്നതിനാണ് ഞങ്ങൾപ്രധാനമായി ഉദ്ദേശിക്കുന്നതു. നാഞ്ചിനാടുചൂർക്കടിമാങ്ങയ്ക്കു പ്രസിദ്ധപ്പെട്ടസ്ഥലമായിരുന്നു. എന്നാൽ കോതയാർ ഡെള്ളംവന്നുതുടങ്ങിയതിൽപിന്നെ കുറെ കാലമായിട്ടു മാവുകളെല്ലാം ഉറുമ്പുനിമിത്തം ഏതാണ്ടു മുഴുവനും നശിച്ചുതുടങ്ങിയിരിക്കുന്നു. കാഞ്ഞിരത്തോട്ടത്തിൽ പരീക്ഷണമായിട്ടു മാവുകൾ നട്ടുപരീക്ഷിച്ചുനോക്കുന്നുണ്ടു്. ഇതിന്റെ ഉദ്ദേശം മാവിൻതൈകൾ ഇരുമ്പുകൂടുകൊണ്ടു ചുറ്റിയതിൽ പരീക്ഷണം ചെയ്തു ഫലപ്രദമായി കാണുന്നവയ്ക്കു മാവുകർഷകർ കൃഷിയെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാകുന്നു. ഇതുമിടയ്ക്കിടയിൽ സംശയനിവൃത്തിവരുത്തുന്നതിനും കാകനിത്തോട്ടം സന്ദർശിക്കുകയും അവിടെ നട്ടിട്ടുള്ള മാവിൻതൈകളുടെ വളർച്ചകണ്ടു സന്തോഷിക്കുകയും ചെയ്തു.

ഉത്തരതിരുവിതാംകൂറിലെ ഭൂമിയുടെ ഫലക്കുറവിനെ പരിഹരിക്കുന്നതിനു തോട്ടകൃഷി അറുകൃഷിയും തിക്കുകയും ചിറകൃഷി കഴിച്ചുകൂട്ടുകയും ചെയ്യുക എന്നുള്ളതു വെള്ളപ്പൊക്കത്താൽ ഉണ്ടാകുന്ന വൻനഷ്ടത്തെ തടഞ്ഞു നിർത്തേണ്ടതു ആവശ്യമാണെന്നു മിസ്റ്റർ മൂർഹൗസ് പറകയുണ്ടായി. ഈ നിർദ്ദേശം താഴ്ന്നപ്രദേശങ്ങളായ ചേർത്തല, വൈക്കം, കുട്ടനാടു എന്നീ താലൂക്കുകൾക്കു സംബന്ധിക്കയുള്ളു. ഈ ജാതിരീതിയിൽ വിളൈശക്തിവർദ്ധിപ്പിക്കുന്ന സമ്പ്രദായം തിരുവനന്തപുരം ഡിവിഷനിലേക്കു പറകയില്ല. അവിടെയുവിളൈശക്തിയെ സംരക്ഷിക്കുന്നതിനു

കൃത്രിമവളങ്ങൾതന്നെ ഉപയോഗിക്കണം. ഉത്തരതിരുവിതാംകൂറിൽതോട്ടകൃഷിക്ക വീതിക്കുട്ടകൃഷി ചിറകൃഷി വെട്ടുകൃഷി ചെയ്യുന്നതിനെപ്പറ്റി അടുത്തകാലത്തായി ആലോചനത്തിൽ ഉൾപ്പെട്ടതാണ്. ഈ ജോലികൾ എൻജിനീയർ ഡിപ്പാർട്ടുമെൻറുകാർ നോക്കിവരുന്നുണ്ട്.

കൃഷിഡിപ്പാർട്ടുമെൻറുകാർ നടത്തിവരുന്ന യാതൊരുതരത്തിലുള്ള പരീക്ഷണവും നടത്തുന്നതിനുള്ള മിസ്റ്റർ മാധവൻ പറയുന്നു. അതുപോലെതന്നെ ഡമോൺസ്ട്രേഷൻസംബന്ധമായുള്ള ജോലികളും നടത്തുന്നുണ്ടെന്നും എന്നാൽ അവയെ കുറിയായിട്ടാണ് നടത്തുന്നതെന്നുള്ള മിസ്റ്റർ ചെല്ലപ്പിള്ളയുടെ പരാമർശത്തെ അദ്ദേഹം പ്രായവ്യത്യാസം കാണുന്നുണ്ട്. നാണ്യവിളകൾക്കിടയിൽ വിളിക്കുവാൻ ഡിപ്പാർട്ടുമെൻറിൽനിന്നും കഴിയുന്നതെല്ലാം ചെയ്യുന്നുണ്ട്. ചില്ലറ പരീക്ഷണങ്ങൾ (ചുണ്ണാമ്പുമുതലായവ) ശാസ്ത്രീയകൃഷിക്കാരെ കൊണ്ടുതന്നെ ചെയ്യിക്കുന്നതിനുള്ള ശ്രമത്തിലാണ്. ഈ പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ചുണ്ണാമ്പുമുതലായവ നന്നാക്കുന്നതിനുള്ള ഇപ്പോൾ ഉപയോഗിച്ചുവരുന്ന സമ്പ്രദായങ്ങളെ നാണുനായരുടെ കർഷകർക്ക് കാണിച്ചുമനസ്സിലാക്കി കൊടുക്കുന്നതിനാണ്.

ഇനിഎനിക്ക കാർഷികവിദ്യാഭ്യാസത്തെപ്പറ്റി രണ്ടുപേക്ഷപറയാനുണ്ട്. കോട്ടയത്തു ഒരുകൃഷിപാഠശാല തുറക്കണമെന്നപ്പറഞ്ഞി മി. രാമൻപിള്ള വാഗ്ദാനംചെയ്തു. അതുവായിൽ ആദ്യസംഭവത്തിനു മുമ്പുതന്നെ ഒരുസ്കൂൾ തുടങ്ങി. കൊട്ടാരക്കരെ ഒരുസ്കൂൾ ഈയ്യടുത്തിടെയും തുടങ്ങിയിട്ടുണ്ട്. വരുന്നതിനുമുമ്പിൽ കോന്നിയിൽ ഒരുസ്കൂൾ തുടങ്ങുന്നതിനു തക്കതായ ആലോചിച്ചുവരുന്നു. ഞാൻപേക്ഷിച്ചതുപോലെ അനുവദിച്ചുകിട്ടുന്നപക്ഷം കോട്ടയത്തു ഒരുസ്കൂൾ തുടങ്ങണമെന്നുള്ള മി. രാമൻപിള്ളയുടെ നിർദ്ദേശത്തെപ്പറ്റി ഞാനും ആലോചിച്ചുകൊള്ളാം.

വിളവംകോട്ട മെമ്പർ മി. കേശവപിള്ള ഒരുമുടെ വിദ്യാഭ്യാസരീതിയെ പരിഷ്കരിക്കുന്നതിനെപ്പറ്റിയും സാധാരണപാഠശാലകളിൽ കുഞ്ഞിശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതിന്റെ ആശ്യകതയെക്കുറിച്ചും പറഞ്ഞുകണ്ടു. സാധാരണവിദ്യാഭ്യാസത്തോടുകൂടി കൃഷിവിദ്യാഭ്യാസമോ അല്ലെങ്കിലതിനെപറ്റിയെങ്കിലും തൊഴിൽസംബന്ധമായ വിദ്യാഭ്യാസമോ പഠിപ്പിക്കുന്നതു സാധ്യമാണോ എന്നുള്ളതു വിദ്യാഭ്യാസവിദഗ്ധന്മാരുടെയും കാർഷികവിദഗ്ധന്മാരുടെയും ഇടയിൽ വലിയ അഭിപ്രായവ്യത്യാസമുള്ള സംഗതിയാകുന്നു. പ്രൈമറിസ്കൂളുകളിൽ കൃഷിവിദ്യാഭ്യാസം പ്രൈമറികവിഷയമായി പഠിപ്പിച്ചുവരുന്നു സമ്പ്രദായം അനുവർത്തിച്ചുവരുന്നു. ഇതിനുള്ള ഉദ്ദേശം അപ്രകാരം പഠിക്കുന്നവരെ കൃഷിയോഗിക കൃഷിക്കാർ ആക്കണമെന്നുള്ളതല്ല. എന്നാൽവിദ്യാർത്ഥികൾക്ക കൃഷിവിഷയത്തിൽ അഭിരുചിജനിപ്പിച്ചു തങ്കൈത്തൊഴിൽ ചെയ്യുന്നതിനുള്ള അവരുടെ ചായ പ്പിനെദൃഢീകരിക്കുക എന്നുള്ളതുകൊണ്ടും. ഈ സമ്പ്രദായം ഇവിടെയും പരീക്ഷിച്ചു നോക്കാവുന്നതാണ്. തൊഴിലില്ലായ്മക്കുള്ള മറുമരുന്നിനെപ്പറ്റിയും ഇതേനിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ സംഗതിയിൽ എന്തെങ്കിലും പ്രവൃത്തി ഉടങ്ങുന്നതിനു മുമ്പായി പഞ്ചായത്തിൽ വല്ല ആളെയും അയച്ചു ഈ സമ്പ്രദായത്തിനെപ്പറ്റി നേരിട്ടുള്ള അറിവുശേഖരിപ്പിച്ചു വരേണ്ടതാകുന്നു. ഇതിനിടക്ക പ്രാഥമികകാർഷികവിദ്യാഭ്യാസത്തിനും ഹൈസ്കൂളുകളിൽ കൃഷിവിദ്യാഭ്യാസവിഷയത്തിൽ ഉൾപ്പെടുത്തി ആവശ്യകാർഷികവിദ്യാഭ്യാസവിഷയത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരുപുരോഗതി കൃഷിഡിപ്പാർട്ടുമെൻറ അവലംബിച്ചിട്ടുണ്ട്. ഈ വിദ്യാഭ്യാസങ്ങളുടെ ഉദ്ദേശം കൃതവിദ്യരായ യുവാക്കന്മാർക്ക് കാർഷികവിദ്യാഭ്യാസം നൽകണമെന്ന മാത്രമല്ലാ, എന്നാൽ അവരുടെ ഹൃദയത്തിൽ അങ്കുരിച്ചിരിക്കുന്ന ഉദ്യോഗത്തെ ത്തിനിക്കിച്ചു വേലയുടെ മാഹാത്മ്യത്തെ അവർക്ക മനസ്സിലാക്കി കൊടുക്കണമെന്നും കൂടിയാകുന്നു. ഈ വിദ്യാഭ്യാസത്തിൽ പ്രവേശനത്തിനു അപേക്ഷിക്കുന്ന കുട്ടികളിൽ ഒന്നുകിൽ നാട്ടുഭാഷാസ്കൂൾവിദ്യാഭ്യാസത്തിൽ ജയിച്ചവരോ അതല്ലെങ്കിൽ ഇംഗ്ലീഷ്സ്കൂളുകളിലെ മൂന്നോ നാലോ ഫാറംവരെ പഠിച്ചവരോ ആണ്. ഗ്രവർക്ക ആളുമായി കൊടുക്കുന്നപരീക്ഷണം രാജ്യവട്ടം അവർമുട്ടി ഇട്ടുകിട്ടുകണമെന്നുള്ളതുകൊണ്ടും. ഈ ദേഹാധ്വാനത്തെ സഹിക്കാൻ ശക്തിയുള്ളവരെ മാത്രമേ സ്കൂളിലപ്രവേശിപ്പിക്കുന്നുള്ളൂ.

കൊട്ടാരക്കരെ ഈയിടതുടങ്ങിയ കാർഷികവിദ്യാലയത്തിൽ പ്രവേശനത്തിനായി അപേക്ഷിച്ച യുവാക്കളെ ഞാൻതന്നെ അഭിമുഖസംഭാഷണംമുഖേന പരീക്ഷിച്ചു. സാധാരണക്കുടിയിരുപ്പുകാരെപോലെ നിലങ്ങളിൽ വേലചെയ്യാമോ എന്നു ഞാൻ അവരോടുചോദിച്ചതിൽ ഒട്ടുക്കുള്ള യുവാക്കന്മാർ എഴുപതുപേർ ഉടൻതന്നെതാല്പര്യമുള്ളതായും പ്രകാശിപ്പിച്ചു. അവരിൽ മുപ്പതുപേരും പ്രായംകുറഞ്ഞിരിക്കയും അവർക്കസ്കൂളിൽ പ്രവേശനം കൊടുക്കയുംചെയ്തു. അവർ ഇപ്പോഴും സ്കൂളിലുണ്ട്. ഇവർകാലത്തു ഒരുമണിമുതൽ ഒരുമണിവരെ സാധാരണക്കുടികൾക്കൊപ്പം വേലചെയ്യുന്നതുകൂടാതെ അവർക്കിവസംതന്നെ നാലും അഞ്ചും പ്രകൃം കൂലികൊടുക്കയുംചെയ്യുന്നു. അവർ സ്കൂളിനോടുചേർന്നു ഫുർപ്പെടുത്തിയിട്ടുള്ള ഫോസ്സുമിൽ താമസിച്ചുവരുന്നു, ഇവരുടെ ക്ഷേണച്ചിലവുകളിൽ ഫുകുമേരം ഒന്നുപകുതിയുള്ള വരുണ്ടെൻറെയെന്നെ വഹിക്കുന്നു. അതായതുപ്രതിമാസം ഫുട്ടോ ൻപതോ രൂപ വരുണ്ടെൻറ ചിലവുചെയ്യുന്നു. ബാക്കിയുള്ളതു കൃഷിത്തോട്ടത്തിലെ വേലചെയ്തു അവർസമ്പാദിക്കുന്നു. ദേഹപ്രയത്നം കഴിയുന്നതിനു മടിയുള്ളകുട്ടികളെക്കൊണ്ടു ദിവസംതന്നിനു രണ്ടുമണിക്കൂർ വീതം ജോലിചെയ്യിക്കുന്നതായാൽ ഫ്രവരുടെ പഠിപ്പുകാലംകഴിയുമ്പോൾ അവർ പ്രായോഗികമായ കൃഷിക്കാരായി പരിശീലിപ്പിക്കപ്പെടുമെന്നു മാത്രമല്ലാ അവരുടെ ദേഹത്തിനും അത്യന്തം കുറഞ്ഞു സ്വാസ്ഥ്യശീലവും സ്വഭാവം ബന്ധപ്പെടുത്തിയും അവർക്ക സിദ്ധമാകയുംചെയ്യും. ഇപ്പോൾതന്നെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്നകുട്ടികൾക്ക ഇല്ലാത്തതും എന്നാൽ ജീവിതവിജയത്തിനു സർവോപരി ഉതകുന്നതുമായ ഈ വക വിശിഷ്ടസ്വഭാവങ്ങളുടെ അഭാവം എത്രയോ ദയനീയമാകുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): കൃഷിഡയറക്ടരുടെ കീഴിൽ വ്യവസായ ഡിപ്പാർട്ടുമെൻറിനേയും കോഓപ്പറേറ്റിവു രജിസ്ട്രാരെയും വയ്ക്കുകയോ അല്ലെങ്കിൽ വ്യവസായ ഡയറക്ടരുടെ കീഴിൽ മറ്റുരണ്ടു ഡിപ്പാർട്ടുമെൻറ മേധാധ്യക്ഷന്മാരേയും വയ്ക്കുകയോ ചെയ്യണമെന്നല്ല ഞാൻപറഞ്ഞതു ഈഡിപ്പാർട്ടുമെൻറുകളെ ഒന്നാക്കണമെന്നു മാത്രമാണു ഞാൻപറഞ്ഞിട്ടുള്ളതു. മനസ്സാർക്ക അവശ്യം കൂടിയതീരുമെന്നുള്ള ഈ മൂന്നുഡിപ്പാർട്ടുമെൻറുകളെ എല്ലാം ഒന്നാക്കി ഒരാളിൻറകീഴിൽ വച്ചാൽ ഓരൊഡയറക്ടരെക്കൊണ്ടു നടത്തിക്കുന്നതിനേക്കാൾ കൂടുതൽ ഗുണം ഉണ്ടാകുമെന്നാണ് എൻറവിശ്വാസം.

മി. എസ്. പിരവിപെരുമാൾപിള്ള (വാണിജ്യവ്യവസായം, ക്ഷേമം): ഈ എല്ലാ ഡിപ്പാർട്ടുമെൻറുകളും മിവാൻജിയുടെകീഴിലാണെന്ന കാര്യമെങ്കിലും അറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെയാണെന്നുവരികിൽ റവന്യൂകമ്മിഷണർ എന്തൊരാളെ കൊണ്ടുനടക്കുകയാണ്? ഒരു കാര്യവുമില്ലായിരുന്നു. ഈ കാര്യത്തിനാണ്, ഒരു ദിവാൻ പല അംഗങ്ങളുടെ സ്ഥിരമായസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുന്നതുപോലെ മനഃപൂർവ്വമുണ്ടാക്കിയ സഹായികളായിരിക്കുന്ന ഡിപ്പാർട്ടുമെൻറുകളിൽ ഒന്നുരണ്ടിനെ ഒന്നുചേർത്തു ഒന്നായി പ്രവർത്തിച്ചാൽ അതിനൊരു അഭിവൃദ്ധികരമായ സഹായപ്രമായിരിക്കുമെന്നുള്ള വിശ്വാസത്തിന്മേലാണ് അതിനെപ്പറ്റിയുള്ള എൻറെ അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചിട്ടുള്ളൂ. അതിനെ സ്നേഹിതന്മാർ മതറാഷിയാക്കിയതുപോലെ തോന്നുകയില്ല. ഇതിനെപ്പറ്റി എതിരഭിപ്രായമുള്ളതിനാൽ ഈ ഉപക്ഷേപം പിൻവലിക്കുന്നതു നന്നായിരിക്കുമെന്നുതോന്നുന്നു. അതിനാൽ പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപത്തെ അനുവദിപ്പുകാരം പിൻവലിച്ചു.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ അവസ്സാനമുള്ള സമയാതിക്രമണംഹേതുവാൽ ലാപ്സായി.

മി. മുഹമ്മദിൻ പാച്ചുപിള്ള:

ഡൻസു. കമ്പോണ്ടർ ഡിമാൻഡിൽപ്പെട്ട ൨,൦൫,൫൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതാകുന്നു.

മി. ആർ. ശങ്കരവപിള്ള.

ഡൻ൭. കമ്പോണ്ടർ ഡിമാൻഡിൽപ്പെട്ട ൨,൦൫,൫൦ രൂപയിൽനിന്നും ഒരു രൂപ കുറയ്ക്കുന്നതാകുന്നു.

പ്രസിഡൻറ്: ഈ ഡിമാൻഡിനുള്ള സമയം അവസാനിച്ചിരിക്കുന്നു. അതിനാൽ കമ്പോണ്ടർ ഡിമാൻഡിൽ—അതായതു കൃഷിമത്സ്യവ്യവസായഇനത്തിൽ—ഉൾപ്പെട്ട മുഴുവൻതുകയായ ൨,൦൫,൫൦ രൂപയും സഭയിൽനിന്നും അനുവദിക്കുന്നതായി ഞാൻ വിചാരിക്കുന്നു.

ഉപക്ഷേപം പാസായി; ഗ്രാൻറു അനുവദിക്കപ്പെട്ടു.

ഡിമാൻഡു നമ്പർ ൫൮.

വ്യവസായങ്ങൾ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ൫,൫൫,൯൯൯ രൂപയിൽനിന്നും ഗ്രാമീശാസ്ത്രജ്ഞൻറെ അസിസ്റ്റൻറിനെ വച്ചിട്ടുള്ള സഞ്ചാരപ്പടിക്കുള്ള ൫൦൦ രൂപ കുറച്ചു ബാങ്കിയുള്ളതുകയിൽ കവിയാത്ത തുക സംഖ്യ അനുവദിക്കുന്നതിനുള്ള ഉപക്ഷേപം ഞാൻ ഹാജരാക്കിക്കൊള്ളുന്നു.

ഉപക്ഷേപം ഡൻ൫൮.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള.

ഡൻ൫൯. സഞ്ചാരപ്പടിവകയിലുള്ള ൯,൫൫൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

പ്രസിഡൻറ്: ഒട്ടേറെയുള്ള ബഡ്ജറ്റുതുകയിൽനിന്നും ൫൦൦ രൂപ വ്യവസായഡയറക്ടർ കുറച്ചിട്ടുണ്ടു. ഈ തുക പിരിക്കാതെന്നുള്ള ഡൻസ്-൫൯ാമനമ്പർ ഉപക്ഷേപത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

താഴെപ്പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കപ്പെട്ടില്ല.

ഡൻ൫൭ മുതൽ ൫൮ വരെ.

മി. വി. എസ്. കൃഷ്ണപിള്ള.

ഡൻ൫൭. നിയന്ത്രണംചെയ്യപ്പെട്ട ൨൫,൭൫൦ രൂപയുള്ള ഡിമാൻഡിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൫൭൦. നിയന്ത്രണംചെയ്യപ്പെട്ട ൨൫,൭൫൦ രൂപയിൽ നിന്നും ൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള.

൫൮൨. ഡയറക്ഷൻചെയ്യപ്പെട്ട ൨൫,൭൫൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള.

൫൮൩. കോട്ടയ്ക്കൽവൈദ്യർ മുതലായ തദ്ദേശീയൻചെയ്യപ്പെട്ട വച്ചിട്ടുള്ള ൫൦൦൦ രൂപയിൽനിന്നും ൨൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

ഉപക്ഷേപം ൫൦൩.

മി. കെ. സി. കരുണാകരൻ (തിയ്യതിതൻ):

സർ, ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു:—

ശവകണ്ടൻശവക വാണിജ്യവിദ്യാലയത്തിനുവച്ചിട്ടുള്ള ൭,൯൫൦ രൂപയിൽനിന്നും ൫൦൦ രൂപ കുറയ്ക്കുന്നതാകുന്നു.

ആലപ്പുഴയിലെ ശവകണ്ടൻശവാണിജ്യവിദ്യാലയത്തിൽ ഇപ്പോൾ വച്ചിരിക്കുന്ന പഠനപദ്ധതി തീരെ മതിയാകയില്ലെന്നകാണിക്കുന്നതിനും അവിടെ പഠിപ്പുപാസാകുന്നവരെ ഉദ്ദേശിച്ചുള്ള പഠനത്തിനു ശക്തിയുള്ളവരാക്കുന്നതായ വിദ്യാർത്ഥികളെ മറ്റു ഇൻഡ്യൻ സർവകലാശാലകളിൽ ചേർന്നു പഠിക്കുന്നതിനു അവരെ പ്രാപ്തരാക്കുന്നതായ വിധത്തിൽ പഠിപ്പുപദ്ധതി മാറ്റേണ്ടതുള്ള ആവശ്യമാണെന്നു തിർദ്ദേശിക്കുന്നതിനും ഉദ്ദേശിച്ചാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു. ആലപ്പുഴ വാണിജ്യവിദ്യാലയത്തിൽ പഠിപ്പിക്കുവരുന്ന വിഷയങ്ങളും പരിശോധിച്ചുനോക്കുന്നതായാൽ ഈ വാണിജ്യസ്കൂളും ഉടനടുന്നതിനുമുമ്പു തിരുവിതാംകൂറിൽ നടത്തിവരുന്ന ഒരുപ്രവർത്തസ്കൂളുകളിലെ പഠനവിഷയങ്ങളും തമ്മിൽ അവിടെ പഠിപ്പിച്ചുവരുന്നവയെന്നും ഈ വിഷയങ്ങളും ഇപ്പോഴും പ്രൈവറ്റു സ്കൂളുകളിൽ പഠിപ്പിക്കുന്നതുമെന്നും അവയുടെ എണ്ണത്തിനു ഒട്ടും കുറവുവന്നിട്ടില്ലെന്നും കാണുന്നതാണ്. ഈ വക തരപ്രവർത്തസ്കൂളുകളും നാടൻകോവിൽ മുതൽ ഉടങ്ങി വടക്കൻഹൗവർ വരെ വ്യാപിച്ചിട്ടുണ്ടു. തരപ്രവർത്ത എഞ്ചിനീയറിംഗ് കോളേജിനും കാണത്തക്ക, പ്രത്യേകിച്ചും വിദ്യാഭ്യാസവിഷയത്തിൽ ബഹുകേമി

കുന്ന സംഗതികളിലെല്ലാം അപ്രായ പ്രോത്സാഹിപ്പിക്കേണ്ടതു ഗവൺമെന്റിന്റെ ഉദ്ദേശവും നയവും ആയി രിക്കേണ്ടതാണെന്നാണു ഞാൻ വിചാരിക്കുന്നതു. ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള ഈ വാണിജ്യവിദ്യാലയ ത്തിൽ കൂടുതൽ വിദ്യാർത്ഥികളും ഉന്നതരുമായ വിഷയങ്ങളെ പഠിപ്പിക്കുന്നുവെങ്കിൽ അപ്രകാരം ഒരു സ്ഥാപനത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഇതുമാത്രം പണം ഗവൺമെന്റു ചെലവാക്കുന്നതു നീതികരിക്കുവുന്നതാണ്. എ ന്നാൽ പാഠപദ്ധതി നോക്കിയതിൽ ആലപ്പുഴയിലെ സർക്കാർവാണിജ്യസ്കൂളിലും മറ്റുപ്രധാനവാണിജ്യസ്കൂളുകളിലും പഠിപ്പിച്ചുവരുന്ന വിഷയങ്ങളെസംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും കാണുന്നില്ല. ആലപ്പുഴ സ്കൂളിൽ പഠിപ്പിക്കുന്ന വിഷയങ്ങളെ പ്രത്യേകം എടുത്തുപറഞ്ഞാക്കിയതിൽ അവിടെ അധികം വിഷയങ്ങളെ പഠിപ്പിക്കുന്നതായികാണുന്നു. അതായതു ടൈപ്പുറൈറ്റിംഗ്, ഷാർട്ടുഹാൻഡ്, ബുക്കുകീപ്പിംഗ്, കച്ചവടത്തിന്റെ ശാസ്ത്രവും പ്രായോഗികപാഠവും ബാങ്കിംഗ് എന്നിവയാകുന്നു. കച്ചവടത്തിന്റെ ശാസ്ത്രവും പ്രായോഗിക പാഠവും സ്ഥാപനംചെയ്തിട്ടുപോകുന്ന ഒരു വിദ്യാർത്ഥിക്കു ഉപയുക്തമായിത്തീരുമെന്നു എനിക്കു തോന്നുന്നില്ല. കച്ചവടത്തിന്റെ ശാസ്ത്രവും പ്രായോഗികപാഠവും എന്നതിൽ മിക്കവാറും കച്ചവടസംബന്ധമായ എഴുത്തുകുത്തു കളാണ് അടങ്ങിയിരിക്കുന്നതു എന്നാണ് ഞാൻ വിചാരിക്കുന്നതു. ഈ വിഷയത്തിൽ സ്കൂളിൽനിന്നും പഠിച്ചു യിറങ്ങുന്ന ഒരു വിദ്യാർത്ഥിക്കു ഈ വിഷയംകൊണ്ടു ഉപജീവനമാർഗ്ഗം സമ്പാദിക്കാൻകഴിയുമെന്നു ഗവൺമെന്റു വിചാരിക്കുന്നുവെങ്കിൽ അതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായം, ഒക്ഷിണം): അവിടെ കൊമേഴ്സ്യൽ ഗ്രമ്മർ ശാസ്ത്രം പഠിപ്പിക്കുന്നുണ്ടോ?

മി. കൃഷ്ണാകരൻ (നിയമനിർമ്മാതാവു): പരീക്ഷാപദ്ധതിയിൽ അതില്ല.

ഈ വിഷയത്തിൽ, അതായതു, കച്ചവടത്തിന്റെ ശാസ്ത്രീയവും പ്രായോഗികവുമായവിഷയത്തിൽ പ രിച്ചു പാസ്സാകുന്ന ഒരു വിദ്യാർത്ഥിക്കു വല്ല കച്ചവടകമ്പനിയിലോമറ്റു വ്യവസായശാലയിലേക്കോ എഴുത്തുകുത്തു ഡിപ്പാർട്ടുമെന്റിൽ ജോലികിട്ടാൻ അതു എളുപ്പമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവിടെ അയാൾക്കു ഒന്നിലും പരിചയമുണ്ടാകുകയില്ല. അയാൾക്കു ജോലികിട്ടാനും പ്രയാസമുണ്ടു. ബാങ്കിംഗിനെസംബന്ധിച്ചി ടത്തോളവും സ്കൂളിൽ പഠിക്കുന്ന പ്രാഥമികപാഠങ്ങൾകൊണ്ടു ഒരു വിദ്യാർത്ഥിക്കു ജോലികിട്ടുമെന്നു തോന്നുന്നില്ല. വേറെയുള്ള വിഷയങ്ങളെ ഷാർട്ടുഹാൻഡ്, ടൈപ്പുറൈറ്റിംഗ്, ബുക്കുകീപ്പിംഗ് എന്നിവകൊ ണ്ടുമാത്രമാകുന്നു. ബുക്കുകീപ്പിംഗ് പഠിച്ചുപാസ്സായിവരുന്ന ഈ യുവാക്കന്മാർക്കു കച്ചവടസംഘങ്ങളും വ്യവസായ ശാലകളും അവരുടെ കണക്കുകളുടെ സൂക്ഷിപ്പുസംബന്ധമായ ജോലികളും എത്രത്തോളം കൊടുക്കുമെന്നു എനിക്കു മന സ്സിലാകുന്നില്ല. ഇതിൽനിന്നു അത്ഭുതകരമായ ബുക്കുകീപ്പിംഗ് പരീക്ഷയിൽ ജയിച്ചുവരുന്നവർക്കും ജോലിയില്ലാതെ നടക്കാൻ ഇടയാകാമെന്നുള്ളതാകുന്നു, ഇപ്രകാരമായുള്ള വിഷയങ്ങളെ ടൈപ്പുറൈറ്റിംഗും ഷാർട്ടുഹാൻഡും ആണു്, ഈ ടൈപ്പിസ്റ്റുകൾക്കും ഷാർട്ടുഹാൻഡുറിപ്പോർട്ടർമാർക്കുംവേണ്ടി ഇപ്രകാരം ഒരു സ്ഥാപനം സൂക്ഷിക്കു ന്നതു നീതികരിക്കത്തക്കതാണോ എന്നു ഗവൺമെന്റിനോടു ചോദിച്ചുകൊള്ളട്ടെ: ഈ വിഷയങ്ങളിൽനടന്നയുക്ത ഫൗണ്ടേഷൻ-ഉം ഫൈനൽ ഉം ആയ വിദ്യാർത്ഥികൾമാത്രം പരീക്ഷയ്ക്കു അയയ്ക്കപ്പെട്ടിട്ടുണ്ടു. ഷാർട്ടുഹാൻഡിനെ മാത്രമായിട്ടു ഫൗണ്ടേഷൻ-ൽ പൂനാപോലെ അയച്ചു. ഫൈനൽ-ൽ നൂപേരെമാത്രമേ അയച്ചിട്ടുള്ളൂ ഇതിൽ നിന്നും പ്രകാശമാകുന്നതു ആവശ്യത്തിനനുസരിച്ചുമാത്രമേ സംഭരണവും ഉണ്ടാവുകയുള്ളൂ എന്നുള്ള നിയമമാണ്. ഞാൻ ആലപ്പുഴക്കാരനാണു്. അവിടത്തെ കച്ചവടസ്ഥിതിയെപ്പറ്റി എനിക്കു ഏതാണ്ടെല്ലാം അറിയാം. ഈ പ്രചരിപ്പിക്കാൻ അവിടെ ടൈപ്പിസ്റ്റായിട്ടും, ഷാർട്ടുഹാൻഡ് റിപ്പോർട്ടറായിട്ടും ജോലികിട്ടാൻ പ്രയാസമാണെ ന്നതിനാൽ എന്റെ വാദം ഇതാകുന്നു. അതായതു സ്കൂളിലെ പാഠപദ്ധതിയിൽ സാരമായ ഭേദഗതികൾ ഉണ്ടാ കത്തപക്ഷം രാജ്യത്തിലെ മതാഭിമാനികളായ വിദ്യാർത്ഥികൾക്കു മാത്രമേ ഗവൺമെന്റിനു സാധിക്കയുള്ളൂ. എന്നുള്ളതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കന്നത്തൂർ): മെമ്പർ പറയുന്നതു ആലപ്പുഴ കച്ചവട സ്കൂളിലെ പാഠപദ്ധതി പ്രായോഗികമല്ലാത്ത അത്യധികം ശാസ്ത്രീയമായിരുപ്പോയി എന്നാണോ?

മി: കൃഷ്ണാകരൻ (നിയമനിർമ്മാതാവു): അല്ലാ നേരെമറിച്ചു തീരെ പ്രാഥമികമായിരുപ്പോയി എന്നാകുന്നു.

ഇപ്രകാരമുള്ള എതിർപ്പിനുള്ള കാരണം സ്വന്ത അറിവിൽപ്പെട്ടതായ വേറെരണ്ടുകാര്യങ്ങളുണ്ടു്. ആലപ്പുഴ കച്ചവടസ്കൂളിൽ പഠിച്ചു പാസ്സായ ചില കുട്ടികൾക്കു ഒരു വല്ലായ്മയിടയ്ക്കു ചെന്ന ഉപരിപഠനത്തിനു തടസ്സമുണ്ടെന്നു് താല്പര്യപ്പെടുന്നതായിരുന്നു. ഞാൻ ലക്നൗസർവകലാശാലയിൽ ഇക്കണക്കുപ്രകാരം ആലപ്പുഴ കച്ചവട സ്കൂളിലെ വിദ്യാർത്ഥികളിൽനിന്നും രണ്ടപേക്ഷകൾ വന്നതായി ഞാൻ ഒക്കുന്നു. ഞാൻ ഈ അപേക്ഷകരുടെ തിരഞ്ഞെടുപ്പു കമ്മിറ്റിക്കാരോടു അടുക്കൽ ചെന്നുചോദിച്ചു എന്നാൽ ഇവിടത്തെ പഠിപ്പം തീരെ പ്രാഥമികമായിപ്പോയി എന്നു പറഞ്ഞു അവർ ഈ അപേക്ഷകരെ തള്ളിക്കളഞ്ഞു. അതിനാൽ ഞാൻ പറയുന്നതു എന്തെന്നാൽ ഇപ്പോഴുണ്ടാകുന്ന പൊതു മരടപ്പിസ്റ്റുകളും കാർട്ടുഹാൻഡ് റിപ്പോർട്ടർമാരുമാക്കിത്തീർക്കുന്നതിനുപകരം ഗവൺമെന്റു ഈ സംഗതിയെപ്പറ്റി ഗാഢമായി ആലോചിച്ചു രാജ്യത്തുള്ള വാണിജ്യവിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഉതകുന്നതായ വല്ലവിധമായ പദ്ധതിയും രൂപീകരിക്കണമെന്നാകുന്നു. വാണിജ്യവിഷയമായ വിദ്യാഭ്യാസം ശരിയായ മാർഗ്ഗങ്ങളിൽക്കൂടി അഭിവൃദ്ധിപ്പെടുന്നതായാൽ ഇന്നു നമുക്കു അഭിമുഖമായി നിൽക്കുന്ന പലവിധമായ കഷ്ടങ്ങളും പരിഹരിക്കുന്നതിന് മാതൃകയാകത്തക്കവണ്ണം വാസ്തവത്തിൽ നിർത്തപ്പെടുന്ന ഒരാളാണ് ഞാൻ. വിദ്യാർത്ഥികൾക്കു ഗ്രഹിക്കുവാൻ കഴിയുന്നതും അതേസമയത്തു തന്നെ, കച്ചവടം വ്യവസായം എന്നീ മണ്ഡലങ്ങൾക്കു വഴിസാധ്യമുള്ളിടത്തോളം നയിക്കുന്നതിനു അവരെ പ്രാപ്തരാക്കുന്നതുമായ വിഷയങ്ങൾ പാഠപദ്ധതിയിൽ താനേ കൊള്ളിക്കേണ്ടതുകൊണ്ടു. ഇപ്പോൾ നമ്മുടെ രാജ്യത്തിൽ കൊടുത്തുവരുന്ന വാണിജ്യവിദ്യാഭ്യാസം വാസ്തവമായ വിദ്യാഭ്യാസമാണെന്നു ഞാൻ വിചാരിക്കുന്നില്ല, അതു, മിസ്റ്റർ ഗവൺമെന്റിനുനിന്നും അരിയാസനം ചെയ്തിട്ടുള്ളതുപോലെ ഒരു വേഗം സാമ്പത്തികംപദ്ധതിമാത്രമാകുന്നു. അതു അത്രകൊണ്ടു വാണിജ്യപരമായതല്ല. എന്നെന്നാൽ വാണിജ്യപരമായ പദ്ധതിയിൽനിന്നും രാജ്യത്തിലെ ധനാഗമമാർഗ്ഗങ്ങളെയും വ്യവസായങ്ങളേയും പറ്റിയുള്ള ഒരു പരീക്ഷണീയ ബഹിഷ്കൃതിക്കാൻ പാടില്ലാത്തതാകുന്നു. ഒരു യഥാർത്ഥവാണിജ്യവിദ്യാർത്ഥിക്കു രാജ്യത്തിലെ ധനാഗമമാർഗ്ഗങ്ങളും ഇന്നതെല്ലാമെന്നുള്ള തീച്ചയുമെങ്കിലും അറിഞ്ഞിരിക്കണം. രാജ്യത്തിലെ പ്രധാനവ്യവസാ യങ്ങളെപ്പറ്റിയും അവർക്കു ജ്ഞാനം ഉണ്ടായിരിക്കണം. ഒരു വിദ്യാർത്ഥിയുടെ വിദ്യാലയജീവിതമെന്നതിൽ

ഈ സംഗതികളും മനസ്സിലാക്കുന്നതായാൽ അയാൾക്ക് സ്വാതന്ത്ര്യമുള്ള ഒരു കച്ചവടപ്രമാണിയിൽ പ്രവേശിക്കാൻ സാധിക്കുന്നതാണ്. ഇപ്പോഴത്തെപ്പോലെ പലതിലേക്കും ഒരു വിദ്യാർത്ഥിക്ക് കച്ചവടവിഷയങ്ങളിലേയും കച്ചവടജീവിതത്തിലേയും ഇന്നഗ്രഹണം ചെയ്യാൻ സാധിക്കുന്നതല്ല. പഞ്ചാബ് ഗവൺമെൻറും യുണൈറ്റഡ് പ്രോവിൻസുകളിലെ ഗവൺമെൻറും വാണിജ്യവിദ്യാഭ്യാസത്തിനു ചെയ്തിട്ടുള്ളതുപോലെ തിരുവിതാംകൂറിലും വാണിജ്യവിദ്യാഭ്യാസസംബന്ധമായി ഒരു സ്കൂൾ ഫൈനൽ ലെവൽ വരെ ഏർപ്പെടുത്തണമെന്നാണ് ഞാൻ വിചാരിക്കുന്നത്. പഞ്ചാബിലേയും യുണൈറ്റഡ് പ്രോവിൻസുകളിലേയും പാഠപദ്ധതികളും നമ്മുടെ വാണിജ്യവിദ്യാഭ്യാസത്തിലും ഉൾപ്പെടുത്തുന്നതിനു ഗവണ്മെൻറ് ആലോചിക്കേണ്ടതാണ്. അപ്രകാരം ചെയ്യുന്നതായാൽ വാണിജ്യവിഷയമായ ഡിഗ്രികളും (ബിരുദങ്ങൾ) കൊടുക്കുന്നുണ്ടെങ്കിൽ നമ്മുടെ കുട്ടികൾക്ക് പ്രവേശനം ലഭിക്കാൻ സൗകര്യമുള്ളതാകുന്നു. നമുക്ക് ഒരു പ്രത്യേകബോർഡ് ഉണ്ടെങ്കിൽ മാത്രമേ ഇതു സാധ്യമാവുകയുള്ളു. നമുക്ക് കച്ചവടവിഷയമായി ഒരു പ്രത്യേകപരീക്ഷാബോർഡ് ഉണ്ടായാൽ ഉപരിപഠനങ്ങൾക്കും സാധിക്കുന്നവർക്ക് വ്യവസായവാണിജ്യങ്ങളും സംബന്ധിച്ച സ്വാതന്ത്ര്യജീവിതം സമ്പാദിക്കുന്നതിനും ഉപരിപഠനത്തിനു ആവശ്യപ്പെടുന്നവർക്ക് വാണിജ്യസംബന്ധമായ പഠനങ്ങളും നടത്തുകയും ബിരുദങ്ങൾ കൊടുക്കുകയും ചെയ്യുന്ന സർവ്വകലാശാലകളിൽ ചേരുന്നതിനും സാധിക്കുന്നതാണ്. ഇതുവരെക്കുള്ളതിനു ഈ ഉപന്യാസത്തിനു സമയത്തിനു തരുവേണമെന്നു ഞാൻ നിവേദിച്ചുകൊള്ളുന്നു.

ശ്രീ: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായം, രക്ഷിണം): എൻറെ സ്നേഹിതൻ ശ്രീ: കരുണാകരൻറെ ഉപന്യാസത്തെപ്പറ്റി മീതെ നിന്നുപറഞ്ഞതിനു എനിക്കും ചെയ്യാനുണ്ട്. വിദ്യാലയത്തിൽ നിന്നും പോകുന്ന വിദ്യാർത്ഥിയെ ഒരു വ്യാപാരിയോ കച്ചവടക്കാരനോ ആയിത്തീക്കാൻ പ്രാപ്തനാക്കുന്ന വിധത്തിൽ പഠനപദ്ധതി പരിഷ്കരിക്കേണ്ടതു ആവശ്യമാണ്. ഞാൻ മുമ്പുള്ളിടത്തും പറഞ്ഞതുപോലെ വാണിജ്യവിദ്യാലയത്തിൽ പ്രവേശിക്കുന്നവർ ഷാർട്ട്ഹാൻഡ്മാത്രം പഠിച്ചുകൊണ്ടു പുറത്തിറങ്ങിവരുന്നുണ്ട് ഈ സ്കൂളിൽ പഠിക്കുന്നവരെ ഷാർട്ട്ഹാൻഡിലും ടൈപ്പ്റൈറ്റിംഗിലും മാത്രമേ ഞാനാഗ്രഹിക്കുന്നുള്ളു, ഇതിനെ ഒരു വാണിജ്യവിദ്യാലയം എന്നുപറയാൻ പാടില്ല. എൻറെ അഭിപ്രായത്തിൽ ഒരു വാണിജ്യവിദ്യാലയത്തിൽ വാണിജ്യസംബന്ധപ്പെട്ടറ്റി പഠിപ്പിച്ചുകൊടുക്കുന്നു, അവിടെ പഠിച്ചു തിരിയെ പോരുന്നവർ ഒരു വ്യാപാരിയെ കച്ചവടക്കാരനോ ആയിത്തീരുന്നതിനു യോഗ്യനായിത്തീരണം. പോരെപ്രകാരം പറയുന്നതായാൽ, ബാങ്കേജിൽ പഠിക്കുന്നവർ ലായർമാരും ആർട്ട്സ്കളേജിൽ പഠിക്കുന്നവർ ബി, എക്കാരും ആയി പുറത്തിറങ്ങുന്നതുപോലെ വാണിജ്യകാളേജിൽ പഠിക്കുന്നവൻ കട്ടപ്പിസ്കുകളും ഷാർട്ട്ഹാൻഡ് റിപ്പോർട്ടർമാരായും പുറത്തുവരുന്നു. വാണിജ്യവിദ്യാലയത്തിൽ കൊടുക്കുന്ന പഠിപ്പുകൊണ്ടു അവിടെന്നിന്നും പുറത്തിറങ്ങുന്നവരെ ഏതെങ്കിലും കച്ചവടം തുടങ്ങുന്നതിനു പ്രാപ്തന്മാരാക്കിത്തീർക്കണം, അല്ലാതെ നാഴികയ്ക്കു നാല്പതുവട്ടം ഷോർട്ട്ഹാൻഡ് വിദ്യ ഉരുവിട്ടുപഠിപ്പിച്ചു കൂടാത്തതാകുന്നു. ഒരു വിദ്യാലയം ഏതെങ്കിലും ഒരു തരം അറിവു ഉണ്ടാക്കി കൊടുക്കണം. ഘടികാരം മുതലായ യന്ത്രങ്ങൾ മിനുസമാക്കുന്നതിനായി മുതിരുക്കായിൽനിന്നും ഒരുതരം എണ്ണ ജർമ്മനിയിൽ ഏർപ്പാടുചെയ്തതായ ഒരു ഉദാഹരണം എനിക്കറിയാം. ഈ എണ്ണ എണ്ണസാധനത്തിൽ നിന്നാണ് ഉണ്ടാക്കുന്നതു എന്നു അറിയാൻ പാടില്ലാത്തവരായി അനവധി ആളുകൾ ഉണ്ട്. വാണിജ്യവിദ്യാലയത്തിൽ ഇത്രയും പഠിപ്പുണ്ടാവേണം കൊടുക്കേണ്ടതു അങ്ങിനെ ചെയ്യുന്നതുകൊണ്ടു നമുടെ നാട്ടിലുള്ളഅസംസ്കൃതസാധനങ്ങളിൽ നിന്നു എന്തെല്ലാം പരിഷ്കൃതസാധനങ്ങൾ ഉണ്ടാക്കാമെന്നു വിദ്യാർത്ഥികൾ മനസ്സിലാക്കണം. അതു കൂടാതെ ആവശ്യസാധനങ്ങൾ എതേതു ദിക്കുകളിൽ ശരിയായ വിലക്കു വിറ്റഴിയുമെന്നുള്ള സംഗതിയും അവർ മനസ്സിലാക്കിക്കൊടുക്കണം. ഈ വാക്കുകളോടുകൂടി ഞാൻ എൻറെ സ്നേഹിതൻറെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

ശ്രീ: ഐ. സി. ചാക്കോ (വ്യവസായവിദഗ്ധന്മാർ): ആലപ്പുഴയുള്ള സർക്കാർ വാണിജ്യവിദ്യാലയം ചില ക്ലിപ്തഉദ്ദേശങ്ങളോടുകൂടി തുടങ്ങിയിട്ടുള്ളതാകുന്നു. ആ ഉദ്ദേശത്തിനു മിസ്റ്റർ കരുണാകരൻറെയും മിസ്റ്റർ പിറവിപ്പെരുമാൾപിള്ളയുടെയും ആശയങ്ങളെ സഫീകരിക്കുന്നില്ലെന്നു എനിക്കു തോന്നുന്നില്ല. ഈ സ്കൂൾ തുടങ്ങിയപ്പോൾ ഞങ്ങളുടെ ഉദ്ദേശം ആലപ്പുഴ, കൊച്ചി മുതലായി ഇൻഡ്യയിലുള്ള കച്ചവടസ്ഥലങ്ങളിലുള്ള കമ്പനികളിലും മറ്റും ക്ലാർക്കുവേലക്കു കൂട്ടികളെ പരിശീലിപ്പിക്കണമെന്നായിരുന്നു. ഞങ്ങൾ ഉദ്ദേശിക്കുന്ന സ്റ്റാൻഡേർഡ് മദ്രാസ് ഗവണ്മെൻറ് സെക്കൻഡറി സ്കൂൾ പരീക്ഷയുടെ സ്റ്റാൻഡേർഡ് ആകുന്നു.

ആലപ്പുഴ സർക്കാർ വാണിജ്യവിദ്യാലത്തിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ മിസ്റ്റർ കരുണാകരൻ കണ്ടിരിക്കുന്നതിച്ചിട്ടുള്ളതായി തന്നെ.

ശ്രീ: കെ. സി. കരുണാകരൻ (നിയമിതൻ): ഈ സ്കൂളിൽ കമ്മർഷ്യൽ ജ്യോഗ്രഫി (കച്ചവടഭൂമിശാസ്ത്രം) പഠിപ്പിക്കുന്നുണ്ടോ?

ശ്രീ: ഐ. സി. ചാക്കോ (വ്യവസായവിദഗ്ധന്മാർ): ഉണ്ട്. അതിനെ എൻറെ കൈവശം ഉള്ള സിലബസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ: കെ. സി. കരുണാകരൻ (നിയമിതൻ): ആവിഷയത്തിൽ വിദ്യാർത്ഥികൾ പരീക്ഷക്കു പോകുന്നുണ്ടോ?

ശ്രീ. ഐ. സി. ചാക്കോ (വ്യവസായവിദഗ്ധന്മാർ): സംഗതികളെ വിവരിക്കാം. അവിടെ എല്ലാ വിഷയങ്ങളും എടുത്തു പഠിക്കുന്നതുകൊണ്ടു യാതൊരു വിദ്യാർത്ഥിയേയും നിർബ്ബന്ധിക്കുന്നില്ല. വിദ്യാർത്ഥിക്കു ആവശ്യമുള്ള ഏതുവിഷയവും അയാൾക്കു തിരഞ്ഞെടുക്കാം. ഈയ്യാണ്ടിൽ ഷോർട്ട്ഹാൻഡും ടൈപ്പുറൈറ്റിംഗും പഠിക്കുന്നതിനു ഏഴു വിദ്യാർത്ഥികൾ അപേക്ഷിച്ചു. ബുക്ക്കീപ്പിംഗ് പഠിക്കുന്നതിനു കുറച്ചു പേരും ഉണ്ടായിരുന്നു. തൊയർഗ്രേഡിൽ ഫോം ലോവർഗ്രേഡിൽ സ്റ്റാഡം വിദ്യാർത്ഥികളും ചേർന്നിരുന്നു. ഷോർട്ട്ഹാൻഡ് തൊയർ ഗ്രേഡിനും ടൈപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാൽ ലോവർഗ്രേഡിനു സ്റ്റാഡം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. കമ്മർഷ്യൽ ജ്യോഗ്രഫിക്കു രണ്ടു വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. ഇപ്രകാരം വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതു കുട്ടികളുടെ താല്പര്യംപോലെ വിട്ടിരുന്നു. എല്ലാ വിഷയങ്ങളും പഠിക്കുന്നതിനു ഒരു വിദ്യാർത്ഥിയും നിർബ്ബന്ധിതനല്ല. ഒരു വിദ്യാർത്ഥിക്കു ഒന്നോ അധികമോ വിഷയങ്ങൾ പഠിക്കാം മേൽപറഞ്ഞതിനെന്നിന്നും സ്കൂളിൻറെ സ്റ്റാൻഡേർഡു ഉയർത്തുന്നപക്ഷം മിസ്റ്റർ കരുണാകരൻറെ അഭിപ്രായത്തോടു ചേർന്നുള്ള ഉപരിപഠിപ്പിക്കുള്ള പഠിക്കാൻ

അധികം കട്ടികൂടി വന്നുപോകുമോയെന്നു ഞാൻ സംശയിക്കുന്നു. എന്നാൽ കച്ചവടവിഷയമായുള്ള ഉപരി ജനസഞ്ചാരസ്വാതന്ത്ര്യത്തിനായി വിദ്യുത്തിക്കമ്പികളെ പരിഷ്കരിച്ചിട്ടുള്ളതുപോലെ, ഭരണാധികാരത്തിനു അയവു വരുത്തിയിരിക്കുന്നതായി പ്രസംഗികുന്നവർ പറയുകയുണ്ടായി. മി: കൃഷ്ണാകുറുപ്പിന്റെ കാര്യത്തിൽ ഇതു ശരിതന്നെ. എന്നാൽ മറ്റുള്ളവരുടെ വിഷയത്തിൽ എന്തെന്നു അറിയിൽപ്പെട്ടിട്ടുള്ളതുകൊണ്ടും കച്ചവടസംബന്ധമായ ഉപരിപഠനത്തിനുശേഷം അതുപോലെതന്നെ കച്ചവടക്കാരനായി തീർന്നിട്ടില്ല.

മി. കെ. സി. കൃഷ്ണാകുറുപ്പ് (നിയമിതൻ): എന്നാൽ ഇവിടെ ജോയികോം കിട്ടുന്നതിനു മുമ്പേതന്നെ ഉണ്ടായിരുന്നല്ലോ.

മി. ഏ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): കച്ചവടസംബന്ധമായ പഠനങ്ങൾ കഴിഞ്ഞുവന്നതിനുശേഷം കച്ചവടസ്ഥാപനങ്ങൾ തുടങ്ങിയിട്ടില്ലാത്തതായി എനിക്കു ഒട്ടുമിക്കപോലെ അറിയാം. കച്ചവടവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഒരാളിനു ആവശ്യമുള്ള മൂലധനം ഉള്ളപക്ഷം അയാൾ സ്വന്തമായി കച്ചവടസ്ഥാപനങ്ങൾ തുടങ്ങാൻ ശക്തരായിത്തീരും. എന്റെ അഭിപ്രായത്തിൽ നാം ഇപ്പോൾ ഒരു കച്ചവടകോളേജ് തുടങ്ങിയാൽ കഴിവില്ലാത്തവരുടെ സംഖ്യ നാം വർദ്ധിപ്പിക്കുകമാത്രമേ ചെയ്യുകയുള്ളൂ. ഏതായാലും മിസ്സർ കൃഷ്ണാകുറുപ്പിന്റെ നിർദ്ദേശങ്ങൾ ഞാൻ ഗൗരവമായി ആലോചിച്ചു അതിനേൽ ആവശ്യമുള്ള ശിപാർശകൾ ധവകുപ്പിന്റെ മുമ്പാകെ ചെയ്യുകൊള്ളാം.

മി. കെ. സി. കൃഷ്ണാകുറുപ്പ് (നിയമിതൻ): ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

ഉപക്ഷേപം ബഹുവാളന്റെയുകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ നമ്പർ മുതൽ നമ്പർ വരെ.

തുടർന്നുപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള:

നമ്പർ, സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടിനുള്ള ഗ്രാന്റായ രൂപയിൽനിന്നും ലക്ഷം രൂപ കുറയ്ക്കണമെന്നു.

മി. രേവതിനാഥ രാമവർമ്മരാജാവു:

നമ്പർ, ആൽത്തറയ്ക്കുള്ള പാലം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. രേവതിനാഥ രാമവർമ്മരാജാവു:

നമ്പർ, എക്സ്പെരിമെന്റൽ ടാനറിക്കുള്ള ഗ്രാന്റ് രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. ഏ. താണുപിള്ള:

നമ്പർ, വ്യവസായാഭിവൃദ്ധിക്കുള്ള ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. ഏ. ജി. മേരോൺ:

നമ്പർ, ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു

മി. ടി. സി. കേശവപിള്ള:

നമ്പർ. ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള:

നമ്പർ. ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. ടി. സി. കേശവപിള്ള:

നമ്പർ. ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. മുഹമ്മദ് പോക്കുപിള്ള:

നമ്പർ. ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

മി. വി. എസ്. കൃഷ്ണപിള്ള:

നമ്പർ. ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റിൽപ്പെട്ട ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

പ്രസിഡന്റ്: ഗ്രാന്റ്-ഓഫ്-മണി നമ്പർ ഡിമാന്റ് (അതായതു വ്യവസായം) ഇന്നത്തിൽ വച്ചിട്ടുള്ള ലക്ഷം രൂപയിൽനിന്നും രൂപ കുറച്ചു വരുന്നതുകയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നാണ് അഭ്യർത്ഥന.

ഗ്രാന്റ് അനുവദിച്ചു.

ഡിമാന്റ് നമ്പർ ഗ്രാന്റ്-ഇൻ-എയ്ഡ് ടു മെഡിക്കൽ സ്കൂൾ (ഇതിൽ യൂറോപ്യൻ മെഡിക്കൽസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകളും യൂറോപ്യൻ ചികിത്സാപഠിക്കുന്നതിനുള്ള വിദ്യാർത്ഥിവേതനങ്ങളും ഉൾപ്പെട്ടവ)

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്റ്റ്യൂട്ടിംഗ് മെഡിക്കൽ ആഫീസർ): സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റിനും യൂറോപ്യൻ മെഡിക്കൽസ്ഥാപനങ്ങൾക്കുള്ള ഗ്രാന്റുകൾക്കും യൂറോപ്യൻ ചികിത്സാപഠിക്കുന്നതിനുള്ള വിദ്യാർത്ഥിവേതനങ്ങൾക്കും ഉള്ള ഡിമാന്റായ ലക്ഷം നമ്പർ ഡിമാന്റിനായി ഞാൻ നൂറ്റൊന്നു, നൂറ്റൊന്നു രൂപയിൽ കവിയാത്ത ഒരു ഗ്രാന്റ് അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപക്ഷേപം നമ്പർ നമ്പർ.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഞാൻ താഴെപ്പറയുന്ന ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മേൽനോട്ടത്തിനായി വച്ചിരിക്കുന്ന ലക്ഷം രൂപയിൽനിന്നും രൂപ കുറയ്ക്കണമെന്നു.

നമ്പർ 4 0. ഡിമാണ്ട് 4 1-ൽ അനുവദിച്ചിട്ടുള്ള ആകെസംഖ്യ നൂറു രൂപയിൽ 4 0 രൂപ കുറയ്ക്കണം.

പ്രസിഡന്റ്: ഡിമാണ്ടു 41, സ്റ്റേഷണറിയും അച്ചടിയും ഇനത്തിൽ നൂറു രൂപ അനുവദിക്കണമോ എന്നാണ് ചോദ്യം.

അദ്ധ്യക്ഷനുകൂലം അനുവദിച്ചു.

ഡിമാണ്ടു 41. പരസ്പരസഹായം ഡിപ്പാർട്ടുമെന്റ്.

മി. ആർ. കരുവള്ളിശംഭുപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ഡിമാണ്ടു 41. പരസ്പരസഹായം ഡിപ്പാർട്ടുമെന്റുവകയ്ക്കു നൂറു, 6 0 രൂപയ്ക്കു കവിയാത്ത ഒരുസംഖ്യ അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഉപക്ഷേപങ്ങൾ നമ്പർ 41 മുതൽ നമ്പർ 49 വരെ,

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല,

മി. എ. സി. കുഞ്ഞിക്കോസ്.

നമ്പർ 41. സ്ഥിരം ഇൽസ്പെക്ടർമാർക്കും ശിപായിമാർക്കും അനുവദിച്ചിട്ടുള്ള 41,൯൦൦ രൂപയിൽ 4 0 രൂപ കുറയ്ക്കണം.

മി. കെ. സി. കരുണാകരൻ.

നമ്പർ 42. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള 42,9 6 0 രൂപയിൽ 4 0 രൂപ കുറയ്ക്കണം.

മി. എ. സി. കുഞ്ഞിക്കോസ്.

നമ്പർ 43. സഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള 42,9 6 0 രൂപയിൽ 4 0 രൂപ കുറയ്ക്കണം.

മി. എൻ. ആർ. കുണ്ടൻ.

നമ്പർ 44. ഡിമാണ്ടു 41-ൽ ആകെസംഖ്യ നൂറു, 0 6 0 രൂപയിൽ 4രൂപകുറയ്ക്കണം.

മി. എ: ജി. മേനോൻ.

നമ്പർ 45. ഡിമാണ്ടു 41-ൽ ആകെസംഖ്യ നൂറു, 0 6 0 രൂപയിൽ 4രൂപ കുറയ്ക്കണം.

മി. കെ. സി കരുണാകരൻ.

നമ്പർ 46. ഡിമാണ്ടു 41-ൽ ആകെസംഖ്യ നൂറു. 0 6 0 രൂപയിൽ 4 0 രൂപകുറയ്ക്കണം.

ഉപക്ഷേപം നമ്പർ 9,

മി വി. കൊല്ലംപിള്ള (ശതാവാള): താഴെപ്പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു

ഡിമാണ്ടു 41-ൽ അനുവദിച്ചിട്ടുള്ള ആകെസംഖ്യ നൂറു, 0 6 0 രൂപയിൽ 6 0 രൂപ കുറക്കണം

സർ, തിരുവിതാംകൂർരാജ്യത്തിന്റെ ഭൂസ്ഥിതികൊണ്ടു അതതു കർഷകർരാജ്യമായിരിക്കണമെന്നാകുന്നു ഉദ്ദേശിച്ചിട്ടുള്ളതെന്നു നമുക്കെല്ലാം അറിയാമല്ലൊ. അതുകൊണ്ടു ഇവിടെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തി ആളുകൊണ്ടു വ്യാപാരം നടത്തത്തക്കനിലയിലാക്കേണ്ടതു ഗവണ്മെന്റിന്റെ ധർമ്മമാകുന്നു ഇപ്പോൾ ഭൂരിഭാഗത്തിനുമുള്ള കൃഷിസ്ഥലങ്ങൾ ചെറിയതും ചിതറിപ്പിടക്കുന്നതുമാകയാൽ ഒരോ കൃഷിക്കാരന്റെയും പ്രയത്നം അതിലക്ഷണീയമാംവണ്ണം ഫലപ്രദമല്ല. വീണ്ടും കൃഷിക്കാരൻ കൃഷിചെയ്യണ്ടാക്കുന്നതെല്ലാം കൊണ്ടുപോയിട്ടു വിൽക്കേണ്ടിവരുന്നു. മരച്ചീനിക്കിഴങ്ങു തേങ്ങാ പച്ചക്കറി ഇഞ്ചിമുതലായ അനേകസാധനങ്ങൾ ഇപ്പോൾ ഈസംസ്ഥാനത്തിൽനിന്നു കയറ്റി അയക്കയും സമ്പത്തുകരമായ വിസ്തൃതിയും തരിശുകിടക്കുന്ന മുതലായവയായി രൂപാന്തരപ്പെടുത്തി ഇവിടെത്തന്നെ തിരികെകൊണ്ടുവരികയും ചെയ്യുന്നു. ഇങ്ങനെ കൂടിയാലോചിച്ചു ചെയ്യുന്ന അല്പസ്വല്പം പേപോലും അവക്കു കിട്ടാതെപോകുന്നു. ഒരു വ്യാപാരം നടത്തത്തക്കനിലയിൽ വ്യവസായങ്ങൾ നടത്തുന്നതിനു ആവശ്യമുള്ളടത്തോളം സാധനങ്ങൾ ഇവിടെ കിട്ടുകയല്ലെന്നു വ്യവസായികളുടെ പരാതിയുമായിരിക്കും എന്നാൽ വ്യവസായം നടത്തുന്ന രാജ്യങ്ങളിലെല്ലാം അവശ്യാവശ്യമുള്ള സാധനങ്ങളെല്ലാം ഉണ്ടാക്കുന്നതിനുള്ളസംഗതി ഞാൻ ഈ അവസരത്തിലുള്ള മറ്റു കാര്യങ്ങളോടു ബന്ധപ്പെടുത്തി വിശദീകരിച്ചുകൊള്ളുന്നു.

പണത്തിന്റെ മൂല്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതു പരസ്പരസഹായസംഘങ്ങളുടെ ഒരുവിധം പരിഹരിക്കാവുന്നതാണ്. പരസ്പരസഹായപ്രതി പരസ്പരസഹായം കൊണ്ടുണ്ടാകുന്ന മേന്മകളെത്തോട്ടുകാട്ടി നടത്തുകയാണെങ്കിൽ എത്രപണം വേണമെങ്കിലും ഉണ്ടാക്കാൻ സാധിക്കുമെന്നു പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഇപ്പോൾതന്നെ 4 0 0 പരസ്പരസഹായസംഘങ്ങൾ ഉണ്ടു. എന്നാൽ ഈസംഘങ്ങളെല്ലാം യഥാർത്ഥമായ പരസ്പരസഹായം കൊണ്ടുണ്ടാകുന്ന മേന്മയെപ്പറ്റിയിരിക്കുന്നു. അവയുടെ ഇപ്പോഴത്തെ ജോലി പണം കടംകൊടുക്കുക മാത്രമാണെന്നാൽ അതു പരസ്പരസഹായതത്വങ്ങളെ അനുസരിച്ചു നടത്തുന്നില്ല. കടംവാങ്ങുന്നവനു കടംവീട്ടാൻ കഴിയുമോഎന്നും വാങ്ങു

ന്നപണം എങ്ങനെയാണ് ഉപയോഗിക്കാൻ പോകുന്നതെന്നും നോക്കാതെയാണ് ഇപ്പോൾ പണം കടം കൊടുത്തുവരുന്നത്. ഇങ്ങനെപണം വാങ്ങുന്നവൻ കടംവീട്ടേണ്ടുന്ന സമയംവരുമ്പോൾ സമയം നീട്ടിക്കിട്ടുന്നതിന് അപേക്ഷിക്കുകയും അഥവാനിട്ടിക്കിട്ടിയാൽ തന്റെ കാരന്മാരുടെ അടുക്കൽചെന്ന പണംകടം വാങ്ങി സംഘത്തിന്റെ കടംവീട്ടുകയുംചെയ്യുന്നു. കുറച്ചുദിവസം കഴിഞ്ഞു മറ്റൊരു സംഘത്തിൽനിന്നുവീണ്ടും പണം കടംവാങ്ങി തന്റെ കാരുടെ കടം വീട്ടുന്നു. ഇങ്ങനെയാണ് ഇപ്പോൾ നടന്നുവരുന്നത്. ഞാൻപറഞ്ഞപ്രകാരം ഇപ്പോൾ ഉദ്ദേശം ൪൫൦൦ പരസ്പരസഹായ സംഘങ്ങൾ ഉണ്ട്. അവയുടെ പരിശോധനയ്ക്കു ൨൦ ഇൻസ്പെക്ടർമാരും ഉണ്ട്. അതായതു ൧൦ സംഘങ്ങൾക്കു ഒരുഇൻസ്പെക്ടർവീതംഉണ്ട്. ഈ സാധുഇൻസ്പെക്ടർമാർക്കു സംഘങ്ങളുടെ അവസ്ഥകളും അറിഞ്ഞു അവയെയെല്ലാം നടത്തിക്കാൻ എങ്ങനെകഴിയുമെന്ന എനിക്കുതന്നെ നിശ്ചയമില്ല. ഇതുഗവണ്മെന്റിനു ബോധ്യമായിട്ടുണ്ട്. പുതിയസംഘങ്ങൾ സ്ഥാപിക്കുന്നതിനേക്കാൾ ഉള്ള സംഘങ്ങളെസുസ്ഥിതിയിലാക്കണമെന്നാണ് ഗവണ്മെന്റ് വിചാരിക്കുന്നത്. കാര്യം ഗവണ്മെന്റിനു ബോധ്യമായിട്ടുള്ളതുകൊണ്ടു ഞാൻ ഗവണ്മെന്റിനോടു അധികം പറഞ്ഞിട്ടുവേണ്ടുകയില്ല. ഈ സംഘങ്ങളെ സുസ്ഥിരമാക്കുന്നതിനു കൂടുതൽ ഇൻസ്പെക്ടർമാരെ നിയമിക്കയാണ് വേണ്ടത്. എന്നാൽ രജിസ്ട്രാരുടെ അധീനത്തിലുള്ള പണംകൊണ്ടു ഇതുസാധ്യമല്ല.

സംഘങ്ങളുടെ കടംവാങ്ങിയപണമല്ലാതെ മറ്റൊരു നോക്കിയാൽ കടം വാങ്ങുകൊടുക്കുന്നതല്ലാതെ ജോലികൊടുക്കുന്ന സംഘങ്ങളും വളരെ ചുരുക്കമാണ്. തിരുവിതാംകൂറിൽ ചിലതൊഴിലുകൾ സംഘങ്ങളും ഉണ്ട്. അവർ നല്ലജോലികളും നടത്തുകയും മദ്ധ്യസ്ഥന്മാരുടെ ലാഭം ഇല്ലാതാക്കി നല്ലലാഭം എടുക്കുകയും ചെയ്യുന്നു. ചില കൃഷിസംഘങ്ങളും ഉള്ളവയുടെ ഉദ്ദേശം കൃഷിയുടെ അഭിവൃദ്ധിയാണ്. കൃഷിക്കാർക്ക് ന്യായമായി കിട്ടേണ്ടുന്ന തുകയും ഇപ്പോൾ മദ്ധ്യത്തിൽ നിൽക്കുന്നവർക്കാണുകിട്ടുന്നതു. ഉദാഹരണമായി ഒരാൾക്കു ഒരുകോട്ടനെല്ലുനിറയുവാനുള്ളപുരയുണ്ടെന്നുകരുക. നെല്ലുവരുന്നതിനു കോട്ടകെട്ടുന്നതിനു ഒരുരൂപാവീതം ചെലവുണ്ടു. ഇങ്ങനെകൃഷിക്കാരന്റെ പക്കൽനിന്നു കൃഷികാരന്റെ അടുക്കൽ എത്തുന്നതിനു അനേകം പേരുടെമുഖന്തരംവേണം. അവർക്കെല്ലാവർക്കും എന്തെങ്കിലും ലാഭവുംകൊടുക്കണം. അതുകോട്ടയ്ക്കു ഒരുരൂപമാത്രമായിരിക്കും. എന്നാൽ ഒരുസംഘം ഈ ജോലി കയ്യേറ്റെടുത്തിയാൽ ഈ ഒരുരൂപാവീതത്തിന്റെ ലാഭം കൃഷിക്കാരനോ കൃഷികാരനുവേണ്ടി കൊടുക്കുന്നവനോ ലഭിക്കുന്നതും അല്ലാതെകൊടുക്കാതെ കഴിക്കാവുന്നതും ആകുന്നു. അതുകൊണ്ടു അധികം കൃഷിസംഘങ്ങൾ സ്ഥാപിക്കേണ്ടതാകുന്നു. ഇതൊരുദാഹരണം മാത്രമാകുന്നു. പരസ്പരസഹായസംഘങ്ങളുടെ ഉപയോഗംകാണിക്കുന്നതിനു വേറെയും പലഉദാഹരണങ്ങളും പറയാനുണ്ടു. തിരുവനന്തപുരത്തു കയ്പണസാധനങ്ങൾശേഖരിച്ചു വിൽക്കുന്നതിനു ഒരുസംഘമുണ്ടു. അവർ ഒരുലക്ഷം രൂപായുടെ ഇടപാടുനടത്തുന്നു. ജനങ്ങൾക്കു അവിടെനല്ല സാധനങ്ങളും കിട്ടും. ഓട്ടുവ്യവസായം നടത്തുന്നതിനു പരസ്പരസഹായസംഘങ്ങൾ സ്ഥാപിക്കാൻ ഗവണ്മെന്റു ആലോചിക്കുന്നുണ്ടു. ഡാക്ടർ കുഞ്ഞൻപിള്ളയുടെ അഭിപ്രായത്തിൽ അവയുടെ ഉപയോഗത്തെക്കുറിച്ചു വിശദമായിരിക്കും. ബാക്കിയുള്ള സംഘങ്ങളെ ക്രമപ്പെടുത്തി ജോലി ശരിയായിനിർവ്വഹിക്കുന്ന നിലയിലാക്കുന്നതു പക്ഷം തിരുവിതാംകൂറിലെജനങ്ങൾക്കു ലാഭമായി അല്പമെങ്കിലും കിട്ടാൻ ഇടയില്ല. എന്നാൽ അഭ്യർത്ഥിച്ചിട്ടുള്ള സംഖ്യ ഈ കാര്യങ്ങളെല്ലാം നിഷ്പ്രയാസത്തിനു കേവലം പോരാത്തതാകുന്നു. ഇനിയെങ്കിലും പ്രവർത്തിക്കുന്ന രജിസ്ട്രാർ ഇങ്ങനെയെങ്കിൽ അഭ്യർത്ഥന ഹാജരാക്കുമ്പോൾ ഞാൻപ്രയോഗിച്ച പ്രകാരമുള്ള ജോലികളെല്ലാം നിർവഹിക്കുന്നതിനു അധികം സംഖ്യചോദിക്കുമെന്നു പ്രതീക്ഷിക്കുന്നു. തന്റെ അടുത്ത രാജ്യമായ കൊച്ചിയിൽ ഏഴു സംഘങ്ങളുടെയും കേന്ദ്രമായ സെൻട്രൽ ഇൻസ്റ്റിട്ടിട്ടിന്റെ (മദ്ധ്യസ്ഥാപനം) ൫൦൦൦ രൂപാ സഹായധനം കൊടുക്കുന്നതായും, കൊച്ചിയിൽ ൪൫൦ സംഘങ്ങളുള്ളതായും. എങ്കിലും ഈ സംഘങ്ങളുടെ മേലന്വേഷണം നടത്തുന്ന സംഘത്തിനു ൫൦൦൦രൂപ ഗ്രാന്റു കൊടുക്കുന്നതായും. എന്നാൽ ഇവിടെയുള്ള സംഘങ്ങളുടെ എണ്ണം ആലോചിച്ചാൽ അങ്ങനെയുള്ള ചെലവിനെ നാം അനുവദിക്കുന്നസംഖ്യ എത്രയോഅധികമാണ്.

ഈ പദ്ധതിയുടെ ഉൽകർഷത്തിനു അനുരജിസ്ട്രേഷനുകളുടെ സഹായം അത്യന്താപേക്ഷിതമാണ്. ഗവണ്മെന്റു കൂടാതെ ജോലിചെയ്യുന്നവർ വേണ്ടെന്നുവെച്ചാലും തരക്കേടില്ലാത്തതും ആണെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോഴുള്ള സംഘങ്ങളിൽ നൂറു ശതമാനത്തിലധികം സംഘങ്ങളും അവർ മുഖാന്തരം സ്ഥാപിച്ചവയാണ്. സംഘങ്ങളെ പ്രവർത്തിപ്പിക്കുന്ന ജോലിപോലും ഈ ശമ്പളംകൂടാതെ ജോലിചെയ്യുന്നവരെക്കൊണ്ടു നടത്തിക്കുന്നതും അവരുടെ സഹായം കൂടാതെഅവയെ അഭിവൃദ്ധിപ്പെടുത്താൻ കഴികയില്ലെന്നുംഎനിക്കുതോന്നുന്നു. അതുകൊണ്ടു രാജ്യത്തിന്റെ ക്ഷേമം നോക്കിയാലും ജനങ്ങളുടെ ക്ഷേമത്തെആലോചിച്ചാലും ഈ സംഘങ്ങളുടെ പ്രചരണത്തിനായി നടത്തുന്നതിനു ഗവണ്മെന്റു ശരാശരിയായി ധനസഹായം ചെയ്യേണ്ടതാകുന്നു. ഈ പ്രസ്താവനയെക്കുറിച്ചു ഞാൻ ഈ ഉപക്ഷേപം ഹാജരാക്കികൊള്ളുന്നു.

മി. ആർ. കൃഷ്ണയ്യർബിഎംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): സർ, പരസ്പരസഹായസംഘപദ്ധതിയുടെ പ്രാധാന്യം സഭയുടെ ശ്രദ്ധയിൽവിഷയമാക്കുന്നതിനു മിസ്റ്റർ ചെല്ലംപിള്ള ഈ ഉപക്ഷേപം അവതരിപ്പിച്ചതുകൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു, ഡിപ്പാർട്ടുമെന്റു ശരിയായി അഭിവൃദ്ധിപ്പെടുത്തുന്നതിനും വിശാലമാക്കുന്നതിനും ഗവണ്മെന്റു കൂടുതൽ സംഖ്യകൂടെ അനുവദിക്കണമെന്നായിരുന്നു മിസ്റ്റർ ചെല്ലംപിള്ളയുടെ പ്രധാനവാദം. അദ്ദേഹം ഇങ്ങനെയൊരു അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ ഈ പദ്ധതി ജനങ്ങളുടേതാണെന്നു അദ്ദേഹം മുഖ്യമായി സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയും തങ്ങൾക്കു തോന്നുന്നതിനു ചെയ്യേണ്ടുന്ന ജോലി ശരിയായി ചെയ്യുകിൽ മാത്രമേ അതു അഭിവൃദ്ധി പ്രാപിക്കുള്ളൂ. യൂറോപ്യൻരാജ്യങ്ങളിൽനിന്നു വ്യത്യസ്തമായി ഇൻഡ്യയിലും തിരുവിതാംകൂറിലും പരസ്പരസഹായസംഘങ്ങൾ സ്ഥാപിച്ചതു ഗവണ്മെന്റാണ്. അതിനു ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരോടുകൂടെ ഒരു വലിയ ഡിപ്പാർട്ടുമെന്റ് ഗവണ്മെന്റു ഏർപ്പെടുത്തി നടത്തിവരുന്നു. ഈ സംഗതികളെല്ലാം ആലോചിച്ചാൽ മിസ്റ്റർ ചെല്ലംപിള്ളയും അദ്ദേഹത്തെപ്പോലെയുള്ള മറ്റുള്ളവരും ഈ പദ്ധതിയുടെ അഭിവൃദ്ധിക്കു വേണ്ടതെല്ലാം ഗവണ്മെന്റു ചെയ്യാതിരിക്കുന്നില്ല എന്നു ഗ്രഹിക്കും. ഒരു ഡിപ്പാർട്ടുമെന്റുതന്നെ ആരംഭിച്ചു സംബന്ധിച്ചു, ഏർപ്പെട്ടിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ തത്വങ്ങളും ഗുണങ്ങളും ജനങ്ങൾക്കു സുപരിചിതമാക്കിത്തീർത്തതിനാൽ കൂടുതൽ സംഘങ്ങൾ സ്ഥാപിക്കുന്നതിനു വരുന്ന അപേക്ഷകൾക്കു കാരണമൊന്നും തെളിയുന്നുമില്ല. ജനങ്ങൾക്കു സുപര

ചിതമായിതീർന്നിട്ടുണ്ട്. ഇനി ആവശ്യമുള്ളതു യോജിച്ചു പ്രവർത്തിക്കാനുള്ള മനസ്സാണ്. ജനങ്ങൾക്ക ഈ മനസ്സുണ്ടെങ്കിൽമാത്രമേ പദ്ധതി വിജയമായിത്തീരുകയുള്ളൂ. മിസ്റ്റർ ചെല്ലംപിള്ള പറഞ്ഞ ഒന്നുരണ്ടു സംഗതികൾ ഇനി ഞാൻ പിമർശനംചെയ്യാം.

തിരുവിതാംകൂറിലെ അധികം സംഘങ്ങളും പണമിടപാടുജോലി മാത്രമേ നടത്തുന്നുള്ളൂ എന്നുപറഞ്ഞു അദ്ദേഹം ഖേദിക്കയുണ്ടായി. എല്ലാ സംഘങ്ങളും അവരുടെ പണമിടപാടുജോലികൾ തൃപ്തികരമായി ചെയ്തിരുന്നുവെങ്കിൽ ഞാൻ അവരെ അഭിനന്ദിച്ചേനെ. എന്തെന്നാൽ അതുതന്നെ ഒരു വലിയ വിജയമായിരിക്കും. എന്നാൽ മിസ്റ്റർ ചെല്ലംപിള്ള അറിയുന്നതുപോലെ ഈ സംഘങ്ങൾ അവരുടെ ജോലി നിർവഹിക്കുന്നുപോലും നിർവഹിക്കുന്നില്ല. ഇന്ത്യീഷ് ഇൻഡ്യയിൽ ഈ പദ്ധതി ആരംഭിച്ചതു മുതൽ കഴിഞ്ഞുമണ്ട്. പണം ഇടപാടുകാർ നടത്തുന്നതിനു കൃഷിക്കാർക്ക സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കയെന്നുള്ള ആ ആക്ടിന്റെ പ്രധാന ഉദ്ദേശം പരസ്പരസഹായസംഘം ആക്ടു് എന്നായിരുന്നു ആ ആക്ടിന്റെ പേരു. കൃഷിക്കാരുടെ സർവസാധാരണയായും സമ്പദ്വ്യാവഹാരമായുമുള്ള ഒരു ആവശ്യം കടംവാങ്ങാനുള്ള സൌകര്യങ്ങൾ ആകയാൽ ഇങ്ങനെയൊരു പദ്ധതി നടപ്പിൽവരുത്തുന്നതു അഭിലഷണീയമാണെന്നു ഇൻഡ്യാഗവർണ്മെന്റ വിചാരിച്ചു. ഈ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനു പണമിടപാടുകാർ നടത്തുന്ന പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തുകയാണ് ആദ്യം ചെയ്തതു്.

മി. വി. ചെല്ലംപിള്ള (തോവാള): പണമിടപാടല്ലാത്ത ജോലികൾ നടത്തുന്ന സംഘങ്ങളുടെ സ്ഥാപനത്തിൽ നമ്മുടെ ശ്രദ്ധ പതിക്കാതിരിക്കുന്നതിനു വല്ല കാരണവും ഉണ്ടോ എന്നപറയുമോ?

മി. ആർ. കൃഷ്ണയ്യർ (പരസ്പരസഹായസംഘം രജിസ്ട്രാർ): അതിനെപ്പറ്റി ഞാൻ ചുരുക്കിപ്പറയാം.

ആദ്യകാലത്തിൽ പണമിടപാടുനടത്തുന്ന സംഘങ്ങൾ സ്ഥാപിച്ചതിനുള്ള വേറൊരു കാരണം മറ്റൊരിനമായുള്ള സംഘങ്ങളുടെ പ്രവർത്തനം പിളർപ്പും പ്രോത്സാഹകന്മാരുടെ തെറ്റുകളും തന്നിഷ്ടപ്രവൃത്തികളും മുളയിൽത്തന്നെ കണ്ടുപിടിക്കാൻ കഴിയുന്നതും ഒന്നുകൊണ്ടുമാകുന്നു. ഇനിയും വേറൊരുദ്ദേശം ഉണ്ടായിരുന്നു. ജനങ്ങൾ ഈവക സംഘങ്ങളിൽ താല്പര്യമുണ്ടാകയും അവയെ ശരിയായി നടത്തുകയുംചെയ്യുന്നു വേറെ പരസ്പരസഹായജോലികൾ ചെയ്യാൻ വേണ്ടുന്ന പരിചയം അവർക്കുണ്ടാകുമെന്നുള്ളതാണ്. ഈ പണമിടപാടുസംഘങ്ങൾതന്നെയാണോ മറ്റുതരത്തിലുള്ള പരസ്പരസഹായംചെയ്യുന്ന സംഘങ്ങൾകൂടി സംഘടിപ്പിക്കുന്നതു. കൃഷിപരിഷ്കരിക്കയും കൃഷിക്കാരുടെ ജീവിതം സുഖകരമാക്കുകയുമാണല്ലോ ഇവയുടെയെല്ലാം ഉദ്ദേശം. ഇതു സമ്പൂർണമാകണമെങ്കിൽ അടിസ്ഥാനം തൃപ്തികരമായിരിക്കണം. ഈ ഉദ്ദേശത്തോടുകൂടെയാണ് ഇൻഡ്യയിൽ പ്രാരംഭത്തിൽ പണമിടപാടുസംഘങ്ങൾ സ്ഥാപിച്ചതു. ഇന്ത്യീഷ് ഇൻഡ്യയെ അനുകരിച്ചു തിരുവിതാംകൂറിലും പണമിടപാടുസംഘങ്ങൾ സ്ഥാപിച്ചു. എന്നാൽ തിരുവിതാംകൂറിലെ രജിസ്ട്രേഷനിൽ അവരുടെ സ്വാധീനം ഇന്ത്യീഷ് ഇന്ത്യൻ ആക്ടിനെപ്പോലെ സങ്കോചിപ്പിച്ചിരുന്നില്ല. തിരുവിതാംകൂറിലെ രജിസ്ട്രേഷൻ അനുകരിച്ചതു രണ്ടാമത്തെ ഫൻഫറേഷ ഇന്ത്യീഷ് ഇൻഡ്യൻ ആക്ടിനെയാണ്, ആ ആക്ടിൽ, തിരുവിതാംകൂറിലെ രജിസ്ട്രേഷനിലെപോലെ പരസ്പരസഹായസംഘങ്ങളുടെ പ്രവൃത്തികൾ നിയന്ത്രപ്പെട്ടതായില്ല. പണമിടപാടുകൾമാത്രമേ പാടുള്ളൂ എന്ന നിബന്ധന ഇല്ലായിരുന്നു. ഇങ്ങനെയായതു നിയമമില്ലാതിരുന്നിട്ടും ജനങ്ങൾ പണമിടപാടുസംഘങ്ങൾമാത്രമേ സ്ഥാപിക്കാൻ ഉത്സാഹിച്ചുള്ളൂ. പണമിടപാടുകൾ അല്ലാതെ മറ്റു ജോലികൾ നടത്താൻ ജനങ്ങൾ ഇപ്പോഴും സന്നദ്ധരല്ലെന്നു ഇതിനെനിന്നു ഗ്രഹിക്കാവുന്നതാണ്.

തിരുവിതാംകൂർ ഗവർണ്മെന്റ മേല്നോട്ടസംഘങ്ങൾക്ക കൊടുക്കുന്ന ഗ്രാന്റും മറ്റു സഹായങ്ങളും മതിയാകുന്നില്ലെന്നു മിസ്റ്റർ ചെല്ലംപിള്ള പറഞ്ഞുവല്ലൊ. ഈ ദേഹത്തിന്റെ തെറ്റിദ്ധാരണ തിരുത്തേണ്ടിയിരിക്കുന്നു. മേല്നോട്ടസംഘങ്ങൾക്ക ഗ്രാന്റുകൊടുക്കുന്ന സമ്പ്രദായം ആരംഭിച്ചിട്ടുതന്നെ തിരുവിതാംകൂർ ഗവർണ്മെന്റാണ്. ഇൻഡ്യയിലെ പേരാടിത്തുടങ്ങിയ ഈ സംഘങ്ങൾക്ക ഗവർണ്മെന്റിൽനിന്നു സഹായധനം ചെയ്യപ്പെടുന്നില്ല. തിരുവിതാംകൂറിലാണ് ഈ പരീക്ഷണം ആദ്യം നടത്തിയതു, അങ്ങനെയുള്ള പല മേല്നോട്ടസംഘങ്ങൾ തൻമൂലം ഉണ്ടായതുകൊണ്ടു അതൊരു വിജയമാണെന്നു പറയാൻ എനിക്ക സന്തോഷമുണ്ട്. ഈ സംഘങ്ങൾ ശരിയായി ജോലിചെയ്യാൽ ജനങ്ങളെ സംബന്ധിച്ച ഒരു കാര്യത്തിൽ ഗവർണ്മെന്റിനെ ഉത്തരവാദിത്വത്തിൽ ഒരോഹരി വഹിപ്പാൻ അവർക്ക മനസ്സാകുന്നുള്ളതിന്റെ ഒരു ലക്ഷ്യമുണ്ട്.

പണമിടപാടല്ലാത്ത ജോലികൾ നടത്തുന്ന സംഘങ്ങളുടെ അഭാവത്തെപ്പറ്റി മിസ്റ്റർ ചെല്ലംപിള്ളയെപ്പോലെ ഞാനും വ്യസനിക്കുന്നു. എന്നാൽ അദ്ദേഹവും സഭയുടെ ആ ദോഷത്തുള്ള അഭിപ്രായത്തിന്റെ സ്നേഹിതന്മാരും അല്പം ക്ഷമിച്ചു ഇതിനു കാരണമെന്താണെന്നു ആലോചിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. തങ്ങളുടെ സഹോദരന്മാരുടെ ഗുണത്തിനുവേണ്ടി അല്പം സ്വയത്യാഗം അനുഷ്ഠിക്കുന്ന ആളുകൾ തയ്യാറില്ലാത്തതാണ് ഇതിനു കാരണം. പൊതുഗുണകാംക്ഷികളായ കുറെ ആളുകൾ അല്പം ജോലി ചെയ്യുവാനും തങ്ങളുടെ കുറെ സമയം അതിനായി വ്യയം ചെയ്യുവാനും അല്പം അസൌകര്യങ്ങൾ സഹിക്കുവാനും സന്നദ്ധരായി മുമ്പോട്ടു വന്നു ഈ വക കുറെ സംഘങ്ങൾ സ്ഥാപിച്ചാൽ മറ്റു സാധാരണ ജനങ്ങൾ അതിശയം ഗ്രഹിച്ചു, സന്തോഷത്തോടും മനസ്സുറപ്പോടും ആ ജോലി വർദ്ധിപ്പിച്ചു നടത്തിക്കൊള്ളുമെന്നു എനിക്ക നിശ്ചയമുണ്ട്. ജനങ്ങളുടെ സഹകരണം ഉണ്ടെങ്കിൽ അവക്ക വഴികണ്ടുപിടിക്കുന്നതിനും സഹായിക്കുന്നതിനും ഡിപ്പാർട്ടുമെന്റ് ഉപേക്ഷ കാണിക്കുന്നതല്ല.

മേല്നോട്ടത്തിനു ആവശ്യം ഉള്ളേടത്തോളം ഇൻസ്പെക്ടർമാർ ഇല്ലെന്നാണ് മിസ്റ്റർ ചെല്ലംപിള്ളയുടെ പേരാക്ഷേപം. അധികം ഇൻസ്പെക്ടർമാർ ഉണ്ടായിരുന്നാൽ അധികം മേല്നോട്ടം നടത്താൻ കഴിയുമെന്നുള്ളതിനു സംശയമില്ല. എന്നാൽ ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം ഈ ജനങ്ങളുടെ ഒരു പദ്ധതിയുണ്ട്. ആ പദ്ധതി ക്രമമായും ശരിയായും നടത്തണമെങ്കിൽ അധികം ഇൻസ്പെക്ടർമാർ മാത്രം പോരാ. ജനങ്ങളുടെ അനുകമ്പയാണ് ആവശ്യം. ഞാൻ കുറെ മുമ്പു പറഞ്ഞപ്രകാരം മേല്നോട്ടസംഘങ്ങൾ ഏർപ്പെടേണ്ട ചില സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിശോധനകളുടെ ഇടയിൽ ഒരു കാലം വഹിച്ചുകൊള്ളാമെന്നു ഒരുമേൽക്കയും ഇന്നു ദ്യോഗസ്ഥന്മാരെ മേല്നോട്ടം ശരിയായി നടത്തുകയും ചെയ്യുമെങ്കിൽ അവരോടു സഹകരിക്കുന്നതിനും ചെലവിൽ ഒരു കാലം വഹിച്ചു സഹായിക്കുന്നതിനും ഗവർണ്മെന്റ തയ്യാറാണ്.

എന്റെ ഈ പ്രസ്താവനകൾ കേട്ടിട്ട് മിസ്റ്റർ ചെല്ലംപിള്ള അദ്ദേഹത്തിന്റെ ഉപക്ഷേപം വിൻവലിക്കുമെന്ന എനിക്കു നിശ്ചയമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): ഇപ്പോൾ കൊടുക്കുന്ന ധനസഹായം മതിയെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): മെമ്പർ പറഞ്ഞതു ശരിയായി മനസ്സിലായില്ല.

മി. വി. ചെല്ലംപിള്ള (തോവാള): ദേശീയസംഘങ്ങൾക്കു സഹായധനം നൽകുന്നതുസംബന്ധിച്ചു തിരുവിതാംകൂർ ആക്ടിലെ മെമ്പർ നമ്മോടു പറകയുണ്ടായി. തിരുവിതാംകൂർ സെൻട്രൽ സ്ഥാപനത്തിനു ഇപ്പോൾ കൊടുത്തുവരുന്ന സഹായധനം തുടരുമെന്നാണോ അദ്ദേഹം വിചാരിക്കുന്നതെന്നു പറയുമോ?

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ചോദ്യമായിരിക്കാം. ഗവർണ്മെന്റിൽ നിന്നു കൂടുതൽ പണം കൊടുത്താൽ ആ സ്ഥാപനം അധികം ജോലി നടത്തുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടായിരിക്കാം.

മി. വി. ചെല്ലംപിള്ള (തോവാള): ഉവ്വ്.

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): എന്നാൽ ആ സ്ഥാപനമാകട്ടെ എന്നുവച്ചാൽ മറ്റു സംഘങ്ങളാകട്ടെ അവ ചെയ്യേണ്ട ജോലി ശരിയായി ചെയ്തിട്ടില്ല. സംഘങ്ങൾ കൊടുക്കാമെന്നു വാഗ്ദാനംചെയ്തിട്ടുള്ളസംഖ്യകൾപോലും ആ സ്ഥാപനം പിരിച്ചിട്ടില്ലെന്നാണ്—ഞാൻ ഓർമ്മയിൽ നിന്നാണു പറയുന്നത്—ആഡിറർ റിപ്പോർട്ടു കാണുന്നത്, ആ സ്ഥാപനത്തെത്തന്നെ അവരുടെ ഭാരം ചെലവു വഹിപ്പാൻ മനസ്സില്ലെന്നു ഇതിൽ നിന്നു സ്പഷ്ടമാകുന്നു. ഇതു തൃപ്തികരമായ ഒരു സ്ഥിതിവിശേഷമല്ലെന്നു പറയേണ്ടതില്ലല്ലോ.

മി. വി. ചെല്ലംപിള്ള (തോവാള): ഇതു വിദ്യാഭ്യാസമില്ലാഞ്ഞിട്ടല്ലയോ

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആയിരിക്കാം.

മി. വി. ചെല്ലംപിള്ള (തോവാള): അങ്ങനെയാണെങ്കിൽ അവരെ പരിപ്പിക്കേണ്ടതു ആവശ്യമല്ലയോ?

മി ആർ. വൈദ്യലിംഗം പിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അധികം വിദ്യാഭ്യാസം ഈ സ്ഥിതി നന്നാക്കുമെന്നുള്ളതു നിഷേധിപ്പാൻ കഴികയില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അതിനു അധികം പണം ആവശ്യമില്ലയോ?

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): അതേ അതിനു വേണ്ടുന്ന പണം ഉണ്ടാക്കേണം.

മി. വി. ചെല്ലംപിള്ള (തോവാള): അതിനായി മെമ്പർ വല്ല വഴിയും നോക്കിയോ എന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): മെമ്പർ പറഞ്ഞതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): മെമ്പർ അധികം സഹായധനത്തിനു അപേക്ഷിക്കേണ്ടതായിരുന്നു എന്നാണു ഞാൻ പറയുന്നതു.

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ആവശ്യമാകണമെന്നു തോന്നിയതിനു ഞാൻ അപേക്ഷിച്ചു.

മി. വി. ചെല്ലംപിള്ള (തോവാള): ആവശ്യമുള്ളതിനെല്ലാം അപേക്ഷിച്ചുവെന്നോ അതോ ജനങ്ങളുടെ ആവശ്യങ്ങളെപ്പറ്റി മെമ്പർക്കു ചിന്തയില്ലെന്നോ ഞാൻ മനസ്സിലാക്കേണ്ടതു?

പ്രസിഡൻറ്: സ്ഥാപനത്തിനു പിരിഞ്ഞുകിട്ടേണ്ടുന്ന കുടിശികപോലും പിരിച്ചെടുത്തിട്ടില്ലെന്നും അങ്ങനെ ചെയ്യാത്തപക്ഷം യാതൊരു പ്രയോജനവുമില്ലെന്നും രജിസ്ട്രാർ പറഞ്ഞുവല്ലോ.

മി വി. ചെല്ലംപിള്ള (തോവാള): പരസ്പരസഹായവിദ്യാഭ്യാസം അധികമായി നടത്തണമെന്നാണു ഞാൻ ആവശ്യപ്പെട്ടതു.

പ്രസിഡൻറ്: അങ്ങനെയല്ലാ നിങ്ങൾ ചോദിച്ചതു. അധികം സഹായധനത്തിനാണു നിങ്ങൾ ആവശ്യപ്പെട്ടതു.

മി വി. ചെല്ലംപിള്ള (തോവാള): എതിർഭാഗം മെമ്പർ പറഞ്ഞ സമാധാനത്തിന്നനുസരിച്ചു ഉപക്ഷേപം പിൻവലിക്കാൻ അനുവദിക്കുവോളിക്കുകാള്ളുന്നു.

അനുവദിപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. മത്തു മുതലാളി:—

നമ്പർ ഡിമാണ്ടിന്റെ പൊതുപ്രകാരമുള്ള ആകെസംഖ്യ രൂ. ൦൫൦ രൂപയിൽ ൫൦ രൂപ കുറയ്ക്കുണം.

മി. പി. സി. കേശവപിള്ള:—

നമ്പർ ഡിമാണ്ടിന്റെ പൊതുപ്രകാരമുള്ള ആകെ സംഖ്യ രൂ. ൦൫൦ രൂപയിൽ ൨൦൦ രൂപ കുറയ്ക്കുണം.

മി. കെ. പി. നീലകണ്ഠപിള്ള:—

നമ്പർ ഡിമാണ്ടിന്റെ പൊതുപ്രകാരമുള്ള ആകെ സംഖ്യ രൂ. ൦൫൦ രൂപയിൽ ൨൦൦ രൂപ കുറയ്ക്കുണം.

മി. മുതലിയാർ പാച്ചുപിള്ള:—

നമ്പർ ഡിമാണ്ടിന്റെ പൊതുപ്രകാരമുള്ള ആകെ സംഖ്യ രൂ. ൦൫൦ രൂപയിൽ ൨൦൦ രൂപ കുറയ്ക്കുണം.

മി. കെ. മാധവൻപിള്ള:—

സപ്ലൈ. ഡിമാണ്ടു കിട്ടിയ പ്രകാരമുള്ള ആകെ സംഖ്യ രൂ. ൧൫൦൦൦ രൂപയിൽ ൧൦൦൦ രൂപ കുറയ്ക്കണം.

ഉപക്ഷേപം സപ്ലൈ.

മി. എം. സി. കുട്ടിമോസ് (മിനച്ചിലും മേവികളും): പരസ്പരസഹായഡിപ്പാർട്ടുമെൻറിലേക്കു ആവശ്യപ്പെട്ടിരിക്കുന്ന രൂ. ൧൫൦൦൦ രൂപയിൽനിന്നും ൧൦൦൦ രൂപ വെട്ടിക്കുറയ്ക്കണമെന്നുള്ള എൻറെ ഉപക്ഷേപത്തെ സഭയുടെ പരിശോധനയ്ക്കായി അവതരിപ്പിക്കുകാണുന്നു. ഈ ഉപക്ഷേപം ഞാൻ കൊണ്ടുവന്നിട്ടുള്ളതു ഡിപ്പാർട്ടുമെണ്ടിൻറെ പൊതുനയത്തെയും നടപടിക്രമങ്ങളെയുംപറ്റി പ്രതിപാദിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു. പരസ്പരസഹായസംഘങ്ങൾ ഈ നാട്ടിൻറെ നാനാഭാഗങ്ങളിലും ക്രമപ്രവൃദ്ധമായി വർദ്ധിച്ചു സുഖമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭൂവരയെ തരിശുയും നടിക്കയും ചെയ്യുന്ന ഒരു ഡിപ്പാർട്ടുമെൻറാണു ഇതു എന്നുള്ളതു നിരുക്ഷേപമായി സമ്മതിക്കപ്പെടണം. ഈ രാജ്യത്തിലെ ജനങ്ങളുടെ ഇടയിൽ ധാരാളമായി പരസ്പരസഹായസംഘങ്ങളുടെ ഗുണഗണങ്ങൾ പ്രചരണവേലകൾചെയ്തു മനസ്സിലാക്കി എല്ലാ സ്ഥലങ്ങളിലും വേണ്ടിടത്തോളം സംഘങ്ങൾ ഉണ്ടാക്കത്തക്കവണ്ണമുള്ള ശ്രമങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൽനിന്നു ചെയ്യുന്നുണ്ടോ എന്ന സംശയിക്കേണ്ടിവരിക്കുന്നു. ഉത്തരതിരുവിതാംകൂറിൽ അധിവസിച്ചുപോരുന്ന ആളുകൾക്കു ഇങ്ങനെ സംശയം തോന്നത്തക്കവണ്ണമുള്ള നിലയിലാണു ഈ ഡിപ്പാർട്ടുമെൻറു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനു ആ സ്ഥലങ്ങളിലെ സംഘങ്ങളുടെ ഘടന, നടപടി ഇവരെയപ്പറ്റി അന്വേഷിക്കുമ്പോൾ സൂക്ഷ്മം ഗ്രഹണത്തിനറിയാനിടയാകും. മീനച്ചൽ തുടങ്ങിയ സ്ഥലങ്ങളിൽ പരസ്പരസഹായസംഘങ്ങളെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനം ഉണ്ടായിത്തുടങ്ങീട്ടേയുള്ളു. ഈ ഡിപ്പാർട്ടുമെൻറിൽനിന്നു പരസ്പരസഹായസംഘങ്ങളെപ്പറ്റി പ്രചരിപ്പിച്ചിട്ടുള്ള ലഘുപത്രികകളും തൽസംബന്ധമായ പ്രചരണവേലകളും ഈ താലൂക്കിനെ സംബന്ധിച്ചേടത്തോളം പ്രയോജനകരമായനിലയിൽ ആയിട്ടില്ല എന്നതറിഞ്ഞപരയേണ്ടിയിരിക്കുന്നു. അതിനുള്ള കാരണം ഇപ്പോൾ മീനച്ചൽതാലൂക്കിൽപ്പെട്ട പ്രദേശങ്ങളിൽ അന്വേഷണംചെയ്താലുള്ള ഫലത്തിൽനിന്നു വ്യക്തമായിരിക്കുമല്ലോ. ഈ കുറ്റം ഡിപ്പാർട്ടുമെൻറിനെ അറിയാവുന്നതാണു. ഈ ഡിപ്പാർട്ടുമെൻറിൻറെ അഭിവൃദ്ധിയിലേയ്ക്കായി സഹായിക്കത്തക്കവണ്ണം ചെയ്തിടത്തോളം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു അതിനു അത്യാവശ്യവും ചെയ്തുപോരുന്ന പ്രചരണവേലകൾചെയ്യുന്നതിനു അവശ്യം വേണ്ട ഉപദേശങ്ങൾകൊടുത്തു അതിനനുസരണമായി സംഘങ്ങൾ രൂപീകരിക്കുവാൻ മാത്രമേ ഇതുകാണുള്ള ഗുണം അനുഭവിക്കുവാൻ കഴിയുകയുള്ളു.

നമ്മുടെ നാട്ടിൻറെ അഭിവൃദ്ധിക്കും അതിൽ അധിവസിക്കുന്ന ജനങ്ങളുടെ ശ്രേയസ്സിനുംവേണ്ടി ഒരു ങ്ങളുടെ ഇടയിൽ യോജിപ്പും സൌഹാർദ്ദവും വർദ്ധിക്കത്തക്കവണ്ണം പ്രവർത്തിക്കുവാൻ ഈ സംഘങ്ങളുടെ ഉദ്ദേശങ്ങളെപ്പറ്റി മനസ്സിലാകത്തക്കവിധത്തിലുള്ള പ്രചരണവേലകൾചെയ്യുകയാണെങ്കിൽ നിശ്ചയമായിട്ടു വളരെ അധികം പ്രയോജനം ഈ ഡിപ്പാർട്ടുമെൻറുകൊണ്ടുണ്ടാകുമെന്നു നിസ്സംശയമായി പറയാവുന്നതാണു. മീനച്ചൽതാലൂക്കു മുഴുവൻ സഞ്ചരിക്കുവാനിടയായിരുന്ന ജനങ്ങളുടെയും വർദ്ധിച്ച ആഗ്രഹത്തെക്കൊണ്ടു ഉണ്ടായതായ ഒരു പ്രദേശമാണ്. മതാതരതൊഴുത്തുകുഴിത്തറ സംബന്ധിച്ചു അനേകം അന്വേഷണങ്ങളുണ്ടായ ഈ പ്രദേശങ്ങളിൽ ഈ വക സംഗതികളെപ്പറ്റിയുള്ള ജ്ഞാനം വർദ്ധിപ്പിക്കണമെങ്കിൽ അതിലേക്കു ശരിയായ പ്രചരണവേലകൾ നടത്തണം. പ്രാദേശികസംഘങ്ങളുടെയും ഇവിടെ വ്യാപിയസംഘങ്ങൾക്കാണു കൂടുതൽ സൌകര്യം. എല്ലാപ്രദേശങ്ങളിലും ഈ ഡിപ്പാർട്ടുമെൻറിൻറെ നയം ഒരുപോലെ ഉപയോഗകരമായിരിക്കുമെന്നു പറയുവാൻ പാടില്ല. വിസ്തീർണ്ണമായ കരകളോടും പകുതികളോടും കൂടിയ ഉഴുതുമറിച്ചിട്ടിരിക്കുന്ന ഓരോ പകുതിയിലുമുള്ള എട്ടുപത്തു കരകളിൽ പരത്താ ആയിരമോ അതിൽ അല്പം അധികമോ മാത്രമുള്ള സംഘങ്ങൾ സ്ഥാപിച്ചു അവരുടെ ഒരു യൂണിയൻ സൂപ്രവൈസരുടെ മേൽനോട്ടത്തിനു നടത്തുകയും ഈ ഉദ്ദേശത്തിൻറെ ക്രമപരിണാമത്തെ അനുസരിച്ചു പ്രാദേശികസംഘങ്ങൾ സ്ഥാപിക്കയും ചെയ്തു എന്നുള്ളതു തീരെ അനുയോജ്യമല്ല. ഒരുകരയും വിസ്തൃതമായിരിക്കും, അതിലധിവസിക്കുന്ന ആളുകൾ വിവിധവർഗ്ഗക്കാരായിരിക്കുകയുംചെയ്യും. അപ്പോൾ അവർക്കു പ്രത്യേകം വർഗ്ഗീയസംഘങ്ങൾ ഫിർപ്പെടുത്തിക്കൊടുക്കുന്നതാണു് ഉത്തമവും. വിസ്തൃതമായ ഓരോ കരയ്ക്കും കുറഞ്ഞതു പ്രാദേശികമെങ്കിൽ മിശ്രമെന്നും, വർഗ്ഗീയമെങ്കിൽ അതിലധികവും, ഉചിതപ്പോലെ സംഘങ്ങൾ അനുവദിക്കേണ്ടതാണ്. ഈ കാര്യങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നതിനു വേണ്ടിടത്തോളം ഉദ്യോഗസ്ഥന്മാർ വേണം. ഒരു ഇൻസ്പെക്ടരുടെ കീഴിൽ രണ്ടോ, നാലോ അതിലധികമോ താലൂക്കുകൾ ഉണ്ടായിരിക്കുകയും അതിൽ ഓരോ താലൂക്കിലേയും അന്വേഷണവും പ്രചരണവേലയും സൂപ്രവൈസർക്കു തന്നെ ആയിരിക്കുകയും ചെയ്യുന്നതു തൃപ്തികരമായ ഒരു അവസ്ഥയല്ല. പലപ്പോഴും പരസ്പരസഹായസംഘങ്ങളുടെ നിയമനർ നിർദ്ദേശാനുസരിച്ചു സൂപ്രവൈസർമാർ ചെയ്യുന്ന ഉപദേശത്തിനനുരൂപമായ വിധത്തിൽ ഡിപ്പാർട്ടുമെൻറു മേധാവികൾ പ്രവർത്തിക്കുക എന്നവന്നാലും അതു പ്രാദേശികസംഘങ്ങളെ പോലെ സ്വാതന്ത്ര്യത്തിനു പര്യാപ്തമായിതീരുകയില്ല. ചില പ്രദേശങ്ങളിൽ ജനസമുദായത്തിനു യോജിച്ചു പ്രവർത്തിക്കുന്നതിനു വളരെ പ്രയാസങ്ങളുണ്ടായിരിക്കും. ഇതിനെപ്പറ്റി വേണ്ടപോലെ അന്വേഷിച്ചു സൂക്ഷ്മത്തിൽ യോജിക്കുന്ന വിധത്തിൽ ഒരു സംഘം സ്ഥാപിച്ചുകൊടുക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല. ഈ സംഘംമൂലം രാജ്യത്തിൻറെ നാനാഭാഗങ്ങളിലും വിവിധങ്ങളായ കാര്യങ്ങൾ സാധിയ്ക്കുണ്ടെങ്കിൽ ആ സംഘം പ്രവർത്തിക്കുന്നതിനു യാതൊരു പ്രതിബന്ധങ്ങളും ഉണ്ടാകാതെയിരിക്കണം. മീനച്ചൽ, തൊടുപുഴ, മൂവാറ്റുപുഴ, കുന്നത്തുനാടു് മുതലായ താലൂക്കുകളിലും സംഘങ്ങൾ ഫിർപ്പെടുത്തി കൂടുതൽ ഇൻസ്പെക്ടർമാരെ നിയമിച്ചു ദേശകാലത്തിനനുരൂപമായ വിധത്തിൽ ഈ സംഘങ്ങളുടെ ശരിയായ അന്വേഷണം ഡിപ്പാർട്ടുമെൻറു മുഖേന്തിരം നടത്തി വേണ്ടപോലെ സംഘങ്ങളെ വർദ്ധിപ്പിക്കേണ്ടതാണെന്നുള്ളതാണ് എൻറെ ഈ നിർദ്ദേശങ്ങളുടെ പ്രധാനമായ ഉദ്ദേശം. ഇതൊട്ടുകൂടിതന്നെ ഈ സംഘങ്ങളിൽ അസമത്വം അനുഭവിയ്ക്കുന്ന ആളുകളുടെ ന്യായമായ അവകാശങ്ങളെ പരിശോധിച്ചു നിശ്ചയങ്ങൾ നടത്തേണ്ടതും ആവശ്യമാണ്. അതു ഇപ്പോൾ നടക്കുന്നില്ല. ഡിപ്പാർട്ടുമെൻറു തന്നെ ഇതു സമ്മതിക്കുന്നു. ഇക്കാര്യത്തിലും കൂടുതൽ ശ്രദ്ധപതിയണം. മിന്ന

ജാതിമതക്കാരുടെ കെണിശ്രദ്ധിക്കുന്നതിനായി പ്രവർത്തിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റിൽ ഭിന്നമതസ്ഥന്മാരായ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരിക്കുന്നതു നല്ലതും അഭിലഷണീയവുമാണ്. ഇക്കാര്യം ഡിപ്പാർട്ടുമെന്റ് മന്ത്രിക്കുൻ മേവലം ഗണിക്കുന്നില്ല. കൂടുതൽ ഇൻസ്പെക്ടർമാരെ നിയമിക്കുന്നതും അവശ്യമാകുന്നുണ്ട് എന്റെ അഭിപ്രായം. ഈ അഭിപ്രായങ്ങളെ പ്രസ്താവിച്ചുകൊണ്ടു ഈ ഉപക്ഷേപത്തെ സഭാസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചു കഴിഞ്ഞ റിപ്പോർട്ടു ഞാൻ നല്ലവണ്ണം പഠിച്ചുനോക്കി. അതിൽ നിന്നും ഈ ഡിപ്പാർട്ടുമെൻറു പൊതുവെ തൃപ്തികരമായ നിലയിൽ വർത്തിക്കുന്നുവെന്ന കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. എന്നാൽ മുസ്ലിമിങ്ങളെ സംബന്ധിച്ചിടത്തോളം പരസ്പരസഹായം കൊണ്ടുള്ള ഗുണം എത്രത്തോളമുണ്ടെന്നു അവർ മനസ്സിലാക്കീട്ടുള്ളതായി എഴുതിയ്ക്കുന്നതായി തോന്നുന്നില്ല. അവരുടെ ശ്രദ്ധ അതിൽ വേണ്ടവിധത്തിൽ പതിച്ചിട്ടുള്ളതായും എനിക്കു തോന്നുന്നില്ല. ന്യൂന സമുദായികസംഘങ്ങൾ ഉള്ളതായി കാണുന്നു. അതിൽ മുസ്ലിമീയസമുദായത്തിൽ പ്രത്യേകമായിട്ടുള്ള. ഒരു പക്ഷത്തിൽനിന്നുപതിനായിരത്തിലധികമുള്ളതായിരുന്നിട്ടുപോലും ഒരു സംഘടനയും ഇതുകയുള്ളതായി കാണുന്നു. അതിൽ നാലഞ്ചു സംഘടനകൾ മുസ്ലിമീങ്ങളായി ഇതിൽ ചേർന്നു കാണുന്നുള്ള അനുകൂലമനസ്സിലാക്കാൻ സാധിക്കുന്നതു വേണ്ടവിധത്തിൽ ഈ സമുദായാംഗങ്ങൾ ഇതിനെ ഗുണങ്ങൾ മനസ്സിലാക്കീട്ടില്ല എന്നുള്ളതാണ്. ഈ സംഘടനകളിൽ അധികവും ചില സമുദായത്തിൽ നിന്നുമുള്ളവരാണെന്നു നോക്കിയാൽ ഈ ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറന്മാർ ചില സമുദായത്തിൽ നിന്നുണ്ടോ ആ സമുദായത്തിൽ നിന്നും അംഗങ്ങളുടെ സംഖ്യയും കുറെ അധികമായുള്ളതായിട്ടു കാണാം. ഈ സ്വാഭാവികവും സാധാരണയുമാണ്. ഇതിനെ സംബന്ധിച്ചു ഇനിക്ക അഭിപ്രായവ്യത്യാസമൊന്നും പറയുവാനില്ല. ചിലരായിരുന്നാലും രണ്ടു ഇൻസ്പെക്ടർമാർ ഈ ഡിപ്പാർട്ടുമെൻറിൽ ഉള്ളതായിട്ടു കാണേണ്ടതുണ്ട്. ഈ അളുകളിൽ ഒരു മഹമ്മദീയനെങ്കിലും അകുകയാണെങ്കിൽ അതൊരു വലിയ കുറവായി വരുമെന്നു എനിക്കു തോന്നുന്നില്ല.

മി. ഡബ്ലിയു. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): മെമ്പർ പറഞ്ഞതു ശരിയല്ല.

മി. പി. എസ്. മഹമ്മദ് (ഗവൺമെൻറു നിയമനം): അതിനാൽ ഇതിനെ കൌൺസിലിന്റെ ശ്രദ്ധയിൽ വരുത്തിക്കുന്നതിനു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. ഡബ്ലിയു. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): ഇപ്പോൾസംസാരിച്ച മണ്ഡലമെംബർമാരുടെയും വാദത്തിന്റെ ഉദ്ദേശം സമുദായികസംഘങ്ങൾ വേണ്ടാമെന്നും സമുദായത്തോടു ഉദ്യോഗസ്ഥർക്കു യാതൊരു നിയന്ത്രണവും ആകുന്നു. (ഉവാച). മിസ്റ്റർ കുഞ്ഞാക്കമൻ അദ്ദേഹത്തിന്റെ നമ്പർ-മൂന്നു പ്രകാരം ഉപക്ഷേപം അവതരിപ്പിക്കാഞ്ഞതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. അദ്ദേഹത്തിന്റെ ഉപക്ഷേപത്തിന്റെ ഉദ്ദേശം "സമുദായികമായി സംഘങ്ങൾ രജിസ്റ്റർചെയ്യുന്ന ഇപ്പോഴത്തെനയം" മാറ്റപ്പെടുത്തണമെന്നായിരുന്നു. സമുദായികസംഘങ്ങൾ വേണമെന്നുള്ള അഭിപ്രായത്തെയും അവയെ അനുവദിക്കുന്ന നടപടിയെയും ആക്ഷേപിക്കുന്നതെന്നായിരുന്നു അദ്ദേഹം വിചാരിച്ചിരുന്നതു. അദ്ദേഹം അങ്ങനെയാണോ വിചാരിച്ചിരുന്നതെങ്കിൽ ഞാൻ അദ്ദേഹത്തോടു പൂർണ്ണമായി ഭേദിക്കുന്നു. അതുകൊണ്ടു അദ്ദേഹം ഉപക്ഷേപം പാസ്സാക്കാഞ്ഞതിനെപ്പറ്റി ഞാൻ വ്യസനിക്കുന്നു. അദ്ദേഹം അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ പ്രസംഗിച്ച മെമ്പർമാർക്ക് മറുപടി കിട്ടിപ്പോയേനെ. പരസ്പരസഹായസംഘങ്ങൾ ഒരു 'അസാമുദായിക' പ്രസ്ഥാനമാകുന്നു. സമുദായിക സംഘങ്ങൾ സമാധിയുൽ പ്രത്യേകസമുദായങ്ങളിൽ പെട്ടവരെയല്ലാതെ മറ്റാരെയും അവയിൽചേർക്കയില്ലെന്നു പറയും. അതിന്റെ അർത്ഥം പൊതുജനങ്ങളിൽ ചിലവഗ്ഗക്കാരെ അവർ അംഗങ്ങളായിച്ചേർക്കയില്ല പരസ്പരസഹായസംഘം എന്നു പേരുപറഞ്ഞുപോരുന്ന ഒരു സംഘം പൊതുജനങ്ങളിൽ ഒരു പ്രത്യേകവഗ്ഗക്കാരെ മാത്രമേ ചേർക്കുള്ളു എന്നുപറഞ്ഞാൽ ആ സംഘത്തിനു പരസ്പരസഹായസംഘം എന്നുപേരിനു അവകാശമില്ല. അവയിൽ പരസ്പരസഹായം മാത്രമേ ഉള്ളൂവെള്ള എന്നു സംശയത്തിടമില്ലാതെ പറയാം. സാമുദായികസംഘങ്ങളുടെ പക്ഷക്കാരുമായിരുന്ന പലരും അവരുടെപക്ഷം ഉപേക്ഷിച്ചിട്ടു സാമുദായിക സംഘങ്ങൾക്കെതിരായി എന്നോടുകൂടെ പ്രവർത്തിച്ചുപോന്നു. സാമുദായികസംഘങ്ങൾക്കുണ്ടുമായി ഉണ്ടാകുന്ന മാത്സര്യങ്ങൾ താമസംകൂടാതെ മനസ്സിലാക്കി പരസ്പരസഹായപദ്ധതിയുടെ യഥാർത്ഥസ്നേഹിതന്മാരായി തീരുമെന്നുള്ള എന്റെ പ്രത്യാശ. ഈ സാമുദായികസംഘങ്ങളെപ്പറ്റി എനിക്കു അനുഭവം മെമ്പർമാരോടു അല്പംപറയാം. ഈ സംഘങ്ങളിലാണ് അഭിവൃദ്ധിയില്ലാത്തതു, വളർച്ചയുണ്ടാകുന്നില്ലാത്തതു, നിസ്സാരസംഗതികളെപ്പറ്റി വാഗ്വാദവും മത്സരവുമുള്ളതു, മാന്ദ്യംപിടിച്ചതു അവ മിക്കവാറും സാമുദായികസംഘങ്ങളാണ്, അങ്ങനെയുള്ള സംഘങ്ങളെല്ലാം ഏതെങ്കിലും പ്രത്യേകസമുദായത്തിനേതന്നെ ഞാൻ പറയുന്നില്ല. ഏതു സമുദായം സ്ഥാപിച്ചതുടങ്ങുന്നതായാലും ഒരു സംഘം സാമുദായികമായി സ്ഥാപിച്ചിട്ടുണ്ടെങ്കിൽ കുറച്ചുകാലം പ്രവൃത്തിനടത്തീട്ടു അതു മന്ദഗതിയെ പ്രാപിക്കയും നിസ്സാരകാര്യങ്ങളെപ്രതി ഓരോ വിവരങ്ങളുണ്ടാക്കി അന്യായങ്ങൾ അവസാനിക്കയും ചെയ്യും. വഗ്ഗീയമത്സരത്തെപ്പറ്റി ഘോഷിക്കയും സാമുദായികക്ഷേമത്തിന്റെ ലക്ഷണങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കയുമെചെയ്യുന്നു ഇക്കൂട്ടത്തിലുള്ള പരസ്പരസഹായസംഘങ്ങൾ വഗ്ഗീയമത്സരത്തെ ഉത്സാഹിപ്പിക്കയും അതു പരസ്പരസഹായസംഘങ്ങളുടെ ഒരു സ്ഥിരലക്ഷണമാക്കി തീർക്കയും ചെയ്യുന്നതു ഏറ്റവും പരിതാപകരമായ ഒരു സംഗതിതന്നെയായിരിക്കും. ഈ പരസ്പരസഹായസംഘങ്ങൾ ഗ്രാമങ്ങളിൽ സ്ഥിരസ്ഥാപനമുണ്ടാക്കിയിരിക്കുന്നതുകൊണ്ടുവേയാണ്. അവയെ സാമുദായികമാക്കിയാൽ സമുദായമത്സരം ഗ്രാമങ്ങളിലെല്ലാം ഒരുപോലെ വ്യാപിക്കുന്നതിനു അതുകൊണ്ടു എല്ലാ മെമ്പർമാരും സമുദായികസംഘങ്ങൾ സ്ഥാപിക്കുന്നതിനു അനുകൂലിക്കരുതെന്നും മാത്രമല്ല അവയ്ക്കു എതിരായി പ്രവർത്തിക്കുകയുചെയ്യണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിൽ സമുദായപ്രാതിനിധ്യം വേണമെന്നുള്ള കാര്യത്തിൽ ഇൻസ്പെക്ടർമാരുടെ എണ്ണം ക്ലിപ്തമാകയാൽ വേറൊരുവിധത്തെ സമുദായങ്ങളിൽനിന്നു അധികം ഇൻസ്പെക്ടർമാരെ നിയമിക്കാൻ സാധിക്കാത്തതുകൊണ്ടു ഞാൻ വ്യസനിക്കുന്നു.

മി. പി. എസ് മഹമ്മദ് (ഗവൺമെൻറുനിയമനം): ഇൻസ്പെക്ടർമാരുടെ നിയമനത്തെപ്പറ്റിയാണോ പറയുന്നതു?

മി. ആർ. വൈദ്യലിംഗംപിള്ള (പരസ്പരസഹായസംഘം രജിസ്ട്രാർ): എൻറെകീഴിൽ അധികംപേ ർപ്രായമായവർ ഇല്ലാത്തതുകൊണ്ടു മാരോ സമുദായത്തിൽനിന്നും അധികം ആളുകളെ നിയമിക്കാൻ എനിക്കു സാധിക്കയില്ല. അവസരം ലഭിക്കുമ്പോൾ അതിയായ പ്രാതിനിധ്യം ഇല്ലാത്ത സമുദായങ്ങളുടെ അവകാശം നോക്കുമെന്നു ഞാൻ മെംബറോട് ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഇയിട ക്ലർക്കുതൽ ഇൻസ്പെക്ടർമാരെ നിയമിച്ചപ്പോൾ വേതനം വാങ്ങി പഠിച്ച വിദ്യാർത്ഥികളെ നിയമിക്കേണ്ടിവന്നു.

മി. എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും-മേലുകളവും): പ്രാദേശികസംഘങ്ങളെ സ്ഥാപിക്കുന്നതിനു പ്രതിബന്ധമുള്ളതായിട്ടു എനിക്കു യാതൊരഭിപ്രായവും പറയുവാനില്ലായിരുന്നു. അതിനു നിയോജിതസ്ഥലമോ അല്ലെങ്കിൽ വിസ്തൃതിയോ പ്രത്യേകം പറയുവാൻ മാത്രമേ ഞാൻ പറഞ്ഞുള്ളൂ. വസ്തുതയായ സംഘങ്ങൾ അനുവദിച്ചുകൊടുക്കണമെന്നു പുനരുക്തി നിർബന്ധമായ അഭിപ്രായമില്ലെങ്കിലും അങ്ങനെ അനുവദിച്ചുകിട്ടാനുള്ള നിർബന്ധം ഡിപ്പാർട്ടുമെൻറിനുണ്ടാകുമെന്നു എനിക്കു അഭിലാഷം ഉണ്ടായിരുന്നു. മറ്റു പല സംഗതികളെപ്പറ്റി ഞാൻ പറഞ്ഞതു വേണ്ടവിധത്തിൽ ഗവണ്മെൻറു പരിശോധനചെയ്യുമെന്നു ഞാൻ വിചാരിക്കുന്നു. അതിനാൽ എൻറെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

പ്രസിഡൻറ്: ഡിമാണ്ടു മി-പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറുവകയ്ക്കു ൪൯,൦൫൦ രൂപ സങ്ക അനുവദിക്കണമെന്നു ഞാൻ സങ്കല്പിക്കുന്നു.

അങ്ങനെ അനുവദിച്ചു.

ഡിമാണ്ടു ൯൯—പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിലേക്കുള്ള ശമ്പളീയവും പലവകയും ഡിപ്പാർട്ടുമെൻറുകൂടാ.

മി. പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറു സെക്രട്ടറി): സർ, ഡിമാണ്ടു ൯൯ പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിലേക്കുള്ള ശമ്പളീയവും പലവകയും ഡിപ്പാർട്ടുമെൻറുകൂടാ എന്ന ഇനത്തിൽ ൪൨,൯൫൭ രൂപയിൽ കവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഉപക്ഷേപം സ്വീകരിച്ചു.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. എസ്. പിറമിപ്രൈമർ പിള്ള:

കാഞ്ഞിരപ്പള്ളിയിലേക്കു മൃഗങ്ങളെ വാങ്ങിക്കുന്നതിനു അനുവദിച്ചിട്ടുള്ള ൨൦൦൦ രൂപയിൽ ൫ രൂപാ കുറയ്ക്കുന്നു.

ഉപക്ഷേപം സ്വീകരിച്ചു.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികർ): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ ഹാജരാക്കുന്നു.

പബ്ലിക്ക് ലൈബ്രേറി(പൊതു വായനശാല)ക്കു അനുവദിച്ച ൫൦,൭൫൦ രൂപായിൽ കുറയ്ക്കുന്നു.

സർ, പബ്ലിക്ക് ലൈബ്രേറിയുടെ നടത്തിപ്പിനേയും സംരക്ഷണത്തേയും സംബന്ധിച്ചുള്ള ചട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തുന്നതിൻറെ ആവിശ്യകതയെ ഗവണ്മെൻറിൻറെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു. ഈ സ്ഥാപനത്തിൻറെ പേരു പൊതുജനവായനശാലയെന്നാണു. അതു പൊതുജനോപയോഗത്തിനായി ഉദ്ദേശിച്ചിട്ടുള്ളതുമാണു. എന്നാൽ വായനക്കാരെയുടെ നടത്തിപ്പിലാകട്ടെ നിയന്ത്രണത്തിലാകട്ടെ പൊതുജനങ്ങൾക്കു അവകാശമോ ഔഹരിയോ കൊടുത്തിട്ടില്ല. അതുകൊണ്ടു ഈ സ്ഥാപനത്തിൻറെ പേരുതന്നെ യോജിപ്പുള്ളതല്ല. ഗവണ്മെൻറിൻറെ മേലധികാരമുള്ള പേരെ ഫ്രീതങ്കിലും ഗവണ്മെൻറു സ്ഥാപനത്തിൽനിന്നു അതു വ്യത്യസ്തമല്ല ഈ പൊതുജനവായനശാലയ്ക്കു ആണ്ടുതോറും ൫൦,൦൦൦-ത്തിലധികം രൂപ ചെലവുചെയ്യുന്നതെന്നു ബഡ്ജറ്റിൽ നിന്നു കാണാവുന്നതാണ്. ഈ സംഖ്യ പൊതുജനങ്ങളോടു ചോദിച്ചു ചെയ്യുന്നതാണ്. അതുകൊണ്ടു ലൈബ്രേറിയുടെ രേഖകാര്യങ്ങളിൽ പൊതുജനങ്ങൾക്കു പ്രവേശനാവകാശം ഉണ്ടു. ഇപ്പോൾ ജനങ്ങൾക്കുള്ള അവകാശം ഫീസുകൊടുക്കാതെ സാമാന്യ വായനമുറിയിൽ കയറിഇരുന്നു വായിക്കാനുള്ള സ്വാതന്ത്ര്യം മാത്രമാണ്.

ലൈബ്രേറിയുടെ രേഖകളെ സംബന്ധിച്ചുള്ള കാര്യങ്ങൾ നോക്കുന്നതു, ഇപ്പോഴത്തെ ചട്ടപ്രകാരം, ഗവണ്മെൻറുതന്നെ നിയമിക്കുന്ന ഒരു സാമാജികന്മാരുടെയുള്ള ഒരു കമ്മിറ്റിയാണ്. അവരുടെ നിയമനത്തിൽ ഗവണ്മെൻറിനു ഇഷ്ടപ്രകാരമാണ് ചെയ്യുന്നതു. ഇപ്പോഴത്തെ സാമാജികന്മാരുടെ മേൽ ഞാൻ യാതൊരു ദോഷാരോപണവും ചെയ്യുന്നില്ല. എങ്കിലും അധികം കാര്യക്ഷമതയുള്ള ആളുകളെ നിയമിക്കണമെന്നാണ് എൻറെ വാദം.

ഈ സ്ഥാനത്തുള്ള പരിഷ്കാരമാർഗ്ഗം നിയമനാവകാശം ലൈബ്രേറിമെമ്പർമാർക്കു കൊടുക്കുകയാണ്. ലൈബ്രേറിയിൽ ഇപ്പോൾ ൫,൦൦൦ ൽധികം പുസ്തകങ്ങളും ഉണ്ടെന്നുള്ളതും പ്രത്യക്ഷം ഈ എണ്ണം വർദ്ധിപ്പുകാണ്ടിരിക്കുന്നുഎന്നുള്ളതും സങ്കൽപ്പിക്കാവുന്നതേയുള്ളൂ. എന്നാൽ സംസ്കൃതം, മലയാളം, തമിഴ് എന്നീ ഭാഷകളിൽ ഉള്ള പുസ്തകങ്ങളുടെ എണ്ണം ൫,൦൦൦-ത്തോളം ഇല്ല. ഇതിനുകാരണം ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റിക്കു ഈ ഭാഷകളിൽ താല്പര്യം ഇല്ലായ്മയിട്ടോ കമ്മിറ്റിമെമ്പർമാരുടെ അജ്ഞതനിമിത്തമോ ആയിരിക്കണം. ഈ ലൈബ്രേറിയിലെ പ്രതിനിധ്യംകൊണ്ടു അനുമാനിക്കാവുന്നവണ്ണം പൂർവ്വകേരളീയ സാഹിത്യം അതു മാത്രം പിടിച്ചതല്ലെന്നു നിശ്ചയമാണു, ഇതിനു പരിഹാരമാർഗ്ഗമായി എനിക്കു പറവാനുള്ള ഏകമാർഗ്ഗം മാനേജിംഗ് കമ്മിറ്റി മെമ്പർമാരെ തിരഞ്ഞെടുക്കുവാനുള്ള അവകാശം കമ്മിറ്റിമെമ്പർമാർക്കു കൊടുക്കുകയാണു. കഴിഞ്ഞ രണ്ടോ മൂന്നോ വർഷമായി ഞാൻ ലൈബ്രേറിയിലെ ഒരു മെമ്പറാണു. മെമ്പർമാർക്കു ലൈബ്രേറിയിൽനിന്നുള്ള താല്പര്യം എത്രത്തോളമുണ്ടെന്നു എനിക്കറിയാം. ചിലർ അവർ മെമ്പർമാരായിരുന്നകാലത്തു ഒരിക്കൽപോലും ലൈബ്രേറിയിൽ വന്നിട്ടില്ല. ചിലർക്കു അതോടെ പുസ്തകശേഖരമായോ

പരീക്ഷണശാലയാണോ എന്ന നിലയ്ക്കായി. രേഖകൊണ്ടു മാനേജിങ്ങ് കമ്മിറ്റിമെമ്പർമാരെ നിയമിക്കുന്നതിനെപ്പറ്റിയുള്ള ചട്ടം ഭേദഗതിപ്പെടുത്തണമെന്നാണ് എന്റെ അപേക്ഷ. ഈ ഉദ്ദേശത്തോടുകൂടെയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): പബ്ലിക്കുലൈബ്രറിയുടെ മേനേജ്മെന്റിനെസംബന്ധിച്ചു ഏതാനും ന്യൂനതകൾ ചൂണ്ടിക്കാണിച്ചുകൊള്ളുന്നതിൽ എനിക്കും ചിലതു പ്രസ്താവിക്കുവാനുണ്ട്. ഇപ്പോൾ മെമ്പറന്മാർക്ക് അഡ്മിഷൻഫീസ് ൫ ൦ രൂപായാണ് വെച്ചിട്ടുള്ളത്. ഇതിനും പുറമേ മാസംതോറും മണ്ടു രൂപാ ഫീസും കൊടുക്കണം. അത്ര സാധാരണക്കാർക്ക് സാധിക്കുന്നതല്ല. എന്നാൽ തിരുവനന്തപുരത്തു താമസിക്കുന്നവർക്കു മാത്രമേ മെമ്പറന്മാരായിട്ടുചേരാൻ സാധിക്കയുള്ളൂ. തിരുവനന്തപുരത്തു താമസിച്ചു മെമ്പറായിരുന്ന ഒരാൾ മറ്റു വേണ്ടപ്പെട്ടിടങ്ങളിലേക്കുപോവുകയാണെങ്കിൽ അയാളുടെ മെമ്പർസ്ഥാനം നാമമാത്ര സബ്സ്ക്രൈബരായിട്ടു മാറണം. ഒരു മെമ്പർ തിരുവിതാംകൂറിനു വെളിയിൽ പോകയാണെങ്കിൽ ഫീസു കൊടുക്കേണ്ടയാവശ്യംഇല്ല. എന്നാൽ അയാൾ തിരുവിതാംകൂറിൽ തിരിയ്ക്കു വന്നുചേർന്നയുടനെതന്നെ ഫീസുകൊടുക്കണം. ആരെങ്കിലും കള്ളമായിട്ടു അയാൾ തിരുവിതാംകൂറിൽ വന്നുകഴിഞ്ഞു എന്നറിപ്പോർട്ടുചെയ്താൽ അന്നുമുതൽ ഫീസുകൊടുക്കുന്നതിനു അയാൾ നിർബ്ബന്ധിതനായി. ഇങ്ങിനെയുള്ള ന്യൂനതകളെ മാറ്റേണ്ടതത്യാവശ്യമാണ്.

ലൈബ്രറി പൊതുസ്ഥാപനവും പൊതുജനങ്ങളുടെ പണംകൊണ്ടു നടത്തിവരുന്നതുമാണ്. അതു പൊതുജനോപകാരപ്രദമായ രീതിയിൽതന്നെ നടത്തണം. ഇതുരണ്ടും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ നമ്പൂതിരിയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ദിവാൻജിയുടെ സെക്രട്ടറി): സർ, മെമ്പർ പറഞ്ഞപ്രകാരം, ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം മാനേജിങ്ങ് കമ്മിറ്റി മെമ്പർമാരായി ലൈബ്രറി മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനും അഭിലഷണീയമായ ഭൂരിപക്ഷം ഉണ്ടാക്കുകയാണ്. മാനേജിങ്ങ് കമ്മിറ്റി മെമ്പർമാരെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ ഇങ്ങനെയൊരാലോചന ദിവാൻജിയുടെ മുമ്പാകെ ആദ്യം ഇതുവരെ കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടു നടക്കണം ഒരു തീർച്ചയായ മറുപടിപറവാൻ സാധിക്കയില്ല. ഇതിനെപ്പറ്റി അഭിപ്രായങ്ങളൊക്കെ അറിഞ്ഞു അവയെപ്പറ്റി ആലോചിച്ചശേഷം ദിവാൻജിയാണ് തീർച്ചചെയ്യും.

ഈ വിഷയത്തെപ്പറ്റിയോ സംസാരിച്ച മറ്റു മെമ്പർ പറഞ്ഞതു മെമ്പർമാർക്കുള്ള അവകാശം തിരുവനന്തപുരം വിട്ടുപോകുന്ന മെമ്പർമാർക്കു കൊടുക്കുന്നില്ലെന്നാണ്. എന്നാൽ കാര്യം അങ്ങനെയല്ല. തിരുവനന്തപുരം വിട്ടുപോകുന്ന ഒരുവനും ഒരു മെമ്പറിന്റെ പൂർണ്ണാവകാശങ്ങളും കൊടുക്കുന്നതിനു ഒരു ചട്ടമുണ്ട്. ഒരു വർഷത്തേക്കെന്നു സമയം നിശ്ചയിച്ചിട്ടുണ്ടെന്നുമാത്രമേയുള്ളൂ. ഒരാണ്ടിനുള്ളിൽ തിരിച്ചുവന്നിലെങ്കിൽ മെമ്പർസ്ഥാനം അവസാനിക്കും. ഇതുതന്നെയുള്ളതു ഇപ്പോഴത്തെ ചട്ടങ്ങളിൽ ഭേദഗതിക്കുന്നതുമുള്ളൂ. ഈ സ്ഥിതിക്കു മെമ്പർ ഉപക്ഷേപം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

മി. എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേട്ടും): ഈ ചട്ടങ്ങളെ ഭേദഗതിക്കുന്നതിനെസംബന്ധിച്ചു ആലോചിക്കുന്നതിനു ദിവാൻജിയിനി മടിയുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ദിവാൻജിയുടെ സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കും.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മി): ഉപക്ഷേപം പിൻവലിക്കാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: ഉപക്ഷേപം പിൻവലിക്കാൻ സഭ അനുവദിക്കുന്നുവോ?

സഭയുടെ അനുവാദപ്രകാരം ഉപക്ഷേപം പിൻവലിച്ചു.

ഉപക്ഷേപം നമ്പർ ൨.

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട:—

നമ്പർ ൨. പ്രാചീന സാഹിത്യസംരക്ഷണത്തിനു അനുവദിച്ച ൫൦,൦൦൦ രൂപായിൽ ഒരു രൂപാ കുറയ്ക്കണം.

ഉപക്ഷേപം നമ്പർ ൩.

മി. മുറിയേഴിൽ പാച്ചുപിള്ള (കേരളം): പ്രാചീന സാഹിത്യത്തിനു അനുവദിച്ചിട്ടുള്ള ൫൦,൦൦൦ രൂപയിൽ ൫൦൦൦ രൂപാ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ഈ ഉപക്ഷേപം സഭമുമ്പാകെ ഹാജരാക്കിയതിന്റെ ഉദ്ദേശം തിരുവിതാംകൂറിന്റെ തദ്ദേശീയനായ തിരുവനന്തപുരംപട്ടണത്തിൽ ഒരു പ്രാചീനകയ്യെഴുത്തുഗ്രന്ഥശാല സ്ഥാപിക്കേണ്ട ആവശ്യത്തെ ചൂണ്ടിക്കാണിക്കുവാൻ വേണ്ടിമാത്രമാണ്. ഇപ്പോൾ ഇവിടെയുള്ള മലയാളം കൈയെഴുത്തുഗ്രന്ഥങ്ങളേയും സംസ്കൃതകൈയെഴുത്തുഗ്രന്ഥങ്ങളേയും പരസ്യപ്പെടുത്തുവാൻ വേണ്ടിപ്രത്യേകംപ്രത്യേകം ജോലിക്കാരെ നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെപുരാണശാസ്ത്രങ്ങളുടെ ദോഷം അന്വേഷിക്കുന്നതിനും മറ്റൊരുയിടത്തു പുരാണവസ്തുശാസ്ത്രവകുപ്പിനെയും ഏർപ്പെടുത്തീട്ടുണ്ട്. എന്നാൽ ഈ ഡിപ്പാർട്ടുമെൻറുകൾ തമ്മിൽ സംബന്ധമുള്ളതായിട്ടു കാണുന്നില്ല. അപ്പോഴപ്പോൾ ശേഖരിക്കുന്നതായ കൈയെഴുത്തുഗ്രന്ഥങ്ങളെയെല്ലാം ഒരുമിച്ചുകൂട്ടിച്ചേർത്തു പബ്ലിക്കുലൈബ്രറിയുടെ ഒരുഭാഗമായിട്ടു ചേർത്താണെങ്കിൽ ശ്രീമൂലം ക്ലബ്ബിനുപുറത്തു സ്ഥാപകമെമ്മോറിയൽ ഹാളിന്റെ ഒരുഭാഗമായിട്ടു ചേർത്താലും, ഒരു കൈയെഴുത്തുഗ്രന്ഥശാലസ്ഥാപിക്കുന്നതു ഏറ്റവും നന്നായിരിക്കും. പരിഷ്കൃതരാജ്യങ്ങളിലൊക്കെയുള്ള കൈയെഴുത്തുഗ്രന്ഥങ്ങളെല്ലാം കണ്ടുകിട്ടുവാൻ വളരെപ്രയാസപ്പെടുന്നു. അവയെയെല്ലാം വളരെ പ്രയാസപ്പെട്ടു ഇവിടെ ശേഖരിക്കുന്നുണ്ട്. അപ്രാപ്തജനങ്ങളുടെ അറിവിനായി വേണ്ടതു പരസ്യപ്പെടുത്തുവാൻ വേണ്ട വ്യവസ്ഥയുണ്ടെങ്കിലും അതിൽവലിയ ഗുണമായില്ല. എന്നാൽ ഇവകളെല്ലാം ഒരുമിച്ചുചേർത്തു വയ്ക്കുവാനായി പ്രത്യേകം ഗ്രന്ഥശാലതന്നെകൂടണം. ഇവയിൽ ഏറ്റവും വിലയേറിയഗ്രന്ഥങ്ങൾ ഉണ്ടായിരിക്കും. ഒരു കൈയെഴുത്തുഗ്രന്ഥശാല ഇവിടെ ഏർപ്പെടുത്തേണ്ടതത്യാവശ്യമാണെന്നു ചൂണ്ടിക്കാണിക്കുവാനായി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (അസ്സിസ്റ്റന്റ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി) : സർ, തെമ്പറിന്റേയും പ്രസ്സാവനകരേയും സംസ്കൃതവും മറ്റും കയ്യെഴുത്തു പുസ്തകങ്ങരേയും ശേഖരിക്കുന്ന ക്യൂറേറ്ററിന്റേയും മലയാളം കയ്യെഴുത്തു പുസ്തകങ്ങരേയും ശേഖരിക്കുന്ന ക്യൂറേറ്ററിന്റേയും ഇഫിസുകളേയും പുരാണവസ്തുനോഷണകൂപ്പിനേയും സംബന്ധിച്ചുകൊണ്ട്. ഈഡിപ്പാർട്ടുമെന്റുകരേ കയ്യെഴുത്തു പുസ്തകങ്ങരേയും ഒന്നിക്കുന്നതു അവയെ ഒരു സ്ഥലത്തു കൂട്ടിവയ്ക്കുന്നതിനല്ല. അവയെ വായിച്ചുനോക്കി അതാതു ഭാഷയിൽ പ്രസിദ്ധപ്പെടുത്തുന്നതിനാണെന്നു തെമ്പർക്കുതന്നെ അറിവുള്ളതാണെന്നു വിശ്വസിക്കുന്നു. ഈ ജോലി നിർവഹിക്കുന്നതിനുകയ്യെഴുത്തുപുസ്തകങ്ങരേ ഒരുമിച്ചുകയ്യിൽ കിട്ടിയിരിക്കേണ്ടതാകുന്നു. ഈ കയ്യെഴുത്തുപുസ്തകങ്ങരേ പകർത്തി എടുത്തു ഏതാണ് ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതു, ഏതാണ് പിന്നീടപ്രസിദ്ധപ്പെടുത്തേണ്ടതു എന്നു തീർച്ചയാക്കണം. ശേഖരിക്കുന്ന കയ്യെഴുത്തുപുസ്തകങ്ങളെല്ലാം ഒരു പൊതുസ്ഥലത്തു, പബ്ലിക് ലൈബ്രറിയിലൊ ശ്രീമൂലം ഷഷ്ട്യബ്ദപൂർത്തിസ്മാരകതെമ്മോറിയൽ ഹാളിലൊ സൂക്ഷിച്ചുവെച്ചാൽ ഇതെങ്ങിനെ സംഘിക്കുമെന്നുഎനിക്കു മനസ്സിലാകുന്നില്ല. ഇതേമാതിരി ജോലിതന്നെയാണു മലയാളപുസ്തകക്യൂറേറും പുരാണവസ്തുനോക്ഷണഡിപ്പാർട്ടുമെന്റും ചെയ്യുന്നതു അവർ ഓരോരുത്തരും കയ്യെഴുത്തുപുസ്തകങ്ങരേ ശേഖരിക്കുന്നുണ്ടു. ഇവയെ വായിക്കുന്നതിനു നിയമസഭാ തെമ്പർമാർക്കു സൌകര്യംപലിക്കുന്നതെന്നാണ് തെമ്പറിന്റെ ഉദ്ദ്രേശമെങ്കിൽ അവർക്കതാതുക്യൂറേറിന്റെ ഇഫിസിൽപോയി തങ്ങരേക്കാവശ്യമുള്ള കയ്യെഴുത്തുപുസ്തകങ്ങരേ പരിശോധിക്കുന്നതിനുയാതൊരുവിരോധവും ഉണ്ടാകയില്ല. എന്നാൽ മെഷ്രുവിഎന്നപേരുള്ള ഒരു പൊതുസ്ഥലത്തുഅവയെല്ലാം സൂക്ഷിച്ചുവെക്കുന്നതു എങ്ങനെയാണെന്നു എനിക്കുമനസ്സിലാകുന്നില്ല.

മി. മുറിവേലിൽ പോച്ചുപിള്ള (കോട്ടയം) : ഉപക്ഷേപം പിൻവലിക്കുവാൻ അനുവാദംചോദിച്ചുകൊള്ളുന്നു.

പ്രസിഡന്റ്. ഉപക്ഷേപം പിൻവലിക്കുവാൻ സമ്മതമുണ്ടോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം നമ്പർ.

താഴെപറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. എൻ. ആർ. കൃഷ്ണൻ:—

നമ്പർ. അധ്യാപകരുടെസംരക്ഷകനായ അനുവദിച്ചിട്ടുള്ള ക ൦ രൂപായിൽ ഒരുരൂപാ കുറയ്ക്കണം.

പ്രസിഡന്റ്: ഡിമാണ്ടു ക ൻ—പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റു ഒഴിച്ചുള്ള പലവകയും സ്ത്രീയും ഡിപ്പാർട്ടുമെന്റുകരേ—എന്ന ഇനത്തിൽ അഭ്യർത്ഥനപ്രകാരമുള്ള മുഴുവൻസംഖ്യ ക ൻ നു ൪ രൂപ അനുവദിക്കാമോ എന്നാണു ചോദ്യം.

സഭ പ്രമേയം സമ്മതിക്കയും അഭ്യർത്ഥന അനുവദിക്കയും ചെയ്തു.

മി. ശിവരൂപൻ (ചീഫ് എൻജിനീയർ): ഡിമാണ്ടു ക ൦—പൊതുമരാമത്തുഡിപ്പാർട്ടുമെന്റ് എന്ന ഇനത്തിൽ നു൯,൭൫,൦൦൦ രൂപായിൽകവിയാത്ത ഒരു സംഖ്യ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഉപക്ഷേപം നമ്പർ.

മി. തോമസ്സുള്ളിൽ കൊച്ചുതോമ്മൻ (പത്തനംതിട്ട): ചീഫ് ഇഞ്ചിനീയരുടെ സർച്ചാർജ്ജ് അലവൻസുകുറച്ചു അനുവദിച്ചിട്ടുള്ള ൪ ൪ ൦൦ രൂപായിൽനിന്നു ഇരുപ കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഉപക്ഷേപം. ജനങ്ങരേ അവിടവിടെയായി അവരുടെ ചിലവിന്മേൽ പലറോഡുകരും വെട്ടിച്ചിട്ടുണ്ട്. ഈ റോഡുകളെ ജനങ്ങരേക്കു ഉപയോഗപ്രദമായിത്തീരത്തിൽ ചീഫ് ഇഞ്ചിനീയർ ഡിപ്പാർട്ടുമെന്റായി എടുത്തു വേണ്ടുംവണ്ണം പ്രവൃത്തിക്കുന്നില്ല എന്നുള്ളവിഷയം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണ് ഈ ഉപക്ഷേപം ഫാജരാക്കിയിട്ടുള്ളതു്. തിരുവല്ലാ, പത്തനംതിട്ട ഈ താലൂക്കുകളിലുള്ള അധികം റോഡുകളും കഷികരെ വെട്ടിച്ചിട്ടുള്ളതാണു്. പത്തനംതിട്ടത്താലൂക്ക മരാമത്തുപ്പണിക്കുകളിലുംവച്ചു ദുർനികുതിയിലും, വനത്തിൽനിന്നുമുള്ള മുതലെടുപ്പിലും മുന്നിട്ടുനിൽക്കുന്ന ഒന്നാണു്. ഇവിടെയുള്ള ജനങ്ങരേ അധികവും കൃഷിക്കാരാണു്. ഈ പത്തനംതിട്ടതാലൂക്കിലെ ഗവണ്മെന്റ ചിലവിന്മേൽ വെട്ടിച്ചിട്ടുള്ള റോഡുകരേ വളരെ കുറക്കേണ്ടതുള്ളതു്. എന്നാൽ കർഷകന്മാർക്കു അവരുടെ സാമാനങ്ങരേ ചന്തകളിലേക്കു കൊണ്ടുപോകുന്നതിനോ, വള്ളംവഴി അല്ലലുള്ളപ്പോ, കൊച്ചി മുതലായ രാജ്യങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനോ റോഡുകളും പാലങ്ങളും ഇല്ലാതെ വളരെ ബുദ്ധിമുട്ടുന്നുണ്ടു്. ദുർനികുതിയിൽ ധാരാളം മുതലെടുപ്പുള്ള ഈതാലൂക്കിൽ കുറവൊന്നും എങ്കിലും ജനങ്ങരേക്കായിട്ടു ചിലവിട്ടുന്നുവെങ്കിൽ അതുയും കൃഷിക്കാർക്കു അവരുടെ അഭിവൃദ്ധിക്കു കാരണമായിത്തീരുമായിരുന്നു. ഈ പത്തനംതിട്ടതാലൂക്കിലെ റോഡുകളെ ചീഫ് ഇഞ്ചിനീയർ സന്ദർശിച്ചിട്ടുണ്ടോ എന്നു ബഹുമായി സംശയിക്കേണ്ടിയിരിക്കുന്നു. ചീഫ് ഇഞ്ചിനീയർ ഈ താലൂക്കിലുള്ള ജനങ്ങരേ എത്രമാത്രം റോഡുകരേ വെട്ടീട്ടുണ്ടെന്നു അന്വേഷിക്കുകയും അവകരേ ജനങ്ങരേക്കു ഉപകാരപ്രദമാകത്തക്കവിധത്തിൽ ഡിപ്പാർട്ടുമെന്റിലേക്കു എടുത്തു പണംചിലവുചെയ്തു നന്നാക്കുന്നതിനും, പാലങ്ങരേ, കലുങ്കുകരേ, കടത്തുകരേ മുതലായവ തീർക്കുന്നതിനു ഒരു പദ്ധതി തയ്യാറാക്കി ഗവണ്മെന്റിലേയ്ക്കു സമർപ്പിക്കുകയും ചെയ്യുമെന്നു ഞാനാശിക്കുന്നു. ഇപ്രകാരമെങ്കിലും ചെയ്താൽ ഈ സ്ഥലങ്ങളിലേയ്ക്കു സഞ്ചരിക്കുന്നതിനു നല്ലപോലെ കടത്തുകളും പാലങ്ങളും കടന്നുപോകുന്നതിനു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനുപുറമെ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞുകൊള്ളട്ടെ. കഴിഞ്ഞ വർഷം പണിതീർത്തിട്ടില്ലാത്തതിനാൽ ജനങ്ങരേ വളരെ കഷ്ടപ്പെടുത്തുന്ന ഒരു പാലം പണിതീർത്തിട്ടില്ലാത്തതിനാൽ ജനങ്ങരേ വളരെ കഷ്ടപ്പെടുത്തുന്ന വർഷിച്ചിക്കുവാൻതക്കയുണ്ടാക്കുന്നതിനും വേണ്ട അന്വേഷണങ്ങരേചെയ്തു ജനങ്ങളുടെ ഗതാഗതമാർഗ്ഗത്തെ വർദ്ധിപ്പിക്കുവാൻതക്കയുണ്ടാക്കുന്നതിനും വേണ്ട ധനവകുപ്പുകാർ പ്രവർത്തിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. കെ. മാധവൻ (ഗവണ്മെന്റുനിയമനം): തെമ്പർ തോമസ്സുള്ളിൽ മി. കൊച്ചുതൊമ്മൻ സഭയിൽ ഹാജരാക്കിയ ഉപക്ഷേപത്തെ പിൻതാങ്ങുന്നതിനു ഞാനും കടപ്പെട്ടിരിക്കുന്നു. റോഡുകളുടെപ്പറ്റി ഞാൻ ഒരു ചോദ്യംഅയച്ചിരുന്നതിൽ പത്തുറോഡുകരേ ചെയ്യുന്നതിനു എന്നു ഗവണ്മെന്റിൽനിന്നും മറുപടികിട്ടി. ഈ പത്തു റോഡുകളും പുനലൂരുകാരുടെയിടയിൽകൂടി ഉണ്ടാക്കിയവയാകുന്നു. ഇവ ജനങ്ങരേക്കു നടക്കത്തക്ക നിലയിലായി

ട്ടില്ല. മരുതത്തല എന്നസ്ഥലത്തു ഒരു റോഡുവീതികൂട്ടിയായി എടുക്കാറിവുകിട്ടി. അതു ഇരുന്നൂറടിട്ടുംമാത്രമേ ഉണ്ടാകിട്ടുള്ളു. പേരൂർ കുളത്തുങ്കരയിൽ ഒരു റോഡുവെട്ടിട്ടുണ്ട്. അതു ൨൦, ൨൫ അടി ഉയരത്തിൽനിന്നു ചരിവായി ഇറങ്ങിപ്പോയിട്ടുള്ളതാണ്. അതുകൊണ്ടു അതു വണ്ടിമുതലായവയ്ക്കും ജനങ്ങൾക്കും ഇറങ്ങിപ്പോകത്തക്കവണ്ണം മയിൽ ആക്കേണ്ടിയിരിക്കുന്നു. തിരുപ്പതിസാരംപെരുതിയിൽ മയിരുകളും എന്നസ്ഥലത്തു ഒരു കചേരിയപാത ഉണ്ടാക്കിട്ടുണ്ട്. അതിൽ ജനങ്ങൾക്കു പതിനഞ്ചടിട്ടും കാൽനടയായി ഇറങ്ങിപ്പോകേണ്ടിയിരിക്കുന്നു. ഇതിനു ഒരു കലുങ്കുകൂടെ ഉണ്ടാക്കീട്ടില്ല. അതിനാൽ അതുകൊണ്ടു പ്രയോജനമില്ല. തിരുപ്പതിസാരംപെരുതിയിൽ മീനാക്ഷിയമ്മ എന്നസ്ഥലത്തു ജനങ്ങൾ പതിവായി ഉപയോഗിച്ചുകൊണ്ടിരുന്നപാതയെ അവർക്കു ഉപയോഗിക്കാൻ കഴിയാത്തവണ്ണം കരയിടിഞ്ഞു മുകളിൽ കരിങ്കൽകൊത്തുകവിധത്തിൽ ഉണ്ടാക്കിയിരിക്കുന്നു. ഇങ്ങനെയിരിക്കുന്നതുകൊണ്ടു ജനങ്ങളുടെ പോക്കുവരവിനും ആടുമാടുകൾക്കും, വണ്ടി മുതലായവ കയറ്റി പോക്കിനും അധികം തടസ്സമായിരിക്കുന്നു. ഈ സ്ഥലത്തെയും ഗവർണ്മെന്റു ഉടനെ പരിശോധിച്ചു ജനങ്ങളുടെ ഗതാഗതത്തിനു യോഗ്യമാക്കിയാൽ വളരെ ഉപകാരമായിരിക്കും. ഇതിയും മാറ്റു റോഡുകളിലും കലുങ്കുകൾമുതലായവ ഉണ്ടാക്കുകയും ജനങ്ങൾക്കു ഉപയോഗപ്രദമാക്കിത്തീർക്കുവേണമെന്നു മുൻപ്രാസംഗികൻ സമർപ്പിച്ചഭിപ്രായത്തോടു ഞാനും പിന്തുണയ്ക്കുകൊള്ളുന്നു.

മി. എ. കേവപ്പൻ (ചീഫ്എഞ്ചിനീയർ): സർ, അവകാരകൻ പറഞ്ഞ റോഡുകൾ ഡിപ്പാർട്ടുമെന്റിനിന്നു പണംചെലവുചെയ്തിട്ടുള്ളവയോ കടിയാന്മാർ ഉണ്ടാക്കിട്ട ഇനിയും ഡിപ്പാർട്ടുമെന്റിനിന്നു പണംചെലവുചെയ്തുകൊടുക്കുവാനുള്ളവയോ എന്നു സ്പഷ്ടമായിട്ടില്ല. ഞാൻ അളേഹവുമിങ്കൽ താല്പര്യം സന്ദർശിക്കണമെന്നുള്ള അപേക്ഷയെ സംബന്ധിച്ചു എനിക്കു സമയംകിട്ടിയാലുടനെ അങ്ങനെ ചെയ്യുകൊള്ളാമെന്നു പറഞ്ഞുകൊള്ളുന്നു. എൻസമയം വിനിയോഗിക്കേണ്ട അവസരങ്ങൾ അനേകമുള്ളതുകൊണ്ടു പ്രയാസമുണ്ടായിരിക്കുന്നു. എന്നാൽ തീർച്ചയായിട്ടും ഈസ്ഥലം എനിക്കു ചിറ്റിൽ ഉൾപ്പെടുത്തിക്കൊള്ളാം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): എല്ലാതല്ലാം റോഡുകളാണ് എടുക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്നു അറിഞ്ഞാൽകൊള്ളാം.

മി. എ. കേവപ്പൻ (ചീഫ്എഞ്ചിനീയർ): മെമ്പർപറയുന്നതു മനസ്സിലാകുന്നില്ല.

പ്രസിഡൻറ്: ഏതുറോഡുകളാണു നിങ്ങൾ എടുക്കാൻ പോകുന്നതു എന്നു അളേഹത്തിനു അറിയണമെന്നാണ്.

മി. എ. കേവപ്പൻ (ചീഫ്എൻജിനീയർ): റോഡുകളുടെ പേരുകൾ പറഞ്ഞാൽ ചോദ്യത്തെപ്പറ്റി ആലോചിക്കാം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഇപ്പോൾകമ്മിക്കറ്റി കൊടുത്തിട്ടുള്ള റോഡുകളെല്ലാം എടുക്കണമെന്നാണു എൻറെ അപേക്ഷ.

പ്രസിഡൻറ്: കമ്മിറ്റിറോഡുകളെല്ലാം എടുക്കണമെന്നു് അളേഹംപറയുന്നു.

മി. എ. കൈവപ്പൻ (ചീഫ്എൻജിനീയർ): അങ്ങനെയുണ്ടായാൽ അതിനു ആയിപ്പോയി. മെമ്പർ പ്രത്യേകറോഡുകളുടെ പേരുപറഞ്ഞാൽ അടിയന്തിരമായിട്ടു അവയെ എടുപ്പിക്കാം.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പത്തനംതിട്ടതാലൂക്കിൽ ധാരാളംമുതലെടുപ്പുണ്ടു. അതിനെതക്കത്തക്കവണ്ണം പണംചെലവാക്കണമെന്നുമാത്രമേ ഉള്ളു.

മി. എ. കേവപ്പൻ (ചീഫ്എൻജിനീയർ): അങ്ങനെതന്നെ. ഈ റോഡുകളുടെ അടിയന്തിരമെന്തെപ്പറ്റി ചിന്തിച്ചിട്ടുണ്ടെങ്കിൽ അപ്പോഴല്ലയോ പറയുന്നതുകൊണ്ടാകും.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): രണ്ടുമൂന്നു യൂറോപ്പ്യൻ തോട്ടങ്ങൾ ഉള്ളതുകൊണ്ടാണ് അവിടെക്കുറെ ഗതാഗതസൌകര്യം സിദ്ധിച്ചിട്ടുള്ളതു.

മി. എ. കൈവപ്പൻ (ചീഫ്എൻജിനീയർ): അധികൃതപ്പ്രക്കാക്കായി ഉണ്ടാക്കിയ റോഡുകളെപ്പറ്റി മിസ്റ്റർ മാധവൻപറഞ്ഞ പരാതിയെ സംബന്ധിച്ചു അവ പൊതുമരാമത്തുകൃത്യങ്ങളിൽ ക്ലിയാണെന്നാക്കിയതെന്നുമെനിക്കറിവും. അങ്ങനെയായാൽ അവയ്ക്കഭിവൃദ്ധിയുണ്ടാകുമെന്നു പോകുവാനിടം പറയുകയില്ല. ഈ റോഡുകൾനന്നാക്കണമെങ്കിൽ അവയ്ക്കായി കുറേ സക്കാരിമേൽക്ക ഏർപ്പെടുത്തേണ്ടിവരും. അതു ആലോചിക്കേണ്ടുന്ന ഒരുസംഗതിയാണു. ഞാൻ നാഗമലകോവിലിനു പോകുമ്പോൾ ഞാൻ മിസ്റ്റർ മായവനെ അറിയിക്കാം. അളേഹത്തിനുമനസ്സുണ്ടെങ്കിൽ അളേഹത്തോടുകൂടെ ഞാൻ റോഡുകൾപോയി പരിശോധിക്കാം. അതുകൊണ്ടു ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ മെമ്പറോടു അപേക്ഷിക്കുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഞാൻ ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

പ്രസിഡൻറ്: ഉപക്ഷേപംപിൻവലിക്കാൻ അനുവാദംവേണമെന്നു നിങ്ങളും ആഗ്രഹിക്കുന്നു അതല്ല?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതേ, ഞാൻ ഉപക്ഷേപം പിൻവലിക്കാൻ അനുവാദംചോദിക്കുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കാൻ സമ്മതമുണ്ടെന്നു എനിക്കു വിചാരിക്കാമോ?

ഉപക്ഷേപം സഭയുടെ അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ ൯൭൦ മുതൽ ൯൭൬ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. കെ. ജി. പരമേശ്വരൻപിള്ള.

൯൭൦. സബ്ബോർഡിനേറ്റു ജീവനക്കാരുടെ ശമ്പളം ൪൦൦ രൂപയിൽ കവിയരുതെന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള.

൯൭൫. സബ്ബോർഡിനേറ്റു ജീവനക്കാരുടെ ശമ്പളം ൪൦൦ രൂപയിൽ കവിയരുതെന്നു.

മി. എ. എസ്സ്. മാമോദരൻ ആശാൻ.

൯൭൬. സബ്ബോർഡിനേറ്റു ജീവനക്കാരുടെ ശമ്പളം ൪൦൦ രൂപയിൽ കവിയരുതെന്നു.

ഉപക്ഷേപം നമ്പർ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, താഴെപറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ദേവനോഷണത്തിനു അനുവദിച്ചിട്ടുള്ള നമ, ൪൫൭ രൂപയിൽ കുറയരുതെന്നു കരുതുന്നു.

കൃഷിസേചനത്തോടുകൂടിയ സംബന്ധിച്ച പരിശോധനപ്രവൃത്തികളെപ്പറ്റി ചിലസംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു മാത്രമാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു. ഈ കാര്യം ശ്രീമൂലം പ്രജാസഭയിൽ വിളവങ്കോട്ടമെമ്പർ മിസ്റ്റർ നാരായണപിള്ള കഴിഞ്ഞനിയമസഭയിൽ വിഷയമാക്കിയിരുന്നു. ആ നിയമസഭയുടെ ഗവണ്മെൻറിനെ മറുപടി ഇങ്ങനെയായിരുന്നു.

"നിങ്ങളുടെ നിയമസഭയിലെ പ്രധാനരാജ്യമായ ചിറയാർനദിയും ചിറയാർവായി (താഴ്വര) യിലെജലാശയവും സംബന്ധിച്ചുള്ള പദ്ധതി സജ്ജമാക്കണമെന്നു ചീഫ്എൻജിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ടു എന്നാൽ അതിനെ സംബന്ധിച്ചുള്ള ജോലിയും ആരംഭിക്കാമോ എന്നു പറയുന്നതിനുമുമ്പായി നിലത്തിന്റെ നോക്കുകണക്കുകളും ഉണ്ടാക്കുകയും നമ്മിയിൽ എത്രത്തോളം വെള്ളം ഉണ്ടാകുമെന്നു കണക്കുള്ളപ്പെടുകയും ഈ ജോലി സേചനംചെയ്യാവുന്ന വിസ്തീർണ്ണം നിർണ്ണയിക്കയും ചെയ്തു ആ പദ്ധതിയുടെ ഫലം അതിനുവേണ്ടി വരുന്നചെലവിനു ഒരുനല്ലപരിധിയിരിക്കുമോ എന്നു നിശ്ചയിക്കേണ്ടിയിരിക്കുന്നു. ഇവയെല്ലാം അതിനുവേണ്ടുന്നതായോട്ടുടിയ ആലോചനയും പരിശോധനകളും ആവശ്യമാണ്. അങ്ങനെയുള്ള പരിശോധനകൾ നടത്തുന്നതുവരെയ്ക്കവണ്മെൻറിനു ക്കാര്യത്തിൽ മുമ്പാധ്യാനം ചെയ്യുന്നതു ബുദ്ധിപൂർവകമായിരിക്കയില്ല."

കോതയാർ പദ്ധതിയെപ്പറ്റിയുള്ള പുസ്തകത്തിന്റെ രണ്ടാംവാല്യം കഴിഞ്ഞ ഉപാംപുറത്തുള്ള പ്രസ്താവനപ്രകാരം ഈ താഴ്വരയുടെയുംസേചനംകൊണ്ടു പ്രയോജനപ്പെടേണ്ടതിന്റെയും പൂർണ്ണമായപരിശോധനകൾ നടത്തിഎസ്റ്റിമേറും പ്ലാനും തയ്യാറാക്കി ചീഫ്എൻജിനീയർക്ക് അയച്ചുകൊടുത്തിട്ടുള്ളതായി കാണുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ഏതു കൊല്ലത്തേക്ക്?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കന ൦൦-മാണ്ടു.

ചീഫ് എൻജിനീയരുടെ ഓഫീസിൽ പെട്ടെന്നുതന്നെ ഞാൻ ആഗ്രഹിക്കുന്ന ഫയൽ സംഗതി അങ്ങനെയുള്ള പദ്ധതികൾ ആലോചനയ്ക്കെടുക്കുമ്പോൾ കീഴ്ദ്യോഗസ്ഥന്മാരുടെ പക്കൽനിന്നു അവർ നടത്തിയ വിവരമായ അന്വേഷണങ്ങളുടെ റിപ്പോർട്ടും വരുത്തണമെന്നുള്ളതാണു. ഉദ്യോഗസ്ഥന്മാരും അവരെയപറ്റിയുള്ള റിക്കാർഡുകളുമെല്ലാം ശേഖരിച്ചു പൂർണ്ണവിവരങ്ങൾ സമ്പാദിക്കാൻ നിർബന്ധിക്കപ്പെടണം. അങ്ങനെ ചെയ്യുമ്പോൾ ഇജനന്തിനു ഗുണദോഷമെല്ലാമിരിക്കുന്നതുകാണാം എന്നുള്ളതുകൊണ്ടു ഉടനടിതന്നെ ഒരുമരാമത്തുപരയാൻ നമുക്കൊന്നിനെയുമിഷ്ടപ്പെടുകയില്ല. വിശേഷിച്ചു പ്രായം ആരുണ്ടിച്ചുള്ള ചീഫ് എൻജിനീയരുടെയോ നമുക്കൊന്നിനേറെയോ മരുമക്കൾ ചിലപ്പോൾ പ്രദേശങ്ങളുടെ ഗുണത്തിനു പ്രതികൂലമായിരിക്കാം. ചിറയാർ കൃഷ്യാധാരസ്ഥലം ഇരിക്കൽ സമഗ്രചെയ്യുകയും അതുകണ്ടു സേചനം ചെയ്യാവുന്ന പ്രദേശത്തിന്റെ വിസ്തീർണ്ണം ഫീൽഡ്സർവ്വെയിലൊന്നെന്നു കണക്കാക്കുകയും എസ്റ്റിമേറും തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞു സംഗതി സഭയുടെ ശ്രദ്ധയിലേക്കുവിശേഷിപ്പിക്കണമെന്നുള്ള ആഗ്രഹംമാത്രമാണ് ഈ ഉപക്ഷേപം അവതരിപ്പിക്കാൻ എന്നെപ്രേരിപ്പിച്ചതു.

ചിറയാർ ജലാശയത്തിന്റെ സേചനസ്ഥലം ഫീൽഡ്സർവ്വെയിലൊന്നെന്നു കണക്കാക്കുകയും എസ്റ്റിമേറും തയ്യാറാക്കി സമർപ്പിക്കയും ആ പദ്ധതി പിന്നീടനടപ്പിലാക്കുന്നതാകുമെന്നു ആലോചിക്കയും ചെയ്തിട്ടുള്ളതാണ്. ഈ പദ്ധതി നടപ്പിൽവരുത്തണമെന്നു ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിലേക്കു ബഹുമതിയായി പ്രിയപ്പെടുത്തിക്കൊള്ളുന്നു. അതുകൊണ്ടു ഈ ഉപക്ഷേപത്തെ സഭാമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ചിലവർഷങ്ങൾക്കുമുമ്പു എസ്റ്റിമേറു തയ്യാറാക്കി സമർപ്പിച്ച ചിലപ്രവൃത്തികളിൽ ഇതുവരെയായിട്ടും ചെയ്തിട്ടില്ലെന്നു ഗവണ്മെൻറിന്റെ ഒഴിവിൽ കൊണ്ടുവരികമാത്രമാണ് മെമ്പർ ചെയ്തിട്ടുള്ളതു. മെമ്പർ പറയുന്നതു ദേശപ്രയോജനത്തെ വെച്ചിട്ടുള്ള വല്ലവിധത്തിലുള്ളതോ ഗവണ്മെൻറിന്റെ വല്ലപ്രൊപ്പോസിഡിംഗ്സിനെയെങ്കിലും അടിസ്ഥാനമാക്കിട്ടുണ്ടോ എന്നുമെമ്പർ പറഞ്ഞു പോരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതുഗവണ്മെൻറു പ്രൊപ്പോസീഡിംഗ്സിനെ ഒരുമാതിരിയാകുന്നു.

പ്രസിഡൻറ്: ഏതുമണ്മെൻറിനെയാണെന്നു പറയുമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതു കന ൦൦-ൽ പ്രസിദ്ധംചെയ്ത കോതയാർ പദ്ധതിഎന്നപുസ്തകം രണ്ടാംവാല്യത്തിൽ ഉണ്ടു.

പ്രസിഡൻറ്: മെമ്പർ പറയുന്നതു ചിറയാർ പ്രദേശത്തെ കൃഷിസേചനത്തെ സംബന്ധിച്ചു തയ്യാറാക്കിയ എസ്റ്റിമേറുകളെ സംബന്ധിച്ചാണ്. ഈ എസ്റ്റിമേറുകൾ കന ൦൦-ൽ, അതായതു ഇരുപത്തെട്ടുവർഷം മുമ്പുതയ്യാറാക്കി പ്രസിദ്ധംചെയ്ത കോതയാർ പദ്ധതിനാലാംവാല്യത്തിൽ ഉള്ളതാണ്.

മി. എ. ദേവപ്പൻ (ചീഫ്എൻജിനീയർ): സർ, ഞാൻഉപക്ഷേപത്തെ എതിർക്കുന്നു. മെമ്പർപറഞ്ഞതു ഞാൻതല്പര്യത്തോടുകേട്ടു. ആ പദ്ധതിനടപ്പിൽ വരുത്തുന്നതു എത്രകാലത്തോളമെന്നു ഞാൻതോക്കിപിടിക്കാം. എന്നാൽ എൻറെ മുൻഗാമി സ്ഥലപരിശോധനനടത്തി സേചനവിസ്തീർണ്ണം മുതലായവിവരങ്ങൾ കുറിച്ചിട്ടുണ്ടെന്നു മെമ്പറിന്റെ അറിവിലേക്കായി പറഞ്ഞുകൊള്ളുന്നു. എസ്റ്റിമേറുകൾ നോക്കീട്ടു വെള്ളത്തിന്റെ ലഭ്യതനിമിത്തം ഈ പദ്ധതിനിർവ്വഹിക്കുമോ എന്ന അദ്ദേഹത്തിനുതന്നെ സംശയം ഉണ്ടായതായികാണുന്നു. വെള്ളം ഇല്ലാത്തസ്ഥിതിക്കു ഒരുജലാശയത്തിന്നാവശ്യം ഉണ്ടോഎന്ന എനിക്കുംസംശയമാണു. ഈ വിഷയംവീണ്ടും ആലോചനയ്ക്കെടുക്കാം. ഇങ്ങനെയുള്ള കാര്യങ്ങളിൽ നാം സൂക്ഷ്മതയോടെപ്രവർത്തിക്കേണ്ടതാകയാൽ മെമ്പർ തന്റെ പ്രമേയം പിൻവലിക്കാൻ വഴികാണുമെന്നുവിശ്വസിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: നിങ്ങൾ സമയമെടുത്തനവധാനം കേൾക്കേണ്ടതാണു. ഉപക്ഷേപം എന്താണെന്നതെന്നു എനിക്കറിഞ്ഞുകൂടാ, നിങ്ങളുടെ ഉപക്ഷേപം എന്താണെന്നു ദയവായി വിവരിക്കുമോ?

മി. ടി. സി. കേശവപിള്ള (കുണ്ടുകുളവും വിളവങ്കോടും): ഒരപേക്ഷയിലെന്നപ്പോലെ മേലാൽ ആലോചിക്കുമ്പോൾ ചീഫ് എൻജിനീയർ തന്നെനേരിട്ടോ മറ്റോ സ്ഥലത്തുപോയി വിവരമായ അന്വേഷണം നടത്താൻ നിർബന്ധിക്കണമെന്നും അപ്രകാരം റിപ്പോർട്ടുകൂടി കേൾപ്പിക്കുന്നതുവരെ ഒരു തീരുമാനവും സ്വീകരിക്കരുതെന്നും ഒരുതത്വം സ്ഥാപിക്കണമെന്നാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചതു.

പ്രസിഡൻറ്: പേയിക്കാർഡുചെയ്തതിനെപ്പറ്റി ആക്ഷേപമില്ല. കഴിയുന്നിടത്തോളം അവയെപരിശോധിച്ചു എന്നു ചീഫ്എൻജിനീയർപറയുന്നു. നിങ്ങളുടെ ഉപക്ഷേപം സഭയുടെ വോട്ടിനയക്കണമെന്നാണോ എന്നിക്കുമനസ്സാണോ

മി. ടി. സി. കേശവപിള്ള (കുണ്ടുകുളവും വിളവങ്കോടും): അങ്ങനെയുള്ള വോട്ടിനുവെക്കണമെന്നു ഞാൻ ആഗ്രഹിച്ചുപോട്ടന്നില്ല. ഉപക്ഷേപം പിൻവലിക്കാൻ ഞാൻതന്നെയാണാലോചിച്ചുകൊള്ളുന്നു.

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ നമ്പർ മുതൽ നമ്പർ വരെ.

താഴെപറയുന്ന ഉപക്ഷേപങ്ങൾ അവതരിപ്പിച്ചിട്ടില്ല.

മി. ആർ. കേശവപിള്ള.

നമ്പർ. സബ്ഡിവിഷൻ ആഫീസ് ഉള്ളോരുസ്ഥലത്തുക്ക് അനുവദിച്ചിട്ടുള്ള നമ്പർ വരെ രൂപയിൽ കവിയാതെ രൂപകൊടുക്കുന്നതിനു.

മി. എസ്. പിരപിപ്പൊമ്മപിള്ള.

നമ്പർ. നഞ്ചാരപ്പടിക്കു അനുവദിച്ചിട്ടുള്ള നമ്പർ രൂപയിൽ കവിയാതെ രൂപകൊടുക്കുന്നതിനു.

മി. ടി. സി. കേശവപിള്ള.

നമ്പർ. സബ്ബത്തിച്ചെലവിനു അനുവദിച്ചിട്ടുള്ള രൂപയിൽ കവിയാതെ രൂപകൊടുക്കുന്നതിനു.

മി. ജി. പി. നീലകണ്ഠപ്പിള്ള.

നമ്പർ. തുറമുഖവകുപ്പിലേക്കു അനുവദിച്ചിട്ടുള്ള രൂപയിൽ കവിയാതെ രൂപകൊടുക്കുന്നതിനു.

മി. ആർ. കേശവപിള്ള.

നമ്പർ. തുറമുഖവകുപ്പിലേക്കു അനുവദിച്ചിട്ടുള്ള രൂപയിൽ കവിയാതെ രൂപകൊടുക്കുന്നതിനും.

ഉപക്ഷേപം നമ്പർ.

മി. എ. സി. കുഞ്ഞുകേശസ് (മീനച്ചിലും മേപ്രകുന്നും): തുറമുഖവകുപ്പിലേക്കായി അനുവദിച്ചിട്ടിരിക്കുന്ന രൂപയിൽനിന്നും രൂപയെടുത്തു മീനച്ചിൽ താലൂക്കിലെ ഡിസ്ട്രിക്ട് ബോർഡുവകയായ ഈരാറ്റുപേട്ടയിൽനിന്നും പാലാവരെയുള്ള റോഡിൻറെ പുനരുദ്ധാരണത്തിനായി അനുവദിച്ചുകൊടുക്കുന്നതിനുള്ള എൻറെ ഉപക്ഷേപത്തെ ഞാൻ സഭയുടെ ആലോചനയ്ക്കായി അവതരിപ്പിച്ചുകൊള്ളുന്നു.

(൨൦) ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു പ്രധാനമായി എന്നെപ്രേരിപ്പിച്ചിട്ടുള്ളതു എൻറെ തിരഞ്ഞെടുത്ത നിയോജകമണ്ഡലത്തിലുൾപ്പെട്ട മീനച്ചൽ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈ ഡിപ്പാർട്ടുമെൻറിനു ഇപ്പോൾ അനുവദിച്ചപോരുന്നതായ സംഖ്യ കേവലം തുച്ഛമാണെന്നും ഈ ഡിപ്പാർട്ടുമെൻറ വകയായി ഈ താലൂക്കിലുള്ള റോഡുകൾ, കടവുകൾ, പേരങ്ങൾ, മുതലായവയെ സംബന്ധിച്ചിടത്തോളം മുമ്പുചെയ്തിരുന്ന നിശ്ചയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുകൂലമായവിധത്തിൽ എന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നില്ലെന്നും ഈ കാര്യത്തിൽ ഡിപ്പാർട്ടുമെൻറ തീരെ ശ്രദ്ധപതിയുന്നില്ലെന്നുംകണ്ടിരിക്കുന്നതിനായിട്ടാണു. മീനച്ചൽ താലൂക്കിൽ യാതൊരുകൃഷിയും വളരെകുറവാണെന്നുള്ളതു് പ്രത്യേകം പ്രസ്താവിക്കുന്നതിനുള്ള ഒരു വസ്തുതയാണ്. ഈ താലൂക്കിനെ സംബന്ധിച്ചിട്ടുള്ള ഏതൊരു ഡിപ്പാർട്ടുമെൻറ്യുദ്യോഗസ്ഥനും ഈ പരമാർത്ഥം മനസ്സിലാക്കാൻ കഴിയും. ഈ താലൂക്കിലെ കർഷകന്മാരായ ആളുകൾക്കു അവരുടെ കൃഷിസാധനങ്ങളെ കൊണ്ടുപോകുന്നതിനു വേണ്ടത്ര സൗകര്യങ്ങളൊന്നും ഇല്ലാത്ത നിലയിലാണിരിക്കുന്നതു്. ഈ വസ്തുത എത്രയധികമായിരിക്കുന്നുവെന്നു അല്പം ആലോചിച്ചാൽ സ്പഷ്ടമായി കാണാം. ഇതിനെസംബന്ധിച്ചു ഈ താലൂക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മെമ്പന്മാർതന്നെ പ്രാവശ്യത്തിലും ഈ സെഷൻസിലിലും ആലോചനാവിഷയമാക്കുകപോലും നിവേദനങ്ങളും നിർദ്ദേശങ്ങളും കൊണ്ടുവന്നിട്ടുണ്ടു്. ഗതാഗതസൗകര്യങ്ങളുടെ സംബന്ധിച്ചുള്ള പരിശോധനനടത്തി അത്യാവശ്യങ്ങളും നിർവഹിക്കുന്നതിനായി ഈ ഡിപ്പാർട്ടുമെൻറിനെ നാം ആശ്രയിക്കുന്നു പണം അനുവദിച്ചിരുന്നുവെങ്കിൽ ഞങ്ങൾക്കു സകല പരിഷ്കാരം വരുത്തിയിരുന്നു. ഇപ്പോൾ ജനങ്ങൾതന്നെ അല്പാല്പമായി വഴികൾ വെട്ടിനടന്നു വരുന്നു. ഈ ഗവർമെൻറിനെ സംരക്ഷണയിലെ പൊതുജനസംരക്ഷിക്കുന്നപക്ഷം ഈ വഴികൾ ജനങ്ങൾക്കു എന്തുമാത്രം ഉപകരിയ്ക്കുന്നുവെന്നു വിവരിക്കുവാൻ ഈ സന്ദർഭം മതിയാകുന്നതല്ല. ഈ താലൂക്കിലുള്ള വില്ലേജ് റോഡുകളെ പബ്ലിക്കുറോഡുകളാക്കിത്തരുന്നതിനു പക്ഷം അതു വലിയ അനുഗ്രഹമായിരിക്കും. പ്രതിവർഷം പ്രജാസഭയിലേക്കു തിരിഞ്ഞെടുത്തയക്കപ്പെടുന്ന രണ്ടുപ്രതിനിധികളും താലൂക്കിലെ ആവശ്യങ്ങളെപ്പറ്റി നിവേദനങ്ങളും സമർപ്പിക്കാറുണ്ടു്. അവയിലെ കാര്യമായി ഗണിച്ചിരിക്കുന്ന പലവിഷയങ്ങളും ഉള്ളടക്കമായി നവരണ്ടർക്കു മെമ്പടിക്കുന്നും ഉണ്ടാം. ബഡ്ജറ്റുസമ്മേളനത്തിനു അവസരങ്ങളിലെ നവരണ്ടറുടെ ഈ വക കാര്യങ്ങളും വിസ്തരിച്ചു പോരുകയും. മീനച്ചൽതാലൂക്കിലെക്കു ഈ അടുത്തവർഷത്തിലേയ്ക്കു ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയെക്കുറിച്ചാണ്. ഈ താലൂക്കിലെ മുഖ്യപട്ടണങ്ങൾ അനുവദിച്ചു ഈ മേൽപ്രസ്താവിച്ചകാര്യങ്ങൾക്കായി കുടുതൽപണം അനുവദിച്ചുകൊടുക്കേണ്ടതു പ്രാധാന്യമാണ്. ഈ താലൂക്കിലെ അന്യാദൃശ്യങ്ങളിൽ ഓരോന്നു, ഓരോവർഷം, തീർത്തുതരുമായിരുന്നെങ്കിൽ എത്രയനുഗ്രഹമായിരുന്നു. കേവലം വിസ്തൃതിയിൽ തെക്കിയിടിരുന്നാലും ഒരു താലൂക്കാണ് മീനച്ചൽ എന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഈ താലൂക്കിലെ ഭൂപ്രകൃതിയിൽ കിടക്കുന്നതുപോലുള്ള ഒരു വിചിത്രപ്രകൃതി വേറെയുണ്ടു. ഈ റോഡ് ഒരു പബ്ലിക്കുറോഡാക്കിത്തീർക്കണമെന്നു ജന

ങ്ങളും ദീർഘദൂരമായിട്ട് അപേക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്. ഗവൺമെന്റു വകയായി ഇതിലേക്കു ആവശ്യമുള്ള സ്ഥലങ്ങളും ഉള്ളതും, ധാരാളമായി ഗതാഗതം നടന്നുവരുന്നതുമായ ഒരു വില്ലേജ് റോഡാണ് ഇത്. ഇതിനെ ഒരു പബ്ലിക് റോഡാക്കിത്തീർന്നാൽ, ജനസംഖ്യ അധികമുള്ള പരിസരപ്രദേശങ്ങളോടുള്ളിടപാടും കൃഷിസ്ഥലങ്ങളുംകൊണ്ടു നിറഞ്ഞതുമായ സ്ഥലങ്ങളിൽക്കൂടിയാണ് ഈ റോഡു കടന്നുപോകുന്നത്. ഇങ്ങനെയുള്ള ഒരു റോഡാണ്, പണിതീരുന്നില്ല. പ്രതിവർഷം ലാപ്സായി പോകയത്രേ ചെയ്യുന്നത്. ഇങ്ങനെ പണം അനുവദിക്കുന്നതുകൊണ്ടു ഒരു എങ്ങിനെയെങ്കിലും തൃപ്തിപ്പെടുത്തുവാൻ കഴിയുമെന്നു തോന്നുന്നില്ല. ഈ കാര്യങ്ങളെല്ലാം മെമ്പർസിമിതിയുടെ ചെയർമാനായുള്ള വിഷയമാക്കിത്തീർക്കുകയും ഡിപ്പാർട്ടുമെന്റും ഗവണ്മെന്റും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതിനുള്ള പ്രേരണയുണ്ടാകത്തക്കവണ്ണം അറിയിക്കുകയും ചെയ്യുന്നതിനുവേണ്ടി എന്റെ ഈ അഭിപ്രായത്തെ പുരസ്കരിച്ചു ഇതിലെ പ്രമേയവും പാസ്സാക്കിത്താണ്. കടനാട്ടിൽ ഒരു വലിയപാലം കെട്ടിത്തടസ്സം നീക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ കുറേ കാലമായി ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുന്നതായിട്ടാണ് അറിയുന്നത്. ഈ പാലം പണി ഉടനെ ആരംഭിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനും ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ നായർ (കാസർഗോഡ്): ഈ പ്രമേയത്തിന്മേൽ ഞാൻ ഒന്നു രണ്ടു വാക്കു പറയുന്നതിനു ഉദ്ദേശിക്കുന്നു. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ റോഡിന്റെ പ്രാധാന്യത്തെപ്പറ്റി ഞാൻ പറയേണ്ടതില്ലല്ലോ. ഈ റോഡിന്റെ പ്രാധാന്യത്തെപ്പറ്റി ഇതിനുമുമ്പു പല പ്രാവശ്യം ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്

ദീക്ഷമതകാര ഉണ്ടായിരുന്നതുകൊണ്ടു ഇതുകളെല്ലാം ഉടനടി സാധിക്കാൻ പ്രയാസമാണെന്ന വിചാരത്തോടെ ഞങ്ങൾ അടങ്ങിയിരുന്നു. എന്നാൽ പുതുതായിട്ടോരോന്നിങ്കുതികാര ഏർപ്പെടുത്തുകയും പഴയതിനെ പലതിനേയും തിരക്ക കൂട്ടുകയും മാറ്റംചെയ്യുന്ന ജനങ്ങൾക്ക വഹിക്കാൻ സാധ്യതിയില്ലാത്തനിലയിലാക്കിത്തീർത്തിട്ടുണ്ട്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): പുതിയരോഡുകാര വേണ്ടെന്ന പ്രഖ്യാപനയിൽ കൊണ്ടുവന്നിട്ടുള്ള നിവേദനങ്ങളിൽ പ്രസ്തുമിച്ചസങ്കടങ്ങളുടെ പരിഹാരമായിട്ടില്ലയോ ഈ രോഡുണ്ടാക്കുന്നതെന്ന കമ്പനി പറയുമോ?

മി. തയ്യിൽ കുഞ്ഞിക്കണ്ണമ്മേൻ (മൂവാറ്റുപുഴയും തൊടുപുഴയും): മലയാളത്തിൽചോദിച്ചാൽ ഉത്തരം തരാം. എന്നാൽ ഇങ്ങനെയ ഞങ്ങളുടെ പിടിവി വളഞ്ഞ ഇങ്ങിനികതിഭരവും ചുമന്നകൊണ്ടിരിക്കയ്യെ ഞങ്ങളുടെ സഹരിക്കപ്പെടുന്ന ഈ നികതിയെ ജനക്ഷേമത്തിനായി വേണ്ടിടത്തോളം ഉപയോഗിക്കാതെ അത്യാവശ്യം കാണുന്നതോ അല്ലെങ്കൽ അഡംബരത്തിനുമാത്രം ഉതകുന്നതോണ്ടയ ചിലവുകൾക്കായി ധാരാളംപണകാര ബഡ്ജറ്റിൽ കയ്ത്തിരിക്കുന്ന ഏതെങ്കിലും ഒരു രോഡോ, പാലമോ രീത്താൽ ആരക്കെങ്കിലും അതുകൊണ്ടു ഉപയോഗമുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

മി. എ. സി. കുഞ്ഞുക്കോസ് (മീനച്ചിലും മേവികളവും). ഈ ഇക ആഡംബരങ്ങൾക്കായിട്ടമാത്രം വച്ചിരിയ്ക്കുന്നതെവനാണോ മെമ്പറുടെ അഭിപ്രായം?

മി. തയ്യിൽകുഞ്ഞിക്കണ്ണമ്മേൻ (മൂവാറ്റുപുഴയും തൊടുപുഴയും): അത്യാവശ്യങ്ങളേക്കാൾ ആവശ്യങ്ങൾക്കും ആഡംബരങ്ങൾക്കും പ്രധാന്യം നൽകുന്നതെന്നാണെന്റെ അഭിപ്രായം, അത്യാവശ്യമുള്ള ഇനമല്ല.

കോട്ടാർക്കര, പത്തനാപുരം, കോട്ടയം, തൊടുപുഴ, മൂവാറ്റുപുഴ, കുന്നത്തുനാട്ട മുതലായ ഉൾഭാഗത്തെ താലൂക്കുകളിലേക്ക പുതിയരോഡുകൾക്കായി ബഡ്ജറ്റിൽ ചേർത്തിട്ടുള്ളതുകകൾ എത്രയോ നിസ്സാരങ്ങളായുണ്ട്. ഇങ്ങനെ നിസ്സാരമുകകൾചേർക്കുന്നതുകൊണ്ടും ചിലവുചെയ്യുകയും വേണ്ടെന്നുള്ളതിനെപ്പറ്റി പറയാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

മി. എ. സി. കുഞ്ഞുക്കോസ് (മൂവാറ്റുപുഴയും മേവികളവും): ഒരു ചോദ്യംകൂടി ചോദിച്ചുകൊള്ളട്ടെ?

മി. തയ്യിൽകുഞ്ഞിക്കണ്ണമ്മേൻ (മൂവാറ്റുപുഴയും തൊടുപുഴയും): എന്റെ ഉപക്ഷേപത്തെ ഇവിടെ വ്യക്തമായി വിവരിച്ചുതീർന്നശേഷം കടയിൽപ്രചരിപ്പിക്കയാണെങ്കിൽ അവശ്യപ്പെടുന്നിടം ഉത്തരം പറയാം, എന്നിപ്പോൾ സംസാരിപ്പാൻ പരിമിതമായ സമയമേ അനുവദിച്ചിട്ടുള്ളു.

ഞാൻ പ്രാതിനിധ്യംവഹിക്കുന്ന മൂവാറ്റുപുഴ, തൊടുപുഴ ഈ താലൂക്കുകളുടെ സ്ഥിതിയെപ്പറ്റിയും അവിടുത്തെ ജനങ്ങൾ ഇവിടെ നിവസിക്കുന്നുണ്ട്. കഴിഞ്ഞ മുന്നു വർഷങ്ങളായി എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ചിലരോഡുകൾ ഇടങ്ങുവൻ മാത്രം ബഡ്ജറ്റിൽ കരപണം ചേർത്തിരുന്നു. എന്നാൽ വേണ്ടവണ്ണം ഞാതെ ആ പണം മിച്ചമുള്ള സ്റ്റാവുകയാണുണ്ടായത്. വാഴക്കുളംപെഴിത്തലരോഡിനു ഫാ കാ-ലും ഫാ വെ-ലും ഫാ നെ-ലും ബഡ്ജറ്റിൽ പണമനുവദിച്ചിരുന്നു. എന്നാൽ അതിലൊരു കപെപോലും ചിലവായിട്ടില്ല ഈരിക്കാരോഡുപോലും വെട്ടിയിട്ടുമില്ല. വാരപ്പട്ടിയിൽനിന്നും പോത്താനിക്കുട്ടവഴി കൊടുവക്കാട്ടേക്കുള്ള രോഡിനും ഫാ വെ-ലും ഫാ നെ-ലും ഓരോ കൈയിയുകയും അനുവദിച്ചിരുന്നു. അതിലും വേലകളൊന്നും കയ്യിട്ടില്ല. കഴിക്കണ്ടത്തിൽനിന്നും പി. കെ. രോഡിലേയ്ക്കുള്ള രോഡു വെട്ടുപൻ ഫാ കാ-ലും ഫാ നെ-ലും പണമനുവദിച്ചിരുന്നു. അതിലും ഒരു കപെപോലും ചിലവാക്കിട്ടില്ല. ഇങ്ങനെ പല ഉദാഹരണങ്ങളും പറയാം.

കൊടുപുഴയും മൂവാറ്റുപുഴയും ചീഫ്എൻജിനീയർ സക്കീട്ടവന്നിരുന്നപ്പോൾ അഞ്ചുദിവസം ഞങ്ങളോഹത്തിനോടുകൂടെ സഞ്ചരിച്ച് ജനങ്ങൾ നടക്കുന്നവഴികളും ഗതാഗതവിഷയത്തിൽ അവർക്കുള്ള ബുദ്ധിമുട്ടുകളും മനസ്സിലാക്കിക്കൊടുത്തു. പ്രസ്തുതവഴികളിലെ ചിലതു വണ്ടിരോഡാക്കിവെടുന്നതിനു ബഡ്ജറ്റിൽ പണം ചേർക്കാമെന്നുള്ളതും വാക്കുതന്നിരുന്നു. എന്നാൽ ഒരു റോഡിനപോലും ഇയാണ്ടു പുതിയതായി പണം ചേർത്തിട്ടില്ല. രണ്ടുരോഡിനായി അയ്യായിരംരൂപാ ചേർത്തിട്ടുള്ളതു കഴിഞ്ഞകല്ലുത്തിലും അതനുമുമ്പ വർത്തകാല്ലുത്തിലുംചേർത്തു മുടക്കായിപോയ തുകതന്നെയാണ്. ഇതുപോലെയതന്നെ മീനച്ചൽ, കുന്നത്തുനാട്ട മുതലായ അയൽതാലൂക്കുകളെ സംബന്ധിച്ചും ബഡ്ജറ്റിൻസ്ഥിതി.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): മിസ്റ്റർ കുഞ്ഞിക്കണ്ണമ്മേൻ പ്രസ്താവിച്ച പ്രവൃത്തികളും,

മി. തയ്യിൽകുഞ്ഞിക്കണ്ണമ്മേൽ (മൂവാറ്റുപുഴയും തൊടുപുഴയും): മലയാളത്തിൽചോദിച്ചാൽമാത്രമെ എനിക്കുനിന്നും ഉത്തരം കിട്ടുകയുള്ളൂ?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): സർ, എനിക്ക മലയാളത്തിൽചോദിക്കാമോ? എനിക്ക അദ്ദേഹത്തിന്റെപക്കൽനിന്നും ചില വിവരങ്ങൾ വേണ്ടതാണുണ്ട്.

മി. തയ്യിൽകുഞ്ഞിക്കണ്ണമ്മേൻ (മൂവാറ്റുപുഴയും തൊടുപുഴയും): മലയാളത്തിൽചോദിച്ചാൽ മാത്രമെ ഉത്തരം പറയുള്ളു എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കെ): ഈ റോഡുണ്ടാക്കുന്നതു അത്യാവശ്യമാണെന്നു മിസ്റ്റർ കുഞ്ഞിരാമൻ വിചാരിക്കുന്നുണ്ടോ?

പ്രസിഡന്റ്: മിസ്റ്റർ കുഞ്ഞിരാമൻ നിങ്ങളും അങ്ങനെയുള്ളവരിൽ സ്വീകരിച്ചാൽ മലയാളം മനസ്സിലാകാത്ത ചീഫ് എൻജിനീയരിന്റെ സ്ഥിതി എന്താണ്? നിങ്ങളും ഇംഗ്ലീഷിൽ സംസാരിക്കുകയാണെങ്കിൽ നിങ്ങൾക്കു വേഗത്തിൽ വേണ്ടതെല്ലാം മറുപടിയായി പറയുവാൻ കഴിയുമെന്നു അദ്ദേഹം പറയുന്നു. ഇപ്പോൾ നേരെമറിച്ചാണ് നിങ്ങളും മലയാളത്തിൽ സംസാരിക്കുന്നത്. അതുശരിയാണോ?

മി. കുഞ്ഞിരാമൻ മലയാളത്തിൽതന്നെ ചോദ്യം ചോദിക്കണമെന്നു പറയുന്നതു ന്യായമായിരിക്കുമോ?

മി. തയ്യുള്ളകുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): എനിക്കു ഇംഗ്ലീഷ് നിയമത്തിലില്ലാത്തതുകൊണ്ടു പറയുകയാണ്. എനിക്കു മലയാളമേ ശരിയായി അറിയാവൂ.

പ്രസിഡന്റ്: അതുപോലെതന്നെ ചീഫ് എഞ്ചിനീയരോടും മലയാളത്തിൽതന്നെ ചോദിക്കണമെന്നും അവശ്യപ്പെട്ടാൽ ന്യായമായിരിക്കുമോ?

മി. തയ്യുള്ളകുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): അതിനു ഇപ്പോൾ ഞാനെന്തുചെയ്യട്ടെ

പ്രസിഡന്റ്: ചീഫ് എഞ്ചിനീയർക്കു മലയാളം മനസ്സിലാകയില്ല.

മി. തയ്യുള്ളകുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): എനിക്കു ഇംഗ്ലീഷ് മനസ്സിലാകുകയില്ല. ചീഫ് എഞ്ചിനീയരെ മലയാളത്തിൽ പറയുന്നതു പ്രസിഡന്റു അവർകൾ മനസ്സിലാക്കികൊടുക്കുന്നതുപോലെതന്നെ എനിക്കും അദ്ദേഹം ഇംഗ്ലീഷിൽ പറയുന്നതു മനസ്സിലാക്കിത്തരണം.

പ്രസിഡന്റ്: ഡാക്ടർ കുഞ്ഞൻപിള്ളയാണ്, ചീഫ് എഞ്ചിനീയർക്കു മലയാളത്തിൽ പറയുന്നതിന്റെ തർജ്ജിമചെയ്തു കൊടുക്കുന്നതു.

മി. തയ്യുള്ളകുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): അദ്ദേഹത്തെ ഇംഗ്ലീഷിൽ പറയുന്നതിനു മുമ്പു മലയാളത്തിൽ എന്തെന്നു മനസ്സിലാക്കുന്നതിനു വല്ല മിഷ്ടപ്പാടുണ്ടാകുമോ?

ധാരാളം നികുതിപിരിയുന്നതും ജനങ്ങൾ തിങ്ങിക്കൂടിപാർക്കുന്നതുമായ സ്ഥലങ്ങളിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കേണ്ടതു അത്യാവശ്യമായിരിക്കെ അവയെ ഉപേക്ഷിച്ചു് ജനവാസംകുറഞ്ഞ പ്രദേശങ്ങളിൽ ഇങ്ങനെ ധാരാളമായി പണം ചിലവാക്കുന്നതു ഒട്ടും ശരിയല്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കെ): സർ, ൻടപടി സംക്ഷിച്ചു് ഒന്നു പറഞ്ഞുകൊള്ളുന്നു. മിസ്റ്റർ ഇപ്പൻനമ്പൂതിരിയുടെകാര്യത്തിൽ അനുവദിച്ചതുപോലെ മിസ്റ്റർ കുഞ്ഞിരാമനും ഒരു ദ്വിഭാഷിയെ അനുവദിക്കുന്നതിനു വിരോധമുണ്ടോ?

മി. കുട്ടിമാളം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): മിസ്റ്റർ കുഞ്ഞിരാമനു വേറൊരു മെമ്പർ സഹായിക്കയായിരിക്കും ഉത്തമം. മിസ്റ്റർ ഇപ്പൻനമ്പൂതിരിയുടെകാര്യത്തിൽ ഒരു ദ്വിഭാഷി ഉണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഇരിപ്പിടം ഒരു മൂലയ്ക്കായിരുന്നു, മിസ്റ്റർ കുഞ്ഞിരാമനു ഒരു ദ്വിഭാഷിയെ സഭയുടെ മദ്ധ്യത്തിൽ ഇരുത്തുന്നതു സഭയുടെ മാഹാത്മ്യത്തിനു ചേരുന്നതല്ല. മിസ്റ്റർ കുഞ്ഞിരാമൻ ഒരു മൂലയ്ക്കു തൽസ്ഥാനം ആക്കിയാൽ അതുപോലെയുള്ള ദ്വിഭാഷിയായി വയ്ക്കുന്നതിനു വിരോധമുണ്ടാകയില്ല.

പ്രസിഡന്റ്: അങ്ങനെ ഏർപ്പാടുചെയ്യാം. മിസ്റ്റർ ചാക്കോ മെയപ്രചയ്യു തൽക്കാലത്തേക്കു അദ്ദേഹത്തിന്റെ ദ്വിഭാഷി ആയിരിക്കും.

മി. കെ. പി. രാമസ്വാമിയ്യർ (ആക്ടിംഗ് ഗവർണ്മെന്റ് പ്ലീഡ്സക്കട്ടർ): മലയാളം അറിയുന്ന മെമ്പർമാരെ ഇംഗ്ലീഷ് അറിയാവുന്ന മെമ്പർമാരുടെ ഇടയ്ക്കു ഇരുത്തണം.

പ്രസിഡന്റ്: അതേ.

മി. തയ്യുള്ള കുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): കഴിഞ്ഞ വർഷങ്ങളിൽ അത്യാവശ്യമുള്ള റോഡുകൾക്കു അല്പാല്പമായ തുകകൾ മാത്രം തോല്ക്കിലും അനുവദിച്ചിരുന്നു. അവ ചിലവുചെയ്തു വേണ്ടുകാര്യം നിർവഹിക്കുവാൻ പ്രയാസമുണ്ടായിരുന്ന സ്ഥിതിയിലുള്ള ആവശ്യംകൊണ്ടുള്ള റോഡുകൾക്കിങ്ങനെ വലിയ തുകകൾ അനുവദിക്കാൻ പാടില്ലെന്നാണ് ഞാൻ പറയുന്നതു.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും- തെക്കെ): ഈ റോഡിന്റെ പണിനടക്കുന്ന എന്നും കഴിഞ്ഞ വർഷം ൩,൦൦൦ രൂപ കവിയുവാക്കിയെന്നും മിസ്റ്റർ കുഞ്ഞിരാമനു അറിയുമോ?

മി. തയ്യുള്ള കുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): ഞാൻ കാരണത്തോടുകൂടി കാര്യം പറകയാണ്.

മി. കുട്ടിമാളം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സക്കാർ വക്കീൽ): വേറൊരു വിരോധവും ഉണ്ട്. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം ഒരു നിശ്ചിതസംഖ്യ കൊടുക്കണമെന്നാണ്. അങ്ങനെയുള്ള ഉപദേശപ്രകാരത്തോടു സംഗതിയിൽ റോഡു ആവശ്യമില്ലെന്നു പറവാനോ അദ്ദേഹത്തിനു അവകാശമുള്ളു, എന്നാൽ മെമ്പർ പറയുന്നതു ഈ റോഡിനു അനുവദിച്ച സംഖ്യ ആ ആവശ്യത്തിനു ഉപയോഗിച്ചിട്ടില്ലെന്നാണ് അതിനു വളരെവിശദമായതോടു കൂടിയ ഒരു സമ്പ്രദായമുള്ളതു, ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റി വാദിപ്പാൻ അവകാശമുള്ളതു പോരിനൊരു സംഖ്യ കുറയ്ക്കണമെന്നുള്ള ഉപദേശപ്രകാരത്തിനേ സംഗതിയിലാണ്.

മി. തയ്യുള്ള കുഞ്ഞിരാമൻ (മുഖാരപ്പുഴയും തൊട്ടപ്പുഴയും): ഞാൻ പാളിസിയെപ്പറ്റി മാത്രമല്ല പറയുന്നതു. ആവശ്യമുള്ളതും അത്യാവശ്യമുള്ളതും രണ്ടുകൂട്ടരിൽ നിർവഹിക്കാൻ ഈ ഡിപ്പാർട്ടുമെന്റിനു സാധിക്കുന്നില്ല. പലപ്പോഴും അത്യാവശ്യമുള്ള വേലകൾ കുടിശ്ശികകിടക്കയും ആവശ്യം ഇല്ലാത്തതോ അത്രയധികം ആവശ്യം കുറഞ്ഞതായ വേലകൾ നിർവഹിക്കപ്പെടുകയുമാണുണ്ടായിട്ടുള്ളതു. ആ സ്ഥിതിക്കു അത്യാവശ്യമില്ലാത്ത ജോലികൾ നീക്കിവയ്ക്കുതന്നെ വേണം. അത്യാവശ്യമായ വേലകൾ ചെയ്യുന്നിടത്തോളം ജനാധിവാസം അധികമില്ലാത്ത പ്രദേശങ്ങളിലുള്ള വേലകൾ ചെയ്യുന്നതിൽ ഒരു വിരോധവുമില്ല. അതുകൊണ്ടു ഈ ജില്ലാബോർഡുകൾ കൂടുതലായി ചെയ്യുന്നതു ഇങ്ങനെ ഇങ്ങനെ വെട്ടിക്കുറയ്ക്കുവാൻ മാത്രമേ മറുപടിയുള്ള അത്യാവശ്യമായ വേല

കരം നടപ്പാക്കുന്നതിൽ ഡിപ്പാർട്ടുമെന്റിനെ ശ്രദ്ധയും ശ്രേഷ്ഠതയിലും ഉണ്ടാകേണമെന്നുള്ള. പുതിയ റോഡുകൾക്കായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള അമ്പുപക്ഷത്തോളം രൂപയിൽ അധികമായും ജനസംഖ്യ കുറഞ്ഞ ദേവികുളം ഡിവിഷനിലെ റോഡുകൾക്കാണ് ചേർത്തിരിക്കുന്നതെന്നും അവയിൽ ഒന്നിന്റെ ഇക കുറയ്ക്കണമെന്നാണ് ഈ ഉപക്ഷേപംകൊണ്ടു ഞാൻ നിർദ്ദേശിക്കുന്നതെന്നും അനഭിജ്ഞരായ സഭാംഗങ്ങളെ എന്റെ മാന്യസ്നേഹിതന്മാർ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. നാട്ടിലെ സാമാന്യജനങ്ങളുടെ അഭിപ്രായങ്ങളെക്കാൾ ദേവികുളത്തെ യൂറോപ്യൻതോട്ടക്കാരുടെ ആവശ്യങ്ങൾക്കു പ്രാധാന്യം കൊടുക്കുവാൻ പാടുള്ളതല്ലല്ലൊ.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വടക്കൻതിരുവിതാംകൂറിലെങ്കിലുണ്ടായിട്ടുള്ള ഇക്കൊല്ലത്തെ വെള്ളപ്പൊക്കത്തിൽ പാലങ്ങൾ തകർന്നുപോയതുകൊണ്ടാണോ ഈ വലിയ ഇക കുറയ്ക്കണമെന്നാവശ്യപ്പെടുന്നത്?

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): ജനാധിവാസം കുടിയേറ്റമുള്ള ഉദ്യോഗസ്ഥലത്തെ ആവശ്യത്തിനു അനുവദിച്ചിട്ടുള്ള ഇക പാലങ്ങൾക്കുവേണ്ടി ഈ വേലക്കൂലി ശരിയായി നിർവഹിക്കുന്നതുവരെ ജനാധിവാസം കുറഞ്ഞ പ്രദേശങ്ങളിലെ വേലക്കൂലി നിറുത്തിവയ്ക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വടക്കൻതിരുവിതാംകൂറിലെ നദീതീരത്തിനടുത്തുള്ള പാടങ്ങൾ നശിക്കേണ്ടുന്നതിനാണോ നിങ്ങളുടെ അഭിപ്രായം?

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): അല്ല; വടക്കൻതിരുവിതാംകൂറിലെ ജനനിബിഡമായ പ്രദേശങ്ങളെ പ്രഥമമായി തിരിച്ചു പ്രവർത്തിക്കണമെന്നാണ് ഞാൻ പറയുന്നതെന്നു തെറ്റിദ്ധരിയ്ക്കരുതു.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എനിക്കൊന്നും അറിഞ്ഞുകൂടാ. ഈ സഭാമര്യാദകളെ കുടി ഓർമ്മിക്കണം.

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): നിങ്ങൾക്കറിയാമെന്നു ഞാൻ പറയുന്നതിനെന്താണു ഈ കൌൺസിലിനും സ്പഷ്ടമായി അറിയാമെന്നാണ് ഗ്രഹിക്കേണ്ടതു.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഇങ്ങിനെ ഒന്നൊന്നായി ഇക പാസ്സായിട്ടുള്ളതിനെ പരിഹരിക്കുന്നതിന് ദേവികുളത്തേക്കനുവദിച്ചിട്ടുള്ള ഇക കുറയ്ക്കുന്നതുകൊണ്ടു സാധിക്കുമോ?

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): ഒന്നൊന്നല്ല പലതും പാസ്സായിട്ടുണ്ട്. എല്ലായ്പോഴുമുള്ളതുപോലെ നടത്താൻ സാധിക്കാത്തതുകൊണ്ടാണ് പാസ്സാകുന്നതു. അപ്രധാനമായവ നിശ്ചയിച്ചാലേ അതിനു പരിഹാരമുണ്ടാവൂ.

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, ശ്രീ. കുഞ്ഞിരാമൻനായരുടെ ഉപക്ഷേപത്തെ ഞാൻ പ്രതിക്ഷേധിക്കുന്നു. ഉത്തരതിരുവിതാംകൂറിലെ യഥാർത്ഥസ്ഥിതി വർദ്ധിപ്പിക്കുന്നതിൽ കുടുതലായി പ്രവർത്തിക്കണമെന്നുള്ള അപേക്ഷക്കുമാണ് ഉത്തരതിരുവിതാംകൂറിൽനിന്നു ഇവിടെ വന്നിട്ടുള്ള സാമാജികന്മാർ. ഈ പ്രദേശങ്ങളിലെ യഥാർത്ഥ സ്ഥിതിക്കുറവു കണക്കാക്കുമ്പോൾ മറ്റെതിനെക്കാളും അധികമാണ്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ദേവികുളത്തിൽ യഥാർത്ഥമായുള്ള പ്രതിവർഷം അനുവദിക്കുന്ന ആകെസംഖ്യയിൽ എത്രശതമാനം മജിസ്ട്രിതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ചെലവുചെയ്യുന്നുണ്ടെന്നു മെമ്പർ പറയുമോ?

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഞാൻ അങ്ങിനെ കണക്കാക്കീട്ടില്ല. എന്നാൽ ഉത്തരതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഉള്ള അസൌകര്യങ്ങളും എത്രയെന്നു തിട്ടമില്ലെങ്കിൽ ദേവികുളം ഉൾപ്പെട്ട പ്രദേശങ്ങളും ജനാധിവാസം തീരെ കുറഞ്ഞതാണെന്നതിനെയിതുവരെ ആ പ്രദേശങ്ങളിൽ അധിവസിക്കുന്ന ആളുകളും യഥാർത്ഥസൌകര്യം ഇല്ലായ്മയാൽ വളരെ സങ്കടം അനുഭവിച്ചുവരുന്നവരാണ്. രാജ്യത്തിന്റെ പൊതുതാത്പര്യമായും യഥാർത്ഥസൌകര്യം വർദ്ധിപ്പിക്കുന്നതു ഗുണകരമായിട്ടേ ഇരിക്കയുള്ളു. ചില പ്രദേശങ്ങളിൽ ഈവക സൌകര്യങ്ങൾ കാരണം പണം ചെലവിട്ടു മറ്റുചില പ്രദേശങ്ങളിൽ ഉണ്ടാക്കിത്തീർക്കുന്ന സൌകര്യങ്ങളെ ബാധിക്കുന്നതു ഒരിക്കലും ശരിയായിരിക്കയില്ല. മീനച്ചിൽനിന്നു ദേവികുളത്തേക്കു പോകണമെങ്കിൽ മോട്ടോറിലായാലും തീവണ്ടിയിൽകൂടി യാത്രചെയ്യുന്നതിനെ ഇപ്പോഴും സാധിക്കുന്നുള്ളു.

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): ദേവികുളത്തേക്കു പോകുന്ന റോഡിനു അനുവദിച്ചിട്ടുള്ളതുക കുറയ്ക്കണമെന്നു അല്ല പറഞ്ഞതെന്നു മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): കുറയ്ക്കണമെന്നു പറഞ്ഞതുക ദേവികുളം താലൂക്കിനെ സംബന്ധിച്ചാണ്.

ശ്രീ. തയ്യിൽ കുഞ്ഞിരാമൻനായർ (ഏറനാടും വള്ളുവനാടും): ദേവികുളത്തേക്കു പോകുന്ന റോഡ് പള്ളിവാശൽ-നേര്യമംഗലം റോഡാണെന്നറിയാമോ?

ശ്രീ. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ദേവികുളത്തെ സംബന്ധിച്ചടത്തോളം പ്രസ്തുത റോഡിലൂടെങ്കിൽ യഥാർത്ഥത്തിനു വളരെ വിഷമം ഉണ്ട്.

പള്ളിവാശൽ-നേര്യമംഗലം റോഡു തീർന്നാൽ ഇക്കാര്യത്തിൽ കുറേ ആശ്വാസം ജനിച്ചേക്കാം. ഈ റോഡു ഏറ്റവും പുതുക്കിനോട് സംബന്ധിച്ചതുപോലെയാണ്, അതുകൊണ്ടായിരിക്കാം ഈ റോഡിന്റെ ചില വിഭാഗങ്ങൾ തീരെ വിലകുറഞ്ഞ വിധത്തിലായിട്ടുള്ളതുപോലെ കാണുന്നതു. ഈ റോഡിനെപ്പറ്റി ശ്രീ. കുഞ്ഞിരാമൻനായർ ഇടിക്കുന്നുണ്ട്. ഈ റോഡുവകയ്ക്കു [illegible] രണ്ടിടങ്ങളിലായി നാലുലക്ഷം രൂപാ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു. ഇതിൽനിന്നു തന്നെ ഒന്നരലക്ഷം രൂപാ ചെലവിടുകയുണ്ടായി ആ പണി തടസ്സപ്പെടുത്തുകയുണ്ടായി. എന്നാൽ ഇതിനെ വിസ്തരിച്ചു ദേവികുളം-പെരിക്കനാൽ റോഡിനുള്ള ഇക ചെലവിടുകയുണ്ടെന്നു പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. കൌൺസിലിന്റെ ആലോചനയ്ക്കു കേവലം വിഷയമില

പിച്ചിക്കാതെയല്ല ഈ റോഡിൻറെവക്കു ക ാ ന-ലേക്കു നു,൦൦൦ രൂപാ അനുവദിച്ചിട്ടുള്ളത്. ക ാ ൦൧ അവസാനത്തിൽ ഈ റോഡിനു കുറച്ചുകൂടി രൂപാ ചിലവുവന്നതായിട്ടും കാണുന്നുണ്ട്. ഈ നിലകളിൽ പ്രസ്തുത റോഡിൻറെ വേല തൃപ്തികരമായി നടത്തുകൊണ്ടിരിക്കുന്നു എന്നു കാണാം. ഇപ്പോൾ ഈ തുക കൂടിക്കൊടുക്കുന്നതുകൊണ്ടും ഉത്തരതിരുവിതാംകൂറിൽ പലയിടങ്ങളിലും വേലകൾ നടത്തുവാൻ അനുവദിക്കാവുള്ള സംഖ്യ ലഭ്യമായിപോകുന്നതിനു ഒരു പരിഹാരമാകുകയില്ല. വിചാരിക്കുന്നപക്ഷം അതിനെക്കാൾ അധികം ദ്രവ്യം ചെലവാകുന്നതുമില്ല. മേഘികളും ഉൾപ്പെട്ട നിയോജകമണ്ഡലത്തിലെ പ്രതിനിധി എന്ന നിലയിൽ ഈ സംരംഭത്തെ പ്രതിപാദിക്കുന്നതിനു എനിക്കു പ്രത്യേക ചുമതലയുണ്ട്. ഏതൊരാളുടെയും അനാസ്ഥമൂലമായി നടന്നുകൊണ്ടിരുന്നപോലെയുള്ളതും യാതൊരു ധനവ്യയം ചെയ്യുകയിഞ്ഞതുമായ ഒരു വേലയെ പെട്ടെന്നു തടഞ്ഞു നശിപ്പിച്ചുകളയുവാൻ സന്നദ്ധനാകുകയില്ല എനിക്കു വിചാരമില്ല.

മി. പി. എസ്. മഹമ്മദ് (ഗവർണ്മെൻറ് നിയമനം): ഈ റോഡ് ആവശ്യമാണോ?

മി. എ. സി. കുട്ടിക്കോസ് (മീനച്ചിലും മേലിടങ്ങളും): അത്യാവശ്യമാണ്. ഇപ്പോൾ മിക്കപ്പോഴും വേല നിന്നിരിക്കയാണ്. അതിലേയ്ക്കു ഉദ്ദേശിച്ച തുകയിൽ നു,൦൦൦ രൂപയണ് ഇപ്പോൾ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നു.

മി. തയ്യൂ കുഞ്ഞിരാമൻനായർ (ചിറക്കൽ തഹസീൽദാർ): മേലിടങ്ങൾ, പീലിമേട് എന്നീ രണ്ടു താലൂക്കുകളിൽ ആയിട്ടു എത്രയക്ഷം രൂപ ചിലവുചെയ്തിട്ടുണ്ടെന്നറിയാമോ?

മി. എ. സി. കുട്ടിക്കോസ് (മീനച്ചിലും മേലിടങ്ങളും): ഞാൻ ബഡ്ജറ്റു അത്ര നല്ലവണ്ണം പഠിച്ചു കഴിഞ്ഞിട്ടില്ല

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും-തെക്കു): നടന്നവഴിയെ ജോലി പൂർത്തിയാക്കുന്നതിനു ഈ നു,൦൦൦ രൂപ ആവശ്യമാണെന്നാണോ മെമ്പരിൽനിന്നു ഞാൻ മനസ്സിലാക്കേണ്ടതു?

മി. എ. സി കുട്ടിക്കോസ് (മീനച്ചിലും മേലിടങ്ങളും): എനിക്കും നിങ്ങളുടെ ലിസ്റ്റായ ഈ ചോദ്യം മനസ്സിലാക്കത്തക്കവണ്ണമുള്ള ഇംഗ്ലീഷ് പരിജ്ഞാനമില്ല.

ഉത്തരതിരുവിതാംകൂറിലേക്കു അനുവദിക്കാവുള്ള തുക ചാപ്പ്സായി പോകുന്നതിനെപ്പറ്റി പ്രത്യേകം ശ്രദ്ധിക്കേണമെന്നുള്ള ഗവർമെൻറിൻറെ ആജ്ഞയനുസരിച്ചുകൊണ്ടു ഈ ഉപക്ഷേപത്തിനു ആനുകൂല്യമായിട്ടുള്ള അഭിപ്രായങ്ങൾ നാലോ അഞ്ചോ രൂപ കുറച്ചുണ്ടെന്നുള്ള ഒരു ഉപക്ഷേപം കേൾക്കുന്നതും അത്ര സാധിക്കാമായിരുന്നു. അങ്ങനെയായിരുന്നു എങ്കിൽ മിസ്റ്റർ കുഞ്ഞിരാമമേനോൻ ഉപക്ഷേപത്തെ ഞാൻ സസന്തോഷം അനുകൂലിക്കുമായിരുന്നു, നേരെമറിച്ചു ഈ വകയിൽ തുക കൂട്ടിക്കൊടുക്കണമെന്നു നിർബന്ധം കാണുന്നതിൽ എനിക്കു വളരെ ആശ്ചര്യവും വ്യസനവും ഉണ്ട്. ഇതുമാതിരി സ്ഥിതിക്കേടിനെ അനുകൂലിക്കുവാനല്ല, മേലിടങ്ങളും നിവാസികൾക്കു ഈ റോഡ് അത്യാവശ്യമാണ്. ഇതിൻറെ ശരിയായ നിർവഹണത്തിനും പരിരക്ഷണത്തിനും പ്രതിബന്ധമുണ്ടാകുന്നതു അവിടത്തെ ജനങ്ങൾക്കു വളരെ സങ്കടകരമായിരിക്കും. അതിനാൽ ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി എ. ജി. മേനോൻ (പറവൂർ): ഞാൻ മിസ്റ്റർ കുഞ്ഞിരാമമേനോൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. ഈ ആവശ്യത്തിലേക്കു ക,൭,൦൦൦ രൂപ ഗവർണ്മെൻറ് അനുവദിച്ചിട്ടുള്ളതായി ബഡ്ജറ്റു നോക്കിയതിൽ കാണുന്നു. അല്പത്തെ എസ്റ്റിമേറനുസരിച്ചു ക,൫൦,൦൦൦ രൂപ ഡിപ്പാർട്ടുമെൻറ് ചെലവാക്കിയതായിട്ടും കാണുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും-തെക്കു): ക,൦൭,൦൦൦ രൂപയാണോ ഗവർണ്മെൻറ് അനുവദിച്ചിട്ടുള്ളത്?

മി. എ. ജി. മേനോൻ (പറവൂർ): അതാണു തലവാചകം. ഡിപ്പാർട്ടുമെൻറ് ക,൦൫,൦൦൦ രൂപ ചെലവാക്കീട്ടുണ്ട്. ഈയവസരത്തേക്കു നു,൦൦൦ രൂപ ബഡ്ജറ്റുചെയ്തിട്ടുമുണ്ട്. ഈ തെറ്റിനെന്നു എനിക്കു തോന്നുന്നു. ഈ ഇനത്തിൽ വടക്കൻഡിവിഷന്നുവേണ്ടി ബഡ്ജറ്റുചെയ്തിട്ടുള്ള തുകയെ സംബന്ധിച്ചു അല്പം കൂടുതലാണ്. ഇതിൽ പള്ളിവാസൽ റോഡിനും വേറെ ഉള്ള റോഡിനുംകൂടിയാണ് ൪,൫൦,൦൦൦ രൂപ. ഇതിൻറെ അർത്ഥം വടക്കൻഡിവിഷൻറെ ഉൾപ്രദേശങ്ങളിലെ യാത്രാസൗകര്യത്തെ സംബന്ധിച്ചു ഒരു പക്ഷത്തിൽ അല്പം കൂടുതൽ രൂപമാത്രമേ വരുന്നയാണ്ടിൽ ചെലവാക്കേയുള്ളു എന്നാണ്. ഈ ഇടനാട്ടിൻറെ ഉന്നതപ്രദേശങ്ങളിൽ നിവസിക്കുന്ന ജനങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു ഉൾനാട്ടുജനങ്ങൾക്കു പ്രതികൂലമായി പ്രവർത്തിക്കുന്നതിൻറെ ഏകദിഷ്ടാന്തം അല്ല. രാജ്യത്തിൻറെ ഉന്നതപ്രദേശങ്ങളിൽ യാത്രാസൗകര്യം വർദ്ധിപ്പിയ്ക്കുന്നതിനുവേണ്ടി എനിക്കു സന്തോഷംതന്നെ. പ്രസ്തുത റോഡിൻറെ ഒരുഭാഗത്തു ഞാൻതന്നെ സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ ആ വടക്കൻഡിവിഷനിലെ താണപ്രദേശങ്ങളിൽ വെട്ടുവാൻ അനുവദിച്ചിട്ടുള്ള റോഡുകളെപ്പോലെ അത്യാവശ്യമുള്ളവയല്ലെന്നാണ് എൻറെ അഭിപ്രായം. പ്രസ്തുത റോഡ് കേവലം അത്യാവശ്യമുള്ളവയല്ലെന്നല്ല മറ്റേവയെപ്പോലെ അടിയന്തരമല്ല എന്നാണ് ഞാൻ പറയുന്നതു. ഈ ഉപക്ഷേപം ഗവർണ്മെൻറ് സ്വീകരിച്ചാൽ ഒരു നല്ല സംഖ്യ ചെലവാക്കുന്നതാണ്. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ഡ് റവന്യൂവും ആശ്രയനിക്ഷേപവും കമ്മിഷണർ): സർ, ഈ സംസ്ഥാനത്തെ ലാണ്ഡ് റവന്യൂകമ്മിഷണർ എന്നനിലയിൽ എനിക്കു ഈ റോഡിനെപ്പറ്റി ചിലതെല്ലാം പറവാനുണ്ട്. അതുകൊണ്ടു ഈ ഉപക്ഷേപത്തെപ്പറ്റി എനിക്കു സംസാരിക്കാമോ?

പ്രസിഡൻറ്: ഏതു ഉദ്യോഗസ്ഥനെയും സംസാരിക്കാൻ സ്വാതന്ത്ര്യം ഉണ്ട്.

മി. എസ് സി. എച്ച്., റോബിൻസൺ (ലാണ്ഡ് റവന്യൂവും ആശ്രയനിക്ഷേപവും കമ്മിഷണർ): ഈ റോഡിൻറെ ചരിത്രം സഭയോടു പറഞ്ഞുകേൾപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിസ്റ്റർ കുഞ്ഞിരാമയ്യർ ഇവിടെ ദിവാൻ ആയിരുന്നപ്പോൾ ഏലമലകളിലെ റോഡുകൾ ഇല്ലായിരുന്നു. ഏലമലപ്രദേശത്തെമുഴുവൻ കിഴക്കോട്ടു തള്ളുന്നതിനു അവിടേക്കു പ്രത്യേകനടപടികൾചെയ്യുള്ള ട്രിട്ടീഷ് ഇൻഡ്യയിലെ നിവാസികൾ പേരിപ്പിച്ചുവന്നു. കിഴക്കോട്ടുള്ള ആ മലകൾവഴി എത്തുന്ന റോഡുകൾ മേജർ ഗവണ്മെൻറ് വെട്ടിച്ചിട്ടുണ്ട്. എന്നാൽ തിരുവിതാംകൂർക്കു ഏലമലകളിൽ ചെന്നെത്താൻ മാർഗ്ഗമൊന്നുമില്ല. മൽകാലങ്ങളിൽ പീരുമേട്ടുറോഡ്, അതാ

ചെയ്യുകയുണ്ടായി. ഇപ്പോൾ ഉള്ള റോഡ്, ഇപ്പോഴത്തെപ്പോലെ വീതിയുള്ളതല്ലായിരുന്നു. ഇപ്പോഴത്തെപ്പോലെ ബസ്സുകളും അവിടെ ഓടിയിരുന്നില്ല. ഞാൻ കുറച്ചുകാലം പീരുമേട്ടിൽ പോകേണ്ടതായിരുന്നതുകൊണ്ട് കോട്ടയത്തുനിന്നു മുണ്ടക്കയത്തേക്കും മുണ്ടക്കയത്തുനിന്നും പീരുമേട്ടിലേക്കും കാളവണ്ടിയിൽ അനേകദിവസം യാത്രചെയ്യേണ്ടിവന്നു. ആ കാലത്തു ഏലമലയിൽ വിസ്തീർണ്ണമായ പ്രദേശങ്ങൾ ഉണ്ടെന്നും അവിടത്തെ മണ്ണ് വിശേഷമാണെന്നും അവിടത്തെ താഴ്വരകളിൽ ചെയ്തതരം കൃഷികൾ ചെയ്യാമെന്നും നെല്ലും മറ്റ് ധാന്യങ്ങളും മണ്ണൻകുന്നുകളിലും കൃഷിചെയ്യാൻ സാധിക്കുമെന്നും അറിവായി. എന്നാൽ തിരുവിതാംകൂർക്കാർക്ക് അവിടെ ചെന്നതുകൊണ്ട് മാത്രമുണ്ടായിരുന്നില്ല.

മി. എ. ജി. മേനോൻ (പീരുമേട്): മണ്ണൻകുന്നിലെ റോഡിന്റെ ഈ ഭാഗത്തല്ലയോ എന്നു പറയുന്നത്?

പ്രസിഡണ്ട്: അല്ലേഹം ഒരു ഉദാഹരണം പറഞ്ഞു എന്നേയുള്ളൂ.

മി. എസ്. സി. എച്ച്. റോബിൻസൺ (ഡപ്യൂട്ടി ദിവാനും ആക്ടിംഗ് കമ്മീഷണർ): തിരുവിതാംകൂർക്കാർക്ക് അവിടെ ചെന്നതുകൊണ്ട് മാത്രമല്ലെന്നും അതുകൊണ്ടു അവിടെ ഭൂമി പതിച്ചുവാങ്ങാൻ കഴിയില്ലെന്നും ഉള്ളതിനാൽ കൊണ്ടുവരപ്പെട്ടു. എന്നിട്ടു വനം കൺസർവേറ്ററും ഞാനും അന്നത്തെ ചീഫ് എൻജിനീയരും യോജിച്ചുകൂടി ആലോചിച്ച് ബ്രിട്ടീഷ് ഇൻഡ്യയിലെ ആളുകൾ സ്ഥലമെല്ലാം പതിച്ചുകൊണ്ടുപോകുന്നതിനുമുമ്പായി ഏലമലയിൽ ഭൂമി പതിച്ചുകൊടുക്കുന്നതു വിരോധിക്കണമെന്നും തിരുവിതാംകൂർക്കാർക്ക് അവിടെ ചെന്നുതുടങ്ങുന്നതിനു മലയുടെ ഈ ഭാഗത്തു ഗതാഗതസൗകര്യമുണ്ടാക്കണമെന്നും ഞങ്ങൾ നിശ്ചയിച്ചു. അന്നു ബസ്സുകൾ ഇല്ലായിരുന്നു. വഴിക്കു ഭക്ഷണം കിട്ടുകയില്ല. റോഡുകൾ പീടികയും ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ എല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഓരോരുത്തർ പീരുമേട്ടിൽ ചെന്നുതുടങ്ങുന്നതിനു എല്ലാ സൌകര്യങ്ങളും ഉണ്ടു. ഇപ്പോൾ ആലോചിക്കുന്നതു തിരുവിതാംകൂർകാർക്കു ഏലമലയിൽ ചെന്നുതുടങ്ങുന്നതിനു അധികം റോഡുകൾ ഉണ്ടാക്കണമെന്നാണു. മിസ്റ്റർ ബാസ്സ്യോയുടെ ആലോചന ഹൈറേഞ്ചിൽനിന്നു മുന്നോട്ടുകൂടി റോഡുകൾ കടത്തണമെന്നായിരുന്നു. ഇന്നു ദേവികുളത്തുനിന്നു ആയക്കാടുവഴി കോതമംഗലത്തേക്കുള്ള റോഡു. മറ്റൊന്നു കൊരിഞ്ചൻകുടിയാറിൽ കൂടി മീനച്ചിലിലേക്കു. മൂന്നാമത്തെയതു മുണ്ടക്കയത്തുകൂടി കോട്ടയത്തേക്കു. ഏലമലയിൽ തിരുവിതാംകൂർകാർക്കു ചെന്നതാൽ കഴിയുന്നതുവരെ അവിടെ ഭൂമിപതിച്ചുകൊടുക്കുന്നതു നിറുത്തിവക്കണമെന്നും തീർച്ചയാക്കി. ഈ കാലത്തിനുള്ളിൽ ചില തിരുവിതാംകൂർകാർ അവിടെ താമസമാക്കിട്ടുണ്ടു. കമ്പത്തു താമസിക്കുന്ന ഏലമല കുടിയാന്മാരും മറ്റു തോട്ടക്കാരും അവിടെ തേയിലകൃഷിക്കു സ്ഥലം ചോദിച്ചുകൊണ്ടിരുന്നു. ഈ അപേക്ഷകളൊക്കെ യിഷേധിക്കയാണു ചെയ്തതു. മറ്റുള്ളവർ തിരുവിതാംകൂറിൽ ഭൂമി സമ്പാദിക്കാൻ ശ്രമിക്കുമ്പോൾ തിരുവിതാംകൂർകാർക്കു ഭൂമിയില്ലെന്നു രാജ്യത്തിൽ പരാതിയാണുള്ളതു. അതുകൊണ്ടു ഈ റോഡു കെട്ടിക്കുന്നതിനു ഞാൻ ഗവണ്മെൻറിനെ നിർബന്ധിച്ചു. ഞാൻ വളരെ പ്രയാസപ്പെട്ടു മിസ്റ്റർ രംഗവയ്യരുടെ കാലത്തു ഈ റോഡിനെ കൊറി അടിപ്പിച്ചു. ദേവികുളം ഡിവിഷനിൽ റോഡുകൾ ഉണ്ടാക്കുന്നതിനുള്ള വലിയ പ്രതിബന്ധം അവിടെയുള്ള വലിയ പാറക്കുന്നുകൾ ആകുന്നു. അവയുടെ മുകളിൽ റോഡുകെട്ടുന്നതു വലിയ പ്രയാസമാണ്.

മി. തയ്യൂ കുഞ്ഞിത്തൊമ്മൻ (ദേവികുളം തൊട്ടുപുഴയും): അവിടെ തേയിലകൃഷിക്കു ഭൂമി പതിച്ചുകൊടുക്കുന്നുണ്ടോ

മി. എസ്. സി. എച്ച്. റോബിൻസൺ (ഡപ്യൂട്ടി ദിവാനും ആക്ടിംഗ് കമ്മീഷണർ): ഏലമലയിൽ ഇങ്ങനെ ഭൂമി പതിച്ചുകൊടുക്കുന്നതു നിരോധിച്ചിരിക്കുന്നതു തിരുവിതാംകൂർകാർക്കു വേണ്ടിയാണ്. ഈ റോഡുണ്ടാക്കിയശേഷം പതിച്ചുകൊടുക്കും, റോഡില്ലാതെ അവർക്കു അവിടെ ചെല്ലാൻ സാധിക്കയില്ല. ദേവികുളത്തുനിന്നുള്ള ഈ റോഡു ഒരു പാറക്കുന്നിന്റെ മുകളിൽ കൂടെയാണ്. ചെലവു വിചാരിച്ചിട്ടു അതു വെട്ടിക്കാൻ ഗവണ്മെൻറിനു മനസ്സുണ്ടായിരുന്നില്ല. എന്നാൽ അതുണ്ടാക്കിക്കണമെന്നു എനിക്കു വലിയ തല്പര്യമുണ്ടായിരുന്നു. അതുണ്ടാക്കുന്നതിനുള്ള പണം മുൻകൂറായി ചെലവു ചെയ്തിട്ടു ആ പണം ഗവണ്മെൻറിൽ നിന്നു തവണയായിട്ടു വാങ്ങിക്കൊള്ളാമോ എന്നു ഞാൻ കെ. ഡി. എച്ച്. പി. കമ്പനിയോടു ചോദിച്ചു. അവർ സമ്മതിച്ചു. ഉടനെ ടൂറും റോഡു വെട്ടിച്ചു. ഇതു ഗവണ്മെൻറിനെ പേരിൽ കൂടാതെ പണം മുൻകൂറായി കിട്ടിയതുപോലെയാണ്. റോഡിന്റെ ആദ്യമാരംഭം അതായതു ദേവികുളത്തുനിന്നു പെരിയ കനാൽ വരെ, കമ്പനിക്കാർ വെട്ടിച്ചു. ബാക്കിയുള്ളതു അധികം വെട്ടിത്താഴ്ത്താനോ പാറ പൊട്ടിക്കാനോ ഇല്ലാത്ത പ്രദേശങ്ങളിൽ കൂടെയാണ്. ഈ മലകളിൽ ഉണ്ടാക്കുന്ന ഉൽപന്നങ്ങളെല്ലാം മറ്റേ ഭാഗത്തുള്ള ബ്രിട്ടീഷ് ഇൻഡ്യയിലേക്കുണ്ടാക്കുന്നതു. അവിടെ റോഡുകൾ ഉണ്ടല്ലോ. സ്ഥലത്തിന്റെ കിടപ്പു വ്യക്തമായിട്ടറിഞ്ഞിരുന്നതിനു ഒരു വലിയ മാപ്പു ഇവിടെ ഇല്ലാത്തതുകൊണ്ടു ഞാൻ വ്യസനിക്കുന്നു. ഈ റോഡു പൂർത്തിയാകുമ്പോൾ തിരുവിതാംകൂർകാർക്കു അവിടെ എളുപ്പത്തിൽ ചെന്നെത്താൻ കഴിയും. ഈ റോഡു നിങ്ങൾ നിർദ്ദേശിക്കയാണെങ്കിൽ തിരുവിതാംകൂർകാർക്കു അവിടെ ഭൂമി പതിച്ചു വാങ്ങാൻ സാധിക്കയില്ല.

മി. എ. ജി. മേനോൻ (പീരുമേട്): ഈ റോഡിനു എത്രകിലോവു എന്നായിരിക്കുമെന്നു കമ്മിഷണർക്കു അറിയുമോ എസ്റ്റിമേറെടുപ്പുകാരുള്ള സംഖ്യ കെലവുചെയ്തു കഴിഞ്ഞു. കമ്പനിക്കാർ കൊള്ളിച്ചതു ൪,൭൦,൦൦൦ രൂപാ ആയിരുന്നു. ൪,൭൦,൦൦൦ രൂപാ ചെലവും ചെയ്തു.

മി. എസ്. സി. എച്ച്. റോബിൻസൺ (ഡപ്യൂട്ടി ദിവാനും ആക്ടിംഗ് കമ്മീഷണർ): ചെലവു നോക്കണമെന്നു പറഞ്ഞിട്ടില്ല. ആസ്ട്രേലിയായിലും മറ്റു രാജ്യങ്ങളിലും ചെയ്യുന്നതു തുല്യം ഗവണ്മെൻറു റോഡുണ്ടാക്കുകയും പിന്നീടു ഭൂമികരം ലേലം ചെയ്തുകയും ആകുന്നു. ഇവിടെ വിൽക്കാൻ ഭൂമികരം ഉണ്ടു, എന്നാൽ അവിടെ ചെന്നെത്താൻ റോഡുകരം ഇല്ല. കഴിയുന്ന വേഗത്തിൽ ഈ റോഡുണ്ടാക്കി തിരുവിതാംകൂർകാർക്കു അവിടെ ചെന്നെത്താൻ സൌകര്യമുണ്ടാക്കുന്നതു എല്ലാവിധത്തിലും ഗുണകരമായിരിക്കയില്ലയോ? ബ്രിട്ടീഷ് ഇൻഡ്യയിൽ പോകുവാൻ ആവശ്യപ്പെടുന്നവർക്കു ഈ റോഡു ആവശ്യമില്ല.

മി. എ. ജി മേനോൻ (പീരുമേട്): മലമ്പ്രദേശങ്ങളിൽ റോഡുകരം ഉണ്ടാക്കുന്നതിനല്ല ഞങ്ങളുടെ വിചാരം, അവിടെ എന്തു ചെലവു ചെയ്യാൻ ഞങ്ങൾക്കു മനസ്സുണ്ട്, അതു ലക്ഷത്തിൽ ചില്വാനം രൂപയിൽ

ത്രാവു രക്ഷത്തിനുമേൽ മലംപ്രദേശത്തു ചെലവു ചെയ്യാൽ താണപ്രദേശത്തു റോഡുകൾ ഉണ്ടാക്കുന്നതിനു പണം മതിയാകയില്ല എന്നാണു ഞങ്ങളുടെ അഭിപ്രായം.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും അഗ്രായനികുതിയും കമ്മീഷണർ): റോഡിന്റെ പക്കൽനിന്നും ഉണ്ടാക്കിക്കുടിഞ്ഞു. എന്നാലും പീരുമേട്ടിലേയ്ക്കുള്ള അവിടെ കച്ചവടക്കാർ കുറവാണു. അതുകൊണ്ടു ഈ റോഡിൽ നിന്നുള്ള ഗുണങ്ങൾ ഈ സഭ ഗ്രഹിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ ഉള്ള ഉടവഴിയേ ഉള്ളു. അതു വീതിവരുത്തി വണ്ടിപോകത്തക്കതാക്കുന്നതിനാണ് ഈ സംഖ്യ.

മി. പി. ജി. മേനോൻ (പറവൂർ): കല്ലാറിനും കുമിളിക്കും മദ്ധ്യത്തുള്ള ഭൂമികൾ കുടികൾക്കു പതിച്ചുകൊടുക്കുമെന്നു കല്ലാർ പദ്ധതിക്കുമിറി അവരുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളതു അറിഞ്ഞിരുന്നുവോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും അഗ്രായനികുതിയും കമ്മീഷണർ): ഒന്നുകൂടി പറഞ്ഞാൽ കൊള്ളാം. മെമ്പർ പറയുന്നതു കേൾക്കുന്നില്ല.

മി. പി. ജി. മേനോൻ (പറവൂർ): കല്ലാർ പദ്ധതിയെപ്പറ്റി അന്വേഷണത്തിനായിട്ടു ഒരു കമ്മറിയെ നിയമിച്ചിരുന്നു. ഞാനും ആ കമ്മറിയിലെ ഒരു സാമാജികനായിരുന്നു. ഞങ്ങൾ ആ ഉടവഴിയിൽ കൂടി സഞ്ചരിച്ചു. അവിടെയുള്ള ഭൂമികൾ കുടികൾക്കു പതിച്ചുകൊടുക്കാമോ എന്നായിരുന്നു ഞങ്ങളുടെ ആലോചനയ്ക്കുണ്ടായിരുന്ന ഒരു പ്രധാനവിഷയം. അതു നിമിത്തം പണമുണ്ടാക്കുക ലോഷകരമാകുകയാൽ അങ്ങനെ കൊടുക്കരുതെന്നായിരുന്നു ഞങ്ങളുടെ അഭിപ്രായം.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും അഗ്രായനികുതിയും കമ്മീഷണർ): അതുതന്നെയാണ് സംഗതി, റോഡുകൾ ഉണ്ടാക്കി വന്നാൽ ധാരാളം ഭൂമികൾ നീക്കം ചെയ്വാൻ കഴിയുന്നതുവരെ ഭൂമികൾ പതിച്ചുകൊടുക്കാൻ നിശ്ചയിക്കുന്നില്ല. റോഡുകൾ ഉണ്ടാക്കിയശേഷം ഭൂമികൾ തിരുവിതാംകൂർകാർക്ക് പതിച്ചുകൊടുക്കാമെന്നു ഞങ്ങൾ വിചാരിച്ചു.

മി. പി. ജി. മേനോൻ (പറവൂർ): എന്നാൽ അതു അവിടെ ഏതു, ൦ ൦ രൂപയോളം വിലയും വരുന്ന തേയിലത്തോട്ടങ്ങളുടെ ഉടമസ്ഥന്മാർക്കല്ലാതെ തിരുവിതാംകൂർകാർക്കു പതിച്ചുകിട്ടാൻ പ്രയാസമായിരിക്കുമല്ലോ.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും അഗ്രായനികുതിയും കമ്മിഷണർ): ഏറ്റവധിയിൽ പറഞ്ഞാൽ പാടെയില്ലാത്ത ഇപ്പോൾ തേയിലത്തോട്ടങ്ങൾ ഇല്ല. എല്ലാം ഏറ്റവരുത്തോട്ടങ്ങളാണു. അവയിൽ അധികാരത്തിന്റേയും ഉടമസ്ഥന്മാർ ബ്രിട്ടീഷിന്ത്യാക്കാരാണു. അവിടെ തിരുവിതാംകൂർകാരായി ഉള്ളതു അഞ്ചുപേർക്ക് തോട്ടങ്ങൾ ഉണ്ടു. ഒരാൾ നാഗർകോവിൽക്കാരനാണു. രാജ്യത്തിന്റെ ആദായം ചെലവാക്കുന്നതിനു സൌകര്യമുള്ളതാക്കിത്തീർക്കണമെന്നുണ്ടു ഞങ്ങളുടെ ആഗ്രഹം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റോഡുമുറക്കു വണ്ടികളുടെ മദ്ധ്യത്തിലെ ഞാൻ കഴിയുമോ എന്നുചോദിയുമോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും-അഗ്രായനികുതിയും കമ്മിഷണർ): റോഡു ഏഴുമൈയുടെ മദ്ധ്യത്തിൽകൂടെയാണ്. അതു തീർന്നാൽ നമ്മുടെ ഉൽപന്നങ്ങൾ മുഴുവനും ബ്രിട്ടീഷ് ഇൻഡ്യയിലെക്കു പോകുന്നതിനു പകരം തിരുവിതാംകൂർ സമുദ്രമിയിലേക്കു വരുന്നതാണ്, വണ്ടികളുടെ ഈ റോഡല്ലാതെ റോഡുകളില്ലാത്തതിനാൽ പ്രവേശനം ഉണ്ടായിട്ടില്ല. മെമ്പർമാർ സ്വമേധയാ പോയി നോക്കണമെന്നു എനിക്കു അഭ്യർത്ഥമുണ്ടു. എന്നാൽ ഈ സംഖ്യ അനുവദിക്കുന്നതു അവശ്യമാണെന്നു അവർക്കു ബോദ്ധ്യമാകും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റോഡുകൊണ്ടു വേട്ടയ്ക്കു മനസുകയ്യുണ്ടാകുമോ എന്നുചോദിയുമോ?

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ടു റവന്യൂവും-അഗ്രായനികുതിയും കമ്മിഷണർ): ഇല്ല. നേരമറിഞ്ഞു ജനങ്ങൾ അവിടെചെന്നു താമസമുറപ്പിച്ചാൽ കുട്ടിമൃഗങ്ങൾ അവിടെനിന്നു പൊയ്പ്പോകയും അതെന്നിക്കു അനുകൂലസംഗതി അല്ലല്ലോ (ചിരി).

ഈ റോഡുണ്ടാക്കിയാൽ തിരുവിതാംകൂറിനുണ്ടാകുവാനുള്ള ഗുണത്തെ ആലോചിച്ചു ഉപക്ഷേപം പിൻവലിക്കുമെന്നു വിശ്വസിക്കുന്നു.

സഭ മഹൂക്ഷണത്തിനായി ഉച്ചതിരിഞ്ഞു ൨-൪൫ മണിക്കു പിരിയുകയും ൩-൪൦ മണിക്കു വീണ്ടും കൂടുകയുംചെയ്തു.

മി. എസ്. പിരപ്പിപ്പുമാരംപിള്ള (വ്യാപാരവും-വ്യവസായവും മന്ത്രി): സർ, മിസ്റ്റർ തണ്ടുകത്തിത്തോമൻ ഈ ഉപക്ഷേപത്തെപ്പറ്റിയുള്ള തന്റെ പ്രസംഗത്തിൽ വാദവിഷയമായ റോഡു അനാവശ്യമാണെന്നു കാണിപ്പാൻ യാതൊരു സംഗതിയും പ്രസ്താവിച്ചിട്ടില്ല. തന്നെ താപ്പുക്കിലും ഇങ്ങനെയുള്ള റോഡുകൾ ഉണ്ടാക്കുന്നതിനു പണം അനുവദിക്കുണമെന്നു അദ്ദേഹം പറഞ്ഞു. മിസ്റ്റർ റാബിൻസൺ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ റോഡു ഇന്നാൾ ഒരു പുതിയ രാജ്യം കൂടിക്കു ഉപയുക്തമായിത്തീരുമെന്നും അങ്ങനെ രാജ്യത്തിന്റെ മൂതലയുട്ടപ്പു വർദ്ധിക്കുമെന്നും പറഞ്ഞു. കനഴച്ചില്ലാതെ അവഞ്ഞുനടക്കുന്ന വലിയസംഘത്തിനു തൊഴിലുണ്ടാക്കിക്കൊടുക്കുകയുമാണെന്നും ഞാൻ വിചാരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വരുന്നതായാണ്ടിൽ തിരുവിതാംകൂർ ട്രേഡ്സ് ഗവർണ്മെന്റിനുള്ളിൽ പ്രഥമപ്രവൃത്തികൾക്കായ അനുവദിച്ചിട്ടുള്ള തുക സംഖ്യ എത്രയാണെന്നു മെമ്പർ പറയുമോ?

മി. എസ്. പിരപ്പിപ്പുമാരംപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): സർ, അതു വേണ്ടുവോളം ഉണ്ടു. മെമ്പർക്കു അതിൽനോക്കിയാൽ കാണാവുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർക്കറിയാമോ?

മി. എസ്. പിരപ്പിപ്പുമാരംപിള്ള (വ്യാപാരവും വ്യവസായവും മന്ത്രി): എനിക്കതറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പീരുമേട്-വെപ്പികളും റോഡിനു അനുവദിച്ചിട്ടുള്ള സംഖ്യ എത്രയാണ്?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൊഴിൽ): സർ, അല്പമെങ്കിലും ബഹുമാനമുണ്ടെങ്കിൽ അതറിയണമെങ്കിൽ ഇതിനെ എതിർക്കുകയും ചെയ്യും.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാന്റ് റവന്യൂവും അളവുനികുതിയും കമ്മിഷണർ): ഏതെങ്കിലും പ്രത്യേക പ്രദേശത്തേക്കു അധികംസംഖ്യ അനുവദിക്കണമെന്നാവശ്യമുള്ള മെമ്പർമാർ അതിനായി ക്ലിപ്തമായ സംഖ്യ ചോദിക്കയല്ലേ അഭിലഷണീയം എന്നു പറയുമോ? മറ്റു റോഡുകൾക്കു അനുവദിച്ചിട്ടുള്ള സംഖ്യകൊണ്ടു കഴിച്ചുകൂട്ടിക്കൊള്ളാൻ ആവശ്യപ്പെടുന്നതിനെക്കാൾ അങ്ങനെ ചെയ്യുന്നതല്ലേ ഉത്തമം?

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും, തൊഴിൽ): അതേ, അങ്ങനെതന്നെയാണു ഞാൻ പറയാൻ ഭാവിക്കുന്നതു. മിസ്റ്റർ കുഞ്ഞിരാമമേനോന്റെ താലൂക്കിൽ അധികം റോഡുകൾ വേണമെങ്കിൽ അല്പം അധികം പണത്തിനു ചോദിക്കയാണു നല്ലതു്. നമുക്കു ചെലവു നീക്കി അധികം പണം ബാക്കിവരുന്നു. ഈ കാലത്തു ദിവാൻജിയുടെ നയവും അധികം റോഡുകൾ ഉണ്ടാക്കണമെന്നായിരിക്കെ അല്പമെങ്കിലും അപേക്ഷിക്കുകയും അധികം റോഡുകൾ വെട്ടിക്കൊടുക്കുവാൻ ദിവാൻജിയുടെ മടിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രത്യേക റോഡിനു പണം ചെലവിടാൻ പോകുന്നതുകൊണ്ടു തന്റെ താലൂക്കിൽ അധികം റോഡുകൾ ആവശ്യമാകുന്നില്ലെന്നു മി. കുഞ്ഞിരാമമേനോൻ ദിവാൻജിയെ ബോധ്യപ്പെടുത്തുന്ന പക്ഷം അവർ അനുവദിക്കുമെന്നുള്ളതിനു മതിയായ മതിപ്പുണ്ടു്.

മി. റോബിൻസൺ വളരെക്കാലം ഷേപി കുളം കമ്മിഷണർ ആയിരുന്നതുകൊണ്ടു അല്പത്തിന്റെ അഭിപ്രായം വിലമതിക്കേണ്ടതും സ്വീകാര്യവും ആകുന്നു.

ഈ റോഡുണ്ടാക്കിയാൽ അതുകൊണ്ടുണ്ടാകാവുന്ന ഉപയോഗത്തെയും അതിനാൽ ദിവാൻജിയിനു കിട്ടാനിടയുള്ള മുതലെടുപ്പിനെയും കൃഷിചെയ്യുവാൻ ഉപയുക്തമാകാവുന്ന വിസ്തീർണ്ണത്തെയും പറ്റി ചില വിവരങ്ങൾ സഭയോടു പറഞ്ഞുകൊടുപ്പിക്കാൻ ചന്ദനം കൺസർവേറേക്കു കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ പ്രസ്താവനകളോടുകൂടെ ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ എന്റെ സ്നേഹിതനോടു അപേക്ഷിക്കുന്നു.

മി. കുഞ്ഞാലം പരമേശ്വരപിള്ള (അഡിഷണൽ ഫെഡ് സക്രട്ടേവക്കീൽ): സർ, ഈ ഉപക്ഷേപത്തെ ഞാനും, ഈ സഭ എപ്പോഴും സ്മരിക്കേണ്ടുന്ന ഒരു പ്രധാന കാരണത്താൽ എതിർക്കുന്നു. മി. കുഞ്ഞിരാമമേനോൻ വാദിക്കുകയും എനിക്കു മനസ്സിലായിടത്തോളം അദ്ദേഹത്തിന്റെ താലൂക്കിൽ ആവശ്യമുള്ള അനേകം റോഡുകൾ ഉണ്ടാക്കിട്ടില്ലെന്നും വേറെ ചില റോഡുകൾക്കു അനുവദിച്ച സംഖ്യകൾ ലാപ്സ്ചെയ്യുകയാണു ചെയ്തതെന്നും അടിയന്തിരമായി ഉണ്ടാക്കേണ്ടുന്ന റോഡുകൾക്കു വേണ്ട പണം അനുവദിച്ചിട്ടില്ലെന്നും ഒഴിയിൽപെടുത്തുകയുണ്ടായെന്നുള്ള ഉപക്ഷേപത്തിന്റെ ഉദ്ദേശം. വാദവിഷയമായ റോഡു കേവലം അനാവശ്യമാണെന്നു അദ്ദേഹം പറഞ്ഞതായി തോന്നുന്നില്ല. അതു അടിയന്തിരമല്ലെന്നാണു അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു. അതു കേവലം അനാവശ്യമാണെന്നു അദ്ദേഹം പറഞ്ഞില്ല.

മി. എ. എസ്. രാമോദരൻആശാൻ (മരാമത്തുക്കാര്യവും കാത്തികപ്പുള്ളിയും): ഇതിനേക്കാൾ പ്രാധാന്യമുള്ള റോഡുകൾ ഉണ്ടെന്നു മെമ്പർ സമ്മതിക്കുന്നുണ്ടോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടേവക്കീൽ): ഞാൻ അതിനെക്കുറിച്ചു ഒന്നും പറയുന്നില്ല. അതു ഞാൻ സമ്മതിക്കയോ വിസമ്മതിക്കയോ ചെയ്യുന്നില്ല. ഇതിനെപ്പറ്റി സംസാരിച്ച മി. എ. ജി. മേനോൻ ഈ റോഡ് ആവശ്യമാണെന്നു സ്പഷ്ടമായി പറഞ്ഞു, എന്നാൽ വേറെയും റോഡുകൾ ആവശ്യമുണ്ടെന്നും അവയുടെ കാര്യവും നോക്കേണ്ടതാണെന്നുംകൂടെ അദ്ദേഹം പറഞ്ഞു. ഇങ്ങനെ മി. കുഞ്ഞിരാമമേനോൻ ഉപക്ഷേപത്തിന്റെ ഘടനം ഇതുയെയുള്ളു. ഒരു പ്രത്യേക ഇനത്തിനു അനുവദിച്ചിട്ടുള്ള സംഖ്യയിൽ നിന്നു ഒരു കണക്കുസംഖ്യയായ ൨,൫൦൦ രൂപാ കുറയ്ക്കണം. എന്നാൽ അങ്ങനെ കുറയ്ക്കാൻ അദ്ദേഹം ആവശ്യപ്പെടുന്നതു ആ റോഡു അനാവശ്യമാകകൊണ്ടല്ല, മറ്റു റോഡുകൾക്കു പണം അനുവദിക്കുന്നില്ലെന്നും മുമ്പു അനുവദിച്ചിട്ടുള്ള സംഖ്യകൾ മുഴുവനും ചെലവാക്കിട്ടില്ലെന്നും അദ്ദേഹം വിചാരിക്കുന്നതുകൊണ്ടു മാത്രമാണ്.

മി. എ. ടി. മേനോൻ (പാലൂർ): ഈ ഉപക്ഷേപത്തിന്റെ ഒരു ഭാഗമല്ലെന്നും മെമ്പർ പറഞ്ഞ സമയമാനം മാത്രമാണെന്നും മെമ്പർക്കറിയാമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടേവക്കീൽ): ഉവ്വ്, അതുകൊണ്ടുതന്നെയാണു ഞാൻ ഉപക്ഷേപത്തിനു വിരോധം പറയാതെ സംസാരിക്കാൻ എഴുന്നേറ്റതു. മി. കുഞ്ഞിരാമമേനോൻ ഉപക്ഷേപം ക്രമാനുസാരംതന്നെ തയ്യാറിരിക്കുമാ. എന്തെന്നാൽ അദ്ദേഹം ആവശ്യപ്പെടുന്നതു ൨,൫൦൦ രൂപാ കുറയ്ക്കണമെന്നു മാത്രമാണു. എന്നാൽ ഉപക്ഷേപത്തിനു അനുകൂലമായി അദ്ദേഹം ഒരു സംഗതികൂടെ ഉപക്ഷേപത്തോടു സംബന്ധമുള്ളവയല്ല, തടപടിക്രമത്തെ സംബന്ധിച്ചു സംസാരിപ്പാനല്ലു ഞാൻ എഴുന്നേറ്റതു. ഈ ഉപക്ഷേപം പാസ്സാക്കിയാൽ ൨൫൦൦ രൂപാ തീർച്ചയായിട്ടും കുറയ്ക്കും. എന്നാൽ ആ ദിവാൻജിയുടെ കൈയിരിപ്പു മുതൽ വർദ്ധിപ്പിക്കയുമുള്ളു.

മി. എ. എസ്. മുഹമ്മദയാൻ (മരാമത്തുക്കാര്യവും കാത്തികപ്പുള്ളിയും): പണം അനുവദിക്കുന്ന ക്രമം പണ്ടുകളുടെ പ്രാധാന്യപ്രകാരം ആണോ എന്നു പറയുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ് സക്രട്ടേവക്കീൽ): ഞാൻ അതിനെക്കുറിച്ചു ഒന്നും പറയുന്നില്ല. ഈ വാദപ്രതിവാദത്തിൽ മിസ്റ്റർ കുഞ്ഞിരാമമേനോൻ ഉദ്ദേശം ഒരു റോഡിനു അനുവദിച്ച സംഖ്യയിൽ ൨,൫൦൦ രൂപാ കുറയ്ക്കണമെന്ന മാത്രമാണെന്നുകൂടെ ഞാൻ പറയുന്നുണ്ടു്. ഈ സംഖ്യ കുറയ്ക്കുമ്പോൾ ദിവാൻജിയുടെ കയ്യിലിരിപ്പു മുതൽ വർദ്ധിപ്പിക്കാൻ മാത്രമേ അതു ഉപകരിക്കയുള്ളു. മറ്റു റോഡുകൾക്കായി അധികം പണം ചെലവു ചെയ്യുന്നതിനെ ആവശ്യമോ അഭിലഷണീയതയോ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു മിസ്റ്റർ കുഞ്ഞിരാമമേനോൻ ആഗ്രഹിക്കുന്നു. അതിനു ഈ ഉപക്ഷേപത്തോടു ന്യായമായ ഒരു സംബന്ധവും ഉണ്ടാകുവാൻ പാടില്ല. അങ്ങനെ ഒരു ഡിപ്പാർട്ടുമെന്റിന്റെ നയത്തെപ്പറ്റിയുള്ള അപേക്ഷപം ആ നയത്തിനു ഈ സഭയുടെ അനുമതി ഇല്ലെന്നു കാണിക്കുവാൻ ചേരിന മാത്രം ഒരു സംഖ്യ കുറയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം മൂലം കൊണ്ടുവരേണ്ടതാണ്. ഈ ഉപക്ഷേപത്തിൽ അങ്ങനെയൊരുപക്ഷേപത്തിനു വകയില്ല.

അനുവദിച്ച സംഖ്യ ആവശ്യമുണ്ടോ ഇല്ലയോ എന്നേ ഇവിടെ വാദമുള്ളൂ. സംഖ്യ അനുവദിക്കേയില്ലെന്നു പറയാൻ ഈ സഭയ്ക്കു അധികാരമുണ്ട്. സഭ ഈ സംഖ്യ അനുവദിക്കാത്തപക്ഷം അതു ഞാൻ പറഞ്ഞപ്രകാരം ദിവാൻജനറലിന്റെ കയ്യിലിരിപ്പു തെറ്റു വർദ്ധിപ്പിക്കും എന്നേയുള്ളൂ. മിസ്റ്റർ കുഞ്ഞിക്കൃഷ്ണമേനോന്റെ ഉദ്ദേശം ഒരാക്ഷേപം പാസ്സാക്കണമെന്നാണെങ്കിൽ അദ്ദേഹം ഇങ്ങനെയൊരാക്ഷേപം അല്ലായിരുന്നു കൊണ്ടുവരേണ്ടതു്. അതിനു അദ്ദേഹം ഒരു നാമമാത്രമായ ഉപക്ഷേപം കൊണ്ടുവന്നിട്ടു "പണം ശരിയായി അനുവദിക്കുന്നില്ല, അനുവദിക്കുന്ന സംഖ്യകൊണ്ടു ചെലവാക്കുന്നില്ല, കൂടുതൽ അടിയന്തിരമായ റോഡുകൾ ഉണ്ടാക്കുന്നില്ല, അതുകൊണ്ടു ഡിപ്പാർട്ടുമെന്റിന്റെ മേൽ ഞാൻ ആക്ഷേപം കൊണ്ടുവരുന്നു" എന്നു പറയണം. പണം കറുപ്പാക്കുള്ള ഈ ഉപക്ഷേപത്തോടു ഈ വക കാര്യങ്ങൾക്കും സംബന്ധമില്ലെന്നു എനിക്കു തോന്നുന്നു. ഈ സംഗതികൾക്കു വകവിഷയത്തോടു ബന്ധമെന്നു പറയുകയില്ലെങ്കിൽ അതു അസംബന്ധവും ഡിപ്പാർട്ടുമെന്റിനെ വ്യക്തിപരമായി ആക്ഷേപിക്കലുമാകുന്നു. അനുവദിച്ച ആകെ സംഖ്യയിൽ ഒരു രൂപാ കുറയ്ക്കണമെന്നു ഒരു ഉപക്ഷേപം അവതരിപ്പിക്കുകയും ഈ സംഗതികളെല്ലാം പറകയും ചെയ്തിരുന്നു എങ്കിൽ ദിവാൻജനറൽ അതിനെപ്പറ്റിയുള്ള തീരുമാനവും ഉപക്ഷേപത്തിനുള്ള കാരണങ്ങളും അറിയിക്കാൻ തിർബന്ധിതരായിത്തീരും. സഭ മുന്നാകെയുള്ള ഉപക്ഷേപത്തെപ്പറ്റി മെമ്പർമാർ വോട്ടു ചെയ്യുമ്പോൾ ഈ ഉപക്ഷേപത്തിന്റെ പ്രത്യേകപ്രകൃതം അതായതു ഉപക്ഷേപം അനുവദിക്കപ്പെട്ട ഒരു സംഖ്യയിൽ നിന്നു ഒരു ക്ലിപ്തസംഖ്യ കുറയ്ക്കാനാണെന്നും, വാദത്തിന്റെ വിഷയം പണം അനുവദിച്ചു കായ്ം ആവശ്യമാണോ അല്ലയോ എന്നാണെന്നും മറ്റു കാര്യങ്ങൾക്കു പണം അനുവദിക്കാത്തതു ദിവാൻജനറലിന്റെ പക്കൽ ഒരു ഡീഫ്യയല്ലയോ എന്നല്ലെന്നും മെസർമാർ മാത്തിക്കേണ്ടതാണെന്നു ഞാനിക്കു തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അധികം പണം ചെലവു ചെയ്യണമെന്നു ദിവാൻജനറിനോടു പറവാൻ അങ്ങയ്ക്കോ സ്ഥിരമെമ്പർമാർക്കു അവകാശമുണ്ടോ എന്നു പറയുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): അതു തന്നെയാണു് ഞാൻ പറഞ്ഞുവരുന്നതു്. "ഈ റോഡിനോ ആ റോഡിനോ ഈ പണം ചെലവാക്കണം" എന്നു പറവാൻ ഈ സഭയ്ക്കു അധികാരമില്ല എന്നാൽ സഭയ്ക്കു ഒരു ആക്ഷേപപ്രമേയം പാസ്സാക്കി, പൊതുമരാമത്തിൻറയോ ദിവാൻജനറിന്റെയോ തന്നെ ഞങ്ങൾക്കു തൃപ്തികരമായി തോന്നുന്നില്ല, അതിനെ ഞങ്ങൾ ആക്ഷേപിക്കുന്നു" എന്നു പറവാൻ അവകാശമുണ്ടു്.

മി. എ. എസ്സ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): പ്രത്യേകപണികൾക്കു വകയിച്ച സംഖ്യകൾ അനുവദിക്കുന്നതു ആവശ്യമുള്ള മറ്റു പണികൾ നടത്തുന്നതിനു പ്രതിബന്ധമല്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): അല്ല. അങ്ങനെ തോന്നുന്നില്ല. എന്നാൽ ഒരു കായ്ം തീർച്ചയാണു്. ഈ പണം വെട്ടിക്കുറച്ചാൽ ആ പണം നിങ്ങൾ ആവശ്യമെന്നു വിചാരിക്കുന്ന മറ്റു പണികൾക്കു ഉപയോഗിക്കാൻ കിട്ടുകയില്ല.

മി. എ. എസ്. മാമോദരൻ ആശാൻ, (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): വരുന്നയാണ്ടിലെങ്കിലും കിട്ടുകയില്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): കിട്ടിയെന്നുവരാം കിട്ടിയില്ലെന്നുവരാം. എന്നാൽ ഈ പണം കുറയ്ക്കുന്നതിനേക്കാൾ പ്രഥമമായി ഇരിപ്പുമുതൽ വർദ്ധിപ്പിക്കയെന്നല്ലാതെ മിസ്റ്റർ കുഞ്ഞിക്കൃഷ്ണമേനോന്റെ ഒരു സഹായമായിരിക്കയില്ല. ചേർത്ത പണിക്കു പണം അനുവദിക്കണമെന്നു സഭയ്ക്കു ദിവാൻജനറിനെ ധരിപ്പിക്കാനുദ്ദേശമെങ്കിൽ അതാതു സ്പീക്കറുടെ രൂപത്തിൽ താക്കീതു ഉപക്ഷേപപൂർവ്വം ചെയ്യേണ്ടതാണു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ പണിക്കു ഈ സംഖ്യമുഴുവനും ഇപ്പോൾ ചെലവുചെയ്തിട്ടാവശ്യമില്ല എന്നൊരു പ്രമേയം അവതരിപ്പിച്ചാൽ അതു സാധുവായിരിക്കയില്ലയോ എന്നു പറയുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): അതു സാധുവായിരിക്കും. ഈ റോഡുപണി ആവശ്യമില്ലെന്നു പറകയാണെങ്കിൽ ഈ ഉപക്ഷേപവും സാധുവാണു്.

മി. യൂസ്. പിറവിപ്പുത്തമാടംപിള്ള (വ്യാപാരവും വ്യവസായവും, തെക്കു): അതുകൊണ്ടു മിസ്റ്റർ കുഞ്ഞിക്കൃഷ്ണമേനോന്റെ ഉദ്ദേശം സാധിക്കുമോ എന്നു പറയുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): ഇല്ല, സാധിക്കയില്ല. ൨,൦൦൦ രൂപ ആ റോഡിനായി ചെലവുചെയ്യരുതെന്നുമാത്രമാണു് ദിവാൻജനറിനോടു പറയുന്നതു ഈ ഉപക്ഷേപം സഭ പാസ്സാക്കിയാൽ ഈ സംഖ്യ ചെലവാക്കാതെ ദിവാൻജനറുടെ ഖജനാവിൽത്തന്നെ വെച്ചേക്കും.

മി. എ. ജി. മേനോൻ (പറവൂർ): ഉദ്ദേശം എത്ര രൂപ ചെലവാക്കരുതെന്നു മെമ്പർക്കറിയാമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): എനിക്കു അക്കാര്യത്തോടു ബന്ധമില്ല. എനിക്കിപ്പോൾ ആലോചിക്കാനുള്ളതു ഈ ഉപക്ഷേപത്തിൻമേൽ വാദം എന്തായിരിക്കുമെന്നാണു്. മിസ്റ്റർ കുഞ്ഞിക്കൃഷ്ണമേനോൻ മിസ്റ്റർ എ. ജി. മേനോനോടു പറഞ്ഞ കാരണങ്ങളാൽ സഭ ഈ ഉപക്ഷേപം പാസ്സാക്കുകയാണെങ്കിൽ അവർ തങ്ങളുടെ അഭിപ്രായം പരിശോധിക്കുകയായിരിക്കും. അങ്ങനെയാണു് സഭയുടെ സ്ഥാപനം. ഡിപ്പാർട്ടുമെൻറിന്റെ തയ്യാറെപ്പുറിയാണു് സഭയ്ക്കു ആക്ഷേപിക്കാനുള്ളതെങ്കിൽ അങ്ങനെ ചെയ്യണം. അതു ക്രമാനുസാരം തനിമയായുള്ള ഉപക്ഷേപമുഖമായിരിക്കണമെന്നേയുള്ളൂ. നേരത്തെമേടിച്ച വാദത്തിൽപ്പെട്ട ഉപക്ഷേപം പാസ്സാക്കുകയും സംഖ്യ കുറയ്ക്കുകയുംചെയ്താൽ അതു കെട്ടിയിരിപ്പുമുതൽ വർദ്ധിപ്പിച്ചു ബഡ്ജറിന്റെയുള്ള സ്വാതന്ത്ര്യനിരൂപണത്തിൽ എല്ലാവരുടേയും ആക്ഷേപത്തിനു വിഷയമായിത്തീരുന്ന മുതൽ കെട്ടിപ്പൊക്കുന്നു എന്നുള്ള ദോഷത്തെ അധികമാക്കുകയുംചെയ്യും.

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): അധികമുതലുള്ള ഞങ്ങളെ സൂചിപ്പിക്കുന്നതിനിരി ചെലവാക്കുന്നതെന്നു പറയുന്നതിനു ഇതല്ലയോ ഉത്തരമാർഗ്ഗം?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷണൽ ഛീഫ് സെക്രട്ടറി വക്കീൽ): അല്ല. സഭയുടെ ഖജനാസംബന്ധിച്ചുള്ള നിയമപ്രകാരം ദിവാൻജനറൽ ഒരർത്ഥത്തിലും കൊണ്ടുവരാത്ത പണം ഏതെങ്കിലുംവിധത്തിൽ ചെലവുചെയ്യണമെന്നു പറവാൻ സഭയ്ക്കു അവകാശമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുർവും തൊട്ടടങ്ങുട്ടും): ഫൈനാൻസുകമ്മറിയുടെ ഉദ്ദേശം എന്തണ്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): അതു അഭിനെപ്പറ്റിയുള്ള രവരണൻറെ അഭിപ്രായത്തിൽ കണ്ടോം. ഈ അനുവദിച്ചുസംഖ്യ ഫൈനാൻസുകമ്മറി അനുവദിച്ചതാണെന്നാകുന്ന ഫൈനാൻഷ്യൽ സെക്രട്ടറി എന്നോട് പറഞ്ഞതു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവഹാരവും വ്യവസായവും—ചർക്ക): ഏതെങ്കിലും രചലവു വഹിപ്പിക്കണമെന്നുപറയാൻ ഫൈനാൻസുകമ്മിറിക്ക അവകാശമില്ലെന്ന മെമ്പർക്കറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): ഇപ്പോഴത്തെ വാദം സംബന്ധിച്ചു അതിനു വലിയ പ്രാധാന്യം ഇല്ല. രവരണൻറിനു ഉപദേശംനൽകാൻ ഫൈനാൻസുകമ്മിറിക്ക അവകാശമുണ്ടെന്നു എനിക്കു തോന്നുന്നു. അതൊരു ഉപദേശകസംഘം ആണല്ലോ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യവഹാരവും വ്യവസായവും—ചർക്ക): ഈ സയ്യേ നാമമാത്ര ഉപക്ഷേപങ്ങളിൽ സൂചനകൾ നൽകാവുന്നതുപോലെ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): അതേ, അങ്ങനെയായിരിക്കാം. മിസ്റ്റർ മേനോനും മിസ്റ്റർ കുഞ്ഞിത്തൊമ്മനും രവരണൻറിനെ ഉദ്ബോധിപ്പിക്കാൻ ശ്രമിച്ചതു, മറുകാര്യങ്ങൾക്ക അനുവദിക്കുന്ന ഉണ്ടത്തിൻറെ മേൽനായ്മയെ ന്യായക്കോടതി ഷ്ടിയിൽ കൊണ്ടുവരണമെന്നു ഒരു നാമമാത്ര ഉപക്ഷേപംകൊണ്ടായിരിക്കണമെന്നും ഈ ഉപക്ഷേപം പാസ്സാക്കിയാൽ അതിൻറെ ഉദ്ദേശം സാധിക്കയില്ലെന്നും ഞാൻ വീണ്ടും പറഞ്ഞാൽ അതൊരു ആവർത്തനദോഷമായിരിക്കും.

മി. മാത്തൂരിക്കൻ (തരവക്കം): ഉപക്ഷേപങ്ങളെപ്പറ്റിയുള്ള വാദപ്രതിവാദങ്ങളിൽ ഉണ്ടാകുന്ന സൂചനകളിൽ നടപടിയെടുക്കാൻ ഗവണ്മെൻറിനു തന്നാകാൻ ഗവണ്മെൻറിനെ നിർബന്ധിക്കയാണെന്നാകുന്നോ മെമ്പർ പറയുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): എല്ലാ ന്യായമായ ആക്ഷേപങ്ങളും സ്വീകരിച്ചു ഗവണ്മെൻറു തങ്ങളുടെതന്നെ നടപടികരിക്കുന്നതാണു. ഒരു നാമമാത്രഉപക്ഷേപം അവതരിപ്പിച്ചാൽ അതിനെ സംബന്ധിച്ചുള്ള വോട്ടെടുപ്പിനുശേഷം ഗവണ്മെൻറു പ്രവർത്തിക്കും.

മി. എം. താണുപിള്ള (തിരുവനന്തപുരം): വലിയ സംഖ്യകൾ ദേവികുളത്തും പിന്നെയും രചലവു രചയ്യുന്നതുകൊണ്ടു രാജ്യത്തിൻറെ മറുകാര്യങ്ങൾ ഉപേക്ഷിക്കപ്പെട്ടുമിലയിൽ കിടക്കയാണെന്ന മെമ്പർ അംഗീകരിക്കുന്നില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർ വക്കീൽ): "ഉപേക്ഷിക്കപ്പെട്ട നിലയിൽ" എന്ന പദപ്രയോഗത്തിൻറെ അർത്ഥം മനസ്സിലാകുന്നില്ല.

മി. എം. താണുപിള്ള (തിരുവനന്തപുരം): ഇതുകൊണ്ടു ലഭിക്കുന്ന പണം മറുകാര്യങ്ങൾക്ക ഉപയോഗിക്കാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർവക്കീൽ): തമ്മണ്ണൻറെ അഭിപ്രായപ്രകടനത്തെ മറെറന്തെങ്കിലും കാര്യത്തിനു പണം വിനിയോഗിക്കാൻ സഭയ്ക്കു അധികാരമില്ല. പണം മറുകാര്യങ്ങൾക്ക വിനിയോഗിക്കണമെന്നു പറയുന്നതിനുള്ള ഉത്തമമാർഗ്ഗം ഒരു നാമമാത്ര ഉപക്ഷേപം കൊണ്ടുവരികയാണ്. പ്രസിഡൻറിൻറെ മുമ്പാരിക്കൽ പറഞ്ഞതുപോലെ സഭ ഒരു മഴുവിൽ സംഖ്യാപോലെയാകുന്നു. അതുകൊണ്ടു കാര്യങ്ങൾ അങ്ങനെയുള്ള സംഖ്യകളെപ്പോലെ വീക്ഷണംചെയ്തു ചതിവൻമുറിച്ചും സ്വീകാര്യമായിടത്തിലും പ്രവർത്തിക്കേണ്ടതാകുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇപ്പോഴത്തെ ഉപക്ഷേപം പാസ്സാക്കുന്നതു സ്ഥാപനവ്യവസ്ഥകൾക്ക വിരുദ്ധമാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ് സക്കാർവക്കീൽ): അല്ല.

മി. എം. താണുപിള്ള (തിരുവനന്തപുരം): ഈ പ്രത്യേകറോഡിനെ സംബന്ധിച്ചു അല്പം പണംമാത്രം രചലവാക്കിയാൽ ഉദ്ദ്യോഗസ്ഥന്മാർക്ക് വേറെ റോഡുകളുടെകാര്യം നോക്കാൻ സമയം കിട്ടുകയില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): ഞാനതു സമ്മതിക്കുന്നില്ല.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെൻറു ഫൈനാൻഷ്യൽ സെക്രട്ടറി): സർ, മാരമെമ്പർ പറഞ്ഞതുപോലെ ഒരു തത്വസംബന്ധമായ സംഗതി ഞാൻ സഭയുടെ ശ്രദ്ധയിൽ പെടുത്തിരുന്നുവല്ലോ. ഇതൊരു പുതിയ പണിയല്ല. അതു നടന്നവരുന്നതും മിക്കവാറും പൂർത്തിയായതും ആകുന്നു. താം ക,വ൦,൦൦൦ രൂപാ രചലവുരചയ്തു കഴിഞ്ഞിരിക്കുന്നു. ബാക്കിയുള്ള ന൦,൦൦൦ രൂപയ്ക്കാണ് സഭയുടെ അനുവാദം ചോദിക്കുന്നതു്. തങ്കൻ താലൂക്കിലെ റോഡുകൾക്ക പണം അനുവദിച്ചിട്ടില്ലെന്ന ഗവണ്മെൻറിനെ യരിപ്പിക്കാൻ ഈ ഉപക്ഷേപം കൊണ്ടുവരികയാണോ ശരിയായമാർഗ്ഗം എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സഭയെ ഉദ്യമം യിധരിപ്പിക്കുന്നതിനു എനിക്ക് ഒരുസംഗതിയെ പറവാനുള്ളു. ഇങ്ങനെയുള്ള പ്രയോഗവൃത്തികളെ സംബന്ധിച്ചു അവയെ പൂർത്തിയാക്കുവാൻ ആവശ്യമുള്ള പണം വെട്ടിക്കുറയ്ക്കുവാൻ സഭ ഉപക്ഷേപങ്ങളും കൊണ്ടുവരികയില്ലെന്ന വിശ്വസിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യർ (ഗവണ്മെൻറിനിയമനംഡിപ്യൂട്ടി പ്രൊസിഡൻറ): ഞാനും ഉപക്ഷേപത്തെ പ്രതിക്ഷേധിച്ചുകൊള്ളുന്നു. ഉപക്ഷേപം അതിൻറെ ഇപ്പോഴത്തെ സ്ഥിതിയിൽ ആക്ഷേപാർഹമാണെന്നു ഒരു ദുർവ്യാഖ്യാനം ആകുന്നു. ആ റോഡുകൊണ്ടു മീനച്ചിലെ ജനങ്ങൾക്ക ഉപകാരപ്പെടുന്ന തുകയും അവരിൽ നിന്നു എടുത്തുകൊടുവാനാണ് അദ്ദേഹം ശ്രമിക്കുന്നതു്. ആ സഭയുടെ സ്വീകരണത്തിനായി ആക്ഷേപകരമായി കൊണ്ടുവരുവാൻ ഒരു സംഗതിയല്ല. ഇതിനുമുമ്പുതന്നെ പ്രസ്താവിക്കപ്പെട്ടിട്ടുപോലെ ഈ റോഡു അനുകരണകാര്യം സഭ തക്കംപ്രകാരത്തെ സമ്മതിച്ചിട്ടുള്ളതാണ്. ആവശ്യമുള്ളപണത്തിൽ ഒരംശം സഭ അനുവദിക്കയുചെയ്തു. ഇതിനു പണം രചലവാക്കിയതിൽ ദിവാൻറെ സർട്ടിഫിക്കേറ്റുവരുത്തുകമാത്രമല്ല. റോഡിൻറെ ആവശ്യം സഭ സമ്മതിക്കയും അതിനായി പണം രചലവാക്കുകയും രചയ്യുകയിരിക്കുന്നു. ഈ റോഡു അനാവശ്യമാണെങ്കിലോ അതുകൊണ്ടു അതിനുള്ളരചലവു നിന്നിരിക്കുകയുണ്ടായെന്നോ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇപ്പോഴും പറയുന്നില്ല. അദ്ദേഹം ആവശ്യപ്പെടുന്നതു "കുമിളി ദേവികുളംറോഡിൽ ദേവികുളം പെരിയകര

ന്നൽ ഓരോന്നിനും അനുവദിച്ചിട്ടുള്ള സംഖ്യ, ൨൦൦൦ രൂപയിൽ കവിയരുതെന്നും, ൫൦൦൦ രൂപാ കവിയുന്നപക്ഷം അതിനു ഗവർമ്മെന്റിന്റെ സമ്മതം വാങ്ങിക്കണമെന്നും നിയമമുണ്ടാക്കിയിട്ടുണ്ട്. ഈ നിയമം റോഡിനെ കവഞ്ഞ ഒരു സംഖ്യയെ വകയിരുത്തുകയോ ചെലവുചെയ്യുകയോ ചെയ്യുന്നതിനെ തടയുന്നതായി ഞാൻ വിചാരിക്കുന്നില്ല. ഇനിയും, സർ, ശാഖാറോഡുകളുടെ കാര്യത്തിൽ ഗവർമ്മെന്റിനു ഒട്ടും താല്പര്യമില്ലാത്ത ഭാഗങ്ങളിൽ പ്രധാനറോഡുകളും ഉണ്ടാക്കേണ്ടതാണെന്നു ആലോചിക്കുന്ന കൂട്ടത്തിൽ ഓരോ പ്രദേശങ്ങളിൽ കൊഫാ റോഡുകൾ ഉണ്ടാക്കുന്നകാര്യം പ്രധാനവിഷയമായി ഗവർമ്മെന്റിന്റെ സ്വീകരണത്തിനു കൊണ്ടുവരുന്നതു ശരിയല്ല. എനിക്കു ഇതിനെപ്പറ്റി എന്തെല്ലാം സംശയങ്ങൾ ഉണ്ടായിരുന്നു. എങ്കിലും ഈ റോഡിന്റെ ആവശ്യകതയെപ്പറ്റി എന്റെ അഭിപ്രായം എന്തായിരുന്നെങ്കിലും മിസ്റ്റർ റോബിൻസൺ ഈ റോഡിന്റെ ചരിത്രം പറഞ്ഞുതുടങ്ങിയപ്പോൾ എന്റെ സംശയങ്ങളെല്ലാം നീങ്ങിപ്പോയി. ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. ഡി. സി. ജോസഫ (അമ്പനാട്ടീശ്വരം): ഞാൻ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു. ജനങ്ങൾക്കു അവരുടെ ഉൽപ്പന്നങ്ങൾ കൊണ്ടുപോകാൻ ഈ റോഡുണ്ടാക്കിയാൽ മാത്രമേ മറ്റുമുണ്ടാകയുള്ളു എന്നു ആ പ്രദേശം സന്ദർശിച്ചിട്ടുള്ളവരെക്കൊണ്ടും പറയിക്കാവുന്നതാണ്.

മി. എ. ജി. മേനോൻ (പാവൂർ): ഈ റോഡിനുള്ള വിരോധം അതു അനാവശ്യമാണെന്നുള്ള മാറുകയുണ്ടാകുന്നതിനു അടിയന്തിരമായി വേണ്ടപോലെ അതിനു വിനിയോഗിക്കുന്നതാണെന്നു മെമ്പർക്കു അറിവുണ്ടോ?

മി. ഡി. സി. ജോസഫ് (അമ്പനാട്ടീശ്വരം): റോഡു അടിയന്തിരമായി ഉണ്ടാക്കണമെന്നു ഞാൻ പറയുന്നില്ല.

മി. എൻ. കെ. കുഞ്ഞുപിള്ള (മനയ്ക്കുറിൻകര): മെമ്പർ ആ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടോ

മി. ഡി. സി. ജോസഫ് (അമ്പനാട്ടീശ്വരം): ഞാൻ ആ സ്ഥലങ്ങൾ സന്ദർശിച്ചിട്ടുണ്ടു. ബോഡിയിൽ ക്കൂടി ദേവികുളത്തെത്തുന്നതിനു ഫോറസ്റ്റ്മണിഷ്ട്രർ വേണം. തോരുറിച്ചു ഈ റോഡിന്റെകൂടെപോയാൽ എളുപ്പത്തിൽ പോകാം, നമുടെ രാജ്യത്തിന്റെ ഒരറ്റത്തു എത്തുന്നതിനു മധുരയിൽക്കൂടെ പോകേണ്ടിയിരിക്കുന്നു, അങ്ങനെയിരിക്കെ ഈ റോഡിന്റെ വിരോധംപറയുന്നതു നാം രാജ്യത്തിനു ഒരു ദ്രോഹംചെയ്യുകയാണ്. നമുടെ സാമ്പത്തികസ്ഥിതി അധികമധികം മോശമായിവരുന്നു. അതുകൊണ്ടു ഈ ഉപക്ഷേപത്തെ നാം ബലമായി എതിർത്തില്ലെങ്കിൽ ജനങ്ങൾക്കു വളരെ കഷ്ടപ്പാടുണ്ടാകും. നാം പാർക്കുന്ന ഈ സുഖസ്ഥലങ്ങളിലായിരിക്കും. എന്നാൽ നമുക്കു വലിയ ഉത്തരവാദിത്വം ഉണ്ടു. വഴിപിടിച്ച സൌഭാഗ്യങ്ങളില്ലാത്ത പ്രദേശങ്ങളിൽ പാർത്തു ജനക്ഷേമത്തിനായി യോഗം ചെയ്യുന്നവരുടെ ഗുണം നാം നോക്കേണ്ടതാണ്. മലമ്പ്രദേശങ്ങളിൽ പാർക്കുന്നവരും രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി നന്നാക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്നവരാണ്. ഈ സ്ഥിതിയിൽ ഈ ഭാഗത്തിനു എതിരായി ഒരു വാക്കുപോലും നാം ഉച്ചരിക്കരുതാത്തതാകുന്നു. ഞാൻ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു.

മി. പി. എസ്. മഹമ്മദ് (ഗവർണ്മെന്റ് നിയമനം): സർ, ഇപ്പോൾ പരിഷ്കരിയായിരിക്കുന്ന റോഡു ആവശ്യമില്ലാത്തതാണെന്നു ആരുംതന്നെ പറയുന്നില്ല, മിസ്റ്റർ കഞ്ഞിത്തൊമ്മനോ അല്ലെങ്കിൽ ഉപക്ഷേപത്തെ പിൻതാങ്ങിയവരാരെങ്കിലുമോ ഈ റോഡു ആവശ്യമില്ലാത്തതാണെന്നു പറയുന്നില്ല. എന്നാൽ അത്യാവശ്യമായ മറ്റു പലജോലികളും ഉണ്ടു. അതുകൊണ്ടു ആ ജോലികൾ മുമ്പു ചെയ്തുതീർക്കണമെന്നാണ് പറയുന്നതു. എന്നാൽ ഒരു ജോലി അത്യാവശ്യമായതുകൊണ്ടുമാത്രം മറ്റുജോലികൾ നിർത്തിവയ്ക്കണമെന്നു പറയുന്നതു ഒട്ടും ശരിയല്ല. രണ്ടുജോലികളും ശരിയായി നിർവഹിച്ചുകൊടുക്കണം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർണ്മെന്റ് സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് സെക്രട്ടറി): ഇതൊരു പുതിയപണിയാരംഭിക്കുന്നു മെമ്പർക്കറിയാമോ?

മി. പി. എസ്. മഹമ്മദ് (ഗവർണ്മെന്റ് നിയമനം): നിശ്ചയമായിട്ടും—അതുകൊണ്ടു ദേവികുളംതാലൂക്കിൽ വെട്ടുന്നറോഡു ആവശ്യമില്ലെന്നു പറയാതിരിക്കുന്നിടത്തോളം കാലം അതിലേക്കായി ഉപയോഗപ്പെടുത്തിട്ടുള്ള ഇതുകൊടുക്കുന്നതു ഒരിക്കലും ന്യായമല്ലാത്തതിനാൽ ഞാൻ മിസ്റ്റർ കഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ പ്രതിക്ഷേപിച്ചുകൊള്ളുന്നു.

മി. കെ. സി. കുഞ്ഞനാകരൻ (ഗവർണ്മെന്റ് നിയമനം): സർ, ഈ വിഷയത്തിന്റെ വേരോടുയുക്തം സാധുമ്പാകെ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ ദേവികുളം മലകളിലെ ഉൽപന്നങ്ങൾ മധുരയിൽക്കൂടെ തുത്തുക്കുടിക്കു കൊണ്ടുപോയി കപ്പലിൽകയറ്റി അയക്കയാണ് ചെയ്യുന്നതു. ഈ റോഡു പൂർത്തിയായാൽ നമുടെ മലകളിലെ ഉൽപന്നങ്ങൾ പീരുമേട്ടും മുണ്ടക്കയവുംവഴി കോട്ടയത്തേക്കു കൊണ്ടുപോയി അവിടെന്നു വള്ളംവഴി ആലപ്പുഴയ്ക്കു കൊണ്ടുപോകാൻ കഴിയും. ഈ സാധനങ്ങൾ കൊണ്ടുപോകുന്നതിനു ഞാനൊരു വലിയ കണ്ടെയ്ൻ നോട്ടത്തിനു. അവയെ ആലപ്പുഴയെത്തിക്കാൻ മാർഗ്ഗമില്ലാതിരുന്നതിനാൽ തുത്തുക്കുടിക്കു കൊണ്ടുപോകേണ്ടിവന്നു. എന്നാൽ എനിക്കു തുത്തുക്കുടിയുമായി സ്വന്തമായൊന്നും ഇല്ലായിരുന്നു. അതുകൊണ്ടു കപ്പലിൽ സാധനം കയറ്റുന്നതിനു ആലപ്പുഴയിലെ കയറ്റുകൂലിയുടെ ഇരുന്നൂറു ശതമാനംകൂടെ അവിടെ കൊടുക്കേണ്ടിവന്നു. അവയെ മലയിൽനിന്നു നേരെ കോട്ടയത്തേക്കു കൊണ്ടുപോകുവാൻ മാർഗ്ഗമുണ്ടായിരുന്നെങ്കിൽ എനിക്കു അവയെ ആലപ്പുഴയ്ക്കു കൊണ്ടുപോയി അവിടെനിന്നു കപ്പലിൽകയറ്റിയുരേപ്പിലേക്കു അയക്കാമായിരുന്നു. ഈ ഉൽപ്പന്നങ്ങളെ സംബന്ധിച്ചു ജോലിചെയ്യുന്ന ജോലിക്കാർക്കു ഈ പ്രയാസം അനുഭവമാണ്. ഈ സംഗതിയെ ഈ സഭാസ്ഥാനത്തെ കച്ചവടക്കാരെല്ലാം അനുഭാവിച്ചു അനുകൂലിക്കുമെന്നു എനിക്കു നിശ്ചയമുണ്ടു. ഈ സംഗതിനിമിത്തം ഞാൻ എന്റെ സ്നേഹിതൻ മിസ്റ്റർ കഞ്ഞിത്തൊമ്മന്റെ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എന്നാൽ വാഗ്വിഷയമായ റോഡിന്റെ ആവശ്യകതയേയോ അനാവശ്യകതയേയോ സംബന്ധിച്ചു ഞാൻ സാമുപാകയാതൊന്നും പ്രതിപാദിക്കാൻ വിചാരിക്കുന്നില്ല.

മി. കുഞ്ഞാലൻ പരമേശ്വരൻപിള്ള (അഡിഷണൽ ഫോർ സക്രട്ടറിക്കീഴ്): സർ, മെമ്പറിന്റെ ഓടപടി ശ്രമനസരണമാണോഎന്നു ചോദിച്ചുകൊള്ളുന്നു. റോഡിന്റെ ആവശ്യകതയേയോ അനാവശ്യകതയേയോ

സംബന്ധിച്ചു യാതൊന്നും പ്രതിപാദിക്കാൻ വിചാരിക്കുന്നില്ലെന്നു പറയുന്നു. ഉപക്ഷേപം ഒരു പ്രത്യേക റോഡിനെപ്പറ്റിയാണ്. അതുകൊണ്ടു മേഘരാ സംഗതികളെപ്പറ്റി ഇക്കാര്യത്തിൽ പറയുന്നതു അസംബന്ധമായിരിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നടപടിക്രമത്തെപ്പറ്റി എനിക്കു വേറൊരു സംശയമുണ്ടു. സഭയുടെ ഈ മാത്രത്തുള്ള ഒരു മെമ്പർക്കു വേറൊരു മെമ്പരുടെ വാദത്തിനു മറുപടിപറവാൻ അവകാശമുണ്ടോഎന്നറിവാൻ ആഗ്രഹിക്കുന്നു. അതാണ് എന്റെ വാദം.

റോഡിന്റെ ആവശ്യകത അന്വേഷിക്കാൻ നിയമിച്ചിട്ടുള്ള കമ്മിറ്റിക്കാരുടെ അഭിപ്രായം ഇതാണെന്നും ഈ സംഖ്യ കൂടുതലാകൊണ്ടു മിസ്റ്റർ കുഞ്ഞിരാമമേനോന്റെ ഉദ്ദേശം സാധിക്കയില്ലെന്നും ചില മെമ്പർമാർ പറകയുണ്ടായി. ഈ ഉപക്ഷേപം വോട്ടിനിട്ടാൽ അതു നടയുടെ ഘടനയ്ക്കു വിരുദ്ധമായിരിക്കുമെന്നും ചില മെമ്പർ പറകയുണ്ടായി. ഉപക്ഷേപം പാസാക്കിയാൽ ഘടനയെ സംബന്ധിച്ച നിയമനത്തിനു വിലങ്ങുകയാൽ സാങ്കേതിക ന്യൂനതയുള്ളതുകൊണ്ടു ശ്രീമൂലത്തിൽ അതിൻപ്രകാരം പ്രവർത്തിക്കാൻ നിർബ്ബന്ധിതരല്ലെന്നുള്ളതുകൊണ്ടു അതിന്റെ ആവശ്യകതയെപ്പറ്റി കഴിഞ്ഞ ചില വർഷങ്ങളായി താല്പര്യമുള്ളവരുടെ അഭിപ്രായം ഞാൻ കേവലം മതിയാകുന്നില്ലെന്നു കണ്ടു ശ്രീമൂലത്തിനോടു പറഞ്ഞുകൊണ്ടിരിക്കയാണെന്നുള്ള സംഗതി ചില മെമ്പരോടു ഞാൻ പറഞ്ഞുകൊള്ളുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നിട്ടും ഒരു നാമമാത്രമായ ഉപക്ഷേപം പാസ്സാക്കീട്ടും അന്വേഷണസ്ഥലമെമ്പർമാരുടെ ഇഷ്ടാനുസരണം ശ്രീമൂലത്തിൽ പ്രവർത്തിക്കയില്ലെങ്കിൽ അന്വേഷണസ്ഥലമെമ്പർമാർക്കുള്ള സ്ഥാനം എന്താണെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സ്ഥാപനനിയമസംബന്ധമായ പ്രയാസം ചില മെമ്പർ പറഞ്ഞതു അന്വേഷണസ്ഥലമെമ്പർമാരെ തങ്ങൾക്കാവശ്യം വേക്കാനായിമാത്രം പ്രയോഗിച്ച ഒരു ഉപായമായിരിക്കാം. സർ, ഞങ്ങളിൽ ചിലർ ഘടനയെസംബന്ധിച്ചു നിയമനങ്ങളെ വായിച്ചിട്ടുള്ളവരാണ്. ഈ സഭയുടെ ഇപ്പോഴത്തെ നിയമപ്രകാരം സഭയുടെ അധികാരത്തിനകത്തു ഒരതിരുകടന്നു പ്രവർത്തിക്കുവാൻ എനിക്കറിയാം. എന്നാൽ ഇപ്പോഴത്തെ ഘടനാവ്യവസ്ഥപ്രകാരവും ഞങ്ങൾക്കു നാമമാത്രമായ ഉപക്ഷേപത്തെക്കാൾ കൂടുതലായി വല്ലതും പ്രവർത്തിക്കാം. അതുകൊണ്ടു അങ്ങനെയുള്ള ചില സഭയുടെ ഈ ഭാഗത്തിരിക്കുന്നവരിൽ പലരേയും വശംവദരാക്കുകയില്ല. ഒരു നാമമാത്രമായ ഉപക്ഷേപം പാസ്സാക്കുന്നതിനാലോ, ശ്രീമൂലത്തിന്റെ സഭയുടെ ആഗ്രഹപ്രകാരം പ്രവർത്തിക്കാതിരുന്നാൽ ഒരു ക്രിമിനൽസംഖ്യ പെടുത്തിക്കുറയ്ക്കുന്നതിനാലോ ഞങ്ങൾക്കു നാമമാത്രമായ ഉപക്ഷേപത്തിനപ്പുറം പോകാൻ കഴിയും. ഞങ്ങളുടെ നിലയ്ക്കുണ്ടാകും ശ്രീമൂലത്തിനെ വ്യതിചലിപ്പിക്കയില്ലെങ്കിൽ വേറെ ചില മാർഗ്ഗങ്ങൾ ഞങ്ങൾക്കുണ്ടെന്നും അവയെ പ്രയോഗിക്കാൻ ഞങ്ങൾ തയ്യാറാണെന്നും ചില മെമ്പരോടു പറഞ്ഞുകൊള്ളുന്നു. ചങ്ങഴിക്കയത്തിന്റെ യോഗ്യതയെപ്പറ്റി ആലോചിച്ചാൽ അതു പ്രധമായിരുന്നിട്ടാവശ്യമില്ല. ഈ ക്രിമിനൽസംഖ്യ പെടുത്തിക്കുറയ്ക്കുന്നതിൽ അന്വേഷണസ്ഥലമെമ്പർമാരുടെ ഉദ്ദേശം എങ്ങനെയിരുന്നാലും തായ്ക്കീഴ് താലൂക്കിലെ ഗതാഗതമാർഗ്ഗങ്ങളെസംബന്ധിച്ചു അന്വേഷിക്കുന്ന വലിയസംഖ്യകൊണ്ടു ചെലവാക്കേണ്ടതെന്നല്ല. അതല്ല ഉദ്ദേശം, ചില മെമ്പർ പ്രസ്താവിച്ച ഘടന വ്യവസ്ഥയനുസരിച്ചു ഞങ്ങൾക്കു മുടന്തുപോകാൻ കഴിയുമെന്നാണ്, ഒരു നാമമാത്ര ഉപക്ഷേപത്താൽ ശ്രീമൂലത്തിനെ വ്യതിചലിപ്പിക്കാൻ കഴിയുമെന്നാണ് എങ്കിലും സംഖ്യ ഞങ്ങൾ കുറച്ചിരിക്കുന്നതു ന്യായമായിരിക്കും. അതിനാവശ്യംവേണ്ടതെങ്ങനെയായാലെന്നു ഈ സഭ ആലോചിക്കണം. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം സഭയ്ക്കു ശ്രീമൂലത്തിന്റെ മുതലെടുപ്പിൽനിന്നൊട്ടുകിട്ടുന്നില്ല. ഇന്നുകാണുന്നതിനേക്കാൾ ഇനി സംഖ്യ കുറയുകയുണ്ടെന്നു ഞങ്ങൾക്കു പറയാൻ പാടില്ല. സഭയുടെ ഘടനവ്യവസ്ഥപ്രകാരം ഈ സഭാ സാമാജികന്മാർക്കു അതിനധികാരമില്ല. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം സഭയിലെ അന്വേഷണസ്ഥലമെമ്പർമാർക്കുള്ള അവകാശം ശ്രീമൂലത്തിന്റെ അനുവാദം ചോദിക്കുന്ന സംഖ്യകൂടി പെടുത്തിക്കുറച്ചുകളയുകയാണു. ഈ ഉപക്ഷേപത്തിന്റെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശവും അതുതന്നെയാണ്. ഉപക്ഷേപം വോട്ടിനിടാൻ തിരുമനസ്സിലേക്കു ഇല്ലെന്നായാൽ എനിക്കുള്ള ഉദ്ദേശമുപേക്ഷിക്കും. ചില മെമ്പറിന്റെ വാദത്തിനു മറുപടിപറയണമെന്നും ഇങ്ങനെയുള്ള വാദങ്ങൾക്കു വല്ല വിലയില്ലെന്നു അന്വേഷണസ്ഥലമെമ്പർമാരെ ധരിപ്പിക്കണമെന്നുമാത്രമേ എനിക്കുദ്ദേശമുള്ളൂ. ഈ ഉപക്ഷേപം പാസ്സാക്കിയാലും, അതു ശ്രീമൂലത്തിന്റെ വ്യതിചലിപ്പിക്കയില്ലെന്നു പറഞ്ഞു യന്ത്രമയപ്പെട്ടുനാമന്നേ ചില മെമ്പർമാരുടെ വിചാരമെങ്കിൽ തെറ്റുചൂണ്ടുന്ന തിരിയാതാക്കിക്കളയണമെന്നുള്ളതുകൊണ്ടും മറ്റുള്ളതും സഭികരിക്കാൻ ഞങ്ങളും തയ്യാറാണെന്നു ഞാനും ശ്രീമൂലത്തിനോടു ബോധിപ്പിച്ചുകൊള്ളുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ചീഫ് സെക്രട്ടറിയും ആക്ടിംഗ് കമ്മിഷണർ): ഈ ഉപക്ഷേപം പാസ്സാക്കിയാൽ ഈ റോഡു അനാവശ്യമാകുമെന്നു സഭതീർച്ചയാക്കിയതായി വരികയില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശ്രീമൂലത്തിന്റെ അഭിപ്രായം എന്താണെന്നു എനിക്കറിവില്ലാത്തതുകൊണ്ടു മെമ്പറിന്റെ അഭിപ്രായപ്രകാരം റോഡു ആവശ്യമാകുന്നുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ചീഫ് സെക്രട്ടറിയും ആക്ടിംഗ് കമ്മിഷണർ): ഞാൻ അതിനെപ്പറ്റിയല്ല ചോദിക്കുന്നതു. നിയമമുണ്ടാക്കുന്നതിനാവശ്യം എന്നായിരിക്കുമെന്നാണു ഞാൻ ചോദിക്കുന്നതു. ഞാൻ ഒരു നിയമജ്ഞനല്ല. ഈ സംഖ്യ കുറച്ചുകളഞ്ഞാൽ ഈ റോഡു അനാവശ്യമാകുന്നുണ്ടെന്നു സഭ തീർച്ചയാക്കിയതായി പരിഗണിയ്ക്കുമോ എന്നറിവാനാണു ഞാൻ ആഗ്രഹിക്കുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാണു ഞാനും പറയേണ്ടതു. സഭയുടെ എതിരഭിപ്രായമുള്ളവർ വാദത്തിൽ കുഴപ്പമുണ്ടാക്കുന്നു. ഈ പ്രത്യേകഘടനത്തിൽ ൩,൦൦൦ രൂപാ അനുവദിച്ചിട്ടുണ്ടു. അതിൽനിന്നു ൨,൦൦൦ രൂപാ ഏടുത്തുകളയണമെന്നാണു ഞങ്ങളുടെ ഉദ്ദേശം. നിങ്ങൾ ൩,൦൦൦ രൂപാകൊണ്ടു മജിസ്റ്റ്രേട്ടു നടത്തണം. ഇതാണു അന്വേഷണസ്ഥലമെമ്പരുടെ നില.

മി. എസ്. സി. എച്ച്. റോബിൻസൺ (ചീഫ് സെക്രട്ടറിയും ആക്ടിംഗ് കമ്മിഷണർ): എന്നാൽ അതു തെറ്റായ നയമാണോ എന്നു പറയുമോ? ഈ പണം ചെലവാക്കിയാൽ അതു തിരുവിതാംകൂർ മുഴുവനും ഗുണകരമായിവിനിയോഗത്തിൽ വരുത്തിയതിനേക്കാൾ അതു ഗതാഗതസൗകര്യമുള്ളതാക്കും, രാജ്യത്തിന്റെ ഒരു പ്രത്യേക പ്രദേശത്തു മാത്രമേ ഗുണകരമാകുന്നുള്ളൂ റോഡുകൊണ്ടു ഇല്ലെന്നു പറയുന്നതുകൊണ്ടു തിരുവിതാംകൂറിനു ആകപ്പാടെ ഗുണകരമായ ഒരു കാര്യത്തിനു വേണ്ടെന്നു പറയുന്നതു ന്യായമായിരിക്കുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ മുമ്പിലത്തെ മറുപടി ഇന്നും മറുപടിയാണ്. തിരുവിതാംകൂറിലെ പണമെല്ലാം എടുത്തു ഈ റോഡുസ്കീമിൽ ഉണ്ടാക്കാനായി ചെലവിടരുതു്. ഈതൽപണം ആവശ്യമായിവരുമ്പോഴേക്കു കരപണം മറ്റു സ്ഥലങ്ങളിൽ ചെലവാക്കണം. ആ സമയം ഈ റോഡിന്നായും കുറേശ്ശെ ചെലവുചെയ്യണം. ഇതാണു എന്റെ മറുപടി.

മി. എസ്. സി. എച്ച് റോബിൻസൺ (ലാണ്ട് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): ഈ ഞങ്ങളെയായാൽ മലകളിൽ ഗതാഗതസൌകര്യം ഉണ്ടാകുന്നതിനു ദീർഘകാലം വേണ്ടിവരും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏലമലയിലെ തോട്ടങ്ങൾ കുറെ വർഷങ്ങൾകൊണ്ടു നശിക്കുന്നതുകൊണ്ടു തിരിക്കും. വാളേവിഷയത്തെ ആവശ്യത്തിനുതന്നെയാകുമ്പോലെ എല്ലാവശങ്ങളിൽനിന്നും നോക്കണം. അനാവശ്യമായ റോഡുകളുണ്ടാക്കിയാൽ മലംപ്രദേശത്തു ഗതാഗതസൌകര്യം ഉണ്ടാകും. അതു വേറൊരുകാര്യമാണു ഈ റോഡു ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. നൂറായിരം റോഡുകൾ ആവശ്യമാണ്.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ട് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): ഈ റോഡ് ആവശ്യമാണെന്നു മെമ്പർ പറയുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാവശ്യമാണ്. അതിനാൽ അതിന്നായി 1,000 രൂപാ ഞാനവഴിക്കാൻ ഞങ്ങൾ തയ്യാറാണ്.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ട് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): ഈ റോഡുണ്ടാക്കുന്നതിനാൽ രാജ്യത്തിന്റെ അധികഭാഗത്തു ഗതാഗതസൌകര്യം ഉണ്ടാകയില്ലയോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിശ്ചയമായിട്ടും ഇംഗ്ലണ്ടിൽ നിന്നു പണം കടം വാങ്ങി റോഡുണ്ടാക്കിയാൽ രാജ്യത്തിന്റെ എല്ലാ ഭാഗത്തും ഗതാഗതസൌകര്യം ഉണ്ടാകയും ഗവർണ്മെന്റിനും ജനങ്ങൾക്കും ഗുണകരമായിരിക്കയും ചെയ്യും.

മി. എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): വാളപ്രതിവരം നിർത്തണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡന്റ്: ഈ കാര്യത്തെപ്പറ്റി ഉദ്യോഗസ്ഥന്മാർ മറുപടി പറഞ്ഞിട്ടില്ല.

മി. എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): വാളം നിർത്തുന്നതുള്ള പ്രമേയം ഞൻ ഫാജരാക്കിയശേഷം ഉദ്യോഗസ്ഥന്മാർക്കു സംസാരിക്കാമല്ലോ.

മി. എ. കൊച്ചുപ്പൻ (ചീഫ് ഇഞ്ചിനീയർ): മെമ്പർമാരിൽ പലർക്കും ഒരു തെറ്റിദ്ധാരണയുണ്ടെന്നു തോന്നിക്കാണിക്കേണ്ടിയിരിക്കുന്നു. റോഡു പൂർത്തിയാക്കയും അതിനെ മോട്ടോർകാർകൂടി ഉപയോഗിച്ചുവരികയും ചെയ്യുന്നു.

പ്രസിഡന്റ്: ഈ റോഡിന്റെ ചെലവു കോട്ടക്കാരനെന്നു നാം വല്ല ഉടമ്പടിയും ചെയ്തിട്ടുണ്ടോ?

മി. എ. കൊച്ചുപ്പൻ (ചീഫ് എഞ്ചിനീയർ): ഉവ്വ്, സർ.

പ്രസിഡന്റ്: അതു നിയമപ്രകാരമുള്ള തുടമ്പടിയാണോ എന്ന സംശയത്തോടു പറയുമോ?

മി. എ. കൊച്ചുപ്പൻ (ചീഫ് എൻജിനീയർ): സർ, കൺട്രാക്ട് ചെയ്ത തുടമ്പടിപ്രകാരം റോഡ് പൂർത്തിയാക്കിയിരിക്കുന്നു.

പ്രസിഡന്റ്: മയമായി അതു സംശയത്തോടെ വിവരിച്ചു പറയുമോ?

മി. എ. കൊച്ചുപ്പൻ ചീഫ് എഞ്ചിനീയർ): മേലിക്കുള്ളുനിന്നു മേപടിയ കരാർവരെയുള്ള ഈ റോഡിന്റെ സ്റ്റേ മേൽ നിലയുണ്ട്. മൈലേഞ്ചിന്റെ മദ്ധ്യഭാഗം ഗതാഗതസൌകര്യം ഉള്ളതാക്കുന്നതിനു കമ്മിറ്റിയിൽ നിന്നു മേലിക്കുള്ളിലേക്കു മോട്ടോർവാഹനങ്ങൾക്കു പോകത്തക്ക ഒരു റോഡിന്റെ രേഖമായിരിക്കുന്നതെന്നാണു ഈ റോഡിന്റെ ഉദ്ദേശം. പണികഴിച്ചു പൂർത്തിയാക്കി റോഡിപ്പോൾ വാഹനങ്ങളുടെ സഞ്ചാരത്തിനു ധാരാളമായി ഉപയോഗിച്ചുവരുന്നു. ഈ റോഡുണ്ടാക്കുന്നതിനുള്ള കൺട്രാക്ട് കൺട്രാൻ ചെയ്തതനുസരിച്ചുള്ള കരാർ കെ. ഡി എച്ച്. പി. കമ്പനിക്കു കൊടുത്തു. ആ ഉടമ്പടിപ്രകാരം റോഡ്പണിക്കു ചെലവാകുന്ന സംഖ്യയും മേലനുഷ്ഠാനത്തിനു അതിന്റെ 10 ശതമാനവുംകൂട്ടി എഴു പ്രതിവർഷത്തവണയായി കമ്പനിക്കു കൊടുത്തുതീർക്കേണ്ടതാകുന്നു. തവണകൾ പണിപൂർത്തിയായതിന്റെപിറ്റേകൊല്ലംമുതൽ ആരംഭിക്കും. 50,000 രൂപാ വീതം ആറു തവണത്തെ പണം കൊടുത്തു കഴിഞ്ഞിരിക്കുന്നു. കൊടുക്കാൻ ബാക്കിയുള്ളതു 37,500 രൂപയാണ്. അതിൽ 50,000 രൂപാ ക്രമത്തിൽ കൊടുക്കേണ്ടതാണ്. അതിനാണ് ഈ സംഖ്യക്കു അനുവാദം ചോദിച്ചിട്ടുള്ളതും, സമയത്തിനു കൊടുക്കാഞ്ഞാൽ ആ ഉടമ്പടി ലംഘനമായി തീരുന്നതും തൽഫലം ഗവർണ്മെന്റിനു നഷ്ടം ഉണ്ടാകുന്നതും ആകുന്നു.

മി. എസ്. സി. എച്ച്. റോബിൻസൺ (ലാണ്ട് റവന്യൂവും ആഭ്യന്തരനികുതിയും കമ്മീഷണർ): പണം ഇപ്പോൾ കൊടുത്തില്ലെങ്കിലേ നാം പലിശ കൊടുക്കേണ്ടിവരികയില്ലയോ?

മി. എ. കൊച്ചുപ്പൻ (ചീഫ് എഞ്ചിനീയർ): ഈ വിഷയത്തിൽ സൂചനയുണ്ടായി ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

മി. എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കരയും കായംകുളവും): വാളം നിർത്തുന്നതിനു ഞാൻ പ്രമേയം ഫാജരാക്കിയിരിക്കുന്നു.

പ്രസിഡന്റ്: ഇതൊരു പ്രധാന്യമുള്ള കാര്യമായതുകൊണ്ടു ഞാൻ ഇപ്പോൾ വാളപ്രതിവാളം നടത്തണമെന്നു തോന്നുന്നു. അതുകൊണ്ടു വാളം നിർത്താനുള്ള പ്രമേയം ഞാൻ അനുവദിക്കുന്നില്ല.

മി. ഡി. ഫ്രാൻസിസ് (ഗവർണ്മെന്റ് നിയമനം): ഈ റോഡ് തൊഴിൽക്കാരുടെ ഉപയോഗമുള്ളതായിരിക്കുമെന്നു തോന്നുന്നു.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും തെക്കു): ഉദ്യോഗസ്ഥന്മാർ മറുപടി പറഞ്ഞുവല്ലോ.

പ്രസിഡൻറ്: അടുത്ത ഇനത്തെപ്പറ്റിയാണ്.

മി. ഡി. ഫ്റാൻസിസ് (ഗവണ്മെൻറ് നിയമനം): ഈ റോഡ് പ്രധാനപ്പെട്ട ഒന്നായതുകൊണ്ട് അടുത്ത സമ്മേളനത്തിൽ ഉൾപ്പെടുത്താതെ ഇപ്പോൾത്തന്നെ അതിനുവേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അടുത്തകൊല്ലത്തെ ഏതാൻ ഉപക്ഷേപങ്ങളെ എതിർക്കുന്നു.

മി. തയ്യിൽ കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിൻറെ ഉദ്ദേശം പ്രധാനവും അപ്രധാനവുമായവയെ വേർതിരിച്ചുറിഞ്ഞു പ്രവർത്തിയ്ക്കണമെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുന്നതിനായിരുന്നു. ഏതു റോഡും അവശ്യമാണ്. അവശ്യമില്ലാത്ത ഒരു റോഡും കാണുകയില്ല. ഒരാളെങ്കിലും നടക്കുന്ന റോഡ് ഉണ്ടായിരിക്കയുമില്ല. എന്നാൽ ജനനിബിഡമായ പ്രദേശങ്ങളിൽ ആളുകൾ ഗതാഗതസൗകര്യം തീരെയില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. അവിടെയാണ് റോഡുകൾ ആദ്യം വെട്ടിക്കൊടുക്കേണ്ടത്. ഗവണ്മെൻറുദ്യോഗസ്ഥനിന്നും ചീഫ് ഇഞ്ചിനീയർ പറയുന്നത് ഈ റോഡിനെ വേല നടത്തുകൊണ്ടിരിക്കുന്നു എന്നാണ്. ഇതിങ്കലിന്നും ഞങ്ങൾ പണം അനുവദിക്കുന്നതിനുമുമ്പു ചിലകാര്യങ്ങളിൽ ഗവണ്മെൻറിനോടതാൻ ഗവണ്മെൻറിന്നും ഡിപ്പാർട്ടുമെൻറിനും നല്ലവണ്ണം അറിയാമെന്നു സ്പഷ്ടമാക്കുന്നു.

മി. എ. കേവപ്പൻ (ചീഫ് ഇഞ്ചിനീയർ): മിസ്റ്റർ കുഞ്ഞിരാമൻനായരുടെ തെറ്റിദ്ധാരണ നീങ്ങിട്ടില്ല. പണി നടത്തുകൊണ്ടിരിക്കുന്നു എന്നു അദ്ദേഹം പറയുന്നു. പണിയിന്നു എന്നാണ് ഞാൻ പറഞ്ഞത്.

മി. തയ്യിൽ കുഞ്ഞിരാമൻനായർ (മൂവാറ്റുപുഴയും തൊടുപുഴയും): റോഡ് തീർന്നിരിക്കുന്നു എന്നാണ് മിസ്റ്റർ കേവപ്പൻ വീണ്ടും പറയുന്നതു. ഇതു ഞാൻ ഒട്ടുവിൽ പറഞ്ഞ ഭാഗത്തെ കുറെക്കൂടി സ്പഷ്ടമാക്കുന്നുണ്ട്. ഇങ്ങനെ ചില റോഡുകൾ വെട്ടിത്തീർത്തതിനുശേഷമാണ് ബഡ്ജറ്റിൽ പണംചേർത്തു അനുവാദത്തിനായി സഭയുടെ മുമ്പാകെ കൊണ്ടുവരുന്നതു. ഈ സമ്പ്രദായം ഈ കൗൺസിലിൻറെ കഴിഞ്ഞവർഷത്തിനോ മുമ്പിനോ ഒട്ടും യോജിച്ചതല്ല. ഫറ ക്ഷം, ഫറ ല—ക്ഷം, ഫറ ന—ക്ഷം ബഡ്ജറ്റിൽചേർത്ത ഇങ്ങനെ മിക്കതും ഒരിപ്പോലും റോഡുപണിയുടെ വെറുതെ മാപ്പ്സാക്ഷിയായ ഉദാഹരണങ്ങളാണ് ഞാൻ മുമ്പു പറഞ്ഞുവല്ലോ. ഇതു ഇന്നലത്തെയും ഇന്നത്തെയും കൗൺസിൽ മേമ്പ്രങ്ങളുടെ മാത്രമായിട്ടുള്ളതുമല്ല. സ്പഷ്ടമായിട്ടുണ്ട്.

വലിയ ഇങ്കുകൾ കുറയ്ക്കുന്നതു ശരിയല്ലെന്നു ലാക്കമെമ്പർ പറയുകയുണ്ടായി. അതു സഭയുടെ ഈ ഭാഗത്തുള്ള ഞങ്ങൾ ആലോചിക്കേണ്ടതാണ്. വലിയ ഇങ്കുകൾ കുറയ്ക്കുവാൻ പാടില്ലായിരുന്നുവെങ്കിൽ അവ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാനുള്ള അധികാരം ഈ സഭയ്ക്കു നൽകീട്ടുള്ളതിൻറെ പ്രയോജനം പിന്നാണെന്നു ലാക്കമെമ്പർ പറയേണ്ടതായിരുന്നു. പല്ലിവാസൽറോഡിനു രണ്ടിനത്തിലായി ര ലക്ഷവും മേലിക്കും ഡിവിഷനിലെ മറ്റു ചില റോഡുകൾക്കായി ൩ ,൦൦൦-ത്തോളവും രൂപ കൊള്ളിയ്ക്കുകയും താലൂക്കിൻറെ മറ്റുഭാഗത്തെ പുതിയ റോഡുകൾക്കെല്ലാംകൂടി ൪ ,൦൦൦ രൂപയും ബഡ്ജറ്റിൽ ചേർത്തുകൊണ്ടാണ് മേലിക്കൂരത്തെ വസ്തുക്കൾ കുറയ്ക്കുവാൻ പാടില്ലെന്നു ഗവണ്മെൻറുദ്യോഗസ്ഥനിന്നും ലാക്കമെമ്പർ പറയുന്നതു. സൻറ്റ്ലക്ഷം ജനങ്ങൾക്കു ൪ ,൦൦൦ രൂപയും, അര ലക്ഷം ജനങ്ങൾക്കു ര് ലക്ഷം രൂപയും പീതം പുതിയ റോഡുകൾക്കു വിളംബിച്ചിരിക്കുന്നതു ജനപ്രതിനിധികളായ ഞങ്ങളുടെ ഏതെങ്കിലും നല്ലവണ്ണം സ്പർശിച്ചിട്ടുണ്ട്. കഴിഞ്ഞ കൊല്ലം ഭരണവും ഡിവിഷനിൽപ്പെട്ട മൂവാറ്റുപുഴ, തൊടുപുഴ, കുന്നത്തുനാടു, വയ്ക്കം മുതലായ അധിക ജനവാസമുള്ള താലൂക്കുകൾക്കു ഏഴിലൊരിരട്ടി, എണ്ണായിരത്തോളം രൂപയാണ് നീക്കിവച്ചിരുന്നതു. എന്നാൽ അതിലും ഭൂരിഭാഗവും ചിലവാക്കാതെ തിരിയെ ഒണ്ഡാരത്തിൽത്തന്നെ ചെന്നുചേരുകയുംചെയ്തു. ഞങ്ങളെ വരാനുള്ള കാരണം മൂവാറ്റുപുഴ പബ്ലിക്കുവർക്സ് ഡിവിഷൻ അധികാരികളുടെ ശ്രദ്ധയുഴുവനും മൂവാറ്റുപുഴ ഡിവിഷനിൽപ്പെട്ട മേലിക്കൂരത്തേയ്ക്കു വഴിഞ്ഞതാണ്. ഇനിയും മുൻകൊല്ലങ്ങളിലെ അനുഭവംതന്നെ വന്നേക്കുമെന്ന ഭയപ്പെടേണ്ട സ്ഥിതിയിലാണിരിക്കുന്നതു. കഴിഞ്ഞ കൊല്ലം രണ്ടു ലക്ഷം രൂപ മേലിക്കൂരത്തേക്കു ചിലവാക്കേണ്ടിവന്നതുകൊണ്ടു മറ്റുഭാഗങ്ങളിലെ ജോലികൾ പലതും നടന്നില്ല. എന്നാൽ ഇപ്പോൾ മേലിക്കൂരം ഡിവിഷനിൽ ര് ലക്ഷം രൂപ ചിലവാക്കേണ്ടിയിരിക്കുന്നതിനാൽ നിർബ്ബന്ധമായിട്ടും മൂവാറ്റുപുഴ ഡിവിഷനിൽപ്പെട്ട വടക്കൻ താലൂക്കിലെ വേലകൾ ഒക്കെയും നടക്കാതെ വന്നേക്കുമെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം ഏകദേശം ഒരു ലക്ഷത്തോളം രൂപയുടെ വേലകൾ നിർവഹിക്കുവാൻ ഡിപ്പാർട്ടുമെൻറിനു സാധ്യമല്ലെന്നു പ്രത്യക്ഷപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അത്യാവശ്യമായ കാര്യങ്ങൾ നടത്താതെ മറ്റുകാര്യങ്ങൾ നടത്തുന്ന നയം ഒരിക്കലും നല്ലതല്ല. ഇതു വ്യക്തമാക്കിപ്പറയുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു. എന്നാൽ ഈ ഉപക്ഷേപത്തിൽപ്പെട്ട വേല മിക്കതും തീർന്നിരിക്കുന്നു എന്നു ചീഫ് ഇഞ്ചിനീയർ പറയുന്ന സ്ഥിതിക്കു ഈ ഇക അനുവദിച്ചുകൊടുക്കാതിരിക്കുന്നതു ശരിയല്ല. വേലചെയ്യുവാൻ പണം കൊടുത്തതിലുള്ളതുകൊണ്ടു അതു ന്യായമായിരിക്കയില്ലല്ലോ. ഗവണ്മെൻറിൻറെ വിശ്വാസനഷ്ടത്തിനും ഇതു കാരണമാണ്. ഗവണ്മെൻറു ഈ ഇക ബഡ്ജറ്റിൽച്ചേർത്തു കൗൺസിലിൻറെ അനുമതി പ്രാപിയ്ക്കുമ്പോൾ വേല നടത്തേണ്ടതായിരുന്നു. അങ്ങനെ ചെയ്യുന്നതു കൌൺസിലിൻറെ അഭിമാനത്തെ കുറയ്ക്കുയാണ്. ഏതായാലും ജനപ്രതിനിധികളും ഗവണ്മെൻറിൻറെ അഭിമാനത്തെ പരിരക്ഷിക്കേണ്ടതാണല്ലോ. അതിനായി ഈ ഡിപ്പാർട്ടുമെൻറിലെ ഭരണകാര്യകർത്തൃങ്ങളെ പ്രത്യേകപ്പെട്ടുത്തിക്കൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഉപക്ഷേപം പിൻവലിക്കുന്നതിനു നിങ്ങൾ സഭയുടെ അനുവാദം ചോദിക്കണം. നിങ്ങൾ അങ്ങനെ പറഞ്ഞിട്ടില്ലാത്തതുകൊണ്ടു ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ മിസ്റ്റർ കുഞ്ഞിരാമൻനായർക്കു അനുവാദം കൊടുക്കുന്നുവോ?

ഉപക്ഷേപം അനുവാദപ്രകാരം പിൻവലിച്ചു.

ഉപക്ഷേപം നമ്പർ ,

താഴെപ്പറയുന്ന ഉപക്ഷേപം ഹാജരാക്കിയില്ല.

മി. തയ്യിൽ കുഞ്ഞിരാമൻനായർ:

നമ്പർ . കഴിയുകയാൽ മുതൽ ശാന്തൻപാറവരെ ഒരു റോഡ് വെട്ടുന്നതിനു (ഇനം ഫറ ൪) അനുവദിച്ചിട്ടുള്ള ഫ ,൦൦൦ രൂപയിൽ ൯,൦൦൦ രൂപ കുറയ്ക്കുണം.

ഉപക്ഷേപം നമ്പർ 8.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): പെരിയാറ്റിൽ കടവ് ഫെയർഫീൽഡിൽ നിന്നും——

പ്രസിഡൻറ്: മിസ്റ്റർ കുഞ്ഞിരാമൻനമ്പ്യാർ, നിങ്ങൾ പ്രസംഗം തുടങ്ങുന്നതിനുമുമ്പായി ഇതൊരു ക്ലിപ്തസംഖ്യ കുറയ്ക്കാനുള്ളതാകുകൊണ്ടു ഒരു നാമമാത്രഉപക്ഷേപമായി വിചാരിക്കാൻ പാടില്ലെന്നു നിങ്ങളെ ധരിപ്പിച്ചു കൊള്ളുന്നു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): പെരിയാറ്റിൽ ഫെയർഫീൽഡിൽനിന്നും ദേവികുളം, പിന്നെമേട്ടുപ്പാളയം നാലാമത്തെ മയിലിൽനിന്നുമുള്ള ഒരു കാർട്ടറോഡു പകുതിച്ചിലവിലുള്ള ക, ൦൦൦ രൂപയിൽനിന്നും ക, ൦൦൦ രൂപ കുറയ്ക്കണമെന്നാണ് എൻറെ ഉപക്ഷേപം.

ഇതു മുമ്പ് പ്രസ്താവിച്ചുപോന്നതുപോലെ വലിയ അത്യാവശ്യമായ ഒരു കാര്യമല്ല. അതിനാൽ ഈ പതിനായിരം രൂപ കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞൻ ഈ സമയത്തിൽ അവതരിപ്പിച്ചുകൊള്ളുന്നു.

മി. എ. ടൈപ്പൻ (ചീഫ് എഞ്ചിനീയർ): സർ, ദേവികുളം പെരിയകനാൽറോഡിനെ സംബന്ധിച്ചു മിസ്റ്റർ റോബിൻസൺ പറഞ്ഞ കാരണങ്ങളാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. തിരുവിതാംകൂർ കാര്യങ്ങൾ അവിടെയുള്ള തേയിലത്തോട്ടങ്ങളുടെ ഗുണത്തെ ഉദ്ദേശിച്ചു കൂടുതൽ ബലത്തോടെ ഞാൻ ഇതിനെ എതിർക്കുന്നു. അതുകൊണ്ടു ഉപക്ഷേപത്തെ പിൻവലിക്കണമെന്നു ഞാൻ മെമ്പറിനോടു അപേക്ഷിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, മിസ്റ്റർ കുഞ്ഞിരാമൻനമ്പ്യാരുടെ ഉപക്ഷേപത്തെ പിൻതാങ്ങേണ്ടതു ആവശ്യമാണെന്നു തോന്നുന്നു. ഫെയർഫീൽഡിൽനിന്നു ഒരു റോഡ് പാമ്പനാറിൽവന്ന കേ. കേ. റോഡിൽ ചേരുന്നു. ഈ സ്ഥിതിക്കു ഫെയർഫീൽഡിൽനിന്നു തെക്കോട്ടേക്കു, പെരിയാറിലേക്കു, ഒരു റോഡിൻറെ ആവശ്യമില്ല. കോഴിക്കാനം, ഹാലിൽസ്ബറി (Halesberry) മുതലായ സ്ഥലങ്ങളിൽക്കൂടി കരിംകുളം മുതലായ തൊട്ടങ്ങളിലേക്കു പെരിയാർകടന്നു ഒരു റോഡ് പോകുന്നുണ്ട്. ഇങ്ങനെ രണ്ടു റോഡുകളുള്ള സ്ഥിതിക്കു മൂന്നാമതു ഒരു റോഡിൻറെ ആവശ്യമില്ല. അതുകൊണ്ടു ഞാൻ മിസ്റ്റർ കുഞ്ഞിരാമൻനമ്പ്യാരുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

പ്രസിഡൻറ്: മിസ്റ്റർ കുഞ്ഞിരാമൻനമ്പ്യാരുടെ മറുപടിപറയാനായി എഴുന്നേറ്റുകഴിഞ്ഞിരിക്കുന്നു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ റോഡ് ആവശ്യമാണെന്നു ചീഫ് എഞ്ചിനീയർ പറയുകയുണ്ടായി എങ്കിലും എൻറെ മാന്യസ്നേഹിതൻ മിസ്റ്റർ ആർ. രാമൻപിള്ള പ്രസ്താവിച്ചതുപോലെ മറ്റു രണ്ടുറോഡുകൾ ഉള്ളതുകൊണ്ടു ഈ റോഡിലേക്കു ചേർത്തിരിക്കുന്ന തുക കുറയ്ക്കുതന്നെവേണം. ഇപ്രകാരം വമ്പിച്ച തുക ദേവികുളത്തുതന്നെ ചെലവുചെയ്യുന്നതു മറ്റു താലൂക്കുകളെ സങ്കടമുണ്ടാക്കും. നാലര ലക്ഷത്തോളം രൂപയാണ് ദേവികുളത്തേക്കു ചെലവാക്കാൻ ചേർത്തിരിക്കുന്നതു. അതുകൊണ്ടു ഈ തുക കുറയ്ക്കണം.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ് കോൺട്രാക്ടർ സെക്രട്ടറി): ഇതൊരു പുതിയ പണിയാരംഭിക്കുന്നതിനായി വലിയ നംബ്യുകൾ ചെലവുചെയ്തു കഴിഞ്ഞിരിക്കുന്നു എന്നും മെമ്പർക്കറിവുള്ളതാണെന്നു ചോദിച്ചുകൊള്ളുന്നു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): അതിപ്പോൾ ഉടനെ പൂർത്തിയാക്കാത്തതുകൊണ്ടു വലിയ ദോഷമൊന്നുമില്ല. പള്ളിവാസൽ-ദേവികുളംമധ്യം റോഡുതുടങ്ങിയ വേലക്കാരെല്ലാം പോയ്തീർക്കട്ടേ. ദേവികുളത്തേയ്ക്കു വേണ്ട ജോലിക്കാരെല്ലാം ഉടനടിതന്നെ പൂർത്തീകരിക്കണമെന്നില്ലല്ലോ.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവൺമെൻറ് കൈനാൻഷ്യൽ കമ്മിറ്റി): പണിതുടങ്ങിയ ഒരു റോഡ് പൂർത്തിയാക്കാതെ വളരെക്കാലം ഇട്ടേക്കുന്നതു ബുദ്ധിപൂർവ്വകമായിരിക്കുമോയെന്നും ഗവൺമെൻറ് അങ്ങനെ ചെയ്യുന്നതു കുറേമുതൽ നഷ്ടപ്പെടുത്തുകയല്ലയെന്നും അങ്ങുന്നാ മെമ്പർ പറയുന്നത് ?

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): അങ്ങനെയാണല്ലോ നാട്ടിൻപുറത്തു നടക്കുന്നതു. അതായതു മുറിമുറിയായിട്ടു ജോലിചെയ്യുന്നു.

പ്രസിഡൻറ്: നേരിയമംഗലം വിട്ടുതരുമോയിലാണ് ?

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): മൂവാറ്റുപുഴതരുമ്പോൾ.

പ്രസിഡൻറ്: അതു മൂവാറ്റുപുഴതരുമ്പോലിലാണ്.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): ഉപക്ഷേപം വോട്ടിനിടണമെന്നു അപേക്ഷിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവതാരകൻ മറുപടി പറഞ്ഞുകഴിഞ്ഞിരിക്കേ അദ്ദേഹം സംസാരിക്കുന്നതു ക്രമവിരുദ്ധമല്ലയോ.

പ്രസിഡൻറ്: അവതരികൻ മറുപടി പറഞ്ഞുകഴിഞ്ഞതുകൊണ്ടു അദ്ദേഹം സംസാരിച്ചാൽ ക്രമവിരുദ്ധമായിരിക്കും.

മി. എ. ടൈപ്പൻ (ചീഫ് എഞ്ചിനീയർ): ഇപ്പോഴുള്ള റോഡുകൾ വലിയ കയറ്റിറക്കങ്ങളുള്ള സ്ഥലങ്ങളിലൂടെയുള്ള റോഡുകളും ആകണമെന്നും വാഹനവിഷയമായ പുതിയ റോഡ് മോട്ടോർയാത്രാസഞ്ചാരത്തിനുദ്ദേശിച്ചിട്ടുള്ളതാണെന്നതുമല്ലാതെ എതിർക്കാനും ന്യായമായി പറയാനില്ല. പ്രധാനറോഡിനോടും അതു ചേരുന്നുണ്ട്. ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ മെമ്പറോടു അപേക്ഷിക്കുന്നു.

മി. തയ്യുള കുഞ്ഞിരാമൻനമ്പ്യാർ (മൂവാറ്റുപുഴയും തൊടുപുഴയും): കൗൺസിലിൽ ഇതിനു മുമ്പു അനുവദിച്ചിട്ടുള്ളതാണോ?

പ്രസിഡൻറ്: ഈ റോഡു ആരംഭിച്ചുകഴിഞ്ഞോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): അതുചെയ്യാമല്ലോ.

പ്രസിഡന്റ്: എപ്പോൾ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ) ക ക ൦ ൦ാമാണ്ടു.

പ്രസിഡന്റ്: അനന്തരവകയിച്ചിട്ടുണ്ടോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): ക ക ൦ ൦ാമാണ്ടു സഭ അനുവദിച്ചു.

പ്രസിഡന്റ്: വല്ല ഉടമ്പടിയും അനുസരിച്ചാണോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): അതേ.

പ്രസിഡന്റ്: പണം കൊടുത്തിട്ടുണ്ടോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): ചെയ്തു പണിക്കു പണം കൊടുക്കാറുണ്ടു.

മി. പി. ചെല്ലപ്പിള്ള (തേവാള): ആ റോഡിനു അടുത്തവരെ ചെലവായിട്ടുള്ള സംഖ്യ എത്രയാണെന്നു പറയുമോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): ഒന്നു, ഒ ഒ ക രൂപായും കൊടുക്കാനുള്ള ക ഉ, ൦ ൦ ൦ രൂപായും ഇങ്ങനെ ആകെ ഒന്നു, ഒ ഒ ക രൂപാ.

മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പതിനായിരം രൂപാ ചെലവുചെയ്താൽ ഈ വേല പൂർത്തിയാകുമോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): ഇല്ല. അതിന്റെ പണി പൂർത്തിയാകയില്ല. ആകെ ര ഉ, ൦ ൦ ൦ രൂപാ ചെലവാകുമെന്നാണു എസ്റ്റിമേറു.

മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ റോഡു ഇറങ്ങുന്ന സ്ഥലം ചീഫ് എൻജിനീയർ സന്ദർശിച്ചിട്ടുണ്ടോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): ഉവ്വ്, സർ, ഞാൻ കഴിഞ്ഞപ്രാവശ്യം പീരുമേട്ടിൽ സഞ്ചരിച്ചപ്പോൾ ഈ റോഡു സന്ദർശിച്ചു.

മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ റോഡു അത്യാവശ്യമാണെന്നു ഒരവാ ങ്ങിച്ചിട്ടുണ്ടോ?

മി. എ. തെവപ്പൻ (ചീഫ് എൻജിനീയർ): നിശ്ചയമായിട്ടും ആ മനോഹരപ്രദേശം യാത്രാസൗകര്യമുള്ളതാക്കുന്നതു ആവശ്യമാണെന്നു എനിക്കു ബോദ്ധ്യമായിട്ടുണ്ടു.

മി. തയ്യൂർ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇങ്ങനെ അത്യാവശ്യമാണെന്നു ചീഫ് എൻജിനീയർ ആവർത്തിച്ചു പറയുന്നതുകൊണ്ടു ഈ ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു.

ഉപക്ഷേപം അനുവദിപ്രകാരം പിൻവലിച്ചു.

ഉപക്ഷേപങ്ങൾ നമ്പർ ൦-.

താഴെ പറയുന്ന ഉപക്ഷേപങ്ങൾ ഹാജരാക്കിയില്ല.

മി. കെ. സി. കുഞ്ഞാക്കരൻ:

നമ്പർ. യാത്രാ മാസ്റ്റർമാർക്കായി അനുവദിച്ചിട്ടുള്ള ഡ, ന, ൦, ൦ രൂപായിൽ ക ൦ രൂപാ കുറയ്ക്കുണം.

മി. പി. എസ്. മഹമ്മദ്:

നമ്പർ. യാത്രാമാസ്റ്റർമാർക്കായി അനുവദിച്ചിട്ടുള്ള ഡ, ന, ൦, ൦ രൂപായിൽ ക ൦ ൦ രൂപ കുറയ്ക്കുണം.

ഉപക്ഷേപം നമ്പർ.

മെമ്പർ ഹാജരില്ലാത്തിരുന്നതിനാൽ താഴെ പറയുന്ന ഉപക്ഷേപം ഹാജരാക്കാത്തതായി തീരുമാനപ്പെട്ടു.

മി. എൻ. ആർ. കൃഷ്ണപിള്ള:

നമ്പർ. മരാമത്തു പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള ന, ന്നു, ന്നു, ൪ ന ൪ രൂപായിൽ ഒരു രൂപാ കുറയ്ക്കുണം.

ഉപക്ഷേപം നമ്പർ.

മി. എ. എസ്. മാമ്മോദരൻആശാൻ (മല്ലപ്പള്ളിക്കാർക്കു കോൺട്രാക്ടുള്ളിയും): സർ, താഴെ പറയുന്ന ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

മരാമത്തുപണികൾക്കു അനുവദിച്ചിട്ടുള്ള ന്നു, ന്നു, ൪ ന ൪ രൂപായിൽ ക ൦ ൦ രൂപാ കുറയ്ക്കുണം.

ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതിന്റെ ഉദ്ദേശം ഈ സംസ്ഥാനത്തു യാത്രാസൗകര്യമുണ്ടാക്കുന്നതിനു അധികം പണം അനുവദിക്കുന്നതിനുള്ള ആവശ്യകതയെയും സംസ്ഥാനത്തെ പല ഭാഗങ്ങൾക്കും പണം ശരിയായി വിതരണം ചെയ്യുന്നതിന്റെ ആവശ്യകതയെയും അങ്ങനെ വിതരണം ചെയ്യുന്ന പണത്തെ ഉത്തമമായവിധത്തിൽ ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെയും സർക്കാർനിന്റെ ശ്രദ്ധയിലേക്കു വിഷയിപ്പിക്കുന്നതുമാകുന്നു.

ഈ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി നാന്നാകുന്നതിനുള്ള മാർഗ്ഗം ഇവിടത്തെ യാത്രാസൗകര്യങ്ങൾ വർദ്ധിപ്പിക്കയാണെന്നുള്ളതു ഒരു സുപ്രസിദ്ധസംഗതിയാകുന്നു. സാധുക്കളായ കൃഷിക്കാർക്കു അവരുടെ ഉൽപ്പന്നങ്ങളെ കൂടെത്ത ചെലവിനേൽ ചന്തയിൽ കൊണ്ടുപോയി കിട്ടുന്നതു വിഷമിക്കുന്നതിനും ഗ്രാമങ്ങളിലെ കച്ചവടക്കാർക്കു കിട്ടാവുന്നടത്തോളം ലാഭം ഉണ്ടാകുന്നതിനും മാത്രമല്ല വേണ്ടുവോളം റോഡുകൾ ഉണ്ടായിരിക്കുന്നതു അത്യാവശ്യമാകുന്നു.

ഗ്രാമങ്ങളിൽ ഈ റോഡുകൾ ഉണ്ടായിരിക്കണമെന്നുള്ളതിനു വേറൊരു കാരണം ഉൾനാടുകളിൽ താമസിപ്പോകാൻ പൊതുജനസ്വീകാര്യം ഉള്ള വമ്പിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാർ മോട്ടാർകാറുകൾ പോകുന്ന റോഡുകൾ ഉണ്ടായിരുന്നാൽ അവിടങ്ങളിൽ സഞ്ചരിക്കാൻ തയ്യാറുള്ളവരായിരിക്കുമെന്നുള്ളതാണ്. അങ്ങനെയായാൽ അവർക്കു ഗ്രാമജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു നിവൃത്തിമാർഗ്ഗം ഉണ്ടാക്കാൻ കഴിയും. അങ്ങനെ

ണ്ടെങ്കിലും സംസ്ഥാനത്തെ റോഡുകൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ള അത്യാവശ്യമാണ്. അതുകൊണ്ടു റോഡുകൾക്കായി അധികം പണം അനുവദിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു പൊതുമരാമത്തിലേക്കു കഴിഞ്ഞവർഷത്തെക്കാൾ ആറേഴുലക്ഷം രൂപാ അധികം ഇപ്രാവശ്യത്തിൽ അനുവദിച്ചിട്ടുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഈ ആറേഴുലക്ഷം രൂപായിൽ നാലുമുതൽ ലക്ഷം രൂപാ കരഹാരമ്പ് അപഹരിക്കുന്നു എന്നാണു എനിക്കു പറയാനുള്ളതു. ഇതിനുമേ പുറമേ ഇപ്രാവശ്യത്തെ മുതലെടുപ്പിനു ഇരുപാർട്ടിയിൽ അനുവദിച്ചിട്ടുള്ള സംഖ്യയുടെ ശതമാനം പലവർഷങ്ങൾക്കു മുമ്പു ഉണ്ടായിരുന്ന മുതലെടുപ്പിനു ആയിരത്തിൽ ചൊല്ലുമരാമത്തിനു ചെലവു ചെയ്ത സംഖ്യയുടെ ശതമാനത്തോടു ഒത്തുനോക്കുമ്പോൾ എത്രയോ നിസ്സാരമാണു. കൊച്ചിൻ-ൽ ഈ രാജ്യത്തിലെ ആകെ മുതലെടുപ്പു മിന്നൂറുക്കോടിരൂപാ മാത്രമായിരുന്നിരിക്കെ ആയിരത്തിൽ പൊതുമരാമത്തുവകയായിരുപ്പത്തഞ്ചുലക്ഷം രൂപാ ചെലവുചെയ്തു. അപ്പോൾ മുതലെടുപ്പിന്റെ പകുതിശതമാനം ആണ്. കൊച്ചിൻ-ൽ നമുക്കു ചുങ്കം ഇല്ലായിരുന്നു. ഈ ആണ്ടിൽ നാല്പത്തിനാലുലക്ഷം രൂപാ അനുവദിച്ചിട്ടുണ്ടു. അതിൽ നാലുലക്ഷം രൂപാചുങ്കത്തിൽ നിന്നു പരസ്യമാകും. അതുകൊണ്ടു യഥാർത്ഥസംഖ്യനാല്പതുലക്ഷം രൂപയാണ്. ഇതു ആകെ മുതലെടുപ്പായ ഇരുന്നൂറിനാല്പതുലക്ഷം രൂപയുടെ പതിനാറുപതിനാലു ശതമാനം മാത്രമേ ആകുന്നുള്ളൂ; അതിനാൽ ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു ഞാൻ വിശ്വസിച്ചു കൊള്ളുന്ന പ്രഥമസംഗതി പൊതുമരാമത്തു പണികൾക്കു കൂടുതൽ സംഖ്യ അനുവദിക്കണമെന്നുള്ളതാണ്.

എനിക്കു പറവാനുള്ള ഇനിയത്തെ സംഗതി ഇങ്ങനെ അനുവദിക്കുന്ന സംഖ്യ സംസ്ഥാനത്തെ എല്ലാപ്രദേശങ്ങളിലുമായി ന്യായമായ വിധത്തിൽ വിതരണം ചെയ്യണമെന്നാകുന്നു. ഈ കാര്യത്തെ സംബന്ധിച്ചു എനിക്കു ഗവണ്മെന്റിന്റെ ആലോചനയ്ക്കു സമർപ്പിക്കാനുള്ളതു ഈ സഭയിലെ അനേകം ഓണറബിൾ മെമ്പർമാർക്കു യോജിക്കാൻ കഴിയാത്ത ഒരു സംഗതി പൊതുമരാമത്തിനു അനുവദിക്കുന്ന സംഖ്യ എങ്ങനെ വിതരണം ചെയ്യണമെന്നുള്ളതാകുന്നു. അവനവന്റെ നിയോജകമണ്ഡലം ജനസംഖ്യയിലോ മുതലെടുപ്പിലോ കൃഷിസമ്പത്തിന്റെ വിസ്തീർണ്ണത്തിലോ മറ്റൊരു നിയോജകമണ്ഡലങ്ങളെക്കാൾ ഉയർന്നിരിക്കയിലാണെന്നും അതിനാൽ അവിടത്തേക്കു മറ്റൊരു മണ്ഡലത്തേക്കാൾ കൂടുതൽ സംഖ്യ അനുവദിക്കേണമെന്നും ഓരോരുത്തരും പറയും. ഞങ്ങളുടെ നിയോജകമണ്ഡലത്തിലുള്ളവർ ഇപ്രകാരം ചോദിക്കണമെന്നു ഞങ്ങളോടു ആവശ്യപ്പെട്ടിട്ടുണ്ടു. അതിനാൽ ഞങ്ങൾക്കു ചോദിക്കാതെ നിവൃത്തിയില്ല. അതുകൊണ്ടു അനേകം ഓണറബിൾ മെമ്പർമാരെപ്പറ്റിയോ ഡിപ്പാർട്ടുമെന്റു മേലധികാരികളെപ്പറ്റിയോ പരാതി ഉണ്ടാകുന്നതിനിടയില്ലാത്തവണ്ണം അനുവദിക്കുന്ന സംഖ്യ ന്യായമായി വിതരണം ചെയ്യുന്നതിനു ഗവണ്മെന്റു വല്ല മാർഗ്ഗവും കണ്ടുപിടിക്കേണ്ടതാകുന്നു. ഇതിനു ഓരോ താല്കാലികമായിട്ടു അറിവിടവിടെ നടത്തേണ്ടുന്ന പണികൾക്കുമേലധികാരത്തിന്റെ പ്രാധാന്യപ്രകാരംതിരഞ്ഞെടുക്കുന്നതിനായി അനേകം ഉദ്യോഗസ്ഥന്മാരും അടങ്ങിയ ഓരോബോർഡുകൾ (സംഘങ്ങൾ) രൂപീകരിക്കേണ്ടതാണെന്നുള്ള ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിശ്വസിച്ചു കൊള്ളുന്നു. ഇങ്ങനെയുള്ള ബോർഡുകളുടെ സഹായത്താൽ പുതിയ പൊതുമരാമത്തു പണികൾക്കു അനുവദിക്കുന്ന സംഖ്യ ഓരോ താലൂക്കിനും ന്യായമായ വിധത്തിൽ വിതരണം ചെയ്തുകൊടുക്കാൻ കഴിയും എന്നു ഞാൻ വിചാരിക്കുന്നു.

ഇനി എനിക്കു പറവാനുള്ളതു റോഡുകളെ സംബന്ധിച്ചു പണികൾ കുറ്റമറ്റരീതിയോടെ നടത്തുന്നതിനു അവയെ നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കു മതിയായ ശമ്പളം കൊടുക്കേണ്ടതു ചുള്ളിക്കമ്പനി സർവീസിൽ അവർക്കു തുല്യസ്ഥാനം തൽക്കാലം വേണ്ടെന്നാണു. ഇപ്പോൾ അതാതു സ്ഥലത്തുനിന്നു ഈ ജോലികൾ നടത്തുന്നവരെല്ലാവരിമാരെ ഉദ്യോഗസ്ഥന്മാരായി ഗണിക്കുന്നില്ല. അവർക്കു ഗ്രാറ്റുവിറ്റിയോ പെൻഷനോ ഇല്ല, അവർക്കു അവധിയോ ക്ഷീണഅവധിയോ അവർക്കു കൊടുക്കുന്നുമില്ല, പൊതുമരാമത്തു പണികൾ പ്രധാനമായി നടത്തുന്നതു അവരാണെങ്കിലും. അതുകൊണ്ടു ഗവണ്മെന്റു അവരെ ഈ ക്രമം കെട്ട സ്ഥിതിയിൽനിന്നു ഉദ്ധരിച്ചു പെൻഷന്നു അവകാശമുള്ള ഉദ്യോഗസ്ഥന്മാരായി ഗണിക്കേണ്ടതാകുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു കോൺട്രാക്ടർമാരുടെ പ്രതിനിധി): സർ, മെമ്പർ വടിയിൽനിന്നു വ്യത്യസ്തമായി പ്രസ്താവിച്ചു പോകുന്നു. രാജ്യത്തിലെ റോഡുകൾ അഭിവൃദ്ധിപ്പെടാത്തതിനു ഇതാണു കാരണമെന്നാകുന്നു അദ്ദേഹം സൂചിപ്പിക്കുന്നതു

മി. എ. എസ്. ഓമനാമരൻ ആശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): അതേ, അതുതന്നെയാണു കാരണം, മെസ്സിരിമാർക്കു ശരിയായ ശമ്പളം കൊടുക്കാത്തതുകൊണ്ടും സെർവീസിൽ അവർക്കു സ്ഥാനമില്ലാത്തതുകൊണ്ടും അവർ അവരുടെ മജാരിയിൽ ശരിയായ ശ്രദ്ധയുള്ളവരല്ല. പബ്ലിക്കുസർവീസിൽ അവർക്കു ശരിയായ ഒരു സ്ഥാനം കൊടുക്കണമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ജോലിചെയ്യുന്ന കൂലിക്കാരുടെ കാര്യം എന്താണ്? അവർക്കും പെൻഷനു അവകാശം കൊടുക്കേണമെയോ?

മി. എ. എസ്. ഓമനാമരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): കൂലിവേലക്കാർ പൊതുമരാമത്തിൽ ഉപയോഗപ്പെടുമെന്നു എനിക്കു നിർബന്ധമില്ല.

മി. ടി. പി രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി): മേസ്തിരിമാരുടെ ശമ്പളം "വെക്ക്" എന്ന ഇനത്തിൽനിന്നുണ്ടാകുന്നതു കൊടുക്കുന്നതു. അവർ പെൻഷനുള്ള ഉദ്യോഗസ്ഥന്മാരല്ല.

മി. എ. എസ്. ഓമനാമരനാശാൻ (മാവേലിക്കരയും കാഞ്ഞിരപ്പള്ളിയും): ആണുതോറും പുതിയതായി ആരംഭിക്കുന്നതും ഒരു ക്ലിപ്തസമയത്തിനുള്ളിൽ തീർക്കേണ്ടതുമായ പണികളെ സംബന്ധിച്ചു മേസ്തിരിമാരെ സ്ഥിരമായി നിയമിക്കണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ പൊതുമരാമത്തുപണികളുടെ സംരക്ഷണത്തെ സംബന്ധിച്ചു വളരെക്കാലം ഗവണ്മെന്റിനെ സേവിക്കേണ്ടവരായ ഈ മേസ്തിരിമാർക്കു പെൻഷൻ കിട്ടുമെന്നുള്ള ഉറപ്പു കൊടുക്കേണ്ടതാണ്.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവണ്മെന്റു കോൺട്രാക്ടർമാരുടെ പ്രതിനിധി): തൽക്കാലം പണികൊടുക്കേണ്ട പണം കുറഞ്ഞുപോകയില്ലയോ?

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): ഈ സാധുക്കളെ നഷ്ടപ്പെടുത്തി ഞങ്ങൾക്കു റോഡുകൾ വേണമെന്നില്ല. ഇപ്പോഴത്തെ സഖ്യ ഇവരെ കോൺഷൻ കൊടുക്കാനും കൂടെ തികയുകയില്ലെങ്കിൽ അധിക സംഖ്യ അനുവദിക്കണം.

ഈ മൂന്നു സംഗതികളാണ് എനിക്കു മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. കോഴിമരാമത്തിലേക്കു കൂടുതൽ പണം അനുവദിക്കണം. അനുവദിക്കുന്ന പണം രാജ്യത്തിന്റെ എല്ലാഭാഗങ്ങൾക്കും ന്യായമായ രീതിയിൽ വിഭാഗിച്ചുകൊടുക്കണം. ആ പണം തിരിയായിട്ടും ജനങ്ങൾക്കു ശ്രമകരമാംവണ്ണവും ചെലവുചെയ്യുവാനും വേണം. ഈ പ്രസ്താവനകളോടുകൂടെ ഉപക്ഷേപത്തെ സഭയുടെ അഭിപ്രായത്തിനായി ഹാജരാക്കി കൊള്ളുന്നു.

ശ്രീ. എ. കേശവപ്പൻ (ചീഫ് എൻജിനീയർ): സർ, ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു എങ്കിലും റോഡുബോർഡുകൾ സ്ഥാപിക്കുന്നതിന്റെ ആവശ്യകതയെപ്പറ്റി മിസ്റ്റർ മാമോദരൻ ആശാൻ പറഞ്ഞ അഭിപ്രായങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു, (മി. മാമോദരനാശാൻ കയർപിരിച്ചു കൊണ്ടിരിക്കെ) റോഡുബോർഡുകൾ രൂപീകരിക്കുന്നതിനുള്ള ഒരു ചെലവിനെ ഞാൻ ഗവർണ്മെന്റിലേക്കു സമർപ്പിക്കുകയും ഗവർണ്മെന്റ് അതിനെ അംഗീകരിച്ചു അവരുടെ പ്രവർത്തനരീതിയെ സംബന്ധിച്ച ചട്ടങ്ങൾ ഏർപ്പെടുത്തുന്നതിനു വേണ്ടി ഓർഡറാക്കുകയും ചെയ്തിട്ടുണ്ട്. അതിപ്പോൾ എന്റെ ആലോചനയിൽ ഇരിക്കുന്നു. ബോർഡുകളുടെ പ്രവർത്തനരീതിയെ സംബന്ധിച്ചു നക്ഷത്രചട്ടങ്ങൾ എഴുതിയുണ്ടാക്കി ചില ആഴ്ചകൾക്കുള്ളിൽ ഗവർണ്മെന്റിലേക്കയക്കാൻ കഴിയുമെന്നു വിചാരിക്കുന്നു.

മേസ്തിരികളുടെ കാര്യവും ഇപ്പോൾ ഗവർണ്മെന്റിന്റെ മുമ്പാകെ ഇരിക്കുന്നു. അതു വിശാലവും പ്രാധാന്യമുള്ളതുമായ ഒരു വിഷയം ആകുന്നു. അതുകൊണ്ടു ഉപക്ഷേപം വോട്ടിനു സമർപ്പിക്കണമെന്നു നിർബന്ധിക്കരുതെന്നു മെംബറിനോടു അപേക്ഷിക്കുന്നു.

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കരയും കാത്തികപ്പള്ളിയും): മെംബർ ഏതൊരു ഉപക്ഷേപത്തെ എതിർത്തതു ഏതു സംഗതിയിന്മേലാണെന്നു പറയുമോ?

മി. എ. കേശവപ്പൻ (ചീഫ് എൻജിനീയർ): നിശ്ചയമായിട്ടും കിട്ടാവുന്നിടത്തോളം പണം എനിക്കു കിട്ടണമെന്നുണ്ട്, [illegible] പ്രവൃത്തികൾ ചെയ്യുന്നതിനു എനിക്കു മനസ്സില്ല.

മി. ആർ. കേശവപിള്ള (കോട്ടാരക്കരയും കുന്നത്തൂരും): സർ! മിസ്റ്റർ മാമോദരൻ ആശാൻ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ജനങ്ങളുടെ ദേശീയആവശ്യങ്ങൾ അറിയുന്നതിനു എല്ലാ താലൂക്കുകളിലും താലൂക്ക് ബോർഡുകൾ സ്ഥാപിക്കാൻ ഗവർണ്മെന്റ് ആലോചിക്കുന്നുണ്ടെന്നു ചീഫ് എൻജിനീയർ പറഞ്ഞതുകേട്ടു ഞാൻ സന്തോഷിക്കുന്നു.

പ്രസിഡന്റ്: മെംബർ അവകാശമില്ലാത്ത അനുമാനങ്ങൾ ഉണ്ടാക്കുന്നു എന്നു ഞാൻ ഖേദപ്പെടുന്നു. ചീഫ് എൻജിനീയർ പറഞ്ഞതു റോഡുബോർഡുകളെപ്പറ്റിയാണ്. താലൂക്ക് (ബോർഡുകൾ) ബോർഡുകളെപ്പറ്റിയല്ല.

ശ്രീ. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ റോഡുബോർഡുകൾ സ്ഥാപിക്കുന്നതുവരെ ഞങ്ങളുടെ ദേശീയആവശ്യങ്ങളെ ചീഫ് എൻജിനീയരെ അറിയിച്ചു നിവൃത്തിവരുത്തുന്നതു എങ്ങനെയാണെന്നു എനിക്കറിഞ്ഞുകൂടാ. റോഡുബോർഡുകൾ സ്ഥാപിക്കുന്നതിനു കുറെക്കാലം വേണ്ടിവരുമെന്നുള്ളതു നിശ്ചയമാണെല്ലോ. അതുവരെ ഞങ്ങളുടെ ആവശ്യങ്ങൾ ചീഫ് എൻജിനീയരെ അറിയിച്ചു നിവൃത്തിയുണ്ടാക്കുന്നതിനു വല്ല മാർഗ്ഗവും കണ്ടുപിടിക്കണം. എന്റെ നിയോജകമണ്ഡലത്തിൽ നിവൃത്തിയുണ്ടാക്കേണ്ടുന്ന അനേകം ദേശീയ ആവശ്യങ്ങൾ ഉണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽ വന്നെന്നായാൽ ഒരിഞ്ചുറോഡുണ്ടാക്കാൻപോലും പണം അനുവദിച്ചിട്ടില്ലെന്ന വ്യസനസമേതം പറഞ്ഞുകൊള്ളുന്നു. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുത്തുള്ള രണ്ടു താലൂക്കുകളാണുള്ളതു് കടൽതീരം സംബന്ധിച്ചു റോഡുകൾപോകണമെന്നോ മലമ്പ്രദേശത്തുള്ള റോഡുകൾപോലെയോ ഞങ്ങൾക്കാഗ്രഹവും ഇല്ല. ഞങ്ങളുടെ ആവശ്യങ്ങളെപ്പറ്റിയും തൃപ്തികരമെന്നു ചീഫ് എൻജിനീയരെ അറിയിച്ചുകൊണ്ടു ഞാൻ ഇരുന്നുകൊള്ളുന്നു.

ശ്രീ. പി. എസ്. കൃഷ്ണപിള്ള (തിരുവല്ല): മിസ്റ്റർ മാമോദരനാശാന്റെ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. എന്റെ താലൂക്കിൽ നൂറു മൈൽക്കണക്കുള്ള തിരുവല്ലാ-മാവേലിക്കര റോഡിൽ ഒരു കടവുകടന്നു കടക്കാനുണ്ടു. എന്റെ സ്നേഹിതൻ ചൂണ്ടിക്കാണിച്ചതുപോലെ അധികാരമുള്ള ഉദ്യോഗസ്ഥന്മാർക്കു മോട്ടോർകാറുകളിൽ സഞ്ചരിക്കുന്നതിനു സൌകര്യമുള്ള വേറെ റോഡുകളുള്ളതുകൊണ്ടായിരിക്കാം ഇതൊട്ടുകണ്ടിലുള്ള ജനങ്ങളുടെ മുമ്പിലുള്ള കടവു മാസ്സിലാക്കാതിരിക്കുന്നതു. ആവശ്യത്തിനുകാരം അത്യാവശ്യമുള്ള ഇനങ്ങളിലായിരിക്കണം ഡിപ്പാർട്ടുമെന്റു പണം ചിലവാക്കേണ്ടതു. എന്നുള്ളതു വാസ്തവത്തിൽ ന്യായമാണ്. അപ്രകാരം അത്യാവശ്യമുള്ളകാര്യങ്ങൾക്കു പണംചിലവാക്കാതേയും ഉദ്ദേശിച്ചിട്ടുള്ള ആളുകളുടെ സഞ്ചാരസൌകര്യത്തെപ്പറ്റി ലവലേശം ഗണിക്കാതേയും കവറും ആഡംബരത്തിനുവേണ്ടി മാത്രം പണം ചിലവാക്കുന്നതു ശരിയല്ലാ ന്യായമല്ല. ഇനിയും ഈ ഡിപ്പാർട്ടുമെന്റു ഈ നയംതന്നെ തുടർന്നുകൊണ്ടുപോകണമെന്നു വിചാരിക്കുന്നുവെങ്കിൽ ഇങ്ങനെയുള്ള പരാതിക്കു അറുതികാണുന്നതല്ലാ കുറവുവരാൻ ഇടയില്ല. റോഡുകൾവേണ്ടെന്നല്ല വാഹനങ്ങൾക്കു സഞ്ചരിക്കാൻ സൌകര്യമില്ലെന്നും പറയുമ്പോൾ നാട്ടുകാർ ആഡംബരമായിരിക്കാൻ ശ്രമിക്കുന്നു പറയുകയില്ല. അത്യാവശ്യമായ കാര്യങ്ങൾക്കുപോലും ഗവർണ്മെന്റിൽനിന്നും ചെയ്യുകൊടുക്കുന്നില്ല എന്നുവരുന്നതിൽപരം അനീതി വേറെ ഒന്നില്ല. ഡിപ്പാർട്ടുമെന്റു ഇപ്രകാരങ്ങളിലേക്കു നീക്കിയിരുത്തുന്ന സംഖ്യ വളരെ കുറവാണു. ഉദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾ നിർവഹിക്കുന്നതിനു അവരുടെ നികുതിയിൽ വലിയ ഒരു ഭാഗം ഡിപ്പാർട്ടുമെന്റിൽനിന്നും നീക്കിവയ്ക്കുകയും അതിനെ ചിലവാക്കാത്ത ആണ്ടവസാനത്തിൽ ലാപ്സ് എന്നപ്രകാരത്തിൽ കൊള്ളിക്കുകയും ചെയ്യുന്നു. ഈ മതാനുമതിയെപ്പറ്റി ഗവർണ്മെന്റു സാവധാനം ആലോചിച്ചിരുന്നുവെങ്കിൽ ഈവക പരാതികൾക്കു കുറവുവരുത്തുമായിരുന്നു. [illegible] തിരുവല്ലായിൽ വി. പി. രാഘവപുരം അവർകൾ വന്നിരുന്നപ്പോൾ തിരുവല്ലാ-മാവേലിക്കര റോഡിന്റെകയ്യേറ്റത്തെപ്പറ്റി പറയണമെന്നും ആ റോഡിനെ വന്നു സന്ദർശിക്കണമെന്നും അപേക്ഷിക്കുന്നതിനു തീച്ചപ്പെടുത്തി. ആ അവസരത്തിൽ അനങ്ങേയി

ന്നു പേഷ്കാർ വി. പി. മാധവറാവുഅവർകളോട് "ഈ റോഡിൽക്കൂടി പോകാൻപാടില്ല" ന്നു പറഞ്ഞു. എന്നാൽ ഞങ്ങൾക്കു ഈ റോഡിൽക്കൂടി കൊണ്ടുപോകണമെന്നു നിർബന്ധമുണ്ടായിരുന്നു. പക്ഷേ നാട്ടുകാരുടെ നിർബന്ധവും മേൽവകയിലെ ഉദ്യോഗസ്ഥന്മാരുടെ സന്ദർശനത്തോട് ഏകീകരിക്കയില്ലല്ലോ. അതിനാൽ വണ്ടിയിൽപോകുന്നതിനുതന്നെ തീർച്ചപ്പെടുത്തി. അദ്ദേഹം മന്നാർ വന്നിറങ്ങി അവിടെവച്ചു കായ്യങ്ങളൊക്കെ പറയുകയുംചെയ്തു. ഈ റോഡിന്റെ കഷ്ടസ്ഥിതി ദിവാൻജി അവർകളും മനസ്സിലാക്കിക്കൊടുക്കയുണ്ടായി. ഇതിനുശേഷം അദ്ദേഹത്തെ പേഷ്കാർ തുടർന്നു. ഇങ്ങനെ ചില വലിയ ഉദ്യോഗസ്ഥന്മാർ ജനങ്ങളുടെ ആവശ്യങ്ങളെ അധികാരികളിൽനിന്നും നേരിട്ടുണർത്തുമെന്നു വിചാരിക്കുന്നു.

ഈ റോഡു വളരെ അത്യാവശ്യമുള്ളതാണു. അതിനുശേഷം സർ പി. രാജഗോപാലാചാരി അവർകളുടെകാലത്തു ഇതിലേയ്ക്കു ജോലിയുടങ്ങി ഒരുവിധം പൂർത്തിയാകിയിരിക്കുന്നു. ഈപ്പോൾ പാലങ്ങൾ മുതലായവയുണ്ടു. എന്നുതോന്നും വണ്ണം ഓരോ ഇക ചേർക്കുന്നു, ചിലപ്പോൾ ചിലവുചെയ്യുന്നുവരും.

ഇനിയും കുറെ പണംകൂടി ചിലവാക്കാതെ അതു പൂർത്തിയാകുകയില്ല, കുറെ പണം ചിലവാക്കീട്ടുണ്ടു്. മേലും ഈ മുഖ്യമായ ഇകകൾ ഉദ്ദേശിച്ചിരിക്കുന്നു. ചിലവാക്കുന്നപക്ഷം ഈ മാതിരി പരാതികൾ വരുവാനുള്ള നിവർത്തിയുള്ളു. ഈ കായ്യങ്ങൾഒന്നും ഡിപ്പാർട്ടുമെൻറുമേലധികാരികൾ ഗൗനിക്കാതെഇരിക്കുന്നു. ചെങ്കന്തൂർനിന്നും പാണ്ടനാട്ടുവഴി വെള്ളിയിരിക്കുന്ന റോഡും പൂർത്തിയാക്കിയിട്ടില്ല. അങ്ങിനെയുള്ള റോഡുകൾ ഈ അവസരങ്ങളിൽ കൂടിക്കാണിച്ചു മനസ്സിലാക്കേണ്ടതു ഞങ്ങളുടെ കുമരധർമ്മമാണു ഈമാതിരിയുള്ള ആവശ്യങ്ങൾ ഇങ്ങനെയുള്ള സഭകൾവഴി ധരിപ്പിക്കാതിരുന്നിട്ടുള്ളതുകൊണ്ടായിരിക്കണം ഇവകളെ പരിഗണിക്കാതിരുന്നിട്ടുള്ളതു്.

എന്റെ സ്നേഹിതൻ പറഞ്ഞതുപോലെ എല്ലാതാലൂക്കിലേയും വീതിച്ചുകൊടുക്കണമെന്നില്ല. ആവശ്യങ്ങളിന്റെ കിടതൽക്രമവനുസരിച്ചു അതിന്റെ പ്രൊപ്പോർഷൻപ്രകാരം ചെയ്തുകൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ടില്ലെന്നു മെമ്പർ ഓർക്കുന്നില്ലയോ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അങ്ങനെയാണു് എന്റെ ഓർമ്മ. അങ്ങനെയെങ്കിൽ മെമ്പർ ക്ഷമിക്കണമെന്നു അപേക്ഷിക്കുന്നു.

ഇങ്ങനെയിരിക്കുന്നതുകൊണ്ടു തീർച്ചയായിട്ടും ഈ തുക ഒന്നുമാറണം. ആഡംബരത്തിനു ചിലവാക്കിക്കൂടാഎന്നു എനിക്കഭിപ്രായമില്ല. ആഡംബരം അനുഭവിക്കാൻ മേലുദ്യോഗസ്ഥരായ പല ആളുകളുമുണ്ടു്. പക്ഷേ ഞങ്ങളുടെ അത്യാവശ്യങ്ങളെ അവഗണിച്ചു ആഡംബരത്തിലേക്കു പണംഅനുവദിക്കുന്നപക്ഷം അതു നീതീകരിക്കത്തക്കതല്ല.

ഗതാഗതസൗകര്യങ്ങൾക്കായിട്ടു മലമ്പ്രദേശങ്ങളിൽ അധികം പണം ചിലവാക്കേണ്ടിവരികയില്ല. അവിടെ റോഡുകൾ വളരെ പ്രയാസംകൂടാതെ ഉണ്ടാക്കാൻകഴിയും. പലേടങ്ങളിലേയും ചരക്കു ആവശ്യം തീരെ ഇല്ല. എന്നാൽ തിരുവിതാംകൂറിന്റെ മദ്ധ്യഭാഗത്തുകൂടി പോകുന്ന റോഡിനു അനേകം പാലങ്ങൾ ആവശ്യമുണ്ടു. അവ വളരെ തൃപ്തിയായ ഇക ചിലവാക്കിയാൽ നിഷ്പ്രയാസം നിലനിൽക്കുവാനുതാണ്ടു് പലപ്രാവശ്യവും ഈ സംഗതികളെ മഹരാജൻഗിവൻറെ ശ്രദ്ധിയിൽ കൊണ്ടുവന്നിട്ടും ഇക്കുവരെ ഡിപ്പാർട്ടുമെൻറിൽനിന്നും നിവർത്തിച്ചു തരാഞ്ഞതു നോക്കുമ്പോൾ വളരെ അത്ഭുതംതോന്നുന്നു. ഈവക ജോലികളെല്ലാം താലൂക്കുകൊല്ലംശകാരുടെ തീരുമാനപ്രകാരം പിന്നീടു ഡിപ്പാർട്ടുമേൽറിനു ഓരോ ഇക അനുവദിക്കാൻ സാധിക്കുകയില്ലല്ലോ എന്നു വിചാരിച്ചു ഈ ജോലികളെ ചെയ്യുതീക്കാതെഇട്ടിരിക്കുന്നതുപോലെ തോന്നുന്നു. നിവർത്തിയുള്ളിടത്തോളം ഇങ്ങനെ ഒരു ഗതാഗതവിഷയത്തിൽ ഏവിടെയെങ്കിലും പാലവും റോഡും ആവശ്യമുണ്ടെന്നു അറിയാൻ ചീഫ് എഞ്ചിനീയർ സഞ്ചരിച്ചു അന്വേഷിച്ചു വേണ്ടപോലെ പ്രവർത്തിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മിഃ മുകുന്ദപുരം കൃഷ്ണപിള്ള (ചേർത്തല): ഈ ഉപക്ഷേപത്തെ പിൻതാങ്ങിയും അതിനെ ആസ്പദമാക്കിയും എന്റെ താലൂക്കിനെസംബന്ധിച്ചു ഏതാനുംകായ്യങ്ങൾ ഗവർണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ ഒരു വർഷമായി ചേർത്തലതാലൂക്കിലെ ഗതാഗതസൗകര്യങ്ങൾക്കുവേണ്ടി കുറെ പണം ബഡ്ജറ്റിൽ ചേർക്കയും ചിലവുചെയ്യുകയും ചെയ്തുകാണുന്നുണ്ടു്. എന്നാൽ അതുകൊണ്ടൊന്നും ചേർത്തലക്കാർക്കു സഞ്ചാരസൗകര്യം തീരെ തൃപ്തികരമായി തീർന്നിട്ടില്ല. ഇതിലേയ്ക്കു വളരെ റോഡുകൾ അവിടെ ഉണ്ടാക്കേണ്ടതായിട്ടുണ്ടു. അതിലേയ്ക്കു പണം ചിലവുചെയ്യേണ്ടതിലേയ്ക്കു പ്രധാനമായതുള്ളതിനെ അപ്രധാനമായതുള്ളതുമായി താരതമ്യംചെയ്തു ആലോചിച്ചാൽ അതിലേക്കു പറയാൻ ഒന്നുമണ്ടു ന്യായങ്ങളുണ്ടു്. ഒന്നാമതു കഴിഞ്ഞതവണപാലം കൊല്ലങ്ങളായിട്ടു പി. ഡബ്ലിയു. ഡി. വകയായി ചേർത്തലതാലൂക്കിലേക്കു ഒട്ടുംതന്നെ പണം അനുവദിച്ചിട്ടില്ല. ഒന്നര ലക്ഷം കൊല്ലങ്ങളായിട്ടു ചേർത്തലതാലൂക്കിൽ ഗതാഗതസൗകര്യം വർദ്ധിപ്പിയ്ക്കുന്നതിനുവേണ്ടി വളരെ അധികമായിട്ടു ഗവർണ്മെൻറു വേണ്ട ജോലികൾനടത്തുന്നുണ്ടു്. അതിനു ഞങ്ങൾ വളരെ നന്ദിയുള്ളവരായിരിയ്ക്കുന്നു. 1096 കുംഭം ആണ്ടു് അന്നത്തെ ദിവാൻജിയായിരുന്ന മിസ്റ്റർ വി. പി. മാധവറാവു ആദ്യമായി ചേർത്തലതാലൂക്കിനെ സന്ദർശിച്ചിട്ടുണ്ടു്. അന്നു അദ്ദേഹം മുട്ടോളം പുതയുന്ന മണലിൽക്കൂടി സഞ്ചരിച്ചതിൻറെശേഷം അദ്ദേഹത്തിന്റെ ഇൻസ്പെക്ഷൻ നോട്ടിൽ പ്രസ്താവിച്ചിരിയ്ക്കുന്ന വിവരം ഞാൻ അറിയുവാൻ ഇടയായിട്ടുണ്ടു്. അതു ഇപ്രകാരമായിരുന്നു.

ചേർത്തല ധനപുഷ്ടിയും പ്രാധാന്യവുമുള്ള ഒരു താലൂക്കാകുന്നു. എന്നാൽ റോഡുകളുടെ അഭാവംനിമിത്തം സംപ്രീയ സങ്കടമുണ്ടു.

എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടതു്. അതിനുശേഷം ചേർത്തലതാലൂക്കിലേയ്ക്കു റോഡോ, തോടോ, ഖയിർ കരയിൽവേയോ ഏതാണ് വേണ്ടതെന്നുള്ളതു തീർച്ചയാക്കുവാൻവേണ്ടി മൂന്നോന്നിനും പ്രത്യേകം പ്രത്യേകം തുടങ്ങൾ തയ്യാറാക്കുവാനായിട്ടു ആവശ്യപ്പെട്ടു. അതിനുശേഷം അദ്ദേഹം മാറിപ്പോകയും പിന്നീടുവന്ന അണ്ണാമലൈചെട്ടിയുടെ അഭിപ്രായപ്രകാരം ചേർത്തല-അമ്പലപ്പുഴ തോടുകുവച്ചു ആരംഭിക്കുകയുംചെയ്തു. അതിലേക്കു ഇരുപതിനായിരം പണം ചിലവുചെയ്തുകഴിഞ്ഞിട്ടുണ്ടു്. ഈ തോടു പൂർത്തിയാക്കാത്തതിനെക്കൊണ്ടു ജനങ്ങൾക്കു അല്പമെങ്കിലും പ്രയോജനവുണ്ടായിട്ടില്ലാ. പിന്നീടു അവിടുന്നു ദിവാൻജിയായതിനുശേഷം ഉടനെതന്നെ

ചേർത്തലതാലൂക്കിൽ സഞ്ചരിച്ചുവരുന്നതിനിടവരികയും, റോഡിനേക്കാൾ റോഡാണ് ആവശ്യമെന്നകണ്ടു ഉടനെതന്നെ ചേർത്തലയിൽനിന്നു ആലപ്പുഴയ്ക്കുള്ള റോഡും, അതിനെ തുടർന്നു ചേർത്തലയിൽനിന്നും അരൂരേക്കും അരൂക്കുറ്റിക്കും ഉള്ള റോഡുകളും പൂർത്തിയാക്കുവാൻ വേണ്ട ഏർപ്പാടുകൾചെയ്യുകയുംചെയ്തു. ഇപ്പോൾ കൊല്ലംമുതൽ തിരുവനന്തപുരംവഴി കൊച്ചുവേളിവരെ എത്തുന്നതുകൂടാവുന്നുള്ള റോഡു മിക്കവാറും പൂർത്തിയായിരിക്കുന്നു. ഇതു ചേർത്തലക്കാർക്കുമാത്രമല്ല, തിരുവിതാംകൂറിൽ തെക്കും വടക്കുമുള്ള സകല ജനങ്ങൾക്കും യാത്രയ്ക്ക് വളരെ സൌകര്യമായിതീർന്നിരിക്കുന്നു. ഇനി നീണ്ടകരപാലം തീരുമ്പോൾ സീകോസ്റ്റ്വഴിയുള്ള യാത്ര ഈ വഴി യാത്രചെയ്യുന്നവർക്കും അതിനു സമീപം താമസിക്കുന്ന താലൂക്കുകാർക്കും കൂടുതൽ സൌകര്യപ്രദമായി തീരുന്നതാണ്. ചേർത്തലതാലൂക്കിൽകൂടി പോകുന്ന ഈ റോഡു ഇപ്പോൾ ഈ താലൂക്കിലെ ഒരു മെയിൻറോഡുമാത്രമാണ്, എന്നാൽ ഇതിനൊട്ട സംഘടിപ്പിച്ചു കിഴക്കോട്ടും പടിഞ്ഞാറോട്ടും ധാരാളം ക്രോസ്സ റോഡുകളും തോടുകളും തീരാനുണ്ട്. അതുതീർന്നാൽ ചേർത്തലതാലൂക്കിലെ ഉൾനാടിലുള്ളവർക്കു പട്ടണങ്ങളിൽവരുവാൻ ഒരു പ്രയാസവും ഉണ്ടാകുന്നതല്ല. ഇപ്പോൾ ചേർത്തലതാലൂക്കിൽ ക്രോസ്റോഡുകളുള്ളതു ഒന്നു ചേർത്തലനിന്നും തണ്ണീർമുക്കത്തേയ്ക്കും മറ്റൊന്നു ചേർത്തലനിന്നും അരൂക്കുറ്റിക്കും മൂന്നാമതായി നീളുന്നിലുള്ളവ മാത്രമാണു. മെയിൻറോഡിൽനിന്നും താലൂക്കിലുൾപ്പെട്ട പല പ്രധാന സ്ഥലങ്ങളിലേക്കും ക്രോസ്സറോഡുകൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. മെയിൻറോഡിൽക്കൂടി കടന്നുനിൽവന്ന കച്ചവടക്കാരിരിക്കുന്ന മൊത്തക്കാരുകൾ കാണുമ്പോൾ ഉൾനാടുകളിലുള്ള ആളുകൾക്കെല്ലാം അവരവരുടെ വാസസ്ഥലങ്ങളിലും റോഡ് ഉണ്ടായാൽ കൊള്ളാമെന്നു അതിയായ ആഗ്രഹം ജനിച്ചിരിക്കുന്നു. ഇപ്പോൾ ചേർത്തലതാലൂക്കിൽ പല പ്രധാന സ്ഥലങ്ങളിലും റോഡുകൾ വേണംഎന്നുള്ള പ്രക്ഷോഭനം ശക്തമായിരിക്കുകയാണ്. ഈ റോഡുകൾ എല്ലാം ഒരുസമയത്തു ഉണ്ടാക്കുവാൻ ഗവണ്മെൻറിനു സാധിക്കയില്ലെന്നു എനിക്കറിയാം. എന്നാൽ എനിയ്ക്കു പറയുവാനുള്ളത് ചേർത്തലതാലൂക്കിൽ കഴിഞ്ഞ അൻപതു വർഷക്കാലമായിട്ടു പൊതുജനങ്ങളുടെ വകയിലേക്കു യാതൊരു സംഖ്യയും അനുവദിയ്ക്കാതിരുന്നിട്ടുള്ളതും ഇതേവരെ ഇതൊരു ഉപേക്ഷിക്കപ്പെട്ട താലൂക്കായിട്ടാണ് ഗണിച്ചുവന്നിരുന്നതെന്നുള്ളതും പരിഗണിച്ചു ഈ താലൂക്ക കാര്യങ്ങളിൽ ഗവണ്മെൻറിൽനിന്നു പ്രത്യേകം ശ്രദ്ധിക്കണമെന്നുള്ളതാണ്. ചേർത്തലതാലൂക്ക ജനസംഖ്യയിലും മുതലേടുപ്പിലും വളരെ മുന്നിട്ടുനിൽക്കുന്ന ഒരു താലൂക്കാണ്. സാനിട്ടേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ മുതലൈയുള്ള കാര്യങ്ങൾക്കു വ്യത്യസ്തങ്ങളായ ഒഴിച്ചു പണം ചിലവാക്കേണ്ടതുണ്ട് മാരോ താലൂക്കിലേയും ജനസംഖ്യയും മുതലേടുപ്പുംകൂടി നോക്കിവേണമെന്നു എനിക്കു അഭിപ്രായമുണ്ട്. ഇവയെ ആസ്പദമാക്കിനോക്കിയാലും ചേർത്തലതാലൂക്കിലേക്കു മേൽപറഞ്ഞ ആവശ്യങ്ങൾക്കു കൂടുതൽപണം അനുവദിച്ചു കിട്ടുന്നതിനു അവകാശമുള്ളതാകുന്നു.

സർ, മേൽവിവരിച്ച ന്യായങ്ങളെ ആസ്പദമാക്കി ചേർത്തലതാലൂക്കിൽ ഇപ്പോൾ തീർന്നിട്ടുള്ള മെയിൻറോഡിൽനിന്നും എവിടേക്കെയെല്ലാമാണ് ക്രോസ്റോഡുകളും തോടുകളും പോണമെന്നു ശരിയായി അന്വേഷിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുന്നതിനു ചുമതലപ്പെട്ട ഒരുദ്യോഗസ്ഥനെ നിയമിക്കുന്നതു നന്നായിരിക്കും. ഈ കൂട്ടത്തിൽ ഉറവൂർ തിരുമല ദേവസ്വം രാഘസ്സ്ഥലിയിലേക്കും, മെയിൻറോഡിൽനിന്നും തകിടിപ്പള്ളിക്കും കണിച്ചുകുളങ്ങരക്കും, കഞ്ഞിക്കുഴിയിൽനിന്നും മുഹമ്മക്കും മറവുള്ള റോഡുകളും ഉടനെ തീർക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു. ഇതുപോലെ വേറെയും അനേകം റോഡുകളും തോടുകളും ഈ താലൂക്കിൽ അത്യാവശ്യമായിട്ടുണ്ട്. അവ ഏതേല്ലാമോണെന്നന്വേഷിച്ചു ഒരു റിപ്പോർട്ടുണ്ടാക്കി വേഗ അതുരംഭിക്കുന്നതു നന്നായിരിയ്ക്കുമെന്നുള്ള അഭിപ്രായത്തിനും ഈ സഭയേയും ഗവണ്മെൻറിനേയും അഭിനന്ദനം തീരുമാനത്തിനുംവേണ്ടി സമർപ്പിച്ചുകൊണ്ടു ഈ ഉപക്ഷേപകത്തെ ഞാൻ പിൻതാങ്ങുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മിസ്റ്റർ ആശാന്റെ ഉപക്ഷേപകത്തെ പിൻതാങ്ങിക്കൊണ്ടു എനിക്കും രണ്ടുവാക്കു പറയേണ്ടതായിട്ടുണ്ട്. ആലുവാമുതൽകൊല്ലംവരെയുള്ള ആളുകൾക്കു നീണ്ടകരപാലംതീർന്നാൽ എറണാകുളംവരെ സഞ്ചാരത്തിനു ധാരാളംസൌകര്യമുണ്ട്. അവർക്കു അഷ്ടമുടികായലിനേയോ വേമ്പനാട്ടുകായലിനേയോ കയറ്റപ്പെടേണ്ട ആവശ്യമില്ല. കൊല്ലംമുതൽ വടക്കോട്ടു തിരുവല്ലാവരെയുള്ളവർക്കും. എറണാകുളംവരെ സഞ്ചരിക്കുന്നതിനു യാതൊരു ബുദ്ധിമുട്ടുമില്ല. കായങ്കുളത്തുനിന്നും തുറവൂരപ്പുഴക്കടവിൽ ഒരു റോഡുതീർന്നുപോയി. കൊല്ലത്തിനു വടക്കുള്ള ചങ്ങനാശ്ശേരി, കോട്ടയം, മീനച്ചൽ, പീരുമേട് ഈ പ്രദേശങ്ങളിലെ ആളുകൾക്കു ആലപ്പുഴയ്ക്കും എറണാകുളത്തേയ്ക്കും പോകുന്നതിനു വളരെ അസൌകര്യങ്ങളുണ്ട്. കോട്ടയത്തുനിന്നും ആലപ്പുഴയ്ക്കു പോകുന്നവർ വേമ്പനാട്ടുകായലിലെ ഉപ്പുവെള്ളം അല്പം ആസ്വദിയ്ക്കാതെ പോകാൻ സാധിയ്ക്കുകയില്ല. കോട്ടയത്തുനിന്നും ഒരുപ്പുഴയ്ക്കു ഒരു റോഡുതീർന്നാൽ ഈ അസൌകര്യങ്ങൾക്കും പാടെ തീർന്നുപോകുന്നതാണ്. എന്നാൽ ആയതു കരഭൂമിക്കുമ്പോൾ വളരെ ചെലവുകൂടുമായിട്ടു തോന്നിപ്പോകും. ഞാൻ അതിനെപ്പറ്റി പലേ അന്വേഷണങ്ങളും നടത്തിനോക്കിയതിൽ ഒരു വലിയസംഖ്യ ചിലവിടേണ്ടതായിട്ടു എനിക്കു തോന്നുന്നില്ല. റിപ്പോഡക്ടീവു വർക്കായിട്ടോ മറ്റോ ചെയ്തു ഇടയ്ക്കു ഒരു കടത്തുമാത്രം വച്ചാലുമതി. പുളിങ്കുന്നുനിന്നും ഏറ്റുമാനൂർ ആലപ്പുഴവരെ കായൽനിലം തിരിച്ചു ചിറതീർന്നിട്ടുണ്ടു. അതിനെ അല്പംകൂടി വീതികൂട്ടി ബലപ്പെടുത്തിയാൽ മതിയാകുന്നതാണ്. അതിനുള്ളതെന്ന തിരുവാർപ്പിൽനിന്നും ആലപ്പുഴയ്ക്കു ഒരു ചിറയുണ്ടു.

മി. എൽ. അർ. മാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഇങ്ങനെ ചിറകെട്ടുന്നതിനുള്ള സ്ഥലം പതിച്ചുകൊടുത്താൽ നവണ്മെൻറിനു നല്ല വിലകിട്ടുകയില്ലയോ?

മി. ആർ. രാമൻപിള്ള (കോട്ടയം): മിക്കവാറും സ്ഥലം പതിച്ചുകൊടുത്തുകഴിഞ്ഞു. ഇങ്ങനെ പതിച്ചുകൊടുത്തുകഴിഞ്ഞാൽ ഈവഴി ഗുണകരമായിരിക്കുകയില്ല. ഇതിൽ ഏതാണ് സൌകര്യമായവഴിഎന്നു സ്ഥലം കച്ചവടം പരിശോധിച്ചു ഗവണ്മെൻറ് കഴിയുന്നതും വേഗത്തിൽ വേണ്ട ഏർപ്പാടുചെയ്യേണ്ടതാണ്. അതു ഗവണ്മെൻറിനേയും കൂടും നഷ്ടമാകയില്ല. നീണ്ടകര പാലത്തിനു ചിലവാക്കുന്നതിൻറെ പകുതി അംശംകൊണ്ടു ഈ പണിതീർക്കുവാൻ സാധിക്കും. മിസ്റ്റർ ചന്ദനാദ്യർ പോയ്ക്കാരായിരുന്നകാലത്തു ഇങ്ങനെ ഒരു റോഡുവേണമെന്നകരുതി അന്വേഷണംനടത്തി. എക്സിക്യൂട്ടിവ് ഇഞ്ചിനീയർ ഒരു കണക്കും തയാറാക്കിവച്ചു തീർച്ചയാക്കുന്നതിനു അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഏറ്റവും വിദഗ്ദ്ധനായ ഒരു ചീഫ് ഇഞ്ചിനീയർ നമ്മുടെ നാട്ടിൽഉള്ള സ്ഥിതിയ്ക്കു ഇതിനു പ്രത്യേകം ദേവദ്രവ്യമുള്ള ഒരുമിരിയാ വരുത്തേണ്ട ആവശ്യമില്ല.

മി. മുഹമ്മദലിൽ പാച്ചുപ്പിള്ള (ചേർത്തല): ആലപ്പുഴയിലിന്നും കോട്ടയത്തേക്ക് എത്രദൂരമുണ്ട്?

മി. ആർ. രാമൻപിള്ള (കോട്ടയം): കഷ്ടി ദൂരമുണ്ട്, പള്ളിപ്പുറത്തുനിന്നും പോയാൽ വണ്ടിദൂരമേയുള്ളൂ. അല്പദൂരപ്പുവൻ ചിറയാണ്.

മി. മുഹമ്മദലിൽ പാച്ചുപ്പിള്ള (ചേർത്തല): പള്ളിപ്പുറത്തുനിന്നും വേമ്പനാട്ടുകായൽവരെ എത്രദൂരമുണ്ടെന്നറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ ഇതേവരെ ആ വഴിപോയി നോക്കീട്ടില്ല.

മി. മുഹമ്മദലിൽ പാച്ചുപ്പിള്ള (ചേർത്തല): രണ്ടു ദിവസമിൽ കുറയാതെ ആ വഴി പൊയ്കൊണ്ടിരിക്കുന്നതിനില്ല എന്ന് ദിവസക്കാർക്ക് അറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): നിർഭാഗ്യവശാൽ മാത്രമിയിലല്ലാതെ ആ വഴി പോകാനിടയായിട്ടില്ല.

മി. മുഹമ്മദലിൽ പാച്ചുപ്പിള്ള (ചേർത്തല): വൈക്കംവഴി ഒരു റോഡു കോട്ടയത്തേയ്ക്കു വരുന്നതായിട്ടറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതുകൊണ്ടുനിന്നും വൈക്കംവരെ ഒരു റോഡു ഉണ്ടെന്നറിയാം.

മി. മുഹമ്മദലിൽ പാച്ചുപ്പിള്ള (ചേർത്തല): മുറിഞ്ഞപുഴതോട്ടുവഴിവന്ന വൈക്കത്തിലേയ്ക്കു വരുന്നതായിട്ടറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അറിയാം.

എട്ടരമൈൽ നീളത്തിൽ ഒരു റോഡുമാത്രമുണ്ടാക്കുന്നതിനേക്കാൾ പള്ളിപ്പുറം കരയ്ക്കും, വയ്ക്കം കരയ്ക്കും മദ്ധ്യേ രണ്ടു മൈൽ നീളത്തിൽ ഒരു റോഡു കൂടുകൂടെ പോയാൽ ചേർത്തലക്കാർക്ക് അതൊരു ലാഭമായിരിയ്ക്കും. ചങ്ങനാശ്ശേരിയിൽനിന്നുള്ളവർ വയ്ക്കംവഴി പോയി, പിന്നെ ചേർത്തലവന്നു പോകുന്നതു എളുപ്പംതന്നെ. കായൽ മദ്ധ്യത്തിൽക്കൂടി ശ്രമസാദ്ധ്യമായ ചിറയിട്ടു റോഡുണ്ടാക്കിയാൽ ചേർത്തലക്കാർക്ക് സൌകര്യമായേക്കാം, കോട്ടയം, പീരുമേട് മുതലായ നാട്ടുകാർക്ക് സൌകര്യമില്ല. അവർക്ക് പ്രയോജനവുമില്ല. അതിനാൽ കോട്ടയം–ആലപ്പുഴ റോഡിന്റെ സാദ്ധ്യാസാദ്ധ്യതയെപ്പറ്റി ഉടനെ അന്വേഷണം നടത്തേണ്ടതാണു.

കോട്ടയത്തു ചുങ്കക്കടവിൽ ഒരു പാലം കഴിച്ചുകൂട്ടാത്തതാണ്. അവിടെനിന്നും കുടമാളൂർ, ആർപ്പൂക്കര നീണ്ടൂർ, ആയാങ്കരി ഈ സ്ഥലങ്ങളിൽക്കൂടിയുള്ള റോഡിനെ നന്നാക്കേണ്ടതത്യാവശ്യമാണ്. ആ നാട്ടുകാർ വഴിയില്ലാതെ വളരെ കഷ്ടപ്പെട്ടുന്നുണ്ട്. ഈ റോഡു എം. സി. റോഡുവരെ നന്നാക്കിയാൽ കോട്ടയത്തുനിന്നും കുട്ടനാട്ടിലേക്ക് നാലു മൈൽ എട്ടിപ്പുറമുണ്ടു. അപ്പോഞ്ഞിവഴി വെട്ടിക്കോട്ട മുക്കടവു കൊച്ചി മാസ്സുള്ളി കടവിൽ എറണാകുളത്തിനു റോഡുണ്ടാക്കിയാൽ danger and safe എന്ന എഴുതിവച്ചിരിക്കുന്ന വടയാർ, ഇത്തിപ്പുഴ ഈ പാലങ്ങളും ഒഴിക്കാം. വളരെ മൈൽ വഴിയും ലാഭിക്കാം. ഈ റോഡുകളുടെ സംഗതിയിൽ പ്രത്യേകം ശ്രദ്ധവയ്ക്കണം.

മീനച്ചൽ താലൂക്കിലുള്ള ഇല്ലിക്കൽ പാലം പണിതീരാറായിരിക്കുന്നു. ഈ സ്ഥിതിക്ക് അവിടെനിന്നും നട്ടി മൈൽമാത്രം ദൂരം വരുന്ന കുമരകത്തേക്കുള്ള റോഡു പൂർത്തിയാക്കേണ്ടതത്യാവശ്യമാകുന്നു. സ്ഥലം കൊണ്ടുവിലകൊടുത്തെടുത്തിട്ടു നാലു മൈലുള്ളതിനു മേലാവിലിരിക്കുന്നു. റോഡു വെട്ടിയിട്ടതന്നെ നാലു മൈലുമായിട്ടുണ്ടു. ചീഫ് ഇഞ്ചിനീയർ ദിവാനെ കണ്ടിരുന്നകാലും കുമരകം സന്ദർശിക്കുകയും റോഡു പൂർത്തിയാക്കികൊടുക്കാമെന്നു വാഗ്ദാനം ചെയ്കയും ചെയ്തിട്ടുണ്ടെന്നാണറിയുന്നതു. ഈ മൂന്നര മൈൽ റോഡിൽ ഒരു മൈലിലധികംകൊണ്ടേ താഴ്പ്രദേശമായിരിക്കുന്നില്ല. ആ സ്ഥലം നന്നാക്കുന്നതിനു ഏ ൪ ൦ രൂപാ വേണ്ടിവരുന്നുള്ളൂ. ഇതു ചെയ്തുകഴിഞ്ഞാൽ നാലു മൈലിനു ഏ ൦ ൦ രൂപയും വേണ്ടിവരുന്നുള്ളൂ. ഈ കുറഞ്ഞ സംഖ്യ ചിലവാക്കിയാൽ സാധുക്കൾക്കു മഴക്കാലത്തിൽ വെള്ളത്തിലാകുന്ന പാടു, വട്ടി മുതലായ സാധനങ്ങൾ കോട്ടയം ചന്തയിൽ കൊണ്ടുവിറ്റു കാശാക്കുന്നതിനു സൌകര്യപ്പെടുന്നതാണ്. അസംഖ്യം സാധുക്കളുടെ സങ്കടം തീർക്കുന്നതിനും അവരുടെ കായികപ്രയത്നത്തിനു സൌകര്യമുണ്ടാക്കുന്നതിനും വേണ്ടി കോട്ടയം–കുമരകം റോഡു അടുത്തകാലംതന്നെ തീർക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്യേണ്ടതാകുന്നു.

വേളൂർ–ചൂളിനാക്കൽ റോഡും അവസാനിക്കുന്ന ഭാഗങ്ങളിൽക്കൂടി ഒരു ക്രോസ്സ്റോഡു ഉടനെ തീർത്തുകിട്ടേണ്ടതാകുന്നു, അതിനു ൪ ൦ ൦ രൂപാ എസ്റ്റിമേറു ചെയ്തിട്ടുണ്ട്. റോഡു കോട്ടയം മുൻസിപ്പാലിറ്റിക്കുള്ളിൽക്കൂടി കടക്കേണ്ടതാകുന്നു. നിർഭാഗ്യവശാലും മുൻസിപ്പാലിറ്റി ൫ ൦ ൦ രൂപാ ഇതിലേക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കി ആവശ്യമുള്ള ൩ ൦ ൦ രൂപാ ഗവണ്മെന്റിൽനിന്നും അനുവദിച്ചു ഇതു ഉടനെ തീർക്കേണ്ടതാകുന്നു.

കിടങ്ങൂർ റോഡ്, അരിപ്പാസു അക്കൌണ്ടന്റും റോഡു പൂട്ടുചിറ ആനിക്കാട്ടുറോഡു ഇവ മൂന്നും ഓരോ ചെറിയപാലംകൂടെ ഉടൻതന്നെ സഞ്ചാരയോഗ്യമാക്കിതീർക്കുന്നതിനു പ്രത്യേകശ്രദ്ധയേക്ഷണിക്കുകകൂടെ മിസ്റ്റർ ജോൺ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (തനയ്യാറിൻകര): സർ, ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കോമ്മുമരാമത്തിലേക്ക് അനുവദിക്കുന്നപണം ന്യായമായവിധത്തിൽ വീതിച്ചുകൊടുക്കണമെന്നു അവതാരകൻ പറഞ്ഞതിപ്രായത്തോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു എന്നു ആദ്യമേ പറഞ്ഞുകൊള്ളുന്നു. എന്നാൽ തിരുക്കൊച്ചി ഗവർമ്മെണ്ടിനു വിവരിച്ചു കയ്യൊട സമയത്തെ യഥാപ്രകാരമുള്ള കാണിക്കാൻ മാത്രം ഒരു എങ്കിലും ഡിപ്പാർട്ടുമെൻറിനെ തനയ്യാറിൻകരയിലെ ജനങ്ങളോടു അനുകമ്പയില്ലെന്നു കാണിക്കാൻ മാത്രം ഒരു മാഹാത്മ്യം പറഞ്ഞുകൊള്ളുന്നു. തനയ്യാറിൻകരതാലൂക്കിലെ കോട്ടകാൽ തോടുണ്ട്. കോട്ടകാൽ ഞങ്ങളുടെ താലൂക്കിലെ പ്രധാനമായ കൈത്തോടുകളിൽ ഒന്നാണ്. ഏ വ ൦ രൂപ കവിഞ്ഞ തുകയ്ക്കു കോട്ടകാൽ തോടിലെ നിലങ്ങളെല്ലാം കൃഷിക്ക് ഉപയോഗമില്ലാത്തവയായിത്തീർന്നു, ഇപ്പോഴിത്തരം കൃഷിക്കാർക്ക് ശാശ്വതമായ ഒരു വഴിയും കൃഷ്ടിക്കുന്നതിനു ഉപയോഗിക്കുന്നുണ്ടു. മിസ്റ്റർ നടേശ്വരയ്യരുടെ കാലത്തു കിഴക്കേവശത്തു ഒന്നും പടിഞ്ഞാറേവശത്തു ഒന്നും ഇങ്ങനെ രണ്ടു തോട്ടുകൾ വെട്ടി അതു നന്നാക്കുന്നതിനു പ്ലാൻ തയ്യാറാക്കിയിരുന്നു. കിഴക്കേവശത്തെ ഇപ്പോൾ തീർന്നിട്ടുണ്ടു. പടിഞ്ഞാറേവശത്തും ഒരു തോട്ടമവട്ടന്നൂരവരെ ഇപ്പോഴത്തെ തോടുകോണ്ടുള്ള ഉദ്ദേശം സാധിക്കുമെന്നിട്ടുണ്ടു.

ല്ല. തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചുകിട്ടുന്നില്ലെന്ന കേട്ടുകേൾവിക്കു കുടിയാന്മാർ വലിയപരാതി പറഞ്ഞുകൊണ്ടിരിക്കുന്നു. പരിഞ്ഞാറവശത്തെ റോഡുവെട്ടാതെ യാതൊന്നും സാധിക്കയില്ല, ഈ കാര്യം ഞാൻ സഭയുടെ ശ്രദ്ധയിൽ പെടുത്തുന്നതുകൊണ്ടോ എന്നറിവാനായി പലപ്രധാന കുടിയാന്മാരും പുറത്തു കാത്തുനില്പുണ്ടെന്നുള്ള സംഗതി ഞാൻ സന്തോഷത്തോടുകൂടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ കാര്യത്തെപ്പറ്റി അനേകം ഹർജികൾ ഗവണ്മെന്റിനും ചീഫ് എൻജിനീയർക്കും അയച്ചിട്ടുണ്ട്. ഇതിനെപ്പറ്റി പ്രജാസഭയിൽ നിവേദനങ്ങളും ചെയ്തിട്ടുണ്ട്. ഇതേവരെ ഗവണ്മെൻറു ശരിയായ ഒരു മറുപടി കൊടുക്കയൊ ഡയ്ൻഡൈചുകൊടുക്കാൻ വല്ലതും പ്രവർത്തിക്കയൊ ചെയ്തിട്ടില്ല. ഈ പൊതുജനാപേക്ഷയെ ഞാൻ ഗവണ്മെൻറിനോടും പ്രത്യേകമായി ചീഫ് എൻജിനീയരോടും ശ്രദ്ധയുള്ള വഷയമായിപ്പിച്ചുകൊള്ളുന്നു. പരിഞ്ഞാറവശത്തുള്ള ഈ തോട്ടവെട്ടുന്നതു അടിയന്തിരവും അത്യാവശ്യവും ആണെന്നും ഡിപ്പാർട്ടുമെൻറു അതിനെസംബന്ധിച്ചു ഉടനെ എന്തെങ്കിലും പ്രവർത്തിക്കേണ്ടതാണെന്നും ചീഫ് എൻജിനീയർ നെയ്യാറിൻകര താലൂക്കിൽ സഞ്ചരിച്ചവരുമ്പോൾ ആ സ്ഥലത്തുവെച്ചുകൂടെ വന്നാൽ അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്താൻ എനിക്കു കഴിയുമെന്നു ഞാൻ വിചാരിക്കുന്നു.

"ജനങ്ങൾക്ക സത്യം ഉണ്ടാകട്ടെ. ആ സത്യത്തെ സംബന്ധിച്ചു വാദപ്രതിവാദം നടത്തുന്നതിനുള്ള സ്വാതന്ത്ര്യവും അവർക്കുണ്ടാകട്ടെ. എന്നാൽ എല്ലാം ശരിയായി നടക്കും" എന്നുള്ള പഴയമൊഴിയെ ആധാരമാക്കിയാണ് ജനകീയഭരണത്തിലുള്ള വിശ്വാസം സ്ഥിതി ചെയ്യുന്നതു.

മേരറിടത്തു അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"അയ്യ ജർമ്മനിയേയും ന്യായരാഹിത്യത്തെയും കവച്ചുവെയ്ക്കുന്നതായ ഒരു ഭരണനിർവ്വഹണസമിതിയുടെ സ്വാർത്ഥമോ പിശകോ ആയ നയങ്ങളെ ചൂണ്ടിക്കാണിച്ചു അതിനെ എതിർത്തു. സ്വാതന്ത്ര്യപ്രചാരകന്മാരായുള്ളവരെ ജയങ്കൊള്ളികളാക്കിവിടുന്നതിനും അയ്യ സഹായിച്ചു. അയ്യ പൊതുജനാഭിപ്രായത്തെ പ്രതിഫലിപ്പിക്കുകയും കേന്ദ്രീകരിക്കുകയും ചെയ്തുകൊണ്ടു പൊതുജനങ്ങളുടെ വിശ്വാസവും മനഃസ്ഥൈര്യതയും അതിനു സിദ്ധിച്ചു. അതില്ലായിരുന്നു എങ്കിൽ അഭിപ്രായത്തിന്റെ ഐക്യസംഘടിപ്പിക്കുന്നതിനും കൂടുതൽ ഗവണ്മെന്റിനോടു ജനം നേടുവാൻ സാധിക്കുമായിരുന്നില്ല."

സർ, ജനപ്രതിനിധിസ്ഥാപനങ്ങളുടെ സഹായങ്ങൾ കൂടാതെ നടത്തിപ്പോരുന്ന ഏതൊരു ചരിഷ്കൃതരാജ്യത്തും സ്വാതന്ത്ര്യമായ പ്രസ്സ് വേണ്ടുന്ന അനുപേക്ഷിതമാകുന്നു. നമ്മുടെ സാധാരണയായി പൊതുജനാഭിപ്രായം എന്നു പറഞ്ഞുവരുന്നതിനെ രൂപീകരിക്കുന്നതു സ്വതന്ത്രമായ പ്രസ്സാണ്. ജനപ്രതിനിധികളെ പോലും നിയന്ത്രിക്കുന്നതും രാജ്യത്തിനു മാർഗ്ഗമായി വിത്യാസം നടക്കുന്നതും ഇതു തന്നെയാണ്. ഓരോ പരിഷ്കൃത രാജ്യത്തിലും സ്വതന്ത്രമായ പ്രസ്സിന്റെ പ്രാധാന്യം ഇതാണ്. സർ, ഇതിനും പുറമേ ഈ റഗുലേഷനിലെ വ്യവസ്ഥകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതേവരെ ഏതൊരു രാജ്യത്തും നടപ്പാക്കിയിട്ടുള്ളതിൽ വച്ചു ഏറ്റവും കർശനമായ ഒന്നെന്നു എനിക്കു തോന്നുന്നതും പ്രിന്റിംഗ് ഡ്യൂഷിൽ ഫൻ ക ഠ -ൽ പറഞ്ഞിട്ടുള്ളതും അയ റഗുലേഷനെ മാതൃകയാക്കിയിട്ടാണെന്നാണ് ഈ റഗുലേഷൻ രൂപീകരിക്കപ്പെട്ടിട്ടുള്ളതു എന്നു ഞാൻ വാദിക്കുന്നു. ആ രാജ്യത്തിൽ പോലും ഒരു പ്രൈസൻസ് വാങ്ങിയിട്ടില്ലാത്ത പത്രം ഉടമസ്ഥനോ അധിപനോ ഗവണ്മെന്റു ആവശ്യപ്പെടാത്തപക്ഷം യാതൊന്നുമായി ഒരു പ്രൈസൻസ് വാങ്ങേണ്ട ആവശ്യം ഇല്ലാതാണിരിക്കുന്നു. ജാമ്യം കെട്ടിവയ്ക്കുന്നതിനെ സംബന്ധിച്ചിടത്തോളം മജിസ്ട്രേട്ടിനു യാതൊരു സ്വാതന്ത്ര്യം നൽകിട്ടുണ്ട്. ഒരു പ്രസ്സിന്റെ ഉടമസ്ഥനോ അധിപനോ ഒരു മാന്യനാണെന്നു മജിസ്ട്രേട്ടിനു ബോദ്ധ്യം വരുകയാണെങ്കിൽ അയാളിൽ നിന്നും ജാമ്യം വാങ്ങേണ്ട ആവശ്യം ഇല്ല. അങ്ങിനെ ഉള്ളവരിൽ നിന്നും ജാമ്യം വാങ്ങുകയും ഇല്ല. ആ നിയമത്തിന്റെ വിശേഷം ഇതാണ്. ഇവിടെ അങ്ങിനെ ഒന്നും ഇല്ല. നിങ്ങൾ മയോഗ്യനായിരുന്നാലും ശരി അയോഗ്യനായിരുന്നാലും ശരി നിങ്ങൾക്കു ഒരു പത്രം തുടങ്ങണമെങ്കിൽ നിങ്ങൾ ജാമ്യം കെട്ടിക്കഴിഞ്ഞതിനുശേഷം, "നിങ്ങൾക്കു പത്രം നടത്തണമെന്നുള്ളപക്ഷം ഞങ്ങൾക്കു അപ്പഴപ്പോൾ തോന്നുന്നതുപോലെ നിങ്ങൾ ഒരു പ്രൈസൻസ് എടുക്കണം" ഇങ്ങനെയാണു നമ്മുടെ ഗവണ്മെന്റു പറയുന്നതു. ടെമസ്സർ ഡവർണ്ണർ ബോഡാ ഗവണ്മെന്റും ഓരോ പ്രസ്സുകാരോടു നടപ്പാക്കിയിട്ടുണ്ടു. ഇങ്ങിനെ ഒരു നിയമം അവരുടെ സ്റ്റാറ്റ്യൂട്ട് പുസ്തകത്തിൽ ഉണ്ടെന്നുവരികിലും അവ വളരെ വിശാലമായ തത്വങ്ങളെ അടിസ്ഥാനമാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ളവയായതുകൊണ്ടു സംസാരസ്വാതന്ത്ര്യത്തേയോ പ്രസ്സിന്റെ സ്വാതന്ത്ര്യത്തേയോ അവ യാതൊരു പ്രകാരത്തിലും തടയുന്നില്ല. ശിക്ഷാനിയമത്തിലെ ക്രമ ര (എ) ക്രമ (ബി) ഇ ഠ ഈ വകുപ്പുകളിൻപ്രകാരമോ, ഭീരോതകത്തിലും വകുപ്പുകൾ പ്രകാരമോ ഉള്ള കുറ്റങ്ങൾ ചെയ്തിട്ടുണ്ടെന്നു അധികാരമുള്ള ഒരു സിവിൽകോടതി അഭിപ്രായപ്പെട്ടതിനു മേലല്ലാതെ യാതൊരു പത്രാധിപരേയും, പത്രമുടമസ്ഥനേയും, പ്രകാശകനേയും, ആ നിയമങ്ങൾ അനുസരിച്ചു ശിക്ഷിക്കാൻ പാടില്ല. അതായതു അയാൾ ഒരു കുറ്റം ചെയ്തതിനുശേഷം ഒരു സിവിൽ കോടതി അതിനുമേൽ തെളിവെടുത്തു അയാളുടേയോ അയാളുടെ വക്കീലിന്റെയോ വാദം കേട്ടു രാജദ്രോഹമോ മിന്നജാതികൾ തമ്മിൽ വഴക്കുകൂടുക ഇടയാക്കത്തക്കവല്ല വാർത്തകളും പ്രസിദ്ധം ചെയ്തുയോ ഒരുവനെ മാനനഷ്ടപ്പെടുത്തുകയും അല്ലുങ്കിൽ ഇതുപോലെ നെരവുമേറിയ വല്ല കുറ്റവും ചെയ്തുയോ ചെയ്തിട്ടുള്ളതായി കണ്ടതിനുശേഷം മാത്രമേ അയാളോടു പ്രൈസൻസ് എടുക്കണമെന്നും ജാമ്യം കെട്ടിവയ്ക്കണമെന്നും ആവശ്യപ്പെടുകയുള്ളു. കഴിഞ്ഞ ഒരു ശതവർഷമായിരുന്ന ദ്രോഹത്തിന്റെ മണം പോലും നമ്മുടെ രാജ്യത്തില്ല. മിന്നജാതികൾ തമ്മിൽ കലഹം ഉണ്ടാക്കുക എന്നുള്ളതു തന്നെ ഇപ്പോഴിടെ ഒന്നു രണ്ടു വർഷങ്ങളായി മാത്രം കണ്ടുവരുന്ന ഒരു സ്വഭാവവിശേഷം ആണ്. അതു സ്ഥായിയായിട്ടുള്ള ഒരു ദോഷവും അല്ല. അതിനു മുമ്പു നമ്മുടെ രാജ്യത്തു മിന്നജാതികൾ തമ്മിൽ യാതൊരു മത്സരവും ഉണ്ടായിരുന്നില്ല. മാനനഷ്ടപ്പെടുത്തുന്നതിനെപ്പറ്റി പറയുകയാണെങ്കിൽ ഇവിടെ കിട്ടാവുന്ന കണക്കുകൾ പരിശോധിച്ചുനോക്കുന്നപക്ഷം ഈ കാരണത്തിന്മേൽ വളരെ കുറച്ചു പേരെമാത്രമേ പ്രാസിക്യൂട്ട ചെയ്തിട്ടുള്ള എന്നു കാണാവുന്നതാണ്. ഇതുയും പറഞ്ഞതിൽ നിന്നും ഈ നിയമം നടപ്പാക്കിയതിന്റെ ഉദ്ദേശം ഇതായിരുന്നു എങ്കിൽ ആ ഉദ്ദേശങ്ങളെ ഇവിടെ നടപ്പിലിരിക്കുന്ന നിയമങ്ങളിൽ അതായതു ശിക്ഷാനിയമവും ക്രിമിനൽ നടപടിനിയമവും കൊണ്ടു സാധിക്കാവുന്നതായിരുന്നു എന്നു ഞാൻ തെളിയിച്ചുകഴിഞ്ഞതായി വിശ്വസിക്കുന്നു. അതിലേക്കു പുതുതായി യാതൊരു നിയമവും നടപ്പാക്കേണ്ട ആവശ്യവും ഇല്ലായിരുന്നു. അതല്ലായിരുന്നു ഉദ്ദേശം.

പ്രസിഡന്റു, നിങ്ങളുടെ സമയം കഴിഞ്ഞു.

മി. ആർ. രാമൻപിള്ള (കോട്ടയം): മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ലോകത്തിൽ ജനസാമാന്യത്തിന്റെ ഇടയിൽ സമാധാനലംഘനം ഉണ്ടാക്കുന്നതിനു മുക്കാലും പല മനസ്സർ ഉണ്ടെന്നു ഗവണ്മെന്റിനു ശങ്കതോന്നിട്ടു സകല ജനങ്ങളും ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട കോടതിയിൽ ഹാജരായി നല്ല നടപ്പിനു ജാമ്യം എഴുതിവയ്ക്കണമെന്നു ഒരു വ്യവസ്ഥചെയ്യുന്നതുപോലെയാണു ഈ വർത്തമാനപത്രറഗുലേഷന്റെയും വ്യവസ്ഥ. ചില പത്രപ്രവർത്തകന്മാർ തെറ്റുചെയ്യുമെന്നു ഗവണ്മെന്റിനു ശങ്കതോന്നിയതിന്റെ ഫലമായി പത്രപ്രവർത്തകന്മാരെല്ലാപേരും നല്ലനടപ്പിനു ജാമ്യം കെട്ടിക്കണമെന്നാണു നിശ്ചയിച്ചിട്ടുള്ളതു, എൽ. ടി. പരീക്ഷ വിജയികളായ ബിരുദധാരികൾ പ്രൈസൻസ് എടുക്കുന്നതു പോലെ. ആ അപകടങ്ങൾ കൊണ്ടു നിർദ്ദേശിക്കുന്നു അവർ പ്രൈസൻസ് ടീച്ചുഴ്സ് എന്നാണു, അപ്രകാരം പ്രൈസൻസ് എടുക്കുന്നതിൽ കുറവില്ല, എന്നാൽ ജാമ്യം കെട്ടുക്കേണ്ടിവരുന്നതാണു വിഷമമായിട്ടുള്ളതു. ഒരാൾ കുറ്റംചെയ്തു എന്നുള്ള ശങ്കതോന്നിയാൽ സകലമനുഷ്യരും ഡിസ്ട്രിക്ട് മജിസ്ട്രേട്ട കോടതിയിൽ ഹാജരായി ജാമ്യംകെട്ടിക്കണമെന്നാണു പറയുന്നതു. അങ്ങിനെ ജനസാമാന്യത്തിന്റെ പ്രാഥമീകാവകാശത്തെ ഭംഗംവരുത്തുന്നതു സഹിച്ചുകൊണ്ടിരിക്കുന്നതിനു ഒരിക്കലും സ്വതന്ത്രന്മാർക്കു സാദ്ധ്യമല്ല. ഒരു മനുഷ്യൻ എന്തുകുറ്റമാണുചെയ്തിട്ടുള്ളതെന്നു അധികാരമുള്ള ന്യായാധിപന്മാരുടെമുമ്പാകെ ഹാജരാക്കി തെളിവുകൊടുക്കുകയും പിന്നീടു അയാളോടു സമാധാനംവാങ്ങി ഇരുളാതുള്ളതെളിവുകളെപ്പറ്റി പരിഗണന

നടപ്പാക്കുന്നതിനുമുമ്പ് അയാളോട് ജാമ്യംവാങ്ങിക്കുന്നരീതി ഒരിക്കലും സഹ്യമല്ല. അതുപോലെയാണ് പത്രപ്രവർത്തകന്മാരെ സംബന്ധിച്ചും ഈ നിയമത്തെക്കൊണ്ടു ഗവണ്മെന്റു സാധിച്ചിട്ടുള്ളതു. ജഡ്ജർ എന്തെങ്കിലും കുറ്റംചെയ്താൽ അവരെ ന്യായമായി കോടതിയിൽ ഹാജരാക്കി അവരുടെമേൽ തെളിവുകൊടുത്തു അവരിൽ കുറ്റംസ്ഥാപിച്ചു സമുചിതംപോലെ ഇങ്ങോട്ടുള്ള തെളിവുകളെ പരിഗണിച്ചു ഒരു തീർച്ചയുണ്ടാക്കിയതിനുശേഷം അവരെ ശിക്ഷിച്ചാൽ സങ്കടത്തിലാകയില്ലായിരുന്നു. ഒരു മനുഷ്യന്റെ മനസ്സാക്ഷിക്കും യുക്തിക്കുമനുസരിച്ചുതോന്നുന്നതിനെ പറയുകയൊ കടലാസിൽ എഴുതുകയൊ അതിനെ അച്ചടിപ്പിക്കുകയൊ ചെയ്യുന്നതിനുള്ളപ്രാഥമികാവകാശത്തെ നശിപ്പിക്കുന്നതിൽ സങ്കടം ഇല്ലാത്ത ആളുകൾ സാമാന്യേന ലോകത്തിൽ കാണുകയെന്നു എനിക്കുതോന്നുന്നില്ല. ഈ വിധത്തിൽ നമ്മുടെരാജ്യത്തു ഒരു നിയമം ഉണ്ടാക്കുന്നതുകൊണ്ടു കുറേ ഗുണങ്ങൾ ഉണ്ടാവാം എന്നുള്ളതിനു ഇല്ലായ്മ തീർച്ചയായും തുല്യമായിരുന്നു എന്നുള്ളതിനു സംശയമില്ല. ഈ നിയമം ഉണ്ടായകാലംമുതൽ ഈനാടുകാരെ അതിനെക്കുറിച്ചുപല വിധത്തിൽ അന്വേഷണംനടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഈ വിഷയത്തിൽ ചിലദിവസങ്ങൾക്കുമുമ്പു ചിലപത്രങ്ങളിൽ ഉണ്ടായിരുന്ന എന്നുള്ളതുകൊണ്ടു രാജ്യത്തെ ജനസാമാന്യത്തിന്റെ ഇടയിൽ ഭയങ്കരമായ സമാധാനഭംഗം ഉണ്ടാക്കത്തക്കവണ്ണം യാതൊന്നും ഇപ്പോയിരുന്നു ഞാൻ മിക്കമലയാളപത്രങ്ങളും വായിച്ചുകൊണ്ടിരിക്കുന്നയുകൊണ്ടു എന്റെ മനസ്സിനു മറ്റുസമുദായങ്ങളുടെയൊ തിരുവിതാംകൂർ ഗവണ്മെന്റിനൊ വൈരസ്യം ജനിപ്പിക്കത്തക്കവണ്ണം ഉള്ള യാതൊന്നും ആ കടലാസുകളിൽ ഉണ്ടെന്നു തോന്നിട്ടില്ല.

മറ്റുള്ള സാമാന്യ ജനങ്ങളിൽ ഏറക്കുറെ എന്നപ്പോലെതന്നെയൊ എന്നതിനേക്കാൾ കൂടുതലൊ ശ്രേഷ്ഠന്മാരുടെയൊ ശ്രീമാന്മാരുടെയൊ എന്നു ഞാൻ വിചാരിക്കുന്നുള്ളു. അവരുടെ അഭിപ്രായത്തെ അതുപോലെതന്നെ ഇളക്കത്തക്കവണ്ണം ഈ പത്രങ്ങളിൽ വല്ലസംഗതിയും കണ്ടിട്ടുണ്ടെന്നു അവരും വിചാരിച്ചിട്ടുണ്ടെന്നു എനിക്കുതോന്നുന്നില്ല. ഇപ്രകാരംഇരിക്കെ ഈവിധം ഒരുനിയമം ഉണ്ടാക്കിയതിന്റെ കാരണംഎന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നുമാത്രമുമല്ല അങ്ങിനെ ഒരു നിയമം തിരുവിതാംകൂറിൽ അത്യാവശ്യമാകുമോ എന്നും അങ്ങനെ അത്യാവശ്യമാകുമെങ്കിൽ ഒരു നിയമം ഉണ്ടാക്കുന്നതിനെപറ്റി വിചിന്തനം ചെയ്യുന്നതിനായി കഴിഞ്ഞുപോയ മഹാരാജാവുതിരുമനസ്സുകൊണ്ടു ഇടയ്ക്കു ഒരു നിയമസഭ സ്ഥാപിച്ചുതന്നിട്ടുണ്ടു. പൊള്ളുന്നവാക്കുകളുപയോഗിക്കുന്ന ആപത്തുകളെ തടുക്കുന്നതിനു അല്ലാതെ ഈവിധം ഒരു നിയമം ഉണ്ടാക്കേണ്ട ആവശ്യം എന്തായിരിക്കുമെന്നു എനിക്കു മനസ്സിലാകുന്നില്ല. ഈ റഗുലേഷൻപ്രകാരം കാരണമായിനിർദ്ദേശിച്ചിരിക്കുന്ന എല്ലാവകുപ്പുകൾക്കും തിരുവിതാംകൂറിൽ ശിക്ഷാനിയമത്തിൽ തക്ക പരിഹാരം ഉണ്ടെന്നാണ് എനിക്കുതോന്നുന്നതു. അഥവാ അതിൽ പരിഹാരം ഇല്ലെന്നതോന്നുന്നതിൽ അതിനെ പ്രത്യേകം ഭേദപ്പെടുത്തി അതിന്റെ പരിധിക്കുള്ളിൽ കൂട്ടുകയൊവ്യവസ്ഥചെയ്യാവുന്നതാണ്. ഇതുപോലും ചെയ്യാതെ ഇത്രകഠിനമായിട്ടുള്ള ഒരു ആയുധം പത്രപ്രവർത്തകന്മാരുടെ പിടിയിൽകൊടുക്കുകയിരിക്കുന്നതു അത്യന്തം വ്യസനിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു ഈ നിയമസഭയുടെ പുനരാലോചനക്കായി മി. കെ. പി. നീലകണ്ഠപ്പിള്ള സമർപ്പിച്ച പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി. ഡി. സി. ജോസഫ് (അരുവിക്കുഴി): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുവാൻവേണ്ടി ഇവിടെ എഴുന്നേറ്റുനിൽക്കുന്നതിൽ എല്ലാപേർക്കും വളരെ അതിശയത്തിനിടയുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പത്രാധിപർ ആയുള്ളതുകൊണ്ടോ?

മി. ഡി. സി. ജോസഫ് (അരുവിക്കുഴി): ഒരു മെമ്പർ എന്നുള്ളനിലയിലാണ് ഞാൻ ഇപ്പോൾ ഇവിടെ എഴുന്നേറ്റുനിൽക്കുന്നതു. ഈ പ്രമേയത്തെ എതിർക്കുന്നതിൽ എനിക്കു പ്രത്യേകം ചിലകാരണങ്ങളുണ്ടു. നിയമസഭയിലെ ഒരു അംഗംഎന്ന നിലയിൽമാത്രം അല്ല ഫോർത്ത് എസ്റ്റേറ്റിൽ ഉള്ള ഒരുവൻ എന്നുള്ളനിലയിൽ കൂടിയാണ് ഞാൻ ഇവിടെ എഴുന്നേറ്റുനിൽക്കുന്നതു. രാജ്യത്തെ ജനങ്ങൾക്കു പ്രസ്സ് വളരെ വളരെ ഗുണം ചെയ്തിട്ടുണ്ട്. പത്രപ്രവർത്തനം വളരെ ഉത്തമമായ ഒരു തൊഴിലാണെന്നാണ് വിചാരിച്ചിട്ടുള്ളതു. അതിനെപറ്റി വളരെ ബഹുമാനത്തോടും ആദരവോടുകൂടിവേണം നാം വിചാരിക്കേണ്ടതു. ഈ തൊഴിലിനെ നാം ഉപയോഗിക്കുന്നതു നമ്മുടെ രാജ്യത്തിന്റെ നന്മക്കും ഉന്നതിക്കുംവേണ്ടിയാണ് ഈ ജോലിയിൽ പ്രവേശിച്ചിരിക്കുന്നവർ അവർ ചെയ്യേണ്ടതായ ഈ ഉത്തമകൃത്യത്തെയാണ് ചെയ്യുന്നതു. പത്രപ്രവർത്തകന്മാർ അവരുടെ ചുമതല വളരെരാജ്യതന്ത്രജ്ഞതയോടും വളരെ ഉത്തരവാദിത്വമുള്ളതും ആണെന്നു മനസ്സിലാക്കേണ്ടതാണ്. രാജ്യത്തിന്റെനന്മയ്ക്കായി കരുതുന്നുള്ള പൗരാധിപന്മാരുടെ തയ്യാറുള്ളതായ പൗരാധിപത്യത്തെയും ആശ്രയിച്ചാണ്ഇരിക്കുന്നതു എന്നവരുകിൽ നമ്മുടെ യുവജനങ്ങളെ ആരോഗ്യമായ വേഗത്തിൽവായിക്കുന്നതിനു അനുവദിക്കുകയും ആക്ഷേപകരമായ പ്രസംഗങ്ങൾ വായിപ്പാനനുവദിക്കയും അനുയോജ്യമായ സംഗതികളെപറ്റി ആലോചിപ്പാനനുവദിക്കയും ചെയ്യുന്നപക്ഷം അവരുടെമാനസിക പരിതാപകരമായി തീരുന്നതിനും അവർക്കുള്ള അവരുടെ രാജ്യത്തിനുംവേണ്ടി ശ്രേഷ്ഠകരമായ ഒരുപന്ഥാവിൽകൂടി അവർ ചരിക്കുന്നതിനും ഇടയാകരുതെന്നുള്ളതുകൊണ്ടു. നമ്മുടെ സമുദായം നന്നാക്കണമെന്നുവരുകിൽ നമ്മുടെ രാഷ്ട്രീയത്തെയും നന്നാക്കണമെങ്കിൽ ഇപ്പോഴത്തെ സ്ഥിതികൾക്കു ഭേദംഉണ്ടാക്കത്തക്കവിധത്തിൽ നമ്മുടെ കൗൺസിലുകളിലെ പ്രതിനിധിത്വം വന്നുചേരണമെങ്കിൽ, സമുദായങ്ങൾതമ്മിൽ ഭിന്നതയുള്ളതു ഇല്ലാതാകണമെങ്കിൽ—ഇതിനെല്ലാം ആധാരമായിട്ടുള്ളതു പത്രാധിപന്മാരും അവരുടെ തൊഴിലും ആണ്,

സിവിൽനടപടിനിയമവും ക്രിമിനൽനടപടിയിയമവും നമ്മുടെ ഗവണ്മെന്റു നടപ്പിൽവരുത്തിയിട്ടുള്ളതുപയാണ്, അങ്ങിനെയുള്ള കക്ഷികളുടെ ആശാസ്യതയെ സംബന്ധിച്ചുതന്നെ എതിർവാദം ചെയ്യുമെന്നൊ ഇങ്ങിനെയുള്ള നിയമങ്ങളുടെ ആവശ്യകതയെ സംബന്ധിച്ചുസംശയിക്കയൊ ഇവയെ റദ്ദുചെയ്യണമെന്നു പറയുകപോലും ചെയ്യുകയൊ ചെയ്യുമെന്നു എനിക്കു തോന്നുന്നില്ല. ജനങ്ങളുടെ രക്ഷക്ക് ഇങ്ങിനെ ഒരു റഗുലേഷൻ ആവശ്യമായിരിക്കുന്നുഎന്നോ ജനങ്ങളും കുറേശ്ചെയ്യുന്നതിനു വാസനയുള്ളവരാണെന്നോ ഒരുപക്ഷേ ജനങ്ങളേ പറയുമായിരിക്കാം.

മി. എൻ. കേശവപിള്ള (കൊല്ലൂർക്കര—കുന്നത്തൂർ): ഈ റഗുലേഷൻ നടപ്പിലാക്കുന്നതിനു തക്ക ആവശ്യം ഉണ്ടായിരുന്നുഎന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. ഡി. സി. ജോസഫ് (അരുവിക്കര): അതെ. അതിലേക്കുള്ള ആവശ്യം ഉണ്ടായിരുന്നു. പത്രാധിപർ എന്ന നിലയിൽ എനിക്ക ഇരുപതുവർഷത്തെ പഴക്കം ഉണ്ട്. ഈ റഗുലേഷൻ ആവശ്യമുള്ളതാണെന്ന് എനിക്ക തോന്നുന്നത്. ഹീനമായ ലേഖനങ്ങളും രാജകുടുംബത്തെ സംബന്ധിച്ചുപോലും മാന്യമാണ് കരങ്ങളായ പ്രസംഗങ്ങളും ലേഖനങ്ങളുംകൊണ്ട രാജ്യത്തിൽ പ്രചരിക്കുവാനുള്ള ഇടയായേക്കുമെന്ന സംശയിക്കുന്നതിനു ഇടയുണ്ടായിട്ടുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിലുള്ള ഏതെങ്കിലും ഒരു പത്രത്തിൽ രാജകുടുംബത്തിനു എതിരായി ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിരുന്നതായി ചൂണ്ടിക്കാണിപ്പാൻ കഴിയുമോ?

മി. ഡി. സി. ജോസഫ് (അരുവിക്കര): നല്ലതുപോലെ അറിയാവുന്ന ഉള്ള ഒരു ലേഖനത്തോട്ടുകൂടി എഴുതിയിരുന്ന ലേഖനത്തെ ഞാൻ ഇവിടെ എടുത്തു കൂട്ടിച്ചേർക്കുന്നു. എങ്ങിനെ ഒരു ലേഖനം രാജ്യത്തിൽ അസ്വസ്ഥതിനും രാജദ്രോഹത്തിനും കാരണമായിത്തീർന്നേക്കാവുന്നതുള്ളതാകുന്നു.

മി. ഗുരിവേലിൽ പാപ്പുപിള്ള (ചേർത്തല): രാജദ്രോഹത്തിനു ശിക്ഷിക്കാൻ പീനൽകോഡിൽ വകുപ്പില്ലയോ?

മി. ഡി. സി. ജോസഫ് (അരുവിക്കര): ഒരുപ്പുണ്ടായിരിക്കാം. എന്നാൽ ഇങ്ങിനെ ഒരു റഗുലേഷൻ അത്യാവശ്യം കൂടാതെ കഴിഞ്ഞുകൂടിയിരുന്നതുതന്നെ കാണേണ്ടിയിരിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): രാജ്യത്തെ ഉപദ്രവിപ്പാൻഭാവങ്ങളിലുണ്ടാകുന്ന കുറ്റങ്ങൾ കാണുള്ളതിനാണ് ഇങ്ങിനെ ഒരു റഗുലേഷൻ നടപ്പാക്കുന്നതെങ്കിൽ ഇപ്പോൾ ഏതാവശ്യമാണുള്ളത്?

മി. ഡി. സി. ജോസഫ് (അരുവിക്കര): ചില സ്ഥിതികളെ നന്നായറിഞ്ഞുകൊണ്ടു ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണ് ഇതു കൊണ്ടുവന്നിരിക്കുന്നതെന്നു തോന്നുന്നു.

മി. എസ്. പിരപ്പൻകുന്നമാപിള്ള (വ്യാപാരവ്യവസായസംഘങ്ങൾക്കുവേണ്ടി വക്കീൽ): ഒരു പ്രത്യേക വർത്തമാനപത്രത്തെ തടയുന്നതിനുവേണ്ടിയാണ് ഇതെങ്കിലും ഒരു വകുപ്പ് ക്രിമിനൽനടപടിമുറിയിൽ ഉണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അരുവിക്കര): ക്രിമിനൽനടപടിനിയമത്തിൽ അപ്രകാരം ഒരു വകുപ്പില്ല.

മി. മാത്യു മുണ്ടക്കൽ (വൈക്കം): ആവശ്യംഎന്നു തോന്നുന്ന സന്ദർഭങ്ങളിൽ പ്രസ്സിനെ കണ്ടുകെട്ടുന്നതിനുള്ള വ്യവസ്ഥ ക്രിമിനൽനടപടിനിയമത്തിലെ ഇല്ലയോഎന്നറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അരുവിക്കര): ഇല്ല. അച്ചുക്കൂടത്തെ കണ്ടുകെട്ടുന്നതിനെ സംബന്ധിച്ചു യാതൊരുവകുപ്പും ഇല്ല. ലോകം ധിക്കരിച്ചിരുന്നിടത്തോളംകാലം നമ്മെ നിയന്ത്രിക്കുന്നതിനും വഴികെട്ടുന്നതിനും നമ്മുടെ ചാപല്യങ്ങളെ നിയന്ത്രിക്കുന്നതിനുവേണ്ടിയാണ് നിയമങ്ങളും ചട്ടങ്ങളും ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാണ്. അങ്ങിനെയില്ലെങ്കിൽ നമുക്ക വളരെ വൃധിയുള്ളതിന ഇടയാകുമെന്നുള്ളതാകുന്നു. നാം ജീവിക്കുന്ന കാലം പ്രാതിനിധ്യഭരണകാലമാണെന്ന എനിക്ക അറിയാം. എന്നാൽ ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്ന സ്വാതന്ത്ര്യത്തെ അവർ ദുരുപയോഗപ്പെടുത്തുന്നതിനു മുതിരുന്ന അവസരത്തിൽ പൊതുജനങ്ങളെ രക്ഷിക്കേണ്ട ഭാരം ഗവണ്മെന്റിനുണ്ടല്ലൊ. അങ്ങനെയുള്ള ഒരു കാലത്തു ഇങ്ങിനെയൊരു പ്രതിവിധി ചെയ്യാതിരുന്നിരുന്നുവെങ്കിൽ ഭിന്നവർഗ്ഗങ്ങൾ തമ്മിൽ വലിയ കലഹം ഉണ്ടാക്കുന്നതിനും രക്തംചൊരിയുന്നതിനുപോലും ഇടയുണ്ടാകുമായിരുന്നു. എന്നാൽ നമ്മുടെ ദുർഭാഗ്യത്തിനാൽ ഗവണ്മെന്റ നമ്മുടെ സഹായത്തിനു വന്നുകൂടുന്നില്ല. അവർ ഈ റഗുലേഷനെ നടപ്പാക്കുകയും ചെയ്തു. ഈ റഗുലേഷൻ പാസായിഎന്നു പറഞ്ഞിട്ടും ജനങ്ങളുടെ രക്ഷയ്ക്കുവിപരീതമായി ഗവണ്മെന്റിൽനിന്നും ചെയ്യുന്ന ഏതൊരു പ്രവൃത്തിയെയും സംബന്ധിച്ചു സ്വാതന്ത്ര്യമനുഭവിക്കുന്നതിൽ വിമർശനംചെയ്യുന്നതിനു പത്രാധിപന്മാർക്ക് യാതൊരു നിരോധവും ഇല്ല. നമ്മുടെ സംസാരസ്വാതന്ത്ര്യത്തിനു യാതൊരു ഭംഗവും നേരിട്ടിട്ടില്ലതാനും.

ഈ പ്രത്യേകനിയമത്താൽ ഈ രാജ്യത്തെ ജനങ്ങളുടെ സംസാരസ്വാതന്ത്ര്യത്തെ യാതൊരുപ്രകാരത്തിലും തടഞ്ഞിട്ടില്ല. അങ്ങിനെ വല്ലതും ഉണ്ടായിട്ടുണ്ടെന്നുവരികിൽ ഗവണ്മെന്റിനെ തന്നെ ഞാൻ ശത്രുവായി എണ്ണുകയായിരുന്നു.

നീചമായ ലേഖനങ്ങൾ പ്രസിദ്ധംചെയ്യുന്ന അനേകം പത്രങ്ങൾ ഈ രാജ്യത്തു ഉള്ളതായി എനിക്കറിയാം. ചിലപ്പോൾ അനേകം സമുദായങ്ങളുടെതന്നെ വിരോധം തോന്നുന്നതിന ഇടയാകത്തക്കവണ്ണം വ്യക്തികളെ സംബന്ധിച്ചും എഴുതാറുണ്ട്. ഗവണ്മെന്റ ഇങ്ങിനെയുള്ള സംഗതികളിൽ യാതൊന്നുംതന്നെ പ്രവർത്തിച്ചിട്ടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങിനെയാണെങ്കിൽ പിന്നെ ഇപ്രകാരം ഒരു റഗുലേഷൻ നടപ്പാക്കിയിരിക്കുന്നതുകൊണ്ടുള്ള ഉപയോഗം എന്താണ്?

മി. ഡി. സി. ജോസഫ് (അരുവിക്കര): ഏതെങ്കിലും പത്രാധിപരെ ബന്ധിക്കുന്ന കർശനമായ ഒരു റഗുലേഷൻഅല്ല ഇത്. ഈ റഗുലേഷൻ ഉണ്ടായിരുന്നിട്ടും അനാവശ്യമായിട്ടുള്ള പല സംഗതികളും ഇപ്പോഴും പത്രങ്ങളിൽ പത്രാധിപന്മാർ പ്രസ്താവിച്ചുകാണാറുണ്ട്. ഈ റഗുലേഷൻ യാതൊരുപ്രകാരത്തിലും പത്രാധിപന്മാരുടെ അധികാരത്തെയോ അവകാശത്തെയോ സ്വാതന്ത്ര്യത്തെയൊ തടയുന്നില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ലേഖനങ്ങൾ ആരെയെങ്കിലും ശകാരിച്ചുകൊണ്ടുള്ളവയായിരുന്നുവോ?

മി. ഡി. സി. ജോസഫ് (അരുവിക്കര): ശകാരിച്ചുകൊണ്ടുള്ളവയായിരുന്നുഎന്നമാത്രമല്ല മാനനഷ്ടകരവും ആളുകളെ ചിത്തഭ്രമമുള്ളവരുമായിരുന്നുവെന്നും പറയുന്നതിനു ഞാൻ മടിക്കുന്നവയുംകൂടി ആയിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): മുമ്പുണ്ടായിട്ടുള്ളതും ഇപ്പോൾ പറയുന്നതുമെല്ലാം ഈ രാജ്യത്തെ മലയാളപത്രങ്ങളെ സംബന്ധിച്ചുതന്നെയാണെന്നറിഞ്ഞാൾകൊള്ളാം.

മി. ഡി. സി. ജോസഫ് (അരുവിക്കര): പൊതുവായി മലയാളത്തിലുള്ള വർത്തമാനപത്രങ്ങളും പ്രത്യേകിച്ചു ഒന്നിനെയും ഉദ്ദേശിച്ചിട്ടില്ലെന്നുള്ളതായ അനേകം കുത്തുകൾ ചെയ്യുവാനുള്ളതായി ഒരു ബോദ്ധ്യം ഉണ്ടായിട്ടുണ്ട്.

ണ്ടാക്കി അതു പറയാതിരിക്കാൻ നിവൃത്തിയില്ല. തിരുവിതാംകൂറിലുള്ള പത്രങ്ങളിൽ ഇങ്ങിനെ അശ്ലീലവും അപമാനകരവുംആയ ലേഖനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ഗവണ്മെന്റിനു യാതൊരുവിധമായ ഉത്തരവാദിത്വവും ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റിനു ഈ സംഗതിയിൽ യാതൊരുവിധമായ ഉത്തരവാദിത്വവും ഇല്ല എന്നു മെമ്പർ പറഞ്ഞതു മെമ്പറിന്റെ സ്വന്ത അഭിപ്രായമാണോ അതല്ല ഗവണ്മെന്റു മെമ്പറിനു ഇപ്രകാരം പറയുന്നതിനു അധികാരപ്പെടുത്തിയിട്ടുണ്ടോഎന്നറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതു എന്റെ സ്വന്ത അഭിപ്രായമാണ്. ഞാൻ ഏ വർഷക്കാലമായി ഒരു വർത്തമാനപത്രത്തിന്റെ അധിപരായിരിക്കയാണ്.

മി. എ. എസ്. മോഹനദാസൻ (മാവേലിക്കര-കാർത്തികപ്പള്ളി): വർത്തമാനപത്രങ്ങളിൽ ഏതെങ്കിലും അപമാനകരമായ ലേഖനങ്ങൾ മെമ്പർ എഴുതിയിട്ടുണ്ടോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നാട്ടുഭാഷാപത്രങ്ങളോടും ഇംഗ്ലീഷ് ഭാഷാപത്രങ്ങളോടും ഗവണ്മെന്റിൽനിന്നും ഭിന്നരീതിയിൽ പെരുമാറുന്നതിനുള്ള കാരണമെന്താണ്?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവണ്മെന്റിനോടുള്ള അനുഭാവപ്പെടൽ കൂടുതൽ കാണിക്കുന്നുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ തമിഴ് പത്രങ്ങളേക്കുറിച്ചോ മലയാളപത്രങ്ങളേക്കുറിച്ചോ ഇംഗ്ലീഷ് പത്രങ്ങളേക്കുറിച്ചാണ് സംസാരിക്കുന്നത് എന്നറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പൊതുവായി തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങളെക്കുറിച്ച് നാട്ടുഭാഷാപത്രങ്ങളെക്കുറിച്ചു പ്രത്യേകിച്ചുമാണ് ഞാൻ പറയുന്നത്.

നമ്മുടെ പ്രസ്ഥാനത്തെസംബന്ധിച്ചു ഈ നാട്ടിലെ പുറത്തുള്ളവർ വിപരീതമായി ധാരാളം എഴുതുന്നുണ്ട്. അപ്രകാരം അതേസംബന്ധിച്ചു യാതൊന്നുംതന്നെ അറിഞ്ഞുകൂടാ. അവർ തിരുവിതാംകൂറിൽവന്നു ഇവിടെയുള്ള സ്ഥിതിവിശേഷങ്ങൾ മനസ്സിലാക്കുന്നപക്ഷം തങ്ങൾ പ്രസ്തുതവിഷയത്തെസംബന്ധിച്ചു തെറ്റായും അവർ പറകയില്ല. അവർ എല്ലാകാര്യങ്ങളെപ്പറ്റിയും തെറ്റിദ്ധരിച്ചിരിക്കയാണ്. അതിനുംപുറമെ അനാവശ്യമായ വിമർശനത്താൽ അവർ സംഘടിതകക്ഷിയാണ് എന്നുള്ള ധാരണയിൽ മനസ്സിലാക്കിയിരിക്കയുമാണ്. ഈ ലേഖനങ്ങൾ വായിച്ചുനോക്കുന്ന ഏവരും അവ ഉള്ളിലായസമ്പ്രദായസംബന്ധിച്ചു മാത്രമല്ല പത്രാധിപർ ഇഷ്ടപ്പെടാത്തതായ പത്രാധിപക്കാര്യങ്ങളെന്നു തോന്നുന്നതായ എല്ലാപേരെസംബന്ധിച്ചും ചീത്തയായി എഴുതിയിട്ടുള്ളതായിക്കണ്ടുമെന്നുള്ളതാകുന്നു. കൗൺസിൽമെമ്പറന്മാരെപ്പോലും അവർ വിട്ടുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതേതുപത്രങ്ങളെസംബന്ധിച്ചാണു മെമ്പർ പറയുന്നതെന്നു ദയവുചെയ്തു വിശദപ്പെടുത്തുമോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): യാതൊരു പേപ്പറിനേയും ഞാൻ പ്രത്യേകമായി ഉദ്ദേശിക്കുന്നില്ല.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാറ്റിൻകര): മെമ്പറിനു മലയാളം അറിയാമോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എനിക്കു മലയാളം വായിക്കാനും എഴുതാനുമറിയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറിൽ ആരെക എത്ര വർത്തമാനപത്രങ്ങളാണ് ഉണ്ടെന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഏ ഠ ു, ഏ ള ു-ൽ കൂടുതൽവരും.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ മുമ്പു ചെയ്ത വിമർശനങ്ങളും ഈ എല്ലാപത്രങ്ങളേയും ബന്ധിക്കുന്നതാണെന്നാണോ മെമ്പർ പറയുന്നത്?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അപമാനകരമായ ലേഖനങ്ങളെ പ്രസിദ്ധംചെയ്യുന്ന പത്രങ്ങളെസംബന്ധിച്ചുമാത്രമേ പറഞ്ഞുള്ളൂ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങനെ പറഞ്ഞതായഅവസരത്തിൽ മെമ്പർ എത്ര പത്രങ്ങളെസംബന്ധിച്ചു പ്രസ്താപിച്ചുഎന്നുള്ളതിനാൽ എണ്ണം അറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ചോദ്യത്തിനു ഉത്തരംപറവാൻ ഞാൻ തയ്യാറില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാട്ടുഭാഷാപത്രങ്ങളിൽ പ്രസിദ്ധംചെയ്തിരുന്ന ഏതെങ്കിലും ഒരു അപമാനകരമായ ലേഖനം എടുത്തുകാണിച്ചാൽ കൊള്ളാമെന്നു ഞാൻ മെമ്പറിനോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ചോദ്യത്തിനു ഞാൻ ഉത്തരം പറവാൻ ഒരുക്കമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ല. മെമ്പറിനു സാധിക്കയില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എനിക്കു സാധിക്കുമെങ്കിലുള്ളൂ, ഞാൻ ആ ചോദ്യത്തിനു മറുപടിപറവാൻ തയ്യാറില്ലാഞ്ഞുകൊണ്ടുമാത്രമാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മെമ്പർ പൊതുവായിചെയ്ത പ്രസ്താവനയ്ക്കു അടിസ്ഥാനമെന്തായിരുന്നുഎന്നറിഞ്ഞാൽകൊള്ളാം.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): വർത്തമാനപത്രങ്ങളിൽ കാണാറുള്ള ലേഖനങ്ങളെ പൊതുവായി വായിച്ചുനോക്കിയതിൽ എനിക്കുതോന്നിയ അഭിപ്രായത്തെയാണു ഞാൻ ഇവിടെ പറഞ്ഞത്.

ഈ പ്രമേയത്തെ ഞാൻ ബലമായി എതിർക്കുന്നു. ഈ ദുർലക്ഷണത്തെ നിർത്തുചെയ്യുന്നതിനു ഗവണ്മെന്റിനു തോന്നുന്നതായഅവസരത്തിൽ അവർ അതു നിർത്തുചെയ്യുമെന്നും എനിക്കു നല്ല വിശ്വാസമുണ്ട്. അതു ഗവണ്മെന്റിന്റെ ചുമതലയാണ്. നാം സമാജങ്ങളും രൂപീകരിച്ചു അഭിപ്രായങ്ങളെ മറ്റും തിരുവിതാംകൂറിലുള്ള പ്രസ്സിനെ ക്രമീകരിക്കേണ്ടതായിട്ടാണിരിക്കുന്നത്. അപ്പോൾ ഗവണ്മെന്റും സ്ഥിതിഗതികളെപ്പറ്റി ശരിയായി മനസ്സിലാക്കും.

മി. എ. എസ്. മരമോഴൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തിരുവിതാംകൂറിലെ പത്രപ്രവർത്തനത്തെ ശ്രദ്ധീകരിക്കുന്ന വിഷയത്തിൽ മെമ്പർ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

മി. ഡി. സി. ജോസഫ് (അഡ്വക്കേറ്റ് ജനറൽ): ഞാൻ പ്രമേയത്തെ എതിർക്കുന്നു.

മി. മുരിവേലിൽ പാച്ചുപിള്ള (ചേർത്തല): എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ ഞൻ സർവശക്തികളും ഉപയോഗിച്ച പിൻതാങ്ങുന്നു. എന്റെ സ്നേഹിതൻ മി. ഡി. സി. ജോസഫിനെപ്പോലെ ഞാൻ ഇരുപത്തു വർഷക്കാലമായി ഒരു പത്രാധിപരായല്ലെങ്കിലും ഈ രാജ്യത്തുനിന്നും പ്രസിദ്ധപ്പെടുത്തുന്ന മിക്ക വർത്തമാനപത്രങ്ങളും മുപ്പതു വർഷക്കാലമായി വായിച്ചുകൊണ്ടിരിക്കുന്ന ഒരുവനാണ്. ഈ രാജ്യത്തെ മലയാളപത്രങ്ങളെ മിസ്റ്റർ ജോസഫ് കുറെപ്പുകഴ്ത്തിപ്പറഞ്ഞുവെങ്കിലും ഇവിടെ മലയാളവിദ്യാഭ്യാസത്തിലേക്കുവേണ്ടി ഇപ്പോൾ ചിലവുചെയ്തുകൊണ്ടിരിക്കുന്ന തുക എത്ര ആണെന്നുള്ളതു ഈ സമയത്തു അദ്ദേഹം ആലോചിച്ചിട്ടുണ്ടോഎന്ന സംശയമാണ്. വിദ്യാഭ്യാസത്തിന്റെ വകയ്ക്കു അടുത്ത കാലത്തായി ഒരു ലക്ഷം രൂപ അനുവദിക്കുന്നു. പത്തു കൊല്ലത്തിനുമുമ്പുള്ള കണക്കുകൾ നോക്കുന്നതായാൽ ഓരോ കൊല്ലവും വിദ്യാഭ്യാസത്തിന്റെ ആവശ്യത്തിലേക്കു കൂട്ടുതൽ പണം ബഡ്ജറ്റിൽ ചേർത്തു ചിലവു ചെയ്തുകൊണ്ടിരിക്കുന്നതായികാണാം. ഇപ്രകാരം വിദ്യാഭ്യാസത്തിനു മുന്നണിയിൽനിൽക്കുന്ന ഈ രാജ്യത്തുള്ള ജനങ്ങൾക്കു സ്വന്തമായപത്രം നടത്തുന്നതിനുള്ള പരിചയവും പ്രാപ്തിയുമുണ്ടായിട്ടില്ലന്നു തോന്നുന്നതുതന്നെ വലുതായ അപരാധമാണ്. ഒരു രാജ്യം ഉന്നതിയെ പ്രാപിക്കുന്നതു, അവിടെയുള്ള ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചു വരുന്ന വിദ്യാഭ്യാസനിലവാരം അനുസരിച്ചിരിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിൽ മറ്റു നാട്ടുരാജ്യങ്ങളെഅപേക്ഷിച്ചു ഈ രാജ്യം എത്രമേൽ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നുള്ള രാജ്യഭരണനിപ്പോർട്ടിൽ കാണാവുന്നതും അതിപ്രയാസം കൂടാതെ ചിലപ്രകാരം മതിയായ സാക്ഷ്യംവഹിക്കുന്നതുമാകുന്നു.

സർ, ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ അപ്പോഴപ്പോൾ കാലോചിതമായ പരിഷ്കാരത്തെ പ്രവർത്തിക്കുവാനിന്ന ഗവർണ്മെന്റിനു വേണ്ടുന്ന ഉപദേശങ്ങൾ കൊടുത്തു നല്ല വഴിക്കു നടത്തുന്നതിനും ഉള്ള ഒരു സ്ഥാനം വഹിക്കുന്നതു ഈ രാജ്യത്തെ വർത്തമാനപത്രങ്ങളാണ്. ഇങ്ങനെയുള്ള വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടുക്കുന്നതു നിശ്ചയമായിട്ടും രാജ്യത്തിന്റെ പുരോഗതിക്കു തടസ്സമാകും. വരുന്നതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എക്സിക്യൂട്ടീവ് ഗവർണ്മെന്റിന്റെ നടപടികളെ ശരിയായി പരിശോധിച്ചു അതിനെ നല്ല വഴിയിൽ നടത്തിപ്പിക്കുന്നതു വർത്തമാനപത്രങ്ങളുടെ പ്രവൃത്തി ചുമതലയുണ്ട്, ഇങ്ങനെയുള്ള വർത്തമാനപത്രങ്ങളെ നിയന്ത്രിക്കുന്നതിനും അതിന്റെ പ്രവർത്തകന്മാരെ ബോധിച്ചുപോലെ ശിക്ഷിക്കുന്നതിനും ഉള്ള അധികാരം എക്സിക്യൂട്ടീവു ഗവർണ്മെന്റു കയ്യടക്കുന്നതു ഒരുവിധത്തിലും ന്യായമല്ല. ഉദ്യോഗസ്ഥന്മാരുടെ നടപടികളെ ഉത്തരവിശ്വാസത്തോടുകൂടി പരിശോധിച്ചു അവരെ നല്ലവഴിക്കു നയിക്കുവാൻ ശ്രമിക്കുന്നതും ഈ വർത്തമാനപത്രങ്ങൾതന്നെ. അവരുടെ ന്യായരഹിതങ്ങളായ പ്രവൃത്തികളെ പൊതുജനങ്ങളുടെ ഇടയിൽ പരത്തുന്നതും വർത്തമാനപത്രങ്ങളെയത്രേ, ഇങ്ങനെ എക്സിക്യൂട്ടീവു ഗവർണ്മെന്റിന്റെയും ഗവർണ്മെന്റുദ്യോഗസ്ഥന്മാരുടേയും നടപടികളെ വിമർശനം ചെയ്യുന്നതിൽനിന്നും വർത്തമാനപത്രങ്ങളെ തടുക്കത്തക്കവണ്ണമുള്ള ഒരധികാരം ഗവർണ്മെന്റു കയ്യടക്കിവച്ചുകൊണ്ടിരിക്കുന്നതു ഒരിക്കലും സമ്മതിക്കാവുന്നതല്ല എന്നു മാത്രമല്ല അതു ഒട്ടുംതന്നെ ആശ്വാസനീയവുമല്ല.

ഇവിടെ ഇപ്പോൾ നടപ്പാക്കീട്ടുള്ള ക്രിമിനൽ പ്രൊസീജ്യർ കോഡിലെ അഞ്ചാംറ്റുലേഷൻ അനുസരിച്ചുള്ള ഈ വർത്തമാനപത്രാധിപരുടെ അഞ്ചാം വകുപ്പുകൊണ്ടു ഉദ്ദേശിക്കുന്ന കാര്യങ്ങൾ എല്ലാം സാധിക്കുന്നതിനു ഇവിടത്തെ പീനൽ കോഡിലെ നിബന്ധനകൾ ധാരാളം മതിയായിരുന്നതാണ്. ഈ അഞ്ചാം വകുപ്പിൽ അടങ്ങിയ കാര്യങ്ങൾ എല്ലാം തിരുവിതാംകൂർ ശിക്ഷാനിയമത്തിൽ ക്രമം 153, 153A ആയിട്ടുള്ള വകുപ്പുകളിൽ ഉൾപ്പെട്ടിട്ടുള്ളവയാണ്. ശിക്ഷാനിയമം 153-ാം വകുപ്പിൻപ്രകാരമുള്ള അപകീർത്തികുറ്റത്തിനെന്നപോലെ അന്യായം കൊടുക്കുന്നതിനു സങ്കടം അന്വേഷിച്ചു കക്ഷിക്ക മാത്രമേ ക്രിമിനൽ നടപടിനിയമപ്രകാരം അധികാരമുള്ളൂ. അതു ഒരു വാറണ്ടുകേസുമാണ്. ഈ വാറണ്ടുകേസുകളിൽ അന്യായഭാഗം തെളിവു മുഴുവൽ തീർത്തശേഷമല്ലാതെ പ്രതിയോടു എതുതെളിപ്പാനും ചോദിക്കാറില്ല. അന്യായഭാഗം തെളിവുകൊണ്ടു പ്രതി കുറ്റക്കാരനാണെന്നു കോടതിക്കു ബോദ്ധ്യപ്പെടുന്നതിനുശേഷമല്ലാതെ കുറ്റപത്രംപോലും കൊടുക്കാറില്ല. കേസിൽ എതുവാദം ചെയ്യുന്നതിനു വേണ്ട തെളിവുകൂടി കൊടുക്കുന്നതിനും കുറ്റക്കാരനു അവകാശവും ഉണ്ട്. അന്യായം കൊടുക്കുന്ന ആളിനും പ്രതിക്കും തമ്മിൽ സമ്മതമുണ്ടെങ്കിൽ ആ കേസു രാജിക്കൊടുക്കയുംചെയ്യാം, കോടതിക്കു സമ്മതമുണ്ടെങ്കിലേ ഈ രാജി സ്വീകരിക്കാവു എന്നുപോലും നിർബന്ധമില്ല, ഇതുപോലെ പ്രസ്താവിച്ചതിൽനിന്നും എക്സിക്യൂട്ടീവുഗവർണ്മെന്റിനു പത്രപ്രവർത്തകന്മാരെ ശിക്ഷിക്കുന്നതിനു ഈ നിയമത്താൽ അധികാരത്തിനുമേലായ അധികാരം സിദ്ധിച്ചിട്ടുണ്ടെന്നു തെളിയുന്നതാണ്. ഈ നിലവാരിതന്ന വിധികർത്താവായി തീരുന്നതിനു ഇച്ഛിക്കുന്നതിനെ ഒരു സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തിരിക്കുന്നു ആപൽക്കരമാണ്. അതുകൊണ്ടു ജനങ്ങൾ സ്വാതന്ത്ര്യമായി അവരുടെ അഭിപ്രായങ്ങളെ പ്രകടിപ്പിക്കുന്നതിനു മടിക്കുകയും തൻനിമിത്തം രാജ്യാഭിവൃദ്ധി അചിരേണ അധഃപതിക്കുന്നതിനു ഇടയാകുകയും ചെയ്യുന്നു ഈ കാരണങ്ങളെ ആസ്പദമാക്കി നോക്കിയാൽ നിശ്ചയമായിട്ടും ഈ നിയമത്തെ റദ്ദ്ചെയ്യേണ്ടതു വളരെ അത്യാവശ്യമാണ്.

ഇവിടത്തെ ഈ വർത്തമാനപത്രാധിപരുടെ രജിസ്റ്റ്രേഷൻ കൊണ്ടു സകല പത്രപ്രവർത്തകന്മാരുടെയും മനഃപൂർവമായ സംശത്തോടുകൂടി ഗവർണ്മെന്റിന്റെ വീക്ഷിക്കയും കുറ്റക്കാരായി ഗണിക്കുകയും ചെയ്യുന്നു. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമത്തിൽ ഒരു പത്രപ്രവർത്തകൻ നിർദ്ദോഷിയാണെന്നു തെളിയിക്കുന്നതിനു വേണ്ടുന്ന തരിയായ വ്യവസ്ഥകളൊന്നുമില്ല. സകല പത്രപ്രവർത്തകന്മാരും ജാമ്യം കെട്ടിവച്ചതിനു മേൽ അല്ലാതെ പത്രം നടത്തുവാൻ പാടില്ല എന്നും ഈ നിയമത്താൽ നിശ്ചയിച്ചിരിക്കുന്നു. അതു നിശ്ചയമായും ന്യായമായിട്ടുള്ളതല്ല.

ഒരു വർത്തമാനപത്രത്തിന്റെ കൈയസൻസു തടഞ്ഞു ആ പത്രത്തെ തടുത്തതിനുശേഷം അതിന്റെ ഏതെങ്കിലും പ്രധികരം വീട്ടുടമസ്ഥൻ അറിയാതേ ഒരു വീട്ടിനകത്തു കടന്നുട്ടുന്നതായാൽ ഒരു പോലീസ് ഇൻസ്പെക്ടറുടെ സ്ഥാനത്തിൽ കുറയാത്ത ഉദ്യോഗസ്ഥനെ ആ വീട്ടിനകത്തു കടന്നു പരിശോധിക്കുന്നതിനു അതുടമസ്ഥനിനേ കണ്ടാണ്ടിയായി എടുക്കുന്നതിനും അധികാരപ്പെടുത്തിവച്ചിരിക്കുന്നു. ഇങ്ങനെയുള്ള പലവിധത്തിലു

ള്ള മനോക്ഷയത്തിനും ഉപദ്രവങ്ങൾക്കും കാരണമായി തീർന്നിട്ടുണ്ട്. ഇതിനെ സംബന്ധിച്ചു അപ്പീൽ കൊടുക്കുന്നതിനും ന്യായമായ മാർഗ്ഗങ്ങൾ അനുവദിക്കപ്പെട്ടിട്ടില്ല. കോളിന്റെ സമാധാനം കേൾക്കാതെ അയാളെ ശിക്ഷിക്കുക എന്നുള്ളതു യാതൊരു ഗവണ്മെന്റിന്റെയും സ്വാഭാവിക നീതിക്കു യോജിച്ചതല്ല. ഈ വഞ്ചനാപരമായ ഇതേരീതിയിൽ വച്ചുകൊണ്ടിരിക്കുന്നതിനാൽ ജനങ്ങളുടെ അഭിവൃദ്ധിക്കും നമ്മുടെ രാജ്യത്തിന്റെ പൊതുവേയുള്ള ക്ഷേമത്തിനും എല്ലാ സമയത്തും എല്ലാ കാര്യങ്ങളിലും ഗവണ്മെന്റിന്റെയും ഉദ്യോഗസ്ഥന്മാരുടേയും നടപടികൾക്കു വേണ്ടപോലെ പരിശോധിച്ചു ഓരോ അഭിപ്രായങ്ങളെ ഉറപ്പുവരുത്തുന്നതിനും നിവൃത്തിയില്ലാതെ തീർന്നിരിക്കുന്നു. അതിനാൽ രാജ്യത്തിന്റെ മഹത്വത്തിനുവേണ്ടി ഈ നിയമത്തെ ഉടനെ റദ്ദു ചെയ്യേണ്ടതു അത്യാവശ്യമാണ്.

ഇതുപോലെ മറ്റു പല നാട്ടുരാജ്യങ്ങളും നടപ്പാക്കിയിട്ടുള്ള വഞ്ചനാപരമായ നിയമങ്ങളെ റദ്ദു ചെയ്യുന്നതിനു വേണ്ട നടപടികളും അവർ നടത്തിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ മാത്രമാണ് ഒരു നിയമം നടപ്പിൽവരുത്തിയതു ജനങ്ങളുടെ ക്ഷേമത്തിനും രാജ്യത്തിന്റെ അഭിവൃദ്ധിക്കും വേണ്ടിയാണോ എന്നു ഞങ്ങൾക്കു നിശ്ചയമില്ല. ഈ നിയമം നടപ്പിൽ വരുത്തിയതു എന്തുദ്ദേശത്തെ മുൻനിർത്തിയായാലും ഇപ്പോൾ രാജ്യത്തിന്റെ അഭിവൃദ്ധിക്കു വളരെ ദോഷകരമായ ഒരു നിയമമാണ്. ഇതുമിതിനും രാജ്യത്തിന്റെയും ജനങ്ങളുടേയും പൊതുക്ഷേമത്തിനു വളരെ പ്രതിബന്ധം നേരിട്ടിരിക്കുന്നു. അങ്ങനെയുള്ള ഈ നിയമത്തെ ഉടനെ റദ്ദു ചെയ്യേണ്ടതു ഗവണ്മെന്റിന്റെ മുമ്പത്തെയാണ്, ഈ നിയമം നിലവിൽ നടപ്പാക്കിയ സമയം ഗവണ്മെന്റിന്റെ ഉദ്ദേശം എന്തുതന്നെയായിരുന്നാലും അതിൽനിന്നു ഭിന്നിച്ചു ഫലം അഭിലഷണീയമല്ലെന്നു കണ്ടിട്ടു മൂന്നുവർശത്തെ സംഭവങ്ങൾകൊണ്ടു ധാരാളം ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുമിതിനെ നിയമമായിട്ടും റദ്ദു ചെയ്യുന്നതിനെപ്പറ്റി ഗവണ്മെന്റിനോടു അപേക്ഷിക്കുമ്പോൾ അതിനെ മറയ്ക്കുവാൻ കൈക്കൊള്ളുന്ന ഗവണ്മെന്റിന്റെ മുമ്പത്തെയാണ്, രാജ്യത്തിന്റെ പൊതുവേയുള്ള നന്മയെ പ്രതിരോധിക്കുന്നതിനും ജനങ്ങളുടെ അഭിപ്രായസ്വാതന്ത്ര്യത്തെ തടയുന്നതിനുള്ള വിചാരം ഗവണ്മെന്റിനില്ലെന്നു ഞങ്ങൾക്കു ദൃഢമായി വിശ്വസിക്കുവാൻ അതുകൊണ്ടു ഞങ്ങൾ ഉത്തമവിശ്വാസത്തോടുകൂടി ചെയ്യുന്ന ഈ അപേക്ഷയെ ഗവണ്മെന്റു സദയം സ്വീകരിച്ചു ഈ നിയമത്തെ ഉടനടി റദ്ദു ചെയ്യുമെന്നതുകൊണ്ടു ഞാൻ വിശ്വസിക്കുകയും ഈ വിശ്വാസത്തോടുകൂടി എന്റെ സ്നേഹിതന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുകയും ചെയ്യുന്നു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഫോർട്ട്സക്രട്ടറികൾ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുവാനായിട്ടാണ് ഇവിടെ എഴുന്നേറ്റുനിൽക്കുന്നതു. തിരുവിതാംകൂറിലെ പത്രപ്രവർത്തകന്മാരിൽ ഭൂരിപക്ഷത്തിൽ പ്രത്യക്ഷപ്പെട്ടിരുന്ന ചില ദുഷ്പ്രവണതകളെ തിരുവിതാംകൂറിലെ പത്രപ്രവർത്തനത്തിൽ പിടിപെട്ടിരുന്നതായിട്ടു രോഗമെന്നുതന്നെ പറയാം. നീക്കുന്നതിനായി രണ്ടുവർഷങ്ങൾക്കുമുമ്പു പ്രസ്തുതഗ്രന്ഥകർത്താവു പ്രസാക്കപ്പെട്ടു. രോഗകർത്താവു ഈരോഗത്തിനെ കണ്ടുപിടിച്ചുശൈഷധമാണ് ഈനിയമം. ഈഗ്രന്ഥകർത്താവു പ്രസാക്കിയുടൻതന്നെ അതിന്റെ മഹിമയും ആവശ്യകതയെയും സംബന്ധിച്ചു ഈസഭയിൽ വാഗ്വിവാദമുണ്ടായി. സർ, ഇപ്പോൾ ഇന്നേദിവസം അതേസംബന്ധിച്ചു ഒരുപ്രമേയമിവിടെ അവതരിപ്പിച്ചിരിക്കുന്നുവെന്നുള്ള വർത്തമാനത്തെ കേട്ടപ്പോൾ ഈനിയമം പാസാക്കിയുടൻതന്നു നടന്നതു ഭാഗ്യമായ് എന്നതന്നെഎനിക്കുതോന്നുന്നു: എന്തുകൊണ്ടെന്നാൽ അന്നു പത്രപ്രവർത്തനത്തിനെ പിടിപെട്ടിരുന്ന രോഗമെന്താണെന്നതനുസരിച്ചുകൊണ്ടതിനെ അതിനുപ്രതിരോധിച്ചിരുന്നതുകൊണ്ടു ഫലപ്രദവും ആവശ്യകതയുമായിട്ടുള്ളതാണോ അല്ല യാതൊരു കടുപ്പമായ ഒന്നാണോ എന്നുള്ളതിനെസംബന്ധിച്ചു തീരുമാനിക്കുന്നതിനും അന്നു ഈസഭയ്ക്കു കൂടുതൽ സൌകര്യമുണ്ടായിരുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈലക്ഷണമാം പറഞ്ഞതും പ്രത്യക്ഷപ്പെട്ടിരുന്നുവോ എന്നറിഞ്ഞാൽകൊള്ളാം.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഫോർട്ട്സക്രട്ടർവക്കീൽ): അതെയിരുന്നു. അതെപ്പറ്റി ഞാൻ താമസിയാതെ പറയാം. രാജ്യത്തിൽ നടന്നതുകൊണ്ടിരുന്നതിനെപ്പറ്റി അതായതു വർത്തമാനപത്രങ്ങളിന്മേൽ ഒരുവിധത്തിൽ സാധാരണയായി കണ്ടുകൊണ്ടിരുന്ന തീരെ അനാദിലക്ഷണീയങ്ങളായ ലേഖനങ്ങളെപ്പറ്റി ഈസഭാംഗങ്ങൾക്കു പൂർണ്ണമായും ശരിയായുമുള്ള ഒരുബോധമായിരുന്നു. സംഗതികളുടെ സ്ഥിതിഗതികളെപ്പറ്റി തീരുമാനിക്കുന്നതിനും അതിലേക്കുള്ള പ്രതിവിധികളിൽക്കേറിയതു ആവശ്യമാണോഅല്ലയോ എന്നുള്ള തീരുമാനപ്പറ്റി തീരുമാനിക്കുന്നതിനും ഈസഭയ്ക്കു പ്രത്യേകയോഗ്യതയുണ്ടായിരുന്ന ഒരവസരത്തിലാണ് അതേപ്പറ്റി ഈസഭ തീരുമാനിക്കേണ്ടതായിവന്നതു. സർ, അതുവളരെ ദോഷമായിട്ടാണ് ഞാൻ കരുതുന്നതു. അപ്പോൾ ഈസഭ ഒരുതീരുമാനം കൈക്കൊള്ളുകയുചെയ്തു. ഇപ്പോൾ അതിനെവിപരീതമായ ഒരുതീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം ഈസഭയ്ക്കുണ്ടെന്നുള്ളതിനെ ഞാൽലോഭവും വിസമ്മതിക്കുന്നില്ല. എന്നാൽ ഈ സംഭവങ്ങൾനടന്ന രണ്ടുവർഷംകഴിഞ്ഞതിനുശേഷം അതേപ്പറ്റി ഒരുലോചിച്ചു മറിച്ചൊരുതീരുമാനം കൈക്കൊള്ളുന്നതു യുക്തിയുക്തമായിരിക്കുമോ എന്നുള്ളതാണ് എന്റെസംശയം.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): ഇപ്പോൾ ഈസംഗതിയെസംബന്ധിച്ചു വീണ്ടും ആലോചിച്ചു മറ്റൊരുപ്രകാരത്തിൽ തീരുമാനംകൈക്കൊള്ളുന്നതിനു വല്ലവിരോധവുമുണ്ടോ?

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഫോർട്ട്സക്രട്ടർവക്കീൽ): ഇല്ല. യാതൊരുവിരോധവുമില്ല. അസാധാരണമായ വല്ലകാരണവുമുണ്ടെങ്കിലല്ലാതെ അങ്ങനെചെയ്യുന്നതു ശരിയായ യുക്തിയുക്തമായിരിക്കുമോ? രണ്ടുവർഷങ്ങൾക്കുമുമ്പു ഈസഭ ഈസംഗതിയെസംബന്ധിച്ചു വലിയശ്രദ്ധിച്ചപ്രകാരം അനുകൂലമായതീരുമാനം കൈക്കൊള്ളുകയും ആനുകൂലമായും പ്രതികൂലമായും വോട്ടുചെയ്ത അംഗങ്ങളുടെഎണ്ണം മറ്റപ്പെട്ടതിനെ ലിസ്റ്റ്നോക്കിയതിൽ കഷ്ടം പേർ മാത്രം ഈ റഫറേഷനു പ്രതികൂലമായി വോട്ടുചെയ്തതായി കാണുന്നു.

മി. എം. എസ്. മുഹമ്മദുമരയ്ക്കാർ (മലവേലിക്കര-കാർത്തികപ്പള്ളി): തെരഞ്ഞെടുക്കപ്പെട്ട മെമ്പന്മാരിൽ എത്രപേർ ഈപ്രമേയത്തെ അനുകൂലിച്ചു എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഫൊഡ്സക്കാർവക്കീൽ): മെമ്പറിനു അല്പവളരെ നല്ല വണ്ണം അറിയാമായിരിക്കണമെല്ലാം.

സർ, നമ്മ അന്വേഷ്യോഗസ്ഥരെപ്പറ്റിയുള്ളവരിൽ ചില പേർമാത്രമേ ഈ ഹൃഷ്ടേക്ഷനു എതിരായിട്ടോ ട്ടുചെയ്യുള്ളു. സർ, വർത്തമാനപത്രങ്ങളുടെ ഒരു പ്രത്യേകവിഭാഗത്തിന്റെ അനാശാസ്യമായ നടപടികളെ സംബന്ധിച്ചു നല്ലഓർമ്മയുള്ള ഒരുകാലത്താണ് ഈസംഗതിയെസംബന്ധിച്ചു അന്നു ആലോചിച്ചതു എന്നുള്ളതുകൊണ്ടു ഇതേപ്പറ്റി ഒരുവിധമോനംകൊടുക്കുന്നതിനു ഏറ്റവുംയോജിച്ച സമയമന്നത്തെസമയമായിരുന്നുഎന്നുള്ളവസ്തുതയെപ്പറ്റിത്തന്നെ ഈസംഗതിയെപ്പറ്റി പുനരായി ആലോചിക്കുന്നസന്ദർഭത്തിൽ ഈസമയം ആലോചിക്കുമെന്നു ഞാൻവിശ്വസിക്കുന്നു.

സർ, അങ്ങനെയൊരുസ്ഥിതി വർത്തമാനപത്രങ്ങൾക്കു ഉണ്ടായിരുന്നതായി എന്നുപോലും ഇന്നു ചിലമെമ്പറന്മാർ ചോദിക്കുന്നതായി കാണുന്നതിൽ ഞാൻ അതിശയിക്കുന്നു. എന്നാൽ അന്നു ഇതുസംബന്ധിച്ചു വാളയ്യതിവാളംനടത്തിയസന്ദർഭത്തിൽ ഇങ്ങനെയുള്ള അനാശാസ്യമായനടപടികളും ഉണ്ടായിരുന്നു എന്നുള്ളതിനെപ്പറ്റി ഈഹൃഷ്ടേക്ഷനെപ്പറ്റി എടുത്ത് യാതൊരുമെമ്പറും വിസമ്മതിക്കയുണ്ടായില്ല.

മി. എ. എസ്. ഭാസ്കരൻനായർ (മാരേജിരജിസ്ട്രാർ ജനറൽ): ഇപ്പോഴും ഇങ്ങനെയുള്ളദുഷ്പ്രവൃത്തികൾ ഉണ്ടായേയെന്നറിഞ്ഞാൾക്കൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): ഞാൻ അതേപ്പറ്റിപറവാൻ ഭാവിക്കുവാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അന്നു ഈഹൃഷ്ടേക്ഷനെ എതിരുത്തതായി പട്ടികയിൽ പേർകാണാത്ത മെമ്പറന്മാരെല്ലാം പ്രസ്സിൽ പ്രത്യേകം ഒരഭിപ്രായമുണ്ടായിരുന്നുഎന്നു സമ്മതിക്കും എന്നറിഞ്ഞാൾകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): സമ്മതിച്ചു. അതേതന്നെയാണ് ഞാൻപറയുന്നതു്. ഇങ്ങനെയുള്ള ദുഷ്പ്രവൃത്തികളെപ്പറ്റി ഈസഭയിൽവച്ചു പ്രസ്താവിക്കയുണ്ടായെങ്കിലും അതുപോലെ അതേപ്പറ്റി ചോദ്യംചെയ്കയുണ്ടായില്ല. മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെസംബന്ധിച്ചു പറകയാണെങ്കിൽ അദ്ദേഹം യാതൊരുതെറ്റും ചെയ്തിട്ടില്ലെന്നു നേരിട്ടു അതിനെപ്പറ്റി സമ്മതിച്ചുകഴിഞ്ഞിരിക്കയാണ്. മിസ്റ്റർ നീലകണ്ഠപ്പിള്ള എന്തോപറഞ്ഞു എന്താണെന്നു ഞാൻ അല്പംകഴിഞ്ഞു വായിച്ചുകേൾപ്പിക്കാം. എന്നാൽ ഞാൻ ഇപ്പോൾപറയുന്നതു ഈഹൃഷ്ടേക്ഷനെയുള്ള യാതൊരുമെമ്പറും ഇങ്ങനെയുള്ള ദുഷ്പ്രവൃത്തികൾ ഉണ്ടായിരുന്നു എന്നുള്ളതിനെ വിസമ്മതിച്ചിട്ടില്ല എന്നുമാത്രമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "പ്രമേയത്തെഎതിർത്തു" എന്നുപറഞ്ഞതിൽ വാദമെന്താ എന്നുചോദിച്ചിരിക്കുന്നു എന്നറിഞ്ഞാൾകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): ഞാൻ ഹൃഷ്ടേക്ഷനെഎതിർത്തുഎന്നാണ് പറഞ്ഞതു്. ഈകേസ്സംബന്ധിച്ചു അന്നത്തെയ വാദപ്രതിവാദം ഈവിഷയത്തിൽ നല്ലതുപോലെയും താല്പര്യമുള്ളവരും ഈസഭയിലെ മെമ്പറന്മാരും വായിച്ചിരിക്കുമെന്നു എനിക്കു നല്ലനിശ്ചയമുള്ളതിനാൽ അപ്പോൾപ്രസ്താവിച്ച സംഗതികളെല്ലാംതന്നെ ഇപ്പോഴും എടുത്തുപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അക്കാലത്തുണ്ടായിരുന്ന ദുഷ്പ്രവൃത്തികളെസംബന്ധിച്ചു ചുരുക്കമായിഞാൻ ഇവിടെപ്രസ്താവിക്കാം. തിരുവിതാംകൂർ രാജകുടുംബത്തിന്റെനേക്കു രാജദ്രോഹം ചക്രവർത്തിയുടെനേക്കു രാജദ്രോഹം രാജകുടുംബത്തിലെ അംഗങ്ങളുടെനേക്കു നിന്ദ, ജാതിമതസംഘർഷം വർദ്ധിപ്പിക്കുക, മേലാധികാരികളെ മനഃപൂർവ്വമായി ചീത്തപ്രയോഗിച്ചുപോലും ശകാരിക്കുക ഇവയായിരുന്ന അക്കാലത്തെ പത്രങ്ങളിൽ ചിലവയ്ക്കുണ്ടായിരുന്ന ദുഷ്പ്രവൃത്തികൾ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ രണ്ടുമോ രാജകുടുംബത്തിന്റെ നേക്കു രാജദ്രോഹപരമായ ലേഖനങ്ങളോ ഉണ്ടായിരുന്നുഎന്നു പറയുകയുണ്ടായല്ലോ. രാജകുടുംബത്തിന്റെ നേക്കു രാജദ്രോഹപരമായി എഴുതിയിട്ടുള്ള ഏതെങ്കിലും ഒരു ലേഖനം ഹൃഷ്ടേക്കാണിക്കാൻ കഴിയുമോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഫൊഡ്സക്കാർവക്കീൽ): കാണിക്കാൻ കഴിയും. രാജകുടുംബത്തിന്റെ നേക്കു രാജദ്രോഹപരമായ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള അനേകം പത്രങ്ങളുംതന്നെ ഞങ്ങൾക്കു കസക്യൂട്ടേറിയറിൽ വന്നാൽ കാണിക്കുതരാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ലേഖനമെങ്കിലുപറഞ്ഞാൽ ഞാൻ തൃപ്തനായെല്ലാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഫൊഡ്സക്കാർവക്കീൽ): ഞാൻ അതുപറയുന്നതായാൽ കഴിഞ്ഞതവണ ഇതേപ്പറ്റി വാദപ്രതിവാദം ചെയ്ത അവസരത്തിൽ ഇതിനെപ്പറ്റിയുള്ള ലേഖനങ്ങളെ എല്ലാം വെട്ടിഎടുത്തു ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. എന്നാൽ എല്ലാപേർക്കും അവയെപ്പറ്റി നല്ല ഓർമ്മയുണ്ടായിരുന്നു എന്നുള്ളതുകൊണ്ടു അതും അതു വായിക്കണമെന്നു ആവശ്യപ്പെട്ടതുനാൽ ഞാൻ അന്നു അവയെ ഇവിടെ വായിച്ചില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജകുടുംബത്തിനു എതിരായി രാജദ്രോഹപരമായി എഴുതിയിട്ടുള്ള ഒരു ലേഖനത്തെപ്പറ്റി ഒരു ഉദാഹരണം എടുത്തുപറഞ്ഞാൽ കൊള്ളാമെന്നു ഞാൻ തൃപ്തിപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സക്കാർവക്കീൽ): ഞാൻ പറയാം. ഇപ്പോൾതന്നെ വേണമെങ്കിലും പറയാമെന്നാണ് എനിക്കു തോന്നുന്നതു്. ലേഖനം ഇപ്പോൾ എന്റെ കൈവശം ഇല്ല. കഴിഞ്ഞതവണ ഇതുസംബന്ധിച്ചു വാദപ്രതിവാദംനടത്തിയസന്ദർഭത്തിൽ അതിലേക്കായി ഞാൻ എടുത്തിട്ടുള്ള ലേഖനങ്ങളിൽനിന്നും ഞാൻ ഇവിടെ ഉദ്ധരിക്കാം. ഇന്നു ഇവിടെ ഈ ദുഷ്പ്രവൃത്തികൾ ഉണ്ടോഎന്നു ഒരു ചോദ്യം ഉണ്ടായതുപോലെ ഒരു സംശയംപോലും ഉണ്ടായിരുന്നില്ല. കഴിഞ്ഞതവണ ഇതിനെ എല്ലാംപേരും സമ്മതിക്കയാണുണ്ടായതു്. ലേഖനങ്ങളിപ്പോൾ പറകയാണെങ്കിൽ "കുതന്ത്രത്തയല്ലാത്ത രാജസ്ഥാനഭക്തനിങ്കിൽ ഞൊടിയിടയിൽ ധിക്കരിക്കുന്നതിനു" എന്നുള്ള തലക്കെട്ടിൽ എഴുതിയിരുന്ന ലേഖനത്തിലെയോ മറ്റൊരു ലേഖനത്തിൽ "ഇസ്റ്റേറ്റ് രാജാവുതന്നെ" എന്നു ഉപയോഗിച്ചിരിക്കുന്ന ഒരു ലേഖനത്തെയും ഉദാഹരണമായി ഇവിടെ ഉദ്ധരിക്കാം.

ഈ ലേഖനങ്ങൾ വായിച്ചുനോക്കണമെന്ന മെമ്പറിന്റെ താല്പര്യമുള്ള പക്ഷം അദ്ദേഹം സെക്രട്ടേറിയറ്റിൽ എപ്പോൾ വേണമെങ്കിലും ഒരു മിനുസം വന്നാൽ ഈ പത്രങ്ങളേയും ഇതുപോലെയുള്ള മറ്റു പത്രങ്ങളേയും വായിച്ചു നോക്കാമെന്നുള്ളതാണ്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഏതെങ്കിലും പത്രത്തെ പ്രോസിക്യൂട്ട് ചെയ്തുണ്ടായിട്ടുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ട്.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): അതു എന്നായിരുന്നു എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): മെമ്പർ ദയവുചെയ്തു കഴിഞ്ഞവണ്ണം ഇവിടെ നടന്ന വാളയ്പ്പതിവാരത്തെപ്പറ്റിയുള്ള റിപ്പോർട്ടുവായിച്ചുനോക്കുകയാണെങ്കിൽ ഇതിനുള്ള മറുപടി അതിൽനിന്നും മനസ്സിലാക്കുന്നതാണ്.

മി. മാത്തു മുതിക്കൻ (കൊച്ചുക്കം), അസഭ്യമായ ഭാഷ ഉപയോഗിക്കുന്നതിനെ നിരോധിച്ചിരിക്കുന്ന വകുപ്പ് ഏതാണെന്നുള്ള ചോദ്യം മെമ്പർ ദയവുചെയ്തു പറഞ്ഞുതന്നാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): ഈ പ്രായിൻറം കഴിഞ്ഞതവണത്തെ വാളയ്പ്പിവാരത്തിൽ പുതുപ്പള്ളിവിക്രമപ്പട്ടിട്ടുള്ള ഒന്നാണ് ഞാൻ ഇതെസംബന്ധിച്ചു വിവരിച്ചിട്ടുണ്ട്. എന്നാൽ ഞാൻ ഇപ്പോൾ ഇവിടെ സംസാരിക്കുന്നതു അതുമായി സംബന്ധിച്ചുള്ളതല്ല.

മി. മാത്തു മുതിക്കൻ (കൊച്ചുക്കം): എന്നാൽ അസഭ്യമായ ഭാഷപ്രയോഗംചെയ്യുന്നതിനെ നിരോധിക്കുന്നതായ ഏതെങ്കിലും വകുപ്പു ശിക്ഷാനിയമത്തിൽ ഉണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): അസഭ്യവാക്കുകൾ പ്രയോഗിച്ചുപോകുന്നു എന്നുള്ളതിനെ അന്യായമിലയിൽ ശിക്ഷാർഹമാക്കിയിട്ടില്ലായിരിക്കാം. ഒരാളിനെപ്പറ്റി ചീത്തപറയുന്നതു അപരാധമായിട്ടുണ്ടെങ്കിൽ അതു കുറേകൂടി കഠിനമായിട്ടുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അപ്പോൾ രാജദ്രോഹപരമായ ലേഖനങ്ങളേയും മിന്നസമുദായങ്ങൾ തമ്മിൽ കലഹം വരുത്തിപ്പിക്കുന്ന ലേഖനങ്ങളേയും തടയുന്നതിനായിട്ടാണോ ഈ റെഗുലേഷൻ നടപ്പിലാക്കിയിരിക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഛെഡ്സക്കാർവക്കിൽ): അതെ. അതിനും മേറെയുള്ള കാര്യങ്ങൾക്കുംവേണ്ടിയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങിനെയുള്ള കുറങ്ങളെ ശിക്ഷിക്കുന്നതിനു ശിക്ഷായിയമത്തിൽ വല്ലവകുപ്പും ഉണ്ടോഎന്നറിഞ്ഞാൽ കൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഛെഡ്സക്കാർവക്കിൽ): ഉണ്ട്.

മി. കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ നിയമംകൊണ്ടു ഇപ്പോൾ ശിക്ഷാർഹമാക്കിയിട്ടുള്ള കുറങ്ങൾ എന്താണെന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): അതെ സംബന്ധിച്ചു ഞാൻ ഇപ്പോൾപറഞ്ഞ പോയാം.

ഈ പത്രങ്ങളുടെ ഉദ്ദേശ്യങ്ങൾ രാജകുടുംബത്തിന്റെ നേർക്കുള്ള രാജദ്രോഹം, ചക്രവർത്തിയുടെ നേർക്കുള്ള രാജദ്രോഹം, ഭിന്നജാതികൾതമ്മിൽ കലഹംവരുത്തിപ്പിക്കുക, ഉത്തരവാദിത്വമുള്ള ആളുകളെ, അതായതു ഉദ്യോഗസ്ഥന്മാരേയും മറ്റുള്ളവരേയും, അസഭ്യമായ ഭാഷയിൽ ശകാരിക്കുക ഇവയാണ്. ഈ പത്രങ്ങളുടെ ജന്മദിനാക്കരം താണനിലയിലുള്ളവരും എഴുത്തു ചെയ്യുന്നതിനും മടിയില്ലാത്തവരും ഒടുക്കിലിതൽ അക്കവും പുറവും ഒരുപോലെതന്നെയെന്ന വിചാരിക്കുന്നവരും ആയ ആളുകൾതന്നാണ്.

ഈ പത്രങ്ങളുടെ മറ്റൊരു വിശേഷത അതു നടത്തുന്നവർ എന്നുപുറമെ അറിയപ്പെട്ടിരുന്നവർക്കുപകരം നാമമാത്രവ്യക്തികൻമാർമാത്രമായിരുന്നുഎന്നുള്ളതാണ്. മിക്കവാറും പ്രസാധകൻഎന്ന പുറമെ പേരുപ്രസിദ്ധം ചെയ്തിരുന്ന ആൾ ഒരു കമ്പോസിറ്ററോ ഡിസ്മിസ്ചെയ്യപ്പെട്ട ജില്ലായിലയോ ആയിരിക്കയും പരമാർത്ഥത്തിൽ പത്രം നടത്തുന്ന ആൾ ഒളിവിൽ നിൽക്കുകയും ചെയ്യുംഎന്നുള്ളതാകുന്നു.

മി. എ. എസ്. മോമോദരയാശാൻ (മാവേലിക്കര-കാത്തിക്കപ്പള്ളി): പത്രാധിപന്മാർക്ക് ഇന്നഇന്ന യോഗ്യതകൾ ഉണ്ടായിരിക്കണം എന്ന ഒരു നിബന്ധനചെയ്താൽ ഈ ദുഷ്പ്രവൃത്തികൾ നീങ്ങുകയില്ലയോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഛെഡ്സക്കാർവക്കിൽ): റഗുലേഷനെപ്പറ്റി അതിപ്പോൾ ഇരിക്കുന്ന രീതിയിൽമാത്രമാണ ഞാൻ ഇപ്പോൾ സംസാരിക്കുന്നതു. ഇപ്പോൾ ചോദിച്ച ചോദ്യം ഇപ്പോഴത്തെസ്ഥിതിക്കും ഉതകുന്നതുവച്ചിരുന്നാൽ ഉള്ള ഒരു സംഗതിയെപ്പറ്റിയാണ്. കരടുപ്രതി കഴിഞ്ഞതിനു ശേഷം മെമ്പർ ഈ ചോദ്യം എന്നോടു ചോദിക്കുന്നതായിരുന്നുവെങ്കിൽ ഞാൻ അതിനു മറുപടി പറയാം.

പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്ന ഈ ലേഖനങ്ങളുടേയും ഈ ലേഖനങ്ങൾക്കു ഉത്തരവാദികളായിരുന്നആളുകളുടേയും ഇത്തരത്തിലുള്ള വിശേഷങ്ങൾ, അതായതു ആക്ഷേപമായ ലേഖനങ്ങളും, അവയെ പ്രസിദ്ധംചെയ്തവരുടെ എഴുത്തുചെയ്യാൻ കഴിയില്ലാത്ത സ്വഭാവവും ഒളിവിൽനിന്നുകൊണ്ടുള്ള പ്രയോഗവും—ഈ സംഗതികൾ റഗുലേഷൻ പാസാക്കപ്പെട്ട ഉടൻതന്നെ ഈ കൗൺസിലെ വാളയ്പ്പതിവാരം നടത്തിയ അവസരത്തിൽ അതിന്റെ ചിന്തക്കു വിഷയമായിരുന്നു. ഈ കാര്യങ്ങളെസംബന്ധിച്ചിടത്തോളം ഈ സഭയുടെ യാതൊരഭിപ്രായഭിന്നതയിലും യാതൊരുവിധമായ വിപരീതാഭിപ്രായവും ഉണ്ടായിരുന്നതായിട്ടില്ല. മേല്പറഞ്ഞ സംഗതികളെ സംബന്ധിച്ചു ഗവണ്മെന്റ് ഒരു പ്രഖ്യാപനത്തിൽ തീരുമാനിച്ചു. ആ തീരുമാനത്തെത്തന്നെ ഈ സഭയും അംഗീകരിച്ചു. ആ തീരുമാനവും ഈ സഭയുടെ തീർപ്പും തെറ്റാണെന്നു ഇപ്പോൾ പറയുന്നതിനുള്ള സ്വാതന്ത്ര്യം ഈ സഭക്കുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ അസാധാരണമായ കാരണങ്ങൾ ഒന്നും ഇല്ലാതെ അപ്രകാരം ചെയ്യുന്നതു വളരെ അസാധാരണമായിരിക്കും എന്നമാത്രമേ ഞാൻ പറയുന്നുള്ളൂ.

മി. എ. താണുപിള്ള (തിരുവനന്തപുരം): യഥാർത്ഥ വിപരീതാഭിപ്രായപ്രകടനം ഇല്ലായിരുന്നുഎന്ന പറഞ്ഞ പ്രസ്താവനയെ സാധൂകരിക്കുമോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫാഡ്സ്ക്കാർവക്കീൽ): സാധൂകരിക്കും.

സംഭവത്തിനുശേഷം രണ്ടുവർഷം കഴിഞ്ഞതിനുശേഷം ഒരു സംഗതിയെസംബന്ധിച്ചു നിങ്ങൾക്കു അഭിപ്രായവ്യത്യാസം തോന്നുന്നുവെങ്കിൽ, ഈസംഭവതീരുമാനിച്ചതായ ഒരു സംഗതിയെസംബന്ധിച്ചു അഭിപ്രായവ്യത്യാസം തോന്നുകയും അതിനുള്ള പ്രതിവിധിയെയും ഈസംഭവത്തെ അംഗീകരിക്കയും ചെയ്യുന്നുവെങ്കിൽ അങ്ങിനെ ചെയ്യുന്നതിനുള്ള അധികാരം ഈ സങ്കടക്കാരനുവരികിലും ആയതു വളരെ അസാധാരണമായിരിക്കുമെന്നാണു ഞാൻ പറയുന്നത്.

സർ, ഇപ്പോൾ സംഗതികളുസംബന്ധിച്ചു യാതൊരു വിപരീതാഭിപ്രായവും ഉണ്ടായില്ല എന്നുള്ളതിനെ തെളിയിക്കുന്നതിനായി അപ്പുപ്പാറനോടു ഈ വാദപ്രതിവാദത്തിന്റെ ഏതാണ്ടൊരൊക്കെ പായിച്ചുകൊടുപ്പിക്കണം എന്നു ഇപ്പോൾ മിസ്റ്റർ താണുപിള്ള ആ ബാല്യക്കപ്പുടെ ഉണ്ടായതല്ലാ. യഥാർത്ഥസ്ഥിതികളെ സംബന്ധിച്ചും, ചേഖനങ്ങളുടെ നീചാവസ്ഥതെയുസംബന്ധിച്ചും ഒരുപോലെയും വിപരീതമായി ആരുംതന്നെ പറയുകയുണ്ടായില്ല എന്നു നിങ്ങൾക്കു രോഷ്യപ്പെടുത്തുന്നതിലേക്കായി മുമ്പു ഇവിടെനടന്ന വാദപ്രതിവാദം മുഴുവനും വായിച്ചുകൊടുപ്പിച്ചാൽ ചെലവുള്ളതാമെന്നു എനിക്കു തോന്നുന്നുണ്ട്. എന്നാൽ ഇപ്പോൾ ആ വാദപ്രതിവാദം മുഴുവൻ വായിക്കുന്നതായാൽ അധികം സമയം മുടിപ്പിക്കുന്നതായിരിക്കും. അതുകൊണ്ടു വാദപ്രതിവാദത്തിന്റെ ഈ ഓഫത്തിൽ അല്ലെങ്കിൽ മദ്രാദാഗത്തിൽ എതിർപക്ഷം ഉണ്ടായിരുന്നുഎന്നു സൂചിപ്പിക്കുന്നതിനു പ്രസ്താവനകൊണ്ടാണെന്നു എന്നു ധൃതങ്കിലും മെമ്പർ എടുത്തുകാണിക്കുമെന്നു വിശ്വസിക്കുന്നു. ഇന്നതന്ന പ്രമേയത്തിനെന്നപോലെ അന്നതന്നെ ഈ ഉപക്ഷേപത്തിനും ഉത്തരവാദി മിസ്റ്റർ കെ. പി നീലകണ്ഠപ്പിള്ളതന്നെയായിരുന്നു. വാദപ്രതിവാദത്തിൽ ചിലഭാഗങ്ങളിൽനിന്നും അദ്ദേഹം എടുത്തിട്ടില്ലെന്നുമാത്രമല്ല അതിനെ വാക്കാൽ അനുകൂലിച്ചതായി അതിലിരുന്നുണ്ട്. അതു കൊൺസിൽ കല്പനാധിഷ്ഠിതസ്വഭാവവും ഭൂസ്വാമിപുറത്താണ്, അപ്പോൾ ഭൂതത്തിൽ അദ്ദേഹത്തിന്റെവാദം ദുഷ്യങ്ങൾ ഇല്ലായിരുന്നു എന്നല്ല, അങ്ങിനെയുള്ള ദുഷ്യങ്ങൾ ഉള്ളതായി രണ്ടോ മൂന്നോപേരുടെ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നായിരുന്നു. ഈ ദുഷ്യങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതിനെ അദ്ദേഹം ഒരിക്കലും നിഷേധിച്ചിട്ടില്ല. അതുപോലെ ഞാൻ വായിച്ചുകൊടുപ്പിക്കാം. ഗവണ്മെന്റ് കാര്യത്തുനിന്നും പറവാനുണ്ടായിരുന്നതു മുഴുവൻ പറഞ്ഞുകഴിഞ്ഞതിനുശേഷം അവസാനമായി മിസ്റ്റർ നീലകണ്ഠപ്പിള്ള മറുപടി പറഞ്ഞപ്പോൾ തൂണ് ഇപ്രകാരം പറഞ്ഞത്.

"മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): സർ, ഇങ്ങിനെയുള്ള റസലേഷൻ അനുസരിച്ചു കേസ് എടുക്കണമെങ്കിൽ എതുപക്ഷത്തിനു കൂറുചെയ്തതിനുമേൽ ആധാരമെന്നാണ് മെമ്പറിന്റെ അഭിപ്രായം എന്നറിഞ്ഞുകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, മറ്റാരെല്ലാപേരുടെയുംപോലെതന്നെ പൊതുജനാഭിപ്രായം എന്താണെന്നു എനിക്കും നല്ലപോലെ അറിയാമെന്നുള്ളതാകുന്നു. അതിനാൽ ഗവണ്മെന്റു മെമ്പറന്മാർക്കു കണക്കുകൊടുക്കുന്നതിനു സാധിച്ചില്ലെങ്കിലും ഞാൻ അതു ഇവിടെ എടുത്തുപറയാം. രണ്ടോ മൂന്നോ പത്രങ്ങളിൽ കൂടുതൽ ഇത്തരത്തിൽ പ്രവർത്തിച്ചുവന്നിരുന്നില്ല എന്നു എനിക്കറിയാം."

രണ്ടോമൂന്നോ പത്രങ്ങൾമാത്രം ഇങ്ങിനെ പ്രവർത്തിച്ചുകൊണ്ടുമാത്രം ഇങ്ങിനെയുള്ള നിയമം നടപ്പിൽ വരുത്തിയതിനെ സാധൂകരിപ്പാൻ പാടില്ലാഎന്നായിരുന്നു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ വാദത്തിന്റെപോക്ക. കൂടാതെ അധികംപത്രങ്ങൾ കൂറുചെയ്യണമെന്നു സൂചിപ്പിക്കുകയും ഉണ്ടായി. ഇതേസംബന്ധിച്ചു ശ്രദ്ധിക്കുമായ ഒരു നിയമം ഒന്നും ഉണ്ടാക്കുവാൻ നിവൃത്തിയില്ലഎന്നും മിസ്റ്റർ നീലകണ്ഠപ്പിള്ളതന്നെ പറയുകയും ഉണ്ടായി.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇടയ്ക്കുകയറി മെമ്പറിനോടു ഞാൻ ഒന്നുചോദിച്ചുകൊള്ളട്ടെ. ഈരാജ്യത്തെ പൊതുവായനിയമങ്ങൾ അനുസരിച്ചു കണ്ടുകെട്ടിയതായി ചാരമെമ്പർപറഞ്ഞതും ഈ രണ്ടു പത്രങ്ങളെ സംബന്ധിച്ചുതന്നെയല്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫാഡ്സ്ക്കാർവക്കീൽ): അതു എനിക്കു യാതൊരു നിശ്ചയമില്ല. എങ്ങിനെയായാലും അതു വേറെകാര്യമാണെല്ലാ.

ഈ ദുഷ്യങ്ങൾ ഉണ്ടായിരുന്നുവോ എന്നുള്ളതിനെ സംബന്ധിച്ചുപോലും ഇന്നു ചിലമെമ്പറന്മാർ സംശയിച്ചു ചോദ്യം ചോദിച്ചിരിക്കയുണ്ടല്ലോ. രണ്ടുവർഷങ്ങൾക്കുമുമ്പു ഇന്നത്തെ പ്രമേയത്തിന്റെ ഉത്തരവാദിയായ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളപോലും ഇങ്ങിനെയുള്ള ദുഷ്യങ്ങൾ ഉണ്ടായിരുന്നുഎന്ന സന്ദർഭിച്ചിട്ടുണ്ടായിരുന്നിട്ടുണ്ടു ഞാൻ മുമ്പുപറഞ്ഞതിനെ സാധൂകരിക്കുകമാത്രമാണ് ഞാൻ ഇപ്പോൾചെയ്യുന്നത്. എന്നാൽ ഇപ്പോഴോ രണ്ടുവർഷങ്ങൾക്കുശേഷം ഇങ്ങിനെയുള്ള ദുഷ്യങ്ങൾ ഉണ്ടായിരുന്നോ എന്നുപോലും ചോദ്യം ഉണ്ടായിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): രണ്ടോമൂന്നോ പത്രങ്ങൾ തെറ്റുചെയ്തിട്ടുള്ളതായി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറഞ്ഞിട്ടുള്ളതിനെ അടിസ്ഥാനപ്പെടുത്തി ഈയിയമത്തെ സാധൂകരിക്കാനാണോ ചാരമെമ്പർ ഒരുങ്ങുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫാഡ്സ്ക്കാർവക്കീൽ): അങ്ങിനെ പറഞ്ഞിട്ടുള്ളതിനെമാത്രം അടിസ്ഥാനപ്പെടുത്തിയല്ല. മിസ്റ്റർ നീലകണ്ഠപ്പിള്ളപോലും ഉണ്ടെന്നുസമ്മതിച്ചു ദുഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്, എന്റെ അഭിപ്രായം അനുസരിച്ചു നോക്കുന്നപക്ഷം അനേകംപത്രങ്ങൾ കൂറുചെയ്തിട്ടുണ്ട്. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ അഭിപ്രായപ്രകാരം രണ്ടോമൂന്നോപത്രങ്ങൾ മാത്രമേ കൂറുചെയ്തിട്ടുള്ളു. എതുപത്രങ്ങൾ കൂറുചെയ്യണമെന്നുള്ളതിനെപ്പറ്റി ശ്രദ്ധിക്കുമായ ഒരുനിയമം ഉണ്ടാക്കാൻ നിവൃത്തിയില്ല എന്നുള്ളതു അദ്ദേഹം പറകയുണ്ടായി. വാദപ്രതിവാദത്തിൽനിന്നും ചിലഭാഗങ്ങളെ വീണ്ടും ഇവിടെ എടുത്തുവായിക്കാം, താരപ്പോറയുന്നതു മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു ചോദിച്ചു ചോദ്യംതുടങ്ങുന്നു.

"മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): അതല്ല എന്റെചോദ്യം. ഇങ്ങിനെ ഒരു റസലേഷൻ അനുസരിച്ചു കേസുടുക്കണമെങ്കിൽ മെമ്പറിന്റെ അഭിപ്രായം അനുസരിച്ചു എതുപത്രങ്ങൾ കൂറുചെയ്തിരിക്കണമെന്നാണ് എന്നായിരുന്നു എന്റെചോദ്യം."

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ഇവിടെ ഉദ്ധരിച്ചിരിക്കുന്നതിൽനിന്നും ഇങ്ങിനെയുള്ള ക്ലൂസ്സുകൾ ഉണ്ടായിരുന്നതായി തെളിയുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഷെഡ്സക്കാർവക്കീൽ): ഉണ്ട്. അല്ലാതെകണ്ടോണ്ട് കഴിഞ്ഞതവണനടന്ന വാദപ്രതിവാദം മുഴുവൻ ഇവിടെ വായിച്ചുപ്പിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ഒന്നു വായിച്ചുനോക്കണമെന്നു ഞാൻ മെമ്പാന്മാരോടു അഭ്യർത്ഥിച്ചിട്ടുണ്ട്. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ചോദ്യത്തിനു മറുപടിചോദ്യത്തിനു മറുപടിയും ഞാൻ ഇവിടെ ഉദ്ധരിക്കാം.

"മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങിനെയുള്ള സംഘടികളിൽ ഒരു ക്ലിപ്തനിലപാടു രൂപീകരിക്കുക എന്നുള്ളതു് ബുദ്ധിമുട്ടാണ്. ഗവണ്മെൻറിൽനിന്നും ഇങ്ങിനെ പ്രവർത്തിക്കുന്നതിനെ സ്പഷ്ടമാക്കിയിരുന്നെങ്കിൽ അനേകംപത്രങ്ങൾ തെറ്റുചെയ്യില്ലായിരുന്നു."

ഞാൻ മുമ്പുപറഞ്ഞതായ പ്രത്യേകലക്ഷണങ്ങൾ അതായതു ചിലപത്രങ്ങൾ ചില ന്യായാധിപന്മാരെ പ്രവൃത്തികൾ ചെയ്യുകൊണ്ടിരുന്നു. മിസ്റ്റർ നീലകണ്ഠപ്പിള്ള ഇങ്ങിനെ പെട്ടിവായി സമ്മതിച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "ഗവണ്മെൻറിൽനിന്നും ഇങ്ങിനെ പ്രവർത്തിക്കുന്നതിനെ സംശുകരിക്കുക" എന്നുള്ളതിനെ എങ്ങിനെയാണു വ്യാഖ്യാനിച്ചിരിക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഷെഡ്സക്കാർവക്കീൽ): ധാരാളം പത്രങ്ങൾ ഇങ്ങിനെ തെറ്റുപ്രവർത്തിക്കാൻ തുടങ്ങുന്നതായിരുന്നാൽ ഇതുപോലെ ഒരുനിയമം നടപ്പാക്കുന്നതിനെ ന്യായീകരിക്കാം എന്നാണ് മിസ്റ്റർ നീലകണ്ഠപ്പിള്ള തീർച്ചയായും ഉദ്ദേശിക്കുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിലെ പത്രങ്ങളുടെ ശരാശരി നിലവാരത്തെ അപഗ്രഥനംചെയ്തതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഉദ്ദേശിച്ചതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഷെഡ്സക്കാർവക്കീൽ): [illegible] എന്ന എല്ലുപേക്ഷം വായിച്ചുനോക്കി മനസ്സിലാക്കാമെന്നുള്ളതാണല്ലോ. മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ വാദപ്രതിവാദത്തിൽനിന്നും ഏതാനുഭാഗങ്ങൾ ഉദ്ധരിച്ചു അദ്ദേഹം ഉദ്ദേശിച്ചതു എന്താണെന്നു ഞാൻ ഗ്രഹിച്ചതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങനെയുള്ള ആ ഭാഗങ്ങളെയെന്നു ഞാൻ ഒരിക്കൽകൂടി ഇവിടെ വായിച്ചുകേൾപ്പിക്കണമെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. സഭ അതിനെപ്പറ്റി ഇപ്പോൾതന്നെ എന്താണു ഉദ്ദേശിച്ചിരുന്നതു എന്നു തീർച്ചപ്പെടുത്തിക്കാണുമല്ലോ.

മി. ടി. ജെ. മാത്യു (ചങ്ങനാശ്ശേരി-പീരുമേട്): അതല്ല എൻറെ ചോദ്യം. ഇങ്ങനെ ഒരു റൂളുണ്ടാക്കുന്നതിൽ അനുസരിച്ചു കേസെടുക്കണമെങ്കിൽ മെമ്പറിൻറെ അഭിപ്രായമനുസരിച്ചു ഏതു പത്രങ്ങൾ കുറ്റംചെയ്തിരിക്കണമെന്നാണ് എന്നായിരുന്നു എൻറെ ചോദ്യം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങനെയുള്ള സംഘടികൾക്കു ഒരു ക്ലിപ്തനിലപാടു രൂപീകരിക്കുക എന്നതു അസാദ്ധ്യമാണ്. ഗവണ്മെൻറിൽനിന്നും ഇങ്ങനെ പ്രവർത്തിക്കുന്നതിനെ സംശുകരിക്കണമെങ്കിൽ അനേകം പത്രങ്ങൾ തെറ്റുചെയ്തിരിക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): "തെറ്റുചെയ്യൽ" എന്നുപറഞ്ഞാൽ ഇതുതന്നെയിലുള്ള ക്ലൂസ്സുകൾ ഉണ്ടായിരുന്നു എന്ന അർത്ഥവിശേഷമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഷെഡ്സക്കാർവക്കീൽ): വാസ്തവം: സംശയമില്ല. അല്ലാതെ മറെറന്താണു അതിനുള്ള അർത്ഥം. മെമ്പർ മുമ്പുനടന്ന വാദപ്രതിവാദം ഒന്നു വായിച്ചുനോക്കുന്നപക്ഷം മിസ്റ്റർ നീലകണ്ഠപ്പിള്ള ഈവക ക്ലൂസ്സുകൾ ഇപ്പോഴിരുന്നതായി ഒരിക്കലും പറഞ്ഞിട്ടില്ല എന്നു ബോദ്ധ്യപ്പെടുന്നതാണു. കുറ്റംചെയ്ത പത്രങ്ങളുടെ എണ്ണത്തെ സംബന്ധിച്ചുമാത്രമേ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നുള്ളൂ. ബഹുമെമ്പർ ഈ ക്ലൂസ്സുകൾ ഉള്ളതായി പറഞ്ഞുവെന്നും അദ്ദേഹത്തിൻറെ വാദമാർഗ്ഗപ്രമുഖങ്ങളിൽ ഒട്ടിംഗ്സ് കൈവശമുണ്ടെന്നും വായിക്കുവാൻ ഒരുക്കമാണെന്നുംകൂടി പറഞ്ഞിട്ടും ബഹുമെമ്പർ പറഞ്ഞതു തെറ്റാണെന്നു ആരെങ്കിലും പറയുകയോ കട്ടിംഗ്സ് വായിച്ചുകേൾപ്പിക്കണമെന്നു നിർബന്ധിക്കയോ ചെയ്തില്ല എന്നു മിസ്റ്റർ സുബ്ബയ്യരും മിസ്റ്റർ മാത്യുവും പ്രത്യേകം എടുത്തുപറയുകയുണ്ടായി. ഈ വിഷയത്തിലേക്കു സഭാചിത്തം അങ്ങനെതന്നെ പ്രത്യേകം ആകർഷിച്ചു. എന്നിട്ടും അതിനുശേഷവും മിസ്റ്റർ നീലകണ്ഠപ്പിള്ള സംശയിക്കുന്നു——

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംശയിക്കാഞ്ഞാണും ഇല്ലായിരുന്നതുകൊണ്ടാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഷെഡ്സക്കാർവക്കീൽ): അതേ, അതുതന്നെ. അതിനപ്പുറമൊന്നും സംശയിക്കാൻ വകുത്തിയില്ലായിരുന്നു. അതുകൊണ്ടു ഈ സംഭവംകഴിഞ്ഞു ഉടൻതന്നെയായിരുന്നു. എല്ലാപേക്ഷം സംഘടികളുടെ പരമാർത്ഥസ്ഥിതികളെ സംബന്ധിച്ചു നല്ല ധാരണയും ഉണ്ടായിരുന്നു.

സർ, ഞാൻ ഇപ്പോൾ പറയുന്നതെന്തെന്നു വിചാരിക്കുന്നതു രണ്ടുവർഷത്തിനുമുമ്പു് ഈ സഭയിൽതന്നെ എല്ലാ ലേഖനങ്ങളും എൻറെ കൈവശമുണ്ടായിരുന്നു എന്നും മിസ്റ്റർ മാത്യുവും മിസ്റ്റർ സുബ്ബയ്യരും ഗവണ്മെൻറിനെ നിലയെ സാധുകരിക്കുന്നതിനുവേണ്ട വർത്തമാനപ്പത്രങ്ങളുടെയെല്ലാം കട്ടിംഗ്സ് ഇങ്ങനെയുള്ള സംഘടി സമ്പാദങ്ങളുടെ ശ്രദ്ധയിലേക്കു പ്രത്യേകമായിവിശദീകരിച്ചിട്ടുണ്ടു എന്നും ലേഖനങ്ങളെപ്പറ്റി ഏതു മെമ്പറിനെങ്കിലും വല്ല സംശയവുമുണ്ടെങ്കിൽ അവർക്കു ബഹുമെമ്പറുമായി വാദപ്രതിവാദം നടത്താമെന്നും പറഞ്ഞു എന്നും എന്നിട്ടും യാതൊരുദ്ദേശത്തോടെ ഞാൻ പറഞ്ഞതിൽ പിശകുണ്ടെന്നു പ്രസ്താവിക്കപോലും ഉണ്ടായില്ല എന്നും മിസ്റ്റർ നീലകണ്ഠപ്പിള്ള ഒരുമാതിരി തുടങ്ങിവച്ചു മട്ടിൽപ്പിക്കയാണു ചെയ്തതു എന്നും ഉള്ളതുമാത്രമാണ്. ഇന്നു ഇപ്പോഴാണു ഏതിനെങ്കിലും ഒരു പ്രത്യേകപത്രത്തെ എടുത്തുകാണിച്ചു ആ പത്രം കുറ്റംചെയ്തു എന്നുപറയുവാൻ ഞാൻ തയ്യാറല്ല. എന്നാൽ ഈ സംഘടി ഇന്നു വമ്പിച്ചയായി തീർന്നിരിക്കുന്നസ്ഥിതിക്കു ഒരു നിഷ്പ്രയാസത്തോടെയുടെ വിധിക്കപ്പെടുമായ ഒരു പത്രത്തെസംബന്ധിച്ചുമാത്രം അല്ലും പറയാമെന്നു വിചാരിക്കുന്നു. ആ വിധി ഹൈക്കോടതി വിധിയുടെയിരുന്നു. ആ തിരുവിതാംകൂർ ലാജർണലിൽ തിരുത്തിപ്പോർട്ടു ചെയ്തിട്ടുണ്ടു്. ആ ജന്മഭൂമിപത്രത്തെ സംബന്ധിച്ചുള്ളതുമാണ്. ഈ പത്രത്തെസംബന്ധിച്ചു ഹൈക്കോടതി എന്തു് അഭിപ്രായമാണെന്നു പറഞ്ഞിട്ടുള്ളതു എന്നുള്ളതിനെ സംബന്ധിച്ചു യാതൊരു വിചാരണീയാഭിപ്രായവും ഉണ്ടാകാൻ ഇടയില്ലല്ലോ. ആ പത്രം കുറ്റംചെയ്തു എന്ന ഇപ്പോൾ ഇവിടെ ഞാൻ എടുത്തുപ്രസ്താവിക്കുന്നതുകൊണ്ടു യാതൊരു ദോഷവും ഉണ്ടാകാനുമില്ലല്ലോ. ആ പത്രത്തിൽ ഉണ്ടായിരുന്ന ഏതാനും ലേഖനങ്ങളെസംബന്ധിച്ചു ഹൈക്കോടതി ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

"ഇവിടെ ഞാൻ സി ക അക്കമുടൽ സി ര അക്കംവരെയുള്ള പ്രോണങ്ങളെ സംബന്ധിച്ചു പറയാം. "ഈ" അക്ഷരലക്ഷത്തിൽതന്നെ ഉള്ളതും "തിരുവിതാംകൂറിൽ ഉണ്ടാകാൻപോകുന്ന ചോരപ്പുഴ" എന്ന തലക്കെട്ടിൽ എഴുതപ്പെട്ടിരുന്നതുമായ ഒരു ലേഖനമാണു സി ക അക്കം. ഇതിൽ കേരളദേശാഭിമാനി എന്ന പത്രത്തിൽ ജാതിമത്സരത്തെസംബന്ധിച്ചുപ്രസിദ്ധപ്പെടുത്തിയിരുന്ന ഒരുലേഖനത്തെപ്പറ്റിയാണുപ്രസ്താവിച്ചിട്ടുള്ളതു്. അതേപ്പറ്റി പ്രതിപാദിക്കുന്നതുകൊണ്ടത്തിൽ വഞ്ചിസഞ്ചാരി എന്ന പേരുവച്ചു ഏഴുതിയിരുന്ന ലേഖകൻ ദേശാഭിമാനിക്കുപുരോഹിതനാർ ഏറെപറയുന്ന സന്ദർഭത്തിൽ വളരെ ഉന്നതപദവികളിൽ ഏർപ്പെട്ടിട്ടുള്ളവരെന്നതായി പ്രസ്താവിച്ചുകാണുന്നു. സി ങ. അക്കം ന-ാ-ഫ ാ ം-ാ ലക്കം ജനഭൂമിപത്രത്തിൽ "ഭരണാധികാരികളുടെ ജനം" എന്ന തലക്കെട്ടിൽ ഉണ്ടായിരുന്ന ഒരു ലേഖനമാണു്. അതിൽ നിസ്സാരത്വം, നീചത്വം, അധികപ്രസംഗം, കണ്ണുമനസ്സുമില്ലാത്ത പ്രവൃത്തി ഇവ, കള്ളനോട്ടടിക്കുക, കള്ളുകടിക്കുക, കൊലപാതകംചെയ്യുക, പുരോഹിതന്മാരെ കന്യകമാരെ സമ്മാനിക്കുക ഇവയെ നിത്യകൃത്യമായിചെയ്തുവച്ചിട്ടുള്ള ഒരു ഇനക്കാരുടെ പ്രവൃത്തികൊണ്ടുമാത്രം നാട്ടിൽ നടന്നുവ്യാപിച്ചുകഴിഞ്ഞിരിക്കുന്ന എന്നപരാതിപ്പെട്ടുകൊണ്ടു ഇവരുടെയോ യേശുക്രിസ്തുവിന്റെ പേരെന്തിനു ഞങ്ങളുടെ കൂട്ടികൾ എന്നുള്ള ചോദ്യംകൊണ്ടവസാനിപ്പിക്കുന്നു. സി ന അക്കം ന-ാ-ഫ ാ ം-ാ ലക്കം ജനഭൂമിയിൽ "മാപ്പിളമാരുടെ കുമികൾ" എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു ലേഖനമാണു്. അതിൽ മിസ്റ്റർ കുഞ്ഞിത്തരമ്മൻ കുഞ്ചിഡയർക്കർ വാക്കർ കണ്ടൻപിള്ളയേയും അദ്ദേഹത്തിന്റെ ഡിപ്പാർട്ടുമെന്റിനേയും മിസ്റ്റർ തയ്യൂർ കുഞ്ഞിത്തരമ്മൻ നിയമനിഷ്ണാതരായിൽവച്ചു എഴുത്തതിനെപ്പറ്റി പ്രസ്താവിച്ചിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ന്യായമായ ഒരു നിരൂപണം അല്ലായിരുന്നോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): മിസ്റ്റർ കുഞ്ഞിത്തരമ്മൻ ഇങ്ങിനെ മഹപ്പു പറയുമെന്നു ഞാൻ വിശ്വസിക്കുന്നു. ജഡ്ജി പറഞ്ഞിരുന്നതിനെ ഞാൻ ഇവിടെ എടുത്തു വായിച്ചുകേൾപ്പിക്കുന്നു എന്നമാത്രമേയുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങേയ്ക്കാഗ്രഹാംശങ്ങളിൽ എതെങ്കിലും ഒരു അഭിപ്രായം ജനിപ്പിക്കുന്നതിനു അദ്ദേഹത്തിനു അതുകൊണ്ടു സാധിക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): സാധിക്കുമെന്നാണ് എന്റെ വിശ്വാസം.

മി. എസ്. ചിറവിളപ്പുത്തമാർപിള്ള (വാണിജ്യവ്യവസായസംഘങ്ങൾപ്രതിനിധി തെക്കൻമെമ്പർ): കഴിഞ്ഞതവണ മിസ്റ്റർ കുഞ്ഞിത്തരമ്മൻ ഗ്രന്ഥകർത്തനെ അനുകൂലിക്കയാണുചെയ്തതു്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): അദ്ദേഹം നിഷ്പക്ഷതയും അനുകൂലിക്കുകയാണുചെയ്തു. ഇന്നും അങ്ങനെ തന്നെ ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ജഡ്ജിമെന്റിൽനിന്നും ഞാൻ മുമ്പു വായിച്ചുകേൾപ്പിച്ച ഭാഗത്തെത്തുടർന്നു വായിച്ചുകേൾപ്പിക്കാം.

"തിരുവിതാംകൂറിനെ ഒരു ഡിപ്പാർട്ടുമെൻറ്റാക്കിമാറ്റിയായിരുന്നു ആകെയുള്ള ഓഫാസുകളെ സ്ഥാനഭ്രംശം ചെയ്യിക്കണമെന്നുള്ളതാണു ക്രിസ്ത്യാനികളുടെ ഉദ്ദേശമെന്നു പറയപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികളെ കുമികളോടു ഉപമിച്ചിരിക്കുന്നു. മഞ്ഞയോ ശ്യാമമോ തീരെയോ ഇല്ലാത്ത അതികഠിനമായ സ്വാത്മാക്കളുള്ളവരാണെന്നും പറഞ്ഞിരിക്കുന്നു. അവരെ വിശ്വസിക്കുന്നപക്ഷം അവർ ഭരണകർത്താക്കളെയും ചിട്ടിക്കുന്നും നിങ്ങളെ കൊല്ലും. നിങ്ങൾ അവർക്കായി പിണങ്ങുകയാണെങ്കിൽ അവരുടെ കണ്ണുനോട്ടക്കാരുണ്ടു അവർ നിങ്ങളെ ജയിലിലയക്കും. ഹർജിക്കാരന്റെ പത്രത്തിന്റെ ഡിസംബർ ലക്കത്തിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും സർവീസും എന്ന തലക്കെട്ടിൽ ഉണ്ടായിരുന്ന മുഖ്യസംഗതിയാണ് സി ര അക്കം. ഇതു ഒന്നിച്ചു കൂട്ടിവായിൽ ക്രിസ്ത്യാനികളുടെ ഒരു ലേഖനമാണ്. തിരുവിതാംകൂറിനെ ഒരു ക്രിസ്ത്യരാജ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു ക്രിസ്ത്യശക്തിയെ നശിപ്പിക്കുന്നതിനായി ഹിന്ദുക്കളെല്ലാംകൂടെ യോജിച്ചു പ്രവർത്തിക്കാനായി അവരോടുചെയ്യുന്ന ഒരു അപേക്ഷയാണ് അതു്. ഈ ലേഖനത്തെക്കുറിച്ചു അധികം ഒന്നുംതന്നെ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. അവയുടെ ഗൂഢോദ്ദേശങ്ങൾ അവയിൽനിന്നുതന്നെ പ്രസ്പഷ്ടമാകുന്നുണ്ടു. ഈ ലേഖനങ്ങളുടെപോക്കു, പ്രത്യേകിച്ചും സി ക മുതൽ സി ന വരെ അക്കങ്ങളുടെപോക്കു് അനഭിലഷണീയവും, കുറ്റകരവും, ന്യായരഹിതവുമായ ഒരു രീതിയിലാണു്. ഒരു നല്ലപത്രത്തിൽ പ്രസിദ്ധംചെയ്യാൻ പാടില്ലാത്തവണ്ണം അതു കീഴ്മേൽമറിയുന്നു എന്നുകൂടി ഞാൻ ഇവിടെപ്രസ്താവിച്ചുകൊള്ളുന്നു. "ഈ" അക്ഷരത്തിൽനിന്നും ഹർജിക്കാരന്റെ ഉദ്ദേശം എന്തെന്നു ഊഹിക്കാമെങ്കിലും യാതൊരു സംശയത്തിനും ഇടയില്ലാത്തവണ്ണം അത്രമാത്രം സ്പഷ്ടമായി ഉദ്ഘോഷിക്കുന്നതേയുള്ളു; അതായതു ക്രിസ്ത്യാനികളും ഹിന്ദുക്കളും തമ്മിൽ വിരോധം ഉണ്ടാക്കി കലഹംപർപ്പിടിപ്പിക്കണമെന്നുള്ളതാണ് ഹർജിക്കാരന്റെ ഉദ്ദേശമെന്നു സ്പഷ്ടമായി തെളിയുന്നു".

മി. മാത്യു മുരിക്കൻ (തൊവാള): ആ ലേഖനം എഴുതിയ ആളിനെ ശിക്ഷിച്ചിട്ടില്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): ശിക്ഷിച്ചു എന്നുള്ളതിനെയാതൊരു സംശയവുമില്ല. ഏതു ലേഖനം പ്രസിദ്ധംചെയ്യുന്നതിനുവേണ്ടി തരയാളെ ശിക്ഷിക്കുവോ ആ ലേഖനം മുഴുവൻ ഇപ്പോഴാ ഇവിടെ വായിച്ചുകേൾപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനെപ്പറ്റി മുഴുവനും ജഡ്ജിമെന്റിൽ എടുത്തുചേർത്തിട്ടുണ്ടു്.

മി. എം. എസ്. ഒമേശ്വരൻതുശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മാപ്പുസാക്ഷിനിലവിലുള്ള ഏതെങ്കിലും ഒരു പത്രത്തെ പ്രോസിക്യൂട്ടുചെയ്യാൻ മുതിർന്നതിൽ ഗവർണ്മെന്റിനു സാധിക്കാതെവന്നതായി വല്ല ഉദാഹരണവുമുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ പത്രത്തിൽ ചിലവയെ നടത്തിവന്നതു ജയിലിനകവും പുറവും ഒന്നുപോലെതന്നെ കഴിച്ചിട്ടുള്ള താണനിലയിലുള്ള ആളുകളായിരുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയുണ്ടായതു വർത്തമാനപ്പത്രാഭിപ്രായത്തിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രോസിക്യൂട്ടുചെയ്യാൻ തുടങ്ങിയതായ ഒരു ഉദാഹരണമാണോ ഇതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സ്ക്കാർ വക്കീൽ): അതു വളരെ വിശ്രമായ ഒരു സംഗതിയായതുകൊണ്ടു അതേസംബന്ധിച്ചു യാതൊരു വിവരണവും ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

കഴിഞ്ഞ തവണ പറഞ്ഞ സംഗതികൾ മുഴുവൻ ഞാൻ ഇപ്പോൾ ഒർക്കൽകൂടി പറയണമെന്നു വിചാരിക്കുന്നില്ല. പത്രംനടത്തിവന്നിരുന്ന ചില ആളുകൾ ജനങ്ങൾക്ക യാതൊരുവിധത്തിലും അറിവാൻ പോരില്ലാത്തവരും ചിലപ്പോൾ നാമംമാത്രനേതാക്കന്മാരായിരുന്നവരും ആയിരുന്ന അങ്ങനെയുള്ളവരുടെ സ്വഭാവത്തെ സംബന്ധിച്ചും അവരുടെ ചേഷ്ടകളേയും അതികർന്ന ഫലങ്ങളേയും സംബന്ധിച്ചും ബഹുമാനപ്പെട്ട ജഡ്ജിമാർ പ്രസ്താപിച്ചിട്ടുള്ള എന്താണെന്നു ഞാൻ ഇവിടെ വായിച്ചുകേൾപ്പിക്കാം.

"ഒടുവിലായി ഹജിക്കാറൻ' നടപടിയിട്ടുള്ള ജിക്ഷയെസംബന്ധിച്ചും അതിനോട് എറ്റവും അടുത്തു ബന്ധമുള്ള ഹജിക്കാറൻ അപേക്ഷിച്ചിട്ടുള്ള മാപ്പിനെസംബന്ധിച്ചും ഞാൻ പറയാം. ഒരു പരിഷ്കൃതരാജ്യത്തു കാണുവാൻ കഴിയുന്നതിൽ വച്ചു വളരെ കടുപ്പവും ക്രൂരവുമായ ശിക്ഷയാണ് ഇതിനു വിധിച്ചിരിക്കുന്നതു. ഈ കുറ്റത്തിന്റെ ഗൗരവത്തിനും ഹിതകേടുണ്ടാക്കുന്നതിനും തക്കവണ്ണം ഈ ശിക്ഷയുടെ സ്വഭാവവും പരിമാണവും തീർക്കുവാൻ കോടതി പ്രയാസപ്പെടുകയുണ്ടായി. ഒരു പ്രത്യേകകുറ്റത്തിനു ഇതിനേക്കാൾ കഠിനമായ ശിക്ഷയുണ്ടെന്നു എനിക്കറിയാം. പക്ഷേ ഇതുപോലെ ഒരു ശിക്ഷ ഇതിനുമുമ്പു ഒരിക്കലും വിധിച്ചിട്ടുള്ളതായി എനിക്കറിയുകയില്ല. പത്രംതന്നെ തീരെ അപ്രധാനമായ ഒന്നായിരുന്നുവെന്നും അല്പംപേർമാത്രമേ അതിനെ വായിച്ചിരുന്നുള്ളുവെന്നും ഹജിക്കാറനെപ്പോലും ജനങ്ങൾക്കു അറിവില്ലെന്നും ഞാൻ മുമ്പു ഇവിടെപറകയുണ്ടായല്ലൊ. ഇതൊക്കെയും പരമാർത്ഥമാണെന്നിരുന്നാലും ഈ നിയമ്യോദ്യോഗസ്ഥന്റെ നിലയേയോ പ്രചാരണത്തെയും ന്യായരഹിതവും ക്രൂരവുമായ പത്രലേഖനങ്ങൾകൊണ്ടുണ്ടാകാവുന്നദോഷം പത്രത്തിന്റെ നിലയേയോ പ്രചാരണത്തെയും യോഗ്യനായ ഒരു പത്രാധിപർ ഗണിക്കുന്നതിനെ അതിന്റെ പ്രകടനാധികൃതനോ അധിപനോ ഉള്ള യോഗ്യതയേയോ യാതൊരുപ്രകാരത്തിലും ആശ്രയിച്ചിരിക്കുന്നില്ല. ഇവരണ്ടും തമ്മിൽ യാതൊരുബന്ധവും ഇല്ല. മനസ്സു കുറഞ്ഞതുകൊണ്ടു മാത്രം കുറയണമെന്നില്ല. കുറകയുമില്ല. സൽക്കഥകളെക്കാൾ ദുഷ്കഥകൾ ഈണം എളുപ്പത്തിൽ പടർന്നുപിടിക്കുന്നു എന്നുള്ളതു ഒരു പഴമൊഴിപോലെയുള്ള ഒരു സംഗതിയാണ്. ഏതു രാജ്യത്തിലും നീചവിഭാഗ്യാസം സിദ്ധിച്ചിട്ടുള്ളവരും അല്പവിദ്യാഭ്യാസംമാത്രം സിദ്ധിച്ചിട്ടുള്ളവരുമായ ആളുകൾ ഇപ്രകാരംവിചാരജന്യങ്ങളും എഴുതുകൂടിക്കളയുന്ന അശ്ലീലസമായ ഓഷയിൽ ശക്കരിക്കുന്നവയുംആയ ലേഖനങ്ങളെ ഇടതടവുകൂടാതെയായി അനുസരിക്കുമെന്നുള്ള ഒരു പരമാർത്ഥമാണ്. ഈ കേസിൽ തെളിവിനായി ചേർത്തിട്ടുള്ള മറ്റു ലേഖനങ്ങളിൽനിന്നും ഹർജിക്കാറൻ കുറെയൊക്കെയായി ഇടർച്ചയായി ക്രിസ്ത്യാനിമതത്തോടു പടവെട്ടിപ്പോരുകയാണെന്നും അവരുടെ മതത്തേയും പുരോഹിതന്മാരെയുംകുറിച്ചു പൊതുജനങ്ങളിൽ പ്രതികൂലാഭിപ്രായമുണ്ടാക്കിത്തീർക്കുന്നതിനു കഴിയുന്നത്ര ശ്രമിച്ചുവരികയാണെന്നും കാണുന്നു. ഇങ്ങനെയുള്ള ലേഖനങ്ങൾകൊണ്ടു ഈ മണ്ഡലസമുദായങ്ങളുടെ തമ്മിൽ അന്യോന്യം തെറ്റവരുവാനും ഉണ്ടാകുന്നതിനും അതു വർദ്ധിക്കുന്നതിനും ഇടയാകുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. ഈ രണ്ടു ജാതികളുടെയിടയിൽ യാതൊരു വൈരുദ്ധ്യവും ഉണ്ടായിട്ടില്ലെന്നും ഒരുപക്ഷം ഒന്നും ഉണ്ടായിട്ടില്ല എന്നും ഉള്ളതു പരമാർത്ഥംതന്നെ. ഇപ്പോൾ നമ്മുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്നതുപോലെയുള്ള ലേഖനങ്ങളുടെ കൊണ്ടുണ്ടാകുന്ന ദുഷ്ഫലം എത്രമാത്രമുണ്ടെന്നുള്ളതു എന്നു യുക്തരും ഉണ്ടായിട്ടെന്നോ എത്രപേർ തലതല്ലിച്ചാവിറി എന്നൊമറ്റൊരാളുടെ ഉള്ളതിൽനിന്നും അല്ല തീരുമാനിക്കേണ്ടതുള്ളു. ഇങ്ങനെയുള്ള ലേഖനങ്ങൾ ഒളിവായി മാത്രമുള്ള അവയുടെ ശക്തിയെ ജനങ്ങളിൽ വ്യാപരിപ്പിക്കുകയുള്ളു. അവയുടെ ശക്തി പരത്തുന്ന പുറത്തുകാണാത്തതും ആശിക്കാവുന്നതല്ല. ഉടൻതന്നെ ഈ ലേഖനങ്ങൾകൊണ്ടു സമുദായങ്ങൾ തമ്മിൽ യുദ്ധമോ വൈരമോ ഉണ്ടായില്ല എന്നുള്ളതുകൊണ്ടു ഇവ ദോഷകരമല്ല എന്നുപറയുന്നതു പിശകാണ്. വഴക്കുകൾക്കിടയായില്ലെന്നുള്ള രണ്ടു സമുദായങ്ങളിലും വിദ്വാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ മനോഭ്രമണത്തിന്റെ ലക്ഷ്യമാണ്. എന്നാൽ ഇങ്ങിനെ അപചയകരമായ ലേഖനങ്ങളെ ഭൂമിയിൽതന്നെ നശിക്കുകയാണെങ്കിലും അവയുമൂലം സമുദായങ്ങൾതമ്മിൽ കലഹം ഉണ്ടാകുന്നതിനും യുദ്ധമുണ്ടാകുന്നതിനും ചോര ചൊരിയുന്നതിനുമൊക്കെയും ഇടയാകുമെന്നു പറയുന്നതായാൽ അതു മറ്റൊരു പാഴ്വാക്കായി വന്നുതല്ലാഎന്ന തീർത്തുപറയാവുന്നതാണ്.

രണ്ടുവർഷകാലത്തിനുമുമ്പ് ഇവിടത്തെ പരിതസ്ഥിതികളും ഇങ്ങിനെയെല്ലാമായിരുന്നു. അന്നു അതു അതിനെ തടഞ്ഞിട്ടില്ല. ആക്കം അതിനെ നിഷേധിക്കാൻ സാധിക്കയുമില്ലായിരുന്നു. ഇന്നും മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയും കൂട്ടരും അല്പം പുറകോട്ടു തിരിഞ്ഞുനോക്കുമെങ്കിൽ ഇതിനെ വിസ്മരിക്കയില്ലെന്നു ഞാൻ സധൈര്യം പറയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ കേസ് കഴിഞ്ഞതിനുശേഷം ഈ പത്രം പ്രസിദ്ധപ്പെട്ടുത്തിയിരുന്നുവോ എന്നു അറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഡെപ്യൂട്ടി സക്രട്ടറിവക്കീൽ): കോടതിയോടതിവിധികഴിഞ്ഞതിനുശേഷം ആ പത്രം പ്രസിദ്ധപ്പെടുത്തിയിരുന്നതായി എനിക്കുകാണുന്നില്ല.

മിസ്റ്റർ താണുപിള്ള ഈ ചോദ്യം ചോദിച്ചിരിക്കുന്നസ്ഥിതിക്കു ഈപ്പോൾതന്നെ കുറെ വൃത്തികേടു അതിനകത്തുണ്ടാകുന്നു ഈ പത്രത്തെ പ്രോസിക്യൂട്ടുചെയ്യാൻ തുടങ്ങിയതു എന്നു പറഞ്ഞേക്കാം. ഈ പത്രത്തെ പ്രോസിക്യൂട്ടുചെയ്തുകൊണ്ടിരുന്ന അവസരത്തിൽതന്നെ മറ്റുപത്രങ്ങളും അതേ കുറ്റങ്ങളും ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഒരു പത്രാധിപരെ പ്രോസിക്യൂട്ടുചെയ്യുന്നുഎന്നും അയാളെ വിസ്തരിച്ചു ചരിക്കയാണെന്നും വിസ്തരം അവസാനത്തിൽ ശിക്ഷയിൽതന്നെ അവസാനിക്കാൻ ഇടയുണ്ടെന്നും അവൾക്ക് അപ്പോൾ നല്ലപോലെ അറിയാമായിരുന്നു. മറ്റുപത്രങ്ങളും ഈ പത്രാധിപരുടെ സ്ഥിതിയെപ്പറ്റി മുഴുവനും നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടായിരുന്ന എങ്കിലും ഈ പത്രം ചെയ്തിരുന്ന കുറ്റംതന്നെ ചെയ്യുന്നതിനു യാതൊരുമടിയും ഉണ്ടായിരുന്നില്ലെന്നു മാത്രമല്ല അതിന്റെ സ്ഥിതിയെപ്പറ്റി അവ ഒന്നു വകവച്ചിരുന്നുമില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ ഇപ്പോൾ പറഞ്ഞതുപോലെ വേറെ ഏതെങ്കിലുംപത്രത്തെ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടോഎന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഡെപ്യൂട്ടിസക്രട്ടറിക്കീൽ): അതേ. ഉണ്ടായിരുന്നു. എന്നാൽ അതല്ല ഞാൻ ഇപ്പോൾ ഇവിടെ പറയണമെന്നു വിചാരിക്കുന്ന സംഗതി.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങിനെയുള്ള ഏതുപത്രങ്ങളെ പ്രോസിക്യൂട്ടുചെയ്തു എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഹോഡ്സക്കാർവക്കീൽ): നിവേദനങ്ങൾകൊടുക്കുകയും നിവേദനങ്ങൾകൊടുത്തിട്ടുള്ള മറുപടികൾ മെമ്പർമാർ ഒക്കെവായിച്ചുനോക്കുന്നപക്ഷം ഇതിനുള്ള മറുപടി അതിൽനിന്നു തന്നെ മെമ്പറിനു മനസ്സിലാകുമെന്നുള്ളതുകൊണ്ടു, ഇതു കഴിഞ്ഞതവണത്തെ കൌൺസിലിലെ വാഴപ്പള്ളിവിഷയത്തിൽ കാണാവുന്നതാണ്. അതേമാതിരിത്തന്നെയാണ് വർത്തമാനപത്രാധിപരേക്കുറിച്ചുള്ള വിഷയവും കാണേണ്ടതു എന്നാണു എനിക്കു തോന്നുന്നതു്.

ഈ പത്രത്തെ പ്രോസിക്യൂട്ടുചെയ്യുകൊണ്ടിരുന്ന അവസരത്തിൽതന്നെ മറുപടിപത്രങ്ങളും മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ പറഞ്ഞതിനുപുറമേ പറയാനുണ്ടെങ്കിൽ അതേ വിധത്തിലും പ്രയോഗിച്ചുകൊണ്ടിരുന്നു. ഇതുകൊണ്ടു വിസ്തരിക്കുകയും ശിക്ഷിക്കുകയുമെന്നു സംശയിക്കുകയും ചെയ്യുകയാണു മറുപടിപത്രങ്ങളെ സംബന്ധിച്ചിടത്തോളം എന്തു പ്രയോജനമാണുണ്ടായതു്? ഡഫാൽത്തിൽ മറുപടിപത്രങ്ങൾകൊണ്ടു ഇതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. ഈ സ്ഥിതിക്കു ഗവർണ്മെന്റു എന്താണ് ചെയ്യേണ്ടിയിരുന്നതു്? ഞാൻ കഴിഞ്ഞതവണപറഞ്ഞതുപോലെ പേപ്പട്ടിയോടു നേരിട്ടതന്നെ എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള വല്ല മാർഗ്ഗവും കണ്ടുപിടിക്കേണ്ടതായി വന്നുചേർന്നു. പത്രങ്ങളെ നടത്തിവന്നിരുന്നവർ യോഗ്യന്മാരും ഉത്തരവാദിത്വബോധമുള്ളവരും ആയിരുന്നു എങ്കിൽ ഒരുവനും ഒരു ശിക്ഷകൊണ്ടുമാത്രം കുറ്റങ്ങളെ എല്ലാം ശരിയായി നടക്കുന്നതിനു ഇടയാക്കേണ്ടിയിരുന്നതേ. എന്നാൽ താണനിലയിൽഉള്ളവരും എന്തും പ്രവർത്തിപ്പാൻ യാതൊന്നുമടിയും ഇല്ലാത്തവരുമായ അനേകം ആളുകൾ പത്രപ്രവർത്തനം തൊഴിലായി സ്വീകരിച്ചിട്ടുണ്ടു. അവർ ചിലപ്പോൾ ഒരുവനു മിണ്ടാപ്രാണികളെ ആയിരുന്നുഎന്നുംവരാം. അതിനാൽ പത്രങ്ങളിലേടു തിരിയുന്നതെ എന്തെങ്കിലും പ്രവർത്തിക്കുന്നതിനുള്ള എന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിനു ഗവർണ്മെന്റു നിർബന്ധിക്കപ്പെട്ടു. അതിലേക്കായിട്ടാണ് ഇപ്രകാരം ഒരു റഗുലേഷൻ നടപ്പിൽവന്നതിയതു്. ഈ റഗുലേഷൻമൂലം പുതുതായി യാതൊരുപ്രവർത്തിയും ശിക്ഷാർഹമാക്കിയിട്ടില്ലെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള പറയുകയുണ്ടായല്ലോ. ഏതുപ്രകാരം പറഞ്ഞാലും വാക്യാർത്ഥപ്രകാരം ശരിയാകുകിൽ വ്യാഖ്യാനത്തിൽ ശരിയെന്നേയാണ്. ഗവർണ്മെന്റിനു പുതിയതായി പ്രവൃത്തികളെ ശിക്ഷാർഹമാക്കേണമെന്നുള്ള വിചാരമുണ്ടായിരുന്നിട്ടോ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയണമെന്നു ഉദ്ദേശമുണ്ടായിരുന്നിട്ടോ അല്ല അവർ ഇങ്ങിനെ ഒരു റഗുലേഷൻ നടപ്പാക്കിയതു. കായ്ം നോക്കുന്നപക്ഷം ശിക്ഷാനിയമങ്ങൾ അനുസരിച്ചു കാര്യങ്ങളുള്ള പ്രവൃത്തികൾതന്നെയും ഈ നിയമപ്രകാരവും ശിക്ഷാർഹമായുള്ളതു. അതേസമയംതന്നെ ഒരു പത്രത്തെ പ്രോസിക്യൂട്ടുചെയ്യുന്നതുകൊണ്ടു മറുപടിപത്രങ്ങൾക്കു യാതൊരുദ്ദേശവും ഉണ്ടാകുന്നില്ല എന്നും പരിതസ്ഥിതികളുടെ വിശേഷത്താൽ യാതൊരുദ്ദേശവും മേലും ഉണ്ടാകാൻ ഇടയില്ലെന്നും ഉള്ളതു അവസ്ഥകൾ അല്പം മാറിയതിനുശേഷമെന്നു അവർക്കു തോന്നിയിട്ടുണ്ടായിരിക്കണം. അതിനാൽ ഇങ്ങിനെയുള്ള പ്രവർത്തികൾ ചെയ്യുന്നതിനുപയോഗപ്പെടുത്തിവരുന്ന ആയുധങ്ങളെ അതായതു വർത്തമാനപത്രങ്ങളെ നേരിട്ടു ശിക്ഷിക്കുന്നതിനു ഉചിതങ്ങളായ വല്ല മാർഗ്ഗവും കണ്ടുപിടിക്കണമെന്നു അവർ നിശ്ചയിച്ചു. ക്രിമിനൽകോടതികളിൽ ദിവസേന കാര്യംചെയ്യുന്നതിനുപയോഗിക്കുന്ന ആയുധങ്ങളെ കണ്ടുകെട്ടി നശിപ്പിക്കുന്നതിനു ഉത്തരവിട്ടുവരുന്ന എന്നുള്ളതുസ്സുപോലെ എല്ലാപേക്കും അറിവുള്ള ഒന്നാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഈ തത്വത്തെ ഒന്നുകൂടി വ്യാപ്തമാക്കിയാൽ ഈ റഗുലേഷൻ ചമച്ചവർ അവർ ചെയ്യുന്നകാര്യത്തിനു ആയുധമായി ഉപയോഗിക്കുന്നവർത്തമാനപത്രത്തെ നശിപ്പിക്കുന്നതിനുവേണ്ടി നടപ്പാക്കിയിരിക്കുന്ന ഒന്നാണെന്നു വിചാരിക്കാവുന്നതാണെല്ലോ.

മി. മാത്യു മുരിക്കൻ (കോട്ടയം): വർത്തമാനപത്രത്തെ കണ്ടുകെട്ടുന്നതിനു ശിക്ഷാനിയമത്തിൽ യാതൊരുവകുപ്പുമില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഹോഡ്സക്കാർവക്കീൽ): ഇങ്ങിനെയല്ല. ഒരു കോടതിയിൽ ഫാജരാക്കപ്പെട്ടിട്ടുള്ള ഒരു പത്രത്തിന്റെ ഒരു പ്രതിയെ നശിപ്പിക്കാൻ ഉത്തരവിട്ടുകാണുവരാം. എന്നാലും വർത്തമാനപത്രം എന്നുള്ള വ്യക്തിയുടെനേരെ യാതൊന്നും പ്രവർത്തിപ്പാൻ സാധിക്കുന്നതല്ലല്ലോ. പ്രത്യേകിച്ചും ഒരു പത്രാധിപരെയോ പ്രകടനാധിക്ഷേപത്തെയോ പ്രോസിക്യൂട്ടുചെയ്യുന്നതുകൊണ്ടും അതൊരാൾ ചെയ്തുപോയ കുറ്റകരമായ അതേപത്രങ്ങളിൽതന്നെയോ ഇതരപത്രങ്ങളിൽക്കൂടെയോ കുറെക്കൂടി നന്നാകണമെന്നുള്ള അഭിപ്രായത്തോടെ നന്നാകാൻ ശ്രമിക്കാതെ മുമ്പിലത്തെപ്പോലെതന്നെ തോന്നിയവാസമായി പ്രവർത്തിക്കാമെന്നിരിക്കുന്നസ്ഥിതിക്കു പ്രത്യേകിച്ചും ഇങ്ങിനെ ചെയ്യേണ്ടതു അത്യാവശ്യമാണെല്ലോ. ഈ സമ്പ്രദായം തിരുത്തുന്നതിനുള്ള ഏകമാർഗ്ഗമായി ഗവർണ്മെന്റു കണ്ടതു പത്രത്തെതന്നെ നശിപ്പിക്കുകയെന്നുള്ളതായിരുന്നു. പത്രം ഇരുപ്പുകിൽ ഇങ്ങനെയുള്ള കുറ്റങ്ങൾ ചെയ്യുവാൻ സാധിക്കയുമില്ലല്ലോ.

മി. എസ്. പിറവിപ്പെരുമാൾപിള്ള (ചാണിയുവ്യവസായ സംഘങ്ങൾവക തെക്കൻ മെമ്പർ): കുറ്റംചെയ്യുന്നതിനു ഉപയോഗപ്പെടുത്തുന്ന ആയുധങ്ങളെ ഇല്ലാതാക്കുന്നതിനു മറു നിയമങ്ങളിലും ഈദ്ദേശമായ വ്യവസ്ഥകൾ ഇല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹോഡ്സക്കാർ വക്കീൽ): ഉണ്ടു. ഉണ്ടെന്നാണു എനിക്കു തോന്നുന്നതു. ഇന്നുമുമ്പത്തെപത്രത്തിനെ സംബന്ധിച്ചുള്ള കേസ്വിചാരണയിൽ കിടന്നകാലത്തുണ്ടായ ഇരുപ്പുവേർ നടപ്പിൽവന്നതിയതു. ഗവർണ്മെന്റു ഒരു പത്രത്തെ പ്രോസിക്യൂട്ടുചെയ്തു. അങ്ങിനെ പ്രോസിക്യൂട്ടുചെയ്തതുകൊണ്ടു മറു പത്രങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു ഗുണകരമായ ഫലവും ഉണ്ടായതായി കാണപ്പെട്ടില്ല. അതിനാൽ ഈ കുറ്റം ചെയ്യുന്നതിനുപയോഗപ്പെടുത്തിവന്ന ആയുധത്തെ തന്നെ, അതായതു വർത്തമാനപത്രത്തെതന്നെ, നശിപ്പിക്കുന്നതിനു ഉതകത്തക്കതായ ഈ റഗുലേഷൻ നടപ്പുചെയ്യേണ്ടതായി വന്നുചേർന്നു.

മി. എ. തോമപിള്ള (തിരുവനന്തപുരം): ഈ പത്രത്തെ പ്രോസിക്യൂട്ടുചെയ്യുകൊണ്ടിരുന്ന കാലത്തു മറു പത്രങ്ങളും ഇതുപോലെതന്നെ പ്രവർത്തിച്ചുപോന്നതായി നിങ്ങളും പറയുന്നുണ്ടല്ലോ. മറ്റേതെങ്കിലും പത്രത്തെ പ്രോസിക്യൂട്ടു ചെയ്യുണ്ടായോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹോഡ്സക്കാർ വക്കീൽ): അതിനുശേഷം പ്രസിദ്ധപ്പെടുത്തിയ ഏതെങ്കിലും ലേഖനത്തിലേക്കായി മറ്റേതെങ്കിലും പത്രം പ്രോസിക്യൂട്ടു ചെയ്യപ്പെട്ടതായി എനിക്കറിഞ്ഞുകൂടാ. അങ്ങിനെ പ്രോസിക്യൂട്ടുചെയ്യുന്നതിനുള്ള കാരണം അവയെ പ്രോസിക്യൂട്ടു ചെയ്യണ്ട ആവശ്യം

യാതൊന്നും ഇല്ല എന്ന ഗവണ്മെന്റിനു തോന്നിയതാണു. ഗവണ്മെന്റിനു വർത്തമാനപ്പത്രത്തെ ഉദ്യോഗസ്ഥരി കേണ്ടതുണ്ടായിരുന്ന ആവശ്യം. പ്രതിക്രിയചെയ്യുന്നതിനുള്ള ഉദ്ദേശം ഗവണ്മെന്റുണ്ടായിരുന്നില്ല. ആരേയും ജയിലിൽ ഇടണമെന്നും അവരെ ഉദ്ദേശം ഉണ്ടായിരുന്നില്ല. മറ്റു പത്രാധിപരെ ജയിലിൽ അയക്കുകയും മറ്റു പത്രങ്ങൾ ഏല്പിക്കുന്ന പത്രാധിപർ ചെയ്യുന്ന കാര്യങ്ങൾ വീണ്ടും ചെയ്യാൻ തുടങ്ങുമ്പോഴായിരിക്കയും ജയിലിലേ പോയ പത്രാധിപർ ജയിലിനു അകവും പുറവും മനസ്സപോലെ വിചാരിക്കയും ചെയ്യുന്ന പക്ഷം അങ്ങിനെ ആ ജയിലിൽ അയക്കുന്നതുകൊണ്ടു എന്തു ഗുണമുണ്ടാകുമെന്നുപോകുന്നു.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാടു): ഈ പ്രസ്താവനയിൽ ഉൾപ്പെട്ടിരിക്കുന്നതിനുശേഷം, ഇപ്പോഴത്തെ പത്രങ്ങളുടെ നില മെമ്പർക്കു തൃപ്തികരമായിട്ടു തോന്നുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സ്ക്കാർ വക്കീൽ): ഉണ്ടു. വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യത്തിനു സാരമായ ഭാരം വന്നിട്ടുണ്ടെന്നതുതന്നെയാണ് ഗവണ്മെന്റിന്റെ വോല്യും. സ്വതന്ത്രത്തിനു പൂർണ്ണമായ ഭാരമുണ്ടെന്നതായി ഞാൻ പറയുന്നില്ല.

സർ, ഈ സഭ ഈ സംഭവം കഴിഞ്ഞ ഉടൻതന്നെ ഇതുപ്പോലെ വേണ്ടപോലെ ആലോചിച്ചു തീരുമാനിക്കുന്നതിനായി കൂടി, സ്ഥിതിഗതികളെപ്പറ്റി ആലോചിച്ചു

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ഒരു സംഗതി ഇവിടെ പറഞ്ഞുമനസ്സിലാക്കേണ്ടിയിരിക്കുന്നതിനാൽ അതിലേക്കായി ഞാൻ ഇവിടെ എഴുന്നേറ്റുനിന്നുകൊള്ളുന്നു. ഭരണമെമ്പർ ഞാൻ പറഞ്ഞതിന്റെ അർത്ഥം ഇങ്ങിനിന്ന അനുമാനിക്കുർ നേരമായി വ്യാഖ്യാനിച്ചുകൊണ്ടിരിക്കയായിരുന്നെല്ലോ. എങ്കിൽ ആ ദോഷം കല്പിച്ചിട്ടുള്ള അർത്ഥം ഞാൻ തീരുമാനം ഉദ്ദേശിക്കുന്നതാണു. ഞാൻ മുമ്പിലത്തെ അവസരത്തിൽ ഇതുപ്പോലെ പറഞ്ഞപ്പോഴും സംസാരിച്ചതിനെ നക്ഷത്രങ്കിയിൽ ആരെങ്കിലും വായിച്ചുനോക്കുന്നപക്ഷം ഞാൻ അപ്പോഴും പറഞ്ഞതുതന്നാണെന്ന എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. മിസ്റ്റർ നീലകണ്ഠപ്പിള്ള ആ അങ്ങിനെ പറഞ്ഞു ഇങ്ങിനെ പറഞ്ഞു എന്നുള്ളതുകൊണ്ടുള്ളതു പറയുന്നു. ഞാൻ പറഞ്ഞതിനെ ഇങ്ങിനെ എടുത്തു ഉദ്ധരിക്കാൻപാടില്ല. കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കുന്നതിനു എനിക്കു ഒരു ദൈനംകയ്യിൽ തരേണ്ടതാണു.

പ്രസിഡണ്ടു: വാഗ്വിതിവാദങ്ങളെ വ്യാഖ്യാനിക്കുന്നതിനെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കു മറുപടി പറയുന്നതിനുള്ള സമയം വരുമ്പോൾ യിങ്ങൾ പറഞ്ഞിട്ടുള്ളതിനെ യിങ്ങൾ ഉദ്ദേശിച്ചിട്ടുള്ള രീതിയിലും മറ്റുള്ളവർ ഏതു പ്രകാരം മനസ്സിലാക്കണമെന്നുദ്ദേശിച്ചിരുന്നുവോ ആ രീതിയിലും നിങ്ങൾക്കു വ്യാഖ്യാനിക്കാമെന്നുള്ളതാണു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫൊഡ്സ്ക്കാർ വക്കീൽ): മിസ്റ്റർ നീലകണ്ഠപ്പിള്ള മറുപടി പറയുമ്പോൾ പൂർണ്ണമായ വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുമെന്ന വിശ്വാസമായിവിശ്വസിക്കുന്നു. മിസ്റ്റർ നീലകണ്ഠപ്പിള്ള ഇതേപ്പറ്റി ഇപ്പോൾതന്നെ ചോദ്യംചെയ്തിരിക്കുന്ന സ്ഥിതിക്കു ഞാൻ കൂടെക്കൂടി അഭിപ്രായം പറയാം. അന്നു ഇതുപറ്റി ചോദ്യംചോദിച്ച മറ്റു മെമ്പർ മിസ്റ്റർ ജി. പരമേശ്വരൻപിള്ള മാത്രമായിരുന്നു. ആദ്യം ചോദ്യം ചോദിച്ചതു രാജദ്രോഹത്തെ സംബന്ധിച്ചു മാത്രമായിരുന്നു. പത്രത്തിന്റെ മറ്റു പ്രകൃതങ്ങളെ സംബന്ധിച്ചു യാതൊന്നുതന്നെ ചോദിക്കുകയുണ്ടായില്ല. സർ, ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ സഭതന്നെ സംബന്ധിച്ചു ഒരു തീർച്ചചെയ്തതു കഴിഞ്ഞു. അങ്ങനെ തീർച്ചചെയ്തതു റഗുലേഷൻ പാസാക്കിയ ഉടൻതന്നെയായിരുന്നു എന്നുള്ളതിനും പുറമെ ആ വിഷയത്തെപ്പറ്റി വേണ്ട വാദപ്രതിവാദം നടത്തിയതിനു ശേഷവുമായിരുന്നു. ഇപ്പോൾ, അതായതു രണ്ടുവർഷം കഴിഞ്ഞതിനുശേഷം, മറ്റൊരു വിധത്തിൽ ഒരു വിധിക്കുവിക്കാൻ ഈ സഭ ഒരുങ്ങുമോ?

സർ, ഈ റഗുലേഷൻ പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ എപ്രകാരത്തിലെങ്കിലുംപ്രകാരത്തിൽ ബാധിക്കുന്നുണ്ടെങ്കിൽ അതു ഏതുപ്രകാരത്തിൽ ആണു ബാധിച്ചിട്ടുള്ളതു എന്നു ഈ സഭയെ പറഞ്ഞുമനസ്സിലാക്കേണ്ട ചുമതല പ്രോസിക്യൂഷനുണ്ടായിരുന്നു. യാതൊരു പ്രവൃത്തിയേയും ശിക്ഷാർഹമാക്കിയിട്ടില്ലാത്ത സ്ഥിതിക്കു ഈ റഗുലേഷൻ എങ്ങിനെയാണു പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നതു എന്നു എനിക്കു മനസ്സിലാകുന്നില്ല.

ഈപുതിയ റഗുലേഷൻമൂലം ഗവണ്മെന്റു ഏതെങ്കിലും ഒരുതരത്തിലുള്ള വേഖനങ്ങളെ പത്രങ്ങളിൽ പ്രസിദ്ധംചെയ്യുകയോ എന്നു നിരോധിച്ചിരിക്കുന്നു എങ്കിൽ ആ വിധത്തിൽ പത്രത്തിന്റെ സ്വാതന്ത്ര്യത്തെ തടഞ്ഞിരിക്കുന്നു എന്നു ഞാനെങ്കിലും പറയുന്നപക്ഷം എനിക്കു അതു മനസ്സിലാക്കാൻ കഴിയും. എന്നാൽ യാതൊരുപ്രവൃത്തിയേയും ഈ റഗുലേഷൻമൂലം പുതുതായി ശിക്ഷാർഹമാക്കിയിട്ടില്ല എന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്നു. അതിന്റെ അർത്ഥം പുതുതായി യാതൊരുവിധമായ വേഖനങ്ങളേയും നിരോധിച്ചിട്ടില്ല എന്നാണു. ആ സ്ഥിതിക്കു ഏതെങ്കിലും സ്വാതന്ത്ര്യത്തെ ഇതു ഹനിക്കുന്നു എന്നു എങ്ങിനെയാണു പറയുന്നതു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): ഒരു പത്രം ന്യായമായ കാരണങ്ങളൊട്ടുമില്ലാതെ ഒരു ഉദ്യോഗസ്ഥനെ കുറ്റപ്പെടുത്തുന്നു എങ്കിൽ ആ ഉദ്യോഗസ്ഥനോടു അയാളോടു പ്രവൃത്തിയെ സംബന്ധിച്ചു കുറ്റപ്പെടുത്തുന്നതിനുപകരം ഗവണ്മെന്റിനെ പത്രത്തിന്റെ മേലെ കേസെടുത്തു ശിക്ഷിക്കാൻ പാടില്ലയോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സ്ക്കാർവക്കീൽ): ഇപ്പോഴത്തെ സ്ഥിതിക്കും ഉണ്ടെന്നു വിചാരിച്ചുകൊണ്ടുള്ള ചോദ്യമാണെല്ലോ ഇതു, അങ്ങിനെ ഒരു കേസെടുത്തു ശിക്ഷിക്കുന്നപക്ഷം അതുകൊണ്ടു അയാളുടെ ശരിപ്പെട്ടുന്നതിനുപകരം മാത്രമെ ഞാൻ പറയുന്നുള്ളൂ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴു): എപ്പോഴെങ്കിലും ഗവണ്മെന്റിനു കേസെടുക്കുന്നതിനുള്ള അധികാരം ഇല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫൊഡ്സ്ക്കാർവക്കീൽ): വർത്തമാനപത്രാഗ്രഹണം അനുസരിച്ചുള്ള ഏതെങ്കിലും ഒരു കാര്യം ഒരു പേപ്പർചെയ്യുന്നപക്ഷം ആ പത്രത്തിനെ നേരെ നടപടിയെടുക്കുന്നതിനുള്ള അധികാരം ഗവണ്മെന്റിനുണ്ടു. പത്രത്തിന്റെ സ്വാതന്ത്ര്യത്തെ ബാധിക്കുന്നു എന്നു എങ്ങിനെയാണു പറയുന്നതു? ഒരു വർത്തമാനപത്രത്തിന്റെ അധിപക്കു ഏതു വേഖനങ്ങളേയും എഴുതി പ്രസിദ്ധം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടു. എന്നാൽ ഏതാനും വിഷയങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു പാടില്ലാത്തതായുണ്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർമാർക്കുമായ സ്വാതന്ത്ര്യം ഉണ്ടോ ഇല്ലയോ എന്നുള്ളതി നെപ്പറ്റിയാണോ പറയുന്നത്?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): എല്ലാവിധസ്വാതന്ത്ര്യവും ഉദ്ദേശിച്ചിട്ടുണ്ട്. മെമ്പർമാർക്കും, മാനസികവും മെയ്മാനികവും ആയ സ്വാതന്ത്ര്യവും ഉദ്ദേശിച്ചിട്ടുണ്ട്. ജനങ്ങൾക്ക വിപരീതാഭിപ്രായം തോന്നാവുന്ന ലേഖനങ്ങൾ, അതായതു മിന്നസമുദായങ്ങൾ തമ്മിൽ വൈരം ജനിപ്പിക്കത്തക്കവണ്ണമോ മാന്യന്മാരായുള്ളവരുടെ മനഃപൂർവം ഒഴിച്ചിട്ടിരുന്നതിനായി എഴുതുന്ന ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതുമായ പക്ഷമായിട്ടുള്ള തോന്നുന്നപക്ഷം അത്തരത്തിലുള്ള സ്വാതന്ത്ര്യത്തെ ഈ റഗുലേഷൻ ഫനിക്കുന്നുഎന്നു പറയുന്നതായാൽ അതായതു എനിക്ക മനസ്സിലാക്കാൻ കഴിയും. അല്ലാത്തപക്ഷം സ്വാതന്ത്ര്യത്തെ ഫനിക്കുന്ന എന്നു എങ്ങിനെ പറയാൻകഴിയും? രാജദ്രോഹപരമായതൊ മിന്നസമുദായങ്ങൾ തമ്മിൽ കലഹം വർദ്ധിപ്പിക്കുന്നവയോ ആയ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായാൽ അതു തടയുന്നതിനുള്ള അധികാരം ഉണ്ടായിരിക്കേ അവശ്യം?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെപ്പറ്റി നീർച്ചപ്പെടുത്തേണ്ടുള്ള ആളാണ്?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): ആദ്യമായി ഗവണ്മെൻറ അവസാനത്തിൽ ഹൈക്കോടതിയും ആണ ഇതേപ്പറ്റി നീർച്ചപ്പെടുത്താനുള്ളത്.

മി. എ. എസ്. മുഹമ്മദരാജാൻ (മാവേലിക്കര-കുത്തിക്കപ്പള്ളി): ഒരു പത്രം ഏറ്റവും പവനമായ ഉദ്ദേശത്തോടുകൂടി നടത്തുവാൻ തുടങ്ങുന്നതിനുമുമ്പുതന്നെ ഒരു ഇക കെട്ടിവയ്ക്കണമെന്നായിട്ടില്ലയോ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): മിസ്റ്റർ മുഹമ്മാൻ എന്നോടു ആ സംഗതിയെപ്പറ്റി ചോദിച്ചുസ്ഥിതിക്ക അതെപ്പറ്റി ഇപ്പോൾതന്നെ പറഞ്ഞുതീർത്തുക്കാം. മിസ്റ്റർ രാമൻപിള്ളയും ഇതെപ്പറ്റിതന്നെ ചോദിച്ചുഎന്നാണ എനിക്ക തോന്നുന്നത്. ഒരു പത്രം രജിസ്റ്റർ ചെയ്യണമെന്നും ഒരു ചെറിയഫീസുകൊടുക്കണമെന്നും ആവശ്യപ്പെടുന്നതിൽ എന്തുതരക്കേടാണുള്ളത്? ഒരുത്തൻ ഒരു ആഴ്ചയിൽ മന്നപീതമോ രണ്ടുപീതമോ പ്രസിദ്ധംചെയ്യുന്ന ഒരു പത്രം തുടങ്ങണമെന്നു വിചാരമുള്ളപക്ഷം ഒരു ചെറിയ അച്ചടിയന്ത്രത്തിനും പ്രാരംഭച്ചിലവുകൾക്കും മറ്റുമായി കുറഞ്ഞപക്ഷം അഞ്ഞൂറിരൂപായിൽ കുറയാതെയുള്ള ഒരു സംഖ്യമുതലധനമായി മുടക്കണമെന്നായി വരുമെന്നു എനിക്ക നല്ല നിശ്ചയമുണ്ട്.

മി. എ. എസ്. മുഹമ്മദരാജാൻ (മാവേലിക്കര-കുത്തിക്കപ്പള്ളി): ഈ പീസ് ആവശ്യപ്പെടുന്നതിനുള്ള ഉദ്ദേശം എന്താണ്?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): ഞാൻ ഇപ്പോൾതന്നെ അതെപ്പറ്റി പറയാം. ഒരുപ്രതിദിനപത്രം തുടങ്ങണമെന്നു വിചാരിക്കുന്നപക്ഷം ആരംഭത്തിൽ കുറഞ്ഞപക്ഷം പതിനായിരം രൂപയെങ്കിലും മുടക്കേണ്ടതായിവരും. മെഷസൻസ്മഫീസ് എന്നനിലയിൽ ഒരു ഫ രൂപകൂടി കൂട്ടത്തിലായി മുടക്കണമെന്നു പറയുന്നതിൽ എന്തുവിരോധമാണ ഉണ്ടാകാനുള്ളത്? അതു യാതൊരു പ്രകാരത്തിലും ഒരു വലിയ ഭാരമായോ തടസ്സമായോ വരുവാൻ നിവൃത്തിയില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതു ഒരു ഡിപ്പോസിറ്റപോലെയാകണോ? എപ്പോഴെങ്കിലും കണ്ടുകെട്ടത്തക്ക ഒരു സാധനമല്ലയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): എപ്പോഴുമെല്ലാം കണ്ടുകെട്ടാൻ പാടുള്ളതല്ല. ഒരു കുറ്റംചെയ്യുകയെങ്കിൽമാത്രമേ ഈ കണ്ടുകെട്ടുവാൻ പാടുള്ളു. അല്ലാത്തപക്ഷം കാലമാറി തിരിയെകൊടുക്കപ്പെടുന്നതാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): അതിനു പലിശകൊടുക്കുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): ഡിപ്പോസിറ്റചെയ്യുന്ന സംഖ്യക്ക എപ്രകാരമെങ്കിലും പലിശകൊടുക്കണം എന്നുള്ള സംഗതി ഗവണ്മെൻറിന്റെ ആലോചനക്ക വിഷയമായിരിക്കുന്നതാണ്. കഴിഞ്ഞതവണത്തെ യോഗത്തിൽ ഉണ്ടായ ഒരു നിവേദനത്തിനു മറുപടിയായി ഈ സംഗതി ഈ സഭയിൽ പ്രസ്താവിക്കപ്പെട്ടതായി എനിക്ക തോന്നുന്നുണ്ട്. അതു എങ്ങിനെയായിരുന്നാലും താനതുമൂലം ഇതു കേവലം തിസ്സാരമായ ഒരു സംഖ്യമാത്രമാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഏതെങ്കിലും ഒരു പത്രത്തിന്റെ വിഷയത്തിൽ കെട്ടിവയ്ക്കപ്പെട്ടിരുന്ന ഡിപ്പോസിറ്റ് ഈ റഗുലേഷൻപ്രകാരമുണ്ടായി കണ്ടുകെട്ടപ്പെട്ടതായി ഒരു ഉദാഹരണമെങ്കിലും ഉണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): ഇല്ല ഇതേവരെയുമില്ല. ഞാൻ മുൻപുപറഞ്ഞതുപോലെ ഗവണ്മെൻറിന്ന് ആരോടും ദ്രോഹം ചെയ്യണമെന്നുള്ള ഉദ്ദേശമില്ല. കഴിയുന്നിടത്തോളം അവർ ഒഴിവുള്ളവരായിരിക്കും. നിവൃത്തിയില്ലാതാകുന്നതുവരെ അവർ കേസ് എടുക്കയുമില്ല. ഈ റഗുലേഷൻ നടപ്പാക്കിയതിനുശേഷം ക്രമേണ പത്രങ്ങളുടെ സ്വഭാവം സമ്പ്രദായവും മറ്റും പ്രത്യേകപ്പെട്ടവണ്ണമായിത്തന്നെ ഗവണ്മെൻറ കാണുന്നു.

മി. എം. എസ്. മുഹമ്മദരാജാൻ (മാവേലിക്കര-കുത്തിക്കപ്പള്ളി): മെഷസൻസിനുള്ള ഫീസ് നിശ്ചയിക്കുന്നതിനു എതെങ്കിലും ഒരു തോതുണ്ടോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): സാധാരണയായി എല്ലാത്തരം പത്രങ്ങൾക്കും ഫ രൂപായാണ് മെഷസൻസ്ഫീസായി നിശ്ചയിച്ചിട്ടുള്ളത്.

മി. എ. എസ്. മുഹമ്മദരാജാൻ (മാവേലിക്കര-കുത്തിക്കപ്പള്ളി): റഗുലേഷൻ നടപ്പിൽ വന്നതിനുശേഷം ഏല്ലാപത്രങ്ങളും പുതുതായി തുടങ്ങേണ്ടതായി വന്നിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫൈഡ്സക്കാർവക്കീൽ): പ്രസ്സ് നടത്തുകൊണ്ടിരുന്ന പത്രങ്ങൾ തുടർന്നുകൊണ്ടുതന്നെയിരുന്നു. പത്രത്തിന്റെ സ്വഭാവവും പൂർവചരിത്രവും അന്വേഷിച്ചു മാത്രം പത്രത്തിനും മാത്രം തരത്തിൽ മെഷസൻസുഫീസ് ഗവണ്മെൻറിൽനിന്നും നിശ്ചയിക്കേണ്ടതായി വന്നുചേർന്നു. അതിനു മറുപടി പറയുന്നതിലേക്കായിട്ടല്ല ഞാൻ ഇപ്പോൾ ഇവിടെ എഴുനേറ്റതിൽക്കുന്നതു. മെമ്പർമാർ

പറയുന്നു. എല്ലാ പത്രങ്ങളെയും സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവും കല്പിക്കപ്പെട്ടിട്ടില്ല. സാധാരണമായി ചെയ്യുന്നതുപോലെ എല്ലാ പത്രങ്ങൾക്കും ഫീസ് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഓരോ പ്രത്യേകം ലൈസൻസു കിട്ടണം എന്നു ആവശ്യപ്പെടുന്നതിനുള്ള അധികാരം ഉണ്ടെന്നുള്ള സംഗതിക്കു ഞാൻ ഇവിടെ എടുത്തു പ്രസ്താവിച്ചുകൊള്ളട്ടെ. ലൈസൻസു നൽകാൻ തയ്യാറില്ലെന്നു ഗവണ്മെന്റിനു പറവാൻ പാടില്ല. ലൈസൻസ് നൽകുമോ ഇല്ലയോ എന്നു പറയുവാനുള്ള അധികാരം ആവക്കില്ല. കൊടുക്കുകതന്നെ ചെയ്യണം. ഗവണ്മെന്റിന്റെ യുക്തം അനുസരിച്ചു ലൈസൻസു നൽകുകയും നൽകാതിരിക്കുകയും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഗവണ്മെന്റിനുണ്ടെന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള സൂചിപ്പിച്ചതായി എനിക്കു തോന്നുന്നു. ഈ വിഷയത്തെ നിയമം അനുസരിച്ചു ഏതവസരത്തിലാണ് ലൈസൻസിനപേക്ഷിക്കുന്നതെങ്കിൽ അവന് ലൈസൻസു കൊടുത്തുതന്നെ തീരേണ്ടതുകൊണ്ടാണ് എനിക്കു തോന്നുന്നത്. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള മൈസൂരിലെ റഗുലേഷനെ ഉദ്ധരിക്കയുണ്ടായി. ആ റഗുലേഷനിലെ വ്യവസ്ഥകൾക്കു വിപരീതമായി പ്രവർത്തിച്ചാൽ ഉണ്ടാകാവുന്ന ശിക്ഷകൾ എന്താണെന്നു അദ്ദേഹത്തിനു അറിയുവാൻ പാടില്ല എന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവിടത്തെ ശിക്ഷ താഴെകിടത്തുകയും പ്രസ്സിനെ കണ്ടുകെട്ടുകയും ആണെന്നു ഞാൻ അദ്ദേഹത്തെ മനസ്സിലാക്കിക്കൊള്ളട്ടെ. അങ്ങിനെയോ അതുപോലെയോ ഉള്ള വല്ല വ്യവസ്ഥകളും ഇവിടെ ഉണ്ടോ? എങ്കിലും മൈസൂറിനു ആവശ്യമെന്നു തോന്നുന്നപക്ഷം ഞാൻ ഈ റഗുലേഷൻ വായിച്ചു കേൾപ്പിക്കാം. ഒരു പത്രം ഇടങ്ങുന്നതിനുള്ള അനുവാദം നൽകുന്നതിനും നൽകാതിരിക്കുന്നതിനും ഉള്ള പൂർണ്ണ സ്വാതന്ത്ര്യം ആ ഗവണ്മെന്റിനുണ്ടു. നേരത്തേവിച്ചു ഇവിടെ ലൈസൻസു നൽകിയേതീരൂ എന്നു നിർബന്ധിക്കുന്നതിനുള്ള അധികാരം ഓരോ പ്രജക്കും ഉള്ളതായിക്കുന്നു.

മി. കെ പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ മൈസൂരിലെ റഗുലേഷൻ ഒന്നു വായിച്ചു കേൾപ്പിക്കാം. അതിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"ഒരു പണ്ഡിതനോ, അച്ചടിക്കാരനോ, പ്രകടനാധികൃതനോ ഈ റഗുലേഷൻ നടപ്പിൽ വരുന്നതിനു മുമ്പോ വന്നതിനു ശേഷമോ ഇന്ത്യൻ ശിക്ഷാനിയമം 124 എ, 153 എ. ഈ വകുപ്പുകൾപ്രകാരമുള്ള കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടവനായിരുന്നാൽ അങ്ങിനെയുള്ള പത്രത്തിന്റെ അച്ചടി, പ്രസിദ്ധീകരണം മുതലായവയെ ഗവണ്മെന്റിൽനിന്നും തടയാവുന്നതുള്ളതാകുന്നു."

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറിക്കീഴിൽ): മൈസൂർ റഗുലേഷനിൽ നിന്നു വായിക്കുകയാണോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ മൈസൂരിലെ റഗുലേഷനിൽ നിന്നുതന്നെയാണു വായിക്കുന്നത്.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറിക്കീഴിൽ): അങ്ങിനെയാണെന്നു എനിക്കു തോന്നുന്നില്ല. റഗുലേഷനിൽനിന്നോ ഒരു ബില്ലിൽ നിന്നോ ഏതിൽനിന്നാണു മെമ്പർ വായിക്കുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): റഗുലേഷനിൽ നിന്നുതന്നെ.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറിക്കീഴിൽ): ഇതുവരെ തിയ്യതിയായിട്ടില്ല എന്നു സമ്മതിക്കപ്പെട്ടിട്ടുള്ള ഭേദഗതി ബില്ലിൽനിന്നല്ലയോ അദ്ദേഹം വായിക്കുന്നതു എന്നു എനിക്കു സംശയം തോന്നുന്നു. അങ്ങിനെയായാലും അനുവാദം കൊടുക്കുന്നതുതന്നെ തീരണം എന്നു പറയുന്ന വകുപ്പു മെമ്പർ ദയവുചെയ്തു വായിച്ചാൽകൊള്ളാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അങ്ങനെതന്നെയാണു വായിക്കുന്നതു.

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി പക്കീഴ്): ലൈസൻസു കൊടുക്കുന്നതുതന്നെ തീരണമെന്നു ഗവണ്മെന്റിനെ നിർബന്ധിക്കുന്നതായ യാതൊരു വകുപ്പും ഉള്ളതായി എടുത്തു കൂണ്ടിക്കാണിക്കുന്നതിനു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളക്കു കഴിയുന്നില്ല. ആവശ്യപ്പെടുന്ന ഏവനും ഒരു ലൈസൻസു കൊടുക്കുകതന്നെ വേണമെന്നു വിളിച്ചുപറയുന്നതായി നമ്മുടെ റഗുലേഷനിലുള്ള വ്യവസ്ഥയെ ഇവിടെ ഉദ്ധരിച്ചുകാണിപ്പാൻ ഞാൻ ഒരുക്കമാണ്. ഇതുതന്നെയാണ് ഇവിടത്തിലുള്ള വ്യത്യാസം. മൈസൂർ റഗുലേഷൻ ഗവണ്മെന്റിനു നൽകിയിട്ടുള്ള സ്വാതന്ത്ര്യം അതേയുള്ളു. ലൈസൻസു നൽകുന്നതിനും നൽകാതിരിക്കുന്നതിനും യുക്തമെന്നു തോന്നുന്നതുപോലെ പ്രവർത്തിപ്പാനുള്ള അധികാരം ഇവിടെ നൽകപ്പെട്ടിട്ടില്ല. ഇവിടെ പത്രം ഇടങ്ങണമെന്നു വിചാരിക്കുന്ന ഒരുത്തനും ലൈസൻസു കിട്ടുന്നില്ല എന്ന് പരാതിപ്പെടുവാൻ കിവ്വുന്നിയില്ല. ഇതിനും പുറമെ പത്രം നടത്തുന്നതിനു ഒരിക്കൽ നൽകിയിട്ടുള്ള അനുവാദത്തെ ഇടയ്ക്കുപോലെ ഏതുപ്രകാരേണിലും പിൻവലിക്കുന്നതിനുള്ള അധികാരം മൈസൂർ ഗവണ്മെന്റിനുണ്ട്. മിസ്റ്റർ നീലകണ്ഠപ്പിള്ള സ്ഥാപിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നതുപോലെ രാജദ്രോഹം മുതലായ കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടതിനുമേൽ മാത്രമേ ഒരിക്കൽ നാം കൊടുത്ത അനുവാദത്തെ പിൻവലിപ്പാൻ പാടുള്ളു എന്ന യാതൊരു വ്യവസ്ഥയും ഇല്ല. എന്നുമാത്രമല്ല അങ്ങനെയൊരു വ്യവസ്ഥയുള്ളതായി ഞാൻ കാണുന്നില്ല. മിസ്റ്റർ നീലകണ്ഠപ്പിള്ള ആ വകുപ്പു കാണിച്ചുതരുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി. മാത്യു മൂശിക്കൽ (കൈക്കം): ഗവണ്മെന്റിന്റെ മുമ്പാകെ ഒരുവൻ താൻ ചെയ്തിട്ടുള്ളതിനെ സാധൂകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇവിടെ നിഷേധിക്കപ്പെട്ടിട്ടില്ലയോ?

മി. കുഞ്ഞാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി പക്കീഴ്): അതു വേറെ സംഗതിയാണ്.

ഞാൻ ഇപ്പോൾ പറയുന്നതു ഇവിടെ എല്ലുമുപേക്ഷിച്ചു ലൈസൻസിനു അപേക്ഷിക്കുന്നതിനും അതു വാങ്ങുന്നതിനും ഉള്ള അധികാരം ഉണ്ടെന്നും മൈസൂരിൽ അതില്ലെന്നും ഉള്ളതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മൈസൂർ റഗുലേഷൻ അനുസരിച്ചു ഒരു പത്രാധിപരോ പ്രസായകനോ ശിക്ഷിക്കപ്പെട്ടതിനുശേഷം മാത്രമേ ലൈസൻസു നിഷേധിപ്പാൻ പാടുള്ളു എന്നുള്ളതു പരമാർത്ഥമാണോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): അല്ല എന്റെ അറിവു എത്തിയടത്തോളം അല്ല. എവിടെയാണ അങ്ങിനെ പറഞ്ഞിരിക്കുന്നു. ഇവിടെ എന്റെ കയ്യവശം മൈസൂർ റെഗുലേഷൻസിന്റെ ഒരു പ്രതി ഉണ്ടു. അതിൽ ഞാൻ ഇങ്ങനെ ഒന്നുംകാണുന്നില്ല, ഒരു പുതും ഇടക്കുന്നതിനായി മൈസൻസു കിട്ടണമെന്നു ഒരുവൻ ആവശ്യപ്പെട്ടാൽ പക്ഷം ഗവണ്മെന്റിൽനിന്നും അയാൾക്കു ലൈസൻസു കൊടുത്തുതന്നെ തീരണമെന്നു പിന്നെ എവിടെയാണു പറഞ്ഞിരിക്കുന്നു എന്നു എയിക്ക മനസ്സിലാകുന്നില്ല. അഥവാ ഒരിക്കൽ അനുവാദം നിഷേധിച്ചിട്ടായിരുന്നാലും തോന്നുന്നതായ അവസരത്തിൽ ഗവണ്മെന്റിനു ആ അനുവാദത്തെ പിൻവലിക്കുന്നതിനുള്ള അധികാരവും ഉണ്ടു. അങ്ങിനെയാണു മൈസൂർ റഗുലേഷനിൽ പറഞ്ഞിട്ടുള്ളതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു വളരെ വിശേഷമായ നിയമസംബന്ധമായ അറിവാണ്. നിയമത്തിൽ പ്രത്യേകം വിളിച്ചു പറഞ്ഞിട്ടില്ലാത്ത സംഗതികളെ സംബന്ധിച്ചിടത്തോളം യുക്തിക്കനുസരിച്ചുള്ള വിധത്തിൽ ഊഹിക്കയാണു വേണ്ടതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): അതു വ്യാഖ്യാനിക്കുന്നതിനെ സംബന്ധിച്ചുള്ള സംഗതിയാണല്ലൊ. ഒരു ബില്ലിൽ നിന്നു വായിക്കാതെ റെഗുലേഷനിൽ നിന്നുതന്നു വായിച്ചു മെമ്പർ മറുപടി പറയുന്ന സന്ദർഭത്തിൽ അദ്ദേഹം ഈ സംഗതിയെ കൂടെക്കൂടെ വിശദപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു, മെമ്പർ ഇപ്പോൾ വായിച്ചതു റെഗുലേഷനിൽ നിന്നാണെന്നാണ് എന്റെ സംശയം. അതെങ്ങിനെയിരുന്നാലും നമുടെ റെഗുലേഷനിൽ ആരെങ്കിലും അപേക്ഷ കൊടുക്കുന്നപക്ഷം അയാൾക്കു ലൈസൻസ് കൊടുത്തേതീരു എന്നു വിളിച്ചു പറഞ്ഞിട്ടുണ്ട്, മൈസൂരിലെ റെഗുലേഷനിൽ ഇങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടെന്നുള്ളപക്ഷം മിസ്റ്റർ നീലകണ്ഠപ്പിള്ള ഇപ്പോൾ തന്നെ വായിച്ചു കേൾപ്പിക്കുന്നതിൽ വിരോധമില്ല. എന്റെ കൈവശമുള്ള മൈസൂർ റെഗുലേഷനിൽ ഇങ്ങനെ പറഞ്ഞു കാണുന്നു.

"മൈസൂർ മഹാരാജാവിന്റെ ഗവണ്മെന്റിനെ രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ, പൊതു വർത്തകളെയോ പൊതുപ്രവർത്തകരെ സംബന്ധിച്ചുള്ള വിമർശനങ്ങളേയോ പ്രസിദ്ധം ചെയ്യുന്ന യാതൊരു വർത്തമാനപ്പത്രമോ മറ്റു അച്ചടിച്ച കടലാസുകളോ, മൈസൂർ രാജ്യത്തിനകത്തു അച്ചടിക്കയോ പ്രസിദ്ധം ചെയ്കയോ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

അപേക്ഷകന് ലൈസൻസ് കിട്ടുന്നതിനുള്ള പൂർണ്ണാവകാശം ഉണ്ടായിരിക്കുന്നതാണെന്നു വിളിച്ചു പറയുന്ന നമുടെ റെഗുലേഷനിലെ ബാം വകുപ്പു പോലെ ഒരു വകുപ്പു മൈസൂർ റെഗുലേഷനിൽ ഇല്ല.

മറ്റൊരുത്തനിന്നും വളരെ വിദ്വേഷാഭിപ്രായങ്ങളെ എടുത്തു പറയുകയുണ്ടായല്ലൊ. ലൈസൻസ് കൊടുക്കുക എന്നുള്ളതു അതിനേർ സ്വന്തനിലയിൽ യാതൊന്നു പ്രകാരത്തിലും ന്യായരഹിതമായിട്ടുള്ളതല്ലെന്നുള്ളതിനെ സ്ഥാപിക്കുന്നതിനായി ഒരു വിദ്വേഷാഭിപ്രായം വെച്ചു കോടതിക്കു കൊള്ളാമെന്നു വിചാരിക്കുന്നു. രേണ്ടാടനായ സംബന്ധിച്ചുള്ള നിയമങ്ങളെ സംബന്ധിച്ചിടത്തോളം അതിവിദ്വേഷനാണെന്നു സകലരും സമ്മതിച്ചിട്ടുള്ള ഒരു ഡെസി എന്ന മഹാൻ എഴുതിയിട്ടുള്ളതിൽ നിന്നും ഒരു ഭാഗം ഞാൻ ഇവിടെ ഉദ്ധരിക്കാം. അദ്ദേഹത്തിനേർ "ലാ ആഫ് ടി കാൺസ്റ്റിറ്റ്യൂഷൻ" എന്ന പുസ്തകത്തിൽ ൨൫൮ പുറത്തു സാമാന്യതത്വങ്ങളെ സംബന്ധിച്ചു പ്രതിപാദിക്കുന്ന സന്ദർഭത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"ഒരു പത്രം ഉടമസ്ഥനേർ പക്കൽ നിന്നും ജാമ്യത്തുക കെട്ടിവയ്പ്പാണമെന്നാവശ്യപ്പെടുകയോ ക്ലിപ്തകാലം പ്രസിദ്ധീകരണങ്ങളിലെ പ്രസിദ്ധീകരണത്തിനുള്ള അവകാശത്തെ മറ്റേതിയത്തിനും മുമ്പം നിയന്ത്രിക്കയൊ ചെയ്യുന്നതു യാതൊരുപ്രകാരത്തിലും അയുക്തമെന്നോ ന്യായരഹിതമെന്നോ മുമ്പിനുള്ളവർ ആരും തന്നെ വാദിക്കാൻ ധൈര്യപ്പെടുകയില്ല."

ചരിത്രസംബന്ധമായ കാരണങ്ങളാൽ വളരെ വളർന്നിട്ടുള്ള ഇംഗ്ലീഷ് നിയമത്തെ ഈ വിഷയത്തിന്മേൽ യാതൊരു പ്രകാരത്തിലും ബന്ധിക്കുന്നതല്ല. തത്വത്തെ തത്വം എന്ന നിലയിൽ തന്നെ അദ്ദേഹം പ്രതിപാദിച്ചിരിക്കയാണ്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘത്തിന്റെ വക നോമിനേറ്റഡ് മെമ്പർ): ഇംഗ്ലണ്ടും തിരുവിതാംകൂറും തമ്മിൽ താരതമ്യപ്പെടുത്തുകയാണോ ചെയ്യുന്നതു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്കാർ വക്കീൽ): അല്ല. അല്ല.

ചരിത്രസംബന്ധമായ ചില പ്രത്യേക കാരണങ്ങളാണ് അവിടെ നിയമം ഇങ്ങനെ വളർന്നതിനു ഇടയായതു. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതു. മൂല്യം അവശ്യപ്പെടുന്നതു യാതൊരുപ്രകാരത്തിലും ന്യായരഹിതമായിട്ടുള്ളതല്ല എന്നുള്ള അഭിപ്രായം ഡെസിപോലും പ്രകടിപ്പിച്ചിട്ടുണ്ടു എന്നുള്ളതു മാത്രമാണ്.

മി. എ. എസ്. മരമാമലൻ ആശാൻ (മാവേലിക്കര കാർഷികസംഘം): വർത്തമാനപ്പത്രങ്ങളെ പ്രസിദ്ധം ചെയ്യുന്നതു ധാരാളം സാമ്പത്തികർ മാത്രമേ പാടുള്ള എന്നുള്ള ഉദ്ദേശത്തിന്മേലോ അല്ലെങ്കിൽ പത്രങ്ങളിൽ മറ്റു സ്ഥാനീകരമായ വേഖനങ്ങളെ പ്രസിദ്ധം ചെയ്യുന്നപക്ഷം അതിലേക്കുള്ള നഷ്ടം ഉടമസ്ഥനിൽ നിന്നും ഈടാക്കണമെന്നുള്ള ഉദ്ദേശത്തിന്മേലോ ഒരു പത്രത്തിന്റെ പ്രകടാധികൃതന്റെ പക്കൽ നിന്നും പ്രാഥമികമായി ഏതെങ്കിലും ഒരു ജാമ്യം കെട്ടിവയ്പ്പാണു ഏതാണ്ടു റഗുലേഷനുകളും സ്വീകരിച്ചിട്ടുള്ളതായ ഈ ഉദ്ദേശത്തിനു നേരെ വിപരീതമായിട്ടുള്ളതാണ് എന്നു കൂടി ഡെസി പറഞ്ഞിട്ടുള്ളതായി ബഹുമാനപ്പെട്ട അറിഞ്ഞുകൂടയോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ് സക്കാർ വക്കീൽ): അങ്ങിനെ പറഞ്ഞിരിക്കാം. അതു ശരിയാകണമെന്നുള്ളപക്ഷം ഇംഗ്ലണ്ടിലെ നിയമത്തെ മാത്രം ബന്ധിക്കുന്ന ഒരു സംഗതിയാണെന്നാണ് എനിക്കു തോന്നുന്നതു. ഇംഗ്ലണ്ടിലെ ബന്ധിക്കുന്ന ഒരു സംഗതി തിരുവിതാംകൂറിനേയോ മറേതെങ്കിലും രാജ്യത്തേയോ ബന്ധിക്കുന്നതല്ല. അവിടെ ചരിത്രസംബന്ധമായ ചില പ്രത്യേകകാരണങ്ങളാൽ നിയമം ഒരു പ്രകാരപരിധിയിൽ കയറി നിന്നിട്ടുണ്ട്. അതിനെ മാറിവിട്ടു നോക്കുന്നപക്ഷം ഒരു ഡിപ്പോസിറ്റ് ആവശ്യപ്പെടുന്നതിൽ യാതൊരു യുക്തിഹീനതയും ന്യായരാഹിത്യമൊ ഇല്ല. ഡെഡസി തന്നെ അങ്ങിനെ പറഞ്ഞിട്ടുണ്ട് ഡെഡസി പറഞ്ഞിട്ടുള്ളതായി മിസ്റ്റർ ജോശാൻ പറയുന്ന കാരണങ്കൊണ്ടു ഈ കാര്യത്തിന്മേൽ ശക്തി യാതൊരു പ്രകാരത്തിലും കുറഞ്ഞുപോകുന്നും ഇല്ല.

സർ, പിന്നെയും ലൈസൻസ് നൽകിവരുന്നത് പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ തടയുന്ന എന്നുള്ളതിനെ തെളിയിക്കുന്നതിനായി നമ്മുടെ റൂളേക്കുനിൽ എന്തെങ്കിലും ഉണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്സിന്റെ സ്വാതന്ത്ര്യം എന്നു പറയുന്നതിൽ നിന്നും അല്ലേ ഷം എന്തിനെയാണ് വിവക്ഷിക്കുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സക്രട്ടറി വക്കീൽ): മറവുള്ളവരുടെ ന്യായമായ അവകാശങ്ങൾക്കു യാതൊരു പ്രകാരത്തിലും ബാധകമായിരിക്കാത്ത വിധത്തിലും സർവ്വസാധാരണമായി അംഗീകരിക്കപ്പെട്ടിട്ടുള്ള നിയന്ത്രണമല്ലാതെ മറ്റു യാതൊരു നിയന്ത്രണത്തിലും വിധത്തിലും ഉള്ള നടപടികളും നടത്തുവാൻ പാടില്ലാത്ത വിധത്തിലും ലേഖനങ്ങൾ എഴുതുന്നതിനുള്ള സ്വാതന്ത്ര്യത്തെയാണ് ഞാൻ വിവക്ഷിക്കുന്നതു്,

മി. എ. എസ്. മുഹമ്മദ്കുട്ടി മേനോൻ (മാടവെഡിക്കര കാഞ്ഞിരപ്പള്ളി): പത്രാധിപക്ക് 5 രൂപായിലധികം ഈ അവകാശം ഇല്ലാ എന്നു പറയുന്നതും ഇതുമായി വല്ല പ്രകാരത്തിലും യോജിക്കുമോ? അതു അയാളുടെ സ്വാതന്ത്ര്യത്തെ തടയുകതന്നെയാണെന്നല്ലാ പറയുന്നതു്,

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സക്രട്ടർ വക്കീൽ): യഥാർത്ഥത്തിലും കാര്യമായും ഇതു ബാധകമായിരിക്കുന്നുണ്ടോ? ഒരു വർത്തമാനപത്രത്തെ രജിസ്റ്റർചെയ്യുന്നതിനു വേറെ ഉദ്ദേശമായ ഇരുപത്തഞ്ചു രൂപയാണോ കെട്ടിവയ്ക്കുന്നതു?

മി. ആശാൻ പറയുന്ന അർത്ഥത്തിൽ യാതൊരു സ്ഥലത്തും സ്വാതന്ത്ര്യമുണ്ടെന്നു തോന്നുന്നില്ല. ഫാറം നം-രണ്ടു പ്രസ്റൂളേഷൻ അനുസരിച്ചു ഒരു വർത്തമാനപത്രം പ്രസിദ്ധംചെയ്യാൻ തുടങ്ങുന്നതിനുമുമ്പായി ഒരു ഡിക്ലറേഷൻ എഴുതിവയ്ക്കേണ്ടതായിട്ടില്ലയോ? അതു ഒരു പ്രകാരത്തിൽ സ്വാതന്ത്ര്യത്തെ തടയുന്നില്ലയോ? ഇംഗ്ലണ്ടിൽ പോലും നിയമം പറയുന്നതു ഒരു പത്രം പ്രസിദ്ധംചെയ്യുന്നതിനുമുമ്പായി ഡിക്ലറേഷൻ എഴുതിവയ്ക്കുകയോ അഥവാ രജിസ്റ്റർചെയ്യുകയോ ചെയ്യേണ്ടതാണെന്നും പ്രസായകൻ ഒരു രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനി ആയിരുന്നാൽ മാത്രം ഇതു ആവശ്യമില്ല എന്നും ആണു എനിക്കറിഞ്ഞതു്. സാധാരണ യുക്തി അനുസരിച്ചുനോക്കുമ്പോൾപോലും പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ ഇതു ബാധിക്കുന്നില്ലയോ?

മി. എൻ. കെ. കൃഷ്ണപിള്ള (മനയ്യാറിൻകര): ഇംഗ്ലണ്ടിൽ ഡിപ്പോസിറ്റ് കെട്ടിവയ്ക്കുന്ന സമ്പ്രദായം ഉണ്ടോ?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഇല്ല. ഡിക്ലറേഷൻ അഥവാ രജിസ്ട്രേഷൻ ഇതിനെ സംബന്ധിച്ചുണ്ടു ഞാൻ ഇപ്പോൾ പറയുന്നതു്. നിയമം അനുസരിച്ചു നമ്മുടെ പ്രസ്റൂളേഷൻ അനുസരിച്ചോ ബ്രിട്ടീഷ് ഇൻഡ്യയിലൊ മറ്റെവിടെയെങ്കിലുമോ ഉള്ള നിയമം അനുസരിച്ചും രജിസ്റ്റർചെയ്യുന്നതിനെക്കാളോ ഡിക്ലറേഷൻ എഴുതിവയ്ക്കുന്നതിനെക്കാളോ ആയി നിയമം ആവശ്യപ്പെടുന്നസന്ദർഭത്തിൽപോലും സ്വാതന്ത്ര്യത്തിനു അല്പം ഭംഗംവന്നുചേരുന്നുണ്ടെന്നാണു ഞാൻ പറയുന്നതു്. എന്നാൽ യഥാർത്ഥമായി നോക്കുന്നപക്ഷം യാതൊരു സ്വാതന്ത്ര്യഭംഗവും ഉണ്ടാകുന്നില്ല. 5 രൂപാ എന്നു പറയുന്നതു ഒരു വലിയ തുകയാണെങ്കിൽ പോലും തുടങ്ങുക എന്നുള്ളതിനെ തടയത്തക്ക അത്ര വലിയ ഒരു തുകയല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (മനയ്യാറിൻകര): ഇംഗ്ലണ്ടിലും ഡിപ്പോസിറ്റ് കെട്ടിവയ്ക്കണമെന്നായി ഒരു വ്യവസ്ഥയുണ്ടോ? എങ്കിൽ ചോദ്യം അതായിരുന്നു.

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഇല്ല. ഇപ്പോൾ ഇല്ല. ൧൦൦ പവനോ മേറ്റോ ഡിപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടിയിരുന്നതായ ഒരു കാലം ഉണ്ടായിരുന്നു.

മി. എ. എസ്. മുഹമ്മദുകുട്ടി മേനോൻ (മാടവെഡിക്കര-കാഞ്ഞിരപ്പള്ളി): അതേസംബന്ധിച്ചു പാർലിയമെന്റിൽ എതുവാദം ഉണ്ടായിരുന്നിരുന്നില്ല?

മി. കുട്ടാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സക്രട്ടർവക്കീൽ): ഉണ്ടായിരുന്നിരിക്കാം. എനിക്കു അതേപ്പറ്റി നിശ്ചയമില്ല. എന്നാൽ ൧൦൦ പവൻ കിടക്കുന്ന കിടപ്പു എവിടെ 5 രൂപാ കിടക്കുന്ന കിടപ്പുവിടെ? ഒരു നല്ലനിലയിലുള്ള വർത്തമാനപത്രം നടത്തിയുടക്കണമെങ്കിൽ ൫൦൦ മുതൽ ൧൦൦൦ രൂപാവരെയെങ്കിലും വേണ്ടതായിട്ടില്ലയോ? ഇവിടത്തെ എതിർവാദത്തെപ്പറ്റി പറകയാണെങ്കിൽ ഈ നാട്ടിലെ അന്തസ്സോഗസ്ഥാഗങ്ങളിൽ ഉള്ളവരിൽ ഫീസ് പേർ മാത്രമേ റൂളേഷനെ വിപരീതമായി കഴിഞ്ഞതവണ ഒപ്പുവച്ചിട്ടുള്ളൂ. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഈ ഫീസ് പേരും ഇതിനെ സംബന്ധിച്ചു യാതൊരുവിധ അഭിപ്രായവും പ്രകടിപ്പിക്കയുണ്ടായില്ല. വർത്തമാനപത്ര റൂളേഷൻ പാസാക്കിയതിനുശേഷം മാസികകളുടെയും പത്രത്തിന്റെയും പുതുതായി വർത്തമാനപത്രങ്ങളുടെയും നടത്തുന്നതിനുള്ള ലൈസൻസുകൾ ഫാറം, ഫാറം ബി ഈ വർഷങ്ങളിൽ നൽകിയിട്ടുണ്ടു എന്നുള്ളതിൽനിന്നും യഥാർത്ഥത്തിൽ വർത്തമാനപത്രങ്ങൾ തുടങ്ങുന്നതിനുള്ള സ്വാതന്ത്ര്യത്തെ യാതൊരു പ്രകാരത്തിലും തടഞ്ഞിട്ടില്ല എന്നുള്ളതു വെളിപ്പെടുത്തുന്നുള്ളതാകുന്നു.

ഇതിൽനിന്നും വർത്തമാനപത്രങ്ങൾ തുടങ്ങുന്നതിനുള്ള സ്വാതന്ത്ര്യം വല്ല പ്രകാരത്തിലും തടയപ്പെട്ടതായി കണ്ടെത്താമോ? ഈ പത്രങ്ങൾ എല്ലാം ശരിയായിരുന്നു യാതൊരുകെട്ടിവയ്പ്പും കൂടാതെ ഇപ്പോൾ നടന്നുവരുന്നുണ്ടു. പ്രസിദ്ധന്റെ സ്വാതന്ത്ര്യം ഏതെങ്കിലുംപ്രകാരത്തിൽ തടയപ്പെട്ടിരുന്നു എങ്കിൽ ഇതു വളരെ ആലോചിക്കേണ്ടതായ ലൈസൻസിനു അപേക്ഷകൾ വരുന്നതിനും അവ എല്ലാം നിരാകരിക്കപ്പെടുന്നതിനും ഇടയായതു എങ്ങിനെയാണെന്നു എനിക്കു അറിയുവാൻ തോന്നുന്നു. സർ ഒരു സംഗതികൂടി പറഞ്ഞാൽ എനിക്കു പറവാനുള്ളതെല്ലാമായി. ഭരണനിർവ്വഹണസമിതിനിയമ ന്യായപരിപാലന കൃത്യത്തിൽ കൈകടത്തിയതുകൊണ്ടു അതായതു ഗവർണ്ണരാണു ഈ വിഷയത്തിൽ ആത്യന്തമായി കൈസ് എടുക്കുന്നതും തീരുമാനിക്കുന്നതും എന്നുള്ളതുകൊണ്ടു പ്രസിദ്ധന്റെ സ്വാതന്ത്ര്യത്തിനു ഭംഗംവന്നുചേരുന്നു എന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയും മറ്റു അംഗങ്ങളും പറയുകയുണ്ടായല്ലൊ. ഈ യുക്തിപൂർവ്വമായ ഒരു വാദമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഈ വിഷയത്തെപ്പറ്റി കുറച്ചധികം ഗഹനമായി ആരാഞ്ഞുനോക്കുന്നപക്ഷം ഈ വാദത്തിൽ യാതൊരുകഴമ്പുമില്ലെന്നു വെളിപ്പെടുന്നതാണ്. നാമതായി ഇതെപ്പറ്റി അവസാനമായി തീർച്ച ചെയ്യുന്നതിനുള്ള അധികാരം ഗവണ്മെണ്ടിലല്ല കോടതിയിലാണു സ്ഥിതി ചെയ്യുന്നതു: ഗവണ്മെന്റുത്തരവിനെ അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം കോടതികൾക്കുണ്ടു്. അവസാനം തീർപ്പു കൽപ്പിക്കുന്നതിനുള്ള അധികാരം കോ

കക്കോടതിക്കാണെന്താണും. ഈ സമ്പ്രദായത്തിനെ സംബന്ധിച്ചു യാതൊരു തർക്കവും പറവാൻ നിവൃത്തിയില്ല. പിന്നെയും സബ്ജഡ്ജിന്റെ നിന്നും ആദ്യമായി കേസ് എടുത്തു ഹൈക്കോടതിയിൽനിന്നും തിർച്ചുണ്ടാകുന്നതുവരെ ഒരു രജിസ്റ്റർസിനെ വല്ല് ചെയ്യുന്നതുകൊണ്ടുമാത്രം ഒരുണ്ണിയിഹണസമിതി നീതിന്യായപരിപാലനകൃത്യത്തിൽ കൈകടത്തിയതായിഗണിച്ചേക്കുന്നതാണോ? അല്ലെങ്കിൽ പ്രസ്തുതിന്റെ ന്യായമായ സ്വാതന്ത്ര്യത്തിനെ ശ്രേഷ്ഠത്തിയതായിവന്നു ചേരുന്നതാണോ? എല്ലാ വിഷയവും ഉണ്ടായിരിക്കാവുന്നിരിക്കുന്ന ഒരു ഉദാഹരണം ഞാൻ ഇവിടെ എടുത്തു പറയുന്നതുകൊണ്ടു ഈ സംഗതി കുറെകൂടി വിശദമാക്കുന്നതാണ്. വിസ്താരത്തിൽ ഇരിക്കുന്ന ഒരു പ്രതിയുടെ കുറ്റം തെളിച്ചിക്കാം. അയാളെ തടവിലിൽ അടച്ചിട്ടുകയും വളരെകാലം രേഖകളുടെ സ്വതന്ത്ര്യം നിഷേധംചെയ്യുകയും ഒടുവിൽ ഹൈക്കോടതിയോ മറ്റോ അയാളെ കുറ്റത്തെ വിട്ടുകയുംചെയ്യുകയും എന്നുവരാവുന്നതാണല്ലോ. ഇതിൽനിന്നും പ്രജകളുടെ സ്വാതന്ത്ര്യം തടയപ്പെട്ടിരിക്കുന്നു എന്നും ആ നിയമം ന്യായരഹിതമായിട്ടുള്ളതെന്നാണെന്നും ഈതിൽനിന്നും അർത്ഥമാകുന്നതല്ലോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ സംഗതിയിൽ ഒരു മജിസ്ട്രേറ്റിന്റെ ഉത്തരവുകൂടിയേതീരൂ.

മി. കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ് സക്രട്ടറിക്കൽ): ഇല്ല.

ആവശ്യത്തിൽ വേണമെന്നില്ല. ഒരാളെ കുറ്റക്കാരൻ എന്നു സംശയിക്കുന്നപക്ഷം പോലീസുകാർക്ക് തോന്നുംപോലെ അയാളെ പിടിച്ചു തടവിൽ പാർപ്പിക്കുന്നതിനുള്ള അധികാരം ഉണ്ട്. പിന്നീട് അവർ മജിസ്ട്രേട്ടിന്റെ ഉത്തരവു വാങ്ങണമെന്നുള്ളതു പരമാർത്ഥംതന്നെ. അതു സംശയമില്ല. ഹൈക്കോടതിയിൽ നിന്നും നിർദ്ദോഷി എന്നു കണ്ടു വെറുതെ വിടുന്നതിനുമുമ്പു അനേകകാലം ജയിലിൽ കിടന്നു അയാൾ നരകിക്കേണ്ടതായി വരുന്നു. ഈ നിയമം പ്രജകളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ഒന്നാണെന്നും ആ വിഷയത്തിൽ അതിനെ ആക്ഷേപിക്കേണ്ടതാണെന്നും ആണോ മെമ്പർ പറയുന്നത്?

മി. എ. താണുപിള്ള (തിരുവനന്തപുരം): അയാളെ തടവിൽ വച്ചുകൊണ്ടിരിക്കുന്നതു ഒരു നീതിന്യായകോടതിയുടെ ഉത്തരവനുസരിച്ചുള്ളതായ എന്നറിഞ്ഞാൽ മതിയല്ലോ.

മി. കുഞ്ഞുപരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സക്രട്ടറി വക്കീൽ): അതു പരിപൂർണ്ണമായ ഒരു നീതിന്യായകോടതിയുടെ ഉത്തരവു എന്നു പറവാൻ പാടില്ല. ഈ ഉത്തരവു ഒരു ജഡ്ജിയോ മജിസ്ട്രേട്ടോ അവരുടെ ഔദ്യോഗികനിലയിൽ ഇട്ടതു ഒന്നാണെന്നിരിക്കുന്നാലും അയാളുടെ വ്യവഹാരമനുസരിച്ചു ഉണ്ടാകുന്ന ഒരു ഉത്തരവായോ അല്ലെങ്കിൽ ഒരു സമരി ഉത്തരവായോ മാത്രമേ ഗണിക്കുവാൻ പാടുള്ളു. എന്നാൽ ഞാൻ പറയുന്നതു ഹൈക്കോടതിയിൽനിന്നും നിരപരാധി എന്നു കണ്ടു വെറുതെവിടുന്ന ഒരുവൻ അനേകകാലം ജയിലിൽ വാസം അനുഭവിക്കേണ്ടിവരുന്നു എന്നുള്ളതാണ്. ഇതിൽനിന്നും പ്രജകളുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുന്നു എന്നും അങ്ങിനെ പ്രജകളുടെ സ്വാതന്ത്ര്യത്തെ ഞെരിക്കുന്നതിനായിട്ടാണ് ഈ നിയമം പാസ്സാക്കിയിരിക്കുന്നതു എന്നും പറയുന്നതു ശരിയായിരിക്കുമോ? അതുപോലെതന്നെ ഗവർണ്മെൻറിൽനിന്നും ഒരു വഞ്ചനാപത്രത്തിൻമേൽ മജിസ്ട്രേട്ടിനെ വല്ല് ചെയ്യുന്നതായ ഒരു ഉത്തരവിനെ ഹൈക്കോടതിയിൽനിന്നും അവസാനമായി ശരിവയ്ക്കാവുന്നതോ അസ്ഥിരപ്പെടുത്താവുന്നതോ ആയ ഒരു സമരി ഉത്തരവായി മാത്രം ഗണിച്ചാൽ മതിയാകുന്നതാണെന്നാണു ഞാൻ ഈ സഭയോടു അഭ്യർത്ഥിക്കുന്നതു. സങ്കായനവും നീതിയും ഉണ്ടായിരിക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവർണ്മെൻറിനുണ്ടല്ലോ. പോലീസുകാർക്ക് പ്രജകളുടെ മേൽ ഉള്ളതുപോലെയുള്ള അധികാരം ഗവർണ്മെൻറിനു ഉണ്ടായിരിക്കേണ്ടതല്ലയോ? പക്ഷത്തിനു ഇളവുകൊടുക്കുന്നതിനുള്ള ശാശ്വതമായ ഒരു ദോഷവും ഉണ്ടാകുന്നില്ല. ഒരു പത്രം ഒരു കുറ്റംചെയ്യുകയോ അങ്ങനെയുള്ളതിൽ കുറ്റം ചെയ്തതായി സംശയിക്കപ്പെടുകയോ ചെയ്യുകയും അതിനെ അടിസ്ഥാനമാക്കി ഗവർണ്മെൻറിൽനിന്നും കേസ് ഫയ്യ

കഥയിൽ ഉണ്ടാകുന്നതുപോലെ യഥാർത്ഥത്തിൽ ചില ബുദ്ധിമുട്ടും കഷ്ടപ്പാടും ചിലർക്ക് ഉണ്ടാകാമെന്നവരികിലും സമുദായത്തിന്റെ പൊതുവായ നന്മയെ ആധാരമാക്കി ചിലപ്പോൾ ഇതുപോലെയുള്ള ചില പ്രവൃത്തികൾചെയ്യേണ്ട കണ്ടിരിക്കാൻ നിവൃത്തിയില്ല എന്നുള്ളതിനെ അല്ലാതെ പിന്നെ ഞാൻ വിശ്വസിക്കുന്നു. നമുക്കല്ലാവർക്കും അതിനോട് ഏകദേശം യോജിപ്പുള്ള അഭിപ്രായം ഉണ്ട്. എന്നാൽ അങ്ങിനെ ചെയ്യാതിരിക്കാൻ നിവൃത്തിയില്ലല്ലോ. സമാധാനത്തിനും രക്ഷയ്ക്കും ഉതകുവാൻവേണ്ടിയുള്ള ഒരു ഗവണ്മെന്റ് ഒരു സമുദായത്തെ ഉദ്ദരിക്കേണ്ടി വിരിക്കുന്നിടത്തോളം കാലം ഇങ്ങിനെയുള്ള ഏതെങ്കിലും വ്യവസ്ഥകൾക്കുടാതെ നിവൃത്തിയില്ല.

മി. എ. എസ്. കാമോശ്വരൻ പോറ്റി (മാവേലിക്കര-കാർത്തികപ്പള്ളി): തെളിവുഭാഗം മാറ്റുന്നതിനെ സംബന്ധിച്ചും താൽക്കാലികമായി പത്തിന്റെ നടത്തിപ്പിനെ നിർത്തിവയ്ക്കുന്നതിനെ സംബന്ധിച്ചും എന്തു പറയുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ്സക്കാർ വക്കീൽ): ഈ റഗുലേഷൻ റദ്ദാക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെ സംബന്ധിച്ചു ഞങ്ങൾക്കുണ്ടായ ഈ അവസരത്തിൽ ഇങ്ങിനെയുള്ള നിസ്സാരസംഗതികളെ സംബന്ധിച്ചു നാം ആലോചിക്കേണ്ട ആവശ്യം ഇല്ല. ഈ റഗുലേഷൻ അനുസരിച്ചു അവസാനമായി തീരുമാനംചെയ്യുന്നതിനുള്ള അധികാരം കൊഹക്കോടതിക്കാണെ നാം കൊടുത്തിട്ടുള്ളത്. ഒരു പത്തിന്റെ നടത്തിപ്പു നിർത്തിവയ്ക്കുകയോ അല്ല തൽക്കാലത്തേയ്ക്കു മാത്രമായിരിക്കും. ഒരു പത്തിന്റെ പ്രസിദ്ധീകരണം തൽക്കാലത്തേക്ക നിർത്തിവച്ചു എന്നുള്ളതുകൊണ്ടുമാത്രം ആ പത്തിനു സ്വാതന്ത്ര്യം എടുത്തുകളയുന്നതായി പറയപ്പെടാവുന്നതല്ല. ഇതുപോലെ നിഷ്പക്ഷനിലയിൽ വീക്ഷിക്കുന്നപക്ഷം പ്രസ്സിന്റെ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ തടയപ്പെട്ടിരിക്കുന്നു എന്നൊ പ്രയാസങ്ങൾ പ്രാഥമികാവകാശം അവയ്ക്ക നിരാകരിക്കപ്പെട്ടിരിക്കുന്നു എന്നോ പറയുന്നതിനു യാതൊരു കാരണവും ഇല്ലെന്നു വെളിപ്പെടുത്തുന്നതുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങളെ—അവയും രക്ഷിക്കപ്പെടുന്നതിനു അവകാശമുള്ളവരാണല്ലോ—സുരക്ഷിതമാക്കിക്കൊടുക്കുന്നതിനും പ്രസ്സിനെ ശ്രദ്ധിക്കണമെന്നുമാത്രം അനുശാസന ഗവണ്മെന്റിന്റെ ഉദ്ദേശം.

മി. എൻ. കെ. കൃഷ്ണപിള്ള (കരുനാഗപ്പള്ളി): ഡിപ്പോസിറ്റ് ആവശ്യപ്പെടുന്നതു ആരുടെ സ്ഥിതിയിലേക്കുള്ളതാണ്? മറ്റുകാര്യങ്ങളും ഉണ്ടായിരിക്കാം, ഒരുവൻ യോഗ്യനാണൊ അല്ലയൊ എന്നറിയുന്നതിനൊ പരിശോധിക്കുന്നതിനാ—

മി. എ. താണുപിള്ള (തിരുവനന്തപുരം): കൊഹക്കോടതിയുടെ ശുപാർശ വിഷയീഭൂതമായ ജന്മഭൂമിക്കേസു നടന്നതിനുശേഷം ഉടൻതന്നെ മറ്റൊരുകേസിലും പത്രത്തെ പ്രോസിക്യൂട്ടുചെയ്തുകയുണ്ടായോയൊ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ്സക്കാർ വക്കീൽ): ഉണ്ടായിരുന്നു എന്നാണ് എനിക്ക മനസ്സിലാകുന്നത്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു എങ്ങനെ അവസാനിച്ചുഎന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ്സക്കാർവക്കീൽ): ഇന്നു കുറെയായാലുംകൊച്ചുകയും ഗവണ്മെന്റു കേസ്സ് പിൻവലിക്കയുംചെയ്തുഎന്നാണ് എനിക്ക തോന്നുന്നത്. ജന്മഭൂമിയുടെ വിഷയത്തിൽ നാം കൊടുത്ത ക്ഷമായാചനംതന്നെ ഒരു ധിക്കാരരീതിയിലുള്ളതായിരുന്നു. അതുസംബന്ധിച്ചു കൊഹക്കോടതി ജഡ്ജ്മെന്റിൽ പറഞ്ഞിട്ടുമുണ്ട്.

മി. എ. താണുപിള്ള (തിരുവനന്തപുരം): രാജദ്രോഹക്കുറ്റത്തിനു വല്ല കേസും ഉണ്ടായിട്ടുണ്ടൊ എന്നറിഞ്ഞാൽകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ് സക്കാർവക്കീൽ): ഉണ്ടായിരുന്നു എന്നാണ് എനിക്ക തോന്നുന്നത്. ഇപ്പോൾ എനിക്ക പത്രങ്ങളുടെ പേർ പറവാൻ നിവൃത്തിയില്ലാതാണിരിക്കുന്നത്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതു വർഷത്തിലായിരുന്നു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ് സക്കാർവക്കീൽ): ഫൈനൽ രണ്ടു കേസ്സ് നടന്നതായിട്ടാണ് എന്റെ ഓർമ്മ. ഞാൻ ഈ മറുപടിപറയുന്നതു എന്റെ ഓർമ്മയിൽനിന്നാണ്. മുമ്പു നടന്ന വാഗ്പ്രതിവാദങ്ങളും നിവേദനങ്ങളും വായിച്ചുനോക്കുന്നതായിരുന്നാൽ മെമ്പറുടെ ചോദ്യങ്ങൾക്കെല്ലാം മറുപടി അതിൽനിന്നും ലഭിക്കുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ജന്മജാതികൾതമ്മിൽ തരംതരംജനിപ്പിച്ചുതിനു വല്ലകേസും ഉണ്ടായിട്ടുണ്ടൊ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഷെഡ്സക്കാർവക്കീൽ): നിവേദനങ്ങൾക്കു നാം കൊടുത്തിട്ടുള്ള മറുപടികളിൽനിന്നും ഇതിനുള്ള മറുപടിയും ലഭിക്കുന്നതാണ്.

സർ, ഞാൻ ഇപ്പോൾ ഒരു പോയിന്റിനെസംബന്ധിച്ചുള്ളതിനുമാത്രമേ പറയണമെന്നു വിചാരിക്കുന്നുള്ളൂ. മി. നീലകണ്ഠപ്പിള്ളയൊ മറ്റൊരാളൊ ഒരു മെമ്പറൊ ഈ റഗുലേഷൻ ലംഘനം കടമായിട്ടെടുത്തുപയോഗിക്കുന്നതേയുള്ളു എന്നും പ്രവൃത്തിയുടെ ശക്തിയെ പരിഗണിക്കുന്നുള്ളൂ എന്നോ ഇതേവരെ യഥാർത്ഥത്തിൽ ഉണ്ടായിട്ടില്ല എന്നും പറയുകയുണ്ടായി. അതെ, അങ്ങനെതന്നെയാണ് പോരാത്തതും. ഇതേവരെ യാതൊരു പ്രൊസിക്യൂഷനും നടത്തിയിട്ടില്ല. ആ സ്ഥിതിക്കു ഈ റഗുലേഷനെ റദ്ദുചെയ്യണമെന്നു എന്തിനായിട്ടാണ് ആക്ഷേപിക്കുന്നു. പൊതുജനങ്ങളുടെ മുമ്പിലേയ്ക്കുകൂടി ഈ നയത്തിന്റെ പ്രായോഗികരീതിയിൽ കൊണ്ടുവരുന്നതിനു പരിശോധിക്കട്ടെ. ഈ പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ വല്ല കാരണവശാലും ബാധിക്കുന്നതാണെന്നോ എന്നും വിചാരമായിരുന്നുള്ളൂ ഇല്ലായ്മചെയ്യുവാനുള്ള പരിപാടിയുടെ പ്രവർത്തിയാണെന്നോ എന്നും അർത്ഥമാക്കി മനസ്സിലാക്കുകയുണ്ടായിട്ടുണ്ടെങ്കിൽ ഞാൻ മുമ്പു പറഞ്ഞതുപോലെതന്നെ ഉദാരമതിയാണ്, അവർക്ക പ്രതികരണമുണ്ടായിട്ടില്ല. നിവൃത്തിയുള്ളപക്ഷം ഗവണ്മെന്റിനു ഈ റഗുലേഷൻ അനുസരിച്ചു കേസ്സ് എടുക്കണമെന്നോ വല്ല പത്രങ്ങളും നിരോധനം

മെന്നോ അഭിപ്രായമില്ല. ഇപ്പോൾ രണ്ടുവർഷക്കാലമായി ഈ റഗുലേഷൻ നിലനിൽക്കുകയാണെല്ലോ. തിരുവിതാംകൂറിലെ പരമ്പരാഗതങ്ങളായ ആചാരപ്പെരുമകൾക്കു പൊരുവായി നടക്കുകയും ചെയ്ത ഒരു മാറ്റമുള്ളതായിട്ടാണ് ഗവർണ്മെൻറിനു തോന്നിയിരിക്കുന്നത്. ചില കുറവുപാടുകൾ ഉണ്ടായിരിക്കാമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അവയ്ക്കുവേണ്ടി യാതൊരാക്ഷേപവും ഇതേവരെ എടുത്തിട്ടില്ല. യാതൊരു പെരുന്തിക്കുറവും നടത്തിപ്പിനേയും തൽക്കാലത്തേക്കു നിരോധിച്ചിട്ടില്ല. എന്നാലും യഥാർത്ഥം നോക്കുന്നപക്ഷം ഈ റഗുലേഷൻറെ സ്വഭാവം കാരണമോ ശരിയായോ തെറ്റായോ അതിനെ പ്രയോഗിക്കുന്നതിൻറെ രീതികൊണ്ടോ പ്രസ്തുതിനുള്ള ഏതെങ്കിലും പ്രകാരത്തിൽ വർദ്ധിക്കത്തക്ക ഒരു റഗുലേഷൻ ആണ് ഇതു എന്നു വിചാരിക്കത്തക്ക യാതൊരു സംഗതികളും ഈ റഗുലേഷൻ നടപ്പിൽവന്നതിനുശേഷമുള്ള ഈ രണ്ടു വർഷക്കാലത്തിനിടയിൽ തിരുവിതാംകൂറിൽ ഉണ്ടായിട്ടില്ലെന്നുള്ള തീർപ്പുപറയുവാനുള്ളതാണ്. ഈ സ്ഥിതിക്കു രണ്ടു വർഷകാലംമുമ്പു ഈ സഭയിൽനിന്നുണ്ടായ ഒരു തീരുമാനത്തെ ഇപ്പോൾ പുനരാലോചിക്കേണ്ടതായ ആവശ്യം എനിക്കു മനസ്സിലാക്കുന്നില്ല

ശ്രീ. എ. എസ്. ഭാഗ്യോദരൻഭട്ടാരർ (മാവേലിക്കര-കാർത്തികപ്പള്ളി): സർ, മിസ്റ്റർ കെ. പി. ദീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിനായിട്ടാണ് ഞാൻ ഇപ്പോൾ ഇവിടെ എഴുന്നേറ്റു നിൽക്കുന്നതു. രണ്ടു വർഷങ്ങൾക്കുമുമ്പു ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട ഒരു മാതൃകാഉപക്ഷേപത്തെസംബന്ധിച്ചുണ്ടായ വാഗ്പ്രതിവാദത്തെപ്പറ്റി ബഹുമാനപ്പെട്ട ലാക്കമ്പർ ക്ലേശക്ഷമായി ഇവിടെ പ്രതിപാദിക്കയുണ്ടായല്ലോ. ഈ സഭ ഒരിക്കൽ പാസാക്കിയതായ തീരുമാനത്തെപ്പറ്റി പുനരാലോചിക്കുന്നതിനു രണ്ടു വർഷകാലം മീതെ ചുരുങ്ങിയ ഒരു കാലമുണ്ടെന്നാണ് അദ്ദേഹത്തിൻറെ അഭിപ്രായം. മാതൃകഉപക്ഷേപം അവതരിപ്പിക്കപ്പെട്ടതു വർത്തമാനകാലഗവർമെൻറിനെപ്പറ്റി ഒരു തീർച്ചപ്പെടുത്തലുണ്ടാകുന്നതിനു മുമ്പായിട്ടായിരുന്നുകൊണ്ടു ആ റഗുലേഷൻ കൈവശമുണ്ടാകുന്നതുകൊണ്ടോ അല്ലയോ എന്നുള്ളതിനെപ്പറ്റി ഒരു തീർച്ചപ്പെടുത്തുന്നതിനു സഭയ്ക്കു അക്കാലത്തു കഴിയുമായിരുന്നു എന്നാണ് അദ്ദേഹം പറയുന്നതു. രണ്ടു കൊല്ലം കഴിഞ്ഞതിനുശേഷം അതേസംബന്ധിച്ചു നിഷ്പക്ഷമായി പരീക്ഷിക്കുന്നപക്ഷം ഈ റഗുലേഷൻ ആവശ്യമായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെ സംബന്ധിച്ചു നമുക്കു കുറെക്കൂടി തീർച്ചയായി തീർച്ചപ്പെടുത്തുന്നതിനു സാധിക്കുമെന്നാണ് ഞാൻ പറയുന്നതു. ഈ സഭയുടെ ഒരു തീരുമാനത്തെപ്പറ്റി, ആ തീരുമാനം ചെയ്തുരണ്ടുവർഷം കഴിഞ്ഞതിനുശേഷം പുനരാലോചിക്കുന്നതു തീരെ അസാധാരണമായ ഒരു പ്രവൃത്തിയായിരിക്കുമെന്ന പറഞ്ഞുതന്നതു കുറച്ചിലുണ്ടാക്കുവാൻ ബഹുമാനപ്പെട്ട ലാക്കമ്പർ ശ്രമിച്ചുകാണുന്നു എനിക്കു തോന്നുന്നതു. ബ്രിട്ടീഷ് ഇന്ത്യയിലെ നിയമനിർമ്മാണ സഭകളിലെ നടപടിക്രമങ്ങളെയും അസംബ്ലിയിലെ നടപടിക്രമങ്ങളെയും ബഹുമാനപ്പെട്ട ലാക്കമ്പർ ഒന്നു വ്യാപിച്ചുനോക്കുന്നപക്ഷം അല്പകാലം മുമ്പു വാളപ്രതിവാദം നടത്തപ്പെട്ടിട്ടുള്ള വിഷയം തന്നെ വീണ്ടും വാളപ്രതിവാളത്തിനു എടുക്കുന്നതിനായി വേണ്ടുവോളം അവസരങ്ങൾ കാണുന്നതാകുന്നു. ഒരു സെലക്ടുകമ്മിറ്റിയുടെ പരിശോധനയ്ക്കുവേണ്ടി അയയ്ക്കപ്പെട്ടതിനുശേഷം ആ കമ്മിറ്റിയുടെ പരിഗണനയ്ക്കുവേണ്ടി അയയ്ക്കപ്പെട്ടതിനുശേഷവും ആറുമാസത്തിനുമുമ്പു മാത്രം അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളും ഉപക്ഷേപങ്ങളും വീണ്ടും അവതരിപ്പിക്കപ്പെട്ടിട്ടുള്ളതായി കാണാവുന്നതാണ്. ഇതിൽനിന്നും ഈ സഭയ്ക്കു ഈ സംഗതിയെപ്പറ്റി പുനരാലോചിക്കുന്നതിനു യാതൊരുവൈഷമ്യവും ഇല്ലെന്നുള്ളതു വെളിവാകുന്നുണ്ടല്ലോ.

മി. കുര്യാക്കോസ് പരമേശ്വരൻചിറ്റേത്ത് (അധീക്ഷയൽകോഡ് സക്കാർവക്കീൽ): ഈ സഭയ്ക്കു അതേപ്പറ്റി പുനരാലോചിക്കുന്നതിനു വാളേടുപ്പാൻ ഉണ്ടെന്നു ആരെങ്കിലും ഇവിടെ സൂചിപ്പിക്കയുണ്ടോയെന്നു?

മി. എ. എസ്. ഭാഗ്യോദരൻഭട്ടാരർ (മാവേലിക്കര-കാർത്തികപ്പള്ളി): മറ്റൊരിയമസഭകളുടെ നടപടിക്രമങ്ങളെ ആസ്പദമാക്കിനോക്കുന്നപക്ഷം ഇയ്യിടെങ്ങും അസാധാരണസംഗതിയല്ല എന്നുമാത്രമാണ് എനിക്കുപറവാനുള്ളതു. വർത്തമാനപത്രത്തിൻറെ ഒരുവിഭാഗത്തിൽ ഉണ്ടായിരിക്കാവുന്നിരിക്കുന്ന ചിലഅനാരോഗ്യമായ വേഗതകളെപ്പറ്റി അനുദ്യോഗസ്ഥമെമ്പറന്മാർ അവരുടെ പ്രസംഗങ്ങളിൽ പ്രസ്താപിക്കയുണ്ടായതായി എന്ന് കുറിക്കുന്നതിനുമായി മെമ്പർ പ്രതാണ്ടു ശ്രമിക്കയുണ്ടായി. ഇതുകൊണ്ടു എല്ലാപ്രയോഗങ്ങളുടെയും സംബന്ധിച്ചും വ്യവസ്ഥാപിതമായ ഉപയോഗങ്ങൾക്കുന്നതിയിടയുണ്ടായിട്ടുള്ള ഏതെങ്കിലും അപ്രത്യേകപത്രം ഏതെങ്കിലും ഒരുഗ്രഹണത്തിലെ വ്യവസ്ഥകൾക്കു വിപരീതമായി പ്രവർത്തിക്കുന്നപക്ഷം സാധാരണമായനടപടിയിൽ അതേസംബന്ധിച്ചു വേണ്ടതുപോലെ രേഖപ്പെടുത്തി നടക്കുന്നതിൽ നാമെല്ലാവരും പൂർണ്ണമായി യോജിക്കുമെന്നുള്ളതിൽ സംശയവുമില്ല. അതിലേക്കുവേണ്ട വ്യവസ്ഥകളും ഉണ്ടു. എന്നാൽ അതുകൊണ്ടു ഏറ്റവും പരിവർത്തനമായ ഉദ്ദേശങ്ങളെ മുൻനിർത്തി തുടങ്ങുന്നതായ ഇത്തരം പത്രങ്ങളുടെമേലും നടപടിനടത്തുന്നതിനു ഇതുതക്കകാരണമായി തീരുന്നതല്ല. ഈ പത്രങ്ങൾ തുടങ്ങിയിട്ടുള്ളതു രാജ്യഭരണത്തെ സഹായിക്കാനും ജനങ്ങളുടെ സങ്കടങ്ങൾ കേൾക്കുന്നതിനും കുറെകൂടി സൗകര്യത്തിനുവേണ്ടിയാണെന്നുള്ളതിൽ രാജ്യഭരണത്തിൽവല്ല ദുഷ്ടാഭിപ്രായങ്ങളും ഉണ്ടെങ്കിൽ അതിനെ എടുത്തു പുണ്ടിക്കാണിക്കുന്നതിനും ഏതെങ്കിലും പ്രത്യേകഉദ്യോഗസ്ഥന്മാരുടെ നടപടിയിൽ വല്ലദുഷ്ടത്വവും ഉണ്ടെങ്കിൽ അവയെപൊതുജനങ്ങൾക്കാണിക്കുന്നതിനും മറ്റും ആയിട്ടാണ്. ചിലപത്രങ്ങൾ സാധാരണനിയമത്തെ ഉല്ലംഘിച്ചു പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടു, ഇങ്ങിനെയുള്ള പത്രങ്ങളും കഷ്ടത അനുഭവിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കുതോന്നുന്നില്ല. അപ്രകാരമുള്ള പത്രങ്ങൾ ഒരുപക്ഷേ അനുദ്യോഗസ്ഥമെമ്പറന്മാരുടെ ദേഷ്യപ്പെടലുണ്ടാകുന്നതിനു യാതൊരുപ്രയോജനവും ഉള്ളതുമല്ല.

ഒന്നാമതായി ഈ നിയമസഭയുടെ തുടങ്ങിയ അവസരത്തിൽ ഉപാദ്ധ്യക്ഷനായിരുന്ന കൌൺസിലിനെയ ബഹുമാനപ്പെട്ട ദിവാൻ സാഹിബ് ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"നിങ്ങളുടെയും നമ്മുടെയും ഓർമ്മ എത്തുന്നകാലത്തിനുമുമ്പു മുതൽക്കുതന്നെ അനേകവർഷങ്ങളായി ശ്രമപ്പെട്ടുവരുന്നതായ നിലയിൽ രാജ്യത്തിൽ വിദ്യാഭ്യാസം പ്രചരിച്ചു വരുന്നുണ്ടെന്നും അതിലേക്കുള്ള സൗകര്യങ്ങളും വർദ്ധിച്ചു വരുന്നുണ്ടെന്നും ഇവിടത്തെ പ്രധാനപ്പെട്ട രാജകീയ രാജ്യപ്രവർത്തികളുടെ ഓരോനായ സ്വതന്ത്രാഭിപ്രായം ഉള്ളവരുണ്ടെന്നുള്ള സംഗതികളുണ്ട് ഇങ്ങിനെയെല്ലാം ചെയ്യുന്നതിൽ പുരോഗമിപ്പിച്ചിട്ടുള്ളത്. നിങ്ങളും നമ്മുടെ സഹപ്രവർത്തകരും ഉദ്യോഗസ്ഥന്മാരും അല്ലാതുള്ള പ്രജകളുടെ നന്മയെലാക്കാക്കി പ്രവർത്തിക്കുമെന്നതന്നെ നാംപൂർണ്ണമായി വിശ്വസിച്ചിരിക്കുന്നു."

അപ്പോൾ ഈ സ്ഥാപനത്തിനു ഒരു സ്ഥാപകൻ അഭിപ്രായം അഭിമാനം രണ്ടുവർഷം മുമ്പ് പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച് രാജ്യഭരണത്തിൻറെ ഉദ്ദേശം "നമ്മുടെ പ്രിയപ്പെട്ട പ്രജകളുടെ രക്ഷയിലേക്കുള്ള പ്രവർത്തനം

വായ്ക്കുമർശം'' ആയിരിക്കണം എന്നാണ്. നാംക്കുമ്പുവുമായി വരുന്നരീതിയിൽ നമുക്ക വിദ്യാഭ്യാസംവ ർദ്ധിച്ചുവന്ന കൊണ്ടിരിക്കുന്ന എന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു. ഇപ്രകാരം അദ്ദേഹം പ്രസ്താവിച്ചതിനശേഷം താം വിദ്യാഭ്യാസവിഷയത്തിൽ അനേകംകോടിരൂപാ കിഡവാക്കിയിട്ടുണ്ടെന്നുള്ളതും നമുക്കെല്ലാപേക്കും നല്ലപോലെ അറിയാമെന്നുള്ള ഒരവസ്ഥയാക്കുന്നു. ഇപ്പോഴത്തെവിദ്യാഭ്യാസസമ്പ്രദായം ഏറ്റവും ഉത്തമമായ രീതിയിലുള്ള ഒന്നാണെന്ന ഗവണ്മെണ്ടുപറയുന്നപക്ഷം നാമുമ്പിലത്തെക്കാൾ സ്വതന്ത്രപ്രകാരത്തിലും വിദ്യാഭ്യാ സത്തെ സംബന്ധിച്ചിടത്തോളം രണ്ടണെന്നില്ലെന്നിരിക്കിലും ഗവണ്മെണ്ടിനെ ഒരിക്കലും പറവാൻ സാധിക്കുന്നതല്ല. അപ്പോൾനമുക്ക നല്ലതായിട്ടുള്ളതും ചീത്തയായിട്ടുള്ളതും പുതുതായിട്ടുണ്ടാക്കുന്നതിനു മാത്രംവേണ്ടിട്ടാണ് ളിം എങ്കിലുംഉള്ള വിദ്യാഭ്യാസം നമുക്കസിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു ഗവണ്മെണ്ടിനെ ഒരിക്കലും വിസമ്മതിക്കുവൻ സാധിക്കയില്ല, രപപ്പേജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗം ഈ കൌൺസിൽവഴിയോ പത്രങ്ങൾമുഖേനയോമാത്രമാണ്. ഈ സഭയിലെ അംഗങ്ങളിൽ പൊതുജനപ്രതിനിധികളും ആയിരിക്കുന്ന ഞങ്ങൾപോലും പൊതുജനാഭിപ്രായം എന്തൊന്ന അറിയുന്നതിലേക്കായി വർത്തമാനപത്രങ്ങളെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നത്. എന്നതെങ്കിലും പ്രത്യേകവർത്തമാനപത്രങ്ങളിൽ പറഞ്ഞിട്ടുള്ളസംഗതികളെ അതുപോലെ മുഴുവനായതന്നെ ഞങ്ങൾസ്വീകരിക്കാൻ പോകുകയല്ലചെയ്യുന്നത്. അവയെയെല്ലാംവായിച്ചുനോക്കിമനസ്സത്തിൽ പൊതുജനാഭിപ്രായം എപ്രകാരത്തിൽ ഇരിക്കുന്നുണ്ടോ ഇടയുള്ളതുഎന്നും ഒന്നുരണ്ടുമായിക്കയാണുചെയ്യുന്നത്. അങ്ങിനെചെയ്യുന്നപക്ഷം നമുക്കഗ്രണകരമായിട്ടുള്ളത് എന്താണെന്നു നമുക്ക മനസ്സിലാക്കാൻ കഴിയും, ഈ കസേരകയ്യും നമുക്കസഭയായിരിക്കണമെങ്കിൽ നമുക്ക ഒരുസ്വതന്ത്രമായപ്രസ്സ് ഉണ്ടായിരിക്കേണ്ടതുഅത്യന്താപേക്ഷിതമായിട്ടുള്ളതാകുന്നു. സർ ചിദ്ദ്യം ഫണ്ടർ നാട്ടുരാജ്യപ്രസ്സിനെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതിനെ ഞാൻഇവിടെഉദ്ധരിക്കാം.

'' ഇന്ത്യയിലെപ്രസ്സ്, മറ്റുള്ളവയ്ക്കുകൂടികൊടുക്കേണ്ടതുകൊണ്ടായ എന്തെങ്കിലും കുറയാനുള്ള എല്ലാ ഇന്ത്യാക്കാരനും സാമാന്യമായി അറിഞ്ഞിരിക്കുവാനുള്ള അവകാശമുള്ളതായ ഒരുചാർട്ടിയമെൻറാണ്''

ഇപ്രകാരമുള്ള പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ യഥാപ്രകാരം എല്ലാപത്രങ്ങളും ഒന്നുപോലെ ആശ്രയിച്ചുകൊണ്ടു നടത്തപ്പെടുന്നവയാണോന്ന ഉദ്ദേശിച്ച് ആരെങ്കിലും പത്രം നടത്തണമെന്ന ആവശ്യപ്പെടുമ്പോൾ ക്രിമിനൽ നടപടിനിയമത്തിലെ ൽ പറഞ്ഞിരിക്കുന്നപ്രകാരം ജാമ്യം കെട്ടിവയ്ക്കണമെന്നും ആവശ്യപ്പെടുന്നുപോലെ അയാളും ജാമ്യം കെട്ടിവയ്ക്കണമെന്നും ആവശ്യപ്പെടുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സ്ക്രട്ടറിക്കിൽ): അഭിപ്രായസ്വാതന്ത്ര്യത്തിനായി മറ്റൊരുഹർജ്ജിക്കിൽ ലൈസൻസ് എടുക്കണമെന്നോ?

മി. എ. എസ്. മാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇതു അതുപോലെയല്ല.

പ്രസിദ്ധീകരണത്തിനുള്ള ലൈസൻസിനുവേണ്ട എന്നുപറയുന്നുപോര അതിലേക്ക നാം കൊടുക്കണമെന്നും തിരിച്ചു കിട്ടുന്നില്ല. ഈ വിഷയത്തിലാകട്ടെ ഇതു ഒരു ചിരപോലെയാണ്. അതിനെ കണ്ടുകെട്ടുകയുംചെയ്യും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫെഡ്സ്ക്രട്ടർ വക്കീൽ): വർത്തമാനപത്രങ്ങൾക്കുള്ള ലൈസൻസഫീസ് അവ എന്തെങ്കിലും കുറവുചെയ്യുകയെങ്കിൽ മാത്രമേ കണ്ടുകെട്ടുകയുള്ളൂ.

മി. എ. എസ്. മാമോദരൻആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ആദ്യമായി ഒരു വർത്തമാനപത്രത്തിന്റെ അധിപർ കുറവുചെയ്യുമെന്നതന്നെ നിശ്ചയിക്കുന്നു. ആ ഉദ്ഘാതനെന്ന യാതൊരു അടിസ്ഥാനവും ഇല്ലാത്തതാണല്ലോ. ക്രിമിനൽ നടപടിനിയമത്തിൽ ഉള്ളതുപോലെ ആയുധത്തെ ശിക്ഷിക്കുന്നതിനു യാതൊരു വകുപ്പുംഇല്ല എന്നുള്ളതാണ് ചാമ്പെമർ ചൂണ്ടിപ്പറയിക്കുന്ന മറൊരുവാദം. '' എറിഞ്ഞവനെ കൊടുക്കാത്ത സ്ഥിതിനു കഴിക്കാറില്ലല്ലോ'' എന്നുള്ള പഴഞ്ചൊല്ലിനെ ഞാൻ ഈ സന്ദർഭത്തിൽ ഉദ്ധരിച്ചുകൊള്ളുന്നു. കുറവുചെയ്യുവനെതന്നെ ശിക്ഷിക്കാമെന്നിരിക്കെ കുറവുചെയ്യുന്നതിനുപയോഗിച്ച ആയുധത്തെ ശിക്ഷിക്കണമെന്ന പറയുന്നതു എന്തിനെന്നറിയുന്നില്ല. കുറവുകാരനെ ശിക്ഷിക്കാമല്ലൊ. ഇവിടത്തെ സാധാരണ നിയമംഅനുസരിച്ചു പത്രാധിപന്മാരുടമേൽ കേസെടുത്തു നടപടിനടത്തിയതിനുശേഷം സർക്കാരിനെക്കൊണ്ടു തങ്ങളുടമേൽ കേസെടുപ്പിക്കുന്നതിലേക്കായിട്ടാണ് അവരുടെ സകലത്തെയും ത്യജിക്കാൻ തെങ്ങിൽ ഒരു മനസ്സുണ്ടാകുന്നതായി എനിക്കു തോന്നുന്നില്ല.

ഈ പത്രങ്ങളുടമേൽക്ക കേസെടുത്തു നടപടിനടത്തുന്നതിനുള്ള വൈഷമ്യത്തെപ്പറയിയുള്ളതാണ് അടുത്ത വാദമുഖം. പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ കുറക്കുന്നതോ ജനങ്ങളുടെ സ്വാതന്ത്ര്യത്തെ കുറക്കുന്നതോ പുതിയതായി വല്ല പ്രവൃത്തിയേയും നിഷ്കർഷമാക്കുന്നതോആയ യാതൊരു വകുപ്പും ഈ ദുരുദ്ദേശത്തിൽ ഇല്ല എന്നു മാമെമർ സമ്മതിക്കുന്നു. താങ്കിനെയാണെങ്കിൽപിന്നെ ഈ ദുരുദ്ദേശത്തിൻറെ ആവശ്യം എന്തെന്നു മനസ്സിലാക്കുന്നില്ല. ഈ രാജ്യത്തുള്ള കോടതികളിൽ ഗവണ്മെൻറിനു നല്ല വിശ്വാസം ഇല്ലായിരിക്കുമോ? ഈ പത്രങ്ങളുടപേരിൽ ഈ കോടതികളിൽ പ്രാസിക്യൂഷൻനടത്തി ഗവണ്മെൻറിനു നീതിന്യായം പരിപാലിക്കുവാൻ പറ്റില്ലയോ? ഗവണ്മെൻറിനു ഇതിലേക്കുവേണ്ട ചട്ടം ഇല്ലയോ? ഗവണ്മെൻറിനു വേണ്ടിടത്തോളം നിയമജ്ഞന്മാർ ഉപദേശം കൊടുക്കുവാനില്ലയോ? പിന്നെ എന്താണ് ബുദ്ധിമുട്ടുന്നു മനസ്സിലാകുന്നില്ല. വർത്തമാനപത്രങ്ങൾ രാജദ്രോഹപരമായിതന്നെ ഇരിക്കയുള്ളു എന്നു വിചാരിക്കുന്നതിനുമതിയായ കാരണങ്ങൾ ഉണ്ടെന്നു തോന്നിക്ക തോന്നുന്നില്ല.

അടുത്തകാരണം റഫറൻസിൽ താഴെപറയുപ്രകാരം ചേർത്തിരിക്കുന്നു എന്നുള്ളതാണ്.

'' ഒരു വർത്തമാനപത്രത്തിനു മുൻകൂട്ടി അറിവുകൊടുത്താൽപോലും അറിവുകൊടുക്കാതെയോ നമ്മുടെ ഗവണ്മെൻറിനു.... ... ... ''

കെട്ടിവച്ചിട്ടുള്ളജാമ്യം കണ്ടുകെട്ടുന്നതിനുമുമ്പായി പത്രത്തിന്റെ ഉടമസ്ഥനു ഒരു താക്കീതെങ്കിലും ഗവണ്മെൻറിനുനൽകുവാൻ പാടില്ലാത്ത പോയതിൻകാരണം എന്തെന്നറിയുന്നില്ല. ഉടൻതന്നെ നടപടിനടത്തണം എന്നുപറയുന്നതു എന്തുകൊണ്ടാണ്? പ്രാസിക്യൂട്ടർ, അതായതു ഗവണ്മെൻറ വർത്തമാനപത്രങ്ങളുടെനേർക്ക എടുക്കുന്ന നടപടികളെസംബന്ധിച്ചു മതമിവെടുക്കുന്നതിലേക്കായി യാതൊരു കസേരകയ്യുള്ളും നൽകിയിട്ടില്ല. അതായതു മൈക്കോടതിയോടു അഭിപ്രായം ചോദിക്കുന്നവിഷയത്തിലും മതമിവെടുക്കുന്നതിനെസംബന്ധിച്ചു യാതൊരു വ്യവസ്ഥയും ഇല്ല. അവിടെക്കുതന്നെപോയി കേറിക്കുന്നതായിരിക്കും എന്നമാത്രമാണ പറഞ്ഞിട്ടുള്ളത്.

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രാർ വക്കീൽ): വാരംകേറിക്കുന്നതായസ്ഥ യത്തു ചിലപ്പോൾ കൈക്കോടതി വരുമിവു ഏടുക്കാറില്ലയോ?

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര കാത്തികപ്പള്ളി): വാരംകേറുക്കുക എന്നവച്ചാൽ തെളിവെടുക്കുക എന്നാണോ അർത്ഥം.

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രാർ വക്കീൽ): കൈക്കോടതിയിൽനിന്നും ചിലപ്പോൾ തെളിവെടുക്കാറില്ലേ?

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര കാത്തികപ്പള്ളി): എല്ലായ്പോഴും അങ്ങിനെ ചെയ്യാറില്ല.

ഈ റഗുലേഷൻ യാതൊരു പുതുമയും നശിപ്പിക്കുന്നതിനായി നാട്ടുപുരുഷ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും അതിനാൽ ഇതിനെ നിയമമായിത്തീരുന്ന മേലാവും വച്ചുകൊണ്ടിരിക്കണം എന്നാണ് ഇവിടെ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള മറ്റൊരഭിപ്രായം. ഈ കാരണംകൊണ്ടുതന്നെ ഈ നിയമത്തെ റദ്ദുചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇതിനെ ഇപ്പോൾ ഇവിടെത്തെ നിയമമായി രണ്ടുവർഷക്കാലമായി നടപ്പിൽ നിലനിൽക്കുവാൻ അനുവദിച്ചുകഴിഞ്ഞിരിക്കുന്നു.

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രാർ വക്കീൽ): രാജാവിനെതിരായ കുറ്റം ചെയ്യാൻ പുറപ്പെടുന്നതിനെ ശിക്ഷിക്കുന്നതിനെ ശിക്ഷാനിയമത്തിൽ വല്ല വകുപ്പും ഉണ്ടോഎന്നറിഞ്ഞാൽ കൊള്ളാം.

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര കാത്തികപ്പള്ളി): ഉണ്ട്.

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രാർ വക്കീൽ): തിരുവിതാംകൂറിൽ ഇതേവരെ ആ കുറ്റത്തിനു മുതലെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര കാത്തികപ്പള്ളി): ഇല്ല. അങ്ങനെ ആ കുറ്റം ചെയ്യാത്തതുകൊണ്ടു മുതലെയും ശിക്ഷിക്കാൻ ഇടയായിട്ടില്ല.

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രാർ വക്കീൽ): ഇതിൽനിന്നും ഇതേവരെ ഈ വകുപ്പിനെ ഉപയോഗപ്പെടുത്താത്തതുകൊണ്ടും ഇതേവരെ അതിനെ ഉപയോഗപ്പെടുത്തേണ്ട സന്ദർഭം നേരിട്ടിട്ടില്ലാത്തതുകൊണ്ടും ഈ വകുപ്പിനെ എടുത്തുകളയണമെന്നു മെമ്പർ അഭിപ്രായപ്പെടുവാൻ തയ്യാറുണ്ടോ?

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര കാത്തികപ്പള്ളി): നമുക്ക് ഇപ്പോൾ അതേപ്പറ്റി ആലോചിക്കേണ്ട ആവശ്യം ഇല്ല. ഏതെങ്കിലും ആവശ്യം നേരിടുന്ന അവസരത്തിൽ നമുക്ക് അതെപ്പറ്റി ആലോചിച്ചു തീരുമാനിക്കാമെന്നതുമതിയാകുന്നു.

കഴിഞ്ഞ രണ്ടുവർഷക്കാലമായി ഈ റഗുലേഷനിലെ വ്യവസ്ഥകളെ ഉപയോഗപ്പെടുത്തേണ്ടിവന്നിട്ടില്ല എന്ന വസ്തുതയെ പറയുകയും പുതുമയുടെ പേരുകൊണ്ടു നന്നായിവന്നതു എന്നും പറയുന്നിടത്തോളം അവരുടെ മുതലയെ മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഇടയായിരിക്കുന്നു എന്നും വസ്തുതയെ സമ്മതിക്കയും ചെയ്യുന്നിടത്തോളം കാലം ഇങ്ങിനെയൊരു റഗുലേഷൻ വച്ചുകൊണ്ടിരിക്കേണ്ട ആവശ്യം എന്തെന്നറിയുന്നില്ല. വസ്തുതയെ ഈ റഗുലേഷനെ റദ്ദ് ചെയ്യുന്നതാണ് ഉത്തമമായിരിക്കുന്നതു. ലാസമെമ്പർ ഇപ്പോൾപറയുന്ന തടസ്സം ചിലരുടെ നാമമാത്ര പുരോഗതിയുടെ സ്ഥാനത്തു കണ്ണാടിനാണല്ലാതെ യഥാർത്ഥത്തിൽ പുരോഗമനത്തിനല്ല മറിച്ചുകൂടെ ആയിരിക്കും എന്നുള്ളതാകുന്നു. പുരോഗമനമായി നടത്തപ്പെടുന്നതിലേക്കായി പുരോഗമനമായിരിക്കുന്നതിനെ ഇന്നുള്ള യോഗ്യതകളെ ഉണ്ടായിരിക്കേണ്ടതാണെന്ന ഒരു തീരുമാനം ചെയ്യുന്നപക്ഷം ഒരു വിഭാഗത്തെ സാരമായ വ്രണവും ഉള്ള പുരോഗമനമായിപ്പോകുമെന്നാണ്.—

മി. കുഞ്ഞുവം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ്സക്രാർവക്കീൽ): അതെല്ലെങ്കിൽ ഒരു പതിനായിരം രൂപയോളം സ്വത്തുള്ള ഒരുവൻ പുരോഗമനമായിരുന്നാൽ?

മി. എ. എസ്. മാമോദരൻനായർ (മാവേലിക്കര-കാത്തികപ്പള്ളി): അങ്ങിനെയായാലുമതകുമെന്നു വച്ചു കുഴപ്പമാണ്. വസ്തുതയെന്ന ഒരുവനെ പുരോഗമനമായി അളക്കുന്നതു അയാൾക്കുള്ള സ്വത്തിനെ ആധാരമാക്കിയാണ്. അതല്ല ശരിയായിട്ടുള്ള മാർഗ്ഗം. പുരോഗമനം ശരിയായി നടത്തണം എന്നും പുരോഗമനമായിപ്പോകണം എന്നുമുള്ള ഉദ്ദേശം എന്നവരികിൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഒരുവനെ എന്തുകൊണ്ടു പുരോഗമനമായി നടത്തുവാൻ അവർ അനുവദിക്കുന്നില്ല.? മുഹമ്മദൻ-ലോ കോൺഗ്രസ്സിന്റെ ഡയറക്ടർ പറഞ്ഞതുപോലെ "ഒരു സ്വതന്ത്രമായപ്പസ്സിനെ ജനപ്രതിനിധി രാജ്യഭരണത്തിനു യോജിച്ച ഒരു സഹചാരിയും അവശ്യമായതുമായ ചേർപ്പും ആകുന്നു"

മറ്റൊന്നായി നമുക്കു സ്വതന്ത്രമായ ഒരു പ്രസ്സ് വേണം. ഒരു സ്വതന്ത്രമായ പ്രസ്സ് ഇല്ലാത്തപക്ഷം ഗവർണ്മെന്റിനെ പൊതുജനാഭിപ്രായം എന്തെന്നറിഞ്ഞു അതിനനുസരണമായവിധത്തിൽ അവരുടെ നടപടിയെ രൂപീകരിക്കുവാൻ സാധിക്കയില്ല. ഇതുപറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി. ഇട്ടപ്പുഇട്ടീച്ചൻ (കുന്നത്തുനാട്): മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ ഞാനും പൂർണ്ണമായി പിൻതാങ്ങിക്കൊള്ളുന്നു. അല്പമായി എനിക്കു പറയാനുള്ളതു ഈ റഗുലേഷനെ സംബന്ധിച്ചു ഓരോരുത്തരും അഭിപ്രായം ചോദിക്കയാണെങ്കിൽ എന്റെ സ്വന്തമായ നിലയിൽ അവരുടെ പ്രീതിക്കുയിക്കാണു ഈ റഗുലേഷൻകൊണ്ടു ഒരു തരക്കേടുമില്ല എന്നുപറയും. എന്നെറ താമസിക്കുന്നിടത്തെ സ്ഥിതിക്കു അടുത്ത പ്രദേശം ജനിച്ചവരായ ആളുകൾ നിവസിക്കുന്നതുകൊണ്ടും എല്ലാപ്പേർക്കും നന്മയായ ഒരു അഭിപ്രായം അല്ലാതെ ഇവിടെപറയാൻ നിവർത്തിയില്ല. ഈ കൗൺസിലിൽ വന്നപ്പോൾ ആദ്യമായി എനിക്കുണ്ടായ സന്തോഷത്തിനു സ്വാതന്ത്ര്യമില്ലാത്തനിലയിൽ വച്ചിരിക്കുന്ന സ്ഥിതിക്കു അതിൽ അടങ്ങിയിരിക്കുന്ന പലസംഗതികളെയും നിസ്സാരമാക്കിട്ടു പറയാനും നിവൃത്തിയില്ല; എന്നുള്ളതുകൊണ്ടു ഞാൻ ആദ്യമായി സന്തോഷിച്ചുകൊള്ളുന്നു.

ഇങ്ങിനെ ഒരു റഗുലേഷന്റെ ആവശ്യത്തേയും അതിനെ ഇവിടെ ഉണ്ടാക്കാനുണ്ടായ ആവശ്യത്തേയും പറ്റി സ്വല്പം പറയാനുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ്സക്രട്ടറിക്കീൽ): ആദ്യമായി ഈ റഗുലേഷൻ ആവശ്യമായിട്ടുള്ളതാണോ അല്ലയോ എന്നുള്ളതിനെസംബന്ധിച്ചു മെമ്പറിന്റെ സ്വന്തഅഭിപ്രായം എന്തെന്നുപറഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന്റെ അഭിപ്രായം എങ്ങനെയാണെങ്കിൽ കൊള്ളാമെന്നു ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചുകൊള്ളുന്നു.

മി. ഇട്ടിപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്); എനിക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടാ. മലയാളത്തിൽപറഞ്ഞുതന്നെ സ്പീലാക്കിത്തന്നാൽ ഉത്തരംപറയാം.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഫെഡ്സക്രട്ടറിക്കീൽ): സ്വന്തമായിട്ടുള്ള അഭിപ്രായത്തെ പ്രത്യേകിച്ചും, നിയോജകമണ്ഡലത്തിന്റെ അഭിപ്രായം പ്രത്യേകിച്ചും പറയാൻ മെമ്പറിനു കഴിയുമോ?

മി. ഇട്ടിപ്പു ഇട്ടീച്ചൻ (കുന്നത്തുനാട്): സ്വന്തമായിട്ടുള്ള അഭിപ്രായം വെളിയിൽവച്ചുചോദിച്ചാൽ ഞാൻ എങ്ങനെങ്കിലും പറയും. നിയമസഭാമെമ്പർ ആയിരിക്കുന്ന സ്ഥിതിക്കു ന്യായമായിട്ടും സത്യമായിട്ടും മനസ്സാക്ഷിക്കനുസരിച്ചുമല്ലാതെ വേറെവിധത്തിൽ പറയാൻ നിവർത്തിയില്ല. (ചിരി)

"കൊടുപ്പത്തിൽ കുരുമ്പോൾ കൊടുവിരൽ കൊത്തണം" എന്നൊരു പഴമൊഴിയുണ്ട്. അതുപോലെ ആളുമായി പിടിപെടുക്കാർ ഗവണ്മെന്റിനെ കുറേശെ ആക്ഷേപിക്കാൻ തുടങ്ങി. അപ്പോഠം ഗവണ്മെന്റ് കണ്ണുതുറന്നീക്ഷിച്ചുകളഞ്ഞു. അപ്രകാരം കുറേശെ കുറേശെ വന്ന കുറ്റങ്ങളായി. അതു വലിയ സ്ഥാനങ്ങളിലെ വിരലുകളാണെന്നുകണ്ടു വീണ്ടും മേനോനീക്ഷിച്ചു. ഉടനെ കഴുത്തിൽകയറി പിടിച്ചപ്പോഴോണ് അഞ്ചാം റഗുലേഷനായ ബന്ധു എടുത്തിട്ടത്. അതു വീണ്ടുതൊട്ടുകൂടി വാസ്തവത്തിൽ അനേകംപേക്കു നാശംവന്നിട്ടുണ്ട്. ഇതു ഒരിക്കലും നീതീകരിക്കത്തക്കതല്ല. ഇതിൽ കൂട്ടത്തിലായി അന്യായമായിട്ടും അക്രമമായിട്ടും പതുങ്ങിരുന്നു പ്രവർത്തിക്കുന്നവർക്കിൽ ഇന്ത്യൻ പീനൽകോഡിലെ വകുപ്പിൻപ്രകാരം ശിക്ഷിപ്പാൻ ന്യായമുണ്ട്. അങ്ങിനെ ആ പീനൽകോഡിനെ വാളാക്കോടുംഉണ്ടെങ്കിൽ ഒരു മുട്ടുണ്ടായിരുന്നു. അതില്ലാത്തസ്ഥിതിക്ക് പീനൽകോഡിനെ മുൻനിറുത്തി ഈ റഗുലേഷനെ അസ്ഥിരപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ മനസ്സമ്മതത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നതിലേക്കായിട്ടാണ് ഇപ്പോൾ ഇവിടെ എഴുന്നേറ്റുനിൽക്കുന്നത്. തിരുവിതാംകൂറിൽ ഇങ്ങിനെയൊരു വർത്തമാനപത്ര റഗുലേഷൻ ഉണ്ടായിരിക്കേണ്ടതു എത്രയും അത്യാവശ്യമായിട്ടുള്ളതാകുന്നു. ഇതുമൂലം പൊതുജനങ്ങളെ സംബന്ധിച്ചോ ഗവണ്മെന്റിനെ സംബന്ധിച്ചോ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരെസംബന്ധിച്ചോ ന്യായരഹിതമായ വിധത്തിൽ വർത്തമാനപത്രങ്ങളുടെ പത്രാധിപന്മാരോ, അച്ചടിക്കാരോ, പ്രസാധകർത്താക്കന്മാരോ വല്ല സംഗതികളും പ്രസിദ്ധംചെയ്യാതിരിക്കുന്നതിനു ഇടയാകുന്നു. വർത്തമാനപത്രറഗുലേഷൻ റദ്ദുചെയ്യുന്നപക്ഷം തിരുവിതാംകൂറിലെ ജനങ്ങൾക്കു രക്ഷയോ സ്വാതന്ത്ര്യമോ ഉണ്ടായിരിക്കുന്നതല്ല. അതിനാൽ ഞാൻ ഈ പ്രമേയത്തെ ബലമായി എതിർക്കുന്നു.

മി. എ. എസ്. മാമോദരൻശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വർത്തമാനപത്രറഗുലേഷൻ നടപ്പാക്കേണ്ടതിനുമുമ്പു യാതൊരു രക്ഷയും ഇല്ലായിരുന്നുവെന്നറിഞ്ഞുകൊൾകയും.

മി. ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): ഇല്ല. അതുകൊണ്ടു ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയാൽ അവതരിപ്പിക്കപ്പെട്ട ഈ പ്രമേയത്തെ ബലമായി എതിർക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവൻകോട്): സർ, നാം ഇപ്പോൾ ഇവിടെ പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന വിഷയം വളരെ പ്രാധാന്യമേറിയ ഒന്നാണ്. എന്റെ ചുമലിൽ വളരെ ഭാരമേറിയ ഒരു ചുമതലയാണ് വന്നുവീണിരിക്കുന്നത്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കയാണോവേണ്ടതു അതല്ല അതിനെ പ്രതികൂലിക്കയാണോ ചെയ്യേണ്ടതു. അതുമല്ല ഇതെസംബന്ധിച്ചു ഒരു നിഗൂഢതയിലെ കൈകടത്തലുകയാണോ ചെയ്യുന്നതു, എന്നുള്ളതിനെപ്പറ്റി ആലോചിച്ചതിൽ എനിക്കു യാതൊരു തീരുമാനവും കിട്ടാതെ ഞാൻ വല്ലാതെ വിഷമിക്കുന്നു (ചിരി). ഈ സംഗതിക്കു രണ്ടു മുഖങ്ങളുണ്ട്. തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങളെ സംബന്ധിച്ചിടത്തോളം വല്ല പൊതുജനാഭിപ്രായമോ വല്ല അഭിപ്രായഭേദമെങ്കിലുമോ ഉണ്ടായിരുന്നുവെങ്കിൽ ജനപ്രതിനിധികൾമേൽ കോടതിയുടെ പ്രാധിപത്യം പ്രാപിച്ചിട്ടുള്ള അവസരത്തിൽ വർത്തമാനപത്രങ്ങളുടെ ഒരു കോൺഫറൻസ് നിശ്ചയമായും ഉണ്ടാകുമായിരുന്നുവെന്നു ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു ഉറപ്പായി പറഞ്ഞുകൊള്ളുന്നു. ഈ രാജ്യത്തുള്ള ഓരോ വർത്തമാനപത്രത്തിന്റെയും താൽക്കാലികനില എന്തെന്നു നമുക്കു ഇപ്പോൾ അറിഞ്ഞു നോക്കുകതന്നെ.

മി. എ. എസ്. മാമോദരൻശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽതന്നെ ഇങ്ങിനെയൊരു പൊതുജനാഭിപ്രായം ഉണ്ടായിരിക്കുമെന്നു അദ്ദേഹത്തിനു തോന്നുന്നുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ഉണ്ട്.

മി. എ. എസ്. മാമോദരൻശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അദ്ദേഹത്തിനു ഒരു എതിരാളി ഉണ്ടായിരുന്നില്ലയോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവൻകോട്): ഉണ്ടായിരുന്നു. ആ സംഗതി എന്നെ ഓർപ്പിക്കുന്നതിൽ ഞാൻ മിസ്റ്റർ മാമോദരൻശാനോടു കൃതജ്ഞതയുള്ളവനായിരിക്കുന്നതാണ്. തെരഞ്ഞെടുപ്പു കഴിഞ്ഞ ഉടൻതന്നെ ഇവിടെ ക്ലർക്കായിരിക്കുന്ന ഒരേ ജനപ്രതിനിധിയും മാവേലിക്കരവക്കീൽ ഒരു മെമ്പറുമായിരുന്നു

ിൽ സന്നിഹിതരായിരുന്നുഎന്നുള്ള സംഗതി എല്ലാപേർക്കും അറിയാമെന്നുള്ളതാണല്ലോ. അക്കാലത്തു ഈ രാജ്യത്തിൽ വളരെ പ്രചാരമുള്ളതും മാന്യനിലയിൽ നടന്നിട്ടുള്ളതുമായ മനോരമഎന്ന പത്രത്തിൽ മിസ്റ്റർ ഇ. വി. കൃഷ്ണപിള്ളഎന്ന പേരോടുകൂടിയ ഒരു പത്രപ്രവർത്തകൻ വർക്കുകൊള്ളരുതാത്ത ആളുകളെ നിയമനിർമ്മാണസഭാ മെമ്പറന്മാരായി തെരഞ്ഞെടുത്തയക്കണമെന്ന ഒരു മുഖപ്രസംഗം എഴുതി പ്രസിദ്ധം ചെയ്തുകയുണ്ടായി. സർ, അതു പൊതുജനാഭിപ്രായം ആണോ? പ്രതിദിനംഎന്ന ഒരു പത്രം ——

മി. എ. എസ്. മാരോമരത്തോശാൻ (മാവേലിക്കര —കാഞ്ഞിക്കപ്പള്ളി): മിസ്റ്റർ കൃഷ്ണപിള്ളയുടെ അഭിപ്രായം പൊതുജനാഭിപ്രായം അല്ലെങ്കിലോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): അതു മനോരമസംഗതിയാണല്ലോ.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു ഒരു ദുഷ്പ്രസംഗത്തിനായിരുന്നോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): അതു കുറ്റമായിട്ടുള്ളതല്ല, അതു ഒരു സമ്മീദിപിച്ചായിരുന്നിരിക്കാം. അതു ഒരു മാന്യപത്രത്തിൽ, അതായതു മനോരമയിൽ ആണ് കണ്ടത്.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): മറ്റവർ നേരംപോക്കിനായി പ്രസിദ്ധപ്പെടുത്തിയതായ ഒരു ചെറു കഥയിലുള്ളതായ ഇപ്രകാരം പ്രസ്താവിച്ചിരുന്നതു?

മി. മാത്തു മുരിക്കൻ (തൊടുപുഴ): അതിനെ ഒരു ന്യായമായ വിമർശനംഎന്നു നമുക്കു സ്നേഹിച്ചുകൂടെ വകവയ്ക്കാൻ പാടില്ലാത്തതായി എണ്ണുകയുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിട്ടു യാതൊരു ആവശ്യവും ഇല്ലല്ലോ.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ന്യായമായ പരിധികൾക്കുള്ളിൽ വിമർശനങ്ങൾ നടത്തുവാൻ പാടുള്ളതല്ലയോ?

മി. എ. എസ്. മാരോമരത്തോശാൻ (മാവേലിക്കര—കാഞ്ഞിക്കപ്പള്ളി): അതിനെ ഒരുപരമാത്മാവായിഎന്തിനു മെമ്പർ കരുതുന്നു? വർത്തമാനപ്പത്രങ്ങളിൽ കാണുന്നവയെയെല്ലാം അവകുറുമെ കാണുന്ന വിഷയമായിട്ടു കല്പിക്കേണ്ടതു ആവശ്യമാണോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): അതിനെപ്പറ്റിയാണ് ഞാൻ പ്രസ്താവിക്കുവാൻ ശ്രമിക്കുന്നത്. അതുകളെ തെറ്റിദ്ധരിപ്പിക്കണം എന്നും ഇല്ലല്ലോ.

മി. മാത്തുമുരിക്കൽ (തൊടുപുഴ): ഏതൊരു ഒരു പത്രത്തിൽ മെമ്പറന്മാർ ധൈര്യപ്പെടുകില്ലെന്നു വരുകയാണെങ്കിൽ അതിനെ പൊതുജനാഭിപ്രായമായിട്ടാണോ മെമ്പർ ഗണിക്കുന്നത്.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): അതുകൊണ്ടുതന്നെയാണല്ലോ ഈ പ്രമേയങ്ങൾ കൊണ്ടുവരുന്നതും വിഷയം കൊണ്ടുവരുന്നതും എന്നു ഞാൻ പറയുന്നത്. അടുത്തതായി യോജിപ്പിക്കുന്നതിനെപ്പറ്റി പറയാം. വർത്തമാനപത്രങ്ങൾ എന്നു പറയപ്പെടുന്നവ തിരഞ്ഞെടുത്തയച്ച പ്രതിനിധികളിൽ ആരെങ്കിലും കുറ്റം ചെയ്താൽ അവർക്കു ശിക്ഷ വരുത്തുവാൻ നിയമനിർമ്മാണസഭയിൽ ഒരു പ്രമേയം അവതരിപ്പിക്കുകയുണ്ടായിട്ടുണ്ടോ? അവർ എല്ലാപേരുംകൂടി ഒന്നുചേർന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയോടും ഈ സഭയിലെ അനുകൂലാംഗങ്ങളോടുകൂടി പൊതുവായൊരു പ്രമേയം അവതരിപ്പിച്ചു അവരുടെ സങ്കടങ്ങൾ പരിഹരിച്ചു തരണമെന്നു ആവശ്യപ്പെടുമായിരുന്നുവല്ലോ. അങ്ങിനെ അവർ ചെയ്തിരുന്നുവെങ്കിൽ എന്തിക്കുന്നതിനു ഇപ്പോൾ ഇതേസംബന്ധിച്ചു യാതൊരു വിപരീതാഭിപ്രായവും പറവാൻ ഉണ്ടാകുമായിരുന്നില്ല.

മി. എ. എസ്. മാരോമരത്തോശാൻ(മാവേലിക്കര-കാഞ്ഞിക്കപ്പള്ളി): അപ്രകാരമുള്ള വർത്തമാനപത്രങ്ങളുടെ എതെങ്കിലും പ്രതിനിധിവർത്തമാനപത്രങ്ങൾ പൊതുവെ ഈ റസലേഷനെ അനുകൂലമാണെന്നു പറഞ്ഞിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): ഇപ്പോൾ മി. ഡി. സി. ജോസഫ് ഈ പ്രമേയത്തെ എതിർക്കയുണ്ടായല്ലോ.

മി. എ. എസ്. മാരോമരത്തോശാൻ (മാവേലിക്കര-കാഞ്ഞിക്കപ്പള്ളി): അദ്ദേഹം തിരുവിതാംകൂറിലുള്ള എല്ലാ വർത്തമാനപത്രങ്ങളേയും പ്രതിനിധീകരിക്കുന്ന ഒരു മനുഷ്യൻ ആണോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): എല്ലാത്തിനേയും പ്രതിനിധിയല്ല, പത്രപ്രവർത്തകരെ പ്രതിനിധീകരിക്കുന്ന അനേകം പേരുള്ളതിൽ അദ്ദേഹവും ഒരാളാകുന്നു എന്നുമാത്രമേ ഉള്ളൂ. ഞാൻ മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ എതിർക്കയല്ല ചെയ്യുന്നതു. ഏറ്റവും പ്രധാനപ്പെട്ട സംഗതിയെസംബന്ധിച്ചു നാം ആലോചിക്കാൻ തുടങ്ങുന്നതിനുമുമ്പായി ഈ സംഗതിയുടെ നാനാഭാഗങ്ങളേയും പറ്റി നാം ചിന്തിക്കേണ്ടതാണെന്നുള്ള വസ്തുതകളിൽ സാംഗങ്ങളിലേക്കു ശ്രദ്ധയെ വിഷയീകരിപ്പിക്കുന്നതുമാണു ഞാൻ ഇപ്പോൾ ചെയ്യുന്നത്. ഇന്നാമതായി നമുക്കു ആലോചിപ്പാനുള്ളതു നാമെന്തിനു ഉദ്യോഗസ്ഥന്മാരും മറ്റുള്ളവരും ന്യായരഹിതമായ പ്രവൃത്തികൾ വല്ലതും ചെയ്യുന്നപക്ഷം അതുപറ്റി പൊതുജനങ്ങൾ വിമർശിക്കേണ്ടതായ ആവശ്യം ഇല്ലയോ എന്നുള്ളതിനെപ്പറ്റിയാണ്

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ പൊതുജനാഭിപ്രായം രൂപീകരിക്കുക എന്നുള്ളതു ഈ സഭയിലെ അനുകൂലാംഗങ്ങളുടെ അനേക മുമതലകളിൽ ഒന്നാണെന്നുള്ള യാഥാർത്ഥ്യം മെമ്പറിനു അറിയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): പൊതുജനാഭിപ്രായം ഏതുപ്രകാരത്തിലും രൂപീകരിക്കാമെന്നുള്ളതാണ്. ഉദ്യോഗങ്ങളുസംബന്ധിച്ചുവരുന്നതുകൊണ്ടു മാത്രം പൊതുജനാഭിപ്രായം ഏതെന്നാന്നില്ല എന്നാണു ഞാൻ പറയുന്നത്. ഒരുകൂട്ടം ആളുകൾ എന്നിതിനെ നന്നായിരിക്കണമെന്നും മറ്റൊരുകൂട്ടം ആളുകൾ തെറ്റായി നിയമിക്കണമെന്നും പറയും. എല്ലുപേർക്കും പൊതുവായ ഒരു അഭിപ്രായം ഉണ്ടായിരുന്നാലും എങ്കിൽ ഭൂരിഭാഗമുള്ളവർക്ക് അതനുസരിച്ചു പ്രവർത്തിക്കാമായിരുന്നു.

മി. മാത്തു മുരിക്കൽ (തൊടുപുഴ): യാതൊരുവഴിയിൽനിന്നുമാത്രമാണോ പൊതുജനാഭിപ്രായത്തെപ്പറ്റി മെമ്പർ മീനുമാനിക്കാൻപോകുന്നതു?

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അതിനെന്താണു് അഭിസ്ഥാനപ്പെടുത്തിയില്ല. അ തുപോലുള്ള ഏതാൻ അതിനുവേണ്ടി വോട്ടുചെയ്യുന്നതിനെ കുറയ്ക്കുകയും. അതു എങ്ങനെ പ്രത്യേകിച്ചഭിപ്രായം ആയി ക്കിക്കാം. എന്നു തിരഞ്ഞെടുത്തുചെയ്തിട്ടുള്ള നിയോജകമണ്ഡലത്തിനുവേണ്ടി വോട്ടുചെയ്യുന്നതിനുള്ള അധി കാരം എടുത്തുകളഞ്ഞു. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലം ഈ രാജ്യത്തെ പഴയരാജധാനിയായി രുന്ന പത്മനാഭപുരം ആണെന്നാണു ഞാൻ പറയുന്നതു്. മഹാറാണി റീജന്റ തിരുമേനിയുടെ ഭരണസ്ഥിതിയേ യും രക്ഷയെയും പരിചിന്തിച്ചുകൊണ്ടു പ്രവർത്തിക്കേണ്ടതു് എന്റെ ചുമതലയാണു്.

മി. എ. എസ്. മോമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മെമ്പറിന്റെ നിയോജകമ ണ്ഡലത്തിന്റെ അഭിപ്രായം എന്തെന്നു മെമ്പർ അറിഞ്ഞിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): മെമ്പർ അറിഞ്ഞിട്ടുള്ളതുപോലെ ഞാനും അറി ഞ്ഞിട്ടുണ്ടു്.

അപ്പോൾ പൊതുജനാഭിപ്രായം സർക്കാർ ഉദ്യോഗസ്ഥന്മാരെ മറയുള്ളവരാക്കുന്ന ന്യായരഹിതമാ യപ്രവർത്തികളെപ്പറ്റി വിമർശിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടായിരിക്കണോ എന്നും അതിനെ ങ്ങനെയെങ്കിലും നിയന്ത്രിക്കുന്നതായി രേഖപ്പെടുത്തിയ വല്ല അദ്ധ്യായവും നമുക്കു ആവശ്യമുണ്ടോഎന്നും ഉള്ള സംശയങ്ങ ളെപ്പറ്റിമാത്രമാണു നമുക്കു ഇപ്പോൾ ആലോചിപ്പാനുള്ളതു്. ഇപ്പോൾ അതിനു വല്ല കടസ്സവുമുണ്ടോ? അതാണു ഒരു പോയിന്റു്. രണ്ടാമതായി സംഗതി അബ്കാരി റഗ്ലേഷനിലെപോലെയുള്ള ഊഹം—

മി. എസ്. പിരവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾപ്രതിനിധികൾ): ഇപ്പോഴത്തെ റഗ്ലേഷൻ അതിനെന്തെങ്കിലും തടസ്സമായി നിന്നിട്ടുണ്ടോ?

മി. ടി. സി. കേശവപിള്ള(കൽക്കുളം വിളവങ്കോട്): ചില വകുപ്പുകൾ ഉണ്ടു്. അവയെല്ലാമെടുത്തു നോക്കേണ്ടതായും ഉണ്ടു്.

അബ്കാരി റഗ്ലേഷൻ അനുസരിച്ചു ഒരുവകുപ്പനുസരിച്ചു കേസെടുക്കുന്നപക്ഷം ഊഹം അയാൾക്കെതിര ക്കാൻ ആളുണ്ടെന്നാണു. പ്രതിയുടെ കൂടെക്കാൻ അങ്ങനെയുള്ളതിനെ കണ്ടെത്തിയിക്കേണ്ടതു്. ഞാൻ പറയുന്നതു ഇങ്ങിനെയൊരു സംഗതിയുള്ളതു് ഇതിൽമാത്രമല്ല എന്നാണു്. അബ്കാരിറഗ്ലേഷനിലും ഇതുപോലെ ഒരു വ്യവസ്ഥയുണ്ടു്. ഒരു അബ്കാരി ഉദ്യോഗസ്ഥനെ ഒരുത്തനെ മാനനഷ്ടപ്പെടുത്തണമെന്നുണ്ടെങ്കിൽ അയാൾക്കു അതിനു യാതൊരു ബുദ്ധിമുട്ടും ഇല്ല. അയാളുടെപേരിൽ ഒരു കേസ് വളരെ എളുപ്പത്തിൽ ഉണ്ടാക്കുന്നതിനും കേസിനെ തുടരിയിക്കുന്നതിനു ഒന്നോ രണ്ടോ സാക്ഷികളെ സൃഷ്ടിക്കുന്നതിനും ആ ഉദ്യോഗസ്ഥനു യാതൊരു പ്രയാസവും ഇല്ലെന്നുമാത്രമല്ല കേസ് അവസാനത്തിൽ സാധുവായപ്രതിക്കു വിപരീതമായിതന്നെ കലാശിക്കുകയുംചെയ്യും. അതുപോലെതന്നെ പ്രസ്തുതവിഷയത്തിലും വന്തമായെടുപ്പതു റഗ്ലേഷനിൽ ഇങ്ങിനെയുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കുന്നതുകൊണ്ടു ഉദ്യോഗൻ ഇടയില്ല എന്നാണു എനിക്കു തോന്നുന്നതു്. എങ്ങിനെയായാലും എന്തെല്ലാം ചെയ്യണമെന്നുള്ളതിനെപ്പറ്റി പറവാൻ എനിക്കു നിവൃത്തിയില്ല. ആ സംഗതി വോട്ടിന്റെ ന്നതിനുമുമ്പായി അതെടുപ്പറ്റി നാം വീണ്ടും ആലോചിക്കേണ്ടതായിട്ടാണിരിക്കുന്നതു്. പത്രാധിപന്മാർക്ക് എല്ലാ പേർക്കും തമ്മിൽ യോജിപ്പുണ്ടോ എന്നുള്ളതിനെസംബന്ധിച്ചു നാം ഒന്നാമതായിതീർച്ചപ്പെടുത്തേണ്ടതായിരിക്കുന്നു അവർ എല്ലാപേരെ ക്കൂടി ഒരു മയാന്മാക്കുടി അവരെക്കൊണ്ടാണു ആവശ്യമുള്ളതു എന്നുള്ളതിനെപ്പറ്റിയും ഈ സഭയി ലെ മെമ്പന്മാരെ അറിയിക്കയും അവരുടെ സങ്കടങ്ങൾ എന്താണു എന്നു അവരെ ധരിപ്പിക്കയും ചെയ്യട്ടെ. അതറിഞ്ഞ ഉടൻതന്നെ ഈ വിഷയത്തിൽ ഒരു അഭിപ്രായം രൂപികരിക്കുന്നതിനു നമുക്കു ശ്രമിക്കാം. എന്നിക്കുതോന്നുന്ന അഭിപ്രായം ഞാൻ പറയുന്നു എന്നേ ഉള്ളൂ. അതിനെ മിസ്റ്റർ നീലകണ്ഠപ്പിള്ള ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തിന്റെ ഒരു ഭേദഗതിയായോ അതെല്ലെങ്കിൽ മിസ്റ്റർ ഡി. സി. ജോസഫിന്റെ എതിർപ്പോ ടിനിന്റെ ഒരു ഭേദഗതിയായെയോ നമുക്കു യിചാരിക്കാവുന്നതാണ്.

മി കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മെമ്പർ പറഞ്ഞു തീരുന്നതിനുമുമ്പായി ഞാൻ ഒരു ചോദ്യംകൂടി ചോദിച്ചുകൊള്ളട്ടെ. ഈ റഗ്ലേഷൻ നടപ്പുചെയ്യണമെന്നു അപേക്ഷിക്കുന്നതിനു ഒരു ഹർജ്ജിയെ ക്ഷൻ ആയി തിരുവിതാംകൂറിലെ ദിവാൻജിയെ സന്ദർശിക്കുന്നതിനു അനുവാദം കിട്ടണമെന്നു തിരുവിതാംകൂറി ലെപത്രപ്രവർത്തകന്മാർ എല്ലാപേരുംകൂടി ആവശ്യപ്പെട്ടു എന്നുള്ള വസ്തുതയെസംബന്ധിച്ചു അറിഞ്ഞുകൂടയോ?

മി. ടി. സി. കേശവപിള്ള (കൽക്കുളംവിളവങ്കോട്): എനിക്കറിഞ്ഞുകൂടാ.

മി. എസ്. പിരവിപ്പെരുമാൾപിള്ള(വാണിജ്യവ്യവസായസംഘങ്ങൾപ്രതിനിധികൾ): അവർ നിയമനിർമ്മാണസഭാ മെമ്പന്മാരിൽ ആരോടെങ്കിലും അവരെ നയിക്കണമെന്നു ആവശ്യപ്പെട്ടുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള(ചിറയിൻകീഴ്): ഉവ്വ്.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അതെപ്പറ്റിയും എനിക്കറിഞ്ഞുകൂടാ.

അതുകൊണ്ടു കൂടുതൽകാലം ഒഴിഞ്ഞുകിടക്കുന്നതായി കാണുന്ന, ഒരു കൂട്ടമെമ്പർ സംസ്ഥാപിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റു മെമ്പന്മാർ എല്ലാപേരുമായോജിക്കുന്നതുവളരെ അസുലഭമായിട്ടുള്ള ഒരു സംഗതിയാണു്. അതിനെ വിപരീതപ്പെടുവാൻ വളരെ പ്രയാസമാണു്. ഭൂരിപക്ഷം വഴി കാര്യത്തെന്നതുകൊണ്ടു നാം ആ വഴിയെതന്നെകണ്ണും അടച്ചുപോകണമെന്നും അതുപോലെ ആകുന്നില്ല. ആ സംഗതിയുടെ നന്മതിന്മകളെയുംപറ്റി നാം ഗാഢമായി ആലോചിച്ചുനോക്കേണ്ടതാണു്. അടുത്തയോഗത്തിലോ അടുത്ത മറ്റൊരുതവണയിലും കാലത്തോളം ഇതെപ്പറ്റി ഭൂരിപക്ഷമായി നാം ആലോചിക്കുന്നതായിരിക്കുമെന്നു തിരുവിതാംകൂറിലെ എല്ലാ വർത്തമാനപത്രങ്ങൾക്കുംകൂടി ഉറപ്പുപറഞ്ഞുകൊള്ളുന്നതുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രതികരണ വർത്തമാനപത്രങ്ങളുടെ പത്രാധിപന്മാരുടെ പ്രതികരണം മാത്രമാണെന്നാണോ മെമ്പറിന്റെ വിചാരം?

മി. ടി. സി. കേശവപിള്ള(കൽക്കുളംവിളവങ്കോട്): ഇപ്പോഴത്തെനിലയ്ക്കു ഈ വിഷയത്തെസംബന്ധിച്ചു രണ്ടു പത്രാധിപന്മാർ മാത്രമേ അഭിപ്രായം പറഞ്ഞിട്ടുള്ളൂ. അതിനാൽ ഞാൻ ഈ പ്രമേയത്തിനു അനുകൂലമായി വോട്ടുചെയ്യണോ അതിനെ എതിർക്കണമോ അതല്ല മിണ്ടാതിരിക്കണോ എന്താണു ചെയ്യേണ്ടതു എന്നറിയാതെ ഇതികർത്തവ്യതാമൂഢനായിരിക്കയാണ്. ഇപ്രകാരം ഞാൻ എന്റെ അഭിപ്രായത്തെ ഇവിടെ വിവരിച്ചുപറഞ്ഞുകഴിഞ്ഞു. മി. നീലകണ്ഠപ്പിള്ളയോടു ഇവയെപ്പറ്റി വേണ്ടപോലെ ആലോചിക്കണമെന്നു

ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. മേലാൽ ഈ വിഷയത്തിലേക്കുള്ള ഞാൻ നിങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നതല്ലെന്നു വിചാരിക്കുന്നു. പണ്ഡിതപണ്ഡരായിരിക്കുന്ന യോഗ്യന്മാരായ അംഗങ്ങളെ മാത്രമേ അനാവശ്യമായി ഞാൻ ഉപദ്രവിക്കുന്നുള്ളൂ. നിയമസഭയിലെ നടപടിക്രമം പുസ്തകത്തിൽ പ്രസിദ്ധം ചെയ്യുന്നതിൽനിന്നു ആർ. കേശവപിള്ള എന്നുള്ള പേരിനുപകരം പി. എസ്. മഹമ്മദ് എന്നു എഴുതിക്കണ്ടുന്നതുകൊണ്ടല്ലാ.

മി ആർ. രാമൻപിള്ള (കോട്ടയം) യോഗ്യന്മാരായ പണ്ഡിതന്മാരുടെ മിസ്സ് പറയാമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവകോടും); അതു പറയാൻ സാധിക്കും.

ഇതും പറഞ്ഞുകൊണ്ടു ഞാൻ എന്റെ അസാന്നിദ്ധ്യത്തെ പുനഃപ്രാപിച്ചുകൊള്ളുന്നു. പക്ഷെ രണ്ടിച്ചു മിനിട്ടായപ്പോൾ ലഘുഭക്ഷണത്തിനായി പിരിഞ്ഞു വീണ്ടും സഭകൂടി.

മി. ജി. പി നീലകണ്ഠപ്പിള്ള (കുന്നംതെപ്പുള്ളി): സർ, മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഇതേപോലെയുള്ള വേറെ പ്രമേയം ഞാനും അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. ഇന്നു നമ്മുടെ സ്റ്റാറ്റ്യൂട്ട് പുസ്തകത്തെ അലങ്കോലപ്പെടുത്തുന്ന ഈ വ്യത്തികെട്ട നിയമത്തെ റദ്ദുചെയ്യേണ്ടതിനുള്ള അത്യന്താപേക്ഷിതകതയെ സംബന്ധിച്ചു ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു മിസ്റ്റർ നീലകണ്ഠപ്പിള്ളക്കു മറ്റൊരാളിലും മെമ്പറിനും വല്ല ബുദ്ധിമുട്ടും ഉണ്ടാകുമെന്നു ഞാൻ ആരംഭത്തിൽ അല്പവും വിചാരിച്ചില്ല. അങ്ങനെയുണ്ടാവാൻ മെമ്പറന്മാരിൽ ചിലർ ഈ പ്രമേയത്തെ എതിർക്കുന്നതായിക്കണ്ടതിൽ എനിക്കു വളരെ അതിശയമായിത്തന്നെ തോന്നുന്നു. എന്നാൽ അവരുടെ അഭിപ്രായത്തെ സംശയിക്കുന്നതിനുള്ള യാതൊരു വാദവും അവർ പുറപ്പെടുവിച്ചിട്ടില്ല എന്നുള്ളതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഇപ്പോഴുള്ള നിയമത്തെ മാറ്റേണ്ട ആവശ്യമുണ്ടെന്നുള്ളതിനെ സംബന്ധിച്ചു കൂടുതലായുംകൂടെപ്പറയേണ്ടതായ ഒരാവശ്യമുണ്ടെന്നുള്ളതിനു യാതൊരു സാദ്ധ്യതയുമില്ല. അവർ ഒരു മാറ്റം നിഷ്ഫലമാക്കിത്തീർക്കുന്നതിനും എഴുന്നേറ്റതിനും ഉള്ള സ്വാതന്ത്ര്യം പ്രാഥമികലക്ഷണങ്ങളിൽ ഒന്നാണ്. ഇങ്ങിനെയുള്ള പ്രജാതന്ത്രം എന്നുള്ളതിനെപ്പറ്റി ചിന്തിപ്പാൻപോലും നിവൃത്തിയില്ല. ഈ റഗ്ലേഷൻ നടപ്പിൽവരുത്തിയ വിഷയത്തിൽ ഉത്തരവാദികളായിരുന്നിട്ടുള്ളവർക്കു ഈ മൂഢതത്വം അറിയാൻപാടില്ലായിരുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, അപ്പോൾ സ്വാഭാവികമായി ഇങ്ങിനെയൊരു ചോദ്യംചോദിക്കാൻ ഇടയുണ്ട്, ഇങ്ങിനെയൊരു റഗ്ലേഷൻ നടപ്പാക്കേണ്ട ആവശ്യംവല്ലതും ഉണ്ടായിരുന്നോ എന്നുള്ളതാണ് ആ ചോദ്യം. ഇങ്ങിനെ അസാധാരണമായ പ്രവൃത്തിചെയ്യുന്നതിനു ഗവണ്മെണ്ടിനെ പ്രേരിപ്പിച്ച ആവശ്യം എന്തായിരിക്കാം? സർ, തിരുവതാംകൂർകാരായ നാം നമ്മുടെ രാജ്യകേസിക പ്രത്യേകം ശ്രദ്ധിച്ചിട്ടുള്ളവർ അല്ലെങ്കിലും അതു നമുക്കു ജനനംമുതൽതന്നെ സിദ്ധിച്ചിട്ടുള്ള ഒരു ഗുണംപോലെയാണ്. ഈശ്വരശക്തിയും രാജശക്തിയും ഇല്ലായിട്ടുള്ളവരായാണ്, നമ്മെയും പിതൃനിർവിശേഷമായ സ്നേഹത്തോടും വത്സല്യത്തോടുംകൂടിതന്നെ രക്ഷിച്ചുപോന്നിരുന്ന ഏറ്റവുമുന്നതന്മാരായ സ്വാമിയുമില്ല. മനുഷ്യരായിരിക്കുന്നിടയിൽ സംസാരിക്കുന്നതു നമ്മുടെസഹജീവിതത്തോടു മര്യാദയായി പെരുമാറുന്നതും നമ്മുടെ സ്വഭാവം ആണ്. ധർമ്മം നമ്മുടെ കുലദൈവതവും ആണ്. സർ, അതിനാൽ ഈ നിയമത്തിൻകീഴ് പ്രയത്നക്കാർക്കും ഈ റഗ്ലേഷൻ നടപ്പാക്കിയകാലത്തുള്ള അവരുടെ നിലയെ സംശുദ്ധരിക്കേണ്ടതായിരുന്നു. ഈ കൗൺസിലിന്റെ അധികാരത്തെ തീരുമാനം അപഗ്രഥിച്ചിട്ടാണ് ഈ റഗ്ലേഷനെ നടപ്പിൽ വരുത്തിയിട്ടുള്ളതു്. ജനങ്ങൾക്കു ഇപ്പോഴത്തെ ഒരു റഗ്ലേഷൻ നടപ്പിൽവരുത്തണമെന്നു അഭിപ്രായം ഉണ്ടായിരുന്നുവെങ്കിൽ അതിനൊ സ്വാതന്ത്ര്യമായി ഈ സഭയിൽനിന്നു അഭിപ്രായപ്പെടുത്തിച്ചു ഈ സഭയിലായിരുന്നു അതിനെ പാസാക്കുകയും ചെയ്യാമായിരുന്നു. ഗവണ്മെണ്ടിനു അവരുടെമാത്രം തോന്നുന്ന അനുകൂലമായി പോട്ടെയെന്നുള്ളതുകൊണ്ടു ഈ സഭയിൽ ഭൂരിപക്ഷം അംഗങ്ങളെ ഭരിക്കുന്നതല്ല എന്നുള്ള ഒരു ഭയം ഉണ്ടായിരുന്നു എന്നുള്ളതുകൊണ്ടല്ലാതെ ഇപ്രകാരം ഗവണ്മെണ്ടിന്റെ പ്രവർത്തിച്ചതിനു സമാധാനമായി മറ്റു യാതൊന്നുപറയുന്നതായി ഞാൻ കാണുന്നില്ല. ഈ റഗ്ലേഷനിലെ ചില വ്യവസ്ഥകളിൽനിന്നിതെന്നെ ഇതിനിടം പ്രധാനലക്ഷണങ്ങളിൽ ചിലതു ഈ റഗ്ലേഷനെപ്പോലെതന്നെ അപ്രത്യക്ഷവും അനാവശ്യവും ആണെന്നു മനസ്സിലാക്കുമെന്നുള്ളതുകൊണ്ടു, കൗൺസിലിലുള്ള പീസിമെൻറെയും നഷ്ടപ്പെടുത്തുന്നതിനുള്ള അവകാശം ഗവണ്മെണ്ടിനു തന്നെത്താൻ എടുത്തിരിക്കുകയാണ്. കൗൺസൻസ്ഫീസിനെപ്പറ്റി സംബന്ധിച്ചു പ്രതിപാദിക്കുന്ന വകുപ്പു നാലും വകുപ്പാണ്, അതിൽ ഗവണ്മെണ്ടിനു ഒരു തരത്തിലും പേടിക്കുവാനില്ല. കൗൺസൻസ്ഫീസ് വേണ്ടിവരുമ്പോലെ നിശ്ചയിക്കുന്നതിനുള്ള അധികാരത്തെ ഗവണ്മെണ്ടുതന്നെ സ്വയംഏറ്റെടുത്തിരിക്കയാണ്.

ഈ റഗ്ലേഷൻ നടപ്പാക്കിയതിനുശേഷം തുടങ്ങിയിട്ടുള്ള എല്ലാ പത്രങ്ങൾക്കും കൗൺസൻസ്ഫീസായി ഒരു തുകയാതൊരു ഈടാക്കിയിട്ടുള്ള എന്നു ലാകമ്പർ പറകയുണ്ടായല്ലോ.

മി. കുട്ടിയം പരമേശ്വരൻപിള്ള (അഡിക്കനൽ ഷെഡ്സക്രട്ടറിക്കീഴ്): ഈനമായി തുടങ്ങിയിട്ടുള്ള എല്ലാ വർത്തമാനപത്രങ്ങൾക്കുമാത്രമാണ്.

മി. ജി. പി നീലകണ്ഠപ്പിള്ള (കുന്നംതെപ്പുള്ളി): അതെ, ഈ റഗ്ലേഷൻ നടപ്പാക്കിയതിനുശേഷം പുതുതായി തുടങ്ങിയിട്ടുള്ള എല്ലാ വർത്തമാനപത്രങ്ങൾക്കുംതന്നെ കൗൺസൻസ്ഫീസ് കൂടുന്നതിനുള്ള അധികാരം ഗവണ്മെണ്ടു തങ്ങളുടെ കൈ വശംവച്ചിട്ടുണ്ടു.

ഈ റഗ്ലേഷൻ അനുസരിച്ചു ശിക്ഷിക്കാവുന്ന കുറ്റങ്ങളെപ്പറ്റി ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതും (എ), (എ), (ബി), (സി) ഈ ഉപവകുപ്പുകളിൽപറഞ്ഞിരിക്കുന്ന കുറ്റങ്ങൾക്കു ശിക്ഷാനിയമത്തെ അനുസരിച്ചും ശിക്ഷാർഹമായിട്ടുള്ളവയാകുന്നു. അതുകൊണ്ടു ഈ റഗ്ലേഷൻമൂലം ഗവണ്മെണ്ടു സാധിച്ചിട്ടുള്ളതു നീതിന്യായക്കോടതികളുടെ പുരോഗതികളിൽ അവർ കൈകടത്തി എന്നുള്ളതുമാത്രമാണ്.

ലാകമ്പറും ഈ പ്രമേയത്തെ എതിർത്തു. ഈ സഭയിലെ മറ്റംഗങ്ങളും പുറപ്പെടുവിച്ച ഒരേ വാദം ഈ റഗ്ലേഷൻ നടപ്പിൽവരുത്തിയകാലത്തു ചില വർത്തമാനപത്രങ്ങളിൽ അനുകൂലമായ ചില ലേഖനങ്ങൾ പേരസ്സുപ്പെടുത്തിയിരുന്നുഎന്നും അന്യപത്രങ്ങൾ അതുപ്രതിഷേധത്തെ ചെയ്യാതെയിരിക്കണമെന്നുവിചാരിച്ചു ഇങ്ങിനെ ഒരു റഗ്ലേഷൻ പാസാക്കുന്നതിനു ഗവണ്മെണ്ടു നിർബന്ധിതരായിഎന്നതുകൊണ്ടു ഈ റഗ്ലേഷൻ പാസാക്കിയകാലത്തു നടപ്പിൽ ഇതുപോലെയുള്ള കുറ്റക്കാരെ ശിക്ഷിക്കാൻ നിവൃത്തിയില്ലായിരുന്നുഎന്നു

ധാരണയോടെ യാഥാർത്ഥ്യമാക്കുന്നതിനു സ്ഥാപിക്കുവാൻ ശ്രമിക്കുകയുണ്ടായി. സർ, ഇതു ഞങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. പീനൽകോഡനുസരിച്ചാണ് ഈ വഞ്ചനാപരാധങ്ങളുടെമേൽ കേസെടുത്തതും അവയുടെ അധിപരോടു ശിക്ഷിച്ചതും. പീനൽകോഡിൽതന്നെ ഇതിലേക്കുവേണ്ട വകുപ്പുകൾ ഉണ്ടായിരുന്നുസ്ഥിതിക്കു ഇങ്ങിനെയൊരു റഗുലേഷൻ പാസാക്കേണ്ടതുവശ്യം എന്തായിരുന്നുഎന്നു മനസ്സിലാക്കുന്നില്ല. മാനസന്തുകരമായ വേഷങ്ങൾ ചെയ്തുകൊണ്ടു പരസ്യംചെയ്യുന്നതായിരുന്നാൽ ഒരു പരുത്തിക്കച്ചവടക്കാരൻ കൈസൻസ് വച്ചുചെയ്യുകയാവുന്നതാണെന്നു രണ്ടാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നു. ശിക്ഷാനിയമം 420–ാം വകുപ്പനുസരിച്ചു ശിക്ഷിക്കാവുന്ന ഒരു കുറ്റമാണ് ഇത്. ഇതുകൊണ്ടു പൊതുജനങ്ങൾക്കു ഒരുമാതിരി രക്ഷനൽകുകമാത്രമാണ് ചെയ്യുന്നത് ഈവർ കോടതിയിൽപോകേണ്ട ആവശ്യംമില്ല, പരാതി ക്രോസ്ചെയ്യുകയുള്ള ചെലവുംവേണ്ട. പ്രതിക്കു തന്റെ പ്രവൃത്തിയെ സാധൂകരിക്കുന്നതിനുള്ള അവസരവും നഷ്ടപ്പെടുന്നില്ല. മാനസന്തുഷ്ടിനുവേണ്ടി ഒരു പരാധിപരുടെമേൽ കേസെടുക്കുമ്പോൾ അയാൾക്കു പല കാരണങ്ങൾകൊണ്ടും ന്യായമായ സമാധാനങ്ങൾ പറഞ്ഞുബോധിപ്പിക്കാവുന്നതുമാണ്. ഇതിനു യാതൊരു സംശയവും ഇല്ല. വഞ്ചനാപരാധങ്ങളുടെ ഉടമസ്ഥന്മാർക്കു അധികാരികൾക്കും ഈ അവകാശം നിഷേധിക്കപ്പെട്ടിരിക്കയാണ്. സാധാരണയായി അപാസ്യവപ്രയോഗങ്ങളെ പരസ്യംചെയ്യുന്നതായിരുന്നാൽ അപ്രകാരം പരസ്യംചെയ്യുന്ന പരുത്തിക്കും അങ്ങിനെചെയ്യുന്ന പരസ്യങ്ങൾക്കു ഉത്തരവാദികളായിതീരുന്നതാണെന്നു നാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നു. പരുത്തിപഞ്ഞിക്കും പരുത്തുടമസ്ഥനോടും അനുമതിയുടെ പരുത്തിൽ പ്രസിദ്ധംചെയ്യിക്കുന്ന വേഷനത്തിൽ അടങ്ങിയിരുന്ന സംഗതി പരമാർത്ഥമാണെന്നു തെളിയിക്കുന്നതിനുപായമുള്ള അവകാശം നിഷേധിക്കപ്പെട്ടിരിക്കയാണ് ചെയ്യുന്നത്. ഈവിധത്തിൽ തിരിനൂലുകൊണ്ടുള്ള അധികാരത്തെ നൂൽനിർവഹണസമിതി അപഹരിച്ചിരിക്കുന്നതായി തെളിയുന്നു. ഗവർമ്മെന്റിന്റെ ഏതെങ്കിലും പ്രവൃത്തിയെ സംബന്ധിച്ചു ന്യായമായി നിരൂപണംചെയ്തിട്ടുള്ള ഏതെങ്കിലും പുസ്തകത്തിനോ പത്രത്തിനോ നൂൽനിർവഹണസമിതിക്കു വല്ലപ്രതിരോധവും തോന്നുന്നപക്ഷം ആ പുസ്തകത്തിന്റെ അച്ചടിക്കാരനെതിരായി കേസെടുത്തു അതിനെ ശിക്ഷിക്കാവുന്നതുമാകുന്നു. ഇതിനെ സംബന്ധിച്ചു ഹൈക്കോടതിയിലേക്കു ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണെന്നു മാന്യമന്ത്രിമാർ പറയുകയുണ്ടായി. സർ, റഗുലേഷനിലെ വ്യവസ്ഥയിലുള്ളതാകുന്നു. കുറ്റക്കാരനു, അതായതു കുറ്റക്കാരൻ എന്നു നിശ്ചയിൽനിന്നും നിശ്ചയിച്ചിരുന്ന ആളിനു ഗവർമ്മെന്റിന്റെ വിധിയെസംബന്ധിച്ചു സങ്കടമോന്നു പക്ഷം അപ്രകാരം ഗവർമ്മെന്റിനെറുമ്പോകെ ഹർജി ബോധിപ്പിക്കാവുന്നതുമാണ്. ഗവർമ്മെന്റിൽനിന്നും മുമ്പു ചെയ്തിട്ടുള്ള ഉത്തരവിനെ റദ്ദുചെയ്യാത്തപക്ഷം ആ ഹർജിയും കോടതിക്കു അയച്ചുകൊടുക്കേണ്ടതും അതേസംബന്ധിച്ചു ഫൈക്കോടതിക്കു വാദം കേൾക്കാവുന്നതുമാകുന്നു. ഈ റഗുലേഷൻ പാസാക്കിയതിനുശേഷം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ വഞ്ചനാപുസ്തകത്തിന്റെ ഒരു പ്രതിയെപറ്റിക്കുടി അവർക്കു ആ അവസരത്തിൽ ആലോചിക്കാവുന്നതാകുന്നു. ഒരുപുസ്തകത്തിൽ പ്രസിദ്ധംചെയ്യുന്ന ഏതൊരുസംഗതിയും ഗവർമ്മെന്റിനു തോന്നുന്നപക്ഷം ശിക്ഷാർഹം ആക്കുന്നതിനു സാധിക്കുമെന്നുള്ളതാകുന്നു. യാതൊരുവിധസ്വാധീനവും നടത്തുന്നില്ല. യാതൊരു വിധമായ തെളിവും എടുക്കുന്നുമില്ല. സാക്ഷികളേയോ കക്ഷികളേയോ വിസ്തരിക്കയോ ക്രോസ്ചെയ്യുകയുംചെയ്യുന്നില്ല. ന്യായമായവിധത്തിൽ പ്രതിയെ വിസ്തരിക്കുന്നുമില്ല. കുറ്റംചെയ്യുവാൻ സംശയിക്കപ്പെടുപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇതിനെ ഒരുമാതിരി ഇതിനു മുമ്പേതന്നെ തീരുമാനിച്ചിട്ടുള്ളതുമാകുന്നു. ഇപ്രകാരം അനിയന്ത്രിതമായി യാതൊരു സാമ്യവുംഇല്ല. താൽത്കാലത്തിനു തീരെ അസംബന്ധമായിരിക്കുന്നു. ഇപ്പോൾ കൊച്ചുകൊടൻറപേരിൽ കേസ് എടുത്തുകഴിഞ്ഞു. അയാൾ കുറ്റക്കാരനാകുന്നതുകൊണ്ടു ശിക്ഷിക്കയും ചെയ്തുകഴിഞ്ഞിരിക്കുന്നു. പിന്നീടു അതേസംബന്ധിച്ചു ഒരു പുനർവിചാരണക്കു മാത്രമേ അവകാശമുള്ളു. യാതൊരുവിധമായ തെളിവും എടുക്കുന്നില്ല. കുറ്റക്കാരനു ഈ റഗുലേഷൻ പാസാക്കിയതിനുശേഷം പ്രസിദ്ധംചെയ്തിട്ടുള്ള ഈ പത്രത്തിന്റെ ഒരു പ്രതി കൈവിൽ കരുതുന്നതിനുമാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഒടുവിലത്തെ വകുപ്പനുസരിച്ചു, അതായതു 4 ഉം വകുപ്പനുസരിച്ചു ഗവർമ്മെന്റിന്റെ തീരുമാനത്തെ സംബന്ധിച്ചു ഒരു നീതിന്യായകോടതിയിലും ചോദ്യംചെയ്യുന്നതിനുള്ള അധികാരം കുറക്കാരനു നൽകപ്പെട്ടിട്ടില്ല ആ വകുപ്പിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു

"ഈ റഗുലേഷൻ അനുസരിച്ചു പാസാക്കപ്പെട്ടുന്ന യാതൊരു ഉത്തരവും യാതൊരു നടപടിയും ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കനുസരണമായ വിധത്തിലല്ലാതെ മറ്റു യാതൊരുപ്രകാരത്തിലും യാതൊരു നീതിന്യായകോടതിക്കും ചോദ്യംചെയ്യാൻ പാടുള്ളതല്ല."

സർ, നമ്മിൽ ഭൂരിഭാഗത്തിനുള്ള വിശ്വാസത്തിന്റെയും ബോധ്യത്തിന്റെയും ബലമായിട്ടാണ് ഈ നിയമത്തിനാവിഷയത്തിലെ ക്ലിപ്തമായ അധികാരങ്ങളും അവകാശങ്ങളും നൽകുന്നതും ഭരണത്തെ മുൻനിറുത്തിനെ വ്യയംചെയ്യുന്നതിനെസംബന്ധിച്ചു ചോദ്യംചെയ്യുന്നതിനുള്ള അധികാരവും ഛേദിച്ചുചെയ്യുന്നതായ ഈ നിയമനിർമ്മാണസഭ രൂപീകരിക്കപ്പെട്ടതു എന്നാണു ഞാൻ പറയുന്നത്. പ്രസ്തുതസംഗതിയിൽ ഞങ്ങൾക്കുള്ള ഈ അവകാശത്തെ ഞങ്ങളിൽനിന്നും എടുത്തുകളയുകയും അങ്ങിനെ ഈ കൗൺസിലിന്റെ അധികാരാവകാശങ്ങളെ കുറയ്ക്കുകയും ചെയ്യുന്നതിൽ ഞങ്ങൾക്കു അതിനാൽ അതിയായ മനസ്സംപമുണ്ട്. സർ, പ്രമേയം പാസാക്കപ്പെട്ടു എന്നതു പാസാക്കപ്പെട്ടിട്ടില്ല എന്നും വരാം. സർ, അഥവാ ഇതു ഈ കൗൺസിലിൽ പാസാക്കപ്പെടുന്നപക്ഷം തന്നെയും ഗവർമ്മെന്റിനും അതിനെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുകയെന്നും ഞങ്ങൾക്കു വലിയ വിശ്വാസം ഒന്നുമില്ല. ഈ സഭയിൽ പാസാക്കപ്പെട്ടിട്ടുള്ള മറ്റു പ്രമേയങ്ങളുടെ ഗതിതന്നെയേ ഇതിനും ഉണ്ടാകുവാൻ ഇടയുള്ളു. എന്നാൽ അതെങ്ങിനെയിരുന്നാലും തിരുവിതാംകൂറിലുള്ള പ്രജകളുടെ ന്യായമായ അധികാരവകാശങ്ങളിൽ അനാവശ്യമായി കൈകടത്തുന്നതായ ഈ നിയമത്തെ തിരുവിതാംകൂർകാർ ആസകലം എതിർക്കുന്നു എന്നുള്ള ഞങ്ങളുടെ അഭിപ്രായത്തെ ഈ വിഷയത്തെസംബന്ധിച്ചിടത്തോളം ഇവിടെ മേശപ്പുറത്തുവെക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടിയാണു ഞങ്ങൾ ഇപ്പോൾ ഇതിനു ഉദ്യമിച്ചിട്ടുള്ളത്. ഈ കാരണങ്ങളോടു ഞാൻ ഈ പ്രമേയത്തെ ബഹുമതിയോടെ പിൻതാങ്ങിക്കൊള്ളുന്നു.

മി. മാത്യു മുരിക്കൻ (മൈലകം): ഞാനും മിസ്റ്റർ കെ. പി. സഖറിയുള്ളിപ്പെട്ട അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ അനുകൂലിച്ചുകൊള്ളുന്നു.

ഇതുമുടഞ്ഞതായ ഈ റഗുലേഷനിലെ ഉച്ചനീചത്വം ഈ വകുപ്പിൽ ആണ പ്രത്യക്ഷപ്പെട്ടുകാണുന്നത്. ഇതെപറ്റി പ്രതിപാദിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഈ തിയമത്തെ തിരുവിതാംകൂറിലെ സ്റ്റാറ്റ്യൂട്ട ബുക്കിൽനിന്നും നീക്കുന്നതിനുള്ള കാലം ആയിക്കഴിഞ്ഞിരിക്കുന്നു എന്നു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള തന്റെ മിനിട്ടിൽ രേഖപ്പെടുത്തിയതുകണ്ടു. എന്നാൽ എന്റെ മന്ത്രിസ്നേഹിതനായ മാരേമ്പർ ഈ നിയമത്തെ സ്റ്റാറ്റ്യൂട്ടപുസ്തകത്തിൽനിന്നും നീക്കംചെയ്യുന്നതിനുള്ള കാലം ഒട്ടുംതന്നെ ആയിട്ടില്ല എന്നു തെളിയിക്കാൻ ശ്രമിക്കുകയുണ്ടായി. ഇതാണതാനിന്നതെന്നു ഈ സഭയിലെ മെമ്പരന്മാർക്ക് ഇങ്ങിനെ പറയുന്നതിനു വാതടസ്ഥം ഉണ്ടെന്നു സ്ഥാപിക്കുന്നോണം ശ്രമിച്ചത്, രണ്ടുകാര്യത്തോടുംമുമ്പു മുമ്പിലത്തെ കൌൺസിലിൽവച്ചു ഇതേസംബന്ധിച്ചു പൂർണ്ണമായി വാദപ്രതിവാദം നടത്തിയിട്ടുണ്ടെന്നു സൂചിപ്പിച്ചിട്ടുണ്ടെന്നാണ് എനിക്കു തോന്നിയത്. അതേവിഷയത്തെപ്പറ്റിത്തന്നെ ഇപ്പോൾ വീണ്ടും വാദപ്രതിവാദംചെയ്യുന്നതിനു ഈ സഭയിലെ അംഗങ്ങൾക്കു വാതടസ്ഥം പോലെ എന്തൊ ഉണ്ടെന്നു അദ്ദേഹം പറഞ്ഞതായി ഞൻ ഗ്രഹിക്കുന്നു. കഴിഞ്ഞ നിയമസഭയിലെ മെമ്പരായിരുന്ന ഈ പ്രമേയത്തെ അവതരിപ്പിച്ച മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയെ സംബന്ധിച്ചിടത്തോളം പോലും യാതൊരു വാതടസ്ഥവും ഉള്ളതായി പറയാൻപാടില്ല എന്നാണു എനിക്കു തോന്നുന്നത്. ആ സ്ഥിതിക്കു വാതടസ്ഥം എന്നുള്ള സംഗതി ബഹുമാന്യപ്പെട്ട മാരേമ്പരം അദ്ദേഹത്തിന്റെ യുക്തിയിൽ യാതൊരുപ്രകാരത്തിലും സഹായിക്കുന്നില്ല. പുതുതായി ചില വർത്തമാനപത്രങ്ങളിൽ പ്രസിദ്ധംചെയ്തിരുന്ന ഏതാനും ലേഖനങ്ങൾ ശ്രദ്ധിക്കുന്നതിൽ മാരേമ്പർ പ്രത്യേകം ശ്രദ്ധപതിപ്പിച്ചിട്ടുള്ളതായി കാണുന്നു. ഈ സമാംഗങ്ങളുടെ ഇടയിൽ ഇളക്കിവിടുന്നതിനും വർത്തമാനപത്രങ്ങളുടെ അധിപന്മാരെ ശിക്ഷിക്കുന്നതിനു കഠിനമായ വല്ല നിയമങ്ങളും അത്യന്താപേക്ഷിതമായിരിക്കുന്നു എന്നുള്ള സംഗതി സമാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും ബഹുമാന്യനായ അദ്ദേഹം ആ ലേഖനങ്ങളെ ഈ സഭയിൽ വായിച്ചുകേൾപ്പിക്കുന്നതിനും യത്നിച്ചതു മതിയും കാണുന്നില്ല. അദ്ദേഹം ഈ സഭയിൽ വായിച്ചുകേൾപ്പിച്ച ലേഖനം വളരെ നീചരീതിയിൽ എഴുതപ്പെട്ടിട്ടുള്ള ഒന്നാണെന്നു എനിക്കും ബോദ്ധ്യമായി. ആ ലേഖനകർത്താവിനെ എനിക്കു അറിഞ്ഞുകൂടായിരുപ്പാൻ യാതൊരു വഴിയും കാണുന്നില്ല. അയാളുടെ മനസ്ഥിതിയെയും ഞാൻ ബലമായി ആക്ഷേപിക്കുന്നതല്ലെന്നുചെയ്യുന്നു. അയാളുടെമേൽ കേസടുത്തു അയാളെ ശിക്ഷിച്ചുതിൽ ഞൻ ഗവണ്മെൻറിനെ ഫാർഗമായി അനുമോദിക്കുന്നു. ശക്തിയുള്ള ഏതു ഗവർമ്മെൻറും ഇങ്ങിനെതന്നെയാണു ചെയ്യുക. എന്നാൽ ഞാൻ മാരേമ്പരോടു ചോദിക്കുന്നതു വിചാരിക്കുന്ന ഒറ്റമാത്രയും ഇവിടെപറഞ്ഞ കേസുകളിലെ കുറ്റക്കാരോടുമേൽ നടപടിനടത്തിയതു ശിക്ഷാനിയമത്തിലെ വകുപ്പുകൾ അനുസരിച്ചോ അതല്ല വർത്തമാനപത്ര റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചോ ആയിരുന്നു എന്നുള്ളതാകുന്നു. അതിനാൽ ഫലപ്രദമായവിധത്തിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള പക്ഷം വർത്തമാനപത്ര റഗുലേഷൻ സ്റ്റാറ്റ്യൂട്ട് ബുക്കിൽ ഉണ്ടായിരിക്കേണ്ടതു അത്യന്താപേക്ഷിതമായിട്ടുള്ളതാണെന്നു മാരേമ്പർക്കു പറവാൻ സാധിക്കയില്ല. ഇങ്ങിനെയുള്ള കുറ്റക്കാരെ വെറുതെ വിടണമെന്നുള്ള ആഭിപ്രായക്കാരനല്ലെന്നാൻ. രാജ്യത്തിന്റെ പരിശുദ്ധിക്കുവേണ്ടിയുള്ള കുറ്റക്കാരെ വകുപ്പുകൊണ്ടിരിപ്പാൻ പാടുള്ളതുമല്ല.

മി. കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ സക്കാർ വക്കീൽ): ഇങ്ങിനെയുള്ള ഒരു പുതിയ വകുപ്പുകൂടെ ഇരിപ്പാൻ പാടുണ്ടോ?

മി. മാത്യു മുരിക്കൻ (തൊടുപുഴ): ഇതുപോലെ സാധാരണയായി എല്ലാ വർത്തമാനപത്രങ്ങളും ആക്ഷേപകരമായ ലേഖനങ്ങൾ പ്രസിദ്ധംചെയ്യുന്ന പതിവില്ല എന്നാണു ഇതെസംബന്ധിച്ചു എനിക്കു പറവാനുള്ളതു്. ഈ പ്രത്യേകപത്രമാനപത്രത്തെന്നയും എല്ലായിപ്പോഴും ഇങ്ങിനെയുള്ള ലേഖനങ്ങൾ പ്രസിദ്ധംചെയ്യുന്നതായിട്ടില്ല. വല്ലപ്പോഴും ഒരിക്കൽ പുതുതായിട്ടും ഒരു വർത്തമാനപത്രത്തിൽ ഇതുപോലെയുള്ള വല്ല ലേഖനങ്ങളും പ്രസിദ്ധംചെയ്തുഎന്നവരാം, അങ്ങിനെ പ്രസിദ്ധംചെയ്യുന്ന അവസരങ്ങളിൽ കുറ്റക്കാരെ വേണ്ടപോലെ ശിക്ഷിക്കേണ്ടതും അത്യപേക്ഷിതമായിട്ടുള്ളതുതന്നെ. അപ്രകാരമുള്ള സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിലേക്കായി പീനൽകോഡിലെ വകുപ്പുകൊണ്ടതന്നെ മതിയാകുമെന്നുള്ളതാണെല്ലാ.

മി കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷനൽ മെമ്പർ സക്കാർ വക്കീൽ): ലേഖകനേയോ പത്രാധിപരെയൊ ക്രിമിനൽ നടപടിനടത്തുന്നതിനു ഉതകുന്നതായി പീനൽകോഡിൽ ഉള്ള വകുപ്പു ഏതെന്നു ദയവുചെയ്തു ഒന്നു പറഞ്ഞുതന്നാൽകൊള്ളാം.

മി. മാത്യു മുരിക്കൻ (തൊടുപുഴ): ബഹുമാന്യപ്പെട്ട മാരേമ്പർ പുറപ്പെടുവിക്കുന്ന വാദങ്ങൾക്കു ശക്തി എനിക്കു നല്ലപോലെ മനസ്സിലാക്കുന്നില്ല. ഗവണ്മെൻറിനെ ഈ പത്രത്തിന്റെ നടത്തിപ്പിനെ തടയണമെന്നുള്ളപക്ഷം അപ്രകാരത്തെ ഉദ്ദേശത്തെ തണ്ടുകെട്ടി പത്രം നിർത്താമെന്നുള്ളതാകുന്നു. സമയം കഴിയുന്തോറും ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല എന്നും കുറ്റങ്ങൾഎല്ലാം ഒരുനിമിഷം കൊണ്ടു തീർക്കേണ്ടതായി വന്നുഎന്നും മാരേമ്പർ പറകയുണ്ടായി. ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ ഈ വിഷയത്തിൽ ബദ്ധശ്രദ്ധന്മാരായിരിക്കയും ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ ഈ വിഷയത്തിൽ ബദ്ധശ്രദ്ധന്മാരായിരിക്കുന്നുഎന്നും ഓരോ പത്രാധിപന്മാരെസംബന്ധിച്ചും പീനൽകോഡിലെ വകുപ്പുകളെ പ്രയോഗിക്കുന്നതിനു അവർ ബദ്ധശ്രദ്ധന്മാരായിരിക്കുന്നുഎന്നും ഓരോ കുറ്റക്കാരനും ബോദ്ധ്യംവരികയും ചെയ്യുന്നുഎങ്കിൽ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതായഫലം ഉണ്ടാകുമെന്നു എനിക്കു നല്ലനിശ്ചയമുണ്ട്. അതിനാൽ ഈ കുറവണത്തിലും വർത്തമാനപത്രറഗുലേഷൻ അത്യാവശ്യമായിട്ടുള്ള ഒന്നാണെന്നു വന്നുചേരുന്നില്ല.

പിന്നെയും എന്റെ സ്നേഹിതൻ വർത്തമാനപത്രറഗുലേഷൻ ഭേദഗതിപ്പെടുത്തുന്നതിനു ഇവിടെ പ്രസ്താവിക്കുണ്ടായല്ലൊ, ആ വകുപ്പിൽ എന്തുപറഞ്ഞിരിക്കുന്നുഎന്നു ഞാൻ ഇവിടെ വായിച്ചുകേൾപ്പിക്കാം.

"ഉ. ഈ റഗുലേഷൻ അനുസരിച്ചു ടൈസൻസുനൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും ഒരു വർത്തമാനപത്രത്തിൽ

(i) എഴുതിയിരിക്കുന്ന വാക്കുകളോ, അടയാളങ്ങളോ, കുണ്ടത്തക്കതായ ഉദ്ദേശത്തെങ്കിലും രേഖകളോടുമാം, നേരിട്ടോ, അല്ലാതെയോ, ഊഹംകൊണ്ടോ, സൂചനകൊണ്ടോ, ഉപമകൊണ്ടോ, ഉൽപ്രേക്ഷകൊണ്ടോ, വ്യംഗ്യാർത്ഥത്തിലോ മാറ്റൊരുപ്രകാരത്തിലോ

(എ) നമ്മുടെയോ നമ്മുടെ സർവ്വണ്ടന്റിന്റെയോതന്നെക്കാൾ അല്ലെങ്കിൽ ഇൻഡ്യാ ചക്രവർത്തി തിരുമനസ്സിലെയോ, ഇൻഡ്യയിൽ നിയമനടപടികളും നടപ്പാക്കിയിട്ടുള്ള ഏതെങ്കിലും സർവ്വണ്ടന്റിന്റെയോ നേരെയോ വിരോധമോ രാജ്യദ്രോഹമോ ആക്ഷേപമോ ജനിപ്പിക്കുന്നതിനു ഉദ്ദേശിക്കയോ അല്ലെങ്കിൽ

(ബി) തിരുവിതാംകൂറിലെ രാജകുടുംബത്തിലെ ഏതെങ്കിലും അംഗത്തിന്റെനേരെ വിരോധത്തിനോ ഹാസ്യത്തിനോ വല്ലായ്മക്കോ ഇടയാക്കുകയോ അല്ലെങ്കിൽ

(സി) നമ്മുടെ രാജ്യത്തിലുള്ള ഭിന്നജാതികൾ തമ്മിൽ മത്സരത്തിനോ വൈരത്തിനോ ഇടയാക്കുകയോ ചെയ്യുന്നതായോ

(ii) തിരുവിതാംകൂർ ശിക്ഷാനിയമം 124-A വകുപ്പനുസരിച്ചു ശിക്ഷാർഹമായ എന്തെങ്കിലും സംഗതി സാധാരണയായി പ്രസിദ്ധംചെയ്യുവരുന്നതായോ അല്ലെങ്കിൽ

(iii) കള്ളമായ വാർത്തകളെ സാധാരണയായി പ്രസിദ്ധംചെയ്യുകൊണ്ടിരിക്കുന്നതായോ

നമ്മുടെ സർവ്വണ്ടന്റിനെ ബോദ്ധ്യപ്പെട്ടാൽ പക്ഷം രാജകാര്യം പ്രവർത്തിക്കുന്ന വർത്തമാനപത്രത്തിന്റെ അച്ചടിക്കാരനും പ്രകടനാധിപതിയും ഇങ്ങിനെ പ്രസിദ്ധംചെയ്തിട്ടുള്ള വാക്കുകളെയോ അടയാളങ്ങളെയോ കാണത്തക്ക രൂപരേഖകളെയോ സംഗതികളെയോ സൂചിപ്പിച്ചോ വർണ്ണിച്ചോ നേരിട്ടോ അല്ലാതെയോ ആ പത്രത്തിനു നൽകിയിട്ടുള്ള ലൈസൻസിനെ നമ്മുടെ സർവ്വണ്ടന്റിനു റദ്ദുചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം റദ്ദുചെയ്യപ്പെട്ടശേഷം ക്രിമിനൽ തിരുവിതാംകൂർ പ്രസ്സ് റഗുലേഷനിലെ 9-ം വകുപ്പുകൾ അനുസരിച്ചു എഴുതിക്കൊടുപ്പിട്ടുള്ള ഡിക്ലറേഷൻ വിധിയില്ലാതായി തീരുമെന്നുള്ളതും ലൈസൻസിംഗ് സർവ്വണ്ടന്റിലേക്കു കണ്ടുകെട്ടപ്പെടുന്നതും ആകുന്നു.

വിചാരണം. ഈ വകുപ്പിന്റെ ക്രമം ഉപവകുപ്പിനോ (എ) പിരിവിനെസംബന്ധിച്ചിടത്തോളം തിരുവിതാംകൂർ ശിക്ഷാനിയമം 124-A വകുപ്പിലെ ക്രമം തന്നെ വിവരണങ്ങളോടുകൂടി ബോധകമായിരിക്കുന്നതായി മനസ്സിലാക്കപ്പെട്ടിട്ടുള്ളതാകുന്നു.

സർ, പിനൽകോഡിൽ 153-A വകുപ്പിൽ പറഞ്ഞിരിക്കുന്ന കുറ്റത്തിനു ചില സ്ത്രീകളെക്കൊണ്ടും കുറ്റക്കാരനാകുന്നതായി സംശയിച്ചു നടപടികൾ തുടങ്ങിയിട്ടുള്ള ഒരു പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനുള്ള ഒരു അവസരമെങ്കിലും നൽകാതിരുന്നാൽ അയാളുടെ പ്രവൃത്തിയെ എളുപ്പപ്രകാരത്തിൽ സാധൂകരിപ്പാൻ കഴിയും?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് ക്ലാസ് വക്കീൽ): ക്രിമിനൽകോടതിയിൽ വിസ്താരം ഉണ്ടല്ലോ.

മി. മാത്യു മുറിക്കൻ (ദെവക്കം): ക്രിമിനൽകോടതിയിലെ വിസ്താരം തെളിവുകൊടുപ്പാൻ സൌകര്യമോ സന്ദർഭമോ ഇല്ലാത്ത ഒന്നാണെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. കുറ്റക്കാരനാണെന്നു സംശയിച്ചിട്ടുള്ള ആൾ നിരപരാധിയാണെന്നു തെളിയിക്കുന്നതിലേക്കു യാതൊന്നും തെളിവും കൊടുക്കുന്നതിനു അയാൾക്കു സാധിക്കുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് ക്ലാസ് വക്കീൽ): ഞാൻ അങ്ങിനെ പറഞ്ഞുവോ? തെളിവിനെ നിരോധിച്ചിരിക്കുന്നു എന്നു കാണിക്കുന്നതിനു വർത്തമാനപത്രാധിപരുടെ ലക്ഷ്യത്തിൽ യല്ല ലക്ഷ്യവുണ്ടോ?

മി. മാത്യു മുറിക്കൻ (ദെവക്കം). തെളിവു കൊടുക്കാനുള്ളതിനു ലക്ഷ്യമായി വല്ല ദോഷവും ഉണ്ടോ? സർ, എന്റെ ഓർമ്മ ശരിയാണെങ്കിൽ തെളിവു എടുക്കുന്നതിനെ സംബന്ധിച്ചു വിശദമായി യാതൊരു വ്യവസ്ഥയും ഇല്ലാത്തപക്ഷം തെളിവു എടുക്കാൻ പാടില്ല എന്ന ഭാഗത്തിൽ ഉണ്ടായിട്ടുള്ള ഒരു വിധിയെപ്പറ്റി ഞാൻ ഓർമ്മിക്കുന്നുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് സ്ക്കാർ വക്കീൽ): "കേൾക്കുക" എന്നുവച്ചാൽ തെളിവിനേയും വാദങ്ങളേയും സംബന്ധിച്ചു പറയാനുള്ളതിനെ കേൾക്കുക എന്നാണു അർത്ഥം എന്നാണ് എനിക്കു തോന്നുന്നു.

മി. മാത്യു മുറിക്കൽ (ദെവക്കം): തെളിവു കൊടുക്കാനുള്ള സന്ദർഭവും സൌകര്യവും എവിടെ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ് സ്ക്കാർവക്കീൽ): കേസിനെപ്പറ്റി കേൾക്കുന്ന അവസരത്തിൽ പക്ഷം കുറ്റം ചെയ്തിട്ടില്ല എന്നുള്ളതിലേക്കു വേണ്ട തെളിവുകൾ നൽകാമല്ലോ?

മി. മാത്യു മുറിക്കൻ (ദെവക്കം): പത്രാധിപരുടെ ഉത്തരവാദിത്വത്തെപ്പറ്റി എന്തുപറയുന്നു?

മി. കയ്യാലം പരമേശ്വരൻ പിള്ള (അഡിഷനൽ ഫസ്റ്റ്സ്ക്കാർ വക്കീൽ): ആരെങ്കിലും അയക്കുന്ന എല്ലാ സംഗതിയും പ്രസിദ്ധം ചെയ്യുന്നുണ്ട്.

മി. മാത്യു മുറിക്കൽ (ദെവക്കം): ഒരുവൻ അയക്കുന്ന പരമാർത്ഥം ആയിരിക്കുമെന്നുള്ള ബോദ്ധ്യത്തോടുകൂടി പത്രാധിപർ അതിനെ പ്രസിദ്ധപ്പെടുത്തുന്നു. അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ അയാൾ കള്ളമായ വാർത്തകൾ പ്രസിദ്ധംചെയ്തു എന്നുള്ള കുറ്റത്തിനു അറസ്റ്റ് ചെയ്യപ്പെട്ടതായി കാണാം. അയാൾ നിരപരാധിയാണെന്നു തെളിയിക്കുന്നതിനു അയാൾക്കുള്ള സൌകര്യം എവിടെ?

മി. ഓ. പി രാമസുബ്ബയ്യർ (അസ്സിസ്റ്റന്റ് സർവ്വണ്ടന്റ് ചീഫ് മസ്ക്വിട്ടറി): "പതിവായി" എന്നതിനു വാക്കുകൂടി അവിടെ ഉള്ളതിനെ കമ്മീഷർ ദയവുചെയ്തു ശ്രദ്ധിക്കുമോ?

മി. മാത്യു മുറിക്കൻ (ദെവക്കം): ഉവ്വ്. അവിടെ പതിവായി എന്ന ഉപയോഗിച്ചിരിക്കുന്നതിനാൽ അർത്ഥവും എനിക്കു നല്ലപോലെ മനസ്സിലായിട്ടുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫസ്റ്റ്സ്ക്കാർ വക്കീൽ): തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങളുടെ പ്രതിനിധി എന്ന നിലയിൽ അവർക്കു അവാസ്തവപ്രസ്താവം ചെയ്യുന്നതിനുള്ള സൌകര്യം നിഷേധിക്കണമെന്നാണോ മേന്മേൽ ആവശ്യപ്പെടുന്നത്?

മി. മാത്യു മുഡിക്കൻ (കവെക്കം): ഞാൻ അങ്ങിനെയല്ല പറയുന്നതു. സാദ്ധ്യമെങ്കിൽ അവസ്ഥാപ്രത്യാപനം ചെയ്യുന്നതായ ഒരു പരിഹാരത്തെ ഞാൻ ബഹുമാനിക്കുകതന്നെ ചെയ്യും. അങ്ങിനെയുള്ള ഒരു വർത്തമാനപത്രത്തെ നാം ഒരിക്കലും പ്രോത്സാഹിപ്പിക്കരുതു. അതു ശരിസ്ഥിതിയിൽതന്നെ മേലാലും നടത്തിക്കൊണ്ടുപോകാനും നാം ഒരിക്കലും അനുവദിപ്പാൻ പാടുള്ളതല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവസ്ഥാപ്രത്യാപനം ചെയ്യുക എന്നുള്ള കുറെത്തിനു വർത്തമാനപത്രാന്വേഷൻ നടപ്പാക്കിയതിനുശേഷം വല്ലതെങ്കിലും വർത്തമാനപത്രത്തെ പ്രോസിക്യൂട്ടു ചെയ്തതായി മെമ്പർക്കു അറിവുണ്ടോ?

മി. മാത്യു മുഡിക്കൻ (കവെക്കം): ഒരു പത്രത്തെയും അങ്ങിനെ പ്രോസിക്യൂട്ടു ചെയ്തതായി എന്റെ അറിവിൽ കൊള്ളാമെന്നു ഞാൻ മാമെമ്പരോടു അപേക്ഷിച്ചുകൊള്ളുന്നു.

മി. തയ്യിലകത്തുകുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. രണ്ടുവർഷത്തിനു മുമ്പു പത്തു റഫറൻസുകൾ നടപ്പിൽ വന്നുടനെ ഇതുപോലെ തന്നെയാണു ഇതുകൊണ്ടാലിൽ നടക്കുകയുണ്ടായി. പത്തുപേർ സാമുദായികമായ ദിനനടവടിപ്പിച്ചു രാജ്യമാകപ്പാടെ അസ്വസ്ഥതയിൽ പതിപ്പിക്കുവാൻ ഭാവിക്കുന്നുവെന്നുള്ള പ്രജാക്ഷേമത്തെ സർവ്വപ്രകാരവുമുദ്ദേശിക്കുന്ന മഹാറാണി ദീർഘദർശിത്വമെന്നുള്ളതു കൊണ്ടു കല്പിച്ചുണ്ടാക്കിയ ആ ചട്ടം അപ്പോൾ ആവശ്യമായിരുന്നുവെങ്കിലും, അതു എപ്പോഴും അവശ്യമില്ലെന്നു കാണുന്നവരുമുണ്ടായിരുന്നു. അപ്പോൾ അതു നടപ്പാക്കുന്നതിനു ഭാഗികമായിട്ടെങ്കിലും ഒഴിവുണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഞാൻ ബഹുമാന്യ വോട്ടർമാരുടെ ഈ വിചാരിക്കുന്നതു്.

ഒരുകാലം പിടിപെട്ടാൽ ഈയുടുപ്പിക്കുന്നതായ മരുന്നുകളും സാമ്പത്തികമായ ക്ഷണസാധനങ്ങളും ഉപയോഗിക്കേണ്ടിവരുമല്ലോ. രോഗം മാറുമ്പോൾ ഇതിൽനിന്നെല്ലാം ഒഴിയുകയും ചെയ്യാം. അതുപോലെ ഈ പത്തുറഫറൻസുകളെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള നിയമങ്ങൾ ഏർപ്പെടുത്തുമ്പോൾ നിയമങ്ങൾ ഇത്തരത്തിലുള്ളതായിരിക്കുന്നതിനു ശ്രദ്ധിക്കുകയും വേണം. എപ്പോൾ ഈ നിയമം ആവശ്യം ഇല്ലെന്നു നേരത്തെന്നു അപ്പോൾ മഹാറാണിദീർഘദർശിത്വം അതിനെ റദ്ദുചെയ്യും. അതുകൊണ്ടു നാം തല്ക്കാലം ഈ പത്തുറഫറൻസിനെ സംബന്ധിച്ച യാതൊരു ആക്ഷേപവും പുറപ്പെടുവിക്കാതെ കല്പിച്ചുണ്ടാക്കിയിരിക്കുന്ന ശിരസ്സാവഹിച്ചു മഹാറാണിദീർഘദർശിത്വത്തിനു നമ്മുടെ രാജകീയവാത്സല്യത്തോടും നമുക്കുള്ളതെന്തിനെയെ പ്രത്യക്ഷപ്പെടുത്തണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു."

"തല്ക്കാലം" ഇതുണ്ടെന്റെ അന്നേരത്തെവാക്കു് (ചിരി).

പ്രജകളുടെ ക്ഷേമത്തെ സർവ്വപ്രകാരവും ദീർഘദർശനത്തോടുകൂടി ഉണ്ടാക്കിയിരിക്കുന്ന മഹാറാണി ദീർഘദർശനത്തിനു തിരുമനസ്സു് കൊണ്ടു ഉണ്ടാക്കിയ ചട്ടത്തെ ഉടനടിമാറ്റിക്കിട്ടണമെന്നപേക്ഷിക്കുന്നതു ശരിയല്ല. അവിടുന്നു അതു ആവശ്യമല്ലെന്നുള്ള വിചാരത്തോടുകൂടി ഉണ്ടാക്കിയ ചട്ടം കുറെക്കാലം നാം സഹിക്കേയും, പിന്നീടു അതു ആവശ്യമില്ലെന്നു കാണുന്ന പക്ഷം സങ്കടം പറയുകയും ചെയ്യാം. എന്നാൽ വാസ്തവത്തിൽ അന്നു അങ്ങിനെയൊരു ചട്ടത്തിന്റെ ആവശ്യം ഉണ്ടായിരുന്നു. വഴക്കുകൾ തമ്മിൽ കലഹിച്ചിരുന്ന സമയകാലങ്ങളും ഉണ്ടായിരുന്നു. പലപ്രാവശ്യങ്ങളും ചെയ്തിട്ടുണ്ടു്. അതിനെ ഇങ്ങിനെ ഒരു നിയമം മൂലം കുറെ കാലത്തേക്കെങ്കിലും മാറ്റി നിർത്തുന്നതു പക്ഷം പ്രവിടെ സമാധാനകലാപത്തിനു ഇടവരുമായിരുന്നു.

മി. പി. എസ്. മഹമ്മദ് (നിയമനിർമ്മാണസഭാംഗങ്ങൾ): അന്നു അങ്ങിനെ ഉണ്ടായിരുന്നപ്രശ്നങ്ങളുണ്ടായിരുന്നോ?

മി. തയ്യിലകത്തുകുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): ധാരാളം ഉണ്ടായിരുന്നു. നമ്മുടെ അടുത്തുകിടക്കുന്ന രാജ്യങ്ങളിലും അധികമുണ്ടായിരുന്നു. ഇപ്പോൾ അതുപോലെതന്നെയും ഏർപ്പെടുത്താവുന്നതാണു്. എന്നാൽ നമുക്കു അതിനെ വച്ചുകൊണ്ടിരിക്കുവാൻ സാധിക്കുകയില്ല. തല്ക്കാലം ജനക്ഷേമത്തിൻ അതു ആവശ്യമാണു്. ഇതെല്ലാം അന്നത്തെ എന്റെ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെയാണു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക, തെക്കൻ മെമ്പർ). മിസ്സസ് കുരുവിള ഇനി ഇവിടെ പ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തെ സംബന്ധിച്ചു മെമ്പറിനു എന്താണു പറവാനുള്ളതു്?

മി. തയ്യിലകത്തുകുഞ്ഞിരാമൻ (മൂവാറ്റുപുഴയും തൊടുപുഴയും): മലയാളത്തിൽ ചോദിച്ചാൽ ഉത്തരം പറയാം.

അതുകൊണ്ടു ഇപ്പോൾ ഈ നിയമത്തിൻറെ ആവശ്യം ഇല്ല. ഇനിമേൽ അവരുടെ ജീവനെക്കാളും പ്രധാനമായി കരുതുന്നതു സ്വാതന്ത്ര്യത്തെയാണ്. സ്വാതന്ത്ര്യത്തെ തടയുന്ന നിയമങ്ങൾ ജനാവലിയുടെ അഭിവൃദ്ധിക്കു വിഘാതമുണ്ടാക്കും. എന്നാൽ ജനങ്ങളുടെ ക്ഷേമകരമായ തടയുന്നവിധത്തിൽ ഉപയോഗിക്കുന്ന ഒരു സ്വാതന്ത്ര്യത്തെ തടയുകയുംവേണം. ഇപ്പോൾ പുരുഷൻമാർ അവരുടെ സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നു എന്നു പറയുവാൻ വിഷമമില്ല. ചിലപ്പോഴെല്ലാം വല്ലപ്പോഴും അമിതമായ സ്വാതന്ത്ര്യം പുറപ്പെടുവിച്ചിരുന്നെങ്കിലും ഒരുപക്ഷേ അവർ ഇപ്പോൾ ചെയ്യുന്നതുപോലെ അപകടകരമായിരുന്നില്ല. അതുകൊണ്ടു ഈ നിയമനിർമ്മാണം മഹാരാജാ റീജൻറ് തിരുമനസ്സിലെ ഗവൺമെൻറിനോട് ശുപാർശചെയ്യുന്ന ഈ പ്രമേയത്തോട് ഞങ്ങളിലധികഭൂരിപക്ഷത്തിൻറെ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു. പെൺപ്രജാപതിവന്നതിനുശേഷം പുരുഷൻമാരുടെ സ്വതന്ത്രമായ ശാന്തമായിട്ടുള്ളതുകൊണ്ടു ഭരണസംബന്ധമായി ഇങ്കിലീഷുകാരുടെ പ്രവൃത്തിയിൽ നിന്നു നിവൃത്തിയില്ലാത്ത നിരവധി ദുഃഖവിഷയത്തിൽ പല കാരുണ്യങ്ങളും നേരിട്ടിട്ടുണ്ട്. ഭരണാധികാരികൾ പക്ഷപാതമെന്നു സംശയിക്കുന്നവരല്ലല്ലോ. അവരുടെ വാക്കുകളെ അപ്പപ്പോൾ ശങ്കിയായി വിമർശിച്ചുകൊണ്ടിരുന്നാൽ മാത്രമേ ഭരണനിർവ്വഹണം നിവൃത്തിയുള്ളു. അമിതമായ അധികാരം സ്ത്രീകൾക്കു പുരുഷൻമാരുടെ കൈകളെ കൂച്ചികെട്ടണമെന്നുവരുത്തണം. എപ്പോൾ മാത്രമേ അവർക്കു ദോഷംചെയ്യുവാൻ സാധിക്കുകയുള്ളു. ഇതുപോലെ തന്നെയല്ലോ ഉണ്ടെങ്കിലും ജനങ്ങളുടെ സ്വാതന്ത്ര്യത്തെയും അഭിമാനത്തെയും രക്ഷിക്കുന്നതിനു ഉദ്യോഗസ്ഥൻമാരുടെ ദുരിയായപ്രവർത്തികളെ തടുത്തുനിർത്തുകയും ചെയ്യുന്നതിനു ഉള്ള യന്ത്രങ്ങൾ അവകാശപ്പെടുന്നതിനു ഇടക്കിടെ കാണുന്ന ഉദ്യോഗസ്ഥൻമാരെക്കൊണ്ടുതന്നെ ഉണ്ടാക്കുകയും ചെയ്യുന്നതിനു ഞാൻ പ്രാർത്ഥിക്കുന്നു. അതുകൊണ്ടു പുരുഷൻമാരുടെ ക്ഷേമത്തെയാണ് ഞാൻ ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കുക. അതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ എന്നെക്കൊണ്ടു കഴിയുന്നതെല്ലാം ചെയ്യുന്നതാണ്. ഇതുകൊണ്ടു പുരുഷൻമാരുടെ ന്യായമായ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തിനു ഭംഗം വരുത്തുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല.

ഡി. എ. സ. കയ്യാങ്കാണ് (ഗ്രീനഹിൽ-പ്രതിനിധി): നാർ ജനപ്രതിനിധിസഭയുടെ അഭിപ്രായത്തിനു സ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ടതു ആവശ്യമാണെന്നും അതിൻവണ്ണം വർത്തമാനപത്രങ്ങളുടെ ന്യായമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതു ശരിയായിരിക്കുന്നതല്ലെന്നുള്ള അഭിപ്രായത്തോടുകൂടിയ അളവോളം ഞാൻ എന്നെക്കൊണ്ടു പത്രമായപ്രവർത്തകരുടെ നിയന്ത്രിതമായ നിലയിൽ പ്രവർത്തിക്കുന്നതിനു അനുവദിച്ചു കൊടുക്കുന്നു. ന്യായമായ അഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ ഒരിക്കലും അസൗകര്യപ്പെടുത്തുകയില്ല. ഇതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല.

ഡി. എ. സ. കയ്യാങ്കാണ് (ഗ്രീനഹിൽ-പ്രതിനിധി): നാർ ജനപ്രതിനിധിസഭയുടെ അഭിപ്രായത്തിനു സ്വാതന്ത്ര്യത്തെ സംരക്ഷിക്കേണ്ടതു ആവശ്യമാണെന്നും അതിൻവണ്ണം വർത്തമാനപത്രങ്ങളുടെ ന്യായമായ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്നതു ശരിയായിരിക്കുന്നതല്ലെന്നുള്ള അഭിപ്രായത്തോടുകൂടിയ അളവോളം ഞാൻ എന്നെക്കൊണ്ടു പത്രമായപ്രവർത്തകരുടെ നിയന്ത്രിതമായ നിലയിൽ പ്രവർത്തിക്കുന്നതിനു അനുവദിച്ചു കൊടുക്കുന്നു. ന്യായമായ അഭിപ്രായങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ ഒരിക്കലും അസൗകര്യപ്പെടുത്തുകയില്ല. ഇതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല. അതുകൊണ്ടു പുരുഷൻമാരുടെ സ്വാതന്ത്ര്യത്തെ തടയുന്നതിനു ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല.

നടത്തുന്നപക്ഷത്തിൽ സ്വാതന്ത്ര്യ ക്കവു വരുത്തുക്കവണ്ണമോണ് ഈ റഫ്രേഷനർ നിയ എന്നും ചിലർ അഭിപ്രായപ്പെട്ടും. എങ്കിലെന്നായാലും ഒരു പുതുനിയന്ത്രണ റഫ്രേഷൻ വേണ്ടെന്നുള്ള നിയ പുതുക്കിയെന്നു വരുത്തിയിച്ചതാണ്.

എൻറെ ചില മാന്യ സ്നേഹിതന്മാർ ഈ വർത്തമാനപത്ര റഫ്രേഷൻ ആവശ്യമുണ്ടായിരുന്നാൽ തന്നെയും ഈ കൌൺസിൽമുഖേന അതു നിർമ്മിക്കാമായിരുന്നു എന്നു അഭിപ്രായപ്പെട്ടു. അതു പരമാത്മാർത്ഥമാണെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ കൌൺസിൽമുഖേന ഒരു റഫ്രേഷൻ ഉണ്ടാക്കി നടപ്പിൽവരുത്താൻ എത്രയോളം സാവകാശവും കഴിവുകയ്യും വേണമെന്നുള്ളതു ഈ കൌൺസിലിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ളവർക്കു അറിയാവുന്നതാണ്. ആസ്ഥിതിക്കു ഇങ്ങിനെ ഒരുവാരം പുറപ്പെടുവിക്കേണ്ട ആവശ്യതന്നെയില്ല. അതിൻ പണ്ണംതന്ന നിയമങ്ങളും ഉണ്ടാക്കാനുള്ള അവകാശങ്ങളും പ്രവർത്തിങ്ങളായും അവയെഭരണപരിധിയിലുടനടപ്പിൽവരുത്തുവാൻ അവകാശമുള്ള പരമാധികാരത്തിൽനിന്നും കൂപകളഞ്ഞ ഒരു നിയമം ഉണ്ടാക്കിയാൽ അതതാരിക്കും അസ്ഥാനത്തിലായിട്ടുകയാൻ പാടില്ലെന്നും കൌൺസിലിൽ കൊണ്ടുവന്നിരുന്നുകിൽ അതു ഒരു തെറ്റെല്ലെന്നുമാണ് എൻറെ അഭിപ്രായം. ഭരണക്ഷേമപ്രശ്നങ്ങളായ ആവശ്യങ്ങളുടെ നിർവഹിക്കുകയും ഭരണിയന്ത്രിസ്വാതന്ത്ര്യത്തെ നിയന്ത്രിക്കുകയും ചെയ്യുന്നതിനു ചുമതലപ്പെട്ട മാജസ്ഥാനത്തുനിന്നും ഉണ്ടാക്കുന്ന നിയമങ്ങളെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്കു സങ്കടമുണ്ടെങ്കിൽത്തന്നെയും ഭരണിനൊസഹിച്ചും തിരുവിതാംകൂർകാരുടെ രാജഭക്തിയെ പ്രകടിപ്പിക്കേണ്ടതാണ്. നിയമത്തിൽ കഠിനമായതുകൊണ്ടു ഉണ്ടെങ്കിൽ മിതമായസ്വരത്തിൽ ആ മഹനീയസ്ഥാനത്തു സങ്കടമറിയിച്ചാൽ നിവൃത്തിയുണ്ടാകുമെന്നാണ് എൻറെ വിശ്വാസം.

ഫ്രാഞ്ചൈസ് ഭാഗം റഫ്രേഷനെ റദ്ദുചെയ്യണമെന്നുള്ളതാണ് പ്രമേയം. എന്നാൽ രാജ്യത്തിൻറെ ക്ഷേമത്തെ കാംക്ഷിക്കുന്ന ആളുകൾ ആരുംതന്നെ ഇങ്ങനെ ഒരു റഫ്രേഷൻ വേണ്ടായെന്നുള്ളതായതെന്നു അനുഭവിക്കുമെന്നു എനിക്കു അഭിപ്രായമില്ല.

ഇന്നത്തെസ്ഥിതിക്കു മഹാറാണിറീജൻറ തിരുമനസ്സുകൊണ്ടു ഇങ്ങനെ ഒരു നിയമംകൊണ്ടു പുതുക്കളെ നിയന്ത്രിച്ചിട്ടില്ലെങ്കിൽ രാജ്യത്തിൽ വലിയ അരാജകത്വമുണ്ടാകും നേരിടുമായിരുന്നു. ഭയങ്കരങ്ങളായ സാംക്രമികരോഗങ്ങൾ രാജ്യത്തുണ്ടാകുമ്പോൾ അവ രാജ്യത്തിൻറെ എല്ലാഭാഗങ്ങളിലും വ്യാപിക്കാതെ ഇരിക്കുന്നതിനും അതിനെ യശിപ്പിക്കുന്നതിനുമായി ശക്തിയായും യുക്തിയായും വേണ്ടുന്ന പ്രവർത്തിക്കുന്നതായിട്ടുകാണും. ശ്വാസകോശം തൊണ്ടയിൽ പ്ലേഗ് പരന്നുഎന്നുകേട്ടപ്പോൾ നമ്മുടെ ഗവർമ്മെണ്ടു അതു രാജ്യംമുഴുവനും വ്യാപിക്കാതെ ഇരിക്കുന്നതിനുവേണ്ടി പല പ്രവൃത്തികളും ചെയ്തു. അതുപോലെ തിരുവിതാംകൂർക്കു അത്തിയന്ത്രിതമായ പുതുപ്രവർത്തനസ്വാതന്ത്ര്യമനുവദിച്ചതിനാൽ ജനങ്ങളുടെയുടയിൽ ഉണ്ടായേക്കാമെന്നു ശങ്കിച്ചിരുന്ന കലാപങ്ങളെ തീർക്കുന്നതിനു മഹാറാണിറീജൻറ, തിരുമനസ്സുകൊണ്ടു ഒരു നിയമം ഉണ്ടാക്കാൻ നിർബന്ധിതയായി. അതുകൊണ്ടാണ് പത്രറഫ്രേഷൻ ഉണ്ടായിട്ടുള്ളതു. പത്രറഫ്രേഷൻ ഉണ്ടാക്കുന്നതിനു മുമ്പിലത്തെ വർത്തമാനപത്രസാഹിത്യം വളരെ ശിക്ഷിച്ചുവന്നു. ഏതാനംചില പത്രങ്ങൾ പൊതുജനമദ്ധ്യത്തിൽ ഇന്നവരായിരുവാൻതന്നെ പാടില്ലാത്തവിധം നിന്ദ്യങ്ങളായ പദാവലികളുകൊണ്ടു നിറക്കപ്പെട്ടിരുന്നു. രാജശക്തിക്കു ഇങ്ങിനെയുള്ള തോന്ന്യാസങ്ങളെ തടയാൻ കഴിവുണ്ടെന്നുള്ളബോധം ജനസമുദായത്തിനുണ്ടായിരിക്കുന്നതു നല്ലതുതന്നാണ്. അതിലധികം ഒന്നും പത്രറഫ്രേഷൻകൊണ്ടു സാധിച്ചിട്ടില്ലെന്ന വ്യക്തമായികാണിക്കാൻകഴിയും.

റഫ്രേഷൻ ഉണ്ടായശേഷിപിന്നെ പത്രപ്രചരണത്തെ ബാധിക്കത്തക്കവണ്ണം റഫ്രേഷൻ അനുസരിച്ചു യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഗവർമ്മെണ്ടു വളരെ വിവേകപൂർവം ഉപയോഗിക്കുവാൻ സൂക്ഷിച്ചിരിക്കുന്ന ഒരു ആയുധമായിട്ടുതന്നെ ഇതിനെ കണക്കാക്കാമെന്നുള്ള

യാതൊരു റഫ്രേഷനർ സഹായവുമില്ലാതെ പ്രയോഗിക്കാവുന്ന രാജാധികാരം. ആവശ്യപ്പെട്ടാൽ പ്രയോഗിക്കുന്നതായിരിക്കുംഎന്നുള്ള ഒന്നു ജനസാമാന്യത്തിൽ ഉണ്ടായിരിക്കുന്നതിനായിട്ടുമാത്രമെ അതു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. പക്ഷെ അതിലധികം ഭാവിക്കുവാനും പറയാനും കഴിയുന്നതാണ്. റഫ്രേഷനർ അർത്ഥവ്യാപ്തിയിൽപ്പെടുത്തി നടപടിനടത്തുന്നതിനു പത്രപ്രസാധനകർ റഫ്രേഷനുപിന്നും ഉണ്ടായിട്ടുണ്ടു. എങ്കിലും അതിനു മുമ്പിലത്തെപ്പോലെ ഈത്ര ആശാസമായി ഭരിച്ചിച്ചും നീചവുമായ പദാവലികൾ പത്രങ്ങളിൽ കടന്നുകൂടുന്നതായികാണപ്പെടുന്നില്ല. ഈ റഫ്രേഷനർ ഉപയോഗം ഇപ്രകാരമെയാണ്, സാമാന്യികവിഷയങ്ങളായ പ്രസിദ്ധികരണങ്ങൾ ഒന്നുകൂടി തടയപ്പെടേണ്ടതാണെന്നാണ് എൻറെപക്ഷം.

എല്ലാകാരങ്ങൾകൊണ്ടും ക്രിമിനൽ നിയമത്തെ അനുസരിപ്പാക്കുന്നതു ഗുണകരമല്ല. ഒരു ക്രിമിനൽകേസിൻറെ വിധിവസാനം പരമ അതിനെ ഹേതുവാക്കിവരുന്ന ശിക്ഷിച്ചു സാഹിത്യം പ്രചരിക്കുവാൻ സംഗതിയാകുന്നതു സാക്രമികരോഗം സയം വ്യാപിക്കുന്നതുപോലെ പരിഹരണാർത്ഥം ശ്രമിക്കാതെ അത്യന്തമായിരിക്കുന്നതിനോട്ടുച്ചുമായ നാശഹേതുവത്തുകൊണ്ടുചെയ്യുകയാം. ഇങ്ങനെയുള്ള സാഹിത്യം നമ്മുടെ സന്താനങ്ങളുടെ സന്മാർഗ്ഗബോധത്തെ കളങ്കപ്പെടുത്തുന്നതാണ്. അതു ദേവ്യ ലൈക്ക രാജ്യക്ഷേമത്തിനും സമാധാനകാംക്ഷപ്പെടുന്നതിനും ബാധകമായുംതീരും. അതിനാൽ പത്രസാഹിത്യനിയന്ത്രണം അത്യാവശ്യമാണ്.

കല്പിച്ചു ഏർപ്പെടുത്തിയിട്ടുള്ള ഒരു നിയമം റദ്ദുചെയ്യണമെന്നു ശഠിക്കുന്നതും ഭംഗിയാണെന്നു എനിക്കു തോന്നുന്നില്ല. അതിലേക്കുപയോഗിക്കുന്ന സ്വാതന്ത്ര്യത്തെന്നു അതിലേക്കുവിഞ്ഞതായി വരികയില്ലയോഎന്നു എനിക്കു സംശയമുണ്ടു. റഫ്രേഷനിൽ കഠിനങ്ങളായ ഭാഗങ്ങളുണ്ടു. അതുകൊണ്ടുതന്നെ അവശ്യപ്പെട്ടു നിർമ്മിച്ചതാകകൊണ്ടും അന്യത്തെ പത്രസാഹിത്യം അതു ഉദ്ദേശിച്ചതാനിന്നതുകൊണ്ടും റഫ്രേഷനിൽ കടന്നുകൂടി എന്നതു വിശ്വസിക്കേണ്ടുള്ളൂ. അങ്ങിനെയുള്ള ഭാഗങ്ങളെ ദയാസമേതം ഭേദപ്പെടുത്തി കിട്ടുന്നതിലേക്കായി അഭ്യർത്ഥിക്കയാണ് കൊരുദ്ധർമ്മം. അതിനായി ഒരു നിവേദനം മഹാരാജകല്പനകിൽ

അതിൽ അനുകൂലിക്കുന്നതിനു എനിക്കവളരെസന്തോഷമുണ്ടു. തിരുവിതാംകൂറിലെ സ്ഥിതിക്കു ഇങ്ങനെയൊരു ഭേദഗതി ആവശ്യമാണു്. അല്ലെങ്കിൽ ജനസംഖ്യയുടെ കണക്കിൽ ഒരിടിച്ചുള്ള നീതിയും ന്യായവും അനുസരിച്ചു അതുമാത്രമായ പരിഗണനകൊടുക്കുന്നതിനുള്ള ഇടയുണ്ടു. അതു അനുവദനീയമല്ല. ഗവർമെന്റിനെ കുറ്റപ്പെടുത്തുകയും അന്യായത്തിനുമാത്രം അല്ലെന്നുപറയുകയും ചെയ്യുന്നതാണു്. ഇപ്പോഴത്തെ നിലയിൽ ഈ പ്രമേയത്തോടു അനുകൂലിക്കുവാൻ നിവൃത്തിയില്ല. അതിനാൽ പ്രൊവിഷൻ റദ്ദാക്കണമെന്ന അഭിപ്രായത്തിനെ ഈ പ്രമേയത്തോടു ഞാൻയോജിക്കുന്നില്ല.

മി. എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി–പീരുമേടു): എനിക്കു ഈ സഭയിൽ സന്നിഹിതനാകുന്നതിനും എന്റെ നിയോജകമണ്ഡലത്തിലെ പ്രതിനിധ്യംവഹിക്കുന്നതിനും സംഗതിയായതിൽ എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങളോടു ഞാൻ പ്രത്യേകം നന്ദിയുള്ളവനായിരിക്കുന്നു. ഞാൻ ഇവിടെ വരുന്നതിനുമുമ്പും വന്നതിനുശേഷവും അന്വേഷിച്ചതിൽ പൊതുവെ എനിക്കുകിട്ടിയ അഭിപ്രായം പരാതിപ്പെടുന്നതിനു നിവൃത്തിയുണ്ടായിരുന്നു എന്നാണു്. എന്നാൽ എന്റെ സ്വന്താഭിപ്രായം പറയുകയാണെങ്കിൽ അതിലേക്കു യഥാർത്ഥമായ ഉത്തരവാദിത്തമാരും കൊണ്ടുവന്നാൽ അല്പമതിയാകുമെന്നാണു്. എന്നാൽ ഈ അഭിപ്രായം രേഖപ്പെടുത്തിക്കൊണ്ടു ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. വി. ഭരതൻ (വാണിജ്യവ്യവസായസംഘങ്ങൾവക വടക്കൻമെമ്പർ): ഞാൻ ഈ പ്രമേയത്തെ ശക്തിയുക്തമായിത്തന്നെ അനുകൂലിക്കുന്നു. വർത്തമാനപ്പത്രങ്ങളുടെയും പൊതുജനാഭിപ്രായത്തിന്റെയും ശക്തിയാണു് ഇപ്പോൾ ഈ ഗവർമെന്റിനെ നിലനിർത്തുന്നതു. ഈ ഗവർമെന്റിനു നാട്ടിലുള്ള പൊതുജനങ്ങളുടെയാകെയുള്ള അടുപ്പമുണ്ടു. തിരുവിതാംകൂറിലെ ഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുടെ അഭിപ്രായമറിഞ്ഞുകൊണ്ടാണു് ഭരണം നടത്തുന്നതു. ഇതിനുവേണ്ടിയാണു് ഈ പ്രമേയം കൊണ്ടുവരുന്നതു. ഹിന്ദുക്കളുടെ ഇടയിൽ ഭൂരിപക്ഷമുള്ള ഈഴവർക്കു ഗവർമെന്റിൽ പ്രാതിനിധ്യം കിട്ടണമെന്നുള്ള ആഗ്രഹത്തിനു ഞാൻ അനുകൂലമാണു്. ഈഴവർക്കു പ്രാതിനിധ്യം കിട്ടുന്നതിനുവേണ്ടി ഈഴവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഉത്സാഹത്തിനു ഞാൻ അനുകൂലമാണു്. ഈഴവർക്കു പ്രാതിനിധ്യം കിട്ടുന്നതിനുവേണ്ടി ഈഴവരുടെ ഇടയിൽ ഉണ്ടായിട്ടുള്ള ഉത്സാഹത്തിനു ഞാൻ അനുകൂലമാണു്. മിസ്റ്റർ ടി. വി. കേശവപിള്ള പറയുന്നതുപോലെ ഈ വി. കൃഷ്ണപിള്ള എന്നപേർവച്ചു നിയമസഭാ മെമ്പർമാരെ സംബന്ധിച്ചു പ്രതിനിധിപത്രത്തിലും വേറെങ്കിലും രേഖകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾക്കു മനോരമപത്രാധിപർ ഒരു അപേക്ഷകൊടുത്തിരുന്നുവെങ്കിൽ പ്രതിനിധിപത്രാധിപരോ ഉത്തരവാദിയായിരിക്കുമെന്നല്ലാതെ തിരുവിതാംകൂറിലെ എല്ലാപത്രങ്ങളുടെയും അപേക്ഷകൊടുത്തിരുന്നുവെങ്കിൽ ഇവിടത്തെ പൊതുവായിയോ ഉത്തരവാദിയായിരുന്നില്ല. പത്രങ്ങൾമെയ്യാവിട്ടു മാന്യന്മാരായ ആളുകളെയോ അപേക്ഷകൊടുത്തിരുന്നുവെങ്കിൽ ഗവർമെന്റിനു തന്നെയോ അതു ക്ഷപിക്കുന്നതുകൊണ്ടു അവരെ മുഷ്ടാഭിപ്രായപ്പെടുത്തുന്നതിനു പീരുമേട്ടുകോടതിയിൽ ധാരാളം വകുപ്പുകളുണ്ടു. ഇപ്രസ്ഥിതിക്കു തിരുവിതാംകൂറിലെ പൊതുജനാഭിപ്രായത്തിന്റെ വായ്മൂടിക്കെട്ടുന്നതുകൊണ്ടിരുന്നിട്ടുള്ള ഒരുഗുണവും ഇനിമേൽ ഉടൻ കാണുമെന്നുപറയുന്നതു ഒരിക്കലുംതന്നെയല്ല. പത്രങ്ങൾകൊണ്ടു രാജ്യത്തിനുണ്ടാകുന്ന പ്രധാനഗുണം രാജ്യത്തിന്റെ ഭരണകാര്യത്തെപ്പറ്റി പൊതുജനാഭിപ്രായം ഉണ്ടാകുന്നതും അതുകൊണ്ടു പോകുന്നതായ സകല ഗവർമെന്റുദ്യോഗസ്ഥന്മാരുടെയും ന്യായമല്ലാത്ത നടപടികളെ അപ്പപ്പോൾ ഗവർമെന്റിന്റെശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള എന്നുള്ളതാകുന്നു. ഭൂരിപക്ഷരാജ്യത്തും ഇങ്ങനെ ഒരുപക്ഷം ഉണ്ടായിരിക്കുന്നതുകൊണ്ടു ഉദ്യോഗസ്ഥന്മാർ നല്ല നടപ്പുള്ളവരായിരിക്കുന്നതിനും പൊതുജനക്ഷേമകരമായ പ്രവൃത്തി അവർ ഉത്തരവാദിത്വബോധത്തോടുകൂടി ചെയ്യുന്നതിനും സാധിക്കുന്നുണ്ടു. എന്നാൽ ഇങ്ങനെയുള്ള ജനാഭിപ്രായനിരീക്ഷണം ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ ദുഷ്പ്രവൃത്തികളെ സഹായിക്കുന്നതിനു കൂട്ടുനിൽക്കുന്നുവെങ്കിൽ കൊട്ടത്തിരിക്കയാണു് ചെയ്തിരിക്കുന്നതെന്നാണു് എന്റെ അഭിപ്രായം. അതിനാൽ ഈ രാജ്യോന്മുഖസ്ഥമെമ്പന്മാരുടെ അഭിപ്രായം ഈ പ്രമേയത്തെ അനുകൂലിക്കുന്നുകിടക്കുന്നതുകൊണ്ടു മെമ്പന്മാരും ഈ പ്രമേയത്തെ അനുകൂലിക്കണമെന്നാണു് എന്റെ അപേക്ഷ.

മി. ടി. പി. രാമസുബ്ബയ്യർ (അക്കിംഗ് ഗവർമെന്റ്സെക്രട്ടറി): ഈ ചോദ്യം ഇപ്പോൾ ചോദിച്ചുകേൾക്കുന്നതാണെന്നു ആവശ്യപ്പെടുന്നു.

മി. കെ. എൻ. രാമസുബ്ബയ്യർ (ഗവർമെന്റ്സെക്രട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

ക്ലോഷനിനുള്ള ഉപക്ഷേപം വോട്ടിനിടുകയും പാസാക്കപ്പെടുകയുംചെയ്തു.

പ്രസിഡണ്ടു. മിസ്റ്റർ മണലകണ്ണപ്പിള്ളക്കു, നിങ്ങൾക്കു തരപ്പെടിപറയുന്നതിനുള്ള അവകാശമുണ്ടു.

മി. കെ. പി. മണലകണ്ണപ്പിള്ള (പിറയിൽകീഴ്): സർ, ഇന്നാമതായി എനിക്കുപറയാനുള്ളതു മിസ്റ്റർ ജോസഫ് പറഞ്ഞതിനെ സംബന്ധിച്ചാണു്. അന്യമതസ്ഥന്മാരായ സാമുദായികന്മാരിൽ ആർക്കും ഈ പ്രമേയത്തെ എതിർത്തതായി അറിവില്ല. പ്രമേയത്തിനു ഹൃദയപൂർവ്വമായ പിന്തുണയാണു് ലഭിച്ചിട്ടുള്ളതു്. സംസാരിച്ചവരിൽ ആരുതന്നെ ഈഴവർക്കു റപ്രസെന്റേഷൻ കൊടുക്കുന്നതിനെ എതിർത്തിട്ടുള്ളതായി കാണുന്നില്ല. ഈഴവർക്കു പ്രാതിനിധ്യം കിട്ടുന്നതിനും ഭൂരിപക്ഷമുള്ള ഈഴവർക്കു ഭരണത്തിൽ പങ്കുകിട്ടുന്നതിനും ഉപയുക്തമായിട്ടുള്ള യാതൊരുവഴികളേയും പുറപ്പെടുവിക്കുന്നതിനും ഭൂരിപക്ഷമായിട്ടുള്ളവർ എതിരല്ലെന്നാണു് എനിക്കുതോന്നുന്നതു. എന്നാൽ മെമ്പന്മാരിൽ പലരും ഈ പ്രമേയത്തെ എതിർക്കുന്നതായി കാണുന്നതിനുള്ള കാരണത്തിനെപ്പറ്റി ഞാൻ ആലോചിച്ചുനോക്കിയിട്ടുണ്ടു. അതിനെ എതിർത്തിട്ടുള്ളതു, അവർ പിന്തുടർന്നുവരുന്ന യുക്തിപൂർവ്വമായ ഒറവാക്കപോലും ഉണ്ടായിരുന്നില്ല. സർ, അങ്ങനെയൊരു കാര്യത്തെ പ്രധാനപ്പെട്ട പൊതുക്കാര്യങ്ങളെപ്പറ്റി തീരുമാനിക്കുന്നവിഷയത്തിൽ ഇങ്ങനെയുള്ള അടിക്കുറിപ്പുകൾ കൂട്ടിക്കൊടുത്തിട്ടുള്ള പ്രധാനവ്യത്തിന്റെ നിലക്കു അവർ പുറപ്പെടുവിച്ച വാദങ്ങൾക്കും ഞാൻ മറുപടി പറയണമെന്നായിട്ടാണു് തോന്നുന്നതു. ബഹുമാനപ്പെട്ട ലാമമെമ്പർ അദ്ദേഹത്തിന്റെ പതിവുപ്രസരിച്ചു ഇന്നും തകടംമറിഞ്ഞു. അദ്ദേഹം ഈ സഭയുടെ കഴിഞ്ഞ കൌൺസിലിലെ നടപടികളിൽനിന്നും ഏതാനും ചില ഭാഗങ്ങൾ അങ്ങും ഇങ്ങും ആയി എടുത്തുവായിച്ചു കേൾപ്പിച്ചു പൂർവചരിത്രം തീരെ തുച്ഛീകരമല്ലായിരുന്ന ചില വർത്തമാനപത്രങ്ങൾ വളരെ അപായകരമായ ധ്വനിയിൽ വർത്തിച്ചുപോന്നിരുന്നുഎന്നും അന്നത്തെ പ്രമേയത്തിന്റെ പ്രയോക്താവുതന്നെ സമ്മതിച്ചിട്ടുണ്ടായിരുന്നുഎന്നുള്ള ഈ സഭയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ സ്തുതിക്കയുംചെയ്തു. സർ, കഴിഞ്ഞതവണ ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചപ്പോൾ തിരുവിതാംകൂറിലെ പത്രങ്ങൾ സാധാരണയായി ജനങ്ങളെപ്പറ്റി ചീത്തപറകയും ഗവർമെന്റുദ്യോഗസ്ഥന്മാരെ ശകാരിക്കയും മാത്രം ചെയ്യുന്നതിനുള്ള ഒരു വാസന പ്രത്യക്ഷപ്പെടുത്തി എന്നുപറഞ്ഞ ചീഫ് സെക്രട്ടറി മിസ്റ്റർ ജോസ്സ് എന്റെ ഉപക്ഷേപത്തെ എതിർക്കുകയുണ്ടായി. ഞാൻ മെമ്പറിനെ സംസാരിക്കുന്നതിനു തടഞ്ഞു ഇപ്രകാരം പ്രവർത്തിച്ചുവന്ന വർത്തമാനപത്രങ്ങളുടെ എണ്ണം എത്രയാണെന്നു ചോദിച്ചു. അദ്ദേഹത്തിനു അതിന്റെ ശരിയായ മറുപടിപറവാൻ കഴിഞ്ഞില്ല. അദ്ദേഹത്തെയുടൻ മാന്യമെമ്പർ സംസാരിക്കുന്നതിനു ഇടമുണ്ടായിരുന്നുവോ അദ്ദേഹത്തെയും സംസാരമദ്ധ്യ

ഞാൻ തടഞ്ഞു. ഇങ്ങിനെ എത്രപേരുണ്ടാകും പ്രവർത്തിക്കുന്നുണ്ടായിരുന്നതെന്നു അദ്ദേഹത്തോടു ചോദിച്ചു. എന്നാൽ മാത്രമേ സർ അതിനു മറുപടി പറയുകയുണ്ടായിട്ടില്ല. ഞാൻ ആവശ്യപ്പെടുന്നതിനു അവസരത്തിൽ സത്യമായിട്ടുള്ള ഒരു മറുപടി പറവാൻ ഗവണ്മെന്റു തയ്യാറില്ലാത്തിരുന്നതിനാൽ യൊതൊരു കമ്മീഷൻ എന്നോടു ഇതെപ്പറ്റി ചോദ്യംചെയ്യുകയുണ്ടായി. ഒന്നോ രണ്ടോ പേരുണ്ടാകുമെന്നും ഇങ്ങിനെ പ്രവർത്തിച്ചുവെന്നു ഞാൻ വാസ്തവമായ മറുപടി പറഞ്ഞു. അക്കാലത്തു ഗവണ്മെന്റു ഈ രണ്ടു പേരുടേയും പ്രാസിക്യൂട്ടു ചെയ്യുകയായിരുന്നു. സർ, മാന്മെമ്പരുടെ വാദത്തിനിടയിൽ ഞാൻ അക്കാലത്തു ഇങ്ങിനെ പറഞ്ഞിട്ടുണ്ടായിരുന്നതിനെ എങ്ങിനെ എനിക്കു വിപരീതമായി ഉപയോഗിക്കാമെന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. ഈ അദ്ദേഹത്തിന്റെ വാദത്തിനു അനുകൂലമായി പ്രസ്താവിച്ചിട്ടുള്ള രേഖ ഇതുതന്നെമാത്രമാണ്. സർ, അടുത്തവാദം മൈസൻ സിനെസംബന്ധിച്ചു റഗുലേഷനിൽ ഉള്ള വ്യവസ്ഥയെപ്പറ്റിയാണ്. ഈ സംഗതിയെ സംബന്ധിച്ചു മൈസൂർ റഗുലേഷനമായി താരതമ്യപ്പെടുത്തിയതിനെയും നമ്മുടെ റഗുലേഷനിൽ മൈസൻ സീനെ നിക്ഷേപിക്കുന്നതായ യാതൊരു വകുപ്പും ഇല്ല എന്നുപറഞ്ഞു അദ്ദേഹം അതേസംബന്ധിച്ചു അദ്ദേഹത്തിന്റെ ഒരു ഓർമ്മയും പുറപ്പെടുവിച്ചു ഉണ്ടായി. അതു ഒരു വാദംതന്നെയല്ല. മൈസൂർ റഗുലേഷനിൽ മൈസൻസുകാരെ നിർബന്ധമെന്നോ നിർബന്ധിക്കുടാഎന്നോ ഒരു വ്യവസ്ഥ ഇല്ലെന്നതിനാൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞതെന്തെന്നിരുന്നാലും സംബന്ധമായ ഒരു പുതിയ അറിവായിട്ടാണ് ഞാൻ ഗണിച്ചിരിക്കുന്നതു്. ഗവണ്മെന്റിനു മൈസൻസ്സ് നാകാതിരിക്കുന്നതിനുള്ള അധികാരം ഉണ്ടെന്നുള്ള ബഹുമാനപ്പെട്ട മാമെമ്പർ വിചാരിക്കുന്നതു്, എന്നതേ പരമാർത്ഥം അങ്ങിനെയല്ല. മൈസൂരിലെ റഗുലേഷന്റെ പോക്കുകൊണ്ടും അതിനെ മുഴുവൻ ഒന്നായി വായിച്ചുനോക്കുമ്പോഴും എല്ലുപോക്കു മൈസൻസ് എടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും അധികാരവും ഉണ്ടെന്നു ഒരു ഊഹം ആക്കം തോന്നാതിരിപ്പാൻ തരമില്ല. എന്നാൽ ഒരു പ്രസാധകനെ രാജദ്രോഹത്തിനൊ ജാതികൾ തമ്മിൽ വഴക്കുണ്ടാക്കുന്നതിനോ ശിക്ഷിക്കപ്പെട്ടുന്നുവെങ്കിൽ ആ പത്രത്തിന്റെമേൽ നടപടിനടത്തി അതിന്റെ പ്രസാധനം തടയാനുള്ള അധികാരം ഗവണ്മെന്റിനുണ്ടെന്നും ആ റഗുലേഷനിൽ പറഞ്ഞിട്ടുണ്ടു്,

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി): മെമ്പർ ദയവുചെയ്തു ആ വകുപ്പു ഒന്നു വായിച്ചുകേൾപ്പിക്കാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ വകുപ്പു അതുപോലെ വായിച്ചു ഇവിടെ കേൾപ്പിക്കുന്നതുകൊണ്ടു ഇപ്പോൾ എനിക്കു പ്രയോജനം ഇല്ല. അതു എങ്ങിനെയായാലും അതു——

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി): മറുപക്ഷം ആ റഗുലേഷനിൽ ഒരു ഭേദഗതി വരുത്തുന്നതിലേക്കായി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ഒരു ഭേദഗതി ബില്ലിനെയായിരിക്കാം മെമ്പർ ഉദ്ദേശിക്കുന്നതുഎന്നും അല്ലാതെ റഗുലേഷനപ്പറ്റി ആയിരിക്കാൻ തരമില്ലാഎന്നും ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭേദഗതിബില്ലിനെ ആവശ്യകതയെയുസംബന്ധിച്ചു ആലോചനനടത്തി റിപ്പോർട്ടു സമർപ്പിക്കുന്നതിലേക്കായി ശ്രീമതിരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ടാണ് എന്റെ കയ്യിൽ ഇരിക്കുന്നതു്. അവരുടെ ആലോചനയുടെ ഫലമായി രൂപകല്പനചെയ്തതായ ഒരു റിപ്പോർട്ടോടുകൂടി അവർ ഗവണ്മെന്റിലേയ്ക്കു സമർപ്പിച്ച ബില്ലാണ് അവരോടു ചേർത്തുകാണുന്നതു്. ആ ബില്ലിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ഇവയാണ്.

(എ) പത്രങ്ങൾനടത്തി, അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു ഗവണ്മെന്റിന്റെ അനുവാദം ആവശ്യമായിട്ടുള്ളതല്ല എന്നും,

(ബി) ഇന്ത്യൻ പീനൽകോഡ് 124 (എ) 153 (എ) ഈ വകുപ്പുകൾ ഏതെങ്കിലും അനുസരിച്ചു ഒരു പത്രാധിപരോ, പ്രസാധകനോ, അച്ചടിക്കാരനോ രാജദ്രോഹകുറ്റത്തിനോ, മിന്നസമുദായങ്ങൾ തമ്മിൽ കലഹമുണ്ടാക്കുന്നുഎന്നുള്ള കുറ്റത്തിനോ ശിക്ഷിക്കപ്പെടുന്നപക്ഷം അങ്ങിനെയുള്ള പത്രങ്ങളുടെ പ്രസാധനം തടയുന്നതിനുള്ള അധികാരം ഗവണ്മെന്റിനു ഉണ്ടായിരിക്കുന്നതാകുന്നതും,

(സി) പീനൽകോഡിലെ മുൻപറഞ്ഞ വകുപ്പുകൾ അനുസരിച്ചോ അല്ലെങ്കിൽ മേൽ പ്രസ്താവിച്ച രണ്ടു വകുപ്പുകൾ സംബന്ധിച്ചുള്ള ഭേദഗതി വകുപ്പുകളനുസരിച്ചോ ശിക്ഷാർഹമായിട്ടുള്ള സംഗതികൾ സാധാരണയായി ഏതെങ്കിലും പത്രത്തിൽ പ്രസിദ്ധംചെയ്യുന്ന പതിവുണ്ടെങ്കിൽ ആ പത്രത്തിന്റെ പ്രസിദ്ധീകരണത്തെ തടയുന്നതിനുള്ള അധികാരവും മുൻപറഞ്ഞപ്രകാരംതന്നെ ഗവണ്മെന്റിനുണ്ടായിരിക്കുന്നതാകുന്നതും,

(ഡി) ഇങ്ങിനെ പ്രസിദ്ധീകരണം തടയുന്ന വിഷയത്തിൽ ഗവണ്മെന്റിന്റെ ആ ഉത്തരവിനെ സംബന്ധിച്ചു ചീഫ്കോടതിയുടെ ഒരു മജിസ്ട്രേൽബെഞ്ചിലേയ്ക്കു ഒരു അപ്പീൽകൊടുക്കാവുന്നതാകുന്നതും,

ആകുന്നു.

മേൽ പറഞ്ഞതു മൈസൂരിലുണ്ടായിരുന്ന വർത്തമാനപ്പത്രറഗുലേഷനെ റദ്ദുചെയ്യുന്നതിനുപ്പറ്റി ആലോചന നടത്തുന്നതിനായി നിയമിക്കപ്പെട്ടിട്ടുണ്ടായിരുന്ന കമ്മിറ്റി ഏകകണ്ഠേന സമർപ്പിച്ച റിപ്പോർട്ടാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി): ഈ റിപ്പോർട്ടു സമർപ്പിച്ചതു ഏതു വർഷത്തിലായിരുന്നു?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): 1918 ൽ ആയിരുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സക്രട്ടറി): ഈ റിപ്പോർട്ടു സമർപ്പിച്ചിട്ടു ഇപ്പോൾ മൂന്നുവർഷക്കാലമായിട്ടും ഇതുവരെയുള്ള നിശ്ചലമാകാത്തതിന്റെ കാരണം എന്താണെന്നു മെമ്പറിനു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുഎനിക്കുറപ്പുള്ളതാണ്. ഈ സംഗതിയെസംബന്ധിച്ചു കൂടുതലായ കാര്യങ്ങൾ അറിയുന്നതിനു വേണ്ടപ്പെട്ടവർക്കു മെമ്പറിനുള്ളതിനാൽ അദ്ദേഹത്തിൽനിന്നും ഈ വിവരം അറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

സർ, ഇതിനെഴിക്കുന്നപക്ഷം ഈ സഭയിലെ അനേകം അംഗങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതും നല്ലപോലെ ബോദ്ധ്യംവന്നുള്ളതും ആയ അഭിപ്രായങ്ങൾക്കു തീരെയും യാതൊരു എതിർവാദവും പുറപ്പെടുവിക്കുകയോ മറുപടിപറകയോ ചെയ്തിട്ടില്ല. അനന്തരാവസ്ഥാംഗങ്ങളുടെ വാദത്തെ ചുരുക്കിപ്പറയുന്നപക്ഷം അതു ഇപ്രകാരമായിരുന്നു. ഒന്നാമതായി ഈ റെഗുലേഷൻ പാസ്സാക്കുന്നതിനു മുമ്പായിട്ടു നിർബന്ധിച്ചു പരിഷ്കരിക്കേണ്ടതായിരുന്നു എന്നതെളിയിക്കയോ അതു ആവശ്യമായിരുന്നുഎന്നു സ്ഥാപിക്കയോ ചെയ്തിട്ടില്ല. രണ്ടാമതായിരുന്നു ഞങ്ങൾ പുറപ്പെടുവിച്ചുപദേശം, രണ്ടാമതായി പ്രിവികൌൺസിലിലെ ജുഡിഷ്യൽ കമ്മിറ്റിമുമ്പാകെ സ്ഥാപിച്ചിട്ടുള്ളതും അപ്പീൽ ഏജന്റുകാരുടെ ഉത്തരംപറവാൻ ആയിട്ടാണ പിടിച്ചിരിക്കുന്നതു എന്നോ അല്ലെങ്കിൽ ഏതുനടപടിയുടെയും ഏതുവകുപ്പിനെ വിചാരിച്ചുമായിട്ടു അവൻ പ്രവർത്തിച്ചിരിക്കുന്നു എന്നോ ഉള്ള സംഗതികളും അവനെ അറിയുന്നതിനുള്ള അവകാശവും അറിയിക്കലും ഉദ്ദേശത്തോടുകൂടിയതായ തത്ത്വത്തെപോലും ഈ റെഗുലേഷൻ അനുസരിച്ചിരിക്കുന്നു എന്നുള്ളതായിരുന്നു. ഗവണ്മെൻറുത്തരവിൽനിന്നും അപ്പീൽചെയ്യുന്നതിനുള്ള അധികാരം ഈ റെഗുലേഷൻ നിഷേധിക്കുന്നില്ല എന്നുള്ളതാണു മൂന്നാമതായതു. നാലാമതായി വലിയ യാളുടെ കേസിനെ ബലവത്തരമായ തെളിവുകൂടെ സ്ഥാപിതമാക്കി ചെയ്യുന്നതുവരെ എല്ലാക്രിമിനൽ കേസുകളിലും കോടതികളും വിചാരിക്കേണ്ടതു പ്രതിയിലപേക്ഷയുണ്ടെന്നാണെന്നുള്ള മൂലതത്വത്തെ ഈ നിയമനത്തിൽ ആദരിച്ചുകാണുന്നില്ല എന്നുള്ളതായിരുന്നു. ഇവിടെകഥനത്തെ മറിച്ചാണ് പ്രതി കുറക്കാരനാണെന്നതെന്ന ആല്യമായി സങ്കല്പിച്ചു അയാളെ ശിക്ഷിക്കുന്നു. അതിനുശേഷം അയാളെ ശിക്ഷിച്ചിട്ടുള്ളതു ശരിയാണോ അല്ലയോഎന്നു തെളിയിക്കുന്നതിനുള്ള ഒരവസരവുകൂടി അയാൾക്കു നിഷേധിയിരിക്കുന്നു. ൻ-ാംവകുപ്പിനെ ഒഫൊ ക്യൂതിമുമ്പാകെ ഒരറിവിഷൻ ബോധിപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ൧൰ാംവകുപ്പിൽ ഇപ്രകാരമൊന്നു കാണുന്നു.

"ഈ റെഗുലേഷൻ അനുസരിച്ചു നടത്തുന്ന യാതൊരു നടപടിയേയും ഉണ്ടാകുന്ന യാതൊരു ഉത്തരവിനെയും ഈ റെഗുലേഷനിലെ വ്യവസ്ഥകളെ അനുസരിച്ചല്ലാത്ത മറ്റെയാതൊരു പ്രകാരത്തിലും യാതൊരുകോടതിക്കും ചോദ്യം ചെയ്യുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതല്ല"

സർ, ഒരുണ്മാവിഷണസമിതിയുടെ ഉത്തരവു് ന്യായമായിട്ടുള്ളതാണോ അല്ലയോ എന്നു വിധിക്കുന്നതിനുള്ള അധികാരം ഹൈക്കോടതിക്കു ഇല്ലാത്തതിനാൽ ഹൈക്കോടതിമുമ്പാകെ ഒരറിവിഷൻ ഹർജിസമർപ്പിക്കുന്നതിനു ശിക്ഷിക്കപ്പെട്ട ഭൂമിനു നൽകിയിട്ടുള്ള അവകാശത്തെപ്പോലും കഴിവുള്ളിടത്തോളം നിയന്ത്രിച്ചിട്ടുണ്ടെന്നാണല്ലോ ഇതിൽനിന്നും വന്നുചേരുന്നതു. തിരുവിതാംകൂറിലല്ലാതെ ചോകത്തിൽ മറെറവിടെയെങ്കിലും ഉള്ള വ്യവഹാരികളും നിയമത്തിൽ ഇങ്ങനെയൊരു വ്യവസ്ഥയുണ്ടെന്നുകൂടി കണ്ടിട്ടുണ്ടോ എന്നു ഞാൻ ഈ സഭയിലെ ഓരോരുത്തരുടെയോടും ചോദിച്ചുകൊള്ളുന്നു. മറുപടി നിഷേധരൂപത്തിൽ തന്നെയായിരിക്കും എന്നുള്ളതിനു എനിക്കു യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട ഭൂരിപക്ഷക്കാരായ ബഹുമാനപ്പെട്ട ഖാമെമ്പരുടെ ഇതുപര്യന്തം സംസാരിച്ചതിനിടയിലെങ്കിലും അവരുടെ ഇടയിൽ ആരെങ്കിലും ഈ സഭയിലെ അനേകം അംഗങ്ങൾ പുറപ്പെടുവിച്ച വാദങ്ങൾക്കു് ഉത്തരമായി ഒരു എതിർവാദം പോലും പുറപ്പെടുവിക്കയുണ്ടായില്ല. ഫ്രഞ്ച്-കാർ എപ്പോഴെങ്കിലും ഭരണകർക്കൾ ഈ പ്രമേയത്തെസംബന്ധിച്ചു വാദപ്രതിവാദം ഇതിനുമുമ്പാരിക്കൽനടന്നു എന്നും അതു ഈ വാദം തോല്പിക്കപ്പെട്ടുഎന്നും ആണു അവർ പറയുന്നതു. തെരഞ്ഞെടുക്കപ്പെട്ട ഒമ്പതുമെമ്പരിൽ ഫ്രഞ്ചുകാർ മാത്രം പ്രമേയത്തെഅനുകൂലിക്കയും, മെമ്പറന്മാർ പ്രതികൂലിക്കയും ചെയ്തുഎന്നുള്ള സംഗതിയെപ്പറ്റി ബഹുമാനപ്പെട്ട ഖാമെമ്പർ മറുപടിപറയുകയുണ്ടായി അതുപോലെയും ഒരുപിടിവരണം. ആവശ്യമായിരിക്കുന്ന സർ, ആ ഫ്രഞ്ച് അംഗങ്ങളും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ തന്നെയായിരുന്നു. എന്തുതന്നെയായാലും ഈ അംഗങ്ങളും ഉള്ളുദ്യോഗസ്ഥാംഗങ്ങൾ തന്നെയായിരുന്നു. സർ, നിയമനിർമ്മാണസഭാംഗങ്ങൾ നിയമനിർമ്മാണത്തെ ഏതുതരം നടപടിക്രമത്തിലാണു നടത്തിക്കുന്നതു എന്നുള്ളതിനെക്കുറിച്ചു നമുക്കല്പമെങ്കിലും അറിയണമെന്നുള്ളതാണല്ലോ. പിന്നെയും അക്കാര്യത്തിൽ അനുദ്യോഗസ്ഥാംഗങ്ങൾ ചെയ്തതായി പ്രസ്താവിക്കപ്പെട്ട എങ്കിലും അവരുടെ തോൽവി യഥാർത്ഥത്തിൽ ഒരു ജയമായിരുന്നോ അതോ തോൽവിതന്നെയായിരുന്നോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു. സർ, നാംതോല്പിക്കപ്പെടുകയും ഫ്രഞ്ച് അംഗങ്ങളെമാത്രം അനുകൂലിക്കയും ചെയ്തു എങ്കിലും യഥാർത്ഥത്തിൽ നാം ജയിക്കുകയാണുണ്ടായതു എന്നു ഏതൊരു സത്യവാദിയും ഉത്തമവിശ്വാസിയും ആയ ആളിനും സമ്മതിക്കാതെ ഇരിക്കുന്നതിയില്ലെന്നു എനിക്കുനല്ല ഉറപ്പുണ്ട്. അപ്പോഴത്തെ ഈ പ്രമേയത്തിന്റെ ഗതിയെ സംബന്ധിച്ചു എനിക്കു ഈ പ്രമേയത്തിനു എതിരായി ഇവിടെ പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള വാദത്തെ തങ്ങൾക്കോ മറുന്നകക്ഷിക്കുന്നപക്ഷം ഈ പ്രമേയത്തിനു വിപരീതമായി പ്രസംഗിച്ച എല്ലാമെമ്പറന്മാരും എല്ലാപേക്ഷംതന്നെഇപ്പോൾ പറവാനുള്ളതു അതാണു്. സർ, വീണ്ടും ഈ റെഗുലേഷൻ വളരെ കർശനമായ ഒന്നാണെന്നും അതിൽ ഭേദഗതിവരുത്തണമെന്നതാണെന്നും പൂർണ്ണബോദ്ധ്യമുണ്ടു എന്നുള്ളതിനു യാതൊരു സംശയവുമില്ല. അവർ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം യഥാർത്ഥമായിട്ടുള്ളതാണെങ്കിൽ അവരുടെ എതുവാദംകൊണ്ടു അവർ അനുകൂലിച്ചിരുന്നാലും എനിക്കു സാധിക്കുമായിരുന്നതിൽകൂടുതൽ ഞാൻ സാധിച്ചുതായിട്ടാണു എനിക്കാവിചാരം. ഈ റെഗുലേഷനിലെ വ്യവസ്ഥകൾ ഇപ്പോഴത്തെ നിലയിൽ വളരെകർശനമായതാണെന്നു അധികബോദ്ധ്യമുള്ളപക്ഷം എന്തുകൊണ്ടാണു അവർ മുന്നോട്ടുവന്നു് ഈറെഗുലേഷനെറദ്ദുചെയ്യണമെന്നു വോട്ടുചെയ്യാത്തതെന്താണെന്നതു ഞാൻ ചോദിക്കുന്നു. അല്ലെങ്കിൽ ഒരുദ്ദേശത്തിൽ കൊണ്ടുവന്നതിനുള്ള മുമ്പത്തെ അവരിൽ ആരെങ്കിലും കൈയ്യൊൽക്കാത്തതെന്തു? അങ്ങിനെചെയ്തുകൂടാഞ്ഞതു എങ്കിൽ ഞാൻ അതിനെ അനുകൂലിക്കുമായിരുന്നു. ഈ പ്രതിനിധിസഭയുടെ അറിവോ സമ്മതത്തോടുകൂടെയോ ഈറെഗുലേഷനെ നിയമമാക്കി നിയമനിർമ്മാണസഭയുടെ പേരിനെ അർത്ഥശൂന്യമാക്കി ചെയ്തതായി ഞാനേ വിചാരിക്കുന്നതായ ഈ പ്രവൃത്തിയെ സംബന്ധിച്ചുപോലും എനിക്കു വളരെ പേരായിപറയാനുണ്ടു. അതിനുമറുപടി പറഞ്ഞാൽകൊള്ളാമായിരുന്നു. ഈ സഭമുമ്പാകെ ഒരു ഭേദഗതിബിൽ അവതരിക്കപ്പെട്ടിരുന്നു എങ്കിൽ ഞാൻ അതിനെ അനുകൂലിക്കുമായിരുന്നു. അല്ലാതെ കായ്മനോക്കുകയോ അതു ഇപ്പോൾ നമുക്കു ആദ്യോചിക്കാനുള്ള സംഗതിയല്ലെന്നു. ജനങ്ങളുടെയും പൊതുജോയി രാജ്യത്തിന്റെയും പ്രതിനിധികളുമായി യാതൊന്നും ആലോചിക്കാതെ ഗവണ്മെൻറിൽനിന്നും

ഒരു റഗുലേഷൻ പാസാക്കുന്നപക്ഷം അവരോട് ഒരു ഭേദഗതിബിൽ കൊണ്ടുവരണമെന്നു നാം അവരോട് ആവശ്യപ്പെടുന്നതു എന്തിനാണു? വർത്തമാനപത്രങ്ങളുടെ സ്വരം ഭേദപ്പെട്ടിട്ടുണ്ടെന്നു അവർക്കു തോന്നുകയുള്ളപക്ഷം അവർക്കു തന്നെത്താൻതന്നെ ഒരു ഭേദഗതി ബിൽകൊണ്ടുവരാമെന്നുള്ളതുണ്ടല്ലോ. അങ്ങിനെയൊന്നായാലും അഭിപ്രായം പുറപ്പെടുവിക്കുന്നതിനു മാത്രമേ സഭയ്ക്കുപോലും കഴിയുമുണ്ടായിരുന്നുള്ളു. രണ്ടുമൂന്നായി തിരഞ്ഞെടുക്കപ്പെട്ട മെമ്പന്മാരിൽ പകുതി പേർ പ്രമേയത്തിനു വിപരീതമായി കഴിഞ്ഞതവണ വോട്ടുചെയ്തു എങ്കിലും ഈ സഭയിൽ പ്രമേയത്തിനു വിപരീതമായി വോട്ടുചെയ്തവർ എല്ലാ അംഗങ്ങളേയും വീണ്ടും തിരഞ്ഞെടുത്തു മെമ്പന്മാരായി അയക്കപ്പെട്ടിട്ടുണ്ടോ എന്നുള്ള ചോദ്യം ഞാൻ ചോദിച്ചുകൊള്ളുന്നു. അങ്ങിനെയുള്ള ഒരേ ഒരു അംഗത്തിനെ മാത്രമേ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളു. സർ, ഇതിനുമിന്നും ഈ രാജ്യത്തെ പൊതു ജനങ്ങളുടെ തീരുമാനത്തോടും പ്രാധാന്യം ഈ സഭയുടെ തീരുമാനത്തിനില്ല എന്നു വന്നുചേരുന്നുണ്ടല്ലോ.

മി. എ. എസ്. മുഹമ്മദർ ആശാൻ (മാപ്പേക്കര-കാത്തിക്കപ്പള്ളി): വിവരിയാതിരിപ്രായം പുറപ്പെടുവിച്ചുവരിൽ ഒരു ചുരുക്കിനെ മാത്രമേ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളു എന്നും അദ്ദേഹത്തിന്റെയും അഭിപ്രായം മാറിയിരിക്കയാണെന്നും ഉള്ള വസ്തുത മെമ്പറിനു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു എങ്ങനെയെങ്കിലുമാകട്ടെ. ഞാൻ പറയുന്നതു ഇതാണു. ഈ സഭയിൽനിന്നും ചെയ്തിട്ടുള്ള തീരുമാനത്തെ രാജ്യത്തെ പൊതുജനങ്ങളുടെ കൂടെക്കൂടി ശക്തിയുള്ളതായ തീരുമാനത്താൽ ഉപയോഗശൂന്യമാക്കിച്ചുയ്ക്കുന്നതിനെതിരിക്കയാണു. കഴിഞ്ഞതവണ ഈ പ്രമേയത്തിനു വിപരീതമായി വോട്ടുചെയ്തവരിൽ ഏകദേശം മുപ്പതുപേരിൽനിന്നും മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഒഴിച്ചു ബാക്കി ഏതാണ്ടു എല്ലാവരെയും ഇത്തവണ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടിട്ടും ഇല്ല. സർ, ഇതുകൊണ്ടു ഞാൻ പറയുന്നതു ഭേദഗതിവരുത്തണമെന്നുള്ളതിനെ ഞങ്ങളിച്ചു സംസാരിച്ചവരും പ്രത്യേകിച്ചും ഈ റഗുലേഷനെ റദ്ദുചെയ്തു കിട്ടണമെന്നാണു ആവശ്യപ്പെട്ടിട്ടുള്ളതു എന്നുള്ളതുകൊണ്ടുമാത്രം അതിനെ എഴുത്തിട്ടുള്ളവരും അതു എല്ലാപേരും ഈ പ്രമേയത്തെ അനുകൂലിച്ചാൻ മുതലകപ്പെട്ടിട്ടുള്ളവരാണെന്നാണു എനിക്കു തോന്നുന്നതു എന്നാണു.

സർ, പിന്നെയും മിസ്റ്റർ കുഞ്ഞിരാമൻ വളരെ ബുദ്ധിമതിയായ അവരുടെ പ്രസംഗമദ്ധ്യേ ഈ റഗുലേഷനിലെ ചില വ്യവസ്ഥകൾ വളരെ കർശനമായിരുന്നു എന്നു പറയുകയുണ്ടായി. വർത്തമാന പത്രങ്ങളിൽ ഒരു വിഭാഗത്തെ നിശേഷം നശിപ്പിച്ചുകളഞ്ഞാൽ നന്നായിരിക്കും എന്നാണല്ലോ അവരുടെ അഭിപ്രായം എന്നു തോന്നുന്നു. അതു വളരെ നല്ലതുതന്നെ. പരിപാവനമായ പത്രസ്വാതന്ത്ര്യത്തെ രീതിയെ നടപ്പാക്കുന്നതിനു അവർ വേണ്ടത്രയും ചെയ്യുന്നതു നന്നായിരിക്കും. സർ, മഹാറാണി ദീജെൻറിനുള്ള പരമാധികാരത്തെ ഉപയോഗിച്ചാണു ഈ റഗുലേഷൻ പാസാക്കിയിട്ടുള്ളതു. ഈ സഭയിലെ അനഭ്യോഗസ്ഥാംഗങ്ങളുടെ മെമ്പന്മാർ ഒരു ഭേദഗതിബിൽ അവതരിപ്പിക്കുന്ന പക്ഷവും ഗവർണ്മെൻറിനു അതിനെ ഈ സ്ഥിതിക്കു അവരുടെ പരമാധികാരം ഉപയോഗിച്ചു തള്ളിക്കളയാമെന്നുള്ളതാണല്ലോ. ഉദാഹരണമായി മിസ്റ്റർ പി. കെ. നാരായണപിള്ള റദ്ദുചെയ്യുന്നതിലേക്കായി ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവദിക്കുകയുണ്ടായെങ്കിലും. എന്നിട്ടു ആ അനുവദിക്കുന്നതിനു കഴിഞ്ഞുമില്ലല്ലോ.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വാണിജ്യ വ്യവസായ സംഘങ്ങൾ വക തെക്കൻ മെമ്പർ): മിസ്റ്റർ പി. കെ. നാരായണപിള്ള അവതരിപ്പിക്കുന്നതിനു ആവശ്യപ്പെട്ടതു ഒരു ഭേദഗതിബിൽ ആയിരുന്നുവോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ബിൽ യഥാർത്ഥത്തിൽ റഗുലേഷനെ റദ്ദുചെയ്യുന്നതിലേക്കായിട്ടായിരുന്നു. ബിൽ ഭേദഗതിയെ ചെയ്യുന്നതിലേക്കായിട്ടായിരുന്നുവെങ്കിലും റദ്ദുചെയ്യുന്നതിലേക്കായിട്ടായിരുന്നുവെങ്കിലും രണ്ടിലും അന്തർഭവിച്ചിരിക്കുന്ന തത്വം ഒന്നുതന്നെയാണല്ലോ. രാജാധികാരത്തെ ഉപയോഗിച്ചു നടപ്പിൽവരുത്തിയിട്ടുള്ള ഒരു നിയമത്തെ നിയമനിർമ്മാണസഭയിലെ അനഭ്യോഗസ്ഥാംഗങ്ങളാൽ അവതരിപ്പിക്കപ്പെടുന്ന ഒരു ബിൽമൂലം ഭേദപ്പെടുത്തുവാൻ സാധിക്കുന്നതാണോ എന്നുള്ളതാണല്ലോ ഇവയിലെ തത്വം. പിന്നെയും ഭേദഗതിബില്ലിനെ അവതരിപ്പിക്കേണ്ടതു ആരാണു? ഗവർണ്മെൻറുതന്നെ മുമ്പോട്ടുവന്നു റഗുലേഷനിലെ ചില വ്യവസ്ഥകൾ വളരെ കർശനമായിപോയി എന്നും അവക്കു ഭേദഗതിവരുത്തണമെന്നും ഈ റഗുലേഷൻ പാസാക്കിയതിനുശേഷം പത്രങ്ങളുടെ സ്വരം പൊതുവെ അല്പം ഭേദപ്പെട്ടിട്ടുണ്ടെന്നും അതിനാൽ ഈ റഗുലേഷനിൽ ചില ഭേദഗതികൾ വരുത്തേണ്ടതു ആവശ്യമായിരിക്കുന്നുവെന്നും പറയട്ടെ. അതിനെ ഭേദഗതിചെയ്യുന്നതിലേക്കായി ഗവർണ്മെൻറിൽനിന്നും ഒരു ബില്ലിനെ അവതരിപ്പിക്കാത്തതെന്തു? അങ്ങിനെയൊരു യാതൊന്നും ആരും ചെയ്യുന്നതുമില്ല. ഈ പ്രമേയത്തിനു വിപരീതമായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള ചില വാദങ്ങൾ പൂർവ്വാപരവിരുദ്ധങ്ങളായിട്ടുള്ളവയാകുന്നു. സർ, റദ്ദുചെയ്യേണ്ട ആവശ്യമില്ല എന്നും ഭേദഗതിവരുത്തിയാൽ മതിയെന്നും ചിലർ പറയുന്നു. റഗുലേഷനെ റദ്ദുചെയ്യുവാനും അതിൽ ഭേദഗതികൾ വരുത്തിയാലും രണ്ടും ഒന്നുപോലെതന്നെ. മിസ്റ്റർ പിരവിപ്പെരുമാൾപിള്ള എതൊരു പ്രമേയത്തിനു ഒരു ഭേദഗതി തയ്യാറാക്കിയിട്ടുണ്ടെന്നിരുന്നാലും റഗുലേഷനിൽ ഏതെങ്കിലുമൊരു തരത്തിലുള്ള ഭേദഗതികളാണ വരുത്തേണ്ടതെന്നുള്ളതു അതിൽനിന്നും വിഭിന്നമാകുന്നില്ലാത്തതിനാൽ ബഹുമാനപ്പെട്ട ഡൊക്ടർ ഫ്രസിഡൻറിനുപോലും ആ ഭേദഗതി സ്വീകാരയോഗ്യമായി തോന്നുന്നില്ല.

മി. എസ്. പിരവിപ്പെരുമാൾപിള്ള (വാണിജ്യ വ്യവസായ സംഘങ്ങൾ വക തെക്കൻ മെമ്പർ): ഞാൻ അറിയുന്നതിനായി ആഗ്രഹിക്കുന്നു—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു പറയാനുള്ളതു മറ്റുവൻ മെമ്പർ കേട്ടതിനുശേഷം പറഞ്ഞുകൊള്ളാം.

മിസ്റ്റർ പിരവിപ്പെരുമാൾപിള്ളയുടെ റഗുലേഷൻ ഇപ്പോഴത്തെനിലയിൽ അതിനു ചില ഭേദഗതികൾ വരുത്തേണ്ടതു ആവശ്യമാണെന്നു ബോദ്ധ്യമായിരിക്കയും റഗുലേഷനിൽ വരുത്തേണ്ട ഭേദഗതികൾ എല്ലാം എന്തൊക്കെയാണെന്നു പറയുന്നതിനും സൂചിപ്പിക്കുന്നതിനും സാധിക്കാതിരിക്കയും ചെയ്യുന്നപക്ഷം എന്തുകൊണ്ടാണു പ്രമേയത്തിനു അനുകൂലമായി അദ്ദേഹം വോട്ടുചെയ്യുന്നതു എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചുകൊള്ളുന്നു.

അടുത്തതായി ബഹുമാനപ്പെട്ട മാമ്പേർ പുരപ്പെടുവിച്ച മരാറാത്ത വാരത്തപ്പറ്റി പറയുമ്പോൾ അല്ല ഒരു സാങ്കേതികയിക്ഷയമാകയാൽ എനിക്ക അല്ല തീരുമാനം മന്ത്രസ്സിപ്പാക്കാൻ വളരെ വിഷമം ആയിരിക്കുന്നു എന്നാണ പറയാനുള്ളത്. ഞാൻപേയുന്നതു ദൈവസന്നിധിയിൽ കൊടുക്കുന്ന തീരിയസംബന്ധിച്ചു പുറപ്പെടുവിച്ച വാരത്തെപ്പറ്റിയാണ്. ഈ റഫ്രേഷൻ അനുസരിച്ചു നോക്കുന്നപക്ഷവും പത്രങ്ങളുടെ സ്വാതന്ത്ര്യത്തിനു യാതൊരു ഹാനിയും ഉണ്ടായിട്ടില്ല എന്നു അല്പമാത്രം പറയുന്നു. സർ, വർത്തമാനപത്രങ്ങളുടെ താൽക്കാലികനിലമാത്രിയിൽ നു മണിയോ പ്രമണിയോ കഴിഞ്ഞതിനുശേഷം ഒരു പോലീസ് സ്റ്റേഷനിൽ ചെന്നപ്പിനകണ്ടു വേണ്ട ആയുധസാമഗ്രികളും കൈവശം ഉള്ളവരായ പോലീസുകാരുടെ മുമ്പിൽവച്ചു അയാളെ ഏല്പകാരം ചെയ്തതിനു സംശയിച്ചു പിടിക്കപ്പെട്ടിരിക്കുന്നവരാ ആ കാര്യം ചെയ്തിട്ടുണ്ടോ ഇല്ലയോഎന്നു ചോദ്യംചെയ്യപ്പെടുകയും കാര്യം ഏറ്റുപറവാൻ നിർബന്ധിക്കപ്പെടുകയും ചെയ്യുന്ന ഒരു പുള്ളിയുടെയുപോലെതന്നെയാണെന്നാണ് എനിക്ക തോന്നുന്നതു്. സർ, സ്റ്റേഷൻലാക്കപ്പിനകത്തു കിടക്കുന്ന അയാളുടെ നതിയെന്തായിരിക്കും. സർ, വർത്തമാനപത്രപ്രവർത്തകന്റെ അവസ്ഥയും ഇതുതന്നെയാണെന്നാണു ഞാൻ ഇവിടെ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നതു്. അയാളുടെ തലക്കുമീതെ ഒരു പാറ തലമുടിനാരിൽ തൂക്കപ്പെട്ടിട്ടുള്ള ഒരവസ്ഥാസ്ഥിതിതന്നെയാണു അയാളുടെയും സ്ഥിതി. ശയത്തിനിന്നു ഇപ്പോൾ തന്നെയായി ചില അധികാരങ്ങൾകൂടി സിദ്ധിച്ചിട്ടുണ്ട്. നീതിന്യായക്കോടതികളുടെ അധികാരത്തിലേക്കുടി അവർ ന്യായരഹിതമായി കൈകടത്തപ്പെട്ടത്തിയിട്ടുണ്ട്. സർ, ഈ സ്ഥിതിക്കു പത്രങ്ങളുടെ സ്വാതന്ത്ര്യത്തിനു ഇപ്പോൾ യാതൊരു ഹാനിയും തോന്നിയിട്ടില്ല എന്നു പറയുന്നതു എങ്ങിനെയാണു എന്നു ഒന്നു പറഞ്ഞു മനസ്സിലാക്കിത്തന്നാൽ കൊള്ളാമെന്നു ഞാൻ മാന്യമ്പരോടു അപേക്ഷിക്കുകൊള്ളുന്നു.

പ്രസിഡണ്ട്: നിങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതുകൂടി പറഞ്ഞുകൊണ്ടു ഞാൻ ഈ പ്രമേയം വോട്ടിനിടണമെന്നു നിർബന്ധിക്കുന്നു.

മി. കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫോർഡ് സക്കാർ വക്കീൽ): സർ, കുഞ്ഞുമായിട്ടു യുക്തൊ ക്തമ്പറിനാം യുക്തായാനം പറവാനില്ലാതിരുന്നതിനാൽ ഈ സഭയുടെ വിലയേറിയ സമയത്തെ അധികമായി ഇതിലേക്കുപേക്ഷിച്ചു വ്യയംചെയ്യിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ റഫ്രേഷൻ നടപ്പിലാക്കുന്നതിനുള്ള ആവശ്യം നേരിട്ടതു തിരുവിതാംകൂറിലെ വർത്തമാനപത്രങ്ങളുടെ ഒരു വിഭാഗത്തിൽ പ്രത്യക്ഷപ്പെട്ടുകാണുന്ന അനാശാസ്യമായ നടപടികളും ആരുടെന്നും അങ്ങിനെയുള്ള നടപടികളും ഉണ്ടായിരുന്നു എന്നുള്ള സംഗതിയെ ആരുംതന്നെ വിസ്മരിച്ചിട്ടില്ലായിരുന്നുഎന്നും ഉള്ള സംഗതികളെ സ്ഥാപിക്കുന്നതിനാണു ഞാൻ മുമ്പു സൂചിപ്പിച്ചുകാണിച്ചതുതു്. ഞാൻ ഇന്നു പറഞ്ഞതിനെ കേട്ടതിനുശേഷം "ഇന്നാർ ഇന്നവിധത്തിലുള്ള നടപടി വർത്തമാനപത്രങ്ങൾക്കെതിരായിരുന്നു എന്നു പറഞ്ഞതിനെ നിഷേധിച്ചു പറകയുണ്ടായി" എന്നു പറയുന്നതിനു ഒരു തെളിവും ഒന്നുമെപ്പെട്ടില്ല. തോന്നുമെന്നിച്ചു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയും മറ്റുചിലു മെമ്പറന്മാരും രണ്ടു വർത്തമാനപത്രങ്ങളിലെങ്കിലും ഇങ്ങിനെയുള്ള ദുഷ്പ്രവൃത്തികൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടായിരുന്നു എന്നും ഇങ്ങിനെയുള്ള ഒരു സംഗതിയിൽ എണ്ണം നിശ്ചയിക്കുന്നതിനു ഒരു നിശ്ചിതനിയമം നിശ്ചയിക്കാൻ വളരെ വിഷമമാണെന്നും സമ്മതിക്കയുണ്ടായി. അങ്ങിനെ പറഞ്ഞതിനു മിസ്റ്റർ നീലകണ്ഠപ്പിള്ള ഇപ്പോൾ യാതൊരു സമാധാനവും പറഞ്ഞിട്ടില്ല. ഒരിക്കൽ ഈ സംഗതിയെ നിങ്ങൾ സമ്മതിക്കുന്നപക്ഷം ഈ റഫ്രേഷൻ പാസാക്കുന്നതിനുള്ള ആവശ്യം വിശദപ്പെടുത്തിയിട്ടില്ല എന്നു തലച്ചുവരുള്ള ഒരുവനും പറയുമെന്നു എനിക്കു തോന്നുന്നില്ല.

റഫ്രേഷന്റെ ആവശ്യകതക്കുപോരുമെ വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടിട്ടുള്ളതായും ഇവിടെ പറകയുണ്ടായി. സർ, ഇങ്ങിനെ പറഞ്ഞിട്ടുള്ളതിനെ സാധൂകരിക്കുന്നപക്ഷം ന്യായമായി സങ്കടത്തിനുള്ള അവകാശം ഉണ്ടെന്നും അതേപ്പറ്റി നിശ്ചയമായും ആലോചിക്കേണ്ടതാണെന്നും ഉള്ളതിനെ ഞാൻ സമ്മതിക്കുന്നു. ആ സംഗതിയെ സംബന്ധിച്ചും കൂടുതൽവിവരങ്ങൾ ഗ്രഹിക്കുന്നതിനു അന്വേഷിക്കുന്നയോടുകൂടി ശ്രദ്ധിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ എത്രയോനിന്നും അനേകംപേർ പ്രസംഗിച്ചു എങ്കിലും ഇതുസംബന്ധിച്ചു ആരുംതന്നെ പറയുണ്ടായില്ല.

മി. എ. എസ്. ഓമാരേൻആശാൻ (മാവേലിക്കര-കുത്തിക്കുപ്പള്ളി): ചില വിപ്ലവകാരികളും വിപ്ലവകരമായ പ്രസംഗങ്ങളും നടത്തുന്നു എന്നുള്ളതുകൊണ്ടു പൊതുജനങ്ങളെ ആകമാനം പിടിച്ചു ശിക്ഷിക്കേണ്ടതാണെന്നാണോ ബഹുമാന്യർ പറയുന്നതു?

മി. കുഞ്ചാലം പരമേശ്വരൻപിള്ള (അഡീഷനൽ ഫോർഡ് സക്കാർ വക്കീൽ): സർ, വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യത്തെ ഏതുപ്രകാരത്തിൽ ഹനിച്ചിരിക്കുന്നു എന്നാണ് ഞാൻ ചോദിക്കുന്നതു. രാജദ്രോഹപരമായ ലേഖനങ്ങളോ, ഭിന്നജാതികൾ തമ്മിൽ മത്സരവും കലഹവും വർദ്ധിപ്പിക്കുന്നതുക്ക ലേഖനങ്ങളോ, രാജകുടുംബാംഗങ്ങളെ സംബന്ധിച്ചു പൊതുജനങ്ങൾക്ക ആക്ഷേപം തോന്നുന്നതിനു ഇടയാക്കുന്നതുക ലേഖനങ്ങളോ, യോഗ്യന്മാരായ ആളുകളെ ചീത്ത പറയുന്നതായ ലേഖനങ്ങളോ പ്രസ്താവം ചെയ്യുന്നതുമെന്നാണോ ബഹുമാന്യർ ആവശ്യപ്പെടുന്നതു? അസത്യപരമായ വർത്തമാനങ്ങൾ പരത്തുന്നതുമെന്നുള്ളതാണോ അവയുടെ ഉദ്ദേശം? ഞാൻ ഇവിടെ ഇപ്പോൾ ഈ ചോദ്യങ്ങളാണു ചോദിക്കുന്നതു. ഈ ചോദ്യങ്ങൾതന്നെ ഞാൻ എല്ലായ്പോഴും ചോദിച്ചിട്ടുണ്ടു്. പക്ഷെ ഒന്നുതന്നെതന്നെ ഇതിനു മറുപടി പറയുണ്ടായിട്ടില്ല എന്നുമാത്രമേയുള്ളു. അവർ മറുപടി പറയുന്നതിനിടയാക്കാനുള്ള കാരണം എന്താണെന്നു എനിക്കു അറിയാം, ഈ സഭയിലെ അംഗങ്ങളുടെ സന്മനസ്സിനെപ്പറ്റി എനിക്കു നല്ലപോലെ അറിയാമെന്നുള്ളതാണു്. മുൻപറഞ്ഞ തരത്തിലുള്ള ലേഖനങ്ങൾ പ്രസിദ്ധം ചെയ്യുന്നതിനുള്ള അവകാശം വേണ്ടെന്നുവെയി അവർ ശഠിക്കയില്ല എന്നും ഇതിനേയും വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യത്തേയും തമ്മിൽ കൂട്ടിപ്പിടുത്തുകയില്ല എന്നും എനിക്കറിയാം. അതിനാൽ ന്യായസ്ഥാനത്തെ എല്ലാ മനുഷ്യരുടെയും, മനുഷ്യരുടെയും സ്നേഹിക്കുന്ന ഏവരും, നല്ലവനായ ഏവനും ഉണ്ടാകാൻ ഇടയുള്ള മാറാ ഉഴുഹം ഈ റഫ്രേഷൻ പ്രസ്സിന്റെ സ്വാതന്ത്ര്യത്തെ യാതൊരുപ്രകാരത്തിലും ഹനിക്കാൻ സഹായിക്കയില്ല എന്നും അതു യാതൊരുപ്രകാരത്തിലും ഹനിക്കുന്നില്ല എന്നും ഈ റഫ്രേഷനെ തിരുവിതാംകൂറിലെ സ്ഥാവൃത്ത പുസ്തകത്തിൽ വച്ചിരിക്കുന്നതുകൊണ്ടു യാതൊരു ദോഷവും ഉണ്ടാകാൻ ഇടയില്ല എന്നും അറുകുന്നു.

സർ, ഇവയെല്ലാം പുറമെ വർത്തമാനപത്രങ്ങളുടെ ന്യായമായ സ്വാതന്ത്ര്യത്തെ ഫ്യൂഡലിസ്റ്റ്കാരത്തിന്റെയും തടയത്തക്കവിധത്തിൽ ഗവണ്മെന്റ് ഈ നിയമത്തെ ഏതെങ്കിലുംപ്രകാരത്തിൽ ഉപയോഗപ്പെടുത്തിയതായിട്ടെങ്കിലും തെളിയിച്ചിട്ടുണ്ടോ? മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളപോലും അതു ചെയ്തിട്ടില്ല. പൂർണ്ണമായിത്തന്നെ ഇരിക്കയാണെന്നു പറയുകയുണ്ടായി. സർ, അതിൽനിന്നുതന്നെ ഗവണ്മെന്റ് ഈ വിഷയത്തിൽ വളരെ ഉദാരമതികളായിരിക്കയാണെന്നു തെളിയുന്നില്ലയോ? ഈ റഗുലേഷൻ അനുസരിച്ചു നോക്കുന്നപക്ഷം തന്നെയും എല്ലാ പത്രങ്ങൾക്കും എപ്പോഴെങ്കിലും ഉണ്ടായിരുന്ന സ്വാതന്ത്ര്യത്തിനു യാതൊരു കുറവും ഉണ്ടായിട്ടില്ല എന്നും അവർക്ക അവയുടെ എല്ലാവിധ സ്വാതന്ത്ര്യാവകാശങ്ങളേയും പ്രയോഗിക്കാൻ കഴിയുമെന്നുതന്നെയാണ് ഞാൻ ഇപ്പോഴും പറയുന്നത്. ഞാനേ മുമ്പു പറഞ്ഞതുപോലെ ഗവണ്മെന്റിനു ഒരിക്കലും പ്രതികാരബുദ്ധിയില്ല. അവർക്കു തീരെ ആശ്രയിച്ചുനിന്നതായ ഒരു സംഘടിയാണ് വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യത്തെ തടയുക എന്നതുമല്ല. അതേസമയംതന്നെ പ്രജകളുടെ അവകാശങ്ങളെ സംരക്ഷിതമാക്കിവെയ്ക്കുന്നതിനും അവർക്ക് അധികാരമുണ്ടായിരിക്കേണ്ടതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ റഗുലേഷനിൽ ഭേദഗതി വരുത്തേണ്ടതാണെന്നു ഈ സഭയിലെ അനവധ്യാസ്ഥാനംഗങ്ങളിൽ അനേകംപേർക്കും ഉള്ള അഭിപ്രായത്തോട്ടുകൂടി ബഹുമാനപ്പെട്ട ലാ മെമ്പർ യോജിക്കുന്നുണ്ടോഎന്നു അദ്ദേഹത്തിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി. കയ്യാലംപറമ്പശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രട്ടറിക്കീഴിൽ): ഇല്ല, സർ, ഇല്ല. ഓരോമെഷ്യന്റെയും ന്യായമായ അവകാശാധികാരങ്ങളും സുരക്ഷിതമാക്കിവെയ്ക്കേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണ്, വർത്തമാനപത്രങ്ങളിൽ ന്യായമായി എന്തെങ്കിലും ലേഖനങ്ങൾ എഴുതുന്നതിനെ തടയത്തക്കവിധത്തിൽ ഈ റഗുലേഷനിലെ വ്യവസ്ഥകളെ ഗവണ്മെന്റ് ഉപയോഗപ്പെടുത്തുന്നു എന്നായി ആരെങ്കിലും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിൽ ന്യായമായ സങ്കടമുണ്ടായിട്ടുള്ളതായി അങ്ങനെതന്നെ പറവാൻ സാധിക്കുമെന്നു എനിക്കു തോന്നുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒന്നോ രണ്ടോ പത്രങ്ങളെതാക്കീതുചെയ്തിട്ടുള്ളതായി എനിക്കറിയാം.

മി കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രട്ടറിക്കീഴിൽ): ഇതേവരെ ഈറഗുലേഷനെയാതൊരു പത്രത്തിനെതിരായും ഗവണ്മെന്റ് പ്രയോഗിച്ചിട്ടില്ല. യാതൊരു മെഷസൻസും റദ്ദ്ചെയ്തിട്ടും ഇല്ല. ആസ്ഥിതിക്കു ഒരു പരാതിപറയുന്നതിനപോലും യാതൊരുകാരണവും ഇല്ലാതാണിരിക്കുന്നത്. ഏപ്പോഴെങ്കിലും ഒരുപോലെ പുറപ്പെടുവിച്ചിട്ടുള്ള ഓർഡറാകട്ടെ "വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യം" വർത്തമാനപത്രങ്ങളുടെ സ്വാതന്ത്ര്യം" എന്നുള്ള ഓരോസംഗതി മാത്രമാണ്. എന്നാൽ അതിനെ ഫ്യൂഡലിസ്റ്റ്കാരത്തിലാണ് തടഞ്ഞിട്ടുള്ളത്? അതു ആരുംതന്നെ പറയുന്നതായി തോന്നുന്നില്ല. മെമ്പറന്മാർ സ്വാതന്ത്ര്യം എന്നുള്ളതിൽ അന്യരുടെ അവകാശങ്ങളെ വകവച്ചുകൊടുക്കുക എന്നുള്ളതുകൂടി ഉൾപ്പെടുന്നു എന്നു ഓർമ്മിക്കയും അതിനെക്കൂടി ഓർമ്മയിൽ വച്ചുകൊണ്ടു—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മറ്റുള്ളവരുടെ അവകാശങ്ങൾ എന്താണെന്നു ജനങ്ങളെ മനസ്സിലാക്കുന്നതിനു മജിസ്ട്രേറ്റുമാരായി വല്ലതും ചെന്നിട്ടേറ അവശ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഫെഡ്സക്രട്ടറിക്കീഴിൽ): ചില സന്ദർഭങ്ങളിൽ അതിനെറ അവശ്യം നേരിട്ടേക്കാം. ന്യായവും മുറയും പരിപാലിച്ചുകൊണ്ടുപോകേണ്ടതായ ചുമതല ഗവണ്മെന്റിനുണ്ടായിരിക്കുന്നിടത്തോളംകാലം ഓരോ പ്രജയുടേയും അവകാശങ്ങളെ പക്ഷഭേദംകൂടാതെ സുരക്ഷിതമാക്കിവെച്ചുള്ള കർത്തവ്യം അവരിൽ ഭവിച്ചിരിക്കുന്നിടത്തോളംകാലം ഇപ്രകാരം അവർക്കു പ്രവൃത്തിക്കാതെയിരിപ്പാൻ യാതൊരുനിവൃത്തിയും ഇല്ല. സർ, ഈസ്ഥിതിക്കു ഈ പ്രമേയത്തെ സംബന്ധിച്ചു ഈസന്ദർഭത്തിൽ തീരുമാനംമാത്രമേ കല്പിക്കേണ്ടതുള്ളു എന്നാണ് എനിക്കുതോന്നുന്നത്. അതായത് ഈ റഗുലേഷനെ വളരെ ന്യായമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത് എന്നും അതിനെ വളരെ ന്യായമായിട്ടാണ് പ്രയോഗിച്ചുവരുന്നത് എന്നും ഉദാരതയായിട്ടാണ് ഉപയോഗിക്കുന്നത് എന്നും പ്രജകളുടെ ന്യായമായ അവകാശങ്ങളുടേയും രാജ്യത്തുള്ള വർത്തമാനപത്രങ്ങളുടെ ശ്രദ്ധിയേയും അഭിസ്ഥാനപ്പെടുത്തി നോക്കുന്നപക്ഷം ഈ റഗുലേഷനെ സ്റ്റാറ്റ്യൂട്ടുബുക്കിൽ വച്ചുകൊണ്ടിരിക്കേണ്ടതാണെന്നും ഉള്ളതാകുന്നു.

പ്രമേയം വോട്ടിനിടുകയും തള്ളപ്പെടുകയും ചെയ്തു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോൾ എടുക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പോൾ എടുത്തതിൽ സഭയിലെ അംഗങ്ങൾ താഴെപറയുന്നപ്രകാരം പിരിഞ്ഞു.

അനുകൂലിച്ചുവർ എൻ.

മി. വി. കൃഷ്ണപിള്ള	,, എ. എസ്. ഓമോരെയ്ത്തുരാൻ
,, എ. ജി. മേനോൻ	,, ഇട്ടൂപ്പു ഇട്ടിച്ചൻ
,, ആർ. കേശവപിള്ള	,, എൻ. കെ. കൃഷ്ണപിള്ള
,, വി. എസ്സ്. കൃഷ്ണപിള്ള	,, തയ്യിൽ കുഞ്ഞിക്കണാരൻ
,, കെ. മാധവൻപിള്ള	,, എ. താണുപിള്ള
,, ആർ. രാമൻപിള്ള	,, എൽ. ആർ. രാജരാജവർമ്മ
,, കെ. ജി. പരമേശ്വരൻപിള്ള	,, കെ. പത്മനാഭമേനോക്കർ
,, മുറിവേലിൽ പാച്ചുപിള്ള	,, മാത്തു മൂരിക്കൻ
,, ജി. പി. നീലകണ്ഠപ്പിള്ള	,, കെ. പി. നീലകണ്ഠപ്പിള്ള
,, വി. കെ. ഉമ്മൻ	

പ്രതിജ്ഞചെയ്തവർ ചുവടെ.

മി. പി. എൻ. കുഞ്ഞപിള്ള
,, ടി. കെ. മാധവൻനായർ
,, കുട്ടിമാളു പരമേശ്വരൻപിള്ള
,, എസ്. സി. എച്ച്. റോബിൻസൺ
,, കെ. സ്റ്റീഫൻസൺ
റാവുസാഹേബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
മി. ജെ. ജെ. ഡാനിയൽ
ഡാക്ടർ കെ. രാമൻതമ്പി
മി. എ. സി. കുട്ടിക്കോസ്
,, കെ. മാധവൻ
,, രേവതിനാൾ മാമവഞ്ചരാജാ
,, ഡി. ഫ്രാൻസിസ്
,, കെ. സി. കൃഷ്ണാകുറുപ്
മി. ടി. പി. രാമസുബ്ബയ്യർ
,, കെ. എൻ. രാമസുബ്ബയ്യർ
,, ആർ. രാഘവൈയ്യങ്കാംപിള്ള
,, ആർ. ധനക്കോടിപ്പിള്ള
,, കെ. സി. ചാക്കോ
,, എ. രാഘവപ്പൻ
,, പി. തോമ്മിനായകംപിള്ള
റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
മിസസ്. ഇ. കുരുവിള
മി. പി. എസ്. മഹമ്മദ്
,, പിരപ്പിപ്പൊന്നമാംപിള്ള
,, ഡി. സി. ജോസഫ്
,, കെ. എൻ. കേശവൻനമ്പൂരിപ്പാട്

നിഷ്പക്ഷതയിലംഗീകരിച്ചവർ ചു.

മിസ്റ്റർ ടി. സി. കേശവപിള്ള
എച്ച്. ബി. മഹമ്മദ്റാവുത്തർ

പ്രത്യേകം തള്ളപ്പെട്ടതായി ഗണിക്കപ്പെട്ട താഴെപ്പറയുന്ന പ്രമേയങ്ങളും സമയമില്ലായ്മയാൽ മാറ്റപ്പായ പോയി.

ഉ. മി. തയ്യിൽ കുഞ്ഞിരാമൻ (മൂവാറ്റുപുഴ-തൊടുപുഴ): പള്ളിക്കൂടങ്ങളിലെയോ പബ്ലിക്ക ഫീസുകളിലേയോ പൊതുവായി ആലോചനയ്ക്കു ഉപയോഗിക്കുന്ന സ്ഥലങ്ങളിലേയോ ഈ ഫർമാന് വ്യാപ്തിക്കുറവ് എങ്കിലുംതന്നെ യാതൊരു മല്ലിക്കാപ്പുകളും സ്ഥാപിക്കാതിരുന്നാൽ കൊള്ളാമെന്നു ഈ സഭ ഗവൺമെൻറിനോട് ശുപാർശചെയ്യുന്നു.

പൊൻമുടി ഒരു സുഖവാസസ്ഥലം ആക്കണം.

സു. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊൻമുടി അടുത്തകാലത്തായിൽതന്നെ ഒരു സുഖവാസസ്ഥലമാക്കുന്നതിനു വേണ്ട കാര്യങ്ങൾ ഉടനടി ചെയ്യുമെന്നു ഈ സഭ ഗവൺമെൻറിനോട് ശുപാർശ ചെയ്യുകൊള്ളുന്നു.

സഭ പിരിഞ്ഞു.

പി. എൻ. കുഞ്ഞപിള്ള,
നിയമസഭാ സെക്രട്ടറി.

T P L
STOCK VERIFIED
1995

(A true translation.)

T. RAMALINGAM PILLAI, C.I.
Head Translator to Government.

116 കർക്കടകം 22, 1103- തിരുവിതാംകൂർ നിയമസഭ

116 കർക്കടകം 22, 1103- ചോദ്യോത്തരങ്ങൾ

212 അനുബന്ധം

213 കർക്കടകം 22, 1103- ഉപക്ഷേപങ്ങൾ

255 കർക്കടകം 26, 1103- ചോദ്യങ്ങളും ഉത്തരങ്ങളും

312 കർക്കടകം 26, 1103- അനുബന്ധം

315 കർക്കടകം 26, 1103- പൊതുഭരണം-ധനാഭ്യർത്ഥന

315 കർക്കടകം 26, 1103- ഉപക്ഷേപം

359 കർക്കടകം 27, 1103-സഭയിൽ സംസാരിക്കേണ്ട ഭാഷ

361 കർക്കടകം 27, 1103- നെയ്യൂവിദഗ്ദ്ധന്റെ പരിശോധനജോലി

365 കർക്കടകം 27, 1103- ചേർത്തലതാലൂക്കിലെ പുതിയ തോടുകളും റോഡുകളും

367 അനുബന്ധം

369 കർക്കടകം 27, 1103- വിദ്യാഭ്യാസം-ധനാഭ്യർത്ഥന

413 കർക്കടകം 29, 1103- ചോദ്യോത്തരങ്ങൾ

417 അനുബന്ധം

419 കർക്കടകം 29, 1103- ആലപ്പുഴയിലെ കടൽമാറ്റം

420 കർക്കടകം 29, 1103- വിദ്യാഭ്യാസം-ധനാഭ്യർത്ഥന

423 കർക്കടകം 29, 1103- കൃഷിമത്സ്യവ്യവസായം-ധനാഭ്യർത്ഥന

445 കർക്കടകം 29, 1103- വ്യവസായം-ധനാഭ്യർത്ഥന

448 കർക്കടകം 29. 1103- മെഡിക്കൽ ഡിപ്പാർട്ടുമെൻറ്- ധനാഭ്യർത്ഥന

465 കർക്കടകം 30, 1103- ചോദ്യങ്ങളും ഉത്തരങ്ങളും

469 അനുബന്ധം

470 കർക്കടകം 30, 1103- മെഡിക്കൽ ഡിപ്പാർട്ടുമെൻറ്- ധനാഭ്യർത്ഥന

473 കർക്കടകം 30, 1103- സ്റ്റേഷനറി സാമാനങ്ങളും അച്ചടിയും-ധനാഭ്യർത്ഥന

517 കർക്കടകം 02, 1103- ചോദ്യോത്തരങ്ങൾ

518 കർക്കടകം 02, 1103- നെയ്യാറ്റിൻകര താലൂക്കിലെ ജലസേചനവേലകൾ

520 കർക്കടകം 02, 1103- തിരുവനന്തപുരത്തുള്ള പൊതുക്കുളങ്ങൾ

522 അനുബന്ധം

538 കർക്കടകം 02, 1103- പൊതുകാര്യങ്ങളെ സംബന്ധിച്ചുള്ള പ്രമേയങ്ങൾ

538 കർക്കടകം 02, 1103-പബ്ലിക് സർവ്വീസിൽ സ്ത്രീകളുടെ നിയമനം